

# ഹൈദരാലിയുടെയും ടിപ്പുവിന്റെയും കേരളം

ഡോ. സി കെ കരീം

# ഹൈദരാലിയുടെയും ടിപ്പുവിന്റെയും

## കേരളം

Malayalam

# HAIDARALIYUTEYUM TIPPUVINDEYUM KERALAM

(KERALA UNDER HAIDER ALI AND TIPPU)

Author

Dr. C.K. Kareem

First Published June 1987

Copies : 1000

Price Rs. 32.00

Printed at

Geophi Printers, Trivandrum - 5

Published by

State Institute of Languages, Kerala, Trivandrum - 3

(c) State Institute of Languages, Kerala, Trivandrum, 1987

*Published by the State Institute of Languages, Kerala, Trivandrum, under the Centrally sponsored scheme for production of textbooks and literature in regional languages at the University level, of the Government of India, Ministry of Human Resource Development (Department of Education and Culture), New Delhi.*

*SIL/987* *FT/776*

# ഹൈദരാലിയുടെയും ടിപ്പുവിന്റെയും കേരളം

ഡോ. സി. കെ. കരീം

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

തിരുവനന്തപുരം

ജനറൽ എഡിറ്റർ

ഡോ. എ.എൻ.പി. ഉമ്മർകുട്ടി

എഡിറ്റർ

കെ. പി. ദേവദാസ്

കവർ

എ. വി. തമ്പാൻ

ഒന്നാം പതിപ്പ്: ജൂൺ 1987

അച്ചടി :

ജോഫി പ്രിന്റേഴ്സ്

തിരുവനന്തപുരം - 5

വില : ക 32.00

General Editor

Dr. A.N.P. Ummer Kutty

Editor

K. P. Devadas

Cover

A. V. Thampan

First Published: June 1987

Printed at

Geophi Printers,

Trivandrum - 5

Price : Rs. 32.00

# ആമുഖം

ആധുനിക കേരളത്തിന്റെ ചരിത്രത്തിലെ നിർണായകവും അതേസമയം വിവാദപരവുമായ കാലഘട്ടമായിരുന്നു മൈസൂർ സുൽത്താന്മാരായ ഹൈദരാലിയും ടിപ്പുവും കേരളത്തിൽ മേൽക്കോയ്മ നടത്തിയ കാലം. കേരളത്തിലെ ഇവരുടെ ഭരണകാലം നമ്മുടെ ചരിത്രത്തിലെ ഒരു ഇരുണ്ട അദ്ധ്യായമായിട്ടാണ് ചരിത്രഗ്രന്ഥങ്ങളിലെല്ലാം വിവരിച്ചിട്ടുള്ളത്. ഈ കാലഘട്ടത്തെ വിലയിരുത്തുന്നതിൽ നമ്മുടെ ചരിത്രകാരന്മാർ ചരിത്രകാരന്റെ യഥാർത്ഥ ധർമ്മം നിർവ്വഹിച്ചോ എന്ന കാര്യത്തിൽ സംശയമുണ്ടാകാം. ഹൈദരാലിയും ടിപ്പുവും കേരളത്തെ സംബന്ധിച്ചിടത്തോളം നീചമായ പെരുമാററത്തിന്റെയും മതഭ്രാന്തിന്റെയും പ്രതീകങ്ങളായിട്ടാണ് ചരിത്രകാരന്മാർ ചിത്രീകരിച്ചിട്ടുള്ളത്. ഇതിൽ എത്രത്തോളം സത്യമുണ്ടെന്ന ഒരന്വേഷണമാണ് ഈ ഗ്രന്ഥം.

കേരളത്തിലെ മൈസൂർ ഭരണകാലം മതവിദ്വേഷത്തിന്റെയും അധഃപതനത്തിന്റെയും കാലമായി ചിത്രീകരിക്കപ്പെട്ടതിൽ വലിയൊരു പങ്ക് ബ്രിട്ടീഷ് ചരിത്രകാരന്മാർക്കാണെന്ന് ചില ആധുനിക ഗവേഷകന്മാർ കരുതുന്നു. ബ്രിട്ടീഷുകാരുടെ അധികാരത്തെ ശക്തിയുക്തം വെല്ലുവിളിച്ച ഹൈദരാലിയേയും ടിപ്പുവിനെയും കരിതേക്കാൻ ബ്രിട്ടീഷുകാർ സർവ്വ കുതന്ത്രങ്ങളും പ്രയോഗിക്കുകയുണ്ടായി. ബ്രിട്ടീഷുകാരുടെ ചുവടുപിടിച്ച് നമ്മുടെ ചരിത്രകാരന്മാരും പ്രസ്തുത ഭരണാധികാരികളെ നീചന്മാരാക്കി തരംതാഴ്ത്തി. ഹൈദരാലിയുടെയും ടിപ്പുവിന്റെയും ഭരണകാലത്ത് കേരളത്തിൽ ഇസ്ളാമിലേക്ക് മതപരിവർത്തനമുണ്ടായി എന്ന കാര്യത്തിൽ സംശയമില്ല. ഏതൊരു ഭരണാധികാരിയും ഒരു ശത്രുരാജ്യം ആക്രമിച്ചു പിടിക്കുമ്പോൾ നിർബന്ധത്തിന്റെ പേരിലായാലും അല്ലെങ്കിലും, ഇത്തരം മതംമാററങ്ങൾ ഉണ്ടാകുക സ്വാഭാവികമാണ്. ഇന്ത്യാചരിത്രത്തിൽ എത്രയെങ്കിലും ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും.

കേരളത്തിലെ ഭരണാധികാരികൾ വിദേശികൾക്ക് അടിയറ പറഞ്ഞ കാലഘട്ടത്തിൽ അവർക്കെതിരെ പടവാൾ ചലിപ്പിച്ച മൈസൂർ ഭരണാധിപന്മാർ, മത–സാമൂഹിക രംഗത്ത് പിന്തുടർന്ന നയങ്ങളുടെ വസ്തുനിഷ്ഠമായ ഒരു അവലോകനമാണ് ഈ ഗ്രന്ഥം. തികഞ്ഞ രാജ്യസ്നേഹം കാഴ്ചവച്ചുകയും പുരോഗമനപരമായ പരിപാടികൾ നടപ്പാക്കുകയും ചെയ്ത അവർ വാസ്തവത്തിൽ മതഭ്രാന്തന്മാരായിരുന്നോ? പല രേഖകളുടെയും വെളിച്ച

ത്തിൽ, ഈ വാദത്തിന് യാതൊരടിസ്ഥാനവുമില്ലെന്ന് ഗ്രന്ഥകാരൻ ഊന്നിപ്പറയുന്നു. മതവിദ്വേഷത്തിന്റെ മുഖംമൂടിയില്ലാതെ ചരിത്രത്തെ കാണുകയെന്നതു് ഒരപൂർവ്വാനുഭവമാണല്ലൊ ഇന്ന്. ചരിത്രത്തെ നിഷ്പക്ഷമായി വിലയിരുത്തുവാൻ കഴിവുള്ള ഒരു തലമുറയാണ് നമുക്ക് ഇന്നാവശ്യം. ആ നിഷ്പക്ഷതയായിരിക്കും ചരിത്രത്തിന് നമുക്ക് നൽകാൻ കഴിയുന്ന ഏററവും മഹത്തായ സേവനം.

കേരള ഭാഷാ ഇൻസ്റ്റിററ്യൂട്ട്
തിരുവനന്തപുരം
1987 ജൂൺ 5

ഡോ. എ. എൻ. പി. ഉമ്മർകുട്ടി
കെ. പി. ദേവദാസ്

# വിഷയവിവരം


| അധ്യായങ്ങൾ | | പേജ് |
|---|---|---|
| | പ്രവേശിക | 1 |
| 1. | ആക്രമണത്തിനുള്ള കാരണങ്ങൾ | 19 |
| 2. | ആക്രമണം | 26 |
| 3. | 1766–ലെ ലഹള | 39 |
| 4. | ഏകീകരണം | 54 |
| 5. | ഹൈദരാലിയും കൊച്ചിരാജാവുമായുള്ള ബന്ധം | 70 |
| 6 | ഹൈദരാലിയും തിരുവിതാംകൂറുമായുള്ള ബന്ധം | 74 |
| 7. | ടിപ്പുസുൽത്താന്റെ കാലത്തെ കേരളത്തിലെ രാഷ്ട്രീയ പരിതസ്ഥിതി | 78 |
| 8. | ടിപ്പുവും കൊച്ചിരാജാവുമായുള്ള ബന്ധം | 84 |
| 9. | ടിപ്പുവും തിരുവിതാംകൂറുമായുള്ള ബന്ധം | 92 |
| 10. | മൂന്നാം മൈസൂർ യുദ്ധം | 112 |
| 11. | ശ്രീരംഗപട്ടണം സന്ധി: മലബാർ കമ്പനി അധീനതയിൽ | 124 |
| 12. | ചെറുകിട രാജ്യങ്ങളുടെ ഏകീകരണം | 138 |
| 13. | കുടിയായ്മയിൽ വന്ന മാററം | 150 |
| 14. | ഗതാഗത സൗകര്യങ്ങൾ | 163 |
| 15. | കച്ചവടവും വ്യവസായവും | 173 |

16. സാമൂഹ്യ പരിഷ്കാരങ്ങൾ 185

17. ടിപ്പുസുൽത്താന്റെ മതനയം 197

18. സാമ്പത്തികസ്ഥിതി 230

19. ടിപ്പുവിന്റെ ഭരണപരിഷ്കാരങ്ങൾ : ഫലങ്ങളും പ്രത്യാഘാതങ്ങളും 254

20. പരാജയത്തിലേക്ക് നയിച്ച ദൗർബല്യങ്ങൾ 263

21. നാല് ആംഗ്ലോ–മൈസൂർ യുദ്ധങ്ങളുടെ പ്രാധാന്യം 276

അനുബന്ധം

i. കോഴിക്കോട് സാമൂതിരിമാർ 304

ii. കോലത്തിരിമാരുടെ ചിറയ്ക്കൽ രാജസ്ഥാനം 309

iii. തിരുവിതാംകൂർ രാജവംശം 317

iv. പാലക്കാട് രാജവംശം 319

v. ആലിരാജാക്കന്മാരുടെ അറക്കൽ സ്വരൂപം 324

vi. കൊച്ചിരാജവംശം 329

vii. വിദേശശക്തികളും കേരളരാജാക്കന്മാരും 333

viii. നായന്മാർ 342

ix. മാപ്പിളമാർ 345

x. നമ്പൂതിരിമാർ 349

xi. സാമ്പത്തികസ്ഥിതി 351

xii. സാമൂഹ്യസ്ഥിതി 356

Bibliography 358

സൂചിക 379

# പ്രവേശിക

ചരിത്രരചനയുടെ മൂല്യനിർണയം നിർവ്വഹിക്കേണ്ടതു് സത്യസന്ധത മാനദണ്ഡമാക്കിയായിരിക്കണം എന്നുള്ളതു് എല്ലാവരും അംഗീകരിക്കുന്ന ഒരു വസ്തുതയാണ്. എങ്കിലും പല ചരിത്രകൃതികളിലും ഉപേക്ഷണീയമായി കാണുന്നതു് ഈ സത്യസന്ധതയാണ്. വളരെക്കാലം വിദേശഭരണത്തിൻ കീഴിൽ അമരുവാനുള്ള നിർഭാഗ്യമുണ്ടായ ഒരു രാജ്യത്തെ സംബന്ധിച്ചിട ത്തോളം ഇതു് തികച്ചും പരമാർത്ഥമാകുവാനാണു് സാദ്ധ്യത. വിജയലാളി തരായ ഒരു ജനത തങ്ങൾ ജയിച്ചു കീഴടക്കിയ ഒരു രാജ്യത്തിൻേറയോ, ഒരു ജനവിഭാഗത്തിൻേറയോ ചരിത്രമെഴുതുമ്പോൾ ചരിത്രരചനയെ സംബന്ധിച്ച തത്വങ്ങളെ ത്യാജകോടിയിൽ തള്ളുകയും ചരിത്രവസ്തുതകളെ മാററിമറിക്കുകയും മറികടക്കുകയും ചെയ്യുന്നതു് സാധാരണമത്രെ. ഈ പ്രതി ഭാസത്തിനു് ഏററവും നല്ല ഉദാഹരണമാണു് ഇംഗ്ലീഷുകാരാൽ വിരചിത മായിട്ടുള്ള ഇന്ത്യാചരിത്രം. ഇംഗ്ളീഷുകാർക്കുവേണ്ടി ഇംഗ്ളീഷുകാരാൽ സംവിധാനം ചെയ്യപ്പെട്ട ഇന്ത്യാചരിത്രം ബ്രിട്ടീഷ് സാമ്രാജ്യത്തിൽ സൂര്യൻ ഒരിക്കലും അസ്തമിക്കരുതെന്ന ഔദ്ധത്യത്തിൽ നിന്നും രൂപംപൂണ്ടതാണ്. അതുകൊണ്ടു് ബ്രിട്ടീഷ് ചരിത്രകാരന്മാർ ലോകത്തിൻെറ മുമ്പിൽ അവതരി പ്പിച്ച ഇന്ത്യാചരിത്രത്തിനു് സത്യത്തോടടുത്തുനിൽക്കുകയെന്ന മുഖ്യ സവി ശേഷത തീരെയില്ലെന്നുതന്നെ പറയാം. അങ്ങനെ നോക്കുമ്പോൾ ഇത്തരം ചരിത്രകൃതികളെ വിമർശനബുദ്ധിയോടും ആ ചരിത്രകാരന്മാർ എത്തിച്ചേരുന്ന നിഗമനങ്ങളെ സംശയദൃഷ്ടിയോടും കൂടി വേണം നാം വീക്ഷിക്കുകയെന്ന സംഗതി സത്യാന്വേഷണത്തെ സംബന്ധിച്ചിടത്തോളം അത്യാവശ്യമായി ത്തീരുന്നു. അതുകൊണ്ടുതന്നെ ഇന്ത്യാചരിത്ര പഠനത്തിലേർപ്പെട്ടിരിക്കുന്നവർ കുറച്ചുകൂടി ബദ്ധശ്രദ്ധരാകേണ്ടതുണ്ടു്. ദുരുപദിഷ്ടമായ മാററിമറിക്കലുകൾക്കു് വിധേയമായ ഇന്ത്യാചരിത്രത്തിൻെറ കരിനിഴൽവീണ ഏടുകളിൽകൂടി കടന്നുപോകുമ്പോൾ ഭൂതകാലത്തെ ക്ഷമയോടുകൂടി പരിശോധിക്കുകയും സത്യത്തിൻെറയും ശാസ്ത്രീയവീക്ഷണത്തിൻെറയും വെളിച്ചം ഇത്തരം

രംഗങ്ങളിൽ വീഴ്ത്തുകയും ചെയ്യേണ്ടതു് ഇവരുടെ ചുമതലയാണു്. മറച്ചുവച്ച ചരിത്രവസ്തുതകളെ വെളിച്ചത്തുകൊണ്ടുവന്നു് അവയെ സ്വയം പ്രകാശിതമാക്കുകയാണു് ഇവരുടെ ചുമതല ഇതൊരു വിഷമമേറിയ പ്രവൃത്തിയാണെന്നതിനു് സംശയമില്ല. എങ്കിലും അതിൽനിന്നു വിളയുന്ന ഫലങ്ങൾ മാധുര്യമേറിയവയാണെന്നുകൂടി നാം ഓർക്കേണ്ടതുണ്ടു്.

ഇന്ത്യാചരിത്രത്തിന്റെ എല്ലാ ഘട്ടങ്ങളിലും ഇംഗ്ലീഷ് ചരിത്രകാരൻ അനുവർത്തിച്ചുപോന്നിട്ടുള്ള പ്രതിവിപ്രപത്തികൾക്കു് ധാരാളം ഉദാഹരണങ്ങൾ ഉണ്ടെങ്കിലും മൈസൂർ നവാബുമാരുമായുള്ള ശത്രുതയിലും അതുമൂലം അവർതമ്മിൽ നടന്ന യുദ്ധങ്ങളിലുമാണു് ഇതു് ഏററവും കൂടുതൽ പ്രകടമായിട്ടുള്ളതു്. ഇന്ത്യയുടെ സമഗ്രമായ ഒരു ചരിത്രമെഴുതുകയെന്ന ഭാരിച്ച ചുമതല ആദ്യമായി ഏറെറടുത്തു നിർവഹിച്ച ഇംഗ്ലീഷുകാർ നമ്മുടെ ബഹുമാനമർഹിക്കുന്നുണ്ടു്. എങ്കിലും 'ഭിന്നിപ്പിച്ചു് ഭരിക്കുക' എന്ന സാമ്രാജ്യത്വപരിപാടി നടപ്പാക്കുവാനുള്ള വ്യഗ്രതയാണു് നിർഭാഗ്യവശാൽ ഇവരെല്ലാം പ്രകടിപ്പിച്ചിട്ടുള്ളതു്. അതിനുള്ള ഏതവസരവും അവർ ഉപയോഗപ്പെടുത്താതെയിരുന്നിട്ടുമില്ല. ഇതുമൂലം സ്വാഭാവികമായിത്തന്നെ ധാരാളം അവാസ്തവ പ്രതിപാദനങ്ങൾ അവരുടെ രചനയിൽ കടന്നുകൂടിയിരിക്കുന്നു. മററു സ്ഥലങ്ങളിലെന്നപോലെ ഇന്ത്യയിലും ബലിഷ്ഠമായ ഒരു സാമ്രാജ്യം കെട്ടിപ്പടുക്കുകയും അങ്ങനെ തങ്ങളുടെ താല്പര്യം സംരക്ഷിക്കുകയും ചെയ്യുന്നതിനുള്ള കുടിലബുദ്ധി അവർ ധാരാളമായി പ്രയോഗിച്ചിട്ടുണ്ടു്. ഇന്ത്യാചരിത്രത്തിൽ പൊതുവേ ദൃശ്യമാകുന്ന ഈ വികലത ഇംഗ്ലീഷുകാർ മുൻവിധിയോടെ വരച്ചു കാണിച്ച മൈസൂർ നവാബ്മാരുടെ ഭരണകാലത്തെയാണു് എററവുമധികം വികൃതമാക്കിയിരിക്കുന്നതു്.

ഇതിൽ അൽഭുതത്തിനവകാശമില്ല. കാരണം, ഈ മൈസൂർ ഭരണാധികാരികളാണു് ഇന്ത്യയിലെ ബ്രിട്ടീഷ് മേധാവിത്വത്തിനു് ഏററവും വലിയ വെല്ലുവിളിയായിഭവിച്ചതു്; പ്രത്യേകിച്ചും ടിപ്പുസുൽത്താൻ. ടിപ്പുസുൽത്താനെ സംബന്ധിച്ചിടത്തോളം ബ്രിട്ടീഷുകാർക്കു് ഇന്ത്യയിൽ നേരിടേണ്ടിവന്നവരിൽവച്ചു് ഏററവും പ്രബലനും, എല്ലാ രംഗങ്ങളിലും അവരോടു് കിടനിൽക്കുവാൻ ശേഷിയുണ്ടായിരുന്ന ധീഷണാശാലിയുമായിരുന്നു അദ്ദേഹം. ഭയത്തിൽനിന്നും ഉൽഭൂതമാകുന്ന അസൂയയ്ക്കു പോലും ടിപ്പു പാത്രീഭൂതനായി. അതുകൊണ്ടു് തങ്ങളുടെ മേധാവിത്വത്തെയും സുരക്ഷിതത്വത്തേയും വെല്ലുവിളിച്ച അദ്ദേഹത്തെ പറെറ പരാജയപ്പെടുത്തുക എന്നതിലുപരി ആ വ്യക്തിത്വത്തെ താററടിച്ചുകാണിക്കുന്നതിലും അവർ ഉൽസുകരായിരുന്നു. ഫലവത്തായിത്തന്നെ ഈ കാര്യം നിർവഹിക്കാൻ അവർക്കു സാധിച്ചു. തന്റെ ശത്രുക്കളോടു് എത്ര നീചമായി പെരുമാറുന്നതിനും അവരെ മതപരിവർത്തനം ചെയ്യുന്നതിനും ഏതു മാർഗവും സ്വീകരിക്കാൻ മടിയില്ലാത്ത ഒരു മതഭ്രാന്തനായിട്ടാണു് അവർ അദ്ദേഹത്തെ ഇന്ത്യൻജനതയുടെ മുൻപിൽ അവതരിപ്പിച്ചതു്.

ടിപ്പുവിൻെറ കാപാലികത്വത്തെയും ക്രൂരതയേയും കുറിച്ച് മനുഷ്യമനസ്സിൽ എന്നെന്നും ഭീതി നിലനിൽക്കത്തക്കവിധം ദുഷ്പ്രചാരണം നടത്തുക ഒരു നയമായി അംഗീകരിച്ചതിൻെറ ഫലമായി അസത്യത്തിൻെറ ഒരു വേലി കെട്ടുതന്നെ അദ്ദേഹത്തിനു ചുററും പടുത്തുയർത്തുവാൻ അവർക്കു കഴിഞ്ഞു. ഇന്ത്യയിലെ അമുസ്ലിങ്ങളായ ഭരണാധിപന്മാരുടെ അനുഭാവം നേടുക മാത്രമായിരുന്നില്ല മതഭ്രാന്തിനെക്കുറിച്ചുള്ള ഈ പ്രചാരണത്തിൻെറ ലക്ഷ്യം.

ഈസ്റ്റിന്ത്യാകമ്പനിയുടെ ഇന്ത്യയിലെ ചെയ്തികളെ വിമർശനപൂർവ്വം വീക്ഷിച്ചിരുന്ന ഇംഗ്ലണ്ടിലെ ജനതയുടെ മുൻപിൽ തങ്ങളുടെ ചെയ്തികൾക്കു സാധൂകരണം കണ്ടെത്തുക അവരുടെ മറെറാരു ലക്ഷ്യമായിരുന്നു. ഈസ്റ്റിന്ത്യാകമ്പനിയുടെ പ്രവൃത്തികളിൽ ഇംഗ്ലണ്ടിലെ പല പ്രമുഖ വ്യക്തികളും അവർക്കുള്ള എതിർപ്പ് രേഖപ്പെടുത്തുവാൻ തുടങ്ങിയിരുന്നു. ഉദാഹരണത്തിനു് "ലോകത്തിൽ എന്നു നിലവിലുണ്ടായിരുന്നതിലും വച്ച് ഏററവും അഴിമതി നിറഞ്ഞതും ശിഥിലീകൃതവുമായ ദുഷ് ഭരണങ്ങളിലൊന്നു്" എന്നാണ് എഡ്മണ്ട് ബർക്ക് കോമൺസ് സഭയിൽ ചെയ്ത പ്രസംഗത്തിൽ കമ്പനിഭരണത്തെ വിശേഷിപ്പിച്ചതു്. ഇന്ത്യയിലെ ഇംഗ്ലീഷുകാരുടെ അഴിമതിനിറഞ്ഞതും അധാർമ്മികവുമായ ചെയ്തികളെ വിവരിച്ചുകൊണ്ട് ബർക്ക് തുടരുന്നു: "അവരുമായി സമ്പർക്കത്തിലേർപ്പെട്ട ഇന്ത്യയിലെ ചെറുതോ വലുതോ ആയ ഏതു രാജാവിനേയും, ഏതു രാജ്യത്തേയും, ഏതു് അധികാരിയേയും അവർ വഞ്ചിക്കാതിരുന്നിട്ടില്ല. ..........അവരേർപ്പെട്ട ഏതു ഉടമ്പടിയും അവർ ലംഘിക്കാതിരുന്നിട്ടില്ല.... ................കമ്പനിയിൽ വിശ്വാസമേല്പിച്ച ഒരൊററ രാജാവോ, ഒരൊററ രാജ്യമോ നിശ്ശേഷം നശിക്കാതെയുമിരുന്നിട്ടില്ല."[1] അതുകൊണ്ടു് ടിപ്പുസുൽത്താനെപ്പോലെയുള്ള ബദ്ധശത്രുക്കളെ കഴിയുന്നത്ര താറടിച്ചുകാണിക്കേണ്ടതും അങ്ങനെ ആരോപണങ്ങളിൽ നിന്നും സ്വയം വിമുക്തരാകേണ്ടതും കമ്പനിഭരണാധികാരികളെ സംബന്ധിച്ചിടത്തോളം അത്യാവശ്യമായിത്തീർന്നു. ഇതിനുവേണ്ടിയാണ് നിർബന്ധ മതപരിവർത്തനത്തിൻെറയും, ഹിന്ദുക്കളായ ആയിരക്കണക്കിനു് പ്രജകളെ സുന്നത്തു ചെയ്തതിൻേറയും, അതുപോലുള്ള മററനേകം ക്രൂരകൃത്യങ്ങളുടെയും കഥകൾ കെട്ടിച്ചമച്ചതും ശ്രദ്ധാപൂർവ്വം അവ പ്രചരിപ്പിച്ചതും. കർത്തൃത്വം മറച്ചുവയ്ക്കപ്പെട്ട അനേകം ചരിത്രകൃതികൾ പുറത്തുവന്നു. ടിപ്പുസുൽത്താൻ എന്ന ഭീകരനെക്കുറിച്ചുള്ള അനേകം "ഓർമ്മക്കുറിപ്പു"കളും "ആത്മകഥ"കളും

---

1. പാർലമെൻററി ഹിസ്ററി, വാല്യം 23, ബർക്കിൻെറ പ്രസംഗം, നവമ്പർ 18, 1783.

ജനതാമദ്ധ്യത്തിൽ പ്രചരിക്കുവാൻ തുടങ്ങി. മതഭ്രാന്തിൻെറയും ക്രൂരതയുടെയും കഥകൾക്ക് വിശ്വാസ്യത വർദ്ധിപ്പിക്കാനുതകുന്ന അനേകം രാജകീയ ശാസനങ്ങൾ ടിപ്പുവിൻെറ പേരിൽ പുറത്തിറങ്ങുകയായി. ചുരുക്കിപ്പറഞ്ഞാൽ ഈ മൈസൂർ ഭരണാധികാരിയുടെ നാമം ചരിത്രത്തിൻെറ താളുകളിൽ എന്നെന്നും കുബുദ്ധിയുടെ പര്യായമായി ശേഷിക്കാനുതകുന്ന എല്ലാ പ്രവർത്തനങ്ങളും അവർ ചെയ്തുവച്ചു. മൈസൂർ കാലഘട്ടം ഇന്ത്യാചരിത്രത്തിലെ ഒരു കാപാലിക ഭരണകാലമാക്കി പിൻതള്ളപ്പെട്ടു. മലബാറിലെ മൈസൂർ അധിനിവേശമാകട്ടെ കൊള്ളയും കൊലയും തൊഴിലാക്കിയ ഏതാനും അക്രമകാരികളുടെ ദണ്ഡനകാലമായും ചിത്രീകരിക്കപ്പെട്ടു. കരുണാലേശമന്യേ മലബാറാകമാനം കൊള്ളയടിക്കുകയും കണ്ണിൽകണ്ടതെല്ലാം നശിപ്പിച്ച് നാട് കുട്ടിച്ചോറാക്കുകയുമാണ് ഈ 'വിദേശ അക്രമകാരികൾ' ചെയ്തതത്രെ. മൈസൂർ കാലഘട്ടത്തെക്കുറിച്ചുള്ള നമ്മുടെ ഇതുവരെയുള്ള നിഗമനം ഇത്തരത്തിൽപ്പെട്ടതാണ്.

ഈ അഭിപ്രായത്തിന് ഇന്നും കാര്യമായ മാററം വന്നിട്ടില്ല. ഒളിച്ചുവച്ചിട്ടുള്ള ചരിത്രവസ്തുതകളെ ചികഞ്ഞു പുറത്തുകൊണ്ടുവരാനും അങ്ങനെ മൈസൂർ ഭരണകാല ചരിത്രത്തെ സമഗ്രമായും സത്യസന്ധമായും അവതരിപ്പിക്കുവാനും ഉതകുമാറ് ഈ കാലഘട്ടത്തെക്കുറിച്ച് ഗൗരവതരവും വിശദവുമായ ഒരു പഠനവും കേരളത്തിൽ ഇന്നുവരെ നടന്നിട്ടില്ല. മൈസൂർ ഭരണകാലത്ത് കേരളത്തിൻെറ സാമൂഹിക—രാഷ്ട്രീയ—സാമ്പത്തിക രംഗങ്ങളിൽ പുരോഗമനോന്മുഖമായ പല പരിവർത്തനങ്ങളും ഉണ്ടായിട്ടുണ്ട്. കേരളത്തിൻെറ ഭാവി രൂപപ്പെടുത്തുന്ന കാര്യത്തിൽ ഇവ കാര്യമായ പങ്ക് വഹിച്ചിട്ടുമുണ്ട്. ഹൈദരാലിയുടെയും ടിപ്പുസുൽത്താൻെറയും കാലത്ത് ഭരണരംഗത്തും സാമൂഹിക—സാമ്പത്തിക രംഗത്തും സ്വീകരിക്കപ്പെട്ട നടപടികൾ സൂക്ഷ്മമായി പഠിക്കുകയും സശ്രദ്ധം വിലയിരുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. എന്നാൽ കേരളത്തെ മദ്ധ്യകാല പരിതസ്ഥിതികളിൽ മോചിപ്പിച്ചെടുക്കുന്നതിൽ മുഖ്യപങ്ക് വഹിച്ച ഈ രണ്ടു ഭരണാധികാരികളോടും നാം ഇന്നുവരെ നീതി കാണിച്ചിട്ടില്ലെന്നതാണ് പരമാർത്ഥം. കേരളചരിത്രത്തിലെ ഈ കാലഘട്ടത്തെക്കുറിച്ച് ധാരാളം പ്രതിപാദിക്കപ്പെട്ടിട്ടുണ്ട് എന്ന സംഗതി മറന്നുകൊണ്ടല്ല ഇത് പറയുന്നത്. പക്ഷെ, ഈ പ്രതിപാദനങ്ങളെല്ലാം തന്നെ ഏകപക്ഷീയമോ ദുരുദ്ദേശ്യപരമോ ആണ്. മൈസൂർ കാലഘട്ടത്തെക്കുറിച്ചെഴുതിയിട്ടുള്ള ഇന്ത്യൻചരിത്രകാരന്മാർപോലും തങ്ങളുടെ മുൻഗാമികളായ ഇംഗ്ലീഷു ചരിത്രകാരന്മാരുടെ കാലടികൾ പിന്തുടരുകയും തങ്ങൾക്ക് എളുപ്പം ലഭ്യമാകുന്ന കള്ളപ്രമാണങ്ങളെ വിശ്വാസ്യരേഖകളായി കരുതുകയുമാണ് ചെയ്തിട്ടുള്ളത്. ഇതുമൂലം വന്നുഭവിച്ച വിന ഭയങ്കരമാണ്. സത്യം ഇവിടെ കുരുതികഴിക്കപ്പെടുകയും ഇന്ത്യാചരിത്രത്തിലെ മഹത്വവും പ്രാധാന്യവുമാർന്ന ഒരു കാലഘട്ടം അസത്യത്തിനു കീഴിൽ

കഴിച്ചുമൂടപ്പെടുകയും ചെയ്തിരിക്കുന്നു. അതുകൊണ്ടു് ഈ കാലത്തിന്റെ യഥാർത്ഥ സ്വഭാവം ഉൾക്കൊള്ളുന്ന വസ്തുതകളെ പുറത്തുകൊണ്ടുവരുവാനുള്ള ഏതു ശ്രമവും വിലയുററതാണ്.

കേരളത്തിലെ മൈസൂർ ഭരണകാല ചരിത്രത്തെ ഒരു പുന:പരിശോധനയ്ക്കു വിധേയമാക്കുകയാണ് ഈ പഠനത്തിന്റെ ഉദ്ദേശ്യം. ലഭിക്കാവുന്നത്ര മൂലരേഖകളുടെ വെളിച്ചത്തിൽ മൈസൂർ അധിനിവേശത്തിനു മുമ്പും പിമ്പും മലബാറിൽ നിലവിലിരുന്ന രാഷ്ട്രീയ സാമൂഹിക—സാമ്പത്തിക സ്ഥിതിഗതികളെയും ഇക്കൂട്ടത്തിൽ വിലയിരുത്താനുള്ള ഒരു ശ്രമവും കൂടി നടത്തിയിട്ടുണ്ട്. ഹൈദരാലിയോടും ടിപ്പുസുൽത്താനോടും ഇംഗ്ലീഷുചരിത്രകാരന്മാർ നീതികാണിച്ചില്ലെന്ന വസ്തുതയെ തെളിവുകളുടെ വെളിച്ചത്തിൽ അംഗീകരിക്കുവാൻ ശ്രമിച്ചിരിക്കയാണ്. മൈസൂർ ഭരണകർത്താക്കളുടെ പേരിൽ ആരോപിച്ചിരിക്കുന്ന മതഭ്രാന്തിന്റെയും രാക്ഷസീയ പ്രവർത്തനങ്ങളുടെയും തെളിവായി എടുത്തുകാണിക്കാറുള്ള കുപ്രസിദ്ധങ്ങളായ മലബാർ ശാസനങ്ങളെ, യുക്തിയുടെയും നിർവ്വികാരതയുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിന്റെ ഫലമായി ഈ രണ്ടു ശാസനങ്ങളും വ്യക്തമായ ഉദ്ദേശ്യങ്ങളോടെ കൃത്രിമമായി സൃഷ്ടിക്കപ്പെട്ടവയാണെന്ന അനിഷേധ്യമായ നിഗമനത്തിൽ എത്തിച്ചേർന്നിരിക്കുന്നു. മൈസൂർ ഭരണകാലത്തെ കേരളത്തിന്റെ രാഷ്ട്രീയഘടനയേയും, കാർഷിക—സാമ്പത്തിക രംഗങ്ങളെയും, ഇതിനു മുൻപെങ്ങും ഉണ്ടായിട്ടില്ലാത്തവിധത്തിൽ നടപ്പാക്കപ്പെട്ട പരിഷ്കാരങ്ങളെയും, ഈ നൂതനപരിഷ്കാരങ്ങൾ കേരളത്തിന്റെ സാമൂഹ്യരംഗത്തു് സൃഷ്ടിച്ച പരിവർത്തനങ്ങളെയും അവ അർഹിക്കുന്ന പ്രാധാന്യത്തോടെ പരിഗണിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. മൈസൂർ അധിനിവേശകാലത്തു് കേരളത്തിൽ നിലവിലിരുന്ന രാഷ്ട്രീയ രംഗത്തെ വിലയിരുത്താൻ ശ്രമിച്ച ഘട്ടങ്ങളിൽ ഇവിടത്തെ കൊച്ചുകൊച്ചു നാട്ടുരാജ്യങ്ങളെക്കുറിച്ചും, വിശദമായല്ലെങ്കിലും സാമാന്യമയി ഒന്നു് പരിശോധിക്കേണ്ടിവന്നു. ഈ നാട്ടുരാജ്യങ്ങൾക്കും അവയുടെ തലവന്മാർക്കും മൈസൂർ ഭരണാധികാരികളുമായി ഉണ്ടായിരുന്ന ബന്ധം മനസ്സിലാക്കുവാൻ ഇതു് അത്യാവശ്യമാണല്ലോ? വിദേശശക്തികളുടെ ആഗമനവും അവരുടെ ശാക്തികവളർച്ചയും, മലബാറിലെ ഭരണകർത്താക്കളുമായി അവർ നടത്തിയ തന്ത്രപൂർവ്വമായ ഉപജാപങ്ങളുടെ കഥയും കുറച്ചൊക്കെ വിശദീകരിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. ഇതുവരെ പ്രസിദ്ധീകൃതമായിട്ടില്ലാത്ത രേഖകളുടെ സഹായത്തോടെ തിരുവിതാംകൂർ, കൊച്ചി ഭരണാധികാരികൾക്ക് മൈസൂർ ഭരണകർത്താക്കളുമായുള്ള ബന്ധങ്ങളുടെ സുപ്രധാന ഏടുകളും പരിശോധനാവിധേയമാക്കിയിരിക്കുന്നു. ചരിത്രാന്വേഷണത്തിനുതകുന്ന മൂലപ്രമാണങ്ങളുടെ ദൗർലഭ്യമാണ് ഇക്കാര്യത്തിൽ ഗ്രന്ഥകാരനു് നേരിടേണ്ടിവന്ന പ്രധാന പ്രശ്നം. മൂലപ്രമാണങ്ങളെന്നു് ഇതുവരെ കൊട്ടിഘോഷിക്കപ്പെട്ടിട്ടുള്ളവയൊന്നും വിശ്വാസയോഗ്യങ്ങളല്ലെന്നു് തെളിയിക്കപ്പെട്ടിരിക്കുന്നു. സമകാലിക കൃതികളെങ്കിലും, കൃത്രിമ സൃഷ്ടികളായ

അവയെ അടിസ്ഥാനമാക്കി പിന്നീട്ട വിരചിതങ്ങളായ മററു കൃതികളും നെല്ലും പതിരും വ്യവച്ഛേദിച്ച് വസ്തുനിഷ്ഠമായ രചനാത്മകസിദ്ധി പ്രദർശിപ്പിക്കുവാൻ അശക്തമായി ഭവിച്ചു.

മൈസൂർ ഭരണകാലത്തെക്കുറിച്ച് പ്രതിപാദിക്കുന്ന അടിസ്ഥാന രേഖകൾ സുലഭമാണ്. ഇന്ത്യാചരിത്രത്തിലെ മററതൊരു കാലഘട്ടത്തെക്കുറിച്ചും ഇത്രയും വിവരങ്ങൾ ലഭ്യമല്ല. എന്നിരിക്കിലും മൈസൂർ ഭരണാധികാരികളുടെ കാലമാണ് ഏററവുമധികം വികലമായി ചിത്രീകരിക്കപ്പെട്ടിട്ടുള്ളതും തെററിദ്ധരിക്കപ്പെട്ടിട്ടുള്ളതും എന്ന വസ്തുത ഒരു വിരോധാഭാസമായി നിലകൊള്ളുന്നു. ഈ രേഖകളുടെ അവാസ്തവ സ്വഭാവമാണ് ഇതിൽ നിന്നും വ്യക്തമാകുന്നതു്. കെട്ടുകഥകളും ഐതിഹ്യങ്ങളും കിംവദന്തികളുമാണ് ഈ പ്രമാണങ്ങളിൽ മിക്കവയും. ആധികാരികമെന്ന രീതിയിൽ ഭാവിതലമുറയുടെ അറിവിനായി വിരചിതങ്ങളായ ഗ്രന്ഥങ്ങളെല്ലാം ഇംഗ്ലീഷുകാരുടെ സൃഷ്ടികളാണ്. അവയെ എത്രമാത്രം ആശ്രയിക്കാമെന്ന് നാം കണ്ടുകഴിഞ്ഞു. ഇംഗ്ലീഷുകാരെ സന്ധിയില്ലാതെ എതിർത്തവരെന്ന പേരിൽ മൈസൂർ ഭരണകർത്താക്കൾ എന്നും ഇവരുടെ അതിരററ വെറുപ്പിനും എതിർപ്പിനും പാത്രീഭൂതരായിത്തീർന്നിരുന്നു. ഇന്ത്യയിൽ വളർന്നുവന്ന ഇംഗ്ലീഷ് ശക്തിയെക്കുറിച്ച് തികച്ചും ബോധവാനും, അതുകൊണ്ടുതന്നെ അവരെ കലവറയില്ലാതെ എതിർക്കുകയും ചെയ്ത ടിപ്പുസുൽത്താൻ അവരുടെ പകയ്ക്കും വിരോധത്തിനും പ്രത്യേകിച്ചും പാത്രീഭൂതനാവുകയാണുണ്ടായത്. അതിനാൽ, അക്കാലത്തു് എഴുതപ്പെട്ട ഗ്രന്ഥങ്ങളിലെല്ലാം ഒരു ക്രൂരനായ മതഭ്രാന്തനായിട്ടാണ് ടിപ്പു ചിത്രീകരിക്കപ്പെട്ടിട്ടുള്ളതെന്ന കാര്യത്തിൽ അൽഭുതത്തിനവകാശമില്ല. തങ്ങളുടെ നിത്യ ശത്രുവിന് വികലവികൃതരൂപം കല്പിച്ചുകൊടുക്കുന്നതിൽ ഇംഗ്ലീഷുകാർ അവരുടെ എല്ലാ കഴിവുകളും പ്രയോഗിക്കുകയുണ്ടായി. ഇംഗ്ലീഷുകാരുടെ ദുരുദ്ദേശ്യങ്ങൾക്ക് സഹായകമാകുന്ന രാജകീയ ശാസനങ്ങളും പ്രഖ്യാപനങ്ങളും ഒന്നിനുപുറകെ ഒന്നായി പുറത്തിറക്കപ്പെട്ടു. മൈസൂർഭരണാധികാരികളോട് സഹാനുഭൂതിയുള്ളവരെന്ന് വിശേഷിപ്പിക്കപ്പെട്ട ഗ്രന്ഥകർത്താക്കളുടെ ജീവചരിത്രകൃതികൾ പേരുവയ്ക്കാതെതന്നെ പുറത്തിറക്കി. ഇത്തരം കൃതികളെ ആധികാരിക പ്രമാണങ്ങളായി അറിഞ്ഞും അറിയാതെയും കണക്കാക്കി അവയുടെ പിൻബലത്തോടെ രചിക്കപ്പെട്ട ചരിത്രം അസത്യവും തെററിദ്ധാരണയും വളർത്തുവാനേ ഉപകരിച്ചിട്ടുള്ളു.

ഓർമ്മക്കുറിപ്പുകൾ, ഡയറികൾ, എഴുത്തുകൾ, നയതന്ത്രറിപ്പോർട്ടുകൾ വാർത്താക്കുറിപ്പുകൾ, സമകാലികരുടെയും ദൃക്സാക്ഷികളുടെയും വിവരണങ്ങൾ എന്നിവയാണ് ഈ ഗ്രന്ഥത്തിനുള്ള മൂലപ്രമാണങ്ങളായി അംഗീകരിച്ചിട്ടുള്ളതു്. ഇവയുടെ പിൻബലത്തിനും പരിപോഷണത്തിനും വേണ്ടി പ്രശസ്തരായ പല ഗ്രന്ഥകാരന്മാരുടെ കൃതികളും ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

മൈസൂർ ഭരണകാലത്തെക്കുറിച്ചു പഠിക്കുന്നതിനുതകുന്ന ഉപാദാനങ്ങളുടെ ഒരു ഖനിയാണ് നമ്മുടെ കേന്ദ്ര പുരാരേഖാസൂക്ഷിപ്പുകേന്ദ്രം. ഇംഗ്ലീഷു കമ്പനിയുടെ രേഖകളായ പ്രൊസീഡിങ്ങ്സും കൺസൾട്ടേഷൻസും, ഡയറക്ടർ ബോർഡ് അംഗങ്ങളയച്ചതും അവർക്കയച്ചതുമായ എഴുത്തുകൾ, കമ്പനിയധികാരികൾ തമ്മിൽ നടത്തിയിട്ടുള്ള കത്തിടപാടുകൾ, ഉദ്യോഗസ്ഥന്മാർ എഴുതിയ സ്വകാര്യകത്തുകൾ, വിദേശ—ആഭ്യന്തര സൈനിക വകുപ്പുകളിൽ ക്രോഡീകരിച്ചുവച്ചിട്ടുള്ള എഴുത്തുകളും രേഖകളും—ഇവയെല്ലാം ഈ കാലഘട്ടത്തെക്കുറിച്ചുള്ള ശാസ്ത്രീയവും ആധികാരികവുമായ ചരിത്രരചനയ്ക്കുതകുന്ന വിലയേറിയ സാമഗ്രികളാണ്.

ഈ രേഖകളിൽ പ്രഥമസ്ഥാനമർഹിക്കുന്നതു് 1792—94 കാലത്തിലെ ജോയിൻറ് കമ്മീഷണർമാരുടെ റിപ്പോർട്ടാണ്. ഇവയോട് ബന്ധപ്പെട്ട മററു ധാരാളം രേഖകളും ഒരു സപ്ലിമെൻററി റിപ്പോർട്ടുമുണ്ട്. 1792—ൽ ടിപ്പുവുമായി ഉടമ്പടിയുണ്ടായശേഷം ഇംഗ്ലീഷാധിപത്യത്തിലമർന്ന മലബാറിലെ സ്ഥിതിഗതികളെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ പ്രതിഫലിപ്പിക്കുന്ന ഒരു ചിത്രഫലകമാണ് ഈ റിപ്പോർട്ട്. മലബാറിലെ സ്ഥിതിഗതികളെക്കുറിച്ചും അവിടത്തെ ജനജീവിതത്തെക്കുറിച്ചും യഥാർത്ഥമായ ഒരു രൂപം നൽകേണ്ടിയിരുന്നതിനാൽ, ഈ കമ്മീഷണർമാരുടെ റിപ്പോർട്ട് കുറെയൊക്കെ വസ്തുനിഷ്ഠമാണ്. മൈസൂർ ഭരണാധികാരികൾക്കെതിരായി ഇംഗ്ലീഷുകാർ മററു പലയിടങ്ങളിലും എഴുതിപ്പിടിപ്പിച്ചിട്ടുള്ള കുററപത്രങ്ങളിലെ പൊള്ളത്തരങ്ങൾ വെളിച്ചത്തുകൊണ്ടുവരാൻ ഫോറിൻ മിസലേനിയസ് സീരീസ്സിലുള്ള ഈ റിപ്പോർട്ടുകൾ ഉതകുന്നുണ്ട്. മലബാറിലെ പലരാജവംശങ്ങളുടെ പരസ്പരബന്ധങ്ങളുടെയും, ഈ രാജാക്കന്മാർക്കും രാജ്യങ്ങൾക്കും മൈസൂർ ഭരണാധികാരികളുമായുണ്ടായിരുന്ന ബന്ധങ്ങളുടെയും ചരിത്രം മനസ്സിലാക്കുന്നതിനു് വളരെയധികം ഉതകുന്ന ഒരു സുപ്രധാന രേഖയാണ് മലബാർ ജോയിൻറ് കമ്മീഷണർമാരുടെ റിപ്പോർട്ട്. കേരളത്തിൻെറ മധ്യകാല ചരിത്രത്തിൻെറ അടിസ്ഥാനശിലയായി ഈ റിപ്പോർട്ട് നിസ്സംകോചം അംഗീകരിക്കാവുന്നതാണ്. 'ജോയിൻറ് കമ്മീഷണർമാരുടെ റിപ്പോർട്ടിനെക്കുറിച്ചുള്ള സർ ജോൺ ഷോറിൻെറ മിനിട്ടുകൾ' ഈ റിപ്പോർട്ടിൻെറ പഠനത്തെ വളരെയധികം സഹായിക്കുന്നു. കമ്മീഷണർമാരുടെ ശുപാർശകളിൻമേൽ കമ്പനിഗവണ്മെൻറ് എടുത്ത തീരുമാനങ്ങളാണ് ഈ വാല്യത്തിലുള്ളതു്. റിപ്പോർട്ടോടൊപ്പം ഇതും ശ്രദ്ധാപൂർവ്വം പഠിക്കേണ്ടിയിരിക്കുന്നു. ജോയിൻറ് കമ്മീഷണർമാരുടെ പ്രൊസീഡിങ്ങ്സ് വാല്യങ്ങളാണ് വിവരശേഖരണത്തിനുതകുന്ന മറെറാരു സുപ്രധാനരേഖ. വൗച്ചറുകൾ, കത്തുകൾ, മററു സുപ്രധാനരേഖകൾ എന്നിവ ഉൾകൊള്ളിച്ചിട്ടുള്ള ഈ വാല്യങ്ങളുടെ പരമപ്രാധാന്യം വിലമതിക്കാൻ വയ്യാത്തതാണ്. 'ജോയിൻറ് കമ്മീഷണർമാരുടെ റിപ്പോർട്ടി'നെക്കാളും മേന്മ ചരിത്രപഠനകാര്യത്തിൽ ഇവയ്ക്കു് നൽകുവാനൊക്കും.

തമിഴ്നാട്ട് പുരാരേഖാ സൂക്ഷിപ്പുകേന്ദ്രത്തിലും, കേരളസംസ്ഥാന പുരാരേഖാ സൂക്ഷിപ്പുകേന്ദ്രത്തിലും, കോഴിക്കോട്ടും എറണാകുളത്തും തിരുവനന്തപുരത്തുമുള്ള അവയുടെ ശാഖകളിലുമുള്ള പുരാരേഖകൾ, മൈസൂർ ഭരണകാലത്തെക്കുറിച്ച് ഒരു പുതിയ വിലയിരുത്തൽ നടത്തുന്നതിന് നമ്മെ നിർബന്ധിതരാക്കുന്നു. തലശ്ശേരി, അഞ്ചുതെങ്ങ് ഡയറികളും, കൺസൾട്ടേഷനുകളും, മിലിട്ടറി കൺസൾട്ടേഷനുകളും, മിലിട്ടറി സൺട്രിബുക്കുകളും ഈ വിഷയത്തിൽ കൂടുതൽ വെളിച്ചം വീശുവാനുതകുന്നവയാണ്. തമിഴ്നാട്ട് ആർക്കൈവ്സിൽ ആണ് ഇവ സൂക്ഷിച്ചിരിക്കുന്നത്. കേരളചരിത്രരചനയിൽ സുലഭമായ ഈ മൂലരേഖകൾ എത്ര കുറച്ചുമാത്രമേ ഉപയോഗപ്പെടുത്തപ്പെട്ടിട്ടുള്ളു എന്ന വസ്തുത നമ്മെ പശ്ചാത്താപനിരതരാക്കുന്നു. തിരുവനന്തപുരത്തും തൃപ്പൂണിത്തുറയിലുമുള്ള മാനുസ്ക്രിപ്റ്റ് ലൈബ്രറികളിൽ സൂക്ഷിച്ചിട്ടുള്ള അജ്ഞാതങ്ങളായ മലയാളരേഖകളും ഈ പഠനത്തിനു് വളരെയേറെ സഹായിച്ചിട്ടുണ്ട്. നമ്മുടെ നാട്ടിൽനിന്നു ലഭിക്കാവുന്ന രേഖകൾ കേരള ചരിത്രപഠനത്തിനുവേണ്ടി ഇത്രയും ഉപയോഗിച്ചിട്ടുള്ളതു് ഇതു് ഒരു പക്ഷെ ആദ്യമായിട്ടായിരിക്കും.

കേരളം, ഹൈദരാബാദ്, ബോംബെ, തമിഴ്നാട്ട്, ഡൽഹി എന്നിവിടങ്ങളിലുള്ള റിക്കാർഡ് ഓഫീസുകളിലെ പ്രസിദ്ധീകരിക്കപ്പെട്ട രേഖകളും വളരെയധികം ഉപയോഗപ്രദമായിരുന്നു. വാർത്താക്കുറിപ്പുകൾ.നയതന്ത്രപരമായ എഴുത്തുകുത്തുകൾ, പൂനാ അക്ബാറുകൾ മുതലായി ഹൈദരാബാദ് റെക്കാർഡ് ഓഫീസ് പ്രസിദ്ധീകരിച്ചിട്ടുള്ള രേഖകൾ ഈ പഠനത്തിനു് വളരെയേറെ സഹായമായിട്ടുണ്ട്. മലബാർ തീരത്തെ ഡച്ച് ഗവർണ്ണർമാരുടെ 'ഡച്ചുറിക്കാർഡുകളും ഓർമ്മക്കുറിപ്പുകളും', തമിഴ്നാട്ട് ആർക്കൈവ്സിൻെറ ബരാമഹൽ റെക്കാർഡുകളും മററു പ്രസിദ്ധീകരണങ്ങളും എടുത്തുപറയത്തക്കവയാണ്. മറെറാരു സുപ്രധാന രേഖാസമ്പത്താണ് 'പൂനാ റെസിഡൻസി കറസ്പോണ്ടൻസ്''. പ്രത്യേകിച്ചും അതിൻെറ മൂന്നാം വാല്യം. മൂന്നാം മൈസൂർ യുദ്ധത്തിലെ മൂന്ന് പ്രമുഖകക്ഷികളും ഗവർണ്ണർ ജനറലും തമ്മിൽ നടന്ന നയതന്ത്രപരമായ എഴുത്തുകുത്തുകൾ ഈ മൂന്നാം വാല്യത്തിലാണ് അടങ്ങിയിട്ടുള്ളതു്. മററു പ്രമാണങ്ങളിൽ നിന്നും ലഭ്യമായ വിവരങ്ങൾ ഒത്തുനോക്കുവാനും ആവശ്യമുള്ളതു് കൂട്ടിചേർക്കാനും ഈ വാല്യം ഉപയോഗപ്പെടുകയുണ്ടായി. മാർക്ക്യൂസ് ഓഫ് വെല്ലസ്ലിയുടെ 'മിനിട്ടുകളും എഴുത്തുകുത്തുകളും', 'ദി ഓഡ് വെസ്ററീജസ് ഓഫ് മദ്രാസ്'' എന്ന പ്രസിദ്ധീകരണവും ഈ പഠനത്തിനു് സഹായകമായിട്ടുണ്ട്. കോഴിക്കോട്ട് ആർക്കൈവ്സിലെ ഇനാം രജിസ്ററുകളും, തൃപ്പൂണിത്തുറയിലെ കയ്യെഴുത്തുഗ്രന്ഥങ്ങളും, എറണാകുളം ആർക്കൈവ്സിലുള്ള സമകാലിക ഡച്ച് എഴുത്തുകുത്തുകളും പഠനാർഹങ്ങളാണ്. മലബാർ കമ്പനി ഭരണത്തിൻകീഴിലായ കാലത്തു് കമ്പനിയുടെ നിർദ്ദേശങ്ങളനുസരിച്ച്

മലബാർ കളക്ടർമാർ തയ്യാറാക്കിയിട്ടുള്ള അനേകം 'റവന്യൂ റിപ്പോർട്ടു കളും' ഈ പഠനത്തിനു് വളരെയധികം സഹായകമായിരുന്നു. താഴെപ്പറ യുന്നവയാണു് ഈ റിപ്പോർട്ടുകൾ.

1. കളക്ടർ ജോൺ ഡബ്ല്യു. വൈയുടെ മലബാറിലെ തെക്കൻ ഡിവിഷനു കളെക്കുറിച്ചുള്ള ഒരു റിപ്പോർട്ടു്, ഫെബ്രുവരി 4, 1801.

2. തോമസ് വാർഡന്റെ (കളക്ടർ) 'മലബാർ ജില്ലയിലെ പാലക്കാട്, കോങ്ങാട്, മന്നാർ, ഇടത്തറ, കവളപ്പാറ, നട്ടുവട്ടം ഡിവിഷനുകളുടെ സ്ഥിതിയെക്കുറിച്ചുള്ള റിപ്പോർട്ടു്.'

3. മേജർ മക്ളിയോഡിന്റെ ജമബന്തി റിപ്പോർട്ടു്, ജൂൺ 18, 1802.

4. മലബാറിലേയും കാനറായിലേയും നികുതികാര്യങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടു്, ഡബ്ല്യു. താക്കറെ, സെപ്തംബർ 1801.

5. ദക്ഷിണമലബാറിലെ സർവ്വേ, സെററിൽമെൻറ് റിപ്പോർട്ടു് –ജെ.സ്മീ, കളക്ടർ, 1809.

6. മലബാറിലെ നികുതി സമ്പ്രദായത്തെക്കുറിച്ചുള്ള റിപ്പോർട്ടു്, തോമസ് വാർഡൻ (കളക്ടർ), ജൂൺ 16, 1813.

7. മലബാറിലെ ഭൂനികുതി നിർണയത്തെക്കുറിച്ചുള്ള റിപ്പോർട്ടു്, വാർഡൻ, ഏപ്രിൽ 20, 1815.

8. മലബാറിലെ കുടിയായ്മയേയും ഭൂനികുതിയേയും സംബന്ധിച്ച് ഗ്രീം തയ്യാറാക്കിയ റിപ്പോർട്ടും, കാർഷിക ബന്ധങ്ങളിൽ ഉപയോഗിച്ചു പോരുന്ന വാക്കുകളുടെയും സംജ്ഞകളുടെയും ഉൽഭവത്തെപ്പററിയുള്ള പഠനവും അവയെക്കുറിച്ചുള്ള നിർവചനങ്ങളും, 1820.

9. മലബാർ, കാനറ പ്രവിശ്യകളെക്കുറിച്ചുള്ളറിപ്പോർട്ടു്, ജനുവരി29, 1841

10. മലബാറിലെ ജന്മികുടിയാൻ ബന്ധത്തെപ്പററിയുള്ള എഴുത്തുകുത്തുകളുടെ ഫയൽ, ടി. സ്ട്രേയിഞ്ച്, 1852–56..

11. മലബാർ സ്പെഷ്യൽ കമ്മിഷൻ റിപ്പോർട്ടു്, 1881-82, ഡബ്ല്യു. ലോഗൻ

ഈ ആധികാരിക പ്രമാണങ്ങൾക്കു പുറമെ സമകാലിക ചരിത്രകാരന്മാരുടെയും സഞ്ചാരികളുടെയും കൃതികളും പഠനവിഷയമാക്കിയിട്ടുണ്ട്. 1810–1814–നമിടയ്ക്കു കേണൽ വിൽക്സ് എഴുതിയ 'മൈസൂറിന്റെ ചരിത്ര'മാണ് ഇവയിൽ പ്രാധാന്യമർഹിക്കുന്നത്. മൈസൂറിന്റെ ചരിത്രവും ദേശീയ വിദേശീയ ശക്തികളുമായി മൈസൂറിന് നടത്തേണ്ടിവന്ന യുദ്ധങ്ങളുമാണ് ഇതിലെ പ്രതിപാദ്യവിഷയം. സുന്ദരമായ ശൈലിയിൽ രചിക്കപ്പെട്ടിട്ടുള്ള ഈ ഗ്രന്ഥം ആസ്വാദ്യകരമാണ്. എങ്കിലും ഒരു ചരിത്രഗ്രന്ഥമെന്ന നിലയിൽ നോക്കുമ്പോൾ ഗുരുതരമായ ഒട്ടേറെ കുറവുകളുള്ള ഒരു ഗ്രന്ഥമാണിതെന്നു കാണാം. വിശദമായ ഒരു പഠനത്തിനത്യാവശ്യമുള്ള മൂലരേഖകളെ ഗ്രന്ഥകാരൻ അവഗണിച്ചതാണ് ഈ ഗ്രന്ഥത്തിന്റെ കോട്ടത്തിനു പ്രധാന കാരണം. ഇംഗ്ലീഷുകാരന്റെ മുൻവിധിയുടെ സ്പഷ്ടമായ ഉദാഹരണമാണ് ഈ ഗ്രന്ഥമെന്നുള്ളതാണ് മറെറാരു സംഗതി. ശാസ്ത്രീയമായ അന്വേഷണബുദ്ധിയോ വസ്തുനിഷ്ഠതയോ വിൽക്സിന്റെ ഗ്രന്ഥത്തിലൊരിടത്തും വെളിച്ചം വീശിയിട്ടില്ല. എങ്കിലും വിൽക്സിനു ശേഷം രംഗത്തുവന്ന ചരിത്രകാരന്മാരെല്ലാം തങ്ങളുടെ ബൈബിളായി കരുതി ഇതിനെ സത്യസന്ധമായ ഒരു മൂലഗ്രന്ഥമായി അംഗീകരിക്കുകയാണുണ്ടായത്. ബൗറിംഗ്, ഡബ്ലിയു. ലോഗൻ മുതലായ എഴുത്തുകാരെല്ലാം ഈ ഗ്രന്ഥത്തെ മാത്രം ആശ്രയിക്കുകയും തൽഫലമായി വിൽക്സിന്റെ മൈസൂർ ചരിത്രം ഉൾക്കൊള്ളുന്ന മുൻവിധിയോടുകൂടിയുള്ള സമീപനം അംഗീകരിച്ച് പ്രചരിപ്പിക്കുകയുമാണ് ചെയ്തത്. ബൗറിംഗിന്റെ 'ഹൈദരാലിയും ടിപ്പുസുൽത്താനും' ലോഗന്റെ 'മലബാർ മാനുവലും', അവർ വിൽക്സിന്റെ അഭിപ്രായം കണ്ണുമടച്ചു വിശ്വസിക്കുകയാണ് ചെയ്തതെന്നു തെളിയിക്കുന്നുണ്ട്. ഒരു ആധികാരിക വക്താവെന്ന നിലയ്ക്ക് വിൽക്സിന്റെ ഗ്രന്ഥത്തിൽനിന്നും ഖണ്ഡം ഖണ്ഡമായി ഉദ്ധരണികൾ അടർത്തിയെടുക്കുവാനുള്ള വ്യഗ്രതയിൽ "അഭിപ്രായ രൂപീകരണം നടത്തുമ്പോൾ അദ്ദേഹത്തിന്റെ (കേണൽ വിൽക്സിന്റെ) പക്ഷപാതിത്വം സൂക്ഷിക്കപ്പെടേണ്ടിയിരിക്കുന്നു"[2] എന്ന ജെ. മില്ലിന്റെ മുന്നറിയിപ്പ് ഈ ചരിത്രകാരന്മാർ കാററിൽ പറത്തുകയാണ് ചെയ്തത്. ടിപ്പുവിനെ കരിതേച്ച് കാണിക്കാൻ സഹായിച്ച മററു രണ്ടു ഇംഗ്ലീഷ് എഴുത്തുകാരാണ് ബീററ്സണും കിർക്ക് പാട്രിക്കും. പാട്രിക്കിന്റെ 'ടിപ്പുസുൽത്താന്റെ തിരഞ്ഞെടുത്ത കത്തുകൾ' എന്ന ഗ്രന്ഥം വസ്തുതകൾ മാററിമറിക്കുന്നതിന്റെയും എഴുത്തുകൾ തിരുത്തിക്കുറിക്കുന്നതിന്റെയും നല്ല ഉദാഹരണമായി വർത്തിക്കുന്നു. കത്തുകൾ വിവർത്തനം ചെയ്തതിൽ വളരെയധികം പിഴകൾ വന്നിട്ടുണ്ട്. അറിയാതെ വന്നുപോയ ഒരു വീഴ്ചയായി ഇതിനെ പരിഗണിക്കുവാനും

2. ജെ. മിൽ, ബ്രിട്ടീഷ് ഇന്ത്യയുടെ ചരിത്രം, വാല്യം 5, പേജ് 297

നിവൃത്തിയില്ല. ഇതിനെല്ലാം പുറമെ ടിപ്പുസുൽത്താൻെറ ജീവചരിത്രമെന്ന നിലയിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള ഗ്രന്ഥത്തിൽനിന്നും ഉദ്ധരണികൾ എടുത്തു്, അവയെ തനിക്കു തോന്നുന്നവിധം വ്യാഖ്യാനിക്കുക വഴി കള്ളക്കഥകൾക്കു് കൂടുതൽ പ്രചാരം നൽകുകയാണ് കിർക്ക് പാട്രിക്ക് ചെയ്തതു്. മേല്പറഞ്ഞ ജീവചരിത്രം ഒരു വ്യാജനിർമ്മിതിയാണെന്ന കാര്യം വ്യക്തമാണ്.

1794-ൽ പ്രസിദ്ധീകരിച്ച 'ഡിറോമിൻെറ വിവരണങ്ങൾ' 1791 ജൂൺ മുതൽ 1792 ഫെബ്രുവരി വരെ നടന്ന മൂന്നാം മൈസൂർ യുദ്ധത്തിൻെറ അവസാന രംഗത്തെക്കുറിച്ചുള്ള ഒരു വിവരണം മാത്രമാണ്. സൈനിക കാര്യങ്ങളിൽ നയതന്ത്രകാര്യങ്ങൾ ചെലുത്തിയ സ്വാധീനം ഇവിടെ പക്ഷേ വിഗണിക്കപ്പെട്ടിരിക്കയാണ്. തൻെറ വിവരണം അപൂർണ്ണമാണെന്നും വിവിധ സൈന്യവിഭാഗങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള എണ്ണമററ വിശദീകരണങ്ങൾ കഴഞ്ഞുമറിഞ്ഞ പരിതസ്ഥിതിയിൽ തനിക്കു് ശേഖരിക്കാൻ കഴിഞ്ഞിട്ടില്ലെന്നും ഈ ഗ്രന്ഥകാരൻ സമ്മതിക്കുന്നുണ്ട്. ഇത്തരത്തിൽപ്പെട്ട മറെറാരു ഗ്രന്ഥമാണ് എഡ്വേർഡ് മൂറിൻെറ 'നറേററീവ് ഓഫ് ഓപ്പറേഷൻസ് ഓഫ് ക്യാപ്ററൻ ലിററൽസ് ഡിററാച്ച്മെൻറ്'. 1794-ലാണ് ഇതു് പ്രസിദ്ധീകരിച്ചതു്. മൂന്നാം മൈസൂർ യുദ്ധത്തിൻെറ ഒരു വിശദ വിവരം നൽകുന്നതിനു പകരം പരശുറാം ബാഹു പട്ട്‌വർധനെ പിൻതുടർന്ന ഒരു ചെറിയ ബ്രിട്ടീഷ് സൈനികവിഭാഗത്തിൻെറ പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയാണ് ഈ ഗ്രന്ഥകാരൻ ചെയ്തതു് എന്നാൽ ഇക്കാര്യത്തിൽപോലും മുഴുവൻ വിവരവും നൽകുവാൻ ഈ ഗ്രന്ഥത്തിനു കഴിയുന്നില്ല. കാരണം ഇന്ത്യയിലുള്ള തൻെറ സുഹൃത്തുക്കൾ തനിക്കു തരാമെന്നേററിരുന്ന വിലയുററ അനേകം രേഖകൾ തൻെറ പക്കൽ എത്തിച്ചേരുകയുണ്ടായില്ലെന്നു് ഗ്രന്ഥകാരൻതന്നെ സമ്മതിക്കുന്നുണ്ട്.

ഡോക്ടർ ഫ്റാൻസിസ് ബുക്കാനൻെറ മലബാർ സന്ദർശന വിവരണവും ഡബ്ലിയു. ഫുള്ളർട്ടൻെറ ഗ്രന്ഥവും മലബാർ സ്ഥിതിഗതികളെക്കുറിച്ച് പ്രതിപാദിക്കുന്ന സമകാലിക ഗ്രന്ഥങ്ങളാണ്. ബ്രിട്ടീഷ് ഇന്ത്യയോടു ചേർക്കപ്പെട്ട മലബാറിലെ സ്ഥിതിഗതികളെക്കുറിച്ച് പഠിക്കുവാനാണ് ബുക്കാനൻ നിയോഗിക്കപ്പെട്ടതു്. ഗവർണ്ണർ ജനറൽ ബുക്കാനന് കൃത്യമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു. "ഇപ്പോഴത്തെ മൈസൂർ രാജാവിൻെറ കീഴിലുള്ള സ്ഥലങ്ങളും കഴിഞ്ഞ യുദ്ധത്തിൽ സുൽത്താനിൽ നിന്നും കമ്പനി പിടിച്ചെടുത്ത സ്ഥലങ്ങളും അതുപോലെ തന്നെ മാർക്വിസ് കോൺവാലിസിൻെറ ഭരണത്തിനു മുൻപു നടന്ന യുദ്ധത്തിൽ കമ്പനിപ്രദേശങ്ങളോടു് കൂട്ടിച്ചേർക്കപ്പെട്ട മലബാറിൻെറ ഭാഗങ്ങളും മുഴുവൻ താങ്കളുടെ അന്വേഷണത്തിനു വിധേയമാക്കണെ"മെന്നായിരുന്നു

നിർദ്ദേശം. 1800 ഫെബ്റുവരി 24–ന് ആണ ഈ ഉത്തരവ് പുറപ്പെട്ട് വിച്ചത്. ബുക്കാനൻ ഉടൻ തന്നെ തൻെറ ജോലി ആരംഭിച്ചു. അദ്ദേഹം സമർപ്പിച്ച റിപ്പോർട്ട് മൂന്ന വാല്യങ്ങളായി 1807–ൽ തന്നെ ലണ്ടനിൽ നിന്ന പ്രസിദ്ധീകരിക്കുകയും ചെയ്തു. ഈ ഗ്രന്ഥത്തിന് പല മെച്ചങ്ങളുമുണ്ട്. മുൻപറഞ്ഞ പ്രദേശങ്ങളെല്ലാം സന്ദർശിച്ച് വ്യക്തവും സൂക്ഷ്മവുമായ അന്വേഷണം നടത്തിയാണ് ബുക്കാനൻ തൻെറ ഗ്രന്ഥത്തിന വേണ്ട വിവരങ്ങൾ ശേഖരിച്ചത്. സൂക്ഷ്മഗ്രാഹ്യശേഷിയും ബുദ്ധിപൂർവ്വമായ നിരീക്ഷണ പടുത്വവും പ്രദർശിപ്പിച്ച ബുക്കാനൻ തൻെറ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ രേഖപ്പെടുത്തുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു. ഇംഗ്ലീഷുകാർക്ക് പൊതുവേയുണ്ടായിരുന്ന മുൻവിധിക്കും — ബുക്കാനൻപോലും ഇക്കാര്യത്തിൽ വിഭിന്നനായിരുന്നില്ല — മൈസൂർ സുൽത്താന്മാരോട് ബുക്കാനനുണ്ടായിരുന്ന വിദ്വേഷത്തിനും ഒരു വിളമ്പു കല്പിച്ച് മാററി നിർത്തുകയാണെങ്കിൽ, കേരളത്തിൽ അന്ന നിലവിലുണ്ടായിരുന്ന സാമൂഹിക–സാമ്പത്തിക–വാണിജ്യ കാര്യങ്ങളെക്കുറിച്ച് മനസ്സിലാക്കാനുതകുന്ന ഉപകാരപ്രദമായ ഒരു രേഖയാണ് ഈ പുസ്തകം. ബുക്കാനൻ കാഴ്ചവയ്ക്കുന്ന പുഷ്കലമായ പ്രതിപാദനങ്ങളുപയോഗിച്ച് ആധുനിക ചരിത്രകാരന്മാർക്ക കേരളചരിത്രം കരുപ്പിടിപ്പിക്കുവാൻ കഴിയും. ബുക്കാനൻെറ വിവരണം പല സന്ദർഭങ്ങളിലും മലബാർ ജോയിൻറ് കമ്മീഷണർമാരുടെ റിപ്പോർട്ടിന് ഒരു അനുബന്ധമായി ഭവിക്കുന്നുണ്ട്. അതേസമയം വസ്തുതാവിവരണങ്ങളിൽ നിന്നും വ്യതിചലിച്ചുകൊണ്ട് മൈസൂർ ഭരണകർത്താക്കൾക്കെതിരെ വികാരാവേശത്തോടെ ആരോപണങ്ങളുന്നയിക്കുവാനും അദ്ദേഹം മടികാണിച്ചിട്ടില്ല. പക്ഷെ, ഇത് ചിലപ്പോൾ മററു സ്ഥലങ്ങളിലെത്തുമ്പോൾ താനറിയാതെ തന്നെ തിരുത്തിപ്പറയുന്നുമുണ്ട്. വസ്തുതകൾക്കെതിരായി മൈസൂർ ഭരണാധികാരികളെ കടന്നാക്രമിക്കുക തുടങ്ങിയ കുറവുകളുണ്ടെങ്കിലും വിലയേറിയ ഈ ഗ്രന്ഥം വസ്തുനിഷ്ഠമായി പഠിക്കുന്നവർക്ക് പല പ്രധാന വിവരങ്ങളും ലഭ്യമാകുന്നുണ്ട്.

'ഏ വ്യൂ ഓഫ് ദി ഇംഗ്ലീഷ് ഇൻററസ്റ്റ് ഇൻ ഇന്ത്യ' എന്ന ഗ്രന്ഥത്തിൻെറ കർത്താവായ ഫുള്ളർട്ടൻ മുൻവിധിയും സ്വന്തവികാരങ്ങളും ധാരാളം പ്രദർശിപ്പിക്കുന്ന ഒരെഴുത്തുകാരനാണ്. രണ്ടാം മൈസൂർ യുദ്ധത്തിൻെറ മുന്നണിയിലുണ്ടായിരുന്ന അദ്ദേഹം പാലക്കാട്ട് കോട്ട പിടിക്കുന്നതിലും പങ്കുചേരുകയുണ്ടായി. മംഗലാപുരം ഉടമ്പടിക്കുശേഷം തൻെറ മേലധികാരികളുടെ ആജ്ഞ ധിക്കരിച്ചുകൊണ്ട് മലബാറിൽ സൈനിക പ്രവർത്തനം തുടർന്നനടത്തിയ കേണലാണ് അദ്ദേഹം. രചനാകാര്യത്തിലും ഇതേ കടുംപിടിത്തമാണ് അദ്ദേഹം പ്രദർശിപ്പിച്ചിട്ടുള്ളത്. മൈസൂർസേന കടന്നുവന്നപ്പോൾ സാമൂതിരി പാലക്കാട്ട കോട്ട ഉപേക്ഷിക്കുവാൻ കാരണം, നിത്യേന ധാരാളം ബ്രാഹ്മണരെ കൊല്ലുകയും കൊല്ലപ്പെട്ട

ബ്രാഹ്മണരുടെ ശിരസ്സുകൾ കോട്ടയുടെ മുൻപിൽ മൈസൂർ സൈന്യം പ്രദർശിപ്പിക്കുകയും പതിവാക്കിയെന്നും, ഈ കൊടുംപാതകം കാണുന്നതിൽ ഭേദം കോട്ട ഉപേക്ഷിച്ചു പോകുന്നതാണ് നല്ലതെന്ന് തോന്നിയതിനാലാണ് കോട്ട ഒഴിച്ചുപോയതെന്നുമുള്ള മുത്തശ്ശിക്കഥയുടെ പ്രണയിതാവാണിദ്ദേഹം. നമ്മുടെ നാടൻ ചരിത്രകാരന്മാരെല്ലാം ഫുള്ളേർട്ടന്റെ ഈ സംഭവവിവരണം അപ്പാടെ വിഴുങ്ങിയവരാണ്.

ടിപ്പുസുൽത്താനെതിരെ തങ്ങൾ തൊടുത്തുവിട്ട അനർഹങ്ങളായ ആരോപണങ്ങൾകൊണ്ടും തൃപ്തിവരാതെ 'ടിപ്പുസുൽത്താന്റെ ഓർമ്മക്കുറിപ്പുകൾ' എന്ന രീതിയിൽ പേരു പുറത്തുപറയാനിഷ്ടപ്പെടാത്ത പലരുടെയും ധാരാളം ഗ്രന്ഥങ്ങൾ പുറത്തിറക്കപ്പെട്ടിട്ടുണ്ട്. 1801—ൽ ലണ്ടനിൽനിന്നും പ്രസിദ്ധീകരിച്ച 'ഹൈദർഷായുടെയും അദ്ദേഹത്തിന്റെ പുത്രൻ ടിപ്പുസുൽത്താന്റെയും ചരിത്രം' എന്ന ഗ്രന്ഥം ഇത്തരം കള്ളപ്രചാരണത്തിന്റെ മറ്റൊരുദാഹരണമാണ്. ഈ ഗ്രന്ഥത്തിന്റെ പ്രസാധകൻ താഴെപ്പറയും വിധമുള്ള ഒരു കുറിപ്പ് ഇതിൽ എഴുതിച്ചേർത്തിരിക്കുന്നു. "ഈ ഗ്രന്ഥകർത്താവ് തന്റെ പേര് ഒരിക്കലും പുറത്തു പറഞ്ഞിട്ടില്ലാത്ത നിഷ്പക്ഷനായ ഒരാളാണെങ്കിലും, മുഗൾ സൈന്യത്തിൽ ജനറലായി സേവനം അനുഷ്ഠിച്ച ഒരു ഫ്രഞ്ചുകാരനാണ് എന്നത് വ്യക്തമാണ്".3 വളരെ മുൻകരുതലോടുകൂടി തങ്ങളുടെ സൗകര്യാർത്ഥം ബ്രിട്ടീഷുകാർ കെട്ടിയേല്പിച്ചതാണ് ഈ ഗ്രന്ഥകർത്തൃത്വം. ടിപ്പുവിനെതിരെ ഒരുപക്ഷേ തങ്ങൾ നേരിട്ടുപറഞ്ഞാൽ വിലപോകാത്ത ആരോപണങ്ങളെല്ലാം ഒരു ഫ്രഞ്ചുകാരനിൽകൂടി ഉന്നയിക്കുകയാണവർ ചെയ്തത്. ഫ്രഞ്ചുകാർ ഹൈദരാലിയുടെയും ടിപ്പുസുൽത്താന്റെയും സഖിയായിരുന്നതുകൊണ്ട് ഒരു ഫ്രഞ്ചുകാരന്റെ അഭിപ്രായം, വിമർശനങ്ങളൊന്നും കൂടാതെതന്നെ സ്വീകരിക്കപ്പെടാൻ കൂടുതൽ സാദ്ധ്യതകളുണ്ടെന്നവർ കണക്കാക്കി. ശത്രുക്കളായ ഇംഗ്ലീഷുകാർ ഇതു പറയുകയാണെങ്കിൽ ആളുകൾ സംശയത്തോടുകൂടിയല്ലാതെ അത്തരം വിവരങ്ങൾ സ്വീകരിക്കുകയില്ലെന്നതു വ്യക്തമാണല്ലോ? 1885—ൽ 'മലബാർ മാന്വൽ' എഴുതുമ്പോൾ ഈ ഗ്രന്ഥമാണ് ആധികാരിക മൂലരേഖയായി ലോഗൻ സ്വീകരിച്ചത്. ലോഗനാകട്ടെ ഈ ഗ്രന്ഥകാരൻ മുഗൾസൈന്യത്തിലെ ഒരു ജനറലായിരുന്നു എന്നതിനുപുറമെ "ടിപ്പുവിന്റെ ഇന്നു ജീവിച്ചിരിക്കുന്ന ഏക പുത്രനായ ഗുലാം മുഹമ്മദ് രാജകുമാരന്റെ ഒരു വിശ്വസ്തനായിരുന്നു" 4 എന്നുകൂടി പറഞ്ഞുവച്ചിട്ടുണ്ട്. ഗ്രന്ഥകാരന്റെ നാടിനെയോ മതത്തെയോ

---

3. എം. എം. ഡി. എൽ. ടി., (Proface, Page 1), History of Hyder Shah and Tippu Sultan, quoted by Logan, Vol. I.
4. Logani W., Malabar Manual, vol. I, Reprint, 1980, P. 461.

കുറിച്ച് ലോഗൻ കൃത്യമായിട്ടൊന്നും പറയുന്നുമില്ല. വ്യാജപ്രസ്താവനകൾ ധാരാളമടങ്ങുന്ന ഈ ഗ്രന്ഥത്തെ ആധാരമാക്കി ലോഗൻ രചിച്ച 'മാനവൽ' കേരളചരിത്രത്തെ പൊതുവേയും മലബാർ ചരിത്രത്തെ പ്രത്യേകമായും പ്രതിപാദിക്കുന്ന ആദ്യഗ്രന്ഥമെന്ന രീതിയിലാണ് അംഗീകരിച്ചു പോരുന്നത്. മലബാറിൽ വളരെക്കാലം കളക്ടറായി ജോലിനോക്കുകയും പണ്ഡിതനെന്ന പ്രസിദ്ധിനേടുകയും ചെയ്തിട്ടുള്ള ലോഗന്റെ ഈ ഗ്രന്ഥത്തിന് അനിഷേധ്യമായ മഹാത്മ്യമാണു കല്പിക്കപ്പെട്ടിട്ടുള്ളതു്. കേരളചരിത്രത്തെ ക്കുറിച്ച് പിന്നീട് പുറത്തുവന്ന എല്ലാ കൃതികളുടെയും അടിസ്ഥാനം ലോഗന്റെ മലബാർ മാനവൽ ആണ്. 1957-ൽ പ്രസിദ്ധീകരിച്ച സർദാർ കെ.എം. പണിക്കരുടെ'കേരളചരിത്രം' ഇക്കൂട്ടത്തിൽ ശ്രദ്ധേയമാണ്. പക്ഷേ, 'ഹൈദർഷായുടെയും അദ്ദേഹത്തിന്റെ മകൻ ടിപ്പു സുൽത്താന്റെയും ചരിത്രം' എന്ന ഗ്രന്ഥത്തിന്റെ കാര്യത്തിൽ പണിക്കർ ലോഗന്റെ വിധിയാണംഗീകരിക്കുന്നതു്. ലോഗനെ പിൻപറ്റി, "ഹൈദരുടെ അനുഭാവിയായ ഒരു മുസ്ലിം ചരിത്രകാരൻ" എന്നുകൂടി അജ്ഞാതനായ ഈ ചരിത്രകാരനെ ശ്രീ. പണിക്കർ വിശേഷിപ്പിക്കുന്നു. പക്ഷേ, ഗ്രന്ഥത്തിന്റെ പ്രസാധകൻ പറയുന്നതാകട്ടെ ഇദ്ദേഹം ഒരു ഫ്രഞ്ചുകാരനും മുഗൾസൈന്യത്തിലെ ഒരു ജനറലും ആയിരുന്നുവെന്നാണ്. എല്ലാ മുഗൾ ഉദ്യോഗസ്ഥന്മാരും മുസ്ലീങ്ങളായിരിക്കണമെന്നില്ലല്ലോ? ഈ പുസ്തകവും അതിന്റെ അജ്ഞാതനായ രചയിതാവും ഇംഗ്ളീഷുബുദ്ധിയുടെ സൃഷ്ടികളാണ്. ഇതേതായാലും ഒറ്റപ്പെട്ട സംഭവമല്ല. ഇന്ത്യാചരിത്രസാഹിത്യത്തിൽ അജ്ഞാതനാമാക്കളുടെ അനേകം ഗ്രന്ഥങ്ങൾ പ്രത്യക്ഷപ്പെട്ടിട്ടുണ്ടെങ്കിലും മൈസൂർ ഭരണകർത്താക്കളുടെ കാലത്തെക്കുറിച്ചാണ് ഇതേററവുമധികം ഉണ്ടായിട്ടുള്ള തെന്നുമാത്രം. മിക്കവാറും എല്ലാ ഇംഗ്ലീഷു ചരിത്രകാരന്മാരും ബ്രിട്ടീഷ് സൈന്യത്തിലെ ജനറൽമാരായിരുന്നു എന്നതും ഇവരെല്ലാം തന്നെ ഒരിക്കലല്ലെങ്കിൽ മറ്റൊരിക്കൽ ഹൈദരാലിയുടെയോ ടിപ്പുവിന്റെയോ മുൻപിൽ പരാജയപ്പെട്ട് പരിഹാസ്യരായിട്ടുണ്ട് എന്നതുമാണ് ഈ ചരിത്രകാരന്മാർക്ക് ഈ ഭരണകർത്താക്കളോട് ഇത്രമേൽ കടുത്ത വിരോധമുണ്ടാകുവാൻ കാരണം. പരാജയം മൂലമുണ്ടായ അപഹാസ്യത ശത്രുക്കളെ നീചന്മാരായി ചിത്രീകരിച്ച് പരിഹരിക്കുവാനാണ് ഇവർ ശ്രമിച്ചതു്. അതായതു് ആയുധം കൊണ്ട് നേടാനാവാഞ്ഞതു് തൂലികകൊണ്ട് നേടാനായിരുന്നു അവരുടെ ശ്രമം.

മേല്പറഞ്ഞ അജ്ഞാതനായ ഗ്രന്ഥകാരനാണ് ഹൈദരാലിയുടെ പേരിൽ പുറത്തിറങ്ങിയ വ്യാജശാസനങ്ങളുടെ ഉപജ്ഞാതാവ്. ടിപ്പുവിന്റെ പേരിൽ പുറത്തിറങ്ങിയ ശാസനങ്ങളാകട്ടെ വിൽക്സ് 'മൈസൂർ ചരിത്ര'ത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. ശാസനങ്ങളുടെ കാലം 1788—89 എന്ന് പറയുന്നുണ്ടെങ്കിലും, മലബാർ ജോയിന്റ് കമ്മിഷണർമാരുടെ റിപ്പോർട്ടോ അതുപോലെ മുൻപറഞ്ഞ മറേറതെങ്കിലും റിപ്പോർട്ടുകളോ ഈ

ശാസനത്തെക്കുറിച്ച് ഒന്നും തന്നെ പറയുന്നില്ല. ബുക്കാനനും ഈ കാര്യത്തിൽ നിശ്ശബ്ദനാണ്. നേരത്തെ പറഞ്ഞ പ്രൊസീഡിംങ്സ് വാല്യങ്ങളിൽപോലും ഈ ശാസനങ്ങളുടെ ഒരു ലാഞ്ചനപോലും ഒരു ചരിത്രവിദ്യാർത്ഥിക്കും കണ്ടെത്താൻ കഴിയുകയില്ല ചുരുക്കിപ്പറഞ്ഞാൽ 1810–ൽ വിൽക്സ് പറയുന്നതുവരെ ഇതേക്കുറിച്ച് ആരും അറിഞ്ഞിരുന്നില്ല എന്നതാണ് പരമാർത്ഥം.

ശത്രുപക്ഷത്തു നിൽക്കുന്ന ചരിത്രകാരന്മാരിൽനിന്നു മാത്രമല്ല സ്വന്തം ചരിത്രകാരന്മാരെന്ന് വിശേഷിപ്പിക്കപ്പെടുന്നവരുടെ പക്കൽ നിന്നുപോലും ഉപദ്രവങ്ങൾ ഏൽക്കേണ്ടിവന്ന നിർഭാഗ്യവാനാണ് ടിപ്പുസുൽത്താൻ. ടിപ്പുവിനെ പുകഴ്ത്തി പറയുവാനുള്ള വ്യഗ്രതയിൽ അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽ മററാരെക്കാളും കരി പൂശുകയാണ് ഈ ചരിത്രകാരന്മാർ ചെയ്തത്. അവിശ്വാസികളായ ഇംഗ്ലീഷുകാരെയും ഹിന്ദുക്കളെയും നിഹനിച്ച് സത്യവിശ്വാസത്തിന്റെ ദീപശിഖ ഉയർത്തിപ്പിടിച്ച മതരക്ഷകനെന്ന പേരിൽ പഴകി തുരുമ്പിച്ച മഹത്വത്തിന്റെ ശൈലിയിലാണ് അവർ അദ്ദേഹത്തെ വാഴ്ത്തിയത്. സുൽത്താന്റെ എല്ലാ യത്നങ്ങളും എല്ലാ നീക്കങ്ങളും സത്യവിശ്വാസത്തെ രക്ഷിക്കുക എന്ന നടപടികളായി ചിത്രീകരിക്കപ്പെട്ടു മുസ്ലിം ചക്രവർത്തിമാരുടെ പാർശ്വവർത്തികളായ എല്ലാ മുസ്ലിം ചരിത്രകാരന്മാരും പിൻതുടർന്നു പോന്നിട്ടുള്ള ഒരു പാതയാണിതു്. ഇത്തരം വ്യാഖ്യാനങ്ങൾ ചരിത്രപുരുഷന്മാരെ നിത്യസ്മരണീയരാക്കുന്നതിനുപകരം അവജ്ഞാപാത്രരാക്കുകയാണ് ചെയ്യുന്നതെന്ന് ഈ പാവങ്ങൾ അറിയുന്നില്ല. മതപ്രചാരണം, മതസേവനം എന്നിങ്ങനെ ടിപ്പുവിന്റെമേൽ അടിച്ചേല്പിക്കപ്പെട്ട മഹത്വങ്ങളോരോന്നും അദ്ദേഹത്തിന്റെ മനുഷ്യത്വമില്ലായ്മയും മതഭ്രാന്തും തെളിയിക്കുവാനുള്ള പ്രമാണങ്ങളായി മുതലെടുക്കപ്പെടുകയാണുണ്ടായതു്. ഇത്തരം അതിശയോക്തി നിറഞ്ഞ പ്രയോഗങ്ങളെ കുറിച്ച് തികച്ചും ബോധവാന്മാരായിരുന്ന ഇംഗ്ലീഷുകാരെങ്കിലും ഇവയെല്ലാം അപ്പടി അംഗീകരിക്കുകയാണ് അവർ ചെയ്തതു്. ഇവയെ ആധാരമാക്കി മതഭ്രാന്തിന്റെയും കാപാലികത്വത്തിന്റെയും പര്യായമായി ടിപ്പുവിനെ ചിത്രീകരിക്കുവാൻ അവർക്ക് എളുപ്പം സാധിച്ചു. ടിപ്പുവിന്റെ പരാജയത്തിനുശേഷം ഇംഗ്ലീഷുകമ്പനിയുടെ സംരക്ഷണയിൽ കഴിയേണ്ടിവന്ന ചില മുസ്ലിം ചരിത്രകാരന്മാരും യജമാനന്മാരുടെ ഇഷ്ടത്തിനൊത്ത മട്ടിൽ ടിപ്പുവിനെ വരച്ചുകാണിച്ചിട്ടുണ്ടു്. ഈ വിഭാഗത്തിൽപ്പെട്ട ഒരു ചരിത്രകാരനാണ് കിർമാണി. മൈസൂർ ഭരണത്തെയും മൈസൂർ ഭരണാധികാരികളെയും കരിതേച്ചുകാണിക്കുന്ന കാര്യത്തിൽ ഏററവുമധികം സംഭാവന നൽകിയിട്ടുള്ളതും ഈ ചരിത്രകാരനത്രെ

ഇതിനെല്ലാമുപരിയാണ് ഒററനോട്ടത്തിൽ നിഷ്പക്ഷ ചരിത്രകാരന്മാരെന്നു തോന്നിക്കുന്ന ചിലരുടെ അർദ്ധസത്യ പ്രസ്താവനകൾ വരുത്തി

വച്ച വിനകൾ. അസത്യത്തേക്കാൾ അർദ്ധസത്യമാണല്ലോ പലപ്പോഴും കൂടുതൽ ആപൽക്കരമായിത്തീരുക. ഉദാഹരണത്തിന് ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ നർബന്ധ മതപരിവർത്തനത്തെക്കുറിച്ച് സംശയിക്കുന്നുണ്ടെങ്കിലും, "എന്നാൽ അവ വളരെ കുറച്ചേ ഉണ്ടായിട്ടുള്ളു" എന്നുകൂടി പറഞ്ഞുവയ്ക്കുന്നുണ്ട്. കൂർഗിലെ നാല്പതിനായിരം ആളുകളോ കുററിപ്പുറത്തെ രണ്ടായിരം നായന്മാരോ സുന്നത്തു ചെയ്യപ്പെട്ട് മുസൽമാന്മാരാക്കപ്പെടുകയുണ്ടായി എന്ന ലോഗന്റെയും ഇന്നസ്സിന്റെയും കെ. എം. പണിക്കരുടെയും നിർബന്ധാഭിപ്രായത്തെക്കാൾ ദോഷം ചെയ്യുന്നതാണ് മേല്പറഞ്ഞ പ്രസ്താവം. ടിപ്പു നടത്തിയ മതപരിവർത്തനങ്ങൾ മതാത്തെക്കാളേറെ രാഷ്ട്രീയം ലക്ഷ്യമാക്കിയുള്ളതായിരുന്നു എന്നുപറഞ്ഞുകൊണ്ട് "ഇന്ത്യാചരിത്രപഠനം" എന്ന ഗ്രന്ഥത്തിൽ ടിപ്പുവിന്റെ മതനയത്തെ ന്യായീകരിക്കുവാൻ ശ്രമിക്കുന്ന സുരേന്ദ്രനാഥ് സെന്നിനെപ്പോലുള്ളവരും ഈ വകുപ്പിൽ പെടുന്നവരാണ്.

കേരളചരിത്രകാരന്മാരാകട്ടെ സ്വന്തം നാടിന്റെ ചരിത്രരചനയിലേർപ്പെടുമ്പോൾ ഇംഗ്ലീഷ് എഴുത്തുകാരെയും അവരെഴുതിയ മാന്വലുകളേയും ഗസററിയറുകളേയുമാണ് പൂർണ്ണമായും ആശ്രയിക്കുന്നതു്. ഇവരുടെയെല്ലാം ആക്രമണലക്ഷ്യം ടിപ്പുവായിരുന്നു. മതഭ്രാന്തിന്റെ ക്രൂരതകളുടെയും കഥകൾ അവർ അപ്പാടെ വിശ്വസിക്കുകയാണ് ചെയ്തിട്ടുള്ളതു്. കേരളത്തിൽ നിലവിലിരുന്ന പ്രത്യേക സാമൂഹ്യ – സാമ്പത്തിക വ്യവസ്ഥിതിയിൽ മൈസൂർ ഭരണാധികാരികൾ ഏർപ്പെടുത്തിയ പരിഷ്കാരങ്ങൾമൂലം ഏററവുമധികം വിഷമം സഹിക്കേണ്ടിവന്ന സമുദായത്തിൽ പെട്ടവരായിരുന്നു ഈ ചരിത്രകാരന്മാരെല്ലാംതന്നെ. അതുകൊണ്ടാണ് മൈസൂർഭരണത്തെ ഇവരെല്ലാം ഒരേ സ്വരത്തിൽ വിമർശിക്കുന്നതും എതിർക്കുന്നതും. ഈ ഗ്രന്ഥത്തിന്റെ മറെറാരുഭാഗത്തു് ഇക്കാര്യം കൂടുതൽ വിശദമാക്കുന്നുണ്ട് എന്നതിനാൽ ഇവിടെ കൂടുതലൊന്നും പറയുന്നില്ല. മൈസൂർഭരണത്തിന്റെ ഫലമായി തങ്ങളുടെ സമുദായാംഗങ്ങൾക്ക് നേരിടേണ്ടിവന്ന തിക്താനുഭവങ്ങൾ വിസ്മരിക്കുവാൻ ഈ ചരിത്രകാരന്മാർക്കു കഴിഞ്ഞിട്ടില്ലെന്നു മാത്രം ചുരുക്കി പറയട്ടെ.

കേരളചരിത്രരചനക്ക് നേതൃത്വം നൽകിയ ലോഗനു ശേഷം ഈ രംഗത്തു പ്രവർത്തിച്ച സി. എ ഇന്നസ്, ലോഗൻ പറഞ്ഞതുതന്നെ ആവർത്തിക്കുകയാണ് ചെയ്തതു്. ഇന്നസ്സിന്റെ മലബാർ ഗസററിയേർസ് രണ്ടു വാല്യങ്ങളിലായി ഈ നൂററാണ്ടിന്റെ ആരംഭത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടു. പിന്നീടും പുറത്തുവന്ന ചരിത്രഗ്രന്ഥങ്ങൾ 'കൊച്ചിൻ സ്റ്റേററ് മാന്വലും', 'തിരുവിതാംകൂർ സ്റ്റേററു് മാന്വലു'മാണ്. കെ. പി. പത്മനാഭമേനോനാണ് സമുന്നതനായ മറെറാരു കേരളചരിത്രകാരൻ. അദ്ദേഹത്തിന്റെ

'കേരളചരിത്രം' നാലു വാല്യങ്ങളിലായും 'കൊച്ചീരാജ്യചരിത്രം' രണ്ടു വാല്യങ്ങളിലുമായാണ് പ്രസിദ്ധീകൃതമായിട്ടുള്ളത്.

'മലബാറിൽനിന്നുമുള്ള വിഷറുടെ കത്തുകൾ' എന്ന രൂപത്തിലാണ് പത്മനാഭമേനോന്റെ കേരളചരിത്രം രചിക്കപ്പെട്ടിരിക്കുന്നത്. ഈ സമ്പ്രദായത്തിന്റെ പരിമിതിമൂലം കേരളത്തിന്റെ തുടർച്ചയായ ചരിത്രം ഇതിൽനിന്നും നമുക്ക ലഭിക്കുന്നില്ലെന്നതാണ് വാസ്തവം. സംഭവങ്ങളുടെ ക്രമമനുസരിച്ച് അവ സംവിധാനം ചെയ്തിട്ടില്ലാത്തതിനാൽ ഇത് ഒരു സമഗ്ര ചരിത്രവുമാകുന്നില്ല. ഇതേ ഗ്രന്ഥകാരന്റെ കൊച്ചീരാജ്യചരിത്രം കുറെക്കൂടി മഹത്തായ ഒരു ഗ്രന്ഥമാണ്.

ചരിത്രരചനയ്ക്കുതകുന്ന മൂലപ്രമാണങ്ങൾ ഇത്ര സുലഭമായിരുന്നിട്ടും ആധികാരിക രേഖകളുടെ സഹായത്താൽ ചരിത്രരചന നടത്തുവാൻ നമ്മുടെ ചരിത്രകാരന്മാരാരും ശ്രമിച്ചിട്ടില്ല എന്നതു് സഗൗരവം ചിന്തിക്കേണ്ട ഒരു വസ്തുതയാണ്. മാനുവലുകളെ ആധാരമാക്കിയെഴുതപ്പെട്ടിട്ടുള്ളവയാണ് നമ്മുടെ ചരിത്രഗ്രന്ഥങ്ങളെല്ലാം തന്നെ. മേൽപറഞ്ഞ മൂലപ്രമാണങ്ങൾക്കും രേഖകൾക്കും പുറമെ ധാരാളം അടിസ്ഥാനഗ്രന്ഥങ്ങളും ഈ ഗ്രന്ഥത്തിന്റെ രചനയ്ക്കായി ഉപയോഗിച്ചിട്ടുണ്ട്. അവയുടെ സംക്ഷിപ്ത വിവരണം ബിബ്ലിയോഗ്രഫിയിൽ ചേർത്തിട്ടുള്ളതിനാൽ ഇവിടെ പ്രത്യേകം പറയുന്നില്ല.

# 1

# ആക്രമണത്തിനുള്ള കാരണങ്ങൾ

മൈസൂർരാജ്യത്ത് തന്റെ അധികാരം ഉറപ്പിച്ചതിനുശേഷമാണ് ഹൈദരാലി മലബാർ ആക്രമണത്തിന് തുനിഞ്ഞിറങ്ങുന്നത്.1 മൈസൂറിലെ പുതിയ ഭരണാധികാരിയുടെ ഈ നീക്കത്തിന് പല കാരണങ്ങളും പറഞ്ഞു വരുന്നുണ്ട്. കോഴിക്കോട് സാമൂതിരി2 നൽകാമെന്ന് ഏററിരുന്ന യുദ്ധത്തിനാവശ്യമായിവന്ന നഷ്ടപരിഹാരം പിരിച്ചെടുക്കുകയായിരുന്നു ഹൈദരുടെ ഉദ്ദേശ്യങ്ങളിലൊന്ന്. ചിറയ്ക്കൽ രാജാവിൽ നിന്നും3 ലഭിക്കുവാനുണ്ടായിരുന്ന സംഖ്യ ഈടാക്കുകയായിരുന്നു ഹൈദരാലിയുടെ മറെറാരു ലക്ഷ്യം. ഹൈദരാലി നീലേശ്വരം പിടിച്ചെടുത്തപ്പോൾ4 ചിറയ്ക്കൽ രാജാവ് നീലേശ്വരം രാജാവിന് കൊടുക്കുവാനുണ്ടായിരുന്ന സംഖ്യക്ക് ഹൈദരാലി അവകാശിയായിത്തീർന്നു. തിരുവിതാംകൂർ രാജാവിനെ5 ശിക്ഷിക്കുകയെന്നതും ഹൈദരാലിയുടെ സൈനികനീക്കത്തിന്റെ ഉന്നങ്ങളിലൊന്നായിരുന്നു. തിരുവിതാംകൂർ രാജാവിനുവേണ്ടി സൈന്യശേഖരണം നടത്തിയതിൽ ഹൈദരാലിക്കു ചെലവുവന്ന സംഖ്യ കൊടുക്കുന്നതിൽനിന്നും ഒഴിഞ്ഞുമാറുവാൻ ശ്രമിച്ചതാണ് ഇവർ തമ്മിലുണ്ടായ ശത്രുതയ്ക്കു നിദാനം. കണ്ണൂരിലെ ആലിരാജാവും6 കോലത്തിരി കുടുംബത്തിൽപ്പെട്ട കാപ്പുതമ്പാനും കൂടി മലബാർ ആക്രമണത്തിനായി മൈസൂർ ഭരണാധികാരിയെ ക്ഷണിച്ചതാണ്

---

1. ഫോറിൻ മിസലേനിയസ്, എസ്സ്.നമ്പർ 56, ഭാഗം 1, വൗച്ചർ നമ്പർ 4, പേജ് 69.
2. സാമൂതിരിയുടെ ചരിത്രം, അനുബന്ധം 2 നോക്കുക.
3. അനുബന്ധം 3 നോക്കുക, ചിറയ്ക്കൽ കോലത്തിരി രാജാക്കന്മാരുടെ ചരിത്രം.
4. തലശ്ശേരി ഫാക്ടറി രേഖ, മാർച്ച് 10, 1766, കൺസൾട്ടേഷൻസ്, ഏപ്രിൽ 2, 1766.
5. അനുബന്ധം 3 നോക്കുക.
6. അനുബന്ധം 4 നോക്കുക.

അദ്ദേഹം മലബാറിലേക്കു് കടക്കുവാനുണ്ടായ മറെറാരു സുപ്രധാന കാരണം. എന്നാൽ, തന്റെ സാമ്രാജ്യം വികസിപ്പിക്കുകയും ഫലഭൂയിഷ്ഠമായ മലബാർ പ്രദേശം കീഴടക്കുകയുമായിരുന്നു ഹൈദരാലിയുടെ ആന്തരികോദ്ദേശ്യം. കേരളത്തെ വിദേശരാജ്യങ്ങളോടു് ബന്ധപ്പെടുവാൻ സഹായിക്കുന്ന പ്രകൃതിദത്തമായ അനേകം തുറമുഖങ്ങൾ മലബാറിലുണ്ടായിരുന്നു. തന്ത്രപ്രധാനമായ ഈ പ്രദേശം കീഴടക്കുവാനുള്ള ആഗ്രഹമായിരുന്നു മലബാറാക്രമണത്തിനു് ഹൈദരാലിയെ പ്രേരിപ്പിച്ച പ്രധാന വസ്തുത.

കേരളരാഷ്ട്രീയത്തിൽ[7] ഇടപെടുവാൻ തക്കം പാർത്തുകൊണ്ടിരുന്ന ഹൈദരാലിക്കു് പാലക്കാട്ടു് രാജാവിലൂടെയാണു്[8] ഇതിനുള്ള അവസരം ലഭിച്ചതു്. ഈ സമയത്തു്, പാലക്കാട്ടു് രാജാവിന്റെ രാജ്യഭാഗങ്ങൾ കോഴിക്കോട്ട സാമൂതിരി ആക്രമിച്ചു് കീഴടക്കിയിരുന്നു[9]. ഈ വിഷമഘട്ടത്തിൽ പാലക്കാട്ടു് രാജാവായ കോമിഅച്ചൻ അന്നു ഡിണ്ടിഗലിലെ ഫൌജദാരായിരുന്ന ഹൈദരാലിയുടെ സൈനിക സഹായമഭ്യർത്ഥിച്ചു. ഈ സമയം സാമൂതിരി പാലക്കാടാക്രമണത്തിനായി നീങ്ങുകയായിരുന്നു. കോമി അച്ചന്റെ ആവശ്യാനുസൃതം രണ്ടായിരം വരുന്ന കുതിരപ്പടയേയും അയ്യായിരം വരുന്ന കാലാൾപ്പടയേയും തന്റെ മച്ചുനനായ മക്ദൂം സാഹിബ്ബിന്റെ നേതൃത്വത്തിൽ കേരളത്തിലേക്കയച്ചു. പാലക്കാട്ട നായന്മാരുടെ[10] സഹായത്തോടെ ഈ സേന സാമൂതിരിയുടെ തലസ്ഥാനകവാടം വരെ എത്തിച്ചേർന്നു. സാമൂതിരിയുടെ സൈന്യം പിൻതിരിയുകയും പാലക്കാട്ടു് താൻ കീഴടക്കിയ പ്രദേശം തിരിച്ചേല്പിക്കുകയും യുദ്ധച്ചെലവിലേക്കായി 12 ലക്ഷം ഉറുപ്പിക നൽകാമെന്നേൽക്കുകയും ചെയ്തതിന്റെ ഫലമായി സാമൂതിരിക്കു് തന്റെ രാജ്യം തിരിച്ചുകിട്ടി. പക്ഷേ, ഈ സമയത്തു് മൈസൂറിന്റെ തലസ്ഥാനത്തു് ചില ഭിന്നിപ്പുകൾ ഉണ്ടായതു് ഒരു സൗകര്യമായെടുത്തുകൊണ്ടു് സാമൂതിരി ശ്രമിച്ചു. മൈസൂർ രാജാവിന്റെ ഒരു മന്ത്രിയായ ദേവരാജയ്യരുമായി അദ്ദേഹം ഒത്തുതീർപ്പുണ്ടാക്കുകയും മേല്പറഞ്ഞ യുദ്ധച്ചെലവിലേക്കുള്ള സംഖ്യ ഹൈദരാലിക്കു കൊടുക്കുന്നതിനു പകരം മൈസൂർ ഗവൺമെൻറിനു നേരിട്ട നൽകാമെന്നു് ഏൽക്കുകയുമാണു് സാമൂതിരി ചെയ്തതു്. ഹൈദരാലിയുടെ വളർന്നുവരുന്ന ശക്തിയിൽ അസൂയാലുവായ ദേവരാജു് ഇതു സമ്മതിക്കുകയും ഈ തുക തന്റെ ഏജൻറുമാർ മൂഖേന തനിക്കു നൽകുകയാണെങ്കിൽ ഹൈദരാലിയുടെ സൈന്യത്തെ തിരിച്ചുവിളിക്കാമെന്നേൽക്കുകയും ചെയ്തു.[11] ഇതനുസരിച്ചു് ദേവരാജു്

---

7. അനുബന്ധം 5 നോക്കുക.
8. അനുബന്ധം 6 നോക്കുക.
9. ജോയിൻറു് കമ്മിഷണർമാരുടെ റിപ്പോർട്ടു്, ഖണ്ഡിക 18.
10. അനുബന്ധം 7 നോക്കുക.
11. ലോഗൻ, പേജ് 402.

തൻെറ രാജപുത്രനായകനായ ഹരിസിംഗിനെ ഈ തുക ഈടാക്കുന്നതിനായി കോഴിക്കോട്ടേയ്ക്കയച്ചു. ദേവരാജിൻെറ ആജ്ഞാനുസരണം ഹൈദരാലി തൻെറ സൈന്യത്തെ പിൻവലിക്കുകയും ചെയ്തു.

എന്നാൽ, തൻെറ രക്ഷിതാവായ ദേവരാജ് 1758 ജൂൺ 19–ാം തീയതി നിര്യാതനായതിനെത്തുടർന്ന് മുൻപറഞ്ഞ സംഖ്യ ഈടാക്കാതെ തന്നെ ഹരിസിംഗിനു് ധൃതിയിൽ ശ്രീരംഗപട്ടണത്തേയ്ക്കു് മടങ്ങേണ്ടതായി വന്നു12.

ഈ സംഭവം പോലും നമ്മുടെ ചരിത്രകാരന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസത്തിനു് കാരണമായിരിക്കുന്നു. കൊടുക്കാമെന്നേററ സംഖ്യയുടെ ഒന്നാം ഗഡു സംഖ്യ സാമൂതിരിയിൽ നിന്നു് ഈടാക്കിയതിനു ശേഷം ഹൈദരാലിയുടെ സൈന്യം തിരിച്ചുപോന്നു എന്നും, ശ്രീരംഗപട്ടണത്തേയ്ക്കു തിരിച്ചുപോകുന്ന വഴിക്കുവച്ചു് ഹരിസിംഗിനെ കൊലപ്പെടുത്തുവാൻ ഹൈദരാലി ഗൂഢാലോചന നടത്തിയെന്നുമാണ് ശ്രീ. കെ. എം. പണിക്കരുടെ അഭിപ്രായം.13 ഇതു് ശരിയല്ല. സാമൂതിരി ഹൈദരാലിക്കു് ഒരു പൈസപോലും കൊടുത്തിട്ടില്ലെന്ന സംഗതി ലോഗനും14 പ്രൊഫസ്സർ എൻ. കെ. സിൻഹയും15 വ്യക്തമായ തെളിവുകളോടെ രേഖപ്പെടുത്തിയിട്ടുണ്ടു്. ഹൈദരാലിയുടെ നിർദ്ദേശമനുസരിച്ചു് മക്ദൂം സാഹിബ്ബ്, ഹരിസിംഗിനെ നിഷ്ഠുരമായി കൊലചെയ്തു എന്നു പറയുന്നതു് ഭാഗികമായി മാത്രമേ ശരിയാവുന്നുള്ളു. മക്ദൂം സാഹിബ്ബാണ് ഹരിസിംഗിനെ കൊലപ്പെടുത്തിയതെന്ന കാര്യം ശരിയാണ്. പക്ഷേ ഇതു സംഭവിച്ചതു് തികച്ചും വിഭിന്നമായ ഒരു പരിതസ്ഥിതിയിലാണെന്നു മാത്രം. ഒരു സമകാലിക എഴുത്തുകാരനായ മീർ ഹുസൈൻ ആലിഖാൻ കിർമാണി 'നിഷാനി ഹൈദരി' എന്ന തൻെറ ഗ്രന്ഥത്തിൽ ഈ സംഭവത്തെ വിശദമായി വിവരിക്കുന്നുണ്ടു്. ദളവാ നന്ദിരാജിനെ, ഹരിസിംഗ് തടങ്കലിൽ പിടിക്കുകയും അടുക്കളയിലേയ്ക്കാവശ്യമായ വെള്ളം പോലും നൽകാതെ അദ്ദേഹത്തെ ബുദ്ധിമുട്ടിക്കുകയും ചെയ്തതായിട്ടാണ് കിർമാണി പറയുന്നതു്. ഇതിനു സാക്ഷിയായിരുന്ന ഹൈദർ, ദളവായുടെ അനുവാദത്തോടെ ഹരിസിംഗിനെ പരാജയപ്പെടുത്തുകയാണ് ഉണ്ടായതത്രെ16. ഹൈദരാലിയുടെ പ്രവൃത്തിയിൽ സന്തുഷ്ടനായ ദളവാ തൻേറതായ പണവും പണ്ടങ്ങളുമൊഴിച്ചു് പിടിച്ചെടുത്ത വസ്തുക്കൾ മുഴവൻ ഹൈദരാലിക്കു നൽകി. "ഈ

---

12. ലോഗൻ, പേജ് 402.
13. കെ. എം. പണിക്കർ, കേരളചരിത്രം (1498–1801), പേജ് 326.
14. ലോഗൻ, പേജ് 402.
15. എൻ. കെ. സിൻഹ, ഹൈദർ ആലി, ഭാഗം 1, പേജ് 250
16. കിർമാണി, നിഷാനി ഹൈദരി, പേജ് 41.

പ്രവൃത്തിയിൽ ഹൈദർ പ്രദർശിപ്പിച്ച നിശ്ചയദാർഢ്യം അദ്ദേഹത്തിന് വലിയ പ്രസിദ്ധി നേടിക്കൊടുത്തു''17.

മൈസൂർരാജ്യത്തെ സ്ഥിതിഗതികൾ അനിശ്ചിതമായിരുന്നതിനാൽ നിർദ്ദിഷ്ട സംഖ്യ കൊടുക്കാതെ രക്ഷപ്പെടാമെന്നായിരുന്നു സാമൂതിരിയുടെ കണക്കുകൂട്ടൽ. പക്ഷെ, ഈ തുകയ്ക്കുള്ള തന്റെ അവകാശം ഹൈദരാലി ഒരിക്കലും ഉപേക്ഷിച്ചില്ലെന്നു മാത്രമല്ല അദ്ദേഹത്തിന്റെ മലബാർ ആക്രമണലക്ഷ്യങ്ങളിൽ ഒന്ന് ഈ തുക ഈടാക്കുകയുമായിരുന്നു.

ഹൈദരാലി ക്യാനറ18 ആക്രമിച്ചു കീഴടക്കിയപ്പോൾ സ്ഥാനഭ്രഷ്ടനാക്കപ്പെട്ട രാജാവിന് കോലത്തിരി രാജാവ് കൊടുക്കുവാനുണ്ടായിരുന്ന രണ്ടു ലക്ഷം പഗോഡയ്ക്ക് ഹൈദർ അവകാശവാദമുന്നയിച്ചു19. കമ്പനിയുടെ ഏജൻറുമാർ ബദനൂരിൽവച്ച് ഹൈദരാലിയെ സന്ദർശിച്ചപ്പോൾ തങ്ങളുടെ സഖ്യകക്ഷിയായ കോലത്തിരിരാജാവിനെ ആക്രമിക്കരുതെന്ന്

---

17. കിർമാണി, നിഷാനി ഹൈദരി, പേജ് 41

18. കർണാടകരാജാവിന്റെ കോലത്തുനാട് അക്രമണവും കോലത്തിരി രാജാവായ ഉദയവർമ്മ കൊടുക്കാമെന്നേററ യുദ്ധച്ചെലവിന്റെ തുകയും 1801 ജൂണിലെ റവന്യൂബോർഡ് നടപടികളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മലയാളവർഷം 907—ൽ ബദനൂരിലെ കർണാടകക്കാർ ഒരു സൈന്യവുമായി ചിറയ്ക്കൽ രാജ്യമാക്രമിക്കുകയും ഇവിടത്തെ രാജാക്കന്മാർ കനാനിപ്രദേശങ്ങളിൽ അഭയം തേടാൻ നിർബന്ധിതരായിത്തീരുകയുമുണ്ടായി. ഇക്കാലത്ത് കോലത്തിരി കുടുംബത്തിലെ ഉദയവർമ്മ എന്ന കയ്റ്റുറ രാജകുമാരൻ 911 വരെ യുദ്ധം ചെയ്ത് അക്രമികളെ തടഞ്ഞുനിർത്തി. എങ്കിലും ഹൊപാല്ലയ്യന്റെ നേതൃത്വത്തിലുള്ള കന്നട സൈന്യം ധർമ്മപട്ടണത്ത് (ധർമടം) പാളയമടിച്ച് കോട്ടയം ജില്ലയിലേക്കു കടക്കുവാൻ ശ്രമിക്കുകയായിരുന്നു. എല്ലാ പ്രതീക്ഷയും നശിച്ചപ്പോൾ ഉദയവർമ്മ മററു രാജാക്കന്മാരുടെ സഹായം ലഭിക്കാതെ അവരുമായി സന്ധിചെയ്യുകയും തവണകളായി 220000 പഗോഡ നൽകാമെന്ന് ഏൽക്കുകയും ചെയ്തു. ഇതനുസരിച്ച് മാടായിലുള്ള കോട്ടയിൽവച്ച് പരദേവതയെ സാക്ഷിനിർത്തി ഉടമ്പടി ചെയ്യുകയും ചെയ്തു (റവന്യൂബോർഡ്, ബി. എൻ. 67—69, വി. 288, ജൂൺ 29, 1801, ഫോർട്ട് സെൻറ് ജോർജ്, പേജ്, 7483—84). എന്നാൽ പണമടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം ഹൈദർ ക്യാനറയുടെ തലസ്ഥാനമാക്രമിക്കുമ്പോഴേക്കും ഈ സംഖ്യയിൽ രണ്ടു ലക്ഷം ബാക്കിയുണ്ടായിരുന്നു. ഇപ്പോൾ ക്യാനറയുടെ അധിപൻ ഹൈദരാലിയായപ്പോൾ അദ്ദേഹം ഈ തുകയ്ക്കു ന്യായമായും അവകാശവാദമുന്നയിച്ചു.

19. തലശ്ശേരി ഫാക്ടറിരേഖ (ടി. എഫ്. ആർ), മാർച്ച് 10, 1766, കൺസൾട്ടേഷൻസ്, ഏപ്രിൽ 2, 1766,

അപേക്ഷിച്ചു[20]. കോലത്തിരി രാജാവു് ബദനൂർ ഗവൺമെൻറിനു് കൊടുക്കാനുണ്ടായിരുന്ന രണ്ടു ലക്ഷം പഗോഡ നൽകുകയാണെങ്കിൽ ആക്രമിക്കാതിരിക്കാമെന്നു് അദ്ദേഹമേൽക്കുകയും ചെയ്തു[21]. കോലത്തിരി ഹൈദരാലിയുടെ അവകാശവാദം വകവച്ചുകൊടുക്കുവാൻ മടിക്കുകയാൽ ശക്തിയുപയോഗിച്ചുതന്നെ അതു് ഈടാക്കുവാൻ അദ്ദേഹം തീരുമാനിച്ചു. ഹൈദരാലിയുടെ മലബാർ ആക്രമണത്തിനുള്ള ഒരു കാരണവും ഇതുതന്നെയായിരുന്നു.

തിരുവിതാംകൂർ രാജാവിനോടു് ഹൈദരാലിക്കുണ്ടായിരുന്ന വിരോധത്തിനു് കുറച്ചുകൂടി പഴക്കമുള്ള ഒരു കാരണമാണുണ്ടായിരുന്നതു്. 1751-ൽ ഹൈദർ മൈസൂർ സൈന്യത്തിലെ ഒരു ഉദ്യോഗസ്ഥനായിരുന്ന കാലത്തുതന്നെ അദ്ദേഹത്തിന്റെ ശ്രദ്ധ ഇങ്ങോട്ടു് തിരിഞ്ഞിരുന്നു. അന്നു് തിരുവിതാംകൂർ രാജാവായിരുന്ന മാർത്താണ്ഡവർമ്മ തന്റെ നായർ പ്രഭുക്കന്മാരെ അമർച്ച ചെയ്യുന്നതിനുവേണ്ടി ഹൈദരാലിയുടെ സഹായത്തിനപേക്ഷിച്ചു[22]. പ്രബലമായ ഒരു സേനയെ തിരുവിതാംകൂറിലേയ്ക്കയയ്ക്കാമെന്നു് ഹൈദർ സമ്മതിക്കുകയും തുടർന്നു് അതിനുള്ള ഒരുക്കങ്ങൾ നടത്തുകയും ചെയ്തു. ഹൈദരാലിയുടെ സഹായവാഗ്ദാനത്തെക്കുറിച്ചുള്ള വാർത്ത ഈ പ്രഭുക്കന്മാരെ സംഭീതരാക്കുകയും അവർ വിളംബരം കൂടാതെ മഹാരാജാവിനു കീഴടങ്ങുകയുമുണ്ടായി[23]. തിരുവിതാംകൂറിലെ നായർപ്രഭുക്കന്മാർ കീഴടങ്ങിയതുമൂലം ഒരു ആഭ്യന്തരകലാപത്തിൽനിന്നും മഹാരാജാവു് രക്ഷനേടുകയും അങ്ങനെ ഹൈദരാലിയുടെ സഹായം ആവശ്യമില്ലാതായിത്തീരുകയും ചെയ്തു. ഈ സംഗതി മഹാരാജാവു് ഹൈദരാലിയെ അറിയിച്ചെങ്കിലും സൈന്യശേഖരണത്തിനു് വന്ന ഭീമമായ ചെലവു് തിരുവിതാംകൂർ മഹാരാജാവു് നൽകണമെന്നു് നിർബന്ധിക്കുകയാണു് ഹൈദരാലി

---

20. തലശ്ശേരിയിലെ കമ്പനിഅധികാരികൾ 1757 ഏപ്രിൽ 21-ാം തീയതി ചിറയ്ക്കൽ രാജാവുമായി ഒരു സൗഹൃദ ഉടമ്പടിയിലേർപ്പെട്ടു. പുറത്തുനിന്നുള്ള ആക്രമണമോ ആഭ്യന്തരകലാപമോ ഉണ്ടായാൽ രാജാവിനെ സഹായിക്കാമെന്നു് ഈ ഉടമ്പടിയിൽ ഇംഗ്ലീഷുകാർ സമ്മതിച്ചിരുന്നു (ടി. എഫ്. ആർ., ആഗസ്റ്റ് 24, 1763; കൺസൾട്ടേഷൻസ്, സെപ്റ്റംബർ 24, 1763). കോലത്തിരി കുടുംബത്തിൽപ്പെട്ട കോട്ടയം, നീലേശ്വരം, കടത്തനാട്ടു് രാജാക്കന്മാരുമായും ഇംഗ്ലീഷുകാർ ഇത്തരം സന്ധിയിലേർപ്പെടുകയുണ്ടായി (ലോഗൻ, ട്രീറ്റീസ്, XXI. എങ്കിലും ഹൈദരാലി മലബാറിലേക്കു കടന്നപ്പോൾ ഈ രാജാക്കന്മാർക്കു നേരിട്ടു് എന്തെങ്കിലും സഹായം നൽകുവാൻ അവർ തയ്യാറായില്ല), — കൺസൾട്ടേഷൻസ്, ഏപ്രിൽ 4, 1756.
21. ടി.
22. എൻ. കെ. സിൻഹ, ഹൈദർ ആലി, വാല്യം 1, പേജ് 262.
23. പി. ശങ്കുണ്ണിമേനോൻ, തിരുവിതാംകൂർ ചരിത്രം, പേജ് 281.

ചെയ്തു[24]. ഈ ആവശ്യം മഹാരാജാവു് തള്ളിക്കളഞ്ഞു. അന്നുമുതൽ പ്രതികാരത്തിനായി തക്കം പാർത്തിരിക്കുകയായിരുന്നു ഹൈദരാലി.

കണ്ണൂരിലെ ആലിരാജാവും കാപ്പുതമ്പാനും കൂടി ഹൈദരാലിയെ മലബാറിലേയ്ക്കു ക്ഷണിച്ചപ്പോൾ അദ്ദേഹത്തിനു് കാര്യങ്ങൾ വളരെ സുഗമമായിത്തീർന്നു. ഇരുകൂട്ടർക്കും കോലത്തിരിയോടുണ്ടായിരുന്ന പക തീർക്കുവാനാണു് ഇവർ മൈസൂറധിപനെ മലബാർ ആക്രമിക്കുവാൻ ക്ഷണിച്ചതു്[25]. ഹൈദരാലി മലബാർ ആക്രമിക്കുകയാണെങ്കിൽ കേരളത്തിലെ മുസ്ലിം ഭരണാധികാരിയായിരുന്ന ആലിരാജാവു്, തന്റെ നില മെച്ചപ്പെടുമെന്നുകൂടി കണക്കാക്കിയിരിക്കണം[26]. ആലിരാജാവിനു് മററു മലബാർ ഭരണാധികാരികളോടുണ്ടായിരുന്ന ബന്ധം സൗഹൃദപൂർണ്ണവുമായിരുന്നില്ല. കണ്ണൂരിലെ ഈ മാപ്പിളരാജകുടുംബം[27] മലബാറിലെ മുസ്ലിങ്ങളുടെ സ്നേഹാദരങ്ങൾക്കു് പാത്രീഭൂതരായിരുന്നു. തങ്ങളുടെ സംരക്ഷണത്തിനുവേണ്ടി അവർ എന്നും ആലിരാജാവിനെയാണു് ഉററുനോക്കിയിരുന്നതു്. ആലിരാജാവിനുണ്ടായിരുന്ന ഈ പ്രാമുഖ്യം മററു മലബാർ രാജാക്കന്മാർക്കു് അദ്ദേഹത്തോടു് അസൂയയ്ക്കു് കാരണമാകുകയും അതിന്റെ ഫലമായി അവർ തമ്മിൽ തുടരെത്തുടരെ വഴക്കുകളും കുഴപ്പങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്തു[28]. വിപ്ളവങ്ങൾക്കും കൂട്ടക്കൊലകൾക്കും ഇടയാക്കിയ അത്തരം ധാരാളം സംഭവങ്ങളെക്കുറിച്ചു് മലബാർ കമ്മിഷണർമാർ അവരുടെ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ടു്[29]. "ഹൈദർഷായുടെയും അദ്ദേഹത്തിന്റെ മകൻ ടിപ്പുവിന്റെയും ചരിത്ര"ത്തിന്റെ കർത്താവും ഈ കഥകൾ വിവരിച്ചിട്ടുണ്ടു്[30]. വാണിജ്യവ്യവസായങ്ങളിലുണ്ടായിരുന്ന കുത്തകമൂലം മാപ്പിളമാർ ധനപരമായി ഉയരുകയും അവർക്കു് കൊടുക്കുവാനുണ്ടായിരുന്ന പണം നൽകാൻ നിവൃത്തിയില്ലാതെ വന്ന അസൂയാലുക്കളായ നായന്മാർ സംഘടിതമായി ഗൂഢാലോചന നടത്തി മുൻകൂട്ടി നിശ്ചയിച്ചിരുന്ന ഒരു ദിവസം ആറായിരത്തിലേറെ മാപ്പിളമാരെ കൂട്ടക്കൊല നടത്തുകയും ചെയ്തതായി അദ്ദേഹം പറയുന്നു[31]. "മാപ്പിളമാർ ഈ വിഷമഘട്ടത്തിൽ തങ്ങൾക്കു നേരിട്ട ആപത്തിൽനിന്നും

---

24. മോയൻസ്, മെമ്മോറാണ്ടം, പേജ് 154.
25. ഫോറിൻ (മിസ.,), എസ് നമ്പർ 55, പേജ് 21, ഖണ്ഡിക 20.
26. ടി.
27. അനുബന്ധം 8 നോക്കുക.
28. എം. എം. ഡി. എൽ. ററി., പേജ് 64–66.
29. ഫോറിൻ (മിസ.), എസ് നമ്പർ 55, പേജ് 242, ഖണ്ഡിക 263.
30. എം. എം. ഡി. എൽ. ററി., പേജ് 62–68.
31. ടി., പേജ് 65.

രക്ഷിക്കാനായഭ്യർത്ഥിച്ചുകൊണ്ടു് ഉടൻതന്നെ ഹൈദരാലിക്കു ദൂതന്മാരെ അയച്ചു''32 എന്നും അദ്ദേഹം തുടർന്നു പറയുന്നുണ്ടു്.

മലബാറിലെ മുസ്ളിങ്ങളുടെ ദുരിതനിവാരണമാണു് തൻെറ ഒരു ലക്ഷ്യമെന്നു് ബോധ്യപ്പെടുത്താൻ ഹൈദരാലി ശ്രമിച്ചുകാണും. സൂക്ഷ്മദൃക്കായ ഏതു് ആക്രമണകാരിയും ചെയ്യുന്നതുപോലെ ഇത്തരം ഒരു സന്ദർഭം തൻെറ ചിരകാല സ്വപ്നസാക്ഷാൽക്കാരത്തിനായി ഹൈദരാലിയും ഉപയോഗിച്ചു എന്നുമാത്രമേ ഇതിനർത്ഥമുള്ളൂ. ഇത്തരം സഹായം ഏതു ആക്രമണകാരിയുടെയും പാത സുഗമമാക്കാൻ സഹായിക്കുമല്ലൊ33. അങ്ങനെ മലബാർ ആക്രമിക്കുവാൻ താൻതന്നെ അവസരം നോക്കിയിരുന്ന സന്ദർഭത്തിൽ ആലിരാജാവിൻെറയും കാപ്പുതമ്പാൻെറയും ക്ഷണം ലഭിച്ചപ്പോൾ അതു് ഉത്സാഹപൂർവ്വം സ്വീകരിക്കുകയാണു് ഹൈദരാലി ചെയ്തതു്. കോലത്തിരി കുടുംബത്തിലെതന്നെ ഒരു ഇളംമുറക്കാരനായ കാപ്പുതമ്പാനു് നാടുവാഴുന്ന രാജാവുമായി ഒത്തുപോകുവാൻ കഴിഞ്ഞിരുന്നില്ല. അങ്ങനെ കോലത്തിരി രാജാവാകാനുള്ള തൻെറ ആഗ്രഹസാഫല്യത്തിനുവേണ്ടി ആലിരാജാവുമായി അദ്ദേഹം സഖ്യത്തിലേർപ്പെട്ടു. ഇതും ഹൈദരാലിക്കു് സൗകര്യമായി ഭവിച്ചു.

തൻെറ മലബാറാക്രമണം സാധൂകരിക്കുന്നതിനുവേണ്ടി ഹൈദർ പുറത്തു പറഞ്ഞിരുന്ന കാരണങ്ങൾ ഇതൊക്കെയാണു്. പക്ഷെ, താൻ മൈസൂർ അധിപതിയായിത്തീർന്നതോടുകൂടി തന്ത്രപരമായി തനിക്കു് വളരെ പ്രധാനപ്പെട്ട സ്ഥലമായിത്തീർന്നിരുന്ന മലബാർ എന്നുള്ളതാണു്

---

32. ടി. പേജ് 66.

33. 'ഹൈദർ ഷായുടെയും മററും ചരിത്ര'കാരൻ പറയുന്നതുപോലെ മുസ്ളിങ്ങളുടെ സങ്കടപരിഹാരത്തിനാണു് ഹൈദരാലി മലബാർ ആക്രമിച്ചതെന്ന വിശദീകരണം വിശ്വസിക്കത്തക്കതല്ല. മൈസൂർ നവാബുമാരുടെ മതം ലക്ഷ്യമാക്കിയുള്ള ഹീനപ്രവൃത്തികൾ എന്ന പ്രചാരണത്തിനു് പശ്ചാത്തലമൊരുക്കുവാനാണു് മററു ഇംഗ്ലീഷ്ചരിത്രകാരന്മാരെപ്പോലെ ഈ അജ്ഞാത എഴുത്തുകാരനും തുനിയുന്നതു്. ആധികാരികത്വം സംശയിക്കപ്പെടേണ്ട ഇത്തരം ഒട്ടനവധി കൃതികളെ പ്രൊഫസർ മൊഹിബുൽ ഹസ്സൻഖാൻ 'ടിപ്പുസുൽത്താൻെറ ചരിത്രം' എന്ന തൻെറ ഗ്രന്ഥത്തിൽ പരിശോധനയ്ക്കു വിധേയമാക്കിയിട്ടുണ്ടു് (പേജ് 396 – 401). മലബാറിലെ മുസ്ളിങ്ങളുടെ ദുസ്ഥിതിയിൽ അനുകമ്പ തോന്നിയതിനാലാണു് ഹൈദർ മലബാർ ആക്രമിച്ചതെന്നു വരുത്തിത്തീർക്കുകയാണെങ്കിൽ പിന്നെ അദ്ദേഹവും പുത്രൻ ടിപ്പുസുൽത്താനും മലബാറിൽ മതപരമായ അക്രമങ്ങൾ ചെയ്തു എന്നു് മററുള്ളവരെ വിശ്വസിപ്പിക്കുവാൻ എളുപ്പമാണല്ലൊ.

ഏററവും സ്വീകാര്യമായ വിശദീകരണം. തൻെറ സാമ്രാജ്യം നിലനിർത്തുന്നതിന് ആയുധവും വെടിക്കോപ്പുകളും സ്വരൂപിക്കേണ്ടത് അദ്ദേഹത്തിനാവശ്യമായിത്തീർന്നു. വിദേശികളിൽനിന്നു മാത്രമേ ഇവ അക്കാലത്ത് ലഭ്യമായിരുന്നുള്ളു. അതുകൊണ്ട് വിദേശങ്ങളുമായി ബന്ധപ്പെടാനുതകുമാറ് കടലിനോടടുത്ത് തുറമുഖസൗകര്യവുംമററുമുള്ള സ്ഥലങ്ങൾ അദ്ദേഹത്തിനാവശ്യമായിരുന്നു. ഇന്ത്യയിലെ അന്നത്തെ ശാക്തികനിലയും മററും വച്ചു നോക്കുമ്പോൾ ഇംഗ്ലീഷുകാരുമായുള്ള സൗഹൃദത്തിൽ വിശ്വാസമർപ്പിച്ചിരിക്കുവാൻ അദ്ദേഹത്തിനു സാധിക്കുമായിരുന്നില്ല. അതുകൊണ്ട് ഇന്ത്യയിലെ ഫ്രഞ്ചുശക്തിയുമായി കൂടുതൽ അടുത്ത ബന്ധം പുലർത്തുവാൻ അദ്ദേഹം തീരുമാനിച്ചു. അതിന് പടിഞ്ഞാറൻ തീരത്തുള്ള തുറമുഖങ്ങളിലേയ്ക്കു സ്വതന്ത്രമായി കടന്നു ചെല്ലുവാൻ അദ്ദേഹത്തിന് സാധിക്കേണ്ടിയിരുന്നു. പോണ്ടിച്ചേരി മൈസൂറിൽ നിന്നും വളരെ അകലെ സ്ഥിതി ചെയ്തിരുന്നതു കൊണ്ടും കർണ്ണാടക നവാബായ മുഹമ്മദാലിയുടെ രാജ്യം ഇവയ്ക്കിടയ്ക്കു കിടക്കുന്നതുകൊണ്ടും ഹൈദരാലി പടിഞ്ഞാറൻ തീരത്തേയ്ക്കു തിരിയുകയാണുണ്ടായത്. മുഹമ്മദാലി ഹൈദരാലിയുടെ ശത്രുവുമായിരുന്നു. മലബാർ തീരത്തെ ഫ്രഞ്ചുതാവളമായ മാഹിയുമായി ബന്ധപ്പെടുവാൻ കഴിഞ്ഞാൽ ഫ്രഞ്ചുകാരുമായി പ്രായോഗികമായി എല്ലാ രംഗങ്ങളിലും സമ്പർക്കം പുലർത്തുവാൻ ഹൈദറിന് സാധിക്കും. അങ്ങനെ നോക്കുമ്പോൾ, മാഹിയുമായും അങ്ങനെ ഫ്രഞ്ചുകാരുമായും എളുപ്പം ബന്ധപ്പെടുവാൻ സാധിക്കുമാറ് തന്ത്രപ്രധാനമായ മലബാർ പിടിച്ചെടുക്കുകയായിരുന്നു ഹൈദരുടെ യഥാർത്ഥ ഉദ്ദേശ്യമെന്ന് കാണുവാൻ വിഷമമില്ല. അപ്പോൾ, ഹൈദരുടെ മലബാർ ആക്രമണത്തിനുള്ള യഥാർത്ഥ കാരണങ്ങൾ മതത്തെക്കാളേറെ രാഷ്ട്രീയമായിരുന്നു എന്നു മനസ്സിലാക്കുവാൻ ഒരു വിഷമവും ഉണ്ടാകുകയില്ല. മറിച്ചുള്ള അഭിപ്രായത്തിൽ കടിച്ചുതൂങ്ങുകയെന്നുള്ളത് ചരിത്രപരമായി ഒരിക്കലും ശരിയായിരിക്കുകയുമില്ല.

# 2

# ആക്രമണം

1763–ൽ ഹൈദർ കർണ്ണാടകം കീഴടക്കുകയും 1 അങ്ങനെ മലബാറിന്റെ അയൽ ഭരണാധികാരിയായിത്തീരുകയും ചെയ്തിരുന്നു. കർണ്ണാടകത്തിന്റെ തെക്കേ അതിർത്തിക്കു പുറത്തുള്ള ദേശങ്ങളുടെ ഭരണാധിപനായിരുന്ന കണ്ണൂരിലെ ആലി രാജാവ് ഹൈദറെ സന്ദർശിച്ച് അദ്ദേഹത്തെ മലബാറിലേയ്ക്ക് ക്ഷണിച്ചു. 2 ഒരു നാവികസേന രൂപീകരിക്കുന്നതിൽ അതീവ തല്പരനായിരുന്ന ഹൈദരാലി കേരളത്തിലെ ഒരു നാവികശക്തിയായിരുന്ന ആലി രാജാവിന്റെ ക്ഷണം മുതലാക്കുവാൻതന്നെ തീരുമാനിക്കുകയും ചെയ്തു. ഹൈദർ ഉടൻതന്നെ ആലി രാജാവിനെ തന്റെ നാവിക മേധാവിയായും അദ്ദേഹത്തിന്റെ സഹോദരനായ ഷെയ്ക്ക് ആലിയെ ഉപനേതാവായും നിയമിച്ചു 3. മലബാറിൽ തന്റെ സഹായത്തിന് വേണ്ടത്ര കളമൊരുക്കിയശേഷം, മലബാറിലെ രാഷ്ട്രീയസ്ഥിതിഗതികൾ അറിഞ്ഞുവരുന്നതിനും മലബാർ പിടിച്ചടക്കുവാനുള്ള തന്റെ ഉദ്ദേശ്യം ഇംഗ്ലീഷ്, ഫ്രഞ്ച്, ഡച്ച മേധാവികളെ അറിയിക്കുവാനുമായി ആനന്ദറാവു എന്ന ഒരു ബ്രാഹ്മണനെ ഹൈദർ മലബാറിലേക്കയച്ചു4. നന്നൂറോ അഞ്ഞൂറോ സൈനികരേയും വേണ്ടത്ര ആയുധവും നൽകി തന്നെ സഹായിക്കുവാൻ അദ്ദേഹം ഇംഗ്ലീഷുകാരോടഭ്യർത്ഥിക്കുകയും ചെയ്തു 5. എന്നാൽ, ഈ ആവശ്യം തലശ്ശേരിയിലെ കമ്പനി അധികാരികൾ തിരസ്കരിച്ചപ്പോൾ മലബാർ രാജാക്കന്മാരെ കീഴടക്കുവാനുള്ള ശ്രമത്തിൽ ഇംഗ്ലീഷുകാർ നിഷ്പക്ഷത

---

1. എം. എം. ഡി. എൽ. ററി. , പേജ് 62.
2. ഫോറിൻ (മിസ.), എസ്. നമ്പർ 55, പേജ് 21.
3. എം. എം. ഡി. എൽ. ററി. പേജ് 62.
4. ടി. എഫ്. ആർ., 1764, ഒക്ടോബർ 26, കൺസൾട്ടേഷൻസ് നവംബർ 15, 1764.
5. ടി.

പാലിക്കുകയെങ്കിലും ചെയ്യണമെന്നായിരുന്നു ഹൈദർ ഉന്നയിച്ച ആവശ്യം. കമ്പനിയധികാരികൾ ഇതിനോട് യോജിക്കുകയുണ്ടായില്ല6.

കമ്പനിയധികാരികൾ മലബാറിലെ മിക്ക രാജാക്കന്മാരുമായും സൗഹൃദസന്ധിയിലേർപ്പെട്ടിരുന്നവരാണ്. 1757 ഏപ്രിൽ 21-ാം തീയതി ചിറയ്ക്കൽ രാജാവുമായി അവർ ഒരു ഉടമ്പടി ഉണ്ടാക്കിയിരുന്നു. ഒരു ആക്രമണമുണ്ടായാൽ രാജാവിനെ സഹായിക്കാമെന്ന് ഇവർ ഏൽക്കുകയും ചെയ്തിരുന്നു7. പക്ഷേ, ഹൈദരുമായി തുറന്നൊരു സംഘട്ടനത്തിന് ഇംഗ്ലീഷുകാർ അപ്പോൾ തയ്യാറല്ലാതിരുന്നതുമൂലം മേൽപ്പറഞ്ഞ സന്ധി വ്യവസ്ഥ വ്യക്തമായും പാലിക്കുവാൻ അവർക്കു കഴിഞ്ഞില്ല.8 അതു കൊണ്ട് രഹസ്യമായി രാജാവിനെ സഹായിക്കുവാൻ അവർ തീരുമാനി ക്കുകയാണ് ചെയ്തതു്9 അതേസമയം മലബാറാക്രമണത്തിനു് ഹൈദർ ഒരുക്കം കൂട്ടുന്നു എന്ന് കേട്ടമാത്രയിൽത്തന്നെ 1765-ൽ അവർ ബദനൂരിൽ വച്ച് അദ്ദേഹത്തെ സന്ദർശിക്കുകയും മലബാറിൽ തങ്ങൾക്കു് പല രാജാക്കന്മാരും കല്പിച്ചു നല്കിയിട്ടുള്ള കച്ചവടക്കുത്തക നിലനിർത്തി ത്തരണമെന്ന് അപേക്ഷിക്കുകയും ചെയ്തിരുന്നു. 1766 ഫെബ്രുവരി 23-ാം തീയതി ഇംഗ്ലീഷുകാർ അനുഭവിച്ചിരുന്ന എല്ലാ സ്വാതന്ത്ര്യവും അംഗീകരിച്ചു കൊണ്ടു് ഹൈദർ ഒരു വിളംബരം പുറപ്പെടുവിക്കുകയും ചെയ്തു10. അങ്ങനെ ഹൈദരുടെ മലബാർ ആക്രമണം ഏതവസരത്തിലും നടന്നേയ്ക്കുമെന്നും സമയത്തിന്റെ പ്രശ്നം മാത്രമേ ഇനിയും ശേഷിക്കുന്നുള്ളുവെന്നും ഇംഗ്ലീഷു കാർക്കറിയാമായിരുന്നു11.

പ്രതീക്ഷിച്ചിരുന്ന ഹൈദരുടെ മലബാർ ആക്രമണം അങ്ങനെ 1766-ൽ തന്നെ നടന്നു തന്റെ ഏററവും നല്ല 12,000 സൈനികരോടുകൂടി12

6. ടി. നവംബർ 17, 1764, കൺസൾട്ടേഷൻസ്, നവംബർ 28, 1764.
7. ടി. ആഗസ്റ്റ് 24, 1764, കൺസൾട്ടേഷൻസ്, സെപ്തംബർ 24, 1763.
8. ഫോറിൻ ആൻഡ് ഹോം ഡിപ്പാർട്ടുമെൻറ്, 1756-80, കൺസൾട്ടേഷൻസ്, നമ്പർ 1.
9. ബോർഡിന്റെ മിനിട്ട്സ്, കൺസൾട്ടേഷൻസ്, ഏപ്രിൽ 4, 1766.
10. ഡി. സി. അച്ചിസൺ, ട്രീററീസ്, വാല്യം 9, നമ്പർ 36, പേജ് 195-96.
11. ലോഗൻ, വാല്യം 1, പേജ്, 403.
12. ഹൈദരുടെ സൈന്യബലത്തെക്കുറിച്ച് ഭിന്നാഭിപ്രായങ്ങളാണുള്ളത്. ഈ സൈന്യത്തിൽ 40,000 പേർ ഉണ്ടായിരുന്നുവെന്നും അതിൽ 10,000 പേർ കുതിരപ്പട്ടാളക്കാരായിരുന്നു എന്നാണ് കെ. എം. പണിക്കരുടെ അഭിപ്രായം (കേരളചരിത്രം, പേജ് 333). ഡച്ചുരേഖകളാണ് അദ്ദേഹത്തിന്റെ നിഗമനത്തിനാധാരം. ഡച്ചുരേഖകളെക്കുറിച്ച് ആധികാരികമായി പറയാനാവുന്ന ഡച്ച് ഗവർണറായ മോയൻസ് സൈന്യസംഖ്യയെക്കുറിച്ച് ഒന്നും പറയുന്നില്ല. ഏതു ഡച്ചു രേഖയിൽ നിന്നാണ്

അദ്ദേഹം മംഗലാപുരത്തെത്തി, കണ്ണൂർ വഴി മലബാർ തീരത്തേയ്ക്കു കടന്നു13. ഇതിൽ 4,000 കുതിരപ്പടയും ബാക്കി കാലാൾപ്പടയുമായിരുന്നു. കണ്ണൂരെത്തിയ ഹൈദരാലിയെ 12,000 സൈനികരോടുകൂടി ആലിരാജാവു സ്വീകരിച്ചു. 'ഹൈദർ ഷായുടെയും മററും ചരിത്രം' എഴുതിയ അജ്ഞാത ഗ്രന്ഥകാരൻ ആലി രാജാവിന്റെ സൈന്യത്തെക്കുറിച്ച് പറയുന്നതു്, അവർ ''ആയുധശേഷി കുറഞ്ഞവരെങ്കിലും ധീരതയുടെ കാര്യത്തിൽ നായന്മാരേക്കാൾ മുന്തിയവരായിരുന്നു'' എന്നാണ്.14 ആലി രാജാവിന്റെ പ്രവൃത്തിയിൽ ഹൈദർ വളരെ സന്തുഷ്ടനാകുകയും, ''സമ്മാനങ്ങളും ദയയും കൊണ്ടു് അദ്ദേഹത്തിന്റെ വിശ്വാസമാർജിക്കുകയും രാജ്യരഹസ്യങ്ങളെക്കുറിച്ച് നല്ല അറിവുണ്ടായിരുന്ന ഈ രാജാവിനെ തന്റെ പരിപാടികളിൽ പങ്ക് ചേർക്കുകയും ചെയ്തു.15''

1766 ഫെബ്രുവരിയിൽ ഇരു സൈന്യവും കോലത്തിരി രാജ്യത്തിലേയ്ക്ക് തിരിഞ്ഞു.16 കാര്യമായ എതിർപ്പൊന്നും അവർക്കു നേരിടേണ്ടിവന്നില്ല. ചിറയ്ക്കൽ രാജാവു് യുദ്ധത്തിൽ കൊല്ലപ്പെടുകയാണുണ്ടായതു്. ഏഴ് വയസ്സുമാത്രം പ്രായമുണ്ടായിരുന്ന അദ്ദേഹത്തിന്റെ പുത്രനെ ഹൈദർ ദത്തെടുക്കുകയും17 അയാസ്ഖാൻ എന്നു നാമകരണം ചെയ്യുകയുമുണ്ടായി.18. ആലിരാജാവും അദ്ദേഹത്തിന്റെ സൈന്യവുംകൂടി ചിറയ്ക്കൽ കൊട്ടാരം കൈവശപ്പെടുത്തി. രാജകുടുംബത്തിലെ ചില അംഗങ്ങൾ തലശ്ശേരി അതിർത്തിയിലുണ്ടായിരുന്ന പിച്ചള മേഞ്ഞ അമ്പലത്തിൽ അഭയം തേടി.19 തിരുവിതാംകൂർ രാജാവാണ് ഇക്കാര്യം ബോംബെ ഗവർണ്ണറെ അറിയി

---

ഈ വിവരം കിട്ടിയതെന്ന് പണിക്കരും പറയുന്നില്ല. 1756–ൽ വെറും 5,000 സൈനികരുമായി വന്നാണ് (ഇതിൽ കുതിരപ്പട 2,000 ആയിരുന്നു) മലബാറിലെ ഏററവും പ്രബലനായ സാമൂതിരിയെ തോല്പിച്ചതു്. ഹൈദരാലിയുടെ സൈന്യത്തിന്റെ എണ്ണം 12,000 ആണെന്നു പറഞ്ഞുകൊണ്ട് നമ്മുടെ അജ്ഞാതചരിത്രകാരൻ പറയുന്നതു്, '12,000 സൈനികരെ മാത്രമേ കൊണ്ടുവന്നുള്ളു എന്നതു കൊണ്ട് ശത്രുക്കളെ തോല്പിക്കാൻ ഇത്രയും സൈന്യം മതിയെന്ന് നവാബിന് ബോദ്ധ്യമുണ്ടായിരുന്നു എന്നനുമാനിക്കാം' എന്നാണ്

13. ടി. പേജ് 66.
14. ടി. പേജ് 68.
15. കിർമാണി, പേജ് 184.
16. ഫോറിൻ (മിസ.), എസ്. നമ്പർ 55, പേജ് 18–19.
17. വിശദവിവരത്തിനു് മൊഗീബുൽ ഹസ്സൻഖാന്റെ 'ടിപ്പുസുൽത്താന്റെ ചരിത്രം' നോക്കുക, അടിക്കുറിപ്പ്, പേജ് 32.
18. കിർമാണി, പേജ് 184.
19. ജോയിന്റ് കമ്മീഷണർമാരുടെ റിപ്പോർട്ട്, ഖണ്ഡിക 20.

ച്ചത്. 20 ഹൈദർ ആലി എന്റെ രാജ്യം കൂടി ആക്രമിച്ചേക്കുമെന്ന് മഹാരാജാവ് ഭയപ്പെട്ട് എഴുതിയിട്ടുണ്ട്. "അങ്ങനെ വന്നാൽ എന്റെ എല്ലാ ആശ്രയവും കമ്പനിയുമായി പണ്ടേ എനിക്കുള്ള സ്നേഹബന്ധമാണ്. കമ്പനി എന്റെ ചെലവിൽ എന്റെ രാജ്യത്തെ ആക്രമണകാരികളിൽനിന്നു രക്ഷിക്കുകയും പണവും യുദ്ധോപകരണങ്ങളും നൽകുകയും ചെയ്താൽ കമ്പനിക്കു 3,000 കണ്ടി കുരുമുളക് തരുവാൻ ഞാൻ തയ്യാറാണ്'" എന്നും മഹാരാജാവ് ഗവർണ്ണർക്കെഴുതിയിട്ടുണ്ട്21.

ഇതിനുശേഷം മലബാർസൈന്യം കോട്ടയത്തേയ്ക്ക് തിരിഞ്ഞു. കോട്ടയം രാജാവും പ്രഭുക്കന്മാരും ഇതിനിടെ നാടുവിട്ടുകഴിഞ്ഞിരുന്നു. ചിറയ്ക്കലും കോട്ടയവും കീഴടക്കിയ മൈസൂർ സൈന്യം പിന്നീട് കടന്നതു കടത്തനാട്ടിലേക്കാണ്. ഇവിടെയാണ് ഹൈദരാലിക്ക് കാര്യമായ ഒരെതിർപ്പു നേരിടേണ്ടിവന്നത്22. മാഹിനദി കടന്നു മാത്രമേ മൈസൂർ സൈന്യത്തിനു ഈ രാജ്യത്തേക്ക് കടക്കുവാൻ കഴിയുമായിരുന്നുള്ളു. എന്നാൽ നദിയുടെ തെക്കേ കരയിൽ മലബാർ രാജാക്കന്മാർ തങ്ങളുടെ നായർ സൈന്യത്തെ ഒരുക്കിനിർത്തിയിരുന്നു. പരിതസ്ഥിതി പ്രതികൂലമാണെന്നു ഹൈദറിനു മനസ്സിലായി. ശത്രുക്കളെ അമ്പരപ്പിച്ചുകൊണ്ട് സൈന്യവുമായി നദി കടന്ന ഹൈദർ യുദ്ധതന്ത്രത്തിൽ വളരെ വിരളമായി മാത്രം കാണപ്പെടുന്ന കുശാഗ്രബുദ്ധിയാണ് ഈ ഘട്ടത്തിൽ പ്രദർശിപ്പിച്ചത്23. തന്റെ കാലാൾപ്പടയോട് നദി കടക്കാനെന്ന ഭാവത്തിൽ വള്ളത്തിൽ കയറുന്നതായ ഭാവിപ്പിച്ച് വടക്കേ കരയിൽ നിൽക്കുവാൻ ആജ്ഞാപ്പിച്ച ഹൈദർ തന്റെ കുതിരപ്പടയോടുകൂടി കുറെ ദൂരം ചെന്ന് നദി കടന്നു. "ചിലപ്പോൾ നീന്തിയും ചിലപ്പോൾ നിന്നും നദികടക്കുന്നതായി ഭാവിച്ചുകൊണ്ടിരുന്ന സൈന്യത്തെ വധിക്കുവാൻ നിർന്നിമേഷരായി കരുതലോടെ കാത്തുനിന്ന നായന്മാർ", ഹൈദറും വലിയൊരു കുതിരപ്പടയും ഇക്കരെയെത്തുന്നതറിഞ്ഞില്ല24. കുതിരപ്പട പെട്ടെന്ന് പ്രത്യക്ഷപ്പെട്ടപ്പോൾ നായർസൈന്യം ഭയവിഹ്വലരായിത്തീരുകയും 25 ശങ്കലാപ്പോടുകൂടി തിരിഞ്ഞോടുകയും

20. ഞഞ്ചെക്കോ ഡയറികൾ, 1764–66, വാല്യം 1269, പേജ് 237.
21. ടി. പേജ് 238.
22. ഫോറിൻ (പൊളിറ്റിക്കൽ), 1756–80, സെലക്ട്കമ്മിറ്റി, 1768, വാല്യം 14, പേജ് 283, വാല്യം 15, പേജ് 483–84.
23. എം. എം. ഡി. എൽ. റ്റി., പേജ് 69.
24. ടി.
25. നായർസൈന്യത്തിന്റെ ഈ പരിപൂർണ്ണ പരാജയത്തിന് പല കാരണങ്ങളും നമ്മുടെ ചരിത്രകാരന്മാർ പറയുന്നുണ്ട്. കുതിരപ്പടയെപ്പറ്റി നായർസൈന്യത്തിനു ഒരറിവുമുണ്ടായിരുന്നില്ലെന്നും, അതുകൊണ്ടാണ് ഈ സൈന്യത്തെ കണ്ട മാത്രയിൽ അവർ ഓടിയൊളിച്ചതെന്നുമാണ് കെ. എം. പണിക്കർ പറയുന്നത് (കേരളചരിത്രം, പേജ് 334). കേരള

ചെയ്തു26. കുന്നുകളിലും കാടുകളിലും അഭയംപ്രാപിച്ച സൈനികരെ തിരഞ്ഞു പിടിക്കുവാനായിരുന്നു ഹൈദറുടെ അടുത്ത ആജ്ഞ. തുടർന്ന് ഇവരെ പിടികൂടുകയുണ്ടായി. ഇവരിൽ വളരെപ്പേർ കൊല്ലപ്പെടുകയും ബാക്കിയുള്ളവരെ തകവുകാരാക്കുകയും ചെയ്തു27. അങ്ങനെ ഹൈദരാലിയെ ആദ്യമായി നേരിട്ട നായർസൈന്യം പരിപൂർണ്ണമായും പരാജയപ്പെടുകയാണുണ്ടായത്. ഹൈദരുടെ പരിശീലനം ലഭിച്ച സൈന്യത്തിന് അവർ ഒരിക്കലുമൊരു തുല്യശക്തിയായിരുന്നില്ല. കേരള രാജാക്കന്മാരുടെ മേലുള്ള ഹൈദറുടെ വിജയത്തെ വിലയിരുത്തിക്കൊണ്ട് പ്രൊഫസ്സർ എൻ. കെ. സിൻഹ പറയുന്നത് 'മലബാർ ആക്രമിച്ചു പിടിക്കുവാൻ കഴിഞ്ഞതു് ഹൈദരാലിയുടെ ഏററവും വിഷമമേറിയ സായുധനേട്ടമായിരുന്നു' എന്നാണ്28.

മലബാറിൽ ഹൈദരാലിക്കു നേരിടേണ്ടിവന്ന ആദ്യത്തേതും അവസാനത്തേതുമായ എതിർപ്പായിരുന്നു ഇതു്. കടത്തനാട്ടുനിന്നും ഹൈദരാലി തൻെറ ഉദ്യോഗസ്ഥന്മാരെ സമാധാനദൗത്യവുമായി സാമൂതിരിയുടേയും മററു രാജാക്കന്മാരുടെയും അടുത്തേക്കയച്ചു29. സാമൂതിരി ആദ്യം 'കടുത്ത അവജ്ഞയോടുകൂടി'30 ഹൈദരുടെ ദൂതന്മാരെ തിരിച്ചയയ്ക്കുകയാണ് ചെയ്തതു്. എന്നാൽ, മാഹിനദിയുടെ തീരത്തുവച്ച് ഹൈദറെ എതിർത്ത സംയുക്ത സൈന്യം നിശ്ശേഷം പരാജയപ്പെട്ടതോടുകൂടി സ്ഥിതിഗതികൾ ആകെമാറി. ആക്രമണകാരിയുടെ മുൻപിൽ കീഴടങ്ങുവാൻ സാമൂതിരി തീരുമാനിക്കുകയും ആ വിവരം ഹൈദരെ അറിയിക്കുകയും ചെയ്തു31. ഹൈദർ സാമൂതിരിയെ സ്നേഹപുരസ്സരം സ്വീകരിക്കുകയും പ്രജകൾ ആയുധം വച്ചുകഴിഞ്ഞാൽ വർഷം തോറും ഒരു നിശ്ചിത സംഖ്യ കപ്പമായി നൽകാമെന്ന കരാറിൽ രാജ്യം തിരികെ കൊടുക്കാമെന്ന് ഏൽക്കുകയും ചെയ്തു32. 'നയവും

---

ക്കരയിൽ കുതിരപ്പടയെപ്പററി അറിവുണ്ടായിരുന്നില്ലെന്നു പറയുന്നതു ശരിയല്ല. 'മലബാർ ആൻഡ് ദി ഡച്ച്'' എന്ന ഗ്രന്ഥത്തിൽ 1750–നു മുൻപുതന്നെ തിരുവിതാംകൂറിലെ മാർത്താണ്ഡവർമ്മയ്ക്കു് കുതിരപ്പടയുണ്ടായിരുന്നുവെന്ന് പണിക്കർതന്നെ പറഞ്ഞിട്ടുണ്ട്. 1756–57–ൽ ഹൈദർ പാലക്കാട്ടേക്കയച്ച സൈന്യത്തിൽ 2,000 കുതിരപ്പടയാളികളുമുണ്ടായിരുന്നുവെന്ന് നാം നേരത്തെ കണ്ടതാണല്ലൊ.

26. വിൽക്സ്, വാല്യം 1, പേജ് 290
27 ടി. പേജ് 291.
28. എൻ കെ. സിൻഹ, 'ഹൈദരാലി', വാല്യം 1, പേജ് 250.
29. മോയൻസ്, മെമ്മോറാണ്ടം, പേജ് 132.
30. ടി. പേജ് 133.
31. എം. എം. ഡി. എൽ. ററി., പേജ് 70.
32. എം. എം. ഡി. എൽ. ററി., പേജ് 71.

സൗകര്യവും മുൻനിർത്തി നവാബ് ഈ തലവന് (സാമൂതിരിക്ക്) സമ്മാനം നൽകി ബഹുമാനിക്കുകയും ജീവനും രാജ്യവും തിരിച്ചു നൽകി അദ്ദേഹത്തിന്റെ തെററിന് മാപ്പുകൊടുക്കുകയും ചെയ്തു'' എന്നാണ് കിർമാണി ഇതിനെക്കുറിച്ചു പറയുന്നത്[33]. കപ്പത്തിൽ കുടിശ്ശിക വരുത്തിയ സംഖ്യയും യുദ്ധച്ചെലവും നൽകാമെന്ന വ്യവസ്ഥയിൽ, കോഴിക്കോട് ആക്രമിക്കുകയില്ലെന്ന് ഹൈദരാലി സാമൂതിരിക്ക് ഉറപ്പു നല്കുകയും ചെയ്തു[34].

പക്ഷേ, തന്റെ കൊട്ടാരത്തിൽ തിരിച്ചെത്തിയ സാമൂതിരി ആത്മഹത്യ ചെയ്യുകയാണുണ്ടായത്[35]. കൊട്ടാരത്തിനു തീ കൊടുത്തു് അതിൽ അദ്ദേഹം സ്വയം വെന്തുമരിച്ചു.[36] "അയാൾ (ഹൈദർ) സാമൂതിരിയെ ആക്രമിക്കുകയും ഒരു അമ്പലത്തിൽ അദ്ദേഹത്തെ തടവിൽ പാർപ്പിക്കുകയും ചെയ്തു. 27 ലക്ഷം ഉറുപ്പിക നൽകാമെന്ന് സാമൂതിരി വാഗ്ദാനം ചെയ്തെങ്കിലും ഹൈദർ അതു വാങ്ങുവാൻ തയ്യാറായില്ല. ഹൈദർ തന്നോട് മോശമായി പെരുമാറുമെന്നു ഭയപ്പെട്ട സാമൂതിരി അമ്പലത്തിനു തീവച്ച് അഗ്നിനാളങ്ങൾക്ക് സ്വയം ഇരയാവുകയും ചെയ്തു.[37]" ഇങ്ങനെയാണ് ഈ സംഭവം തിരുവിതാംകൂർ രാജാവ് റിപ്പോർട്ട് ചെയ്തിരിക്കുന്നതു്. ഒരു കോടി മൊഹർ പണമായിത്തന്നെ അടയ്ക്കുവാൻ ഹൈദരാലി ആവശ്യപ്പെട്ടതാണ് മലബാറിലെ പ്രശസ്ത രാജകുടുംബാംഗമായ ഇദ്ദേഹത്തിന്റെ ദാരുണമായ അന്ത്യത്തിനു കാരണമായിത്തീർന്നതു്.[38] ഇത്രയും പണം ഉടനെ കൊടുത്തുതീർക്കുവാൻ തനിക്ക് യാതൊരു നിവൃത്തിയുമില്ലെന്നുള്ള സാമൂതിരിയുടെ അപേക്ഷ ഹൈദർ ചെവിക്കൊണ്ടില്ല. വ്യാകുലനായിത്തീർന്ന സാമൂതിരി ജീവൻ വെടിഞ്ഞ് ഈ പ്രതിസന്ധി തരണം ചെയ്യാൻ ഉറയ്ക്കുകയും ചെയ്തു.

ഇത്തരം ഒരു പരിതസ്ഥിതി വന്നുചേർന്നതിൽ സാമൂതിരിയേയോ ഹൈദരാലിയേയോ കുറ്റപ്പെടുത്താനാവാത്ത ഒരവസ്ഥയാണുള്ളതു്. തങ്ങളുടെ പ്രവൃത്തികളിൽ ഇരുകക്ഷിക്കാർക്കും തങ്ങളുടേതായ ന്യായീകരണങ്ങളുണ്ടായിരുന്നു. 1756-ൽ അന്നത്തെ സാമൂതിരിയുടെ പൂർവ്വികൻ 12 ലക്ഷം ഉറുപ്പിക യുദ്ധച്ചെലവിനായി നൽകാമെന്നേററിരുന്നിട്ടും അതുകൊടുക്കാതെ വാഗ്ദത്തലംഘനം നടത്തിയ സ്മരണ ഹൈദരാലിയുടെ മനസ്സിലുണ്ടായിരുന്നതുകൊണ്ട് ഇപ്പോൾ പണത്തിനു വേണ്ടി അദ്ദേഹം നിർബന്ധം

33. കിർമാണി, പേജ് 184.
34. എം. എം. ഡി. എൽ. ററി., പേജ് 71.
35. മോയൻസ്, പേജ് 133, ജോയിൻറ് കമ്മിഷണർമാരുടെ റിപ്പോർട്ട്, ഖണ്ഡിക 18.
36. ഫോറിൻ (മിസ.), എസ്. നമ്പർ 55, പേജ് 19.
37. അഞ്ചെംഗോ ഡയറി, 1, ഫാക്ടറി, വാല്യം 1269, പേജ് 292-94.
38. ജോനാതൻ ഡങ്കൻ, ഏഷ്യാററിക് റിസർച്ചസ്, 5, പേജ് 30.

പിടിച്ചുകാണും. അതേസമയം കുടിശ്ശികയും യുദ്ധച്ചെലവും എല്ലാംകൂടി നൽകുവാൻ സാമൂതിരിക്കു കഴിയുമായിരുന്നുമില്ല. കോഴിക്കോട്ടെ ഭരണാധിപന്മാർ എന്നും ധനപരമായി ബുദ്ധിമുട്ടിലായിരുന്നു.39 അങ്ങനെ ഹൈദർക്ക് കൊടുക്കുവാനുണ്ടായിരുന്ന തുക നൽകുവാൻ സാമൂതിരിക്കു കഴിഞ്ഞതുമില്ല.

ഏതായാലും, ഈ ദുരന്തത്തെപ്പററി പല ചരിത്രകാരന്മാരും പല അഭിപ്രായങ്ങളാണ് പറഞ്ഞുവരുന്നത്. എങ്കിലും ജോനാതൻ ഡങ്കന്റെ അഭിപ്രായമാണ് നമ്മുടെ പല ചരിത്രകാരന്മാർക്കും സ്വീകാര്യമായി കാണുന്നത്. ഡങ്കൻ 1792—ലെ ഒന്നാം മലബാർ കമ്മീഷന്റെ അദ്ധ്യക്ഷനും അതിനുശേഷം ബോംബെ ഗവർണ്ണറുമായിരുന്നിട്ടുള്ള ആളാണ്. 500 കുതിരപ്പടയാളികളുടെയും 2,000 കാലാൾപ്പടയുടെയും മേൽനോട്ടത്തിൽ സാമൂതിരിയെ കോഴിക്കോട്ട് കോട്ടയിലേയ്ക്കയച്ചുവെന്നും അദ്ദേഹത്തെ ആഹാരംപോലുമില്ലാതെ സ്വന്തം വീട്ടിൽതന്നെ തടവിൽ പാർപ്പിച്ചുവെന്നും മതപരമായ അനുഷ്ഠാനങ്ങൾക്കുപോലും അദ്ദേഹത്തിനു സ്വാതന്ത്ര്യമനുവദിച്ചിരുന്നില്ലെന്നുമാണ് ഡങ്കൻ എഴുതിയിട്ടുള്ളത്. ഹൈദർ തന്നെ തൂക്കിക്കൊല്ലുകയോ വെടിവച്ചു കൊല്ലുകയോ ചെയ്ത് തന്റെ യശസ്സ് നശിപ്പിക്കുമെന്ന് ഭയപ്പെട്ട സാമൂതിരി വീടിനു തീകൊളുത്തി തീയിൽ വെന്തുമരിക്കുകയാണെന്നും ഡങ്കൻ തുടർന്നു പറയുന്നു.40 വെടിമരുന്നുകൊണ്ട് കൊട്ടാരത്തിനു തീകൊളുത്തി അദ്ദേഹം പ്രാണത്യാഗം ചെയ്തു എന്നാണ് മോയൻസിന്റെ അഭിപ്രായം.41 ആധുനിക ചരിത്രകാരന്മാരാകട്ടെ ഈ ദുരന്തത്തെപ്പററി മററു പല കഥകളും പറയുന്നുണ്ട്. പ്രൊഫസ്സർ കെ. വി. കൃഷ്ണയ്യർ പറയുന്നതു നോക്കുക. "അദ്ദേഹത്തന്റെ സ്ഥിതി കൂടുതൽ കൂടുതൽ

39. 1723—ൽ ഡച്ചുകാരുമായി സാമൂതിരി ഉണ്ടാക്കിയ ഒരുടമ്പടി യുദ്ധച്ചെലവിന്റെ കാര്യംപറഞ്ഞ് നടക്കാതെ പോയി. "പണമില്ലായെന്നു സാമൂതിരി നിർബന്ധിച്ചതാ"ണ് അതിനു കാരണം. മക്ദൂം അലിയോടും സാമൂതിരി നൽകാമെന്നേററ 12 ലക്ഷം ഉറുപ്പിക നൽകാൻ സാമൂതിരിക്കു കഴിഞ്ഞില്ല. ഹൈദരുടെ ആക്രമണത്തിനുള്ള ഒരു കാരണവും ഇതായിരുന്നല്ലൊ. അതുപോലെ വർഷാന്തം കപ്പം കൊടുത്തുകൊള്ളാമെന്ന കരാറിൽ 1768—ൽ സാമൂതിരിക്ക് രാജ്യം തിരിച്ചു നൽകിയെങ്കിലും കുടിശ്ശിക വരുത്തിയതിനെത്തുടർന്ന് 1773—ൽ അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കുകയുണ്ടായി. ശ്രീരംഗപട്ടണം ഉടമ്പടിക്കുശേഷം ഇംഗ്ലീഷുകാർ നികുതി പിരിച്ചേല്പിക്കണമെന്ന കരാറിൽ സാമൂതിരിയെ വീണ്ടും വാഴിച്ചെങ്കിലും അവർക്കും സാമൂതിരിയെ പിരിച്ചുവിടേണ്ടി വന്നു.
40. ഏഷ്യാററിക്ക് റിസർച്ചസ്, 5, പേജ് 30—31.
41. മോയൻസ് മെമ്മോറാണ്ടം, പേജ് 133.

നിരാശാജനകമായതോടുകൂടി കീഴടങ്ങുവാൻ അദ്ദേഹം കൂടുതൽ മടികാണിച്ചു. പൂർവ്വികനായ ആദ്യ സാമൂതിരി ഇതു് നിർമ്മിച്ചതിനുശേഷം വിജിഗീഷു എന്ന മട്ടിൽ ഒരു ശത്രുവും അകത്തുകടന്നിട്ടില്ലാത്ത ആ കോട്ടയും നശിപ്പിച്ചുകൊണ്ടു് തന്റെ ജീവിതമവസാനിപ്പിക്കുവാനാണു് അവസാനം അദ്ദേഹം തീരുമാനിച്ചതു്. മലയാളവർഷം 941 മേടം 14–ാം തീയതി, അതായതു് 1766 ഏപ്രിൽ 27–ാം തീയതി, വെടിക്കോപ്പുപുരയ്ക്കു് സ്വന്തം കൈകൊണ്ടുതന്നെ തീകൊളുത്തി. തന്റെ പിതാമഹന്മാർ ഇന്നുവരെ ആക്രമിച്ചു കീഴടക്കുവാൻ എവിടെനിന്നു പുറപ്പെട്ടുവോ ആ കോട്ടയ്ക്കൊപ്പം അദ്ദേഹവും അഗ്നിക്കിരയായി.42 കെ. എം. പണിക്കർക്കു് മറെറാരു കാരണവും കൂടി ഇതിനു പറയുവാനുണ്ടു്. ഹൈദർ തന്നെ ഇസ്ളാംമതത്തിൽ ചേർക്കുമോയെന്നു് സാമൂതിരി ഭയപ്പെട്ടു എന്നും അതുകൊണ്ടാണു് ആത്മഹത്യ എന്ന ധീരകൃത്യത്തിനു് അദ്ദേഹം തുനിഞ്ഞതെന്നുമാണു് പണിക്കരുടെ അഭിപ്രായം.43 എന്നാൽ, സമകാലികനായ ഒരു ചരിത്രകാരനാകട്ടെ ഈ സംഭവം വിവരിക്കുന്നത് മറെറാരു വിധത്തിലാണു്. "ഹൈദർ ഷായുടെയും മററും ചരിത്രം" എഴുതിയ ഫ്റഞ്ചുകാരനെന്നവകാശപ്പെടുന്ന ഈ ഗ്രന്ഥകാരൻ ഹൈദറുടെ സൈന്യത്തോടൊപ്പം താനുമുണ്ടായിരുന്നതായി അവകാശപ്പെടുന്നു. അദ്ദേഹം പറയുന്നതിങ്ങനെയാണു്: "അദ്ദേഹം (ഹൈദർ) തന്റെ മുൻപിൽ സാഷ്ടാംഗപ്രണാമം ചെയ്ത രാജാവിനെ (സാമൂതിരിയെ) ഉടൻ പിടിച്ചെഴുന്നേല്പിക്കുകയും സാമൂതിരി ഹൈദറിനു് വിലപിടിപ്പുള്ള കല്ലുനിറച്ച ഒരു ചെറിയ പാത്രവും സ്വർണ്ണക്കട്ടികൾ നിറച്ച മറെറാരു ചെറിയ പാത്രവും സ്വർണ്ണംകൊണ്ടുള്ള രണ്ടു തോക്കുകളും സമ്മാനമായി നൽകുകയും ചെയ്തു. തോക്കിന്റെ വെടിയുണ്ടയും സ്വർണനിർമിതമായിരുന്നു. രണ്ടു രാജാക്കന്മാരും കൊട്ടാരത്തിൽ കടന്നതിനുശേഷം, ഹൈദർ സാമൂതിരിയോടു് തനിക്കുള്ള ബഹുമാനമറിയിക്കുകയും പ്രജകൾ ആയുധം വച്ചു കഴിഞ്ഞാൽ വർഷംതോറും ഒരു ചെറിയ തുക കപ്പമായി നൽകാമെന്ന കരാറിൽ രാജ്യം തിരികെ ഏൽപ്പിക്കാമെന്നേൽക്കുകയും ചെയ്തു."44 മറെറാരു സമകാലിക ചരിത്രകാരനായ കിർമാണിയും ഈ അഭിപ്രായത്തോടു യോജിക്കുന്നുണ്ടു്. മൈസൂർ നവാബു് കോഴിക്കോട്ടെത്തിയപ്പോൾ തനിക്കു് രക്ഷയൊന്നുമില്ലെന്നു മനസ്സിലാക്കിയ നായന്മാരുടെ നേതാവു് (സാമൂതിരി) സമ്മാനങ്ങളും മററുമായി തന്റെ ദൂതന്മാരെ ഹൈദറിന്റെ അടുത്തേയ്ക്കയച്ചുവെന്നും, നയവും സൗകര്യവും കണക്കാക്കി അവരെ സ്വീകരിച്ചു് ഹൈദർ സാമൂതിരിയെ സാന്ത്വനിപ്പിക്കാനായി അദ്ദേഹത്തിനു് സമ്മാനങ്ങളെല്ലാം കൊടുത്തയച്ചുവെന്നും അവർ പരസ്പരം കണ്ടതിനുശേഷം സാമൂതിരിക്കു്

---

42. സാമൂതിരീസ് ഓഫ് കാലിക്കട്ട്, പേജ് 240.
43. കേരളചരിത്രം, പേജ് 335.
44. എം. എം. ഡി. എൽ. റ്റി., പേജ് 70–71.

മാപ്പുനൽകി ജീവനും രാജ്യവും തിരിച്ചു നൽകിയെന്നുമാണ് കിർമാണി രേഖപ്പെടുത്തിയിരിക്കുന്നത്.45 അങ്ങനെ ഏതുവിധത്തിൽ നോക്കിയാലും ഹൈദറും സാമൂതിരിയും തമ്മിൽ ഒരു ഒത്തുതീർപ്പുണ്ടായതായി കാണാം. ഒത്തുതീർപ്പിൻെറ ഫലമായി കോഴിക്കോട് ആക്രമിക്കുകയില്ലെന്നു് ഹൈദരാലിയും, കുടിശ്ശികയും യുദ്ധച്ചെലവും നൽകാമെന്നു് സാമൂതിരിയും ഏററിരുന്നു46.

തൻെറ അനന്തിരവന്മാരായ രാജകുമാരന്മാരിൽ നിന്നും തിരുവിതാംകൂറിലേയും കൊച്ചിയിലേയും രാജാക്കന്മാരിൽനിന്നും ചില എഴുത്തുകൾ കിട്ടിയതിനെത്തുടർന്നാണ് സാമൂതിരി ആത്മഹത്യ ചെയ്തതെന്നു് ഒരു സമകാലിക ഗ്രന്ഥകാരൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. എം. എം. ഡി. എൽ. ററി. എന്ന തൂലികാനാമത്തിലെഴുതിയ അജ്ഞാത ഗ്രന്ഥകാരൻ പറയുന്നതു നോക്കുക: "തൻെറ മതവും രാജ്യവും മുഹമ്മദീയർക്കു് അടിയറവച്ച വഞ്ചകനാണ് അദ്ദേഹം (സാമൂതിരി) എന്നു പറഞ്ഞുകൊണ്ടുള്ള ഈ എഴുത്തുകളിൽ സാമൂതിരിയെ അതികഠിനമായി ആക്ഷേപിച്ചിട്ടുണ്ടായിരുന്നു. ഈ എഴുത്ത് അദ്ദേഹത്തിന് എത്തിച്ചുകൊടുത്ത ബ്രാഹ്മണരാകട്ടെ അദ്ദേഹത്തെ ജാതിയിൽ നിന്നു പുറത്താക്കിയെന്നും ബ്രാഹ്മണരോ നായന്മാരോ ഇനിയൊരിക്കലും അദ്ദേഹവുമായി ബന്ധം വയ്ക്കുകയില്ലെന്നുകൂടി അറിയിച്ചിരുന്നു"47. ഈ അഭിപ്രായവും യഥാർത്ഥ വസ്തുത തെളിയിക്കാനുതകുന്നതല്ല. കാരണം തിരുവിതാംകൂർ രാജാവു് കർണ്ണാടക നവാബായ മുഹമ്മദാലിയുടെ ഒരു സാമന്തനായിരുന്നു48. പാലക്കാട്ടു് രാജാവാകട്ടെ നേരത്തെതന്നെ സാമൂതിരിയെ തുരത്തുവാനായി ഹൈദറുടെ സഹായം തേടിയിട്ടുണ്ട്. കൊച്ചി മഹാരാജാവു് ഡച്ചുകാരുടെ സഹായത്തോടുകൂടി തന്നെയും തൻെറ രാജ്യത്തെയും രക്ഷിക്കാനായി ഹൈദരാലിയുടെ സാമന്തനാകാൻ സന്നദ്ധത പ്രകടിപ്പിക്കുകയുണ്ടായി.49 അപ്പോൾപ്പിന്നെ ജാതിയിൽനിന്നും പുറത്താക്കുമെന്ന ഭയന്നാണ് സാമൂതിരി ആത്മഹത്യ ചെയ്തതെന്നു പറയുന്നതു് അർത്ഥശൂന്യമാണ്.

ശോകാകുലമായ ഈ പരിതസ്ഥിതിയിൽ കോഴിക്കോട്ടെ ഭരണാധിപൻ മരണമടഞ്ഞതിനെത്തുടർന്നു് രാജ്യം ആക്രമണകാരിയുടെ മുൻപിൽ അനാഥമായിക്കിടക്കുകയായിരുന്നു. അങ്ങനെ ഒരു വിഷമവും കൂടാതെ ഹൈദരാലിക്കു മലബാർ മുഴുവൻ കീഴടക്കുവാൻ കഴിഞ്ഞു. ഭരണരംഗത്തു്

45. കിർമാണി, പേജ് 186.
46. മോയൻസ്, മെമ്മോറാണ്ടം, 1781, പേജ് 132.
47. എം. എം. ഡി. എൽ. ററി., പേജ് 71
48. അംബേങ്കോ ഡയറി ഫാക്ടറി, 1764–66, വാല്യം 1217, പേജ് 86–90.
49. മോയൻസ്, പേജ് 135.

മലബാറിലാകെയുണ്ടായ ഈ തകിടം മറിച്ചിൽ കുറുങ്ങോത്ത്നായരെ മാത്രം കാര്യമായി ബാധിക്കുകയുണ്ടായില്ല. മാഹിയിലെ ഫ്രഞ്ചുഗവർമെൻറിൻെറ സംരക്ഷണയിൽ കഴിഞ്ഞിരുന്ന കുറുങ്ങോത്ത് തലവൻ പിറയ്ക്കലിൽനിന്നും കോഴിക്കോട്ടേയ്ക്കു മാർച്ചു ചെയ്ത ഹൈദരാലിയെ വഴിക്കുവച്ചുതന്നെ സ്വീകരിച്ചിരുന്നു.50 തലശ്ശേരിയിലെ ഇംഗ്ലീഷ് കമ്പനിയുടെ അധീനതയിലായിരുന്ന രണ്ടുതറയോടും ഹൈദർ തുല്യമായ ബഹുമാനം പ്രകടിപ്പിക്കുകയുണ്ടായി51.

മലബാറിൽ ഇംഗ്ലീഷുകമ്പനിക്കുണ്ടായിരുന്ന പ്രാദേശികമായ അവകാശ ഉടമ്പടികൾ അനുവദിച്ചുകൊടുക്കുവാൻ ഹൈദർ തയ്യാറായിരുന്നുവെങ്കിലും, അഭയാർത്ഥികൾക്ക് സംരക്ഷണം നൽകുന്ന അവരുടെ നയം അദ്ദേഹത്തിനിഷ്ടപ്പെട്ടില്ല. കൊച്ചിരാജ്യത്തെ സംബന്ധിച്ച് ഒത്തുതീർപ്പുണ്ടാക്കുവാനായി കോഴിക്കോട്ട്വച്ച് അദ്ദേഹത്തെ സമീപിച്ച ഡച്ചു സൈനികത്തലവനോട് അദ്ദേഹം ഇക്കാര്യം വെട്ടിത്തുറന്നു പറയുകയുമുണ്ടായിട്ടുണ്ട്52. മലബാർ തീരത്തുനിന്നും ഇംഗ്ലീഷുകാരെ ആട്ടിപ്പായിക്കുന്നതിനായി ഒരു ഉപരോധ—പ്രതിരോധ സന്ധിക്കാവും ഹൈദർ ഡച്ചുകാരോട് ഉന്നയിച്ചതെന്നാണ് ഡച്ചുരേഖകൾ അവകാശപ്പെടുന്നത്53. ഇംഗ്ലീഷുകാർക്ക് അദ്ദേഹം അനുവദിച്ചുകൊടുത്ത കച്ചവടാനുകൂല്യങ്ങൾ "തങ്ങളെ കബളിപ്പിക്കുന്നതിനും തൻെറ ആക്രമണപദ്ധതിയിൽ തങ്ങൾ കൈകടത്താതിരിക്കുന്നതിനും"54 ഹൈദർ ചെയ്ത ഒരു സൂത്രമായിട്ടേ ഇംഗ്ലീഷുകാരും കണക്കാക്കിയിരുന്നുള്ളു. പക്ഷേ, ഹൈദരാലിയോട് തുറന്നൊരു സംഘട്ടനത്തിനു് അവരും തയ്യാറായിരുന്നില്ല. മദ്രാസ് ഗവൺമെൻറിൽനിന്നും ബോംബെ കൗൺസിലിനു ലഭിച്ച കത്തുകൾ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്55.

കൊച്ചിയെ ആക്രമിക്കാതിരിക്കുവാൻ ഡച്ചുകാർ ചെയ്ത ശ്രമങ്ങൾ ഫലപ്രദമായിരുന്നു56. സൗജന്യത്തിനു ബദലായി രണ്ടുലക്ഷം രൂപയും എട്ട് ആനകളെയുമാണ് കൊച്ചിരാജാവ് ഹൈദരാലിക്കു നൽകിയത്57.

---

50. ഹോറിൻ (മിസ.), എസ്. നമ്പർ 55, പേജ് 18–19.
51. ടി. പേജ് 19.
52. ഡച്ചുരേഖകൾ, നമ്പർ 13, പേജ് 153.
53. ഡച്ചുരേഖകൾ, നമ്പർ 13, പേജ് 153–54.
54. ബോർഡിൻെറ മിനിട്ട്സ്, കൺസൾട്ടേഷൻസ്, ഏപ്രിൽ 4, 1766.
55. ഫോറിൻ ആൻഡ് പോാം ഡിപ്പാർട്ട്മെൻറ്, 1756–80, സീക്രട്ട് കൺസൾട്ടേഷൻസ്, നമ്പർ 1
56. അനുബന്ധം 9 നോക്കുക.
57. ഡച്ചുരേഖകൾ, നമ്പർ 13, പേജ് 153–154; ജോയിൻറ് കമ്മിഷണർമാരുടെ റിപ്പോർട്ട്, ഖണ്ഡിക 18

എന്നാൽ, ഇംഗ്ലീഷുകമ്പനിയുടെ പിന്തുണ ഉറപ്പുണ്ടായിരുന്ന തിരുവിതാംകൂർ മഹാരാജാവ്, താൻ ഇപ്പോഴുംതന്നെ മുഹമ്മദാലിയുടെ സാമന്തനാണെന്നുള്ള ന്യായേന ഹൈദരാലിക്ക് കപ്പം നൽകുവാൻ തയ്യാറായില്ല58. രണ്ടു അധീശാധികാരികൾക്ക് ഒരേസമയം കപ്പം കൊടുക്കുവാൻ നിവൃത്തിയില്ലെന്നതായിരുന്നു അദ്ദേഹത്തിന്റെ ന്യായം59. കൊച്ചിയേയും തിരുവിതാംകൂറിനെയും ആക്രമിക്കാതിരിക്കുന്നതിനുവേണ്ടി വ്യവസ്ഥകൾ അടിച്ചേല്പിച്ച ഹൈദർ "ഒരു നിശ്ചിത സംഖ്യ നൽകുവാൻ തിരുവിതാംകൂറിനെയും നിങ്ങൾ നിർബ്ബന്ധിക്കണം" എന്നു പറഞ്ഞതായി മോയൻസ് രേഖപ്പെടുത്തുന്നു60. അതിനു് തിരുവിതാംകൂർ തയ്യാറായില്ലെങ്കിൽ "ഞാൻ അദ്ദേഹത്തെ (തിരുവിതാംകൂർ രാജാവിനെ) ഒന്നു സന്ദർശിക്കു"മെന്നു് ഹൈദർ ഭീഷണി മുഴക്കിയതായും ഡച്ചുരേഖകളിൽ കാണുന്നുണ്ട്61.

പക്ഷേ, ഈ സമയത്തു് കാലവർഷം ആരംഭിച്ചതുമൂലം നിർദ്ദിഷ്ടമായ സന്ദർശനം നടക്കുകയുണ്ടായില്ല. കോഴിക്കോട്ടും പൊന്നാനിയിലും ഓരോ സൈനിക വിഭാഗത്തെ നിർത്തിയശേഷം പരിചയ സമ്പന്നനായ മദണ്ണ എന്ന റവന്യൂ ഓഫീസറെ മലബാറിലെ സിവിൽ ഗവർണറായി നിയമിക്കുകയാണ് ഹൈദർ ചെയ്തതു്62. കോലത്തിരിയുടെ രാജ്യം മേൽനോട്ടത്തിനായി ആലിരാജാവിനേയുമേല്പിച്ചു63. മലബാറിലെ കാലവർഷം ദുർഘടംപിടിച്ച സ്ഥിതിയിലായിരുന്നതുകൊണ്ടു് മലബാർ വിട്ടുപോകുവാൻ ഹൈദർ നിർബദ്ധനായി. എങ്കിലും വേണ്ടിവന്നാൽ ഉടൻ തിരിച്ചെത്തുന്നതിനും താൻ കീഴടക്കിയ പുതിയ രാജ്യത്തെ സ്ഥിതിഗതികൾ വീക്ഷിക്കുന്നതിനുമായി ഹൈദർ കോയമ്പത്തൂരേയ്ക്കു മാത്രം പിൻവലിയുകയുമാണ് ചെയ്തതു്64. ഹൈദരാലിയുടെ നേതൃത്വത്തിൽ മൈസൂർ സൈന്യം കേരളത്തിൽ പ്രവേശിച്ച കാര്യവും കേരളരാജാക്കന്മാരുടെ മേൽ അവർ നേടിയ വിജയവും പാലക്കാട്ടെയും കോയമ്പത്തൂരിലെയും രാജാക്കന്മാരെ അറിയിക്കുകയുണ്ടായി. വളരെ സന്തോഷത്തോടെയാണ് ഇവർ ഈ വാർത്ത സ്വീകരിച്ചതു്. കോയമ്പത്തൂർ രാജാവും പാലക്കാട്ടച്ചനും ഹൈദരാലിയെ അനുമോദിക്കുവാനായി കോഴിക്കോട്ടേയ്ക്കു പുറപ്പെട്ടു. സാമൂതിരിയെ തടവുകാരനാക്കി മുൻ വൈരാഗ്യത്തിനു് പ്രതി

---

58. അഞ്ചുകോ ഡയറികൾ, 1764–66, വാല്യം 1217, പേജ് 86–90.
59. മോയൻസ്, പേജ് 154.
60. മോയൻസ്, പേജ് 154.
61. മോയൻസ്, പേജ് 154.
62. ലോഗൻ, വാല്യം 1, പേജ് 411.
63. ഫോറിൻ (മിസ.), എസ്. നമ്പർ 55, പേജ് 21, ഖണ്ഡിക 20.
64. എം. എം. ഡി. എൽ. ററി., പേജ് 72.

കാരം വീട്ടാമെന്നാണ് അവർ വിചാരിച്ചിരുന്നത്. പക്ഷേ ഇവർ കോഴി ക്കോട്ടെത്തുന്നതിന്റെ തലേദിവസംതന്നെ സാമൂതിരി ആത്മഹത്യ ചെയ്തി രുന്നു. പാലക്കാട്ടച്ചൻ, ഹൈദരാലിയെ സന്ദർശിക്കുകയും പൊന്നാനിവഴി മങ്കരവരെ അദ്ദേഹത്തെ അനുധാവനം ചെയ്യുകയും ചെയ്തു. അച്ചനെ പിൻ തുടർന്ന് പാലക്കാട്ട് രാജാവിന്റെ സഹചാരികളും സ്നേഹിതരും ബന്ധു ക്കളും നവാബിനെ സ്വീകരിക്കാൻ പുറപ്പെടുകയും ചൊക്കനാദപുരംവരെ ഹൈദറെ അനുഗമിക്കുകയുമുണ്ടായി. ഇവിടെയാണ് ഹൈദർ താവള മുറപ്പിച്ചത്.

കോയമ്പത്തൂരേയ്ക്കു തിരിക്കുന്നതിനു മുൻപുതന്നെ എടത്തിലെ രാജാ ക്കന്മാരോടാലോചിച്ചുകൊണ്ട് പാലക്കാട്ട് ചില ഭരണപരിഷ്കാരങ്ങളും ഹൈദർ നടപ്പാക്കുകയുണ്ടായി.

കേരളമാക്രമിച്ചു കീഴടക്കുവാനുള്ള ഹൈദരുടെ ശ്രമം അങ്ങനെ ഒരു വൻപിച്ച വിജയത്തിലവസാനിച്ചു. "വിശാലമായി നീണ്ടുകിടക്കുന്ന ഒരു കടൽത്തീരപ്രദേശത്തിന്റെ അധിപനായി, ഒരു നാവികശക്തിയായി"[65] വളരുവാൻ ഉപകരിച്ചതിനാൽ ആ വിജയം സുപ്രധാനമായ ഒരു നേട്ട മായിരുന്നു. മലബാർ രാജാക്കന്മാരെ തോല്പിച്ച് അവരുടെ രാജ്യം ഒന്നൊന്നായി കീഴടക്കുന്നതിന് ഹൈദർക്ക് നാലു മാസമേ വേണ്ടിവന്നുള്ളു. മലബാറിലെ പരസ്പരം മല്ലടിച്ചുനിന്ന രാഷ്ട്രീയചേരികളും നായർ യോദ്ധാ ക്കളുടെ യുദ്ധതന്ത്രവുമാണ് ഇത്തരമൊരു വിജയത്തിന് ഹൈദരാലിയെ സഹായിച്ചത്. മലബാറിലെ പ്രത്യേക രാഷ്ട്രീയപരിതസ്ഥിതിയിൽ[66] ഹൈദരാലിയുടെ സൈനികവിജയം അനിവാര്യമായിരുന്നുവെന്നുതന്നെ പറയാം. യുദ്ധ പ്രവീണരായ നായന്മാർക്കിടയിൽ ഇത്തരം സമഗ്രമായ ശൈഥി

65. ഷെയ്ക്ക് അലി, ബ്രിട്ടീഷ് റിലേഷൻസ് വിത്ത് ഹൈദർ ആലി, പേജ് 48.

66. 1743–ൽ മലബാർ തീരത്തെ ഭരണത്തെക്കുറിച്ചുള്ള മെമ്മോറാണ്ടമെഴു തിയ സ്റ്റീൻവാൽഗലനെ കേരളത്തിലുണ്ടായിരുന്ന പ്രധാനമായ നാലു നാട്ടുരാജ്യങ്ങളെയും 42 ചെറുകിട നാട്ടുരാജ്യങ്ങളെയും കുറിച്ചു പറയു ന്നുണ്ട്. കോലത്തിരി, സാമൂതിരി, കൊച്ചി, തിരുവിതാംകൂർ എന്നി വയാണ് പ്രധാനപ്പെട്ട നാലു നാട്ടുരാജ്യങ്ങൾ. ചെറുകിട നാട്ടുരാജ്യ ങ്ങൾ താഴെപ്പറയുന്നവയാണ്. 1. പെരിന്തളിയും എളയിടത്തു സ്വരൂപവും 2. കൊല്ലം 3. മാർത്ത 4. കായംകുളം 5. പന്നപ്പള്ളി 6. പന്തളം 7. പൊടോടിംഗോ 8. തെക്കുംകൂർ 9. റിപ്പോളിൻ (എട പ്പള്ളി) 10. പൊർക്കാ (പുറക്കാട്) 11. വടക്കുംകൂർ 12. മങ്ങാട്ട് 13. പറവൂർ 14. അഞ്ചിക്കൈമൾ (ചേരാനല്ലൂർ) 15. മരിയനാട് 16. കോടശ്ശേരി 17. പല്ലേററ് (ചേരമംഗലം) 18. വട്ടതല 19. തവങ്കൽ നായർ 20. കൊരട്ടി 21. ചെണ്ടാരംകോട്ട 22. കൊട്ട

ല്യമില്ലായിരുന്നെങ്കിൽ മലബാർ എളുപ്പം കീഴടക്കുവാൻ ഹൈദർക്ക് സാധിക്കുമായിരുന്നില്ലെന്നാണ് പ്രൊഫ. സിൻഹ അഭിപ്രായപ്പെടുന്നത്. 67 ഉയർന്ന സൈനികശക്തിയും ആധുനിക രീതിയിലുള്ള യുദ്ധോപകരണങ്ങളും സുധീരമായ നേതൃത്വവുമാണ് മൈസൂറിനുണ്ടായിരുന്നതെങ്കിൽ, അച്ചടക്ക ബോധമില്ലാത്തതും അസംഘടിതവുമായിരുന്ന കേരളസൈന്യം. ഒരു കേന്ദ്ര നേതൃത്വം അവർക്കുണ്ടായിരുന്നില്ല. ഇതാണ് അവരുടെ പരാജയ ത്തിന്റെ മുഖ്യ ഹേതു. അച്ചടക്കത്തോടുകൂടി സംഘടിതമായി നീങ്ങുകയെന്ന സ്വഭാവം നായർസൈന്യത്തിനു് അജ്ഞാതമായിരുന്നു. ഒരു സൈന്യത്തിനു വേണ്ട ഏററവും വലിയ ഗുണം ഇതാണല്ലൊ. ദ്വന്ദയുദ്ധത്തിൽ വീറോടു കൂടി പൊരുതുവാൻ അവർക്കു കഴിയുമായിരുന്നു എങ്കിലും ശിക്ഷണവും അച്ചടക്കവുമുള്ള ഒരു സൈന്യത്തെ എതിരിടാൻ അവർക്കു് ഒരിക്കലും കഴിയു മായിരുന്നില്ല. പഴഞ്ചനായ യുദ്ധതന്ത്രവും അസംഘടിതമായ നീക്കവുംമൂലം ആക്രമണകാരിയുടെ ജോലി ലഘൂകരിക്കപ്പെടുകയാണുണ്ടായതു്.

---

ങ്ങല്ലൂർ 23. അയിരൂർ (വെള്ളാങ്കല്ലൂർ) 24. പാപ്പിനിവട്ടം 25. ബെലോസ്സ നമ്പ്യാർ 26. ചങ്ങാരകണ്ട 27. ചിററൂർ നമ്പൂതിരി 28. പഴഞ്ചേരി നായർ 29. അയിനിക്കുററി (തലപ്പള്ളി) 30. പുന്നത്തൂർ (തലപ്പള്ളി) 31. മന്നാകൊല്ലം (തലപ്പള്ളി) 32. മനക്കോട്ട (തലപ്പള്ളി) 33. വള്ളുവനാടു് 34. വെട്ടത്തുനാടു് (താനൂർ) 35. പരവൂർ 36. റെപ്പൂ ക്കോയിൻ 37. പാലക്കാടു് 38. കഞ്ചിനായർ 39. വാഴുന്നോർ (വടകര) 40. ആലിരാജ 41. കോട്ടയം 42. ത്രുക്കൈനാപ്പള്ളി (ത്രുക്കുന്ന പ്പുഴ). ഉത്തര മലബാർ കോലത്തിരി രാജാവിന്റെ കീഴിലായിരുന്നു. ദക്ഷിണ മലബാർ മുഴുവൻ സാമൂതിരിയുടെ കീഴിലും. കൊച്ചിയിലും തിരുവിതാംകൂറിലും സ്വതന്ത്രരാജാക്കന്മാരാണ് ഭരിച്ചിരുന്നതു്. ഇവർക്കു് ഓരോരുത്തർക്കും കീഴാളരായി അനേകം രാജാക്കന്മാരോ മററു നേതാക്കന്മാരോ ഉണ്ടായിരുന്നു. എന്നാൽ പരസ്പരമുള്ള അസൂയയും അധി കാരമോഹവും യുദ്ധത്തിലും രക്തച്ചൊരിച്ചിലിലും ആണ് അവസാനി ച്ചിരുന്നതു്. പരസ്പരം നശിപ്പിക്കുവാനായിരുന്നു ഓരോരുത്തരുടേയും ഉദ്യമം. അങ്ങനെ ഹൈദരാലിയുടെ ആക്രമണകാലത്തു് ഏതൊരാ ക്രമിക്കും അനുയോജ്യമായ പരിതസ്ഥിതികളാണ് മലബാറിൽ ഉണ്ടായിരുന്നതു്.

67. എൻ. കെ. സിൻഹ, ഹൈദർ ആലി, വാല്യം 1, പേജ് 250.

# 3

# 1766 – ലെ ലഹള

മലബാർ ആക്രമിച്ച കീഴടക്കിയശേഷം 1766 മേയ് 27–ാം തീയതി ഹൈദരാലി തിരിച്ചുപോയി. നിർദിഷ്ടമായ തിരുവിതാംകൂർ 'സന്ദർശനം'1 നടത്തുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല2. കേരളത്തിൽ കാലവർഷം ആരംഭിച്ചുകഴിഞ്ഞതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചതു്. വർഷകാലത്തു് കേരളത്തിലെ കൊച്ചരുവികളിൽപോലും വെള്ളം പൊങ്ങി സൈനിക നീക്കത്തിനും വാർത്താവിതരണ സൗകര്യത്തിനും തടസ്സം സൃഷ്ടിക്കുന്നു. അതുകൊണ്ടു് തന്റെ സൈനികത്തലവനായ റാസാ സാഹിബ്ബിന്റെ3 നേതൃത്വത്തിൽ 3,000 പടയാളികളെ മദ്ദക്കരയിൽ നിർത്തിയശേഷം ബാക്കി സൈന്യവുമായി ഹൈദർ കോയമ്പത്തൂർക്കു് നീങ്ങി. താൻ പുതുതായി കീഴടക്കിയ രാജ്യത്തെ സ്ഥിതിഗതികൾ നിരീക്ഷിക്കുവാൻവേണ്ടിയാണ് അദ്ദേഹമിങ്ങനെ ചെയ്തതു്4.

ഹൈദർ സ്ഥലം വിട്ടയുടനെതന്നെ അതികഠിനമായ കാലവർഷം ആരംഭിച്ചു. ഹൈദരാലിയുടെ വിജയത്തെത്തുടർന്നു് കാടുകളിലും മററും അഭയം തേടിയിരുന്ന രാജാക്കന്മാരും നായർ സൈന്യവിഭാഗങ്ങളും5 ഈ സമയത്തു് പുറത്തുവന്നു് മൈസൂറാധിപത്യത്തിനെതിരായി സംഘടിതമായ

---

1. മോയൻസ്, പേജ് 132.
2. അഞ്ചുതെങ്ങ് ഡയറി, വാല്യം 1269, പേജ് 297–98.
3. തൃശ്ശിനാപ്പള്ളിയിലെ ഭരണാധികാരിയായിരുന്ന ചന്ദാസാഹിബിന്റെ പുത്രനായിരുന്ന റാസാ സാഹിബ്ബ്. ചന്ദാസാഹിബ്ബും റാസാ സാഹിബ്ബും ഹൈദരാലിയുടെയും ടിപ്പുവിന്റെയും സർവ്വ സൈന്യാധിപന്മാരായിരുന്നിട്ടുണ്ടു് (ഫോറിൻ–പൊളിററിക്കൽ വകുപ്പ്, രേഖകൾ 1756–80, പേജ് 473, സൂചിക).
4. എം. എം. ഡി. എൽ. ററി., പേജ് 72.
5. ഫോറിൻ (മിസ.), എസ്. നമ്പർ 56, പാർട്ടു 1, പേജ് 80.

ഒരു കലാപത്തിനുള്ള ഒരുക്കം തുടങ്ങി. ജൂൺമാസത്തിലെ മൂന്നാമത്തെ ആഴ്ചയിലാണ് ഈ സംഭവമുണ്ടായത്[6]. ചിറയ്ക്കലെയും കടത്തനാട്ടെയും നായന്മാരാണ് ഇതിനു നേതൃത്വം നേൽകിയത്[7]. ഹൈദർ സ്ഥാപിച്ചിരുന്നതും ഏതാനും ഭടന്മാർ കാവൽനിന്നിരുന്നതുമായ മിലിട്ടറി ഔട്ട് പോസ്റ്റുകരം നായർസൈന്യം പെട്ടെന്നാക്രമിക്കുകയാണ് ചെയ്തതു്. വെള്ളപ്പൊക്കംമൂലം വാർത്താവിതരണം നിലച്ചുപോയതുകൊണ്ട് പൊന്നാനിയിലോ കോഴിക്കോട്ടോ ഉള്ള മുഖ്യ സൈനികകേന്ദ്രത്തെ വിവരമറിയിക്കാൻ കഴിയാതെ അവർ വിഷമിച്ചു. കാവൽ താവളങ്ങരം ഒന്നൊന്നായി ലഹളക്കാർ വളയുകയും ചിലവ പിടിച്ചെടുക്കുകയും ചെയ്തു. പിടിച്ചെടുത്ത താവളങ്ങളും കോട്ടകളും ബലപ്പെടുത്തി പ്രതിരോധശേഷി വർദ്ധിപ്പിക്കേണ്ടതിനു പകരം അവ നശിപ്പിച്ചുകളയുകയാണ് ഇവർ ചെയ്തതു്. ഈ പ്രവർത്തനത്തിൽ അനേകം മൈസൂർഭടന്മാർ കൊല്ലപ്പെടുകയുമുണ്ടായി[8].

വിജയശ്രീലാളിതരായ ലഹളക്കാർ ഒരു ബലപരീക്ഷണത്തിനായി കോഴിക്കോട്ടേയ്ക്കും പൊന്നാനിയിലേക്കും നീങ്ങി. അപ്പോരം മാത്രമേ പുതിയ സംഭവവികാസങ്ങരം ഇവിടങ്ങളിലെ മൈസൂർ സൈനിക കേന്ദ്രങ്ങരം അറിഞ്ഞുള്ളു. മക്കരെയിലുള്ള റാസാ സാഹിബിനെ വിവരമറിയിക്കുക അസാദ്ധ്യമാണെന്ന് ഈ രണ്ടു കേന്ദ്രങ്ങരക്കും ബോദ്ധ്യപ്പെട്ടു. അവസാനം ഒരു പോർച്ചുഗീസ് നാവികൻെറ സഹായത്തോടെയാണ് വിവരം റാസാ സാഹിബിനെ അറിയിച്ചതു്.[9] ഈ നാവികനു് ഒരു നല്ല പ്രതിഫലവും വാഗ്ദത്തം ചെയ്തിരുന്നു. വിവരം കിട്ടിയ ഉടൻതന്നെ മലബാർ സൈനിക വിഭാഗത്തിൻെറ അപകടസ്ഥിതി മനസ്സിലാക്കിയ റാസാ സാഹിബ് ഹൈദരാലിയെ വിവരം ധരിപ്പിച്ചശേഷം ധൃതിയിൽ തൻെറ സൈന്യവുമായി പുറപ്പെട്ടു.

റാസാ സാഹിബിൻെറ സൈന്യത്തിൽ കുതിരപ്പടയാളികരം ഉണ്ടായിരുന്നില്ല. മഴയും വെള്ളപ്പൊക്കവുംമൂലം കുത്തിയൊഴുകിക്കൊണ്ടിരുന്ന നദികളും മററും അദ്ദേഹത്തിൻെറ നീക്കത്തിനു് വലിയ തടസ്സങ്ങരം സൃഷ്ടിച്ചു. മാത്രവുമല്ല, ഈ സൈനിക വിഭാഗത്തെ നായർസൈന്യം പതിയിരുന്ന് ആക്രമിക്കുകയും ചെയ്തിരുന്നു.[10] ധൃതഗതിയിലുള്ള നീക്കവും നാടാകെ ബാധിച്ചിരുന്ന പ്രളയവും റാസാ സാഹിബിനെ അവസാനം കുഴപ്പത്തിലാക്കും

6. 22–8–1766–ലെ എഴുത്തു്, അഞ്ചുതെങ്ങ് ഡയറി, വാല്യം 1269, പേജ് 8
7. ഫോറിൻ (മിസ.), എസ്. നമ്പർ 56, പേജ് 97.
8. ബുക്കാനൻ, പേജ് 182.
9. എം. എം. ഡി. എൽ. ററി., പേജ് 74.
10. മദ്രാസ് റസിഡൻസി കറസ്പോണ്ടൻസ് (പി. ആർ. സി.) വാല്യം 3, കത്തു് നമ്പർ 103, പേജ് 124.

പൊന്നാനിപ്പുഴക്കുമിടയ്ക്ക് കൊണ്ടെത്തിച്ചു. വളരെ അപകടം പിടിച്ച ഒരു സ്ഥിതിവിശേഷമാണ് അവർക്ക് നേരിടേണ്ടിവന്നത്. നദിയിൽ വെള്ളം പൊങ്ങിയിരുന്നതുമൂലം മുന്നോട്ട നീങ്ങാനോ പുറകിൽ കലാപകാരികൾ തക്കം പാർത്തിരുന്നതുമൂലം പിന്തിരിയുവാനോ ഇവർക്കു കഴിഞ്ഞില്ല11.

അങ്ങനെ കലാപകാരികളിൽനിന്നും ഒരുവിധത്തിലും രക്ഷപ്പെടുവാൻ വഴികാണാതെ റാസാ സാഹിബും അദ്ദേഹത്തിന്റെ 3,000 വരുന്ന സൈന്യവും കുടുക്കിൽപ്പെട്ടുകയാണുണ്ടായത്. ലഹളയെക്കുറിച്ചറിഞ്ഞ ഹൈദർ കോയമ്പത്തൂരിൽ പാളയമടിച്ചിരുന്ന ഒരു വിഭാഗം കുതിരപ്പടയാളികളെ തിരിച്ചുവിളിച്ചു ഏതു നിമിഷത്തിലും മാർച്ചുചെയ്യുവാൻ തയ്യാറാക്കി. തെരഞ്ഞെടുത്ത ഏതാനും കാലാൾസൈന്യത്തെയും ഒരുക്കിനിറുത്തി. റാസാ സാഹിബിന് തന്റെ വിഷമസ്ഥിതിയെക്കുറിച്ച് ഹൈദറെ വിവരമറിയിക്കുവാൻ സാധിച്ചതുകൊണ്ട് 3,000 വരുന്ന കുതിരപ്പടയും 10,000 വരുന്ന കാലാൾപ്പടയുമായി ഹൈദർ ഉടൻ പുറപ്പെട്ടു. ധീരവും സുപ്രധാനവുമായ ഒരു നീക്കമായിരുന്നു ഇതു്. ''ഹൈദർഷായുടെയും അദ്ദേഹത്തിന്റെ പുത്രനായ ടിപ്പുസുൽത്താന്റെയും ചരിത്ര''മെഴുതിയ ആൾ ഹൈദരുടെ ഈ നീക്കത്തെ സുന്ദരമായി ചിത്രീകരിച്ചിട്ടുണ്ട്. ഈ വിവരണമാണ് കേരള ചരിത്രകാരന്മാരെല്ലാം പ്രസ്തുത സംഭവപഠനത്തിനായി ഉപയോഗിച്ചിട്ടുള്ളതു്. ''15,000–ത്തോളം വരുന്ന ഒരു സൈന്യം പ്രഭാതം പൊട്ടിവിടരുന്നതു മുതൽ വന പ്രദേശങ്ങൾ തിങ്ങിനിറഞ്ഞ ഒരു രാജ്യത്തുകൂടി കോരിച്ചൊരിയുന്ന മഴയും ഇടിയും മിന്നലും കൊടുങ്കാറ്റും കൂട്ടാക്കാതെ കുത്തിയൊഴുകുന്ന നദികളിൽ നീന്തിയും നിരങ്ങിയും മുന്നോട്ട നീങ്ങുന്നതു് ഒന്നു സങ്കല്പിച്ചു നോക്കുക......12'' എന്നിങ്ങനെയാണ് മേൽപറഞ്ഞ ഗ്രന്ഥത്തിൽ ഈ സൈനികനീക്കത്തെ വിവരിച്ചിരിക്കുന്നതു്. ഈ സൈന്യത്തിന്റെ അപ്രതീക്ഷിതമായ വരവ് കലാപകാരികളെ വിഷമത്തിലാക്കി. സംഘടിതമായ ഒരു യുദ്ധത്തിന് തയ്യാറെടുക്കേണ്ടിവന്ന കലാപകാരികൾക്ക്, റാസാ സാഹിബിന്റെ സൈന്യത്തിൽനിന്നും ശ്രദ്ധ തിരക്കേണ്ടിവന്നു. വിഷമത്തിലാണ്ടു കിടന്ന റാസാ സാഹിബിന്റെ സൈന്യത്തിന് ഇതു് ആശ്വാസകരമായി. പൊന്നാനിത്താലൂക്കിലെ പുതിയങ്ങാടി എന്ന സ്ഥലത്തു് കിടങ്ങുകളും മറ്റും കുഴിച്ച് താവളമടിച്ചിരുന്ന നായർസൈന്യത്തിന് വളരെ അനുകൂലമായ നിലയാണുണ്ടായിരുന്നതു്. കാരണം മൈസൂർ സൈന്യത്തിന് തുറന്ന മൈതാനത്തുനിന്നാണ് യുദ്ധം ചെയ്യേണ്ടിയിരുന്നതു്.13 തുറന്ന സംഘട്ടനത്തിൽ നായർസൈന്യത്തെ തോല്പിക്കാനുള്ള ഹൈദറിന്റെ ആദ്യ ശ്രമം പരാജയപ്പെട്ടപ്പോൾ തന്റെ യൂറോപ്യൻ സൈന്യത്തോട് മുന്നോട്ടുനീങ്ങുവാൻ അദ്ദേഹം

11. ലോഗൻ വാല്യം 1, പേജ് 410.

12. എം. എം. ഡി. എൽ. ടി., പേജ് 75–76.

13. മോയൻസ്, പേജ് 152.

കല്പിച്ചു.14 നിമിഷത്തിനകം അവർ മുന്നോട്ടു നീങ്ങി കിടങ്ങുകൾ കടന്ന് ശത്രുവിനെ നേരിട്ടു.15 ഇതികർത്തവ്യതാമൂഢരായ കലാപക്കാർ താവള മുപേക്ഷിച്ച് നെട്ടോട്ടമോടുകയാണ് പിന്നീടുണ്ടായത്. രണ്ട് എഴുത്തുകളി ലായി തിരുവിതാംകൂർ മഹാരാജാവ് ഈ വിവരം ബോംബെ ഗവർണറെ അറിയിക്കുകയുണ്ടായി. ഒന്നാമത്തെ എഴുത്തിൽ "ജനങ്ങളോടു പക വീട്ടു വാനായി ഹൈദർ വീണ്ടും സാമൂതിരിയുടെ നാട്ടിൽ എത്തിയിരിക്കുന്നു"16 എന്നും, രണ്ടാമത്തേതിൽ "കൊച്ചിയിലെ ഡച്ച് സൈനികാധിപനും ഹൈദരും ഒരുമിച്ചാണ് പ്രവർത്തിക്കുന്നതെന്നു തോന്നുന്നു"17 എന്നും മഹാ രാജാവ് എഴുതിയിട്ടുണ്ട്.

"നവാബിൻെറ സൈന്യം കാര്യമായ ഒരാക്രമണം നടത്തിയതോടെ നായന്മാർ കാടുകളിലേക്കും മലകളിലേക്കും പിൻവാങ്ങി" എന്നാണ് ഈ യുദ്ധത്തെക്കുറിച്ച് അന്ന് മലബാറിലെ ഡച്ച് ഗവർണ്ണരായിരുന്ന മോയൻസ് പറഞ്ഞിരിക്കുന്നത്.18 അനായാസമായ ഈ വിജയം ഹൈദരെ അതീവ സന്തുഷ്ടനാക്കി. സംതൃപ്തനായ അദ്ദേഹം ഓരോ പടയാളിക്കും 30 ഉറുപ്പിക വീതവും മുറിവേററവർക്ക് 60 ഉറുപ്പിക വീതവും നൽകുകയുണ്ടായത്രെ. എന്നാൽ, കടുത്ത പോരാട്ടമാണ് അവിടെ നടന്നതെന്നും പരാജയപ്പെട്ടേക്കാ മായിരുന്ന തൻെറ സൈന്യം വിജയിച്ചതുമൂലമുണ്ടായ ആശ്വാസമാണ് പടയാളികൾക്ക് പാരിതോഷികം നൽകാൻ ഹൈദറെ പ്രേരിപ്പിച്ച സംഗതി യെന്നുമാണ് കെ. എം. പണിക്കർ പറയുന്നത്.19 സമകാലികമായ തെളി വുകൾ ഈ അഭിപ്രായത്തിനു തികച്ചും വിരുദ്ധമായിട്ടുള്ളതാണ്. കിടങ്ങു കളിൽനിന്നും രണ്ട് മണിക്കൂർനേരം നിരന്തരം വെടിയുണ്ടകൾ ഉതിർക്കപ്പെട്ടു വെങ്കിലും മൈസൂർസൈന്യത്തിലെ "ഒരാൾ മാത്രമേ കൊല്ലപ്പെട്ടുള്ളു"20. ഒരുപക്ഷത്ത് ഒരാൾമാത്രം കൊല്ലപ്പെട്ട ഒരു യുദ്ധം ഒരു ഘോരയുദ്ധമായി രിക്കാനിടയില്ലല്ലോ. അങ്ങനെ കാര്യമായ രക്തച്ചൊരിച്ചിലൊന്നും കൂടാതെ കലാപകാരികളെ നിഷ്പ്രയാസം അമർച്ച ചെയ്യുവാൻ ഹൈദരാലിക്കു സാധിച്ചു.

ഈ കലാപത്തിൻെറ കാരണങ്ങളെയും അതിൻെറ അനന്തര ഫല ങ്ങളെയുംകുറിച്ച് വിഭിന്നാഭിപ്രായങ്ങളാണ് ചരിത്രകാരന്മാർക്കുള്ളത്. മല

---

14. മോയൻസ്, പേജ് 152
15. എം. എം. ഡി. എൽ. ററി., പേജ് 78,
16. 22-8-1766-ലെ എഴുത്ത്, അഞ്ചെങ്കോ ഡയറി വാല്യം 1, 1269, പേജ് 8.
17. ടി. പേജ് 9.
18. മോയൻസ്, പേജ് 153.
19. കെ. എം. പണിക്കർ, പേജ് 341.
20. എം. എം. ഡി. എൽ. ററി., പേജ് 79.

ബാർ ആക്രമിച്ച് കീഴടക്കിയശേഷം തികച്ചും സംതൃപ്തനായി ഹൈദർ മടങ്ങിയ ഉടനെ മലബാറിലെ നായന്മാർ സംഘടിച്ച് സ്വാതന്ത്ര്യ പ്രചോദിതമായ ഒരു ചെറുത്തുനില്പ് സമരം നടത്തിയെന്നും, "മൈസൂർ സൈന്യത്തെ ഇവിടെ നിൽക്കാൻ അനുവദിച്ചുകൊടുക്കുകയാണെങ്കിൽ എന്താണു സംഭവിക്കുകയെന്ന് ഏവർക്കും നിശ്ചയമുണ്ടായിരുന്നതിനാലും, എല്ലാവരാലും വെറുക്കപ്പെട്ട ആലിരാജാവ് ചിറയ്ക്കലെ ഗവർണറായി നിയമിതനായതിനാലും അവരുടെ ദേശീയാവേശം ഉത്തേജിതമാക്കുകയാണുണ്ടായത്"'[21] എന്നാണ് സർദാർ കെ. എം. പണിക്കർ പറയുന്നത്.[22] ഹൈദരാലി കോയമ്പത്തൂരെത്തുന്നത് ജൂൺ 4–ാം തീയതി ആണ്. "ജൂൺ 24–ാം തീയതി കടത്തനാട്ടെയും കോട്ടയത്തെയും നായന്മാർ സംഘടിച്ച് പല സ്ഥലങ്ങളും തിരിച്ചുപിടിച്ച വാർത്തയും, അടുത്ത ദിവസംതന്നെ ആലിരാജാവിനെ സിവിൽ ഗവർണറായും അദ്ദേഹത്തിന്റെ (ഹൈദരുടെ) മച്ചുനനായ ഷൈക്ക്ആലിയെ മിലിട്ടറി ഗവർണറായും നിയമിച്ചുകൊണ്ടുള്ള വാർത്തയും തലശ്ശേരികേന്ദ്രത്തിലെത്തിയെന്ന്" ലോഗൻ പറയുന്നുണ്ട്[23]. ഇക്കാര്യത്തിൽ തലശ്ശേരി ഫാക്ടറി ഡയറി ആധാരമാക്കിയാണ് ലോഗൻ ഇപ്രകാരം പറയുന്നതും. അപ്പോൾ ഹൈദർ പോയി മൂന്നാഴ്ച കഴിഞ്ഞാണ് കലാപം തുടങ്ങുന്നതെന്നും അല്ലാതെ പണിക്കർ നമ്മെ വിശ്വസിപ്പിക്കാൻ തുടങ്ങുന്നതുപോലെ "ഉടനെ"യല്ലെന്നും വ്യക്തമാകുന്നുണ്ട്. മാത്രവുമല്ല, 'വെറുക്കപ്പെട്ട' ആലിരാജാവിനെ ചിറയ്ക്കലെ സിവിൽ ഗവർണറായി നിയമിച്ചതാണ് കലാപകാരണമെന്ന് പണിക്കർ തന്നെ പറയുന്നുമുണ്ട്. 1766 ജൂൺ 25–ാം തീയതിയാണ് ഈ നിയമനം നടക്കുന്നത്[24]. "താൻ പുതുതായി കീഴടക്കിയ സ്ഥലത്തെ സ്ഥിതിഗതികൾ നേരിട്ടറിയാൻ ഉതകുംവിധം"[25] ഹൈദർ കോയമ്പത്തൂർ വരെ മാത്രമേ തിരികെ പോയുള്ളു എന്നതുകൊണ്ട് മലബാറിൽ എന്തെങ്കിലും ശല്യമുണ്ടാകുമെന്ന് അദ്ദേഹം മുൻകൂട്ടിത്തന്നെ മനസ്സിലാക്കിയിരുന്നുവെന്നും വ്യക്തമാകുന്നുണ്ട്. എന്നാൽ, മലബാർ ആക്രമിച്ചു കീഴടക്കിയശേഷം "വിജയത്തിൽ തികച്ചും സംതൃപ്തനായി"ട്ടാണ് ഹൈദർ മടങ്ങിപ്പോയതെന്നും കെ. എം. പണിക്കർ പറയുന്നത് ഹൈദരാലിയുടെ ബുദ്ധികൂർമതയിൽ കാര്യങ്ങൾ മുൻകൂട്ടി കാണാനുള്ള കഴിവിൽനിന്നും ശ്രദ്ധ തിരിക്കുന്നതിന് വേണ്ടിയാണ്. തികച്ചും സംതൃപ്തനായിരുന്നെങ്കിൽ മലബാറിൽ ലഹള ആരംഭിക്കുന്നതിനു മുൻപ്തന്നെ ഹൈദർക്കു ശ്രീരംഗപട്ടണത്തിലെത്തിച്ചേരുവാൻ ധാരാളം സമയമുണ്ടായിരുന്നു. കെ. എം. പണിക്കർ പറയുന്നത് നാം വിശ്വസിക്കുകയാണെങ്കിൽ, കിർമാണി മാത്രമല്ല ശത്രുക്കൾപോലും

21. കെ. എം. പണിക്കർ, പേജ് 339.
22. അഞ്ചുതെങ്ങ് ഡയറി, വാല്യം 1269, പേജ് 297–98.
23. ലോഗൻ, പേജ് 410.
24. ജോയിന്റ് കമ്മീഷണർമാരുടെ റിപ്പോർട്ട്, ഖണ്ഡിക 30.
25. എം. എം. ഡി. എൽ. റ്റി., പേജ് 72.

ഹൈദർക്കുണ്ടെന്നുപറയുന്ന 'കാര്യശേഷി, പാടവം, സൂക്ഷ്മബുദ്ധി'[26] എന്നീ ഗുണങ്ങളാണ് അദ്ദേഹത്തിനു തീരെയില്ലാത്തതെന്നുകൂടി പറയേണ്ടിവരും. മലബാറിൻെറ അയൽപ്രദേശമായ കോയമ്പത്തൂരിൽ നിന്നുകൊണ്ട് ഇവിടത്തെ കാര്യങ്ങൾ നിരീക്ഷിക്കാമെന്ന് നിശ്ചയിച്ചത് ഇക്കാര്യങ്ങളിൽ അദ്ദേഹത്തിനുള്ള സൂക്ഷ്മബുദ്ധിയേയും പരിചയത്തെയുമാണു കാണിക്കുന്നത്.

ലഹളയ്ക്കു കാരണമായി പണിക്കർ പറയുന്നത് "നായർ യോദ്ധാക്കളുടെ സ്വരാജ്യസ്നേഹവും അടങ്ങാത്ത സ്വാതന്ത്ര്യദാഹവു"മാണെന്നാണ്. എന്നാൽ, തിരുവിതാംകൂർ രാജാവും സാമൂതിരിയുടെ അനന്തിരവന്മാരും ചേർന്നു നടത്തിയ ഗൂഢാലോചനയായിരുന്നു ലഹളയ്ക്കു നിദാനമെന്നാണ് അന്നത്തെ ഡച്ച് ഗവർണരും ഹൈദരാലിയുടെ ജീവചരിത്രകാരനുമായ മോയൻസ് പറയുന്നത്. തലശ്ശേരിയിലെ ഇംഗ്ലീഷ് കമ്പനിയും അവർക്കു വേണ്ട ഒത്താശ ചെയ്തിരുന്നതായും അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്[27]. ഹൈദർഷായുടെയും മററും ചരിത്രമെഴുതിയ ആളും ഈ അഭിപ്രായത്തോടു യോജിക്കുന്നുണ്ട്[28]. തിരുവിതാംകൂർ മഹാരാജാവ് മലബാറിൽ കലാപം സൃഷ്ടിക്കുന്ന കാര്യത്തിൽ തൻെറ നാട്ടിൽ അഭയം തേടിയിരുന്ന ഭരണാധിപന്മാരെ സഹായിക്കുകയുണ്ടായി[29]. മൈസൂർ ഭരണാധിപൻെറ ശ്രദ്ധ മലബാറിൽ ഒതുക്കിനിർത്തുന്നതിനും അങ്ങനെ സ്വയം ആക്രമണത്തിൽ നിന്നും രക്ഷപ്പെടുന്നതിനുമാണ് അദ്ദേഹം ഇപ്രകാരം ചെയ്തത്. ചിറയ്ക്കൽ ദേശത്തെ സിവിൽ ഗവർണറായി ആലിരാജാവിനെ നിയമിച്ചപ്പോൾ കോലത്തിരി കുടുംബത്തിന് ഇനി ഒരിക്കലും അധികാരത്തിൽ വരാൻ സാധിക്കുകയില്ലല്ലൊ എന്ന ചിന്തയാണ് കലാപത്തിൽ പങ്കെടുക്കുവാൻ അവരെ പ്രേരിപ്പിച്ച സംഗതി. കമ്പനി ഇടപെട്ട് കോലത്തിരിയേയും മററു രാജാക്കന്മാരേയും പുനർവാഴിക്കണമെന്ന് 1766 ജൂൺ 28–ാം തീയതി തിരുവിതാംകൂർ രാജാവ് കമ്പനിക്കെഴുതിയിട്ടുണ്ട്[30]. ഹൈദർ ആലി തനിക്കെതിരായി യുദ്ധം പ്രഖ്യാപിക്കുകയാണെങ്കിൽ പണവും ആയുധവും നൽകി തന്നെ സഹായിക്കണമെന്നും രാജാവ് അഭ്യർത്ഥിച്ചിട്ടുണ്ട്. തൻെറ സൈന്യത്തെ പരിശീലിപ്പിക്കുന്നതിനായി ഓഫീസർമാരെ അയയ്ക്കണമെന്നും അദ്ദേഹം കമ്പനിയോടാവശ്യപ്പെടുകയുണ്ടായി[31]. മലബാർ രാജാക്കന്മാർക്ക് രാജ്യം തിരിച്ചു നൽകുകയാണെങ്കിൽ ഉണ്ടാകുന്ന

---

26. കിർമാണി, പേജ് 184.
27. മോയൻസ്, പേജ് 154.
28. എം. എം. ഡി. എൽ. ററി., പേജ് 73.
29. പി. ആർ. സി., വാല്യം 3, നമ്പർ 37 എ., പേജ് 36–37.
30. അഞ്ചുതെങ്ങ് ഡയറി, 1, ഫാക്ടറി, വാല്യം 1269, എഴുത്ത് നമ്പർ 14.
31. ടി ,,

ഉടമ്പടിയിലെ ചില വ്യവസ്ഥകൾ 1766 ജൂലൈ മൂന്നാം തീയതി മദ്രാസ് രാജാവ് കമ്പനിക്കയച്ച എഴുത്തിൽ ചേർത്തിട്ടുണ്ട്. "അവരെ പുനർ വാഴിക്കുന്നതിനു പകരമായി അവരുടെ രാജ്യത്തിന്റെ ഏതുഭാഗമായും കമ്പനി നടത്തായി ഒരു വെടിപ്പാടകലെ കോട്ട കെട്ടുന്നതിന് സ്ഥലം നൽകുവാനും കണ്ടിക്ക് 70 ഉറുപ്പിക വച്ച് അവരുടെ നാട്ടിലെ കുരുമുളക് മുഴുവൻ നൽകുന്നതിനും ഈ രാജാക്കന്മാർ സമ്മതിക്കുന്നു"വെന്നാണ് രാജാവ് എഴുതിയിരുന്നത്[32].

ഒരാൾ യുദ്ധത്തിൽ പിടിച്ചെടുത്ത രാജ്യം ചില വ്യവസ്ഥകൾക്ക് വിധേയമായി പരാജിതനുതന്നെ തിരിച്ചു നൽകുക എന്നതാണ് അന്നുവരെ കേരളത്തിൽ പതിവുണ്ടായിരുന്നത്. ഈ പതിവിനു വിരുദ്ധമായി ഹൈദരുടെ നടപടിയാണ് മലബാർ രാജാക്കന്മാരെ ഏററവുമധികം പീഡിപ്പിച്ചത്. ഒരു നാട്ടുരാജാവായിരുന്നെങ്കിലും അന്യമതക്കാരനായ ആലി രാജാവിനെ കോലത്തിരിരാജ്യത്തിന്റെ ഭരണമേല്പിച്ചപ്പോൾ അത് കൂടുതൽ വേദനാജനകമായ ഒരനുഭവമായിത്തീർന്നു. ഗതാഗത–വാർത്താ വിനിമയ സൗകര്യങ്ങളുടെ കുറവും കാലവർഷംമൂലമുണ്ടായ അനുകൂല പരിതസ്ഥിതികളുമാണ് മലബാർ രാജാക്കന്മാരെ ലഹളയ്ക്കു പ്രേരിപ്പിച്ചത്. ഇംഗ്ലീഷുകാരിൽ അവർ ഒരു വിശ്വസ്ത സുഹൃത്തിനെയും കണ്ടെത്തി. ഇംഗ്ലീഷുകാർ ഈ രാജാക്കന്മാർക്കു ചെയ്തുകൊണ്ടിരുന്ന സഹായങ്ങളിൽ ഹൈദരാലിയും[33] അദ്ദേഹത്തിന്റെ കാലശേഷം ടിപ്പുസുൽത്താനും[34] എതിർപ്പു പ്രകടിപ്പിക്കുകയുണ്ടായിട്ടുണ്ട്. ഇംഗ്ലീഷുകാർ ഈ രാജാക്കന്മാർക്ക് അഭയം നൽകുകയും[35] രാജ്യത്ത് കുഴപ്പങ്ങളുണ്ടാക്കുന്നതിൽ ഇവരെ കരുവാക്കി ഉപയോഗിക്കുകയും ചെയ്തു. ഇംഗ്ലീഷുകാർ മൈസൂറിനെതിരായി മലബാർ രാജാക്കന്മാരെ സഹായിക്കുന്നു എന്നുള്ളത് ടിപ്പുസുൽത്താന്റെ ഒരു സ്ഥിരം പരാതിയായിരുന്നു[36]. ആംഗ്ലോ–മൈസൂർ യുദ്ധങ്ങളുടെ ഫലമായി ഓരോ ഘട്ടത്തിലും ഇത്തരം ലഹളകൾ എങ്ങനെയാണ് കത്തിപ്പൊക്കിയതെന്നു് ഈ പുസ്തകത്തിൽ തുടർന്ന് വിവരിക്കുന്നുണ്ട്. എതായാലും, ഇത്തരം

32. അഞ്ചുതെങ്ങ് ഡയറി, പേജ് 297–98.
33. ഫോറിൻ സീക്രട്ട് ഡിപ്പാർട്ടുമെന്റ്, പ്രൊസീഡിംഗ്സ്, 1 24, സെപ്തംബർ, 1788.
34. പി. ആർ. സി., നമ്പർ 37, എ.
35. മിലിട്ടറി കൺസൽട്ടേഷൻസ്, ജനുവരി 1, 1790, വാല്യം 133 എ, ജോയിന്റ് കമ്മീഷണർമാരുടെ റിപ്പോർട്ട്, ഖണ്ഡിക 18.
36. സീക്രട്ട് പ്രൊസീഡിംഗ്സ്, ഡിസംബർ 1789. എസ്. നമ്പർ, 96 എ, ടിപ്പു [illegible], പേജ് 2901, [illegible] നവംബർ 11, 1789, ടിപ്പു [illegible], പേജ് 2977 3070.

ലഹളകളെ സ്വാതന്ത്ര്യസമരം എന്നൊക്കെ നമ്മുടെ ചില ചരിത്രകാരന്മാർ ചിത്രീകരിക്കുന്നത് വസ്തുതകൾക്ക നിരക്കാത്തതാണ്. കാരണം മൈസൂർ ഭരണാധിപന്മാരുടെ പരാജയംമൂലമുണ്ടാകുന്ന ഒഴിവിൽ കടന്നു കൂടി ആധിപത്യം സ്ഥാപിക്കുന്നതു് ഇംഗ്ലീഷുകാരായിരിക്കുമെന്നുള്ളത് തീർച്ചയാണല്ലൊ.

ലഹളക്കാരെ അമർത്തിയശേഷം അനേകം നായർ യോദ്ധാക്കളെ ഹൈദരാലി കൂട്ടക്കൊല ചെയ്തതായും പറയുന്നുണ്ട്[37]. ഹൈദർ ഷായുടെയും മററും ചരിത്രമെഴുതിയ ഗ്രന്ഥകാരനാകട്ടെ മറെറാരാരോപണവും കൂടി ഉന്നയിക്കുന്നു. അതായത്, ‘‘നായന്മാരുടെ എല്ലാ അവകാശങ്ങളും എടുത്തു കളഞ്ഞുകൊണ്ടും, അന്നുവരെ ബ്രാഹ്മണർ കഴിഞ്ഞാൽ അടുത്ത മുന്തിയ ജാതിക്കാരായ അവരെ ഇനിമുതൽ ഏററവും താഴ്ന്ന ജാതിക്കാരായി കണക്കാക്കണമെന്നു് ആവശ്യപ്പെട്ടുകൊണ്ടും, ഇന്നുവരെ താഴ്ന്ന ജാതിക്കാർ നായന്മാരെ കാണുമ്പോൾ ചെയ്യാറുണ്ടായിരുന്നതുപോലെ ഇനിമുതൽ പറയർ മുതലായ താഴ്ന്ന ജാതിക്കാരെ കാണുമ്പോൾ നായന്മാർ സാഷ്ടാംഗം നമസ്കരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടും, മററു ജാതിക്കാരെ ആയുധം കൊണ്ടുനടക്കാൻ അനുവദിച്ചുകൊണ്ടും അതേ സമയം ഇതുവരെ നായന്മാരുടെതായിരുന്ന ഈ അവകാശം അവർക്കു നിഷേധിച്ചുകൊണ്ടും ഹൈദർ ഒരു രാജകീയ ശാസനം പുറത്തിറക്കിയിരുന്നു’’എന്നു്. ‘‘ഇത്രമേൽ തരംതാഴ്ത്തപ്പെടുന്നതിനേക്കാൾ മരണം സ്വീകാര്യമായി കരുതിയിരുന്ന നായന്മാരെ ഇങ്ങനെ കീഴ്പ്പെടുത്തുവാനൊക്കുകയില്ലെന്നു മനസ്സിലായപ്പോൾ ഇസ്ലാംമതം സ്വീകരിക്കുന്ന നായന്മാർക്കു് ഈ അവകാശമെല്ലാം വീണ്ടും അനുഭവിക്കാ’’മെന്നു പ്രഖ്യാപിക്കുന്ന മറെറാരു ശാസനംകൂടി അദ്ദേഹം പുറപ്പെടുവിക്കുകയുണ്ടായി[38] എന്നും ഈ ഗ്രന്ഥകാരൻ തുടർന്നു പറയുന്നുണ്ട്.

ഈ ശാസനങ്ങളുടെ ആധികാരികത ഈ വിഷയത്തെ സംബന്ധിച്ചെഴുതിയ കേരളചരിത്രകാരന്മാർ ചോദ്യം ചെയ്യാതെ സ്വീകരിക്കുകയാണു് ചെയ്തതു്. സാമൂഹ്യപരിഷ്കരണം ലക്ഷ്യമാക്കിയാണ് ഇത്തരം ഒരു ശാസനം ഹൈദർ പുറപ്പെടുവിച്ചതെന്നു് ഒരു വിഭാഗക്കാർ പറയുമ്പോൾ, മതഭ്രാന്തിന്റെ തികഞ്ഞ ലക്ഷണമായി മററുചിലർ ഇതിനെ വ്യാഖ്യാനിക്കുന്നു. എന്നാൽ ലഭ്യമായ ആധികാരിക രേഖകൾ മുഴക്കെ പരിശോധിച്ച ശേഷം മനസ്സിലാകുന്നതു് ‘‘ഹൈദർ ഷായുടെയും മററും ചരിത്രം’’ എഴുതിയ ആളുടെ ഭാവനയിൽനിന്നും ഉടലെടുത്തതാണു് ഈ ശാസനങ്ങൾ എന്നുമാത്രമാണു്. കാരണം സമകാലികരായ എഴുത്തുകാരാരും ഇത്തരമൊരു ശാസന

---

37. ഹേററിൻ (മിസ.), എസ്. നമ്പർ 56, ഭാഗം ഒന്നു്.
    വിൽക്സ്, വാല്യം 5, പേജ് 293.
38. എം. എം. ഡി. എൽ. ററി., പേജ് 80.

തെക്കുറിച്ച് പറയുന്നില്ല. ഇത്തരമൊന്നുണ്ടായിരുന്നെങ്കിൽ വളരെ സന്തോഷത്തോടുകൂടി അതു് കൊട്ടിഘോഷിക്കുമായിരുന്ന കിർമാണി ഇതിനെക്കുറിച്ച് ഒരക്ഷരംപോലും പറയുന്നില്ല. മറിച്ചായിരുന്നെങ്കിൽ മതതല്പരതയുടെ ഉത്തമോദാഹരണമായി കിർമാണി അത് എടുത്തു കാണിക്കുമായിരുന്നു. ഡച്ചുഗവർണറായ മോയൻസ് ആണ് ഇക്കാര്യത്തിൽ ശ്രദ്ധിക്കപ്പെടേണ്ട മറെറാരു സുപ്രധാന എഴുത്തുകാരൻ. മലബാർ തീരത്തെ ഭരണത്തെക്കുറിച്ചുള്ള മെമ്മോറാണ്ടം എഴുതിയ മോയൻസിൻെറ ശ്രദ്ധയിൽനിന്ന് ഇത്തരമൊരു ശാസനം തെന്നിപ്പോകുമായിരുന്നില്ല എന്നത് തീർച്ചയാണ്. മോയൻസ് ഹൈദരാലിയുടെ ഒരു ജീവചരിത്രംകൂടി എഴുതിയിട്ടുണ്ടെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഇതിലും ദുഷ് പ്രചാരണത്തിന് അവലംബമായ ഈ ശാസനങ്ങളെക്കുറിച്ച് ഒന്നും പറഞ്ഞു കാണുന്നില്ല. തലശ്ശേരി ഫാക്ടറിയിലെ ദ്വിഭാഷി ഇക്കാലത്തെ മലബാർ കാര്യങ്ങളുടെ മറെറാരു പ്രധാന വക്താവാണ്. തൻെറ മേധാവികൾക്ക് അദ്ദേഹം എഴുതുന്ന എഴുത്തുകളിൽ നാട്ടിൽ നടക്കുന്ന നിസ്സാരസംഭവങ്ങളെക്കുറിച്ചുകൂടി അദ്ദേഹം പ്രതിപാദിക്കാറുണ്ട്. പക്ഷേ ഈ ദ്വിഭാഷിയും ഇത്തരമൊരു ശാസനത്തെക്കുറിച്ച് സൂചിപ്പിക്കുകപോലും ചെയ്യുന്നില്ല. അങ്ങനെ നോക്കുമ്പോൾ മൈസൂർഭരണകാലത്തെ, മതഭ്രാന്തിൻെറയും കപാലികത്വത്തിൻെറയും ഭരണകാലമായി ചിത്രീകരിക്കുവാൻ ഉദ്യുക്തനായ ഏതോ ഒരാളുടെ ബുദ്ധിയിൽനിന്നും ഉദിച്ചതാണ് ഈ ശാസനങ്ങൾ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. എല്ലാ കേരളചരിത്രകാരന്മാരും പ്രാമാണികമായ തെളിവുകളൊന്നും കൂടാതെ ഈ ആരോപണങ്ങൾ തികച്ചും ശരിയാണെന്ന് വിശ്വസിക്കുകയാണുണ്ടായത്. തങ്ങളുടെ പഠനങ്ങൾക്ക് തികച്ചും ആശ്രയിക്കാവുന്ന ഒരു ആധികാരിക ചരിത്രകാരനായി 'ഹൈദർ ഷായുടെയും മററും ചരിത്രം' എഴുതിയ അജ്ഞാത ഗ്രന്ഥകാരനെ, ഈ കാലഘട്ടത്തെക്കുറിച്ച് പ്രതിപാദിച്ച കേരള ചരിത്രകാരന്മാർ സ്വീകരിച്ചു എന്നുള്ളതാണ് അവർക്കും അടിസ്ഥാനപരമായി ഇത്തരം പ്രമാദം പററുവാൻ ഹേതുവായത്. സത്യത്തെ മിഥ്യയിൽനിന്നും വേർതിരിച്ചുകാണാനുതകുമാറ് ഈ വിഷയത്തെക്കുറിച്ച് സത്യസന്ധമായും ശാസ്ത്രീയമായും അന്വേഷിക്കുവാൻ നമ്മുടെ ചരിത്രകാരന്മാർ മിനക്കെട്ടില്ല.

ഈ ശാസനങ്ങൾ ദുരുദ്ദേശ്യപരമായി മെനഞ്ഞെടുക്കപ്പെട്ടവയാണെന്ന് ഇവയെ ഒന്നുകൂടി സൂക്ഷ്മമായി പരിശോധിച്ചാൽ വ്യക്തമാകുന്നതാണ്. സ്വന്തം മതത്തിലേയ്ക്ക് ആളുകളെ ആകർഷിക്കുവാനുള്ള ഉദ്ദേശ്യമാണ് ഹൈദരാലിക്കുണ്ടായിരുന്നതെന്ന് തെളിയിക്കാൻവേണ്ടി അദ്ദേഹത്തിൻെറ മേൽ മററുള്ളവർ അടിച്ചേല്പിച്ചതാണ് ഈ രണ്ടു ശാസനങ്ങളും. മതപരിവർത്തനത്തിന് ആളെ കിട്ടുകയായിരുന്നു ഹൈദരാലിയുടെ ഉദ്ദേശ്യമെങ്കിൽ അതിൽ ആദ്യത്തെ ശാസനം തന്നെ മതിയായിരുന്നല്ലൊ? മതപരിവർത്തനം ചെയ്യപ്പെട്ട ഒരു നായർ, നായരല്ലാതായിത്തീരുന്നു എന്നതുകൊണ്ട് 'അവ

കാരണങ്ങൾ എടുത്തുകളയപ്പെട്ട നായന്മാ'രുടെ പട്ടികയിൽ അയാളുൾപ്പെട്ടിരുന്നില്ല. അതുകൊണ്ടുതന്നെ രണ്ടാമത്തെ ശാസനം അർത്ഥശൂന്യമായിത്തീരുന്നു.

ലഹള അടിച്ചമർത്തിയശേഷം പാലക്കാട്ട് ഒരു കോട്ട പണിയുന്നതിനാണ് ഹൈദർ പിന്നീട് ശ്രമിച്ചതു്. പാലക്കാട് ചുരത്തിൻെറ മദ്ധ്യഭാഗമാണ് ഇതിനുവേണ്ടി തിരഞ്ഞെടുത്ത സ്ഥലം. പുതുതായി പിടിച്ചെടുത്ത സ്ഥലവുമായി എളുപ്പത്തിൽ ബന്ധപ്പെടുവാൻ പററിയ സ്ഥലമാണിത്. ഇവിടെ ഒരായുധശാലയും നിർമ്മിക്കപ്പെട്ടു[39]. കോട്ടയുടെ പണി നടന്നുകൊണ്ടിരുന്ന സമയത്താണ് ഇംഗ്ലീഷുകാരുടെ സഹായത്തോടെ നിസാമും, മറാത്തി ഭരണാധിപനുംകൂടി മൈസൂർ ആക്രമിക്കാൻ തുനിയുന്നതായി ഹൈദർ അറിഞ്ഞതു്. ഉടനെതന്നെ അദ്ദേഹം മലബാറിൽ നിന്നും മൈസൂറിലേയ്ക്കു തിരിച്ചുപോയി. ഇതിനുശേഷം ഒന്നാം മൈസൂർ യുദ്ധം ആരംഭിക്കുന്നതുവരെ മലബാറിൽ കാര്യമായ കുഴപ്പങ്ങളൊന്നും ഉണ്ടായില്ല. യുദ്ധം ആരംഭിച്ചപ്പോൾ ഇംഗ്ലീഷുകാരുടെ കുതന്ത്രങ്ങളുടെ ഫലമായി മലബാറിലെ സ്ഥാനഭ്രഷ്ടരാക്കപ്പെട്ട ചില തലവന്മാർ ഇംഗ്ലീഷുകാരെ സഹായിക്കുവാൻ മുതിർന്നു[40] എന്നാൽ 'മലബാർ മാനുവലി''ൻെറയും 'ഗസററിയറു'കളുടെയും കർത്താക്കൾക്ക് ഇക്കാര്യത്തെക്കുറിച്ച് മറെറാരു കഥയാണ് പറയാനുള്ളത്. മലബാറിനെ സംബന്ധിച്ച് വളരെയധികം വിവരങ്ങൾ നൽകുന്നതാണ് 'മലബാർ മാനുലും,' 'ഗസററിയറും'. ലോഗൻ പറയുന്നതു നോക്കുക:– ''ഈ ഉദ്ദേശ്യത്തിനുവേണ്ടി (തിരുവിതാംകൂർ ആക്രമിക്കുന്നതിനുവേണ്ടി) പറഞ്ഞയക്കപ്പെട്ട ഒരു സേന പരാജയപ്പെടുകയും ഈ പരാജയം മലബാറിൽ ഒരു പൊതു കലാപത്തിന് വഴി ഒരുക്കിയതുമായിട്ടാണ് തോന്നുന്നത്''[41]. ''തിരുവിതാംകൂർ രാജാവിനെ നേർവഴിക്കു കൊണ്ടുവരുവാൻ ഹൈദർ അയച്ച സൈന്യം പരാജയപ്പെട്ടത് മറെറാരു പൊതുകലാപത്തിന് ഇടവരുത്തി''[42] എന്നാണ് ഇന്നസ് പറയുന്നത്. 1768–ൽ ഉണ്ടായ കലാപത്തിൽ ഇംഗ്ലീഷുകാർക്കുണ്ടായ പങ്ക് മറച്ചുവയ്ക്കാനാണ് ഇവിടെ ലോഗനും ഇന്നസും ശ്രമിക്കുന്നത്. 'തിരുവിതാംകൂർ സ്റ്റേററ് മാനുവലി'ൻെറ കർത്താക്കൾ തിരുവിതാംകൂർ മഹാരാജാവിനെക്കുറിച്ച് വളരെ സ്തുതിച്ചു പറയുന്നുണ്ടെങ്കിലും ഇത്തരം ഒരു വിജയത്തെക്കുറിച്ച് അവർ പ്രതിപാദിക്കുന്നില്ല. ഇങ്ങനെയൊരു സംഭവമുണ്ടായിട്ടുണ്ടെങ്കിൽ 'സ്റ്റേററ് മാനുവലി'ൻെറ കർത്താക്കൾ അത് ചൂണ്ടിക്കാണിക്കുവാൻ മറന്നുപോകുമായിരുന്നില്ല. മാത്രവുമല്ല,

39. കോഴിക്കോട് ആർക്കൈവ്സ് രേഖകൾ, 1670/ഡി. 250, പേ. 135.
40. ടിപ്പുസുൽത്താൻ, പേജ് 230.
41. ലോഗൻ, വാല്യം 1, പേജ് 414.
42. ഇന്നസ്, വാല്യം 1, പേജ് 63.

ഇത്തരം ഒരു സംഭവത്തെക്കുറിച്ചു് മലബാർ കമ്മിഷണർമാരുടെ റിപ്പോർട്ടിലോ, മോയൻസിൻെറയോ, ബുക്കാനൻെറയോ വിവരണങ്ങളിലോ സൂചിപ്പിച്ചു കാണുന്നുമില്ല. ഇതിനെല്ലാമുപരി, ഹൈദറുടെയും ടിപ്പുവിൻെറയും ക്രൂരതകളെക്കുറിച്ചു് വിശദീകരിക്കുവാൻ ഒരിക്കലും മടികാണിച്ചിട്ടില്ലാത്ത, ആധികാരികമെന്നു് ഏവരും പാടിപ്പുകഴ്ത്തുന്ന 'ഹൈദർഷായുടെയും മററും ചരിത്രം' എഴുതിയ ആൾ ഇതേക്കുറിച്ചു് യാതൊരു വിവരവും നൽകുന്നില്ല. തിരുവിതാംകൂർ 'സന്ദർശിക്കാനുള്ള' ഹൈദരാലിയുടെ ശ്രമങ്ങളെക്കുറിച്ചു് ഈ ഗ്രന്ഥകാരൻ കൂടെക്കൂടെ പറയാറുണ്ടെങ്കിലും ഇംഗ്ലീഷുകാർ ഈ ഉദ്ദേശ്യം മനസ്സിലാക്കിയതുകൊണ്ടു് തിരുവിതാംകൂറിലേയ്ക്കുള്ള സൈനികനീക്കം നിർത്തിവയ്ക്കേണ്ടിവന്നു[43] എന്നാണു് തുടർന്നു പറയുന്നതു്. 1781—ൽ തൻെറ മെമ്മോറാണ്ടം എഴുതിയ ഡച്ചു ഗവർണർ പറയുന്നതിങ്ങനെയാണു്: "1766 ഒക്ടോബർ മാസത്തിൽ അദ്ദേഹം തിരുവിതാംകൂറും കൊച്ചിയും ആക്രമിക്കുവാൻ പോകുകയാണെന്നു് ഞങ്ങൾ വിചാരിച്ചു". എന്നാൽ 1767 ജനുവരിയിൽ മറാത്തികളും നിസാം അലിയും ചേർന്നു് മൈസൂർ ആക്രമിക്കാൻ മുതിരുന്നതായി അദ്ദേഹമറിഞ്ഞു[44]. ഉടൻതന്നെ അദ്ദേഹം തൻെറ സൈന്യത്തോടൊപ്പം ശ്രീരംഗപട്ടണത്തേയ്ക്കു മടങ്ങുകയും അവിടെ ശത്രുക്കൾ അദ്ദേഹത്തെ വളയുകയും ചെയ്തു[45]. ലോഗനും അദ്ദേഹത്തെത്തുടർന്നു് ഇന്നസും തങ്ങളുടെ അഭിപ്രായത്തെ പിന്താങ്ങുന്ന ആധികാരിക രേഖകളൊന്നും ഉദ്ധരിക്കാത്തതിനാൽ അവരുടെ അഭിപ്രായം നമുക്കു തള്ളിക്കളയാവുന്നതേയുള്ളു.

ഒന്നാം മൈസൂർ യുദ്ധത്തിനിടയ്ക്കു് ഇംഗ്ലീഷുകാർ കണ്ണൂർ കോട്ട വളഞ്ഞതിനെത്തുടർന്നു്[46] മലബാറിലെ മൈസൂർ ആധിപത്യത്തിനു് ഒരു കനത്ത പ്രഹരമേൽക്കുകയുണ്ടായി. ഈ യുദ്ധത്തിൻെറ ആദ്യഘട്ടത്തിലുണ്ടായ മംഗലാപുരത്തിൻെറ പതനവും[47] മൈസൂർ സൈന്യത്തിൻെറ പരാജയങ്ങളും[48] ഹൈദരാലിയുടെ ശക്തി ക്ഷയിച്ചുവരുന്നതിൻെറ സൂചനയായി മലബാറിലെ രാജാക്കന്മാർ കണക്കാക്കി. തന്മൂലം ഇംഗ്ലീഷുകാരുടെ ഇംഗിതത്തിനനുസരിച്ചു് ആടുന്ന പാവകളായി വർത്തിക്കുകയാണവർ ചെയ്തതു്. "1768 മാർച്ചു് 3—ാം തീയതി കോലത്തുനാട്ടിലേയും കോട്ടയത്തേയും രാജാക്കന്മാർ 1700 നായന്മാരോടുകൂടി (നമ്മോടു്) കൂടാ

---

43. ജോയിൻറു് കമ്മിഷണർമാരുടെ റിപ്പോർട്ടു്, ഖണ്ഡിക 21.
44. ഫോറിൻ (പൊളിററിക്കൽ), സെലക്ടു് കമ്മിററി, 67 (12, 60—61, 30, 77—79)
45. മോയൻസു്, പേജ് 154.
46. ടി. 68 (14, 151—153, 15, 259—64)
47. ടി. 69, വാല്യം 12, പേജ് 415.
48. ടി.68 (14, 151—53, 264—65, 15, 259—64, 451—52)

മെന്നു സമ്മതിച്ചു'' എന്നാണ് ലോഗൻ പറയുന്നത്[49]. ഇംഗ്ളീഷുകാരും മലബാറിലെ സ്ഥാനഭ്രഷ്ടരാക്കപ്പെട്ട രാജാക്കന്മാരുമായി ഉണ്ടായ ഈ വേഴ്ചയെപ്പററി ''ഹൈദർഷായുടെയും മററും ചരിത്രം'' എഴുതിയ ഗ്രന്ഥകാരൻ പറയുന്നതിപ്രകാരമാണ്: ''ഇംഗ്ലീഷുകാർ കലാപമാരംഭിക്കുവാൻ മലബാർതീരത്തെ ജനങ്ങളെ പ്രേരിപ്പിച്ച് ഈ രാജ്യം ഉപേക്ഷിക്കുവാൻ അദ്ദേഹത്തെ നിർബന്ധിതനാക്കാമെന്നു കരുതി''[50]. മലബാറിലെ കലാപകാരികളെ സഹായിക്കുകയും അതേ സമയം തന്നെ ഹൈദരാലിയോട്ടുറന്ന ഒരു സംഘട്ടനത്തിന് മുതിരാതിരിക്കുകയുമായിരുന്നു ഇംഗ്ലീഷുകാരുടെ നയം. തലശ്ശേരിയിലെ കമ്പനി അധികാരികൾ കണ്ണൂർ കോട്ട വളഞ്ഞതിനെത്തുടർന്ന് ബോംബെ കൗൺസിൽ പ്രകടിപ്പിച്ച അഭിപ്രായത്തിൽ നിന്നും ഇക്കാര്യം വ്യക്തമാകുന്നുണ്ട്. ആ അഭിപ്രായമിപ്രകാരമാണ്: ''മന:പൂർവ്വമായും എന്നാൽ ബുദ്ധിശൂന്യമായും ഈ സമയത്ത് ഇങ്ങനെ ചെയ്തത് നമ്മെ വളരെയധികം വിഷമത്തിലാക്കിയിരിക്കുന്നു''[51]. പക്ഷെ, ഈ സംയുക്തസൈന്യത്തെ ആലിരാജാവ് പിന്തിരിപ്പിക്കുകയുണ്ടായി[52]. ഈ സ്ഥലം പിടിക്കുക അത്ര എളുപ്പമല്ലെന്നു മനസ്സിലായതിനെത്തുടർന്ന് പ്രസ്തുത പരിപാടി അവർ ഉപേക്ഷിക്കുകയാണുണ്ടായത്[53].

ഒന്നാം മൈസൂർ യുദ്ധം ഇതിനിടെ ഹൈദരാലിക്ക് അനുകൂലമായി തിരിഞ്ഞു. മംഗലാപുരം തിരിച്ചുപിടിച്ചതും,[54] ഇംഗ്ളീഷ് സൈന്യത്തിന്റെ സർവ്വവും വെടിഞ്ഞുകൊണ്ടുള്ള പിൻതിരിഞ്ഞോട്ടവും ഇന്ത്യയിലെ ഇംഗ്ളീഷ് സേനയുടെയാകെ ധാർമ്മികശക്തി നശിപ്പിച്ചതിനുപുറമെ മലബാറിൽ തങ്ങളുടെ അധികാരം വീണ്ടെടുക്കാമെന്ന പ്രതീക്ഷയിൽ അവരെ സഹായിച്ച നായന്മാരെയും നിരാശാഭരിതരാക്കി[55]. നാല്പത്തൊന്നു് പീരങ്കികളും 200 യൂറോപ്യന്മാരും, 1,200 പട്ടാളക്കാരുമുണ്ടായിരുന്ന കോട്ട ഉപേക്ഷിച്ച് പിന്തിരിഞ്ഞോടിയത് ''ലജ്ജാകരമായ ഒരു പിൻമാററമായിരുന്നു'' എന്ന് വിഷമത്തോടുകൂടിയാണെങ്കിലും വിൽക്സ് പറയുന്നുണ്ട്. രോഗികളും മുറിവേററവരുമായ 80 യൂറോപ്യന്മാരും 180 ശിപായികളുമടക്കം

49. ലോഗൻ, വാല്യം 1, പേജ് 415.
50. എം. എം. ഡി. എൽ. ററി., പേജ് 136.
51. ഫോറിൻ, ഹോം ഡിപ്പാർട്ടുമെൻറ്, 1756–80, കൺസൾട്ടേഷൻസ്, നമ്പർ, ഡബ്ലിയു.
52. ഫോറിൻ, പൊളിററിക്കൽ, സെലക്ട് കമ്മിററി, 68 (14, പേജ് 703–84, 1518, പേജ് 483–84).
53. ലോഗൻ, വാല്യം 1, പേജ് 415.
54. ഫോറിൻ, പൊളിററിക്കൽ സെലക്ട് കമ്മിററി, വാല്യം 14, പേജ് 262, 290–92, 335–36.
55. മേൽരേഖ 68, (14, 290, 15 എ, 497–98)

മിക്കവാറും എല്ലാ യുദ്ധസാമഗ്രികളും ഉപേക്ഷിച്ചുകൊണ്ടുള്ള ആ പിൻതിരിഞ്ഞോട്ടം ലജ്ജാവഹമായിരുന്നു എന്നാണ് വിൽക്സ് പരിതപിക്കുന്നത്[56].

'ഹൈദർ ഷായുടെയും മററും ചരിത്ര'മെഴുതിയ ആൾ മംഗലാപുരം കോട്ട തിരിച്ചുപിടിച്ച സംഭവത്തിനു ദൃക്സാക്ഷിയായിരുന്നതായി പറയുന്നുണ്ട്. ഇംഗ്ളീഷുസൈന്യത്തിൻെറ എണ്ണത്തെക്കുറിച്ച് അദ്ദേഹം പറയുന്നതിങ്ങനെയാണ്: 'ഒരു ജനറലും 46 ഓഫീസർമാരും 680 ഇംഗ്ലീഷ് പടയാളികളും 6,000 ശിപായികളും അവരുടെ സകല ആയുധങ്ങളോടുംകൂടിയാണ് ഇങ്ങനെ പിടിക്കപ്പെട്ടത്'[57]. എന്നാൽ പ്രൊഫസ്സർ മൊഹിബ്ബുൾ ഹസ്സൻഖാനും പ്രൊഫസ്സർ സിൻഹയും വിൽക്സിനോടു യോജിക്കുകയാണ് ചെയ്യുന്നത്. പക്ഷേ, വിൽക്സ് യഥാർത്ഥത്തിൽ ഇംഗ്ളീഷുകാർക്കേററ പരാജയത്തിൻെറ കാഠിന്യം കുറച്ചു കാണിക്കുകയാണ്. വിൽക്സ് പറയുന്നതിലും വലിയൊരു സംഖ്യയാണ് മോയൻസും പറയുന്നത്[58]. ഇംഗ്ലീഷ് സൈന്യം ഓടിയൊളിച്ചതിനെ ഏററവും അവജ്ഞാപൂർവ്വം ചിത്രീകരിക്കുന്ന ഇംഗ്ലീഷ് ചരിത്രകാരന്മാരെല്ലാംതന്നെ ഈ സംഭവംമൂലം അവർക്കുണ്ടായ മനഃപീഡ വ്യക്തമാക്കുന്നുണ്ട്. അങ്ങനെ, മംഗലാപുരത്തുവന്ന ബോംബെ സൈന്യം പററെ പരാജയപ്പെടുകയും അവർക്ക് വലുതായ കഷ്ടനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്തു. 'അപഹാസ്യമായ തിടുക്കത്തിലുള്ള'[59] ഈ പിന്മാററം മൂലം മലബാറിൻെറ മററു ഭാഗങ്ങളിൽനിന്നും ഇംഗ്ലീഷുകാരെ തുരത്തുവാൻ ഹൈദരാലിക്കു സാധിച്ചു.

ഈ പരിതസ്ഥിതിയിൽ നിസ്സഹായരായ മലബാർ രാജാക്കന്മാർ ഡച്ചുകാരുടെയും ഫ്രഞ്ചുകാരുടെയും സഹായത്തോടെ സിവിൽ ഗവർണറായ മദണ്ണയെ സമീപിക്കുകയും തങ്ങളുടെ വിധേയത്വം അംഗീകരിച്ച് സാമന്തന്മാരായി പുനർവാഴിക്കുവാൻ അഭ്യർത്ഥിക്കുകയും ചെയ്തു[60]. 'ഹൈദർ അലിയും നായർ രാജാക്കന്മാരുമായുള്ള അഭിപ്രായവ്യത്യാസം പറഞ്ഞൊതുക്കുവാൻ മാഹിയിലെ ഫ്രഞ്ചുതലവനും കൊച്ചിയിലെ ഡച്ചുകാരും വിജയപൂർവ്വം ശ്രമിക്കുകയുണ്ടായി'[61]. കൂടിയാലോചന വിജയിക്കുകയും ഈ രാജാ

56. വിൽക്സ്, ഹിസ്റേറാറിക്കൽ സ്കെച്ചസ്, വാല്യം 1, പേജ് 608.
57. എം. എം. ഡി. എൽ. ററി., പേജ് 235.
58. മോയൻസ്, പേജ് 155.
59. ലോഗൻ, വാല്യം 1, പേജ് 416.
60. ജോയിൻറ് കമ്മിഷൻ റിപ്പോർട്ട്, ഖണ്ഡിക 21.
61. എം. എം. ഡി. എൽ. ററി., പേജ് 147.

ക്കന്മാരെ പുനർവാഴിക്കാമെന്നു് മദണ്ണ സമ്മതിക്കുകയും ചെയ്തു[62]. യുദ്ധച്ചെലവും[63] വർഷംതോറും കപ്പവും കൊടുക്കണമെന്നായിരുന്ന വ്യവസ്ഥ[64]. അങ്ങനെ 1768—ൽ മൈസൂർ സൈന്യം മലബാർ വിടുകയും [65] ഇംഗ്ലീഷുകാരുമായുള്ള യുദ്ധത്തിൽ മററു സൈന്യവിഭാഗങ്ങളുടെ സഹായത്തിനെത്തുകയും ചെയ്തു.

ഇക്കാര്യത്തിൽ ഹൈദർ പ്രദർശിപ്പിച്ച രാഷ്ട്രീയ നയചാതുരിയെക്കുറിച്ചും നമ്മുടെ ചരിത്രകാരന്മാർക്കിടയിൽ ഭിന്നാഭിപ്രായങ്ങളാണുള്ളതു്. ''മററൊരു വിധത്തിലും രക്ഷപ്പെടുവാൻ കഴിയാതിരുന്ന ഹൈദറുടെ സംസ്ഥാനസേനക്കു് സുരക്ഷിതമായി മടങ്ങുവാൻ സാധിച്ചു എന്നു മാത്രമല്ല, മലബാർ രാജാക്കന്മാർ സ്വാതന്ത്ര്യത്തിൻെറ വിലയായി സന്തോഷസമേതം നൽകിയ [66] ധാരാളം ധനവും അവർക്കു നേടുവാൻ കഴിഞ്ഞു''[67]. എന്നാൽ നായന്മാരെ കീഴടക്കുവാൻ കഴിയുകയില്ലെന്നു ബോധ്യം വന്നതിനാലാണു് ഹൈദർ സന്ധിസംഭാഷണത്തിനു തയ്യാറായതും അവസാനം അവരെ പുനർവാഴിച്ചതുമെന്നാണു് കെ. എം. പണിക്കർ പറയുന്നതു്[68]. വിൽക്സ് പറയുന്നതുപോലെ ഹൈദരാലിയെ സമാധാനസംഭാഷണത്തിനു പ്രേരിപ്പിക്കുംവിധം 'മൈസൂർ സൈന്യത്തിൻെറ നാശത്തെക്കുറിച്ചു'' ഭയപ്പെടുവാൻ മലബാറിൽ ഇക്കാലത്തു് പ്രത്യേകിച്ചു് യാതൊരു സംഭവവികാസവുമുണ്ടായിരുന്നില്ല. നായന്മാർ കലാപമുണ്ടാക്കിയാൽ സമാധാനപരമായി മലബാർ ഭരിക്കുവാൻ സാധിക്കുകയില്ലെന്ന ധാരണയാണു് സന്ധിസംഭാഷണത്തിനു് ഹൈദറെ പ്രേരിപ്പിച്ചതെന്ന സർദാർ പണിക്കരുടെ അഭിപ്രായവും യുക്തിക്കു ചേർന്നതല്ല. സമകാലിക എഴുത്തുകാരായ മോയൻസും ബുക്കാനനും ഇതിൽനിന്നും ഭിന്നമായ അഭിപ്രായമാണു് രേഖപ്പെടുത്തിയിരിക്കുന്നതു്. മൈസൂർ യുദ്ധഫലം ഹൈദർക്കു് അനുകൂലമായപ്പോഠം ഗത്യന്തരമില്ലാതെ ഡച്ചുകാരുടെയും ഫ്രഞ്ചുകാരുടെയും സഹായത്തോടെ മലബാർ രാജാക്കന്മാർ സന്ധിക്കു് അപേക്ഷിക്കുകയാണു് യഥാർത്ഥത്തിലുണ്ടായതു്. മാത്രവുമല്ല, കണ്ണൂർ കോട്ട പിടിക്കാൻ ഇംഗ്ലീഷുകാരും ഈ രാജാക്കന്മാരും ചേർന്നു നടത്തിയ ശ്രമം പരാജയപ്പെട്ടതും കാര്യ

---

62. സെലക്ട് കമ്മിററി, 1768, വാല്യം 14, പേജ് 290.
63. ജോയിൻറ് കമ്മിഷൻ റിപ്പോർട്ടു്, പേജ് 290.
64. ഫോറിൻ (മിസ.), എസ്. നമ്പർ 56, ഭാഗം 1, പേജ് 31.
65. ജോയിൻറ് കമ്മിഷൻ റിപ്പോർട്ടു്, ഖണ്ഡിക 31.
66. കടത്തനാട്ടു രാജാവു് മാത്രം 80,000 ഉറുപ്പിക നൽകുകയുണ്ടായി (തലശ്ശേരി ഡയറി, 1768).
67. വിൽക്സ്, പേജ് 333.
68. കെ. എം. പണിക്കർ, പേജ് 345.

ങ്ങൾ ബോധ്യപ്പെട്ടവരും ജേതാവിന്റെ കീഴടങ്ങുവരും അവരെ പ്രേരിപ്പിച്ച വസ്തുതകളാണ്. രാജാക്കന്മാർ ശത്രുത ഉപേക്ഷിക്കാൻ തയ്യാറായപ്പോൾ ഹൈദർ അവരുടെ രാജ്യം തിരിച്ചേൽപ്പിക്കുവാനും തയ്യാറായി. മൈസൂറിയൻ നയത്തിനു തികച്ചും യോജിച്ച ഒരു നടപടിയായിരുന്നു ഇത്. കൊച്ചിരാജാവ് കപ്പം കൊടുക്കാമെന്ന് സമ്മതിച്ചതിനുശേഷം മൈസൂർ ഭരണകർത്താക്കൾ അദ്ദേഹത്തെ ഒരിക്കലും ഉപദ്രവിക്കുകയുണ്ടായിട്ടില്ല[69]. അതുകൊണ്ട് മലബാർ രാജാക്കന്മാരെ പുനർവാഴിച്ചത് രാഷ്ട്രീയമായ എന്തെങ്കിലും വിഷമഘട്ടം തരണം ചെയ്യുവാനായിരുന്നില്ല. കീഴടക്കപ്പെട്ട രാജ്യങ്ങളുടെ നേരെയുള്ള മൈസൂർ സുൽത്താന്മാരുടെ പൊതുനയം ഇതു തന്നെയായിരുന്നു.

മലബാറിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളാണ് സംഘട്ടനത്തിനു മുതിരുവാൻ കലാപകാരികളെ പ്രേരിപ്പിച്ചത്. കാലവർഷക്കാലത്തു നാടിനകത്തുള്ള ഗതാഗതസൗകര്യം പോലും സ്തംഭിക്കുമെന്നതും കാടു, മലകളും നിറഞ്ഞ പ്രദേശങ്ങൾ പതിയിരിക്കുവാൻ പററിയ സ്ഥലങ്ങളായിരുന്നു എന്നതും ഇടക്കിടെ കുഴപ്പങ്ങളുണ്ടാക്കുവാൻ കലാപകാരികളെ പ്രേരിപ്പിച്ചു[70]. മുന്നേറുന്ന ശത്രുസൈന്യത്തിന് ഈ പ്രത്യേകതകൾ പ്രതികൂലവുമായിരുന്നു. എന്നാൽ സായുധസംഘട്ടനങ്ങളെന്ന പേരിൽ ഈ ലഹളകളെല്ലാം തികഞ്ഞ പരാജയങ്ങളായിരുന്നു എന്നുകൂടി പറയേണ്ടതുണ്ട്. സ്പാർട്ടൻ മാതൃകയിൽ പരിശീലിപ്പിക്കപ്പെട്ട നായർസൈന്യത്തിന് ഹൈദറുടെ ശിക്ഷണമുള്ള സൈന്യത്തോട് നിന്നു പൊരുതി നോക്കുവാൻപോലും സാധിച്ചിരുന്നില്ല. മലബാറിലെ ലഹളകളെല്ലാം കാലവർഷക്കാലത്താണും ഉണ്ടായതെന്ന സംഗതി മലബാറിലെ സൈനികപ്രവർത്തനങ്ങളുടെ പൊതുസ്വഭാവം വ്യക്തമാക്കുന്നുണ്ട്.

---

69. ജോയിന്റ് കമ്മിഷൻ റിപ്പോർട്ട്, ഖണ്ഡിക 18.
70. പി. ആർ. സി., നമ്പർ 103, പേജ് 124.

# 4

# ഏകീകരണം

ഒരു നിശ്ചിത സംഖ്യ വർഷംതോറും കപ്പം കൊടുത്തുകൊള്ളാമെന്ന കരാറിൽ ചിറയ്ക്കൽ രാജാവിനെ ഒഴിച്ച്[1] ബാക്കി മലബാർ രാജാക്കന്മാരെ മുഴവൻ പുനർവാഴ്ച നടത്തിയശേഷം 1768 ഡിസംബർ മാസത്തിൽ മൈസൂർ സൈന്യം മലബാറിൽനിന്ന് തിരിച്ചുപോയി[2]. കോലത്തിരി രാജ്യം 1766 മുതൽ തന്നെ കണ്ണൂരിലെ ആലിരാജാവിന്റെ മേൽനോട്ടത്തിലായിരുന്നു[3]. 1774–ൽ മാത്രമേ ചിറയ്ക്കൽ രാജാവിന് അദ്ദേഹത്തിന്റെ രാജ്യം തിരിച്ചുകൊടുത്തുള്ളൂ[4].

ഹൈദർ അടിച്ചേൽപ്പിച്ച വ്യവസ്ഥകൾക്കനുസരിച്ച്[5] ഒന്നാം മൈസൂർ യുദ്ധം 1769 ആദ്യംതന്നെ അവസാനിച്ചെങ്കിലും, തന്റെ രാജ്യത്ത് പ്രവേശിച്ച് രാജ്യത്ത് നാശം വിതറി തലസ്ഥാനമായ ശ്രീരംഗപട്ടണം വരെ എത്തിച്ചേർന്ന മറാത്താ ആക്രമണകാരികളെ ഈയവസരത്തിൽ അദ്ദേഹത്തിനു നേരിടേണ്ടിവന്നു. അവഹേളനപരമായ സന്ധിവ്യവസ്ഥകൾക്ക് സമ്മതം മൂളിക്കൊണ്ടു മാത്രമേ ഇവരുമായി ഒത്തുതീർപ്പിലെത്താൻ അദ്ദേഹത്തിനു സാധിച്ചുള്ളൂ. എന്നാൽ, 1772 നവംബർ മാസത്തിൽ മാധവ റാവു നിര്യാതനായതിനെത്തുടർന്ന് മറാത്താ കേന്ദ്രങ്ങളിൽ ഭിന്നിപ്പ് ഉളവാകുകയും ഈയവസരം മുതലെടുത്തുകൊണ്ട് അദ്ദേഹം തന്റെ നഷ്ടം നികത്തുകയും ചെയ്തു. ''രാഷ്ട്രീയ തന്ത്രജ്ഞനായ ഹൈദർക്ക് ഈ സന്ദർഭം

1. ഫോറിൻ (മിസ.), നമ്പർ 55, പേജ് 21, ഖണ്ഡിക 21.
2. മോയൻസ്, പേജ് 133.
3. ഫോറിൻ (മിസ.), നമ്പർ 55, ഖണ്ഡിക 20.
4. ടി.
5. മെല്ലിസൺ, ജി. ബി., ശ്രീരംഗപട്ടണം, ടിപ്പുവിന്റെ തലസ്ഥാനം.

തനിയ്ക്കനുകൂലമായി ഉപയോഗിക്കാതിരിക്കുവാൻ കഴിയുമായിരുന്നില്ല"[6]. 1773 സെപ്റ്റംബറിനും 1774 ഫെബ്രുവരിക്കും ഇടയ്ക്കുള്ള ആറു മാസക്കാലത്തിനകത്തുതന്നെ ഇംഗ്ലീഷുകാരും മറാത്തക്കാരുമായി ഉണ്ടായ യുദ്ധത്തിൽ തനിക്കു നഷ്ടപ്പെട്ട പ്രദേശങ്ങൾ മുഴുവൻ അദ്ദേഹം വീണ്ടെടുത്തു[7]. ഇതിനിടക്ക് തന്നെ, കപ്പപ്പണം കുടിശ്ശിക വരുത്തിയ മലബാറിലെ രാജാക്കന്മാരുടെ നേരെയും അദ്ദേഹം ശ്രദ്ധ തിരിക്കുകയുണ്ടായി[8]. കൊടുക്കാമെന്നേററ കപ്പം കൊടുക്കുന്നതിൽ വീഴ്ചവരുത്തിയതുകൊണ്ടാണ് ഈ രാജാക്കന്മാരെ അദ്ദേഹം അധികാരത്തിൽനിന്നു പുറത്താക്കിയത്. 1766–ൽ ഹൈദർ മലബാർ വിട്ടതിനുശേഷം 1774 വരെയുള്ള എട്ട് വർഷക്കാലത്തിനിടക്കു കൊടുക്കാമെന്നേററ സംഖ്യയിൽ ഒരു പൈസപോലും സാമൂതിരി കൊടുക്കുകയുണ്ടായില്ല എന്ന് മോയൻസ് രേഖപ്പെടുത്തിയിട്ടുണ്ട്[9]. 'ഹൈദർഷായുടെയും മററും ചരിത്രം' എഴുതിയ ആളും ഈ അഭിപ്രായത്തോട് യോജിക്കുന്നുണ്ട്. 1767–ൽ രാജ്യം അദ്ദേഹത്തെ തിരിച്ചേൽപ്പിച്ചതിനുശേഷം കൊടുക്കാമെന്നേററ സംഖ്യ കൊടുക്കുവാൻ ഈ രാജാവ് (സാമൂതിരി) തയ്യാറായില്ലെന്നാണ് അദ്ദേഹമെഴുതുന്നത്[10]. തൻെറ ചുമതല നിർവ്വഹിക്കുന്ന കാര്യത്തിൽ എത്ര അശ്രദ്ധയാണ് സാമൂതിരി കാണിച്ചിരുന്നതെന്ന് മലബാർ ഭരണത്തെക്കുറിച്ചുള്ള തൻെറ മെമ്മോറാണ്ടത്തിൽ മോയൻസ് വിശദീകരിക്കുന്നുണ്ട്. ഒളിച്ചോടേണ്ടി വരുന്നതിനു് ഒരു മാസം മുൻപുവരെ തൃപ്രയാറിൽ ഒരു ശാന്തിക്കാരനെ നിയമിച്ചതിനെക്കുറിച്ച് ഒന്നിനുപുറമേ ഒന്നായി ധാരാളം എഴുത്തുകൾ സാമൂതിരി തനിക്ക് അയക്കുകയുണ്ടായിട്ടുണ്ടെന്ന് മോയൻസ് പറയുന്നു. തൃപ്രയാർ അമ്പലത്തിൽ കൊച്ചിരാജാവ് തന്നോടാലോചിക്കാതെ ഒരു ശാന്തിക്കാരനെ നിയമിച്ചതാണ് ഈ അവസരത്തിൽ സാമൂതിരിയെ ഏററവുമധികം വിഷമിപ്പിച്ച സംഭവം! കൊച്ചിരാജാവും സാമൂതിരിയും കൂട്ടായിട്ടുമാത്രമേ ഈ അമ്പലത്തിലെ നിയമനം നടത്താമായിരുന്നുള്ളുവത്രെ. 'ഈ സംഭവത്തെ ആശ്രയിച്ചാണ് തൻെറ തലയും രാജ്യത്തിൻെറ നിലനില്പും നിശ്ചയിക്കപ്പെടുന്നതെന്ന് തോന്നുമാറു" ഇക്കാര്യത്തിൽ സാമൂതിരി അടിയന്തര സഹായമഭ്യർത്ഥനയുമായി തന്നെ സമീപിക്കുകയാണുണ്ടായതെന്ന് പരിഹാസം സ്ഫുരിക്കുന്ന വാക്കുകളിൽ മോയൻസ് രേഖപ്പെടുത്തുന്നു[11]. 'കോഴിക്കോട്ടെ സാമൂതിരിമാർ' എന്ന ഗ്രന്ഥമെഴുതിയ പ്രൊഫസ്സർ കെ. വി. കൃഷ്ണയ്യർ

6. മോഹിബ്ബുൾ ഹസ്സൻ, പേജ് 14.
7. വിൽക്സ്, വാല്യം 2, പേജ് 368.
8. ജോയിൻറ് കമ്മീഷൻ റിപ്പോർട്ട്, ഖണ്ഡിക 21.
9. മോയൻസ്, പേജ് 155.
10. എം. എം. ഡി. എൽ. ററി., പേജ് 255.
11. മോയൻസ്, പേജ് 133.

മോറയൻസിനോട് യോജിക്കുന്നുണ്ടെങ്കിലും[12] സർദാർ പണിക്കർക്ക് ഇക്കാര്യത്തിലും ഭിന്നാഭിപ്രായമാണുള്ളത്. 'അവിശ്വാസികളായിരുന്നതിനാൽ നായന്മാരെ ഹൈദർ വെറുത്തിരുന്നതാണ്" അവരെ പുറത്താക്കുവാൻ കാരണമെന്നാണ് പണിക്കരുടെ അഭിപ്രായം[13]. വസ്തുതകൾക്ക് തികച്ചും വിരുദ്ധമായ ഒരഭിപ്രായമാണിതു്. ഉദാഹരണത്തിനു് 1766—ൽ ഹൈദർ മലബാർ ആക്രമിച്ച കാലത്തു് തൻെറ മേധാവിത്വം സ്വീകരിച്ച് കപ്പം കൊടുക്കാമെന്നേററ കൊച്ചീരാജാവിനെ അദ്ദേഹം പിന്നീടൊരിക്കലും ഉപദ്രവിക്കുകയുണ്ടായിട്ടില്ല[14]. നേരെമറിച്ച് കൊച്ചിയും മൈസൂറും തികഞ്ഞ മമതയിലാണ് പിന്നീട് കഴിഞ്ഞുപോന്നതു്[15]. സാമുദായിക ചിന്തകൊണ്ട് മാത്രമായി നായർ രാജാക്കന്മാർക്ക് എതിരായി ഹൈദർ നടപടികളൊന്നും എടുത്തിരുന്നില്ല. മറിച്ചുള്ള വാദഗതിക്കെതിരായി മററു ചിലതുകൂടി പറയുവാനുണ്ട്. സാമൂതിരിയേയും മററു രാജാക്കന്മാരെയും അധികാരത്തിൽനിന്ന് നീക്കിയശേഷവും, കോലത്തിരി രാജാവിൻെറ അഭ്യർത്ഥന സ്വീകരിച്ച് ഹൈദർ അദ്ദേഹത്തെ ചിറയ്ക്കൽ രാജ്യത്തിൻെറ ഭരണം തിരിച്ചേല്പ്പിക്കുകയുണ്ടായി. വർഷംതോറും മുടങ്ങാതെ കപ്പം കൊടുത്തുകൊള്ളാമെന്നുള്ളതായിരുന്നു ഇവിടെയും മുഖ്യമായ വ്യവസ്ഥ[16]. 1766—ൽ കോലത്തിരി രാജ്യം പിടിച്ചെടുത്ത നാൾ മുതൽ ആലിരാജാ എന്ന മുസ്ളിം രാജാവാണു ഇതിൻെറ മേൽനോട്ടം നിർവ്വഹിച്ചിരുന്നതു്[17]. എന്നാൽ പണമടക്കുന്ന കാര്യത്തിൽ വീഴ്ചവരുത്തിയ ആലിരാജാവിൽനിന്ന് ചിറയ്ക്കൽ വീണ്ടെടുക്കുകയും കപ്പം കൊടുക്കാമെന്നേററ ചിറയ്ക്കൽ രാജാവിനുതന്നെ അതു് ഭരണത്തിനായി വിട്ടുകൊടുക്കുകയും ചെയ്തു[18]. തലശ്ശേരി ഫാക്ടറി ഡയറിയിലെ രേഖകൾ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്[19]. 'തൻെറ മേധാവിത്വം അംഗീകരിക്കുകയും ചെയ്ത തെററിനു് മാപ്പുചോദിക്കുകയും ചെയ്യുന്നവരെ നവാബ് സംരക്ഷിക്കുമെന്നും, കലാപകാരികളെ അദ്ദേഹം നിഷ്കരുണം അടിച്ചമർത്തുമെന്നുമുള്ള സംഗതി അയൽരാജ്യങ്ങളിലറിഞ്ഞപ്പോൾ നായന്മാരും മാപ്പിളമാരും വാത്സല്യത്തിൻെറ കർണ്ണങ്ങളിൽ അനുസരണയുടെ കുണ്ഡലമണിഞ്ഞു' എന്നാണു

---

12. പ്രൊഫസ്സർ കെ. വി. കൃഷ്ണയ്യർ, പേജ് 242.
13. കെ. എം. പണിക്കർ, പേജ് 345.
14. ജോയിൻറ് കമ്മിഷൻ റിപ്പോർട്ട്, ഖണ്ഡിക 18.
15. ടിപ്പുവും കൊച്ചീരാജാവും തമ്മിലുള്ള ബന്ധം എന്ന അധ്യായം നോക്കുക.
16. ഫോറിൻ (മിസ ), എസ്. നമ്പർ 94, പേജ് 65—70, വൗച്ചർ 4.
17. ഫോറിൻ (മിസ.), എസ്. നമ്പർ 55, പേജ് 21, ഖണ്ഡിക 20.
18. ജോയിൻറ് കമ്മിഷൻ റിപ്പോർട്ട്, ഖണ്ഡിക 20.
19. ഹ്റം. ആർ. ഒ., മാനുസ്ക്രിപ്റ്റ് ലൈബ്രറി, തലശ്ശേരി ഡയറി, 1780, ഏപ്രിൽ 2.

കിർമാണി പ്രസ്താവിക്കുന്നതു്[20]. അതുകൊണ്ടു് ഹൈദരാലി 1774-ൽ മലബാർ രാജാക്കന്മാരെ അവരുടെ ജോലിയിൽനിന്നു് പിരിച്ചുവിട്ടതു് കൊടുക്കാമെന്നേററ സംഖ്യകൊടുക്കുന്നതിൽ വീഴ്ചവരുത്തിയതുകൊണ്ടാണെന്നു് വ്യക്തമാകുന്നുണ്ടു്[21]. അതുപോലെതന്നെ വർഷംതോറും കൃത്യമായി കപ്പം കൊടുത്തുകൊള്ളാമെന്നു് ഏററതുകൊണ്ടാണു് ചിറയ്ക്കൽ രാജാവിനെ അദ്ദേഹം പുനർവാഴിച്ചതും.

മലബാറിലെ രാജാക്കന്മാരെ ഭരണം തിരിച്ചേല്പിച്ചതിനു ശേഷം ദുർഭരണമാണു് അവിടെയെങ്ങും നടമാടിയിരുന്നതു്. ബുക്കാനൻതന്നെ ഇതു് വിശദമാക്കുന്നുണ്ടു്. തങ്ങളുടെ ജനങ്ങളുടെമേൽ ഈ രാജാക്കന്മാർക്കു് സ്വേച്ഛാപരമായ അധികാരങ്ങളാണുണ്ടായിരുന്നതെന്നും ജനങ്ങളുടെ സ്ഥിതി കർണ്ണാടക ബ്രാഹ്മണരുടെ കീഴിലായിരുന്നപ്പോഴത്തേക്കാൾ മോശമായിരുന്നുവെന്നുമാണു് ബുക്കാനൻ പറയുന്നതു്. മലബാറിൽ ഹൈദറുടെ സിവിൽ ഗവർണർമാരായിരുന്ന മദണ്ണയും ശ്രീനിവാസറാവുവുമാണു് ഈ കർണ്ണാടക ബ്രാഹ്മണർ. ചുരുങ്ങിയ ഒരു കാലത്തിനിടയ്ക്കു് തങ്ങളുടെ പൂർവികന്മാർ കേട്ടിട്ടുപോലുമില്ലാത്ത കണക്കിൽ ഇവർ സമ്പാദിച്ചുകൂട്ടുകയുണ്ടായെന്നും ബുക്കാനൻ തുടർന്നു പറയുന്നുണ്ടു്. ഈ രാജാക്കന്മാരുടെ ക്രൂരമായ മർദ്ദന ഭരണത്തെ ഒന്നിനും മറികടക്കുവാനാകുമായിരുന്നില്ലെന്നും ഇവരെ എതിർക്കുവാൻ ആരും ഉണ്ടായിരുന്നില്ലെന്നും ബുക്കാനൻ തുടർന്നു രേഖപ്പെടുത്തുന്നുണ്ടു്. ഒരാൾക്കു് എന്തൊക്കെ കഷ്ടനഷ്ടങ്ങളുണ്ടായാലും അതിനെക്കുറിച്ചു് പരാതിപ്പെടുവാൻ അയാൾക്കു് സാധിക്കുമായിരുന്നില്ല. കാരണം പരാതിപ്പെട്ടാൽ തൻെറ തല തന്നെ അയാൾക്കു് നഷ്ടപ്പെടുമായിരുന്നു[22]. മലബാർ ജോയിൻറ് കമ്മിഷണർമാരിൽ ഒരാളായിരുന്ന ഫാർമർ, 1792 മേയ് 27-ാം തീയതി സാമൂതിരിയുടെ ഭരണം വീണ്ടും ഏർപ്പെടുത്തുവാനുള്ള ശ്രമത്തെ കഠിനമായി എതിർക്കുകയുണ്ടായിട്ടുണ്ടു്. രാഷ്ട്രീയമായ സ്വഭാവദൂഷ്യങ്ങൾ നിറഞ്ഞതും പുരോഗതിയെ തടസ്സപ്പെടുത്തുന്നതും ആദായം കുറയ്ക്കുന്നതുമായിരിക്കും ഈ ഭരണം എന്നതിനുപുറമെ, നികുതി ശേഖരിക്കുവാനോ സമാധാനപരമായി കമ്പനിയുടെ അധികാരം നിലനിർത്തുവാനോ സാമൂതിരിയുടെ ഭരണം ഇട തരുകയില്ലെന്നും ഫാർമർ ആരോപിച്ചിട്ടുണ്ടു്. 'ഈ കുടുംബത്തെ വിശ്വസിക്കാൻ കൊള്ളുകയില്ലെന്നു് ഹൈദർക്കു ബോദ്ധ്യപ്പെട്ടതിനാലാണു് അദ്ദേഹം ഈ രാജാവിനെ പിരിച്ചയച്ചതും, രാജ്യഭരണം സ്വയം ഏറെറടുത്തതും' എന്നുകൂടി ഫാർമർ തുടർന്നു രേഖപ്പെടുത്തുന്നു[23]. അതുകൊണ്ടു് നിരുത്തരവാദപരമായ

---

20. കിർമാണി, പേജ് 186.
21. രണ്ടാം മലബാർ കമ്മിഷൻ റിപ്പോർട്ട്, പേജ് 9.
22. ബുക്കാനൻ, വാല്യം 2, പേജ് 189–91.
23. ഫോറിൻ (മിസ.), നമ്പർ 55, പേജ് 116, ഖണ്ഡിക 14.

ഇത്തരം ഒരു ഭരണം മാററി ഒരു നല്ല ഭരണസംവിധാനം ഏർപ്പെടുത്തേണ്ടി വന്നതു് സ്വാഭാവികമാണ് (മൈസൂറിയൻ ഭരണരീതിയുടെ മുഖ്യസവിശേഷതകൾ മറെറാരദ്ധ്യായത്തിൽ ചർച്ചാവിഷയമാക്കിയിട്ടുണ്ടു്.)[24]

ഇതിനെത്തുടർന്നു് 1773 ഡിസംബർ മാസത്തിൽ സയ്യിദ് സാഹബ്ബിൻെറയും[25] ശ്രീനിവാസറാവുവിൻെറയും നേതൃത്വത്തിൽ ഒരു ചെറിയ സൈനികവിഭാഗത്തെ മലബാറിലേയ്ക്കയച്ചു[26]. ഈ സേന വയനാട്ട് കടന്ന് താമരശ്ശേരി ചുരംവഴിയാണ് മലബാറിൽ വന്നതു്[27]. തുടർന്ന് കണ്ണൂരിലെ രാജാവിനെയൊഴിച്ച് മററു മലയാളി രാജാക്കന്മാരെ മുഴുവൻ സ്ഥാനഭ്രഷ്ടരാക്കുകയുണ്ടായി. ഇക്കാലത്തുണ്ടായ എടുത്തുപറയത്തക്കതായ ഒരു സംഭവം തൻെറ ശത്രുക്കളിൽനിന്നും രക്ഷനൽകുവാൻവേണ്ടി സാമൂതിരി തൻെറ രാജ്യത്തെയും പ്രജകളേയും ഫ്രാൻസിലെ രാജാവിനു് അടിയറവച്ചുവെന്നുള്ളതാണ്[28]. 1774 ജനവരി 12-ാം തീയതി സാമൂതിരിയും ഗവർണർ ഡൂപ്രെ (Duprat) ചേർന്നു് ഒരു ഉടമ്പടിയിൽ ഒപ്പുവയ്ക്കുകയും ഇതിൻപ്രകാരം ഹൈദരാലിയുടെ ആക്രമണത്തിൽനിന്നും രക്ഷപ്പെടുത്താമെങ്കിൽ ഫ്രഞ്ചു രാജാവിൻെറ ഒരു സാമന്തനായി താൻ കഴിഞ്ഞുകൊള്ളാമെന്നു് സാമൂതിരി ഏൽക്കുകയും ചെയ്തിരുന്നു[29]. മാഹിയിലെ ഫ്രഞ്ചു മേധാവി ഈ വ്യവസ്ഥകൾ അംഗീകരിക്കുകയും കോഴിക്കോടിൻെറ സംരക്ഷണാർത്ഥം ഒരു ചെറിയ സേനയുമായി അവിടെ എത്തുകയും ഫ്രഞ്ചുപതാക അവിടെ നാട്ടുകയും ചെയ്തു. ഫ്രഞ്ചുമേധാവിയുടെ ഈ പ്രവൃത്തി "പല കാരണങ്ങളാലും ബുദ്ധിശൂന്യവും ചെയ്യരുതാത്തതുമായ ഒന്നാണെന്നു്" 'ഹൈദർഷായുടെയും മററും ചരിത്രം' എഴുതിയ ഗ്രന്ഥകാരൻ പറയുന്നുണ്ടു്[30]. ഫ്രഞ്ചുസൈന്യം കോട്ടയ്ക്കു കാവലേർപ്പെടുത്തിയശേഷം ഫ്രഞ്ചു രാജാവിൻെറ ആജ്ഞാനുസരണം സാമൂതിരി തൻെറ സംരക്ഷണയിലാണെന്നു് ഈ മേധാവി ശ്രീനിവാസറാവുവിനെ അറിയിക്കുകയും ചെയ്തു. "ജനറൽ ഇതിലൊന്നും തെല്ലും കൂസാതെ കോഴിക്കോട്ടേയ്ക്കുള്ള തൻെറ നീക്കം തുടരുകയുണ്ടായെന്നാണ്" ഇക്കാര്യത്തെക്കുറിച്ചു മോയൻസ് പറയുന്നതു്[31]. ഏതായാലും ഒരേററുമുട്ടലിനു് മതിയായ സൈന്യം

---

24. പ്രസ്തുത അദ്ധ്യായം നോക്കുക.
25. സയ്യിദ് സാഹിബ് ഹൈദറുടെ സൈനികമേധാവിയായിരുന്നു. ഇദ്ദേഹത്തിൻെറ മകളെയാണ് ടിപ്പു വിവാഹം ചെയ്തതു്.
26. തലശ്ശേരി ഫാ. ഡയറി, ഏപ്രിൽ 2, 1780.
27. ഫോറിൻ (മിസ.), നമ്പർ 56, പേജ് 69.
28. മോയൻസ്, പേജ് 133.
29. ടി. പേജ് 155.
30. എച്ച്. എം. ഡി. എൽ. ററി., പേജ് 255.
31. മോയൻസ്, പേജ് 156.

തനിക്കില്ലെന്ന ബോധ്യപ്പെട്ട മാഹിയിലെ മേധാവി ധൃതഗതിയിൽ കോട്ട ഒഴിഞ്ഞു് "വന്ന കപ്പലിൽത്തന്നെ" മാഹിയിലേയ്ക്കു മടങ്ങുകയാണുണ്ടായതു്[32].

സാമൂതിരിയെ രക്ഷിക്കുവാനുള്ള ഫ്രഞ്ചുകാരുടെ ശ്രമം പരാജയപ്പെട്ടതോടുകൂടി മൈസൂർ ഭരണാധികാരിയിൽനിന്നും രക്ഷപ്പെടുവാൻ സാമൂതിരി ഒരു ശ്രമംകൂടി നടത്തുകയുണ്ടായി. സമകാലികനായ ഒരു ആധികാരിക വക്താവിന്റെ വാക്കുകളിൽത്തന്നെ ആ സംഭവം വിവരിക്കാം. "ഒളിച്ചോടിയ സാമൂതിരി ഞങ്ങളുടെ അതിർത്തികളിൽ അഭയം തേടാൻ ശ്രമിച്ചെങ്കിലും അതിൽനിന്നു് ഞാൻ അദ്ദേഹത്തെ പിന്തിരിപ്പിക്കുകയുണ്ടായി. തുടർന്നു് അദ്ദേഹം കുടുംബത്തോടുകൂടി ഒരു നാടൻ വഞ്ചിയിൽ കടൽമാർഗം തിരുവിതാംകൂർ രാജ്യത്തേയ്ക്കു പോകുകയും അവിടത്തെ രാജാവിന്റെ സഹായത്തോടുകൂടി ഇപ്പോഴും[33] അവിടെ കഴിഞ്ഞുകൂടുകയും ചെയ്യുന്നു[34]". ഫ്രഞ്ചുകാർക്കു കീഴടങ്ങുകയും ഡച്ചുകാർക്കു് കീഴടങ്ങുവാൻ ശ്രമിക്കുകയും ചെയ്ത സാമൂതിരി പിന്നീടു് ഇംഗ്ലീഷുകാരേയും സമീപിച്ചു. ഒന്നിനുപുറകെ ഒന്നായി മൂന്നു യൂറോപ്യൻ ശക്തികളേയും സമീപിച്ച സാമൂതിരിക്കു് കാര്യമായ ജനപിന്തുണയൊന്നും ഉണ്ടായിരുന്നില്ലെന്നു വ്യക്തമാണ്. ഈ സമയത്തു് മലബാർ ഭരണം ഏറ്റെടുക്കുവാനുള്ള ഒരുക്കങ്ങൾ ചെയ്യുവാൻ ഹൈദർ ശ്രീനിവാസറാവുവിനോടാജ്ഞാപിച്ചു. അങ്ങനെയാണു് മലബാർ മൈസൂർ സാമ്രാജ്യത്തിന്റെ ഒരു ഭാഗമായിത്തീർന്നതു്.

രാജ്യകാര്യങ്ങൾ നേരിട്ടേറ്റെടുത്തതോടുകൂടി മലബാറിന്റെ കീഴടങ്ങലും ഏകീകരണവും പൂർത്തിയാക്കപ്പെട്ടു. സിവിൽ ഗവർണറായിരുന്ന ശ്രീനിവാസറാവു പൂർണ്ണമായ അന്വേഷണങ്ങൾക്കുശേഷം മൈസൂറിന്റെ മററുഭാഗങ്ങളിൽ നിലവിലുണ്ടായിരുന്നതുപോലെ ക്രമപ്രകാരമുള്ള ഭൂനികുതി ഭരണക്രമം സംഘടിപ്പിക്കുകയുണ്ടായി. ഇതിനുശേഷം 1789-ൽ തലശ്ശേരിയിലെ[35] മേജർ ആബിംഗ്ടണുമായി ചേർന്നു പ്രവർത്തിക്കുവാൻ വേണ്ടി ബോംബെ ഗവൺമെൻറ് നിയോഗിച്ച കേണൽ ഹംബേഴ്സ്റ്റൺ തന്റെ സേനയുമായി മലബാറിലെത്തുന്നതുവരെ[36] "രാജ്യത്തിന്റെ സ്ഥിതി പൊതുവേ സമാധാനപരമായിരുന്നു"[37].

---

32. മോയൻസ്, പേജ് 156.
33. 1781-ലാണു് മോയൻസ് 'മെമ്മോറാണ്ടം' എഴുതിയതു്.
34. ടി. പേജ് 156.
35. ബുക്കാനൻ. വാല്യം, 2, പേജ് 446.
36. സീക്രട്ട് പ്രൊസീഡിങ്സ്, മേയ് 23, 1782, പേജ് 1684.
37. സീക്രട്ട് കൺസൾട്ടേഷൻസ്, ജനുവരി 20, 1783.

ഈ കാലയളവിനിടയ്ക്ക് തിരുവിതാംകൂർ ആക്രമിക്കുവാൻ ഹൈദർ തീരുമാനിക്കുകയും അതിനു വേണ്ട ഒരുക്കങ്ങൾ ചെയ്യുകയും ചെയ്തു. 1774 ഡിസംബർ 31—ാം തീയതി തലശ്ശേരി കേന്ദ്രത്തിലെ റോസൺ ഹാർട്ട് ബദാമിൽ നിന്നും ഫോർട്ട് സെൻറ് ജോർജിൽ ലഭിച്ച ഒരു കത്ത് ഇക്കാര്യം വ്യക്തമാക്കുന്നു. മലബാർ തീരത്തേയ്ക്കു വരുവാൻ ഹൈദർ വൻപിച്ച ഒരുക്കങ്ങൾ ചെയ്യുന്നുണ്ടെന്നും ചുരവും കടന്ന് കോഴിക്കോട്ട് വഴി കൊച്ചിയിലേയ്ക്കും അതിനുശേഷം തിരുവിതാംകൂറിലേയ്ക്കും കടക്കുകയാണ് അദ്ദേഹത്തിൻെറ ലക്ഷ്യമെന്നും ഈ എഴുത്തിൽ പറയുന്നുണ്ട്[38]. ഈ വിവരം ശരിയായിരുന്നു. 1776 ആഗസ്റ്റിൽ 10,000 സൈനികരോടുകൂടി സർദാർഖാൻ കൊച്ചിയിലെത്തുകയുണ്ടായി[39]. കപ്പക്കുടിശ്ശിക അടച്ചുതീർക്കാമെന്നും വർഷംതോറും മുറയ്ക്ക് കപ്പം കൊടുത്തുകൊള്ളാമെന്നും രാജാവ് ഏററുകൊണ്ട് അദ്ദേഹം തിരിച്ചുപോവുകയാണുണ്ടായത്. എന്തായാലും തിരുവിതാംകൂറിലേയ്ക്കു കടക്കുവാനുള്ള ഒരു ശ്രമവും അദ്ദേഹം അപ്പോൾ നടത്തിയില്ല. അതേസമയംതന്നെ തൻെറ സൈന്യത്തിനു ഡച്ചുപ്രദേശങ്ങളായ ചേററുവായും കൊടുങ്ങല്ലൂരുംവഴി കടന്നു പോകാനുള്ള അനുവാദത്തിനുവേണ്ടി ഡച്ചുകാരോട് ഹൈദർ തൻെറ അഭ്യർത്ഥന പുതുക്കുകയുണ്ടായി. ഇതിന് തൃപ്തികരമായ ഒരുത്തരം നൽകുവാൻ മോയൻസ് വിസമ്മതിക്കുകയാൽ പെട്ടെന്നുള്ള ഒരാക്രമണംവഴി സർദാർഖാൻ ചേററുവാ കോട്ട പിടിച്ചടക്കി. അങ്ങനെ ചേററുവാ ഉൾപ്പെടെയുള്ള ദ്വീപുമുഴുവനും അയിരൂരും (പാപ്പനോട്ടി) ഡച്ചുകോട്ട ഒഴിച്ചുള്ള കൊടുങ്ങല്ലൂർ രാജാവിൻെറ പ്രദേശങ്ങളും ഹൈദറുടെ പടത്തലവൻെറ കയ്യിലായി. ഈ പ്രദേശങ്ങളിലെല്ലാം ഡച്ചുകാർക്കു മേൽക്കോയ്മ ഉള്ളതായിരുന്നു. എന്നാൽ നെടുങ്കോട്ടയുടെ തടസ്സമുണ്ടായിരുന്നതിനാൽ തിരുവിതാംകൂറിലേയ്ക്ക് കടക്കുവാൻ കഴിഞ്ഞില്ല. 1776 ഒക്ടോബർ 20—ാം തീയതി തിരുവിതാംകൂർ രാജാവ് ഫോർട്ട് സെൻറ് ജോർജിലെ ഗവർണർക്കെഴുതിയ കത്തിൽ ഇക്കാര്യം വിശദീകരിച്ചിട്ടുണ്ട്[42].

അങ്ങിനെ, തിരുവിതാംകൂർ ആക്രമിക്കാനുള്ള ഈ ശ്രമവും ഉപേക്ഷിക്കേണ്ടിവന്നു. കാരണം അടുത്ത മൂന്നുമാസക്കാലം ചേററുവായും കൊടുങ്ങല്ലൂരും സംബന്ധിച്ച് ഡച്ചുകാരുമായി സംഘർഷത്തിൽ കഴിയേണ്ടി വന്നു[43]. പുറമേ, ഡച്ചുപ്രദേശത്തുകൂടി കടന്നുപോകുന്നതിനെ

---

38. ഫോറിൻ സീക്രട്ട് ഡിപ്പാർട്ടുമെൻറ് കൺസൾട്ടേഷൻസ്, 3—2—1775, നമ്പർ 7.
39. സെലക്ററ് കമ്മിററി, ജനുവരി 4, 1781, കൺ. 3, 4.
40. മോയൻസ്, പേജ് 158.
41. ബത്താവിയ ഡയറി, എം. എസ്. നമ്പർ 1054, പേജ് 219, 238.
42. ഫോറിൻ (സീക്ര.) ഡി., കൺ. 1777, ജനുവരി 20, ഡി.
43. സീക്രട്ട് കൺ , ജനുവരി 20, 1777, നമ്പർ ഡി, ഇ.

ക്കറിച്ചു ഇവർ തമ്മിൽ നടന്ന സംഭാഷണം അലസിപ്പിരിയുകയും ചെയ്തു[44]. ഡച്ചുകാരോടു തികച്ചും വെറുപ്പുതോന്നിയ ഹൈദർക്കു് ഈ അവസരത്തിൽ ഇംഗ്ലീഷുകാരോടും, ആർക്കാട്ടു് നവാബിനോടും യുദ്ധം ചെയ്യുവാൻ വേണ്ടി തിരിച്ചുപോകേണ്ടതായിവന്നു[45]. 1778 മാർച്ചു് 13–ാം തീയതി അമേരിക്കൻ സ്വാതന്ത്ര്യപ്രഖ്യാപനം ഫ്രാൻസ് അംഗീകരിക്കുകയും ഇതു് ഇംഗ്ലീഷുകാരുമായുള്ള മറെറാരു യുദ്ധത്തിന്നു് കളമൊരുക്കുകയും ചെയ്തു[46]. ഇംഗ്ലണ്ടും ഫ്രാൻസും തമ്മിൽ യുദ്ധം ആരംഭിച്ചുകഴിഞ്ഞുവെന്നു് 1778 ആഗസ്റ്റ് മാസത്തിൽ ഹൈദർ അറിഞ്ഞപ്പോൾ മറാത്തക്കാരുമായി ആറുകൊല്ലക്കാലത്തേയ്ക്കു് ഒരു സമാധാനസന്ധി ഒപ്പിടുകയും[47] ഇംഗ്ലീഷുകാരോടു യുദ്ധം ചെയ്യാൻ അദ്ദേഹം തയ്യാറെടുക്കുകയും ചെയ്തു. മറാത്തക്കാരുമായി ഉണ്ടായ യുദ്ധത്തിൽ സന്ധിവ്യവസ്ഥകൾക്കു് വിപരീതമായി തന്നെ സഹായിക്കുന്നതിൽനിന്നും ഇംഗ്ലീഷുകാർ ഒഴിഞ്ഞുമാറിയതുകൊണ്ടു് അദ്ദേഹം ഇംഗ്ലീഷുകാരുമായി വിരോധത്തിലായിരുന്നു[48]. 1769–ൽ ഹൈദരാലിയും ഇംഗ്ലീഷുകാരും തമ്മിലുണ്ടാക്കിയിരുന്ന സൈനികസഹായസന്ധി പുതുക്കുവാൻ ഹൈദർ നടത്തിയ ശ്രമങ്ങളും പരാജയപ്പെടുകയാണുണ്ടായതു്[49]. ഇതിനുവേണ്ടി ഒന്നിലേറെതവണ അദ്ദേഹം ശ്രമിക്കുകയുണ്ടായി. അവസാന ശ്രമം നടന്നതു് 1778–ലാണു്[50]. അതുകൊണ്ടു് ഫ്രാൻസും ഇംഗ്ലണ്ടും തമ്മിൽ യുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ തനിക്കു് ഇംഗ്ലീഷുകാരുമായി യുദ്ധത്തിലേർപ്പെടേണ്ടിവരുമെന്നു് അദ്ദേഹം മുൻകൂട്ടിത്തന്നെ മനസ്സിലാക്കിയിരുന്നു.

യുദ്ധം ആരംഭിച്ചയുടൻതന്നെ ഫ്രഞ്ചു അധീനപ്രദേശമായിരുന്ന പുതുശ്ശേരി ഇംഗ്ലീഷുകാർ പിടിച്ചടക്കി. മലബാർ തീരത്തെ ഫ്രഞ്ചുതാവളമായ മാഹി പിടിച്ചെടുക്കുവാനായിരുന്നു അവരുടെ അടുത്ത ശ്രമം[51]. മാഹി ഇംഗ്ലീഷ് അധീനതയിൽ വന്നാലുണ്ടാകുന്ന പ്രത്യാഘാതങ്ങൾ ഹൈദറെ പ്രവർത്തനനിരതനാക്കി. ബുദ്ധിമാനായ ഹൈദർ കമ്പനിപ്രദേശങ്ങൾ ഉൾപ്പെടെയുള്ള മലബാർ തീരപ്രദേശങ്ങളുടെ മുഴുവൻ പേരിൽ, പരമാധികാരം അവകാശ

---

44. ഡച്ചു് റിക്കാർഡ്സ്, നമ്പർ 13, പേജ് 159.
45. ഡേ, പെരുമാക്കന്മാരുടെ രാജ്യം, പേജ് 155.
46. സീക്രട്ട് കൺ., ഡിസംബർ 6, 1779, നമ്പർ 8.
47. എം. എം. ഡി. എൽ. റ്റി., പേജ് 255.
48. സെലക്ട് കമ്മിററി, 1769 (പേജ് 409–410)
49. സീക്രട്ട് കൺ., മാർച്ചു് 8, 1775, നമ്പർ 3.
50. റംബോൾഡിന്റെ മിനിട്ട്സ്, മദ്രാസ്; മിലിട്ടറി കൺസൾട്ടേഷൻസ്, ഫോർട്ട് സെൻറ് ജോർജ്, ജൂലൈ 4, 1778.
51. സീക്രട്ട് കൺ., മാർച്ചു് 1, 1779, നമ്പർ 1.
    ടി. മേയ് 13, 1779, നമ്പർ 1, 3.

റ്റെടുകയാണ് ഈ സമയത്തു ചെയ്തതു്. 1779 മാർച്ച് 19–ാം തീയതി മദ്രാസ് ഗവർണർക്ക് ഹൈദർ എഴുതിയ കത്തിൽ ഈ അവകാശം ആവർത്തിച്ചുന്നയിച്ചിട്ടുണ്ട്. "ഇപ്പോൾ നിങ്ങൾ മാഹിയ്ക്കെതിരെ നീങ്ങിയിട്ടുള്ളതായി അറിയുന്നു. ഡച്ച്, ഇംഗ്ലണ്ട്, ഫ്രാൻസ്, പോർട്ടുഗീസ്, ഡെൻമാർക്ക് എന്നിവരുടെതായ അനേകം കേന്ദ്രങ്ങൾ എന്റെ രാജ്യത്തുണ്ട്. എന്റെ പ്രജകളെന്ന രീതിയിലാണ് അവർ കച്ചവടബന്ധങ്ങളിലും മററും ഏർപ്പെട്ടിരിക്കുന്നതു്. പരസ്പരം ആക്രമിക്കാനുതകുന്ന രീതിയിൽ ഇവർക്കാർക്കും ഇവിടെ കോട്ടകളോ മററു പ്രദേശങ്ങളോ സ്വന്തമായി കൈവശം ഇല്ല. അതുകൊണ്ട് ഇവരെ മററുള്ളവർ ആരെങ്കിലും ആക്രമിക്കുകയാണെങ്കിൽ എന്റെ പ്രജകളായി ഞാൻ കരുതുന്ന ഇവർക്ക് സംരക്ഷ നൽകുവാനുള്ള നടപടികൾ ഞാനും സ്വീകരിക്കേണ്ടതായിവരും[52]".

ഇതിനെത്തുടർന്ന് കോലത്തുനാട്ടിലെ കിരീടാവകാശിയോട് തന്റെ സൈന്യവുമായി ചെന്ന് ഫ്രഞ്ചുകാരെ സഹായിക്കുവാൻ ആജ്ഞാപിച്ചു. കൂടാതെ കടത്തനാട്ടു രാജാവിനോട് അവിടെനിന്നും 2,000 പേരുള്ള ഒരു സൈന്യത്തെ അങ്ങോട്ടയയ്ക്കുന്നതിനും ഹൈദർ ഉത്തരവു പുറപ്പെടുവിച്ചു[53]. മാഹിയെ സംബന്ധിച്ച് ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരുംതമ്മിൽ യുദ്ധം ഉണ്ടായപ്പോൾ അതുവരെ മൈസൂർ ഭരണാധികാരികളുടെ തികഞ്ഞ ആജ്ഞാനുവർത്തികളായി കഴിഞ്ഞിരുന്ന നായർസൈന്യം ഇംഗ്ലീഷുകാരെ സഹായിക്കുവാനാണ് മുന്നോട്ട് വന്നതു്. സാമൂതിരിയും, കടത്തനാട്ടെയും കോട്ടയത്തെയും രാജാക്കന്മാരും ഇംഗ്ലീഷുകാരുമായി ചേരുവാൻ താൽപര്യം പ്രകടിപ്പിച്ചു. തലശ്ശേരിയിലെ ഇംഗ്ലീഷു അധികൃതർ ഈ സഖ്യം നേടുന്നതിന് കഴിവുററ ശ്രമിക്കുകയുണ്ടായെന്നും തൽഫലമായി മാഹി പിടിച്ചടക്കപ്പെടുന്നതുവരെ കോലത്തുനാടു രാജാവു മാത്രമേ വിശ്വസ്തതയോടെ ഹൈദരാലിയോടു ചേർന്നു നിന്നുള്ളവെന്നും ലോഗൻ പറയുന്നുണ്ട്[54]. കോലത്തുനാട്ടുരാജാവിന്റെയും മാഹിയിലെ ഫ്രഞ്ചുകാരുടെയും സംയുക്തശ്രമം ഉണ്ടായിട്ടും മാഹി പിടിച്ചടക്കുന്നതിൽ ഇംഗ്ലീഷുകാർ വിജയിക്കുകയുണ്ടായി[55]. ഇക്കാലത്ത് സാമൂതിരിയുൾപ്പെടെയുള്ള ചില നായർ മേധാവികൾ ഇംഗ്ലീഷുകാരുടെ സഹായത്തോടുകൂടി തങ്ങൾക്കു നഷ്ടപ്പെട്ട രാജ്യവും അധികാരവും വീണ്ടെടുക്കുവാൻ ഒരു ശ്രമം നടത്തുകയുണ്ടായിട്ടുണ്ട്[56].

52. ഫോറിൻ സീക്രട്ട് പ്രൊസീഡിങ്സ് ഓഫ് സീക്രട്ട് സെലക്ട് കമ്മിററി, ജനുവരി 4, ജൂൺ 20, 1779.
53. ഫോറിൻ (മിസ.), നമ്പർ 56, ഭാഗം 1, പേജ് 74.
54. ലോഗൻ, വാല്യം 1, പേജ് 414.
ജോയിന്റ് കമ്മിഷൻ റിപ്പോർട്ട്, ഖണ്ഡിക 27.
55. ഫോറിൻ (മിസ.), നമ്പർ 55, പേജ് 32; ജെ. മിൽ, വാല്യം 4, പേജ് 144.
56. കിർമാണി, പേജ് 458–459; ജോ. ക. റി. ഖണ്ഡിക 21.

എന്നാൽ ഈ കലാപകാരികളെ അമർച്ചചെയ്യാൻ മൈസൂർ സൈന്യത്തിന് യാതൊരു പ്രയാസവും നേരിട്ടില്ല. അതേസമയം തന്നെ ഹൈദരാലിയുമായി ഇംഗ്ളീഷു കമ്പനി പേരിനെങ്കിലും സഖ്യത്തിലായതുകൊണ്ട് മാഹി പിടിച്ചടക്കിയശേഷം മൈസൂർ സൈന്യത്തോട് ഇംഗ്ളീഷുകാർ യാതൊരെതിർപ്പും പ്രകടിപ്പിക്കുകയുണ്ടായതുമില്ല. അതുകൊണ്ട് "നാടൻ ശക്തികൾക്ക് ആയുധവും മററും കൊടുക്കുകയെന്നുള്ളതൊഴിച്ച് തുറന്ന സഹായങ്ങൾക്കൊന്നും അവർ മുതിരുകയുണ്ടായില്ല[57]". ചുരുക്കത്തിൽ, ഇംഗ്ളീഷുകാരുടെ മൈസൂർ സേനയോടുള്ള എതിർപ്പ് അവസാനിച്ചപ്പോൾ നായന്മാർ നിസ്സഹായരായിത്തീരുകയും, കമ്പനിയുടെ പക്കൽനിന്ന് "വൻതോതിൽ ആയുധങ്ങളും മററും ലഭിച്ചെങ്കിലും" മൈസൂറിന്റെ വിദ്വേഷം മുഴവൻ ഒററയ്ക്ക് സഹിക്കേണ്ടതായും വന്നുകൂടി[58].

ഹൈദരോടു ചേർന്നുനിന്ന കോലത്തുനാട്ട് രാജാവ് കോട്ടയം രാജാവിനെ നിഷ്പ്രയാസം സ്ഥാനഭ്രഷ്ടനാക്കി. അതുപോലെതന്നെ ഇംഗ്ളീഷുകാരോടുകൂടി ചേർന്ന കടത്തനാട്ടിലെ രാജാവിനെ മാററി ഒരു രാജകുമാരനെ ആ സ്ഥാനത്ത് നിയമിക്കുകയും ചെയ്തു[59]. തലശ്ശേരിയിലെ ഇംഗ്ളീഷു കേന്ദ്രങ്ങളെ സംബന്ധിച്ചിടത്തോളം വിഷമംപിടിച്ച ഒരു സന്ദർഭമായിരുന്നു ഇതു്[60]. ഇന്ത്യയുടെ മററു ഭാഗങ്ങളിൽ തങ്ങളുടെ നില സുരക്ഷിതമല്ലാതിരുന്നതിനാൽ ഈ സമയത്ത് ഹൈദരാലിയുമായി ഏററുമുട്ടുവാൻ ഇംഗ്ളീഷുകാർ തയ്യാറായിരുന്നില്ല 1780 ഫെബ്രുവരി 14-ം തീയതിയിലെ സെലക്ട് കമ്മിററിയിലെ രഹസ്യകൂടിയാലോചനയിൽ ഇക്കാര്യം വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. "കുഴപ്പങ്ങൾ സൃഷ്ടിക്കുന്നതിൽ ഹൈദരാലി വഹിച്ച പങ്കും തലശ്ശേരിക്ക് അടുത്തുകിടന്നിരുന്ന മാഹി പിടിച്ചടക്കുന്നതിനു് അദ്ദേഹത്തിന്റെ ഒരു നല്ല വിഭാഗം സൈന്യത്തെ അയയ്ക്കുവാൻ കാണിച്ച ജാഗ്രതയും നമ്മോട് അനുകൂലമായ മനോഭാവത്തെയല്ല കാണിക്കുന്നതു്. അതുപോലെ തലശ്ശേരിയിലെ നമ്മുടെ മാന്യൻമാർ വിരോധം കുത്തിപ്പൊക്കിയതും, ഹൈദരുടെ ശത്രുക്കളായ ആളുകൾക്കും നായന്മാർക്കും സുരക്ഷിതത്വം നൽകിക്കൊണ്ട് നാട്ടിൽ കുഴപ്പം സൃഷ്ടിക്കാൻ ശ്രമിച്ചതും ബുദ്ധിശൂന്യമായ പ്രവൃത്തിയായിപ്പോയി" എന്നാണ് മേൽപ്പറഞ്ഞ രേഖയിൽ പറഞ്ഞിരിക്കുന്നതു്[61]. തലശ്ശേരിയിലെ ഇംഗ്ളീഷുകാർ ഏതുവിധം പ്രവർത്തിക്കണമെന്ന് ഈ രേഖയിൽ പറഞ്ഞിട്ടുണ്ട്. പ്രതിരോധത്തിൽമാത്രം ഏർപ്പെടുവാനും ഹൈദരാലിയോട് വൈരാഗ്യത്തിന്റെ ലാഞ്ചനപോലും കാണിക്കാ

57. ജോയിൻറ് കമ്മിഷൻ റിപ്പോർട്ട്, ഖണ്ഡിക 22.
58. കെ. എം. പണിക്കർ, പേജ് 356.
59. ജോയിൻറ് കമ്മിഷൻ റിപ്പോർട്ട്, ഖണ്ഡിക, 22.
60. ഫോറിൻ പൊളിററിക്കൽ ഡിപ്പാർട്ട്മെൻറ്, 1756–80.
61. ഫോറിൻ ഹോം ഡിപ്പാർട്ട്മെൻറ്, 1756, ജനുവരി 14, 1780.

തിരിക്കണമെന്നമാണ് ഇതിൽ നൽകിയിരിക്കുന്ന നിർദ്ദേശം[62]. 1779 നവമ്പറോടു കൂടി മാഹിയിൽനിന്നും ബ്രിട്ടീഷുസൈന്യം പിൻവലിയുകയും മലബാറിലെ അവരുടെ സൈന്യമാകെ തലശ്ശേരിയിൽ കേന്ദ്രീകരിച്ച് കോലത്തുനാട്ടെയും കടത്തനാട്ടെയും രാജാക്കന്മാരിൽനിന്നും തലശ്ശേരിയെ രക്ഷിക്കുവാനുള്ള ശ്രമങ്ങളിൽ വ്യാപൃതരാവുകയും ചെയ്തു[63]. 1780 ഫെബ്രുവരിമാസത്തിൽ സർദാർഖാൻ ഒരു സൈന്യവുമായി മലബാറിലെത്തുകയും കോട്ടയം, കടത്തനാട് രാജാക്കന്മാരുമായുള്ള ചില തർക്കങ്ങൾ പറഞ്ഞൊതുക്കിയശേഷം ജൂലൈ 8–ാം തീയതി തലശ്ശേരിയിൽ പ്രവേശിക്കുകയും ചെയ്തു. ഹൈദരുടെയും രാജാക്കന്മാരുടെയും സംയുക്തസൈന്യം തലശ്ശേരിക്കോട്ട വളഞ്ഞു് പ്രതിരോധപ്രവർത്തനങ്ങൾ തുടങ്ങി[64]. ഈ പ്രവൃത്തിക്ക് യാതൊരു കാരണവും സർദാർഖാൻ പറയുകയുണ്ടായില്ലെന്നു്, ഇക്കാര്യത്തെക്കുറിച്ച് ലോഗൻ അഭിപ്രായപ്പെടുന്നു. എന്നാൽ അവസാനം ഹൈദർ കമ്പനിയുമായി തെറ്റിപ്പിരിഞ്ഞു എന്ന കാര്യത്തിൽ യാതൊരു സംശയത്തിനും വകയുണ്ടായിരുന്നില്ല[65]. 1780 ഫെബ്രുവരിമാസത്തിൽ ഫോർട്ട് സെൻറ് ജോർജിലെ ഗവർണർക്കും, സെലക്ട് കമ്മിററിയുടെ പ്രസിഡൻറിനും ബ്രെയ്ത്ത് വെയ്ററ് അയച്ച കത്തിൽനിന്നും സർദാർഖാൻെറ ഈ നടപടിക്കുള്ള കാരണം ഊഹിക്കാവുന്നതേയുള്ളു. ഇക്കാര്യം രേഖപ്പെടുത്തിയിരിക്കുന്ന തിങ്ങനെയാണ്: "സർദാർഖാനു് നൽകിയിരുന്ന നിർദ്ദേശം തലശ്ശേരിയും നായന്മാരുമായുള്ള തർക്കത്തിൽ ഇടപെടരുതെന്നും മാഹിയിലുള്ള ഇംഗ്ലീഷ് സൈന്യം ഇതിൽ ഭാഗഭാക്കായാൽമാത്രം ചിറയ്ക്കൽ രാജാവിനോട്ട് ചേന്ന് യുദ്ധം ചെയ്താൽ മതിയെന്നായിരുന്നുവെന്നതു് സ്വകാര്യമായി എനിക്ക് അറിയാൻ കഴിഞ്ഞിട്ടുണ്ട്. സൈനികനേതാവും ഫാക്ടറിയിലെ ആളുകളും എനിക്കെഴുതിയിരിക്കുന്നതു് ഹൈദർ ഇടപെടുമെന്നു് അവർ വിശ്വസിക്കുന്നില്ലെന്നാണു്. എങ്കിലും മുൻപറഞ്ഞവർക്കു് ഇനിയും സഹായം ആവശ്യമുണ്ടുതാനും[66]." ഇതിനു് മറെറാരു കാരണവുംകൂടി പറയപ്പെടുന്നുണ്ടു്. തലശ്ശേരിയിൽ അഭയംപ്രാപിച്ചിരുന്ന നായർനേതാക്കളെയും മററുള്ളവരെയും ചിറയ്ക്കൽ രാജാവിനെ ഏല്പിച്ചുകൊടുത്താൽ കുഴപ്പം അവസാനിക്കുമെന്നും 1780 ഫെബ്രുവരിയിൽ ഹൈദർതന്നെ റസിഡൻറിനു് എഴുതിയിട്ടുണ്ടു്[67]. തലശ്ശേരി ഉപരോധിക്കുന്ന കാര്യത്തിൽ സർദാർഖാൻ ഏർപ്പെടുവാനുണ്ടായ കാരണം ഇതാണു്. 1779–ൽ മാഹിയിൽനിന്നും തിരിച്ചുപോന്ന മദ്രാസ്

62. ഫോറിൻ ഹോം ഡിപ്പാർട്ടുമെൻറു്, 1756–1780, ജനുവരി 14, 1780.
63. ടി. കൺസൾട്ടേഷൻസ്, ഏപ്രിൽ 5, 1779.
64. ഫോറിൻ (മിസ.), നമ്പർ 55, പേജ് 36, ഖണ്ഡിക 30.
65. ലോഗൻ, വാല്യം 1, പേജ് 428.
66. ഫോറിൻ പൊളിററിക്കൽ സീക്രട്ട് പ്രൊസീഡിങ്സ്, 1756–80, നമ്പർ 14, ഫെബ്രുവരി, 80 (2)
67. ഫോറിൻ (മിസ.) നമ്പർ 55, പേജ് 36, ഖണ്ഡിക 30.

സൈന്യം തലശ്ശേരി കേന്ദ്രങ്ങളുടെ രക്ഷയേറ്റെടുത്തുകയും, സുപ്രീം കൗൺസിലിന്റെ നിർദ്ദേശങ്ങൾക്കെതിരായി ഹൈദരാലിയുടെ സാമന്തന്മാർക്കെതിരെ പടപൊരുതുകയും ചെയ്തു. അങ്ങനെ "തലശ്ശേരിയിലെ മാന്യന്മാർ ബുദ്ധിശൂന്യമായി ശത്രുത കുത്തിപ്പൊക്കി" എന്ന കാര്യം വ്യക്തമാകുന്നുണ്ട്. തലശ്ശേരി ഉപരോധം ആരംഭിച്ചതിനുശേഷം കുറച്ചുദിവസം കഴിഞ്ഞ് 1780 ജൂലൈ 20–ാം തീയതി 90,000 വരുന്ന ഒരു സൈന്യത്തോടുകൂടി ഹൈദർ കർണാടകത്തിലെത്തി[68]. അങ്ങനെയാണ് രണ്ടാം മൈസൂർ യുദ്ധം ആരംഭിക്കുന്നത്. "ഇംഗ്ലീഷുകാർക്ക് ഇന്ത്യയിൽവച്ച് ഏൽക്കേണ്ടിവന്ന പരാജയങ്ങളിൽ ഏറ്റവും വലുത്"[69] എന്ന് തോമസ് മൺറോ വിശേഷിപ്പിച്ച ബെയിലിയുടെ പരാജയം[70] ഇംഗ്ലീഷുകാരിൽ ഏൽപ്പിച്ച മാരകങ്ങളായ ആഘാതങ്ങളും ഉപരോധിക്കപ്പെട്ട തലശ്ശേരിയുടെ സ്ഥിതി വളരെ ഗുരുതരമാക്കിത്തീർത്തു[71]. ഈ ഉപരോധം 18 മാസക്കാലം നീണ്ടുനിൽക്കുകയുമുണ്ടായി. കോട്ടയെ പ്രതിരോധിക്കുന്ന കാര്യത്തിൽ അസാമാന്യമായ ധീരതയും കാര്യശേഷിയുമാണ് ഇംഗ്ലീഷുകാർ പ്രദർശിപ്പിച്ചത്. 1781 അവസാനത്തോടുകൂടി കേണൽ ഹംബേഴ്സ്റ്റന്റെ നേതൃത്വത്തിൽ ബോംബെയിൽനിന്നും പോഷകസേന എത്തിച്ചേർന്നു. തലശ്ശേരിയിലെ മേജർ ആബിംഗ്ടണോട് ചേർന്നു പ്രവർത്തിക്കുവാനാണ് ഇവർക്കു ലഭിച്ചിരുന്ന നിർദ്ദേശം. 1782 ഫെബ്രുവരി 8–ാം തീയതി മേജർ ആബിംഗ്ടൺ സർദാർഖാനെ പരാജയപ്പെടുത്തുകയും[72] 1,200 സൈനികരോടുകൂടി അദ്ദേഹത്തെ തടവിലാക്കുകയും ചെയ്തു[73]. ഈ സംഭവത്തിൽ വളരെയധികം ലജ്ജിതനായിത്തീർന്ന സർദാർഖാൻ ആത്മഹത്യ ചെയ്യുകയാണുണ്ടായതെന്ന് 'ഹൈദർനാമ' എന്ന ഗ്രന്ഥത്തിന്റെ കർത്താവ് പറയുന്നു[74].

ഈ പരാജയത്തെക്കുറിച്ചറിഞ്ഞ ഹൈദർ മക്ദൂംഅലിയെ മലബാർ തീരത്തേയ്ക്കയച്ചു. "ഇന്ത്യയുടെ കിഴക്കേ തീരപ്രദേശത്തുള്ള തന്റെ സൈനിക പരിപാടികൾ നിർത്തിവച്ച് പടിഞ്ഞാറൻ തീരത്തുനിന്നും ഇംഗ്ലീഷുകാരെ തുരത്തിയോടിക്കുന്നതിൽ തന്റെ ശ്രദ്ധ മുഴുവൻ കേന്ദ്രീകരിക്കുന്നതിനും അങ്ങിനെ തന്റെ സാമ്രാജ്യം സംരക്ഷിക്കുകയും സംഭവഗതിയെ

---

68. വിൽക്സ്, വാല്യം, 1, പേജ് 812.
69. കിർമാണി, പേജ് 198.
70. ഗ്ളീഗ് എഴുതിയ 'മൺറോ', പേജ് 25 (മൊഹിബുൾ ഹസ്സൻഖാൻ ഉദ്ധരിച്ചിട്ടുള്ളത്, പേജ് 24).
71. ലോഗൻ, പേജ് 428.
72. സീക്രട്ട് കൺ., മാർച്ച് 13, 1781, നമ്പർ 9.
73. ടി, മാർച്ച് 13, 1781, നമ്പർ 8.
74. ഹൈദർനാമ, പേജ് 97 (മൊഹിബുൾ ഹസ്സൻഖാൻ ഉദ്ധരിച്ചിട്ടുള്ളത്).

ഉററുനോക്കിക്കൊണ്ടിരിക്കുകയും ചെയ്യുവാനാണ് ഹൈദർ തീരുമാനിച്ചതെന്നാണ്''' വിൽക്സ് ഈ നടപടിയെക്കുറിച്ചെഴുതിയിരിക്കുന്നത്[75]. മലബാർ തീരത്തെ യുദ്ധം കൊടുമ്പിരികൊള്ളുമെന്നറിഞ്ഞു് ഇംഗ്ളീഷുകാർ, ''മലബാർ തീരത്തെ ഹൈദരാലിയുടെ ശക്തി അടിച്ചമർത്തുന്നതിനായി'' തങ്ങളെ സഹായിക്കുവാൻ സാമൂതിരിയോടും തിരുവിതാംകൂർ രാജാവിനോടും അഭ്യർത്ഥിച്ചു[76]. അതിന്റെ ഫലമായി മേലുദ്യോഗസ്ഥനെന്ന നിലയിൽ കേണൽ ഹംബേഴ്സ്ററൺ സൈനികമേധാവിത്വം ഏറെറടുത്തു. വളരെക്കാലം അടിച്ചമർത്തപ്പെട്ട അവസ്ഥയിൽ നിന്നും മോചനം നേടുവാൻ ഉദ്യുക്തരായ ഒരു സംഘം നായന്മാർ അദ്ദേഹത്തോടൊപ്പം ചേർന്നു. ഈ സൈന്യം കോഴിക്കോട്ടുനിന്നും 20 മൈൽ തെക്കു് തൃക്കാളൂരിനടുത്തുവരെ എത്തിച്ചേരുകയും ചെയ്തു[77]. ഇവിടെവച്ചു് മക്ദൂം ആലിയുടെ സൈന്യവുമായി അവർ ഏററുമുട്ടി[78]. തന്റെ സൈന്യത്തിന്റെ ശക്തിയെക്കുറിച്ചു് ബോധവാനായിരുന്ന മക്ദൂം ആലി 1782 ഏപ്രിൽ 5—ാം തീയതിതന്നെ യുദ്ധത്തിനൊരുങ്ങി[79]. പിറകിൽ ആഴമുള്ള ഒരു നദി ഉണ്ടായിരുന്നതിനാൽ ശക്തമെങ്കിലും അപകടം പിടിച്ച ഒരു നിലയിലായിരുന്നു മക്ദൂംആലി[80]. ''എടുത്തുചാടിയുള്ള തന്റെ പ്രവർത്തനത്തിനു് പിഴയായി സ്വന്തം ജീവിതവും സൈന്യത്തിന്റെ നല്ലൊരു പങ്കും അദ്ദേഹത്തിനു് ബലികഴിക്കേണ്ടി വന്നു[81].

മക്ദൂം ആലിയുടെ പരാജയത്തിനും മരണത്തിനുംശേഷമാണ് ഇംഗ്ലീഷുകാരുമായി ചേരുവാൻ നായർസൈന്യം ഒരുങ്ങിയത്. പക്ഷേ അവരുടെ എണ്ണം വളരെ പരിമിതമായിരുന്നു. ഭരണാധിപന്മാരായ രാജാക്കന്മാർ മൈസൂർ സേനയുടെ ഭാഗത്തുചേർന്നാണ് യുദ്ധം ചെയ്തിരുന്നത്. നാട്ടിലെ പരിതസ്ഥിതിയെയും ഗതാഗത സൗകര്യങ്ങളെയും കുറിച്ചു് താൻ തികച്ചും അജ്ഞനായിരുന്നു എന്നും, തദ്ദേശിയരായ നായന്മാർ മൈസൂർകാരോടുണ്ടായിരുന്ന ബന്ധം തികച്ചും വിച്ഛേദിച്ചിട്ടില്ലാത്തതിനാൽ അവരിൽനിന്നും ലഭിച്ച വിവരങ്ങൾ വിശ്വസിക്കാൻ

---

75. വിൽക്സ്, വാല്യം 2, പേജ് 109.
76. ലോഗൻ, പേജ് 430.
77. തലശ്ശേരി ഫാക്ടറി ഡയറി, ഏപ്രിൽ 8, 1782, ഏപ്രിൽ 13, 15, 1782.
78. വിൽക്സ്, പേജ് 28.
79. തലശ്ശേരി ഫാക്ടറി ഡയറി, ഏപ്രിൽ 13, 15, 1782.
80. വിൽക്സ്, പേജ് 28.
81. സീക്രട്ട് പ്രൊസീഡിങ്സ്, മേയ് 28, 1782, പേജ് 1684.

നിവൃത്തിയില്ലായിരുന്നുവെന്നും ഹംബേഴ്സ്ററൺ സമ്മതിച്ചിട്ടുള്ളതായി വിൽക്സ് പറയുന്നുണ്ട്[82]. മലബാറിൽ ഒരു ലഹള പൊട്ടിപ്പുറപ്പെട്ടു എന്നും ലഹളക്കാരുടെ സഹായാർത്ഥം അയച്ചുകൊടുത്ത ഇംഗ്ളീഷ് സേനയുടെ ഒരു ചെറിയ ഭാഗം തലശ്ശേരിയിൽ വൻപിച്ചഒരു വിജയം കൈവരിക്കുകയുണ്ടായി എന്നും, ഇതാണ് ടിപ്പുവിനെ പടിഞ്ഞാറൻ തീരത്തേയ്ക്കയക്കാൻ കാരണമായിത്തീർന്നതെന്നും ഈ സംഭവത്തെ പരാമർശിച്ച് 'ദി മാനുവൽ ഓഫ് സ്റ്റാൻഡിംഗ് ഇൻഫർമേഷൻ ഓഫ് മദ്രാസ് പ്രസിഡൻസി' എന്ന ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ട്[83].

മക്ദൂം ആലിയുടെ പരാജയം ഹൈദറെ വളരെയേറെ വിഷമിപ്പിച്ച ഒരു സംഭവമാണ്. ദുർഘടമായ ഈ പരിതസ്ഥിതിയിൽനിന്നും രക്ഷപ്പെടുവാനായി ടിപ്പുവിനെ അദ്ദേഹം മലബാറിലേയ്ക്കയച്ചു[84]. 1782 ജൂൺ 16–ാം തീയതി, "നിസ്സംശയമായും ടിപ്പുസാഹിബ്ബ് തന്നെയായിരിക്കും വരുന്ന യുദ്ധത്തിൽ തൻെറ സൈന്യത്തെ നയിക്കുകയെന്നു്"[85] കോഴിക്കോട്ടുണ്ടായിരുന്ന കേണൽ ഹംബേഴ്സ്റ്റണ് അറിവു കിട്ടി. ഈ അറിവ് ശരിയായിരുന്നു. ടിപ്പുതന്നെ ഒരുവിഭാഗം സൈന്യവുമായി ആക്രമണകാരികളെ കീഴടക്കുവാൻ തിടുക്കത്തിൽ പുറപ്പെട്ടു. ഒക്ടോബർ 19–ാം തീയതിതന്നെ ഇംഗ്ളീഷ് സൈന്യം പാലക്കാട് എത്തിയിരുന്നെങ്കിലും താൻ പ്രതീക്ഷിച്ചതിലും ശക്തമാണ് പാലക്കാട് എന്ന് മനസ്സിലാക്കുകയും പ്രബലമായ ഒരു സൈന്യം തനിക്കെതിരെ നീങ്ങുന്നുണ്ടെന്ന ശ്രുതി കേൾക്കുകയും ചെയ്ത ഹംബേഴ്സ്റ്റൺ "വളരെ ബുദ്ധിപൂർവ്വം പിൻതിരിയുവാൻ തീരുമാനിക്കുക"യാണുണ്ടായത്[86]. ബോംബെ ഗവൺമെൻറ് കേണൽ ഹംബേഴ്സ്ററണോട് പിൻതിരിയുവാൻ നേരത്തെതന്നെ ആവശ്യപ്പെട്ടിരുന്നുവെന്നും ഉത്തരവ് താമസിച്ചു കിട്ടിയതിനാൽ അങ്ങനെ ചെയ്യുവാൻ യഥാസമയത്തിന് കഴിഞ്ഞില്ലെന്നും വിൽക്സ് ഉറപ്പിച്ചു പറയുന്നുണ്ട്[87]. തലശ്ശേരി ഫാക്ടറി ഡയറിയിലെ ഒരു രേഖയും ഇത് ശരിയാണെന്നു സമർത്ഥിക്കുന്നുണ്ട്. 18–ാം തീയതി വൈകുന്നേരം സൈനികനീക്കം

---

82. വിൽക്സ്, പേജ് 161.
83. മാനുവൽ മുതലായവ, 1893, പേജ് 50; ജോയിൻറ് കമ്മിഷൻ റിപ്പോർട്ട്, ഖണ്ഡിക 30.
84. ജോയിൻറ് കമ്മിഷൻ റിപ്പോർട്ട്, ഖണ്ഡിക 30.
85. തലശ്ശേരി ഫാക്ടറി ഡയറി, ജൂലൈ 1, 1782.
86. ചാംസ് സ്റ്റുവർട്ട്, കാററലോഗ് ആൻഡ് മെമ്മോയേഴ്സ് ഓഫ് ടിപ്പുസുൽത്താൻ, പേജ് 264.
87. വിൽക്സ്, വാല്യം 2, പേജ് 32–33.

ആരംഭിക്കുവാനാണ് ഹംബേഴ്സ്റ്റൺ തീരുമാനിച്ചതെന്ന് ഈ രേഖയിൽ കാണുന്നു[88].

ടിപ്പു പാലക്കാട്ടെത്തിയപ്പോൾ ശത്രു പിൻവാങ്ങിയതായിക്കണ്ടു. സമയം തെല്ലും പാഴാക്കാതെ അദ്ദേഹം ഇംഗ്ലീഷ് സൈന്യത്തെ പിൻതുടരുകയും അവരെ നിരന്തരം ശല്യപ്പെടുത്തുകയും ഉപദ്രവിക്കുകയും ചെയ്തു[89]. ശത്രുവിനെ പിൻതുടർന്ന ടിപ്പുവിന്റെ കാലാൾപ്പട ശത്രുസൈന്യത്തിന്റെ ധാരാളം സാധനസാമഗ്രികളും ആഹാരസാധനങ്ങളും പിടിച്ചെടുക്കുകയുമുണ്ടായി[90]. സൂര്യാസ്തമനത്തോടെ ഹംബേഴ്സ്റ്റൺ പൊന്നാനിപ്പുഴയുടെ തീരത്തെത്തി വഴിയിലുടനീളം ഈ പ്രവൃത്തി തുടർന്നുകൊണ്ടിരുന്നു. പുഴയിൽ വെള്ളപ്പൊക്കമുണ്ടായിരുന്നതുകൊണ്ട് അതു കടക്കുവാൻ സാധിക്കുകയില്ലെന്നാണ് ടിപ്പു കരുതിയത്. തന്മൂലം പിറേറ ദിവസം രാവിലെ ശത്രുവിനെ നേരിടാമെന്നുകരുതിയ അദ്ദേഹം തന്റെ സൈന്യത്തിന് വിശ്രമമനുവദിക്കുകയും ചെയ്തു. എന്നാൽ നേരം വെളുത്തപ്പോൾ തന്റെ പിടിയിൽനിന്നും ശത്രു രക്ഷപ്പെട്ടിരുന്നതായിട്ടാണ് ടിപ്പുവിനു കാണാൻ കഴിഞ്ഞത്. ഇംഗ്ലീഷു സൈന്യം പൂർണ്ണമായ നാശത്തിൽനിന്ന് എങ്ങനെ രക്ഷപ്പെട്ടുവെന്നു വിൽക്സ് സുന്ദരമായി ചിത്രീകരിച്ചിട്ടുണ്ട്. ''പ്രായോഗികമായ ഒരു രക്ഷാമാർഗം കണ്ടെത്തുന്നതിന് രാത്രിയുടെ സിംഹഭാഗവും ശ്രമിച്ചുകൊണ്ടിരുന്ന സൈന്യത്തിന് അവസാനം സാധാരണയാളുകൾക്ക് താഴിവരെ വെള്ളമുള്ള ഒരുഭാഗം കണ്ടുപിടിക്കുകയും നിശ്ശബ്ദരായി കൈകോർത്തുപിടിച്ച് ഉയരം കൂടിയവർ ഉയരം കുറഞ്ഞവരെ സഹായിച്ചുകൊണ്ട് ഒരൊററയാളും കൊല്ലപ്പെടാതെ എല്ലാവരും ഒരുവിധം അക്കരെപ്പററുകയാണുണ്ടായത്''[91]. നിശ്ചയമായിരുന്ന ഒരു വൻനാശത്തിൽനിന്നും രക്ഷപ്പെട്ട അവർ ഏതെങ്കിലും രക്ഷാകേന്ദ്രത്തിലെത്താൻ ജീവനും കൊണ്ടോടുകയാണുണ്ടായത്. അവരെ മറികടക്കാൻ ടിപ്പു കഴിവുററ ശ്രമിച്ചെങ്കിലും ഇതിനകം അവർ പൊന്നാനി പട്ടണത്തിൽ എത്തിച്ചേർന്നിരുന്നു[92]. അവിടെ കേണൽ മക്ളിയോഡ് ഒരു പോഷകസേനയുമായി എത്തിച്ചേരുകയും സൈനിക നേതൃത്വം ഏറെറടുക്കുകയും ചെയ്തു.

പൊന്നാനിയിലെത്തിയ ടിപ്പു ഇംഗ്ലീഷ്സേനയ്ക്കു മുൻപിൽ തന്നെ താവളമടിക്കുകയും ശക്തമായ ഒരു ആക്രമണത്തിന് വട്ടം കൂട്ടുകയും

---

88. തലശ്ശേരി ഫാക്ടറി ഡയറി, നവംബർ 22, 1782
89. വിൽക്സ്, വാല്യം 2, പേജ് 30.
90. ''മെമ്മോയേഴ്സ് ഓഫ് ടിപ്പു സുൽത്താൻ'', മൈൽസ്, പേജ് 264.
91. വിൽക്സ്, വാല്യം 2, പേജ് 36–37.
92. മിലിട്ടറി കൺസൾട്ടേഷൻസ്, ജനുവരി, 1783,
വാല്യം, 85 എ, പേജ് 144.

ചെയ്തു. നവംബർ 29–ാം തീയതി ലാലിയുടെ സഹായത്തോടെ ടിപ്പു രൂക്ഷമായ ഒരു കടന്നാക്രമണം നടത്തി. എന്നാൽ മക്ളിയോഡ് സുശക്തമായ ഒരു സ്ഥാനത്തായിരുന്നു നിലയുറപ്പിച്ചിരുന്നത്. അതിനാൽ അദ്ദേഹത്തിനു് പഴയ സ്ഥാനത്തേയ്ക്കുതന്നെ പിൻതിരിയേണ്ടിവന്നു[93]. വിഫലമായ ഈ ശ്രമത്തിനുശേഷം പോഷകസൈന്യം വന്നെത്തുന്നതും കാത്തു് കുറച്ചുകൂടി പിറകോട്ടുമാറി അടുത്ത ആക്രമണത്തിനു് വട്ടംകൂട്ടുകയായിരുന്നിരിക്കണം ടിപ്പു ചെയ്തിരുന്നതെന്നാണ് ഇതേക്കുറിച്ചു് വിൽക്സ് പറയുന്നതു്. ''എന്നാൽ ഡിസംബർ 12–ാം തീയതി ഇംഗ്ളീഷ് താവളത്തെ സദാസമയം നിരീക്ഷിച്ചുകൊണ്ടിരിക്കുന്ന ഈ ചെറിയ സേനാവിഭാഗം പെട്ടെന്നു് അപ്രത്യക്ഷമായി. തുടർന്നു കിട്ടിയ റിപ്പോർട്ടു പ്രകാരം മൈസൂർ സൈന്യം കിഴക്കോട്ട് ധൃതഗതിയിൽ നീങ്ങിക്കൊണ്ടിരിക്കുന്നതായിട്ടാണ് അറിയാൻ കഴിഞ്ഞതു്''[94]. തന്റെ പിതാവിന്റെ മരണവാർത്തയറിഞ്ഞ[95]. ടിപ്പു പെട്ടെന്നു് തന്റെ താവളമുപേക്ഷിച്ചു് ശ്രീരംഗപട്ടണത്തേയ്ക്കു് യാത്രയാകുകയാണുണ്ടായതു്[96]. സ്ഥലം വിടുന്നതിനു മുൻപുതന്നെ മലബാർ ഗവൺമെൻറിന്റെ ചുമതല വഹിക്കാനും പാലക്കാട്ടെ പ്രതിരോധം തുടരുവാനും അദ്ദേഹം അർഷത്ബെഗ്ഖാനെ ഏർപ്പാടു ചെയ്തിരുന്നു[97].

മലബാർ തീരത്തുള്ള ഹൈദരാലിയുടെ നേട്ടങ്ങൾ മികച്ചവയാണെന്നതിന് സംശയമില്ല പക്ഷെ കലാപങ്ങൾ കൂടാതെ വളരെ കുറച്ചു നാൾ തള്ളിനീക്കാനെ അദ്ദേഹത്തിനു കഴിഞ്ഞുള്ളു. ആക്രമിച്ചു കീഴടക്കിയ ഭൂഭാഗങ്ങളിൽ തുടരെത്തുടരെ കുഴപ്പങ്ങൾ ഉണ്ടായതുമൂലം ഇവിടെ വ്യക്തമായ എന്തെങ്കിലും ഏർപ്പാടുകൾ ഉണ്ടാക്കുന്നതിനു് അദ്ദേഹത്തിനു സാധിച്ചില്ല. രണ്ടാം മൈസൂർ യുദ്ധത്തിന്റെ ഇടയ്ക്കുവച്ചു് സംഭവിച്ച ഹൈദറുടെ മരണം മലബാറിലെ രാഷ്ട്രീയസ്ഥിതിയെ വീണ്ടും അനിശ്ചിതത്വത്തിലേയ്ക്കു തള്ളിവിട്ടു.

93. സീക്രട്ട് കൺസൾട്ടേഷൻസ്, നമ്പർ 17–19, ജനുവരി 23, 1783.
94. വിൽക്സ്, വാല്യം 2, പേജ് 37–38.
95. സീക്രട്ട് കൺസൾട്ടേഷൻസ്, നമ്പർ 2, ജനുവരി 6, 1783.
96. കാററലോഗ് ആൻഡ് മെമ്മോറാണ്ടംസ് ഓഫ് ടിപ്പുസുൽത്താൻ, പേജ് 265.
97. മിലിട്ടറി കൺസൾട്ടേഷൻസ്, ഫെബ്രുവരി, 1783, വാല്യം 66 എ, പേജ് 719.

# 5

# ഹൈദരാലിയും കൊച്ചിരാജ്യവുമായുള്ള ബന്ധം

ഹൈദരാലിയും കേരളത്തിൽ ഭരണംനടത്തിയിരുന്ന രാജാക്കന്മാരും തമ്മിലുണ്ടായിരുന്ന രാഷ്ട്രീയബന്ധം വിലയിരുത്താതെ അദ്ദേഹത്തിന്റെ കേരളഭരണം സംബന്ധിച്ചുള്ള ഒരു പഠനവും പൂർത്തിയാകുകയില്ല. ഇക്കാര്യം കഴിഞ്ഞ അദ്ധ്യായങ്ങളിൽ കുറെയൊക്കെ പരിശോധനാവിധേയമാക്കിയിട്ടുണ്ട്. കേരളത്തിലെ ഒരു പ്രമുഖ നാട്ടുരാജാവായിരുന്ന കൊച്ചിരാജാവും ഹൈദരാലിയും തമ്മിലുള്ള ബന്ധം വിശദീകരിക്കുവാനാണ് ഈ അദ്ധ്യായത്തിൽ ശ്രമിക്കുന്നത്. ഈ രാജാവിന്റെ പ്രാധാന്യം മാത്രമല്ല ഇവിടെ പ്രസക്തമായ സംഗതി. കേരളത്തിലെ രാജാക്കന്മാരോടും ഭരണാധിപന്മാരോടും മൈസൂർ ഭരണാധികാരികൾ കൈക്കൊണ്ട നയത്തിന്റെ അടിസ്ഥാനം വ്യക്തമാക്കാനും ഇത് ഉതകുന്നതാണ്.

ചിറയ്ക്കൽ—കോഴിക്കോട്ട് രാജാക്കന്മാരെ പരാജയപ്പെടുത്തിയശേഷം 1766—ലാണ് ഹൈദരാലി കോഴിക്കോട്ടു വരുന്നത്. ഈ സമയത്ത് കേരളത്തിലെ മററു രാജാക്കന്മാരോട് തന്റെ അധീശത്വം അംഗീകരിക്കുവാൻ അദ്ദേഹം ആവശ്യപ്പെടുകയുണ്ടായി[1]. കൊച്ചിഭരണാധികാരിയായിരുന്ന രാമവർമ്മ, ഡച്ചുകാരുടെ മദ്ധ്യസ്ഥതയിൽ മൈസൂർ ഭരണാധികാരിയുടെ സാമന്തനായിത്തീരുകയും[2] രണ്ടു ലക്ഷം ഉറുപ്പികയും എട്ട് ആനകളും നൽകുവാൻ സമ്മതിക്കുകയും ചെയ്തു[3]. തിരുവിതാംകൂർ രാജാവിനോട് ആലോചിച്ചശേഷമാണ് കൊച്ചിരാജാവ് ഇപ്രകാരം ചെയ്തത്. തിരുവിതാംകൂർ രാജാവ് ഇത്തരമൊരു നടപടിക്ക് അനുകൂലമായി കൊച്ചിയെ ഉപദേശിക്കുകമാത്രമല്ല

1. ഡി. ആർ. നമ്പർ 13, പേജ് 154.
2. ബുക്കാനൻ, വാല്യം 3, പേജ് 432.
3. സി. ആർ. ഇ. എൽ., 71, എസ്. നമ്പർ 176.

അവർക്ക് ഇതിനുവേണ്ടി സാമ്പത്തികസഹായം നൽകുകയുണ്ടായെന്നും ഡച്ച രേഖകളിൽ കാണുന്നു. ഹൈദരാലി സാമൂതിരിയുടെ രാജ്യത്തുനിന്നും തെക്കോട്ട് കടക്കാതിരിക്കുവാൻ തിരുവിതാംകൂർ രാജാവ് സ്വീകരിച്ച ഒരു അടവായിരുന്നു ഇത്[4].

കൊച്ചിയും മൈസൂറും തമ്മിലുള്ള ഈ ബന്ധം അഭംഗുരം തുടർന്നു വന്നു. ഹൈദർ കൊച്ചിരാജാവിനു സ്നേഹപൂർവ്വമായ എഴുത്തുകളും വിലയേറിയ സമ്മാനങ്ങളും അയച്ചിരുന്നതായി കൊച്ചിരേഖകൾ വ്യക്തമാക്കുന്നുണ്ട്[5]. 1766–ൽ ചേററുവാകോട്ട സംബന്ധിച്ച ഒരു തർക്കത്തിൽ കൊച്ചിരാജാവ് ഡച്ചുകാരെ അനുകൂലിക്കുകയും കപ്പം കൊടുക്കുന്നതിൽ വീഴ്ച വരുത്തുകയും ചെയ്ത ഒരു സന്ദർഭത്തിൽമാത്രമേ ഈ സൗഹൃദബന്ധത്തിന് അല്പം ഉലച്ചിൽ തട്ടുകയുണ്ടായുള്ളു[6]. തുടർന്ന് സർദാർഖാൻ കൊച്ചിയിലേയ്ക്ക് നീങ്ങുകയും തൃശൂരെത്തി താവളമുറപ്പിക്കുകയും ചെയ്തു[7]. കൊച്ചി മഹാരാജാവിന്റെ ഈ പ്രവൃത്തി അദ്ദേഹത്തിനെതിരെ ആയുധമേന്തുവാൻ മൈസൂർകാരെ പ്രേരിപ്പിക്കുകയുണ്ടായി. പക്ഷേ കാര്യം എളുപ്പത്തിൽ ഒത്തുതീരുകയാണുണ്ടായത്[8] രണ്ടു ലക്ഷം പഗോഡ ഉടനെ നൽകുകയും വർഷംതോറും 50,000 പഗോഡ മുടക്കം വരുത്താതെ അടച്ചുകൊണ്ടിരിക്കുകയും ചെയ്താൽ സൈന്യത്തെ പിൻവലിക്കാമെന്നു മൈസൂർ സേനാധിപൻ സമ്മതിച്ചു[9] എന്നാൽ രാജ്യത്തിന്റെ സാമ്പത്തികസ്ഥിതി കണക്കാക്കുമ്പോൾ ഈ തുക വളരെ കൂടുതലാണെന്നു് ആക്ഷേപം പുറപ്പെടുവിച്ച കൊച്ചി മഹാരാജാവിനെ ഹൈദരാലിക്കു നേരിട്ടു പരാതികൊടുക്കുവാൻ സർദാർ ഖാൻ അനുവദിക്കുകയുണ്ടായി[10]. ഹൈദരാലി കൊച്ചിരാജാവിന് അനുകൂലമായിട്ടാണ് ഇക്കാര്യത്തിൽ തീരുമാനമെടുത്തതു്. കൊടുങ്ങല്ലൂരിൽനിന്നുള്ള കപ്പവും മററു സംഖ്യകളും ഉൾപ്പെടെ ആകെ ഒരുലക്ഷം പഗോഡ കൊടുത്താൽ മതിയെന്ന് ഹൈദർ നിർദ്ദേശിച്ചു[11]. ഈ സംഖ്യ കൊടുത്തുകൊള്ളാമെന്നു രാജാവു സമ്മതിച്ചതുപ്രകാരം സർദാർഖാൻ തിരിച്ചുപോവുകയും ചെയ്തു. അതിനുശേഷം കൊച്ചിയുടെ നേരെ വൈരാഗ്യപൂർവ്വമായി ഒരു നീക്കവും ഇവർ നടത്തിയിട്ടില്ല. രാജാവുമായുള്ള അവരുടെ ബന്ധം "യോഗ്യവും, ശാന്തവും, മാന്യവുമായിരുന്നു"[12]. ഇതിനുശേഷം കൊച്ചിരാജാവിന് എല്ലാ

---

4. ഡി. ആർ. എൻ. ഒ. 13, പേജ് 156.
5. ടി. എൻ. 71, എൽ. 8 ഒന്നാം സീരീസ്.
6. എൽ. 8, സീരീസ്.................നമ്പർ 166.
7. ബുക്കാനൻ വാല്യം 2, പേജ് 361.
8. എൽ 71, സീരീസ് 1, നമ്പർ 175.
9. എൽ. 8, സീരീസ് 1, നമ്പർ 161.
10. ടി.
11. ടി.
12. ശങ്കുണ്ണി മേനോൻ, പേജ് 142.

വിധത്തിലുള്ള ആനുകൂല്യങ്ങളും മൈസൂർ ഭാഗത്തുനിന്നു് ലഭിക്കുകയുണ്ടായി. വെന്നേരിയിലെ പെരുമ്പടപ്പു തുടങ്ങി, ഒരു നൂററാണ്ടു കാലമായി കൊച്ചിയുടെ അധീനതയിലല്ലായിരുന്ന ഗ്രാമങ്ങളുടെ കാര്യത്തിൽപ്പോലും കൊച്ചിക്കനുകൂലമായ ഒരു നിലയാണ് മൈസൂർ ഭരണകർത്താക്കാം സ്വീകരിച്ചതു്. കൊച്ചിയെ സംബന്ധിച്ചിടത്തോളം ഈ സ്ഥലങ്ങൾക്കുണ്ടായിരുന്ന പ്രാധാന്യം ഹൈദരാലിയെ ബോധ്യപ്പെടുത്തിയപ്പോൾ അദ്ദേഹം അതു് വകവെച്ചുകൊടുക്കുകയാണുണ്ടായതു്[13].

എന്നാൽ, കാര്യങ്ങൾ ഇങ്ങനെയൊക്കെയായിരുന്നുവെങ്കിലും മൈസൂർ ഭരണാധിപന്മാരുമായുള്ള ബന്ധം രാജാവു് ഇഷ്ടപ്പെട്ടിരുന്നില്ല. ഹൈദരാലിയുടെ സൈനിക ശേഷിയിലുണ്ടായിരുന്ന ഭയം ഒന്നു മാത്രമാണ് അദ്ദേത്തിൻെറ സാമന്തനാകുവാൻ കൊച്ചിരാജാവിനെ പ്രേരിപ്പിച്ചതു്[14]. മൈസൂറിൻെറ ഏററവും വലിയ ശത്രുവായ തിരുവിതാംകൂർ രാജാവിനോടു് ആദ്യംമുതൽക്കുതന്നെ കൊച്ചിരാജാവു് കാര്യങ്ങൾ പറഞ്ഞുറപ്പിച്ചിരുന്നു[15]. സർദാർഖാൻ ഡച്ചുപ്രദേശങ്ങളായ ചേററുവായും കൊടുങ്ങല്ലൂരും ആക്രമിച്ചപ്പോൾ കൊച്ചിരാജാവു് ഡച്ചുകാരെ സഹായിക്കുകയും മൈസൂർ താൽപര്യത്തെ തുരങ്കം വയ്ക്കാൻ ശ്രമിക്കുകയുമാണ് ചെയ്തതു്. ഡച്ചുഗവർണ്ണറായിരുന്ന ഏഞ്ചൽ ബക്കുമായുണ്ടായ എഴുത്തുകുത്തുകളിൽനിന്നും ഇക്കാര്യം വ്യക്തമാകുന്നുണ്ടു്[16]. 1782–ൽ രണ്ടാം മൈസൂർ യുദ്ധം അതിൻെറ മൂർധന്യത്തിലായിരുന്ന സന്ദർഭത്തിൽ ഡച്ചുകാരുടെ എതിർപ്പു് വകവയ്ക്കാതെതന്നെ പള്ളിപ്പുറത്ത് ഒരു കോട്ട കെട്ടുവാനും ചുററും കിടങ്ങു കുഴിക്കുവാനും കൊച്ചിരാജാവു് തിരുവിതാംകൂറിനെ അനുവദിക്കുകയുണ്ടായി[17]. മൈസൂർ സൈന്യം തിരുവിതാംകൂറിലേയ്ക്കു കടക്കുന്നതു തടയുവാൻ വേണ്ടിയാണിപ്രകാരം ചെയ്തതു്. അതുപോലെതന്നെ കൊച്ചിരാജാവിൻെറ അറിവോടും അനുഗ്രഹത്തോടും കൂടിയാണ് തിരുവിതാംകൂർ, നെടുങ്കോട്ട ശക്തിപ്പെടുത്തിയതും അതു് കൊടുങ്ങല്ലൂർകോട്ടവരെ നീട്ടിയതും[18].

മൈസൂറുമായി ബന്ധപ്പെട്ടിരുന്ന കാലത്തു മുഴുവൻ കൊച്ചിരാജാവു് തിരുവിതാംകൂർ രാജാവുമായും ഡച്ചുകാരുമായും ഗൂഢാലോചനയിലേർപ്പെട്ടുകൊണ്ടിരുന്നു. മൈസൂർ ആധിപത്യത്തിൻകീഴിൽനിന്നു രക്ഷപ്പെടുവാനായി സൈനികസഹായം അഭ്യർത്ഥിച്ചുകൊണ്ടു് ബത്തേവിയായിലെ

---

13. എൽ. 8, ഡിസ്.............നമ്പർ 166.
14. എൽ. 71, സീരിസ് 1, നമ്പർ, 176.
15. ഡി. ആർ. നമ്പർ 13, പേജ് 156.
16. എൽ. 61/എ, എസ്. 1, നമ്പർ 4, പേജ് 2711.
17. എൽ. 62, എസ് 1, നമ്പർ 31, പേജ് 2760.
18. ടി. „ „ 32, „ 2762.

ലന്തത്തലവന്മാർക്ക് അദ്ദേഹമെഴുതിയ അനേകം എഴുത്തുകൾ വെളിച്ചത്തു വന്നിട്ടുണ്ട്. 1773 സെപ്റ്റംബർ 18-ാം തീയതി അയച്ചതും 1779 നവംബർ 13-ാം തീയതി ഈസ്റ്റ്ഇൻഡീസിലെ ഗവർണർ ജനറലിൽ നിന്ന് മറുപടി ലഭിച്ചതുമായ ഒരെഴുത്ത് മൈസൂർ ആധിപത്യത്തിന്റെ ആദ്യകാലം മുതൽക്കുതന്നെ ഈ രാജാവ് മൈസൂറിനെതിരായി ഗൂഢാലോചനയിൽ ഏർപ്പെട്ടിരുന്ന കാര്യം വ്യക്തമാക്കുന്നുണ്ട്[19]. 1782-ൽ മലബാറി ലെ നില വഷളാകുകയും സർദാർഖാനും മക്ദൂം അലിയും തുടരെത്തുടരെ പരാജയപ്പെടുകയും ചെയ്ത അവസരത്തിൽ ഇംഗ്ലീഷുകാരുമായി ചേരുവാൻ കൊച്ചിരാജാവ് ഒരു ശ്രമം നടത്തുകയുണ്ടായി. പക്ഷേ, ഹൈദരാലിയുടെ വിദ്വേഷം സമ്പാദിച്ചാലുണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ച് ബോധവാനാക്കിയ ഡച്ചുഗവർണറാണ് ഈ നീക്കത്തിൽനിന്നും അദ്ദേഹത്തെ പിന്തിരിപ്പിച്ചത്[20]. ആ വർഷംതന്നെ ജനുവരിമാസത്തിൽ ഹൈദരാലിയിൽ നിന്നുള്ള ആക്രമണത്തെക്കുറിച്ച് ഭീതിയുണ്ടെങ്കിൽ തിരുവിതാംകൂറിൽ അഭയം തേടിക്കൊള്ളുവാൻ എഞ്ചൽബെക്ക് അദ്ദേഹത്തെ ഉപദേശിക്കുകയുണ്ടായി[21]. ബാഹ്യമായി സ്നേഹം ഭാവിച്ചുകൊണ്ട് മൈസൂർ ഭരണാധികാരികൾക്കെതിരായി ഗൂഢാലോചന നടത്തിക്കൊണ്ടിരുന്നതിനാലാണ് കൊച്ചിരാജാവിൽ ഒരുപക്ഷേ ഇത്തരമൊരു ഭീതി വളർന്നുവന്നത്.

1780-ൽ തലശ്ശേരി ഉപരോധിക്കുവാൻ സർദാർഖാൻ പുറപ്പെട്ടപ്പോൾ കോഴിക്കോട്ട് നിർത്തിയിരുന്ന കൊച്ചിയുടെ ആയിരം പേരുള്ള നായർസൈന്യത്തെ തന്റെകൂടെ വിടുവാൻ അദ്ദേഹം അഭ്യർത്ഥിക്കുകയുണ്ടായി. "സാമൂതിരിയുടെ നായർപട ഇളക്കിവിട്ട ശല്യം ഒതുക്കുന്നതിൽ മൈസൂർ സൈന്യത്തെ സഹായിക്കുവാൻ വേണ്ടിയാണ്"[22] സർദാർഖാൻ ഇത്തരം ഒരഭ്യർത്ഥന നടത്തിയത്. ഇംഗ്ലീഷുകാരുമായി താൻ വിദ്വേഷത്തിലല്ലായിരുന്നതിനാൽ അവർക്കെതിരെ നീങ്ങുവാൻ തനിക്കു വിഷമമുണ്ടെന്നു പറഞ്ഞു രക്ഷപ്പെടുകയാണ് ഈ സമയത്ത് കൊച്ചിരാജാവ് ചെയ്തത്[23]. ചുരുക്കത്തിൽ, കൊച്ചിക്ക് ഹൈദരാലിയുമായി ഉണ്ടായിരുന്ന ബന്ധം, ഭീതിയിൽ അധിഷ്ഠിതമായിരുന്നുവെന്ന് വ്യക്തമാകുന്നുണ്ട്. ഹൈദരാകട്ടെ പ്രകടമായിത്തന്നെ സന്മനോഭാവമാണ് കൊച്ചിയോട് എക്കാലവും പ്രദർശിപ്പിച്ചിരുന്നതും.

19. റിബേറാഡിസൂസയിൽനിന്നും രാജാവിന്ന ലഭിച്ച കത്ത്.
20. എൽ. 62, എസ്. 1, പേജ് 2760–61. വാൻഎഞ്ചൽബെക്ക് രാജാവിനെഴുതിയ കത്ത്, നവംബർ 11, 1782, നമ്പർ 31, 32.
21. ടി. ... , ജനുവരി 21, 1782, നമ്പർ 16, പേജ് 2746.
22. കൊച്ചിൻ സ്റ്റേററ് മാനുവൽ, പേജ് 124.
23. എൽ. 71, എസ്. 1.

# 6

# ഹൈദരാലിയും തിരുവിതാംകൂറുമായുള്ള ബന്ധം

മലബാർ പിടിച്ചടക്കിയ ശേഷം തിരുവിതാംകൂറും പിടിക്കുവാൻ ഹൈദർ ആഗ്രഹിച്ചിരുന്നു. 1766–ൽ ഡച്ചുകാർ കോഴിക്കോട്ടുവച്ചു ഹൈദരെ സന്ദർശിച്ചപ്പോൾ ഡച്ചുകാരുമായി ഒരു സൈനികസഹായ ഉടമ്പടിയുണ്ടാക്കാമെന്നും ഡച്ചുകാരെ സഖ്യകക്ഷിയെന്ന നിലയിൽ കൊച്ചിയെ ആക്രമിക്കുകയില്ലെന്നും നിർദ്ദേശിക്കുകയുണ്ടായെങ്കിലും തിരുവിതാംകൂറിന്റെ പേരു് മനഃപൂർവ്വം അദ്ദേഹം സൂചിപ്പിക്കുകപോലും ഉണ്ടായില്ല.[1] ഹൈദരെ സംബന്ധിച്ചിടത്തോളം തിരുവിതാംകൂറിന്റെ പേരിൽ അദ്ദേഹത്തിനു തന്റേതായ ആക്ഷേപങ്ങളുണ്ടായിരുന്നു. 1750–51 കാലത്തു് ഹൈദർ ഡിണ്ടിഗലിൽ ഫൗജ്ദാരായിരിക്കുമ്പോൾ മാർത്താണ്ഡവർമ്മ അദ്ദേഹത്തിന്റെ സൈനികസഹായമഭ്യർത്ഥിക്കുകയുണ്ടായി[2]. തിരുവിതാംകൂറിലെ നായർപ്രഭുക്കന്മാർ രാജാവിനെതിരെ കലാപത്തിനൊരുങ്ങിയപ്പോൾ അവരെ അടിച്ചമർത്തുവാനാണു് മാർത്താണ്ഡവർമ്മ സഹായാപേക്ഷ നടത്തിയതു്[3]. എങ്കിലും പിന്നീടുണ്ടായ സംഭവവികാസങ്ങളെത്തുടർന്നു് മാർത്താണ്ഡവർമ്മയുടെ മനസ്സു മാറിയതും തുടർന്നു് ഹൈദരും തിരുവിതാംകൂർ രാജാവും തമ്മിൽ വളർന്നുവന്ന ശത്രുതയും മറ്റൊരദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടു്[4]. അവസാനം തിരുവിതാംകൂർ 'സന്ദർശിക്കുന്നതിനു്'' താൻ ആകാംക്ഷയോടെ കാത്തിരുന്ന ആ അവസരം സമാഗതമായെന്നു് ഹൈദർക്കു

---

1. മോയൻസ്, പേജ് 154.
2. എൻ. കെ. സിൻഹ, വാല്യം 1, പേജ് 262.
3. ശങ്കുണ്ണിമേനോൻ, പേജ് 159.
4. ഒന്നാമധ്യായം നോക്കുക.

തോന്നി. തിരുവിതാംകൂർ ആക്രമണം തീർച്ചയായ ഈ സന്ദർഭത്തിൽ ഈ പരിപാടി ഉപേക്ഷിക്കുവാൻ ഡച്ചുകാർ അദ്ദേഹത്തെ നിർബന്ധിക്കുകയാണുണ്ടായത്. 15 ലക്ഷം ഉറുപ്പികയും 30 ആനകളും നൽകുകയാണെങ്കിൽ ആക്രമണസംരംഭം ഉപേക്ഷിക്കാൻ താൻ തയ്യാറാണെന്ന് ഹൈദർ അറിയിച്ചു[5]. അന്നതന്നെ, കർണാട്ടിക്ക് നവാബായ മുഹമ്മദ് ആലിയുടെ സാമന്തനാണെന്നതുകൊണ്ട് ഹൈദരാലിക്കുംകൂടി കപ്പം കൊടുക്കുവാൻ നിർവ്വാഹമില്ലെന്ന കാരണത്താൽ ഇതിനോട് യോജിക്കുവാൻ തിരുവിതാംകൂർ രാജാവിനു് സാധിച്ചില്ല[6]. കാലവർഷം ആരംഭിക്കാറായിരുന്നതുമൂലം തിരുവിതാംകൂർ കീഴടക്കുകയെന്ന സ്വപ്നം സാക്ഷാത്കരിക്കാതെതന്നെ ഹൈദരാലിക്ക് മലബാർ വിട്ടുപോകേണ്ടിവന്നു. 1768–ൽ അദ്ദേഹം വീണ്ടും ഇതിനായി ഒരുക്കംകൂട്ടി[7]. പക്ഷേ ഈ സമയത്തു് ഇംഗ്ലീഷുകാർ മൈസൂറുമായി യുദ്ധത്തിനു പുറപ്പെട്ടതുകൊണ്ട് ഈ ശ്രമം വിഫലമാകുകയും തിരുവിതാംകൂറിലേയ്ക്കു് സൈന്യത്തെ അയയ്ക്കാൻ സാധിക്കാതെ വരികയുമാണുണ്ടായതു്[8]. 1776–ൽ വീണ്ടും പതിനായിരത്തോളം വരുന്ന ഒരു സൈന്യത്തോടുകൂടി സർദാർഖാൻ തിരുവിതാംകൂർ ആക്രമിക്കുന്നതിനായി പുറപ്പെട്ടു[9]. ഡച്ചുപ്രദേശങ്ങളായ കൊടുങ്ങല്ലൂർ വഴി തിരുവിതാംകൂറിലേയ്ക്ക് പ്രവേശിക്കുവാനുള്ള അദ്ദേഹത്തിന്റെ ശ്രമം പക്ഷേ വിഫലമായി[10]. ഡച്ചുപ്രദേശത്തുകൂടി സ്വതന്ത്രമായി കടന്നുപോകുവാനുള്ള അവകാശം ലഭിക്കാതിരുന്നതിനെത്തുടർന്നു് കൊടുങ്ങല്ലൂർ കോട്ട മൈസൂർസൈന്യം പിടിച്ചടക്കുകയും തുടർന്നുള്ള രണ്ടുമൂന്നു മാസക്കാലം ചേററുവായിലെ ഡച്ചുകാരുമായുണ്ടായ സംഘർഷത്തിൽ പാഴായിപ്പോവുകയും ചെയ്തു[11]. ഈ സമയത്താണ് ഇംഗ്ലീഷുകാരുമായും കർണ്ണാടക നവാബുമായും ഹൈദരാലിക്ക് യുദ്ധം ചെയ്യേണ്ടതായി വന്നതു്. രണ്ടാം മൈസൂർ യുദ്ധത്തിന്റെ മദ്ധ്യത്തിൽവച്ച്തന്നെ ഹൈദരാലി കാലഗതിയടഞ്ഞതിനാൽ തിരുവിതാംകൂർ പിടിച്ചടക്കുകയെന്ന ലക്ഷ്യം തകരുകയാണുണ്ടായത്.

ഇക്കാലമത്രയും തിരുവിതാംകൂർ രാജാവും വെറുതെയിരിക്കുകയായിരുന്നില്ല. അദ്ദേഹം സുപ്രസിദ്ധമായ നെടുങ്കോട്ടയാൽ തന്റെ വടക്കനതിർ

---

5. ഡച്ചുരേഖകൾ, നമ്പർ 13, പേജ് 154.
6. അഞ്ചുതെങ്ങ് ഡയറി, 1764–66, വാല്യം 12, 1217, പേജ് 86–90.
7. എം. എം. ഡി. എൽ. ററി., പേജ് 93–94.
8. മോയൻസ്, പേജ് 153.
9. ഫോറിൻ സീക്രട്ട് കൺസൽടേഷൻ, നമ്പർ 7, ഫെബ്രുവരി 3, 1776
10. ഡേ, പേജ് 153.
11. ജോ ക. റി, ബണ്ഡിക 24.

ത്തികാം സുരക്ഷിതമാക്കുകയും[12] കേരളീയരാജാക്കന്മാരുടെ അതുവരെയുള്ള പതിവിനു് വിപരീതമായി ഒരു സ്ഥിരം സൈന്യത്തെ സംഘടിപ്പിക്കുകയും ചെയ്തു. മൈസൂറിന്റെ അധീശത്വം അംഗീകരിക്കുവാൻ കൊച്ചിയെ പ്രേരിപ്പിച്ചതുവഴി തിരുവിതാംകൂറിനും ഹൈദർ കീഴടക്കിയ മലബാറിനുമിടയ്ക്കു് ഒരു 'ഇടനാടു്' (ബഫർ സ്റ്റേററു്) സൃഷ്ടിക്കുകയും ചെയ്തു[13]. മാത്രവുമല്ല താൻ അഭയം നൽകിയിരുന്ന മലബാറിലെ രാജാക്കന്മാരെ ഉപയോഗിച്ചു്[14] ഹൈദർക്കെതിരെ കലാപം സൃഷ്ടിക്കുവാനും അദ്ദേഹം ശ്രമിച്ചുകൊണ്ടിരുന്നു[15]. മാർത്താണ്ഡവർമ്മ മഹാരാജാവിനുശേഷം തിരുവിതാംകൂറിലെ കിരീടമണിഞ്ഞ രാമവർമ്മ മഹാരാജാവു് ഹൈദർക്കെതിരായുള്ള പ്രവർത്തനങ്ങൾ പൂർവ്വോപരി ശക്തിയായി തുടരുകയുണ്ടായി. ഇംഗ്ലീഷുകാരോടാകട്ടെ ഉററ മമതയിൽ കഴിയാനാണ് അദ്ദേഹം ശ്രമിച്ചതു്[16].

1778–ൽ മലബാറിലെ ഫ്രഞ്ചു് കേന്ദ്രമായ മാഹി പിടിച്ചെടുക്കുവാൻ തിരിച്ച ഇംഗ്ലീഷു സൈന്യത്തിനു്, ഡച്ചുകാരുടെ പ്രതിഷേധം വകവെയ്ക്കാതെതന്നെ, തന്റെ രാജ്യത്തുകൂടി കടന്നുപോകുവാൻ അദ്ദേഹം അനുമതി നൽകുകയുണ്ടായി[17]. ഈ സേവനം മാനിച്ചുകൊണ്ടു് സെലക്ടു് കമ്മിററി രേഖകളിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: ''ബഹുമാനപ്പെട്ട കമ്പനിയുടെ സൈന്യത്തെ തന്റെ പ്രദേശത്തുകൂടി കടന്നുപോകുവാൻ തിരുവിതാംകൂർ രാജാവു് അനുവദിക്കുകയും അവർക്കു് വേണ്ടത്ര ഭക്ഷണവും മററു സാധനങ്ങളും നൽകുകയും ഉണ്ടായി''[18]. കേണൽ ഹംബേഴ്സ്റ്റൺ മഹാരാജാവിനു് എഴുതിയതു് ഇപ്രകാരമാണ്: ''ഇംഗ്ലീഷുകാർക്കു് ഇന്ത്യയിലുള്ളതിലുംവച്ചു് ഏററവും ആത്മാർത്ഥതയുള്ള സുഹൃത്തു് അങ്ങാണെന്നു് എനിക്കു് നല്ലവണ്ണമറിയാം. അങ്ങു ചെയ്ത സേവനങ്ങൾ, പ്രത്യേകിച്ചും ഞാൻ നയിച്ച സൈന്യത്തിനു ചെയ്ത ഉപകാരങ്ങൾ, ഞാൻ ഗവർണ്ണറുടെയും കൗൺസിലിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നുണ്ടു്[19]''. 1776 ഒക്ടോബർ 20–ാം തീയതി ഹൈദറുടെ സേന കൊടുങ്ങല്ലൂരിലെ ഡച്ചുകോട്ട ആക്ര

12. മോയൻസ്, പേജ് 156.
13. ടി.
14. ഫോറിൻ (മിസ.). നമ്പർ 56, ഭാഗം 1, വൗച്ചർ നമ്പർ 4, പേജ്–69.
15. തലശ്ശേരി ഫാക്ടറി ഡയറി, ഏപ്രിൽ 2, 1780.
16. എൻ. കെ. സിൻഹ, വാല്യം 1, പേജ് 265; സീക്രട്ട് കൺസൾട്ടേഷൻസ്, ഫെബ്രുവരി 25, 1782, നമ്പർ 5.
17. എൻ. 62, സീരീസ് 1, നമ്പർ 17, പേജ് 2746.
18. മദ്രാസ് സെലക്ട് കമ്മിററി, ഡയറക്ടർ ബോർഡിനു്, മാർച്ച് 13, 1779; സെലക്ട് കമ്മിററി, ജനുവരി 13, 1783, നമ്പർ 5.
19. കേണൽ ഹംബേഴ്സ്റ്റൺ, രാജാവിനു്, മാർച്ച് 27, 1782.

മിച്ചുവെന്നും ''ഏതാനും ഷെല്ലുകൾ എന്റെ കോട്ടയ്ക്കു് അടുത്തായി പതിക്കുകയുണ്ടായി''യെന്നും മഹാരാജാവു് ഫോർട്ടു് സെൻറു് ജോർജിലെ ഗവർണ്ണർക്കെഴുതിയിരുന്നു[20]. കമ്പനിയുടെ സഹായം അദ്ദേഹം അഭ്യർത്ഥിക്കുകയും ചെയ്തു. രണ്ടാം മൈസൂർ യുദ്ധം ആരംഭിച്ച സമയത്തു് തന്റെ സേനാവിഭാഗങ്ങളെ ഇംഗ്ലീഷുകാരുടെ സഹായത്തിനായി വിട്ടുകൊടുക്കുകയും[21] മലബാറിലെ കലാപകാരികളെ സഹായിച്ചു് ലഹളയ്ക്കു പ്രേരിപ്പിക്കുകയും ചെയ്തു[22]. ഈ സേവനം മാനിച്ചാണു് 1784–ലെ മംഗലാപുരം സന്ധിയിൽ കമ്പനിയുടെ ഒരു സ്നേഹിതനായി തിരുവിതാംകൂർ രാജാവിനെ ഉൾപ്പെടുത്തുവാൻ ഇംഗ്ലീഷുകാർ നിർബന്ധിച്ചതു്[23].

ഹൈദരാലിയുടെയും അതിനുശേഷം ടിപ്പുസുൽത്താന്റെയും തിരുവിതാംകൂറിനോടുള്ള നയം രാജാവിനെ കൂടുതൽ കൂടുതൽ ഇംഗ്ലീഷുകാരോടു് അടുപ്പിക്കുവാനേ സഹായിച്ചുള്ളു. മൈസൂർ ഭരണാധികാരികളെ മലബാറിൽ നിന്നും തുരത്തുന്നതിനും അങ്ങനെ തന്റെ തലയ്ക്കുമുകളിൽ തൂങ്ങിക്കിടക്കുന്ന ഡെമോക്ലസിന്റെ വാൾ നശിപ്പിക്കുന്നതിനും അദ്ദേഹം മററാരെക്കാളും ഉദ്യുക്തനായിരുന്നു. അതേസമയം മലബാറിൽ കലാപമുണ്ടാക്കാൻ ഉററു ശ്രമിച്ചിരുന്ന തിരുവിതാംകൂർ രാജാവിനെ കീഴ്പ്പെടുത്തിയാൽ മാത്രമേ അവിടെ ശാന്തിയും സമാധാനവും പുലരുകയുള്ളുവെന്നാണു് ഹൈദറും തുടർന്നു് ടിപ്പുസുൽത്താനും വിശ്വസിച്ചതു്. തിരുവിതാംകൂറും മൈസൂറുമായുണ്ടായ വിരോധത്തിന്റെ വികാസത്തെക്കുറിച്ചു് പിന്നീടുള്ള അധ്യായത്തിൽ വിവരിക്കുന്നുണ്ടു്[24].

20. ഫോറിൻ (1777) സീക്രട്ട് കൺ., ഡി., ജനുവരി 20, 1777.
21. സെലക്ട് കമ്മിററി, ജനുവരി 20, 1783, നമ്പർ കെ 13, 1.
22. ഫോറിൻ (മിസ.), സീരിയൽ നമ്പർ 55, പേജ് 36, ഖണ്ഡിക 30.
23. ലോഗൻ, ഉടമ്പടികളും മുതലായവ, 1, 93, സെലക്ട് കമ്മിററി, ഒക്ടോബർ, 6, 83, നമ്പർ 5.
24. അധ്യായം 8 ഉം 9 ഉം നോക്കുക.

# 7

# ടിപ്പുസുൽത്താൻെറ കാലത്തെ കേരളത്തിലെ രാഷ്ട്രീയ പരിതസ്ഥിതി

ഹൈദരുടെ നിര്യാണത്തെക്കുറിച്ചറിഞ്ഞ ടിപ്പുസുൽത്താൻ അർഷദ് ബെഗ്ഖാൻെറ നേതൃത്വത്തിൽ ഒരു സൈനികവിഭാഗത്തെ മലബാറിൽ നിർത്തിയിട്ട് ശ്രീരംഗപട്ടണത്തിലേയ്ക്ക് പോകുകയാണുണ്ടായത്[1]. ശത്രുക്കളുടെ പ്രതീക്ഷകൾക്ക വിപരീതമായി കാര്യമായ എതിർപ്പൊന്നും കൂടാതെ സ്ഥാനാരോഹണം ചെയ്യുവാൻ അദ്ദേഹത്തിനു സാധിച്ചു. സമാധാനപരമായി നടന്ന ഈ പിൻതുടർച്ച ഇംഗ്ലീഷുകാരുമായുള്ള യുദ്ധത്തെ പൂർവ്വോപരി ആത്മവിശ്വാസത്തോടെ നേരിടുവാൻ അദ്ദേഹത്തിനു സഹായകമായി.

ടിപ്പുസുൽത്താൻ പെട്ടെന്ന് മലബാർ വിട്ടുപോകുമ്പോൾ കേണൽ മക്ളോയിഡിൻെറ നേതൃത്വത്തിലുണ്ടായിരുന്ന മലബാറിലെ ഇംഗ്ളീഷു സൈന്യം ഒരു വിഷമസ്ഥിതിയിലായിരുന്നുവെന്ന് നാം കണ്ടുകഴിഞ്ഞല്ലോ. പൊന്നാനിയിൽ കേന്ദ്രീകരിച്ചിരുന്ന മക്ളിയോഡിൻെറയും ഹംബേഴ്സ്റ്റൻെറയും സ്ഥിതി മനസ്സിലാക്കിയ ബോംബെ ഗവൺമെൻറ് തങ്ങളുടെ സേനാനായകനായിരുന്ന ബ്രിഗേഡിയർ ജനറൽ മാത്യൂസിൻെറ നേതൃത്വത്തിൽ കിട്ടാവുന്നത്ര സൈന്യത്തെ ഉടൻതന്നെ അങ്ങോട്ടയച്ചു. എന്നാൽ മൈസൂർ സൈന്യം മലബാറിൽനിന്നും പെട്ടെന്ന് നിഷ്ക്രമിച്ചതായറിഞ്ഞ മാത്യൂസ് ബോംബെയിൽനിന്നുള്ള ഉത്തരവനുസരിച്ച് പിൻവാങ്ങുകയാണ്

---

1. സീക്രട്ട് കൺസൾട്ടേഷൻസ്, മാർച്ച് 6, 1783, നമ്പർ (1ബി), ഏപ്രിൽ 1, 1783, നമ്പർ 5, 6.

ചെയ്തു[2]. മൈസൂർ അധിപൻമാരുടെ പക്കൽനിന്നും മലബാർ പിടിച്ചെടുത്തു് ഇവിടെ ലാഭകരമായി തങ്ങൾ നടത്തിയിരുന്ന കച്ചവടം വികസിപ്പിക്കണമെന്നുള്ളതായിരുന്നു മദ്രാസ് ഗവൺമെൻറിൻെറ ആഗ്രഹം[3]. അതുകൊണ്ട് സമ്പന്നമായ ഈ സ്ഥലം കഴിയുന്നത്ര വേഗം കൈവശപ്പെടുത്തണമെന്നായിരുന്നു അവരുടെ ദുരാഗ്രഹം[4]. തന്മൂലം ബദന്നൂരിൻെറ പ്രാധാന്യവും ഫലഭൂയിഷ്ഠതയും കണക്കാക്കി അവിടത്തെ ഗതാഗതവാർത്താവിനിമയ സൗകര്യം വർധിപ്പിക്കുവാൻ ബോംബെഗവൺമെൻറ് നടത്തിയിരുന്ന ശ്രമങ്ങൾ മദ്രാസ് അധികൃതർ ഇഷ്ടപ്പെട്ടിരുന്നില്ല. ഏതായാലും ടിപ്പുസുൽത്താൻ ഈ പ്രദേശങ്ങൾ തിരിച്ചുപിടിച്ചതോടുകൂടി ബോംബെ ഗവൺമെൻറിൻെറ കണക്കുകൂട്ടൽ മുഴുവൻ തെററുകയാണുണ്ടായതു്[5]. അതുകൊണ്ട് കർണ്ണാടക പ്രദേശത്തുനിന്ന് ടിപ്പുവിൻെറ ശ്രദ്ധ തിരിക്കുവാൻ മലബാറിൽ കുഴപ്പം സൃഷ്ടിക്കുകയാണ് ഇംഗ്ലീഷുകാർ കണ്ട മാർഗം. ഇതു് നടപ്പാക്കുവാനായി കേണൽ ഫുള്ളേർട്ടനെയാണ് അവർ ചുമതല ഏല്പിച്ചതു്[6]. എന്നാൽ, ഈ സമയത്തോടടുപ്പിച്ച് ഇംഗ്ലീഷുകാരും ടിപ്പുവുംകൂടി ഒരു യുദ്ധവിരാമ കരാർ ഉണ്ടാക്കുകയും കരാർ ഒപ്പിടുന്ന ദിവസം അവരവർ നിന്നിരുന്ന സ്ഥാനങ്ങളിൽ നിന്നുകൊണ്ട് വെടിനിർത്തൽ നടപ്പാക്കുവാൻ തീരുമാനിക്കുകയും ചെയ്തു[7]. ഫുള്ളേർട്ടൻ നടപ്പാക്കിക്കൊണ്ടിരുന്ന ആക്രമണ പരിപാടികളെ ഈ കരാർ പക്ഷേ ബാധിക്കുകയുണ്ടായില്ല[8]. തിരുവിതാംകൂർ രാജാവും സാമൂതിരിയുമായി ആലോചിച്ച് കരാർ വ്യവസ്ഥകൾ ലംഘിക്കുവാനാണ് അദ്ദേഹം തുനിഞ്ഞതു്. അതിനെത്തുടർന്ന് മംഗലാപുരത്തിനെതിരായി ടിപ്പു നീക്കങ്ങൾ നടത്തുന്നുണ്ടെന്നറിഞ്ഞ ക്ഷണത്തിൽത്തന്നെ പാലക്കാട്ടേക്കു്[9] തിരിക്കുവാൻ ഫുള്ളേർട്ടൻ മടിച്ചില്ല[10]. പാലക്കാടിന് പല ഗുണങ്ങളും ഉണ്ടാ

---

2. മിലിട്ടറി കൺസൾട്ടേഷൻ, ഫെബ്രുവരി, 1753, വാല്യം 35 എ, പേജ് 719
3. സീക്രട്ട് പ്രൊസീഡിങ്സ്, ജനുവരി 20, 1783.
4. മിലിട്ടറി കൺസൾട്ടേഷൻ, ഫെബ്രുവരി, 1782, വാല്യം 86 എ, പേജ് 746.
5. സീക്രട്ട് കൺ. ജനുവരി 30, 1783, നമ്പർ 2;
   ടി. ജൂലൈ 28, 1783, നമ്പർ 4, 5, 6.
6. സീക്രട്ട് കൺ. നവംബർ 10, 1783, നമ്പർ 22 എ.
7. സീക്രട്ട് പ്രൊസീഡിങ്സ്, നവംബർ 10, 1783.
8. സീക്രട്ട് കൺ. ഡിസംബർ 27, 1783, നമ്പർ 34;
   ടി. ഡിസംബർ 31, 1783, നമ്പർ 30, 31, 38.
9. സീക്രട്ട് കൺ. ഡിസംബർ 27, 1783, നമ്പർ 3, 4.
10. മിലിട്ടറി സൺഡ്രി ബുക്ക്, വാല്യം 61, 1784, പേജ് 87.

യിരുന്നുവെന്നും ഇന്ത്യയിലെ ഏററവും ശക്തമായ സ്ഥാനമാണിതെന്നും, ആഹാരസാധനങ്ങളുംമററും ലഭിക്കുവാൻ ഇവിടെ ധാരാളം സൗകര്യങ്ങളുണ്ടെന്നും ഫുള്ളേർട്ടൻ എഴുതിയിട്ടുണ്ട്. കിഴക്കൻ തീരത്തിനും മലബാറിനുമിടയ്ക്കു് വാർത്താവിനിമയത്തിനു പററിയ ഏററവും നല്ല സ്ഥലമാണിതെന്നും, ഇതിനുചുററും 200 മൈൽ ദൂരത്തിലുള്ള സ്ഥലങ്ങൾ എളുപ്പം പിടിച്ചടക്കുവാൻ, ഈ സ്ഥലം കൈവശം വന്നാൽ സാധിക്കുമെന്നും അദ്ദേഹം തുടർന്ന് എഴുതുകയുണ്ടായി[11]. പാലക്കാട് ടിപ്പുവിനെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമുള്ള ഒരു സ്ഥാനമായതുകൊണ്ട് ഇതിന്റെ നഷ്ടം സമാധാന സംഭാഷണങ്ങളിൽ ദൂരവ്യാപകവും എന്നാൽ തങ്ങൾക്കനുകൂലവുമായ ഫലങ്ങളുളവാക്കുമെന്നും[12] ഇതു് മംഗലാപുരത്തിന്റെ ഉപരോധം മതിയാക്കി ഇങ്ങോട്ടു് നീങ്ങുവാൻ ടിപ്പുവിനെ നിർബന്ധിതനാക്കുമെന്നും ഫുള്ളേർട്ടൻ തുടർന്നു പറയുന്നു[13].

ഈ ആശയം കൊള്ളാമെങ്കിലും മംഗലാപുരം യുദ്ധവിരാമ ഉടമ്പടിയുടെ വ്യക്തമായ നിഷേധം കൂടിയായിരുന്നു ഫുള്ളേർട്ടന്റെ നടപടി[14]. ടിപ്പുവിന്റെ സേനാധിപൻ ഇക്കാര്യത്തിൽ എതിർപ്പു പ്രകടിപ്പിച്ചപ്പോൾ ഫുള്ളേർട്ടന്റെ സൈനികനീക്കം മതിയാക്കുവാൻ നിർദ്ദേശിക്കുകയാണ് ബോംബെ ഗവൺമെൻറ് ചെയ്തതു്[15]. പക്ഷേ, ഈ നിർദേശത്തിന് യാതൊരു വിലയും കല്പിക്കാതെ കോട്ട ഉപരോധിക്കുവാനുള്ള തന്റെ പരിപാടിയുമായി മുന്നോട്ടു പോകുകയാണ് ഫുള്ളേർട്ടൻ ചെയ്തതു്[16]. "തങ്ങളുടെ ആക്രമണത്തിനു പററിയ ഏററവും അനുകൂലമായ സാഹചര്യം ഭാഗ്യവശാൽ വന്നുചേർന്നതെങ്ങനെയെന്നും ഈ സ്ഥലം കീഴടങ്ങിയതെങ്ങനെയെന്നും നവംബർ 15—ാം തീയതി അയച്ച ഒരെഴുത്തിൽ ഞാൻ വിവരിച്ചിട്ടുണ്ടു്"[17]. യുദ്ധവിരാമം നിലവിലുള്ളതിനാൽ ആക്രമണത്തെക്കുറിച്ച് തെല്ലും ഭയപ്പെടാതെ കഴിഞ്ഞിരുന്ന കോട്ടയ്ക്കകത്തെ സേന കോട്ട പ്രതിരോധിക്കുന്ന കാര്യത്തിൽ അത്ര ശ്രദ്ധാലുക്കളായിരുന്നില്ലെന്നതാണ് അനുകൂല സാഹചര്യങ്ങളായി ഫുള്ളേർട്ടൻ കണക്കാക്കിയതു്[18]. എന്നാൽ, ക്യാപ്ററൻ മേററ്ലൻഡ് കിടങ്ങുകളുടെ ചുമതല വഹിക്കുകയും കടുത്ത കാലവർഷം

---

11. മിലിട്ടറി സൺട്രിബ്യൂക്ക് വാല്യം 65, 1785, പേജ് 97.
12. ടി. ,, ,, ,, ,, ,,
13. ഫുള്ളേർട്ടൻ, എ വ്യൂ ഓഫ് ഇംഗ്ലീഷ് ഇൻററസ്ററ് ഇൻ ഇന്ത്യ, പേജ് 26—27; സീക്രട്ട് കൺ., ഡിസംബർ 31, 1783, നമ്പർ 31.
14. സീക്രട്ട് കൺ., ഡിസംബർ 31, 1783, നമ്പർ 24, 40 (ബി).
15. ടി. ,, സെപ്ററംബർ 15, 1783, നമ്പർ 3.
16. മിലിട്ടറി സൺട്രിബ്യൂക്ക്, 1785, വാല്യം 66, പേജ് 103.
17. ഫുള്ളേർട്ടൻ, ടി. പേജ് 29.
18. മിലിട്ടറി സൺട്രിബ്യൂക്ക്, 1783, വാല്യം 60 (എ), പേജ് 107—108

സൗകര്യമായി എടുത്തുകൊണ്ട് ശത്രുക്കളെ തുരത്തിയോടിക്കുകയും ഒന്നും രണ്ടും വാതിലുകളിൽക്കൂടി ഒളിച്ചോടിയിരുന്നവരെ പിൻതുടരുകയും ചെയ്തു. അങ്ങനെ സൈന്യത്തിൽ ഭീതി പരത്തുകമൂലമാണ് പെട്ടെന്നുള്ള ഈ കീഴടങ്ങൽ സാദ്ധ്യമായതെന്നാണ് വിൽക്സ് പറയുന്നത്[19]. ആക്രമണത്തിന്റെ വിശദാംശങ്ങൾ വിവരിച്ചുകൊണ്ട് ഫുള്ളേർട്ടൻ പറയുന്നതിങ്ങനെയാണ്: "പാലക്കാട്ടുച്ചേരിയുടെ പതനസമയത്ത് അവിടത്തെ സേനാനായകനായി ക്യാപ്റ്റൻ ദേവറെ ഞാൻ നിയമിച്ചു. കാട്ടിൽ ഒളിച്ചുകഴിയുകയായിരുന്ന സാമൂതിരിസ്ഥാനത്തിന്റെ അവകാശി ഉപരോധസമയത്ത് പുറത്തുവന്ന് എന്റെ സഹായത്തിനെത്തി തന്റെ രാജ്യത്ത് തന്നെ പുനരവരോധിക്കണമെന്നുള്ള അദ്ദേഹത്തിന്റെ തുടരെത്തുടരെയുള്ള ആവശ്യത്തിന്, നാം കോഴിക്കോട്ടേയ്ക്കു നീങ്ങുകയാണെങ്കിൽ അവിടെവച്ച് അദ്ദേഹത്തെ സാമൂതിരിയായി വാഴിക്കാമെന്ന് ഞാൻ പ്രതീക്ഷിക്കുന്നതായും ................അതിനിടയ്ക്ക് പാലക്കാട്ട് പ്രദേശത്തിന്റെ അധികാരിയായി തൽക്കാലം നിയമിക്കാമെന്നും ഞാൻ പറയുകയുണ്ടായി...............സൈന്യം ഇവിടെ ഉണ്ടായിരിക്കുമ്പോൾ അവർക്കുവേണ്ട ഭക്ഷ്യസാധനങ്ങൾ സംഭരിച്ചു തരുവാൻ മാത്രമേ അദ്ദേഹത്തോട് ആവശ്യപ്പെടുകയുണ്ടായുള്ളൂ"[20]. ഫുള്ളേർട്ടന്റെ ഇത്തരം എഴുത്തുകുത്തുകളും മക്കാർട്ടിനി[21] യിൽ നിന്നും അദ്ദേഹത്തിനു ലഭിച്ച കത്തുകളും യുദ്ധവിരാമത്തിന്റെ ലംഘനം അംഗീകരിക്കാനായി ഇംഗ്ലീഷുകാർ പുറമേ നടിച്ചില്ലെങ്കിലും കമ്പനിത്തലവന്മാരുടെ അനുഗ്രഹാശിസ്സുകളോടെയാണ് ഇതെല്ലാം നടന്നതെന്ന് വ്യക്തമാകുന്നുണ്ട്.

ഇംഗ്ലീഷുകാർ പിൻമാറിയ ഉടനെ സാമൂതിരി പാലക്കാട്ട് കൈവശപ്പെടുത്തി. പക്ഷേ വളരെക്കാലം അവിടെ തങ്ങുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. ഇംഗ്ലീഷുസൈന്യം പാലക്കാട്ടുനിന്നും പിൻവലിഞ്ഞപ്പോൾ പിൻതുണയില്ലാതായതോടെ ആകെ നിരാശനായിത്തീർന്ന സാമൂതിരിയുടെ സൈന്യം ആ സ്ഥലം ഉപേക്ഷിച്ച് കോഴിക്കോട്ടേയ്ക്കു പിൻവാങ്ങുകയാണ് ചെയ്തത്[22].

---

19. വിൽക്സ്, വാല്യം 2, പേജ് 80
20. ഫുള്ളേർട്ടൻ, പേജ് 30
21. മിലിട്ടറി കൺസൾട്ടേഷൻസ്, വാല്യം 60 ബി, 383, മക്കാർട്ടിനി ഫുള്ളേർട്ടന്, ഡിസംബർ 13, 1783.
22. സീക്രട്ട് കൺസൾട്ടേഷൻസ്, ഡിസംബർ 31, 1783, നമ്പർ 28. സാമൂതിരി കോട്ട ഉപേക്ഷിച്ചതിനെക്കുറിച്ച് വളരെ വിചിത്രമായ ഒരു വിവരണമാണ് ഫുള്ളേർട്ടൻ നൽകുന്നത്. സാമൂതിരിയും കൂട്ടരും ബ്രാഹ്മണരെ ബഹുമാനിക്കുന്നവരാണെന്നും അതുകൊണ്ട് ടിപ്പുവിന്റെ പടയാളികൾ ദിവസവും തങ്ങളാൽ കൊല്ലപ്പെട്ട ബ്രാഹ്മണരുടെ

രണ്ടാംമൈസൂർ യുദ്ധകാലത്ത് മലബാറിലുണ്ടായ മറ്റൊരു സുപ്രധാന സംഭവം കേണൽ മക്‌ളിയോഡിൻെറ കണ്ണൂർ ആക്രമണമാണ്. കൊടുങ്കാറ്റിൽപ്പെട്ട് കരയ്ക്കടുക്കേണ്ടിവന്ന ഏതാനും ഇംഗ്ളീഷുകാരെ കണ്ണൂരിലെ ബീവി തടങ്കലിലാക്കുകയും അവരെ കമ്പനിക്കു മടക്കി കൊടുക്കാതിരിക്കുകയും ചെയ്തുവെന്നതാണ് തൻെറ ഈ നടപടിക്ക് കാരണമായി മക്‌ളിയോഡ് പറഞ്ഞത്[23]. എന്നാൽ രാജ്യത്ത് കൊള്ളയടി നിർബാധം നടത്തുവാനും കഴിയുമെങ്കിൽ സുപ്രധാനമായ ഈ രാജ്യം പിടിച്ചടക്കുവാനുമായിരുന്നു മക്‌ളിയോഡിൻെറ യഥാർത്ഥ പരിപാടി. അങ്ങനെ ആറുദിവസത്തെ കടുത്ത പോരാട്ടത്തിനുശേഷം കണ്ണൂർ കീഴടക്കുകയുണ്ടായി. ബീവിയേയും കുടുംബത്തേയും ഇംഗ്ലീഷുകാർ തടവുകാരായി പിടിക്കുകയും ചെയ്തു[24]. വർഷംതോറും 3 ലക്ഷം പഗോഡ കപ്പമായി കൊടുത്തുകൊള്ളാമെന്ന കരാറിൽ റാണിയെ വിട്ടയയ്ക്കുകയും രാജ്യം അവർക്ക് തിരിച്ചുകൊടുക്കുകയും ചെയ്തു[25]. മദ്രാസ് ഗവൺമെൻറ് ഈ വക സംഭവവികാസങ്ങൾ സന്തോഷത്തോടുകൂടി സ്വാഗതംചെയ്തുവെങ്കിലും ബോംബെ ഗവൺമെൻറ് ഈ നടപടി അംഗീകരിക്കുവാൻ തയ്യാറായില്ല.

'കണ്ണൂരിലെ ബീവിയേയും മലബാർ തീരത്തെ രാജാക്കന്മാരെയും ജമിന്ദാർമാരെയും' ടിപ്പുവിൻെറ സുഹൃത്തുക്കളും സഖ്യകക്ഷികളുമായിട്ടാണ് മംഗലാപുരം സന്ധിയിൽ കക്ഷിചേർക്കപ്പെട്ടിരുന്നത്. അതുകൊണ്ട് യുദ്ധം അവസാനിപ്പിക്കുന്നതിൽ തിടുക്കമായിരുന്ന ഇംഗ്ലീഷുകാർ മക്‌ളിയോഡിൻെറ കണ്ണൂരിനു നേരെയുള്ള ആക്രമണം അംഗീകരിച്ച് കാര്യങ്ങൾ വഷളാക്കുവാൻ മുതിർന്നില്ല. 1784 മാർച്ച് 11–ാം തീയതി മംഗലാപുരം

---

ശിരസ്സുകൾ ഇവരുടെ നേരെ നീട്ടിക്കാണിക്കാറുണ്ടായിരുന്നുവെന്നും ഈ പരിഹാസ്യ സംഭവത്തിന് ദൃക്‌സാക്ഷിയാകുന്നതിൽ ഭേദം പാലക്കാട് ഉപേക്ഷിച്ചുപോകുന്നതാണ് ഭേദമെന്നു തോന്നിയ സാമൂതിരി അങ്ങനെ ചെയ്തതാണെന്ന് ഫുള്ളേർട്ടൻെറ വിശദീകരണം (ഫുള്ളേർട്ടൻ, പേജ് 41). യുക്തിക്കു നിരക്കാത്തതും വിചിത്രവുമായ ഈ വിശദീകരണം കെ. പി. പത്മനാഭമേനോൻ ഒഴിച്ചുള്ള നമ്മുടെ ചരിത്രകാരന്മാരെല്ലാം അംഗീകരിക്കുകയാണ് ചെയ്യുന്നത്. മൈസൂർ സൈന്യത്തെ ഭയപ്പെട്ടല്ല ടിപ്പുവിനെപ്പേടിച്ച് സാമൂതിരി കോട്ട ഉപേക്ഷിച്ച് ഓടിപ്പോകുകയാണ് ചെയ്തതെന്ന് പത്മനാഭമേനോൻ പറയുന്നുണ്ട് (പത്മനാഭമേനോൻ, വാല്യം 2, പേജ്, 480); 'കോഴിക്കോട്ടെ സാമൂതിരിമാർ', പേജ് 224 നോക്കുക.

23. സീക്രട്ട് പ്രൊസീഡിംഗ്സ്, മേയ് 13, 1784.

24. ടി. ഏപ്രിൽ 13, 1784.

25. ടി. ,, ,,

സന്ധി ഒപ്പുവയ്ക്കപ്പെട്ടു. യാതൊരു ഉപദ്രവവും കൂടാതെ കണ്ണൂർ രാജ്യം തിരിച്ചുനൽകുവാനും ഉത്തരവായി[26]. എങ്കിലും ഒരു മാസത്തിനു ശേഷമേ ഇംഗ്ലീഷ് സൈന്യം കണ്ണൂർ വിട്ടുപോയുള്ളു.

അങ്ങനെ മലബാർ ഭൂവിഭാഗങ്ങൾ ഒരിക്കൽക്കൂടി മൈസൂറിന്റെ അധീനതയിലായി. കുഴപ്പങ്ങൾ അവസാനിച്ചതോടെ മലബാറിൽ തികഞ്ഞ സമാധാനം പുനസ്ഥാപിക്കപ്പെട്ടു.

26. സീക്രട്ട് പ്രൊസീഡിംഗ്സ്, മേയ്, 13, 1784.

# 8

# ടിപ്പുവും കൊച്ചിരാജാവുമായുള്ള ബന്ധം

ടിപ്പുസുൽത്താനും കൊച്ചിരാജാവുമായുള്ള ബന്ധം പ്രത്യേക പരിഗണന അർഹിക്കുന്ന ഒരു വിഷയമാണ്. തങ്ങളുടെ കീഴിലുള്ള ഭരണാധിപന്മാരോടുള്ള മൈസൂറിന്റെ നയം മനസ്സിലാക്കുവാൻ ഇതു് സഹായിക്കും. സൈനികപരമായ ഒരു കാഴ്ചപ്പാടിൽ നോക്കിയാൽ പ്രബലമായ ഒരു രാജ്യമല്ല കൊച്ചി. ഇവിടത്തെ രാഷ്ട്രീയനാടകത്തിൽ പ്രകടമായ ഒരു പങ്ക് വഹിക്കുവാൻ ഈ രാജ്യത്തിനു കഴിഞ്ഞിട്ടുമില്ല. എന്നിരിക്കിലും നാം പഠന വിഷയമാക്കിയിരിക്കുന്ന കാലത്തെ മൈസൂർ കേരളാ ബന്ധങ്ങൾ ശരിക്കും മനസ്സിലാക്കുവാൻ ഈ രാജ്യവും മൈസൂറുമായുണ്ടായിരുന്ന ബന്ധംകൂടി അറിഞ്ഞിരിക്കേണ്ടതുണ്ട്.

ടിപ്പുവും കൊച്ചിരാജാവും തമ്മിലുണ്ടായിരുന്ന ബന്ധം വളരെ സൗഹൃദപരമായിരുന്നുവെന്നാണ് ചരിത്രരേഖകൾ തെളിയിക്കുന്നതു്. കൊച്ചി രാജാവിന്റെ വിഷമതകളും പരാതികളും പരിഹരിക്കുന്ന കാര്യത്തിൽ ടിപ്പു എന്നും ഉൽസുകനായിരുന്നു. ഇതേക്കുറിച്ചുള്ള ചില വസ്തുതകളെങ്കിലും ഇവിടെ വിശദീകരിക്കേണ്ടിയിരിക്കുന്നു. മലബാറിലെ ഫൗജ്ദാർ തന്റെ ചില പ്രദേശങ്ങൾ കയ്യടക്കിവച്ചിട്ടുള്ളതായി കൊച്ചിരാജാവ് ടിപ്പുവിനോടു പരാതിപ്പെട്ടപ്പോൾ രാജാവിനു് അനുകൂലമായുള്ള ഒരു തീർപ്പു കല്പിച്ചുകൊണ്ടു് പിരിച്ചെടുത്ത നികുതിസംഖ്യയോടുകൂടി ആ സ്ഥലം തിരിച്ചുകൊടുക്കാൻ ഉത്തരവിടുകയാണ് ടിപ്പു ചെയ്തതു്[1]. കൊച്ചിരാജാവായ രാമവർമ്മയുടെ (ശക്തൻതമ്പുരാൻ) അപേക്ഷയനുസരിച്ച് ചേററുവായിലും എടത്തുരുത്തിയിലും പുമത്തിയിരുന്ന കസ്റ്റംസ് നികുതി സംഖ്യയിൽനിന്നും കൊച്ചിരാജാവിനെ

---

1. സെൻട്രൽ റിക്കാർഡ്സ്, എറണാകുളം, എസ്. 2, നമ്പർ 182

ടിപ്പു ഒഴിവാക്കുകയുണ്ടായിട്ടുണ്ട്[2]. രാജാവ് ഇംഗ്ലീഷുകമ്പനിയുടെ ഒരു സഖ്യകക്ഷിയായിത്തീർന്നതിനുശേഷം ഇക്കാര്യത്തെക്കുറിച്ച് വളരെയധികം തർക്കം നടന്നിട്ടുണ്ടെന്നുള്ള സംഗതിയും ഇവിടെ സ്മരണീയമാണ്. ടിപ്പുവിൻെറ കാലത്തു് നിലവിലുണ്ടായിരുന്ന വ്യവസ്ഥകളുദ്ധരിച്ചുകൊണ്ട് ഇക്കാര്യത്തിൽ ഇംഗ്ളീഷുകാരുമായി അദ്ദേഹത്തിന് വളരെയധികം കത്തിടപാടുകളും നടത്തേണ്ടിവന്നിട്ടുണ്ട്[3]. തടി, നെല്ല് മുതലായവ കടത്തിക്കൊണ്ടു പോകുന്നതിലായിരുന്നു ഈ തീരുവ പിരിച്ചെടുത്തിരുന്നതു്. ഇതിനുപുറമെ പാലക്കാട്ടെ തൻെറ ഉദ്യോഗസ്ഥന്മാർ കൊച്ചിരാജാവിൻെറ പ്രജകളിൽ നിന്നും നികുതി പിരിക്കുന്നുണ്ടെന്നു മനസ്സിലാക്കിയ ടിപ്പു അവരെ വളരെയധികം ശാസിക്കുകയും കൊച്ചി തൻെറ സാമന്തരാജ്യമാണെന്നതു് മറക്കാതിരിക്കാൻ അവരെ ഉപദേശിക്കുകയും ചെയ്തു[4]. മൈസൂർ ഭരണാധികാരികൾ കൊച്ചിക്ക് പാട്ടത്തിനു നൽകിയിരുന്ന കൊടുങ്ങല്ലൂർ പ്രദേശത്തെക്കുറിച്ച് മലബാർ കമ്മിഷണർമാരും കൊച്ചിരാജാവും തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടായപ്പോൾ ടിപ്പുവിൻെറ നീട്ടും നികുതി കൊടുത്തതിൻെറ രസീതുകളും ഹാജരാക്കിയാണ് കൊച്ചിരാജാവ് തൻെറ ഭാഗം വാദിച്ചതു്[5]. ടിപ്പുസുൽത്താൻ രാജാവിനയച്ച എഴുത്തുകളുടെ അടിസ്ഥാനത്തിലാണ് കമ്പനി ഇക്കാര്യത്തിലൊരു തീരുമാനമെടുത്തതു്[6]. പറവൂർ, ആലങ്ങാട്, കോങ്ങാട്ടുനായർ എന്നിവയുടെ പരമാധികാര തർക്കത്തെക്കുറിച്ച് സംശയം ചോദിച്ച ഇംഗ്ലീഷുകാരോട് ഈ സ്ഥലങ്ങൾ കൊച്ചിയുടെതാണെന്ന് ഉത്തരം നൽകുകയാണ് ടിപ്പു ചെയ്തതു്. യുദ്ധാരംഭത്തിലോ, അതിനുമുൻപോ ഈ സ്ഥലങ്ങൾ തിരുവിതാംകൂറിൻെറതായിരുന്നിട്ടില്ല എന്നും, ബലം പ്രയോഗിച്ച് ഇത് അദ്ദേഹം കുറേക്കാലം കൈവശം വച്ചിരുന്നിട്ടുണ്ടെന്നേയുള്ളൂവെന്നുമാണ് ടിപ്പു ഇംഗ്ലീഷുകാരെ അറിയിച്ചതു്[7].

മൈസൂർ പ്രദേശങ്ങളിൽവച്ച് ക്രിമിനൽ കുററങ്ങൾ ചെയ്തശേഷം കൊച്ചിരാജ്യത്ത് അഭയം പ്രാപിച്ച തച്ചുഗൗണ്ട, സോമന്തരഗൗണ്ട എന്നിവരെയും കുടുംബത്തേയും തൻെറ നാട്ടിൽനിന്നും പറഞ്ഞയച്ചിട്ടുള്ളതായി കൊച്ചി

2. നാലാമത്തെ ലിസ്ററ്, ഒന്നാം സീരീസ്, ഡിസ്. നമ്പർ 74, കൊച്ചിരാജ്യചരിത്രം, വാല്യം 2, പേജ് 452.
3. എൽ, 4, ഒന്നാം സീരീസ്, ഡിസ്. നമ്പർ 75.
4. എൽ. 62, ഒന്നാം സീരീസ്, നമ്പർ 228.
5. ഫോറിൻ (മിസ.), നമ്പർ 55, പേജ് 411.
6. ഒ., പേജ് 380–408, ഖണ്ഡിക 514–518, എൽ. 4 ഒന്നാം സീരീസ്, നമ്പർ 131.
7. ഫോറിൻ (മിസ.), നമ്പർ 55, പേജ് 53., ഖണ്ഡിക 154.

രാജാവു് ടിപ്പുവിന് ഉറപ്പുനൽകിയിട്ടുണ്ടു്[8]. കൊച്ചിനിവാസികളായ ചില കച്ചവടക്കാർ ടിപ്പുവിന് സമർപ്പിച്ച ചില പരാതികൾ തള്ളിക്കളഞ്ഞു കൊണ്ടുള്ള അദ്ദേഹത്തിന്റെ ഔദ്യോഗിക നടപടികൾ മൈസൂർ നയതന്ത്ര ചരിത്രത്തിലെ രസകരമായ ഒരധ്യായമാണ്. കൊച്ചിരാജാവിന്റെ ഉദ്യോഗസ്ഥന്മാർ തങ്ങളിൽനിന്നും കടുത്ത നികുതി ഈടാക്കുന്നതായിട്ടാണ് കച്ചവടക്കാരുടെ പരാതി. എന്നാൽ ഇതിനോടു് ബന്ധപ്പെട്ട സ്ഥലം തന്റെ അധികാരപരിധിയിൽപെടുന്നതല്ലെന്നു് അഭിപ്രായപ്പെട്ടുകൊണ്ടു് പരാതിയുടെ ഒരു പ്രതി ശക്തൻതമ്പുരാന് അയച്ചുകൊടുക്കുകയാണ് ടിപ്പുസുൽത്താൻ ചെയ്തതു്[9]. അങ്ങനെ കൊച്ചിരാജാവിന് മൈസൂർ ഭരണാധിപന്മാരോടു് യാതൊരുവിധ പരാതിക്കും ഇടവന്നിട്ടില്ലെന്നുള്ളത് പ്രാധാന്യമർഹിക്കുന്നു.

1788–ൽ ടിപ്പുസുൽത്താൻ മലബാറിൽ വന്നപ്പോൾ[10] പാലക്കാട്ടുവച്ചു് തന്നെ കാണുവാൻ അദ്ദേഹം കൊച്ചിരാജാവിനോടാവശ്യപ്പെട്ടു[11]. ടിപ്പു സ്നേഹാദരപൂർവ്വം അദ്ദേഹത്തെ സ്വീകരിക്കുകയും തിരിച്ചുപോകുമ്പോൾ വിലക്കൂടിയ ധാരാളം പാരിതോഷികങ്ങൾ കൊടുത്തയയ്ക്കുകയും ചെയ്തു[12]. സംഭാഷണത്തിനിടക്കു് തിരുവിതാംകൂറിലെ സ്ഥിതിഗതികളെക്കുറിച്ചും വിജ്ഞനായിരുന്ന സുൽത്താൻ ആ രാജ്യം ആക്രമിക്കുന്നതിനെക്കുറിച്ചു് സൂചിപ്പിക്കുകയുണ്ടായി[13]. അത്തരം ഒരു അവസ്ഥാവിശേഷം ഒഴിവാക്കുവാനായി തന്റെ സൗഹൃദബന്ധമുപയോഗിച്ചു് മാന്യമായ ഒരൊത്തുതീർപ്പിന് തിരുവിതാംകൂറിനെ പ്രേരിപ്പിക്കാൻ ടിപ്പു കൊച്ചിരാജാവിനോടാവശ്യപ്പെടുകയും ചെയ്തു[14].

---

8. എൽ. 15, ഒന്നാം സീരീസ്, നമ്പർ 234, പേജ് 1098
9. ടി. നമ്പർ 238, പേജ് 1128
10. ഫോറിൻ (മിസ.), നമ്പർ 56, ഭാഗം ഒന്ന്, പേജ് 95
11. എൽ. 71, സീരീസ് 1, നമ്പർ 176
12. 'ശക്തൻതമ്പുരാൻ', പേജ് 139
13. എൽ. 71, സീരീസ് 1, നമ്പർ 175
14. ടി. തിരുവിതാംകൂർ ആക്രമിക്കുന്ന കാര്യത്തിൽ കൊച്ചിയുടെ സഹായമാവശ്യപ്പെടുന്നതുവരെ മൈസൂറും കൊച്ചിയും തമ്മിൽ തികഞ്ഞ സൗഹൃദബന്ധമാണുണ്ടായിരുന്നതെന്നാണ് ഇതേക്കുറിച്ചെഴുതിയിട്ടുള്ള ചരിത്രകാരന്മാരെല്ലാം അഭിപ്രായപ്പെടുന്നതു്. കൊച്ചിരാജാവിന്റെ നയങ്ങളിൽവന്ന മാററങ്ങളെക്കുറിച്ചു് തികച്ചും മനസ്സിലാക്കാതെയാണ് ഇക്കാര്യത്തിൽ ഇങ്ങനെ പൊതുവായ ഒരഭിപ്രായം പൊങ്ങിവന്നിട്ടുള്ളതു്. മൈസൂർ ഭരണാധികാരികളുടെ അധീശത്തിൻകീഴിൽനിന്നും എങ്ങനെയെങ്കിലും മുക്തിനേടണമെന്നാഗ്രഹിച്ച രാജാവു് ഹൈദർക്കും

പാലക്കാട്ടുനിന്നും തിരിച്ചുവന്നയുടനെ ഈ വിവരങ്ങളെല്ലാം അദ്ദേഹം തിരുവിതാംകൂർ രാജാവിനെയും ഡച്ചുകാരേയും ധരിപ്പിക്കുകയുണ്ടായി. ഇക്കാര്യത്തെക്കുറിച്ചുനടന്ന ആശയവിനിമയങ്ങളുടെ കൂട്ടത്തിൽ ഈസ്റ്റിൻഡീസിലെ ഡച്ചുഗവർണറിൽനിന്നും താഴെപറയും പ്രകാരത്തിലുള്ള ഒരെഴുത്തു കൊച്ചിരാജാവിനു ലഭിക്കുകയുണ്ടായി. "......... ..... .....ഒരു ആപത്തൊഴിവാക്കുന്നതിനുവേണ്ടി പാലക്കാട്ടുശ്ശേരിവരെ പോയി ടിപ്പുസുൽത്താനെ സന്ദർശിക്കുവാൻ (ഞങ്ങൾ) നിർബന്ധിതരായിരിക്കുന്നു. ദക്ഷിണ മലബാറിനെ (തിരുവിതാംകൂർ) കുറിച്ചും അദ്ദേഹമെടുത്തിട്ടുള്ള തീരുമാനങ്ങളും അതിലന്തർഭവിച്ചിട്ടുള്ള അപകടവും ............... അങ്ങയുമായുള്ള സംഭാഷണങ്ങളിൽനിന്നും മനസ്സിലായിക്കാണുമല്ലൊ. ഇതേക്കുറിച്ച് ലോഡ് ഗവർണരും എന്നെ വിവരമറിയിച്ചിട്ടുണ്ട്.[15] ടിപ്പുസുൽത്താനിൽനിന്ന് ഉണ്ടായേയ്ക്കാവുന്ന ആക്രമണ നടപടികൾ തടയുന്നതിനുവേണ്ടി ഡച്ചുകാരുടെ സൈനികസഹായം അദ്ദേഹം തുടർന്നും അഭ്യർത്ഥിച്ചിരുന്നു[16]. ടിപ്പുസുൽത്താന്റെ സൈനികശക്തിയുടെ മുൻപിൽ താൻ നിസ്സഹായനാണെന്നും "ആവശ്യമായ സഹായം ലഭിക്കുന്നില്ലെങ്കിൽ ടിപ്പുസുൽത്താൻ മലബാറിൽ അതിക്രമങ്ങൾ പ്രവർത്തിക്കുമെ"ന്നും 1789—ൽ കൊച്ചിരാജാവ് എഴുതിയ ഒരെഴുത്തിൽ പറഞ്ഞിട്ടുണ്ട്[17]. 'ആവശ്യമായത്ര യുദ്ധക്കപ്പലുകളും ആയുധസാമഗ്രികളും അയയ്ക്കണ'മെന്നും ഈ കത്തിൽ അദ്ദേഹം ആവശ്യപ്പെടുന്നു[18]. ഈ കത്തു

ടിപ്പുവിനെതിരെ സ്വീകരിച്ച ശത്രുതാനടപടികളെക്കുറിച്ചും ഡച്ചു ഗവർണർക്കും തിരുവിതാംകൂർ രാജാവിനും അയച്ച ചില എഴുത്തുകളെ കുറിച്ചും മുൻപൊരദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ട്.

തന്നെ വന്നുകാണുവാൻ ടിപ്പു ആവശ്യപ്പെട്ടപ്പോൾ മഹാരാജാവിന്റെ അണികളിലുണ്ടായിരുന്ന അമ്പരപ്പും, ടിപ്പുവിനു് എന്തോ ദുരുദ്ദേശ്യങ്ങളുണ്ടെന്ന് അവർ ധരിച്ചുവശായതും, 'ശക്തൻ തമ്പുരാൻ' എന്ന ഗ്രന്ഥത്തിന്റെ കർത്താവ് വിവരിച്ചിട്ടുണ്ട്. നാട്ടിലെ സമുന്നതന്മാരായ എല്ലാ ബ്രാഹ്മണരെയും വിളിച്ചുവരുത്തി യാഗങ്ങളും പൂജകളും നടത്തിയശേഷമാണ് രാജാവ് ടിപ്പുവിനെ സന്ദർശിക്കുവാനിറങ്ങിയത്. കൊട്ടാരത്തിലെ പ്രധാന പുരോഹിതനും അദ്ദേഹത്തെ അനുഗമിച്ചിരുന്നു. മൈസൂറിനെതിരെ താൻ നടത്തിയിട്ടുള്ള ഉപജാപങ്ങൾ ടിപ്പു അറിഞ്ഞുകാണുമോയെന്ന ഭയമായിരിക്കണം രാജാവിനെ ഇത്രയധികം പരിഭ്രമിപ്പിച്ചത്.

15. എൽ. 71, ഒന്നാം സീരീസ്, നമ്പർ 176, നെതർലൻസ് ഇൻഡീസിലെ ഗവർണർ ജനറൽ കൊച്ചിരാജാവിനു്, സെപ്റ്റംബർ 10, 1789.
16. എൽ. 61/ എ, സീരീസ് ഒന്ന്.
17. എൽ 71 ,, ,, നമ്പർ 175.
18. ടി. നമ്പർ 175.

കാംക്ക് പ്രോൽസാഹജനകമായ മറുപടികളല്ല അദ്ദേഹത്തിനു ലഭിച്ചതു്. ആവശ്യമായ ആയുധങ്ങളെത്തിക്കുന്ന കാര്യത്തിലുള്ള തൻെറ കഴിവില്ലായ്മയിൽ വ്യസനം രേഖപ്പെടുത്തുകമാത്രമേ ഡച്ചുഗവർണർ ചെയ്തുള്ളു[19]. അതുകൊണ്ടു് ടിപ്പുസുൽത്താനുമായുള്ള ബന്ധം വിച്ഛേദിക്കുകയാണെങ്കിൽ ഡച്ചുകാരുടെ ബത്തേവിയായിലെ സുപ്രീം കൗൺസിലിൽനിന്നോ മലബാർ തീരത്തെ അവരുടെ ഗവർണരിൽനിന്നോ തനിക്കു യാതൊരു സഹായവും ലഭിക്കുകയില്ലെന്നു് കൊച്ചിരാജാവിനറിയാമായിരുന്നു

അതിനാൽ ഡച്ചുകാരുമായുള്ള കത്തിടപാടുകൾ തുടർന്നതോടൊപ്പം തന്നെ തിരുവിതാംകൂറിൻെറ സഹായത്തോടെ ഇംഗ്ളീഷുകാരുമായി ബന്ധപ്പെടുവാൻ കൂടി അദ്ദേഹം ശ്രമിക്കുകയുണ്ടായിട്ടുണ്ടു്. കൊച്ചിരാജാവു് ഇംഗ്ലീഷുകാരുമായി ബന്ധപ്പെടുവാൻ ശ്രമിച്ചതിനെക്കുറിച്ച് ഡച്ചുകാർക്കും അറിവ് കിട്ടിയിരുന്നു. രാജാവ് മദ്രാസിലെ ഇംഗ്ളീഷ് ഗവർണർക്കയച്ച ഒരു കത്തു് ഏതുവിധേനയോ ഡച്ചുഗവർണരുടെ കൈയ്യിൽ വന്നു ചേരുകയുണ്ടായി. ഈ വിവരം അറിഞ്ഞു് ഡച്ചുഗവർണരായ വാൻഏങ്കൽബക്ക് 1790 ജൂൺ 24–ാം തീയതി കൊച്ചിരാജാവിനെഴുതിയ ഒരു കത്തിൽ, ടിപ്പുവുമായി ബന്ധം വിച്ഛേദിച്ചുകൊണ്ടു് ഇംഗ്ളീഷുകാരുമായി സഖ്യം ചെയ്യുവാൻ രാജാവു് തയ്യാറാണെന്നു് കാണിക്കുന്ന ഒരു കത്തു് മദ്രാസ് ഗവർണറിൽനിന്നും തനിക്ക് ലഭിച്ചിട്ടുണ്ടെന്നു് പറഞ്ഞിരിക്കുന്നു[20]. ഇംഗ്ലീഷുകാരുമായി സഖ്യം ഉണ്ടാക്കിക്കഴിഞ്ഞാൽ പാലിക്കേണ്ട വ്യവസ്ഥകളെക്കുറിച്ച് പ്രതിപാദിക്കുന്ന മറ്റൊരു കത്തു് 1790 ജൂലൈ 15–ാം തീയതി ഡച്ചുഗവർണർ രാജാവിനു് നൽകുകയുണ്ടായി[21]. "ഇംഗ്ലീഷുകാരും അങ്ങും തമ്മിൽ ഉണ്ടാക്കാൻ പോകുന്ന ഉടമ്പടിയുടെ ഒരു കരട് പകർപ്പ് മിസ്റ്റർ പൗണി എനിക്കയച്ചുതന്നിട്ടുണ്ടെന്നു്" 1790 ആഗസ്റ്റ് 4–ാം തീയതി ഡച്ചുഗവർണർ വീണ്ടും കൊച്ചിരാജാവിന് എഴുതിയിരുന്നു. "ഇതു് പാലിക്കുവാൻ അദ്ദേഹം (പൗണി) എന്നോടപേക്ഷിച്ചിട്ടുണ്ട്. അതു് ഞാൻ ചെയ്യാം"[22]. ഈ ഉടമ്പടി സെപ്റ്റംബർ 25–ാം തീയതി നിലവിൽ വന്നു. പക്ഷെ, മദ്രാസ് കൗൺസിൽ ഇതിൽ ഒപ്പുവച്ചിരിക്കുന്നതു് 1791 ഫെബ്രുവരി 2–ാം തീയതിയാണ്[23]. തുടർന്നു് 3–ാം മൈസൂർ യുദ്ധത്തിൽ ഇംഗ്ലീഷുകാരെ സഹായിക്കുകയാണ് കൊച്ചിമഹാരാജാവു് ചെയ്തതു്.

---

19. എൽ. 7, നമ്പർ 176
20. എൽ. 62, സീരീസ് 1, നമ്പർ 166, പേജ് 2895
21. ടി. 62 ,, നമ്പർ 167, പേജ് 2896–99
22. ടി. 62 ,, നമ്പർ 168, പേജ് 2899–2900
23. ഹേഗ്ഗിൻ (മിസ.), നമ്പർ 55, പേജ് 79–80, ഖണ്ഡിക 73

ഈ സംഭവവികാസങ്ങളൊക്കെയുണ്ടായിട്ടും ടിപ്പുസുൽത്താൻ കൊച്ചി രാജാവിനോട് യാതൊരു വിരോധവും വച്ചുപുലർത്തിയിരുന്നില്ല. ശ്രീരംഗ പട്ടണം സന്ധിക്കുശേഷം മലബാർ ഇംഗ്ലീഷുകമ്പനി പ്രദേശങ്ങളോട് കൂട്ടിച്ചേർത്തതിനുശേഷവും കൊച്ചിരാജാവിനോട് സൗഹൃദവും അനുഭാവവു മാണ് ടിപ്പു പ്രകടിപ്പിച്ചിട്ടുള്ളത്. 1792–നു ശേഷം സാമൂതിരിയും കൊച്ചിയും തമ്മിൽ സാധാരണപോലെ അതിർത്തികളെക്കുറിച്ച് തർക്കമുണ്ടാകുകയും ഇരുകക്ഷികളും തങ്ങളുടെതായ തെളിവുകൾ നിരത്തിവയ്ക്കുകയും ചെയ്തപ്പോൾ മലബാർ കമ്മീഷണർമാർ ടിപ്പുവിന്റെ അഭിപ്രായമാരായുകയുണ്ടായി. ഇക്കാ ര്യത്തിൽ ടിപ്പു പ്രകടിപ്പിച്ച അഭിപ്രായം എല്ലാവരെയും അൽഭുതപ്പെടുത്താൻ പോന്നതായിരുന്നു. "ഈ നിസ്സാര കാര്യത്തിൽ നിങ്ങളെന്തിനാണ് കൊച്ചിക്ക് നഷ്ടമുണ്ടാക്കിവയ്ക്കുന്നത്" എന്നാണ് അദ്ദേഹം ചോദിച്ചത്[24]. മലബാറിന്റെ നഷ്ടംമൂലം തനിക്കേററ മാനസിക ആഘാതത്തിൽനിന്ന് രക്ഷപ്പെടാതെയും, പ്രത്യേകിച്ചും ഒരു സന്ദിഗ്ദ്ധഘട്ടത്തിൽ കൊച്ചിരാജാ വിനെക്കുറിച്ചുള്ള സ്മരണ മായാതെയുമിരുന്ന ഒരു സന്ദർഭത്തിലാണ് അദ്ദേഹ മിങ്ങനെ എഴുതിയതെന്നത് പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. കൊച്ചി രാജാവിനെക്കുറിച്ച് ടിപ്പു ഒരു വൈരാഗ്യമനസ്ഥിതി വച്ചുപുലർത്തിയിരുന്നു വെങ്കിൽ ഇത്തരം സന്ദർഭങ്ങൾ പകരം വീട്ടാനുള്ള ഒരു ശ്രമമെന്ന നിലയിലെ ങ്കിലും ഉപയോഗിക്കുമായിരുന്നല്ലൊ. കൊച്ചിയുമായുള്ള ബന്ധത്തിലുടനീളം മാന്യവും അന്തസ്സുററതുമായ പെരുമാററങ്ങളാണ് അദ്ദേഹത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ളത്. ഭയംകൊണ്ടോ മറെറന്തെങ്കിലും സ്വാർത്ഥമോഹം കൊണ്ടോ സ്വീകരിച്ച ഒരു നടപടിയുമായിരുന്നില്ല ഇത്. ടിപ്പുസുൽത്താന്റെ സ്വഭാവത്തിൽ എന്നും മുന്തിനിന്നിട്ടുള്ള നിശ്ചയദാർഢ്യത്തിന് ഒരു നല്ല ഉദാഹരണമാണ് ഈ സംഭവം.

ടിപ്പു കാണിച്ച ഈ സൗഹൃദഭാവം കൊച്ചിരാജാവിനെ ഇടയ്ക്ക് വളരെ യേറെ ബുദ്ധിമുട്ടിച്ചുവെന്ന കാര്യം രസകരമായ മറെറാരു വസ്തുതയാണ്. പരാജയത്തിനു ശേഷവും ടിപ്പു കൊച്ചിയോട് ഇത്ര മമത കാണിച്ചപ്പോൾ കൊച്ചിരാജാവ് ടിപ്പുവിനോടും ഫ്രഞ്ചുകാരോടും രഹസ്യബന്ധം വച്ചു കൊണ്ട് തങ്ങളെ തുരത്തുവാൻ ശ്രമിക്കുകയാണോയെന്ന് ഇംഗ്ലീഷുകാർക്കു സംശയമായി[25]. മലബാർ കമ്മീഷണർമാരിലൊരാളായ മേജർ ഡൗവിനു മറു പടിയായി 1794–ൽ കൊച്ചിരാജാവെഴുതിയ ഒരു കത്തിൽ, താൻ ടിപ്പുവു മായി യാതൊരു കത്തിടപാടുകളും നടത്തുന്നില്ലെന്നും തനിക്ക് ടിപ്പുവുമായി യാതൊരു ബന്ധവുമില്ലെന്നും ഏററുപറഞ്ഞിട്ടുണ്ട്. ഈ കള്ളക്കഥകളെല്ലാം "ബഹുമാനപ്പെട്ട കമ്പനിയുടെ വിദ്വേഷത്തിന് എന്നെ പാത്രമാക്കുവാൻ

24. മലബാറിൻ (മിസ.), പേജ് 383, ഖണ്ഡിക 515
25. ടി. ,, പേജ് 95.

വേണ്ടി എൻെറ ശത്രുക്കരം പറഞ്ഞുപരത്തുന്നതാണ്; ഇതിൽ യാതൊരു വാസ്തവവുമില്ലെന്നു ഞാൻ പ്രതിജ്ഞ ചെയ്യുന്നു'' എന്നും രാജാവു് എഴുതുകയുണ്ടായി[26]. ടിപ്പുസുൽത്താനുമായോ ഫ്രഞ്ചുകാരുമായോ തനിക്കു് യാതൊരു ബന്ധവുമില്ലെന്നു ഇംഗ്ലീഷുകാരെ ബോധ്യപ്പെടുത്താൻ അദ്ദേഹത്തിനു് ഇങ്ങനെ പലപ്രാവശ്യം ആണയിട്ടു് പറയേണ്ടതായി വന്നിട്ടുണ്ടു്. ഫ്രഞ്ചുകാരോടു് തനിക്കുള്ള എതിർപ്പു് തെളിയിക്കുവാൻവേണ്ടി ഫ്രഞ്ചുവിപ്ളവകാലത്തു് തങ്ങളുടെ രാജാവിനെ കൊന്നതിനും രക്തച്ചൊരിച്ചിലിനുമിടയാക്കിയതിനും അദ്ദേഹം ഫ്രഞ്ചുകാരെ ധാരാളം കുററപ്പെടുത്തുകയും ചെയ്തു[27].

മേൽവിവരിച്ച കാര്യങ്ങളിൽനിന്നും കൊച്ചിരാജ്യവുമായുള്ള ബന്ധത്തിൽ തികഞ്ഞ ആത്മാർത്ഥതയാണു് ടിപ്പുസുൽത്താൻ കാണിച്ചിട്ടുള്ളതെന്നും ഒരൊററ സംഭവംപോലും അദ്ദേഹത്തിനെതിരായി എടുത്തുകാണിക്കുവാനില്ലെന്നും വ്യക്തമാകുന്നുണ്ടു്. എന്നാൽ മററതൊരു രാജാവിനെയുംപോലെ കഴിയുന്ന വേഗം ടിപ്പുവിൻെറ അധീശത്തിൻകീഴിൽനിന്നും രക്ഷപ്പെടണമെന്നാണു് കൊച്ചിരാജാവു് ഉദ്ദേശിച്ചിരുന്നതു്. അതുകൊണ്ടു് അദ്ദേഹത്തിനു് ടിപ്പുവുമായുണ്ടായിരുന്ന ബന്ധം സൗഹൃദത്തിൻെറയോ ആത്മാർത്ഥതയുടെയോ അടിസ്ഥാനത്തിലായിരുന്നില്ല. എന്നാൽ, കൊച്ചിൻ സ്റേററു് മാനുവൽ കർത്താവിൻെറ അഭിപ്രായം എത്ര ശരിയാണെന്നറിഞ്ഞുകൂട. ടിപ്പുസുൽത്താനിൽനിന്നും കൊച്ചിക്കു് ലഭിച്ചിട്ടുള്ള എല്ലാമററ സഹായങ്ങളും ടിപ്പു കാണിച്ച സൗഹൃദഭാവവും വിവരിച്ചതിനുശേഷം, എങ്കിലും രാജാവിനു് ടിപ്പുവുമായുള്ള ബന്ധം എന്തുകൊണ്ടു് ഇഷ്ടമായിരുന്നില്ലെന്നുകൂടി മാനുവൽകർത്താവു് പറയുന്നു: "ഇതൊക്കെയൊണെങ്കിലും മൈസൂറിൽനിന്നും വന്ന ഒരു മുഹമ്മദൻ ആക്രമണകാരിയോടുള്ള വിധേയത്വം അസഹ്യമായ ഒരു ഭാരമായിട്ടാണു് കൊച്ചിക്കു് തോന്നിയതു്................''[28] എന്നു് അദ്ദേഹം അഭിപ്രായപ്പെടുന്നു. നമ്മുടെ ചരിത്രകാരന്മാരുടെയും ചരിത്രപുരുഷന്മാരുടെയും മനസ്സിൻെറ ഉള്ളറകളിലേക്കു് ഇറങ്ങിച്ചെല്ലുവാൻ തികച്ചും സഹായിക്കുന്ന ഒരു അഭിപ്രായപ്രകടനമാണിതു്. ജേതാവിൻെറ നിശ്ചയദാർഢ്യമോ സരളതയോ ആത്മാർത്ഥമായ പെരുമാററമോ, മററു മാഹാത്മ്യങ്ങളോ ഇവർക്കൊരു പ്രശ്നമല്ല. ആക്രമണകാരിയുടെ മതവും സമുദായവും മാത്രമാണു് ഗൗനിക്കപ്പെടുന്നതെന്നു് സാരം.

ഒരു കാര്യം തീർച്ചയാണു്. മൈസൂറുമായുള്ള കാൽനൂററാണ്ടുകാലത്തെ ബന്ധം കൊച്ചിയുടെ ഭരണപരമായ കാര്യങ്ങളിൽ വളരെയധികം സ്വാധീനം

26. എൽ. 7, സീരീസ് 1, ഡിസ്. നമ്പർ 165
27. പാട്ടിക 37/എ, സീരീസ് 1, നമ്പർ 349/എ
28. കൊച്ചിൻ സ്ററേററു് മാനുവൽ, പേജ് 124

ചെലുത്തിയിട്ടുണ്ട്. കപ്പം കൊടുക്കുവാൻ പണത്തിനു ബുദ്ധിമുട്ടുണ്ടായപ്പോൾ രാജ്യത്ത് ആദ്യമായി ഭൂനികുതിയേർപ്പെടുത്തുകയുണ്ടായി[29]. വരവിനങ്ങൾ ഈ വിധത്തിൽ വർദ്ധിപ്പിക്കുവാനുള്ള മാർഗങ്ങളും മൈസൂർ ഭരണകർത്താക്കളായിരിക്കണം ചൂണ്ടിക്കാണിച്ചുകൊടുത്തത്. മലബാറിൽ അവർ ഏർപ്പെടുത്തിയ ഭൂനികുതിവ്യവസ്ഥയും കൊച്ചിയെ സ്വാധീനിച്ചിട്ടുണ്ടാവാം. ഇവിടത്തെ പ്രധാന റോഡുകളെല്ലാംതന്നെ ഇക്കാലത്താണ് നിർമ്മിക്കപ്പെട്ടത്. ഇത്തരം കാര്യങ്ങളിൽ ടിപ്പു മലബാറിൽ നടപ്പാക്കിയ പരിഷ്കാരങ്ങളായിരിക്കണം കൊച്ചിയും മാതൃകയായി സ്വീകരിച്ചത്[30]. ഇതിനുപുറമെ ചുരുങ്ങിയ തോതിലാണെങ്കിലും കൊച്ചിയിലും ഇക്കാലത്ത് കച്ചവടക്കുത്തക ഏർപ്പെടുത്തുകയുണ്ടായിട്ടുണ്ട്. ചുരുക്കത്തിൽ, ഭരണകര്യങ്ങളിൽ ശക്തൻ തമ്പുരാൻ നടപ്പാക്കിയെന്നു പറയപ്പെടുന്ന പല പരിഷ്കാരങ്ങളും നവീന രീതികളും മൈസൂർ ഭരണത്തെ മാതൃകയാക്കി സ്വീകരിക്കപ്പെട്ടവയാണ്.

29. കൊച്ചിരാജ്യചരിത്രത്തിൽ കെ. പി. പത്മനാഭമേനോൻ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "യുദ്ധച്ചെലവും കപ്പപ്പണവും എന്ന ഇനത്തിൽ വാഗ്ദാനം ചെയ്യപ്പെട്ട ഒരുലക്ഷം വരാഹൻ കൊടുക്കുവാൻ ശ്രീനിവാസറാവു നിർബന്ധിച്ചപ്പോൾ പണം ഉണ്ടാക്കുവാനായി നെടുങ്കോട്ടയ്ക്കു വടക്കുള്ള പ്രദേശത്ത് ഭൂമിക്ക് രണ്ടുപണം വീതവും അതിന് തെക്കുഭാഗത്ത് ആറു പുത്തൻവീതവും ഒരുപറ നെൽക്കണ്ടത്തിന് നികുതി ചുമത്തുകയുണ്ടായി (കൊച്ചിരാജ്യചരിത്രം, വാല്യം 2, പേജ് 428).

30. ബുക്കാനൻ, വാല്യം 2, പേജ് 390

# 9

# ടിപ്പുവും തിരുവിതാംകൂറുമായുള്ള ബന്ധം

ഹൈദരാലിയും, തിരുവിതാംകൂർ രാജാക്കന്മാരായ മാർത്താണ്ഡ വർമ്മയും രാമവർമ്മയും തമ്മിലുള്ള ബന്ധം ആദ്യംമുതൽക്ക് തന്നെ വിദ്വേഷ പൂർണമായിരുന്നുവെന്ന് നാം നേരത്തെ കണ്ടുകഴിഞ്ഞുവല്ലൊ. തിരുവിതാംകൂർ ആക്രമിച്ചു കീഴടക്കുകയെന്നതു് ഹൈദറെ സംബന്ധിച്ചിടത്തോളം മധുരമുള്ള ഒരു സ്വപ്നമായിരുന്നു. തിരുവിതാംകൂറിനെ ആക്രമിക്കാതിരിക്കു വാൻ വേണ്ടി തനിക്ക് ഒരു നിശ്ചിത സംഖ്യ തരാൻ അവരെ പ്രേരിപ്പിക്കണ മെന്ന് ഹൈദർ ഡച്ചുകാരോട് ആവശ്യപ്പെട്ടു, അതല്ലങ്കിൽ താൻ 'അദ്ദേ ഹത്തെ ഒന്നു സന്ദർശിക്കു'മെന്ന് ഭീഷണിപ്പെടുത്തിയ കാര്യവും നാം കണ്ടു കഴിഞ്ഞതാണ്[1]. പക്ഷേ, ഇതു് എന്നും ഒരു സ്വപ്നമായിരുന്നതേയുള്ളൂ. തിരുവിതാംകൂർ ആക്രമിക്കാൻ ശ്രമിച്ചപ്പോഴൊക്കെ 'മുൻകൂട്ടിക്കാണാൻ കഴിയാതിരുന്ന ചില സംഭവങ്ങൾ' ഉണ്ടാകുകയായിരുന്നു പതിവ്[2]. അന്നു കേരളത്തിൽ നിലവിലുണ്ടായിരുന്ന രാഷ്ട്രീയ പരിതസ്ഥിതിയിൽ തിരു വിതാംകൂർ കീഴടക്കുകയെന്നതു് ഹൈദറെ സംബന്ധിച്ചിടത്തോളം വിഷമ മുള്ള ഒരു കാര്യമായിരുന്നില്ല. അന്ന് ഹൈദറെ നേരിടുവാൻ തിരുവിതാം കൂർ പ്രാപ്തവുമല്ലായിരുന്നു[3].

എന്നാൽ, മംഗലാപുരം സന്ധിയിൽ 'ഇംഗ്ലീഷുകാരുടെ സുഹൃത്തും സഖിയും' എന്ന നിലയിൽ തിരുവിതാംകൂറും കക്ഷിചേർക്കപ്പെട്ടപ്പോഴം നിലയാകെ മാറുകയും കാററു് തിരുവിതാംകൂർ മഹാരാജാവിനു് അനുകൂല

---

1. മോയൻസ്, പേജ് 154.
2. എം. എം. എ. എൽ. ററി., പേജ് 93–94.
3. മഹാറിൻ, മഹാം ഡിപ്പാർട്ടുമെൻറു്, സീക്രട്ട് കൺസൾട്ടേഷൻ, നമ്പർ 1, 1756–80.

മായി വീശാൻ തുടങ്ങുകയും ചെയ്തു[4]. മാറിയ ഈ പരിതസ്ഥിതിയോട് പൊരുത്തപ്പെട്ടുപോകാനാണ് കൂർമ്മബുദ്ധിയായ ടിപ്പുസുൽത്താൻ ശ്രമിച്ചതു്. ഹൈദരാലിയെപ്പോലെ തിരുവിതാംകൂറിന്റെ വിധേയത്വം ആവശ്യപ്പെട്ടുകൊണ്ട് ആക്രമണപരമായ ഒരു നയം തുടരുന്നതിനു പകരം, തർക്കപ്രശ്നങ്ങൾ ഒത്തുതീർപ്പാക്കി രമ്യമായ ഒരന്തരീക്ഷത്തിൽ അദ്ദേഹത്തെ വശത്താക്കുവാനാണ് ടിപ്പു ശ്രമിച്ചതു്. ടിപ്പു രാമവർമ്മ രാജാവിന് എഴുതിയ ഒരു കത്തിലെ ഈ ഭാഗം നോക്കുക: "അങ്ങ് ഒരു നല്ല മനുഷ്യനും നമ്മുടെ സർക്കാരുമായി സ്നേഹത്തിൽ വർത്തിക്കാനാഗ്രഹിക്കുന്ന മഹാനായ ഒരു ഭരണാധികാരിയുമാണെന്ന് കൊച്ചിരാജാവു് പറഞ്ഞതിൽ നിന്നും ഞാൻ മനസ്സിലാക്കുന്നു. നാം തമ്മിൽ സഖ്യകക്ഷികളായിത്തീർന്നാൽ ഉണ്ടാകാവുന്ന ഗുണങ്ങൾ ബുദ്ധിയും കാര്യഗ്രഹണശേഷിയുമുള്ള അങ്ങയ്ക്ക് ഊഹിക്കാവുന്നതേയുള്ളു. ഏതാനും രത്നങ്ങളും ഒരു കുതിരയും ഒരു ഉടയാടയും കൊടുത്തു് എന്റെ വക്കീലന്മാരെ ഞാൻ അങ്ങയുടെ അടുത്തേയ്ക്കു വിടുന്നു, സ്വീകരിച്ചാലും"[5]. ഇവിടെ സഖ്യത്തിനാണ്, വിധേയത്വത്തിനല്ല ആവശ്യപ്പെട്ടിരിക്കുന്നതെന്ന സംഗതി മൈസൂർ നയത്തിലുണ്ടായ മാററം സുവ്യക്തമാക്കുന്നുണ്ട്. നേരെമറിച്ച് തിരുവിതാംകൂർ മഹാരാജാവായ രാമവർമ്മയാകട്ടെ "ഇംഗ്ലീഷു സഹായത്തിൽ വിശ്വാസമർപ്പിച്ചുകൊണ്ട്"[6] ടിപ്പുവിന്റെ സൗഹൃദപരമായ നീക്കങ്ങൾ വിഗണിച്ചുവെന്നുമാത്രമല്ല, ടിപ്പുവിനെതിരായ നടപടികൾ പൂർവ്വോപരി ശക്തിയായി തുടരുകയാണ് ചെയ്തതു്[7]. അങ്ങനെ ടിപ്പുവിന്റെ കാലത്ത് മൈസൂർ—തിരുവിതാംകൂർ ബന്ധങ്ങൾ ഹൈദറിന്റെ കാലത്തെക്കാൾ തികച്ചും വ്യത്യസ്തമായ രീതിയിലുള്ളതായിരുന്നു.

ഇംഗ്ലീഷുകാരുടെ ഒരു സേനാവിഭാഗത്തെ തന്റെ അതിർത്തികളിൽ നിർത്തി അവരുടെ പിൻബലം ഉറപ്പിക്കുവാനാണ് മഹാരാജാവു് ശ്രമിച്ചതു്. തിരുവിതാംകൂർ സൈന്യത്തിന്റെ നായകത്വം വഹിക്കുന്നതിനായി ഇംഗ്ലീഷ് ഓഫീസർമാരെ അയച്ചുകൊടുക്കുന്നതിനുള്ള മഹാരാജാവിന്റെ അഭ്യർത്ഥന നടപ്പിൽവരുത്തുന്ന കാര്യത്തിൽ "കമ്പനിക്കുള്ള അസൗകര്യത്തെ"ക്കുറിച്ച് ആർച്ചിബാൾഡ് കാമ്പെൽ 1788 ആഗസ്റ്റ് 12–ാം തീയതി അയച്ച കത്തിൽ പറയുന്നുണ്ട്[8]. ഏതായാലും, രണ്ടോ മൂന്നോ

---

4. ലോഗൻ, 1, 93, സെലക്ട് കമ്മിററി, ഒക്ടോബർ, 1783, നമ്പർ 5.
5. മതിലകം രേഖകൾ, ചുരുണ, 1308, പേജ് 74–75.
6. ലോഗൻ, വാല്യം 1, പേജ് 409.
7. ടിപ്പുസുൽത്താന്റെ ചരിത്രം, പേജ് 154.
8. ഫോറിൻ ഡിപ്പാർട്ടുമെന്റ്: സീക്രട്ട് ആൻഡ് പൊളിററിക്കൽ, പ്രൊസീഡിങ്സ്, 1, സെപ്റ്റംബർ 22, 1788, സീരിയൽ നമ്പർ 92, പേജ് 3461.

ബററാലിയൻ സൈന്യത്തിനു വേണ്ടിവരുന്ന ചെലവ് വഹിക്കുവാൻ മഹാരാജാവ് തയ്യാറാകുകയാണെങ്കിൽ ഈ അപേക്ഷ "അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണ്'" എന്ന ശുപാർശയോടുകൂടി കാമ്പെൽ രാജാവിന്റെ കത്ത് ഗവർണർജനറലിന് അയച്ചുകൊടുക്കുകയുണ്ടായി[9]. ഇതിനും പുറമേ, 1788 സെപ്ററംബർ ഒന്നാം തീയതി മഹാരാജാവ് ആർച്ചുബാൾഡ് കാമ്പെലിന് എഴുതിയ മറെറാരു കത്തിൽ അയ്യിക്കോട്ട ദ്വീപിൽ ഒരു സൈന്യവിഭാഗത്തെ നിർത്താമെന്ന നിർദേശം നടപ്പിലാക്കിയാൽപോലും അതു് തിരുവിതാംകൂർ പ്രദേശങ്ങളിൽ ഒരു സൈന്യത്തെ നിർത്തുന്നതുപോലെ ഉദ്ദേശിച്ച കാര്യം സാധിക്കുന്നതിന് ഉതകുകയില്ലെന്നും പറഞ്ഞിരുന്നു. "ഏററവും എളുപ്പത്തിൽ പുറപ്പെടുവാനും ടിപ്പുവിന്റെ രാജ്യം ആക്രമിക്കുവാനും ഉതകുന്ന ഒരു സ്ഥലത്ത് സേനയെ നിർത്തണമെന്നതാണ് നിശ്ചയമായും നമ്മുടെ ഉദ്ദേശ്യം"[10]. തന്റെ രാജ്യത്തിന്റെ അതിർത്തിയിൽ നിർത്തുന്നതിനുവേണ്ടി കമ്പനിയുടെ രണ്ടു് ബററാലിയൻ നാടൻ കാലാൾപ്പടയെ സമ്പാദിക്കുന്ന കാര്യത്തിൽ അവസാനം രാജാവ് വിജയിക്കുകയുണ്ടായി[11]. അങ്ങനെ നോക്കുമ്പോൾ ആക്രമണപരമായ ഒരു നയമായിരുന്നു രാമവർമ്മ സ്വീകരിച്ചിരുന്നതു് എന്നു് വ്യക്തമാകുന്നുണ്ടു്.

മലബാറിലെ തന്റെ സഹോദര രാജാക്കന്മാരെ തോല്പിച്ച് അവരുടെ രാജ്യം കൈവശമാക്കുകയും കൊച്ചിരാജാവിനെ തന്റെ സാമന്തനാക്കുകയും തിരുവിതാംകൂറിനെതിരെ എന്നും ഭീഷണിമുഴക്കുകയും ചെയ്തിട്ടുള്ള ടിപ്പുവിനോട് മഹാരാജാവ് ഒരു ഒത്തുതീർപ്പിന് ഒരിക്കലും തയ്യാറായിരുന്നില്ല തന്മൂലം മറേറതൊരു ബുദ്ധിമാനായ രാജ്യതന്ത്രജ്ഞനും ഇത്തരം അവസരങ്ങളിൽ ചെയ്യുന്നതുപോലെ തന്റെ അതിർത്തി സുരക്ഷിതമാക്കുന്നതിനും സൈനികനില മെച്ചപ്പെടുത്തുന്നതിനും വേണ്ടിയാണ് അദ്ദേഹം ശ്രമിച്ചിരുന്നത്. ഇംഗ്ളീഷുകാരുടെ പിൻതുണ നേടുവാൻവേണ്ടി അവരെ ഏതെല്ലാം വിധത്തിൽ സന്തോഷിപ്പിക്കാമോ അതെല്ലാം അദ്ദേഹം ചെയ്യുകയും ചെയ്തു. 1782—ൽ കൊച്ചിരാജാവിന്റെ സഹായത്തോടെ പള്ളിപ്പുറത്ത് അദ്ദേഹം ഒരു കോട്ട[12]കെട്ടുന്നതിനുവേണ്ടി തിരുവിതാംകൂറിൽനിന്നും കൽപ്പണിക്കാരെയും കൂലിക്കാരെയും അയച്ചിട്ടുണ്ടെന്നറിഞ്ഞതിൽ താൻ അത്ഭുതപ്പെടുന്നുവെന്ന് ഡച്ച് ഗവർണർ കൊച്ചിരാജാവിനു് അയച്ച പ്രതിഷേധക്കുറിപ്പിൽ പറഞ്ഞിരിക്കുന്നു. തിരുവിതാംകൂർ രാജാവിനു് ഈ ദ്വീപിൽ യാതൊരു കാര്യവുമില്ലെന്നും കമ്പനിയും കൊച്ചിരാജാവും

9. ടി. പേജ് 3462.
10. ടി. പേജ് 3467.
11. സീക്രട്ട് കൺസൽട്ടേഷൻ, നമ്പർ 2, മാർച്ച് 18, 1789.
12. ടി. നമ്പർ 2, ഫെബ്രുവരി 25, 1789.

തമ്മിലുള്ള ബന്ധം പരിഗണിക്കുമ്പോൾ "അങ്ങ് ഈ വിവരം ഞങ്ങളെ ഉടൻതന്നെ അറിയിക്കേണ്ടിയിരുന്നുവെന്നും" ഡച്ച് ഗവർണർ തുടർന്നുപറയുന്നുണ്ട്[13]. ഇക്കാര്യത്തിൽ തനിക്കുള്ള പ്രതിഷേധം ശക്തമായ ഭാഷയിൽ തന്നെ വാൻ എങ്കൽബെക്ക് കൊച്ചിരാജാവിനെ അറിയിക്കുകയുണ്ടായി[14]. കൊച്ചിരാജാവിന്റെ പ്രദേശങ്ങളിൽകൂടി നെടുങ്കോട്ട കൊടുങ്ങല്ലൂർവരെ നീട്ടിയതുമൂലം കൊച്ചിപ്രദേശം വ്യത്യാസമുള്ള രണ്ടു ഖണ്ഡങ്ങളായി ഭാഗിക്കപ്പെടുകയും ചെയ്തു. തന്റെ സാമന്തനായ കൊച്ചിരാജാവിന്റെ പ്രദേശങ്ങളിൽകൂടി കെട്ടിയിട്ടുള്ള കോട്ടയുടെ അത്രയുംഭാഗം പൊളിച്ചുനീക്കണമെന്ന് ടിപ്പുസുൽത്താൻ ആവശ്യപ്പെട്ടു[15]. തന്റെ നാടിന്റെ സുരക്ഷിതത്വത്തിന് ഇതാവശ്യമാണെന്ന് പറഞ്ഞുകൊണ്ട്[16] ടിപ്പുവിന്റെ നിർദേശം തിരുവിതാംകൂർ രാജാവ് തള്ളിക്കളഞ്ഞു. കൊടുങ്ങല്ലൂർകോട്ടയും അയ്ക്കോട്ടയും ഡച്ചുകാരിൽനിന്നും വിലയ്ക്കുവാങ്ങാൻ അവരുമായി സംഭാഷണങ്ങളിലേർപ്പെടുകയും ചെയ്തു[17]. ഇതിനുപുറമേ മലബാറിൽ കലാപമുണ്ടാക്കാൻ സഹായിക്കുകയും മൈസൂർ ഭരണാധികാരികൾ പിടിച്ചെടുത്ത സ്ഥലം തിരിച്ചുപിടിക്കുന്നതിനായി കലാപകാരികൾക്ക് സഹായം നൽകുവാൻ മദ്രാസ് ഗവർണറോട് ആവശ്യപ്പെടുകയുംകൂടി ഉണ്ടായിട്ടുണ്ട്[18]. മൈസൂർ ഭരണത്തെ കേരളത്തിൽനിന്നും തുടച്ചുനീക്കുവാനാഗ്രഹിച്ച മഹാരാജാവ് താൻ ഒറ്റയ്ക്കുനിന്നാൽ ഇത് അസാദ്ധ്യമാണെന്നു കണ്ട് "തന്റെ പഴയ സഖിയും സുഹൃത്തുമായ" ഇംഗ്ലീഷുകാരിൽ വിശ്വാസമർപ്പിക്കുകയാണ് ചെയ്തതു്[19].

മറാത്തക്കാരുടെ ദ്രോഹപ്രവൃത്തികളിൽനിന്നും മോചിതനായ ടിപ്പുസുൽത്താൻ ഈ സമയത്തു് മലബാറിൽ കൂടുതൽ ശ്രദ്ധ ചെലുത്തുവാൻ തുടങ്ങി. മലബാറിൽ സമാധാനം നിലനിർത്തുന്നതിനുവേണ്ടി, രമ്യമായ രീതിയിലോ വേണ്ടിവന്നാൽ ശക്തിപ്രയോഗിച്ചോ തിരുവിതാംകൂറുമായുള്ള അഭിപ്രായവ്യത്യാസങ്ങൾ ഒതുക്കിത്തീർക്കേണ്ടതാവശ്യമാണെന്ന് അദ്ദേഹ

---

13. എൽ. 62, സീരീസ് 1, നമ്പർ 31, പേജ് 2760, നവംബർ 11, 1782.
14. ടി. നമ്പർ 32, പേജ് 2761.
15. മിലിട്ടറി കൺസൾട്ടേഷൻ, ജനുവരി 1, 1790, പൗണി ഹോളണ്ടിന്, ഡിസംബർ 18, 1789, വാല്യം 133/എ, പേജ് 5.
16. പി. ആർ. സി., നമ്പർ 52, പേജ് 49–50.
17. ഫോറിൻ (പൊളിറ്റിക്കൽ) സീക്രട്ട് പ്രൊസീഡിംഗ്സ്, നമ്പർ 96/എ, ഭാഗം 2, പേജ് 2555–2562.
18. മിലിട്ടറി കൺസൾട്ടേഷൻ കറസ്പോണ്ടൻസ്, വാല്യം 38, നമ്പർ 59, 10–6–1789, രാജാവ് ഹോളണ്ടിന്.
19. ഫോറിൻ പൊളി. സീക്രട്ട്. പ്രൊസീ, നമ്പർ 96 എ, പേജ്, 2765–66.

തന്നിൽ ബോദ്ധ്യപ്പെട്ടു. സമാധാനപരമായി എല്ലാം അഭിപ്രായവ്യത്യാസങ്ങളും അവസാനിപ്പിക്കുവാൻ തിരുവിതാംകൂർ മഹാരാജാവിനെ പ്രേരിപ്പിക്കാൻവേണ്ടി കൊച്ചിരാജാവിനോടാവശ്യപ്പെടുകയും ഇതിനായി തന്റെ വക്കീലന്മാരെ നിയോഗിക്കുകയുമാണ് ടിപ്പു ഈയവസരത്തിൽ ചെയ്തത്[20]. വിലകൂടിയ ഏതാനും സമ്മാനങ്ങളുമായി ഒരെഴുത്തുംകൊടുത്ത് തന്റെ ദൂതന്മാരെ അദ്ദേഹം രാമവർമ്മ രാജാവിന്റെ അടുക്കലേയ്ക്ക് അയയ്ക്കുകയുമുണ്ടായി[21].

പള്ളിപ്പുറം (അയ്ക്കോട്ട), കൊടുങ്ങല്ലൂർകോട്ടകൾ തിരുവിതാംകൂർ മഹാരാജാവ് വാങ്ങുന്നതിന് ഒന്നരമാസം മുൻപാണ്, അതായത് 1789 ജൂൺ മാസത്തിലാണ്, മേൽപ്പറഞ്ഞ കത്ത് അയച്ചത്. എന്നാൽ, കമ്പനിയുടെ പ്രതിനിധിയായ ബെന്നർമാന്റെ സാന്നിദ്ധ്യത്തിലാണ് ഈ കത്ത് വായിച്ചതും അദ്ദേഹവുമായി ആലോചിച്ചശേഷമാണ് അതിന് മറുപടി അയച്ചതും. ഇംഗ്ലീഷ് ഗവൺമെന്റിന്റെ അംഗീകാരമില്ലാതെ താനൊരു പ്രവൃത്തിയും ചെയ്യാറില്ലെന്ന് മറുപടിയിൽ മഹാരാജാവ് പറഞ്ഞിട്ടുണ്ട്[22]. അതിനാൽ, തുടർന്നുണ്ടായ സംഭവവികാസങ്ങൾക്കും തുറന്ന സംഘട്ടനങ്ങൾക്കും കാരണമായി ഭവിച്ചത് ഇംഗ്ലീഷുകാരുടെ സ്വാർത്ഥ താൽപര്യപ്രേരിതമായ കത്തിത്തിരിപ്പുകളായിരുന്നുവെന്നും, രാജാവിന്റെ വൈരനിര്യാതന പ്രവർത്തനങ്ങൾക്ക് പ്രേരണ നൽകിയതും താങ്ങുംതണലുമായി നിന്നതും ഇംഗ്ലീഷുകാരായിരുന്നുവെന്നും വ്യക്തമാകുന്നുണ്ട്. താഴെ വിവരിക്കുന്ന സംഗതികളുടെ വെളിച്ചത്തിൽ ഇക്കാര്യം കൂടുതൽ വ്യക്തമാകുന്നതാണ്.

ഇതിനുശേഷം തിരുവിതാംകൂർ മഹാരാജാവ് ഗവർണർജനറലിനും മദ്രാസ് ഗവർണർക്കും എഴുതിയ കത്തുകളിൽ, ഡച്ചുകാരിൽനിന്നും കോട്ട വാങ്ങിയത് ഇംഗ്ലീഷുകാരുമായി കൂടിയാലോചിച്ചതിനുശേഷം അവരുടെ അറിവോടുകൂടിത്തന്നെയായിരുന്നുവെന്ന് പറഞ്ഞിട്ടുണ്ട്[23]. നീതീകരിക്കാൻ വയ്യാത്ത ഈ ഇടപാടുകളിൽ രാജാവുമായി പങ്ക് ചേർന്നതിന് കോൺവാലീസ് റസിഡന്റായ പൗണിയെ ആക്ഷേപിക്കുകയുമുണ്ടായി[24]. ഡച്ചുകാർ ഈ സ്ഥലം പോർച്ചുഗീസുകാരിൽനിന്നും പിടിച്ചെടുത്തതാണെന്നും

---

20. ടി. തലശ്ശേരി തലവൻ ഹോളണ്ടിന്, 2–9–1789, പേജ് 2393.
21. മതിലകം രേഖകൾ, ചുരുണ, 1308, പേജ് 75.
22. പി. ആർ. സി., വാല്യം 2, നമ്പർ 52, പേജ് 49.
23. ഫോറിൻ പൊളിറ്റിക്കൽ പ്രൊസീഡിങ്സ്, നമ്പർ 96 എ, പേജ് 2751–55.
24. സി. കോൺവാലീസ് പൗണിക്ക്, 15–12–1789, പേജ് 2882.

അവർ കൊച്ചിരാജാവിൽനിന്നും സ്വതന്ത്രമായിട്ടാണ് ഈ സ്ഥലങ്ങളുടെ ഭരണം നടത്തിയിരുന്നതെന്നായിരുന്നു പൗണിയുടെ ന്യായവാദം. "ഡച്ചുകാർ കൊച്ചിയുടെ ആശ്രിതന്മാരായിരിക്കെ അവർക്കെങ്ങനെ കൊച്ചിയെ ആക്രമിക്കാൻ കഴിയുമെന്നാണ് ഞാൻ അത്ഭുതപ്പെടുന്നതെ"ന്ന് പൗണി ഗവർണർ ഹോളണ്ടിനെഴുതിയിട്ടുണ്ട്[25]. ഈ കാര്യത്തിന്റെ പേരിൽ ടിപ്പു മഹാരാജാവിനോട് യുദ്ധത്തിനൊരുങ്ങുകയാണെങ്കിൽ അതിൽനിന്നും അദ്ദേഹത്തെ പിന്തിരിപ്പിക്കാൻവേണ്ടി തന്നാൽ കഴിവതെല്ലാം താൻ ചെയ്യുമെന്ന് പറഞ്ഞുകൊണ്ടാണ് പൗണി ഈ കത്ത് അവസാനിപ്പിച്ചിരിക്കുന്നത്[26].

ഈ കാര്യത്തിൽ ടിപ്പുവിന്റെ നിലപാടെന്തായിരുന്നു എന്നുകൂടി പരിശോധിക്കാം. കൊച്ചിരാജാവ് കൊടുത്ത ഒരു തീട്ടൂരത്തിന്റെ ബലത്തിലാണ് കൊടുങ്ങല്ലൂർകോട്ടയും അഴിക്കോട്ടയും ഡച്ചുകാർ കൈവശം വച്ചിരിക്കുന്നതെന്നും അതുകൊണ്ട് അവർക്കതു വിൽക്കാനവകാശമില്ലെന്നും ടിപ്പു വാദിച്ചു. ഈ കോട്ടകൾ കൊച്ചിയുടെ പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്നതുകൊണ്ടും ഈ സ്ഥലങ്ങളുടെ ആധാരങ്ങൾ കൊച്ചിരാജാവിന്റെ കൈവശത്തിലായതുകൊണ്ടും ആ സ്ഥലങ്ങൾ കൊച്ചിക്കു വിട്ടുകൊടുക്കേണ്ടതാണ്. അതല്ല, കൊച്ചിക്ക് ആ സ്ഥലം വേണ്ടെന്നാണെങ്കിൽ 'പ്രീ–എംഷൻ' അവകാശത്തിന്റെ പേരിൽ കൊച്ചിയുടെ അധീശാധികാരിയായ തനിക്കാണ് ആ സ്ഥലം ലഭിക്കേണ്ടതെന്നായിരുന്നു ടിപ്പുവിന്റെ വാദം. നേരെമറിച്ച് തിരുവിതാംകൂറിന്റെ വാദം ഈ സ്ഥലങ്ങൾ പോർച്ചുഗീസുകാരിൽ നിന്നും ഡച്ചുകാർ പിടിച്ചെടുത്തതാണെന്നും അതിനാൽ കൊച്ചിരാജാവിനവയിൽ യാതൊരവകാശവുമില്ലെന്നാണ്. അതുകൊണ്ട് ഡച്ചുകാർക്ക് വില്പന നടത്തുവാൻ പൂർണ്ണ അവകാശവുമുണ്ട്[27].

തിരുവിതാംകൂർ രാജാവ് ഈ കോട്ടകൾ വാങ്ങുന്നതിൽ ശക്തമായ എതിർപ്പുണ്ടായിരുന്ന ഹോളണ്ടിന് രാഷ്ട്രീയം കളിക്കുന്ന കമ്പനി അധികാരികളുടെ നീരസത്തിനു പാത്രമാകേണ്ടിവന്നു. ഡച്ചുകാരോട് വാങ്ങിയ സ്ഥലങ്ങൾ അവർക്കു തിരിച്ചുനൽകണമെന്ന് താൻ രാജാവിനോടാവശ്യപ്പെട്ടിട്ടുണ്ടെന്ന കാര്യം ഹോളണ്ട് കോൺവാലീസിനെയുമറിയിക്കുകയുണ്ടായി. "അഴിക്കോട്ടയും കൊടുങ്ങല്ലൂർക്കോട്ടയും കൈവശപ്പെടുത്താനായി ഒരു സൈന്യത്തെ അയക്കേണ്ടിവരുന്ന നഷ്ടം ടിപ്പു സഹിക്കണെ

25. ടി. പൗണി ഹോളണ്ടിന്.
26. ടി. പേജ് 2766.
27. ഈ കാര്യത്തെക്കുറിച്ചുള്ള വിശദവിവരത്തിന് മൊഹിബുൾ ഹസ്സൻ എഴുതിയിട്ടുള്ള 'ടിപ്പുസുൽത്താന്റെ ചരിത്രം' നോക്കുക, പേജ് 151–169.

മെന്നാണോ അങ്ങയുടെ അഭിപ്രായം'' എന്ന വ്യക്തമാക്കണമെന്നുകൂടി ഹോളണ്ട് ആവശ്യപ്പെട്ടിരുന്നു[28]. അവസാനം ഗവർണർജനറൽ ഹോളണ്ടിനെ തൽസ്ഥാനത്തുനിന്ന നീക്കി[29]. ടിപ്പുവിൻെറ ബദ്ധവൈരിയായ[30] ജനറൽ മെഡോസിനെ ഗവർണറായി നിയമിക്കുകയാണ് ചെയ്തത്. ''കമ്പനി രൂപംകൊടുക്കുന്ന നയപരമായ കാര്യങ്ങളിൽ വിധി പ്രസ്താവിക്കുകയെന്നത് നിങ്ങളുടെ ചുമതലയല്ലെന്നു''[31] പറഞ്ഞുകൊണ്ട് ഹോളണ്ടിൻെറ മേൽ ചുമത്തപ്പെട്ട കുററങ്ങൾക്ക് അദ്ദേഹത്തോട് വിശദീകരണമാവശ്യപ്പെടുകയു മുണ്ടായി. അതുകൊണ്ട് ഇംഗ്ലീഷുകാരുടെ പ്രേരണയും പ്രോൽസാഹനവും കൊണ്ടും, സംഘട്ടനമുണ്ടാകുകയാണെങ്കിൽ സഹായിക്കാമെന്ന് ഉറപ്പ നൽകിയതുകൊണ്ടുമാണ് ഈ സ്ഥലങ്ങൾ വാങ്ങുവാൻ തിരുവിതാംകൂർ മഹാരാജാവ് തയ്യാറായതെന്ന് സ്പഷ്ടമാകുന്നുണ്ട്. ഇവിടെ 1789 നവംബർ 13–ലെ[32] കൗൺസിൽ നടപടികളുടെ തത്വത്തിൽ ഉറച്ചുനിന്നത് മദ്രാസ് ഗവർണറായ ഹോളണ്ട മാത്രമാണ്. ഈ അഭിപ്രായസ്ഥിരത അദ്ദേഹത്തെ കുഴപ്പത്തിലാക്കുകയും ചെയ്തു.

ടിപ്പുസുൽത്താനാകട്ടെ കമ്പനിയുടെ സ്വാധീനവും സൗഹൃദവും ഉപയോഗിച്ച് നീതിചെയ്യുവാൻ ഇംഗ്ലീഷുകാർ തുനിയുമെന്നാണ് വിശ്വസിച്ചത്. അങ്ങനെയാണ് അദ്ദേഹത്തിന് വിവരം ലഭിച്ചിരുന്നതും. അതുകൊണ്ട് കമ്പനിയുടെ മധ്യസ്ഥതയിൽ മഹാരാജാവുമായി രമ്യമായ ഒത്തുതീർപ്പിന് തുടർന്നും ശ്രമിക്കുവാൻ അദ്ദേഹം ഒരുങ്ങുകയുണ്ടായി. മൈസൂറിൻേറതായ കൊടുങ്ങല്ലൂർകോട്ടയിൽനിന്നും രാജാവിൻെറ ആളുകളെ നീക്കം ചെയ്യുവാൻ അദ്ദേഹത്തോടാവശ്യപ്പെടുവാനായി ടിപ്പു ഹോളണ്ടിനെഴുതി[33]. തൻെറ നാട്ടിലെ കലാപകാരികൾക്ക് രാജാവ് സംരക്ഷണം കൊടുക്കുകയും, അവരെ സംഘട്ടനത്തിന പ്രേരിപ്പിക്കുകയും ചെയ്യുന്നതായി ഇതേ എഴുത്തിൽത്തന്നെ അദ്ദേഹം പറഞ്ഞിട്ടുണ്ട്. ''തൽഫലമായി കോഴിക്കോട് മുഴുവനും മററു നാടുകളും തരിശായിട്ട് നശിപ്പിക്കപ്പെടുകയാണ്''[34]. 1789 ഒക്ടോബർ

---

28. ടി. 96 എ, സീക്രട്ട് പ്രൊസീഡിങ്സ്, മേയ് 5, ജൂലൈ 2, 1790, നവംബർ 11, 1789, പേജ് 2567.
29. പി. ആർ. സി., വാല്യം 3, നമ്പർ 92, പേജ് 105.
30. മൊഹിബ്ബുൾ എഹസ്സൻഖാൻ, പേജ് 164.
31. ജെ.മിൽ, ബ്രിട്ടീഷ് ഇന്ത്യയുടെ ചരിത്രം, വാല്യം 5, പേജ് 343.
32. ഫോറിൻ പൊളിററിക്കൽ സീക്രട്ട് പ്രൊസീഡിങ്സ്, നവംബർ 13, 1789, പേജ് 2588–90.
33. ഫോറിൻ പൊളിററിക്കൽ സീക്രട്ട് പ്രൊസീഡിങ്സ്, നമ്പർ 96എ, ഡിസംബർ 1789, ഭാഗം 2, പേജ് 2901.
34. ഷി. പേജ് 2902.

30–ാം തീയതിയാണ് ഈ എഴുത്ത് അയച്ചിരിക്കുന്നത്. അതേ വർഷം നവംബർ 11–ാം തീയതി ടിപ്പു ഹോളണ്ടിനയച്ച ഒരു കത്തിൽ താഴെപ്പറയുന്ന ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. 1. തിരുവിതാംകൂർ മഹാരാജാവ് അഭയം നൽകിയിട്ടുള്ള രാജാക്കന്മാരെയും മററു തലവന്മാരെയും വിട്ടുകൊടുക്കുക. 2. കൊടുങ്ങല്ലൂർകോട്ട ഒഴിഞ്ഞുകൊടുക്കുകയും കൊച്ചിപ്രദേശത്തുകൂടി കടന്നുപോകുന്ന നെടുംകോട്ടയുടെ ഭാഗങ്ങൾ പൊളിച്ചുനീക്കുകയും ചെയ്യുക[35].

1789 ഒക്ടോബർ 19–ാം തീയതി ഹോളണ്ട് ടിപ്പുവിനയച്ച ഒരു കത്തിൽ കൊടുത്തിരുന്ന ഉറപ്പിൻെറ ബലത്തിലാണ് അദ്ദേഹം ഇത്തരം ആവശ്യങ്ങൾ ഉന്നയിച്ചത്. കൊടുങ്ങല്ലൂരും അഴീക്കോട്ടയും ഡച്ചുകാരിൽനിന്നു വാങ്ങുവാനുള്ള മഹാരാജാവിൻെറ നടപടികൾ താൻ അംഗീകരിക്കുന്നില്ലെന്നും, ഇക്കാര്യത്തെക്കുറിച്ച് വ്യക്തമായ ഒരന്വേഷണത്തിന് താൻ ഉത്തരവിട്ടിട്ടുണ്ടെന്നും, ടിപ്പുസുൽത്താൻെറ എഴുത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരമാണ് ഡച്ചുകാർ ഈ സ്ഥലം കൈവശപ്പെടുത്തിയതെന്ന് തെളിയുകയാണെങ്കിൽ അത് ശരിയായ ഉടമസ്ഥന്മാർക്ക് മടക്കിക്കൊടുക്കുവാൻ താൻ ഉത്തരവിടുമെന്നുമാണ് ഹോളണ്ട് തൻെറ എഴുത്തിൽ ഉറപ്പുകൊടുത്തിരുന്നത്[36]. ''താങ്കളുമായിട്ടുണ്ടാക്കിയിട്ടുള്ള ഒത്തുതീർപ്പുകൾ പാലിക്കുവാനുള്ള എൻെറ സന്നദ്ധതയും ബഹുമാനപ്പെട്ട കമ്പനിയും അങ്ങയുടെ ഗവൺമെൻറുമായി നിലവിലുള്ള സൗഹൃദബന്ധം നിലനിർത്തുവാൻവേണ്ടി കഴിവതെല്ലാം ചെയ്യുവാനുള്ള എൻെറ ആഗ്രഹവും ഇതിൽനിന്ന് വ്യക്തമാകുമല്ലൊ'' എന്നുകൂടി ഹോളണ്ട് എഴുതിയിരുന്നു[37].

ഈ സ്ഥലങ്ങളുടെ പരമാധികാരം പോർച്ചുഗീസുകാരിൽനിന്നും ഡച്ചുകാർക്ക് ലഭിച്ചതാണെന്നും തൻെറ നാടിൻെറ സുരക്ഷിതത്വത്തിന് ഈ സ്ഥലങ്ങൾ അത്യാവശ്യമാണെന്നും രാമവർമ്മ മഹാരാജാവ് ഹോളണ്ടിനെഴുതിയശേഷമാണ് മേൽപ്പറഞ്ഞ എഴുത്ത് ഹോളണ്ട് എഴുതുകയുണ്ടായിട്ടുള്ളത്[38]. 1789 നവംബർ 4–ാം തീയതി ഹോളണ്ട് ഗവർണർ ജനറലിന് അയച്ച ഒരു കത്തിൽ, തിരുവിതാംകൂർ ഈ കോട്ടകൾ വാങ്ങുന്നതു സംബന്ധിച്ച് താനെടുക്കാനുദ്ദേശിക്കുന്ന നടപടികൾ അദ്ദേഹത്തെ അറിയിക്കുകയും ഡച്ചുകാരിൽനിന്നു വാങ്ങിയ സ്ഥലം അവർക്കുതന്നെ മടക്കിക്കൊടുക്കുവാൻ താനുപദേശിച്ചിട്ടുണ്ടെന്ന് വിശദമാക്കുകയും ചെയ്തിരുന്നു[39]. എന്നാൽ രാജാവിൻെറ

---

35. ടി. ഡിസംബർ, 1789, പേജ് 2877.
36. ടി. ഹോളണ്ട് ടിപ്പുവിന്, പേജ് 2571.
37. ടി.
38. ഫോറിൻ പൊളിററിക്കൽ സീക്രട്ട് പ്രൊസീഡിംഗ്സ്, നമ്പർ 96 എ, ഡിസംബർ 1789, ഭാഗം 2, രാജാവ് ഹോളണ്ടിന്, പേജ് 2555–62.
39. ടി. ഹോളണ്ട് ഗവർണർ ജനറലിന്, പേജ് 2554.

മന്ത്രിയെ താൻ സന്ദർശിച്ചതിനെക്കുറിച്ചുള്ള നീണ്ട ഒരു റിപ്പോർട്ട് പൗണി ഗവർണർ ജനറലിന് അയയ്ക്കുകയുണ്ടായി. മന്ത്രിയുടെ വാദത്തിന്റെ രത്നച്ചുരുക്കം "ഈ സ്ഥലങ്ങൾ തിരുവിതാംകൂറിന്റെ സമാധാനത്തിന് അത്യന്താപേക്ഷിതമാണ്'" എന്നതാണെന്നും പൗണി അറിയിച്ചിരുന്നു[40]. ടിപ്പുസുൽത്താന്റെ വക്കീലന്മാർ കൊച്ചിരാജാവിന്റെ സഹായത്തോടെ ഡച്ചുകാരുമായി നടത്തിയ സംഭാഷണത്തിന്റെ വിവരങ്ങളും പൗണി വിവരിക്കുന്നുണ്ട്. കൊച്ചിയുടെ വകയായ കോട്ടകൾ വിൽക്കുകയോ, ചുരുങ്ങിയത് കൊടുങ്ങല്ലൂർ കോട്ടയും അഴിക്കോട്ടയും വിൽക്കുന്നത് തടയുകയോ, ചെയ്യണമെന്നായിരുന്നു ടിപ്പുവിന്റെ ആവശ്യം. ഇതിന് ഇരട്ടിവില നൽകുവാനും അദ്ദേഹം തയ്യാറായിരുന്നു[41]. എന്നാൽ, ഈ സ്ഥലങ്ങൾ തിരുവിതാംകൂറിന്റെ സുരക്ഷിതത്വത്തിന് ആവശ്യമാണെന്ന പേരിലായിരുന്നു പൗണി മഹാരാജാവിവോട് അനുകൂലിച്ചത്[42]. എന്നാൽ ഇത് 1789 നവംബർ 13–ലെ കൗൺസിൽ നടപടികളിൽ നിർദ്ദേശിച്ചിരുന്ന തത്വങ്ങൾക്ക് തികച്ചും വിരുദ്ധമായിരുന്നു. അതിൽ ഇപ്രകാരം പറയുന്നു: "തിരുവിതാംകൂർ രാജാവിന്റെ അതിർത്തികളുടെ സംരക്ഷണത്തിന് നിർദിഷ്ടമായ സ്ഥലങ്ങൾ എത്രയൊക്കെ പ്രാധാന്യമുള്ളവയാണെങ്കിലും ഒരു യുദ്ധത്തിന്റെ പരിണിതഫലങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ അതിനെ പിൻതാങ്ങാനാകുകയില്ല[43]. ഈ പ്രശ്നത്തെക്കുറിച്ച് ന്യായമായ ഒരു തീരുമാനം കൈക്കൊള്ളുവാൻ ബോർഡിന്റെ മുൻപിലുള്ള രേഖകൾ അപര്യാപ്തങ്ങളാണെന്നും ഈ നടപടിക്രമങ്ങളിൽ പറയുന്നു. അതുകൊണ്ട് രണ്ട് കക്ഷികളുടേയും അവകാശവാദങ്ങൾ പരിശോധിക്കുവാനായി കമ്മിഷണർമാരെ നിയമിക്കണമെന്നും ഈ കമ്മിഷണർമാർ താഴെ പറയുന്ന തത്വങ്ങൾക്ക് വിധേയമായി പ്രശ്നം പരിഹരിക്കണമെന്നുമാണ് കൗൺസിൽ നിർദ്ദേശിച്ചത്. 1. അഴിക്കോട്ടയും കൊടുങ്ങല്ലൂരും ആദ്യം പോർച്ചുഗീസ്സുകാരുടെ കൈയ്യിലായിരുന്നെന്നും അവ പിന്നീട് ഡച്ചുകാർക്ക് കൈമാറുകയാണുണ്ടായതെന്നും ഈ സ്ഥലങ്ങളുടെ മേൽ രണ്ടാമതു പറഞ്ഞവർക്ക് സ്വതന്ത്രമായ കൈവശാവകാശം ഉണ്ടായിരുന്നെന്നും ടിപ്പുസുൽത്താന്റെ സാമന്തനായ കൊച്ചിയോട് അവർക്ക് ഇക്കാര്യത്തിൽ യാതൊരു കടപ്പാടും ഇല്ലായിരുന്നെന്നും തെളിയുകയാണെങ്കിൽ ഡച്ചുകാർ ആ സ്ഥലം തിരുവിതാംകൂറിന് വിററതു് ന്യായീകരിക്കാവുന്നതും അദ്ദേഹത്തിന് അവ കൈവശം വയ്ക്കാവുന്നതുമാണ്[44]. 2. നേരെമറിച്ച്

---

40. ടി. പൗണി ഗവർണർ ജനറലിന്, പേജ് 2751–'55.
41. ടി.
42. ടി.
43. ടി. കൗൺസിൽ പ്രൊസീഡിങ്സ്, നവംബർ 13, 1789, പേജ് 2585.
44. ടി. കൗൺസിൽ പ്രൊസീഡിങ്സ്, നവംബർ 13, 1789, പേജ് 2589.

അഴിക്കോട്ടയുടെയും കൊടുങ്ങല്ലൂരിന്റെയും പേരിൽ ഡച്ചുകാർക്ക് സ്വാതന്ത്ര്യമായ കൈവശാവകാശം ഇല്ലെന്നും ആരംഭത്തിൽ ഈ സ്ഥലം കൊച്ചിയുടേതായിരുന്നുവെന്നും തെളിയുകയാണെങ്കിൽ ആ സ്ഥലം തന്റെ സാമന്തന്റേതാണെന്നുള്ള നിലയിൽ പരമാധികാരം ടിപ്പുവിനാണെന്ന് സമ്മതിക്കേണ്ടതും അത് കൈവശം വയ്ക്കുവാൻ അദ്ദേഹത്തെ അനുവദിക്കേണ്ടതുമാണെന്ന്[45]. ഇക്കാരണങ്ങളാൽ, തന്റെ അവകാശങ്ങളെ മാനിക്കുവാൻ ഇംഗ്ലീഷുകാർ തയ്യാറാകുമെന്നും അതിന്റെ പേരിൽ അവർ യുദ്ധത്തിനൊരുങ്ങുകയില്ലെന്നുമാണ് ടിപ്പുസുൽത്താൻ വിശ്വസിച്ചത്.

1789 ഒക്ടോബർ അവസാനം ടിപ്പു പാലക്കാട്ട് എത്തിച്ചേർന്നു. ടിപ്പുവിന്റെ നീക്കങ്ങളെക്കുറിച്ച് ഡിസംബർ 4–ാം തീയതി പൗണി കോൺവാലീസിന് എഴുതുകയുണ്ടായി. 'ടിപ്പുവിന്റെ ഉദ്ദേശ്യങ്ങൾ' എന്താണെന്ന് നിശ്ചയിക്കാൻ നിവൃത്തിയില്ലെങ്കിലും അദ്ദേഹം തലശ്ശേരി ആക്രമിക്കുമോയെന്നു താൻ ഭയപ്പെടുന്നതായി പൗണി ഈ എഴുത്തിൽ പറഞ്ഞിട്ടുണ്ട്[46]. ഒരുലക്ഷത്തോളം വരുന്ന ഒരു സൈന്യം തിരുവിതാംകൂർ രാജാവ് സംഘടിപ്പിച്ചിട്ടുണ്ടെന്നും "അതിൽ 8,000 പേർ നമ്മുടെ ശിപായിമാരെപ്പോലെ ആയുധങ്ങളും യൂണിഫോമും ഉള്ളവരാണെന്നും" എഴുത്തിൽ തുടർന്നു പറയുന്നു[47]. ഡിസംബർ 14–ാം തീയതി ടിപ്പു നെടുങ്കോട്ടയുടെ 25 മൈലകലെ എത്തിച്ചേരുകയും[48] പിറേറദിവസം തന്നെ വ്യക്തമായ ചില ആവശ്യങ്ങളുന്നയിച്ചുകൊണ്ട് തന്റെ ദൂതനെ മഹാരാജാവിന്റെ അടുത്തേയ്ക്ക് അയക്കുകയും ചെയ്തു[49] 1789 ഡിസംബർ 20–ാം തീയതി തിരുവിതാംകൂറിലെ റസിഡണ്ടായിരുന്ന പൗണി തലശ്ശേരി തലവനായിരുന്ന മേജർ അലക്സാണ്ടർ ഡോവിന് എഴുതിയ ഒരു കത്തിൽ ടിപ്പുസുൽത്താൻ ഉന്നയിച്ച ആവശ്യങ്ങളെക്കുറിച്ചും അതേപ്പററിയുള്ള രാജാവിന്റെ പ്രതികരണങ്ങളെക്കുറിച്ചും പ്രതിപാദിച്ചിട്ടുണ്ട്[50]. തന്റെ അവകാശം ബലംപ്രയോഗിച്ച് തന്നെ സ്ഥാപിക്കുവാൻ ടിപ്പു ശ്രമിക്കുന്നതായി ഊഹിക്കേണ്ടിയിരിക്കുന്നു എന്നാണ് പൗണി പറയുന്നത്. സൈന്യം നെടുങ്കോട്ടയ്ക്ക് 10 മൈൽ അടുത്തുവരെ വന്നിട്ടുണ്ടെന്നും, പത്തു തോക്കുകളും 4,000 വരുന്ന ഒരു മുൻനിര

45. ടി. പേജ് 2590.
46. ടി. ഡിസംബർ 1789, പൗണി ഗവർണർ ജനറലിന്, നമ്പർ 46 എ, ഭാഗം 2, പേജ് 2881.
47. ടി. പേജ് 2882.
48. സീക്രട്ട് കൺസൾട്ടേഷൻ, നമ്പർ 10, ജനുവരി 27, 1790.
49. ടി. നമ്പർ 1–4, ജനുവരി 27, 1790.
50. പി. ആർ. സി., വാല്യം 3, നമ്പർ 52, പേജ് 49, പൗണി ഡോവിന്, ഡിസംബർ 20, 1790.

സൈന്യവുമായി ടിപ്പു കോട്ടയ്ക്കു നാലു മൈൽ അടുത്തുവരെയെത്തിയിട്ടുണ്ടെന്നും അതുകൊണ്ട് കോട്ട ഏതുസമയവും ആക്രമിക്കപ്പെട്ടേയ്ക്കാമെന്നും പറഞ്ഞു കൊണ്ടാണ് പൗണി ഈ എഴുത്ത് ഉപസംഹരിച്ചിരിക്കുന്നത്[51]. അഭയം കൊടുത്തിരിക്കുന്ന കലാപകാരികളെ തിരിച്ചയയ്ക്കണമെന്ന ആവശ്യം അനുവദിക്കുവാൻ മഹാരാജാവ് തയ്യാറായില്ല. ഇത്തരമൊരാവശ്യം ടിപ്പു ഇതിനു മുൻപ് ഒരിക്കലും ഉന്നയിക്കുകയുണ്ടായിട്ടില്ലെന്നും, ചിറക്കൽ, കോഴിക്കോട്, കടത്തനാട് എന്നിവിടങ്ങളിലെ ഭരണാധികാരികൾ തന്റെ ബന്ധുക്കളായതു കൊണ്ടാണ് താനവർക്ക് അഭയം നൽകിയതെന്നും മഹാരാജാവ് തന്റെ മറുപടിയിൽ പറഞ്ഞിട്ടുണ്ട്[52].

മലബാറിൽനിന്നും ഓടിപ്പോയ രാജാക്കന്മാർക്കും മറ്റു കലാപകാരികൾക്കും തിരുവിതാംകൂർ രാജാവ് അഭയം നൽകുന്നുവെന്നത് ഹൈദരാലിയുടെ കാലം മുതൽ നിരന്തരം ഉന്നയിക്കപ്പെട്ടിരുന്ന ഒരു ആക്ഷേപമാണ്. അതുകൊണ്ട് മഹാരാജാവിന്റെ എഴുത്തിലെ ആദ്യഭാഗം വസ്തുതകൾക്ക് നിരക്കുന്നതായിരുന്നില്ല.

ഈ കത്തു കിട്ടിയ ഉടനെ ടിപ്പുസുൽത്താൻ നെടുങ്കോട്ടയുടെ അടുത്തേക്ക് നീങ്ങുകയും നാലുമൈൽ അകലെ താവളമടിക്കുകയും ചെയ്തു ഡിസംബർ 24–ാം തീയതിയായിരുന്നു അത്[53]. നെടുങ്കോട്ട ആക്രമിക്കാൻ നിശ്ചയിച്ചുറച്ചുകൊണ്ടല്ല സുൽത്താൻ വന്നതെന്നു ധരിക്കേണ്ടിയിരിക്കുന്നു. എങ്കിൽ, അദ്ദേഹത്തിന്റെ നീക്കം ഇത്ര സാവധാനമാകുമായിരുന്നില്ല. കഴിയുമെങ്കിൽ ഒരു യുദ്ധം ഒഴിവാക്കണമെന്നതുകൊണ്ടും "യുദ്ധത്തിന് തയ്യാറായി വന്നിട്ടില്ലാതിരുന്നതുകൊണ്ടും"[54], രാജാവിന്റെ നീക്കങ്ങൾക്ക് ബ്രിട്ടീഷുകാർ തികച്ചും എതിരായിരുന്നതുകൊണ്ടും ഒരു സൈന്യവുമായി താൻ വന്നാൽ ഒത്തുതീർപ്പിന് മഹാരാജാവ് തയ്യാറാകുമെന്നാണ് ടിപ്പു ധരിച്ചത്. പക്ഷേ, പ്രതീക്ഷകൾക്ക് തികച്ചും വിരുദ്ധമായ രീതിയിലാണ് അനന്തര സംഭവവികാസങ്ങൾ രൂപംകൊണ്ടത്. ഇംഗ്ലീഷുകാരുമായുള്ള ചർച്ചകളും സൈനികഒരുക്കങ്ങളും പൂർത്തിയായിക്കഴിഞ്ഞിരുന്നതിനാൽ ഇംഗ്ലീഷുകാരുടെ സഹായത്തെക്കുറിച്ച് തിരുവിതാംകൂർ മഹാരാജാവിന് ഉറപ്പുണ്ടായിരുന്നു. അതുകൊണ്ട് ടിപ്പുവിന്റെ നീക്കങ്ങളെ രാജാവ് ഗൗനിച്ചില്ലെന്നു മാത്രമല്ല ഒരു സംഘട്ടനത്തെ നേരിടുവാൻ അദ്ദേഹം സദാ സന്നദ്ധനുമായിരുന്നു.

ഇതിനിടെ, ഡിസംബർ 29–ാം തീയതി രാത്രിയിൽ കാടുവെട്ടിത്തെളിച്ചുകൊണ്ടിരുന്ന മൈസൂർ സൈന്യവും തിരുവിതാംകൂർ സൈന്യവും തമ്മിൽ ഒരു ഏറ്റുമുട്ടൽ നടക്കുകയുണ്ടായി. കാര്യമായ കാരണങ്ങളൊന്നു

51. ടി. പേജ് 50.
52. മിലിട്ടറി കൺ., ജനുവരി 1, 1790, വാല്യം 133 എ
53. സീക്രട്ട് കൺസൾട്ടേഷൻ, നമ്പർ 10, 27–1–1790.
54. വിൽക്സ്, ഹിസ്റ്റോറിക്കൽ സ്കെച്ചസ്, വാല്യം 2, പേജ് 373

മില്ലാതെ നടന്ന ഒരു സംഘട്ടനമായിരുന്നു അതു്. സംഘട്ടനത്തിൽ തിരുവിതാംകൂർ സൈന്യം പരാജയപ്പെട്ടു് പിൻതിരിയുകയും കോട്ടയുടെ ഒരു ഭാഗം മൈസൂർ അധീനത്തിലാകുകയും ചെയ്തു[55]. 1789 ഡിസംബർ 29—ാം തീയതി സംഘട്ടനം നടന്നതിനടുത്തുള്ള പറവൂരിൽനിന്നും പൗണി, അലക്സാണ്ടർ ഡോവിനെഴുതിയ ഒരു കത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: "ഇന്നു രാവിലെ രാജാവിൻെറ കോട്ടയുടെ മൂന്നു ഭാഗങ്ങളിൽ ടിപ്പു ആക്രമിക്കുകയുണ്ടായി. അതവർ ഉടൻ കൈയ്യടക്കുമെന്നു തോന്നുന്നു. നമ്മുടെ ചെറിയ സൈന്യവുമായി കഴിയുന്നതെല്ലാം നാം ചെയ്യേണ്ടിയിരിക്കുന്നു. എന്നാൽ പോഷകസൈന്യമില്ലാതെ നമുക്കു് കാര്യമായൊന്നും ചെയ്യാൻ പററുമെന്നു തോന്നുന്നില്ല"[56]. തലേ ദിവസത്തെ വിജയലഹരിയിൽ, കോട്ട ആക്രമിച്ചു തന്നെ കീഴടക്കാമെന്നു മൈസൂർസേന കരുതിയതായി പൗണിയുടെ രഹസ്യറിപ്പോർട്ടുകളിൽനിന്നു മനസ്സിലാക്കാം. എന്നാൽ, മൈസൂർ സൈന്യത്താൽ പിന്തുടരപ്പെട്ടുവന്ന തിരുവിതാംകൂർ സേന സൗകര്യപ്രദമായ ഒരു സ്ഥലത്തെത്തിയപ്പോൾ, "അവർക്കു് രാജാവയച്ച പോഷകസേനയുടെ സഹായം ലഭിക്കുകയും ഇടതും വലതുമായി ഇരുഭാഗങ്ങളിൽ കൂടിവന്ന ഈ സേനകളുടെ വെടിയുണ്ടകൾക്കിടയിൽപ്പെട്ട മൈസൂർസേന വലിയ ആൾനാശത്തിനിരയായി പുറന്തള്ളപ്പെടുകയും ചെയ്തു[57]. ഈ അതിർത്തി സംഘട്ടനം അമിതപ്രാധാന്യം നൽകിയാണു് നമ്മുടെ ചരിത്രകാരന്മാർ ചിത്രീകരിച്ചിട്ടുള്ളതു്. 15,000—ത്തോളം വരുന്ന മൈസൂർ സൈന്യത്തിൽ 20 പേർ മാത്രമാണു് ഈ കഥ പറയുവാൻവേണ്ടിയെന്നോണം രക്ഷപ്പെട്ടു തിരിച്ചെത്തിയതെന്നു് വിൽക്സ് പറയുന്നു[58]. ഈ സംഭവത്തെക്കുറിച്ചുള്ള രാജാവിൻെറ റിപ്പോർട്ടു് അടിസ്ഥാനമാക്കിയാണു് വിൽക്സ് ഈ വിധം പറഞ്ഞിട്ടുള്ളതു്. മൈസൂർ സൈന്യത്തിൻെറ എണ്ണം 15,000 ആയിരുന്നെന്നു് മഹാരാജാവു് പറയുന്നുണ്ടെങ്കിലും ഇതിൽ എത്രപേർ കൊല്ലപ്പെട്ടുവെന്നു് വെളിപ്പെടുത്തുന്നില്ല. ഈ സംഖ്യ ഏതായാലും ശരിയല്ലെന്നുള്ളതു് ഇനി പറയുന്ന കാര്യങ്ങളിൽനിന്നും മനസ്സിലാക്കാവുന്നതേയുള്ളു. രണ്ടു സൈന്യങ്ങളും തമ്മിൽ കാര്യമായ ഒരേററുമുട്ടലുണ്ടായപ്പോൾ ശത്രുവിനെ നേരിടാൻ "കുതിരകളെ ഉപയോഗിക്കാതെയുള്ള 6,000 (കുതിര) പടയാളികളെ"[59] മാത്രമേ ടിപ്പു നിയോഗിക്കുകയുണ്ടാ

55. പൊളിററിക്കൽ പ്രൊസീഡിങ്സ്, 10—2—1790, ടിപ്പു ഹോളണ്ടിനു്, ജനുവരി 1, കൺസൾട്ടേഷൻ, നമ്പർ 9.
56. പി. ആർ. സി., വാല്യം 3, നമ്പർ 54, പേജ് 51; പൗണി ഡോവിനു്
57. ഫോറിൻ (സീക്രട്ട്) പൊളിററിക്കൽ പ്രൊസീഡിങ്സ്, 10—2—1790 നമ്പർ 5, ജനുവരി 4, പൗണി ഹോളണ്ടിനു്.
58. വിൽക്സ്, വാല്യം 2, പേജ് 357—58.
59. പൊളിററിക്കൽ പ്രൊസീഡിങ്സ്, മേയ് 14, 1790; കൺസൾട്ടേഷൻ, നമ്പർ 11.

യുള്ള. ഇവർ പരിപൂർണ്ണ വിജയം നേടുകയും ചെയ്തു. അതുകൊണ്ട് മേൽ പ്പറഞ്ഞ സംഘട്ടനത്തിൽ 15,000 മൈസൂർ പടയാളികളുണ്ടായിരുന്നെങ്കിൽ അവരെ തുരത്തുവാൻ കഴിയുമായിരുന്നില്ല.

സംഭവസ്ഥലത്തിനടുത്തുണ്ടായിരുന്നയാളും ഈ സംഭവത്തിൽ സന്തോഷ വാനമായിരുന്ന പൗണി ഹോളണ്ടിനെഴുതിയിരിക്കുന്നതു് ഇപ്രകാരമാണ്: "രാജാവിന്റെ സേനയാൽ ടിപ്പുവിനു് പിൻതിരിയേണ്ടിവന്നു.............. കോട്ടയ്ക്കുത്തു് ആയിരത്തോളം പേർ കൊല്ലപ്പെട്ടുകിടപ്പുണ്ട്[60]. 1790 ജനു വരി രണ്ടാംതീയതി രാജാവു് ഹച്ചിൻസന്നു് ഇപ്രകാരമെഴുതിരിക്കുന്നു: "ഡിസംബർ 29—ാം തീയതി കുതിരപ്പടയും കാലാൾപ്പടയുമടക്കം 15,000 ത്തോളം വരുന്ന ടിപ്പുസുൽത്താന്റെ സൈന്യം കോട്ടയ്ക്കു് മുൻവശം പ്രത്യ ക്ഷപ്പെടുകയും നമ്മുടെ സൈന്യം അവരെ നേരിടുകയും ചെയ്തു. തുടർന്നു ണ്ടായ യുദ്ധത്തിൽ കുറെപ്പേർ കൊല്ലപ്പെടുകയും കുറെപ്പേർക്കു് മുറിവേൽ ക്കുകയും ബാക്കിയുള്ളവർ ഓടിപ്പോകുകയും ചെയ്തു. നമ്മുടെ ആളുകൾ ഇപ്പോൾ കിടങ്ങുകൾക്കകത്തു് സുരക്ഷിതരാണ്"[61]. മൈസൂർ സേനയുടെ നഷ്ടം വിൽക്സ് പറയുന്നതുപോലെ കനത്തതല്ലായിരുന്നുവെന്നു് പൗണിയു ടെയും രാജാവിന്റെയും മേൽപ്പറഞ്ഞ കത്തുകളിൽനിന്നും വ്യക്തമാകുന്നു ണ്ടല്ലൊ.

മാത്രവുമല്ല, ടിപ്പുസുൽത്താൻ ഈ യുദ്ധത്തിൽ സന്നിഹിതനായിരുന്നു വെന്നും അദ്ദേഹത്തിനു മുറിവേൽക്കുകയുണ്ടായി എന്നും അദ്ദേഹം കഷ്ടിച്ചു് രക്ഷപ്പെട്ടുവെന്നുമാണ് നമ്മുടെ ചരിത്രകാരന്മാർ പറയുന്നത്. വിൽക്സ് പറയുന്നതു നോക്കുക: "വളരെ വിഷമിച്ചാണ് അദ്ദേഹം രക്ഷപ്പെട്ടതു്. ഈ അവസരത്തിലേററ മുറിവുമൂലം അദ്ദേഹത്തിന് മരണംവരെ ഒരു മുടന്തനായി കഴിയേണ്ടിവന്നു[62]". ടിപ്പു മുടന്തനായെന്നു കണ്ടുപിടിച്ച വിൽക്സ് അദ്ദേഹ ത്തിന്റെ പല്ലക്കും മുദ്രകളും വാളും വജ്രഖചിതമായ മോതിരങ്ങളും ശത്രു വിന്റെ കൈയ്യിൽ കീർത്തിമുദ്രകളായി ഭവിച്ചുവെന്നുകൂടി തുടർന്നു പറയു ന്നുണ്ട്[63]. ഇവയും ഈ സംഭവത്തെക്കുറിച്ചുള്ള അടിസ്ഥാനരഹിതമായ വിശദീകരണങ്ങളാണ്. ഇക്കാര്യത്തെക്കുറിച്ചു് ആദ്യവിവരം നൽകുന്ന പൗണി പറയുന്നതു് നോക്കുക: "കുറെയൊക്കെ പ്രമാണിയായ ഒരു ബ്രാഹ്മ ണൻ തടവുകാരുടെ കൂട്ടത്തിലുണ്ട്. ആക്രമണത്തിൽ ടിപ്പു പങ്കെടുത്തിരുന്നു വെന്നും അദ്ദേഹം സഞ്ചരിച്ചിരുന്ന കുതിരയ്ക്കു് വെടിയേൽക്കുകയുണ്ടായി എന്നു

60. ടി. ഫെബ്രുവരി 3, 1790, ഫെബ്രുവരി 4, കൺസൾട്ടേഷൻ, നമ്പർ 5, പൗണി ഹോളണ്ടിനു്.
61. പി. ആർ. സി., വാല്യം 3, നമ്പർ 56, പേജ് 52.
62. വിൽക്സ്, വാല്യം 2, പേജ് 146.
63. ടി. പേജ് 145.

മാണ് അയാൾ പറയുന്നതു്...............ചേററുവാനദി കടന്നു് കൊടുങ്ങല്ലൂരും അഴീക്കോട്ടും ആക്രമിക്കുവാനുള്ള ലക്ഷ്യവുമായി കടൽത്തീരത്തുകൂടി അദ്ദേഹം മുന്നേറുന്നതായാണ് റിപ്പോർട്ടുകളിൽ പറയുന്നതു്[64]''. ടിപ്പുവിനു് മുറിവേൽക്കുകയുണ്ടായെങ്കിൽ ''ആക്രമണലക്ഷ്യവുമായി കടൽത്തീരത്തുകൂടി മുന്നേറുന്ന''തു് അസംഭവ്യമാകുമല്ലോ. അതേസമയം തിരുവിതാംകൂർ രാജാവ് മദ്രാസ് ഗവർണ്ണർക്കും[65] കൊച്ചിരാജാവ് ഡച്ച് ഈസ്ററിൻഡീസിലെ ഗവർണ്ണർ ജനറലിനും എഴുതിയ കത്തുകളിൽ ഈ സംഘട്ടനത്തിൽ[66] ടിപ്പുവിൻെറ സാന്നിധ്യമുണ്ടായതായി പറയുന്നുമില്ല. ടിപ്പു ഹോളണ്ടിനെഴുതിയ കത്തിലാകട്ടെ ഈ സംഭവം താനറിയാതെയാണ് സംഭവിച്ചിട്ടുള്ളതെന്നും ഈ കാര്യമറിഞ്ഞ ഉടനെ രാജാവിൻെറ സൈന്യത്തിൽനിന്നും തടവിലാക്കിയവരെ വിട്ടുകൊടുക്കാൻ ഉത്തരവിടുകയുണ്ടായെന്നും സംശയത്തിനിടയില്ലാത്തവണ്ണം വ്യക്തമാക്കിയിട്ടുമുണ്ടു്[67]. ''ടിപ്പുവിൽനിന്നും വ്യക്തമായ ഉത്തരവു കൂടാതെ അബദ്ധത്തിൽ സംഭവിച്ചതാണിതെന്നു'' മദ്രാസിലേയ്ക്ക് എഴുതിയ ഹോളണ്ട് ഇതു് ശരിവയ്ക്കുകയാണല്ലോ ചെയ്യുന്നതു്[68]. 1790 മാർച്ച് 24-ാം തീയതി സി. ഡബ്ലിയു. മാലെററ് മെഡോസിനെഴുതിയ കത്തിലെ ഭാഗം നോക്കുക: ''സംസ്ഥാനത്തിൻെറ തെക്കനതിർത്തികളിൽനിന്നും എനിക്കിപ്പോൾ ലഭിച്ച വിവരമാണിത്. അദ്ദേഹത്തിന് മുറിവേൽക്കുകയുണ്ടായി എന്ന വാർത്ത ഇവിടെ പ്രചരിക്കുകയുണ്ടായിട്ടില്ല. എന്നാൽ, നെടുങ്കോട്ട ആക്രമണത്തിൽ മീർ കമറുദ്ദീൻ കൊല്ലപ്പെട്ടതായി പറയപ്പെടുന്നുണ്ടു്[69]''. ഈ കത്തിലെ അവസാനഭാഗം തെററുമാണ്. കാരണം നാലാം മൈസൂർ യുദ്ധത്തിനുശേഷവും മീർ കമറുദ്ദീൻ ജീവിച്ചിരിപ്പുണ്ടായിരുന്നു[70]. 1790 ഏപ്രിൽ 11-ാം നീയതി ആബെർക്രോംബിക്ക് എഴുതിയ കത്തിൽ മാലെററ് തനിക്കുപററിയ തെററു തിരുത്തുന്നുണ്ട്. ''നെടുങ്കോട്ടയ്ക്കടുത്തുണ്ടായിരുന്ന ടിപ്പുവിൻെറ താവളത്തിൽനിന്നുവന്ന തൻെറ ഒരാൾ — ഇയാൾ ഫെബ്രുവരി അവസാനത്തോടെ ഈ താവളം വിടുകയുണ്ടായി—ആ മാസാരംഭത്തിൽ താൻ ടിപ്പുവിനെ കാണുകയുണ്ടായെന്നും അദ്ദേഹം പരിപൂർണ്ണ ആരോഗ്യവാനായിരിക്കുന്നുവെന്നും അദ്ദേഹത്തിന് മുറിവൊന്നുമേൽക്കുകയുണ്ടായില്ലെന്നും തീർച്ച പറയുന്നുണ്ട്'' എന്നാണ് മാലെററ് എഴുതിയിരിക്കുന്നത്. എന്നാൽ,

---

64. പൊളിററിക്കൽ പ്രൊസീഡിങ്സ്, ഫെബ്രുവരി 3, 1790, കൺസൽട്ടേഷൻ നമ്പർ 5, ജനുവരി 4, പൗണി ഹോളണ്ടിന്.
65. ടി. 1790, നമ്പർ 3.
66. എൽ. 61എ, നമ്പർ 7.
67. പൊളിററിക്കൽ പ്രൊസീഡിങ്സ്, 10-2-1790, കൺസൽട്ടേഷൻ നമ്പർ 9, 1-1-1790, ടിപ്പു ഹോളണ്ടിന്.
68. ടി. ഏപ്രിൽ 2, 1790, കൺസൽട്ടേഷൻ നമ്പർ 1.
69. പി. ആർ. സി., വാല്യം 3, നമ്പർ 81, പേജ് 69.
70. ടിപ്പുസുൽത്താൻെറ ചരിത്രം, പേജ് 302.

അദ്ദേഹത്തിൻെറ രണ്ടാംമുറ സഹോദരനായ മീർ കമറുദ്ദീന് നെഞ്ചിൽ സാരമായ രണ്ട് പരിക്കുകളുണ്ടെന്നും അദ്ദേഹം ക്രമേണ സുഖംപ്രാപിച്ചുവരികയാണെന്നുംകൂടി ഇയാൾ പറയുകയുണ്ടായത്രെ[71]. നെടുങ്കോട്ട പിടിച്ചടക്കിയ ശേഷം അത് സാഘോഷം പൊളിച്ചുനീക്കുന്ന ചടങ്ങ് തികച്ചും രസകരമായ രീതിയിലാണ് വിൽക്സ് ചിത്രീകരിച്ചിരിക്കുന്നത്. ഡ്യൂട്ടിയിലല്ലാതിരുന്ന സൈന്യത്തെ മുഴുവൻ ദിവസേന നിരായുധരായി പരേഡു ചെയ്യിക്കുകയും വിവിധ വിഭാഗങ്ങളായിത്തിരിച്ച് മുൻകൂട്ടി നിശ്ചയിച്ചിരുന്ന സ്ഥലത്തേയ്ക്ക് കൊണ്ടുപോകുകയും ചെയ്തിരുന്നു. പിന്നീട് തനിക്കു ചേരും വിധം, സുപ്രധാനമായ ഒരു സ്ഥാനത്തുനിന്നുകൊണ്ട് കോട്ടയിലെ തോക്കു സ്ഥാപിക്കാനുള്ള സ്ഥലങ്ങൾ ഒരു കുന്താലികൊണ്ട് സുൽത്താൻ തന്നെ തട്ടിയുടച്ച് മററുള്ളവർക്ക് മാതൃക കാണിക്കുന്നു. രാജസദസ്സിലെ അംഗങ്ങളും തലവന്മാരും എല്ലാത്തരക്കാരിലുംപെട്ട അനുയായികളും ഇതു് ആവർത്തിക്കുന്നു"[72]. ടിപ്പുസുൽത്താന് മുടന്ത് സംഭവിച്ചിരുന്നുവെങ്കിൽ ഉന്നതമായൊരു സ്ഥാനത്ത്നിന്ന് കൈയ്യിലിരുന്ന കുന്താലികൊണ്ട് കോട്ടയുടെ ഭിത്തിയിൽ ആഞ്ഞാഞ്ഞുവെട്ടുന്ന ആ 'മുടന്തൻ ചക്രവർത്തി'യുടെ നേരമ്പോക്കു നിറഞ്ഞ കോമാളിത്ത പ്രകടനം ഒരു ചരിത്രകാരനും വിട്ടുകളയുമായിരുന്നില്ല. വ്യക്തമായും ഇതെല്ലാം കള്ളക്കഥകളാണ്. ഇത്തരമൊരു കഥ പ്രചരിച്ചതിന് ഒരുപക്ഷേ ഒരൊററ വിശദീകരണമേ സാദ്ധ്യമുള്ളൂ എന്നു തോന്നുന്നു. അതായത്, നന്നായി വസ്ത്രധാരണം ചെയ്തിരുന്ന ഏതോ മൈസൂർ പടയാളിയെ തിരുവിതാംകൂർ സേന ടിപ്പുസുൽത്താനായി തെററിദ്ധരിച്ചു കാണണം.

യുദ്ധത്തിൽ പിടിച്ചെടുത്ത കീർത്തിമുദ്രകളുടെ കൂട്ടത്തിൽ ചായം തേച്ച ഒരു സ്ററാൻഡും ഒരു ചെറിയ മണിയും ഉണ്ടായിരുന്നതായിട്ടു മാത്രമേ തിരുവിതാംകൂർ രേഖകളിൽ കാണുന്നുള്ളൂ[73]. സാധാരണ കുതിരപ്പുറത്തു മാത്രം സഞ്ചരിക്കുന്ന സുൽത്താൻ ഇവിടെ പല്ലക്കിൽ വന്നത് തികച്ചും അസാധാരണമായിരിക്കുന്നു. ഒരു കുതിരസവാരിക്കാരനെന്ന നിലയിൽ "അദ്ദേഹം ആരുടെയും മുൻപന്തിയിലായിരുന്നു. പല്ലക്കിൽ സഞ്ചരിക്കുന്നതിനെ വളരെയേറെ അപഹസിച്ചിരുന്ന അദ്ദേഹം വൃദ്ധന്മാർക്കും അംഗഭംഗമുള്ളവർക്കുപോലും ഇതനുവദിച്ചിരുന്നില്ല"[74]. പല്ലക്കു നഷ്ടപ്പെട്ടെന്നുപറയുന്ന വിൽക്സ്തന്നെയാണ് ഇതും പറയുന്നതെന്നുള്ളത് എത്ര വിചിത്രമായിരിക്കുന്നു. ഡിസംബർ 29—ലെ സംഘട്ടനത്തെ

---

71. പി. ആർ. സി., വാല്യം 3, നമ്പർ 88, പേജ് 100.
72. വിൽക്സ്, വാല്യം 2, പേജ് 154.
73. മതിലകം രേഖകൾ, ചുരുണ 1308, എഫ്. എഫ്, 154-59.
74. വിൽക്സ്, വാല്യം 2, പേജ് 154.

മുറയ്ക്കുള്ള ഒരു യുദ്ധമായല്ല, "നിസ്സാരമായ ഒരതിർത്തി സംഘട്ടനം"[75] മാത്രമായാണ് മദ്രാസ് ഗവൺമെന്റ് കണക്കാക്കിയിരുന്നുള്ളു ഇത്തരുണത്തിൽ മററൊരു വസ്തുതകൂടി കണക്കിലെടുക്കേണ്ടതുണ്ട്. 1790 ഏപ്രിൽ 14-ാം തീയതിയാണ് തിരുവിതാംകൂറും മൈസൂർ സൈന്യവുമായി ശരിക്കുമൊരു യുദ്ധം ആരംഭിക്കുന്നത്. ഇതിനുമുമ്പ് രണ്ടു പ്രാവശ്യം തിരുവിതാംകൂർസേന ഒരു സംഘട്ടനത്തിന് മുതിരുകയും ഈ രണ്ടു പ്രാവശ്യവും അവർ തുരത്തപ്പെടുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ടു് യുദ്ധത്തിനുള്ള ആദ്യത്തെ വെടിപൊട്ടിച്ചത് തിരുവിതാംകൂർഭാഗത്തുനിന്നായിരുന്നുവെന്ന് ന്യായമായും ഊഹിക്കേണ്ടിയിരിക്കുന്നു.

ഡിസംബർ 29-ലെ സംഘട്ടനത്തിൽ തിരുവിതാംകൂർ സേനയുടെ പ്രവർത്തനത്തെക്കുറിച്ച് അതിശയോക്തിപരമായിട്ടാണ് നമ്മുടെ ചരിത്രകാരന്മാർ വിവരിച്ചിട്ടുള്ളത്. "തന്റെ ഒരു ചെറിയ സേനാവിഭാഗത്തിന്റെ[76]" സാഹസികതമൂലമാണ് ഇതു് സംഭവിച്ചതെന്ന് ടിപ്പുവിനറിയാമായിരുന്നു. 'ഒരു ലക്ഷത്തോളം വരുന്ന' തിരുവിതാംകൂർ സൈന്യത്തിനെതിരെ കിട്ടിയ സന്ദർഭമുപയോഗിച്ച് കോട്ട പിടിക്കുകയെന്നതായിരുന്നു അവരുടെ ലക്ഷ്യം. രാജാവിന്റെ സൈന്യത്തെ നിഷ്പ്രയാസം തോല്പിക്കാൻ കഴിയുമായിരുന്നെങ്കിലും യുക്തമായ ഒരു ഒത്തുതീർപ്പിനുവേണ്ടി കാത്തുനിൽക്കുകയായിരുന്നു അദ്ദേഹം. ഡിസംബർ 29-ലെ സംഭവം കഴിഞ്ഞതു് നെടുങ്കോട്ട ആക്രമിക്കുവാൻ മൈസൂർ സൈന്യം മുതിരാതിരുന്നതിന് മററു വിശദീകരണങ്ങളൊന്നും സാദ്ധ്യമല്ല. രണ്ടാമതൊരാക്രമണം നടത്താൻ ധൈര്യപ്പെടാതെ പോഷകസേന വരുന്നതും കാത്തു് കഴിയുകയായിരുന്നു അദ്ദേഹമെന്നാണ് ടിപ്പുവിന്റെ ശത്രുപക്ഷത്തുനിന്നിരുന്ന ചരിത്രകാരന്മാർ നൽകുന്ന വിശദീകരണം. എന്നാൽ തിരുവിതാംകൂറിന്റെ സൈന്യശക്തിയെക്കുറിച്ച് ടിപ്പുവിന് ശരിയായ വിവരവും ധാരണയുമുണ്ടായിരുന്നു. ഈ 'അതിർത്തിസംഭവ' ത്തിനു[77] ശേഷവും "നെടുങ്കോട്ട തകർത്തുകളയുകയെന്നതു് അത്ര വിഷമമുള്ള കാര്യമല്ല" എന്നാണ് സുൽത്താൻ മദ്രാസ് ഗവർണ്ണർക്കെഴുതിയിരിക്കുന്നതു്[78]. എന്നാൽ, ഇംഗ്ലീഷു കമ്പനി ഇടപെട്ടു് തർക്കത്തിനു് രമ്യമായ ഒരു പരിഹാരമുണ്ടാക്കുമെ

---

75. മിലിട്ടറി ഡെസ്പാച്ച്, കോർട്ട് ഓഫ് ഡയറക്ടേഴ്സ്, സെപ്ററംബർ 16, 1790, വാല്യം 20, പേജ് 69.

76. ഫോറിൻ പൊളിററിക്കൽ സീക്രട്ട് പ്രൊസീഡിങ്സ്, നമ്പർ 96 എ, പേജ് 2584-2592.

77. ടിപ്പുസുൽത്താന്റെ ചരിത്രം, പേജ് 165.

78. ജെ. മിൽ, വാല്യം 5, പേജ് 345.

ന്നാണ് അദ്ദേഹം പ്രതീക്ഷിച്ചിരുന്നത്[79]. അതുകൊണ്ടാണ് തുറന്ന ഒരു സംഘട്ടനത്തിനു അദ്ദേഹം മുതിരാതിരുന്നതും. 1790 ഏപ്രിൽ 14–ാം തീയതി ഒരു സംഘട്ടനമുണ്ടായപ്പോഴ് ടിപ്പുവിൻെറ കണക്കുകൂട്ടൽ ശരിയായിരുന്നെന്നു വ്യക്തമായി. ആറായിരം ഭടന്മാരെ മാത്രമേ അദ്ദേഹം ഈ യുദ്ധത്തിനു നിയോഗിച്ചുള്ളു[80]. അതുകൊണ്ടു ഈ തർക്കപ്രശ്നത്തിൽ സമാധാനപരമായ ഒരൊത്തുതീർപ്പിനു തയ്യാറായിരുന്നുവെന്ന സംഗതി നിഷ്പക്ഷനായ ഏതൊരാൾക്കും മനസ്സിലാക്കാവുന്നതേയുള്ളു. സത്യത്തിൽ ഇംഗ്ലീഷുകാരുടെ സൗഹൃദപ്രകടനത്തിൽ അദ്ദേഹം അവസാനം വഞ്ചിതനാവുകയാണുണ്ടായത്.

ഡിസംബർ 29–ലെ സംഭവത്തിനുശേഷം കാര്യമായ ഒരു സംഭവവികാസവുമുണ്ടായില്ല. നേരത്തെപറഞ്ഞതുപോലെ തിരുവിതാംകൂർ സേന രണ്ടുപ്രാവശ്യം കോട്ടയ്ക്കു പുറത്തുവന്നു മൈസൂർ സൈന്യത്തോടേററുമുട്ടാൻ ശ്രമിച്ചെങ്കിലും രണ്ടു പ്രാവശ്യവും അവർ തുരത്തപ്പെടുകയുണ്ടായി. 1790 മാർച്ച് ഒന്നാം തീയതിയും ഏപ്രിൽ 9–ാം തീയതിയുമായിരുന്നു ഈ സംഭവങ്ങൾ. സമാധാനപരമായ ഒരൊത്തുതീർപ്പിനു ശ്രമിച്ചിരുന്നതുമൂലം കോട്ട പിടിക്കാൻ ശ്രമിക്കാതെ മൂന്നു മാസത്തോളം അദ്ദേഹം കാത്തുനിൽക്കുകയുണ്ടായി. അദ്ദേഹം നേരത്തെതന്നെ കോട്ട പിടിച്ചടക്കുകയായിരുന്നെങ്കിൽ 1789 നവംബർ 13–ലെ കൗൺസിൽ തീരുമാനങ്ങളിൽനിന്നും പുറകോട്ടു പോകുവാൻ ഇംഗ്ലീഷുകാർക്കു സന്ദർഭം ലഭിക്കുമായിരുന്നില്ല[81]. എന്നാൽ ഹോളണ്ടിൻെറയും[82] പൗണിയുടെയും സ്വാധീനമുപയോഗിച്ചും കാര്യമൊതുക്കിത്തീർക്കുവാൻ ശ്രമിച്ചതുമൂലം കാര്യങ്ങൾ മറെറാരു പതനത്തിലെത്തിച്ചേരുകയാണുണ്ടായതു്. വിശ്വസ്തരായ ഏതാനും പേരോടൊപ്പം തൻെറ താവളം സന്ദർശിക്കുവാനും കാര്യങ്ങൾ ഒതുക്കിത്തീർക്കാനും ടിപ്പു പൗണിക്കു എഴുതിയിരുന്നു[83].

യുക്തമായ ഒരൊത്തുതീർപ്പിനുള്ള ശ്രമം പരാജയപ്പെട്ടപ്പോൾ ഒരാക്രമണത്തിനുതന്നെ ടിപ്പു മുതിരുകയുണ്ടായി. "1790 ഏപ്രിൽ 12–ാം തീയതി രാവിലെ മുതൽ മൈസൂർസേന മുറയ്ക്കു ഒരു ആക്രമണം തുടങ്ങി

---

79. ഫോറിൻ പൊളിററിക്കൽ സീക്രട്ട് പ്രൊസീഡിങ്സ് 10–2–1790, കൺസൾട്ടേഷൻ, നമ്പർ 9, ടിപ്പു ഹോളണ്ടിനു, ജനുവരി 1.
80. പൊ. പ്രൊസീ. മേയ് 14, 1790, കൺ. നമ്പർ 11.
81. ഫോറിൻ പൊളിററിക്കൽ സീക്രട്ട് പ്രൊസീഡിങ്സ്, നമ്പർ 96 എ, പേജ് 2584–2592.
82. പൊളിററിക്കൽ കൺസൾട്ടേഷൻ നമ്പർ 9, 10–2–1790.
83. ടി. നമ്പർ 7, 17–2–1790.

കയും ഏതാനും ദിവസങ്ങൾക്കുള്ളിൽ തന്നെ ചുരുങ്ങിയതു് മുപ്പതു മൈൽ നീളത്തിൽ കോട്ട നശിപ്പിക്കുകയും ചെയ്തു''[84]. 1790 ഏപ്രിൽ 15–ാം തീയതി ടിപ്പു നെടുങ്കോട്ട ആക്രമിക്കുകയും കാര്യമായ എതിർപ്പൊന്നും കൂടാതെ അതു് പിടിച്ചെടുക്കുകയും ചെയ്തു. ഈ ദിവസം തന്നെ അഴീക്കോട്ടയിൽ നിന്നു് പൗണി ഇക്കാര്യം റിപ്പോർട്ടു ചെയ്തിട്ടുണ്ടു്. "ഇന്നലെ രാത്രി മുഴുവൻ ശത്രു കനത്ത ആക്രമണം തുടരുകയും ഇന്നു പുലർച്ചയ്ക്കു് ആഞ്ഞടിക്കുകയും ചെയ്തു. ടിപ്പുവിന്റെ അശ്വാരൂഢരായ 6,000 ഭടൻമാരാണു് ഈ ആക്രമണം നടത്തിയതെന്നു പറയുന്നു......... ചുരുക്കത്തിൽ നെടുങ്കോട്ട ഈ സൈന്യത്തിന്റെ കൈയിലാണു്''[85]. ഇക്കാര്യത്തെക്കുറിച്ചു് 1790 ഏപ്രിൽ 20–ാം തീയതി രാജാവു് എഴുതിയിരിക്കുന്നതിങ്ങനെയാണു്: "........15–ാം തീയതി അവർ കോട്ടയിൽ പ്രവേശിക്കുകയും കനത്ത ഒരാക്രമണത്തിൽ എന്റെ 4,000–ത്തോളം ആളുകളെ കൊല്ലുകയും മുറിവേല്പിക്കുകയും ചെയ്തു. അവരുടെ സേന മികച്ചതായിരുന്നതുമൂലം എന്റെ കോട്ട സുൽത്താനു് അധീനമായി. സഹായത്തിനെത്തിച്ചേരുവാൻ കമ്പനി സൈന്യത്തിനു് അവസരം ലഭിക്കാതിരുന്നതു് എന്റെ നിർഭാഗ്യം കൊണ്ടാണു്''[86]. മേയ് 10–ാം തീയതി കൊച്ചിയിൽനിന്നു് ഹാർട്ട്‌ലിയും ഇക്കാര്യം റിപ്പോർട്ടു ചെയ്തിട്ടുണ്ടു്. "ടിപ്പുവിനു് ഒരെതിർപ്പും നേരിടേണ്ടി വന്നില്ല'' എന്നാണു് അദ്ദേഹം പറയുന്നതു്[87]. ഭീതിമൂലം നിശ്ചലമനസ്കരായിപ്പോയ രാജാവിന്റെ സേനയെ പിന്നെയെത്ര ശ്രമിച്ചിട്ടും ഒന്നിച്ചു നിർത്തുവാൻ കഴിഞ്ഞില്ല. 1790 മേയ് 1–ാം തീയതി അഴീക്കോട്ടയിൽ നിന്നു് കേണൽ ഹാർട്ട്‌ലി, ആബർക്രോംബിക്കെഴുതിയ കത്തിൽ, ടിപ്പു സുൽത്താൻ നെടുങ്കോട്ട പിടിച്ചതിനുശേഷം ഇവിടെ പരക്കെ നിലവിലുണ്ടായിരുന്ന ഭീതിയെക്കുറിച്ചു് പ്രതിപാദിക്കുന്നുണ്ടു്. "രാജാവിന്റെ സൈന്യം യാതൊരു ക്രമവും ഇല്ലാതെ എല്ലാം കൈവിട്ടുകൊണ്ടു് നെട്ടോട്ടമോടുകയാണുണ്ടായതു്. മദ്രാസ് ബറ്റാലിയൻ പറവൂർ വിട്ടുകഴിഞ്ഞിരിക്കുന്നു. രാജ്യം ആകെ സംഭ്രാന്തിയിലാണു്. രാജാവിന്റെ 5,000 പടയാളികൾപോലും ഒരു സ്ഥലത്തു് ഒരുമിച്ചു് കാണപ്പെടുന്നില്ല. എല്ലാ തരത്തിലുംപെട്ട ആളുകളും കൊച്ചിക്കു് തെക്കോട്ടു് പലായനം ചെയ്തുകഴിഞ്ഞിരിക്കുന്നു[88]''. ഈ പലായനം എല്ലാഭാഗത്തുമുണ്ടു് പൊതുവായ ഈ

84. ടിപ്പുസുൽത്താന്റെ ചരിത്രം, പേജ് 166.
85. പൊളിററിക്കൽ പ്രൊസീഡിങ്സ്, മേയ് 14, 1790, കൺസൾട്ടേഷൻ നമ്പർ 11.
86. പി. ആർ. സി., വാല്യം 3, നമ്പർ 93 എ, പേജ് 113, രാജാവു് റസിഡൻറിനു്.
87. ടി നമ്പർ 106 എ, പേജ് 129.
88. പൂനാ റസിഡൻസി കറസ്പോണ്ടൻസ്, വാല്യം 3, നമ്പർ 98, പേജ് 117.

രീതിയെ സൂചിപ്പിച്ചുകൊണ്ട് ''ഇത്ര ലജ്ജാകരമായ പരക്കംപാച്ചിൽ ഇതിനു മുൻപ് ഒരിക്കലും കണ്ടിട്ടില്ല'' എന്നാണ് പൗണി പറയുന്നത്[89]. നെടുങ്കോട്ട ആകെത്തന്നെ നശിപ്പിക്കപ്പെടുകയുണ്ടായി. അങ്ങനെ, എതിർപ്പൊന്നുമില്ലാതെ തിരുവിതാംകൂർ മുഴുവൻ ടിപ്പുവിൻെറ മുൻപിൽ തുറന്നു കിടന്നു[90]. ടിപ്പു പിന്നീട് കൊടുങ്ങല്ലൂർക്ക് നീങ്ങുകയും 1790 മേയ് 7–ാം തീയതി[91] കേണൽ ഹാർട്ട്ലി തൻെറ സേനയുമായി പിൻവാങ്ങിയപ്പോൾ[92] കൊടുങ്ങല്ലൂർകോട്ട പിടിക്കുകയും ചെയ്തു. അഴിക്കോട്ടയും പറവൂരും മററു കോട്ടകളും ഒന്നൊന്നായി മൈസൂർ സൈന്യത്തിനധീനമായി. തിരുവിതാംകൂർ മുഴുവൻ പിടിക്കുകയെന്നുള്ളതു് പിന്നീട് സമയത്തിൻേറത് മാത്രമായ ഒരു പ്രശ്നമായിത്തീർന്നു എന്നാൽ. ഈ സമയത്തു് ഇംഗ്ലീഷ് സൈന്യം തൻെറ രാജ്യത്തേയ്ക്കു് നീങ്ങുന്നതായറിഞ്ഞ ടിപ്പുസുൽത്താൻ ആലുവായിൽവച്ചു് പിൻതിരിയുകയാണുണ്ടായതു്[93].

'കമ്പനിയുടെ സഖിയും സുഹൃത്തു'മായ തിരുവിതാംകൂറിനെ ആക്രമിച്ചതിൻെറ പേരിൽ കോൺവാലീസ് ടിപ്പുവിനെതിരെ യുദ്ധം പ്രഖ്യാപിച്ചു[94]. നാട്ടിലെ പരിതസ്ഥിതി തങ്ങൾക്കനുകൂലമായിരുന്നില്ലെങ്കിൽ നീതിയുക്തമായ മാർഗ്ഗത്തിൽനിന്നും വ്യതിചലിക്കാതിരിക്കുവാൻ മാത്രമേ അവർ രാജാവിനെ ഉപദേശിക്കുമായിരുന്നുള്ളു. എന്നാൽ, തങ്ങളുടെ ലക്ഷ്യപ്രാപ്തിക്ക് ഏററവും യോജിച്ച ഒന്നായിരുന്നു കമ്പനിയെ സംബന്ധിച്ചിടത്തോളം ഈ സന്ദർഭം. കോൺവാലീസിൻെറ വാക്കുകളിൽ പറഞ്ഞാൽ ''ഇപ്പോൾ നാടൻ ശക്തികളിൽനിന്നും സഹായം ലഭിക്കുവാൻ നമുക്ക് എല്ലാ സാദ്ധ്യതകളുമുണ്ട്. അതേസമയം അദ്ദേഹത്തിനാകട്ടെ ഫ്രാൻസിൽ നിന്നും സഹായം പ്രതീക്ഷിക്കുവാൻ നിവൃത്തിയില്ല''[95]. ഇക്കാര്യം കൂടുതൽ വിശദീകരിച്ചുകൊണ്ട് കോൺവാലീസ് മാലററിനെഴുതിയ മറെറാരു കത്തിൽ മറാത്തക്കാരുടെയും നിസാമിൻെറയും സഹായത്തെയാണ് തങ്ങൾ കൂടുതൽ ആശ്രയിക്കുന്നതെന്നും, 'ദുരാഗ്രഹിയായ ഈ രാജാവിൻെറ' ശക്തി കുറയ്ക്കുവാനുള്ള ഈ സന്ദർഭം അവർ തികച്ചും ഉപയോഗിക്കുമെന്നും പറഞ്ഞിട്ടുണ്ട്. ''ടിപ്പു ഈയവസരത്തിൽ ഫ്രഞ്ചു ഗവൺമെൻറിനോട് ആലോചി

89. ഫോറിൻ പൊളിററിക്കൽ സീക്രട്ട് പ്രൊസീഡിങ്സ്, മേയ് 14, 1790, കൺസൾട്ടേഷൻ, നമ്പർ 8.
90. പൊളിററിക്കൽ കൺസൻട്ടേഷൻ, നമ്പർ 11, മേയ് 14, 1790.
91. ടി. നമ്പർ 3, മേയ് 26, 1790.
92. ടി. നമ്പർ 10, ജൂൺ 2, 1790.
93. ടി. നമ്പർ 8, മേയ് 14, 1790.
94. ഫോറിൻ പൊളിററിക്കൽ സീക്രട്ട് പ്രൊസീഡിങ്സ്, നമ്പർ 96, ഏപ്രി. പേജ് 2765–66.
95. ടി. ഏപ്രിൽ 2, 1790, കൺസൾട്ടേഷൻ, നമ്പർ 1.

ച്ചിട്ടല്ല പ്രവർത്തിക്കുന്നതെന്നു'' വിശ്വസിക്കാൻ കാരണങ്ങളുണ്ടെന്നും കോൺവാലീസ് പറയുന്നുണ്ട്[96]. ''യൂറോപ്പിലെ ഈ രാഷ്ട്രത്തിന്റെ (ഫ്രാൻസിന്റെ) ഉത്സാഹമറ്റ അവസ്ഥ അതിനു യോജിച്ചതുമല്ല. ഇന്ത്യയിലുള്ള എല്ലാ ഇംഗ്ലീഷ് ജനറൽമാരും തങ്ങൾക്കേറ്റവും പററിയ സമയമായി ഈ അവസരത്തെ കണക്കാക്കി. 1790 ഫെബ്രുവരി 5-ാം തീയതി മാലററ്, കോൺവാലീസിനെഴുതിയ ഒരു കത്തിൽ ഈ പൊതുവികാരം ഇപ്രകാരം പ്രകടിപ്പിച്ചിരിക്കുന്നു......... ''ഇന്ത്യയിലെ ബ്രിട്ടീഷ് ഗവൺമെൻറിന്റെ പ്രവർത്തനശേഷി ടിപ്പുവിനെ നിഷ്കാസനം ചെയ്തു പകവീട്ടാൻ തീർത്തും ശക്തമാണിപ്പോൾ''[97]. കാമ്പെല്ലിനെഴുതിയ കത്തിൽ ജോൺ കെന്നവേയും ഈ അഭിപ്രായമാണ് അവതരിപ്പിച്ചിട്ടുള്ളത്. ''നമ്മുടെ ലക്ഷ്യം സാധിക്കുന്നതിന്'' ഏററവും നല്ല അവസരമാണിതെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം[98]. അങ്ങനെ തിരുവിതാംകൂറിന്റെ രക്ഷയെന്നതു് ഇംഗ്ലീഷുകാരെ സംബന്ധിച്ചിടത്തോളം സാമ്രാജ്യസ്ഥാപനമെന്ന തങ്ങളുടെ ലക്ഷ്യപ്രാപ്തിക്കുള്ള ഒരു മറ മാത്രമായി അവശേഷിക്കുകയാണ് ചെയ്തതു്.

സ്വന്തം കാലിൽ നിൽക്കാൻ ശേഷിയില്ലാതിരുന്ന ഇവിടത്തെ പ്രാദേശിക ശക്തികളെ തങ്ങളുടെ ശത്രുക്കൾക്കെതിരായി എത്ര കൗശലത്തോടെ ബ്രിട്ടീഷുകാർ ഉപയോഗിക്കുകയുണ്ടായി എന്നതിന്റെ ഏററവും നല്ല ഉദാഹരണമാണ് ഈ കാര്യം. തിരുവിതാംകൂറും ടിപ്പുവുമായി അടുക്കുന്നതിൽ ബ്രിട്ടീഷുകാർ എന്നും വിലങ്ങുതടിയായിനിന്നു. കൊച്ചു കൊച്ചു ശക്തികളെ കൂട്ടുപിടിച്ചു് കരുത്തൻമാരെ എതിർത്ത് തോല്പിക്കുകയെന്നതായിരുന്നു വിജയപൂർവ്വം അവർ നടപ്പാക്കിയ പരിപാടി. ലക്ഷ്യപ്രാപ്തിക്കുശേഷം തിരുവിതാംകൂർ അടക്കമുള്ള ഈ ശക്തികളോട് അവർ എങ്ങനെയാണ് പെരുമാറിയതെന്നുകൂടി നാം ഓർക്കേണ്ടതുണ്ട്. ഇക്കാലത്ത് ഇന്ത്യയിലെ മിക്ക ഭരണാധികാരികളും തങ്ങളുടെ അയൽക്കാരെ ആക്രമിക്കാനോ അല്ലെങ്കിൽ അവരുടെ ആക്രമണത്തിൽനിന്ന് രക്ഷപ്പെടുവാനോ വിദേശശക്തികളെ സഹായത്തിനായി സമീപിച്ചിരുന്നു. കേരളത്തിലെ രാജാക്കന്മാരും ഇതിനൊരപവാദമായിരുന്നില്ല. എന്നാൽ ഇവരെല്ലാം തന്നെ ചുരുങ്ങിയൊരു കാലത്തിനിടയിൽ വിദേശാധികാരത്തിന്റെ കരാളഹസ്തങ്ങളിൽപ്പെട്ടു് ഞെരിഞ്ഞമർന്നുപോയി എന്നത് വിധിയുടെ ഒരു ക്രൂര വിനോദമായി ശേഷിക്കുന്നു. മൂന്നാം മൈസൂർ യുദ്ധത്തിനുശേഷം മലബാറിലെ മററു രാജാക്കന്മാരെപ്പോലെ തിരുവിതാംകൂർ രാജാവും കമ്പനിയുടെ ഇംഗിതത്തിനു് വഴങ്ങുന്ന ഒരു സാമന്തനായി അധഃപതിക്കുകയാണുണ്ടായതു[99].

96. പി. ആർ. സി, വാല്യം 3, നമ്പർ 72, ഫെബ്രുവരി 20, 1790, പേജ് 77–78.

97. ടി. വാല്യം 3, നമ്പർ 63, പേജ് 65.

98. ഹോമറിൻ പൊളിററിക്കൽ സീക്രട്ട് പ്രൊസീഡിങ്സ്, നമ്പർ 92, പേജ് 3768–69.

99. ടി. കെ. വേലുപ്പിള്ള, വാല്യം 2, പേജ് 433

# 10

# മൂന്നാം മൈസൂർ യുദ്ധം

ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ തങ്ങളുടെ രാഷ്ട്രീയാധികാരമുറപ്പിക്കുവാൻ, വളർന്നു വരുന്ന മൈസൂർശക്തിയെയും ടിപ്പുവിന്റെ സ്വാധീനത്തെയും ഒതുക്കി നിർത്തേണ്ടതുണ്ടെന്ന് ഇംഗ്ലീഷുകാർക്ക് ബോദ്ധ്യമായിരുന്നു ആരംഭം മുതൽ അവരുടെ നീക്കങ്ങൾ മുഴുവൻ ഇതിനായിരുന്നു. അതിനാൽ, മംഗലാപുരം ഉടമ്പടിയിലെ വ്യവസ്ഥകൾ പാലിക്കുന്ന കാര്യത്തിൽ യാതൊരുവക ചളിപ്പും അവർക്ക് തോന്നിയിരുന്നില്ല. ''യുദ്ധരംഗത്തു് തങ്ങൾക്കൊപ്പം നിൽക്കാൻ കഴിവുണ്ടെന്നു് തെളിയിച്ചിട്ടുള്ളതു് മൈസൂർ ഭരണാധികാരി മാത്രമായിരുന്നു''[1] എന്നുള്ളതാണ് അവരുടെ ഈ കുടിലതന്ത്രങ്ങൾക്കു മുഴുവൻ കാരണമായതു്. ടിപ്പുസുൽത്താനുമായി തങ്ങൾക്കനുഗുണമല്ലാത്ത ഒരുടമ്പടി ഒപ്പുവയ്ക്കേണ്ടിവന്നുവെന്ന കയ്പുനിറഞ്ഞ അനുഭവം അവർക്ക് എളുപ്പം മറക്കാൻ കഴിയുന്ന ഒന്നായിരുന്നില്ല. ''ഒരു പ്രാദേശിക ശക്തി ഇതാദ്യമായിട്ടാണ് നമ്മുടെമേൽ വിജയം നേടുന്നത്[2].'' അതുകൊണ്ട് ''ഇതു് ഒരു യുദ്ധവിരാമമെന്നല്ലാതെ ഒരുടമ്പടിയായി ഒരിക്കലും[3]'' ഇംഗ്ലീഷുകാർ മംഗലാപുരം സന്ധിയെ അംഗീകരിക്കുകയുണ്ടായിട്ടില്ല.

കണ്ണൂരിൽനിന്നും ഇംഗ്ലീഷുകാർ ഒഴിഞ്ഞുപോകണമെന്നതു് ഉടമ്പടിയിലെ നാലാമത്തെ വ്യവസ്ഥയായിരുന്നെങ്കിലും[4] ടിപ്പുസുൽത്താനിൽ നിന്നും തുടരെത്തുടരെ പ്രതിഷേധമുണ്ടായതിനുശേഷം മാത്രമാണ് ഇതു് പാലി

---

1. ജി. ബി. മാലിസൺ, ശ്രീരംഗപട്ടണം, ടിപ്പുവിന്റെ തലസ്ഥാനം, പേജ് 146.
2. ജോസിയാസ് ഡ്യൂപ്രെ, റോബർട്ട് ഓമിന് അയച്ച കത്ത്, ഇന്ത്യൻ റിക്കാർഡ്സ് സീരീസ്, വാല്യം 2, പേജ് 599.
3. മിലിട്ടറി സൺട്രി ബുക്ക്, വാല്യം 61, പേജ് 1462–64.
4. ലോഗൻ, ട്രീറ്റീസ് മുതലായവ, vol.,1,xc.

കുവാൻ ഇംഗ്ലീഷുകാർ തയ്യാറായത്. പൂർണ്ണമായും കൊള്ളയടിച്ചതിനുശേഷം മാത്രമാണ് ഇംഗ്ലീഷ് സേന അവിടെനിന്നൊഴിഞ്ഞുപോയത്[5]. ഇതിനെ കുറിച്ച് തലശ്ശേരിതലവനു് ടിപ്പു ഒരു എഴുത്ത് അയയ്ക്കുകയുണ്ടായി. മലബാറിലെ കലാപകാരികൾക്ക് ഇംഗ്ലീഷുകാർ തലശ്ശേരി കേന്ദ്രങ്ങളിൽ അഭയം നല്കുകയും അവിടെ കലാപം സൃഷ്ടിക്കുവാൻ അവരെ സഹായിക്കുകയും ചെയ്തിരുന്നു. 1789 ഏപ്രിൽ 23–ാം തീയതി തലശ്ശേരിയിലെ കമ്പനിതലവന് ടിപ്പു അയച്ച കത്തിൽ ഇംഗ്ലീഷുകാർ ഉടമ്പടി വ്യവസ്ഥകൾ ലംഘിക്കുന്നതിൽ ശക്തിയായ പ്രതിഷേധം രേഖപ്പെടുത്തിയിരുന്നു. താഴെ പറയുന്ന കാര്യങ്ങളിൽ അവർ സന്ധിവ്യവസ്ഥകൾ കാററിൽ പറത്തിയെന്ന് അദ്ദേഹം ആക്ഷേപമുന്നയിച്ചു.

"ഒന്നാമതായി എന്റെ സർക്കാരിന്റെ വകയായ ധർമ്മപട്ടണം നിങ്ങൾ കയ്യേറി. രണ്ടാമതായി, കോട്ടയം രാജാവും ചിറയ്ക്കൽ രാജാവും കുടുംബസമേതം 20 ലക്ഷം ക.യുമായി തലശ്ശേരിയിലേക്ക് ഒളിച്ചു കടക്കുകയും നിങ്ങൾ ഒരു കപ്പലിൽ കയററി അവരെയെല്ലാം രാമരാജാവിന്റെ നാട്ടിലേക്ക് അയയ്ക്കുകയും ചെയ്തു[6]." 20000 നായർ യോദ്ധാക്കൾക്ക് ഇംഗ്ലീഷുകാർ സംരക്ഷണം നൽകിയിരുന്നെന്നും അവരുടെ സഹായത്തോടെ ഇവർ രാത്രി കാലങ്ങളിൽ നാട്ടിലിറങ്ങി കൊള്ള നടത്തിയിരിക്കുന്നു എന്നും ടിപ്പു തുടർന്നു പറയുന്നു[7]. സംരക്ഷണം നൽകിയിരിക്കുന്ന കലാപകാരികളെ തിരിച്ചയക്കാനും അന്യായമായി കൈവശപ്പെടുത്തിയ ധർമ്മപട്ടണം ചിറയ്ക്കൽ രാജാവായ രവിവർമ്മയ്ക്ക് തിരികെ കൊടുക്കുവാനും മറെറാരെഴുത്തിൽ ടിപ്പു തലശ്ശേരി തലവനോട് ആവശ്യപ്പെട്ടിട്ടുണ്ട്[8]. ധർമ്മപട്ടണം തിരിച്ചു വാങ്ങുവാൻ ടിപ്പുവിൽ നിന്നും ഉത്തരവു ലഭിച്ചിട്ടുണ്ടെന്ന് ചിറയ്ക്കൽ രാജാവും ഇംഗ്ലീഷുകാരെ അറിയിക്കുകയുണ്ടായി.[9] ഇക്കാര്യങ്ങൾ കമ്പനി അധികാരികൾ ബോംബെ ഗവൺമെന്റിനെ അറിയിക്കുകയും ഈ സ്ഥലത്തിന്റെ പ്രതിരോധത്തിനായി കൂടുതൽ സൈന്യത്തെ അയച്ചുതരാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു[10]. തലശ്ശേരിതലവൻ ടിപ്പുവിനയച്ച അപമര്യാദപരവും

---

5. മിലിട്ടറി കൺസൾട്ടേഷൻസ്, മേയ് 29, 1784, വാല്യം 99 ബി, പേജ് 2050.
6. പി. ആർ. സി., വാല്യം 3, നമ്പർ 37എ, പേജ് 36.
7. ടി. പേജ് 37.
8. ഫോറിൻ സീക്രട്ട് പ്രൊസീ., 1–22, സെപ്തംബർ 1788, നമ്പർ 92, പേജ് 3803–4.
9. ടി. ചിറയ്ക്കൽ രാജാവ് തലശ്ശേരി തലവന്, മേയ് 28, 1788, പേജ് 3802.
10. ടി. തലശ്ശേരി കേന്ദ്രത്തിൽ നിന്ന്, ജൂൺ 26, 1788, പേജ് 3801.

ധാർഷ്ട്യം നിറഞ്ഞതുമായ കത്ത് ടിപ്പുവിനെ കുപിതനാക്കുകയും, "ഇനി മുതൽ ഒരു കാര്യത്തിനും നിങ്ങളെനിക്ക് കത്തയക്കരുത്" എന്നാവശ്യപ്പെട്ടുകൊണ്ട് ടിപ്പു ശക്തമായ ഭാഷയിൽ മറുപടി അയയ്ക്കുകയുമുണ്ടായി[11].

കയററുമതി നിരോധിച്ചുകൊണ്ടുള്ള ഒരു ഉത്തരവു കൊണ്ടാണ് ഇംഗ്ലീഷുകാരുടെ ധാർഷ്ട്യത്തിന് ടിപ്പു മറുപടി പറഞ്ഞത്. ഇതു മലബാറിലെ അവരുടെ കച്ചവടത്തെ തികച്ചും പ്രതികൂലമായി ബാധിക്കുകയുണ്ടായി. 1789 ആഗസ്റ്റ് 26—ലെ കൗൺസിൽ നടപടികളിൽ ഇക്കാര്യത്തെക്കുറിച്ച് ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "തീരപ്രദേശങ്ങളിലെ ഉല്പന്നങ്ങൾ കയററി അയയ്ക്കുന്നതിലുള്ള നിരോധനം നിലനിർത്തുവാൻ ടിപ്പു ഉറച്ചിരിക്കുകയാണെന്ന് തോന്നുന്നു. (എങ്കിൽ) തലശ്ശേരിയിലെ കച്ചവടംകൊണ്ട് കമ്പനിക്ക് ഒരു ഗുണവുമുണ്ടാകാൻ പോകുന്നില്ല"[12]. എന്നാൽ മലബാർ രാജാക്കന്മാർ ടിപ്പുവിൻെറ അധീശത്വം എങ്ങനെയെങ്കിലും ഒഴിയുകയും "അവരുമായി സഖ്യത്തിലാകാൻ നമുക്ക്" പരിതസ്ഥിതി അനുകൂലമായിത്തീരുകയും ചെയ്താൽ "വാണിജ്യപരവും രാഷ്ട്രീയപരവുമായ രംഗത്ത്" തലശ്ശേരി "നമ്മുടെ കമ്പനിയെ സംബന്ധിച്ചിടത്തോളം" വിലമതിക്കാനാകാത്ത ഒരു കേന്ദ്രമായിത്തീരുമെന്നുകൂടി അവർ പ്രതീക്ഷിച്ചിരുന്നു[13]. അതുകൊണ്ട് മലബാറിൽ കലാപവും കുഴപ്പങ്ങളും കുത്തിപ്പൊക്കുക അവരുടെ ഇവിടത്തെ നിലനില്പിനു തന്നെ അത്യന്താപേക്ഷിതമായിത്തീർന്നു. അതിനായി അവർ ഉററു ശ്രമിക്കുകയും ചെയ്തു.

തങ്ങളുടെ ഈ പരിപാടികൾ നടപ്പാക്കുന്നതിന് ഏററവും നല്ല സഹായി ആയിട്ടാണ് "ഇന്ത്യയിലെ ഏററവും വിശ്വസ്തനായ സഖിയും ഏററവും നല്ല സുഹൃത്തുമായി[14] തിരുവിതാംകൂർ രാജാവിനെ" ഇംഗ്ലീഷുകാർ കണക്കാക്കിയത്. മലബാറിലെ കലാപകാരികൾ തലശ്ശേരി വഴി തിരുവിതാംകൂറിൽ എത്തിക്കഴിഞ്ഞിരുന്നു. ഇവരെല്ലാം സുരക്ഷിതരായി തിരുവനന്തപുരത്ത് എത്തിച്ചേരുന്നതിന് തലശ്ശേരിയിലെ കമ്പനി അധികാരികൾ കഴിയുന്ന എല്ലാ സഹായവും ചെയ്തു കൊടുക്കുകയുണ്ടായി. മംഗലാപുരം ഉടമ്പടിയിൽ തിരുവിതാംകൂറും ഒരു കക്ഷി ആയിരുന്നെങ്കിലും മലബാറിലെ രാജാക്കൻമാർക്കും പ്രഭുക്കൻമാർക്കും അഭയം കൊടുക്കുന്നതിന് മഹാരാജാവ് മടിച്ചില്ല. അഭയം നൽകപ്പെട്ട കലാപകാരികളെ തിരിച്ചയയ്ക്കുവാൻ ടിപ്പു

11. പി. ആർ. സി. വാല്യം 3, നമ്പർ 37എ, പേജ് 37.
12. സീക്രട്ട് പ്രൊസീഡിങ്സ്, സെപ്ററംബർ 25, 1789, എസ്. നമ്പർ 96, ആഗസ്റ്റ് 26, പേജ് 1819.
13. ടി. പേജ് 1855–56.
14. ടി. കെ. വേലുപ്പിള്ള, വാല്യം 2, പേജ് 354.

സുൽത്താൻ രാജാവിനും മദ്രാസ്സ് ഗവർണർക്കും എഴുതുകയുണ്ടായി[15]. മലബാർ പ്രദേശങ്ങൾ "കൊള്ളയടിച്ച് നശിപ്പിച്ച" കലാപകാരികളെ വിട്ടുകൊടുക്കാൻ മഹാരാജാവിനെ പ്രേരിപ്പിക്കുവാൻ വേണ്ടിയാണ് ഗവർണർക്ക് എഴുതിയിരുന്നത്[16]. ഈ പ്രതിഷേധങ്ങളെല്ലാം അവഗണിക്കപ്പെടുകയും ഉടമ്പടി വ്യവസ്ഥകൾ ഒന്നൊന്നായി കാററിൽ പറത്തുകയും ചെയ്തു.

കോൺവാലീസ് ഗവർണർ ജനറൽപദം ഏറെറടുത്ത് ഒരു വർഷം തികയുന്നതിനു മുൻപുതന്നെ, യൂറോപ്പിൻെറ രാഷ്ട്രീയാന്തരീക്ഷത്തിൽ യുദ്ധത്തിൻെറ കരിനിഴൽ വീണുകഴിഞ്ഞിരുന്നു. പാശ്ചാത്യശക്തികൾ തമ്മിൽ മൽസരത്തിലേർപ്പെട്ടിരുന്ന ഇന്ത്യയിലും ഈ കരിനിഴൽ വ്യാപിച്ചതിൽ അൽഭുതപ്പെടാനില്ല ടിപ്പുസുൽത്താൻ കർണ്ണാട്ടിക് പ്രദേശങ്ങൾ ആക്രമിക്കുമെന്നാണ് ഇംഗ്ളീഷുകാർ പ്രതീക്ഷിച്ചത്[17]. ഫ്രാൻസിലും[18] കോൺസ്ററാൻറിനോപ്പിളിലും[19] ടിപ്പുസുൽത്താൻ നയതന്ത്രകേന്ദ്രങ്ങൾ സ്ഥാപിച്ചതും ഫ്രഞ്ചുസൈന്യം അദ്ദേഹത്തിൻെറ സഹായത്തിനെത്തിച്ചേർന്നതും[20] സൈനികശേഷി വർദ്ധിപ്പിക്കുവാൻ അദ്ദേഹം ചെയ്ത ശ്രമങ്ങളും[21] മൂലം, ടിപ്പു മംഗലാപുരം ഉടമ്പടിവ്യവസ്ഥകൾ ലംഘിക്കുമെന്നാണ് ഇംഗ്ലീഷുകാർ കരുതിയത്. എന്നാൽ "ആക്രമണപരമായ ഒരു നീക്കവും അദ്ദേഹത്തിൻെറ ഭാഗത്തുനിന്നും ഉണ്ടാകുകയില്ലെന്നും നമ്മോടു് വഴക്കിടാൻ അദ്ദേഹം തയ്യാറല്ലെന്ന് എനിക്കു വിശ്വാസമുണ്ടെന്നും"[22] താമസംവിനാ വ്യക്തമാക്കുന്നു. 1788 ആഗസ്റ്റ് 28-ാം തീയതി "ഈ സമയത്ത് നമ്മോട് ഇടയാൻ ടിപ്പുവിന് താല്പര്യമില്ല" എന്നാണ് കാംബെൽ, ക്യാപ്ടൻ കെന്നവേയ്ക്ക് എഴുതിയത്[23]. എന്നിട്ടും മറാത്തികളും നിസാമുമായി സഖ്യമുണ്ടാക്കാനുള്ള ശ്രമങ്ങൾ വിജയപൂർവ്വം പൂർത്തിയാക്കപ്പെട്ടു. ഇംഗ്ലീഷുകാരുമായി സഖ്യത്തിലേർപ്പെടുന്നത് അപകടകരമെന്നും അനുഗുണമായിരിക്കുമെന്ന് മേല്പറഞ്ഞ വരെ വിശ്വസിപ്പിക്കാൻ കഴിഞ്ഞതായിരുന്നു കോൺവാലീസിൻെറ ഏററവും വലിയ നയതന്ത്രവിജയം.

15. സീക്രട്ട് പ്രൊസീഡിങ്സ്, 1789, ഡിസംബർ, നമ്പർ 96 എ, ടിപ്പു ഹോളണ്ടിന്, ഒക്ടോബർ 30, 1789, പേജ് 2901.
16. ടി. നവംബർ 11, 1789, ടിപ്പു ഹോളണ്ടിന്, പേജ് 2977–3070.
17. പി. ആർ. സി. നമ്പർ 11, കോൺവാലീസ് മാലെററിന്, ആഗസ്റ്റ് 29, 1786 പേജ് 9.
18. ടി. നമ്പർ 5, പേജ് 4, കാംബെൽ മാലെററിന്, ജൂൺ 8, 1787.
19. ടി. നമ്പർ 12, പേജ് 10.
20. ടി. നമ്പർ 10, പേജ് 8–9.
21. ടി. നമ്പർ 21, പേജ് 9, ഒക്ടോബർ 20, 1787 ആർ. എച്ച്. ബൊഡെയിൻ മാലെററിന്.
22. ടി. 1–22, സെപ്തംബർ, നമ്പർ 92, പേജ് 3461.
23. ടി. പേജ് 3829.

**കോൺവാലീസ്** ഇവിടംകൊണ്ടും നിർത്തിയില്ല. മൈസൂർ ആക്രമണം മൂലം സ്ഥാനനഷ്ടം സംഭവിച്ചവരും മററു വിധത്തിലുള്ള വിഷമങ്ങൾ നേരിട്ടവരുമായ മലബാറിലെ രാജാക്കന്മാരേയും പ്രഭുക്കളേയും പാട്ടിലാക്കുവാൻ അദ്ദേഹം തുടർന്നും യത്നിച്ചിരുന്നു. മലബാർ തീരത്തുനിന്നും ടിപ്പുവിനെ തുരത്തുവാനുള്ള ശ്രമത്തിൽ തങ്ങളെ സഹായിക്കുവാൻ വേണ്ടി കമ്പനിയുടെ സംരക്ഷണത്തിൻ കീഴിലേയ്ക്കു് ഈ കലാപകാരികളെ ക്ഷണിച്ചുകൊണ്ടുള്ള ഒരു സംരക്ഷണ പ്രഖ്യാപനവും പ്രസിദ്ധീകരിക്കപ്പെട്ടു. അതിൽ ഇപ്രകാരം പറഞ്ഞിരുന്നു: "ടിപ്പുസുൽത്താനെതിരായുള്ള യുദ്ധത്തിൽ താങ്കൾ ഹൃദയപൂർവ്വം പങ്കു ചേരുകയും അദ്ദേഹത്തിനെതിരായി കഠിനമായി പ്രവർത്തിക്കുകയും ചെയ്താൽ ഇംഗ്ലീഷ് ഇസ്ററ് ഇന്ത്യാകമ്പനി താങ്കളെ സഹായിക്കുകയും സംരക്ഷിക്കുകയും ടിപ്പുസുൽത്താനിൽ നിന്നു് മോചനം നേടുന്നതിനുവേണ്ടി കമ്പനി കഴിവതു് ചെയ്തുതരുമെന്നതിനും പുറമെ .........ഭാവിയിൽ ടിപ്പുസുൽത്താനും കമ്പനിയുമായി ഉണ്ടായേക്കാവുന്ന ഏതു് ഉടമ്പടിയിലും നിങ്ങളെ കക്ഷിചേർക്കുകയും ബഹുമാനപ്പെട്ട കമ്പനിയുടെ ഒരു സഖിയായി നിങ്ങളെ കണക്കാക്കുകയും ചെയ്യുന്നതാണെന്നു് തലശ്ശേരിയിലെ ഇംഗ്ലീഷ് താല്പര്യങ്ങൾ സംരക്ഷിക്കുന്ന വിഭാഗത്തിന്റെ തലവനായ ഞാൻ, റോബർട്ട് ടെയ്‌ലർ, ബഹുമാനപ്പെട്ട ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ പേരിൽ താങ്കൾക്കു് (ഇവിടെ രാജാവിന്റെ പേരും പദവികളും ചേർക്കുക) ഉറപ്പു നൽകിക്കൊള്ളുന്നു. തദനന്തരമായി 1790 മേയ് 4–ാം തീയതിയായ ഇന്നു് തലശ്ശേരിയിൽവച്ചു് സാക്ഷിയെന്നുള്ള നിലയിൽ ഞാൻ ഇതിൽ ഒപ്പും ബഹുമാനപ്പെട്ട കമ്പനിയുടെ മുദ്രയും പതിച്ചിട്ടുള്ളതും അപ്രകാരം തന്നെ താങ്കളും മുദ്ര പതിച്ചിട്ടുള്ളതും ആകുന്നു"24. കാടുകളിൽ ഒളിച്ചുകഴിഞ്ഞിരുന്ന കലാപകാരികൾക്കു് സംരക്ഷണം നല്കുവാനും ധൈര്യം പകരുവാനുമാണു് ഇത്തരം ഒരു പ്രഖ്യാപനം നടത്തിയതു്. ശത്രുവിനെ അതിർത്തിയിൽ നിന്നു് തുരത്തുന്നതിനുവേണ്ടി അസാധാരണമായ എന്തെങ്കിലും നടപടി സ്വീകരിക്കണമെന്നും, ഒളിഞ്ഞിരിയ്ക്കുന്ന കലാപകാരികൾക്കു ചുററും ടിപ്പുവിന്റെ സൈന്യം താവളമടിച്ചുകൊണ്ടിരിക്കുന്നതുകൊണ്ടു് "മലബാറിൽനിന്നും ഒരൊററ ആളും നമ്മുടെ അടുത്തേയ്ക്കു വരികയില്ലെന്നും"25 ടെയ്‌ലർ പരാതിപ്പെട്ടിട്ടുണ്ടു്. ചിറയ്ക്കൽ, കടത്തനാടു്, കോട്ടയം രാജാക്കന്മാർ തങ്ങളുടെ കൂടെയുണ്ടെന്നും കൂർഗ് രാജാവും നമ്മോടു ചേരുന്നതിൽ തല്പരനാണെന്നും, എന്നാൽ കണ്ണൂരിലെ ബീബി മാത്രം നമ്മോടുചേർന്നതായി പ്രഖ്യാപിച്ചിട്ടില്ലെന്നും കോർട്ട് ഓഫ് ഡയറ

---

24. പി. ആർ. സി. നമ്പർ 103, പേജ് 125; ലോഗൻ, ഉടമ്പടികൾ തുടങ്ങിയവ, വാല്യം 1; cl. viii; ഫോറിൻ മിസലേനിയസ്, എസ്. നമ്പർ 56, പാർട്ട് 1, വൗച്ചർ നമ്പർ 10, പുറം 455-56.
25. പി. ആർ. സി., നമ്പർ 123, പുറം 123.

ക്ൗറേറഴ്സിൻെറ രഹസ്യസമിതിക്ക് റിപ്പോർട്ടു ചെയ്യുവാൻ പിന്നീട് ടെയ്ലർക്ക് കഴിഞ്ഞു[26] അല്പദിവസത്തിന്നകം ടെയ്ലർ, ആബർക്രോംബിക്ക് എഴുതിയ കത്തിൽ തങ്ങളുമായി കരാറിലേർപ്പെട്ടിട്ടുള്ള ചിറയ്ക്കൽ, കോട്ടയം രാജാക്കന്മാർ യുദ്ധപ്രവർത്തനം നടത്തുന്നതിനേയും കൂർഗ് രാജാവു് തങ്ങളുമായി ഉടമ്പടി ഉണ്ടാക്കുന്നതിൽ കൂടുതൽ താല്പര്യം പ്രദർശിപ്പിക്കുന്നതിനേയും കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്[27]. അതുപോലെ തിരുവിതാംകൂറിൽ റസിഡൻറായിരുന്ന പൗണിയുടെ ശ്രമഫലമായി കൊച്ചിരാജാവും ഇംഗ്ലീഷ് കമ്പനിയുമായി ഒരു സൗഹൃദ ഉടമ്പടി ഉണ്ടാക്കി[28]. കണ്ണൂരിലെ അറയ്ക്കൽ ബീവിയും 1790 ആഗസ്ററ് 8-ാം തീയതി കമ്പനിയുമായി സഖ്യം ചെയ്യുവാൻ നിർബന്ധിതരായി[29]. അങ്ങിനെ ഏതെല്ലാം തയ്യാറെടുപ്പുകൾ സാദ്ധ്യമാകുമോ അവ ചെയ്തു് ടിപ്പുവെ ഒററപ്പെടുത്തുവാൻ ഇംഗ്ളീഷ് കമ്പനിക്ക് സാധിച്ചിരുന്നു.

ഇംഗ്ലീഷുകാരുമായി ഒരു യുദ്ധത്തിന് ടിപ്പു യാതൊരു വക ഒരുക്കങ്ങളും നടത്തിയിരുന്നില്ലാത്ത അവസരത്തിലാണ് കമ്പനി തകൃതിയായി ഈ സന്നാഹങ്ങളൊക്കെ ചെയ്തിരുന്നതെന്ന് എല്ലാ എഴുത്തുകാരും ഒരേ രീതിയിൽ അഭിപ്രായപ്പെടുന്നുണ്ട്[30]. ഇംഗ്ലീഷ് കമ്പനി എത്രമാത്രം ടിപ്പുവിനെ ഭയപ്പെട്ടിരുന്നുവെന്നതിൻെറ പ്രകടമായ തെളിവാണ് അവർ നടത്തിയ പ്രതിരോധ സന്നാഹങ്ങളും സഖ്യങ്ങളും കാണിക്കുന്നതു്. അതേസമയം പൂനയിലും ഹൈദ്രാബാദിലും തൻെറ പ്രതിപുരുഷന്മാർ മുഖേന ടിപ്പു നടത്തിയ സഹായാഭ്യർത്ഥനകളൊക്കെ, ഇംഗ്ലീഷുകാരുടെ വിദഗ്ധമായ ഉപജാപങ്ങൾ മൂലം തീർത്തും പരാജയപ്പെടുകയും ചെയ്തു. അതുപോലെ തന്നെ ഫ്രഞ്ചുകാരുടെ സഹായത്തിന് വേണ്ടിയുള്ള ശ്രമവും ഫലവത്തായില്ല. അതേസമയം ഇംഗ്ലീഷ്കാർക്ക് ടിപ്പുവിൻെറ സാമന്തന്മാരായിരുന്ന കൊച്ചിരാജാവിനേയും കണ്ണൂരിലെ ബീബിയേയും തങ്ങളുടെ പക്ഷത്ത് കൊണ്ടുവരുവാനും സാധിച്ചു. അങ്ങിനെ ഇതിന് മുമ്പ് നടന്ന ആംഗ്ലോ-മൈസൂർ യുദ്ധത്തിൽ നിന്നും വിഭിന്നമായ ചിത്രമാണ് മൂന്നാം ആംഗ്ലോ-മൈസൂർ യുദ്ധം പ്രദർശിപ്പിക്കുന്നതു്. മററാരുടേയും സഹായം ടിപ്പുവിന്

26. ടി. നമ്പർ 101, പുറം 122; ലോഗൻ, ഉടമ്പടികൾ തുടങ്ങിയവ, വാല്യം 1, xc v.
27. പി. ആർ. സി, നമ്പർ 109, പേജ് 137, മേയ് 17, 1790.
28. സി. ആർ. ഈ, 167 Lxll, S. I, ലോഗൻ ഉടമ്പടികൾ മുതലായവ കൂടി കാണുക, i, xevx.
29. ലോഗൻ, ഉടമ്പടികൾ etc, i, xev.
30. 1788, ജൂൺ 16, സീക്രട്ട് പ്രൊസീഡിങ്സ്; കൺസൾട്ടേഷൻസ് നമ്പർ 24, വിൽക്സ്, ഹിസ്റ്റോറിക്കൽ സ്കെച്ചസ് etc, വാല്യം 11, പുറം 373; മൊഹിബ്ബുൽ ഹസ്സൻഖാൻ, ടിപ്പുസുൽത്താൻ പുറം, 165.

കിട്ടിയിട്ടില്ലാത്തതിനാൽ തനിച്ച് യുദ്ധം ചെയ്യേണ്ടിവന്നു മറുപക്ഷത്താകട്ടെ നാട്ടുരാജാക്കന്മാരെ എല്ലാവരേയും തങ്ങളുടെ പക്ഷത്ത് കൊണ്ടുവരുവാൻ കമ്പനിക്ക് കഴിയുകയും ചെയ്തിരുന്നു.

മുൻ പ്രസ്താവിച്ചതുപോലെ, നെടുങ്കോട്ട തകർത്ത ടിപ്പുസുൽത്താൻ ആലുവവരെ എത്തിക്കഴിഞ്ഞിരുന്നു. അപ്പോഴാണ് തിരുവിതാംകൂറിൻെറ മേൽ താൻ നടത്തിയ ആക്രമണത്തിൻെറ പേരിൽ കോൺവാലീസ് തനിക്കെതിരെ യുദ്ധപ്രഖ്യാപനം നടത്തിയിരിക്കുന്നതായും, ശ്രീരംഗപട്ടണത്തേയ്ക്ക് ഐക്യസേന പുറപ്പെട്ടിരിക്കുന്നതായും രഹസ്യവകുപ്പിൻെറ അറിയിപ്പ് ലഭിക്കുന്നത്. അതോടെ ആലുവ വരെ എത്തിയ ടിപ്പു മുന്നോട്ടുള്ള പ്രയാണം നിർത്തിവെച്ച് ധൃതഗതിയിൽ മൈസൂരിലേക്ക് തിരിച്ചു. ടിപ്പുവിനെ ഏതെങ്കിലും തരത്തിൽ നാട്ടുരാജാക്കന്മാരിൽ നിന്നും ഒററപ്പെടുത്തി തങ്ങൾക്ക് ഭീഷണിയായി തീർന്നിട്ടുള്ള മൈസൂറിൻെറ ശക്തി ശിഥിലമാക്കുവാൻ എല്ലാവിധ കുതന്ത്രങ്ങളും പ്രയോഗിച്ചിരുന്ന കമ്പനിക്ക്, തിരുവിതാംകൂറിൻെറ നേരെ ടിപ്പു നടത്തിയ ആക്രമണം തക്കതായ കാരണമായി. 1790 ജനുവരി 27–ന് കോൺവാലീസ് പ്രഭു, പൂനയിലെയും ഹൈദരാബാദിലെയും തൻെറ പ്രതിപുരുഷന്മാരായ മാലററിനും, ജോൺ കെന്നവേയ്ക്കും എഴുതുന്ന കത്തിൽ നിന്നു് ഇതു് വളരെ സ്പഷ്ടമാണ്[31]. "നമ്മുടെ സഖ്യശക്തികളിലൊന്നായ തിരുവിതാംകൂർ രാജാവിനെതിരായി നീങ്ങുന്ന ടിപ്പുസുൽത്താൻ ഈ എഴുത്ത് കിട്ടുമ്പോഴേക്കും തന്നെ ആക്രമണം നടത്തിയിരിക്കും. നമ്മുടെ ഉടമ്പടിക്കു വിധേയനായ രാജാവിനെതിരെയുള്ള യുദ്ധം കമ്പനിക്കെതിരായ യുദ്ധമായി കരുതി അടിയന്തിരമായി ഊർജ്ജിത നടപടി കൈക്കൊള്ളുകയും വേണം". ഈ എഴുത്തിലെ തീയതി വളരെ പ്രാധാന്യമർഹിക്കുന്നു. ഇതെഴുതുമ്പോൾ നെടുങ്കോട്ട ആക്രമണം ടിപ്പു നടത്തിയിരുന്നില്ലെന്നതാണ് വസ്തുത. 1789 ഡിസംബർ 29–ാം തീയതിയാണ് പറയത്തക്ക ഒരു ചെറിയ സംഘട്ടനം മൈസൂർ സൈന്യവും തിരുവിതാംകൂർ കാവൽഭടന്മാരും തമ്മിൽ നടന്നത്. "വെറും ഒരു അതിർത്തി സംഘട്ടനം എന്നതിൽക്കവിഞ്ഞ് ഗൗരവമായ സൈനിക പ്രവർത്തനമായി അതിനെ കണക്കാക്കേണ്ടതില്ലെ"ന്നാണ് മദ്രാസ് ഗവൺമെൻറ് രേഖപ്പെടുത്തിയിരിക്കുന്നത്[32]. അപ്പോൾ കമ്പനി എടുത്ത നിലപാട് തങ്ങളുടെ ആജന്മ ശത്രുവായ ടിപ്പുവിനെ ഇക്കാരണം പറഞ്ഞുകൊണ്ട് കുരുക്കിലാക്കുക എന്ന ഹീനമായ ഉപജാപമായിരുന്നു എന്നു കാണുവാൻ പ്രയാസമില്ല. കേംബ്രിഡ്ജ് ഹിസ്റ്ററിയിൽ ഡോഡ്‌വെൽ ഇതു സംബന്ധ

31. പി. ആർ. സി. നമ്പർ 60, പുറങ്ങൾ 54–56, 1790, ജനുവരി 27 കോൺവാലീസ് മാലററിനെഴുതുന്ന കത്ത്.

32. പൊളിററിക്കൽ സീക്രട്ട് പ്രൊസീഡിങ്സ്, 1790, ഫെബ്രുവരി 10.

മായി എഴുതുന്നതു് ഇപ്രകാരമാണ്: "ഫ്രഞ്ചുകാർ അവരുടെ ആഭ്യന്തര കുഴപ്പങ്ങളിൽ തീർത്തും വ്യാപൃതരായിരിക്കുകയും, ഇന്ത്യയെപ്പററി ചിന്തിക്കുവാനുള്ള അവസരം പോലും ഇല്ലാതിരിക്കുകയും ചെയ്ത സന്ദർഭത്തിലാണ് ടിപ്പുസുൽത്താൻ ഇംഗ്ലീഷുകാരെ പ്രലോഭിപ്പിക്കുന്ന ഈ ആക്രമണം നടത്തിയതു്. തൻമൂലം കോൺവാലീസിനെയും സഖ്യശക്തികളെയും ടിപ്പു തനിച്ചാണ് നേരിട്ടതു് എന്നത് ഇംഗ്ലീഷുകാർക്ക് മഹാഭാഗ്യമായിത്തീർന്നു"[33].

ഇംഗ്ലീഷ്പക്ഷത്ത് അമിതമായ ആത്മവിശ്വാസവും സുശക്തമായ പ്രതിരോധ പ്രവർത്തനവും യുദ്ധത്തിന്റെ ആരംഭം മുതലേ പ്രകടമായിരുന്നു. മൈസൂർ സിംഹത്തെ കൂട്ടിലടയ്ക്കുവാൻ ഇപ്രാവശ്യം എന്തായാലും തങ്ങൾക്ക് കഴിയും എന്നുള്ള വിശ്വാസം അവരുടെ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടി. യുദ്ധത്തിന്റെ തുടക്കത്തിൽത്തന്നെ ടിപ്പുവിൽ നിന്നും മലബാർ മുഴുക്കെ പിടിച്ചടക്കുവാൻ ഇംഗ്ലീഷുകാർക്ക് അധികം പ്രയാസം നേരിട്ടില്ല. എന്നാൽ കർണ്ണാടകത്തിൽ മൈസൂർ സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ നടന്ന യുദ്ധങ്ങളിൽ ടിപ്പുവിന് അതിശയകരമായ വിജയം ഇംഗ്ലീഷുകാരുടെ മേൽ ഉണ്ടായി എന്ന വസ്തുതയും വിസ്മരിക്കത്തക്കതല്ല. മലബാറിലേക്ക് സൈനികനീക്കം നടത്തുവാൻ ആജ്ഞ ലഭിച്ച കേണൽ സ്റ്റുവർട്ട് 1790 സെപ്റ്റംബർ 21–ന് പാലക്കാട്ട് കോട്ടയുടെ പരിസരത്ത് എത്തിച്ചേർന്നു[34]. അതായിരുന്നുവല്ലോ മൈസൂർ ശക്തിയുടെ ശക്തിദുർഗ്ഗം. കഷ്ടിച്ച് രണ്ടു മണിക്കൂർ നേരത്തെ പ്രതിരോധ പ്രവർത്തനം കൊണ്ട് കോട്ടയിൽ നിന്നുള്ള എതിർപ്പിനെ നിശ്ശബ്ദമാക്കാൻ ഒത്തു എന്നതിനു പുറമേ ഇരുട്ടുന്നതിനുമുമ്പെ സൈന്യങ്ങൾക്ക് പ്രവേശിക്കത്തക്കവിധം കോട്ടയുടെ ഒരു ഭാഗം തകർക്കുവാനും സാധിച്ചിരുന്നു. എന്നാൽ സന്ധ്യക്കു മുമ്പുതന്നെ കീഴടങ്ങാൻ തയ്യാറാണെന്ന അടയാളം കോട്ടയ്ക്കകത്തു നിന്നു ലഭിച്ചപ്പോൾ ഇത്രയും സന്നാഹങ്ങളും, സാഹസിക പ്രവൃത്തികളും ആവശ്യമുണ്ടായിരുന്നില്ല എന്ന തോന്നലാണ് കമ്പനിപ്പടയ്ക്കുണ്ടായതു്[35]. മൊഹിബ്ബുൽ ഹസ്സൻഖാൻ ഇതു വിവരിക്കുന്നതു് ഇപ്രകാരമാണ്: "കോട്ടയ്ക്കകത്തുണ്ടായിരുന്നവർ യഥാർത്ഥത്തിൽ ബലഹീനമായ എതിർപ്പു മാത്രമേ പ്രകടിപ്പിച്ചുള്ളു[36]. മലബാറിലെ ആംഗ്ലേയവിജയത്തെ അവലോകനം നടത്തിക്കൊണ്ടു് കോൺവാലീസ് മാലററിന് ഇപ്രകാരം എഴുതി:

---

33. ഡോഡ്‌വെൽ, കേംബ്രിഡ്ജ് ഹിസ്റ്ററി ഓഫ് ഇന്ത്യ, വാല്യം V, പുറം 326.
34. വിൽക്സ്, മൈസൂർ ചരിത്രം, വാല്യം II, പുറം 163.
35. ടി. പുറം 164
36. മൊഹിബ്ബുൽ ഹസ്സൻഖാൻ, ഹിസ്റ്ററി ഓഫ് ടിപ്പുസുൽത്താൻ, പുറം 188

"ജനറൽ മെഡോസിൻെറ പൂർണ്ണമായ വിജയവും, കണ്ണൂർ ബീബി നമ്മുടെ സഖ്യത്തിൽ ചേർന്നതും മലബാർ തീരത്തിൻെറ തെക്കൻഭാഗം മുഴുക്കെ നമ്മുടെ അധീനതയിൽ കൊണ്ടുവരുവാൻ സഹായിച്ചു"[37].

തിരുവിതാംകൂറിൻെറ സഹായത്തിനയച്ച കേണൽ ഹാർട്ട്‌ലിയുടെ സൈന്യത്തിന് യാതൊന്നും ചെയ്യുവാൻ കഴിഞ്ഞില്ലെന്നും മൈസൂർ പടയെ എതിരിടുവാൻ ശക്തിയില്ലെന്ന് മനസ്സിലാക്കിയ ഹാർട്ട്‌ലി കൊടുങ്ങല്ലൂർ കോട്ടയിലേക്ക് പിൻവാങ്ങുകയാണുണ്ടായതെന്നും നാം നേരത്തെ പരാമർശിച്ചതാണ്[38]. എന്നാൽ ടിപ്പുവും സൈന്യവും ആലുവായിൽനിന്നും മൈസൂറിലേക്ക് ധൃതഗതിയിൽ പുറപ്പെട്ടതോടെ ഹാർട്ട്‌ലി അഴിക്കോടെത്തി കടൽതീരത്തിലൂടെ ചേററുവായ് കടന്ന പൊന്നാനിയെ ലക്ഷ്യമാക്കി നീങ്ങി. ഈ സൈനിക പ്രവർത്തനങ്ങളിലൊന്നിലും ഹാർട്ട്‌ലിക്ക് യാതൊരു വക എതിർപ്പും നേരിടേണ്ടതായി വന്നില്ല. ഒക്ടോബർ 9–ാം തീയതി അദ്ദേഹം പാലക്കാട്ടെത്തി. അപ്പോഴേക്ക് കേണൽ സ്റ്റ്യൂവർട്ടിൻെറ നേതൃത്വത്തിൽ കോട്ട പിടിച്ചടക്കി കഴിഞ്ഞിരുന്നു. തലശ്ശേരി ഫാക്ടറിയിലെ മേജർ ഡൌവിൻെറ സൈന്യവുമായി പൊന്നാനിയിൽ വെച്ച് സന്ധിക്കുവാനുള്ള പദ്ധതികൾ തയ്യാറാക്കിയശേഷം നവംബർ പകുതിയോടുകൂടി കേണൽ ഹാർട്ട്‌ലി തൻെറ സൈന്യങ്ങളുമായി പാലക്കാട്ടുനിന്നും പടിഞ്ഞാറോട്ടു നീങ്ങി[39]. അപ്രധാനങ്ങളായ മൈസൂർ സങ്കേതങ്ങൾ പലതും അനായാസേന പിടിച്ചടക്കിയശേഷം കേണലും സൈന്യവും ഡിസംബർ ആദ്യവാരത്തിൽ പൊന്നാനിയിലെത്തി. ഹുസൈൻ അലിഖാൻെറയും മർത്താബലിഖാൻെറയും നേതൃത്വത്തിൽ നിലയുറപ്പിച്ചിരുന്ന മൈസൂർ സൈന്യം ശക്തമായ പ്രതിരോധ പ്രവർത്തനമാണ് നടത്തിയത്. എന്നാൽ ഡിസംബർ 10–ാം തീയതി നടന്ന പൊരിഞ്ഞ യുദ്ധത്തിൽ മൈസൂർ സേനയെ പരാജയപ്പെടുത്തുവാനും അവരുടെ പക്ഷത്ത് വലിയ ആൾ നാശമുണ്ടാക്കുവാനും കേണൽ ഹാർട്ട്‌ലിക്ക് കഴിഞ്ഞു. കമ്പനിയുടെ സൈന്യത്തിൽ ഡെപ്യൂട്ടി അഡ്ജുടെൻറ് ജനറലായ മേജർ ഡിറോം ഈ യുദ്ധത്തെ അദ്ദേഹത്തിൻെറ വിഖ്യാതമായ പുസ്തകത്തിൽ വിവരിക്കുന്നതിങ്ങനെയാണ്: "9000 മൈസൂർ പടയാളികളും 4000 മാപ്പിള സൈനികരുമാണ് മർതാബുക്കാൻെറയും ഹുസൈൻഅലിഖാൻെറയും നേതൃത്വത്തിൽ

37. പി. ആർ. സി. നമ്പർ 153, പുറം 207, 1790 സെപ്റ്റംബർ 27.

38. പൊളിററിക്കൽ പ്രൊസീഡിങ്സ്, ജൂൺ 2, 1790, മദ്രാസിലേക്ക പൗണിയെഴുതിയ കത്ത്, കൺസൽട്ടേഷൻസ്, നമ്പർ 10,

39. ലോഗൻ, മലബാർ മാന്വൽ, വാല്യം 1, 1951 എഡിഷൻ, പുറം 469.

ഹാർട്ട്ലിയെ എതിരിട്ടത്. അത് തിരുവനങ്കരി[40]യിൽ വെച്ച് ഡിസംബർ 10–ാം തീയതി ആയിരുന്നു"[41].

"മർത്താബ് അലിഖാന്റെ സൈന്യനിര വലതു ഭാഗത്തായിരുന്നു. കേണൽ വളരെ വിദഗ്ധമായ സൈനിക മുന്നേറ്റം നടത്തി ശത്രുവെ തുരത്തുകയാണ് ചെയ്തത്. രക്ഷയില്ലെന്നു കണ്ട് മൈസൂർ സൈന്യം മർത്താബ് അലിഖാന്റെ നേതൃത്വത്തിൽ പിൻതിരിഞ്ഞോടുകയും ചെയ്തു. ഹുസൈൻ അലിഖാന്റെ സൈന്യത്തിന് മറ്റുള്ള മൈസൂർ സൈന്യത്തിനോടൊപ്പമെത്താൻ കഴിയുന്നതിന് മുമ്പുതന്നെ അവരെ കമ്പനിയുടെ 75–ാം റജിമെന്റ് നേരിട്ടതിനാൽ അദ്ദേഹവും മൈസൂർ സൈന്യവും തിരൂരങ്ങാടി കോട്ടയിൽ അഭയം തേടാൻ വൃഥാ ഒരു ശ്രമം നടത്തുകയും ചെയ്തു. ഈ ഉദ്യമവും 7–ാം ബററാലിയന്റെ അതിസാഹസികമായ സൈനിക നീക്കം കാരണം സാധിച്ചില്ലെന്നു് മാത്രമല്ല മൈസൂർ സൈന്യത്തിന്റെ 400–ൽ കൂടുതൽ ആളുകൾ നശിക്കുവാനും ഇടവന്നു"[42]. "നാലുവശവും ശത്രുക്കളാൽ വലയം ചെയ്യപ്പെട്ട ദുർഘടമായ അവസ്ഥയിൽ കീഴടങ്ങുവാനുള്ള സന്നദ്ധത അദ്ദേഹം പ്രകടിപ്പിക്കുകയും രണ്ട് സൈനിക സർദാർമാരോടും 900 സൈനികരോടും കൂടി കീഴടങ്ങുകയും ചെയ്തു. ഇവരെയെല്ലാം യുദ്ധത്തടവുകാരായി പിടിച്ചു"[43]. "ഈ യുദ്ധത്തിൽ നമ്മുടെ പക്ഷത്തുണ്ടായ നാശനഷ്ടം വളരെ നിസ്സാരമായിരുന്നു. എന്നാൽ തടവുകാരായി പിടിക്കപ്പെട്ടവർക്ക് പുറമെ ശത്രുപാളയത്തിൽ 1000-ത്തിൽ പരം പേർ മരിക്കുകയോ, മുറിവു പററുകയോ ചെയ്തിരുന്നു"[44]. "മർത്താബ്ഖാൻ, ഫറൂക്കിയ അഥവാ പുതുകോഴിക്കോട്ട് എന്ന സ്ഥലത്തേക്കായിരിക്കും പലായനം ചെയ്തിരിക്കുകയെന്ന് ഊഹിച്ച കേണൽ ഹാർട്ട്ലി സമയം അല്പം പോലും പാഴാക്കാതെ ഇംഗ്ളീഷ് സേനയുമായി മർത്താബുഖാനെ പിന്തുടർന്നു"[45]. എന്നാൽ ഹാർട്ട്ലി എത്തുന്നതിന്റെ തലേദിവസം രാത്രിതന്നെ ഫറൂക്കിലുണ്ടായിരുന്ന ധനശേഖരം മുഴക്കെ ആനകളുടെ പുറത്തു കയററി താമരശ്ശേരി ചുരത്തെ ലക്ഷ്യമാക്കി മർത്താബ്ഖാൻ പ്രയാണം ചെയ്തിരുന്നു[46]. കേണൽ ഹാർട്ട്ലി ഫറൂക്കിലെത്തിയപ്പോഴും അവിടെ നിർത്തിയിരുന്ന 1500 ൽ പരം മൈസൂർയോദ്ധാക്കളും യാതൊരു ചെറുത്തുനില്പും സംഘടിപ്പിക്കാതെ ആയുധംവെച്ച് കീഴടങ്ങുക

40. ഡിറോം പറയുന്ന സ്ഥലം ഇന്നത്തെ തിരൂരങ്ങാടി തന്നെയാണ്.
41. മേജർ ഡിറോം, ടിപ്പുവുമായുണ്ടായ യുദ്ധത്തെപ്പററിയുള്ള വിവരണം, 1792, പുറം 263.
42. ടി. പുറം 263.
43. ടി. പുറം 264.
44. ടി. പുറം 264.
45. ഫോറിൻ, മിസലേനിയസ്, എസ് നമ്പർ 55, പാര 77
46. ഡിറോം, പുറം 246-47, ടി. പുറം 264

യാണ് ചെയ്തത്. ഫറൂക്കിലെ കോട്ടയും പീരങ്കികളും മറ്റു സൈനിക ഉപകരണങ്ങളും ഹാർട്ട്‌ലി കൈവശമാക്കുകയും സൈനികരെ തടവുകാരായി പ്രഖ്യാപിക്കുകയും ചെയ്തു. ബേപ്പൂരും യാതൊരു എതിർപ്പും പ്രകടിപ്പിക്കാതെ ഹാർട്ട്‌ലിക്ക് കീഴടങ്ങി. അവിടെ പുഴയിലുണ്ടായിരുന്ന ബോട്ടുകളും ജലവാഹനങ്ങളും കേണൽ കൈവശപ്പെടുത്തി[47]. ആഹ്ലാദകരമായ ഈ വിജയത്തെ വിലയിരുത്തി കോൺവാലീസ് പ്രഭുവിന് മാലറ്റെഴുതിയതിപ്രകാരമാണ്: "അങ്ങേയറ്റം സന്തോഷവും അഭിമാനവും പ്രദാനം ചെയ്യുന്ന വിജയമാണ് മാർത്താബ്ഖാന്റെയും ഹുസൈൻ അലിഖാന്റെയും മേൽ കേണൽ ഹാർട്ട്‌ലിക്ക് മലബാറിൽ ഉണ്ടായിരിക്കുന്നതെന്ന് ഇപ്പോൾ ബോംബെയിൽ നിന്നും എത്തിയ പ്രത്യേക ദൂതൻ കൊണ്ടുവന്ന എഴുത്ത് സ്പഷ്ടമാക്കുന്നു......."[48]. മലബാറിൽ ഉണ്ടായ അപ്രതീക്ഷിതമായ ഇംഗ്ലീഷ് വിജയം കോൺവാലീസിനേയും സഖ്യകക്ഷികളേയും ഏറെ സന്തോഷിപ്പിച്ചു. കോൺവാലീസ് നിസാമിനു തൽസംബന്ധമായെഴുതിയ കൂട്ടത്തിൽ ഇതുകൂടി പറഞ്ഞിരുന്നു. "സഖ്യകക്ഷികൾ തമ്മിലുണ്ടാക്കിയ സൗഹൃദവും യോജിപ്പും കൊണ്ട് മാത്രമാണ് നമുക്ക് ശത്രുവെ ഇത്രപെട്ടെന്ന് പരാജയപ്പെടുത്തുവാനൊത്തതു്"[49]. നിസാമിനേയും കൂട്ടരേയും തങ്ങളുടെ പക്ഷത്ത് തടഞ്ഞിടുവാനുള്ള ഉപായം മാത്രമായിരുന്നു സഖ്യകക്ഷികൾക്ക് നല്കിയ ഈ അഭിനന്ദനം. ചുരുക്കത്തിൽ തെക്കേ മലബാർ ആകമാനം ഇംഗ്ലീഷധീനതയിലമർന്നു. എന്നാൽ മൈസൂറിന് സൈനികസഹായമില്ലാതാക്കുവാനും കണ്ണൂർ പിടിച്ചടക്കുവാനുമുള്ള ഇംഗ്ലീഷ് ശ്രമം പരാജയപ്പെടുകയാണുണ്ടായതു്. ടിപ്പുവിനോട് കൂറു പുലർത്തിയിരുന്ന ബീബി ഇംഗ്ലീഷ്കാരെ കോട്ടയ്ക്കകത്ത് കടത്തുവാൻ കൂട്ടാക്കിയില്ല. എന്നാൽ യുദ്ധത്തിന്റെ പോക്ക് മൈസൂറിന് അപായകരമായ ആപത്താണുണ്ടാക്കുന്നതെന്ന് മനസ്സിലാക്കുകയും ഇംഗ്ലീഷ് പക്ഷത്ത്നിന്നും കടുത്ത സമ്മർദ്ദം അനുഭവിക്കുകയും ചെയ്തുകൊണ്ടിരുന്ന അറയ്ക്കൽ രാജവംശം 1790 ആഗസ്റ്റ് 8-ാം തീയതി, മുൻവിവരിച്ചതുപോലെ ഇംഗ്ലീഷ് കമ്പനിയുമായി ഉടമ്പടിയിൽ എത്തുകയാണ് ചെയ്തതു്. എന്നാൽ ഉടമ്പടിക്ക് വിപരീതമായി മൈസൂർ സേന കണ്ണൂരെത്തിയപ്പോൾ അവരെ കോട്ടയ്ക്കകത്ത് പ്രവേശിക്കുവാൻ ബീബി അനുവാദം നല്കി[50]. ബോംബെയിൽ നിന്നും കൂടുതൽ സൈന്യവുമായി മലബാറിലെത്തിയിരുന്ന കേണൽ ആബർക്രോംബി തൻമൂലം കണ്ണൂർകോട്ട ആക്രമിക്കുവാനുള്ള സജ്ജീകരണങ്ങൾ

---

47. ടി. പുറം, 264
48. പി. ആർ. സി നമ്പർ 193, ഡിസംബർ 31, 1790.
49. ഏ ആർ. നമ്പർ 958, ജനുവരി 22, 1791, പുറങ്ങൾ 134-35; കോൺവാലീസ് നിസാമിനെഴുതുന്ന കത്ത്, ഹൈദരബാദ് ആർക്കൈവ്സ്.
50. പൊളിററിക്കൽ പ്രൊസീഡിങ്സ്, 1790, ഡിസംബർ 24, കൺസൾട്ടേഷൻസ്", നമ്പർ 22, 23

നടത്തി. 1790 ഡിസംബർ 13–ന് കോട്ടയെ പ്രതിരോധിക്കുവാൻ തുടങ്ങി. കോട്ടയ്ക്കകത്തുണ്ടായിരുന്ന മൈസൂർ സൈന്യവും കണ്ണൂർ സേനയും അഭിമാനകരമാംവണ്ണം ശക്തമായെതിർത്തു നിന്നു. എന്നാൽ ഡിസംബർ 17-ാം തീയതി ആയതോടുകൂടി തങ്ങൾക്ക് യാതൊരു രക്ഷയുമില്ലെന്ന് മനസ്സിലാക്കിയ മൈസൂർ സൈന്യം നിരുപാധികമായി കീഴടങ്ങുകയാണ് ചെയ്തത്[51]. കണ്ണൂരിൽ നിന്നും വിലമതിക്കാനൊക്കാത്ത സൈനികോപകരണങ്ങളും, ബോട്ടുകളും മററു ജലവാഹനങ്ങളും കമ്പനിക്ക് കിട്ടിയതിന്ന് പുറമെ വളരെ പ്രധാനമായിരുന്ന വലിയ ശേഖരം ധാന്യങ്ങളും പിടിച്ചെടുക്കുവാനവർക്ക് സാധിച്ചു. ബീബിയുടെ ഭർത്താവ് ഈ യുദ്ധത്തിൽ മരണമടഞ്ഞിരുന്നതിനാൽ ഇംഗ്ലീഷ് ക്യാമ്പിലേക്ക് സന്ധിസംഭാഷണത്തിന്നായി പോയത് ബീബിയുടെ മന്ത്രിയും അടുത്ത കിരീടാവകാശിയുമായിരുന്നെന്നാണ് ലോഗൻ പറയുന്നത്[52]. 5000-ത്തിൽ പരം മൈസൂർ സൈനികർ ആയുധം വെച്ച് കീഴടങ്ങിയവരിൽപ്പെടുന്നു. അവരെയെല്ലാം തടവുകാരാക്കുകയാണ് ആബർക്രോംബി ചെയ്തത്. "ഐറോപ്യൻ ശക്തികൾക്ക് ഇൻഡ്യൻ തീരങ്ങളിലാദ്യമായി സ്വാഗതം നല്കിയ കണ്ണൂർ തന്നെയായിരുന്നു ഇംഗ്ലീഷുകാരുടെ ആക്രമണത്തെ അവസാനംവരെ ചെറുത്തുനിന്ന സ്ഥലവും. മലബാറിൽ ഒടുവിലായി മാത്രം അവരുടെ കൈവശം വന്നുചേർന്ന പ്രദേശവും അതുതന്നെയായിരുന്നു[53].

അങ്ങിനെ 1790 അവസാനത്തോടുകൂടി മലബാർ പ്രദേശത്തെ മൈസൂർ ആധിപത്യം നാമാവശേഷമായി. ഈ പ്രദേശമത്രയും ഇംഗ്ലീഷുകാരുടെ കീഴിലമരുകയും ചെയ്തു. മൈസൂർ ശക്തിയുടെ തിരോധാനം ഇംഗ്ലീഷ് കമ്പനിയെ പടിഞ്ഞാറൻ തീരങ്ങളിൽ ആരാലും ചോദ്യം ചെയ്യപ്പെടുവാനൊന്നാത്ത അജയ്യശക്തിയാക്കിത്തീർത്തു. മലബാറിലെ തുറമുഖങ്ങൾ കൈവശമാക്കുകയെന്ന കമ്പനിയുടെ ചിരകാലാഭിലാഷം പരിപൂർണ്ണമായും വിജയം കണ്ടു. കുരുമുളകിനും മററു സുഗന്ധദ്രവ്യങ്ങൾക്കും വേണ്ടി കച്ചവടത്തിനെത്തിയ അവർക്ക് ഈ വിലപ്പെട്ട വ്യാപാരോല്പന്നങ്ങളുടെ മേൽ കുത്തകാവകാശം കൈയ്യടക്കുകയെന്ന മോഹവും സാധിച്ചു. ആംഗ്ലേയ കൊളോണിയൽ സാമ്രാജ്യത്വത്തിൻെറ വിജയകരമായ ഉത്ഘാടന പ്രക്രിയയാണ് പിന്നീടുണ്ടായത്".

---

51. ലോഗൻ, ഉടമ്പടികൾ മുതലായവ, i, elix; ഫോറിൻ മിസലേനിയസ് എസ്. നമ്പർ 55, പുറം 83.

52. ലോഗൻ, മലബാർ മാന്വൽ, 1951 എഡിഷൻ, വാല്യം, 1, പുറം 471.

53. ടി. പുറം 471.

# 11

# ശ്രീരംഗപട്ടണം സന്ധി: മലബാർ കമ്പനിഅധീനതയിൽ

യുദ്ധം തുടങ്ങി അധികം കഴിയുന്നതിനു മുമ്പ് തന്നെ സഖ്യശക്തികളോട് കൂട്ടായും ഒററയൊററയായും സമാധാന സംഭാഷണത്തിനുള്ള സംരംഭങ്ങൾ ടിപ്പു നടത്തിയിരുന്നു[1]. യഥാർത്ഥത്തിൽ ഏതു് വിധേനയും യുദ്ധം ഒഴിവാക്കുവാൻ അദ്ദേഹം ശ്രമിച്ചുകൊണ്ടിരുന്നു. ഇംഗ്ളീഷ് കമ്പനിക്കു് സകലവിധ വിജയസാദ്ധ്യതയും ഉണ്ടെന്നു് മനസ്സിലാക്കുവാൻ സാധിച്ച കോൺവാലീസ്സാകട്ടെ ടിപ്പു അയച്ച സമാധാനദൗത്യം സ്വീകരിക്കുവാൻ തയ്യാറായില്ല[2]. എന്നാൽ യുദ്ധഗതി തനിക്കു് വിനാശകരമായാണ് നീങ്ങുന്നതെന്നു് കണക്കു കൂട്ടുവാൻ കഴിഞ്ഞ ടിപ്പു തൻെറ സമാധാന ശ്രമങ്ങൾ തുടർച്ചയായിത്തന്നെ നടത്തിക്കൊണ്ടിരുന്നു. ശ്രീരംഗപട്ടണം ശത്രുസേനകൾ നാലു് വശത്തു് നിന്നും വളഞ്ഞിരിക്കുന്ന അവസ്ഥയിൽ യുദ്ധത്തിൻെറ ഭീകരത അനുദിനം വർദ്ധിച്ചുകൊണ്ടിരുന്നു. സമാധാന സംഭാഷണത്തിൻെറ മുന്നോടിയായി കോയമ്പത്തൂർ നിന്നും പിടിച്ചു തടവുകാരാക്കിയിരുന്ന ഇംഗ്ളീഷ് സൈനികരെ മോചിപ്പിക്കണമെന്ന കോൺവാലീസിൻെറ പിടിവാശിയും ടിപ്പു അനുസരിക്കുവാൻ തയ്യാറായി[3]. തടവുകാരെയെല്ലാം നിരുപാധികം മോചിപ്പിക്കുകയും ചെയ്തു. സുൽത്താൻെറ വിശ്വ

---

1. പി. ആർ. സി. നമ്പർ 292, പുറം 388, ഏപ്രിൽ 15, 1791, നാഷണൽ ആർക്കൈവ്സ്, നമ്പർ 16, നിസാമിന്നു് ടിപ്പു എഴുതുന്നു, ടി. 379, ബക്ഷിബീഗത്തിന് ടിപ്പു എഴുതുന്നതു്.
2. പി. ആർ. സി. വാല്യം 3, നമ്പർ 126, ജൂൺ 16, 1790, കോൺവാലീസ് മാലററിന്നെഴുതുന്നതു്, പുറം 162.
3. ഫോറിൻ പൊളിററിക്കൽ സീക്രട്ട് പ്രൊസീഡിങ്സ്, എസ്, നമ്പർ 96 എ, പുറം 3068

സ്ഥരിൽ ഒരാളായ മുഹമ്മദലി എന്ന സേനാധിപതിയെ കൂടെ അവരോടൊപ്പം അയക്കുകയും ചെയ്തു[4]. ഇതേത്തുടർന്ന് നിശ്ചിതമായ സ്ഥലത്ത് വെച്ച് ടിപ്പുവിന്റെ പ്രതിപുരുഷന്മാരെ സ്വീകരിക്കുവാൻ തയ്യാറാണെന്ന് 1792 ഫെബ്രുവരി 11–ാം തീയതി കോൺവാലീസ്സയച്ച കത്തിൽ പ്രസ്താവിച്ചിരുന്നു[5]. ഈ സന്ദേശം ലഭിച്ചതും ഫെബ്രുവരി 13–ാം തീയതി തന്നെ ഗുലാം അലിഖാനേയും അലി റാസാഖാനേയും സമാധാന സംഭാഷണങ്ങൾക്കായി ഇംഗ്ളീഷ് പാളയത്തിലേക്ക് തന്റെ പ്രതിനിധികളായി ടിപ്പു പറഞ്ഞയച്ചു. ഇംഗ്ളീഷ് കമ്പനിക്കുവേണ്ടി ജോൺ കെന്നവേയും, നിസാമിന്റെ പ്രതിനിധിയായി മീർആലവും, പേഷ്വയുടെ പ്രതിപുരുഷന്മാരായി ഗോഹന്ദ് രാംകൃഷ്ണനും, ബജാജിമഹെൻ ഡെയിലും ആണ് സന്ധിസംഭാഷണത്തിൽ സന്നിഹിതരായിരുന്നവർ. ഉഭയകക്ഷികൾ തമ്മിൽ കൂട്ടായും ഒററയൊററയായും നടത്തിയ കൂടിയാലോചനകളെയും സന്ധിസംഭാഷണങ്ങളെയും എല്ലാം അധികരിച്ച് ജോൺ കെന്നവേ തയ്യാറാക്കിയിരുന്ന സംഗ്രഹറിപ്പോർട്ട് 169 പേജുകളാണ് ഉള്ളത്[6]. ദീർഘമായ ചർച്ചകളും സങ്കീർണമായ പ്രശ്നങ്ങളും സന്ധിസംഭാഷണത്തിന്റെ പുരോഗതിക്ക് തടസ്സമായി നിന്നില്ല. എന്ത് വിലകൊടുത്തും സമാധാനം ഉണ്ടാക്കണമെന്ന് മൈസൂർ പക്ഷത്ത് കഠിനമായ ആഗ്രഹമുണ്ടായിരുന്നതിനാൽ പ്രതിബന്ധങ്ങളെയെല്ലാം അവഗണിച്ച് ഫെബ്രുവരി 23–ാം തീയതി സമാധാന ഉടമ്പടിയുടെ കരട് ടിപ്പു അംഗീകരിക്കുകയും 24–ാം തീയതിതന്നെ യുദ്ധ വിരാമം പ്രഖ്യാപിക്കുകയും ചെയ്തു[7].

സന്ധി ഉടമ്പടിയിലെ വ്യവസ്ഥകൾ താഴെപ്പറയും വിധമായിരുന്നു:-

1. യുദ്ധം തുടങ്ങുന്നതിനു മുമ്പ് ടിപ്പുസുൽത്താന്റെ കൈവശമുണ്ടായിരുന്ന സ്ഥലത്തിന്റെ നേർപകുതി സഖ്യകക്ഷികൾക്ക് വിട്ടുകൊടുക്കണം. അതാകട്ടെ മിക്കവാറും അവരുടെ ഇഷ്ടത്തിനൊത്ത വിധവും അവരവരുടെ രാജ്യാതിർത്തിയോട് തൊട്ടു കിടക്കുന്ന സ്ഥലങ്ങളുമായിരിക്കണം.

2. മൂന്ന് കോടി മുപ്പത് ലക്ഷം രൂപ താഴെ വിവരിക്കുന്ന തരത്തിൽ കമ്പനിക്കും കൂട്ടാളികൾക്കുമായി നല്കണം. അതായത്, ഒരു കോടി അറുപത്തഞ്ച് ലക്ഷം രൂപ ഉടനടി സ്വർണ്ണമോഹറായിട്ടോ പെഗോഡയായിട്ടോ, അതുമല്ലെങ്കിൽ പൂർണ്ണ തൂക്കമുള്ള സ്വർണ്ണം, വെള്ളി നാണയങ്ങളായിട്ടോ

4. ഒറിജിനൽ റസീററ്സ്, നമ്പർ 88, കോൺവാലീസിന് ടിപ്പു എഴുതുന്നത്.
5. പി. ആർ. സി. നമ്പർ 436, പുറം 577, കോൺവാലിസ് ടിപ്പുവിനെഴുതുന്ന കത്ത്, ഫെബ്രുവരി 11, 1790
6. ഫോറിൻ മിസലേനിയസ്, നമ്പർ 57, 1792
7. അത് തന്നെ.

ആയിരിക്കണം കൊടുക്കുന്നത്. അവശേഷിക്കുന്ന ഒരു കോടി മുപ്പത്തഞ്ച് ലക്ഷം രൂപ മൂന്ന് ഗഡുക്കളായി നാലുമാസം കൂടുമ്പോൾ മേൽപറഞ്ഞ നാണയമായോ, ലോഹങ്ങളായോ നല്കുകയും വേണം.

3. ഹൈദരാലിഖാന്റെ കാലം മുതൽ തടവുകാരാക്കിയിരിക്കുന്ന സഖ്യകക്ഷികളുടെയെല്ലാം പ്രജകളെ ഒരാളെ പോലും ബാക്കിയാക്കാതെ ഉടനടി മോചിപ്പിക്കണം.

4 മുകളിൽ പ്രസ്താവിച്ച മൂന്ന് വ്യവസ്ഥകളും പരിപൂർണ്ണമായി നടപ്പാക്കുന്നത് വരെ സുൽത്താന്റെ മൂത്ത മൂന്നു പുത്രന്മാരിൽ രണ്ടു പേരെ ജാമ്യത്തടവുകാരായി അയയ്ക്കണം. രാജകുമാരന്മാരെത്തുന്നതോടെ യുദ്ധവിരാമപ്രഖ്യാപനം നടത്തുകയും സമാധാനം നിലവിൽ വരികയും ചെയ്യും.

5. കരട് രേഖയിൽ കൊള്ളിച്ചിരിക്കുന്ന വ്യവസ്ഥകളത്രയും അംഗീകരിച്ചുകൊണ്ടും സുൽത്താന്റെ ഒപ്പും സീലും മുദ്രണം ചെയ്തുകൊണ്ടുമുള്ള ഉടമ്പടി വരുന്നതോടെ, സഖ്യകക്ഷികളായ മൂന്നു ശക്തികളും അവരവരുടെ ഒപ്പും സീലും വെച്ച് ഉടമ്പടിപ്പത്രങ്ങൾ കൈമാറുന്നതാണ്. യുദ്ധമവസാനിപ്പിച്ചശേഷം നിശ്ചിതമായ [illegible] കൂടിയാലോചനക്ക് ശേഷം ആവശ്യമായ നീക്കുപോക്കുകൾ നടത്തി ശാശ്വതമായ സമാധാന ഉടമ്പടി ഉണ്ടാക്കാവുന്നതുമാണ്"[8].

എന്നാൽ ഉടമ്പടിയുടെ വ്യവസ്ഥകൾ പൂർത്തിയാക്കുന്നതിൽ നിരവധി പ്രശ്നങ്ങളുണ്ടായി. ടിപ്പുവിന്റെ രാജ്യം വിഭജിക്കുന്നതിന്റെ മാനദണ്ഡമായി സ്ഥലത്തിന്റെ വില നിർണ്ണയിക്കുന്ന കാര്യത്തിലും ഏതേതു സ്ഥലം തങ്ങൾക്ക് കിട്ടണമെന്ന സംഗതിയിലും ഇംഗ്ളീഷുകാർക്ക് ഏകപക്ഷീയമായി തീരുമാനമെടുക്കാനുള്ള അധികാരം വേണമെന്ന ദുഃശാഠ്യമാണ് സമാധാനസന്ധി പൂർത്തീകരിക്കുന്നതിൽ പ്രധാന തടസം സൃഷ്ടിച്ചത്. "സഖ്യകക്ഷികൾ വീതിച്ചെടുക്കുന്ന സ്ഥലം ഓരോരുത്തരുടേയും അതിർത്തിയോട് ചേർന്നുകിടക്കുന്നവയായിരിക്കണം" എന്ന് കരാറുടമ്പടിയിലെ നിശ്ചിതവ്യവസ്ഥ മാനിക്കുവാൻ സഖ്യശക്തികൾ തയ്യാറാകാത്തതാണ് മറ്റൊരു ദുർഘടം സൃഷ്ടിച്ചത്. 'ശ്രീരംഗപട്ടണത്തിലേയ്ക്കുള്ള കവാടം എന്ന് വിശേഷിപ്പിക്കാവുന്ന കൂർഗ് തങ്ങൾക്ക് വേണമെന്ന് സഖ്യകക്ഷികൾ ആവശ്യപ്പെട്ടു. അവരുടെ രാജ്യങ്ങളുമായി അതിർത്തിപരമായോ ഭൂമിശാസ്ത്രപരമായോ, യാതൊരു ബന്ധവുമില്ലാത്ത സ്ഥലവുമായിരുന്നു അത്. ഇംഗ്ലീഷുകാർ

8. ഫോറിൻ മിസലേനിയസ്, വാല്യം 54, 1792, ജോൺ കെന്നവേ; ലോഗൻ, ഉടമ്പടികൾ മുതലായവ, വാല്യം II, പുറം 1.
9. ഫോറിൻ മിസലേനിയസ്, വാല്യം 54, 1792.

ഈ വാദമുന്നയിക്കുവാൻ കണ്ട ന്യായം, അവരും കൂർഗിലെ നാടുവാഴിയും തമ്മിൽ ഒരുടമ്പടിയുണ്ടാക്കിയിട്ടുണ്ടെന്നതാണ്. ടിപ്പുവെ സംബന്ധിച്ചിടത്തോളം കമ്പനി നടത്തിയിട്ടുള്ള കരാറുകളൊക്കെമാനിക്കേണ്ട ബാദ്ധ്യത ഒരിക്കലും ഉണ്ടായിരുന്നുമില്ലല്ലോ...തൻമൂലം കൂർഗിനെ ഉൾപ്പെടുത്തിക്കൊണ്ടുള്ള രാജ്യവിഭജനം അദ്ദേഹത്തെ വല്ലാതെ പ്രയാസപ്പെടുത്തി. ഇതിനൊക്കെ പുറമെ ടിപ്പുവിന്റെ ഓഫീസർമാർ നല്കിയ സ്ഥലവിവരണങ്ങളിലാകട്ടെ കൂർഗിനെ മൈസൂർ സാമ്രാജ്യത്തിൽപ്പെട്ട പുരാതനസ്ഥലമായിട്ടാണ് കാണിച്ചിരുന്നതും. ചിരപുരാതനമായി മൈസൂർ രാജ്യത്തിന്റെ ഭാഗമായിരുന്ന യാതൊരു സ്ഥലവും വിഭജിച്ച് അലങ്കോലപ്പെടുത്തുകയില്ലെന്ന് ടിപ്പുവിന്റെ പ്രതിപുരുഷൻമാർക്ക് സഖ്യകക്ഷികൾ ഉറപ്പുനല്കുകയും ചെയ്തിരുന്നു. എന്നാൽ പ്രാഥമിക ഉടമ്പടിവ്യവസ്ഥയ്ക്കും സ്വാഭാവികനീതിക്കും കടകവിരുദ്ധമായ നിലപാടാണ് ഇംഗ്ലീഷ്കാർ അവലംബിച്ചതു്. എല്ലാ രാജമര്യാദകളേയും കാററിൽ പറത്തുന്ന പ്രവൃത്തിയായിരുന്നു അത്.

കൂർഗ്പ്രശ്നം സമാധാന ഉടമ്പടി പൂർത്തീകരിക്കുന്നതിൽ പ്രധാന തടസ്സമായിമാറി. യുക്തിസഹമായ വാദഗതികളോ, വിവേകപൂർവ്വമായ ഉപദേശങ്ങളോ ഒന്നും ചെവിക്കൊള്ളുവാനവർ തയ്യാററായിരുന്നില്ല. തന്മൂലം സന്ധിസംഭാഷണം സ്തംഭിച്ചു ശ്രീരംഗപട്ടണമാക്രമണം പുനരാരംഭിക്കുവാൻ കോൺവാലിസ് ഉടൻ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഫെബ്രുവരി 24-ാം തീയതി മറാത്താസൈന്യവുമായെത്തിയിരുന്ന പരശുറാം ബാഹുവിന് നദികടന്ന് ശ്രീരംഗംകോട്ടയുടെ തെക്കേഭാഗം ആക്രമിക്കുവാൻ തയ്യാറെടുക്കുന്നതിന്ന് ആജ്ഞ ലഭിച്ചു[10]. എന്നാൽ സഖ്യസൈന്യത്തിന്റെ ശക്തിയും ആത്മവിശ്വാസവും കുറഞ്ഞുകുറഞ്ഞു് വരികയായിരുന്നു. യുദ്ധം പുനരാരംഭിക്കുകയും അല്പകാലം കൂടി പിടിച്ചു നില്ക്കുവാനൊക്കുകയും ചെയ്തിരുന്നുവെങ്കിൽ ടിപ്പുവിന് തന്റെ ധനവും രാജ്യവും നഷ്ടപ്പെടാതെ കഴിക്കാനൊക്കുമായിരുന്നുവെന്നാണ് എല്ലാ നിരീക്ഷകന്മാരും ഏകോപിതമായഭിപ്രായപ്പെട്ടിട്ടുള്ളതു്. തന്റെ ചാരസംഘം മുഖേന സഖ്യസൈന്യത്തിന്റെ അങ്കലാപ്പ് മനസ്സിലാക്കുവാൻ ടിപ്പുവിന് ശരിക്കും കഴിഞ്ഞിരുന്നതാനും. എന്നിട്ടും യുദ്ധം പുനരാരംഭിക്കുവാൻ ടിപ്പു തയ്യാറാകാതിരുന്നതു് കോൺവാലീസിന്റെ അടുക്കൽ ജാമ്യത്തടവുകാരായയക്കപ്പെട്ടിരുന്ന തന്റെ പുത്രന്മാരുടെ സുരക്ഷ ഓർത്ത് മാത്രമായിരുന്നു. സന്ധി തകരുകയാണെങ്കിൽ ആ നിമിഷം കുട്ടികളെ പറഞ്ഞയക്കേണ്ടതിന്നു് പകരം അവരെ തടവുകാരാക്കുകയാണ് കോൺവാലീസ് ചെയ്തതു്. യഥാർത്ഥത്തിൽ കോൺവാലീസ് 1791 മേയ്മാസം 19-ാം തീയതി ടിപ്പുവിനയച്ച എഴുത്തിൽ നല്കിയിരുന്ന

10. മൊഹിബ്ബുൾ ഹസ്സൻഖാൻ, ഹിസ്ററി ഓഫ് ടിപ്പുസ്സുൽത്താൻ, പുറം 264.

ഉറപ്പിനും കരട് വ്യവസ്ഥക്കും വിപരീതമായ വഞ്ചനാപരമായ പ്രവൃത്തിയായിരുന്നു ഇതു്[11]. തന്മൂലം 1792 മാർച്ച് 18-ന് ഇംഗ്ളീഷ് വ്യവസ്ഥകൾ അതേപടി സ്വീകരിച്ച് ഉടമ്പടി ഒപ്പിട്ടു ടിപ്പുസുൽത്താൻ ഇംഗ്ലീഷ് പാളയത്തിലെത്തിച്ചു[12]. മാർച്ച് 22-ാം തീയതി കോൺവാലീസ് നിസാമിന്റെയും മറാത്തക്കാരുടേയും പ്രതിനിധികളുമായി രാജകുമാരന്മാരുടെ തടങ്കൽ പാളയത്തിലെത്തി അവർ ഓരോരുത്തരും ഒപ്പിട്ട് ഉടമ്പടിയുടെ കോപ്പി ഏല്പിക്കുകയും ചെയ്തു[13]. മാർച്ചവസാനത്തോടുകൂടി അങ്ങനെ സഖ്യസൈന്യം മൈസൂറിൽ നിന്നും പിൻവാങ്ങി.

സന്ധിസംഭാഷണം തകർന്നതിന്നു് ശേഷവും സമാധാന ഉടമ്പടി ഉണ്ടാക്കുവാൻ സഖ്യകക്ഷികൾ തയ്യാറായതിനെപ്പററി വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളും അനുമാനങ്ങളുമാണ് പലരും നടത്തിയിട്ടുള്ളതു്. "സഖ്യസേനയുടെ നേതൃത്വം കോൺവാലീസ് നേരിട്ടേറെറടുത്തതിന് ശേഷം ഇംഗ്ളീഷ് സേനക്കുണ്ടായ നേട്ടങ്ങൾ മറാത്തക്കാരെ പരിഭ്രാന്തരാക്കിയിരുന്നുവെന്നും, അവർ ടിപ്പുവിന്റെ വർദ്ധിച്ച ശക്തി കുറക്കണമെന്നല്ലാതെ ടിപ്പുവിനെ തീരെ നശിപ്പിക്കണമെന്നാഗ്രഹിച്ചിരുന്നില്ലെന്നുള്ളതാണ് യുദ്ധവിരാമത്തിന്നു് അവരെ പ്രേരിപ്പിച്ചിരിക്കുന്നതെന്നാണ്" 'ടിപ്പുസുൽത്താൻ' എന്ന ആധികാരിക ഗ്രന്ഥത്തിന്റെ കർത്താവായ മൊഹിബ്ബുൽ ഹസ്സൻ ഖാൻ പ്രസ്താവിക്കുന്നത്[14]. പൂന റെസിഡന്റിന്റെ കറസ്പോണ്ടൻസിലെ 344-ഉം 345-ഉം ആയി കൊടുത്തിരിക്കുന്ന കത്തുകൾ മേലുദ്ധരിച്ച അഭിപ്രായത്തെ സ്ഥിരീകരിക്കുവാനുപകരിക്കുന്നവയാണ്". "അനായാസേനയും ദ്രുതഗതിയിലും മൈസൂർഭാഗത്തുണ്ടായിരുന്ന പ്രധാന കോട്ടകൾ ഒന്നൊന്നായി ഇംഗ്ളീഷ് സേന പിടിച്ചടക്കിയെടുക്കുന്നതു് യഥാർത്ഥത്തിൽ പൂനയിലെ ഭരണാധികാരികൾക്ക് അങ്കലാപ്പുണ്ടാക്കുകയാണ് ചെയ്തതു്. ഇംഗ്ളീഷ് ആധിപത്യത്തിന്റെ തുടക്കമായവർ അതിനെ ബോധപൂർവ്വം മനസ്സിലാക്കിയിരുന്നുവെന്ന് വേണം ഊഹിക്കുവാൻ. തൻമൂലം സഖ്യപക്ഷത്ത് കൂട്ടായി നിന്നു് സൈനികപ്രവർത്തനം നടത്തുന്നതിന് പകരം സ്വന്തം രാജ്യം വിസ്തൃതിപ്പെടുത്തുന്ന യുദ്ധപ്രവർത്തനമാണ് പരശുരാം ബാഹുവും മറാത്താസേനയും ചെയ്തുകൊണ്ടിരുന്നതു്. മാർഗി എന്ന സ്ഥലത്തേക്ക് ത്വരിതഗതിയിൽ എത്തിച്ചേരുവാൻ മാലററ് പരശുറാം ബാഹുവിന് നിർദ്ദേശം നല്കിയിട്ടും, അതിന്നായി പലവട്ടം ആവർത്തിച്ചാവശ്യപ്പെട്ടിട്ടും, കിഴക്കോട്ടു പോകുന്നതിന് പകരം കൂടുതൽ കൂടുതൽ പടിഞ്ഞാറോട്ടു പ്രയാണം

11. മിലിട്ടറി കൺസൾട്ടേഷൻസ്, ജനവരി 17, 1891, കോൺവാലീസ് ടിപ്പുവിനെഴുതുന്നതു്, മേയ് 19, വാല്യം 149 ബി, പുറങ്ങൾ 3027-31.
12. ലോഗൻ, ഉടമ്പടികൾ മുതലായവ, വാല്യം ii, നമ്പർ 11.
13. ഡിറോം, മുൻ ഉദ്ധരിച്ച ഗ്രന്ഥം, പുറങ്ങൾ 246-47.
14. മൊഹിബ്ബുൽ ഹസ്സൻഖാൻ, മുൻ ഉദ്ധരിച്ച ഗ്രന്ഥം, പുറം 255.

നടത്തുകയാണ് അദ്ദേഹം ചെയ്തത് എന്നതിൽ നിന്നും മറാത്തക്കാരുടെ മാനസികാവസ്ഥ സ്പഷ്ടമാണല്ലോ[15]. ഇതൊക്കെ ശരിതന്നെയെങ്കിലും ദേശീയമായ ഒരു വിപത്തിന്റെ ആപൽസൂചന ബോധപൂർവ്വം മനസ്സിലാക്കത്തക്ക ക്രാന്തദർശിത്വം നിസാമിനോ, മറാത്തക്കാർക്കോ ഉണ്ടായിരുന്നുവോ എന്ന് സംശയമാണ്. സഖ്യകക്ഷികളിൽ പെട്ട ഓരോരുത്തരും അവരവരുടെ ഭാഗധേയം ശ്രേയസ്കരമാക്കുവാനുള്ള പ്രവർത്തനങ്ങളിലാണ് വ്യാപൃതരായിരുന്നത്. സന്ധിസംഭാഷണങ്ങളിൽ മറാത്തക്കാരും നിസാമുമായിരുന്നു അമിതമായ ആവശ്യങ്ങൾ ഉന്നയിച്ച് ടിപ്പുവിന്റെ പ്രതിനിധികളെ വീർപ്പുമുട്ടിച്ചിരുന്നത് എന്നതിൽ നിന്നും മിറോദ്ബ്യൂഷൻറേ എത്തിച്ചേരുന്ന നിഗമനം ശരിയല്ലെന്ന വസ്തുതയാണ് വെളിവാകുന്നത്. നിസാമിന്റെ പ്രതിനിധിയായ മുഷീറുൽമൽക്ക് ആവശ്യപ്പെട്ടത്[16] ഒരു കോടി രൂപയും ടിപ്പുവിനും കുടുംബത്തിനും ജീവിക്കുവാനാവശ്യമായ വരുമാനം കിട്ടുന്ന സ്ഥലങ്ങളെ കഴിച്ച് മറ്റെല്ലാം വേണമെന്നുമായിരുന്നു. ഇത് കോൺവാലീസ് നിരാകരിക്കുകയാണ് ചെയ്തത്. അതുപോലെ തന്നെ മറാത്താപക്ഷത്ത് നിന്നും ഡർബാർ ചിലവുകൾക്കായി ഹരിപത്ത് 60 ലക്ഷം രൂപ വേണമെന്നാവശ്യപ്പെട്ടെങ്കിലും ഇംഗ്ളീഷ് ഇടപെടലിന്റെ ഫലമായാണ് അത് പകുതി കുറച്ചത് എന്ന കാര്യവും ഓർക്കേണ്ടതുണ്ട്[17]. ഉടമ്പടി ഒപ്പ്‌വെച്ച് കൈമാറിയശേഷവും, യുദ്ധവിരാമം നടപ്പിൽ വന്ന് ഏറെ കഴിഞ്ഞിട്ടും, പരശുറാം ബാഹു തന്റെ രാജ്യത്ത് നടത്തിയ കൊള്ളയെ ടിപ്പു തന്റെ എഴുത്തിലൂടെ ശക്തിയായപലപിക്കുന്നുമുണ്ട്. അദ്ദേഹമെഴുതി; ''സമാധാനം നിലവിൽവന്നു എന്നറിഞ്ഞ് നാടുവിട്ടുപോയ കർഷകർ തിരിച്ച് വന്നപ്പോൾ പരശുറാംബാഹുവിന്റെ കുതിരപ്പട്ടാളം അവരെ കൊള്ളയടിക്കുകയും കുറെ പേരെ പിടിച്ചുകൊണ്ടുപോവുകയും ചെയ്തു. ഇതിന് പുറമേ മൈസൂർ സർക്കാരിന്റെ വക 63 ഒട്ടകങ്ങളേയും പീരങ്കി വാഹികളായ 3000 കാളകളേയും ഇവർ കവർച്ച നടത്തിയിട്ടുണ്ട്''[18]. ടിപ്പു പിന്നേയും തന്റെ ആക്ഷേപം പലവട്ടമാവർത്തിക്കുന്നതായും നാം കാണുന്നു. മറ്റൊരെഴുത്തിൽ, ടിപ്പു പറയുന്നതിപ്രകാരമാണ്: ''പരശുറാംബാഹുവിന്റെ 1000-ത്തിൽ പരം കുതിരപ്പടയാളികളും കുറേ കാലാൾസേനയും കൂടി രാജ്യത്തുടനീളം കൊള്ളയും കൊള്ളിവെപ്പും നടത്തിക്കൊണ്ടിരുന്നു...ഞാനിതെഴുതുന്നത് അതർഹിക്കുന്ന ഗൗരവത്തിൽ കാര്യം രമ്യമായി വേഗം പരിഹരിക്കുന്നതിന്നാണ്. പരശുറാം ബാഹുവും സൈന്യവും നാട് മുടിച്ചുകൊണ്ടിരിക്കുന്നു. ഇതിന്ന് മുമ്പും,

---

15. മിറോദ് ബ്യൂഷൻറേ, പൂനാ റസിഡൻസി കരസ്പോണ്ടൻസ്, വാല്യം മൂന്ന്, അവതാരിക.
16. മിലിട്ടറി സൻട്രീസ്, വാല്യം 106, പുറം 84.
17. ടി.
18. ഹോറിൻ, മിസലേനിയസ്, നമ്പർ 54, പുറം 335, ഗുലാം അലി ഖാനും അലി റിസായ്ക്കും മാർച്ച് 18, 1792-ൽ എഴുതുന്നത്.

സമാധാന ഉടമ്പടി ഉണ്ടായതിന് ശേഷവും, പലവട്ടമായി ഇതാവർത്തിക്കുന്നു[19]". കോൺവാലീസിന്നയച്ച ഈ എഴുത്തിൽ ഉടനടി വേണ്ടത് ചെയ്യുന്നില്ലെങ്കിൽ ഇതവസാനിപ്പിക്കുവാൻ തനിക്കറിയാമെന്ന് ടിപ്പു ഭീഷണമായ ഭാഷയിൽതന്നെ മുന്നറിയിപ്പ് നല്കിയിരുന്നു. ടിപ്പുവിൻെറ വക്കീലന്മാർ ജോൺ കെന്നവേയെ വിവരം അപ്പോഴപ്പോൾ അറിയിച്ചുകൊണ്ടിരുന്നുവെന്ന് മാത്രമല്ല, ഈ കൊള്ള അവസാനിപ്പിക്കുവാൻ അദ്ദേഹം പലവുരു പരശുറാംബാഹുവെ ഉപദേശിക്കുകയും ചെയ്തതായി രേഖകളുമുണ്ട്[20]. നേരിട്ടുപദേശിച്ചിട്ട് ഫലം കാണാഞ്ഞപ്പോൾ ബജാജി പണ്ഡിററിന് കെന്നവേ നേരിട്ടെഴുതിയ കത്തിൽ പരശുറാംബാഹുവെ ഉടൻ മൈസൂർ രാജ്യത്ത് നിന്ന് പിൻവലിക്കണമെന്നാവശ്യപ്പെട്ടിരുന്നു. പൂനയിൽനിന്നും കെന്നവെയ്ക്ക് ലഭിച്ച മറുപടിയിൽ എത്രയും വേഗം പരശുറാംബാഹുവിനേയും സൈന്യത്തേയും തിരിച്ചു വിളിക്കുവാനുത്തരവ് നല്കിക്കഴിഞ്ഞതായിട്ടാണറിയിച്ചിരുന്നത്[21]. മേജർ ഡിറോം എഴുതുന്നത്, "കോൺവാലീസ് തന്നോട് കാണിക്കുന്ന വലിയ സൗജന്യമായി താൻ കണക്കാക്കുമായിരുന്നു പരശുറാംബാഹുവിനെ നിലക്ക് നിർത്തുവാൻ തനിക്കനുവാദം നല്കിയിരുന്നെങ്കിൽ എന്ന് ടിപ്പു കോൺവാലീസിന് നിവേദനം നടത്തിയിരുന്നു"" എന്നാണ്[22]. ഡിറോം തുടർന്നെഴുതുന്നത് "പരശുറാംബാഹു ടിപ്പുവിനെ നേരിടുവാൻ തന്നെ തയ്യാറായിരുന്നു[23]" എന്നാണ്. ഇത് നല്കുന്ന സൂചന പരശുറാം ബാഹുവും കൂട്ടരും യുദ്ധമവസാനിപ്പിച്ചതിൽ സംതൃപ്തരായിരുന്നില്ലെന്ന് തന്നെയാണ്. ഈ വക അന്യായപ്രവൃത്തികളും സന്ധിസംഭാഷണ വേളയിൽ അവരുന്നയിച്ച ദുരാഗ്രഹപരമായ അമിത ആവശ്യങ്ങളുമൊക്കെ സ്പഷ്ടമാക്കുന്നത് ടിപ്പുവെ നാമാവശേഷമാക്കിയാലും തരക്കേടില്ല തങ്ങൾക്ക് ധനവും രാജ്യവിസ്തൃതിയും ഉണ്ടാക്കണമെന്നതിൽ കവിഞ്ഞ് മറെറാരു ഛേതോവികാരവും ഇവർക്കാർക്കും ഉണ്ടായിരുന്നില്ലെന്ന് തന്നെയാണ്.

നേരെമറിച്ച് ടിപ്പുവുമായുള്ള യുദ്ധത്തെക്കുറിച്ച് ഇംഗ്ളീഷ്കാർക്ക് ആസൂത്രിതമായ പദ്ധതിയും സമാധാനമുണ്ടാക്കുന്നത് ഏത് വിധമായിരിക്കണമെന്നതിനെ സംബന്ധിച്ച് മുൻധാരണയും ഉണ്ടായിരുന്നതായി കാണുവാനൊക്കും. യുദ്ധം എപ്പോൾ തുടങ്ങുന്നുവെന്നും അത് എങ്ങനെ അവസാനിപ്പിക്കണമെന്നും വ്യക്തമായ പ്ളാൻ അവർ നേരത്തെ തന്നെ തയ്യാറാക്കിയിരുന്നു. 1790 മേയ് 5-ന് തന്നെ മാലററ് കോൺവാലീസ് പ്രഭുവിനെഴുതുന്നതിൽനിന്നും ഇംഗ്ളീഷ്കാരുടെ വിദഗ്ധമായ ആസൂത്രണം വ്യക്ത

19. ടി. അനുബന്ധം, നമ്പർ 46.
20. ടി. അനുബന്ധം, നമ്പർ 58.
21. ടി. അനുബന്ധം, നമ്പർ 61.
22. മേജർ ഡിറോം, മുൻ ഉദ്ധരിച്ച ഗ്രന്ഥം, പുറം 246.
23. ടി.

മാകുന്നണ്ട്". അദ്ദേഹം എഴുതി: "ടിപ്പുവുമായുണ്ടാകുന്ന യുദ്ധത്തിൽ നമുക്കേററവും അനുകൂലമായ പര്യവസാനം സാദ്ധ്യമാകും വിധം സമാധാന ഉടമ്പടി വ്യവസ്ഥകൾ നമ്മുടെ പൂർണ്ണമായ നിർദേശാടിസ്ഥാനത്തിലായിരിക്കുകയെന്നതാണ്. അങ്ങനെ ടിപ്പുവുമായി ഒരു ഒത്തുതീർപ്പു ഉണ്ടാകുമ്പോൾ ഏററവും അഭികാമ്യമായിരിക്കുക താഴെ പറയുന്ന സംഗതികൾ വിജയകരമായി നിർവ്വഹിക്കുകയെന്നതിലാണ്. മലബാർ തീരത്തുനിന്നും ടിപ്പുവിനെ തുരത്തുകയും നമ്മുടെ കച്ചവട വ്യവസ്ഥക്ക് നിദാനമായി അവിടങ്ങളിലുണ്ടായിരുന്ന നായർ നാടുവാഴികളെ അവരവരുടെ നാട്ടിലും സ്ഥലത്തും പുനർവാഴിക്കുകയും ചെയ്യുക, അങ്ങനെ ബോംബെ ഗവൺമെൻറിനെ ബാധിച്ചിരിക്കുന്ന സാമ്പത്തിക പരാധീനത ഒഴിവാക്കുക, പശ്ചിമഘട്ടത്തിനും ബൽകാട്ടിനും ഇടയ്ക്കുള്ള കോട്ടകളത്രയും നമ്മുടെ അധീനത്തിൽ കൊണ്ടുവരികയും അതുവഴി നമ്മുടെ രാജ്യാതിർത്തിയുടെ രക്ഷ സുഗമമാക്കുകയും ചെയ്യുക, അവശേഷിക്കുന്ന മൈസൂർ രാജ്യത്തിൻെറ അധിപതിയെന്ന നിലയിൽ ടിപ്പുവിനെ കമ്പനിയുടെ സുഹൃത്തും സഖ്യകക്ഷിയും ആകത്തക്കവിധമുള്ള സൈനിക കരാറുകൾ ടിപ്പുവുമായുണ്ടാക്കുക, അത് വഴി മറാത്തക്കാരുടെ വളർച്ചയെ എക്കാലവും തടയത്തക്ക ശക്തിയാക്കിമാററുക തുടങ്ങിയവയാണ് നമ്മുടെ ആവശ്യം. ടിപ്പുവിനെ നമ്മുടെ ദൃഢവും ശക്തവുമായ അധികാര നിർദ്ദേശങ്ങളുടെ വലയത്തിൽ കൊണ്ടുവരുവാൻ സാധിക്കുകയെന്നതായിരിക്കണം അഭ്യൂഹിക്കാവുന്ന ഏത് രാഷ്ട്രീയ നീക്കുപോക്കുകളുടെയും സുദൃഢമായ അടിസ്ഥാനം."24. ടിപ്പുസുൽത്താൻെറ എതിർപ്പിനേയും ഇംഗ്ലീഷ് വിരോധത്തേയും ഇല്ലായ്മ ചെയ്യുകയും വർദ്ധിച്ചുവരുന്ന മൈസൂർശക്തിയെ ദുർബലമാക്കുകയും ചെയ്യുകയെന്നതിൽ കവിഞ്ഞ് ടിപ്പുവിനെയോ മൈസൂറിനെയോ ഇല്ലാതാക്കണമെന്ന് ഇംഗ്ലീഷ്കാർ ആരംഭത്തിൽ ആലോചിച്ചിരുന്നില്ല. ഹൈദരാബാദിലെ നിസാമിനേയും മറാത്തായിലെ ഭരണാധികാരികളേയും ഭയപ്പെടുത്തി നിലക്ക് നിർത്തുവാൻ പററുക ടിപ്പുവിൻെറ സാന്നിദ്ധ്യത്തിന്ന് സാധിക്കുമെന്ന് അവർ ന്യായമായും ഊഹിച്ചിരുന്നു. ഇംഗ്ലീഷ് വിരോധ മനോഭാവം കളഞ്ഞാൽ ടിപ്പുവുമായി സൗഹൃദത്തിലും സമാധാനത്തിലും കഴിയുവാനും കമ്പനിയുടെ സഖ്യകക്ഷിയായി എടുക്കുവാനും അവർ തയ്യാറുമായിരുന്നു. മാർക്വിസ് വെല്ലസ്ലി 1804 ജൂലായ് 13-ാം തീയതി കമ്പനിയുടെ ഡയറക്ടർ ബോർഡിൻെറ രഹസ്യവിഭാഗത്തിന്നയച്ച സുദീർഘമായ വിവരണത്തിൽ ഇംഗ്ലീഷ്കാർ ടിപ്പുവെ തങ്ങളുടെ പങ്കാളിയാക്കുവാൻ അവസാനംവരെ ശ്രമിച്ചിരുന്നുവെന്ന് മനസ്സിലാക്കുവാൻ ഒക്കും. "1792 മുതൽ 1798 വരെയുള്ള കാലത്ത് മൈസൂറിൻെറ വളർച്ചയും നമ്മോടുള്ള കടുത്ത വൈരാഗ്യവും ലഘൂകരിക്കുവാനും ഒരുപക്ഷേ നമ്മുടെ ഗുണത്തിനുപയോഗപ്പെടുത്തുവാനും സാധിതമായിരുന്നു. 1792-ൽ ശ്രീരംഗപട്ടണം സന്ധിയിൽ ടിപ്പുവിനെ ത്താനെ നമ്മുടെ ആശ്രിത സഖ്യക്കരാറിൽ ഒപ്പുവെപ്പിക്കുവാൻ സാധിക്കു

24. പി.ആർ.സി. ,വാല്യം 111, നമ്പർ 63, പുറം 67, ഫെബ്രുവരി 2,1796

മായിരുന്നുവെങ്കിൽ..."[25] എന്നാണദ്ദേഹത്തിന്റെ നിഗമനം. കോൺവാലീസ് അക്കാലത്ത് അയച്ചിട്ടുള്ള ഔദ്യോഗികകുറിപ്പുകളിലും എഴുത്തുകളിലുമൊക്കെതന്നെ ബോധപൂർവ്വം ആവർത്തിച്ചിരുന്നത് ടിപ്പു സാഹിബിന്റെ അധികാരം കുറയ്ക്കുകയെന്നത് മാത്രമാണ് ഇംഗ്ളീഷ് ലക്ഷ്യമെന്നും ടിപ്പുവെ ഉന്മൂലനാശം വരുത്തുവാൻ ഒരിക്കലും ആഗ്രഹിച്ചിരുന്നില്ലെന്നുമാണ്[26]. ഡൻഡാസ്സിന്നു് കോൺവാലീസ് എഴുതുന്നതിൽ നിന്നും ഇംഗ്ളീഷ്കാർ സൂചിന്തിതമായ മുൻതീരുമാനങ്ങൾക്കനുസൃതമായാണ് യുദ്ധവും സമാധാനവും ഉണ്ടാക്കിയിരുന്നതെന്നു് സുവ്യക്തമാണ്. ഗവർണർ ജനറലിന്റെ എഴുത്തിൽ, "ഇന്ത്യയിൽ നാം നടത്തിയ യുദ്ധം വിവേചനാപൂർവ്വം യുക്തിസഹമായി ചിന്തിക്കുന്ന ആരും പ്രതീക്ഷിച്ചിരിക്കാവുന്നതു് പോലെതന്നെ നമുക്ക് ഏററവും ഗുണകരമായ രീതിയിലും നമ്മുടെ കീർത്തി നിലനിർത്തത്തക്ക വിധവും ശുഭ പര്യവസാനിയായിരുന്നു. നമ്മോടു് കൂടി നില്ക്കുന്ന സഖ്യകക്ഷികളെ കൂടുതൽ ശക്തന്മാരാക്കാതെ തന്നെ നമ്മുടെ ശത്രുവിനെ ബലഹീനമാക്കുവാൻ നമുക്കു് കഴിഞ്ഞിരുന്നു"[27]. ടിപ്പുവിനെ നിശ്ശേഷം നിർമ്മാർജനം ചെയ്യുവാനാഗ്രഹിച്ചിരുന്ന നിരവധി ഇംഗ്ളീഷ് സേനാധിപന്മാരുടെ ഉപദേശങ്ങളെല്ലാം വിഗണിച്ചുകൊണ്ടു് സമാധാന സന്ധിയിൽ ഒപ്പുവെക്കുവാൻ കോൺവാലീസിനെ സ്വാധീനിച്ച ചേതോവികാരം ഇതു് തന്നെയാകാം. ഇംഗ്ലീഷ് ഓഫീസർമാരും സൈനികമേധാവികളും എത്രമാത്രം ടിപ്പുവുമായുണ്ടാക്കിയ ഒത്തുതീർപ്പിനെ ആത്മാർത്ഥമായെതിർത്തിരുന്നുവെന്നതിന്റെ സ്പഷ്ടമായ നിദർശനമാണ്, സന്ധിഉടമ്പടിയിൽ ഒപ്പുവെയ്ക്കുകയും യുദ്ധം അവസാനിപ്പിക്കുകയും ചെയ്യുവെന്നു് കേട്ട മാത്രയിൽ ജനറൽ മേഡോസ് സ്വയം വെടിവെച്ചു് ആത്മഹത്യ ചെയ്ത സംഭവം[28].

സൈനിക-വ്യാപാര പ്രാധാന്യം നോക്കുകയാണെങ്കിൽ ടിപ്പുവിന്റെ അധീനതയിലായിരുന്ന മലബാർ പ്രദേശം വളരെ ആകർഷകമായിരുന്നു. ഇംഗ്ലീഷ് താല്പര്യസംരക്ഷണത്തെ സംബന്ധിച്ചിടത്തോളം മൈസൂർ അധിനിവേശത്തിനു് മുമ്പുള്ള മലബാറിൽ തങ്ങൾക്കേതുവിധം ലാഭകരമായ കച്ചവടം നടത്തുവാൻ സാധിച്ചിരുന്നുവോ, അത് അഭംഗുരം തുടരാനൊക്കണമെങ്കിൽ മൈസൂർ അധീനത്തിൽ നിന്നും മലബാറിനെ അടർത്തിയെടുത്തേ സാധ്യമാകൂ എന്നു് ഇംഗ്ളീഷുകാർക്കറിയാമായിരുന്നു. ടിപ്പുവിന്റെ കീഴിലാണ് മലബാറെങ്കിൽ തങ്ങളുടെ കച്ചവടം ഈ പ്രദേശത്ത് തീരെ ഇല്ലാതാകുമെന്നു് മാത്രമല്ല ഭാവിയിലുണ്ടാകാവുന്ന സൈനിക നീക്ക

25. മാർക്വിസ് വെല്ലസ്ളിയുടെ എഴുത്തുകൾ, മിനുട്ടുകൾ etc, വാല്യം iv, നമ്പർ xxxiii, പുറം 160.
26. പി. ആർ. സി., വാല്യം 111, നമ്പർ 121, പുറം 157.
27. റോഡ്, കോൺവാലീസ്, വാല്യം 11, പുറം 155.
28. മൈൽസ്, ഹിസ്റ്ററി ഓഫ് ടിപ്പു സുൽത്താൻ, പുറം 113,

ങ്ങൾക്ക് ആപല്ക്കരവും കൂടിയാകുമെന്ന് കമ്പനി മേധാവികൾ ന്യായമായും ഊഹിച്ചിരുന്നു. ടിപ്പുവിനെ മലബാറിൽ നിന്നും നിഷ്കാസനം ചെയ്യുക വഴി തലശ്ശേരിയിലുണ്ടായിരുന്ന ഇംഗ്ലീഷ് ആസ്ഥാനം വ്യാവസായികവും രാഷ്ട്രീയവുമായി ഏററവും വിലമതിക്കപ്പെടുന്ന കേന്ദ്രമാക്കി മാററുവാനൊക്കുമെന്ന് കമ്പനി ഉദ്യോഗസ്ഥന്മാരെല്ലാം ഒരേ സ്വരത്തിൽ അഭിപ്രായപ്പെടുന്നുണ്ട്. തലശ്ശേരിഫാക്ടറിയിലെ അന്നത്തെ മുഖ്യനായ ടെയിലർ ബോംബെ ഗവർണർ ആബർക്രോംബിയ്ക്ക് 1790 ജൂൺ 28-ാം തീയതി അയച്ച എഴുത്തിൽ ഊന്നിപ്പറയുന്ന കാര്യം കണ്ണൂർ കോട്ട പിടിച്ചടക്കുകയെന്നതു് വളരെ ആവശ്യമാണെന്നാണ്. "ഇൻഡ്യയുടെ നാനാ തുറമുഖങ്ങളിലായി സ്വന്തം കപ്പലുകൾ വഴി ബീബി ഒരോ വർഷവും കയററി അയയ്ക്കുന്ന കുരുമുളക് മുഴുക്കെ നമുക്ക് ലഭിക്കുകയെന്ന് വന്നാൽ അതുപോലെ അഭികാമ്യമായ മറെറാന്നില്ല,"[29] എന്നാണ് ടെയിലർ എഴുതിയതു്. മലബാർ ഇംഗ്ലീഷാധിപത്യത്തിൽ തന്നെ കൊണ്ടുവരണമെന്ന ആവശ്യം ആബർക്രോംബിയെ നിരന്തരം ഉണർത്തികൊണ്ടിരിക്കുവാൻ ബോംബെഗവൺമെൻറ് സന്ധിസംഭാഷണവേളയിൽ ജാഗ്രത പുലർത്തുകയും ചെയ്തിരുന്നു. ഗോവ മുതൽ കൊച്ചിവരെയുള്ള സ്ഥലം, അതായതു് കടൽത്തീരം മുതൽ പാലക്കാട് ചുരം വരെയുള്ള രാജ്യം, അതിൻെറ ഭൂമിശാസ്ത്രപരമായ കിടപ്പ്, ഉൽപ്പന്നങ്ങൾ, വരുമാനം, വ്യവസായം എന്നീ നിലകളിൽ അമിതപ്രാധാന്യം അർഹിക്കുന്ന ഇടമാണ്. ഈ ചുരത്തിനു് സമീപത്തിലായി കോട്ട കെട്ടി സംരക്ഷണം നടത്താൻ അല്പം സൈനികശേഷിയേ വേണ്ടൂ. രാജ്യസംരക്ഷണമാകട്ടെ അതുകൊണ്ട് സാദ്ധ്യമാവുകയും ചെയ്യും. അതേസമയം തീരപ്രദേശത്തുള്ള തുറമുഖങ്ങളിൽ നമുക്ക് ആധിപത്യം ഉണ്ടാവുകയാണെങ്കിൽ ഫ്രഞ്ചുകാരുമായോ മററു യൂറോപ്യൻശക്തികളുമായോ യാതൊരുവിധ സമ്പർക്കം പുലർത്തുവാനും ടിപ്പുസുൽത്താന് സാദ്ധ്യമാവുകയുമില്ല. അവരായിരുന്നുവല്ലൊ സൈനികോപകരണങ്ങൾ ടിപ്പുവിനു് എത്തിച്ചുകൊടുത്തിരുന്നവർ. ഭാവിയിൽ നമ്മോടൊരു യുദ്ധത്തിനു് തയ്യാറെടുപ്പ സാധിക്കാത്തവിധം ടിപ്പുവിൻെറ സൈനിക സജ്ജീകരണങ്ങൾ ഫലവത്തായി ഇല്ലാതാക്കുവാൻ നമുക്ക സാധിക്കുകയും ചെയ്യും.[30]

അങ്ങനെ, 48,7654½ സി. പഗോഡ വിലമതിക്കുന്ന കോഴിക്കോടുള്ള 63 താലൂക്കുകളും 58,000 സി. പഗോഡ നികുതി കണക്കാക്കിയ പാലക്കാട്ട ചേരിയും ഇംഗ്ലീഷ് ഈസ്ററ്ഇൻഡ്യാകമ്പനിയിലേക്ക് കൈമാററപ്പെട്ടു[31]. ഇതിനു പുറമെ ഇംഗ്ലീഷുകാർക്കു ലഭിച്ച സ്ഥലങ്ങൾ ബാരാമഹൽ,

29. ടി. നമ്പർ 448, പുറം 585.
30. പി. ആർ. സി., നമ്പർ 130, പുറം 167.
31. ഫോറിൻ മിസലേനിയസ്, നമ്പർ 54, 1792; ടി. നമ്പർ 55, പുറങ്ങൾ 84-85

ദിണ്ഡിഗൽ എന്നീ ജില്ലകളും, കൂർഗ് രാജാവിന്റെ സ്ഥലം ഒന്നാകെയും ആയിരുന്നു. നയതന്ത്ര–വ്യവസായ–സൈനിക പ്രാധാന്യമുള്ള മലബാർ ഇംഗ്ലീഷുകാർക്ക കിട്ടിയതു് ഇന്ത്യയിൽ ഇംഗ്ലീഷ് ആധിപത്യത്തെ സുഗമമാക്കുവാൻ സഹായിച്ചു.

സന്ധിഉടമ്പടിയും കൈമാററവും കഴിഞ്ഞ ഉടനെതന്നെ മലബാറിൽ ഭാവിഭരണസംവിധാനം ക്രമീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാൻ കോൺവാലീസ് ആബർക്രോംബിക്ക് നിർദേശം നല്കുകയും ചെയ്തിരുന്നു. ബോംബെ ഗവൺമെൻറ് ഈ ആവശ്യത്തിനുവേണ്ടി നിയമിക്കുന്ന ഉദ്യോഗസ്ഥന്മാരോടൊന്നിച്ചു പ്രവർത്തിക്കുവാൻവേണ്ടി, രണ്ടു സിവിൽ ഉദ്യോഗസ്ഥന്മാരെ അയച്ചുകൊടുക്കാമെന്നും അദ്ദേഹം വാഗ്ദാനം ചെയ്തിരുന്നു. ഇവർ മലബാർ കാര്യങ്ങളെക്കുറിച്ചന്വേഷിക്കുകയും ഭരണസംബന്ധമായ സംവിധാനങ്ങൾ ഉണ്ടാക്കുകയും വേണം. തദനന്തരം ജനറൽ ആബർ ക്രോംബി ബോംബേയിൽ നിന്നും കണ്ണൂരെത്തി. തലശ്ശേരിയിലെ സൈനിക മേധാവിയായ മേജർ ഡോവിനെയും പ്രധാന ഇംഗ്ലീഷു വ്യാപാരിയായ ഫാർമറേയും കമ്മീഷണർമാരായി നിയമിക്കുകയും ചെയ്തു[32]. യുദ്ധാരംഭത്തിൽ ചില വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ മലബാർ രാജാക്കന്മാർ കമ്പനിയുടെ അധീനതയിൽ വന്നുവെന്നതല്ലാതെ കമ്പനിയുടെ ആശ്രിതരായിരിക്കുക എന്നതു് അന്നു് വ്യക്തമാക്കിയിരുന്നില്ല. ടിപ്പുവിൽ നിന്നും ഈ രാജാക്കന്മാരെ വിമോചിപ്പിക്കുക എന്നതിനു് പ്രാധാന്യം നല്കിയിരുന്നതിനാൽ കമ്പനിയുമായുള്ള ഭാവിബന്ധങ്ങളെ സംബന്ധിച്ചു് വ്യക്തമായ വ്യവസ്ഥകളൊന്നും അന്നത്തെ കരാറിൽ ഉൾപ്പെടുത്തിയിരുന്നില്ല[33]. തൻമൂലം ഈ രാജാക്കന്മാർ ഓരോരുത്തരും കമ്പനിയുമായി പുതിയ ഉടമ്പടികൾ ഉണ്ടാക്കേണ്ടതായിവന്നു. കടത്തനാട്ടുരാജാവായിരുന്നു വ്യവസ്ഥാപിതമായ കരാറിൽ ആദ്യമായി ഒപ്പുവെച്ചതു്: ഇതു് 1792 ഏപ്രിൽ 25–നായിരുന്നു. ഉടമ്പടി വ്യവസ്ഥകൾ താഴെ വിവരിക്കും വിധമാണു്:-

1. രാജാക്കന്മാർക്കു് എല്ലാവിധ അവകാശങ്ങളും അധികാരങ്ങളും ഉണ്ടായിരിക്കും. എന്നാൽ ജനദ്രോഹ പ്രവർത്തനങ്ങളുണ്ടായാൽ ബോംബെ ഗവൺമെൻറിന്റെ നിയന്ത്രണം രാജാക്കന്മാരുടെ മേൽ ഉണ്ടായിരിക്കുന്നതാണു്.

2. ഇത്തരം പരാതികൾ സ്വീകരിക്കുവാനും അന്വേഷിക്കുവാനുമായി ഒരു റസിഡൻറിനേയോ ദിവാനേയോ നിയമിക്കുന്നതാണു്.

---

32. ടി. ഖണ്ഡിക, 80, പുറം 90
33. ടി. ഖണ്ഡിക 81, പുറം 90

3. കമ്പനിയുടെയും രാജാവിൻെറയും ഈരണ്ടു പ്രതിനിധികൾ ഒന്നിച്ച് അതാതു സ്ഥലത്തിൻെറ വരുമാനം എത്രയെന്ന് വിലയിരുത്തേണ്ടതാണ്.

4. പ്രജകൾ നല്കേണ്ട നികുതിത്തുക എത്രയാണെന്ന് നിശ്ചയിക്കേണ്ടതും ഇവരാണ്.

5. രാജാവു നല്കേണ്ട വിഹിതം കൊയ്ത്തുകാലമായ ഒക്ടോബർ മാസത്തിലായിരിക്കണം.

6. കമ്പനിക്കു കിട്ടേണ്ട കുരുമുളകിൻെറ വിഹിതം നിശ്ചിതവിലയ്ക്കു ഡിസംബർ മാസത്തിൽ കൊടുക്കണം.

7. അവശേഷിക്കുന്ന കുരുമുളകാകട്ടെ കമ്പനി അധികാരപ്പെടുത്തുന്ന കച്ചവടക്കാർ മുഖാന്തിരമേ വിൽപന നടത്താൻ പാടുള്ളു.

8. നിസ്സാരമായ മററെന്തെങ്കിലും പ്രശ്നങ്ങൾ ഉൽഭവിക്കുകയാണെങ്കിൽ തലശ്ശേരി ഫാക്ടറിയിലെ മുഖ്യനായ ടെയ്ലർ ആവശ്യമായ നീക്കുപോക്കുകൾ ചെയ്യേണ്ടതാണ്. ജനറൽ ആബർ ക്രോംബി മലബാർ സന്ദർശിച്ച് ഈ തീരുമാനങ്ങൾ സ്ഥിരീകരിക്കുന്നതുവരെ ഈ വ്യവസ്ഥകളത്രയും താൽക്കാലികം മാത്രമായിരിക്കും[34].

മററുള്ള രാജാക്കൻമാരുമായി ഇത്തരം ഉടമ്പടികൾ കമ്പനി ഉണ്ടാക്കി. കരാർവ്യവസ്ഥകൾ പ്രകടമാക്കുന്ന വസ്തുത ഇംഗ്ളീഷുകാർ എത്രമാത്രം ഏകപക്ഷീയമായാണ് നിബന്ധനകൾ രാജാക്കൻമാരെക്കൊണ്ട് അംഗീകരിപ്പിച്ചിരിക്കുന്നതു് എന്നത്രെ.

തിരുവിതാംകൂറിനെ സംരക്ഷിക്കുക എന്ന മുഖ്യമായ ഉദ്ദേശ്യത്തോടെയാണ് കമ്പനി ടിപ്പുവിനോട് യുദ്ധപ്രഖ്യാപനം ചെയ്തതെന്ന് മുമ്പ് പ്രസ്താവിച്ചിട്ടുള്ളതാണ്. എന്നാൽ, ടിപ്പുവുമായി ഉണ്ടാക്കിയ സന്ധിയിൽ തിരുവിതാംകൂർ രാജാവിൻെറ പേരുപോലും ഉൾപ്പെടുത്തിയിരുന്നില്ല. അദ്ദേഹമായിരുന്നുവല്ലൊ മൈസൂർ ആക്രമണം സഹിക്കേണ്ടിവന്നതു്. കമ്പനിക്ക് ആളും അർത്ഥവുംകൊണ്ട് അങ്ങേയററം പിന്തുണ നൽകിയിരുന്നതും മററാരുമായിരുന്നില്ലല്ലൊ. യുദ്ധപ്രവർത്തനങ്ങൾക്കായി തിരുവിതാംകൂർ രാജാവ് 25 ലക്ഷം രൂപ സംഭാവന നൽകി[35]. ഈ പ്രതിഭാസത്തെ ചൂണ്ടി ഔദ്യോഗിക ചരിത്രകാരനായ ശങ്കുണ്ണിമേനോൻ വിലപിക്കുന്നതു്

34. ലോഗൻ, ഉടമ്പടികൾ മുതലായവ, വാല്യം 2.

35. പൊളിററിക്കൽ പ്രൊസീഡിങ്സ്, ജൂലായ് 13, 1791; കൺസൾട്ടേഷൻസ്, നമ്പർ 11, 12.

ഇംഗ്ളീഷുകാർക്കും സൗഹൃദമായിരുന്നില്ല, പണമായിരുന്നു ആവശ്യം എന്നാണു്[36]. മൈസൂർ അധിനിവേശം ഇംഗ്ലീഷ് സഹായത്തോടെ ഇല്ലായ്മ ചെയ്താൽ കേരളത്തിൽ ആരാലും ചോദ്യം ചെയ്യപ്പെടാനൊക്കാത്ത പെരുമാളായി വാഴാൻ ഒക്കുമെന്ന അദ്ദേഹത്തിൻെറ ചിരകാലാഭിലാഷം അങ്ങനെ തകർന്നു മണ്ണടിഞ്ഞു. മലബാറിലെ മറ്റുള്ള സഹോദരരാജാക്കന്മാർ ഏതു വിധം കമ്പനിയുടെ അധീശത്വം സ്വീകരിച്ച് ആശ്രിതൻമാരായിത്തീർന്നുവോ അതുപോലെ തിരുവിതാംകൂർ രാജാവും ഇംഗ്ളീഷ് ആധിപത്യം സ്വയം അംഗീകരിച്ച് സാമന്തപദവിയിലേയ്ക്കുമർന്നു. നഷ്ടപരിഹാരമായി പണമോ അതുമല്ലെങ്കിൽ സ്ഥലമോ അദ്ദേഹത്തിനു ലഭിച്ചില്ലെന്നതിനു പുറമെ തൻെറ സ്വാതന്ത്ര്യം പോലും അടിയറവയ്ക്കേണ്ടതായി വന്ന വിരോധാഭാസമാണ് നാം കാണുന്നതു്. തിരുവിതാംകൂർ രാജാവും മൈസൂർ സുൽത്താനും തമ്മിലുണ്ടായ വൈരാഗ്യത്തിനു ഹേതു പള്ളിപ്പുറത്തേയും (അഴീക്കോട്ട) കൊടുങ്ങല്ലൂരിലേയും കോട്ടകൾ വില്ക്കുന്നത് സംബന്ധിച്ചായിരുന്നുവല്ലൊ. എന്നാൽ യുദ്ധം വിജയകരമായി പര്യവസാനിച്ചിട്ടുകൂടി തിരുവിതാംകൂർ രാജാവിന് ആത്യന്തികമായി കിട്ടിയ പ്രതിഫലം കൊടുങ്ങല്ലൂർ കോട്ട കൊച്ചിക്ക് നല്കുക എന്ന നിബന്ധനയായിരുന്നു.

യഥാർത്ഥത്തിൽ ശ്രീരംഗപട്ടണം സന്ധിയനുസരിച്ച് മലബാർ മുഴുവൻ കമ്പനിയുടെ കീഴിൽ വന്നിരുന്നില്ല. മലബാറിൻെറ വടക്കുകിഴക്കൻ പ്രദേശമായ വയനാട് ഇതിൽ ഉൾപ്പെടുത്തിയിരുന്നില്ല. എങ്കിലും നാലാം മൈസൂർ യുദ്ധാരംഭഘട്ടം വരെ ഇംഗ്ലീഷുകാർ വയനാട് കൈവശം വെച്ചുകൊണ്ടിരുന്നു. വിഭജനത്തിലോ കൈമാററത്തിലോ പെട്ടിട്ടില്ലാതിരുന്ന ഈ സ്ഥലം അന്യായമായി കൈവശം വെച്ചുകൊണ്ടിരിക്കുന്നതിനെതിരായി ടിപ്പുസുൽത്താൻ സർ ജോൺ ഷോറിനോട് ആക്ഷേപം പ്രകടിപ്പിച്ചിട്ടുണ്ട്. കമ്പനിയും ടിപ്പുവുമായി നിരവധി എഴുത്തുകുത്തുകൾ നടന്നതായി രേഖകളിൽ കാണാം[37]. 1797 മാർച്ച് മാസത്തിൽ പഴശ്ശിരാജയെ കീഴ്പ്പെടുത്താൻ വേണ്ടി തിരച്ചിൽ നടത്തിയിരുന്ന കേണൽ ബോ താമരശ്ശേരി ചുരംകടന്ന് വയനാട് ജില്ലയിൽ പെരിയ എന്ന സ്ഥലംവരെ എത്തിയിരുന്നു. ഈ അവസരത്തിൽ കമ്പനിക്ക് വയനാടിൻെറ മേലുള്ള അധികാരത്തെ സംബന്ധിച്ച് അദ്ദേഹം മേലധികാരികളോട് വിശദീകരണം ചോദിക്കുകയും ചെയ്തിരുന്നു. അതേ സമയം പെരിയയിൽ എത്തിയ കേണൽ ബോവിന് തൻെറ രാജ്യത്ത് കൂടി സൈനികനീക്കം നടത്തിയതിനെതിരായി ശക്തിയായ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ടുള്ള സന്ദേശം ലഭിക്കുകയുണ്ടായി[38]. "വയനാട് സംരക്ഷ

---

36. ശങ്കുണ്ണിമേനോൻ. പി., തിരുവിതാംകൂർ ചരിത്രം, പുറം 240.
37. ഫോറിൻ സീക്രട്ട് കൺസൾട്ടേഷൻസ്, മാർച്ച് 13, 1798.
38. ഫോറിൻ മിസലേനിയസ്, എസ്. നമ്പർ 55, ഖണ്ഡിക 231–34, പുറങ്ങൾ 215–17.

ണത്തിനായി ടിപ്പു സൈന്യത്തെ അയക്കുകയാണെങ്കിൽ അവരോട് ഏററുമുട്ടാൻ നില്ക്കരുതു്'' എന്നാണ് 1898 മാർച്ച് 13–ാം തീയതിയിലെ തീരുമാനമനുസരിച്ച് നിർദേശം നല്കിയതായി കാണുന്നതു്. ''ടിപ്പുവിൻെറ സേനാധിപതിയോട് പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ടു്'' കമ്പനിയുടെ മലബാർ അതിർത്തിയിലേയ്ക്കു പിൻവാങ്ങുവാനുള്ള ഉദ്ദേശ്യവും അതിലടങ്ങിയിരുന്നു[39]. വയനാടിനെ സംബന്ധിച്ച് അവസാനമായി തീർപ്പെടുക്കുന്നത് 1798 സെപ്ററംബർ മാസത്തിലാണ്. ഗവർണർ ജനറലായിരുന്ന ലോർഡ് മോണിങ്ടൺ എടുത്ത തീർപ്പു ഇപ്രകാരമായിരുന്നു. ടിപ്പുവുമായി ഉണ്ടാക്കിയ കഴിഞ്ഞ സന്ധിയനുസരിച്ച് വയനാട് കമ്പനിക്കു ലഭിച്ചിരുന്നില്ല. യഥാർത്ഥത്തിൽ അത് ടിപ്പുവിന് അവകാശപ്പെട്ടതും, അദ്ദേഹത്തിൻെറ രാജ്യത്തിൽപ്പെട്ടതുമാണ്. അദ്ദേഹത്തിൻെറ സൗകര്യം പോലെ ഏതവസരത്തിലും സ്ഥലം കൈവശമാക്കുവാൻ അനുവദിക്കേണ്ടതുമാകുന്നു[40]. നാലാം ആംഗ്ലോ–മൈസൂർ യുദ്ധത്തിൻെറ ആരംഭത്തിൽ ടിപ്പുവിനെതിരായി ആരോപണങ്ങൾ ഉന്നയിക്കുന്ന കൂട്ടത്തിൽ എൻ. ബി. എഡ്മൻസ്ററൺ വയനാട് പ്രശ്നവും എടുത്തുദ്ധരിക്കുന്നുണ്ടു്. ''കമ്പനി എക്കാലവും നീതി നടക്കണമെന്ന് ആഗ്രഹിക്കുന്നു. അതാണല്ലൊ വയനാട് മടക്കിത്തരാൻ കാരണം.......എന്നിട്ടും ഇന്ത്യയിൽ കമ്പനിയുടെ താല്പര്യത്തെ നിഹനിക്കുവാനുള്ള ആസൂത്രണവും കമ്പനിയോടു് അതിരററ വൈരാഗ്യവുമാണ് ടിപ്പുവിൽ പ്രബലത്തായിരിക്കുന്നതു്[41]''. എന്നാൽ ഈ സാമാന്യനീതി നിർവ്വഹിക്കുന്നതിന് സുദീർഘമായ ആറു വർഷവും ആറു മാസവും കമ്പനിക്ക് വേണ്ടിവന്നിരുന്നു. എന്നാൽ വിധിവൈപരീത്യം എന്നു് പറയട്ടെ, കുറച്ചു മാസങ്ങൾക്കകം ഈ സ്ഥലം വീണ്ടും ഇംഗ്ളീഷ് കമ്പനിയുടെ ആധിപത്യത്തിലായി. നാലാം ആംഗ്ലോ–മൈസൂർ യുദ്ധവും, ടിപ്പുവിൻെറ പതനവുമായിരുന്നു ഇതിന് കാരണം. അങ്ങനെ മലബാർ മുഴുവൻ അവരുടെ അധീനത്തിലായി. 18–ാം നൂററാണ്ടോടുകൂടിത്തന്നെ മലബാറിലെ രാജാക്കന്മാർക്കെല്ലാം പെൻഷൻ നല്കി ഭരണച്ചുമതലകളിൽ നിന്നും അവരെ ഒഴിവാക്കുകയും ചെയ്തു. മലബാർ അങ്ങനെ മദ്രാസ് സംസ്ഥാനത്തിൻെറ ജില്ലകളിലൊന്നായിത്തീരുകയും ചെയ്തു.

---

39. ഫോറിൻ സീക്രട്ടു് കൺസൾട്ടേഷൻസ്, 1798, ജനുവരി 1 മുതൽ മേയ് 11 വരെ, കൺസൾട്ടേഷൻസ്, മാർച്ച് 13.

40. ലോഗൻ, ഉടമ്പടികൾ മുതലായവ, വാല്യം 2, നമ്പർ CLXXXII

41. ഫോറിൻ (1799) ഡിപ്പാർട്ടു്മെൻറു് സീക്രട്ട് കൺസൾട്ടേഷൻസ് ഫെബ്രുവരി 8, നമ്പർ 6; എൻ. സി. എഡ്മൻസ്ററൺ ടിപ്പുവിൽ നിന്നു്, മാർച്ച് 9, 1799.

# 12

# ചെറുകിട രാജ്യങ്ങളുടെ ഏകീകരണം

മൈസൂർ നവാബുമാർ കേരളത്തിൽ നടത്തിയ സുപ്രധാനമായ വിപ്ലവം ഇവിടെയുണ്ടായിരുന്ന പെറുകിടരാജസ്ഥാനങ്ങളെ ഒന്നിപ്പിക്കുക വഴി, "മലബാർ ആകമാനം സുഘടിതമായൊരു രാഷ്ട്രീയ സംവിധാനത്തിൻ കീഴിൽ വരുത്തി[1]" എന്നതാണ്. നിലവിലിരുന്ന ഫ്യൂഡൽ ദുഷ് പ്രഭുത്വത്തെ നിഷ്കാസനം ചെയ്ത് സുശക്തമായൊരു കേന്ദ്രഭരണം നടപ്പിലാക്കിയ അവർ കേരളത്തിലെ രാഷ്ട്രീയ മണ്ഡലത്തിൽ മാത്രമല്ല സാമൂഹ്യ—സാമ്പത്തിക തലങ്ങളിലും അതിന്റെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് വഴിയൊരുക്കുക കൂടി ചെയ്തു. 'കോഴിക്കോട്ട സാമൂതിരിമാർ' എന്ന ഗ്രന്ഥത്തിന്റെ കർത്താവായ കെ. വി. കൃഷ്ണയ്യർ എഴുതുന്നത് "മൈസൂർ അധിനിവേശത്തോടുകൂടി പഴയ സമ്പ്രദായം പാടെ തുടച്ചുനീക്കപ്പെട്ടു"[2] എന്നാണ്. ഇതിനു് അനുബന്ധമായി നമുക്കു ചൂണ്ടിക്കാണിക്കുവാനുള്ളതു് ആധുനികവും പുരോഗമനാത്മകവുമായ ലക്ഷ്യത്തോടുകൂടി അതുവരെ കേരളത്തിലനുഭവപ്പെട്ടിട്ടില്ലാത്ത വിധത്തിലുള്ള നൂതനമായ ഒരു സമ്പ്രദായത്തിന്റെ ഉദ്ഘാടനം കൂടി ഇവിടെ നടന്നിരുന്നു എന്നാണ്. എന്നാൽ, കേരളത്തിൽ അനുവർത്തിച്ചുപോന്നിരുന്ന ധർമങ്ങൾക്കും ആചാരങ്ങൾക്കും വിരുദ്ധമായിരുന്നു പുരോഗമനപരമായ പുതിയ സമ്പ്രദായം എന്ന നിലക്കു് നായർ പ്രഭുക്കന്മാർക്കോ, നാടുവാഴികൾക്കോ ഈ നവീന പ്രവണതയുമായി ഒത്തുചേർന്നു പോകുവാൻ സാധിച്ചിരുന്നില്ല.

മൈസൂർ അധിനിവേശത്തിനു മുമ്പ് കേരളം പ്രതിജനഭിന്നമായ കൊച്ചുകൊച്ചു് ദേശങ്ങളുടെ കൂമ്പാരമായിരുന്നു. ഇവയുടെ രാഷ്ട്രീയ

---

1. പി. കെ. കെ. മേനോൻ, ഈസ്ററ് ഇന്ത്യാകമ്പനിയും കേരളവും, പുറം 222
2. കെ. വി. കൃഷ്ണഅയ്യർ, കോഴിക്കോട്ടെ സാമൂതിരിമാർ, പുറം 254

വിധാനത്തെ ചൂണ്ടി ബുക്കാനൻ എഴുതുന്നതു്, "നികുതി സമ്പ്രദായത്തെ കുറിച്ചോ മററു നിയമങ്ങളെപ്പററിയോ അജ്ഞരായിരുന്ന ജനങ്ങളുടെ തീർത്തും ഫ്യൂഡൽസമ്പ്രദായത്തിൽ അധിഷ്ഠിതമായിരുന്ന ഗവൺമെൻറാ യിരുന്നു ഇവിടെയുണ്ടായിരുന്നതു്"[3] എന്നാണ്. 1743-ൽ ഇവിടെയുണ്ടാ യിരുന്ന ഡച്ച് ഗവർണർ സ്റ്റീൻവാൻ ഗെലനേ എഴുതുന്നതു്, കേരളത്തിൽ നാലു പ്രധാന രാജസ്ഥാനങ്ങളും, 42 ചെറുകിട നാടുകളും അക്കാലത്തുണ്ടാ യിരുന്നുവെന്നാണ്[4]. ഓരോ രാജ്യവും സൈനിക വിഭാഗങ്ങളായി നാടു വാഴികൾക്കും ദേശവാഴികൾക്കുമായി വീതിച്ചു കൊടുത്തിരുന്നു. ഈ ഓരോ വിഭാഗവും ഉപവിഭാഗവും നിലനിർത്തേണ്ട നായർപ്പടയാളികളുടെ എണ്ണവും ക്ലിപ്തപ്പെടുത്തിയിരുന്നു എന്നാണ് തോമസ് വാർഡൻ 1815-ൽ റവന്യൂ ബോർഡിനയക്കുന്ന റിപ്പോർട്ടിൽ പ്രസ്താവിക്കുന്നതു്. അങ്ങനെ, ഓരോ രാജ്യവും അനവധി നാടുകളായി വിഭജിക്കപ്പെട്ടിരുന്നു. അവയുടെ വിസ്തൃതി ഒരിക്കലും സമാനവുമായിരുന്നില്ല പരമ്പരാഗതമായി ഈ നാടുകളുടെ ഭരണം നടത്തിയിരുന്നവരെ നാടുവാഴികളെന്നാണ് വിളിച്ചു പോന്നിരുന്നതു്. ഈ നാടുകളെ പിന്നേയും ചെറിയ തുണ്ടുകളായി മുറിച്ച് സൈനികവും മററു തരത്തിലുള്ളതുമായ ആവശ്യങ്ങൾക്കായി ദേശങ്ങളാക്കി നിർത്തിയിരുന്നു. ഇവയിലെ മാടമ്പിമാരെ ദേശവാഴികളെന്നാണ് വിളി ച്ചിരുന്നതു്. ഈ പ്രദേശങ്ങളുടെയൊക്കെ ഭരണാധികാരികൾക്ക് അവരു ടേതായ സ്വകാര്യസ്വത്തു് ഉണ്ടായിരുന്നു. അവ നേരിട്ടു നടത്തുകയോ, കാര്യസ്ഥന്മാർ വഴി നോക്കുകയോ ആണ് ചെയ്തിരുന്നതു്. ഈ ദേശങ്ങളെ, ചെറിയ തുണ്ടുകളായി വീണ്ടും വിഭജിച്ചിരുന്നുവെങ്കിലും അതു് പ്രദേശത്തിന്റെ അടിസ്ഥാനത്തിലായിരുന്നില്ല എന്ന പ്രത്യേകത ശ്രദ്ധിക്കേണ്ടതാണ്. ഇവ യുടെ വിഭജനം ഗ്രാമം, തറ, ചേരി എന്നിങ്ങനെ ജാതിയുടെ അടിസ്ഥാനത്തി ലായിരുന്നു. ഗ്രാമങ്ങളിൽ നമ്പൂതിരിമാരും, തറകളിൽ നായന്മാരും, ചേരി കളിൽ ഹീനജാതിക്കാരുമാണ് അധിവസിച്ചിരുന്നതു്. ഇവയ്ക്കു് പ്രാദേശിക പരിധി നിർണയങ്ങൾ ഏകദേശമായി ഉണ്ടായിരുന്നെങ്കിലും ഈ ഘടക ങ്ങൾ തമ്മിൽ അതിവ്യാപിച്ചു കിടക്കുക പതിവായിരുന്നു. മററു സ്ഥല ങ്ങളിൽ കാണുന്ന ഇത്തരം വിഭജനങ്ങളെ കേരളത്തിലുണ്ടായിരുന്ന നാടു കളോടും ദേശങ്ങളോടും താരതമ്യപ്പെടുത്തുവാൻ ഒക്കുകയില്ല. അവയി ലൊക്കെ ഇത്രയിത്ര പട്ടണങ്ങളും വില്ലേജുകളും ഉൾക്കൊണ്ടിരിക്കുക എന്ന തായിരുന്നു വിഭജനത്തിന്റെ മാനദണ്ഡം. എന്നാൽ ഇവിടെ പിൻതുടർ ന്നിരുന്നതു് ഓരോ സ്ഥലത്തിനും ഇത്ര നായന്മാർ എന്ന കണക്കിന്റെ അടിസ്ഥാനത്തിലായിരുന്നു. 'കൊടകരനാട് 500', 'അന്നമനാട് 400', എന്നിങ്ങനെ[5]. ഇവയുടെ കാര്യനടത്തിപ്പ് അതാതു് ജാതിത്തലവന്മാരുടെ

3. ഫ്രാൻസിസ് ബുക്കാനൻ, വാല്യം 2, പുറം 548
4. വാല്യം ..., നമ്പർ 13, പുറം 45-46
5. സി. അച്യുതമേനോൻ, കൊച്ചിൻ സ്റ്റേററ് മാന്വൽ, പുറം 48.

ചുമതലയിലായിരുന്നു. ഗ്രാമണി, കാരണവൻ, തണ്ടാൻ എന്നിങ്ങനെ. തറയുടെ മേൽനോട്ടം കാരണവരുടെ ചുമലിലാണ് അർപ്പിതമായിരുന്നത്. അദ്ദേഹത്തിന്റെ ചുമതലകളുടെ കൂട്ടത്തിൽ താൻ ഏതു് ജന്മിയുടെയോ ദേശവാഴിയുടെയോ നാടുവാഴിയുടെയോ രാജാവിന്റെയോ കീഴിലായിരുന്നുവോ, ആ മേധാവിയുടെ സ്ഥലങ്ങൾ കൃഷി ചെയ്യിക്കുന്നതിന്റെ മേൽനോട്ടവും, ആവശ്യപ്പെടുമ്പോൾ നിശ്ചിതമായ നായർപ്പടയാളികളോടുകൂടി യജമാനനെ സേവിക്കുക എന്നതും ഉൾപ്പെട്ടിരുന്നു. കൃഷിയുടെ മേൽനോട്ടം വകയിൽ ഉല്പാദനത്തിന്റെ ഒരു ഭാഗം കാരണവർക്കു് അവകാശമായി ലഭിച്ചിരുന്നു. ദേശവാഴികൾ ഉണ്ടായിരുന്ന സ്ഥലങ്ങളിലൊക്കെ നാടുവാഴികളുടെ കാര്യങ്ങൾ അന്വേഷിച്ചുപോരേണ്ടതു് ഇവരുടെ ബാദ്ധ്യതയായിരുന്നു. നാടുവാഴികൾ എപ്പോൾ ആവശ്യപ്പെടുന്നുവോ അപ്പോഴൊക്കെ മുൻ നിശ്ചയ പ്രകാരമുള്ള നായർയോദ്ധാക്കളുമായി ഇവർ യുദ്ധത്തിനൊരുങ്ങി പുറപ്പെടുകയും വേണമായിരുന്നു. നാടുവാഴികൾക്കു് അവരുടെ കീഴിലുണ്ടായിരുന്ന നാട്ടിൽ ഭരണപരവും സൈനികവുമായ പരിപൂർണ്ണ അധികാരമാണ് ഉണ്ടായിരുന്നതു്. ആ അധികാരത്തിന്റെ പ്രൗഢിയും അവർക്കു് രാജാവിനോടുണ്ടായിരുന്ന വിധേയത്വത്തിന്റെ അളവും ഓരോ നാടുവാഴിയുടെയും പ്രമാണിത്തത്തിന്റെ പ്രാധാന്യം അനുസരിച്ചായിരുന്നു[6].

ചുരുക്കത്തിൽ, ഇന്ത്യയുടെ ഇതരഭാഗങ്ങളിൽ നിലനിന്നിരുന്ന 'ഹൈന്ദവഗ്രാമം' കേരളത്തിൽ അതിന്റെ അസാന്നിദ്ധ്യം കൊണ്ട് ഏററവും പ്രകടമായിരുന്നു[7]. പകരം ജാതി വർഗ്ഗഘടകങ്ങളായ ഗ്രാമം, തറ, ചേരി എന്നിവയായിരുന്നു രാഷ്ട്രീയസംവിധാനത്തിലെ ചെറിയ ഘടകങ്ങൾ. ഈ തറകളും ഗ്രാമങ്ങളുമാകട്ടെ നാടുവാഴികളിൽ നിന്നും ദേശവാഴികളിൽ നിന്നും യഥാർത്ഥത്തിൽ സ്വതന്ത്രമായി വർത്തിച്ചുവന്നവയുമാണ്. കേരളത്തിന്റെ സവിശേഷമായ നാട്ടാചാരങ്ങളും ധർമങ്ങളും എല്ലാവരും ഒരുപോലെ അനുവർത്തിച്ചിരുന്നതു കൊണ്ടാണ് ഈ രാഷ്ട്രീയ വികേന്ദ്രീകരണം ഇത്രയും വിജയകരമായി നിലനിന്നുപോന്നതു്. എന്നാൽ, അതിന്റെ ഫലമാകട്ടെ, രാജ്യത്തു് അരാജകത്വവും അരക്ഷിതാവസ്ഥയുമായിരുന്നു. തറകളിൽ താമസിച്ചിരുന്ന നായന്മാർ ഓരോ ചെറിയ സ്വതന്ത്രഘടകമായാണ് വർത്തിച്ചിരുന്നതു്[8]. 1763 മുതൽ 1777 വരെ കൊച്ചിയിലെ ഡച്ച ഗവർണറായിരുന്ന ആൻഡ്രിയൻ വാൻ റീഡ് ഇക്കാര്യം വളരെ സ്പഷ്ടമായി അദ്ദേഹത്തിന്റെ 'മെമ്മോറാണ്ട'ത്തിൽ വിവരിക്കുന്നുണ്ട്. അദ്ദേഹം എഴുതിയിരിക്കുന്നതു്, "നായന്മാരുടെയോ പ്രഭുക്കന്മാരുടെയോ ജന്മികളുടെയോ താല്പര്യത്തിനു വിരുദ്ധമായി യാതൊരു കരാറും ഉണ്ടാക്കുവാൻ രാജാക്കന്മാർക്കു് അധികാര

6. ബുക്കാനൻ, വാല്യം 2, പുറം 394
7. ലോഗൻ, മലബാർ മാനുൽ, വാല്യം 1, പുറം 78
8. ടി. പുറം 88

മുണ്ടായിരുന്നില്ലെന്നും, ഏതെങ്കിലും രാജാവ് അങ്ങനെ ചെയ്യുകയാണെങ്കിൽ ആ രാജാവ് തൻെറ പ്രജകളാൽ ബഹിഷ്കരിക്കപ്പെടുകയോ, തിരസ്കരിക്കപ്പെടുകയോ ചെയ്യുമെന്നു''മാണ്[9]. 1746–ൽ ഈസ്റ്റ് ഇന്ത്യാകമ്പനിയുടെ കോഴിക്കോട്ടുണ്ടായിരുന്ന പ്രതിനിധി അദ്ദേഹത്തിൻെറ മേലധികാരികൾക്ക് എഴുതിയയച്ചതു് ഇപ്രകാരമായിരുന്നു: ''കോഴിക്കോട്ടെ ജനങ്ങളുടെ നേതൃത്വമുണ്ടായിരുന്ന നായന്മാർക്ക് ജനപ്രതിനിധിസഭകൾക്ക് തുല്യമായ അധികാരമുണ്ടായിരുന്നു. രാജാവിൻെറ കല്പനകൾ അവിഹിതമാണെന്ന് കണ്ടാൽ അവർ അതനുസരിക്കില്ലെന്നു് മാത്രമല്ല, അവ നടപ്പാക്കാൻ വരുന്ന മന്ത്രിമാരെ തുരത്തിയോടിക്കുകയും പതിവായിരുന്നു''[10]. ''എനിക്ക് ലഭ്യമായിട്ടുള്ള രേഖകളിൽ നിന്നു് മനസ്സിലാക്കാൻ സാധിക്കുന്നതു് ഹൈദരാലി ഈ സംസ്ഥാനം ആക്രമിച്ചു് കീഴടക്കിയപ്പോൾ ഈ രാജ്യം രാജാവു്, നമ്പ്യാർ, കർത്താവു് തുടങ്ങിയവരുടെ പരമാധികാരത്തിൻ കീഴിൽ തുണ്ടുതുണ്ടായി വിഭജിക്കപ്പെട്ടിരുന്നു എന്നാണ്. ഇവർ ഓരോരുത്തർക്കും ഈ പരമാധികാരം ആര് നല്കി എന്നറിയില്ല. എങ്കിലും ഓർമ്മവെച്ച കാലം മുതൽ അവർ ഇത് അനുഭവിച്ചു് പോന്നിരുന്നുവെന്നാണ് മനസ്സിലാകുന്നതു്'',[11] എന്നാണ് മലബാറിലെ കളക്ടറായിരുന്ന ടി. എച്ച്. ബേബർ തൻെറ റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നതു്. ഇതേ കാര്യം 1800–ൽ ഇവിടെ അന്വേഷണത്തിനായി എത്തിയ ബുക്കാനൻ തറപ്പിച്ചു പറയുന്നുണ്ടു്: ''ദേശവാഴികൾ രാജാക്കന്മാരുടെ പദവി സ്വയം സ്വീകരിക്കുകയും അവരുടെ കീഴിലുണ്ടായിരുന്ന സ്ഥലത്തിൻെറ പരിപൂർണ്ണ ആധിപത്യം സ്വയം നിർവ്വഹിക്കുകയും ചെയ്തിരുന്നു[12]''. നാടുവാഴികളും ദേശവാഴികളും തമ്മിൽ രക്തരൂഷിതമായ സംഘട്ടനങ്ങൾ നടക്കുക സാധാരണമായിരുന്നു. ഡോ. എൻ. കെ. സിൻഹയുടെ വാക്കുകളിൽ, ''മലബാർ, മൈസൂർ അധീനതയിൽ വരുന്നതിനു് മുമ്പുള്ള സ്ഥിതി അരാജകത്വവും ഗൂഢാലോചനകളും, താല്പര്യസംഘട്ടനങ്ങളും തമ്മിൽ തമ്മിലുള്ള അസൂയയും കൊണ്ടു് നിറയപ്പെട്ട ഇടമായിരുന്നു''[13].

മൈസൂർ അധിനിവേശത്തിനു് മുമ്പു് അങ്ങിനെ കേരളത്തിലെ പ്രത്യേകമായ രാഷ്ട്രീയ സവിശേഷത ഇവിടെ ഒരു പരമാധികാര ഗവൺമെൻറ് ഇല്ലെന്നതായിരുന്നു. സാമൂതിരി തൻെറ പരമാധികാരം വ്യാപകമാക്ക

---

9. ഗലനെ തൻെറ 'മെമ്മോറാണ്ട'ത്തിൽ ഉദ്ധരിച്ചിരിക്കുന്നതു് (1743), പുറം 52
10. തലശ്ശേരി ഫാക്ടറി ഡയറി, മേയ് 28 (1746)
11. ടി. എച്ച്. ബേബർ, റിപ്പോർട്ട്: കിഴക്കൻപുറം, വടക്കൻപുറം മുതലായവ, പുറം 5
12. ബുക്കാനൻ, വാല്യം II, പുറം 395
13. എൻ. കെ. സിൻഹ, ഹൈദരാലി, പുറം 252

വാനാഗ്രഹിച്ചിരുന്നുവെങ്കിലും നാട്ടാചാരത്തെ മാനിക്കവാൻ ബാദ്ധ്യസ്ഥനായതിനാൽ തൻെറ കീഴിലുണ്ടായിരുന്ന ആശ്രിതൻമാരേയും മാടമ്പികളെയും ഒഴിവാക്കവാൻ അദ്ദേഹത്തിനും കഴിഞ്ഞിരുന്നില്ല തൻെറ കീഴിലുള്ള ഇടപ്രഭുക്കൻമാരുടേയോ നാടുവാഴികളുടെയോ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടുവാൻ രാജാക്കന്മാർക്കു് അധികാരം നല്കുന്നതായിരുന്നില്ല നമ്മുടെ നാട്ടാചാരം. അവർ കൈവശം വെച്ചിരുന്ന ഭൂമി പരമ്പരാഗതമായ പൂർവ്വാർജിത സ്വത്തായിരുന്നു. ഒരു ഭരണാധികാരിക്കും അവരുടെ സ്വത്തിന്മേൽ കൈവക്കവാനധികാരമുണ്ടായിരുന്നില്ല. കേരളത്തിൽ അനാദികാലമായി ആചരിച്ചുപോന്നിരുന്ന ധർമ്മമായിരുന്നു അതു്. യൂറോപ്യൻ രാജ്യങ്ങളിലെ ഫ്യൂഡൽ പ്രഭുവും കേരളത്തിലെ നായർ പ്രധാനിയും തമ്മിലുള്ള പ്രകടമായ വ്യത്യാസം ഇവിടെയാണ്. സ്ഥലങ്ങളുടെ മേലുള്ള പരമാധികാരം ജൻമദത്തമായി കേരളത്തിലെ ജൻമികളിലധിഷ്ഠിതമായിരുന്നുവെന്നു മാത്രമല്ല, ഒരു ഭരണാധികാരിക്കും ഈ പ്രഭുക്കന്മാരുടെ സ്വത്ത് കണ്ടുകെട്ടുവാനുള്ള അവകാശം നാട്ടുമര്യാദയനുസരിച്ച് നല്കപ്പെട്ടിരുന്നുമില്ല. യൂറോപ്യൻ രാജ്യങ്ങളിലെപ്പോലെ രാജ്യത്തുള്ള സ്ഥലങ്ങളുടെ മേൽ പരമാധികാരം കേരളത്തിലെ പ്രഭുക്കന്മാർ ഈ സ്ഥലങ്ങൾ കൈവശം വച്ചുകൊണ്ടിരുന്നത് രാജാവിൻെറ നാമധേയത്തിലായിരുന്നില്ല.

നാടുവാഴികളും, ദേശവാഴികളും, ഇടപ്രഭുക്കൻമാർ പോലും ഏതു് ശക്തിയുമായി സഖ്യത്തിലേർപ്പെടുന്നതിലോ, യുദ്ധമോ സമാധാനമോ ഉണ്ടാക്കുന്നതിലോ, നികുതിയോ കാഴ്ചപ്പണമോ പിരിക്കുന്നതിലോ, യാതൊരുവക നിയന്ത്രണവുമുണ്ടായിരുന്നില്ല. യഥാർത്ഥത്തിൽ പരമാധികാര ഭരണകർത്താക്കളെപ്പോലെ തന്നെ ഈ വക കാര്യങ്ങളിൽ അവർ സർവ്വതന്ത്ര സ്വതന്ത്രന്മാരായിരുന്നു. അവരുടെ പരമാധികാരത്തെ പരിമിതപ്പെടുത്തിയിരുന്നതു് രാജകീയ ചിഹ്നങ്ങളായി കരുതിപ്പോന്നിരുന്ന കിരീടം ധരിക്കുക, നാണയം അടിക്കുക, വെൺകൊററക്കുട ചൂടുക എന്നിവ അവർക്കു് നിഷിദ്ധ്യമാക്കിയതു മൂലമാണ്. പരാജിതരാകുന്ന നാടുവാഴികളേയും ഇടപ്രഭുക്കൻമാരേയും യുദ്ധാനന്തരം അവരുടെ പൂർവ്വസ്ഥാനങ്ങളിൽ പുന:പ്രതിഷ്ഠ നടത്തിക്കുകയെന്നതും ഒരിക്കലും മരണശിക്ഷ നൽകാതിരിക്കുകയെന്നതും കേരളധർമ്മമായി അനുഷ്ഠിച്ചു പോന്നിരുന്നതിനാൽ, ഈ ചെറുകിട രാജാക്കന്മാരും പ്രഭുക്കൻമാരും അനിയന്ത്രിതമായ അഴിഞ്ഞാട്ടമാണ് നടത്തിയിരുന്നതു്. ആരുക്കോ സ്വത്തിനോ അപായം വരുമെന്ന ഭീതി അവർക്കു് തൻമൂലം നിശ്ശേഷം ഉണ്ടായിരുന്നതുമില്ല. മറെറാരു സംഗതി കണക്കിലെടുക്കേണ്ടതു് ഇക്കാലത്തു് കേരളത്തിലുടനീളം നിലനിന്നിരുന്ന അമ്പലരാജ്യങ്ങളുടെ പ്രാധാന്യത്തെയാണ്. ഓരോ ദേശത്തേയും ഭൂരിഭാഗം സ്ഥലവും ക്ഷേത്രങ്ങളുടെ മേൽക്കോയ്മയിലായിരുന്നു. നവോത്ഥാന കാലഘട്ടത്തിനു മുമ്പുള്ള യൂറോപ്പിലെ ക്രൈസ്തവപൗരോഹിത്യത്തെപ്പോലെ ഈ അമ്പലരാജ്യങ്ങളും പുരോഹിതവൃന്ദവും രാജാക്കന്മാരുടെയും ഭരണകർത്താക്കളുടെയും

മേൽ പ്രത്യേകാധികാരങ്ങളും അവകാശങ്ങളും ഊന്നി ഉറപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്തിരുന്നു. കേരളത്തിലെ ഒററ ഭരണാധികാരിയും ഈ അമ്പല രാജ്യങ്ങളെ ആക്രമിക്കുവാനോ, അവയിൽ രക്ഷാസങ്കേതം കണ്ടെത്തിയിരുന്ന ശത്രുവിനെ തിരഞ്ഞുപിടിക്കുവാനോ ശ്രമിച്ചതായി കാണുന്നില്ല. അവ പവിത്രസങ്കേതങ്ങളായതിനാൽ അവയിൽ അതിക്രമിച്ചു കടക്കുന്നത് ദൈവദോഷമായി കരുതിപ്പോരുകയും ചെയ്തു. ചിലപ്പോഴാം ഈ പൗരോഹിത്യത്തിൻെറ സഹകരണത്തോടുകൂടി ഇടപ്രഭുക്കന്മാർ മേൽക്കോയ്മയുടെ അധികാരത്തെ വെല്ലുവിളിച്ചിട്ടുള്ള സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്[14]. നാട്ടാചാരങ്ങളേയും കേരളധർമങ്ങളെയും അനുസരിക്കുവാൻ പ്രതിജ്ഞാബദ്ധരായിരുന്ന രാജാക്കന്മാർക്ക് ഇത്തരം അക്രമങ്ങളേയോ, കലാപവാസനകളേയോ യാതൊരു തരത്തിലും നിയന്ത്രിക്കുവാൻ കഴിയുമായിരുന്നില്ല. തൻമൂലം നാടുവാഴിയോ, ദേശവാഴിയോ, രാജാക്കൻമാർ തന്നെയോ, പരിപൂർണമായും പരമാധികാരികളായിരുന്നുവെന്ന് പറയുക പ്രയാസമാണ്.

സ്വന്തം യോദ്ധാക്കളെ നിലനിർത്തിയിരുന്ന കയ്മൾ, പിള്ള, കർത്താവ്, നമ്പ്യാർ തുടങ്ങിയ ഇടപ്രഭുക്കൻമാർ, അങ്ങിനെ രാജാവിൻെറ അധികാരത്തെ കടിഞ്ഞാണിട്ട് നിയന്ത്രിച്ചിരുന്നവരാണ്[15]. രാജ്യത്തിൻെറ ഈ രാഷ്ട്രീയ—സൈനിക സംവിധാനത്തിൻെറ ഫലമായി നായർ പ്രഭുത്വത്തിൻെറയും ബ്രാഹ്മണപൗരോഹിത്യത്തിൻെറയും അതിരററ പിന്തുണയില്ലാതെ ഭരണാധികാരം നിലനിർത്തുവാൻ പ്രധാന രാജാക്കന്മാർക്കുപോലും സാദ്ധ്യമാകുമായിരുന്നില്ല. കേന്ദ്രീകൃതവും സുസംഘടിതവുമായ ഒരു പരമാധികാരശക്തിയുടെ അഭാവമായിരുന്നു മൈസൂർ ആക്രമണത്തിനു മുമ്പുള്ള മലബാറിൻെറ സുപ്രധാനമായ സവിശേഷത.

എന്നാൽ, മൈസൂർ ആധിപത്യത്തോടുകൂടി മലബാറിൽ നടമാടിയിരുന്ന രാഷ്ട്രീയ അനിശ്ചിതത്വവും ജൻമിദുഷ്പ്രഭുത്വവും ഏറെക്കുറെ നിഷ്കാസനം ചെയ്യപ്പെട്ടു. അനിയന്ത്രിതാധികാരം കൈയാളിയിരുന്ന നാടുവാഴികളെയും ദേശവാഴികളെയും അനുസരണയുള്ള പ്രജകളാക്കി മാററുവാൻ അവർക്ക് കഴിഞ്ഞു. കഴിവുററതും ശക്തവുമായ ഒരു കേന്ദ്രീകൃത ഭരണകൂടം മലബാറിൽ ആദ്യമായി ഉദയം കൊണ്ടു. ഏതു രാജ്യത്തായാലും നിരവധി ഭരണാധികാരികൾ ചെറിയ ചെറിയ പ്രദേശങ്ങളിൽ അവരുടെ ഇഷ്ടാനിഷ്ടത്തിൻെറ അടിസ്ഥാനത്തിൽ മാത്രം രാജ്യകാര്യം നടത്തുകയെന്നു വന്നാൽ, രാജ്യത്തിന്ന് പൊതുവായ ഭരണക്രമമോ സന്തുലിതാവസ്ഥയോ ഉണ്ടായിരിക്കുകയില്ലെന്ന് അനുക്തസിദ്ധമാണല്ലൊ. "ഇവിടെയുണ്ടായിരുന്ന നിരവധി രാജാക്കൻമാർ തമ്മിലും, കലാപകാരികളായ നായർ പ്രഭു

14. എ. ബാലകൃഷ്ണപിള്ള, പ്രാചീന കേരളചരിത്ര ഗവേഷണം, പുറം 13–16.

15. ബുക്കാനൻ, വാല്യം 11, പുറം 548.

ക്കന്മാർ തമ്മിലും നിത്യേനയെന്നോണം യുദ്ധങ്ങളും കലാപങ്ങളും നടന്നുകൊണ്ടിരുന്നതിനാൽ നല്ല ഒരു ഭരണസമ്പ്രദായം നടപ്പിലാക്കുവാൻ സാധിക്കുമായിരുന്നില്ല'' എന്നാണ് ബുക്കാനൻ ഈ അരാജകത്വത്തിന്റെ അവസ്ഥയെ വ്യവഹരിച്ചിരിക്കുന്നത്. കാലഹരണപ്പെട്ടുകൊണ്ടിരുന്ന ഈ ഫ്യൂഡൽ പാരമ്പര്യത്തിനു കനത്ത പ്രഹരമേല്പിച്ചുകൊണ്ട് ഉത്ഘാടിതമായ മൈസൂർഭരണം ഇന്ത്യയിൽ സമർത്ഥമായി ഭരിക്കപ്പെട്ടിരുന്ന ഒരു രാജ്യത്തിന്റെ സുരക്ഷിതമായ ഭാഗമാക്കി മലബാറിനെ മാററി. ''പരിചയ സമ്പന്നനായ മദണ്ണ എന്ന ഭരണപടുവിനെ അതിന്റെ ഗവർണറാക്കി നിയമിക്കുകയും ചെയ്തു''[16].

മലബാർ പ്രവിശ്യയെ 12 തുക്രികളായി (ജില്ലകൾ) വിഭജിക്കുകയും ഓരോന്നിലും തുക്രീദാർമാരേയോ, ശിരസ്തിദാർമാരേയോ നിയമിക്കുകയും ചെയ്തിരുന്നു. ഇവയെ വീണ്ടും താലൂക്കുകളായി വിഭജനം നടത്തിയിരുന്നു. ശ്രീരംഗപട്ടണം സന്ധി കഴിഞ്ഞ് ഇംഗ്ലീഷ് കമ്പനിക്ക് 1792 മാർച്ച് 16-ാം തീയതി കൈമാറിയ മലബാറിലുണ്ടായിരുന്ന താലൂക്കുകൾ താഴെ പറയുന്നവയായിരുന്നു. കോഴിക്കോട്ട് 62 താലൂക്ക്, കോട്ടയം 3 താലൂക്ക്, കടത്തനാട് 3 താലൂക്ക്, കണ്ണൂർ 1 താലൂക്ക്, കൊച്ചി 14 താലൂക്ക്[17]. അൽപസ്വല്പമായ വ്യത്യാസങ്ങളോടു കൂടി ഭരണസംവിധാനത്തിന്റെ ചെറിയ ഘടകം തറതന്നെയാക്കി നിലനിർത്തുകയും ചെയ്തു. ''ഹൈദരാലിയുടെയും ടിപ്പു സുൽത്താന്റെയും പരിചയ സമ്പന്നരായ ഭരണകർത്താക്കളാകട്ടെ ഇവിടെ നിലവിലുണ്ടായിരുന്ന പ്രാദേശിക ഘടകങ്ങളായ തറയേയും ദേശങ്ങളേയും അവർക്ക് സുപരിചിതവും പരമ്പരാഗത ഗ്രാമത്തലവന്മാരുടെ കീഴിലായിരുന്നതുമായ ഗ്രാമവ്യവസ്ഥയാക്കിമാററി നവജീവൻ നൽകി നിലനിർത്തുകയാണുണ്ടായത്''', എന്നാണ് ലോഗൻ ഇതിനെപ്പററി പ്രസ്താവിച്ചിട്ടുള്ളത്[18]. അത്തരം വിഭജനത്തിൽ കോഴിക്കോടിനെ 125 ദേശങ്ങളായാണ് തിരിച്ചിരുന്നത്. ഇതാകട്ടെ അതിനു മുമ്പുണ്ടായിരുന്ന 72 തറകൾ ഉൾക്കൊണ്ടിരുന്ന സ്ഥലങ്ങളാണ്. കേരളത്തിലെ മൈസൂർഭരണത്തെ നിശിതമായി വിമർശിക്കുന്ന ചരിത്രകാരന്മാർ കൂടി അംഗീകരിക്കുന്ന പരമാർത്ഥമാണ് മൈസൂർ ഭരണാധികാരികൾ സംവിധാനം ചെയ്ത രാഷ്ട്രീയവും ഭരണപരവുമായ സമ്പ്രദായത്തിന്മേലായിരുന്നു ഇംഗ്ലീഷുകാർ അവരുടെ ഭരണയന്ത്രം ഘടിപ്പിച്ചിരുന്നതെന്ന്. എന്നു മാത്രമല്ല, കമ്പനിക്ക് പിന്നീട് മലബാറിൽ പരമാധികാര ശക്തിയായി വളരുവാനും സാധിച്ചത് മൈസൂർ ഭരണാധികാരികളുടെ പ്രവർത്തനത്തിന്റെ പശ്ചാത്തലത്തിലായിരുന്നുവെന്നതിനു സംശയമില്ല.

16. ലോഗൻ, വാല്യം I, പുറം 409.
17. ഹോറിൻ മിസലേനിയസ്, എസ്. നമ്പർ 55, പാർട്ട് 1, പുറം 95.
18. ലോഗൻ, വാല്യം I, പുറം 88.

എന്നാൽ, നൂതനമായ ഈ ഭരണപ്രക്രിയയ്ക്കു മുന്നോടിയായവർ എന്ന നിലക്ക് ഹൈദരാലിക്കും ടിപ്പുവിനും ദുർഘടങ്ങളായ നിരവധി പ്രയാസങ്ങളെ അഭിമുഖീകരിക്കേണ്ടിവന്നിരുന്നു. അനാദികാലമായി ആചരിച്ചനുഷ്ഠിച്ചു പോന്നിരുന്ന രീതികൾക്ക് വിപരീതമായിവന്ന ഈ നവീന സമ്പ്രദായങ്ങളെ നായർപ്രമുഖൻമാർ അറിഞ്ഞുകൊണ്ടെതിർത്തതാണ് അതിനു കാരണം.

ദീർഘകാലമായി നിലനിന്നിരുന്ന സംവിധാനത്തെ തുടച്ചുമാററി പുത്തൻരീതി പ്രാവർത്തികമാക്കുമ്പോൾ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ എത്രമാത്രമായിരിക്കുമെന്ന് ചിന്തിക്കുന്നതാണ് ഭേദം. അതും പുറമെനിന്നുള്ള ഏതെങ്കിലും ശക്തി നിർബന്ധമായി അടിച്ചേല്പിക്കുമ്പോൾ. ഫ്യൂഡൽ അരാജകത്വത്തിൻെറ സ്ഥാനത്ത് കേന്ദ്രീകൃതഭരണം ശക്തമായി ഉറപ്പിച്ച ഹൈദരാലിക്കും ടിപ്പുസുൽത്താനും നിരവധി കലാപങ്ങളെയും ബുദ്ധിമുട്ടുകളെയും അതിജീവിച്ച് വേണമായിരുന്നു ഇതൊക്കെ നടപ്പാക്കാൻ. ഇംഗ്ളീഷുകാർ നായർ കലാപകാരികൾക്ക് പ്രേരണയും സഹായവും നൽകി അവരെക്കൊണ്ട് കലാപങ്ങൾ നടത്തിച്ചില്ലായിരുന്നുവെങ്കിൽ മൈസൂർ ഭരണത്തിൻെറ ഗുണഫലങ്ങൾ വർധമാനമായിരുന്നേനെ. മലയാളികൾക്ക് സുപരിചിതമായിരുന്ന രാഷ്ട്രീയ വ്യവസ്ഥിതിയിൽനിന്നും പരിപൂർണമായി മാറിയ പരിതസ്ഥിതിയോട് രമ്യമായി പോകുവാൻ അവർക്ക് സാധിച്ചിരുന്നുമില്ല. ഈ വ്യത്യാസം, അവർക്കുണ്ടായിരുന്ന പ്രത്യേക അവകാശങ്ങളെയും അധികാരങ്ങളെയും ഉൻമൂലനം ചെയ്തു എന്നു് മാത്രമല്ല, ചെറിയ ചെറിയ പ്രദേശങ്ങളിൽ ആരാലും ചോദ്യം ചെയ്യപ്പെടാനാകാതെ പരമാധികാരം നടത്താനുള്ള അവകാശവും എന്നന്നേക്കുമായി അവർക്ക് നഷ്ടപ്പെട്ടു. സമൂഹത്തിലെ മററുള്ള വിഭാഗങ്ങളെപ്പോലെ അവരും അനുസരണയുള്ള പ്രജകളായി വർത്തിക്കേണ്ടതായി വന്നു മാത്രമല്ല, നവീനമായി ആവിഷ്കരിച്ച രാഷ്ട്രീയ സംവിധാനം അവരുടെ സാമൂഹികവും സാമ്പത്തികവുമായ ചട്ടക്കൂടിനെത്തന്നെ തകർത്തുകളഞ്ഞിരുന്നു. കാരണം ഇതെല്ലാം രാഷ്ട്രീയമായി അവർ അനുഭവിച്ചിരുന്ന പ്രത്യേക അധികാരാവകാശങ്ങളുടെ അടിസ്ഥാനത്തിൽ ആയിരുന്നു. നായൻമാരുടെ രാഷ്ട്രീയമായ ശക്തി നശിച്ചതോടു കൂടി ''മലബാർ ഭരണകൂടത്തിൻെറ ഫ്യൂഡൽ ആവരണം തകരുകയും ചെയ്തു''[19].

''കലാപകാരികളായ ഇടപ്രഭുക്കൻമാരെ നിരങ്കുശം അടിച്ചമർത്തി'', എന്നതാണ് തിരുവിതാംകൂറിലെ മാർത്താണ്ഡവർമ്മയുടെയും, കൊച്ചിയിലെ പാലിയത്ത് കോമി അച്ഛൻെറയും മഹത്തരമായ നേട്ടമായി നാം കാണാറുള്ളത്[20]. മലബാറിലെ മാടമ്പിമാരെപ്പോലെതന്നെ രാജകീയ അധികാരത്തെ

---

19. കെ. എം. പണിക്കർ, മലബാറും ഡച്ചുകാരും, പുറം 63.
20. പി. കെ. എസ്. രാജ, മെഡീവൽ കേരള, പുറം 273.

മാനിക്കാത്തവരും ശക്തമായ രാജസ്ഥാനങ്ങളുടെ രൂപീകരണത്തിന് എതിരായിരുന്നവരുമാണല്ലോ ഇവരും. രാജ്യത്തിന്റെ ഏകീകരണത്തിനു വേണ്ടി ഏതുവിധമാണോ മാർത്താണ്ഡവർമ്മയും, കോമി അച്ഛനും ദുഷ് പ്രഭുത്വത്തെ അടിച്ചമർത്തിയും, നമ്മുടെ ചരിത്രകാരന്മാരുടെയെല്ലാം പ്രശംസക്ക അങ്ങനെ പാത്രീഭൂതമായതും, അതേ പ്രക്രിയ, അതേ ഉദ്ദേശ്യത്തോടു കൂടി വിജയപൂർവ്വം നിർവ്വഹിച്ച ഹൈദരാലിയും ടിപ്പുവും ഇതേ ചരിത്രകാരൻമാരാൽ നിശിതമായ വിമർശനത്തിന് വിധേയമാക്കപ്പെടുന്നുവെന്നത് ചരിത്രാഭാസമായി അവശേഷിക്കുന്നു. ''ചുരുക്കം ഡസൻ ചതുരശ്രമൈൽ വിസ്തീർണത്തിൽ ചുരുങ്ങികിടന്നിരുന്ന ഒരു സ്ഥലത്തെ ഇന്നത്തെ നിലയിലുള്ള തിരുവിതാംകൂർ സ്റ്റേററ് ആക്കി മാററിയത് മാർത്താണ്ഡവർമ്മയായിരുന്നു. ഒരായുഷ്ക്കാലത്തിന്നിടക്കുണ്ടാക്കിയ ഈ നേട്ടം 'ആധുനിക തിരുവിതാംകൂറിന്റെ നിർമ്മാതാവ്'' എന്ന ബഹുമതിക്ക് അദ്ദേഹത്തെ അർഹനാക്കി''[21]. 1729–ൽ മാർത്താണ്ഡവർമ്മ അധികാരത്തിലേറിയതോടെ തിരുവിതാംകൂറിന്റെ മാത്രമല്ല, കേരള ചരിത്രത്തിന്റെ തന്നെ പുതിയ അദ്ധ്യായം ഉത്ഘാടനം ചെയ്യപ്പെട്ടു. ''രാജ്യത്ത് ക്രമസമാധാനമോ, സുഗമമായ ഭരണക്കൂടമോ അസാദ്ധ്യമാക്കത്തക്കവിധം രാജ്യം കൊച്ചുകൊച്ചു തുണ്ടുകളായി വിഭജിക്കപ്പെട്ടുകിടന്നിരുന്നു. ഇവയിൽ ആധിപത്യം പുലർത്തിയിരുന്ന മാടമ്പിമാരാകട്ടെ സ്വയം നിലനിർത്തിപ്പോന്ന യോദ്ധാക്കളുടെ സഹായത്തോടെ രാജാവിനേയും പ്രജകളേയും ഭീതിപ്പെടുത്തുകയും രാജ്യം കൊള്ളയടിച്ചുകൊണ്ടിരിക്കുകയും ചെയ്തുകൊണ്ടിരുന്ന അവസരമായിരുന്നു അതു'', എന്നാണ് നാഗമയ്യ 'തിരുവിതാംകൂർ സ്റ്റേററ് മാനവലിൽ' രേഖപ്പെടുത്തിയിരിക്കുന്നത്[22]. രാജകീയാധികാരത്തെ വെല്ലുവിളിച്ചിരുന്ന ഈ ശിഥിലീകരണ ശക്തിക്കെതിരായി അദ്ദേഹം വിജയകരമായി മുന്നേറുകയും അങ്ങനെ കാലത്തിനൊത്ത് ഉയരുകയും ചെയ്തു. കേരളമാകമാനം ഏകീകരിക്കണമെന്നും അങ്ങിനെ കേരളചക്രവർത്തിയായി ഉയരണമെന്നും അദ്ദേഹം ആത്മാർത്ഥമായും ആശിച്ചിരുന്നു. ബോധപൂർവ്വം അദ്ദേഹം നടത്തിയ നീക്കുപോക്കില്ലാത്ത ആക്രമണനയം രാഷ്ട്രീയ ഏകീകരണം മാത്രമല്ല സാധിച്ചത്. തിരുവിതാംകൂറിലെ ഫ്യൂഡൽ ദുഷ്പ്രഭുത്വത്തിന്റെ അടിവേരു് പോലും അറുത്ത് മാററാൻ സഹായിച്ച സംഗതിയാണിതു്. തിരുവിതാംകൂറിലെ ആഢ്യൻമാരായ എട്ടുവീട്ടിൽ പിള്ളമാരെന്ന നായർ പ്രഭുത്വത്തെ എല്ലാം തന്നെ പിടികൂടി ഓരോരുത്തരെയായി അദ്ദേഹം വകവരുത്തി[23]. മാർത്താണ്ഡവർമ്മയിൽനിന്നും തിരുവിതാംകൂറിലെ നായർ മേധാവികൾക്കുണ്ടായത്ര കടുത്ത യാതനയിൽ കൂടുതലൊന്നും മലബാറിലെ

---

21. ഈ. എം. എസ്സ്. നമ്പൂതിരിപ്പാട്, 'കേരളം ഇന്നു്, ഇന്നലെ, നാളെ,' പുറം 75.
22. പി. നാഗമയ്യ, തിരുവിതാംകൂർ സ്റ്റേററ് മാനവൽ, വാല്യം 1, പുറം 201.
23. കെ. എം. പണിക്കർ, മലബാറും ഡച്ചുകാരും, പുറം 64.

നായർമാടമ്പികൾക്ക് ഹൈദരാലിയിൽനിന്നോ, ടിപ്പു സുൽത്താനിൽ നിന്നോ ഉണ്ടായിരുന്നതായി തോന്നുന്നില്ല. വ്യവസ്ഥാപിതമായ ഭരണ കൂടത്തിനെതിരായി കലാപത്തിന്റെ കൊടിക്കൂറ ഉയർത്തിയാലും വധ ശിക്ഷ നല്കുകയെന്നതു് നായർ പ്രഭുക്കൻമാരെ സംബന്ധിച്ച് പുതിയ അനുഭവമായിരുന്നു. കേരളത്തിലെ മറെറാരു രാജാവും അംഗീകൃതമായ ഈ കേരളധർമത്തെ ലംഘിക്കുവാൻ മുതിർന്നിരുന്നില്ല. മാർത്താണ്ഡവർമ്മയാ കട്ടെ ചിരകാലമായി അനുഷ്ഠിച്ചുപോന്ന ഈ നാട്ടാചാരത്തെ കാററിൽ പറത്തുകയാണുണ്ടായതു്. മാറിക്കൊണ്ടിരുന്ന കാലത്തിനൊപ്പിച്ചുയർന്ന മാർത്താണ്ഡവർമ്മ ആധുനികതയുടെ പുരോഗമനാത്മകമായ വായു ശ്വസിച്ച് വളരുകയും പുത്തൻ പ്രവണതകളെ പുണരുവാനൊരുങ്ങുകയും ചെയ്തു എന്ന താണ് കാലഹരണപ്പെട്ട നാട്ടാചാരങ്ങളെയൊക്കെ ഉല്ലംഘിച്ച് നവീനമായ നയകോവിദത പ്രദർശിപ്പിക്കുവാൻ കാരണം. കീഴടക്കിയ രാജ്യങ്ങൾ സ്വന്തം രാജ്യത്തോട് കൂട്ടിച്ചേർക്കുക കേരളത്തിൽ പതിവില്ലാത്ത കാര്യ മായിരുന്നുവെന്നു് നേരത്തെ നാം പ്രസ്താവിച്ചതാണല്ലോ. മാർത്താണ്ഡ വർമ്മയാകട്ടെ രാജ്യത്തിന്റെ ഭദ്രതയും ഏകീകരണവും എന്ന ലക്ഷ്യം വെച്ചു കൊണ്ടു് ചെറുകിട രാജസ്ഥാനങ്ങളെ ഓരോന്നോരോന്നായി ആക്രമിച്ച് കീഴടക്കി തന്റെ രാജ്യത്തോടു് കൂട്ടിച്ചേർക്കുകയാണ് ചെയ്തതു്. "ഒരു രാജ്യം ആക്രമിച്ചു കഴിഞ്ഞാൽ അവിടത്തെ ഭരണാധികാരിയെ ആശ്രിത നായംഗീകരിച്ച് അയാളുടെ സ്ഥലം പൂർവ്വസ്ഥിതിയിൽ വിട്ടുകൊടുക്കുക യെന്നതായിരുന്നു കേരളത്തിലെ സ്ഥിതി. അതിനു് വിരുദ്ധമായി പ്രവർ ത്തിച്ച ഏക മലയാളി രാജാവ് മാർത്താണ്ഡവർമ്മയായിരുന്നു". കലാ പകാരികളായ നായർപ്രഭുക്കളെ കേരള ധർമാചാരത്തിനു് വിരുദ്ധമായി ത്തന്നെ അദ്ദേഹം നൈകാര്യം ചെയ്തതും നാം വിവരിച്ചതാണ്. ഇതിനെ വിമർശിച്ചുകൊണ്ടു് കെ. എം. പണിക്കർ എഴുതുന്നതിങ്ങനെയാണ്: "അദ്ദേഹ ത്തിന്റെ ഭരണകാലത്ത് മുഴുക്കെത്തന്നെ കേരളധർമം എന്താണെന്നു് നോ ക്കാതെ അതിനു് വിരുദ്ധമായ പ്രവൃത്തികളാണ് ചെയ്തിരുന്നത് ... മധുര യിലെ നായക്കന്മാരുടേതുപോലെയോ തൃശ്ശിനാപ്പള്ളിയിലെ നവാബു മാരുടേതുപോലെയോ ഉള്ള ഏകാധിപത്യം കേരളത്തിലെ ചെറുകിട രാജസ്ഥാനങ്ങളെയെല്ലാം നാമാവശേഷമാക്കിയ ശേഷം ഇവിടെ നടപ്പാക്കുകയെന്നതായിരുന്നു ലക്ഷ്യം."[24] കെ. എം. പണിക്കരേയും അതു പോലെയുള്ള കേരളചരിത്രകാരൻമാരേയും മലബാറിലെ മൈസൂർ ഭരണ ത്തിനെതിരായി ക്രൂരമായ ആക്രോശം നടത്തുവാൻ പ്രേരിപ്പിച്ച സംഗ തിയും അവരാരും കേരളധർമത്തെ മാനിച്ചില്ല എന്നതു തന്നെയാണ്. കർണ്ണാടക നവാബിന്റെ സാമന്തനായിരിക്കുകയും തന്റെ അയൽരാജ്യ മായ മധുരയിലെ നായക്കൻമാരുടെ കേന്ദ്രീകൃത ഭരണസംവിധാനവുമായി

24. ഠി, പുറങ്ങൾ, 62-63.

ഇടപഴകുകയും ചെയ്ത മാർത്താണ്ഡവർമ്മക്ക് സുശക്തമായ ഭരണക്രമവും ഏകീകൃതമായ രാജ്യവും തിരുവിതാംകൂറിലുണ്ടാക്കണമെന്ന പ്രചോദനം ഇവിടങ്ങളിൽ നിന്നും ലഭിച്ചിരിക്കാം. അയൽരാജ്യങ്ങളിൽ വിജയകരമായി നടത്തിപ്പോരുന്ന ഭരണരീതി തൻെറ കീഴിലുള്ള സ്ഥലത്തും പ്രാവർത്തികമാക്കുവാൻ അദ്ദേഹം ശ്രമിക്കുക മാത്രമാണ് ചെയ്തത്. നാട്ടുനടപ്പിനു് വിരുദ്ധമായിട്ടാണെങ്കിലും തൻെറ കൈവശം കിട്ടിയ ചെറിയ രാജ്യത്തു് വിസ്തൃതിയിലും ശക്തിയിലും കേരളത്തിലെ പ്രധാന രാജസ്ഥാനമാക്കി ഉയർത്താൻ കഴിഞ്ഞ മാർത്തണ്ഡവർമ്മയുടെ വിജയം ചരിത്രകാരൻമാരുടെ കലവറയില്ലാത്ത പ്രശംസക്കും, 'ആധുനിക തിരുവിതാംകൂറിൻെറ നിർമ്മാതാവ്' എന്ന ബഹുമതിക്കും അദ്ദേഹത്തെ പാത്രമാക്കി. കൊച്ചിയിൽ പരമ്പരാഗതമായി ദിവാൻപദം അലങ്കരിച്ചുപോന്ന പാലിയത്ത് അച്ഛൻമാരിൽ ഇക്കാലത്തെ ദിവാനായിരുന്ന കോമ്പി അച്ചനും തിരുവിതാംകൂറിൽ മാർത്താണ്ഡവർമ്മ അനുവർത്തിച്ച അതേ നയംതന്നെ പിൻതുടരുകയും കൊച്ചി സുഘടിതമായ ഒരു രാജസ്ഥാനമാക്കി മാററുകയും ചെയ്തിരുന്നു. താൻ ഉൾക്കൊള്ളുന്ന പ്രഭുത്വത്തിൻെറ സ്ഥാപിത താൽപര്യത്തെ മറികടന്നു് രാജകീയപദവി ഉയർത്തുവാൻ അദ്ദേഹം നടത്തിയ ത്യാഗവും മാതൃകാപരമായ പ്രവർത്തനങ്ങളും ചരിത്രകാരൻമാരുടെ ആവേശകരമായ പ്രശംസ നേടിയെടുക്കുകയും ചെയ്തിട്ടുണ്ട്. മാർത്താണ്ഡവർമ്മയേയും കോമ്പിയച്ഛനേയും ഏതു് പ്രവൃത്തികൾ ചെയ്തതിൻെറ പേരിലാണോ നമ്മുടെ ചരിത്രകാരൻമാരത്രയും പുകഴ്ത്തിയിട്ടുള്ളതു്, അതേ പ്രവൃത്തികൾ അതേ രീതിയിൽത്തന്നെ മലബാറിൽ വിജയകരമായി പ്രയോഗിച്ച ഹൈദരാലിയും ടിപ്പുസുൽത്താനും ഇക്കാരണങ്ങളാൽ തന്നെ ഇതേ ചരിത്രകാരൻമാരുടെ പഴിക്കും ആഭിചാരവാക്കുകൾക്കും ഇരയാകുന്നുവെന്നത് പന്തികേടാണ്. സമാനമായ കാര്യങ്ങളിൽ ഒരേ അളവുകോൽ തന്നെ ഉപയോഗിക്കണമെന്നതാണല്ലോ ധർമം.

മലബാറിലെ ചെറുകിട നാടുവാഴികളുടെ ആസ്ഥാനങ്ങൾ കീഴടക്കി മലബാറിനെ ഏകീകരിക്കുകയെന്ന ശ്രമകരമായ ജോലി മൈസൂർ ആക്രമണകാരികളുടെ ചുമലിലാണ് വീണത്. മലബാറിലെ ഫ്യൂഡൽ പ്രമാണികൾ ശക്തരായിരുന്നു. അവരെ ദുരീകരിക്കുക എളുപ്പമായിരുന്നില്ല. മൈസൂർ അധിനിവേശം മലബാറിലുണ്ടായിരുന്നില്ലായെങ്കിൽ നിശ്ചയമായും ഈ ഇടപ്രഭുക്കൻമാരുടെ തേർവാഴ്ച മലബാറിൽ അഭംഗുരം നടമാടുമായിരുന്നുവെന്നാണ്, അക്കാലത്തെ രാഷ്ട്രീയ പരിതസ്ഥിതികളെ കൂലങ്കഷമായി പഠിച്ചവരൊക്കെയും അഭിപ്രായപ്പെട്ടിട്ടുള്ളതു്. മലബാറിലെ ജന്മി ദുഷ്പ്രഭുത്വത്തെ വിജയകരമായി ഉന്മൂലനം ചെയ്ത മൈസൂർ ഭരണകർത്താക്കൾ, തിരുവിതാംകൂറിലും കൊച്ചിയിലും അനുവർത്തിച്ച അതേ മാതൃകതന്നെയാണ് പിൻതുടർന്നത്. 1956 നവംബർ ഒന്നാം തീയതി മലബാറുമായി ലയിച്ച് കേരളസംസ്ഥാനമായി മാറുന്നതുവരെ, തിരുവിതാംകൂറും കൊച്ചിയും നിലനിന്നിരുന്നുവെന്നതു് തന്നെ മതി, മലബാറിലെ ഫ്യൂഡൽ മാടമ്പിമാരെ

എത്ര സമർത്ഥമായിട്ടാണ് മൈസൂർ ഭരണാധികാരികൾ അധികാര ഭ്രഷ്ടരാക്കിയതെന്ന് കാണുവാൻ. ഇംഗ്ളീഷ്കാരുടെ പക്കൽ മലബാർ വന്നു ചേർന്നപാടെ അതാതിടങ്ങളിൽ പഴയ രാജാക്കൻമാരേയും ഇടപ്രഭുക്കൻമാരേയും പുനഃപ്രതിഷ്ഠ നടത്തുകയും പഴയ സമ്പ്രദായത്തിലേക്ക് തിരിച്ചു പോകുവാനാഗ്രഹിക്കുകയും ചെയ്തിരുന്നുവെങ്കിലും അതത്രയും ദയനീയമായി പരാജയപ്പെടുകയാണ് ചെയ്തത്. ഈ പരീക്ഷണത്തിൻെറ ഫലമായി മൈസൂർ ഭരണകർത്താക്കൾ പ്രജകളുടെ നൻമക്കായി നടപ്പാക്കിയിരുന്ന പലതും വേണ്ടെന്ന് വെക്കേണ്ടതായി വന്നുകൂടി എന്നല്ലാതെ നാടിൻെറ ഗുണത്തിന് വേണ്ടി പുതുതായൊന്നിനും രൂപം കൊടുക്കാൻ ഒക്കാതെ പോകുകയും ചെയ്തു എന്നതാണ് പരമാർത്ഥം. പുനരാരോഹണം ചെയ്യപ്പെട്ട രാജാക്കന്മാരെയെല്ലാം തന്നെ അടിത്തൂൺ നല്കി പിരിച്ചയക്കുവാൻ കമ്പനിയധികാരികൾ നിർബന്ധരായി. ഇംഗ്ലീഷ്കാരുടെ കീഴിൽ കൂറുള്ള പ്രജകളായി അവർ നീണാൾ വാഴുകയും ചെയ്തു.

# 13

# കുടിയായ്മയിൽ വന്ന മാററം

മൈസൂർ ആധിപത്യത്തിനു മുമ്പ് മലയാളികൾക്കിടയിലുണ്ടായിരുന്ന കാർഷിക ബന്ധത്തെക്കുറിച്ച് ചെറിയ ഒരവലോകനം നടത്തിയാൽ മാത്രമേ, കുടിയായ്മയിലും നികുതിസമ്പ്രദായത്തിലും മൈസൂർ ഭരണാധികാരികൾ നടപ്പാക്കിയ പരിഷ്കാരങ്ങളുടെ പ്രാധാന്യം മനസ്സിലാക്കുവാൻ സാധിക്കുകയുള്ളു. ഇന്ത്യയുടെ ഇതരഭാഗങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ഭൂമിയുടെ മേൽ ജന്മികൾക്കുണ്ടായിരുന്ന ഉടമസ്ഥാവകാശം ഏററവും വ്യത്യസ്തമായിരുന്നുവെന്നതാണ് പ്രഥമവും പ്രധാനവുമായ സംഗതി. രാജ്യത്തുള്ള സ്ഥലങ്ങൾ മുഴക്കെ രാജാവിന്റെ അധീശാധികാരത്തിലുള്ളവയാണെന്നതാണ് ഇന്ത്യയിലെവിടേയും അനുവർത്തിച്ചു പോന്നിരുന്ന സമ്പ്രദായം. എന്നാൽ കേരളത്തിലെ രാജാക്കൻമാർക്ക് ഭൂമിയുടെ മേൽ യാതൊരുവക അവകാശവുമുണ്ടായിരുന്നില്ലെന്നു മാത്രമല്ല, ഏതെങ്കിലും തരത്തിൽ നികുതി ഈടാക്കുവാനോ തൻമൂലം കഴിഞ്ഞിരുന്നുമില്ല[1]. സ്ഥലങ്ങളുടെ മേലുള്ള ഉടമസ്ഥാവകാശത്തിന്റെ കാര്യത്തിൽ രാജാക്കന്മാർ ഏററവും താഴേയും ജൻമികൾ ഏററവും ഔന്നത്യത്തിലുമായിരുന്നു[2]. 1801–ൽ മേജർ വാക്കർ 'മലബാറിലെ കുടിയായ്മ'യെ സംബന്ധിച്ച് സമർപ്പിച്ച റിപ്പോർട്ടിൽ ഭൂവുടമാസമ്പ്രദായത്തെക്കുറിച്ച് പ്രസ്താവിക്കുന്നത് വളരെ അർത്ഥവത്താണ്. അദ്ദേഹം എഴുതി:– "ഭൂസ്വത്തിൻമേലുള്ള ഉടമാവകാശത്തെക്കുറിച്ച് ഇത്രയും ബോധപൂർവ്വം മനസ്സിലാക്കിയിട്ടുള്ള ഒരു സ്ഥലം മലബാറിനെപ്പോലെ ലോകത്തൊരിടവും കാണുകയില്ല. മാത്രവുമല്ല, ആ അധികാരാവകാശങ്ങൾ അലംഘനീയമായി പുലർത്തിപ്പോരുകയും ചെയ്യുന്നുണ്ട്. ഭൂമിയുടെ മേൽ പരിപൂർണമായ ഉടമാവകാശം ജൻമിക്കുള്ളതാണ്. ആ ജൻമാവകാശത്തെ അപഹരിക്കുവാൻ

---

1. ഫേററിൻ മിസലേനിയസ്, എസ്. നമ്പർ 55, ഖണ്ഡിക 9, പുറം 10.
2. വില്യം താക്കറേ, മലബാറിലേയും കാനറായിലേയും നികുതി സമ്പ്രദായത്തെപ്പററിയുള്ള റിപ്പോർട്ട്, പുറം 3.

ന്യായമായി ഒരു ശക്തിക്കും സാധിക്കുകയുമില്ല''[3]. മലബാർ കമ്പനിഭരണത്തിൻ കീഴിൽ വന്നശേഷം മലബാറിലെ കുടിയായ്മയെപ്പററി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ പലകാലങ്ങളിലായി നിയുക്തരായിട്ടുള്ള കമ്മിഷണർമാരുടെ രേഖകളിൽ നിന്നും ജൻമികാക്ക് ഭൂമിയിൽമേലുണ്ടായിരുന്ന പരമാധികാരത്തെ പരിപൂർണ്ണമായും പിന്തുണയ്ക്കുന്ന തെളിവുകളനവധിയാണ്[4]. 1807—ലും 1815—ലും വില്യം താക്കറേയും മേജർ വാക്കറും അവരവരുടെ റിപ്പോർട്ടുകൾ റവന്യൂ ബോർഡിന് സമർപ്പിച്ചതിൽ ഇവരും സുവ്യക്തമായി പ്രഖ്യാപിച്ചിരിക്കുന്നത്, "കൃഷിസ്ഥലമോ, തരിശ്ഭൂമിയോ ഏതു് തന്നെയായാലും മലബാറിലുള്ള മുഴുവൻ സ്ഥലവും ജൻമാവകാശമുള്ള സ്വകാര്യസ്വത്താകുന്നു,'' എന്നാണ്[5]. മേജർ വാർഡൻ ഇക്കാര്യം ഉറപ്പിച്ചു പറയുന്നതിങ്ങനെയാണ്: "മലബാറിൽ നിലവിലുള്ള ജന്മിസമ്പ്രദായം ഭൂവുടമയ്ക്ക് ഭൂമിയുടെമേൽ സമ്പൂർണ്ണ അവകാശം ഉറപ്പുകൊടുക്കുന്നുണ്ട്''[6]. 1800-ൽ മലബാർ സന്ദർശിച്ച് തീക്ഷ്ണമായ അന്വേഷണം നടത്തി തയ്യാറാക്കിയ രേഖയിൽ ഡോ. ഫ്രാൻസിസ് ബുക്കാനൻ മലബാറിൽ നിലവിലുണ്ടായിരുന്ന കുടിയായ്മയേയും ജന്മികൾക്കുണ്ടായിരുന്ന സവിശേഷാധികാരത്തേയും പുരസ്കരിച്ച് ദീർഘമായിത്തന്നെ ഉപന്യസിക്കുന്നുണ്ട്[7]. "പരമാധികാരത്തിൻെറ മുന്നോടിയാണ് ജൻമാവകാശം. നികുതിയും വാടകയും ഈടാക്കുവാനുള്ള സ്വാതന്ത്ര്യത്തിന് പുറമേ കുടിയാൻമാരിൽ നിന്നും പാട്ടമോ വാരമോ പിരിക്കുവാനും രാജഭോഗം സ്വീകരിക്കുവാനുമുള്ള അവകാശം ജന്മികൾക്ക് സ്വായത്തമായി ലഭിക്കുന്നുവെന്നതാണ് കേരളത്തിലെ ജന്മിസമ്പ്രദായത്തിൻെറ സവിശേഷത,'' എന്നാണ് നാഗമയ്യയുടെ പക്ഷം[8]. ഹാമിൽട്ടൺ പ്രസ്താവിക്കുന്നതാകട്ടെ കുന്നുകളും മലകളും പുഴകളും എല്ലാം തന്നെ

---

3. മേജർ വാക്കർ, മലബാർ കുടിയായ്മ റിപ്പോർട്ട്, 1801, പുറം 3; മേജർ മക്ലിയോഡ്, ജമബന്തി റിപ്പോർട്ട്, 1802, ഖണ്ഡിക 16, പുറം 4 കൂടിനോക്കുക.
4. രണ്ടാം മലബാർ കമ്മിഷൻ റിപ്പോർട്ട്, 1794; മലബാറിലേയും കാനറയിലേയും സ്ഥിതിഗതികളുടെ റിപ്പോർട്ട്, ജെ. സല്ലിവൻ, 1841 ജൂൺ 29, പുറം 11; മേജർ മക്ളിയോഡ്, ജമബന്തി റിപ്പോർട്ട്, 1802; ജെ. സ്മീ, തെക്കേ മലബാറിലെ ഭൂസർവ്വേയും നികുതി സമ്പ്രദായവും, 1801; തോമസ് വാർഡൻ, മലബാറിലെ ഭൂനികുതി ഏർപ്പാട്, 1817 ഏപ്രിൽ 15; തോമസ് വാർഡൻ, മലബാർ ഭൂനികുതി റിപ്പോർട്ട്, 1813, ജൂൺ 16.
5. വില്യം താക്കറേ, റവന്യൂബോർഡിനയച്ച റിപ്പോർട്ട്, 1807 ആഗസ്റ്റ് 4.
6. മേജർ വാർഡൻ, മലബാറിലെ കുടിയായ്മ റിപ്പോർട്ട്, 1815.
7. ബുക്കാനൻ, വാല്യം II, പുറങ്ങൾ 358-80.
8. പി. നാഗമയ്യ, തിരുവിതാംകൂർ സ്റ്റേററ് മാനുവൽ, വാല്യം III, പുറം 31

സ്വകാര്യ സ്വത്താണിവിടെ'' എന്നാണ്[9]. കേരളത്തിൽ വന്നിട്ടുള്ള സഞ്ചാരികളെല്ലാവരും തന്നെ ഈ പ്രത്യേകതയെ പരാമർശിച്ചിട്ടുള്ളവരാണ്. ഭൂവുടമകളുടെ കൈവശമുള്ള ഭൂമിയിൽ ഭരണാധിപൻമാർക്കാർക്കും യാതൊരു വക അവകാശാധികാരവുമുണ്ടായിരുന്നില്ല. രാജ്യത്തിൻെറ 75 ശതമാനം സ്ഥലവും ഇങ്ങനെ സ്വകാര്യവ്യക്തികളുടെ ജന്മസ്ഥലങ്ങളായിരുന്നു. അവശേഷിക്കുന്നവയാകട്ടെ രാജാക്കന്മാരുടെ സ്വകാര്യസ്വത്തായ 'ചേരിക്കൽ' പ്രദേശമോ, ക്ഷേത്രങ്ങളുടെ വകയായ 'ദേവസ്വ'മോ ആയിരുന്നു[10].

ഭൂവുടമയെ സംബന്ധിച്ച് മലബാറിലുണ്ടായിരുന്ന മറ്റൊരു പ്രത്യേകത സ്ഥലങ്ങളിൽനിന്നും ഭൂനികുതി പിരിച്ചിരുന്നില്ലെന്നതാണ്. ഇത് ജൻമികളുടെ ഭൂമിയിൻമേലുള്ള ആധിപത്യം പരിപൂർണമാക്കി. ''മലബാറിൻെറ രാഷ്ട്രീയ ചരിത്രത്തിൽ ധാരാളം തെളിവുകളുടെ സഹായത്തോടെ സ്ഥാപിക്കുവാൻ സാധ്യമാകുന്ന ഒരു വസ്തുത ഇവിടെ സ്ഥലങ്ങളിൻമേലുള്ള അവകാശത്തിൽനിന്നും നികുതിയോ വാടകയോ ഈടാക്കിയിരുന്നില്ല എന്നാണ്''' ഡബ്ല്യു. റോബിൻസൻെറ നിഗമനം[11]. ഇതെങ്ങിനെ ഇവിടെ മാത്രമായി നിലവിൽവന്നു എന്ന കാര്യത്തെക്കുറിച്ച് നിരവധി പണ്ഡിതൻമാർ അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട്. ഡബ്ല്യു. ലോഗനും, സി. എ. ഇന്നിസ്സും കരുതുന്നത് പെരുമാൾവാഴ്ചയുടെ ശേഷമുണ്ടായ രാജ്യവിഭജനത്തിന് ശേഷമായിരിക്കാം നികുതിപിരിവ് ഇല്ലാതായതെന്നും അതിനുമുമ്പുള്ള പുരാതനകേരളത്തിൽ ഭൂനികുതി നിലവിലുണ്ടായിരുന്നിരിക്കുമെന്നുമാണ്. ഇവരിരുവരും അവരുടെ കൃതികളായ മലബാർ മാന്വലിലും, മലബാർ ഗസററിയറുകളിലും കേരളത്തിലെ കുടിയായ്മയെ സംബന്ധിച്ച് സുദീർഘമായി പ്രതിപാദിക്കുന്നുണ്ട്. പണ്ഡിതനായ ലോഗൻ തൻെറ മലബാർ കുടിയായ്മയെ സംബന്ധിച്ച് അദ്ദേഹത്തിൻെറ പഠനറിപ്പോർട്ടിൽ ഗഹനമായ ഗവേഷണപാടവമാണ് പ്രകാശിപ്പിക്കുന്നത്. കമ്പനിയുടെ ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും, ഇക്കാര്യത്തെക്കുറിച്ച് പഠനങ്ങൾ നടത്തിയ ആദ്യകാല ഇംഗ്ലീഷ് ജിജ്ഞാസുക്കൾക്കും അസാധാരണമായി തോന്നിയ ഒന്നാണ് ഭൂനികുതി ഈടാക്കിയിരുന്നില്ലെന്നത്. നികുതിയിനത്തിൽ നിന്നും പരിപൂർണമായും ഒഴിവാക്കപ്പെട്ടിരുന്ന ബ്രാഹ്മണ ജാതിക്കാരായിരുന്നു ഇവിടത്തെ ഭൂവുടമകൾ എന്നത് കൊണ്ടായിരിക്കാം ഭൂനികുതി ഈടാക്കാനൊക്കാതെ പോയത് എന്നാണ് ഇവരുവരും ഊഹിച്ചത്. എന്നാൽ മലബാർ ടിപ്പുവിൽ

---

9. ഹാമിൽട്ടൺ, ഹിന്ദുസ്ഥാനെക്കുറിച്ചുള്ള വിവരണം, വാല്യം II, പുറം 276.
10. ബുക്കാനൻ, മേലുദ്ധരിച്ചത്, പുറം 368.
11. ഡബ്ല്യു. റോബിൻസൻ, മലബാർ കുടിയായ്മകമ്മിററി റിപ്പോർട്ട്, പുറം 122.

നിന്നും ലഭിച്ച സന്ദർഭത്തിൽ ചില നായൻമാരും മാപ്പിളമാരും ഭൂവുടമകളെന്ന നിലയിൽ തങ്ങളുടെ സ്ഥലങ്ങളിൻമേൽ പരിപൂർണാധികാരം അവകാശപ്പെടുകയും നികുതിയിൽ നിന്നും ഒഴിവാക്കികൊടുക്കണമെന്നാവശ്യപ്പെടുകയും ചെയ്തു. "ബ്രാഹ്മണർക്ക് ഭൂസ്വത്തിൻമേലുള്ള പരമാധികാരം എത്രമാത്രമായിരുന്നുവോ, അത്രയുംതന്നെ അവകാശാധികാരങ്ങൾ ഇവർക്കും ഉണ്ടായിരുന്നു" എന്നാണ് ചാൾസ് ടേണർ, മലബാറിലെ കുടിയായ്മയെ സംബന്ധിച്ച കരടുബില്ലിന്റെ മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്[12]. 1792—ൽ മലബാർ കമ്മിഷണർമാർ സമക്ഷം സാമൂതിരി നൽകിയ മെമ്മോറാണ്ടത്തിൽ പറഞ്ഞിരുന്നത്, "മലബാറിലെ പൗരാണികമായ ആചാരക്രമമനുസരിച്ച് നായൻമാരുടെ പക്കലുണ്ടായിരുന്ന സ്ഥലത്തിന് ഒരിക്കലും നികുതി കൊടുത്തിരുന്നില്ലെന്നും അവ സ്വതന്ത്രങ്ങളായ സ്വകാര്യസ്വത്തായിരുന്നുവെന്നുമാണ്[13]". ഷെയിക്ക് സെയിനുദ്ദീൻ പറയുന്നതാകട്ടെ, സ്ഥലത്തിന്റെ വിസ്തൃതി എത്ര തന്നെയായാലും ഉൽപാദനത്തിന്റെ വിഹിതമോ ഭൂനികുതിയോ ആരും കൊടുക്കേണ്ടതുണ്ടായിരുന്നില്ല"[14] എന്നാണ്.

ഗവൺമെൻറിനോട് യാതൊരു വക ഉത്തരവാദിത്വമോ ബാദ്ധ്യതയോ ഇല്ലാതിരുന്ന ഭൂമിയിൻമേലുള്ള അനിയന്ത്രിതമായ അവകാശത്തിൻമേൽ കനത്ത പ്രഹരമാണ് മൈസൂർ അധിനിവേശത്തോടുകൂടി അനുഭവപ്പെട്ടത്. 1766—ൽ തന്നെ തന്റെ സിവിൽ ഗവർണറായ മദണ്ണക്ക് ഹൈദരാലിയിൽ നിന്നും ലഭിച്ചിരുന്ന നിർദ്ദേശം കുററമററ ഭൂനികുതി സമ്പ്രദായം ഉടനടി മലബാറിൽ നടപ്പിലാക്കണമെന്നതായിരുന്നു. മൈസൂർ ഭരണാരംഭത്തിൽ എത്രമാത്രം തന്റെ യജമാനന്റെ ആഗ്രഹത്തിനൊത്ത് മദണ്ണ ഭൂനികുതി സമ്പ്രദായം നടപ്പിലാക്കിയിരുന്നുവെന്ന് കൃത്യമായി പറയുവാൻ വേണ്ട രേഖകൾ സുലഭമല്ല. എന്നാൽ "1768-നും 1773—നു മിടക്ക് പുനർപ്രതിഷ്ഠ നേടി അധികാരത്തിലേറിയ രാജാക്കൻമാരുടെ ഭരണത്തേക്കാൾ എത്രയോ ഭേദമായിരുന്നു മൈസൂർ ബ്രാഹ്മണനായ മദണ്ണയുടെ ഭരണം,[15]" എന്ന് ബുക്കാനൻ ഇക്കാലത്തെക്കുറിച്ചെഴുതുന്നതിൽ നിന്നും മനസ്സിലാകുന്നത് മൈസൂർ ഭരണത്തിന്റെ തുടക്കം മുതൽ തന്നെ മദണ്ണയും കൂട്ടരും തങ്ങളുടെ യജമാനന്റെ നിർദ്ദേശാനുസരണം പ്രവർത്തനം നടത്തിയിരിക്കണമെന്നാണല്ലൊ. 1768-ൽ നിശ്ചിതമായ കപ്പം നൽകാമെന്ന അടിസ്ഥാനത്തിൽ മലബാർ രാജാക്കന്മാരെ അധികാരത്തിലേററിയതിന് ശേഷം രണ്ടു വർഷക്കാലത്തേക്ക് ഭൂപരിഷ്കരണസംബന്ധമായ പ്രവർത്തനങ്ങൾ നിർത്തിവെച്ചതായാണ് കാണുന്നത്.

---

12. ചാൾസ് ടേണർ, മുകളിലുദ്ധരിച്ചത്, അദ്ധ്യായം II.
13. ഹേററിൻ മിസലേനിയസ്, എസ്. നമ്പർ 56, പുറം 207
14. ഷെയിക്ക് സെയിനുദ്ദീൻ, തുഹഫത്തുൽ മുജാഹിദീൻ, പുറം 83.
15. ബുക്കാനൻ, മുൻ ഉദ്ധരിച്ചത്, വാല്യം II, പുറങ്ങൾ 548—49.

കടത്തനാട് രാജാവ് സാമന്തപദവി അംഗീകരിച്ച് ഹൈദരാലിയ്ക്ക് 2 ലക്ഷം രൂപ പിഴയായി നൽകുകയും വർഷാന്തം 50,000 ക കപ്പമായി നൽകാമെന്നും കരാറാക്കിയതിന്റെ ഫലമായി അദ്ദേഹത്തെ പുനർവാഴ്ച നടത്തി[16]. കോട്ടയം രാജാവ് ഇത്തരം വ്യവസ്ഥ അംഗീകരിക്കാൻ തയ്യാറാകാഞ്ഞതിനാൽ, കോട്ടയവും ചിറയ്ക്കൽ സംസ്ഥാനവും രണ്ടുലക്ഷത്തി അറുപത്തി എണ്ണായിരം രൂപ പിഴയായും വർഷാന്തം ഒരുലക്ഷത്തിഇരുപത്തയ്യായിരം രൂപ കപ്പമായും കൊടുക്കാമെന്നേററതിന്റെ അടിസ്ഥാനത്തിൽ ചിറയ്ക്കൽ രാജാവിനെ ചിറയ്ക്കൽ, കോട്ടയം, വയനാട്, തമ്പോലക്കോട്ട എന്നീ സ്ഥലങ്ങളുടെ ഭരണാധികാരിയായി വാഴിക്കുകയും ചെയ്തു[17]. ഇതേമാതിരി സാമൂതിരിയേയും യഥാസ്ഥാനത്ത് അധികാരത്തിലേററിയിരുന്നു.

എന്നാൽ, ഈ പരീക്ഷണം ദയനീയമായി പരാജയപ്പെട്ടപ്പോൾ മലബാറിന്റെ ഭരണം ഹൈദരാലി നേരിട്ടേറെറടുക്കുകയും ശ്രീനിവാസറാവുവിനെ സിഹൽ ഗവർണ്ണറായി നിയമിക്കുകയും ചെയ്തു. മൈസൂർ രാജ്യത്തിന്റെ മററു ഭാഗങ്ങളിൽ നിലവിലിരുന്ന സമ്പ്രദായത്തെ പിൻതുടർന്നുകൊണ്ട് മലബാറിൽ ഭൂനികുതിയും ഭരണക്രമവും അദ്ദേഹം നടപ്പിലാക്കി. ഇതിന്റെ പ്രാരംഭമായി ഭൂമി അളന്ന് തിട്ടപ്പെടുത്തുവാനുള്ള പണി അദ്ദേഹം ആരംഭിച്ചു. കേരളത്തിലാദ്യമായി നടക്കുന്ന ഭൂസർവ്വേ ഇതായിരുന്നുവെന്നത് പ്രത്യേകം ഓർക്കേണ്ടതുണ്ട്. ഭൂസർവ്വേ നടത്തിയശേഷം ഉല്പാദനശേഷിയുടെ അടിസ്ഥാനത്തിൽ ഇവിടെ ഭൂനികുതി ചുമത്തുകയും ചെയ്തത് മൈസൂർ ഭരണകർത്താക്കളായിരുന്നു. ഈ വക കാര്യങ്ങൾ കേരളത്തിന് പുത്തരിയായിരുന്നു. ഒരു സ്ഥലം വിതയ്ക്കുവാൻ എത്രമാത്രം വിത്ത് ആവശ്യമുണ്ടോ, അതിന്റെ കണക്കനുസരിച്ചായിരുന്നു സ്ഥല വിസ്തീർണ്ണം അതുവരെ ഇവിടെ നിർണയിച്ചിരുന്നത്[18]. സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്ന ഉപാധികളോ, ഭൂസർവ്വേയോ കേരളത്തിനതുവരെ അജ്ഞാതമായിരുന്നു. എന്നാൽ ഒരു നിലത്തിൽ വിതക്കേണ്ട വിത്ത് എത്രയാണെന്നും അത്രയും വിത്ത് ഇട്ടാൽ കിട്ടുന്ന ഉല്പാദനമെത്രയായിരിക്കുമെന്നും, അതിൽ നിന്നും ജന്മിക്ക് നല്കേണ്ട ഓഹരി എത്രെയെന്നും ഉള്ള കാര്യങ്ങളൊക്കെ കൃഷിക്കാരനു നല്ല നിശ്ചയമുണ്ടായിരുന്നു. ജന്മിക്ക് കൃഷിക്കാരൻ നൽകിയിരുന്ന പാട്ടത്തിൻമേലാണ് ഭൂനികുതി മൈസൂർ ഭരണകർത്താക്കൾ ചുമത്തിയത്. അതായിരുന്നു എളുപ്പമാർഗമെന്നത് മാത്രമല്ല യഥാർത്ഥ കൃഷിക്കാരന് നികുതിഭാരം ഉണ്ടാകുകയുമില്ലെന്ന പ്രത്യേകത ശ്രദ്ധേയവുമാണ്. ഇതാകട്ടെ യഥാർത്ഥ കൃഷിക്കാരുമായി നേരിട്ടാണ് നികുതി ക്ളിപ്തപ്പെടുത്തിയിരുന്നതും. ഇവർ ജൻമിക്ക് നല്കുവാൻ ബാദ്ധ്യസ്ഥമായ പാട്ടം അഥവാ

16. രണ്ടാം മലബാർ കമ്മിഷണർമാരുടെ റിപ്പോർട്ട്, ഖണ്ഡിക 9, 1801
17. ടി. ഖണ്ഡിക, 10.
18. ഫോറിൻ മിസലേനിയസ്, എസ്. നമ്പർ 56, പാർട്ട് II, പുറം 937.

വാടകയിൽ നിന്നും ഒരംശം നികതിയായി പിരിച്ചെടുക്കുകയാണ് മൈസൂർ റവന്യൂ അധികാരികൾ ചെയ്തത്". ഈ നികതിസമ്പ്രദായത്തിന്റെ സവിശേഷത, കൃഷിക്കാർക്കും ഗവൺമെൻറിനും ഇടയ്ക്കുണ്ടായിരുന്ന മദ്ധ്യവർത്തികളെ ഉൻമൂലനം ചെയ്യുവാനും, ഭൂമി അളന്ന് തിട്ടപ്പെടുത്തുവാനും, ശരിയായ ഉല്പാദനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിഹിതം ക്ളിപ്തപ്പെടുത്തുവാനും സാധിച്ചു എന്നതിന് പുറമെ സർക്കാരും കൃഷിക്കാരും തമ്മിൽ നേരിട്ട് ബന്ധം പുലർത്തുവാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുകയും ചെയ്തു വെന്നതാണ്. പ്രത്യേകമായി അനുസ്മരിക്കേണ്ട സവിശേഷത ജന്മി ദുഷ് പ്രഭുത്വത്തെ സമൂഹത്തിലെ സുപ്രധാനഘടകമല്ലാതാക്കാൻ ഇതുപകരിച്ചുവെന്ന താണ്. നികുതി നിശ്ചയിച്ചിരുന്നതു് ജൻമിമാരുമായിട്ടായിരുന്നില്ലെന്നും, കാണക്കാരോ കുടിയാൻമാരോ ആയി നേരിട്ടായിരുന്നുവെന്നുമുള്ള സംഗതി പ്രത്യേകം ഓർക്കേണ്ടതുണ്ട്.

നിലങ്ങൾക്ക് മാത്രമാണ് നികുതി ചുമത്തിയിരുന്നതു്. തരിശ് സ്ഥലങ്ങളും അമ്പലങ്ങളുടെ സ്വത്തും (ദേവസ്വംസ്ഥലം) കരത്തിൽ നിന്നും ഒഴിവാക്കിയിരുന്നു[19]. തരിശുസ്ഥലങ്ങളെ നികുതിയിൽനിന്നും ഒഴിവാക്കിയിരുന്നതു്, "ജൻമികൾ ദരിദ്രരായി തീരാതിരിക്കുന്നതിന്ന് വേണ്ടിയായിരുന്നു"[20] എന്നാണ് ബുക്കാനൻ എഴുതുന്നതു്. മലബാറിൽ പുതുതായിട്ടായിരുന്ന ഭൂനികുതി ചുമത്തിയിരുന്നതെങ്കിലും നികുതിഭാരം യഥാർത്ഥ കൃഷിക്കാരന്റെ മേൽ പതിച്ചിരുന്നില്ലെന്നതാണ് പ്രത്യേകത. കരം ചുമത്തിയിരുന്നതു് കർഷകന്റെ വിഹിതത്തിലല്ല ജൻമഭോഗത്തിലായിരുന്നുവെന്ന് പ്രത്യേകം ഓർക്കണം. ഈ നികുതിസമ്പ്രദായത്തെ ഹസൂർ നികുതിയെന്നാണ് മൈസൂർ ഭരണകർത്താക്കൾ വിശേഷിപ്പിച്ചിരുന്നതു്. മൈസൂർ കാലത്തിന് ശേഷം ഇംഗ്ലീഷുകാർ പല പ്രവിശ്യകളിലും പരീക്ഷണം നടത്തിയിരുന്ന 'റയത്ത്വാരി സമ്പ്രദായ'മായിരുന്നു മലബാറിൽ മൈസൂർ ഓഫീസർമാർ നടപ്പിലാക്കിയിരുന്ന കരംപിരിവു സമ്പ്രദായം.

മംഗലാപുരം സന്ധി (1784)ക്ക് ശേഷം മലബാർ തനിക്ക് തിരിച്ചു കിട്ടിയ ഉടനെ നികുതി പിരിവിനും കാർഷികബന്ധത്തിൽ നടപ്പാക്കേണ്ട പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിനും ആയി അർഷദ്ബെഗ്ഖാനെയാണ് ഇവിടെ നിയമിച്ചത്. ടിപ്പുവിന്റെ ജൻമശത്രുക്കൾ പോലും അർഷദ്ബെഗ് ഖാൻ മലബാറിൽ പ്രാവർത്തികമാക്കിയിരുന്ന നികുതി നിർണയസമ്പ്രദായത്തെ മുക്തകണ്ഠം പ്രശംസിച്ചിട്ടുണ്ട്[21]. "മലബാറിന്റെ തെക്കൻ ഭാഗ

19. ബുക്കാനൻ, വാല്യം II, പുറം 368.

20. ടി. പുറം 367.

21. മലബാറിൻ മിസലെനിയസ്, എസ്. നമ്പർ 55, പുറം 51.

കളിൽ നിന്നും നികുതി പിരിച്ചെടുക്കുന്നതിനുണ്ടാക്കിയ ഏർപ്പാടുകൾ മുഴക്കെ തന്നെ അർഷദ്ബെഗ്ഖാൻെറ അന്വേഷണങ്ങളുടെയും റവന്യു നിർണയത്തേയും അടിസ്ഥാനമാക്കി മാത്രമായിരുന്നു'' എന്നാണ് ജോയിൻറ് മലബാർ കമ്മിഷൻെറയും, രണ്ടാം മലബാർ കമ്മിഷൻെറയും റിപ്പോർട്ടുകളിൽ അസന്ദിഗ്ധമായി പ്രസ്താവിച്ചിട്ടുള്ളത്[22].

അർഷദ്ബെഗ്ഖാൻെറ പ്രവർത്തനം ആരംഭിച്ച് അധികം കഴിയുന്നതിനുമുമ്പായി തന്നെ വടക്കേ മലബാറിലെ രാജാക്കൻമാരുമായി നികുതി നിജപ്പെടുത്തുവാനദ്ദേഹത്തിന് സാധിച്ചിരുന്നു. രണ്ടുതറ ഒഴികെയുള്ള ചിറയ്ക്കൽ സംസ്ഥാനത്തിന് ഒരുലക്ഷത്തിഇരുപത്തയ്യായിരം രൂപയും, വയനാട് ഉൾപ്പെടെ കോട്ടയം സംസ്ഥാനത്തിന് ഒരു ലക്ഷംരൂപയും ആണ് നികുതിയായി നിർണയിച്ചിരുന്നത്. കടത്തനാട്ട് രാജാവിൽ നിന്നും രണ്ടു തവണ മുടക്ക്നികുതി ഈടാക്കിയതിന് പുറമെ വർഷാന്തം 50,000ക ഹുസൂരിനികുതിയായി നിജപ്പെടുത്തുകയും ചെയ്തു. ഇരവിനാട് നമ്പ്യാരുമായുണ്ടാക്കിയ വ്യവസ്ഥപ്രകാരം അവർ വർഷംപ്രതി 25,000ക നികുതി അടയ്ക്കണമായിരുന്നു. കണ്ണൂർ ആലിരാജാവാകട്ടെ 18,500കയും[23].

അർഷദ് ബെഗ്ഖാൻ കരം ചുമത്തുന്നതിന് ദീക്ഷിച്ച മാനദണ്ഡം, ഒരു പറ വിത്ത് വിതക്കുന്ന കണ്ടത്തിൽ നിന്നും 10 പറ വിള കിട്ടുമെന്ന് സങ്കല്പിച്ച് അതിൽ 5½ പറ കൃഷിക്കാരൻെറ വിഹിതമായും അവശേഷിക്കുന്ന 4½ പറ ജന്മിയുടെയും ഗവൺമെൻറിൻെറയും കൂട്ടായ ഓഹരിയായും നിശ്ചയിക്കുകയെന്നതായിരുന്നു. ജന്മിയുടെയും ഗവൺമെൻറിൻെറയും ഭാഗമായ 4½ പറയാകട്ടെ ഇരുകൂട്ടർക്കും പകുതിയായി ഭാഗിക്കുകയായിരുന്നില്ല ചെയ്തിരുന്നത്. 1½ പറ മാത്രം ജൻമിഭോഗമായി നല്കി പറ ഹുജൂർ നികുതിയായി പിരിക്കുകയാണ് ചെയ്തിരുന്നത്[24]. ബുക്കാനൻ പറയുന്നത് ഒരു പറക്കണ്ടത്തിൽ നിന്നും കിട്ടിയിരുന്ന വിളയുടെ രണ്ടുമുതൽ നാലുവരെ പറ നെല്ല് സർക്കാർ നികുതിയിനത്തിൽ പിരിച്ചിരുന്നുവെന്നാണ്. ഒരു വിളമാത്രം കിട്ടുന്ന സ്ഥലത്ത് അതനുസരിച്ച് നികുതികുറവും രണ്ടുവിള എടുക്കുന്ന നിലങ്ങളിൽ അതിൻെറ തോതനുസരിച്ച് നികുതി കൂടുതലും ആയിരുന്നു[25]. ബുക്കാനൻെറ പ്രസ്താവം ശരിയായിരിക്കാനാണ് മാർഗം. ഒരു പറ കണ്ടത്തിൽ നിന്നും 10 പറ നെല്ല് കിട്ടുമെന്ന സങ്കല്പത്തിലാണ് കർഷകൻെറയും ജൻമിയുടെയും സർക്കാരിൻെറയും നികുതിവിഹിതങ്ങൾ നിശ്ചയിച്ചിരുന്നത്. ചില സ്ഥലത്തുനിന്നും ഒരു പറ വിത്തിന് 12-ഓ 15-ഓ പറ വിള കിട്ടിയിരിക്കുമ്പോൾ മററു സ്ഥലങ്ങളിൽ ഒരു പക്ഷേ എട്ടോ അതിൽ കുറവോ

---

22. രണ്ടാം കമ്മിഷണർമാരുടെ റിപ്പോർട്ട്, 1801, ഖണ്ഡിക 12.
23. രണ്ടാം കമ്മിഷൻ റിപ്പോർട്ട്, ഖണ്ഡിക 30.
24. ഗഫാറിൻ, മിസലേനിയസ്, എസ്, നമ്പർ 55, ഖണ്ഡിക 35, പുറം 41
25. ബുക്കാനൻ, വാല്യം II, പുറം 368.

ആകാം. അതുകൊണ്ടാണ് രണ്ടുമുതൽ നാലുവരെ പറ നെല്ല് നികുതിയായി പിരിച്ചിരുന്നതായി ബുക്കാനൻ പറയുന്നത്. അപ്പോഴും നികുതി നിർണയിച്ചിരുന്നത് പൊതുനയമായ ഒരു പറക്കണ്ടത്തിൽ നിന്നും 10 പറ വിളയെന്ന കണക്കിൻെറ തോതനുസരിച്ചായിരുന്നുവെന്ന് സാരം.

ആയിരം സേർ നെല്ലിന് 40ക. എന്ന തോതിലാണ് ഉല്പന്ന വില നികുതിആവശ്യത്തിനായി നിശ്ചയിച്ചിരുന്നത്. ഹൈദരാലിയുടെ കാലത്ത് നികുതിയുടെ പകുതി ഉല്പന്നമായും, പകുതി 1000 സേറിന് 40 ക. എന്ന നിരക്കിൽ പണമായും പിരിച്ചിരുന്നപ്പോൾ, ടിപ്പുവിൻെറ കാലത്ത് മുഴുവനും ധാന്യമായാണ് ശേഖരിച്ചിരുന്നത്. അന്നും വില നിർണയിച്ചിരുന്നത് മുൻ തോതനുസരിച്ച് തന്നെയുമായിരുന്നു. എന്നാൽ ഈസ്റ്റ് ഇൻഡ്യാകമ്പനിയുടെ അധീനതയിലുണ്ടായിരുന്ന സ്ഥലത്ത് നിന്ന് അവർ പിരിച്ചിരുന്നത് നികുതി മുഴുവനും പണമായിട്ടായിരുന്നു. അതാകട്ടെ 1000 സേറിന് 45 ക. വെച്ച് നല്കുകയും ചെയ്യണമായിരുന്നു. ഇത് കാണിക്കുന്നത് മൈസൂർകാരുടെ കരംചുമത്തൽ ന്യായവും മിതവുമായിരുന്നുവെന്നാണല്ലൊ.

പറമ്പുകളിൻമേലുള്ള നികുതി ഓരോ പ്രദേശത്തിലും വ്യത്യസ്തമായിരുന്നു. ഉല്പാദനക്ഷമതയും മണ്ണിൻെറ ഗുണദോഷവും കണക്കിലെടുത്തതായിരുന്നു ഈ വ്യത്യാസത്തിന് കാരണം. കശുവണ്ടി, ഏലം, എളവർങ്ങം തുടങ്ങിയവയും വാഴ, മററുള്ള പച്ചക്കറിയിനങ്ങൾ ഇവയെയെല്ലാം നികുതിയിൽ നിന്നും ഒഴിവാക്കിയിരുന്നു[26]. തെങ്ങ്, പ്ലാവ്, കുരുമുളകുവള്ളി ഇവയിൻമേലായിരുന്നു കരം ചുമത്തിയിരുന്നത്. കായബലമുള്ളതെങ്ങ് ഒന്നിന് ഒരു പണം (അന്നത്തെ രണ്ടണ)യും, ഫലസമൃദ്ധമായ പ്ളാവൊന്നിന് രണ്ടു പണവും, കായ്ക്കുന്ന കവുങ്ങ് ഒന്നിന് 8 പൈസ (4 നയാപൈസ)യും 15 സേർ കുരുമുളകുല്പാദിപ്പിക്കുന്ന വള്ളി ഒന്നിന് 12 അണയും ആയിരുന്നു കരം[27]. പത്ത് നാളികേരംപോലും കിട്ടാത്ത തെങ്ങുകളെ ഉല്പാദനക്ഷമത നശിച്ചവയായി കരുതി നികുതിയിളവ് നല്കുകയും ചെയ്തിരുന്നു. അങ്ങനെ നോക്കുമ്പോൾ 100 തെങ്ങുകളുള്ള പറമ്പിൽ ചില്ലിതെങ്ങുകളും തൈകളും, ഉല്പാദനം കുറഞ്ഞവയുമൊക്കെ തള്ളി കണക്കാക്കുമ്പോൾ നികുതി ഈടാക്കത്തക്ക 50 തെങ്ങിൽ കൂടുതൽ കാണുമായിരുന്നില്ല. 1000 നാളികേരത്തിന് 7 ക 8ണ എന്ന തോതിലും ആയിരം അടക്കയ്ക്കു 4 ക. എന്ന വിലയ്ക്കും, കായ്ക്കുന്ന പ്ളാവിലെ ചക്കകൾക്കെല്ലാം കൂടി 4 ക എന്ന നിലയ്ക്കുമാണ് പണമായി കണക്കാക്കിയിരുന്നത്. നിലവിലുണ്ടായിരുന്ന കമ്പോളനിലവാരത്തെക്കാൾ താഴെയായിരുന്നു ഈ പരിവർത്തിക്കൽ്റേറ്റ്

26. ലോഗൻ, മലബാർ മാനുവൽ, വാല്യം 1, പുറം 677

27. ബുക്കാനൻ, വാല്യം II, പുറങ്ങൾ 404–405

നിരക്കെന്നാണ് ബുക്കാനൻ പറയുന്നത്. അതാകട്ടെ ജൻമിമാർ തീർത്തും നിർദ്ധനർ ആകാതിരിക്കട്ടെ എന്നു കരുതിയുമായിരിക്കണമെന്നും അദ്ദേഹം ഊഹിക്കുന്നുണ്ട്[28].

കാലവർഷപ്പിഴയാലോ മററന്തെങ്കിലും തരത്തിലുള്ള വിളനാശത്താലോ വലയുന്ന കർഷകർക്ക് നികുതിയിളവ് നല്കുകയും, നികുതി ചുമത്തിയതിലുള്ള പാകപ്പിഴകളെക്കുറിച്ച് പരാതി കിട്ടിയാൽ 20 ശതമാനം വരെ കരമിളവ് നല്കുകയും ചെയ്യുക അർഷദ്ബഗ്ഖാൻെറ പതിവായിരുന്നു[29]. അനുരജ്ഞനമനോഭാവമാണ് തൻെറ നയത്തിലൂടെ അദ്ദേഹം പ്രദർശിപ്പിച്ചിരുന്നത്. 1774–75 കാലത്ത് തെക്കേമലബാർ ഭാഗത്ത് നിന്നും പിരിഞ്ഞുകിട്ടിയ ഭൂനികുതി 50283 ഫ്ണവും 5 പണവുമായിരുന്നു[30]. ഒട്ടാകെ കിട്ടുമായിരുന്ന നികുതിയിൽ ഒരു ലക്ഷം ഫ്ണൻ ഇളവ് പ്രഖ്യാപിച്ചതിനു ശേഷമുള്ള വരവായിരുന്നു ഇതു്. അഷർദ്ബഗ്ഖാൻെറ നികുതി നിർണയത്തിൻെറ പദ്ധതി താഴെ പറയും പ്രകാരമായിരുന്നു :—

| | | നികുതി |
|---|---|---|
| ഒന്ന് | | ഫ്ണൻ—പണം—കാ |
| (138014 മരങ്ങളുള്ള പറമ്പിൽ) | | |
| ഒട്ടാകെ ഉണ്ടാകാവുന്ന തെങ്ങ് | –28,96,093 | |
| ഉൽപാദനമില്ലാത്ത തൈകൾ | –21,62,508 | |
| കായ്ക്കുന്നവ | –7,33,591 | 36,724 — 0 — 5½ |
| കവുങ്ങുകൾ | –33,61,195 | |
| തൈകളോ, വളർച്ചമുററിയവയോ | –21,61,115 | |
| കായ്ക്കുന്നവ | –12,00,080 | 20,018 — 0 — 0 |
| പ്ലാവുകൾ | –4,87,854 | |
| വളർച്ചമുററിയവയും തൈകളും | –3,39,138 | |
| കായ്ക്കുന്നവ | –1,48,720 | 14,872 — 0 — 0 |
| കുരുമുളക് വള്ളി | –3,67,281 | |
| തൈകളും കായ്ക്കാത്തവയും | –3,16,612 | |
| ഫലം നൽകുന്നവ | –50,669 | 15,200 — 0 — 0 |
| പറമ്പിൽ നിന്നും ഒട്ടാകെ കിട്ടുന്ന നികുതി | | 86,815 — 0 — 2½ |

28. മേജർ മക്ലിയോഡ്, ജമബന്തിറിപ്പോർട്ട്, 1802, പുറം 404
29. ബുക്കാനൻ, വാല്യം II, പുറം 446.
30. രണ്ടാം മലബാർ കമ്മിഷണർമാരുടെ റിപ്പോർട്ട്, 1801, ഖണ്ഡിക 16

| രണ്ട് | പറ | നികുതി |
|---|---|---|
| നിലങ്ങൾ ഒട്ടാകെ | —7,43,031 | |
| തരിശ്സ്ഥലം | —38,386 | |
| വിതയ്ക്കാൻ പററിയ സ്ഥലം | —7,04,645 | 2,31,451 — 0 — 4 |
| കുന്നുകളിൽ വിതയ്ക്കുന്നവ | —8,425 | — 0 — 6 |

മൂന്ന്

| | | |
|---|---|---|
| നായൻമാരുടെയും മാപ്പിള മാരുടെയും വീടുകളുടെ എണ്ണം | —92,624 | 25,516 — 0 — 2 |

നാല്

| | |
|---|---|
| ചാലിയൻമാർ അഥവാ നെയ്ത്തുകാർ, മുക്കുവൻമാർ, കള്ള് ചെത്തുന്ന കത്തിയും കുടവും, കച്ചവടക്കടകൾ എന്നിവകളിൻമേലുള്ള നികുതി | 11,026 — 0 — 2 |
| ഒട്ടാകെ | 2,76,449 — 4 — 0 |
| പറമ്പുകളിൻമേലുള്ള ഒട്ടാകെ നികുതി | 86,81,5 — 2 — 8 |
| എല്ലാററിനുംകൂടി ആകെ— | 363264 — 6 — 8 [31] |

ഈ ജമനിർണയം ഒരിക്കലും കർഷകന് താങ്ങാനാവാത്ത ഭാരം ഉണ്ടാക്കുന്നതായിരുന്നില്ല എന്ന് നികുതിനിർണയത്തിൻെറ സമ്പ്രദായത്തിൽ നിന്നും ചുമത്തിയിരുന്ന രീതിയിൽ നിന്നും മനസ്സിലാക്കുവാൻ സാധിക്കുന്നതാണല്ലൊ. ടിപ്പുവിൻെറ റവന്യൂ ഉദ്യോഗസ്ഥൻമാർ കൃഷിക്കാരൻെറ സങ്കടങ്ങൾക്കും പരാതികൾക്കും കഴിവതും പരിഹാരം കാണുവാൻ ബദ്ധശ്രദ്ധരായിരുന്നു. ടിപ്പു നേരിട്ടു തന്നെ ഇത്തരം പരാതികൾ കേട്ടിരുന്നതായി രേഖകൾ ഉണ്ട്. വടക്കേ മലബാറിലെ ചിറയ്ക്കൽ, കോട്ടയം, കടത്തനാട് രാജാക്കൻമാർ ടിപ്പുവിനെ 1785-ൽ കൂർഗിൽ ചെന്ന് സന്ദർശനം നടത്തുകയുണ്ടായി. അവരുടെ നിവേദനത്തിൻെറ ഫലമായി അർഷദ്ബെഗ്ഖാൻ നിശ്ചയിച്ചിരുന്ന അടങ്കൽത്തുക അദ്ദേഹം കുറച്ചുകൊടുക്കുകയുണ്ടായി. ചിറയ്ക്കൽ രാജാവ് 30,000 ക. തിരുമുൽക്കാഴ്ചയും, 1,20,000 ക. നികുതിയും നല്കിയാൽ മതിയെന്ന് തീരുമാനിച്ചു. കടത്തനാടു രാജാവിന് 62,500ക.യായി അദ്ദേഹത്തിൻെറ നികുതിയും ഇളവുചെയ്തു കൊടുത്തു. എന്നാൽ കോട്ടയം രാജാവിനോട് വയനാടിൻമേലുള്ള അദ്ദേഹത്തിൻെറ അവകാശം ഒഴിയുറ വെയ്ക്കുകയാണെങ്കിൽ നിശ്ചയിച്ചിരുന്ന 1,00000ക. യിൽ നിന്നും 35,000ക. കുറവു വരുത്താമെന്ന് സമ്മതിച്ചിരുന്നു. വീണ്ടും അവർ തങ്ങളുടെ രാജ്യ

31. രണ്ടാം മലബാർ കമ്മിഷണർമാരുടെ റിപ്പോർട്ട്, 1801, ഖണ്ഡിക 10

ങ്ങളിൽ നടത്തിയ നികുതിനിർണയം വർദ്ധിച്ച തോതിലാണെന്ന് നിവേദനം നടത്തിയതിന്റെ ഫലമായി യഥാർത്ഥ സ്ഥിതിഗതികൾ അന്വേഷിച്ച് പുനർനിർണയം നടത്തുവാൻ ഉദ്യോഗസ്ഥൻമാരെ നിയമിക്കാമെന്നും അദ്ദേഹം സമ്മതിച്ചിരുന്നു. താല്ക്കാലിക ആശ്വാസമെന്ന നിലയിൽ ചിറയ്ക്കൽ രാജാവിന് 15,000 ക. യും, കോട്ടയം രാജാവിന് 12,000 ക. യും കടത്തനാട്ട് രാജാവിന് 7,000 ക.യും അവർ അടച്ച നികുതിയിൽ നിന്നും മടക്കിക്കൊടുക്കുവാൻ കല്പിക്കുകയും ചെയ്തു[32].

വടക്കൻ പ്രദേശങ്ങളുടെ നികുതി പുനർനിർണയത്തിന് നിയമിച്ചിരുന്ന ഉദ്യോഗസ്ഥന്മാരുടെ ശുപാർശപ്രകാരം ചിറയ്ക്കൽ രാജാവിന് 15,000 ക. യും, കോട്ടയം രാജാവിന് 19,000ക. യും നികുതിയിനത്തിൽ ഇളവ് നല്കുകയുണ്ടായി[33]. എന്നാൽ അർഷദ്ബഗ്ഖാൻ നടപ്പാക്കിയിരുന്ന നികുതിസമ്പ്രദായം വിമർശനങ്ങൾക്കതീതമായിരുന്നില്ലെന്നും, അത് കുററമററതായിരുന്നെന്നും സമർത്ഥിക്കുവാൻ സാദ്ധ്യമല്ല മൈസൂറിൽനിന്നും വന്ന റവന്യൂ ഉദ്യോഗസ്ഥൻമാർ സ്ഥലത്തെ ചില പ്രമാണികളുടെ സഹായത്തോടെയാണ് സ്ഥലത്തെ ഉല്പാദനക്ഷമതയും, മണ്ണിന്റെ ഗുണദോഷവും കണക്കാക്കിയിരുന്നത്". ഈ പ്രദേശങ്ങളുമായി യാതൊരു പരിചയമോ സമ്പർക്കമോ ഇല്ലാതിരുന്ന ഇവരെ സഹായിക്കാനെത്തിയ നാട്ടുപ്രമാണികൾ ഒരുപക്ഷെ, കുറഞ്ഞ നിരക്കിടുവാൻ തെററിദ്ധരിപ്പിച്ചിരിക്കാം. ഈ സഹായികളുടെ ശത്രുക്കളെയെ സ്ഥലമായിരുന്നെങ്കിൽ ഒരുപക്ഷെ കൂടിയ നികുതി ചുമത്താൻ അവരെ പ്രേരിപ്പിച്ചിരുന്നുമിരിക്കാം. അങ്ങനെ ബുക്കാനൻ പറയുന്നതുപോലെ, "അർഷദ് ബഗ്ഖാന്റെയോ, അദ്ദേഹത്തിന്റെ യജമാനന്റെയോ നിഷ്കൃഷ്ടമായ ജാഗ്രത ഉണ്ടായിരുന്നിട്ടുകൂടിയും ആദ്യത്തെ നികുതിനിർണയത്തിൽ അന്യായമായ അസന്തുലിതാവസ്ഥ കടന്നുകൂടിയിരുന്നു. നികുതിനിർണയിക്കുന്ന ഉദ്യോഗസ്ഥൻമാർക്ക് കൈക്കൂലി നൽകി പല ജൻമികളും അവരുടെ സ്ഥലത്തിനു ചുരുങ്ങിയ നികുതിനിരക്ക് നേടിയെടുത്തിരുന്നു. നികുതിയിലുള്ള ഈ കുറവ് പരിഹരിക്കുവാൻ, കൈക്കൂലി നല്കാൻ മടിച്ചവരേയും, അതിന് കഴിവില്ലാത്തവരുടേയും മേൽ അമിതമായ കരം ചുമത്തുകയാണ് ചെയ്തത്[34]". എന്നാൽ, ഈ കുറവുകൾ പരിഹരിക്കുവാൻ വേണ്ടി പുനർസർവ്വേ നടത്തുകയും, പുനർനിർണ്ണയം നികുതിയിൽ ആവിഷ്കരിക്കുകയും ചെയ്യുകമാത്രമല്ല സിവിൽ മിലിട്ടറി ഭരണസംവിധാനങ്ങൾ വേർതിരിക്കുകയും ചെയ്തു. ബുക്കാനൻ ചൂണ്ടിക്കാണിക്കുന്ന തെററുകൾ തിരുത്തിയപ്പോൾ ഗുണപരമായ അത്തരം പരിഷ്കാരങ്ങളെ ബുക്കാനൻ തന്നെ നിശിതമായി പിന്നീട് വിമർശിക്കുന്നതായാണ്

32. ടി. 1801, ഖണ്ഡിക 17.
33 ടി. 1801, ഖണ്ഡിക 20, 21, 22.
34. ബുക്കാനൻ, വാല്യം II, പുറം 446.

നാം കാണുന്നത്[35]. ആദ്യ സർവ്വേയിലും, നികുതിനിർണയത്തിലും വന്നിട്ടുള്ള പാകപ്പിഴകൾ തിരുത്തിയപ്പോൾകൂടി ഇംഗ്ലീഷ് ചരിത്രകാരൻമാർക്ക് അതും വിമർശനത്തിന്റെ വിഷയമായി എന്നല്ലാതെ പ്രശംസയുടെ ഒററവാക്കു പോലും ഉച്ചരിക്കുവാൻ സാധിച്ചില്ല. മൈസൂർ ഭരണാധികാരികൾ ചെയ്തിട്ടുള്ള ഏതു കാര്യത്തിനും ഈ രീതിയാണ് അവർ അനുവർത്തിച്ചു പോന്നതു്. ജനോപകാരപ്രദമായ നല്ല നല്ല പദ്ധതികൾ ഉദ്യോഗസ്ഥ അഴിമതികൾ മൂലം പരാജയപ്പെട്ടുപോകുന്ന സംഭവങ്ങൾ ഇന്നും ദുർലഭമല്ലല്ലൊ! പരിചിതമല്ലാത്ത ഏതു സ്ഥലത്തും അന്നത്തെ രീതിയിൽ നികുതി നിർണയം നടത്തുക ഏററവും ദുഷ്കരമായ ഒരു സംഗതി കൂടിയായിരുന്നു. മൈസൂർ റവന്യൂ ഉദ്യോഗസ്ഥൻമാർ പുറമെനിന്നു വന്നവരായിരുന്നതുകൊണ്ടും സ്ഥലത്തെപ്പററി യാതൊരുവിധ മുൻപരിചയമില്ലാത്തവരായിരുന്നതു കൊണ്ടും പ്രാദേശിക സഹായികളാൽ വഴിതെററിക്കപ്പെടുക എളുപ്പവും കൂടിയായിരുന്നു. ഇതു് കൂടുതൽ പ്രയാസങ്ങളും സൃഷ്ടിച്ചിരുന്നു. എന്നാൽ, എപ്പോഴൊക്കെ പരാതികളും നിവേദനങ്ങളും ലഭിച്ചിരുന്നുവോ അപ്പോഴെല്ലാം ഹൈദരാലിയും ടിപ്പുവും സങ്കടനിവൃത്തി ചെയ്യുവാൻ ഒരുക്കവുമായിരുന്നു[36]. റവന്യൂ ഭരണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുവാനും അഴിമതി ദൂരീകരിക്കുവാനും വേണ്ടി 1856-ൽ ടിപ്പുസുൽത്താൻ റവന്യൂ ഭരണവും, സൈനിക ഭരണവും വേറെ വേറെയാക്കി. മീർ ഇബ്രാഹിമിനെ സിവിൽ ഗവർണറായും, അർഷദ് ബേഗിനെ സൈനിക ഗവർണറായും നിയമിച്ചു. ഭൂസർവ്വേ രണ്ടാമതു നടത്തുകയും ആദ്യത്തെ അളവിലുണ്ടായ പല അബദ്ധങ്ങളും കണ്ടുപിടിച്ച് പരിഹരിക്കുകയും ചെയ്തു[37]. ഇതിന്റെ ഫലമായി രേഖകളില്ലാതെ കൈവശം വെച്ചിരുന്ന ഭൂമികൾ പലതും നികുതിയുടെ പരിധിയിൽ കൊണ്ടു വരികയും ചെയ്തു. മൈസൂർ വിരോധികളായ വിൽക്സിനേയും, ബുക്കാനനേയും ആധികാരിക വക്താക്കളായി കണക്കിലെടുത്ത് കെ. എം. പണിക്കർ ഈ സിവിൽ സൈനികവിഭജനത്തെ കഠിനമായി വിമർശിക്കുന്നതിങ്ങനെയാണ്: "എല്ലാം കരാറുകളും അയാൾ (മീർ ഇബ്രാഹിം) ലംഘിച്ചു. പുതിയനികുതികൾ ഈടാക്കുകയും ചെയ്തു. അങ്ങനെ നായർ പ്രഭുത്വത്തെ അദ്ദേഹം ചൊടിപ്പിച്ചു. മഞ്ചേരിയിലെ മാപ്പിളപ്രധാനിയായ കുരുക്കൾ പോലും മൈസൂറിന്നെതിരായി തിരിഞ്ഞു[38]". ഈ ആരോപണങ്ങളെല്ലാം നിരർത്ഥകങ്ങളാണ്. അനധികൃതമായി കൈവശം വെച്ചിരുന്ന ഭൂമി റവന്യൂ ഭരണത്തിൻകീഴിൽ കൊണ്ടുവരികയെന്നതും, നികുതി വെട്ടിപ്പു നടത്തിയിരുന്നതു് തടയുകയെന്നതും കരാർലംഘനമാണെങ്കിൽ മൈസൂർ ഭരണകർത്താക്കൾ എല്ലാ കരാറുകളും ലംഘിച്ചു എന്നുതന്നെ പറയണം.

---

35. ടി, ,, ,, പുറം 446.
36. ടി ,, ,, ,, 446
37. ടി ,, ,, 447
38. കെ. എം. പണിക്കർ, മലബാറും ഡച്ചുകാരും, പുറം 357.

നിയമം എല്ലാവർക്കും ഒരുപോലെ ബാധകമാക്കുക എന്നതായിരുന്നു അവരുടെ നയം. മുസ്ലിം പ്രമുഖനായ മഞ്ചേരി കുരുക്കളെപ്പോലും നിയമലംഘനം നടത്താൻ അനുവദിച്ചിരുന്നില്ല എന്നതുതന്നെ ജാതിക്കും മതത്തിനും അതീതമായി പൊതുനിയമം കർക്കശമാക്കി നടപ്പാക്കിയിരുന്നുവെന്നാണല്ലൊ തെളിയിക്കുന്നത്. മുസ്ലിം സമുദായത്തിൽ തനിക്കുള്ള പ്രമാണിത്തവും പദവിയും മുതലെടുത്തുകൊണ്ട് രേഖകളിൽ ഇല്ലാത്ത ധാരാളം സ്ഥലം അനധികൃതമായി കൈവശം വെയ്ക്കുവാനും നികുതിവെട്ടിപ്പ് നടത്തുവാനും അദ്ദേഹം തുനിഞ്ഞിരിക്കണം. ഇത്തരം നിരവധി കേസുകൾ കണ്ടുപിടിക്കപ്പെട്ടപ്പോഴും അന്യായമായി കൈവശം വെച്ചിരുന്ന ഭൂമിയിൻമേൽ നികുതി ചുമത്തപ്പെട്ടപ്പോഴും അതുമൂലം നഷ്ടം സഹിക്കേണ്ടതായിവന്ന ആളുകൾ ശബ്ദകോലാഹലങ്ങൾ ഉണ്ടാക്കിയിരിക്കാം. സാമൂതിരിക്കോവിലകത്തെ രാജകുമാരൻമാരിലൊരാളായ രവിവർമ്മയുടെ സഹായത്തോടെയാണ് മഞ്ചേരികുരുക്കളുടെ കലാപം അടിച്ചമർത്തിയതെന്ന കാര്യം പ്രത്യേകം അനുസ്മരിക്കേണ്ടതുണ്ട്. ഈ സേവനത്തിനു പ്രതിഫലമായി 1785—ലോ 86—ലോ രവിവർമ്മയ്ക്ക് നികുതി ഒഴിവാക്കിക്കൊണ്ടുള്ള വലിയ ഒരു ജാഗീർ ടിപ്പു നല്കിയതായി രണ്ടാം മലബാർ കമ്മിഷണർമാരുടെ റിപ്പോർട്ടിൽ കാണുന്നുണ്ട്[39].

മഞ്ചേരിയിലെ കുരുക്കളെപ്പോലെ ദുർല്ലഭം മുസ്ളിങ്ങളെ ഒഴിവാക്കിയാൽ കേരളത്തിലെ ജൻമികളത്രയും നമ്പൂതിരിമാരും നായൻമാരുമായിരുന്നു. ഹൈദരാലിയുടെയും ടിപ്പുവിന്റെയും നയം കൃഷിക്കാർക്കും സർക്കാരിനും ഇടയ്ക്കു നിന്നിരുന്ന മദ്ധ്യവർത്തികളെ ഒഴിവാക്കുക എന്നതായിരുന്നു. മലബാറിൽ പ്രവർത്തനം ആരംഭിച്ചതോടെ ഇവിടെയുണ്ടായിരുന്ന ജൻമികളത്രയും സ്ഥലം വിട്ടിരുന്നതായാണ് അവർ കണ്ടത്. തൻമൂലം കാണക്കാരുമായോ കൃഷിക്കാരുമായോ ആയിട്ടായിരുന്നു നേരിട്ട് റവന്യൂ നിർണയം നടത്തിയത്. ഇന്നും തെക്കേ മലബാറിൽ കൃഷിക്കാരും കാണക്കാരും അധികവും മുസ്ളിങ്ങൾ ആയിരിക്കുമ്പോൾ ജൻമികൾ നമ്പൂതിരിമാരോ നായന്മാരോ ആണല്ലോ. മൈസൂർ ഭരണത്തെ കണ്ണടച്ച് വിമർശിക്കാനൊരുമ്പെടുന്ന എതിരാളികൾ കൃഷിക്കാരുമായി നേരിട്ട് നികുതി നിർണയം നടത്തിയതിനു ചൂണ്ടിപ്പറയുന്നത് അവരിലധികവും മുസ്ളീങ്ങളായിരുന്നുവെന്നതുകൊണ്ടാണ്. ഇതു് പരമാർത്ഥത്തിനു കടകവിരുദ്ധമായ തെററിദ്ധരിപ്പിക്കൽ മാത്രമാണ്. മൈസൂർകാർ ഇവിടെ നടപ്പാക്കിയതത്രയും അവരുടെ വിസ്തൃതമായ രാജ്യത്തിന്റെ ഇതരഭാഗങ്ങളിലും വിജയപൂർവ്വം നടത്തിപ്പോന്നിരുന്ന സമ്പ്രദായം മാത്രമാണെന്നതാണ് വാസ്തവം. ചുരുക്കത്തിൽ, മൈസൂർ ഭരണകർത്താക്കൾ അനുവർത്തിച്ച കാർഷികനയം ഇവിടെ നിലനിന്നിരുന്ന ഫ്യൂഡൽ വ്യവസ്ഥിതിയുടെ കനകക്കൊട്ടാരത്തിനു വിള്ളലുണ്ടാക്കുകയും അതിന്റെ തകർന്നുകൊണ്ടിരുന്ന രാഷ്ട്രീയ സംവിധാനമാകുന്ന നെടുംതൂണുകളെ നിലം പരിശാക്കുകയും ചെയ്തു.

39. രണ്ടാം മലബാർ കമ്മിഷണർമാരുടെ റിപ്പോർട്ട്, 1801, ഖണ്ഡിക 22.

# 14

# ഗതാഗത സൗകര്യങ്ങൾ

ഒരു പക്ഷേ, മൈസൂർ ഭരണത്തിൻെറ ഇന്നും നിലനില്ക്കുന്ന അവിസ്മരണീയവും സുപ്രധാനവുമായ പൈതൃകം അവർ വിദഗ്ധമായി നിർമ്മാണം നടത്തിയ റോഡുകളുടെ ശൃംഖലയായിരിക്കാം. മൈസൂർ ആക്രമണത്തിനു മുമ്പുള്ള മലബാറിൽ ജലമാർഗേണയുള്ള ഗതാഗതമാണ് നിലവിലുണ്ടായിരുന്നത്[1]. രാജ്യം ചെറുകിട നാട്ടുകളായി വിഭജിക്കപ്പെട്ടിരിക്കുകയും, നാട്ടുരാജാക്കന്മാർ തമ്മിൽ നിരന്തരം സംഘട്ടനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്ന അവസ്ഥയിൽ ഓരോ പ്രദേശവും അതിൻെറ അതിർത്തികളിലൊതുങ്ങി ഒററപ്പെട്ടു കഴിയുക സ്വാഭാവികമാണ്. ഒരിടത്തല്ലെങ്കിൽ മറെറാരിടത്തായി നിത്യേന യുദ്ധങ്ങൾ ഉണ്ടായിരുന്നുവെങ്കിലും നമ്മുടെ സൈനികനീക്കത്തിന് രാജപാതയുടെ ആവശ്യം അക്കാലത്തുണ്ടായിരുന്നില്ല. കുതിരപ്പട്ടാളത്തിനോ, പീരങ്കിവാഹികൾക്കോ അനായാസേന നീങ്ങാവുന്ന വഴികളുടെ ആവശ്യമില്ലാതിരിക്കുവാൻ കാരണം നമ്മുടെ സവിശേഷമായ യുദ്ധമുറകളിൽ ഇവയുടെയൊന്നും പ്രയോജനമുണ്ടായിരുന്നില്ലെന്നതാണ്. ഒററയൊററയായി യോദ്ധാക്കൾ എതിരാളികളെ നേരിടുന്ന യുദ്ധമാണ് നിലവിലുണ്ടായിരുന്നത്[2]. സൈനിക നീക്കങ്ങൾക്കായിട്ടാണ് പ്രധാനമായും റോഡുകൾ നിർമ്മിക്കുക പതിവ്. ഇവിടത്തെ യുദ്ധമുറയ്ക്ക് ഇതാവശ്യമായിരുന്നില്ല. രാജ്യത്തെ വീണ്ടും തുണ്ടുതുണ്ടായി മുറിച്ചുകൊണ്ട് ഒഴുകിക്കൊണ്ടിരുന്ന പുഴകളും ജലാശയങ്ങളും റോഡുനിർമ്മാണ പ്രക്രിയ അസാദ്ധ്യവുമാക്കിത്തീർത്തിരുന്നു. മൈസൂർ അധിനിവേശത്തിനു മുമ്പ് ഒരു നൂററൻപത് വർഷത്തിനുമേൽ നമ്മുടെ തീരദേശങ്ങളിൽ താവളമടിച്ച് പ്രാമാണ്യം പുലർത്തിയിരുന്ന യൂറോപ്യൻ ശക്തികൾ ഉൾനാട്ടിലേയ്ക്ക് കടക്കാതിരുന്നതും റോഡുകളുടെ അഭാവം മൂലമായിരുന്നുവെന്ന് ഓർക്കേണ്ടതുണ്ട്. ''മുസ്ലിം ആക്രമണമുണ്ടാകുന്നതുവരെ റോഡുകളുടെ ആവശ്യത്തെ

1. ഡബ്ലി. എച്ച്. ഇന്നിസ്, മലബാർ ഗസററിയർ, വാല്യം 1, പുറം 207.
2. ലോഗൻ, മലബാർ മാനുവൽ, വാല്യം 1, പുറം 62.

ക്കുറിച്ച് ആരും അത്ര ബോധവാന്മാരായിരുന്നില്ല''[3] എന്നാണ് മലബാർ കമ്പനിയുടെ കീഴിൽ വന്നതിന് ശേഷം 'മലബാറിലെ റോഡുകളുടെ സ്ഥിതി' യെപ്പററി അന്വേഷണ റിപ്പോർട്ട് സമർപ്പിച്ച കേണൽ ഡോ എഴുതുന്നത്. ഡോവിനെ ആധാരമാക്കി ലോഗൻ പറയുന്നത്, ''വലിയ പീരങ്കികൾ വഹിച്ചുകൊണ്ട് പോകത്തക്ക വിസ്തൃതമായ റോഡുകളുടെ ആവശ്യം മൈസൂർ ആക്രമണത്തിന് ശേഷമാണ് ബോദ്ധ്യമാകാൻ തുടങ്ങിയത്''[4] എന്നാണ്. 19-ാം നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ കൊച്ചിയിൽ നടത്തിയ ഭരണപരിഷ്കാരങ്ങളെ എണ്ണിയെണ്ണി പറയുന്ന കൂട്ടത്തിൽ കൊച്ചിൻ സ്റ്റേററ് മാന്വലിൻെറ കർത്താവു് ഇപ്രകാരം എഴുതുന്നുണ്ട്: ''ഈ ചുരുങ്ങിയ കാലയളവിലാണ് കൊച്ചിയിലുള്ള പ്രധാന റോഡുകൾ മുഴക്കെ ഉണ്ടാക്കിയത്''[5]. 19-ാം നൂററാണ്ടുവരെ ഏതായാലും കൊച്ചിയിൽ റോഡുകളൊന്നുമുണ്ടായിരുന്നില്ലെന്നാണ് ഇതിൻെറ സാരം. ഇതേ സ്ഥിതി തന്നെയായിരുന്നു കേരളത്തിലെവിടേയും.

ഗതാഗതവുമായി ബന്ധപ്പെട്ട മറെറാരു പ്രധാന ഘടകം ചക്രവണ്ടികളും വാഹനങ്ങളുമാണല്ലൊ. കേരളത്തിൽ ചക്രം ഘടിപ്പിച്ച വാഹനങ്ങൾ ഉണ്ടായിരുന്നില്ലെന്നതാണ് മറെറാരു കാര്യം. 14-ാം നൂററാണ്ടിൽ കേരളത്തിൽ ഏറെക്കാലം കഴിച്ചുകൂട്ടിയ ഇബ്നുബതൂത്ത പറയുന്നത് ഇങ്ങിനെയാണ്: ''മൃഗങ്ങളുടെ പുറത്തുകയറി സഞ്ചരിക്കുന്ന ആരും ഇവിടെയില്ല.... ഏതെങ്കിലും വ്യാപാരികൾക്ക് ചരക്കുകൾ വാങ്ങുവാനോ, കൊടുക്കുവാനോ ഉണ്ടെങ്കിൽ ഈ സാധനങ്ങൾ മുഴുക്കെ അടിമകളോ, കൂലിക്കാരോ തലച്ചുമടായി കൊണ്ടുപോകുകയാണ് പതിവു്. വലിയ വ്യാപാരം നടത്തുന്ന കച്ചവടക്കാർക്ക് ഒരു സ്ഥലത്തുനിന്നും മറെറാരിടത്തേക്ക് സാധനങ്ങൾ കൊണ്ടുപോകുവാൻ ഇത്തരം നൂറോ അതിലധികമോ ആളുകൾ ഉണ്ടായിരിക്കുകയും ചെയ്യും[6]. ''ചുമട്ടുകാർ തലയിലേററി കൊണ്ടുനടക്കുകയെന്നതല്ലാതെ മൃഗങ്ങളെപ്പോലും സാധനങ്ങൾ കൊണ്ടുപോകുവാൻ വളരെ ദുർല്ലഭമായേ ഉപയോഗപ്പെടുത്തുന്നുള്ളൂ'' എന്നാണ് 1800-1801-ൽ കേരളത്തിലെ സ്ഥിതിഗതികളെക്കുറിച്ച് പഠനറിപ്പോർട്ടെഴുതിയ ഫ്രാൻസിസ് ബുക്കാനൻ രേഖപ്പെടുത്തിയിട്ടുള്ളത്[7]. അദ്ദേഹം തുടർന്നെഴുതുന്നതാകട്ടെ, ''ഈ സ്ഥലത്ത് യാതൊരുവക വാഹനങ്ങളും ഇല്ല'' എന്നുമാണ്[8]. 'മലബാർ ഗസററിയർ'

---

3. ഫോറിൻ മിസലേനിയസ്, എസ്. നമ്പർ 56, പാർട്ട് 1, പുറം 1021, വൗച്ചർ നമ്പർ XIX.
4. ലോഗൻ, വാല്യം II, പുറം 62.
5. സി. അച്ചുതമേനോൻ, കൊച്ചിൻ സ്റ്റേററ് മാന്വൽ, പുറം 165.
6. ഇബ്നു ബത്തൂത്ത, മലയാളം തർജമ, പുറം 27.
7. ബുക്കാനൻ, വാല്യം II, പുറം 434.
8. അതേ പുറം

എഴുതിയ ഇന്നിസ് ഇക്കാര്യം വിവരിക്കുന്നതു് "ടിപ്പുവിന് മുമ്പ് ഇവിടെ ചക്രം ഘടിപ്പിച്ച വണ്ടികൾ എന്താണെന്നറിയുമായിരുന്നില്ല. ഈ അടുത്ത കാലം വരെ (1908) ചുമടെടുക്കുവാൻ കാളകളെപ്പോലും ഉപയോഗിക്കുന്ന പതിവില്ല" എന്നൊക്കെയാണ്[9]. അപ്പോൾ 18-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലെ സ്ഥിതി എന്തായിരുന്നിരിക്കുമെന്ന് ഊഹിക്കുകയാണ് ഭേദം. "കൊച്ചിൻ സ്റ്റേററ് മാന്വലിൽ" ഇതു് സംബന്ധമായി കൂടുതൽ വെളിച്ചം നല്കത്തക്ക ഒരു സംഭവം ചേർത്തിട്ടുള്ളതു് ഇവിടെ ഉദ്ധരിക്കുന്നതു് സഹായകമാണ്. "കോയമ്പത്തൂരിന്നും തൃശൂരിന്നുമിടക്ക് ചക്രം ഘടിപ്പിച്ച വണ്ടി ആദ്യമായി ഉരുളുന്നതു് 1844-ൽ ആണു്. കോയമ്പത്തൂർ നിന്നും പച്ചക്കറികളും മററു വാണിഭങ്ങളും കയററി പന്ത്രണ്ടു് കാളവണ്ടികൾ ഒരു സുപ്രഭാതത്തിൽ തൃശൂർ എത്തിയപ്പോൾ, അതുവരെ തങ്ങൾ കണ്ടിട്ടില്ലാത്ത ഈ വാഹനങ്ങളുടെ ആഗമനം ജനങ്ങളിൽ വിസ്മയവും ആവേശവുമുണ്ടാക്കിയെന്നാണ് എല്ലാ വിവരങ്ങളിൽ നിന്നും കാണുന്നതു്. ഈ സംഭവം കഴിഞ്ഞു് 58 വർഷത്തിന്നു് ശേഷം ആദ്യമായി ഈ പ്രദേശത്തു കൂടി തീവണ്ടി ഓടിയപ്പോൾ ജനങ്ങളിലുണ്ടാക്കിയ വിഭ്രാന്തിയെക്കാൾ കൂടുതൽ ഈ കാളവണ്ടികൾ വന്നപ്പോഴുണ്ടായിരുന്നു"[10]. ഈ പശ്ചാത്തലം മനസ്സിൽവെച്ചുകൊണ്ടുവേണം തങ്ങളുടെ വിസ്തൃതമായ രാജ്യത്തിന്റെ ഒരററം മുതൽ മറേറ അററം വരെ സുഗമമായി സഞ്ചരിക്കാവുന്ന റോഡുകളുടെ ഒരു ശൃംഖല തന്നെ മൈസൂർ ഭരണകർത്താക്കൾ കേരളത്തിനു് സമ്മാനിച്ചു എന്ന മഹത്തായ പ്രവൃത്തിയെ വിലയിരുത്തുവാൻ. സുദീർഘമായ രണ്ടു നൂററാണ്ടിന്നു് ശേഷവും ഇവയിൽ പല റോഡുകളും ഇന്നും ഉപയോഗത്തിലിരിക്കുന്നുവെന്നതും സ്മരണീയമാണ്.

തന്റെ കുതിരപ്പടയാളികൾക്കു് അനായാസേന പ്രയാണം ചെയ്യുവാൻ പററുന്ന മാർഗങ്ങൾ മലബാറിലില്ലെന്നു് ആക്രമണത്തിന്നായി തന്റെ സേനകളുമായി കടന്നുവന്ന ഹൈദരാലി മനസ്സിലാക്കിയിരുന്നു. മലബാർ കീഴടക്കി തിരിച്ചുപോയ ഹൈദരാലിക്ക് മൂന്നാഴ്ചക്കു്ശേഷം ഇവിടെ ഉണ്ടായ കലാപമൊതുക്കുവാൻ ധൃതഗതിയിൽ തിരിച്ചു വരേണ്ടതായി വന്നു. "തോളോടുതോൾ ഒട്ടിനിന്നാൽ കഷ്ടി മൂന്നു പേർക്കു് കടന്നു പോരാവുന്ന" നാട്ടുപാതകളിലൂടെ ഏറെ പ്രയാസപ്പെട്ടാണു്[11] അദ്ദേഹം എത്തിയതു്. കലാപകാരികൾ മൈസൂർ കൂടാരത്തിലുണ്ടായിരുന്ന കാവൽഭടൻമാരെ ആക്രമിച്ചപ്പോൾ പൊന്നാനിയിലും കോഴിക്കോട്ടുമുണ്ടായിരുന്ന പട്ടാളത്തെ വിവരമറിയിക്കുവാൻ അവർക്കു് അന്നു് സാധിക്കാതിരുന്നതു് ഗതാഗതസൗകര്യത്തിന്റെ

9. സി. ഏ. ഇന്നിസ്, മലബാർ ഗസററിയർ, വാല്യം 1, പുറം 238.
10. കൊച്ചിൻ സ്റ്റേററ് മാന്വൽ, പുറം 165.
11. എം. എം. ഡി. എൽ. ടി, ഹൈദറിന്റെയും ടിപ്പുവിന്റെയും ചരിത്രം, പുറം 76.

അരോചത്താലായിരുന്നു. ഈ ശോച്യാവസ്ഥ മനസ്സിലാക്കിയ ഹൈദരാലി എളുപ്പം നടക്കാവുന്ന മാർഗ്ഗമാണാരാഞ്ഞത്. 1766—ൽ അദ്ദേഹത്തിന്റെ കല്പനയുടെ അടിസ്ഥാനത്തിൽ ഏഴിമലയിൽ നിന്നും തളിപ്പറമ്പ്, വളർപട്ടണം പുഴകളെ ബന്ധിപ്പിക്കുന്നതിനുള്ള ഒരു തോട് നിർമ്മിക്കുവാൻ ആലിരാജയുടെ നേതൃത്വത്തിൽ പണികൾ നടത്തി. ജലഗതാഗതം കൂടുതൽ സുഗമമാക്കുവാനിത് സഹായിച്ചു. ചരക്കുകൾ യഥാസ്ഥാനങ്ങളിൽ എളുപ്പത്തിലെത്തിക്കുവാനും ഒരു സ്ഥലത്തുനിന്നും മറ്റൊരിടത്തേക്കുള്ള യാത്ര കൂടുതൽ എളുപ്പവും സൗകര്യപ്രദവുമാക്കുവാനും ഇതു മൂലം സാധിച്ചിരുന്നു. കേരളത്തിലെ ജലഗതാഗതമാർഗ്ഗങ്ങളിൽ ഏററവും സുഗമവും സൗകര്യപ്രദവുമായി ഇന്നും കണക്കാക്കിപ്പോരുന്നതും ഉപയോഗത്തിലിരിക്കുന്നതുമായ ഈ കനാൽ "സുൽത്താൻ തോട്" എന്ന നാമധേയത്തിലാണ് ഇന്നും അറിയപ്പെടുന്നത്[12]. വാർത്താവിനിമയസൗകര്യത്തെ ഉദ്ദേശിച്ച് ഹൈദരാലി നടപ്പാക്കിയ മറെറാരു പദ്ധതി വലിയ ദൂരത്തിലല്ലാതെ കാവൽ കൂടാരങ്ങൾ ഏർപ്പെടുത്തി സന്ദേശവാഹകരെ നിയമിക്കുകയെന്നതായിരുന്നു. മലബാറും ശ്രീരംഗപട്ടണവുമായി നിത്യസമ്പർക്കം പുലർത്തുവാനുള്ള സജ്ജീകരണങ്ങൾ ഇന്നും തലയുയർത്തി നില്ക്കുന്ന പാലക്കാട്ട് കോട്ടയിൽ ഉണ്ടാക്കിയിരുന്നു. കേരളത്തിൽ ഹൈദരാലിക്ക് സ്വസ്ഥമായി കഴിച്ചുകൂട്ടുവാൻ അധികം സമയം ലഭിച്ചിരുന്നില്ല എന്നതുകൊണ്ടും, ഇംഗ്ലീഷ്കാരും മററത്തക്കാരുമായി തുടർച്ചയായി യുദ്ധത്തിലേർപ്പെട്ടിരുന്നതിനാലും മലബാറിലെ റോഡു നിർമ്മാതാക്കളുടെ മുൻഗാമി എന്ന വിശേഷണം അവകാശപ്പെടാനദ്ദേഹത്തിന് അർഹതയുണ്ടാക്കിയില്ല.

ഈ ബഹുമതിക്കർഹനാകാൻ ഭാഗ്യം സിദ്ധിച്ചതു് അദ്ദേഹത്തിന്റെ കൂടുതൽ പ്രസിദ്ധനായ മകൻ ടിപ്പുസുൽത്താനായിരുന്നു. "മലബാറിന്റെ പ്രധാനപ്പെട്ട എല്ലാ സ്ഥലങ്ങളേയും, എന്തിന് കൊടിയ വനപ്രദേശങ്ങളെപ്പോലും, ബന്ധിപ്പിക്കുംവിധം റോഡുകളുടെ ശൃംഖല അദ്ദേഹം ആസൂത്രണം ചെയ്യുകയും ആ പദ്ധതി വിജയകരമായി പൂർത്തീകരിക്കുകയും ചെയ്തിരുന്നു", എന്നാണ് 'മലബാറിലെ റോഡുകളുടെ സ്ഥിതി'യെക്കുറിച്ചു റിപ്പോർട്ട് തയ്യാറാക്കിയ കേണൽ ഡോ രേഖപ്പെടുത്തിയിട്ടുള്ളതു്[13]. സേലം ജില്ലാഗസററിയറിൽ ഇതു് സംബന്ധമായി കാണുന്ന പരാമർശവും നമുക്കിവിടെ പ്രസക്തമാണ്. "ഇംഗ്ലീഷ്കാരായിരുന്നില്ല ഇന്ത്യയുടെ ആദ്യത്തെ റോഡ് നിർമാതാക്കൾ; ടിപ്പുവിനാൽ ഉണ്ടാക്കപ്പെട്ട റോഡുകൾ ഒട്ടും മോശമായിട്ടുള്ളവയായിരുന്നില്ല" എന്നാണ് അതിൽ എഴുതിയിരിക്കുന്നത്[14].

---

12. ഇന്നിസ്, വാല്യം 1, പുറം 267.
13. ഹോമറിൻ മിസലേനിയസ്, എസ്. നമ്പർ 56, പാർട്ട് 11, വൗച്ചർ നമ്പർ xix.
14. സേലം ജില്ലാ ഗസററിയർ, വാല്യം 1, പാർട്ട് 11, പുറം 19.

തൻമൂലം 18-ാം നൂററാണ്ടിൽ തെന്നിന്ത്യയിലെ ഏററവും വലിയ റോഡ് നിർമ്മാതാവ് ടിപ്പുവായിരുന്നു എന്ന കാര്യത്തിൽ സംശയമേ വേണ്ട[15]. മലബാറിൽ നിർമ്മിച്ച റോഡുകളുടെ വിസ്തൃതിയും വലിപ്പവും കണക്കി ലെടുക്കുകയും മൈസൂർ ആധിപത്യത്തിന്നുശേഷം ഒന്നര നൂററാണ്ടുകാലം മലബാർ ഭരണം നടത്തിയ ഇംഗ്ലീഷ്കാർ ഈ രംഗത്ത് ചെയ്ത സേവനങ്ങൾ വളരെ തുച്ഛമായിരുന്നുവെന്ന വസ്തുത മനസ്സിലാക്കുകയും ചെയ്യുമ്പോഴാണ്, ടിപ്പു മാത്രമായിരുന്നു കേരളത്തിലെ വാർത്താവിനിമയത്തിന്നും ഗതാഗത സൗകര്യത്തിന്നും ഏററവും വലിയ സംഭാവന നൽകിയ ഭരണാധികാരി യെന്നു് തെളിയുക. ഇത് സംബന്ധമായി കൂടുതൽ ഒന്നും പ്രസ്താവിക്കാതെ തന്നെ നമുക്ക് ഉപസംഹരിക്കാം, "ടിപ്പുവാണ് മലബാറിലെ റോഡ് നിർ മ്മാണത്തിന്റെ മാർഗദർശകൻ"[16] എന്ന വാക്കുകൾ കടമെടുത്തുകൊണ്ടു്.

മലബാറിനെ മുഴുക്കെ ബന്ധിപ്പിച്ചുകൊണ്ടുള്ള റോഡുകൾ ചുരുക്കം കാലത്തിന്നിടക്കു തന്നെ ഉണ്ടായി. റോമാസാമ്രാജ്യത്തിലെ രാജവീഥികളത്രയും റോമിൽ ചെന്നവസാനിക്കുന്നുവെന്ന് പറയാറുള്ളതുപോലെ, ടിപ്പുവിന്റെ റോഡുകൾ എല്ലാം "ശ്രീരംഗപട്ടണവുമായി ബന്ധിക്കപ്പെട്ടിരുന്നു. പശ്ചിമഘട്ടം കടന്നാണിവയൊക്കെ പോകേണ്ടതു് എന്നതിനാൽ അതിന്നു വേണ്ടി വന്നിരിക്കാവുന്ന പ്രയത്നവും ചെലവും ഭീമമായിരുന്നിരിക്കണം. വലിയ തോക്കുകളും പീരങ്കികളും അനായാസേന കൊണ്ടുവരികയും പോകുകയും ചെയ്യുവാൻ പററുന്നവിധം വീതി കൂടിയവയായിരുന്ന ഈ വഴികൾ"[17]. കേണൽ റീഡ് അന്വേഷണം നടത്തി സമർപ്പിച്ച മിനുട്ടിൽ താഴെ പറയുന്ന വയാണ് ടിപ്പു നിർമ്മിച്ചതും പീരങ്കിപ്പടക്കു് നീങ്ങാവുന്നതുമായ റോഡുകൾ.

1. കോഴിക്കോട്ടു നിന്നും പുലവായ് വരെയുള്ളതു്. ചേക്കൂർ, താമരശ്ശേരി വഴിയായിരുന്നു ഈ റോഡ്.

2. മലപ്പുറം—താമരശ്ശേരി റോഡ്.

3. മലപ്പുറം—പുതുപ്പാടി. അവിടെനിന്നും പശ്ചിമഘട്ടം വരെ.

4. കോഴിക്കോട്—ഫറൂക്ക് റോഡ്. എലമരുത്ത്, ചാത്തമംഗലം, താമരശ്ശേരി വഴി.

---

15. ബി. കെ. സർക്കാർ, മദ്ധ്യ ഇൻഡ്യയുടെ വാർത്താഗതാഗത സൗകര്യങ്ങൾ, പുറം 32.
16. ഇന്നിസ്, വാല്യം 1, പുറം 268.
17. ഫോറിൻ, മിസലേനിയസ്, എസ്. നമ്പർ 56, പാർട്ട് 11, വൗച്ചർ നമ്പർ xix.

5. ഫറൂക്കിൽ നിന്നും തുടങ്ങി ചേരനാട്ട് താലൂക്ക്‌വഴി ചാലപ്പൂർ, പൂലൂർ, തിരൂരങ്ങാടി, വെങ്കട്ടക്കോട്ട, പുലനെല്ലാട്ട്, ഇരിക്കൽ, ത്രിപുരപറമ്പ്, കവളപ്പാറ, മഞ്ചേരി, പട്ടാമ്പി, വാളയാർ, കോയമ്പത്തൂർ വരെ.

6. പാലക്കാട്—ഡിണ്ടിഗൽ റോഡ്. തത്തമംഗലം, വഞ്ചേരലുങ്ങാട്ടിൽ, നെല്ലിമൂട്ടിൽ, വെള്ളിക്കമ്പിറം, പീലാച്ചി, ഒരുമലക്കാട്ട്, കണ്ണേനെരുപാതുരു, പളനി, വിരുപാക്ഷു, ഡിണ്ടിഗൽ.

7. വെങ്കടക്കോട്ടയിൽ നിന്നും കോയമ്പത്തൂർ വരെ. പെരുമ്പിൽ, വെള്ള, ആനടകുഴി, പാലകേത്തേരി, അങ്ങാടിപ്പുറം, മുല്ലക്കറിച്ചി, കരിയാലുടി, വെള്ളത്തൂർ, പേയൂട്ട്, കുണ്ടപുത്തുപുഴ, മന്നാർ, അട്ടപ്പാടി, തെണ്ടരുംഹുറു, വെള്ളിമാമുത്തു, കോയമ്പത്തൂർ.

"വടക്കേ മലബാറും ഇതേവിധം തന്നെ റോഡുകൾ കൊണ്ട് ബന്ധിച്ചിരുന്നു. ഏഴിമലയിൽ നിന്നും കടൽതീരം വഴിയും ഉൾനാട്ടിൽ കൂടിയും വ്യത്യസ്ത റോഡുകളുണ്ടായിരുന്നു. അവ ചിറക്കൽ, കോട്ടയം തുടങ്ങിയ സ്ഥലങ്ങളിലൂടെ താമരശ്ശേരി, പുതിയച്ചേരി ചുരങ്ങൾ വരെ എത്തി നിന്നിരുന്നു"[18].

ഈ വിവരണങ്ങളിൽ നിന്നും മനസ്സിലാകുന്നത് മലബാറിൻെറ ഒരു ഭാഗവും റോഡുകൾ ഇല്ലാത്തിടമായിരുന്നില്ലെന്നാണല്ലോ. "താമരശ്ശേരി ചുരത്തിൻെറ അടുക്കൽ സന്ധിച്ചിരുന്ന നാലു റോഡുകൾ അത് കടന്നുപോയിരുന്ന പീരങ്കിപ്പാതയുമായി ബന്ധിക്കപ്പെട്ടിരുന്നു. പല വഴികളിലൂടെ ഇവിടെ എത്തിച്ചേർന്നിരുന്ന ഈ റോഡുകളിൽ രണ്ടെണ്ണം മലപ്പുറത്തുനിന്നും രണ്ടെണ്ണം കോഴിക്കോട്ടുനിന്നും ഉൾപ്രദേശങ്ങളിലൂടെ നിർമ്മിക്കപ്പെട്ടവയായിരുന്നു. കോഴിക്കോട്ട് നിന്നുള്ള റോഡുകളിലൊന്ന് ഇന്നുള്ള മൈസൂർ റോഡു തന്നെയാണെന്ന് പറയാം. രണ്ടാമത്തേതാകട്ടെ ഫറൂക്ക് ചാത്തമംഗലം വഴിയും"[19]. നിലമ്പൂർ, എടവണ്ണ, കൊണ്ടോട്ടി എന്നിവടങ്ങളിലൂടെ പോയി കാരിക്കുർ ഘട്ടത്തിലെത്തുന്ന റോഡ് ടിപ്പുവിൻെറ മലബാർ ആസ്ഥാനമായിരുന്ന ഫറൂക്കിനെ ബന്ധിപ്പിക്കുന്നതായിരുന്നു. അതുപോലെ ഫറൂക്കും കോയമ്പത്തൂരുമായി ബന്ധിപ്പിച്ചിരുന്ന മററു രണ്ടു വ്യത്യസ്ത മാർഗങ്ങളിലും റോഡുകൾ നിർമ്മിക്കപ്പെട്ടിരുന്നു. തിരൂരങ്ങാടി-കോട്ടക്കൽ റോഡ് അവിടെയെത്തി രണ്ടായി പിരിഞ്ഞിരുന്നു. അതിൽ ഒന്ന് അങ്ങാടിപ്പുറം മണ്ണാർക്കാട്ട്, വാകയാട് വഴി കോയമ്പത്തൂർവരെ നീണ്ടു കിടന്നിരുന്നു[20]. മറെറാരു

---

18. ടി.
19. ടി, പുറം 269.
20. ടി.

പ്രധാന റോഡ് ബേപ്പൂർ—കൊടുങ്ങല്ലൂർ റോഡാണ്. ഇന്നും ഈ റോഡിന് "ടിപ്പു സുൽത്താൻ റോഡ്" എന്നു തന്നെയാണ് പേര്. താനൂർ, പൊന്നാനി, വലിയങ്ങാടി, ചേററുവ വഴിയായിരുന്നു ഈ റോഡ്. പുതിയങ്ങാടി, തൃത്താല, ലക്കിടി വഴി ഇന്നുമുള്ള താനൂർ—പാലക്കാട് റോഡും ടിപ്പുവിന്റെ പരിഷ്കാരങ്ങളിൽ പെടുന്നതാണ്. പാലക്കാടിനെ വടർത്താവിനിമയത്തിനും ഗതാഗതസൗകര്യത്തിനുമായി ഡിണ്ടിഗലുമായി സന്ധിച്ചിരുന്നു. ഇക്കൂട്ടത്തിൽ കൊല്ലംകോട്ട് വഴി ഡിണ്ടിഗലിലേക്കുണ്ടായിരുന്ന റോഡ് പ്രാധാന്യമർഹിക്കുന്നു[21]. ഈ റോഡ്നിർമ്മാണങ്ങൾ ത്വരിതഗതിയിൽ നടക്കുന്നത് കണ്ടപ്പോൾ തന്റെ രാജ്യം ആക്രമിക്കുവാനുള്ള പ്രാരംഭനീക്കമായി തിരുവിതാംകൂർ രാജാവ് സംശയിച്ചു. തലശ്ശേരിയിലെ ഇംഗ്ലീഷ് തലവനായ ആർ. എച്ച്. ബൊദാം, ടിപ്പുവിന്റെ റോഡ് നിർമ്മാണത്തെ പരാമർശിച്ച് സി. ഡബ്ലിയു. മാലററിന് എഴുതുന്ന കത്തിൽ ഇപ്രകാരം പ്രസ്താവിച്ചു കാണുന്നു: "ടിപ്പു ഉടനടി കോഴിക്കോട്ടെത്തുമെന്നും, അദ്ദേഹത്തിന്റെ നീക്കത്തെ ത്വരിതപ്പെടുത്തുവാനായി പശ്ചിമഘട്ടത്തിൽ നിന്നും കോഴിക്കോട്ടുവരെയുള്ള പ്രദേശത്ത് ഒരു റോഡ് നിർമ്മിക്കുകയാണെന്നും കൊച്ചിരാജാവിൽ നിന്നാണ് തനിക്ക് ഈ വിവരം ലഭിച്ചതെന്നും, ടിപ്പുവിന്റെ ഉദ്ദേശ്യം തന്നെ ആക്രമിക്കുവാനായിരിക്കുമോ എന്ന ആശങ്ക തനിക്കുണ്ടെന്നും കഴിഞ്ഞമാസം 23–ാം തീയതി തിരുവിതാംകൂർ രാജാവ് അഞ്ചുതെങ്ങിലെ നമ്മുടെ പ്രതിപുരുഷൻ വഴി ഇവിടെ കൊടുത്തയച്ച കത്തിൽ പ്രസ്താവിച്ചുകാണുന്നു"[22].

ഇത്രയും വിശാലമായ റോഡുകൾ നിർമ്മിക്കുവാൻ എത്രമാത്രം പ്രയത്നവും പണച്ചെലവും നടത്തിയിരിക്കണമെന്ന് ഊഹിക്കാവുന്നതാണ്. ഈ ജോലിമുഴുവൻ ആറ് വർഷംകൊണ്ടാണ് പൂർത്തിയാക്കിയതെന്നുകൂടി മനസ്സിലാക്കുമ്പോൾ എത്രമാത്രം സംഘടിതശക്തിയും കൂട്ടായ പ്രയത്നവും വേണ്ടിവന്നുവെന്ന് കണക്കു കൂട്ടാൻ പ്രയാസം വരില്ല. രണ്ടാം ആംഗ്ലോ—മൈസൂർ യുദ്ധത്തിനു ശേഷ (1784) മാണ് ഇതത്രയും നടത്തിയതെന്ന വസ്തുതയും 1790-ൽ തന്നെ മലബാർപ്രദേശം ടിപ്പുവിന് നഷ്ടപ്പെട്ടിരുന്നു എന്ന കാര്യവും കൂടി ഒന്നിപ്പിച്ചുനോക്കുമ്പോഴാണ് ടിപ്പു നല്കിയ ഈ മഹത്തായ സംഭാവനയുടെ വലിപ്പം ഗ്രഹിക്കുവാനൊക്കുക. ടിപ്പു ഈ ഹ്രസ്വമായ ആറു വർഷക്കാലത്തിനിടയ്ക്ക് മലബാറിൽ ചെയ്ത റോഡുനിർമ്മാണപ്രവർത്തനത്തിന്റെ ഒരംശം പോലും, സുദീർഘമായ 150 കൊല്ലക്കാലത്തെ ഇംഗ്ലീഷ് ഭരണത്തിൻകീഴിൽ മലബാറിൽ നടന്നിട്ടില്ലെന്നതു് കൂടി ഓർമ്മിക്കാതെ തരമില്ല.

ആയിരക്കണക്കിന് കൂലിക്കാരെ ഈ ആവശ്യത്തിനായി ടിപ്പു ഉപയോഗപ്പെടുത്തിയിരുന്നു. സഞ്ചാരികളുടേയും കൂലിക്കാരായ തൊഴിലാ

21. ടി. പുറം 269
22. പി. ആർ. സി., വാല്യം III, നമ്പർ 21, പുറം 19, ഒക്ടോബർ 19,1787

ളികളുടേയും ആവശ്യാർഥം ടിപ്പു ഏർപ്പെടുത്തിയിരുന്ന ഹോട്ടലുകൾ തൃത്താലയിലും സമീപപ്രദേശത്തും താൻ കണ്ടിരുന്നതായി 1800—ൽ ബുക്കാനൻ രേഖപ്പെടുത്തിയിട്ടുണ്ട്[23]. ഇവിടത്തുകാരായ ഹിന്ദുക്കൾ ഹോട്ടൽ നടത്തുന്നത് അപമാനകരമായി കരുതിപ്പോന്നിരുന്നതിനാൽ, മൈസൂറിൽ നിന്നും ബ്രാഹ്മണരെ വരുത്തി, അവരെക്കൊണ്ടാണ് ഇവ ടിപ്പു നടത്തിച്ചുപോന്നിരുന്നതെന്നും തെളിവുസഹിതം ബുക്കാനൻ എഴുതുന്നുണ്ട്[24]. ''ഇൻഡ്യയിലെ മറേറതൊരു പ്രവിശ്യയേക്കാൾ മലബാർ പ്രദേശം റോഡുകളാൽ സുഘടിതമായിരിക്കുന്നു'' എന്നാണ് വില്യം താക്കറേ റവന്യൂബോർഡിന്നയച്ച റിപ്പോർട്ടിൽ വ്യവഹരിച്ചിട്ടുള്ളത്[25]. ''അദ്ദേഹം (ടിപ്പു) റോഡുകൾക്ക് വേണ്ടി ഉപയോഗിച്ച മാർഗം ഏററവും മാതൃകാപരമായിരുന്നുവെന്നും മലബാറിൻെറ ഏതു് ഭാഗത്തുകൂടിയും ടിപ്പുവിൻെറ റോഡുകളുണ്ടായിരുന്നുവെന്നും''[26] കേണൽ ഡോ അസന്നിഗ്ധമായി പ്രസ്താവിക്കുന്നുമുണ്ട്. പീരങ്കിപ്പടക്ക് സുഗമമായി നീങ്ങുവാൻ പററുംവിധമുള്ള റോഡുകളുടെ നിർമ്മാണമാണ് ടിപ്പുവിൻെറ ഭരണത്തിലെ പ്രധാന സവിശേഷത. അദ്ദേഹത്തിൻെറ വിസ്തൃതമായ രാജ്യത്ത് നടത്തിയിരുന്ന ഇതേ പ്രവർത്തനത്തിൻെറ ചെറിയ ഒരംശം മാത്രമായിരുന്നു മലബാറിലേതു് എന്നു് കൂടി മനസ്സിലാക്കേണ്ടതുണ്ട്.

ഛിന്നഭിന്നമായ നിരവധി കൊച്ചു നാടുകളുടെ സമൂഹത്തെ ഒററ രാഷ്ട്രീയ സംവിധാനത്തിൻകീഴിൽ കൊണ്ടുവരുവാൻ കഴിഞ്ഞ മൈസൂർ ഭരണകർത്താക്കൾക്ക് രാജ്യത്തെ റോഡുകളും മററുതരത്തിലുള്ള വാർത്താവിതരണ സമ്പ്രദായങ്ങളും കൊണ്ടു് ബന്ധിപ്പിക്കുവാൻ പററിയതോടുകൂടി അതുവരെ കേരളത്തിന് അനുഭവപ്പെട്ടിട്ടില്ലാത്ത രാഷ്ട്രീയ ദാർഢ്യവും ഭദ്രതയും കൈവന്നു. ഏതു് രാജ്യത്തും വാണിജ്യ—വ്യാവസായിക പുരോഗതിയുണ്ടാകണമെങ്കിൽ അവശ്യം വേണ്ട ഘടകങ്ങൾ സുഗമമായ ഗതാഗത മാർഗങ്ങളും പ്രയാസരഹിതമായ വാർത്താവിതരണ സൗകര്യങ്ങളും, സുരക്ഷിതമായി സഞ്ചരിക്കുവാനുള്ള സൗകര്യങ്ങളുമാണല്ലൊ. മുൻ അദ്ധ്യായങ്ങളിൽ വിവരിച്ചിട്ടുള്ളതുപോലെ വ്യാവസായിക വിപ്ലവത്തിൻെറ മഹനീയ നേട്ടങ്ങൾ മനസ്സിലാക്കിയിരുന്ന ഏക ഇൻഡ്യൻ ഭരണാധിപതി ടിപ്പുവായിരുന്നു. അതിൻെറ ഭാഗമെന്ന നിലയ്ക്കു തന്നെയാണ് തൻെറ രാജ്യത്തുടനീളം അനായാസേന സഞ്ചരിക്കാവുന്ന റോഡുകളും എളുപ്പത്തിൽ എത്തിക്കാവുന്ന വാർത്താസൗകര്യങ്ങളും ഇത്രമാത്രം വിപുലമായി സജ്ജീകരിച്ചിരുന്നതു്. കച്ചവടത്തിനും വ്യവസായവർധനവിനും ടിപ്പുവിൻെറ ഈ റോഡ് നിർമ്മാണം അങ്ങേ

---

23. ബുക്കാനൻ, വാല്യം 11, പുറം 427.
24. ടി.
25. താക്കറേ, മുൻ ഉദ്ധരിച്ചത്, പുറം 4.
26. ഫോറിൻ, മിസലേനിയസ്, എസ്. നമ്പർ 56, പാർട്ട് II, വൗച്ചർ 19.

അററം ഉപയോഗപ്രദമായിരുന്നു. മലബാറിലെ അദ്ദേഹത്തിന്റെ റോഡുകളുടെ ശൃംഖല രാഷ്ട്രീയഭദ്രതയും, സാമ്പത്തിക ഉല്ക്കർഷവും, വ്യാവസായിക വളർച്ചയും നാടിന്നു് നേടിത്തന്നു. കാര്യക്ഷമമായും സുഗമമായും നടത്തിപ്പോരുന്ന ഒരു ഭരണസംവിധാനത്തിന്റെ സുസ്ഥിരമായ നിലനില്പിനും ഈ റോഡുകൾ ഏറെ സഹായിച്ചിട്ടുണ്ടു്. പ്രദേശങ്ങളെ മാത്രമല്ലല്ലൊ റോഡുകൾ ബന്ധിക്കുന്നതു്. അതോടൊപ്പം മനുഷ്യനേയും മനുഷ്യനേയും തമ്മിൽ അതു് അടുപ്പിക്കുന്നു. ആശയ വിനിമയത്തിന്നും സാംസ്കാരിക സമന്വയത്തിന്നും അതു് കളമൊരുക്കുകയും ചെയ്യുന്നു. ഈ പശ്ചാത്തലത്തിൽ വേണം വിലമതിക്കാനൊക്കാത്ത ഈ സംഭാവനകളെക്കുറിച്ചു് ചിന്തിക്കുവാൻ.

ഇക്കാലത്തു് കൂടി ഏതു് രാജ്യത്തും പൊതുമരാമത്തു് പണികൾ വിപുലമായി നടത്തുക രാജ്യത്തു് സമാധാനവും സുരക്ഷയും ഉള്ളപ്പോഴാണല്ലോ. നമ്മുടെ ചരിത്രകാരൻമാർ മടികൂടാതെ നമ്മെ ധരിപ്പിച്ചിരിക്കുന്നതു് 1784 മുതൽ 1790 വരെയുള്ള മലബാറിലെ മൈസൂർ ഭരണകാലം അരാജകത്വത്തിന്റെയും, അരക്ഷിതാവസ്ഥയുടെയും, കലാപങ്ങളുടെയും, കലഹങ്ങളുടെയും കാലമായിരുന്നുവെന്നാണ്. ഈ പറയുന്നതിൽ യാഥാർത്ഥ്യത്തിന്റെ ഒരംശംപോലുമുണ്ടെങ്കിൽ സമാധാനാന്തരീക്ഷത്തിൽമാത്രം മുതൽ മുടക്കാൻ സാധിക്കുന്ന ഇത്തരം വൻപദ്ധതികൾ ആസൂത്രണം ചെയ്യുവാനോ, വിസ്മയകരമായി ചെയ്തുതീർക്കുവാനോ സാധിക്കുമായിരുന്നില്ലെന്നു് നിശ്ചയമാണ്. തന്റെ അധികാരം സന്നിഗ്ദ്ധാവസ്ഥയിൽ ആടിക്കൊണ്ടിരുന്നുവെങ്കിലും, തന്റെ നിലനിൽപ് ചോദ്യംചെയ്യപ്പെട്ടുകൊണ്ടിരുന്നുവെങ്കിലും, ടിപ്പു അത്തരം സ്ഥലത്ത് ഇത്രമാത്രം പണവും പ്രയത്നവും മുതൽ മുടക്കുവാനൊരുമ്പെടുകയും ചെയ്യുമായിരുന്നില്ലെന്നു് തീർച്ചയാണ്. ടിപ്പുവിന്റെ വിസ്തൃതങ്ങളായ ഈ റോഡുകളും അക്കാലത്തു് ചെയ്ത പൊതുമരാമത്തു് ജോലികളും, ചരിത്രവിദ്യാർത്ഥികളോടു് വാചാലമായി പറയുന്നതു് മലബാറിലെ ഈ കാലഘട്ടം രാഷ്ട്രീയ ഭദ്രതയുടെയും സാമ്പത്തിക വളർച്ചയുടെയും സുവർണ്ണദശയായിരുന്നുവെന്നു് തന്നെയാണ്. ഫ്യൂഡൽ മാടമ്പിമാരുടെ ദുർഭരണമവസാനിപ്പിച്ചു് ഏകീകൃതമായ ഒരു ഭരണസംവിധാനം സുസ്ഥാപിക്കപ്പെട്ടിരുന്നുവെന്നു് നാം കണ്ടതാണ്. അതുവരെ കേട്ടിട്ടുപോലുമില്ലാതിരുന്ന വിധത്തിൽ കച്ചവടവും വ്യവസായവും റോഡുകളുടെ ആവിർഭാവത്തോടുകൂടി വർദ്ധമാനമായി. നാടിന്റെ സമ്പദ്ഘടനയെ തന്നെ അതു് ആശാവഹമായി ഉത്തേജിപ്പിച്ചു. ഇന്ത്യയുടെ ഇതര സംസ്ഥാനങ്ങളിൽ നിന്നുപോലും ജനങ്ങൾ വരുവാനും പാർക്കുവാനും തുടങ്ങി. കമ്പോളങ്ങൾ വൈവിദ്ധ്യമാർന്ന വാണിഭങ്ങൾ കൊണ്ടു് നിറഞ്ഞു. പല ഭാഷക്കാരും പല വേഷക്കാരും ഒത്തുകൂടുവാനും ആശയവിനിമയം നടത്തുവാനും കൂടുതൽ അവസരങ്ങളുണ്ടായി. അങ്ങിനെ മലബാറിലെ മൈസൂർ കാലഘട്ടം വിവിധ സംസ്കാരങ്ങളുടെ സംഘാതത്തിനും അവസരം സൃഷ്ടിച്ചു.

ഇവയെല്ലാക്കെ ഉപാദാനമായി വർത്തിച്ചിരുന്നതു് രാജ്യത്തെ ഇതര സ്റ്റേററുകളുമായി ബന്ധിപ്പിച്ചിരുന്ന രാജവീഥികളും സഞ്ചാരസൗകര്യങ്ങളുമായിരുന്നു. ടിപ്പുസുൽത്താൻ രാജ്യത്തിൻെറ ഉത്ക്കർഷത്തിന്നു് വേണ്ടി ചെയ്തിട്ടുള്ള അഭികാമ്യങ്ങളായ പരിഷ്കാരങ്ങളുടെ നേട്ടങ്ങളെ സർവ്വവിധേനയും തേച്ചുമാച്ചുകളയുവാൻ ഇംഗ്ലീഷ് ചരിത്രകാരൻമാർ ശ്രമിച്ചിട്ടുണ്ടു്. അദ്ദേഹത്തിൻെറ നേട്ടങ്ങളെ ചെറുതാക്കികാണിക്കുവാനുള്ള ശ്രമങ്ങളും നടത്തിയിട്ടുണ്ടു്. എന്നാൽ മാച്ചുകളയാൻ പററാത്ത അദ്ദേഹത്തിൻെറ റോഡുകളും മററും മൈസൂർ ഭരണത്തിൻെറ മഹത്വത്തെ ചരിത്രവിദ്യാർത്ഥികളോടു് വിളിച്ചോതുന്നത് മൈസൂർ ഭരണത്തിൻെറ കാര്യക്ഷമതയേയും ജനക്ഷേമ നടപടികളേയും കുറിച്ചാണു്. "പൗരസ്ത്യ രാജ്യങ്ങളിലെ രാജാക്കൻമാരിൽവെച്ചു്, ഭരണകർത്താവെന്ന നിലയിൽ ടിപ്പു മററാരേക്കാളം പ്രഗത്ഭനായിരുന്നു"[27], എന്നു് ജെയിംസ് മിൽ പോലും അഭിപ്രായപ്പെടത്തക്ക മഹത്തരമായ ഭരണപാടവമായിരുന്നു ടിപ്പുസുൽത്താൻ കാഴ്ചവെച്ചിരുന്നതു്. മലബാറിൽ മറെറാരു പരിഷ്കാരവും അദ്ദേഹം ചെയ്തില്ലെന്ന് വിചാരിച്ചാൽതന്നെ അദ്ദേഹത്തിനു് അനശ്വരമായ കീർത്തി നേടിക്കൊടുക്കുന്നതത്രെ ഇന്നും അദ്ദേഹത്തിൻെറ സ്മാരകമായവശേഷിക്കുന്ന മലബാറിലെ റോഡുകൾ.

---

27. ജെ. മിൽ, ബ്രിട്ടീഷ് ഇൻഡ്യാ ചരിത്രം, വാല്യം VI, പുറം 148.

# 15

# കച്ചവടവും വ്യവസായവും

കോഴിക്കോട്, കണ്ണൂർ, മംഗലാപുരം തുടങ്ങിയ പൗരാണിക തുറമുഖ പട്ടണങ്ങളോടു കൂടിയ മലബാർ, മൈസൂറിന്റെ കീഴിലിരിക്കുക എന്നത് വളരെ പ്രധാന കാര്യമായിട്ടാണ് ഹൈദരാലിയും ടിപ്പുവും കരുതിയിരുന്നത്. അതുകൊണ്ടുതന്നെയാകണം അവർ മലബാറിനെ പ്രിയങ്കരമായി കരുതിയതും അവിടെ കച്ചവടവും വ്യവസായവും പരിപോഷിപ്പിക്കുവാൻ ശ്രമിച്ചതും. തന്റെ രാജ്യത്ത് പൊതുവെ വ്യാവസായിക വളർച്ചയ്ക്ക് വേണ്ടി ഹൈദരാലി നടത്തിയ വിവിധങ്ങളായ പ്രവർത്തനങ്ങൾ ഔദ്യോഗിക ചരിത്രകാരനായ കിർമാനി എണ്ണിയെണ്ണി പറയുന്നുണ്ട്. തന്റെ രാജ്യത്തു വരുന്ന കച്ചവടക്കാരേയും പണമിടപാടുകാരേയും ആകർഷകങ്ങളായ സമ്മാനങ്ങൾ കൊടുത്തു് അദ്ദേഹം സന്തോഷിപ്പിച്ചതിനു പുറമേ അവർ കൊണ്ടു വരുന്ന ചരക്കുകൾ നല്ല വിലയ്ക്കു റൊക്കം പണം കൊടുത്തു് അദ്ദേഹം വാങ്ങുകയും ചെയ്തിരുന്നു. കുതിരകളുടെ വിലയ്ക്കു പുറമെ സ്വർണവും വസ്ത്രവും വ്യാപാരികൾക്ക് നൽകുക അദ്ദേഹത്തിന്റെ പതിവായിരുന്നു. കച്ചവടാർത്ഥം കൊണ്ടുവരുന്ന കുതിരകളിൽ ഏതെങ്കിലും യാദൃച്ഛികമായി തന്റെ രാജ്യത്തു വെച്ച് ചത്തുപോയാൽ അത്തരം കുതിരകളുടെ പകുതിവില അദ്ദേഹം അവർക്ക് ദാനമായും നല്കിയിരുന്നു. "ഭൂമുഖത്ത് അപാരമായി പരന്നുകിടക്കുന്ന മൺതരികൾ പോലെ അദ്ദേഹം നല്കിയ വായ്പകളും മുൻകൂർ പണവും ലോകത്തിന്റെ പല ഭാഗത്തായി ചിന്നിച്ചിതറി കിടന്നിരുന്നു[1]". വിദേശ രാജ്യങ്ങളിൽനിന്നും വ്യാപാരികളെ തന്റെ രാജ്യത്തു് കുടിയിരുത്തുക എന്നതായിരുന്നു വ്യാവസായികവളർച്ചക്ക് വേണ്ടി അദ്ദേഹം സ്വീകരിച്ച മറ്റൊരു നടപടി. എന്നാൽ യൂറോപ്യൻ രാജ്യങ്ങളിൽ നിന്നും കച്ചവടാർത്ഥം ഇവിടെയെത്തിയിരുന്ന ശക്തികളുമായി കൊച്ചിയിലേയും തിരുവിതാംകൂറിലേയും മലബാർ പ്രദേശത്തെയും രാജാക്കന്മാർ തങ്ങളുടെ യജമാനൻമാരായിക്കരുതി അവരുടെ വ്യവസ്ഥക്കനുസൃതമായി കച്ചവടക്കുത്തക നല്കിയിരുന്ന രീതി

1. കിർമാനി, നിഷാനി ഹൈദരി, മൈൽസിന്റെ തർജുമ, പുറം 575.

യായിരുന്നില്ല ഹൈദരാലി അനുവർത്തിച്ചത്. മററു പ്രജകൾ ഏതുവിധത്തിലാണോ നിയമത്തിന് വിധേയരായിക്കഴിഞ്ഞിരുന്നത് അതേവിധം വിദേശവ്യാപാരികളും പൊതു നിയമത്തിന് വിധേയരായിരുന്നു. രണ്ടാം ആംഗ്ലോ–മൈസൂർ യുദ്ധം തുടങ്ങുന്നതിന് മുമ്പ് 1779 മാർച്ച് 19–ാം തീയതി ഫോർട്ട് വില്യമിലെ ഇംഗ്ലീഷ് ഗവർണർക്ക് ഹൈദരാലി അയച്ചുന്ന എഴുത്തിൽ നിന്നും ഇത് സ്പഷ്ടമാണ്. "ഡെൻമാർക്കുകാരും ഫ്രഞ്ചുകാരും ഇംഗ്ലീഷുകാരും ലന്തക്കാരും പറങ്കികളും തുടങ്ങിയ വിദേശികളുടെ യാക്കെഫാക്ടറികൾ എൻെറ നാട്ടിലുണ്ട്. ഇവരത്രയും എൻെറ മററു പ്രജകളെപ്പോലെയാണ്"[2]. ഹൈദരാലിയുടെയും ടിപ്പുവിൻെറയും ഭരണകാലത്ത് യൂറോപ്യൻ കച്ചവടക്കാർക്ക് വ്യവസായക്കുത്തക നല്കിയിരുന്നില്ല. സന്ധികളും കരാറുകളും ഉണ്ടാക്കിയിരുന്നപ്പോഴൊക്കെ ഈ വിദേശശക്തികൾ അത്തരം വ്യവസ്ഥക്ക് നിർബന്ധം ചെലുത്തിയിരുന്നുവെങ്കിലും മററുള്ള സാധാരണ കച്ചവടക്കാരെപ്പോലെ വ്യവസായം നടത്താൻ അവരെ അനുവദിച്ചിരുന്നു. മലബാർ കീഴടക്കിയശേഷം ലന്തക്കാരും ഇംഗ്ലീഷുകാരുമായി ഹൈദരാലി ഉണ്ടാക്കിയ കരാറുകളിൽ അവർ മലബാർ തീരത്തെ രാജാക്കൻമാരുമായി നടത്തിയിരുന്ന ഉടമ്പടികളെ മാനിക്കുക മാത്രമാണ് ചെയ്തിരുന്നത്. അതേ സന്ദർഭത്തിൽ, അദ്ദേഹത്തിൻെറ നാവികസേനാധിപതിയായ അലിരാജയുടെ കീഴിൽ ഒരു കപ്പൽനിര ഉണ്ടാക്കുകയും സമുദ്രവാണിജ്യം പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

ടിപ്പുസുൽത്താൻെറ കാലത്ത് മലബാറിൽ വ്യാപാരവും വ്യവസായവും ഏററവും അധികം വികാസം പ്രാപിച്ചു "രാജ്യത്തിന് ക്ഷേമോല്ക്കർഷങ്ങളുണ്ടാകണമെങ്കിൽ വ്യാവസായികവളർച്ചയും വ്യാപാര വികസനവും അത്യാവശ്യമാണെന്ന് മനസ്സിലാക്കി പ്രവർത്തിച്ച ഏക ഇന്ത്യൻ ഭരണാധികാരി ടിപ്പുവായിരുന്നു", എന്നാണ് പ്രൊഫസ്സർ മൊഹിബ്ബുൽ ഹസ്സൻഖാനെഴുതുന്നത്[3]. വാണിജ്യ–വ്യാവസായിക രംഗങ്ങളിൽ യൂറോപ്യൻ രാജ്യങ്ങൾക്കുണ്ടായ നേട്ടം ടിപ്പുവെപ്പോലെ പ്രതിഭാധനനും ക്രാന്തദർശിയുമായ ഒരാൾ അറിഞ്ഞില്ലെന്ന് വന്നാൽ മാത്രമേ അതിശയിക്കുവാനുള്ളു. അന്തർദേശീയമായ ചലനങ്ങൾ മുഴുക്കെ സൂക്ഷ്മതയോടെ നിരീക്ഷിച്ചിരുന്ന ടിപ്പു വ്യാവസായിക വിപ്ലവത്തിൻെറ ഗുണഫലങ്ങൾ അനുഭവിച്ചിരുന്ന യൂറോപ്പിലെ പ്രധാന രാജ്യങ്ങളുമായി സമ്പർക്കം പുലർത്തിയിരുന്നു. അതുകൊണ്ടുതന്നെയാണ് തൻെറ നാട്ടിൽ വ്യവസായ–വാണിജ്യ പ്രവർത്തനങ്ങളിൽ അദ്ദേഹം ബദ്ധശ്രദ്ധനായത്. അതിൻെറ വിജയത്തെ മുൻനിർത്തി അദ്ദേഹം നടപ്പാക്കിയ വ്യവസായനയമാണ് അതേ രംഗത്ത് കുത്തകാവകാശത്തിന്നു വേണ്ടി ദാഹിച്ചിരുന്ന ഇംഗ്ലീഷുകാരുടെ കടുത്ത ശത്രുവാക്കി അദ്ദേഹത്തെ മാററിയതും.

---

2. ഫോറിൻ സീക്രട്ട് ഡിപ്പാർട്ടുമെൻറ്, ഫോർട്ട് വില്യം, പ്രൊസീഡിങ്ങ്സ്, ജനുവരി 1779.
3. മൊഹിബ്ബുൽ ഹസ്സൻഖാൻ, ടിപ്പു സുൽത്താൻ, പുറം 344.

കയററിറക്കുമതിയിൽ സ്റ്റേററിൻെറ കുത്തകാവകാശം അദ്ദേഹം വിളംബരം ചെയ്തു. ഇങ്ങിനെ സർക്കാർ കുത്തകാവകാശം സ്ഥാപിച്ച ഇനങ്ങളുടെ കൂട്ടത്തിൽ കുരുമുളക്, നാളികേരം, തേക്കിൻതടി, ആന, ചന്ദനം, പുകയില, സ്വർണ്ണഅയിർ, മററുള്ള ലോഹങ്ങൾ എന്നിവ ഉൾപ്പെട്ടിരുന്നു. മലബാറിലെ ഇംഗ്ലീഷ് കമ്പനിയാണ് ഈ കുത്തകപ്രഖ്യാപനത്തോടുകൂടി പാപ്പരായത്. അവരുടെ ലാഭകരമായ വ്യാപാരോല്പന്നങ്ങളുടെ മേലായിരുന്നുവല്ലോ, സ്റ്റേററ് കുത്തക നടപ്പാക്കിയത്. തലശ്ശേരിയിലെ ഇംഗ്ലീഷ് ഫാക്ടറിയിലെ പ്രമുഖൻ അക്കാലത്ത് മദ്രാസ് ഗവർണർക്കയച്ച എഴുത്തുകളിൽ നിന്നും കുത്തക ഏർപ്പെടുത്തിയതോടുകൂടി കമ്പനി സഹിച്ചുകൊണ്ടിരിക്കുന്ന നഷ്ടം വിവരിക്കുന്നുണ്ട്[4]. നഷ്ടം അങ്ങിനെ തുടർന്നുപോകുകയാണെങ്കിൽ തലശ്ശേരി ഫാക്ടറി അടച്ചു പൂട്ടുന്നതല്ലേ ഉത്തമമെന്ന് പല പ്രാവശ്യം ഗൗരവമായി കമ്പനി അധികാരികൾ ആലോചിച്ചിരുന്നു[5]. അപ്പോഴും അവർക്കുണ്ടായിരുന്ന നേരിയ ആശ എപ്പോഴെങ്കിലും ടിപ്പുവെ മലബാറിൽ നിന്നും പുറത്താക്കുവാൻ പററുകയാണെങ്കിൽ "സൈനികവും വ്യാപാരപരവുമായ വീക്ഷണത്തിൽ തലശ്ശേരി ഏററവും പ്രധാനപ്പെട്ട സ്ഥലമായിരിക്കും" എന്നതാണ്[6]. ഈ ആഗ്രഹം ഒന്നുമാത്രമായിരുന്നു അപാരമായ നഷ്ടം സഹിച്ചും മലബാറിൽ പററിക്കൂടുവാൻ ഇംഗ്ലീഷുകാരെ പ്രേരിപ്പിച്ചതു്. മലബാറിൽ നടപ്പിലാക്കിയിരുന്ന ഈ കുത്തക മൈസൂർ സംസ്ഥാനത്താകമാനം പിൻതുടർന്ന വ്യാവസായികനയത്തിൻെറ ഭാഗം മാത്രമായിരുന്നു ടിപ്പുവെ സംബന്ധിച്ചിടത്തോളം. ഗവൺമെൻറ് നയം നടപ്പിലാക്കുന്നതിൽ മൈസൂർ ഓഫീസർമാർ അതീവ ജാഗ്രത പുലർത്തിയിരുന്നു. കച്ചവടക്കാരുമായി നേരിട്ട് ചരക്കുകൾ കൊടുക്കുകയും വാങ്ങുകയും ചെയ്യുന്ന രീതി വിദേശിയർക്ക് നിരോധിക്കപ്പെട്ടിരുന്നു. പുതുശ്ശേരിയിലെ ഗവർണർ ടിപ്പുവിനെഴുതിയ ഒരു കത്തിൽ, അവിടെനിന്നയച്ച കച്ചവടക്കാരെ മലബാർ അതിർത്തിയിൽ വെച്ച് തടഞ്ഞിരിക്കുന്നതായി പരാതിപ്പെട്ടിരുന്നു. ടിപ്പു അദ്ദേഹത്തിന് നൽകിയ മറുപടി ഇപ്രകാരമായിരുന്നു: "ഭാവിയിൽ അവിടെ നിന്നും കച്ചവടക്കാരെ ചരക്കുകളുമായി അയക്കുമ്പോൾ, താങ്കൾ അവിടത്തെ താലൂക്കുദാർക്ക് അവിടത്തെ ഭാഷയിൽ ഒരെഴുത്ത് കൊടുത്തയച്ചാൽ മേലാൽ ഇത്തരം സംഭവമാവർത്തിക്കപ്പെടുകയില്ലെന്നുറപ്പിക്കാം. കച്ചവടക്കാരെ അതിർത്തി കടക്കുവാൻ താലൂക്കുദാർ അനുവദിക്കുകയും വേണ്ട ഒത്താശകൾ ചെയ്തുകൊടുക്കുകയും ചെയ്യും. ഇത്തരം നിരോധന ഉത്തരവ് പുറപ്പെടുവിക്കുവാൻ കാരണമുണ്ട്. അടുത്തകാലത്തായി പുറമേ നിന്നും വന്ന കച്ചവടക്കാരെ കർഷകർക്ക് മുൻകൂർ പണം കടമായും ഉല്പന്നങ്ങളുടെ ഈടിൻമേലും

4. റൈറിൻ, പൊളിററിക്കൽ സപ്ലിമെൻറ്സ് പ്രൊസീഡിംഗ്സ്, ആഗസ്റ്റ് 26 മുതൽ സെപ്റ്റംബർ 25 വരെ, 1789, നമ്പർ 96, പുറം 1849.

5. ടി., പുറം 1849

6. ടി., പുറങ്ങൾ 1845–46.

നറിഫി അവരുടെ ഉല്പന്നങ്ങൾ കുറഞ്ഞ വിലക്ക് ശേഖരിച്ച് കൊള്ളലാഭം ഉണ്ടാക്കുന്ന സമ്പ്രദായത്തെ തടയുകയെന്നതാണ് ഈ വിളംബരത്തിന്റെ പ്രധാന ഉദ്ദേശ്യം''7. രാജാറാം ചന്ദർ എന്ന ടിപ്പുവിന്റെ ഏജൻറിന് അദ്ദേഹമെഴുതിയ കത്തും ശ്രദ്ധേയമാണ്. ''ചായില്യം നമ്മുടെ രാജ്യത്ത് കിട്ടുന്നില്ലെന്നും പുതുശ്ശേരിയിൽ നിന്നും മാത്രമേ ലഭിക്കുകയുള്ളുവെന്നുമാണല്ലൊ താങ്കൾ അയച്ച രണ്ട് എഴുത്തുകളിലുമുള്ളത്. ഇതാണ് സ്ഥിതി യെങ്കിൽ അവിടെ പണവും കൊടുത്ത് ആളുകളെ അയച്ച് സാധനം വാങ്ങിക്കണം. പകരം ചരക്ക്കൊടുക്കുന്ന സമ്പ്രദായം നമുക്ക് വേണ്ട...''8 മൈസൂർരാജ്യത്ത് അദ്ദേഹം അനുവർത്തിച്ചിരുന്ന വ്യാപാരനയത്തെ പ്രകട മാക്കുന്നതാണല്ലൊ മുകളിലുദ്ധരിച്ച കത്തുകൾ. ലൈസൻസോ അനുമതി പത്രമോ ഇല്ലാതെ തന്റെ രാജ്യത്ത് കച്ചവടം നടത്തുവാൻ അനുവദിക്കാ തിരിക്കുന്നതിന്റെ കാരണങ്ങൾ വിശദീകരിച്ചുകൊണ്ട് മസ്ക്കററിലെ ഇമാമിന് ടിപ്പു നേരിട്ടെഴുതിയിരുന്നു9. മസ്ക്കററുമായി വ്യാപാരം തകൃ തിയായി നടത്തിയിരുന്ന ടിപ്പുവിന് തന്റെ പുതിയ വ്യാവസായികനയം മുൻകൂട്ടിതന്നെ ഇമാമിനെ അറിയിക്കണമെന്ന് തോന്നിയത് സ്വാഭാവിക മാണല്ലോ. വാണിജ്യ—വ്യാപാര വിനിമയങ്ങളിൽ നിന്നുമുള്ള വരുമാനം വിദേശകച്ചവടക്കാരുടെ മടിശ്ശീലയിൽ വീഴുന്നത് തടയുകയെന്നത് തന്നെ യായിരുന്നു ടിപ്പുവിന്റെ പ്രഖ്യാപിതലക്ഷ്യം. ''യൂറോപ്യൻ രാജ്യങ്ങ ളുടെ വളർച്ചക്ക് നിദാനം അവിടങ്ങളിലുണ്ടായ വ്യാവസായിക വിപ്ളവ മാണെന്ന് ശരിക്കും അറിയാമായിരുന്ന ടിപ്പുസുൽത്താൻ, കച്ചവടക്കാര ന്റെയും ഉല്പാദകന്റെയും പണംകൈമാററക്കാരന്റെയും ബാങ്കറുടെയും വിവിധ റോളുകൾ സ്വയമേറെറടുക്കുവാൻ തയ്യാറായി''10. തന്റെ രാജ്യ ത്തിന്റെ പ്രധാന സ്ഥലങ്ങളിലൊക്കെ പാണ്ടികശാലകൾ സ്ഥാപിച്ച് കച്ചവടം സുഗമമായി നടത്തിപ്പോരാനുള്ള സൗകര്യങ്ങൾ അദ്ദേഹം സൃഷ്ടിച്ചു. ഈ സ്ഥാപനങ്ങളിൽ ചരക്കുകൾ ശേഖരിച്ച് മൊത്തവ്യാപാരത്തിന്നുള്ള ഏർപ്പാടുണ്ടാക്കുകയും ചെയ്തു. പുതുതായി സ്ഥാപിച്ച ഈ മൊത്തക്കച്ച വടകേന്ദ്രങ്ങളിൽ അധികമാരുകൾ വാങ്ങുവാനെത്തുന്നില്ലെന്ന് രാജാറാംചന്ദർ ടിപ്പുവിനോട് പരാതിപ്പെട്ടപ്പോൾ അദ്ദേഹം എഴുതിയ മറുപടി ഇപ്രകാര മായിരുന്നു: ''തുടക്കത്തിൽ ലാഭം തീരെ ഉണ്ടായില്ലെങ്കിലും നിരാശപ്പെടേ ണ്ടതില്ലെന്നും പദ്ധതിയുമായി മുന്നോട്ട് പോകണമെന്നും ഇതിന്റെ ഗുണം

7. കിർക്ക് പാട്രിക്ക്, ടിപ്പുസുൽത്താന്റെ തിരഞ്ഞെടുത്ത കത്തുകൾ, നമ്പർ XXI, പുറങ്ങൾ 34–35.
8. ടി., നമ്പർ XIX, ഏപ്രിൽ 19, 1785, പുറം 32.
9. ടി., നമ്പർ XIX, ഏപ്രിൽ 9, 1785, പുറം 32.
10. ടി., നമ്പർ CC VII, പുറം 241.

മനസ്സിലാക്കിക്കഴിയുമ്പോൾ കച്ചവടക്കാർ കൂട്ടം കൂട്ടമായെത്തുമെന്നും"[11] അദ്ദേഹം എഴുതി. അദ്ദേഹം ജീവിച്ച കാലഘട്ടത്തിൽ ഇത്തരം നൂതനമായ പദ്ധതികൾ മററുള്ളവർക്ക് സ്വപ്നത്തിൽപ്പോലും ആവിഷ്കരിക്കുവാൻ സാധിക്കുമായിരുന്നില്ല. ആധുനിക ഇന്ത്യയിലെ സ്റ്റേററ് ട്രെയിഡിങ് കോർപ്പറേഷൻെറ രീതിയിൽ, രാജ്യത്തെ മൊത്തക്കച്ചവടം സ്റ്റേററിൻെറ കുത്തകയിൽ കൊണ്ടുവന്നു ഇതു് വിജയകരമായി നടത്തിക്കൊണ്ടുപോകുന്നതിനായി ഒരു വാണിജ്യ-വ്യാവസായിക വകുപ്പ് പ്രത്യേകം രൂപീകരിക്കുകയും-രാജ്യത്തിൻെറ വ്യാപാര—വ്യവസായ നയം പ്രഖ്യാപിച്ചുകൊണ്ടുള്ള ചട്ടങ്ങൾ പരസ്യപ്പെടുത്തുകയും ചെയ്തിരുന്നു. പ്രത്യേകമായി രൂപീകരിക്കപ്പെട്ട ഡിപ്പാർട്ടുമെൻറിന് 1,28,000 സ്റ്റെർലിങിന്നു് തുല്യമായ ലക്ഷം രോഹിതി നാണ്യങ്ങൾ വ്യവസായവികസനത്തിൻെറ ആവശ്യത്തിന്നായി നൽകുകയും ചെയ്തു[12]. 1793–94 കാലത്ത് ടിപ്പു പുറപ്പെടുവിച്ച വ്യാപാര ചട്ടങ്ങൾ സൂക്ഷ്മമായി പരിശോധിച്ചാൽ കച്ചവടവും വ്യവസായവും വികസിപ്പിക്കുവാൻ ഏതെല്ലാം മാർഗം അദ്ദേഹം നിർദേശിച്ചിരുന്നുവെന്നും ഇതിനുള്ള അദ്ദേഹത്തിൻെറ ഉത്സാഹവും ആവേശവും എത്രമാത്രമാണെന്നും കാണുവാൻ സാധിക്കും[13]. കച്ചവടക്കാര്യത്തിൻെറ മേൽനോട്ടം വഹിക്കുവാനായി കമ്മിഷണർമാരുടെ ഒരു ബോർഡ് അദ്ദേഹം രൂപീകരിച്ചിരുന്നു. മൈസൂറിൻെറ കീഴിലുണ്ടായിരുന്ന സ്ഥലത്തു 30 ഫാക്ടറികളും നിരവധി പാണ്ടികശാലകളും പ്രവർത്തിച്ചിരുന്നു. വിദേശരാജ്യങ്ങളിൽ മൈസൂറിൻെറ 17 ഫാക്ടറികൾ ഉണ്ടായിരുന്നു.

അദ്ദേഹം ആവിഷ്കരിച്ച് പ്രവൃത്തിപഥത്തിലെത്തിച്ച വ്യാപാര വ്യവസായ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉണ്ടാക്കുവാനുള്ള ഉദ്ദേശ്യത്തോടു കൂടി സ്റ്റേററ് ട്രേഡിങ് കോർപ്പറേഷൻ അദ്ദേഹം സ്ഥാപിക്കുകയുണ്ടായി. 5 ക. മുതൽ 5000 ക. വരെ മൂല്യമുള്ള ഓഹരികളാണ് രാജ്യത്ത് വിററഴിച്ചിരുന്നതു്[14]. 5 ക മുതൽ 500 ക. വരെ മുടക്കുന്നവർക്ക് 50 ശതമാനം ലാഭവിഹിതമാണ് നിശ്ചയിച്ചിരുന്നതു്. 500 ക. മുതൽ 5000 ക. വരെ മുതൽ മുടക്കുന്നവർക്ക് 25 ശതമാനവും അതിൽ കൂടുതൽ അടക്കലുള്ള ഓഹരി ഉടമകൾക്ക് 12 ശതമാനവുമാണ് ലാഭവിഹിതമായി നല്കിയിരുന്നതു്[15]. ഓഹരി ഉടമകൾക്ക് എപ്പോഴെങ്കിലും തങ്ങളുടെ ഓഹരി വില്ക്കണമെങ്കിൽ യാതൊരു ബുദ്ധിമുട്ടുമുണ്ടായിരുന്നില്ല. ഓഹരിവിലയ്ക്ക് പുറമെ

11. ടി അനുബന്ധം ബി, നമ്പർ XXXIII.
12. ടി. XVIII.
13. ടി. XXXIII, അനുബന്ധം ഇ.
14. വിൽക്സ്, മൈസൂർ ചരിത്രം, വാല്യം II, പുറം 268.
15. കിർക്ക് പാട്രിക്, മുൻഉദ്ധരിച്ചതു്, അനുബന്ധം ഇ.

ലാഭവും അയാൾക്ക് ലഭിക്കമായിരുന്നു[16]. ഈ ചട്ടങ്ങളനുസരിച്ച് സാധാരണക്കാർക്ക് ഓഹരി മുതലിൻെറ 50 ശതമാനം കൊടുത്തുകൊണ്ടിരുന്നത് തൻെറ പ്രസ്ഥാനത്തിന് പൊതുജന സഹകരണം കിട്ടുന്നതിനും ജനങ്ങളെ ഇത്തരം സംരംഭങ്ങളിൽ പങ്കാളികളാക്കുന്നതിനും വേണ്ടിയായിരുന്നുവെന്നും വ്യക്തമാണല്ലൊ. ഇന്ത്യയിലെ മററൊരു രാജാവും ഇത്തരം ജനക്ഷേമപരവും നൂതനവുമായ നടപടികൾ സ്വീകരിക്കുവാൻ ആലോചിക്കുവാൻ പോലും അശക്തനായിരുന്ന ഒരു കാലഘട്ടത്തിലാണ് ടിപ്പുസുൽത്താൻ തൻെറ സ്റ്റേററ് ട്രെയിഡിങ് കോർപ്പറേഷൻ രൂപീകരിച്ചത് എന്നതുകൂടി ഓർക്കേണ്ടതാണ്. പണക്കൈമാററകച്ചവടം സ്റ്റേററിൻെറ കുത്തകയാക്കിയതോടുകൂടി പാവപ്പെട്ട കർഷകരെ അമിതപ്പലിശകൊണ്ട് ഞെക്കിപ്പിഴിഞ്ഞിരുന്ന ഹുണ്ടികക്കച്ചവടക്കാരിൽ നിന്നും സാധുകർഷകന് നിസ്സീമമായ ആശ്വാസമാണ് ലഭിച്ചത്. ഇത്തരം സാമ്പത്തികാശ്വാസപദ്ധതികളുടെ ഫലമായി നാടിനും നാട്ടുകാർക്കും വളരെ ആശ്വാസം ലഭിച്ചു എന്നതിൽ സംശയമില്ല.

മൈസൂർ സംസ്ഥാനത്ത് നിന്നും കയററി അയച്ചിരുന്ന പ്രധാന ഉല്പന്നങ്ങൾ ചന്ദനത്തടി, ആനക്കൊമ്പ്, അരി, സുഗന്ധദ്രവ്യങ്ങൾ, പരുത്തി, സിൽക്ക് തുടക്കിയവയായിരുന്നു. കയററുമതി വികാസം കൊണ്ടിരുന്നതിൻെറ ഫലമായിട്ടായിരുന്നു മലബാറിൽനിന്നും ഹൈദരാലിയുടെ കാലത്ത് പണമായി നികുതി പിരിച്ചിരുന്ന സ്ഥാനത്ത്, ഉല്പന്നങ്ങൾ നല്കിയാൽ മതിയെന്നാക്കിയത്. നികുതി കൊടുക്കുന്നത് പണമായിട്ടുവേണ്ട എന്ന് വന്നപ്പോൾ കർഷകർക്ക് വളരെ ആശ്വാസം ലഭിച്ചു. അതേസമയം മലബാറിൽനിന്നും നികുതിയായി ലഭിച്ച അരിയും നാളികേരവും മലഞ്ചരക്കുകളുമൊക്കെ കയററി അയച്ച് അതിൻമേൽ ലാഭമുണ്ടാക്കുവാനും അദ്ദേഹത്തിനു സാധിച്ചു. ടിപ്പുവെന്ന കച്ചവടക്കാരൻെറ സാമർത്ഥ്യം ഇവിടെയാണ് നാം കാണുന്നത്. നാട്ടിന്നകത്തും പുറത്തുമുണ്ടായിരുന്ന അനേകം പാണ്ടികശാലകളിലെ ദറോഗമാർക്ക് ടിപ്പു എഴുതിയ ധാരാളം എഴുത്തുകൾ ഇന്ന് നമുക്ക് ലഭ്യമാണ്. ഏതൊരു വ്യവസായിയേക്കാൾ സാമർത്ഥ്യവും പ്രായോഗിക പരിജ്ഞാനവും കച്ചവടക്കാര്യത്തിൽ ടിപ്പുവിനുണ്ടായിരുന്നുവെന്ന് ഈ കത്തിടപാടുകൾ സ്പഷ്ടമാക്കുന്നുണ്ട്. ചന്ദനത്തിൻെറയും കുരുമുളകിൻെറയും വിലയ്ക്കല്പം ഇടിവുണ്ടായിരിക്കുന്നുവെന്ന് മനസ്സിലാക്കിയ ടിപ്പു മസ്കററിലെ തൻെറ ധറോഗയായ മിർകാസിമിനെഴുതിയത് ഇപ്രകാരമാണ്: "തിരക്ക് പിടിച്ച് ഉള്ള ചന്ദനവും കുരുമുളകും വിററഴിക്കരുത്. അവയ്ക്ക് ന്യായമായതും നാമാശിക്കുന്നതുമായ വില ലഭിച്ചെങ്കിൽ മാത്രമേ വില്പന നടത്തേണ്ടതുള്ളു"[17]. അദ്ദേഹത്തിന്ന് തന്നെ ഇതേ നിർദേശത്തോടുകൂടി മററു രണ്ടെഴുത്തുകൾകൂടി ആയിടെ അയച്ചിരുന്നു. അതിലൊന്നിൽ, "മംഗലാ

16. വിൽക്സ്, മുൻഉദ്ധരിച്ചത്, വാല്യം II, പുറം 268.
17. കിർക്ക് പാട്രിക്ക്, മുൻ ഉദ്ധരിച്ചത്, CLVI, പുറം 187, CLX, പുറം 189

പുറത്തുനിന്നും കയററി അയച്ചിരുന്ന അരി, കുരുമുളക്, ചന്ദനം എന്നീ സാധനങ്ങൾ ധൃതിപിടിച്ച് കിട്ടിയ വിലക്ക് കൊടുത്തുകളയരുത്. അവ മാർക്കററിൽ ദുർല്ലഭമാകുമ്പോഴേ നല്ല വില ലഭിക്കൂ. അതുവരെ അവ സൂക്ഷിച്ചുവെക്കുക. ന്യായമായ ലാഭം കിട്ടുമെന്ന് ബോദ്ധ്യമാകുമ്പോൾ മാത്രം വില്പന നടത്തുക"[18]. മറെറാരെഴുത്തിൽ അദ്ദേഹം നിർദേശിക്കുന്നത് ചന്ദനത്തടിയും കുരുമുളകും എന്ത് വിലക്ക് കൊടുക്കണമെന്ന കാര്യമാണ്. അദ്ദേഹം എഴുതി: "ഒന്നാംതരം ചന്ദനം കണ്ടിക്ക് 120 പഗോഡയ്ക്കും, രണ്ടാംതരം 100 പഗോഡയ്ക്കും, മൂന്നാംതരം 90 പഗോഡയ്ക്കും നാലാംതരം 80 പഗോഡയ്ക്കും വില്ക്കാം. കുരുമുളകാകട്ടെ കണ്ടിക്ക് 80 പഗോഡ വില കിട്ടിയെങ്കിൽ മാത്രം കൊടുത്താൽ മതി"[19]. സമർത്ഥനായ ഒരു വ്യാപാരിയുടെ മനോഗതി പ്രദർശിപ്പിക്കുന്ന ഈ എഴുത്ത് അത്ര നിഷ്കർഷയോടുകൂടിയാണെഴുതിയിരിക്കുന്നത്. തന്റെ രാജ്യത്ത് നടക്കുന്ന സകലവിധ പ്രവർത്തനങ്ങളിലും ഭാഗഭാക്കാകുകയും അവ സുഗമമാക്കുന്നതിനായി ചെറിയ കാര്യങ്ങളിൽപോലും വിദഗ്ധാഭിപ്രായം പ്രകടിപ്പിക്കുകയും ചെയ്യുക ടിപ്പുവിന്റെ സ്വഭാവമായിരുന്നു. യുദ്ധമായാലും സമാധാന പ്രവർത്തനങ്ങളായാലും ഉദ്യോഗസ്ഥൻമാർ മുഴുക്കെ മുകളിൽനിന്നുമുള്ള കല്പനകൾക്കും നിർദേശങ്ങൾക്കും വേണ്ടി കാത്തിരിക്കുക പതിവാക്കി. ഇതു് അവരുടെ വിവേചനാധികാരത്തെയും ബുദ്ധിയേയും കുറെയെങ്കിലും നിഷ്പ്രഭമാക്കു് തീർന്നുവെന്നു് സംശയമില്ല.

രാജ്യത്തുണ്ടായിരുന്ന ഉല്പന്നങ്ങൾ കയററുമതി ചെയ്യുക മാത്രമല്ല അദ്ദേഹം അനുവദിച്ചിരുന്നതും. പ്രത്യുത, വിദേശീയരായ വ്യാപാരപ്രമുഖൻമാരെ തന്റെ രാജ്യത്ത് വന്ന് ഫാക്ടറികൾ സ്ഥാപിച്ച് വ്യാപാരം നടത്തുവാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്തിരുന്നു. ഇതിന്റെ ഉദ്ദേശ്യം രാജ്യത്തിന് വ്യാപാരപരമായും വ്യാവസായികമായും വികാസം ഉണ്ടാക്കുകയെന്നതു് തന്നെയായിരുന്നു. കപാജാ ഹെററ്രൂൺ തുടങ്ങിയ വ്യാപാര പ്രമുഖൻമാർ ടിപ്പുവിന്റെ രാജ്യത്ത് കച്ചവടസൗകര്യങ്ങൾ ആവശ്യപ്പെട്ടുകൊണ്ടു നടത്തിയ നിവേദനത്തിന് മറുപടിയായി അദ്ദേഹമെഴുതിയതിപ്രകാരമായിരുന്നു: "മംഗലാപുരം തുറമുഖത്തോ, കോഴിക്കോടോ നിങ്ങളുടെ ചരക്കിറക്കുന്നതിൽ നമുക്ക് വിരോധമില്ല. നമ്മുടെ രാജ്യവുമായി കച്ചവടം നടത്തുവാനുള്ള നിങ്ങളുടെ ആഗ്രഹം നമ്മെ സന്തോഷിപ്പിക്കുന്ന കാര്യമാണ്. ആത്മവിശ്വാസത്തോടുകൂടി ആപൽശങ്കക്കിടമില്ലാതെ നിങ്ങൾക്കത് ചെയ്യാം. മേൽ പറഞ്ഞ തുറമുഖങ്ങളിലിറക്കുന്ന ചരക്കുകളിൽ നമുക്ക് ആവശ്യമുള്ളവ ന്യായമായ വിലക്ക് നല്കിയശേഷം അവശേഷിക്കുന്നവ പൊതു കമ്പോളത്തിൽ

18. ടി. CL XIII, പുറം 189
19. ടി. CL X, പുറം 189

നിങ്ങൾക്ക് സ്വതന്ത്രമായി വില്ക്കാവുന്നതുമാണ്'''[20]. കോഴിക്കോട്ട് ഒരു ഫാക്ടറി തുടങ്ങുന്നതിന്ന് അനുവാദമാവശ്യപ്പെട്ട മസ്ക്കററിലെ ഒരു ദല്ലാളായ മാഃവാസേത്തിന് അനുവാദം നൽകിയതിന് പുറമെ ഇറക്കുമതി തീരുവയിൽ പത്തിൽ നാലു് ഇളവ് നല്കുവാനും ടിപ്പു കല്പനയിറക്കിയിരുന്നു[21]. വിദേശ വ്യാപാരികൾക്ക് കച്ചവടസൗകര്യങ്ങളും വ്യാപാര സൗജന്യങ്ങളും നല്കി രാജ്യത്ത് കച്ചവടവികസനത്തിന്ന് അശ്രാന്ത പരിശ്രമം ചെയ്തിരുന്ന അദ്ദേഹം തന്റെ രാജ്യത്തിന്റെ താല്പര്യം സംരക്ഷിച്ചുകൊണ്ടാണ് ഇതൊക്കെ ചെയ്തിരുന്നതു്. ഇന്ത്യയിലെ മറെറാരു രാജാവും വിദേശരാജ്യങ്ങളിൽ തങ്ങളുടെ ദല്ലാളുമാരെ നിയമിക്കുകയോ അവിടങ്ങളിൽ സ്വന്തം പാണ്ടികശാലകൾ പണിയുകയോ ചെയ്തിരുന്നില്ലെന്നുകൂടി ഓർക്കേണ്ടതുണ്ട്. ജിദ്ദ, മസ്ക്കററ്, ഹോർമുസ് എന്നിവിടങ്ങളിൽ സ്ഥാപിച്ചിരുന്ന ടിപ്പുവിന്റെ പാണ്ടികശാലകളും അത്വഴി നിർവ്വഹിച്ചിരുന്ന കച്ചവടവും ലോകപ്രസിദ്ധമായിരുന്നു. ഏഡനിലും ബസറയിലും തന്റെ ഫാക്ടറികൾ സ്ഥാപിക്കുവാനുള്ള പരിശ്രമവും അദ്ദേഹം നടത്തിക്കൊണ്ടിരുന്നു[22]. ഇന്ത്യയിൽ തന്റെ രാജ്യത്തിന്ന് പുറത്ത് മധുരയിലും അദ്ദേഹത്തിന്റെ ഫാക്ടറികൾ ഉണ്ടായിരുന്നു[23].

തന്റെ വിദേശ പ്രതിപുരുഷൻമാരെ ചുമതലപ്പെടുത്താറുണ്ടായിരുന്ന പ്രധാന കാര്യം അവിടങ്ങളിൽ നിന്നും സാങ്കേതിക പരിജ്ഞാനം നേടിയവരെ മൈസൂറിലേക്കാകർഷിച്ചുകൊണ്ടു വരികയെന്നതായിരുന്നു. അവരുടെ സഹായത്തോടെ പുതിയ വ്യവസായ സംരംഭങ്ങൾ നടത്തുകയെന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. മലബാറിൽ പേൾ ഫിഷറി (മുത്തുച്ചിപ്പി) ഉല്പാദിപ്പിക്കുന്നതിനുള്ള ഒരു കേന്ദ്രം സ്ഥാപിക്കുകയെന്നതു് ടിപ്പുസുൽത്താന്റെ ചിരകാലാഭിലാഷമായിരുന്നു. ഈ ആവശ്യത്തിനായി മസ്ക്കററിലെ തന്റെ ദറോഗയോട് മുത്തുച്ചിപ്പി ഉല്പാദന വിദഗ്ധന്മാരെ ഇവിടേക്കയക്കുവാൻ നിർദേശിച്ചുകൊണ്ടു് അദ്ദേഹം എഴുതിയിരുന്നു[24]. ഇംഗ്ലീഷ്കാർ 19–ാം നൂററാണ്ടിന്റെ ആദ്യപകുതിയിൽ വയനാടൻ പ്രദേശങ്ങളിൽ സ്വർണ്ണഖനികൾ പ്രവർത്തിപ്പിച്ചിരുന്നു. പിന്നീട് ആ യജ്ഞം ഉപേക്ഷിക്കുകയാണ് ചെയ്തതു്. എന്നാൽ ടിപ്പുസുൽത്താൻ ഇവിടെ ഈ പ്രവൃത്തി ചെയ്യുവാനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചിരുന്നതായി കാണുന്നുണ്ടു്[25]. അവിടെ നിന്നും ടിപ്പുവിന്റെ ഓഫീസർമാരിൽ ഒരാളായ

---

20. ടി. CLXIII, പുറം 189
21. ടി. CCVI, പുറം 239
22. ടി. അനുബന്ധം ഇ
23. ടി.
24. ടി. നമ്പർ CC, പുറം 231, നമ്പർ LLX, പുറം 187
25. നീലഗിരി ഡിസ്ട്രിക് ഗസററിയർ, വാല്യം ഒന്ന്, പുറം 94

മൊഹിയുദ്ദീൻ അലിഖാൻ ടിപ്പുവിന്ന് അയച്ചുകൊടുത്ത ഏഴ് ഇയ്യക്കട്ടികൾ കൈപ്പററിയ വിവരമറിയിക്കുന്ന കുട്ടത്തിൽ അദ്ദേഹമെഴുതിയിട്ടുള്ളതിങ്ങനെയാണ്. "ഇയ്യഖനികളുടെ അടിയിലായി വെള്ളിഖനികളോ, അയിരുകളോ കാണുക പ്രകൃതിദത്തമാണ് അവിടത്തെ മണ്ണും പ്രകൃതിയും പരിശോധിക്കുവാൻ കഴിവുള്ള വിദഗ്ദ്ധന്മാരെ ഇവിടെ നിന്നും പറഞ്ഞയക്കുന്നുണ്ട്. അവർ വന്ന് പരിശോധിച്ച് തീരുമാനിക്കട്ടെ..."[26]. അന്താരാഷ്ട്ര വാണിജ്യ വികസനത്തിനും വളർന്നുവരുന്ന വിദേശക്കോയ്മകളെ ഫലവത്തായി നേരിടുന്നതിന്നും ശക്തമായ നാവികവ്യൂഹം അനിവാര്യമാണെന്ന് ടിപ്പുവിനറിയാമായിരുന്നു. അതിന്റെ ഫലമായിട്ടാണ് വാജിദാബാദിലും മംഗലാപുരത്തും എല്ലാവിധ സജ്ജീകരണങ്ങളോടും കൂടി ഓരോ നാവികത്തുറമുഖം സംവിധാനം ചെയ്തത്. കപ്പൽപാലങ്ങളും ചരക്ക് ഇറക്കി സൂക്ഷിക്കുന്നതിനുള്ള ഗുദാമുകളും ഇവിടങ്ങളിലുണ്ടാക്കിയിരുന്നു[27]. മലബാറിൽ വളരെ സുലഭമായുണ്ടായിരുന്ന തേക്കിൻതടി ഈ ആവശ്യത്തിന്നായി ശേഖരിച്ച് മംഗലാപുരത്തേക്കും വാജിദാബാദിലേക്കും അയച്ചിരുന്നു. കപ്പൽ പണിക്കാരെയും നാവികവിദഗ്ദ്ധന്മാരെയും കപ്പൽ നിർമ്മാണാവശ്യത്തിനായി ജിദ്ദയിൽ നിന്നും മസ്ക്കററിൽ നിന്നും തന്റെ ഏജൻറുമാർ മുഖാന്തിരം ടിപ്പു സമ്പാദിച്ചിരുന്നു[28]. കപ്പലുകളുടെ മോഡലുകൾ ടിപ്പു തന്നെയാണ് സംവിധാനം ചെയ്തുകൊടുത്തിരുന്നത്[29]. മലബാറിൽ പ്രവർത്തനം തുടങ്ങിയ ഈ പദ്ധതികൾ എത്രമാത്രം പ്രാവർത്തികമായെന്നോ, എത്രമാത്രം അവ വിജയിച്ചുവെന്നോ കണിശമായി പറയുവാൻ ഇപ്പോൾ അസാദ്ധ്യമാണ്. തൽസംബന്ധമായ രേഖകൾ ദുർല്ലഭമത്രെ. ഈ വക പദ്ധതികളുടെ ആവിഷ്കരണം മാത്രം വെച്ച് കണക്കുകൂട്ടിയാലും ഒരു കാര്യം അസന്ദിഗ്ദ്ധമായി പറയാനൊക്കും. അതായത്, ഇംഗ്ലീഷ് ആധിപത്യത്തിന് പകരം മൈസൂറിന്റെ കീഴിലിരിക്കുവാനായിരുന്നു മലബാറിന്റെ യോഗമെങ്കിൽ, ബ്രിട്ടീഷ് മലബാർ വ്യാവസായികമായും സാമ്പത്തികമായും ഏറെ വികാസം പ്രാപിച്ച പ്രദേശമാകുമായിരുന്നു.

യൂറോപ്യൻ രാജ്യങ്ങളിൽ 'നവോത്ഥാന'ത്തിന്നുശേഷമുണ്ടായ വ്യാവസായിക വിപ്ലവവും തജ്ജന്യമായ വാണിജ്യ വികസനവും ശരിക്കും മനസ്സിലാക്കിയിരുന്ന ടിപ്പുവിന് വ്യവസായീകരണംകൊണ്ടും ആധുനിക സമ്പ്രദായങ്ങൾകൊണ്ടും രാജ്യത്തുണ്ടാകാവുന്ന നേട്ടങ്ങൾ ശരിക്കും ഗ്രഹിക്കുവാൻ കഴിഞ്ഞിരുന്നു. വിദേശരാജ്യങ്ങളിൽ ഉണ്ടായിക്കൊണ്ടിരുന്ന വിപ്ലവകരമായ മാററങ്ങളെ അപ്പപ്പോൾ അറിയുകയും അതിൽ ആവേശം കൊള്ളു

26. കിർക്ക് പാട്രിക്, മുൻ ഉദ്ധരിച്ചത്, നമ്പർ CXCV, പുറം 327.
27. മൊഹിബുൽ ഹസ്സൻഖാൻ, ടിപ്പു സുൽത്താൻ, പുറം 353
28. കിർക്ക് പാട്രിക്, മുൻ ഉദ്ധരിച്ചത്, പുറങ്ങൾ 234, 282
29. ടി., അനുബന്ധം 1, IIVXX, എഫ്. എഫ്.

കവും ചെയ്തിരുന്ന ഏക ഇന്ത്യൻ ഭരണാധിപതി ടിപ്പുസുൽത്തായിരുന്നു. ഈ രാജ്യങ്ങളോട് കിടപിടിക്കാനും, അവരോട് മത്സരിച്ച് വിജയിക്കവാനമായി രാജ്യത്തിനകത്തും പുറത്തും ഫാക്ടറികളും പാണ്ടികശാലകളും സ്ഥാപിക്കേണ്ടതിന്റെ പ്രാധാന്യം ടിപ്പു മനസ്സിലാക്കിയിരുന്നു. മിക്കവാറും എല്ലാ സാധനങ്ങളും തന്റെ രാജ്യത്ത് നിർമ്മിക്കുന്നതിനാവശ്യമായ ഫാക്ടറികളും വ്യവസായശാലകളും അദ്ദേഹം രാജ്യത്തുടനീളം സ്ഥാപിക്കുകയുണ്ടായി. അവയിൽ മതിയായ പരിചയസമ്പന്നൻമാരില്ലാത്തപ്പോഴൊക്കെ സാങ്കേതിക വിദഗ്ധൻമാരെ പുറം രാജ്യങ്ങളിൽ നിന്നും എന്ത് ശമ്പളം നല്കിയും പറഞ്ഞയക്കവാൻ തന്റെ പ്രതിപുരുഷൻമാരെ ടിപ്പു ചുമതലപ്പെടുത്തിയിരുന്നതായും നമുക്കറിയാം. ഇതിനു പോൽബലകമായി ഉദ്ധരിക്കാവുന്ന ഒന്നുരണ്ട് എഴുത്തുകൾ കൂടി ശ്രദ്ധിക്കുക. വിവിധ കേന്ദ്രങ്ങളിലുണ്ടായിരുന്ന തന്റെ ദറോഗമാർക്ക് എഴുതിയ ഒരു കത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത്, ''ഈന്ത, കുങ്കമം, ബദാം എന്നിവയുടെ വിത്തും കുറെ പട്ടുനൂൽപുഴക്കളും നമ്മുടെ ആവശ്യത്തിനായി അവിടെ നിന്നും ശേഖരിച്ച് അയക്കുണ''മെന്നാണ്[30]. മറ്റു ചില എഴുത്തുകളിൽ കാണുന്നത്, ''എവിടെയൊക്കെയാണ് കുങ്കമം ഉല്പാദിപ്പിക്കുന്നത്, അവിടങ്ങളിൽ ഏജൻറുമാരെ വിട്ട് ഒന്നോ രണ്ടോ മന്ന് അവയുടെ വിത്തുകൾ ശേഖരിച്ചയക്കുക. പട്ടുനൂൽ പുഴക്കളും അവയുടെ മുട്ടകളും എവിടെ നിന്ന് ലഭിക്കുമോ അവ സമ്പാദിക്കുകയും അവയെ ശുശ്രൂഷിച്ച് വളർത്താൻ കഴിയുന്ന കുറച്ച് വിദഗ്ധൻമാരെ കണ്ടുപിടിക്കുകയും ചെയ്ത് അവരെ ഈ സാധനങ്ങളോടൊപ്പം ഇവിടേക്കയക്കുക''[31]. തന്റെ ചിരകാലാഭിലാഷമായിരുന്ന സിൽക്ക് വ്യവസായം വർദ്ധമാനമാക്കുവാനും പട്ടുനൂൽ പുഴക്കളെ മസ്ക്കററിൽ നിന്നും ബംഗാളിൽനിന്നും കൊണ്ടുവന്ന് അവയെ വളർത്തുവാനും ടിപ്പുവിന് കഴിഞ്ഞിരുന്നു. തന്റെ രാജ്യത്ത് സ്ഥാപിച്ചിരുന്ന ഫാക്ടറികളിലും വ്യവസായശാലകളിലും വിദേശികളും ഇന്ത്യക്കാരുമായ നൂറു കണക്കിന് സാങ്കേതിക വിദഗ്ധൻമാർ നിർമാണപ്രവർത്തനത്തിലേർപ്പെട്ടിരുന്നു. കത്രിക, തുലാസ്, സമയനിർണയ മണൽ കുപ്പി, കത്തി, കടലാസ്, കട്ടപ്പറി, വാച്ച്, തോക്ക് തുടങ്ങിയവ ടിപ്പുവിന്റെ വ്യവസായശാലകളിൽ ഉല്പാദിപ്പിച്ചിരുന്നു. ടിപ്പുവിന്റെ ഭരണകാലത്ത് പരുത്തി, പട്ടുതുണിത്തരങ്ങൾ വിശ്വപ്രസിദ്ധിയാർജിച്ചു. ഇന്ത്യയിൽ അക്കാലത്ത് ഉല്പാദിപ്പിച്ചിരുന്ന പഞ്ചസാരയിൽ ഏററവും നല്ല പഞ്ചസാര മൈസൂറിൽ ഉല്പാദിപ്പിച്ചവയായിരുന്നു. അതുപോലെതന്നെ എടുത്തുപറയേണ്ട മറെറാരു പ്രധാനകാര്യം ടിപ്പുവിന്റെ ആയുധനിർമാണശാലകളെ സംബന്ധിച്ചാണ്. വെടിക്കോപ്പ്, വെടിമരുന്ന് എന്നിവക്ക് പുറമേ പലതരത്തിൽപ്പെട്ട വാളുകളും തോക്കുകളും പീരങ്കികളും മൈസൂറിൽ നിർമ്മിച്ചിരുന്നു.

30. കി. നമ്പർ CCL, XXII, പുറം 300
31. കി. CLV, പുറം 187, CLV, പുറം 186.

ഇവ നിർമാണത്തിലും പ്രയോഗക്ഷമതയിലും യൂറോപ്യൻ നിർമ്മിതികളെക്കാൾ മെച്ചപ്പെട്ടവയുമായിരുന്നു. തന്റെ പ്രതിപുരുഷൻമാരെ അയയ്ക്കുന്നതിന്റെ മുന്നോടിയായി ഫ്രാൻസിലെ ചക്രവർത്തി ലൂയി പതിനാറാമന് 1786 ആഗസ്റ്റ് 6–ാം തീയതി ടിപ്പുസുൽത്താൻ അയച്ച കത്തിൽ പറഞ്ഞിരുന്നത്, ''എന്റെ ആയുധനിർമാണശാലയിൽ നിർമ്മിച്ച ഒരു ഇരട്ടക്കുഴൽ തോക്കും, തുന്നൽ പണികൾകൊണ്ട് മോടിപിടിപ്പിച്ചിട്ടുള്ള ഒരു സെററ് ഉടുപ്പും അവിടത്തേക്ക് കൊടുത്തയക്കുന്നത് സദയം സ്വീകരിച്ചാലും'' എന്നാണ്[32]. തന്റെ രാജ്യത്തുണ്ടാക്കിയ ആയുധവും ഉടയാടയുമൊക്കെ വെറും പാരിതോഷികം എന്ന നിലക്ക് മാത്രമായിരിക്കുകയില്ലല്ലൊ ടിപ്പു സമ്മാനിച്ചത്. അവയുടെ മേൻമയും സാങ്കേതിക നേട്ടവും ലൂയിയെ സ്വാധീനിക്കുവാൻകൂടി സഹായകമാകണമെന്ന് കരുതിയായിരിക്കണം.

യഥാർത്ഥത്തിൽ, ടിപ്പുവിന്റെ ഇത്തരം അസൂയാർഹമായ പ്രവൃത്തികളാണ് ഇംഗ്ലീഷ്കാർക്ക് അദ്ദേഹത്തോട് അരിശമുണ്ടാക്കിയ കാര്യങ്ങൾ. മററു ഇന്ത്യൻ രാജാക്കന്മാർ മുഴുക്കെ ഇംഗ്ലീഷുകാരുടെ പക്കൽ നിന്നും ആയുധങ്ങളും വെടിക്കോപ്പുകളും കിട്ടുന്നതിനുവേണ്ടി യാചിച്ചുകൊണ്ടിരുന്ന സന്ദർഭത്തിൽ, മൈസൂറിൽ മാത്രമാണ് രാജ്യത്തിന്റെ പ്രതിരോധാവശ്യത്തിനുള്ള ആയുധങ്ങൾ, അതും യൂറോപ്യൻ നിർമ്മിതിയെക്കാൾ മെച്ചപ്പെട്ട തോക്കുകളും വെടിമരുന്നുമെല്ലാം, സ്വന്തം ആയുധനിർമ്മാണശാലകളിൽ നിർമ്മിച്ചുപോന്നത്. ഇംഗ്ലീഷുകാരുടെ ഈ കുത്തകകൾക്ക് നേരെയും ടിപ്പുവിൽ നിന്നുതന്നെയാണ് വെല്ലുവിളിയുണ്ടായത്. ഏതെല്ലാം രംഗങ്ങളിലായിരുന്നുവോ യൂറോപ്യൻ ആധിപത്യം നിലനിന്നിരുന്നത്, അവയിലൊക്കെ വിജയകരമായ പരീക്ഷണങ്ങളുമായി തങ്ങളോട് തുല്യമായോ, ഒരു പക്ഷേ മുന്തലായിത്തന്നെയോ എതിരിടാൻ കെൽപുകാണിച്ച ആ ഇന്ത്യൻ രാജാവിനോട് അവർക്കൊക്കെ പക തോന്നുവാനുള്ള കാരണവും മറെറാന്നായിരുന്നില്ല. രാജ്യത്തിന്റെ ത്വരിതഗതിയിലുള്ള വ്യാവസായിക പുരോഗതി, കച്ചവടവർധനവിന്നായി രൂപീകൃതമായ ട്രെയിഡ് കോർപ്പറേഷന്റെ വികസനം, പണക്കൈമാററത്തിലും കച്ചവട ഉല്പന്നങ്ങളിലും സ്വയം കുത്തക നടപ്പിലാക്കിയത്, ലൈസൻസില്ലാതെ മററാർക്കും തന്റെ രാജ്യത്ത് വ്യാപാരം നടത്തുവാൻ അനുവദിക്കാതിരുന്ന ധീരമായ കാൽവെയ്പ് എന്നിവയൊക്കെ ഇന്ത്യയിലെ ഇംഗ്ലീഷ് താൽപര്യത്തെ ഹനിച്ചിരുന്ന കാര്യങ്ങളാണ്. ഇത്തരം നടപടികൾ കണ്ടില്ലെന്ന് നടിക്കുവാൻ ഇംഗ്ലീഷുകാർക്ക് കഴിയുമായിരുന്നില്ല. അവരുടെ നിലനില്പിന്റെ തന്നെ പ്രശ്നമായിരുന്നു ഇതൊക്കെ. നേരത്തെ പ്രസ്താവിച്ചതുപോലെ വ്യവസായവൽക്കരണവും സാങ്കേതിക പരിജ്ഞാനവും മനഃപിന്നാൽമാത്രമേ രാജ്യത്ത് സമൃദ്ധിയുണ്ടാവുകയുള്ളുവെന്ന് മനസ്സിലാക്കി അതിനുവേണ്ടി

32. ടി. CCCXXXVI, പുറം 171

ഭഗീരഥപ്രയത്നം നടത്തിയ ഏക ഇന്ത്യൻ ഭരണാധികാരി ടിപ്പുസുൽത്താൻ മാത്രമായിരുന്നു. സ്വന്തം നാട്ടിൽ കച്ചവടക്കുത്തക നടപ്പിലാക്കിയ അദ്ദേഹം കച്ചവട മത്സരത്തിലേർപ്പെട്ടിരുന്ന വിദേശശക്തികളുടെ വ്യാപാരത്തെ നാശോൻമുഖമാക്കി. അതോടൊപ്പം വിദേശകമ്പോളങ്ങളിൽ ആധിപത്യം നേടാനുള്ള പരിശ്രമങ്ങളും അദ്ദേഹം നടത്തി. ഇന്ത്യൻ ചരക്കുകൾക്ക് വിദേശ കമ്പോളമുണ്ടാക്കുവാനുള്ള നിരന്തരശ്രമവും ഇംഗ്ലീഷ് വിരോധത്തിനു വഴിവെച്ച വസ്തുതയാണ്. ഇതിനെല്ലാം പുറമെ, പ്രൊഫസർ മൊഹിബുൽ ഹസ്സൻഖാൻ എഴുതിയതുപോലെ, ''ഭരണയന്ത്രം സുഗമമാക്കുവാൻ പാശ്ചാത്യ സമ്പ്രദായം ഇന്ത്യയിൽ ആദ്യമായി പരീക്ഷിച്ച ഭരണകർത്താവും ടിപ്പുസുൽത്താനായിരുന്നു''[33]. ഇതും ഇംഗ്ലീഷുകാരുടെ പകയ്ക്കും വിദ്വേഷത്തിനും അദ്ദേഹത്തെ പാത്രമാക്കി. തൻെറ പിതാവിൻെറ ജീവിത ദൈർഘ്യം ടിപ്പുവിനും കിട്ടിയിരുന്നെങ്കിൽ, ഇന്ത്യയുടെ ചരിത്രഗതി മററൊന്നാകുമായിരുന്നു. എന്നാൽ, നാലാം ആംഗ്ലോ—മൈസൂർ യുദ്ധത്തോടുകൂടി എല്ലാം നാമാവശേഷമാകുകയാണുണ്ടായത്.

33. മൊഹിബുൽ ഹസ്സൻഖാൻ, ടിപ്പുസുൽത്താൻ, പുറം 354

# 16

# സാമൂഹ്യ പരിഷ്കാരങ്ങൾ

കേരളത്തിൽ നിലവിലുണ്ടായ ഫ്യൂഡൽ സാമൂഹ്യഘടനയിൽ അധികാരാവകാശങ്ങൾ നിർവ്വഹിക്കപ്പെട്ടിരുന്നതും നിർവിഘ്നം അത് നിലനിർത്തി പോന്നിരുന്നതും നമ്പൂതിരി—നായർ സമുദായങ്ങൾ മാത്രമായിരുന്നുവെന്ന് മുൻ അധ്യായങ്ങളിൽ ആനുഷംഗികമായി പ്രസ്താവിക്കപ്പെട്ടിട്ടുള്ളതാണ്. 'കാണം—ജൻമ മര്യാദ' എന്ന് വ്യവഹരിച്ചു പോന്നിരുന്നതും, ജൻമികളും കാണക്കാരും തമ്മിലുള്ള കടിയായ്മയുടെ ആകത്തുകയെന്ന് വ്യവഹരിക്കാവുന്നതുമായ ഈ സമ്പ്രദായത്തെപ്പററി പുറത്തുള്ള ജനങ്ങളോട് പറഞ്ഞിട്ടുള്ളപ്പോഴൊക്കെ തന്നെ അവരൊക്കെ അത്ഭുതസ്തബ്ധരായിപ്പോകാറുണ്ടായിരുന്നു. അത്രമാത്രം വ്യത്യാസമാണ് ഇവിടവും മററിടങ്ങളും തമ്മിൽ ഇക്കാര്യത്തിലുണ്ടായിരുന്നത്[1]. കാണം—ജൻമമര്യാദ എന്ന ഈ സമ്പ്രദായത്തിന് നിദാനമായിട്ടായിരുന്നു ഓരോ ജാതിയുടെ സാമൂഹ്യ ബന്ധങ്ങളും വേഴ്ചകളും കരുപിടിപ്പിച്ചിരുന്നതും. കടിയായ്മയെ മാററിനിർത്തിക്കൊണ്ട് കേരളത്തിലെ സാമൂഹ്യാചാരങ്ങളെയൊ സാമൂഹ്യബന്ധങ്ങളെയോ പഠിക്കാൻ മിനക്കെടുന്നത് വ്യർത്ഥമായിത്തീരുംവിധം അത്രയ്ക്ക് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു ഇവ രണ്ടും. ഭൂസ്വാമികളുടെ അനിഷേധ്യമായ അധികാരാവകാശങ്ങളെ ദൃഢമൂലമാക്കുംവിധവും സമൂഹത്തിലെ ഇതര ഘടകങ്ങളുടെ പരിപൂർണമായ വിധേയത്വം ഉറപ്പു വരുത്തത്തക്കവിധവുമായിരുന്നു അലംഘനീയമായ ഈ സാമൂഹ്യക്രമവും മര്യാദയും. നമ്പൂതിരികളുൾപ്പെടെയുള്ള എല്ലാ ജാതിവിഭാഗങ്ങളുടെയും വിവാഹരീതിയും, വസ്ത്രധാരണ സമ്പ്രദായവും, എന്തിന് സകലമാന സാമൂഹികബന്ധങ്ങളും ജാതി—ഫ്യൂഡൽ സമന്വയത്തിൻെറ സന്തതികളായിരുന്നു.

---

1. ഇ. എം. എസ്. നമ്പൂതിരിപ്പാട്, കേരളം ഇന്നലെ, ഇന്ന്, നാളെ, പുറം 3.

'കൊച്ചിൻ സ്റ്റേറ്റ് മാനുവലിന്റെ കർത്താവ്' എഴുതുന്നത് നോക്കുക: "ശൂദ്രസ്ത്രീകൾ പാതിവ്രത്യം ആചരിക്കേണ്ടതില്ലെന്നും, ബ്രാഹ്മണൻമാരുടെ ആഗ്രഹാഭിലാഷങ്ങൾ പൂർത്തീകരിക്കാൻ സ്വയം സമർപ്പിക്കപ്പെടേണ്ടവരുമാണെന്നാണ്, മലയാളികൾക്ക് ആചാരസംഹിത സമ്മാനിച്ച പരശുരാമൻ കല്പിച്ചിരിക്കുന്നതെന്നാണ് ഇവ കൈകാര്യം ചെയ്യുന്ന ബ്രാഹ്മണൻമാർ നിർദേശിക്കുന്നത്"[2]. ഇത് സംബന്ധമായി എഴുതിയിട്ടുള്ളവരൊക്കെ തന്നെ കേരളത്തിലെ ബ്രാഹ്മണൻമാർ എത്രമാത്രം നിർബന്ധമായി ഈ ആചാരം പുലർത്തിപ്പോകുവാൻ ശൂദ്രസമുദായത്തെ പ്രേരിപ്പിച്ചിരുന്നതായി പരാമർശിക്കുന്നുണ്ട്. എൽ. കെ. അനന്തകൃഷ്ണയ്യർ 'കൊച്ചിയിലെ ജാതികളും വർഗങ്ങളും' എന്ന പ്രസിദ്ധമായ തന്റെ പുസ്തകത്തിൽ പറയുന്നത്, "മതനിയമങ്ങളുടെ ആധികാരികവക്താക്കളായ നമ്പൂതിരിമാർ നായർസ്ത്രീകൾ പതിവ്രതകളായിരിക്കേണ്ട ആവശ്യമേയില്ല എന്ന് സ്ഥാപിക്കുവാൻ ശ്ലോകങ്ങൾ ഉദ്ധരിക്കുക സാധാരണയാണ്"[3] എന്നാണ്. അതിന്റെ ഫലമായി നായർസമുദായത്തിൽ നിയമാനുസൃതമായ വിവാഹങ്ങൾ ജാതിനിയമം മൂലം നിരോധിക്കുകയാണ് ചെയ്തത്. നമ്പൂതിരി ജൻമിമാർ, കുലീനജാതരായ നായർ പ്രഭുത്വത്തിന്റെമേൽ ഇത്തരം കർശനമായ നിയമം അലംഘനീയമാക്കുവാൻ അവരുടേതായ പ്രത്യേക കാരണങ്ങളുമുണ്ടായിരുന്നു. സ്വന്തം ജാതിയിൽ നിന്നും നിയമാനുസൃതം വിവാഹബന്ധത്തിലേർപ്പെടുവാൻ നമ്പൂതിരി കുടുംബത്തിലെ മൂത്ത പുത്രന് മാത്രമേ അനുവാദമുണ്ടായിരുന്നുള്ളൂ മറ്റുള്ളവർ നായർ നതാംഗികളുമായി സൗകര്യപൂർവ്വം സംബന്ധം ചെയ്യുകയെന്ന ജാതിനിയമം നിർബന്ധമായും പുലർത്തിപ്പോരുവാൻ ബാദ്ധ്യസ്ഥരുമായിരുന്നതിനാൽ, നായർ സമുദായത്തിൽ വിവാഹം നിഷിദ്ധ്യമാക്കുവാൻ കാരണമായി[4]. 'മലബാറും അവിടത്തെ ജനതയും,' എന്ന പുസ്തകത്തിന്റെ കർത്താവ് പറയുന്നത്, "ഇളയ നമ്പൂതിരി അംഗങ്ങൾക്ക് സ്വസമുദായത്തിൽ നിന്നും വിവാഹം സാദ്ധ്യമല്ലെന്ന് വന്നപ്പോൾ അവരുടെ ലൈംഗിക ജീവിതം താറുമാറാകാതിരിക്കുന്നതിനുവേണ്ടി, ബുദ്ധിമാൻമാരായ നമ്പൂതിരിമാർ സൃഷ്ടിച്ച ജാതിനിയമമാണ് നായൻമാർക്ക് അംഗീകൃത വിവാഹബന്ധങ്ങൾ പാടില്ല എന്നത്"[5]. ചിരകാലമായി ആചരിച്ചുപോന്ന ഈ വഴക്കം കാലക്രമേണ രൂഢമൂലമാകുകയും നായർസ്ത്രീകളു

---

2. സി. അച്ച്യുതമേനോൻ, കൊച്ചിൻ സ്റ്റേറ്റ് മാനുവൽ, പുറം 193.
3. എസ്. കെ. അനന്തകൃഷ്ണയ്യർ, കൊച്ചിയിലെ ജാതികളും വർഗങ്ങളും, പുറം 85
4. ഫോറിൻ, മിസലേനിയസ്, എസ്. നമ്പർ. 56, പാർട്ട് 11, ഖണ്ഡിക 13, പുറം 13.
5. ടി. കെ. ഗോപാലപ്പണിക്കർ, മലബാറും അവിടത്തെ ജനതയും, 1900, പുറം 26.

മായി സ്വതന്ത്രമായ ലൈംഗികബന്ധം ആവോളമാകാമെന്ന നില വന്നു ചേരുകയും ചെയ്തു.

അങ്ങിനെ, നായൻമാർക്കിടയിൽ വിവാഹം നിഷിദ്ധമാക്കുകയും അവരുടെ സ്ത്രീകൾ പാതിവ്രത്യം അനുഷ്ഠിക്കുന്നതു് ജാത്യാചാരവിരുദ്ധവുമാണെന്നു് സാർവ്വത്രികാംഗീകാരം ഉണ്ടാക്കുകയും ചെയ്തതോടുകൂടി, അവരുടെയിടയിൽ വിചിത്രമെന്നു് വിശേഷിപ്പിക്കാവുന്നതും, ശരിക്കും വിവാഹമാണെന്നു് പറയാനൊക്കാത്തതുമായ 'സംബന്ധം' എന്ന ഒരപൂർവ്വ സമ്പ്രദായം നിലവിൽ വന്നു. അതിൻെറ മറയിൽ ഏതു് നായർ യുവതിയുമായും സ്വതന്ത്രമായി ലൈംഗിക ബന്ധം പുലർത്തുവാൻ നമ്പൂതിരിമാർക്ക് ലൈസൻസുകിട്ടിയെന്നുമാത്രമല്ല, ഭാവിയിൽ ഈ ബന്ധത്തിൽനിന്നും കുട്ടികളുണ്ടാകുകയാണെങ്കിൽ അവരെ സംരക്ഷിക്കേണ്ട ചുമതലയോ, കുടുംബത്തെ പോററേണ്ട ഉത്തരവാദിത്വമോ ഇവർക്കുണ്ടായിരുന്നുമില്ല. മാംസരക്തങ്ങളുടെ ഭോഗേച്ഛ സമൂർത്തമാക്കിയ ഈ സമ്പ്രദായത്തിന്നു് നമ്പൂതിരിമാർ നല്കിയ ഭാഷ്യം ഇതിനെ നീതീകരിക്കുവാൻ പര്യാപ്തവുമായിരുന്നു. നമ്പൂതിരിമാർ ദൈവിക മാഹാത്മ്യമുള്ളവരും ദൈവനിയുക്തരുമായതിനാൽ അവരുമായി ഏതു് സ്ത്രീക്കു് സംഭോഗസായൂജ്യം ലഭിക്കുന്നുവോ, അവൾ പുണ്യവതിയും അവളുടെ പ്രവൃത്തി ധന്യവുമായി ഭവിക്കുന്നു എന്നായിരുന്നു വിശ്വാസം. നമ്പൂതിരിയെ സംതൃപ്തനാക്കുന്നതു് ദൈവത്തെ പ്രീതിപ്പെടുത്തുന്നതിനു് സമമായാണ് കരുതിപ്പോന്നത്. തൻമൂലം നമ്പൂതിരിയുടെ സംതൃപ്തിക്കു് വേണ്ടി നില്ക്കുന്ന കുടുംബത്തിനു് ഭൗതിക മേന്മയും ശ്രേഷ്ഠതയും ലഭിക്കാതെ തരമില്ലല്ലൊ. അതിനാൽ നായർ യുവതികളുമായി ശയിക്കുവാനുള്ള നമ്പൂതിരിമാരുടെ അവകാശം ദൈവദത്തമാണെന്നും, ആരെങ്കിലും അതു് നിഷേധിക്കുകയാണെങ്കിൽ ദൈവകോപത്തിന്നിരയാകുമെന്നും ഉള്ള അന്ധവിശ്വാസം സാർവ്വത്രികമാക്കുകയും ചെയ്തു. സുന്ദരികളായ പെൺകുട്ടികളുള്ള നായർ കുടുംബാംഗങ്ങൾ ഏതെങ്കിലും നമ്പൂതിരിയുമായി സംബന്ധമുണ്ടാക്കുവാൻ തൻമൂലം ആത്മാർത്ഥമായി ശ്രമിച്ചു. അതു് സാധിച്ചില്ലെങ്കിൽ അവരുടെ കന്യകാത്വം നമ്പൂതിരിക്കു് ഒരിക്കലെങ്കിലും കാഴ്ചവെയ്ക്കുവാനവർ വെമ്പൽ കൊണ്ടിരുന്നു[6]. 1900–ാമാണ്ടിൽ തൻെറ ഗ്രന്ഥരചന നടത്തിയ ടി. കെ. ഗോപാലപ്പണിക്കർ മലബാറിൽ അക്കാലത്തുപോലും നിലനിന്നുപോന്ന ഈ ആചാരത്തിലേയ്ക്കു് വിരൽ ചൂണ്ടുന്നുണ്ടു്. അദ്ദേഹം എഴുതുന്നതു്, "മലബാറിൽ, പ്രത്യേകിച്ചു് ഉൾപ്രദേശങ്ങളിൽ ബ്രാഹ്മണരുമായി ബാന്ധവത്തിലേർപ്പെടുന്നതു് കുടുംബത്തിൻെറ മേന്മക്കു് ഉത്തമമാണെന്നു് കരുതി ഇന്നും സംബന്ധങ്ങൾ നടത്തിക്കുന്ന

---

6. ഹെറാറിൻ, മിസലേനിയസ്, എസ്. നമ്പർ. 56, പാർട്ട് 11, പുറം 1791

വളരെ കുടുംബങ്ങൾ ഇവിടെയുണ്ട്'' എന്നാണ്[7]. നായൻമാർക്കിടയിൽ നിലനിന്നു് പോന്നിരുന്ന ഈ വിവാഹ സമ്പ്രദായത്തെക്കുറിച്ച് മറെറാരിടത്തു് വിവരിച്ചിട്ടുള്ളതിനാൽ, അതിൻെറ പ്രത്യേക സ്വഭാവ വിശേഷത്തെ ഇവിടെ പരാമർശിക്കുന്നതു് അധികപ്പററാകുകയേയുള്ളു. എന്നാൽ, ഈ സമ്പ്രദായത്തിൻെറ ഫലമായുണ്ടായ രണ്ടു് പ്രധാന കാര്യങ്ങൾ അനുസ്മരിക്കാതെ വിട്ടുകളയുന്നത് അസംഗതവുമായിരിക്കും. അവ ബഹുഭർതൃത്വം, മരുമക്കത്തായം എന്നീ സമ്പ്രദായങ്ങളാണ്. ഇവ രണ്ടും സാർവ്വത്രികമായി നായർ സമുദായം ആചരിച്ച് പോന്നിരുന്നു. തൻമൂലം അവയെക്കുറിച്ച് അല്പം പ്രതിപാദിക്കുന്നതു്, ഏതെല്ലാം വിചിത്രങ്ങളായ ആചാരമര്യാദകൾക്കെതിരായാണ് ടിപ്പുസുൽത്താൻ മലബാറിൽ തൻെറ സാമൂഹ്യപരിഷ്കരണങ്ങൾ ഏർപ്പെടുത്തിയതെന്ന് മനസ്സിലാക്കുവാനും എത്രമാത്രമായിരുന്നിരിക്കാം അദ്ദേഹത്തിന് നേരിടേണ്ടതായി വന്ന എതിർപ്പ് എന്ന് കാണുവാനും അത്യാവശ്യമാണ്.

'ഹൈദരാലിയുടെയും അദ്ദേഹത്തിൻെറ മകൻ ടിപ്പുസുൽത്താൻെറയും ചരിത്രം' എന്ന ഗ്രന്ഥത്തിൻെറ രചയിതാവ് ഇതു് സംബന്ധമായി പ്രസ്താവിക്കുന്നതിങ്ങനെയാണ്: ''മലബാറിലെ ഏററവും കുലീനരാണ് നായന്മാർ. പൗരാണികരായ എഴുത്തുകാരെല്ലാം ഇവരെക്കുറിച്ച് വിസ്തരിച്ചിട്ടുണ്ട് എന്നതിനാൽ ലോകത്തിലെ പഴക്കം ചെന്ന പ്രഭുക്കന്മാർ ഒരു പക്ഷേ ഇവരായിരിക്കണം. അവരെക്കുറിച്ചെഴുതിട്ടുള്ളവരൊക്കെ പറയുന്നതു് അവരുടെ സ്ത്രീകൾക്ക് എത്ര പുരുഷന്മാരെ വേണമെങ്കിലും വേൾക്കാനുള്ള സ്വാതന്ത്ര്യം നിയമാനുസൃതമുണ്ടായിരുന്നുവെന്നാണ്. വിവാഹസമയത്തു് ഓരോ ഭർത്താക്കന്മാരും നിശ്ചിതമായ ഒരു സംഖ്യ കൊടുക്കുന്നു. കുട്ടികളുടെ ചുമതല സ്ത്രീകൾക്കുള്ളതായിരുന്നു[8]''. ''നായർ സ്ത്രീകൾക്ക് മൂന്നോ, നാലോ ചിലപ്പോൾ അതിലധികമോ ഭർത്താക്കന്മാരുണ്ടായിരിക്കും. ഓരോരുത്തർക്കുമുള്ള സമയവും ദിവസവുമൊക്കെ മുൻകൂട്ടി തീരുമാനിച്ചിരിക്കുന്നുവെന്നതിനാൽ ഭർത്താക്കന്മാർ തമ്മിൽ തമ്മിൽ യാതൊരുവക ശണ്ഠക്കും ഇതു് കാരണമാകാറുമില്ല''[9], എന്നാണ് മലബാർകാരനായ ഷെയിക്ക് സൈനുദ്ദീൻ 17-ാം നൂററാണ്ടിലെ സ്ഥിതിയെക്കുറിച്ചെഴുതിയിരിക്കുന്നത്. ''നായർനതാംഗി അതീവ സുന്ദരിക്കുട്ടിയാണെങ്കിൽ അനവധി കമിതാക്കൾ അവളുമായി സഹശയനം നടത്തുന്നു. തനിക്ക് കൂടുതൽ കാമുകൻമാരുണ്ടാകുകയെന്നത് അവളുടെ പദവി ഉയർത്തുകയും ചെയ്യുന്നുണ്ട്,''[10] എന്നത്രെ

7. ടി. കെ. ഗോപാലപ്പണിക്കർ, പുറം 36
8. എം. എം. ഡി. എൽ ടി., ഹൈദരാലിയുടെയും ടിപ്പുവിൻെറയും ചരിത്രം, പുറം 60
9. തുഹ്ഫത്തുൽ മുജാഹിദീൻ, പുറങ്ങൾ 72–73
10. ബുക്കാനൻ, വാല്യം II, പുറം 39

എൽ.കെ. അനന്തകൃഷ്ണയ്യരുടെ പക്ഷം. അയ്യർ ഇവിടെ നടത്തുന്ന പരാമർശം ഡോ. ഫ്രാൻസിസ് ബുക്കാനൻ 1800–ൽ പറഞ്ഞത് തന്നെയാണ്''[11]. മലബാറിലെ സാമൂഹിക ജീവിതത്തെയും ജനങ്ങളെയും കുറിച്ച് എഴുതിയിട്ടുള്ള സകല സഞ്ചാരികളും ഗ്രന്ഥകാരൻമാരും വളരെ വിശദമായി തന്നെ കേരളത്തിൽ നിലനിന്നിരുന്ന ബഹുഭർത്തൃസമ്പ്രദായത്തെ പുരസ്ക്കരിച്ച് പ്രതിപാദനം നടത്തിയിട്ടുള്ളവരാണ്[12]. 1891–ൽ മലബാർ വിവാഹ കമ്മിഷൻെറ മുമ്പിൽ തെളിവ് കൊടുക്കുന്ന കൂട്ടത്തിൽ വടകരയിലെ അന്നത്തെ മുൻസിഫ് നല്കിയ വിവരം ഇപ്രകാരമായിരുന്നു: ''ആദ്യകാലങ്ങളിൽ ബഹുഭർത്തൃസമ്പ്രദായം സാർവ്വത്രികമായി വളരെ നിഷ്ക്കർഷയോടുകൂടി ആചരിച്ചിരുന്നത് മലബാറിൻെറ തെക്കൻ ദിക്കുകളിലായിരുന്നു. 12–ഓ 27-ഓ ഭർത്താക്കൻമാരുമായി രമിച്ചിരുന്ന സ്ത്രീകളെപ്പററി ഇന്നും പഴമക്കാർ പറഞ്ഞു പോരുന്നുണ്ട്. ഓരോരുത്തർക്കും നിശ്ചിത ദിവസം എന്നു് നേരത്തെ തന്നെ ചിട്ടപ്പെടുത്തുകയും പതിവാണ്. നാലു മുതൽ പന്ത്രണ്ട് വരെ സംബന്ധക്കാരുണ്ടായിരുന്നാൽ അത് ഒരു വിധം സാധാരണ സമ്പ്രദായമായേ കരുതിയിരുന്നുള്ളു''[13]. അങ്ങിനെ എത്ര സംബന്ധക്കാരേയും സർവ്വതന്ത്ര സ്വതന്ത്ര്യയായി സ്വീകരിക്കുവാനുള്ള അവകാശം നായർ സ്ത്രീകൾക്ക് സമൂഹം അംഗീകരിച്ചുകൊടുത്തിരുന്നു.

ഈ സാമൂഹ്യാംഗീകാരത്തിൻെറ അനിവാര്യഫലമെന്നോണം ഉരുത്തിരിഞ്ഞതാണ് അവരുടെയിടയിൽ നിലവിൽ വന്ന മരുമക്കത്തായ സമ്പ്രദായവും. ഇത് നിലവിൽ വന്നതിന്ന് പറയുന്ന മുഖ്യമായ കാരണം നായൻമാർ ജൻമനാ യോദ്ധാക്കളും അവരുടെ തൊഴിൽ പടവെട്ടലുമായതിനാൽ കുടുംബസംരക്ഷണം അവരെക്കൊണ്ട് അസാദ്ധ്യമായിത്തീർന്നു എന്നാണ്. തൻമൂലം കുടുംബത്തിൻെറ പരിപൂർണ്ണ ഉത്തരവാദിത്വം നായർ വനിതകളുടെ ചുമലിലർപ്പിക്കുവാനവർ ബാദ്ധ്യസ്ഥരുമായി എന്നാണ്[14]. മരുമക്കത്തായ സമ്പ്രദായം സമൂഹത്തിലെ ചില ഘടകങ്ങൾ പല സ്ഥലത്തും പിൻതുടർന്നുപോന്നിട്ടുള്ളതായി കാണാമെങ്കിലും മലബാറിൽ നായൻമാരുടെ ഇടയ്ക്ക് നിലനിന്നിരുന്ന ഇതിനു ചില സവിശേഷ സ്വഭാവമുണ്ടായിരുന്നു.

---

11. എൽ. കെ അനന്തകൃഷ്ണയ്യർ, മുൻ ഉദ്ധരിച്ചത്, പുറം 39.
12. ഹാമിൽട്ടൺ, ന്യൂ എക്കൗണ്ട് ഓഫ് ഈസ്റ്റ് ഇൻഡീസ്, വാല്യം 1, പുറം 310; ബുക്കാനൻ, വാല്യം II, പുറങ്ങൾ 411–12; അബ്ദുർറസ്സാക്ക്, സഞ്ചാരക്കുറിപ്പ്, വാല്യം IX, പുറം 354; നിക്കൊളോ കോൺടി, സഞ്ചാരക്കുറിപ്പ്, പുറം 145; ബർബോസ, മലബാർ, തെക്കനാഫ്രിക്കാതീരങ്ങളുടെ വിവരണം, പുറങ്ങൾ 122–125
13. മലബാർ വിവാഹ കമ്മിഷൻ റിപ്പോർട്ട്, പുറം 17
14. ഫോറിൻ, മിസലേനിയസ്, എസ്. നമ്പർ 56, പാർട്ട് II, ഖണ്ഡിക 12, പുറം 13.

ദായക്രമത്തിൽ അനുഷ്ഠിച്ചിരുന്ന പ്രത്യേകതയ്ക്ക് പുറമേ പിതൃ പുത്രബന്ധത്തിൽ വിചിത്രമായ വിസ്മയം സൃഷ്ടിക്കുകകൂടി ഈ സമ്പ്രദായം ഇവിടെ ഉണ്ടാക്കി. "നായൻമാരുടെ അനന്തരാവകാശികൾ അവരുടെ സഹോദരികളുടെ പുത്രൻമാരായിരുന്നു. സാമൂതിരിയും മററുള്ള രാജാക്കൻമാരും പിൻതുടർച്ച നടത്തിയിരുന്നതും ഈ ക്രമത്തിലാണ്"[15]. വ്യവസ്ഥാപിത കുടുംബസ്ഥിതിയില്ലാതിരുന്ന നായന്മാർ ഏതു സമയവും യുദ്ധത്തിനു് ഒരുങ്ങി പുറപ്പെടേണ്ടവരായിരുന്നുവല്ലോ. അമ്മാവൻമാരെ അനുഗമിച്ച് അനന്തിരവന്മാർ പ്രായമാകുന്നതോടുകൂടി അവരോടൊപ്പം അങ്കംവെട്ടാൻ പോകുകയും ചെയ്യുന്നു. സ്ത്രീകൾ ബഹുഭർതൃമതികളായതുകൊണ്ട് സന്താനങ്ങളുടെ പിതൃത്വം നിശ്ചയമായി ആരിലും ഉറപ്പിക്കുവാൻ സാധിക്കാറുമില്ല. ബർബോസ വ്യക്തമായി ഇക്കാര്യം വെളിപ്പെടുത്തുന്നുണ്ട്. "അവർക്കുണ്ടാകുന്ന സന്താനങ്ങൾ അവളുടെ ചിലവിൽ കഴിഞ്ഞുകൂടുന്നു. എന്തെന്നാൽ കുട്ടികൾക്ക് അവരുടെ അഛനാരാണെന്ന് അറിയുകയില്ല". ഏത് നായർകുട്ടിക്കും അവന്റെ അഛനാരാണെന്ന് നിശ്ചയമുണ്ടായിരിക്കുകയില്ല. അമ്മയുടെ ഭർത്താക്കന്മാരെപ്പററിയും അമ്മാവൻമാരെപ്പററിയും പക്ഷെ അവന് നിശ്ചയമുണ്ടായിരിക്കും. എന്നാൽ, ഒരിക്കലും അവന്റെ പിതാവാരാണെന്ന് അവന് അറിയുക സാദ്ധ്യമല്ല," എന്നാണ് ഹൈദരാലിയുടെയും ടിപ്പുവിന്റെയും ചരിത്രമെഴുതിയ ഗ്രന്ഥകാരൻ വിശദമാക്കിയിട്ടുള്ളത്[17]. ഷെയിക്ക് സെയ്നുദ്ദീൻ, ബർബോസ, ബുക്കാനൻ തുടങ്ങിയവരൊക്കെ മുകളിൽ ഉദ്ധരിച്ച പ്രസ്താവന നൂറു ശതമാനവും ശരിവക്കുന്നവരാണ്[18].

അനിയന്ത്രിതമായ ഈ ലൈംഗിക തേർവാഴ്ച സുഗമമാക്കുവാനുപകരിക്കുന്ന മറെറാരു ജാത്യാചാരം കേരളീയ സമൂഹത്തിൽ അടിച്ചേല്പിച്ചിരുന്നതിതാണ്. നമ്പൂതിരി സ്ത്രീകൾ ഒഴിച്ച് മറെറല്ലാ ജാതിയിലും പെട്ട സ്ത്രീകൾ മാറ് മറയ്ക്കുവാൻ പാടില്ല എന്നതായിരുന്നു അത്. 14-ാം നൂററാണ്ടിൽ കേരളത്തിൽ എട്ടുവർഷത്തിലേറെക്കാലം ഉണ്ടായിരുന്ന ഇബ്നു ബത്തൂത്ത ഇവിടത്തെ വസ്ത്രധാരണരീതിയെ സംബന്ധിച്ച് സവിസ്തരം പ്രതിപാദിക്കുന്നുണ്ട്[19]. "മലബാറിലെ ഹിന്ദുക്കൾ സ്ത്രീ പുരുഷ വ്യത്യാസമില്ലാതെയും, പണക്കാരനെന്നും പണിക്കാരനെന്നും

15. ടി.
16. ഫോറിൻ, മിസലേനിയസ്, എസ്, നമ്പർ 56, പാർട്ട് II, ഖണ്ഡിക 10, പുറങ്ങൾ 11-12
17. എം. എം. ഡി. എൽ. ടി., മുൻ ഉദ്ധരിച്ചത്, പുറം 60
18. ഷെയിക്ക് സൈനുദ്ദീൻ, മുൻ ഉദ്ധരിച്ചത്, പുറം 84; ബർബോസ, മുൻ ഉദ്ധരിച്ചത്, പുറം 124; ബുക്കാനൻ, മുൻ ഉദ്ധരിച്ചത്, 472-73
19. ഇബ്നു ബത്തൂത്ത, മുൻ ഉദ്ധരിച്ചത്, പുറം 74

വകഭേദമില്ലാതെയും ഒരുപോലെ അർദ്ധനഗ്നത പാലിക്കുന്നവരാണ്. അരയ്ക്കുചുററും കച്ചകെട്ടുന്നുവെന്നല്ലാതെ ശരീരത്തിന്റെ മററുഭാഗങ്ങൾ ഒട്ടും മറയ്ക്കാറില്ല. ഇക്കാര്യത്തിൽ സ്ത്രീ എന്നോ പുരുഷനെന്നോ, രാജാവെന്നോ, പ്രജയെന്നോ, പ്രഭുവെന്നോ, ദരിദ്രനെന്നോ വ്യത്യാസം തീരെയില്ല''[20] എന്നാണ് ഷെയ്ക്ക് സൈനുദ്ദീൻ എഴുതിയിരിക്കുന്നത്. 1908-ൽ സി. എ. ഇന്നിസ് തന്റെ 'മലബാർ ഗസററിയർ' എഴുതിയ കാലത്ത് പോലും അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നതു്, ''അരയ്ക്കു മുകളിൽ വസ്ത്രം ധരിക്കുന്നതോ, സ്ത്രീകൾ മാറ് മറയ്ക്കുന്നതോ, മര്യാദകേടായിട്ടാണ് ജനങ്ങൾ കരുതിയിരുന്നത് എന്നതിനാൽ എല്ലാവരും അർദ്ധനഗ്നരായിട്ടാണ് കഴിഞ്ഞുകൂടുന്നതു്''' എന്നാണ്[21]. ഇവ കർക്കശമായി പരിപാലിച്ചു പോരുവാനുള്ള പ്രധാന ഹേതു, ജാതിനിയമമതായിരുന്നുവെന്നതിനാലും, ഈ നാട്ടാചാരത്തിനു് വിരുദ്ധമായി പ്രവർത്തിക്കുന്നതു് ദൈവദോഷത്തിനു് ഇടയാകുമെന്നതിനാലുമായിരുന്നു. ഈ പ്രാകൃത നിയമം തടസ്സമററതായി പ്രായോഗികമാക്കുന്നതിനു് അനുവർത്തിച്ചുപോന്ന പല ക്രൂര നടപടികളെയും പത്മനാഭമേനോൻ തന്റെ 'കേരള ചരിത്ര'ത്തിൽ ഉദ്ധരിച്ചിട്ടുണ്ടു്. വിദേശത്ത് പോയിവരാൻ ഭാഗ്യം കിട്ടിയിരുന്ന ഒരു ഈഴവ സ്ത്രീ മടങ്ങിവന്നപ്പോൾ നാട്ടാചാരത്തിനു് വിപരീതമായി മാറ് മറയ്ക്കുന്ന വസ്ത്രരീതി അവലംബിച്ചു. അവളെ ആററിങ്ങലെ മഹാറാണി വിളിച്ചു വരുത്തി അവളുടെ മാറു് മുറിച്ചുകളയുകയാണ് ചെയ്തതു്[22]. ഈ അടുത്ത കാലത്തു് വരെ ഈ രീതിയാണു് അനുവർത്തിച്ചുപോന്നിരുന്നതു്. പത്മനാഭസ്വാമിക്ഷേത്രത്തിൽനിന്നും ആരംഭിക്കുന്ന ആറാട്ടു് ഘോഷയാത്രയുടെ മുന്നിലായി അർദ്ധനഗ്നകളായ നായർയുവതികൾ അകമ്പടി സേവിക്കുക പതിവായിരുന്നു[23]. ഈ നൂററാണ്ടിലെ ആദ്യ ദശകങ്ങളിൽ പോലും രാജകുടുംബാംഗങ്ങളുടെ അടുത്ത് പോകേണ്ടതായിവരുന്ന നായർസ്ത്രീകൾ ജാക്കററ് അഴിച്ച് മാററുക ആചാരപരമായനുഷ്ഠിച്ചു പോന്നിരുന്നു[24]. ഇതു് കേരളത്തിലെമ്പാടും നിലനിർത്തിപ്പോന്ന സമ്പ്രദായമായിരുന്നു. മാറു് മറയ്ക്കുന്നത് അപമര്യാദയായും ബഹുമാനരാഹിത്യവുമായാണ് കരുതിപ്പോന്നിരുന്നത് എന്നതുകൊണ്ടാണിത്. ഇത്തരം പ്രാകൃതാചാരങ്ങളെ പരിഷ്കരിക്കുവാനുള്ള വ്യഗ്രതയാണ് ടിപ്പുസുൽത്താൻ കാണിച്ചത് അനാദികാലമായി അനുവർത്തിച്ചുപോന്നിരുന്ന ജാത്യാചാരങ്ങളുടെ നേരെ ഇതര മതസ്ഥനായ ഒരാക്രമണകാരിയുടെ വെല്ലുവിളി!

---

20. തുഹ്ഫത്തുൽ മുജാഹിദീൻ, പുറം 63
21. സി. എ. ഇന്നസ്, മലബാർ ഗസററിയർ, വാല്യം 1, പുറം 142
22. ഗ്രോസ്, വോയേജസ്, ഉദ്ധരണി കെ. പി. പത്മനാഭമേനോൻ, കേരളചരിത്രം, വാല്യം III, പുറം 192
23. കേരളചരിത്രം, വാല്യം III, പുറം 192
24. ടി.

കാലത്തിന്റെ എല്ലാത്തരം കുറ്റകരമായ ദുർമ്മാർഗങ്ങൾക്കും അതീതനായിരുന്ന ടിപ്പു സുൽത്താൻ എന്ന കാര്യം, അദ്ദേഹത്തെ നിശിതമായി വിമർശിക്കുന്നവരുൾപ്പെടെ എല്ലാ ചരിത്രകാരൻമാരും ഏകോപിതമായി സമ്മതിക്കുന്ന കാര്യമാണ്. ടിപ്പുവിന്റെ പ്രജകൾക്കിടക്ക് നിലവിലുണ്ടായിരുന്ന അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും നിഷ്കാസനം ചെയ്യുവാനുള്ള ത്വരയും തത്സംബന്ധമായ പ്രവൃത്തികളും സമകാലികർക്കിടയിൽ ഏററവും പ്രശസ്തി നേടിയിരുന്നതുമാണ്. സൻമാർഗസദാചാരമൂല്യങ്ങൾ അരുമയായി കരുതുകയും സ്വന്തം ജീവിതത്തിൽ അവ പ്രാവർത്തികമാക്കുകയും ചെയ്തിരുന്ന സുൽത്താൻ തന്റെ പ്രജകളും ശുദ്ധവും അഭികാമ്യവുമായ ജീവിതം നയിച്ചുകാണുവാൻ ആഗ്രഹിച്ചു. അവരെ നിരന്തരം അതിന് പ്രചോദിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. "ഇത്രയും ഭവ്യതയും നാണവുമുണ്ടായിരുന്ന അധികമാളുകളെ ടിപ്പു സുൽത്താനെപ്പോലെ ലോകത്ത്തന്നെ കാണുവാൻ പ്രയാസമായിരുന്നു" എന്നാണ് അദ്ദേഹത്തിന്റെ ഔദ്യോഗിക ചരിത്രകാരനും അരമനവാസിയുമായിരുന്ന കിർമാനി എഴുതുന്നത്. അദ്ദേഹം തുടർന്ന് പറയുന്നത്കൂടി നോക്കുക. "ശൈശവം മുതൽ മരണം വരെ പാദങ്ങൾ, കൈപ്പത്തികൾ, മുഖം എന്നിവ ഒഴിച്ച് ശരീരത്തിന്റെ മററതെങ്കിലും ഭാഗം ഒരാളും കണ്ടിരിക്കുവാനിടയില്ല. കുളിക്കുമ്പോൾപോലും അടിമുടി വസ്ത്രംകൊണ്ട് മൂടുകയെന്നതായിരുന്നു അദ്ദേഹത്തിന്റെ രീതി"[25] ഇത്തരം ഒരാൾ കേരളത്തിൽ അന്ന് ആചരിച്ചുപോന്നിരുന്ന ബഹുഭർത്തൃസമ്പ്രദായത്തോടും അർദ്ധനഗ്നതയോടും എത് തരത്തിലായിരിക്കാം പ്രതികരിച്ചിരിക്കുകയെന്നത് ഊഹിക്കുകയാണ് ഭേദം. ഇവ അദ്ദേഹത്തെ ഞെട്ടിപ്പിക്കുകയും മനസ്സിൽ പാപബോധമങ്കുരിപ്പിക്കുകയും ചെയ്തിരിക്കണം. ടിപ്പുസുൽത്താൻ നിഷ്കൃഷ്ടമായനുഷ്ഠിച്ചുപോന്ന സദാചാരസൻമാർഗജീവിതത്തിന്റെ പശ്ചാത്തലത്തിൽ അദ്ദേഹത്തിന്റെ സാമൂഹ്യപരിഷ്കാരങ്ങളെ വിലയിരുത്തുവാൻ പരിശ്രമിക്കുന്ന ആർക്കും മററുള്ളവരുടെ വിശ്വാസാചാരങ്ങളിൽ മനഃപൂർവ്വം കൈകടത്തുവാനുള്ള ചേതോവികാരമായി ഒരിക്കലും ഇതിനെ ചിത്രീകരിക്കുവാൻ സാദ്ധ്യമല്ല.

തികഞ്ഞ ഒരു സൻമാർഗി എന്ന നിലയിൽ തന്റെ പ്രജകൾ എല്ലാവരും തന്നെ മാനം മറയ്ക്കുന്ന രീതിയിൽ വസ്ത്രധാരണം ചെയ്യണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. പ്രത്യേകിച്ച് മാറ് മറയ്ക്കാതെയുള്ള സ്ത്രീകളുടെ സാമൂഹ്യ ജീവിതം സദാചാരനിഷ്ഠയെ അലങ്കോലപ്പെടുത്തുന്നതാണെന്ന് ശരിക്കും അറിയാവുന്ന അദ്ദേഹം, കേരളത്തിൽ അനുവർത്തിച്ചുപോന്ന ഈ ജാത്യാചാരമുപേക്ഷിക്കണമെന്നും, എല്ലാ സ്ത്രീകളും മാറ് മറയ്ക്കണമെന്നും നിർബന്ധമായി ശഠിക്കുകയും ചെയ്തു. ഈ സാമൂഹ്യപരിഷ്കാരങ്ങൾ കേരളത്തിലെ സ്ത്രീകളെ സംബന്ധിച്ച

---

25. കിർമാനി, ടിപ്പുസുൽത്താന്റെ ചരിത്രം, (തർജമ, മൈൽസ്), പുറം 133

മാത്രമായി വിളംബരപ്പെടുത്തിയതുമായിരുന്നില്ല എന്നോർക്കണം. "ബൽഗോട്ട് പ്രദേശത്തുള്ള ഹൈന്ദവസ്ത്രീകളിലധികവും മാറും തലയും മറയ്ക്കാതെ മൃഗസമാനം നടക്കുന്നവരാണ്. വീട്ടിൽ നിന്നും പുറത്തു പോകുമ്പോൾ മാറ് മറയ്ക്കുകയും തലമൂടുകയും ചെയ്യണമെന്ന് അദ്ദേഹം കല്പന നല്കി. അർദ്ധനഗ്നത നിരോധിക്കുകയും കാലക്രമേണ നാട്ടിൽ നിന്നും ഈ രീതി മാറുകയും ചെയ്തു" എന്നാണ് ചരിത്രകാരനായ കിർമാനി എഴുതുന്നത്[26]. എന്നാൽ കേരളത്തിൽ ഇതാചരിച്ചുപോന്നിരുന്നത് ജാതിവ്യവസ്ഥയുടെ അലംഘനീയ ഭാഗമായിട്ടായിരുന്നതിനാൽ ജനങ്ങളെ ഉത്ബുദ്ധരാക്കി തന്റെ പരിഷ്കാരങ്ങൾ അംഗീകരിപ്പിക്കുവാൻ പ്രയാസമായി വന്നു. ഓർമ്മവച്ചകാലം മുതൽ ആചരിച്ചുപോന്നിരുന്ന ഈ പ്രാകൃതരീതി മാറ്റുവാൻ താഴ്ന്ന ജാതിക്കാർ പോലും തയ്യാറായിരുന്നില്ല. മലയാള നാടിനെ സംബന്ധിച്ചിടത്തോളം ജാതിനിയമങ്ങൾ ലംഘിക്കുവാൻ സമൂഹത്തിലെ ഒരു ഘടകവും സ്വമനസ്സാ തയ്യാറാകുമായിരുന്നില്ല. അങ്ങിനെ ചെയ്താലുണ്ടാകുന്ന ബഹിഷ്കരണവും ദൈവശിക്ഷയും മാറ്റത്തിന്റെ മാർഗങ്ങളൊക്കെ കൊട്ടിയടച്ചിരുന്നു. മലബാറിൽ വയനാടൻ പ്രദേശത്തും മറ്റു മലയോരങ്ങളിലും ഒരു തരം ഗിരിവർഗക്കാർ പൂർണ്ണനഗ്നരായാണ് കഴിഞ്ഞുകൂടുന്നതെന്ന് മനസ്സിലാക്കിയ ടിപ്പുസുൽത്താൻ അവരുടെ മൂപ്പനെ വരുത്തി നഗ്നത മറയ്ക്കണമെന്ന് സ്വവർഗ്ഗത്തെ ഉപദേശിക്കുവാൻ ആവശ്യപ്പെട്ടു. ദാരിദ്ര്യത്താലാണ് ഉടുതുണി ധരിക്കാത്തതെങ്കിൽ നിശ്ചയമായും ആവശ്യമുള്ള തുണി സർക്കാരിൽ നിന്നും വിതരണം ചെയ്യിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ നടത്താമെന്നും ടിപ്പു സുൽത്താൻ വാക്കു കൊടുത്തു. എന്നാൽ, ഈ അപരിഷ്കൃതർ ഇതിനെ പരിഹസിക്കുകയാണ് ചെയ്തത്. വസ്ത്രം ധരിക്കുകയെന്ന ബാധ്യതയിൽ നിന്നും തങ്ങളെ ഒഴിവാക്കണമെന്ന് അവർ താഴ്മയായി അപേക്ഷിക്കുകയും ചെയ്തു. സുൽത്താൻ തന്റെ അധികാരമുപയോഗിച്ച് നിർബന്ധമായി അവരെക്കൊണ്ട് വസ്ത്രധാരണം നടത്തിക്കുമെന്ന ഘട്ടമെത്തിയാൽ തങ്ങൾ സുൽത്താന്റെ ആളുകൾക്ക് തിരഞ്ഞ് പിടിക്കാൻ പറ്റാത്ത ദുർഘടമായ കൊടുംകാട്ടിലേക്ക് പലായനം ചെയ്യുമെന്ന് അവർ ഭീഷണി മുഴക്കുകയും ചെയ്തു. കാരണം, ജാത്യാചാരമായി ഈ പാവങ്ങൾ പുലർത്തിപ്പോരുന്ന സമ്പ്രദായമായിരുന്നു നഗ്നത[27]. കൂടുതൽ നിർബന്ധിക്കുന്നതുകൊണ്ട് ഈ കാടന്മാരിൽ യാതൊരു ചലനവുമുണ്ടാക്കുവാനൊക്കുകയില്ലെന്ന് മനസ്സിലാക്കിയ ടിപ്പു സുൽത്താൻ അവരെ നല്ല വാക്ക് പറഞ്ഞ് സന്തോഷത്തോടെ വിടുകയാണ് ചെയ്തത്.

മറ്റൊരു പരിഷ്കാരം ബഹുഭർതൃത്വത്തെ നിരോധിച്ചുകൊണ്ടുള്ള വിളംബരമായിരുന്നു[27]. ഏതു് നിലയ്ക്കും ഈ സമ്പ്രദായമവസാനിപ്പിക്കണെ

---

26. 61.
27. ആബെ, ജെ. എ. ദുബുയി, ഹൈന്ദവ ആചാര സമ്പ്രദായങ്ങൾ, 1800 പുറം 78.

മെന്ന് അദ്ദേഹം കേരളീയരെ ഉത്ബോധിപ്പിക്കുകയും ചെയ്തു. സ്വന്തം ജീവിതത്തിൽ എത്ര നിഷ്കൃഷ്ടമായിട്ടാണ് സദാചാരസന്മാർഗങ്ങൾ ടിപ്പു സുൽത്താൻ അനുഷ്ഠിച്ചുപോന്നിരുന്നത് എന്ന് സ്പഷ്ടമാക്കുവാനുപകരിക്കുന്ന കിർമാണിയുടെ ഒരു പ്രസ്താവം ഇത്തരുണത്തിൽ പ്രസക്തമാണ്. അദ്ദേഹമെഴുതുന്നു: "അരമനയിൽ ഉറങ്ങുകയായിരുന്ന ടിപ്പുവിൻെറ അടുക്കൽ മരണപ്പെട്ട തൻെറ പിതാവിൻെറ അന്തഃപുരത്തിൽ നിന്നും സുന്ദരികളും ചെറുപ്പക്കാരികളുമായ രണ്ടു സ്ത്രീകൾ ഇറങ്ങിവന്ന് അടുത്തിരുന്ന് കാല് ഉഴിയുവാൻ തുടങ്ങി (അവരുടെ ഉദ്ദേശ്യമെന്തായിരുന്നുവെന്ന് ദൈവത്തിന് മാത്രമേ അറിയൂ). അവർ കുറച്ചുസമയം കാല് തടവിക്കൊണ്ടിരിക്കുന്നതിന്നിടയിൽ സുൽത്താൻ നിദ്രയിൽ നിന്ന് ഉണർന്നു. ഈ യുവതികളുടെ പ്രവൃത്തിയിൽ അരിശം പൂണ്ട സുൽത്താൻ അവരെ കണക്കിന് ശകാരിച്ച് മേലിൽ ഇത്തരം സംഗതികൾ ആവർത്തിക്കരുതെന്ന് താക്കീതും നൽകി പറഞ്ഞയച്ചു. ദേഷ്യവും വ്യസനവും കൊണ്ട് അദ്ദേഹമാകെ വിറക്കുകയായിരുന്നു[28]". ഇത്തരം ദൈവഭക്തനും സൻമാർഗികനുമായ ടിപ്പുവിന് കേരളത്തിൽ തൻെറ ചുററും കണ്ട ലൈംഗിക അരാജകത്വവുമായി ഒരിക്കലും പൊരുത്തപ്പെടുവാനൊക്കുകയില്ലല്ലൊ. തൻമൂലം ശക്തമായ ഭാഷയിലും ഭയപ്പെടുത്തുന്ന രീതിയിലും ബഹുഭർത്തൃസമ്പ്രദായം ഉപേക്ഷിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

ടിപ്പുസുൽത്താൻ നടപ്പിലാക്കിയ മറെറാരു സാമൂഹ്യ പരിഷ്കാരം മദ്യനിരോധനം പ്രഖ്യാപിച്ചതാണ്. ബുക്കാനൻ 1800–ലെ സ്ഥിതി വിവരിക്കുമ്പോൾ, "അറുകുടിയൻമാരാണ് ഇവിടെയുള്ള നായൻമാർ" എന്നാണ് പറഞ്ഞിരിക്കുന്നത്[29]. ജനങ്ങളുടെ സാമൂഹ്യ സൻമാർഗ നവോത്ഥാനം ടിപ്പുവിൻെറ ഒരാദർശമായിരുന്നു. തൻെറ ജീവാവസാനംവരെ പാവപ്പെട്ടവരെ അന്ധവിശ്വാസത്തിൽ നിന്നും അനാചാരങ്ങളിൽ നിന്നും ഉദ്ധരിക്കുവാനദ്ദേഹം അനവരതം പരിശ്രമിച്ചിരുന്നു, 1787 ജനുവരി 4–ാം തീയതി ബാംഗ്ലൂരിലെ അദ്ദേഹത്തിൻെറ അമീറിന്നെഴുതുന്ന കത്ത് ടിപ്പുവിലെ സാമൂഹ്യ പരിഷ്കർത്താവ് എത്ര ജാഗ്രതയോടുകൂടിയാണ് ജനക്ഷേമ പ്രവർത്തനത്തിൽ വ്യാപൃതമായിരിക്കുന്നതെന്ന് തെളിയിക്കുന്നു. "ലഹരി പദാർത്ഥങ്ങൾ ഉണ്ടാക്കുന്നതും വിപണനം നടത്തുന്നതും നിരോധിച്ചുകൊണ്ടുള്ള കല്പന പുറപ്പെടുവിച്ചതിന് പുറമെ, ലഹരിപദാർത്ഥങ്ങൾ ഉണ്ടാക്കുന്നവരുമായി ഇനിമേലാൽ അവ ഉണ്ടാക്കുകയോ, വില്ക്കുകയോ ചെയ്യുകയില്ലെന്ന് പ്രതിജ്ഞ ചെയ്യുന്ന ലിഖിതകരാറുകളുണ്ടാക്കിയിരുന്നുവെന്നാണല്ലൊ എഴുതി അയച്ചിരുന്നത്. എന്നാൽ അതു മാത്രം പോരാ, ഈ

---

28. കിർമാനി, മുൻ ഉദ്ധരിച്ചത്, പുറം 133
29. ബുക്കാനൻ, വാല്യം II, പുറങ്ങൾ 412–13

ജോലിയിലേർപ്പെട്ടിരിക്കുന്ന എല്ലാവരേയും മറ്റേതെങ്കിലും പണിചെയ്യുവാനുള്ള അവരുടെ സമ്മതവും കൂടി കരാറിൽ എഴുതി വാങ്ങണം''[30]. തന്റെ നിരോധനം മൂലം ജോലിയില്ലാതാകുന്ന ചെത്തുകാരേയും വാറ്റുകാരേയും മദ്യ വില്പനക്കാരേയുമെല്ലാം മറ്റു ജോലികൾ നല്കി അവരെ ഇതിൽ നിന്നും പിന്തിരിപ്പിക്കുകയും അതോടൊപ്പം അവരുടെ ജീവിതം സുരക്ഷിതമാക്കുകയും ചെയ്യുകയെന്നതും കൂടി ടിപ്പു വിഭാവനം ചെയ്തിരുന്നതായി നമുക്ക് മനസ്സിലാക്കാം.

യൗവ്വനയുക്തകളായ സ്ത്രീകളെ വീട്ടുപണിക്ക് നിർത്തുന്നത് പലപ്പോഴും സദാചാരഭ്രംശത്തിന്ന് വഴിവെയ്ക്കുമെന്നായിരുന്നു അദ്ദേഹത്തിന്റെ പക്ഷം. തൻമൂലം തന്റെ ഓഫീസർമാരോ, മറ്റു പ്രജകളോ സ്ത്രീകളെ വീടുകളിൽ താമസിപ്പിച്ച് ജോലി ചെയ്യിക്കുന്ന സമ്പ്രദായത്തെ അങ്ങേയറ്റം അദ്ദേഹം നിരുത്സാഹപ്പെടുത്തുകയും ചെയ്തിരുന്നു. തന്റെ കോഴിക്കോട്ടുണ്ടായിരുന്ന ഫൗജിദാർ ഒരു നായർ സ്ത്രീയുമായി അവിഹിതബന്ധം പുലർത്തിക്കൊണ്ടിരിക്കുന്നുവെന്ന വിവരം കിട്ടിയ പാടെ അദ്ദേഹത്തോട് അത് നിർത്തുവാൻ കല്പിച്ചുകൊണ്ട് ടിപ്പു എഴുതുകയുണ്ടായി[31]. അഗതികളേയും അശരണരേയും സഹായിക്കുവാനുള്ള ട്രസ്റ്റുകളും സ്ഥാപനങ്ങളും രാജ്യത്തെ പ്രധാന സ്ഥലങ്ങളിലൊക്കെ ഉണ്ടായിരുന്നു. അശരണരുടെയും പാവപ്പെട്ടവരുടെയും വിവാഹപ്രായമായ കുട്ടികളെ കല്യാണം കഴിച്ചുകൊടുക്കുവാൻ വേണ്ടി ടിപ്പു രൂപീകരിച്ചിരുന്ന ട്രസ്റ്റിനെ സംബന്ധിച്ച് മെക്കൻസി രേഖകളിൽ നിന്നും പ്രൊഫസ്സർ മൊഹിബ്ബുൾ ഹസ്സൻ ഖാൻ തന്റെ പുസ്തകത്തിൽ ഉദ്ധരിക്കുന്നുണ്ട്''[32]. ടിപ്പുവിന്റെ രാജ്യത്ത് നടപ്പിലാക്കിയിരുന്ന നികുതി സമ്പ്രദായവും സ്റ്റേറ്റ് ട്രെയിഡിങ് കോർപ്പറേഷൻ തുടങ്ങിയവയും സമൂഹത്തിലെ അധഃസ്ഥിതരെ ഉയർത്തിക്കൊണ്ടുവരുവാനുതകത്തക്കവിധത്തിലായിരുന്നെന്ന് മുമ്പത്തെ പ്രസ്താവിച്ചതാണ്. മൈസൂറിലും മലബാറൊഴിച്ചുള്ള ഭാഗങ്ങളിലും ഒക്കെത്തന്നെ ടിപ്പുസുൽത്താന്റെ ഈ പരിഷ്കാരങ്ങൾ സമൂഹത്തെ സാമ്പത്തികമായും സാംസ്കാരികമായും ഉയർത്തിക്കൊണ്ടുവരുവാൻ ഏറെ സഹായിച്ച കാര്യങ്ങളാണ്. എന്നാൽ, മലബാറിൽ നായർസമുദായം ടിപ്പുവിന്റെ പരിഷ്കാരങ്ങളെയൊക്കെയും സംശയദൃഷ്ട്യാ വീക്ഷിക്കുക മാത്രമല്ല, തങ്ങളാചരിച്ചുപോന്ന ജാതിനിയമങ്ങളുടെ മേലുള്ള അന്യായമായ കയ്യേറ്റമായി കണക്കാക്കി, അവയെ

---

30. കിർക്ക് പാട്രിക്ക്, ടിപ്പുവിന്റെ തിരഞ്ഞെടുത്ത എഴുത്തുകൾ, നമ്പർ 423.
31. കിർക്ക് പാട്രിക്ക്, മുൻ ഉദ്ധരിച്ചത്, നമ്പർ 464
32. ടിപ്പുസുൽത്താന്റെ ചരിത്രം, പുറം 373

ശക്തിയായി എതിർക്കുകയുമാണ് ചെയ്തത്. വിശ്വാസാചാരങ്ങൾക്കെതിരായുള്ള മുസൽമാനായ ടിപ്പുസുൽത്താൻെറ നീക്കം തങ്ങളെ മതപരിവർത്തനം നടത്തുവാനുള്ള ആസൂത്രിതപദ്ധതിയാണെന്നും അവർ ധരിച്ചുവശായി. തന്മൂലം സാമൂഹ്യനവോത്ഥാനത്തിന്നു വേണ്ടിയുള്ള കാഹളധ്വനി അവരാരും കേട്ടതുമില്ല. തൻെറ സദുദ്ദേശ്യങ്ങൾ പ്രാവർത്തികമാക്കുവാൻ ആത്മാർത്ഥമായി ശ്രമിച്ച ടിപ്പുവിന് കേരളത്തിലെ സാമൂഹ്യബന്ധങ്ങളിലുണ്ടായിരുന്ന വിചിത്രമായ സവിശേഷത മനസ്സിലാക്കുവാനോ, താൻ ആരെയൊക്കെ ഉദ്ദേശിച്ചാണോ ഇതൊക്കെ ചെയ്യുന്നത് അത് അവരുടെ നന്മക്കാണെന്ന് അവരെ ബോദ്ധ്യപ്പെടുത്തുവാനോ സാധിക്കാതെ പോയതാണ് കേരളത്തിൽ ടിപ്പുസുൽത്താന് പററിയ പരാജയം.

17

# ടിപ്പുസുൽത്താൻെറ മതനയം

ഇന്ത്യയിൽ ജീവിച്ചിരുന്ന രാജാക്കൻമാരിൽ കടുത്ത ഇംഗ്ലീഷ് വിരോധിയായിരുന്നു ടിപ്പുവെന്നുള്ള കാര്യം ഏറെ പ്രസിദ്ധമാണല്ലൊ. ഇംഗ്ലീഷ് കാരും അവരുടെ പ്രധാന ശത്രുവായി കണ്ടത് ടിപ്പുവിനെ മാത്രമായിരുന്നു. ബീററ്സൺ അത് രേഖപ്പെടുത്തിയിരിക്കുന്നത് നോക്കുക; "ശ്രീരംഗപട്ടണം സന്ധിക്കുശേഷം, പ്രത്യേകിച്ച് 1796 ആയപ്പോഠം, ബ്രിട്ടീഷ് ശക്തിക്ക് സമൂല നാശം വരുത്തുകയെന്നത് ടിപ്പുവിൻെറ പ്രിയങ്കരമായ മോഹവും ഒടുങ്ങാത്ത ദാഹവുമായിരുന്നു. അദ്ദേഹത്തിൻെറ അഭിലാഷങ്ങളും പ്രവൃത്തികളും അതിനനുരൂപമായി മാറി. 1792—ലെ സമാധാനത്തിന്നു വേണ്ടി താൻ സഹിച്ച ത്യാഗവും, ബ്രിട്ടീഷ് ശക്തിയുമായി ഒരിക്കലും ഒരു മിക്കവാനൊക്കാത്ത മാനസികാങ്കലാപ്പും, നഷ്ടപ്പെട്ട സ്ഥലങ്ങഠം വീണ്ടെടുക്കവാനുള്ള അമിതമായ അത്യാർത്തിയും ചേർന്നു്, ഇംഗ്ലീഷ് ശക്തിക്കെതിരായി നാട്ടുരാജാക്കൻമാരിൽ നിന്നും വിദേശശക്തികളിൽ നിന്നും സഹായമഭ്യർത്ഥിക്കുവാനും ഗൂഢാലോചന നടത്തുവാനും അദ്ദേഹത്തെ പ്രേരിതനാക്കി"[1]. കേണൽ ബീററ്സൺ തുടർന്നെഴുതുന്നത് കൂടി ശ്രദ്ധിക്കുക: "തൻെറ നഷ്ടപ്പെട്ട സ്ഥലവും ധനവും വീണ്ടെടുക്കുവാൻ ഫ്രഞ്ചു സഹായം അദ്ദേഹം സ്വപ്നം കണ്ടു. അതിന്നു വേണ്ടി ക്ലേശിക്കുകയും ചെയ്തു. ഫ്രാൻസിനോടുള്ള സഹായാഭ്യർത്ഥനക്ക് പുറമേ, പൂനയിലും ഹൈദരാബാദിലും ഇംഗ്ലീഷ്കാർക്കെതിരായി സംഘടിക്കുവാനുള്ള ആഹ്വാനങ്ങഠം അദ്ദേഹം നടത്തിയിരുന്നു. ഇംഗ്ലീഷ് വിരോധം ഒന്നുമാത്രമായിരുന്ന അദ്ദേഹത്തിൻെറ ഹൃദയത്തെ മഥിച്ചുകൊണ്ടിരുന്ന വികാരം. മൈസൂർ ഗവൺമെൻറിൻെറ സുദൃഢവും അടിസ്ഥാനപരവുമായ നയാവിഷ്കരണത്തിൻെറ ഉറവിടവും ഇതൊന്നു മാത്രമായിരുന്നു എന്നതിന്ന് മതിയായമറ്റുളും

---

1. Colonel Beatson, A View of the Origin and Conduct of war with Tippoo Sultan, P 15.

തെളിവുകളുണ്ടു്[2]. ഇതിന്റെ മറുവശവും കൂടി ബീററ്സൺ ചിത്രീകരിക്കുന്നുണ്ടു്. ഇംഗ്ലീഷ്കാർ ടിപ്പുവിന്റെ സ്വതന്ത്രമായ നിലനില്പിനെ എത്രമാത്രം ഭയപ്പെട്ടിരുന്നുവെന്നു് മനസ്സിലാക്കാനും ബീററ്സന്റെ ഉദ്ധരണി സഹായകമാണു്. അദ്ദേഹം തുടരുകയാണു്: "ടിപ്പു സുൽത്താന്റെ ശക്തവും കരുത്തേറിയതുമായ നിലനില്പു്, ബ്രിട്ടീഷ് കമ്പനിക്കു് നിരന്തരം ഒരു പേടിസ്വപ്നവും, ബുദ്ധിമുട്ടും, ചിലവുമാണെന്നതു് വ്യക്തമായിരുന്നു. പുറമേ ഫ്രഞ്ചുകാരുമായുള്ള അയാളുടെ ബന്ധവും, ഈജിപ്തിലെത്തിക്കഴിഞ്ഞ ഫ്രഞ്ചുസേനയുടെയും താല്പര്യവും, ഇന്ത്യയിലെ ബ്രിട്ടീഷ് ശക്തിയെ നാമാവശേഷമാക്കുക എന്നതു് തന്നെയായിരുന്നുവല്ലൊ"[3]. ചുരുക്കത്തിൽ മൈസൂറിന്റെ വ്യാവസായിക നയവും, സൈനിക സജ്ജീകരണങ്ങളും സാമ്പത്തികാസൂത്രണവും, ബ്രിട്ടീഷ് താല്പര്യത്തെ അങ്ങേ അററം ഹനിക്കുന്നവയായിരുന്നു. വിദേശരാജ്യങ്ങളിൽ സ്വന്തമായി കമ്പനികൾ സ്ഥാപിക്കുകയും വാണിജ്യ വ്യവസായ സമ്പർക്കങ്ങൾ നിരന്തരം പുലർത്തുകയും ചെയ്തിരുന്ന ടിപ്പു, ഈസ്റ്റ് ഇന്ത്യാ കമ്പനിക്കു് ഒരിക്കലും സന്ധി ചെയ്യുവാനൊക്കാത്ത ഏക ഇന്ത്യൻ രാജാവായിരുന്നു. ആ ശക്തിയെ ഏതെങ്കിലും വിധത്തിൽ തുലക്കുകയെന്നതു് അവരുടെ നിലനില്പിന്റെ തന്നെ പ്രശ്നമായിത്തീർന്നു. അതുകൊണ്ടാണു് ഇംഗ്ലീഷുകാർക്കു് പററിയ ശുഭമുഹൂർത്തത്തിൽ അകാരണമായി ഉടമ്പടി മര്യാദകളേയും കാററിൽ പറത്തിക്കൊണ്ടു് അവർ ടിപ്പുവിനെതിരായി യുദ്ധം പ്രഖ്യാപിച്ചതു്. ഓർക്കാപ്പുറത്തു് നടന്ന ഈ ആക്രമണത്തെ ചെറുത്തു നില്ക്കുക മാത്രമല്ല തന്റെ അവസാന ശ്വാസം വലിക്കുന്നതുവരെ വീരോചിതമായിപ്പൊരുതിയ ടിപ്പു സുൽത്താൻ പടക്കളത്തിൽ വെച്ചു തന്നെ തന്റെ അന്ത്യം വരിച്ചു. ഇന്ത്യയ്ക്കകത്തും പുറത്തും ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ കിരാതമായ ഈ രക്തദാഹത്തെപ്പററി കടുത്ത വിമർശനങ്ങളുയർന്നു. ഇംഗ്ലീഷ് പാർലമെന്റിൽ അതിനുമുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്തവിധം, നികൃഷ്ടമായ ഇത്തരം പ്രവൃത്തികളെ എതിർത്തുകൊണ്ടു് അതിനുത്തരവാദികളായവർക്കു് മാതൃകാപരമായ ശിക്ഷ നല്കണമെന്ന അഭിപ്രായവും ശക്തമായി. ഈ പശ്ചാത്തലത്തിൽ തങ്ങളുടെ പ്രവർത്തനങ്ങളെ സാധൂകരിക്കുവാനുള്ള ന്യായങ്ങൾ കണ്ടുപിടിക്കേണ്ടതു് ഇന്ത്യയിലെ രാഷ്ട്രീയാധിനിവേശത്തിനു് പിൻതുണ ലഭിക്കുവാനും മാതൃരാജ്യത്തുണ്ടായ പ്രതിഷേധങ്ങൾക്കു് മറപിടിക്കുവാനുമുള്ള ആവശ്യമായി വന്നു. അങ്ങിനെയാണു് ടിപ്പു സുൽത്താനെ 'ക്രൂരനായ ജനദ്രോഹിയായും', 'മതഭ്രാന്തനായ' അമ്പലധ്വംസകനായും മററും ചിത്രീകരിക്കുന്നതിക്ക ചരിത്രസാഹിത്യം ബോധപൂർവ്വമുണ്ടാക്കി പ്രചരിപ്പിക്കുവാനുള്ള ശ്രമം ഇംഗ്ലീഷ് പക്ഷത്തുനിന്നും സംഘടിതമായാരംഭിച്ചതു്.

---

2. ടി., പുറം 216.
3. ടി., പുറം 48.

ശ്രീരംഗപട്ടണം കീഴടക്കിയപ്പോൾ ബ്രിട്ടീഷ് സേനയോടൊപ്പമുണ്ടായിരുന്ന കേണൽമാരായ കിർക്ക് പാട്രിക്കും, ബീററ്സണും ടിപ്പുവിൻെറ എഴുത്തുകളുടെ സമാഹാരങ്ങൾ മുഴക്കെ കൈവശപ്പെടുത്തിയവരാണ്. കിർക്കം പാട്രിക് "ടിപ്പു സുൽത്താൻെറ തിരഞ്ഞെടുത്ത കത്തുകൾ" എന്ന ശീർഷകത്തിൽ 1000 കത്തുകളും, അടിക്കുറിപ്പായി അദ്ദേഹത്തിൻെറ വിശദീകരണവും കൊടുത്ത് ഒരു വലിയ വാള്യം പ്രസിദ്ധീകരിച്ചു. ബീററ്സനാകട്ടെ 'ടിപ്പുവുമായുള്ള യുദ്ധത്തിൻെറ ഉത്ഭവവും നടത്തിപ്പും' എന്ന പേരോടുകൂടി മററൊരു ഗ്രന്ഥവും പുറത്തിറക്കി. ഇതിനൊക്കെ പുറമെ കേണൽ വിൽക്സും, ലഫ്ററനൻറ് ജനറൽ ലോഡ് ഹാരിസും, കേണൽ ഡബ്ലിയു, മൈൽസും, വേറെ വേറെ ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ളവരാണ്. ഇവരൊക്കെ തന്നെ കടുത്ത മൈസൂർ വിരോധികളും കിട്ടാവുന്ന അവസരങ്ങളൊക്കെ വിനിയോഗിച്ച് ടിപ്പുവിനെ ക്രൂരനും മതഭ്രാന്തനുമാക്കാൻ കിണഞ്ഞു ശ്രമിച്ചിട്ടുള്ളവരുമാണ്.

ഈ ഗ്രന്ഥങ്ങളിൽ മനഃപൂർവ്വമായി ഇത്രയും ചരിത്രവങ്കത്തങ്ങൾ എഴുതി വിടുവാൻ കാരണം നേരത്തെ പ്രസ്താവിച്ച നിശിതവിമർശനങ്ങളെ നേരിടുവാൻ വേണ്ടിയായിരുന്നു. എന്നാൽ, ഇവയിൽ വന്ന പാകപ്പിഴകളും അറിഞ്ഞുകൊണ്ട് പ്രചരിപ്പിച്ച ചരിത്രാഭാസങ്ങളും നിഷ്കൃഷ്ടമായ പഠനത്തിന് വിധേയമാകുന്നത് ഈ നൂററാണ്ടിൻെറ പകുതിയിലാണ്. അതുവരെ പുറത്തുവന്ന ചരിത്രഗ്രന്ഥങ്ങൾ മുഴക്കെ കമ്പനിയുദ്യോഗസ്ഥൻമാരുടെ ഭാഷ്യമാണ് കണ്ണും പൂട്ടി പിൻതുടർന്നു വന്നതും. ഈ ഗ്രന്ഥങ്ങളുടെ ആധികാരിക സ്വഭാവം, ആദ്യം ആരും ചോദ്യം ചെയ്യാതിരുന്നതുകൊണ്ടാണ്, ടിപ്പുവിനെ സംബന്ധിച്ച അബന്ധധാരണകൾ പച്ച പിടിച്ചു നിന്നത്. കൈവശം വന്നുചേർന്ന ടിപ്പു സുൽത്താൻെറ എഴുത്തുകൾ തന്നെ വളച്ചൊടിച്ച് ഇംഗ്ളീഷുകാരുടെ താല്പര്യത്തിന്നു പററും വിധം വികൃതമാക്കുക കൂടി ചെയ്തിട്ടുണ്ട്. നിരവധി കള്ളക്കത്തുകളും വിളംബരങ്ങളും ടിപ്പുവിൻെറ നാമധേയത്തിൽ പ്രചാരത്തിൽ വന്നു. ടിപ്പുവിൻെറ ഒരാത്മകഥ തന്നെ ഇവർ പുറത്തിറക്കി. ഇംഗ്ളീഷുകാരുടെ ആരോപണങ്ങൾക്ക് ഉപോത്ബലകമായി ടിപ്പുവിൻേറതെന്ന് തോന്നുന്ന ആത്മകഥയിൽ നിന്നും ഉദ്ധരണികൾ കൊടുത്ത് അവർ എഴുതിയവയ്ക്ക് ആധികാരികത്വം നല്കുകയും ചെയ്തു ടിപ്പു തന്നെപ്പററിത്തന്നെ പറയുന്ന കാര്യങ്ങൾ മററുള്ളവർ അവിശ്വസിക്കേണ്ടതില്ലല്ലൊ! ഈ വക തന്ത്രങ്ങൾ കുറച്ചൊന്നുമല്ല ഇവർ നടത്തിയിട്ടുള്ളത്. ഒരു കൈയ്യിൽ ഖുറാനും മറുകയ്യിൽ വാളുമായിട്ടാണ് ടിപ്പു സുൽത്താനെ അവതരിപ്പിക്കുന്നത് തന്നെ. ഈ വിഷയത്തിൽ, യാഥാർത്ഥ്യങ്ങളെ പ്രത്യക്ഷപ്പെടുത്തി പുറത്തു കൊണ്ടുവരുവാൻ കാര്യമായി ആരും ശ്രമിക്കാത്തതിനാൽ വിൽക്സിൻെറ 'മൈസൂർ ചരിത്ര'വും മററുമാണ് മൈസൂർ സുൽത്താൻമാരെപ്പററി വിവരിക്കുവാൻ ഉപയോഗപ്പെടുത്തിയിരുന്നത്. ഇന്ന് ധാരാളം ഗവേഷകർ തദ്വിഷയമായി

പ്രവർത്തിച്ചതിൻെറ ഫലമായി കുറെയേറെ പരമാർത്ഥങ്ങൾ പുറത്തുവന്നിട്ടുണ്ട്. പ്രൊഫസ്സർ എം. എച്ച്. ഖാൻെറ 'ടിപ്പു സുൽത്താൻെറ ചരിത്രം' എന്ന പുസ്തകവും, സുരേന്ദ്രനാഥ് സെന്നിൻെറ, 'ഇന്ത്യാചരിത്രപഠന'വും, ഡോറൽ എഴുതിയിട്ടുള്ള 'ടിപ്പു സുൽത്താൻ' എന്ന അദ്ധ്യായവും കണ്ടറാവു എഴുതിയിട്ടുള്ള 'ഹൈദരാലി' എന്ന ഗ്രന്ഥവും, പ്രാക്സിനോർമൻെറ 'ശ്രീരംഗപട്ടണത്തിൻെറ പതനം' എന്ന പുസ്തകവും, കിദ്വാനിയുടെ 'ടിപ്പു സുൽത്താൻെറ ഖഡ്ഗം' എന്ന ഗ്രന്ഥവും നവീന ചരിത്രവീക്ഷണത്തോടുകൂടി എഴുതപ്പെട്ടവയാണ്. തെലുങ്കിലും കർണ്ണാടകത്തിലും നിരവധി പ്രസിദ്ധീകരണങ്ങൾ ഉണ്ടായിട്ടുണ്ട്. മൈസൂർ പുരാവസ്തു വകുപ്പ് പ്രസിദ്ധീകരിച്ച രേഖാസമുച്ചയം പുറത്തുവന്നതോടുകൂടി മൈസൂറിലും ആന്ധ്രയിലുമൊക്കെ ടിപ്പുവിൻെറ ചിത്രം ദേശാഭിമാനിയായ വീരജേതാവിൻെറതായി മാറി.

എന്നാൽ, കേരളത്തിൽ ഇന്നും മലബാറിലേയും കൊച്ചിയിലേയും അമ്പലങ്ങൾ മുഴുക്കെ നശിപ്പിച്ച നീചനായ ഒരു ക്രൂര ഭരണാധികാരിയായിരുന്ന ടിപ്പുസുൽത്താൻ എന്ന പഴയ ആഗ്ലേയഭാഷ്യം തന്നെ പ്രചാരത്തിലിരിക്കുന്നു. കേരളമൊഴിച്ചുള്ള മററു സ്ഥലങ്ങളിൽ ടിപ്പുവിൻെറ മതഭ്രാന്തിൻെറ കഥ വെറും കടങ്കഥയായി മാറിയപ്പോൾ കേരളത്തിലെ എഴുത്തുകാർ നമ്മെ ധരിപ്പിക്കുവാൻ ആയാസപ്പെടുന്നത് മററു സ്ഥലങ്ങളിൽ ടിപ്പു സുൽത്താൻ അവർത്തിച്ചുപോന്ന നയമല്ല കേരളത്തിൽ നടപ്പാക്കിയിരുന്നതെന്നാണ്. മാത്രമല്ല കേരളത്തിലെ സർവ്വ ക്ഷേത്രങ്ങളും തകർക്കുക തന്നെ ചെയ്തിട്ടുണ്ടെന്നും ശാഠ്യമായി പറയുന്നവരുമാണ്. മൈസൂറിൻെറ ഭാഗമായിരുന്ന മലബാറിലും സാമന്തശക്തിയായിരുന്ന കൊച്ചിയിലും മാത്രമായി പുതിയ ഒരു മതനയമായിരിക്കാം പലർത്തിപ്പോന്നിരിക്കുകയെന്ന് ഒരിക്കലും വിശ്വസിക്കുവാൻ സാധിക്കുന്നതല്ല. കേരളത്തിൽ മാത്രമായി അവശേഷിക്കുന്ന ഈ മതഭ്രാന്തിൻെറ കഥക്ക് അടിസ്ഥാനമായ ഉപാദാനങ്ങളെന്തെന്നും അന്വേഷിക്കേണ്ടതുണ്ട്. അവയുടെ സ്വഭാവം, വിശ്വാസ്യത, ഉറവിടം എന്നിവയെല്ലാം ശരിയായ പഠനത്തിനും ശാസ്ത്രീയമായ വിശകലനത്തിനും വിധേയമാകേണ്ടിയിരിക്കുന്നു. കിട്ടാവുന്ന മൂലരേഖകളെ അടിസ്ഥാനപ്പെടുത്തി കേരളത്തിലെ മൈസൂർ കാലഘട്ടത്തെക്കുറിച്ച് ഒരു പുനർ വിചാരം നടത്തുവാനുള്ള ഉദ്യമമാണ് ഇവിടെ ചെയ്യുന്നത്.

●

കേരളത്തിലെ ഭരണാധിപന്മാരാരും തന്നെ ഭരണസംബന്ധമായോ സംഭവ വിവരണങ്ങളായോ, വംശചരിത്രമായോ ഒന്നും തന്നെ എഴുതി സൂക്ഷിക്കുന്ന പതിവുകാരായിരുന്നില്ല. തൻമൂലം കേരളചരിത്രരചനയ്ക്കൊരുമ്പെടുക്കുന്നവർക്ക് അതിന്നാവശ്യമായ അടിസ്ഥാനപ്രമാണങ്ങൾ ലഭിക്കാതെ കഴയേണ്ടതായിവരുന്നു. രാഷ്ട്രീയവും ഭരണപരവുമായ കാര്യങ്ങളെ സംബന്ധിച്ച് കുറെയെങ്കിലും രേഖകൾ സൂക്ഷിക്കുവാൻ തുടങ്ങിയത് 19-ാം നൂററാണ്ടിൽ ബ്രിട്ടീഷ്കാരുടെ ആധിപത്യം ഉണ്ടായതിനുശേഷം അവരുടെ നിര

ന്തരമായ നിർബന്ധത്തിനു് വിധേയമായിട്ടായിരുന്നതാനും. തദ്ദേശീയമായ മൂലരേഖകളുടെ അഭാവത്താൽ ഇംഗ്ലീഷ് ചരിത്രകാരൻമാരേയും അവർ പടച്ചുവിട്ട ചരിത്ര ഗ്രന്ഥങ്ങളെയും തീർത്തും അവലംബിക്കേണ്ടിവന്ന ഗതികേടാണു് പിന്നീടുള്ള ചരിത്രകാരൻമാർക്കൊക്കെ വന്നുകൂടിയതു്. കേരള ചരിത്രരംഗത്തും മുൻകൈയെടുത്തതു് ആംഗ്ലേയ ചരിത്രകാരൻമാർ തന്നെയായിരുന്നു. അവർ എഴുതിയ 'മാനുവലുകളും' 'ഗസററിയറുകളും' അടിസ്ഥാനമാക്കിയാണ് ഇവിടെ ചരിത്രരചന ആരംഭിച്ചതുതന്നെ. തങ്ങളുടെ താല്പര്യസംരക്ഷണത്തിന്നുവേണ്ടി വസ്തുതകളെ വികലമാക്കുകയും സംഭവങ്ങളെ തങ്ങൾക്കനുയോജ്യമാംവിധം വളച്ചൊടിക്കുകയും ചെയ്തിരുന്ന ഈ ആംഗ്ലേയ ചരിത്രകാരൻമാരെ അന്ധമായി പിൻതുടരുകയാണ് കേരള ചരിത്ര രചിയിതാക്കൾ ചെയ്തതു്. അതിനാൽ അവർക്കു് വസ്തുനിഷ്ഠമായും സത്യസന്ധമായും ചരിത്രരചന നടത്തുവാൻ സാദ്ധ്യമായില്ല. അതോടൊപ്പം ജാതീയവും വർഗീയവും പ്രാദേശികവുമായ സ്പർധകളും ഇവർ കൂട്ടിക്കലർത്തുക കൂടി ചെയ്തപ്പോൾ കേരളചരിത്രമെന്നതു് വെറും ചരിത്രവങ്കത്തമായവശേഷിക്കുകയാണ് ചെയ്തതു്. ഈ ശോച്യാവസ്ഥയിൽ നിന്നും മോചനം നേടുവാൻ, ശാസ്ത്രീയ വീക്ഷണത്തോടുകൂടി ചരിത്രപുനർനിർമ്മാണത്തിന്നു് ഇതുവരെ ആരും കാര്യമായ ശ്രമം നടത്തിയിട്ടില്ല എന്നുള്ളതാണ് ഇതിനേക്കാൾ ദൗർഭാഗ്യകരമായ സ്ഥിതി. ഈ രംഗത്തു് പ്രവർത്തിച്ചവരൊക്കെ തന്നെ ആംഗ്ലേയശൈലി പിൻപററുകയാൽ വികൃതമാക്കപ്പെട്ട ചരിത്രവസ്തുതകളുടേയോ, പ്രചാരത്തിലിരിക്കുന്ന കടങ്കഥകളുടേയോ പൊള്ളത്തരം തുറന്നു കാട്ടുവാൻ അശക്തരാകുകയും ചെയ്തു. മൗലികപ്രമാണങ്ങളെ തേടി പിടിക്കുവാനോ, രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി വെളിച്ചം കാണാതെ കിടക്കുന്ന ആധികാരിക രേഖാസമ്പത്തു് പുറത്തു കൊണ്ടുവരുവാനോ ഉള്ള ശ്രമങ്ങൾ നടക്കാതിരുന്നതു് മൂലമാണ് ഇംഗ്ലീഷ് ചരിത്രകാരൻമാർ എഴുതിവിട്ട കെട്ടുവെച്ച നുണകൾ പോലും തിരുത്തപ്പെടാതെ കിടക്കുന്നതു്. ഉത്തരം ചരിത്രസാഹിത്യത്തെ ആശ്രയിക്കുകയും, ജാതീയവും പ്രാദേശികവുമായ അധമവീക്ഷണം ഉൾക്കൊള്ളുകയും ചെയ്തപ്പോൾ ഇവരെഴുതിയതൊക്കെയും ആർക്കും അത്രപെട്ടെന്നു് തിരുത്തുവാനൊക്കാത്ത വിധം അലംഘനീയ ചരിത്രമായിത്തീർന്നു

ഇംഗ്ലീഷുകാർ എന്തുകൊണ്ടു് ഇത്രമാത്രം സത്യവിരുദ്ധമായി എഴുതി എന്നതിനെക്കുറിച്ചു് നാം വ്യവഹരിച്ചതാണ്. കേരളത്തിൽ ഇവ അതേപടി സ്വീകരിക്കുവാനുണ്ടായ കാരണങ്ങൾകൂടി വ്യക്തമാക്കിയാലേ ഈ ഉപാദാനങ്ങളുടെ ദുരുദ്ദേശ്യസ്വഭാവം ഗ്രഹിക്കുവാനൊക്കൂ. ഇവിടെ നായൻമാരായിരുന്നു യോദ്ധാക്കൾ. കീഴ്ജാതിക്കാരോടു് എന്തും ചെയ്യുവാനും അവർക്കധികാരമുണ്ടായിരുന്നു. ഭൂവുടമകളിലധികവും നമ്പൂതിരിമാരായിരുന്നു. ബ്രാഹ്മണർത്തവും, ജാതിസമ്പ്രദായമനുസരിച്ചുപോന്നിരുന്ന ഇക്കാലത്തെ നായർസമുദായം. മൈസൂർ അധിനിവേശത്തോടുകൂടി ഏററവുമധികം

പ്രയാസമനുഭവിച്ചവർ അവരായിരുന്നു. യോദ്ധാക്കളുടെ സമുദായമായിരിക്കമല്ലൊ ശത്രുക്കളുടെ വാളിന്നിരയാകുന്നതും വിരോധത്തിന് പാത്രമാകുന്നതും. അതിവിടെയും സംഭവിച്ചു. നായൻമാർക്കിടയിൽ സാർവ്വത്രികമായിരുന്ന ബഹുഭർത്തൃത്വം, മരുമക്കത്തായം, മാററമസ്ലായ്ക തുടങ്ങിയ അനുഷ്ഠാനങ്ങളെ സംബന്ധിച്ച് മുൻ അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടല്ലൊ. ഈ സമ്പ്രദായങ്ങളിൽ പരിപൂർണ്ണമായ മാററം വിഭാവനം ചെയ്യുന്നതായിരുന്നു ടിപ്പു സുൽത്താന്റെ തൽസംബന്ധമായ പരിഷ്കാരങ്ങൾ. നിരവധികാലമായി നിലനിന്നു പോന്ന ഈ സാമൂഹ്യക്രമത്തെ പരിവർത്തനോൻമുഖമായ പരിഷ്കാരങ്ങൾകൊണ്ട് മാററുവാൻ ശ്രമിച്ച ടിപ്പുവിന് യാഥാസ്ഥിതിക സങ്കുചിതത്വത്തിന്റെ കനത്ത പ്രഹരമാണ് ഏൽക്കേണ്ടി വന്നത്. ഈ പരിഷ്കാരങ്ങളെ ജനങ്ങൾ തങ്ങളുടെ വിശ്വാസത്തിനും ജാതിമര്യാദയ്ക്കുമെതിരായി വിമതസ്ഥനായ ഒരാക്രമണകാരി നടത്തുന്ന അന്യായമായ കൈയ്യേററമായാണ് കണക്കാക്കിയത്. ജാത്യാചാരങ്ങൾക്കെതിരായുള്ള ഈ വെല്ലുവിളി അസഹിഷ്ണുതയുടെയും മതധ്വംസനത്തിന്റെയും ദുർസന്തതിയായിട്ടാണ് പഴമയിൽ മുങ്ങിക്കിടന്നിരുന്ന മലയാളികൾ വ്യാഖ്യാനിച്ചത്. തന്റെ രാജ്യത്തിന്റെ ഇതരഭാഗങ്ങളിലെല്ലാം തന്നെ നടപ്പാക്കിയിരുന്ന പരിഷ്കാരത്തിന്റെ ഭാഗം മാത്രമായിരുന്നു മലബാറിൽ പ്രായോഗികമാക്കിയതെന്നുള്ള കാര്യം ഒരുപക്ഷേ ഇവിടെ അസ്പഷ്ടതയുമായിരുന്നിരിക്കാം. മൈസൂറിലും മററുള്ള സ്ഥലങ്ങളിലുമൊക്കെ ഈ വക നടപടികളൊക്കെ സാമൂഹ്യ നവോത്ഥാനത്തിന് വഴിതെളിച്ചിരുന്നുവെന്നുള്ള കാര്യവും നമ്മുടെ എതിർപ്പിനെ ലഘൂകരിക്കുവാനുപകരിച്ചില്ല. കേരളത്തിൽ തന്നെ സവർണ്ണർ ഒഴിച്ചുള്ള ഹൈന്ദവ വിഭാഗം മൈസൂർ ഭരണപരിഷ്കാരം കൊണ്ട് വളരെ നേട്ടങ്ങൾ ഉണ്ടാക്കിയതായും നാം മനസ്സിലാക്കുന്നു. എന്നാൽ മലബാറിലെ ജനസംഖ്യയിൽ അഞ്ചിലൊന്നു[4] വരുന്ന സവർണ്ണ ഹിന്ദുക്കളായ നായൻമാരും നമ്പൂതിരിമാരുമാണ് ഒററക്കെട്ടായി നിന്ന് ഇവയെ എതിർത്തത്. അതിന് കാരണം സാമൂഹ്യ പരിഷ്കർത്താവായ ടിപ്പുവിന്റെ നവോത്ഥാന വ്യഗ്രതയും, സാമ്പത്തിക നവീകരണത്വരയും ആയിരുന്നുവെന്ന് നാം നേരത്തെ പ്രസ്താവിച്ചതാണല്ലൊ. ഇതൊക്കെ നേരിട്ടു ബാധിച്ചത് മലയാളിസമൂഹത്തിലെ ആഢ്യൻമാരായ ഈ പ്രഭുസമുദായങ്ങളെ ആയിരുന്നു. ഇവർ അനുഭവിക്കേണ്ടതായി വന്ന മാനസിക വ്യഥയുടെയും, സാമ്പത്തിക പരാധീനതയുടെയും തിക്തഫലമായി അവരത്രയും ടിപ്പുവിന്റെ പരിഷ്കാരങ്ങളെ മതധ്വംസനമായും, ടിപ്പുവിനെ മതഭ്രാന്തനായും ചിത്രീകരിച്ചു എന്നതാണ് വാസ്തവം. വ്യവസ്ഥാപിതമായ ഭരണത്തെ എതിർക്കുന്നത് ഏത് ശക്തിയായാലും അവരെ അടിച്ചമർത്തുവാൻ ശ്രമിക്കുക ഏത് ഭരണത്തിൻ കീഴിലും ഉണ്ടാകുകയും ചെയ്യും. അത് ഇവിടെയും സംഭവിച്ചു.

---

4. ബുക്കാനൻ, വാല്യം II, പുറം 355

നമ്പൂതിരിമാരോടൊപ്പം തിരുവിതാംകൂറിൽ അഭയം തേടാൻ കഴിഞ്ഞ നായർ യോദ്ധാക്കൾ വളരെ അധികമായിരുന്നില്ല. അവരുടെ ആകെ എണ്ണം വലിയതായിരുന്നുവെന്നതു തന്നെ കാരണം. കുറെപ്പേർ കൊച്ചിയിലും തിരുവിതാംകൂറിലും അഭയം തേടുകയും ധാരാളംപേർ കാടുകളിലും മലകളിലും ഒളിച്ചിരിക്കുകയും ചെയ്തിരുന്നു. അങ്ങനെ പേടിച്ചോടിയവർ, ഓട്ടത്തിൻെറ ന്യായീകരണത്തിന്ന് വേണ്ടിയെങ്കിലും അതിഭാവുകത്വത്തോടുകൂടിതന്നെ ക്രൂരതയുടെ കഥകൾ ധാരാളം പറഞ്ഞിരിക്കണം. മൈസൂർ സേന പിൻവാങ്ങിയാലുടൻ കാട്ടിൽ നിന്നും മററുള്ള സ്ഥലങ്ങളിൽനിന്നും പുറത്തുവന്ന് ഇവർ ലഹളയും കൊള്ളയും നടത്തുകയും ചെയ്യുമായിരുന്നു. നാട്ടിൽ കലാപം സൃഷ്ടിക്കുന്നവർക്കെതിരെ കനത്ത ശിക്ഷാനടപടികൾ സ്വീകരിക്കുക സ്വാഭാവികമാണല്ലൊ. ബുക്കാനൻ തൻെറ പുസ്തകത്തിൽ പറയുന്നത്: ''ഇംഗ്ലീഷുകാർ മലബാർ കീഴടക്കിയിരുന്നില്ലെങ്കിൽ, മലബാറിലെ നായൻമാർ കാടുകളിൽ കഴിഞ്ഞുകൂടി ഒരുതരം മലവർഗക്കാരായി മാറുമായിരുന്നു''വെന്നാണ്[5]. ഇന്നും മലബാറിലെ ഗിരിവർഗക്കാർക്കിടയിൽ അക്കാലങ്ങളിൽ കാടുകളിലൊളിച്ചവരുടെ സന്താനപരമ്പരകളുണ്ടെന്നതിന് അവരുടെ ആചാരാരാധനാ സമ്പ്രദായങ്ങൾ തികഞ്ഞ തെളിവാണ്. ''പെരുമാളൊഴിഞ്ഞപ്പോൾ മുളച്ചുയർന്ന കേരളത്തിലെ അനവധി നാട്ടുസ്ഥാനങ്ങളിൽ രണ്ടെണ്ണമൊഴിച്ച് മററെല്ലാം മൃതിടയടഞ്ഞത് അവരുടെ (മൈസൂർ സുൽത്താൻമാരുടെ) കൈക്രൂരതകൊണ്ടാണ്''. അധികാരം നശിച്ച് നാടുവിട്ടോടിയവർ സുൽത്താനെ പിശാചാക്കിയും അതിശയോക്തി കലർന്ന ക്രൂരകഥകൾ ഒട്ടേറെ പ്രചരിപ്പിക്കുകയും ചെയ്തിരിക്കും. ചെറുകിട നാട്ടുരാജ്യങ്ങളിലെ കാവൽ ഭടൻമാരായിരുന്ന, 'ജൻമനാ യോദ്ധാക്കളായ' ഇവർ ദേശവാഴികളും നാടുവാഴികളും അപ്രത്യക്ഷരായതോടെ തൊഴിൽ രഹിതരാകുകയും ചെയ്തു. 'ചത്തും കൊന്നും' വാഴ്ചയായിരുന്ന യുദ്ധതൊഴിൽക്കാരായ നായൻമാരുടെ സമൂഹത്തിലുണ്ടായിരുന്ന സൈന്യാധിപത്യപ്രമുഖമായ പ്രാമാണ്യം ഇതോടെ ഇല്ലാതായി. അതേസമയം പുതുതായി നിലവിൽവന്ന മൈസൂർ ഭരണത്തിൻ കീഴിലോ അവരുടെ സൈന്യത്തിലോ സേവനമനുഷ്ഠിക്കുകയെന്നത് സ്വന്തം ജാതിയോടും വിശ്വാസത്തോടും കാട്ടുന്ന കടുത്ത വഞ്ചനയായി കണക്കാക്കുകകൂടി ചെയ്തപ്പോൾ ചിത്രം പൂർത്തിയായി. രാഷ്ട്രീയമായി മലബാറിൻെറ ഏകീകരണവും അങ്ങിനെ നേരിട്ട് ബാധിച്ചത് നായർസമുദായത്തെ തന്നെയായിരുന്നു.

ഇവയെല്ലാമാക്കെ മകുടം ചാർത്തുന്നവയായിരുന്ന ടിപ്പുസുൽത്താൻെറ സാമൂഹ്യ–സാമ്പത്തിക പരിഷ്കാരങ്ങൾ ഇവരിലുണ്ടാക്കിയ പ്രത്യാഘാതങ്ങൾ. ഇവിടെ നിലനിന്നിരുന്ന ബഹുഭർത്തൃത്വം, മററ് മറസ്സായ്ക, മരുമക്കത്തായം എന്നീ സമ്പ്രദായങ്ങളുടെ വൈകൃത സ്വഭാവം ടിപ്പുവിലെ സാമൂഹ്യ

---

5. ഹോമിൻ, മിസലേനിയസ്, എസ്. നമ്പർ. 56, പാർട്ട് 1, പുറം 150

പരിഷ്കർത്താവിനെ ആകർഷിച്ചു. എല്ലാ ചരിത്രകാരൻമാരും ഏകോപിതമായി സമ്മതിക്കുന്ന പരമാർത്ഥമാണ് ടിപ്പു തികഞ്ഞ ഒരു സൻമാർഗ്ഗ—സദാചാരനിഷ്ഠനായിരുന്നുവെന്ന കാര്യം. അന്ന് നിലവിലുണ്ടായിരുന്ന മദാലസമായ ജീവിതാർഭാടങ്ങളിലൊന്നും ഭാഗഭാക്കാകാതിരുന്ന ടിപ്പു സൻമാർഗിയായ ഒരാദർശവാദിയായിരുന്നു. കുളിയ്ക്കുന്നതുപോലും തന്റെ ദേഹമാസകലം മൂടത്തക്ക ഉടയാടയോടുകൂടി ആയിരുന്നുവെന്ന് ബീററ്സനും കിർമാനിയും രേഖപ്പെടുത്തിയിരിക്കുന്നു. അത്രയ്ക്കു നാണവും ഒതുക്കവും സ്വയം ശീലിച്ചുപോന്ന ടിപ്പുസുൽത്താന്, മലബാറിൽ നടമാടിയിരുന്ന ലൈംഗിക അരാജകത്വവും, അർധനഗ്നതയും ഒക്കെ അസഹനീയമായി തോന്നിയതിൽ അത്ഭുതത്തിനവകാശമില്ലല്ലൊ. മലബാറിൽ പ്രയോഗത്തിലിരുന്ന അപരിഷ്കൃതങ്ങളായ ഈ സമ്പ്രദായങ്ങളും ടിപ്പുവിന്റെ സദാചാരബോധവും തമ്മിലുരസിയതിന്റെ പ്രത്യാഘാതമായി നിരവധി ശത്രുക്കൾ അദ്ദേഹത്തിന്നുണ്ടായി.

ഇവയ്ക്കെല്ലാക്കെ പുറമെ, മലബാറിൽ ആദ്യമായി റവന്യൂ സർവ്വേ നടത്തിയതും, കരം നിശ്ചയിച്ചതും മൈസൂർ ഭരണത്തിൻ കീഴിലായിരുന്നു. അതുവരെ ആരാലും ചോദ്യം ചെയ്യപ്പെടാതെ അനുഭവിച്ചുവന്ന വസ്തുവകകളിൻമേൽ നികുതി ചുമത്തപ്പെട്ടപ്പോൾ, അതുവരെ ഒരു വകയിലും നികുതി കൊടുക്കാൻ ബാധ്യസ്ഥരല്ലാതിരുന്ന ജൻമികൾ ഇളകിവശായി. തങ്ങളുടെ പക്കലുള്ള സ്ഥലങ്ങൾ അളന്നു തിട്ടപ്പെടുത്തുവാൻ മൈസൂർ റവന്യൂ ഉദ്യോഗസ്ഥൻമാരോടൊപ്പം സ്ഥലം കാണിച്ചു കൊടുക്കുവാൻ നടക്കേണ്ടതായി വരികയും, അവരുടെ കച്ചേരിയിൽ ഹാജരായി നികുതി നിശ്ചയിക്കുന്ന കരാറിൽ ഒപ്പുവയ്ക്കുകയുമൊക്കെ ചെയ്യുകയെന്നത് അക്കാലത്ത് ജൻമികൾക്ക്, പ്രത്യേകിച്ച് അവരിൽ മൃഗീയ ഭൂരിപക്ഷമുണ്ടായിരുന്ന നമ്പൂതിരിമാർക്ക്, ആലോചിക്കുവാൻ പോലും സാധിക്കുമായിരുന്നില്ല. തങ്ങളുടെ ജാതീയമായ ഔന്നത്യത്തെ ഇടിച്ചുതാഴ്ത്തുവാനും മററുള്ളവരുടെ ഇടയിൽ തങ്ങളോടുള്ള ഭയഭക്തി ബഹുമാനം നശിപ്പിക്കുവാനുംവേണ്ടി വിമതസ്ഥനായ ആക്രമണകാരിയുടെ ധിക്കാര പ്രവൃത്തിയായി അവർ ഇതിനെ വ്യവഹരിച്ചു. പൂജ്യനും പുണ്യദേഹവുമായ അക്കാലത്തെ നമ്പൂതിരി ഒരു പക്ഷേ ആത്മാർത്ഥമായിട്ടുതന്നെ ടിപ്പുവിന്റെ റവന്യൂ പരിഷ്കാരങ്ങളെ ജാത്യാചാരങ്ങളോടുള്ള കൈയ്യേററമായും മതധ്വംസനമായും കരുതുകയും പറയുകയും ചെയ്തിരുന്നുവെങ്കിൽ അതു് നമുക്ക് മനസ്സിലാക്കാവുന്നതേയുള്ളു. എന്നാൽ, അതുതന്നെ ഇപ്പോഴും പല്ലവിയാക്കുന്നവർ യഥാർത്ഥത്തിൽ കണ്ണടച്ചു ഇരുട്ടാക്കുന്ന പാഴ്ശ്രമമാണ് നടത്തുന്നതു്. അക്കാലത്ത് സ്വന്തം താല്പര്യങ്ങൾ നിഹനിക്കപ്പെട്ടപ്പോൾ ജൻമികളും അവരുടെ സിൽബന്തികളും മൈസൂർ ഭരണത്തിന്നെതിരായി കലാപത്തിന്റെ കൊടിക്കൂറ ഉയർത്തി. അന്നുണ്ടായ ലഹളകളിൽ പ്രധാനമായതു് മഞ്ചേരി കുരുക്കൾ എന്ന പേരിലറിയ

പ്പെട്ടിരുന്ന മുസ്ലിം പ്രഭുവിൻെറ നേതൃത്വത്തിലായിരുന്നു[6]. 'ശക്തൻ തമ്പുരാൻ', എന്ന പുസ്തകത്തിൽ പുത്തേഴത്ത്‌രാമൻ മേനോൻ ഈ സംഭവത്തെ വിവരിക്കുന്നതിപ്രകാരമാണ്: "ടിപ്പുവിൻെറ മലബാർ ഭരണം തുടക്കത്തിൽ വളരെ കാര്യക്ഷമവും സുഖാവഹവുമായിരുന്നു എന്നു് വേണം പറയുവാൻ. അന്നു് ഹിന്ദുക്കളല്ല മാപ്പിളമാരാണു് വഴക്കിനൊരുമ്പെട്ടതു്. മഞ്ചേരിയിലെ 'കുരുക്കൾ മാപ്പിള' എതിർത്തു് പുറപ്പെടുകയും, അർഷാദ് ബെഗിൻെറ സൈനികബലം പോരാതെ വരികയും നയോപായങ്ങളാൽ അദ്ദേഹം സാമൂതിരി കോവിലകത്തെ രവിവർമ്മയെ കൂട്ടുപിടിക്കുകയും, ഇരുവരും ചേർന്നു് കുരുക്കളെ കാടുകയറുകയും ചെയ്തു"[7]. നികുതി ഏർപ്പെടുത്തിയതുകൊണ്ടു് തന്നെ നിരവധി ശത്രുക്കളെ ടിപ്പുവിന്നു് സമ്പാദിക്കേണ്ടതായിവന്നു. മുസ്ലിം പ്രമാണിമാർ പോലും ലഹളക്കു് നേതൃത്വം കൊടുത്തു് മുമ്പോട്ടുവന്നു എന്നതു് തന്നെ ടിപ്പുവിൻെറ ഭൂനയം പ്രഭുത്വത്തിൻെറ ദുർമ്മേദസ്സു് ഇല്ലാതാക്കാൻ വേണ്ടത്ര പ്രബലമായിരുന്നുവെന്നും, തൻെറ ഭരണപരിഷ്കാരങ്ങൾ ജാതി മതാതീതമായാണു് നടപ്പിലാക്കിയതെന്നുമുള്ളതിൻെറ സാക്ഷിപത്രവും കൂടിയാകുന്നുണ്ടു്. അങ്ങിനെ ടിപ്പുവിൻെറ സാമൂഹ്യ—സാമ്പത്തിക പരിഷ്കാരങ്ങളുടെ പ്രത്യാഘാതം ദൂരവ്യാപകമായിരുന്നു. പീഡനങ്ങൾ അനുഭവിക്കേണ്ടതായിവന്ന സമൂഹത്തിലെ മേലേത്തലപ്പത്തുള്ളവർ പറഞ്ഞുപരത്തിയ കഥകളാണു് പിന്നീടു് ചരിത്രവസ്തുതകളായി ഗൗരവപൂർവ്വം അവതരിപ്പിക്കപ്പെട്ടതു്. അങ്ങനെ ടിപ്പുവിൻെറ ക്രൂരതയെപ്പററിയും മതധ്വംസനത്തെപ്പററിയുമൊക്കെയുള്ള മുത്തശ്ശികഥകളുടെ ഉറവിടം അദ്ദേഹത്തിൻെറ സാമൂഹ്യ—സാമ്പത്തിക പരിഷ്കരണത്താൽ പ്രയാസപ്പെട്ടവരിൽ നിന്നും മാത്രമായി എന്നതാണു് പ്രത്യേകത.

ടിപ്പുസുൽത്താൻെറ കേരളഭരണത്തേയും നയത്തേയും സംബന്ധിച്ച് ഉണ്ടായിട്ടുള്ള ഉപാദാനങ്ങളുടെ ഉറവിടം ഏതൊക്കെയെന്നു് വിവരിക്കുവാനാണു് ഇതുവരെ ശ്രമിച്ചതു്. ഇനി ഇവയുടെ സ്വഭാവം, വിശ്വാസ്യത എന്നിവയെക്കുറിച്ച് കൂടി അറിഞ്ഞിരുന്നാലേ ചിത്രം പൂർത്തിയാകൂ. മിക്കവാറും എല്ലാം തന്നെ കേട്ടുകേൾവിയുടെ അടിസ്ഥാനത്തിൽ നടത്തിയ അഭ്യൂഹങ്ങൾ മാത്രമാണു്. ഒരുദാഹരണം നോക്കുക: തലശ്ശേരിയിൽ നിന്നു് ഒരു സന്ദേശവുംകൊണ്ടു് പോകുവാൻ ആവശ്യപ്പെട്ട ബ്രാഹ്മണൻ പോകാൻ മടിച്ചുവെന്നും അതിന്നു് കാരണമായി അയാൾ പറഞ്ഞതു് മലബാർ തീരത്തുള്ള എല്ലാ ബ്രാഹ്മണൻമാരെയും പിടിച്ച് ശ്രീരംഗപട്ടണത്തേക്കു കൊണ്ടുപോകാൻ ടിപ്പു കൽപിച്ചിരിക്കുന്നുവെന്നുമാണു്[8]. യഥാർത്ഥത്തിൽ തലശ്ശേരിയിലെ കമ്പനി ഉടമകളാണു് ഇത്തരം വാർത്തകൾ പ്രചരിപ്പി

6. കിർമാൻ പാടിക്ക്, CCXC, III, പുറം 316
7. പുത്തേഴത്തു് രാമൻമേനോൻ, ശക്തൻ തമ്പുരാൻ, പുറം 133
8. ലോഗൻ, മലബാർ മാനുവൽ, വാല്യം 1, പുറങ്ങൾ 448–49

പ്പിരുന്നത്. "1788 ജൂലായ് മാസത്തിൽ ധാരാളം ബ്രാഹ്മണൻമാരുടെ മാർക്കം കഴിച്ചു"[9] എന്നറിഞ്ഞിട്ടാണെന്നാണ് തലശ്ശേരിക്കാർ അടിച്ചു വിട്ടത്. ഒരു നൂററാണ്ടിന്ന് ശേഷം ഈ വാർത്ത ലോഗൻെറ കൈവശമെത്തിയപ്പോൾ അദ്ദേഹത്തിൻെറ ഭാവനാവിലാസമനുസരിച്ച് കൂടുതൽ അത്യുക്തിയോടുകൂടി എഴുതിയെന്നു മാത്രം. "കററിപ്പുറത്താണ് 2000 നായർ കുടുംബങ്ങളെ ഒന്നിച്ച് മതപരിവർത്തനം നടത്തിയത്"[10] എന്ന് 1814–ൽ വിൽക്സ് രേഖപ്പെടുത്തിയത് 1884 ആയപ്പോൾ ലോഗൻ ഇതിനെ ചിത്രീകരിച്ചത് ഈ വിധമാകുന്നു. "നിർഭാഗ്യവാൻമാരായ ഈ തടവിലാക്കപ്പെട്ടവർ സമ്മർദത്തിന്ന് വഴങ്ങി സമ്മതം മൂളി. ആണുങ്ങളെയെല്ലാം പിറേറദിവസം സുന്നത്ത് നടത്തി. ഈ ചടങ്ങവസാനിപ്പിച്ചത് ആണും പെണ്ണുമായ എല്ലാ ആളുകളെക്കൊണ്ടും നിർബന്ധമായി പശുവിറച്ചി തീററിച്ചുകൊണ്ടാണ്"[11]. ഈ വാർത്തയുടെയും ഉത്ഭവകേന്ദ്രം തലശ്ശേരിയിലെ ഇംഗ്ലീഷ് ഫാക്ടറി ഉദ്യോഗസ്ഥൻമാർ തന്നെയായിരുന്നു. അവരെഴുതി: "ധാരാളം നായൻമാരെ ഇവിടെ കൊന്ന് ഒടുക്കുകയോ, മതപരിവർത്തനം ചെയ്യിക്കുകയോ ഉണ്ടായി. കുറേ പേർ കാടുകളിൽ അഭയം തേടിയിട്ടുമുണ്ട്"[12]. എത്രപേരെയാണ് അങ്ങിനെ കൊന്നതെന്നോ മാർക്കം കൂട്ടിയതെന്നോ അവർ തിട്ടപ്പെടുത്തിയിട്ടില്ലെങ്കിലും കൃത്യം ഒരു നൂററാണ്ടു കഴിഞ്ഞപ്പോൾ ലോഗൻ ശരിക്കുള്ള എണ്ണം നമ്മെ അറിയിക്കുന്നു! തലശ്ശേരി ഫാക്ടറിയിലെ ഇത്തരം കള്ളപ്രചാരണങ്ങൾ നടത്തിയിരുന്ന പ്രധാനിക്കു ടിപ്പു സുൽത്താൻ ദേഷ്യപ്പെട്ട് മുന്നറിയിപ്പ് നല്കിയതിപ്രകാരമായിരുന്നു: "നിങ്ങൾ ഒരു നല്ല മനുഷ്യനല്ല–നല്ലതോ, ചീത്തയോ ആയാലും ഞാനെന്തു പറയാനാണ്. നിങ്ങളുടെ പദവിയിലുള്ള ലക്ഷക്കണക്കിന് ഉദ്യോഗസ്ഥൻമാർ എൻെറ സർവ്വീസിലുണ്ട്. ഒരു പക്ഷേ കമ്പനിക്കും ഉണ്ടായിരിക്കും. ... മേലാൽ ഒരു കാര്യത്തിന്നും നിങ്ങൾ എനിക്കെഴുതുവാൻ പാടില്ല. അങ്ങിനെ വീണ്ടും നിങ്ങളെഴുതുന്നുവെങ്കിൽ അതിന് മറുപടി ഒരിക്കലും എന്നിൽ നിന്നും കിട്ടുകയുമില്ല. നിങ്ങളിക്കാര്യം ശ്രദ്ധിക്കുക"...[13]. തലശ്ശേരിയിലെ ഈ പ്രധാനി പരത്തിയ കടങ്കഥകൾ, സന്ദേശവുംകൊണ്ടു് പോകാൻ ഒഴിവു കഴിവ് പറഞ്ഞ ഒരു ബ്രാഹ്മണൻെറ പ്രസ്താവത്തിൻെറ അടിസ്ഥാനത്തിലായിരുന്നുവെന്ന് നാം കണ്ടതാണ്.

സംഘടിതമായ മറെറാരു കൂട്ടമതപരിവർത്തനത്തിൻെറ കഥ കൂർഗിലുണ്ടായതായാണ് പറഞ്ഞുവരുന്നത്. അവിടെ 70,000 പേരെ കൂട്ടത്തോടെ

9. ഫോറിൻ, മിസലേനിയസ് 1, എസ്. നമ്പർ 56, പാർട്ട് 1, പുറം 89
10. Wilks, Historical Sketches, Vol. I, പുറം 136
11. ലോഗൻ, മുൻ ഉദ്ധരിച്ചതു്, പുറം 451.
12. ഫോറിൻ, മിസലേനിയസ്, എസ്. നമ്പർ 56, പാർട്ട് 1, പുറം 90.
13. പി. ആർ. സി., നമ്പർ 37എ, പുറം 37.

സുന്നത്ത് ചെയ്ത് മുസൽമാൻമാരാക്കിയെന്നാണാരോപണം. ഈ കള്ളക്കഥയും തലശ്ശേരി ഫാക്ടറിയിൽ നിന്നും പ്രചരിപ്പിച്ചതാണ്. 1789 ഡിസംബർ 31–ാം തീയതി തലശ്ശേരി ഫാക്ടറിയിലെ പ്രധാനി എൽ. അവോൻ, സി. ഡബ്ലിയു മാലററിന് എഴുതിയറിയിച്ച വിവരമാണിത്: "ടിപ്പു സുൽത്താൻ തലശ്ശേരിയുടെ പ്രാന്തപ്രദേശത്തെത്തിയിട്ടുണ്ട് പരേതനായ ആലി രാജായുടെ രാജ്ഞി വലിയ ബീബിയുടെ മകളെ തൻെറ മകന് കല്യാണം കഴിച്ചുകൊടുക്കുകയെന്നതിനാണ് ടിപ്പു വരുന്നത്. അന്നേ ദിവസം ആഘോഷച്ചടങ്ങിന് യവനിക വീഴുക കൂർഗിൽ നിന്നും മലബാറിൻെറ പല ഭാഗങ്ങളിൽ നിന്നും തടവുകാരാക്കി 'പിടിക്കപ്പെട്ട നിർഭാഗ്യവാൻമാരായ 40,000 കുടുംബങ്ങളെ നിർബന്ധമായി മതപരിവർത്തനം നടത്തുകയും പുരുഷൻമാരെ മുഴുക്കെ സുന്നത്ത് കഴിക്കുകയും ചെയ്തുകൊണ്ടായിരിക്കും"[14]. മറാത്ത ഡർബാറിലെ ഇംഗ്ലീഷ് പ്രതിപുരുഷനായിരുന്ന മാലററിന് ഇതേ കാര്യം കോൺവാലീസും എഴുതി അയച്ചിട്ടുണ്ട്[15]. മൈസൂർ സുൽത്താനെതിരായ സഖ്യത്തിൽ മറാത്തക്കാരെ കൂട്ടുപിടിക്കുവാൻ തകൃതിയായി കൂടിയാലോചനകൾ നടന്നിരുന്ന അവസരമായിരുന്നു അത്. മറാത്തക്കാരുടെ പിന്തുണ നേടുവാൻവേണ്ടി തലശ്ശേരിയിൽ നിന്നും ഉന്നതസ്ഥാനീയരുടെ നിർദേശാനുസരണം എഴുതി അയക്കുകയും നാട്ടിൽ പ്രചരിപ്പിക്കുകയും ചെയ്തതാണീ കെട്ടുവെച്ച നുണകളത്രയും. ഇത്തരം എഴുത്തുകളധികവും പോയിട്ടുള്ളത് മറാത്താ കോർട്ടിലെ പ്രതിപുരുഷനായ മാലററിനായിരുന്നുവെന്നും ഹൈദരാബാദ് നിസാമിൻെറ ഡർബാറിലെ കമ്പനി പ്രതിനിധിയായ കെന്നവേയ്ക്കെഴുതുന്നവയിൽ ടിപ്പുവിൻെറ ദുഷ്ടമായ ആക്രമണ മനോഭാവത്തെയും സാമ്രാജ്യമോഹത്തെയും അധികരിച്ചായിരുന്നുവെന്നും ഓർമ്മിക്കേണ്ടതുണ്ട്. ഹൈന്ദവവിരോധിയായി ടിപ്പുവിനെ ചിത്രീകരിച്ചെങ്കിൽ മാത്രമേ ആക്രമണത്തിനെതിരായി കമ്പനി നടത്താനുദ്ദേശിച്ചിരുന്ന യുദ്ധത്തിൽ മറാത്തക്കാരെ സഹായത്തിന് കിട്ടുകയുള്ളുവെന്നും അവർക്കറിയാമായിരുന്നു.

ഹൈന്ദവ സഹോദരങ്ങളെ മാത്രമല്ല ടിപ്പു മതപരിവർത്തനത്തിന് വിധേയമാക്കിയത്. ക്രിസ്ത്യാനികളെയും അദ്ദേഹം വെറുതെ വിട്ടില്ല. ടിപ്പുസുൽത്താൻെറ ഓർമ്മക്കുറിപ്പുകൾ എന്നപേരിൽ അടിച്ചിറക്കിയ ഗ്രന്ഥങ്ങളിൽ എഴുതിയിരിക്കുന്നത്: "അയാൾ (ടിപ്പുസുൽത്താൻ) മലബാറിൽ നിന്നും ഒരു ലക്ഷം ഹിന്ദുക്കളേയും ഏഴ് ലക്ഷം ക്രിസ്ത്യാനികളേയും പിടിച്ചുകൊണ്ടുപോയി മതപരിവർത്തനം നടത്തിയതായി പറഞ്ഞു കേൾ

---

14. പി. ആർ. സി., നമ്പർ 51, പുറം 43
15. പൊളിററിക്കൽ പ്രൊസീഡിങ്സ്, ഫെ. 5, 1790, കൺസൽറ്റേഷൻസ്, നമ്പർ 14

കുന്നു''[16] എന്നാണ്. ഇത്തരത്തിലുള്ള എല്ലാ ദുരാരോപണങ്ങളുടെയും കഴമ്പില്ലായ്മ തുറന്നു കാണിക്കുവാനുപകരിക്കുന്നതാണ് മേലുദ്ധരിച്ച ആരോപണം. 1792–ൽ മലബാറിലെ ജോയിൻറ് കമ്മീഷണർമാർ മുമ്പാകെ മേജർ ഡോ സമർപ്പിച്ച 'ക്രിസ്ത്യാനികളെക്കുറിച്ചുള്ള വിവരണ'ത്തിൽ പറയുന്നതു്, ''തദ്ദേശീയരായ കേരളത്തിലെ ക്രിസ്ത്യാനികളുടെ ജനസംഖ്യ ഒട്ടാകെ രണ്ടു ലക്ഷത്തിൽ കൂടുതലില്ല. അതിൽ തന്നെ തിരുവിതാംകൂർ ഭാഗത്തു് തൊണ്ണൂറായിരത്തിൽപരം ക്രിസ്ത്യാനികൾ താമസിക്കുന്നുണ്ടു്''[17] എന്നാണ്. കൊച്ചിയിലുള്ളവരെ കൂടി ഒഴിവാക്കുകയാണെങ്കിൽ മലബാറിൽ മുപ്പതിനായിരമോ നാല്പതിനായിരമോ മാത്രമായി അവരുടെ എണ്ണം ചുരുങ്ങുകയും ചെയ്യും. 1921–ലെ കനേഷുമാരി കണക്കനുസരിച്ച് തന്നെ 58567 ക്രിസ്ത്യാനികൾ മാത്രമേ മലബാറിലുണ്ടായിരുന്നുള്ളൂ[18]. 1800–ൽ മലബാറിലുണ്ടായിരുന്ന ബുക്കാനൻ തൻെറ അന്വേഷണറിപ്പോർട്ട് തയ്യാറാക്കുന്ന ജോലിയുടെ ഭാഗമായി മലബാറിലെ ക്രൈസ്തവ സഭാമേധാവിയുമായി നടത്തിയ സംഭാഷണം രേഖപ്പെടുത്തിയിട്ടുണ്ടു്. അതിൽനിന്നും മനസ്സിലാകുന്നതു് മൈസൂർ ഭരണകാലത്തും ക്രിസ്ത്യാനികളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരുന്നു എന്നാണ്[19]. സത്യത്തിൻെറ അംശം പോലുമില്ലാത്ത ഇത്തരം കള്ളക്കഥകളുടെ പൊള്ളത്തരം വെളിപ്പെടുത്തുവാൻ ഇതിന്നപ്പുറം തെളിവെന്തു വേണം. ജനസംഖ്യയിൽ അരലക്ഷം പോലുമില്ലാതിരുന്ന ക്രിസ്ത്യാനികളിൽ ഏഴുലക്ഷം പേരെയാണ് ടിപ്പു മതപരിവർത്തനം നടത്തിയതത്രെ! മറെറാരു രസകരമായ പ്രസ്താവം നടത്തിയിരിക്കുന്നതു് വരാപ്പുഴസെമിനാരിയിലുണ്ടായിരുന്ന ഫാദർ ബർത്തലോമോ ആണ്. നെടുങ്കോട്ട ആക്രമണം കഴിഞ്ഞ് ആലുവായിലേക്ക് മുന്നേറിക്കൊണ്ടിരുന്ന മൈസൂർ സൈന്യത്തിൻെറ നീക്കത്തെപ്പററിയാണ് പരാമർശം. അദ്ദേഹം എഴുതി: ''ക്രിസ്ത്യാനികളെയും ഹിന്ദുക്കളെയും നഗ്നരാക്കി ആനക്കാലുകളിൽ കെട്ടിവലിച്ച് അവരെ തുണ്ടം തുണ്ടമാക്കി. എല്ലാ ക്ഷേത്രങ്ങളും പള്ളികളും നശിപ്പിച്ചു. ഹൈന്ദവ–ക്രിസ്ത്യൻ സ്ത്രീകളെ മുസ്ലിങ്ങളെക്കൊണ്ടു് കല്യാണം കഴിപ്പിക്കുകയും ചെയ്തു''[20]. അദ്ദേഹത്തിനു് ഈ വാർത്ത ലഭിച്ചതു് നെടുങ്കോട്ട പിടിച്ചടക്കിയപ്പോൾ അവിടെ നിന്നും ഓടിപ്പോന്നവർ നൽകിയതാണെന്ന് അദ്ദേഹം പറയുന്നുണ്ടു്. അങ്ങിനെ

16. ടിപ്പു സുൽത്താൻെറ ഓർമ്മക്കുറിപ്പുകൾ, പുറം 270
17. ഫോറിൻ, മിസലേനിയസ്, എസ്, നമ്പർ 56, പാർട്ട് 1, പുറം 6
18. ഇന്നിസ്, മലബാർ ഗസററിയർ, വാല്യം II, അനുബന്ധം V, പുറങ്ങൾ 31–36
19 ബുക്കാനൻ, വാല്യം II, പുറം 391
20. ഈസ്റ്റ് ഇൻഡീസിലേക്കുള്ള കടൽയാത്ര (ഫോസ്ററുടെ പരിഭാഷ), പുറങ്ങൾ 141–42

ദ്വേഷ്യ് ക്രൂരസ്വഭാവിയാണെന്ന് അദ്ദേഹം തന്നെ സമ്മതിക്കുന്നു. എന്നാൽ വിദേശീയനായിരുന്ന അദ്ദേഹത്തിന്റെ സ്വന്താനുഭവം ആശ്വാസത്തിന്റെ നെടുവീർപ്പിട്ടുകൊണ്ടദ്ദേഹം അയവിറക്കുന്നതിങ്ങനെയാണ്: "ദൈവത്തിന്റെയും ഔസേപ്പ് പുണ്യാളന്റെയും അനുഗ്രഹത്താൽ ഞങ്ങളുടെ മഠങ്ങളോ പള്ളികളോ അഗ്നിക്കിരയാക്കിയില്ല. അവ സുൽത്താന്റെ അമർഷത്തിന്ന് പാത്രമാകുകയോ, അവയുടെ പരിശുദ്ധി നശിപ്പിക്കുന്ന എന്തെങ്കിലും പ്രവൃത്തി ചെയ്യുകയോ ഉണ്ടായില്ല"21. സ്വന്തം അനുഭവം ഇതായിരുന്നു. ഏത് പുണ്യവാളന്റെ അനുഗ്രഹം കൊണ്ടായാലും അതിലേ കടന്നുപോയ മൈസൂർ സൈന്യം ബർത്തലോവിന്റെ കണ്ണിൽപ്പെട്ട ഒരു പള്ളിയും നശിപ്പിച്ചില്ലെന്ന് സിദ്ധം. മതപരിവർത്തനത്തിന്റെയും അമ്പലധ്വംസനത്തിന്റെയും ആരോപണങ്ങളുടെ സ്വഭാവമത്രയും യഥാർത്ഥത്തിൽ ഇത്ര തന്നെയാണ്.

അമുസ്ലിം ആയിപ്പോയി എന്നതുകൊണ്ടു മാത്രം ആരെയെങ്കിലും ശിക്ഷാവിധേയനാക്കിയതിന്റെ ഒററ ഉദാഹരണം പോലും കൃത്യമായി എടുത്തു പറയുവാനിതുവരെ ആർക്കും സാധിച്ചിട്ടില്ലെന്നതാണ് സത്യം. അതുമല്ലെന്നിൽ ഏതെങ്കിലും അമ്പലമോ, പള്ളിയോ മൈസൂർ ഭരണാധിപൻമാർ നശിപ്പിച്ചു എന്ന് ചൂണ്ടിക്കാണിക്കുവാനോ ആർക്കും സാധിച്ചിട്ടില്ല. നാട്ടിലുള്ള ക്ഷേത്രങ്ങളും ആരാധനാലയങ്ങളും മുഴുക്കെ നശിപ്പിച്ചുവെന്നും, കൂട്ടത്തോടെ അമുസ്ലിം പ്രജകളെ മതപരിവർത്തനം നടത്തിയെന്നും പറയുന്നവർ കൂടി, അതാതിടങ്ങളിൽ നടന്ന കാര്യങ്ങൾ പരാമർശിക്കുമ്പോൾ സത്യം പറഞ്ഞുപോകാറുണ്ട്. പറഞ്ഞുകേട്ട കെട്ടുകഥകളിൽ ആകൃഷ്ടനായി രാജ്യത്തിന്റെ നാനാഭാഗങ്ങളിലും ഉണ്ടായിരുന്ന അമ്പലങ്ങൾ മുഴുക്കെ നശിപ്പിച്ചു എന്ന് പ്രസ്താവിച്ചുവെങ്കിലും ക്ഷേത്രഗ്രന്ഥവരികളുടെ അടിസ്ഥാനത്തിൽ തൃശൂർ വടക്കുംനാഥക്ഷേത്രത്തെപ്പററി, ശക്തൻ തമ്പുരാന്റെ ഗ്രന്ഥകാരൻ എഴുതുന്നതു് കൂടി കാണുക: "മൈസൂർസൈന്യം തൃശൂർക്ക് എത്തിയതോടു കൂടി അവിടത്തെ മഠത്തിലുണ്ടായിരുന്ന സ്വാമിയും കൂട്ടരും ക്ഷേത്രം പൂട്ടി ചേന്ദമംഗലത്തേക്ക് രക്ഷപ്പെട്ടു. എന്നാൽ ക്ഷേത്രമൈതാനിയിൽ താവളമടിച്ചിരുന്ന മൈസൂർ സൈന്യം തിരിച്ചുപോയപ്പോൾ ക്ഷേത്രഭാരവാഹികൾ തൃശൂർക്ക് മടങ്ങി. അവർ കണ്ടത് അവിടെ അമ്പലത്തിന്നു ഒന്നും സംഭവിച്ചിരുന്നില്ലെന്നതാണ്. ക്ഷേത്രഗ്രന്ഥവരിയിൽ പറയുന്നതു്, ക്ഷേത്രം നശിപ്പിക്കുകയോ അശുദ്ധമാക്കുകയോ ചെയ്തിരിക്കുമെന്ന് ആശങ്കിച്ചിരുന്നെങ്കിലും യാതൊരു കുഴപ്പവും ചെയ്തിരുന്നില്ലെന്ന് മാത്രമല്ല, അമ്പലവാതായനങ്ങളിലേതിന്റെയെങ്കിലും പൂട്ട് തുറക്കുകകൂടി ചെയ്തിരുന്നില്ല" എന്നാണ്22. നാട്ടിൽ പ്രചരിച്ചിരുന്ന

21. ഐ.
22. പുത്തേഴത്ത് രാമൻമേനോൻ, ശക്തൻ തമ്പുരാൻ, പുറം 136.

കഥകാംക്ക് കടകവിരുദ്ധമായിരുന്നു ആരുടെയുമനുഭവം. ഒററയാളുടെയും അനുഭവത്തിൽ ക്രൂരമായ നീചകൃത്യങ്ങരം ചെയ്തതായി പറയാനൊത്തിരുന്നില്ല. എന്നിട്ടും മതഭ്രാന്തിന്റെയും നികൃഷ്ടമായ കാട്ടാളത്തത്തിന്റെയും കഥകരം അക്കാലത്തു കൂടി പ്രാബല്യത്തിൽ നിന്നിരുന്നു. മറാത്തക്കാരുടെ ആനുകൂല്യത്തിന്നുവേണ്ടി അവരുടെ പ്രതിപുരുഷന് മതപരിവർത്തനത്തിന്റെ ബീഭത്സവാർത്തകരം നിരന്തരം എഴുതി അറിയിക്കുകയും അയാരം അവ പൂനയിലെ ഭരണാധികാരികളെ അപ്പോഴപ്പോഴുണർത്തുകയും ചെയ്തിരുന്നതിന്റെ ഉദാഹരണങ്ങരം നാം നേരത്തെ കണ്ടതാണല്ലോ. അതേ ഉപജാപം തന്നെയാണ് കേരളത്തിലെ സ്വതവേ അങ്കലാപ്പിലായിരുന്ന നായർ പ്രഭുക്കൻമാരേയും രാജാക്കൻമാരേയും കമ്പനിയുടെ വശത്തുകൊണ്ടുവരുവാൻ അവർ അനുവർത്തിച്ച ഹീനമായ കുതന്ത്രം. മൈസൂർ ഭരണത്തെപ്പററി ഭയവും ടിപ്പുസുൽത്താനെപ്പററി വെറുപ്പുമുണ്ടാക്കുകയെന്നതായിരുന്നു അവരുടെ ലക്ഷ്യം. വിചാരിച്ചതിനേക്കാരം കൂടുതൽ വിജയം ഇക്കാര്യത്തിലവർക്കുണ്ടായി എന്നതിന്റെ തെളിവാണ് ഇന്നും ഈ ദുരാരോപണങ്ങളാകുന്ന മാറാലകരം പോലും തുടച്ചുമാററി യാഥാർത്ഥ്യത്തിന്റെ പ്രകാശം പരത്തുവാൻ മുതിരുന്നവർക്കു കിട്ടുന്ന ആഭിചാരവാക്കുകരം.

മതപരിവർത്തനം നടത്തണമെന്ന് എപ്പോഴെങ്കിലും ആഗ്രഹിച്ചിരുന്നുവെങ്കിൽ ടിപ്പുസുൽത്താന് തന്റെ പ്രജകളിൽ നല്ല ഒരു വിഭാഗത്തേയും, സൈന്യത്തെ ഒരു പക്ഷെ ആകമാനവും തടവുകാരെ മുഴുക്കെയും മുസ്ലിങ്ങളാക്കുക അത്ര പ്രയാസമുള്ള കാര്യമായിരുന്നിരിക്കയില്ല. മൂന്നാം ആംഗ്ലോ—മൈസൂർ യുദ്ധത്തിന്ന് ശേഷം കോൺവാലീസിന്റെ പാളയത്തിൽ ടിപ്പുവിന്റെ പ്രതിപുരുഷന്മാരായിപ്പോയിരുന്ന അലി റിസയും, ഗുലാം അലിഖാനും, ടിപ്പു എഴുതുന്ന കത്ത് ഈയവസരത്തിൽ ഉദ്ധരണാർഹമാണ്. ‘‘തിരുവിതാംകൂർ രാജാവിന്റെ ധാരാളം പട്ടാളക്കാരെ തടവുകാരായി പിടിച്ചിരുന്നു. സന്ധി ഒപ്പ് വെക്കുന്നതിന്ന് മുമ്പായി തന്നെ അവർക്കെല്ലാവക്കും ഓരോ ത്രാസും ഉടുതുണിയും നല്കി നാം വിട്ടയക്കുകയാണ് ചെയ്തതു്[23]’’. 1791 മേയ് 21-ാം തീയതി കൂർഗിലെ ജനങ്ങളെ ഉത്ബോധിപ്പിച്ചുകൊണ്ടു് ടിപ്പു പുറപ്പെടുവിച്ച വിളംബരവും പ്രസക്തമാണ്. ‘‘നിങ്ങരം വളരെ കാലമായി നാട്ടിൽ പ്രയാസങ്ങളനുഭവിക്കുന്നവരാണെന്ന് നാം മനസ്സിലാക്കുന്നു. അതുകൊണ്ട് തന്നെ കഴിഞ്ഞതെല്ലാം നാം മനഃപൂർവ്വം മറക്കുകയും നിങ്ങരംക്ക് മാപ്പ് തരികയും ചെയ്യുന്നു. രാജ്യത്തിലെ പ്രജകളെന്ന നിലയ്ക്കുള്ള എല്ലാ ചുമതലകളും നിങ്ങരം നിർവ്വിഘ്നം നിർവ്വഹിക്കുകയും, പ്രാചീനാചാരങ്ങളനുസരിച്ചും നിങ്ങളുടെ മതത്തിന്നനുയോജ്യമായുമുള്ള എല്ലാ അനുഷ്ഠാനങ്ങളും ധർമ്മങ്ങളും ആചരിക്കുകയും ചെയ്യുക. നിങ്ങരം ഇതിന്ന് മുമ്പ്

---

23. പി. ആർ. സി , നമ്പർ 465, പുറം 603.

നിങ്ങളുടെ രാജാക്കന്മാർക്കു് നികുതിയിനത്തിൽ എന്താണോ കൊടുത്തിരുന്നതു് അതു് നമ്മുടെ സർക്കാരിലേക്കും കൃത്യമായടയ്ക്കുമെന്നാണു് നമ്മുടെ പ്രതീക്ഷ[24]". മതകാര്യത്തിൽ രാജ്യത്തുടനീളം തുടർന്നുപോന്ന പൊതു നയമായിരുന്നു ഇതു്.

ടിപ്പുവിന്റെ മതനയത്തിന്നെതിരായി നിലനില്ക്കുന്ന ദുരാരോപണങ്ങളുടെ അടിസ്ഥാനം ഏതെല്ലാം ഉപാദാനങ്ങളാണെന്നു നാം കണ്ടു. അവയുടെ ഉത്ഭവകേന്ദ്രം, സ്വഭാവം, വിശ്വാസ്യത എന്നിവയെക്കുറിച്ചും വിശകലനം ചെയ്തു. അതോടൊപ്പം ഓർത്തിരിക്കേണ്ട മറെറാരു പ്രധാന സംഗതി ഹൈദരാലിയുടെയും ടിപ്പുസുൽത്താന്റെയും നാമധേയത്തിൽ അവരുടെ കാലത്തിനു് ശേഷം തല്പരകക്ഷികൾ അടിച്ചിറക്കിയ 'വിളംബരങ്ങളാണു്. ടിപ്പുവിന്റെ ഒരു 'ആത്മകഥ' ഉൾപ്പെടെ ഗ്രന്ഥകാരന്മാരാരെന്നു് അറിയാൻ പാടില്ലാത്ത നിരവധി ഗ്രന്ഥങ്ങളും ഇക്കാലത്തെ സംഭാവനകളായുണ്ടെന്നു് മുൻപൊരിക്കൽ പറഞ്ഞുവച്ചതാണല്ലൊ. ഇവയുടെ സത്യാവസ്ഥ മനസ്സിലാക്കുവാൻ ആരും ഇതുവരെയും തുനിയാതിരുന്നതുകൊണ്ടു് ഇത്തരം കള്ളനാണ്യങ്ങൾക്ക് എളുപ്പം പ്രചാരം ലഭിക്കുകയും ഹൈദരാലിയും ടിപ്പുസുൽത്താനും ക്രൂരതയുടെയും മതധ്വംസനത്തിന്റെയും പ്രതീകങ്ങളായി തീരുകയും ചെയ്തു. കേരളത്തിൽ ഏററവും കൂടുതൽ അംഗീകാരം ലഭിച്ചിട്ടുള്ള ഒരു വിളംബരത്തെക്കുറിച്ചും അതിന്റെ കൃത്രിമത്വത്തെപ്പററിയും അറിഞ്ഞിരുന്നാലേ ഈ മതദ്രോഹത്തിന്റെ ആരോപണം എത്രമാത്രം മനഃപൂർവ്വമായി കെട്ടിച്ചമച്ച് ബോധപൂർവ്വം പ്രചരിപ്പിച്ചതാണെന്നു് മനസ്സിലാക്കാനൊക്കൂ. കേരളത്തിലെ ചരിത്രകാരന്മാരെല്ലാവരും തന്നെ നീക്കുപോക്കില്ലാത്ത ഒരു ചരിത്ര വസ്തുതയായി സ്വീകരിച്ചുപോരുന്ന ടിപ്പുസുൽത്താന്റെതെന്നു് പറയുന്ന പ്രധാന വിളംബരമാണു് ഇവിടെ പരാമർശിക്കുവാൻ പോകുന്നതു്.

യഥാർത്ഥത്തിൽ ഈ വിളംബരത്തിന്റെ രചയിതാവു് 'മൈസൂർ ചരിത്രം' രചന നടത്തിയ കേണൽ വിൽക്സ് ആകുന്നു. 1810-നും 1815-നുമിടയ്ക്കാണു് വിൽക്സ് തന്റെ വിശ്രുതമായ ഗ്രന്ഥം എഴുതി പ്രസിദ്ധീകരിക്കുന്നതു്. നമ്മുടെ മറെറല്ലാ ചരിത്രകാരന്മാരും വിൽക്സിന്റെ പുസ്തകത്തെ ആധാരമാക്കിയാണു് കേരളത്തിലെ മൈസൂർ ഭരണത്തെക്കുറിച്ചെഴുതിയിട്ടുള്ളതും. എന്നാൽ, അദ്ദേഹത്തിന്റെ ഗ്രന്ഥത്തേയും നിഗമനങ്ങളേയും വളരെ സൂക്ഷിച്ചുവേണം അംഗീകരിക്കുവാനെന്നും, പക്ഷപാതപരമായ അദ്ദേഹത്തിന്റെ പ്രതിപാദനം ചരിത്രവസ്തുതകളെ കുറച്ചൊന്നുമല്ല വികലവികൃതമാക്കിയിട്ടുള്ളതെന്നും, മറെറാരു ആംഗ്ലേയചരിത്രകാരനായ ജെയിംസ് മിൽ പോലും 1825-ൽ ബ്രിട്ടീഷ് ഇന്ത്യയുടെ ചരിത്രം അഞ്ചു് വലിയ

---

24. പി. ആർ. സി., നമ്പർ 313, പുറങ്ങൾ 421–22

വാല്യങ്ങളായി പ്രസിദ്ധീകരിച്ചപ്പോഠം തന്നെ മുന്നറിയിപ്പ് നല്കി യിട്ടുണ്ട്[25]. പക്ഷെ ഇതൊന്നും ആരും അത്ര കാര്യമായിട്ടെടുത്തില്ല. മൈസൂർ ഭരണത്തെ കരിതേക്കാൻ കിട്ടുന്നതെന്തും അതേപടി വെട്ടിവിഴുങ്ങുവാൻ അത്യാർത്തികാണിക്കുന്നവർക്ക് സത്യസ്ഥിതി കണ്ടെത്തുവാനുള്ള പ്രയാസം നേരിടുന്നില്ല. പ്രതിപാദനവിഷയമായ ടിപ്പുവിന്റെ വിളംബരം വിൽക്സാണ് തന്റെ ഗ്രന്ഥത്തിലൂടെ ആദ്യം പ്രകാശനം ചെയ്യുന്നത്. അത് ഇപ്രകാരമാണ്:

"ഈ സ്ഥലം നാം കീഴടക്കിയ നാഠം തൊട്ട് ഇതുവരെ — ഈ കഴിഞ്ഞ 24 വർഷവും — നിങ്ങഠം കുഴപ്പക്കാരും തെമ്മാടികളുമായാണ് നമുക്കനുഭവപ്പെട്ടിട്ടുള്ളത്. നിങ്ങളുടെ വർഷക്കാലങ്ങളിൽ നമ്മുടെ അനവധി ഭടൻമാരെ നിങ്ങഠം രക്തസാക്ഷികളാക്കിയിട്ടുണ്ട്. അതൊക്കെ എന്തുമാകട്ടെ, കഴിഞ്ഞതൊക്കെ കഴിഞ്ഞു. മേലാൽ ഇതിനു വിപരീതമായി നിങ്ങഠം പെരുമാറുകയും, സമാധാനപരമായി ജീവിച്ച് നമുക്ക് നല്കേണ്ട നികുതിയും നൽകി നല്ല പ്രജകളായി ജീവിക്കുകയും ചെയ്യുക.

"നിങ്ങളുടെ ഇടയിൽ ഒരു സ്ത്രീക്കു പത്ത് പുരുഷൻമാരോടൊപ്പം കഴിയാമെന്ന ആചാരം നിലവിലുള്ളതുകൊണ്ടും, നിങ്ങളുടെ അമ്മ പെങ്ങന്മാരെ അങ്ങനെ അനിയന്ത്രിതമായ അഴിഞ്ഞാട്ടം നടത്തുവാനനുവദിക്കുന്നതുകൊണ്ടും നിങ്ങളത്രയും വ്യഭിചാരസന്തതികളാകുന്നു. എന്നു മാത്രമല്ല മൃഗങ്ങളെക്കാഠം കഷ്ടതരമാണ് നിങ്ങളുടെ ലൈംഗികവേഴ്ചകളും.

"ഇത്തരം പാപകരമായ പ്രവൃത്തികളിൽ നിന്ന് വിരമിക്കുവാനും മററുള്ള മനുഷ്യരെപ്പോലെ ജീവിക്കുവാനും നാം നിങ്ങളോടാജ്ഞാപിക്കുന്നു. ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്നവരെ ഇസ്ലാം മതത്തിലേക്ക് ചേർക്കുമെന്ന് നാം ആവർത്തിച്ച് ആണയിട്ട് പ്രസ്താവിക്കുന്നു. നിങ്ങളിൽ പ്രധാനികളെ തലസ്ഥാനത്തേക്ക് മാററി പാർപ്പിക്കുകയും ചെയ്യും.[26]"

ഈ വിളംബരം ടിപ്പുവിന്റെ 'ഓർമ്മക്കുറിപ്പുക'ളിൽ നിന്ന് താനുദ്ധരിക്കുന്നതാണെന്നും വിൽക്സ് അവകാശപ്പെടുന്നുണ്ട്[27]. ഇംഗ്ലീഷ് കമ്പുദ്ധിയിൽ നിന്നും ജനിച്ച ദുർസന്തതികളിൽ രണ്ടെണ്ണമാണ് ഈ 'ടിപ്പുവിന്റെ ഓർമ്മക്കുറിപ്പും' 'ടിപ്പുസുൽത്താന്റെ ആത്മകഥയും' എന്ന് ഒന്നുകൂടി ഇവിടെ ആവർത്തിച്ചു പറഞ്ഞുകൊള്ളട്ടെ. ഇതിന് പുറമെ വിൽക്സിന്റെ അവ

25. ജെയിംസ് മിൽ, ബ്രിട്ടീഷ് ഇന്ത്യൻ ചരിത്രം, വാല്യം V, പുറം 297
26. വിൽക്സ്, ഹിസ്റ്റോറിക്കൽസ് സ്കെച്ചസ്, പുറം 120
27. ടി.

കാശവാദവും ശരിയല്ല. കേണൽ മൈൽസ് തർജമ ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുള്ള 'ടിപ്പുസുൽത്താൻെറ ഓർമ്മക്കുറിപ്പുക'ളിൽ മതധ്വംസനത്തിന്ന് ഉദാഹരണമായി പൊക്കി കാണിക്കാവുന്ന ധാരാളം കൃത്രിമ സൃഷ്ടികളുണ്ടെന്നിട്ടും വിൽക്സ് ഉദ്ധരിക്കുന്നതും ഉണ്ടെന്നവകാശപ്പെടുന്നതുമായ ഈ വിളംബരം ഇല്ലെന്നുള്ളതു് അർത്ഥവത്താണ്. എന്നാൽ,' ഓർമ്മക്കുറിപ്പുക' രുടെ അജ്ഞാത ഗ്രന്ഥകാരൻ ഇതൊഴിച്ച വേറെ ചില വിളംബരങ്ങൾ പുറത്തിറക്കിയിട്ടുണ്ട് താനും. 'ഓർമ്മക്കുറിപ്പുക'ളിൽ കാണുന്ന പ്രധാന വിളംബരങ്ങൾകൂടി കണ്ടതിന്ന് ശേഷം മതി നാം ഉദ്ധരിച്ച വിളംബരത്തിൻെറ സത്യാസത്യവിചാരണയിലേക്ക് കടക്കുവാൻ. നോക്കുക: "ഇക്കാലത്താണ് തൻെറ രാജ്യത്തെ സകല ഹൈന്ദവക്ഷേത്രങ്ങളും നശിപ്പിക്കുവാൻ അദ്ദേഹം ആജ്ഞാപിച്ചതു്[28]". ഈ വിളംബരം പുനഃപ്രകാശനം ചെയ്തതുകൊണ്ട് ഉദ്ദേശിക്കുന്ന പ്രയോജനമുണ്ടാകുകയില്ലെന്ന് വിൽക്സ് മനസ്സിലാക്കിയിരുന്നു. ടിപ്പുവിൻെറ രാജ്യത്തുണ്ടായിരുന്ന അമ്പലങ്ങൾ മുഴക്കെ തൻെറ കൺമുൻപിൽ തന്നെ പ്രൗഢഗാംഭീര്യത്തോടുകൂടി തലയുയർത്തി നിൽക്കുമ്പോഴും, അവയിൽ നിന്നുള്ള ശംഖധ്വനി ദിങ്മുഖങ്ങളെ സദാ മുഖരിതമാക്കികൊണ്ടിരിക്കുമ്പോഴും, മേലുദ്ധരിച്ച വിളംബരം എത്രതന്നെ പ്രചരിപ്പിച്ചാലും വിലപ്പോകുകയില്ല എന്ന് അറിയാവുന്നതുകൊണ്ടുതന്നെ വിൽക്സ് വിദഗ്ദ്ധമായി മറ്റൊരു വിളംബരം നെയ്തെടുത്ത് ഇവിടെ അവതരിപ്പിക്കുകയാണ് ചെയ്തതു്. ഇതേ ചരിത്രകാരൻെറ ഭാവനാവിലാസത്തിൽ കുപ്രസിദ്ധമായ മറ്റൊരു വിളംബരവും കൂടിയുണ്ട്. ടിപ്പു തൻെറ സൈനിക മേധാവികൾക്ക് കൊടുക്കുന്ന കല്പനയുടെ രൂപത്തിലുള്ളതാണതു്. ഇതിൻെറ ഒരു പ്രതി പാലക്കാട്ട് കോട്ട കീഴടക്കിയ അവസരത്തിൽ (1790–ൽ) ഇംഗ്ലീഷ്കാരുടെ കൈവശം വന്നുചേർന്നുവെന്നും വിൽക്സ് പറയുന്നുണ്ട്. അതിൽ ടിപ്പു നൽകുന്ന നിർദ്ദേശം ഇപ്രകാരമാണ്: "ഈ സംസ്ഥാനത്തുള്ള എല്ലാ മനുഷ്യരേയും യാതൊരു വകഭേദവും കൂടാതെ തന്നെ ഇസ്ലാമിലേക്ക് മതപരിവർത്തനം നടത്തണമെന്ന് നാം ആജ്ഞാപിക്കുന്നു. പരിവർത്തനം ഭയന്ന് ഓടിപ്പോകാവുന്നവരുടെ വീടു് അഗ്നിക്കിരയാക്കുകയും, അവരെ തിരഞ്ഞുപിടിച്ച് വകവരുത്തുകയും വേണം. നേരോ, നുണയോ, ചതിയോ, ബലപ്രയോഗമോ, എന്തു നടത്തിയിട്ടാണെങ്കിലും തരക്കേടില്ല സാർവ്വത്രികമായി തന്നെ ഈ കല്പന നടപ്പിലാക്കണമെന്ന് നാം വീണ്ടും വീണ്ടും ആജ്ഞാപിച്ചുകൊള്ളുന്നു[29]". ഈ കല്പനയെക്കുറിച്ച് നമ്മുടെ ചരിത്രകാരൻമാർ പരാമർശിച്ച പോകുന്നുവെന്നല്ലാതെ ഇതിനും ആദ്യമുദ്ധരിച്ച വിളംബരത്തിന്നു കിട്ടിയ പ്രചാരമോ പ്രസിദ്ധിയോ കിട്ടിയതായി കാണുന്നില്ല കാരണം വ്യക്തം. ഒന്നാമത്, ഇത്തരം ഒരു വിളംബരത്തിൻെറ

28. ടിപ്പുസുൽത്താൻെറ ഓർമ്മക്കുറിപ്പുകൾ, പുറം 270.
29. വിൽക്സ്, മുൻ ഉദ്ധരിച്ചത്, പുറം 132

കോപ്പി ഇംഗ്ലീഷുകാരുടെ കൈവശം വന്നുചേർന്നിരുന്നുവെങ്കിൽ അതു് അനർഘമായ രേഖാസമ്പത്തായി സൂക്ഷിക്കപ്പെട്ടമായിരുന്നു. എല്ലാ പ്രസിദ്ധീകരണങ്ങളിലും അമിത പ്രാധാന്യം ഇതിനു ലഭിക്കുകയും ചെയ്യുമായിരുന്നു. തന്റെ സൈനിക മേധാവികൾക്കാണ് ഈ കല്പന നല്കിയതെന്ന പ്രസ്താവവും സംഗതിയുടെ വാസ്തവികതയെ താറുമാറാക്കുന്നുണ്ടു്. ടിപ്പുവിന്റെ സേനാമേധാവികളിലധികവും ഫ്രഞ്ചുകാരും ഹിന്ദുക്കളുമായിരുന്നുവെന്നതാണല്ലൊ വാസ്തവം. സാർവ്വത്രികമായി മതപരിവർത്തനം നടത്തുവാൻ വിമതസ്തരെ ഏല്പിക്കുന്നതു് ഉചിതവുമല്ല. അങ്ങനെ ടിപ്പു ആഗ്രഹിച്ചിരുന്നുവെങ്കിൽ തന്റെ സൈന്യത്തേയും പൈതൃകമായി ലഭിച്ച രാജ്യത്തിലെ ജനങ്ങളേയുമായിരിക്കണമല്ലോ ആദ്യം മതപരിവർത്തനത്തിന് ഇരയാക്കുക. ഇതു് ചെയ്തിട്ടില്ലാത്ത നിലയ്ക്കും ഈ വിളംബരത്തിന്റെ പ്രഥമദൃഷ്ട്യാതന്നെയുള്ള അവിശ്വസനീയതമൂലവും ഇതും അത്രകാര്യമായി നമ്മുടെ ചരിത്രകാരൻമാർ കണക്കാക്കിയിട്ടില്ല.

അതേസമയം ആദ്യം പറഞ്ഞുവെച്ച വിളംബരം വളരെ വിദഗ്ധമായി മിനഞ്ഞെടുത്തതാകകൊണ്ടും ഒററ നോട്ടത്തിൽ സദാചാര സൻമാർഗനിഷ്ഠയുടെ പ്രതീകമായ ടിപ്പുസുൽത്താൻ തന്നെ വിളംബരപ്പെടുത്തിയതായിരിക്കുമെന്നു് പെട്ടെന്നു് ധരിക്കുവാനിടയുള്ളതുകൊണ്ടും അതിന്നു് തന്നെയാണു് നമ്മുടെ ചരിത്രപ്രതിപാദനത്തിൽ ഏറെ പ്രാധാന്യം നല്കിയിട്ടുള്ളതു്. കേരളത്തിൽ നിലനിന്നിരുന്ന ബഹുഭർത്തൃത്വവും, അർദ്ധനഗ്നതയും, കുളിക്കുമ്പോൾ പോലും ദേഹമാസകലം മുണ്ടിട്ടുമൂടിയിരുന്ന നാണപ്രകൃതക്കാരനായ ടിപ്പുവിന്നു് അരോചകമായിരിക്കണമെന്നും, തൻമൂലം അദ്ദേഹം ഈ പ്രാകൃത നടപടിയെ അധിക്ഷേപിച്ചുകൊണ്ടും, അവയിൽ നിന്നും പിൻതിരിപ്പിക്കുവാൻ ഇസ്ലാമിലേക്ക് ക്ഷണിച്ചുകൊണ്ടും വിളംബരം പ്രസിദ്ധം ചെയ്തുകൂടായ്കയില്ലെന്നും സാധാരണ ധരിച്ചുപോകുന്നുവെങ്കിൽ അതത്ര പ്രമാദമായ അബദ്ധമല്ല. അതുകൊണ്ടാണു് പല കേരള ചരിത്രകാരൻമാരും ഈ വിളംബരം മുഖേന മതഭ്രാന്തെന്നതിനേക്കാൾ സാമൂഹ്യ പരിഷ്കരണമാണു് ടിപ്പു ലക്ഷ്യമാക്കിയിരുന്നതെന്നും, എന്നാൽ അദ്ദേഹത്തിന്റെ കല്പന ഓഫീസർമാർ നടപ്പിലാക്കിയപ്പോൾ ഫലത്തിൽ നിർബന്ധ മതപരിവർത്തനമാവുകയാണുണ്ടായതെന്നും വ്യവഹരിച്ചിട്ടുള്ളത്. ടിപ്പുവിന്റെ വലിയ വിമർശകരിലൊരാളായ കെ. എം. പണിക്കർ പോലും ഈ അഭിപ്രായക്കാരനാണ്. അദ്ദേഹം പറയുന്നത് നോക്കുക: "ഈ വിചിത്രമായ പ്രഖ്യാപനം മതഭ്രാന്തുകൊണ്ടല്ല ടിപ്പു നടത്തിയത്. മ്ളേച്ഛമെന്ന് അദ്ദേഹം വിശ്വസിച്ചുവന്ന ആചാരങ്ങൾ ഉപേക്ഷിക്കുവാൻ നായൻമാരോടാവശ്യപ്പെട്ടതും താൻ അവരെ പരിഷ്കരിച്ചു നന്നാക്കുവാൻ പോകുന്നുവെന്ന ഉറച്ച വിശ്വാസത്തോടുകൂടിയായിരുന്നു. ഈ പ്രഖ്യാപനത്തിൽ തെളിഞ്ഞുകാണുന്നതും അനുവർത്തനത്തെ മതം മാററി സ്വർഗം നേടുന്നതിനുള്ള ഒരു മതഭ്രാന്തന്റെ വ്യഗ്രതയല്ല; നേരെ മറിച്ച് ജനങ്ങളുടെ ഭൗതികവും ആത്മീയവുമായ അഭി

വൃദ്ധിയെക്കുറിച്ച് ഉല്ക്കണ്ഠയുള്ള സങ്കുചിതബുദ്ധിയായ ഒരു പരിഷ്കർത്താവിന്റെ പ്രവർത്തനമാണ്[30]". പക്ഷെ, അദ്ദേഹം തന്നെ ഇതിന്റെ ഫലത്തെ വിലയിരുത്തിക്കൊണ്ട് തുടർന്നെഴുതുന്നതാകട്ടെ, "ഇതിനെ തുടർന്ന് അവരെ ഇസ്ലാമിന്റെ പദവി നല്കി ബഹുമാനിക്കുകയാണ്[31]" ടിപ്പു ചെയ്തതെന്നാണ്. ഇതേ രീതി തന്നെയാണ് ഇത് സംബന്ധമായെഴുതിയിട്ടുള്ളവരൊക്കെ അവലംബിച്ചിട്ടുള്ളതും[32].

യഥാർത്ഥത്തിൽ, പ്രതിപാദ്യവിഷയമായ വിളംബരവും ടിപ്പുസുൽത്താന്റെ മരണത്തിനുശേഷം അദ്ദേഹത്തിന്റെ ആജന്മശത്രുക്കൾ തൊടുത്തുവിട്ട നെറികെട്ട രാഷ്ട്രീയ ഉപജാപങ്ങളിലൊന്നു മാത്രമാണ്. ശ്രീരംഗപട്ടണത്തിന്റെ പതനത്തിന് ശേഷം ഇംഗ്ലീഷ് ആശ്രിതനായി കഴിഞ്ഞ ചരിത്രകാരനായിരുന്ന കിർമാനി. അദ്ദേഹമെഴുതിയിട്ടുള്ള 'ഹൈദരാലിയുടെയും ടിപ്പുസുൽത്താന്റെയും ജീവചരിത്രങ്ങൾ ഏറെക്കുറെ അംഗീകൃത പ്രാബല്യം ലഭിച്ചവയുമാണ്. കിർമാനിയാകട്ടെ ഹൈദരാലിയേയും ടിപ്പുസുൽത്താനെയും ഇസ്ലാമിന്റെ സംരക്ഷകരായി വാഴ്ത്തുന്ന ദേഹവുമാണ്. എന്നിട്ടുകൂടി ഇത്രയും പ്രധാനമായ ഒരു വിളംബരം അദ്ദേഹം സ്പർശിക്കുന്നില്ലെന്നതു് അർത്ഥവത്താണ്. അതുപോലെ തന്നെ ടിപ്പുവിന്റെ എന്തും പ്രവൃത്തിയും ഇസ്ലാമികമായ ഉദ്ധാരണത്തിനാണെന്ന് സ്ഥാനത്തും അസ്ഥാനത്തും വ്യവഹരിച്ചു പോരാറുള്ള യാഥാസ്ഥിതിക മുസ്ലിം ചരിത്രകാരൻ മാർക്കാറും ഈ വിളംബരത്തിന്റെ കാര്യം മിണ്ടുന്നില്ല. ശ്രീരംഗപട്ടണം കീഴടക്കിയശേഷം നടത്തിയ പരിശോധനയിൽ ലഭിച്ച അമൂല്യങ്ങളായ നിരവധി രേഖകളും, ടിപ്പുവിന്റെ എഴുത്തുകുത്തുകളും, കിർക്ക്പാട്രിക്കും, ബീററ്സണും [illegible] പ്രകാശനം ചെയ്തിട്ടുണ്ട്. 'ടിപ്പുവുമായുള്ള യുദ്ധത്തിന്റെ ആരംഭവും നടത്തിപ്പും' എന്ന പുസ്തകം കേണൽ ബീററ്സണും, 'ടിപ്പുസുൽത്താന്റെ തിരഞ്ഞെടുത്ത കത്തുകൾ' എന്ന ഗ്രന്ഥം കേണൽ കിർക്ക്പാട്രിക്കും 1800 ലും 1805 ലുമായി പ്രസിദ്ധീകരിച്ചിരുന്നു. രണ്ടു ഗ്രന്ഥം ടിപ്പുസുൽത്താനെ ആവുന്നത്ര ആഭിചാരവാക്കുകൾ കൊണ്ടഭിഷേകം ചെയ്തിട്ടുള്ളവയാണ്. പാലക്കാട് കോട്ടയിൽ നിന്നും കിട്ടിയെന്ന് പറയുന്നതും, വളരെ പ്രബലമായി പ്രചാരത്തിലിരിക്കുന്ന പ്രതിപാദ്യവിഷയമായ വിളംബരം, ഇരുവരുടെയും പ്രസിദ്ധീകരണങ്ങളിലില്ല. അതുപോലെത്തന്നെ മലബാർ കാര്യങ്ങളിൽ അതീവ തല്പരനായിരുന്ന സമകാലികനായ ബുച്ച്ഹാനനായിരുന്നാൽ എഴുതിയിട്ടുണ്ടാകണം. അദ്ദേഹവും കൊച്ചിയിലെ ഭരണാധികാരികളുമായി കൈമാറിയിട്ടുള്ള എഴു

30. കെ. എം. പണിക്കർ, മുൻ ഉദ്ധരിച്ചത്, പുറം 465
31. ഷി.
32. ലോഗൻ, മലബാർ മാന്വൽ, വാല്യം 1, പുറം 124

ഗ്രന്ഥം എറണാകുളത്തുള്ള റീജനൽ പുരാരേഖാകേന്ദ്രത്തിലെ വിലപ്പെട്ട സമ്പാദ്യങ്ങളുടെ കൂട്ടത്തിൽ പ്രാധാന്യമർഹിക്കുന്നവയാണ്. എഴുത്തുകളുടെ വലിയൊരു ശേഖരം ഇക്കാലത്തേതായിട്ടുണ്ടതാനും. അവയിലൊന്നും, "ഈ വിളംബരത്തിന്റെ സംഗതി കേട്ടപ്പോൾ കൊച്ചിയിലെ ജനങ്ങൾ ഞെട്ടിപ്പോയി"[33] എന്ന് കെ. പി. പത്മനാഭമേനോൻ പറയുന്ന ഈ വിളംബരത്തെക്കുറിച്ചുള്ള യാതൊരു പരാമർശവുമില്ല. ഇത്രയും കോളിളക്കം സൃഷ്ടിച്ചുവെന്ന് പറയുന്ന ഈ പ്രഖ്യാപനം നിശ്ചയമായും ഇവരുടെ കത്തിടപാടുകളിൽ സ്ഥലം പിടിക്കുമായിരുന്നു; യഥാർത്ഥത്തിൽ ഇങ്ങനെ ഒന്ന് വിളംബരപ്പെടുത്തിയിരുന്നുവെങ്കിൽ. 1781 വരെ മലബാറിലെ ഡച്ച് ഗവർണറായിരുന്ന മോയൻസ് ഇക്കാലത്ത് (1790) ബത്താവിയായിലെ സുപ്രീം കൗൺസിൽ അംഗമെന്ന നിലയിൽ അവിടെയായിരുന്നുവെങ്കിലും മലബാറിലെ എല്ലാ സംഭവവികാസങ്ങളും അദ്ദേഹത്തിന് നിശ്ചയമുണ്ടായിരുന്നു. കേരളത്തിലെ രാജാക്കന്മാർക്കും സുഹൃത്തുക്കൾക്കും പ്രത്യേകിച്ച് കൊച്ചി രാജാവിനും തുടർച്ചയായി അദ്ദേഹം എഴുതിക്കൊണ്ടുമിരുന്നു. അദ്ദേഹം എഴുതിയ മറുപടികളിലോ, അദ്ദേഹത്തിന് ഇവിടെ നിന്നും അയച്ച എഴുത്തുകളിലോ ഒന്നും തന്നെ ഈ വിളംബരത്തെക്കുറിച്ച് യാതൊരു പരാമർശവുമില്ല.

മലബാർ ഇംഗ്ളീഷുകാരുടെ കൈവശമായതിന് ശേഷം സ്ഥിതിഗതികൾ പഠിക്കാനും ഭരണപരമായ സൗകര്യങ്ങൾ ചെയ്യുവാനും ഒരു കമ്മിഷനെ ഇംഗ്ളീഷ് കമ്പനി അധികാരികൾ നിയമിക്കുകയുണ്ടായി. 'മലബാർ കമ്മിഷണർമാരുടെ റിപ്പോർട്ട്' നമ്മുടെ ചരിത്രപഠനത്തിന് ഏറെ പ്രയോജനകരമായ ഉപാദാനമാണ്. അവർ ഒരോ സ്ഥലത്തേയും പ്രധാനികളോട് ആവശ്യമായ ചോദ്യങ്ങൾ ചോദിച്ച്, ആ ചോദ്യങ്ങളും കിട്ടിയ മറുപടിയും അവരുടെ നടപടിക്രമങ്ങൾ ഉൾക്കൊള്ളുന്ന വലിയ വാല്യങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അത്തരം ഒരു ചോദ്യവും അതിന്റെ ഉത്തരവും താഴെ കൊടുക്കുന്നു. സാമൂതിരിയുടെ കാര്യക്കാരനായിരുന്ന പാലക്കാട്ടുകാരൻ ഷംനോത്ത് (സ്വാമിപട്ടർ) എന്ന ബ്രാഹ്മണനോടായിരുന്നു അന്വേഷണം.

ചോദ്യം : "ഏത് കൊല്ലമാണ് ജൻമക്കാർ ഓടിപ്പോയത്?"
ഉത്തരം : "964 (1788–89). ഈ വർഷമാണ് ജൻമികൾ നാടുവിട്ടത്".

"ഇവിടത്തെ ജൻമക്കാർ നമ്പൂതിരി ബ്രാഹ്മണൻമാരാണ്". അർഷാദ് ബെഗ്ഖാന്റെ കാലത്ത് അവർ കച്ചേരിയിൽ പോകുവാൻ കൂട്ടാക്കാഞ്ഞതാണ് കാരണം. നമ്പൂതിരിമാർ അന്നും ഇന്നും കച്ചേരിയിൽ ഹാജരാകു

33. കൊച്ചിരാജ്യചരിത്രം, ഭാഗം രണ്ട്, പുറം 484

ന്നവരല്ല"34. ജാതിവ്യവസ്ഥയനുസരിച്ച് കച്ചേരിയിൽ ഹാജരാകുന്ന നമ്പൂതിരി മററുള്ളവരുടെ ദൃഷ്ടിയിൽ അപകർഷത ഉണ്ടാക്കുമെന്നതുകൊണ്ട് നാട് വിടുകയാണ് ചെയ്യുതെന്ന് സാരം. ഈ സംഗതി 1885–ൽ ലോഗൻ 'മലബാർ മാനവൽ' എഴുതിയപ്പോഴ് രേഖപ്പെടുത്തിയത് ഇംഗ്ളീഷ് ഭാവനാവിലാസം എത്രമാത്രം നമ്മുടെ ചരിത്രവസ്തുതകളെ വികലപ്പെടുത്തി ദുരുപദിഷ്ടമാക്കിയെന്നതിന് തെളിവായി കണക്കാക്കാം. അദ്ദേഹം എഴുതുന്നതു്, "ടിപ്പുവിന്റെ സാർവ്വത്രികമായ മതപരിവർത്തന നയം മൂലം ജനങ്ങൾ 1788–89 കാലത്ത് നാടുവിട്ടോടിപ്പോയി" എന്നാണ്[35]. നികുതി കൊടുക്കുകയോ, രാജനീതി അനുസരിക്കുകയോ ചെയ്യേണ്ട ആവശ്യമില്ലാതിരുന്ന നമ്പൂതിരി ജൻമികൾ, നികുതി നിജപ്പെടുത്തുവാനും കൈവശഭൂമി അളന്ന് തിട്ടപ്പെടുത്തുവാനും മററുമായി കച്ചേരിയിൽ ചെല്ലാൻ ആജ്ഞാപിക്കപ്പെട്ടപ്പോൾ, തങ്ങളെ ജാതീയമായി തരം താഴ്ത്തുവാൻ മനഃപൂർവ്വമായി വിമതസ്ഥരായ മൈസൂർ നവാബുമാർ ആവിഷ്കരിച്ച പദ്ധതിയാണെന്ന് അവർ ആത്മാർത്ഥമായും ധരിച്ചു. അക്കാലത്തു് അവർ ഇതൊക്കെ മതധ്വംസനമായി കരുതിയെങ്കിൽ നമുക്കവരുടെ വികാരത്തെ മാനിക്കുവാൻ ഒക്കുന്നതേയുള്ളു. എന്നാൽ, ഇപ്പോഴും കഴിഞ്ഞ കാലത്തെ ഇത്തരം ഭരണപരിഷ്കാരങ്ങളെ വിലയിരുത്തുമ്പോൾ മതവിദ്വേഷവും പകയും പരത്തുന്നത് എന്തിന്റെ ചേതോവികാരം കൊണ്ടാണ്? ഏതായാലും, മലബാർ കമ്മിഷണർമാർ പലതരം ചോദ്യങ്ങൾ ചോദിച്ചിട്ടും ഇത്തരം ഒരു വിളംബരത്തിന്റെ കാര്യം ആരോടും അന്വേഷിച്ചതായി രേഖകളില്ല. ആറു് വലിയ വാല്യങ്ങളിൽ സുദീർഘമായി രേഖപ്പെടുത്തിയിട്ടുള്ള അവരുടെ 'നടപടിക്രമ'ത്തിലോ 'റിപ്പോർട്ടിലോ' ഈ വിളംബരത്തിന് സ്ഥാനം ലഭിച്ചിട്ടില്ല. ഇത്തരം ഒരായുധം കിട്ടിയാൽ അതു സംബന്ധമായി എത്രമാത്രം ചോദ്യങ്ങളും ഉപചോദ്യങ്ങളും അവർ ചോദിക്കുമായിരുന്നുവെന്ന് മനസ്സിലാക്കാവുന്നതാണല്ലോ. അതും ഈ വിളംബരം നടന്നുവെന്നു പറയുന്ന 1788–89 കാലം കഴിഞ്ഞ് കഷ്ടി മൂന്നു വർഷമാകുന്നതിനു മുമ്പാണ് ഈ അന്വേഷണം നടക്കുന്നതെന്നുകൂടി ഓർമ്മിക്കുക. മലബാർ കമ്മിഷണർമാർ ടിപ്പുവിന്റെ പക്ഷപാതികളായിരുന്നുവെന്ന് ആരും വാദിക്കുകയില്ലല്ലൊ.

ഡോ. ഫ്രാൻസിസ് ബുക്കാനൻ 1800–ൽ മലബാറിൽ അന്വേഷണം നടത്തി വിശദമായ ഒരു ഗ്രന്ഥം രചിച്ചിരുന്നു. കേരള ചരിത്ര വിദ്യാർത്ഥി

34. മലബാർ, [illegible]", ഐസ്. നമ്പർ 56, പുറം 150.
35. മലബാർ, [illegible], സീക്രട്ട് പ്രൊസീഡിങ്സ്", ഐസ്. നമ്പർ 96, പുറം 184

കാരംശം" ഏറെ പ്രയോജനപ്പെടുന്ന ഈ ഗ്രന്ഥം മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്*. ബുക്കാനൻെറ അന്വേഷണത്തിൽ ഈ വിളംബരത്തെക്കുറിച്ച് യാതൊരുവക വിവരവും അക്കാലത്ത് ലഭിച്ചിരുന്നില്ലെന്നത്തന്നെ ഇത് പിൽക്കാലത്ത് പടച്ചൊപ്പിച്ച സത്യവിരുദ്ധമായ പ്രഖ്യാപനമാണെന്നതിന് തെളിവാണ്. തലശ്ശേരിയിലെ കമ്പനി ഉദ്യോഗസ്ഥൻമാർ നിസ്സാര കാര്യങ്ങൾ പോലും ബോംബെ, മദ്രാസ് ഗവർണർമാരെ എഴുതി അറിയിക്കുക പതിവായിരുന്നു. എന്നിട്ടുകൂടി അവരുടെ കത്തിടപാടുകളിലൊന്നിലും ഇത് പരാമർശിക്കപ്പെടുന്നില്ല.

ചുരുക്കത്തിൽ, ടിപ്പുവിൻെറ നാമധേയത്തിലിറക്കിയ ഈ വിളംബരം കൃത്രിമമായി സൃഷ്ടിച്ചുവിട്ട അനവധി അസത്യ ചരിത്രസാഹിത്യങ്ങളിൽപ്പെട്ട ഭാവനാസൃഷ്ടി മാത്രമാണെന്ന് വ്യക്തം. ഇത് പുറപ്പെടുവിച്ചുവെന്ന് പറയുന്ന കൊല്ലവും വളരെ പ്രാധാന്യമർഹിക്കുന്നുണ്ട്. 1788–89ലാണ് വിദേശികളുടെ സ്വതന്ത്ര വ്യാപാരത്തെ നിരോധിക്കുന്നതും കുരുമുളക് തുടങ്ങിയവ സ്റ്റേററിൻെറ കുത്തകവ്യാപാര ഉല്പന്നങ്ങളായി ടിപ്പുസുൽത്താൻ പ്രഖ്യാപിക്കുന്നതും. ഇതിൻെറ ഫലമായി ഇംഗ്ലീഷ്കാരുടെ കച്ചവടം പാടെ സ്തംഭിച്ചെന്ന് മാത്രമല്ല തലശ്ശേരിയിലുള്ള അവരുടെ ഫാക്ടറി അടച്ചുപൂട്ടുവാനുള്ള ആലോചന തകൃതിയായി നടക്കുന്ന കാലവുമായിരുന്നു. 1789 ആഗസ്റ്റ് 26–ാം തീയതിയിലെ ബോംബെ ഗവൺമെൻറിൻെറ കൗൺസിൽ നടപടികളിൽ ഇത് അസന്ദിഗ്ധമാം വിധം രേഖപ്പെടുത്തിയിട്ടുണ്ട്. ''ടിപ്പു കയററുമതി സാധനങ്ങളിൻമേൽ നിരോധനം ഏർപ്പെടുത്തിയിരിക്കുന്നതുകൊണ്ട് തലശ്ശേരിയിലെ സ്ഥിതി കഷ്ടമാണ്. ലാഭമില്ലെന്ന് മാത്രമല്ല ഇവിടുത്തെ ചിലവു തന്നെ നേരിടുവാൻ പ്രയാസമാണ്. അതേ സമയം ഏതെങ്കിലും ഭാഗ്യാതിരേകത്താൽ നമുക്ക് മലബാർ രാജാക്കൻമാരുമായി യോജിച്ച് ടിപ്പുവിനെ തുരത്തുവാനൊത്താൽ വാണിജ്യപരവും പ്രതിരോധപരവുമായി തലശ്ശേരി ഏററവും ശക്തമായ ഒരു കേന്ദ്രമായി തീരുകയും ചെയ്യും''. അങ്ങനെ ഏതെങ്കിലും വിധേന മലബാർ രാജാക്കന്മാരെ ഇംഗ്ലീഷ് പക്ഷത്ത് കൊണ്ടുവരുവാനുള്ള നടപടികളിൽ മതപരിവർത്തന കഥകൾക്ക് അമിത പ്രാധാന്യം കൊടുത്തുവെന്നേയുള്ളു.

അതിന് സഹായകമായി, ഒരു പക്ഷേ, ടിപ്പുസുൽത്താൻെറ സാമൂഹ്യ പരിഷ്കരണ ശ്രമങ്ങളേയും വളച്ചൊടിച്ച് മുതലെടുത്തിരിക്കാം. മാറുമറക്കായ്ക, ജാത്യാചാരപരമായി അനുഷ്ഠിച്ചുപോന്നിരുന്നുവല്ലോ നമ്മുടെ നാട്ടിൽ. മാറ് മറയ്ക്കണമെന്നും, എല്ലാവരും കുപ്പായമിടണമെന്നും ഇട്ടി

---

*ഫ്രാൻസിസ് ബുക്കാനൻെറ കേരളം, ഭാഷാ ഇൻസ്റ്റിററ്യൂട്ട്, 1982 (വിവർത്തനം, ഡോ. സി. കെ. കരീം)

ല്ലെങ്കിൽ ശാഠ്യമായും നിർബന്ധമായും കുപ്പായമിടുവിക്കണമെന്നും ടിപ്പു ഒരു പക്ഷേ ഒരു വിളംബരം മൂലം ശഠിച്ചു കാണും. വിളംബരങ്ങളും അറിയിപ്പുകളും അതാത് സ്ഥലത്തെ ഭാഷയിൽ എഴുതുകയായിരുന്നു ടിപ്പു അനുവർത്തിച്ചിരുന്ന രീതി എന്നതിന് തെളിവുകളുണ്ട്[36]. കേരളത്തിൽ 'കുപ്പായമിടുക' എന്നതിന്റെ അർത്ഥം മുസ്ലിം ആകുകയെന്നതാണല്ലോ. 'അവൻ തൊപ്പിയിട്ടു', 'അവൾ കുപ്പായമിട്ടു' എന്നൊക്കെപ്പറയുന്നതിന്റെ അർത്ഥവും മറ്റൊന്നല്ല. ഇവിടെ കുപ്പായമിട്ടില്ലെങ്കിൽ നിർബന്ധമായും 'കുപ്പായമിടുവിക്കും' എന്ന ടിപ്പുവിന്റെ ഭാഷയെ, 'സ്വമനസ്സാലെ മുസ്ലിം ആയില്ലെങ്കിൽ നിർബന്ധമായും ഇസ്ലാമാക്കും' എന്ന് അന്നുള്ളവരിൽ കുറെപ്പേരെങ്കിലും തെററിദ്ധരിച്ചുകാണും. ന്യായമായും ഇതു ഭയന്ന് ചിലർ നാടുവിട്ടോടിപ്പോയിട്ടുണ്ടാകണം. ഓടുന്നതിന്റെ ന്യായീകരണത്തിനുവേണ്ടിയെങ്കിലും അതിഭാവുകത്വത്തോടുകൂടി പല മതധ്വംസനകഥകളും മെനഞ്ഞെടുത്ത് പ്രചരിപ്പിച്ചുമിരിക്കും. പോരെങ്കിൽ നമ്പൂതിരിമാരും നായൻമാരുമായിരുന്നല്ലൊ പലായനം ചെയ്തവർ. നമ്പൂതിരിവചനം ദേവവാക്യമായി കരുതിപ്പോന്നിരുന്ന അക്കാലത്ത് അവർ പറഞ്ഞ കഥകൾ അവിശ്വസിക്കേണ്ട കാര്യമോ, ന്യായാന്യായവിചിന്തനം ചെയ്യേണ്ടതിന്റെ ആവശ്യമോ നേരിട്ടിരിക്കയുമില്ല. ഇങ്ങനെ പ്രചരിച്ച കഥകളിൽ ഏതെങ്കിലും ഒന്നു കേട്ടറിഞ്ഞതാകാം വിൽക്സിന്ന് ഇത്തരം ഒരു വിളംബരനിർമ്മാണത്തിന്ന് പ്രചോദനമായിത്തീർന്നത്. മലബാറിലെ ഒരു മലവർഗ്ഗം നഗ്നരായി നടക്കുന്നതറിഞ്ഞ ടിപ്പു അവരുടെ വർഗ്ഗത്തലവനെ വരുത്തി ആവശ്യത്തിനുള്ള തുണി എല്ലാ വർഷവും കൊടുക്കുവാൻ ഏർപ്പാടു ചെയ്യാമെന്നേല്ക്കുകയും നല്ല രീതിയിൽ നാണം മറയ്ക്കുവാൻ കല്പിക്കുകയും ചെയ്തു. പക്ഷേ അത് തങ്ങളുടെ വർഗ്ഗാചാരമാണെന്നും വസ്ത്രധാരണം ചെയ്യാൻ നിർബന്ധിച്ചാൽ മററു കാടുകളിലേക്ക് ഒഴിഞ്ഞ് പോകുമെന്നും അവർ വിനീതരായി മറുപടി പറഞ്ഞ കാര്യം മുമ്പൊരിക്കൽ പരാമർശിച്ചതാണ്. ടിപ്പുസുൽത്താൻ ഈ മറുപടി കേട്ട് അവരെ അവരുടെ പാട്ടിന് വിട്ടു[37]. നഗ്നരായ അവരെ ഉപദ്രവിക്കാതെ വെറുതെവിട്ട ടിപ്പുസുൽത്താൻ അർദ്ധനഗ്നരായവരെ '[illegible]'യെന്ന് പറഞ്ഞിരിക്കുവാൻ സാദ്ധ്യതയില്ല. അത് വിശ്വാസയോഗ്യമല്ല.

[illegible] നില്ക്കുന്ന [illegible] വസ്ത്രങ്ങൾ [illegible] ടിപ്പുസുൽത്താന്റെ [illegible] കൂടുതൽ [illegible] ടിപ്പുവിന്റെ [illegible]

36. [illegible] XXI, [illegible] 34-35

37. Abbe J. A. Dubois, Hindu Manners, Customs and Ceremonies, 1800, P. 78

വലിയ സേനാവിഭാഗത്തിലധികവും അമുസ്ലിങ്ങളായിരുന്നു. ഇന്നും അഞ്ച് ശതമാനത്തിൽ കൂടുതൽ മുസ്ലിം ജനസംഖ്യയില്ലാത്ത മൈസൂറിൽ നിന്നും രൂപീകൃതമാകുന്ന സൈന്യത്തിൽ അത്രയേ സാദ്ധ്യമാകൂവെന്നത് വിശദീകരണം ആവശ്യമില്ലാത്ത സംഗതിയാണല്ലൊ. മലബാർ ആക്രമിക്കുവാൻ ഹൈദരാലിയോടൊപ്പമെത്തിയ സേനാനായകൻ ശ്രീനിവാസറാവു ആയിരുന്നു. അപ്പറാവു, ഹരിസിങ്ങ്, ശ്രീപത്മറാവു, രാമറാവു തുടങ്ങിയവർ ടിപ്പുവിൻെറ കമാൻഡർമാരിൽ പ്രധാനികളായിരുന്നു. സിവിൽ ഭരണതലത്തിലും ഭൂരിപക്ഷം ഹിന്ദുസഹോദരങ്ങളായിരുന്നു. അദ്ദേഹത്തിൻെറ ദിവാൻ പൂർണ്ണയ്യ ആയിരുന്നുവെന്ന് ഏവർക്കുമറിയാവുന്ന കാര്യമാണല്ലോ. കൃഷ്ണറാവു ഖജനാവ് സൂക്ഷിപ്പുകാരനും, ശ്യാമയ്യർ പോലീസ് മേധാവിയും, ഇദ്ദേഹത്തിൻെറ സഹോദരൻമാരായ രംഗയ്യങ്കാരും നരസിംഹറാവുവും ഉയർന്ന ഉദ്യോഗസ്ഥൻമാരുമായിരുന്നു. തന്ത്രപ്രതിനിധികളുടെ കൂട്ടത്തിൽ ശ്രീനിവാസറാവു, അപ്പാജിറാവു, മൂലചന്ദ്, സുചൻറായ്, നായിക്ക്റാവു, നായിക്ക് സംഗാന, നാഗപ്പയ്യ, നാരായണയ്യ തുടങ്ങിയവർ വിശ്വസ്തതയോടെ ടിപ്പു സുൽത്താന് സേവനം ചെയ്തിരുന്നവരാണ്. ടിപ്പുവിൻെറ പ്രധാന പേഷ്കാർ സുബ്ബറാവു ആയിരുന്നു.

ഏത് രാജാവിന്റെയും അദ്ദേഹത്തിൻെറ സേനയിൽ വലിയ വിഭാഗം വിമതസ്ഥരാണെങ്കിൽ, പട്ടാളത്തിൻെറ കൂറ് നഷ്ടപ്പെട്ടുമെന്നതുകൊണ്ടു് തന്നെ മതപരിവർത്തനവും മതധ്വംസനവും സാദ്ധ്യമാകുകയില്ല. ടിപ്പുവിന് മാത്രം ഇതൊന്നും ബാധകമായിരുന്നില്ലെന്ന് ധരിക്കുവാനും സാദ്ധ്യമല്ലല്ലോ. ബ്രിട്ടീഷുകാർ ആരെയെങ്കിലും ഉള്ളിൽ തട്ടി ഭയപ്പെട്ടിരുന്നുവെങ്കിൽ—പേടിക്കേണ്ട പ്രമുഖശക്തിയായി പരിഗണിച്ചിരുന്നുവെങ്കിൽ—അത് ടിപ്പുവെ മാത്രമായിരുന്നുവെന്ന് എല്ലാ ഇംഗ്ലീഷ് എഴുത്തുകാരും ഏകോപിതമായിത്തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. അങ്ങിനെ ഉയർന്ന ശക്തിയായി വളരുവാൻ മിടുക്കും തൻേറടവും കാണിച്ച ടിപ്പുസുൽത്താൻ, തൻെറ പ്രജകളുടേയും പട്ടാളത്തിൻെറയും കൂറ് നഷ്ടപ്പെടുന്ന പ്രവൃത്തികൾ ചെയ്തിരിക്കുമെന്ന് വിശ്വസിക്കുന്നത് അപാകതയായിരിക്കും. അതേസമയം, തൻെറ പ്രജകളിൽ ബഹുഭൂരിപക്ഷം വരുന്ന ഹൈന്ദവ സഹോദരങ്ങളെ, പ്രീണിപ്പിക്കുവാൻ മറേറത് വിമതസ്ഥനിൽ നിന്നും പ്രതീക്ഷിക്കുവാനൊക്കാത്ത പ്രോത്സാഹനങ്ങളാണ് ടിപ്പു ചെയ്തിട്ടുള്ളതെന്ന് താഴെ ഉദ്ധരിക്കുന്ന രേഖകളിൽ നിന്നും സ്പഷ്ടമാകാതിരിക്കുകയില്ല.

മൈസൂർ പുരാവസ്തു വകുപ്പിൻെറ റിപ്പോർട്ട് ശരിയായി പരിശോധിച്ചാൽ കാണാവുന്ന പരമാർത്ഥം നഞ്ചൻകോട് താലൂക്കിലെ 'ലക്ഷ്മീകാന്ത' ക്ഷേത്രത്തിനും, മേലേക്കോട്ട് 'നാരായണസ്വാമി' ക്ഷേത്രത്തിനും സ്വർണ്ണവെള്ളിത്തളികകളും, ഇനാം സ്ഥലങ്ങളും മററു വിധത്തിലുള്ള

സമ്മാനങ്ങളും പലപ്പോഴും ടിപ്പു കൊടുത്തിട്ടുണ്ടെന്നാണ്[38] ഇന്നും ഈ ക്ഷേത്രങ്ങളിലെ പല സ്വർണ്ണത്തളികകളിലും വിളക്കുകളിലും 'പാദ്ഷ ടിപ്പുവിനാൽ സമ്മാനിക്കപ്പെട്ടത്'' എന്ന് കൊത്തിയിട്ടുള്ളത് കാണാം[39]. നഞ്ചൻകോട്, നഞ്ചൻദേശവര അമ്പലങ്ങളിൽ ടിപ്പുവിന്റെ കല്പന പ്രകാരം നിർമ്മിച്ചുകൊടുത്ത രണ്ടു ലിംഗ പ്രതിമകൾ ഇന്നും ആരാധിച്ചു പോരുന്നുണ്ട്. ഇതിന് 'പാദ്ഷാലിംഗം' എന്ന് പേരു പറഞ്ഞുപോരുന്നു[40]. പുഷ്പഗിരി അമ്പലത്തിന്റെ നടത്തിപ്പിന്നായി തൊംഗപ്പള്ളി, ഗൊള്ളപ്പള്ളി, എന്നീ ഗ്രാമങ്ങൾ ടിപ്പുസുൽത്താൻ ഇനാമായി നല്കിയിരുന്നു[41]. കമലാപുരം താലൂക്കിലെ നിരവധി ബ്രാഹ്മണപണ്ഡിതന്മാർക്കും ഇനാമായി സ്ഥലങ്ങൾ പതിച്ചു കൊടുത്തിരുന്നു[42].

ഇതിനെല്ലാം മകുടം ചാർത്തുന്ന തെളിവുകളാണ് ശൃംഗേരി മഠത്തിലെ ഗ്രന്ഥവരികളിലുള്ളത്. ഈ മഠവും ടിപ്പുവുമായുണ്ടായിരുന്ന ബന്ധം ഒരു അന്ധവിശ്വാസിയുടെ കലവറയില്ലാത്ത ബഹുമാനാദരവുകളുടേതായിരുന്നു. മഠത്തിലേക്ക് നല്കിയിട്ടുള്ള സ്ഥലവും സമ്മാനങ്ങളും സംരക്ഷയുമൊക്കെ എടുത്തുദ്ധരിക്കുവാൻ വയ്യാത്തവണ്ണം സുദീർഘമാണ്. ഇന്നും ഇവിടങ്ങളിൽ ടിപ്പു സ്വീകാര്യനായ വീരപുരുഷനത്രെ. 1793-ൽ ശൃംഗേരിമഠാധിപതിക്ക് ടിപ്പു എഴുതിയ കത്ത് ഇപ്രകാരമായിരുന്നു: "അങ്ങ് ജഗദ്ഗുരുവാണ്. ജനങ്ങൾ ശാന്തരും സന്തുഷ്ടരായിരിക്കുവാനും, ലോകമാസകലം സമൃദ്ധിയുണ്ടാകുവാനും വേണ്ടി അങ്ങ് സർവ്വദാ തപശ്ചര്യ അനുഷ്ഠിക്കുന്നു. നമ്മുടെ അഭിവൃദ്ധിക്കുവേണ്ടി ദൈവത്തോടു ദയവായി പ്രാർത്ഥിക്കുക. ഏത് രാജ്യത്താകട്ടെ അങ്ങയെപ്പോലുള്ള വിശുദ്ധാത്മാക്കൾ നിവസിക്കുന്നുവോ, ആ രാജ്യം നിശ്ചയമായും യഥാ മഴയും വിളവും മൂലം അഭിവൃദ്ധി പ്രാപിക്കും[43]. എന്റെ കൈവശമുള്ള മറ്റൊരു രേഖ എറണാകുളത്തുള്ള പുരാരേഖാ കേന്ദ്രത്തിൽ നിന്നും ലഭിച്ചതാണ്. നാലാം മൈസൂർ യുദ്ധത്തിൽ പരാജയഭീതി പൂണ്ട ടിപ്പു ശൃംഗേരിസ്വാമികളുടെ സമക്ഷത്തിങ്കൽ നമസ്കരിക്കുന്നതും, അദ്ദേഹത്തിന്റെ സന്ദേശത്തോടുകൂടി ഒരു ലക്ഷം കുതിരപ്പടയേയും നാലു ലക്ഷം കാലാൾപ്പടയേയും നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് ചില [illegible] സഹായം തേടുന്നതുമാണ് ഇതിലെ രത്നച്ചുരുക്കം.

---

38. മൈസൂർ ആർക്കിയോളജിക്കൽ റിപ്പോർട്ട്, 1917, പുറം 60
39. ടി., 1912, പുറങ്ങൾ 23-40
40. ടി. 1940, പുറം 26
41. Tipu's Endowments to Hindu Institutions, പുറം, 416
42. ടി., പുറങ്ങൾ 249-45
43. Quoted by Mohibbul Hassan Khan, History of Tipu Sultan, P.354

കോയമ്പത്തൂരിലെ ശിരസ്തദാർ രാമഭട്ടർ ദൃക്സാക്ഷിയെന്ന നിലയിൽ കൊച്ചിരാജാവിന്നെഴുതുന്ന സുദീർഘമായ കത്താണിതു[44]. പരാജയം സുനിശ്ചിതമാണെന്നറിയാമായിരുന്നിട്ടു കൂടി ശൃംഗേരി മഠാധിപതി കാട്ടിയ സൗഹൃദം ടിപ്പുവും മഠവുമായുണ്ടായിരുന്ന അഭേദ്യമായ ബന്ധത്തിൻെറ വ്യക്തമായ തെളിവത്രെ. തൻെറ എഴുത്തിൽ മഠാധിപതിയെ 'ജഗത്ഗുരു' എന്ന് അഭിസംബോധന ചെയ്യുന്ന ടിപ്പുസുൽത്താനെ ഹൈന്ദവ വിരോധിയായി ചിത്രീകരിക്കുന്നതു് കഠിനമായ പാതകമാണ്. 'ആലിസഹോദരൻമാരുടെ വിചാരണ' എന്ന ശീർഷകത്തിൽ 1973, മാർച്ച് 25-ലെ ഇൻഡ്യൻ എക്സ്പ്രസ്സിൽ നൂറാനി എഴുതിയ ലേഖനത്തിൽ ശ്രദ്ധേയമായ ഒരു കാര്യം ചേർത്തിട്ടുള്ളതു് ഇവിടെ പ്രസക്തമായിട്ടുള്ളതാണ്. കേസ്സിലെ കൂട്ടപ്രതിയായിരുന്ന ശാരദാമഠത്തിലെ ജഗത്ഗുരു തൻെറ വിസ്താരത്തിൽ ടിപ്പുവിനെപ്പററി ഇപ്രകാരം കോടതിയിൽ മൊഴി കൊടുത്തതായി കാണുന്നു: "ശൃംഗേരിയിൽ മഠാധിപതിയായ ശങ്കരാചാര്യരോടു് ഏറെ ഭക്തിയുണ്ടായിരുന്ന ടിപ്പുസുൽത്താൻ നൂറു് കണക്കിന് അമ്പലങ്ങൾ പുതുക്കി പണിയുവാനും മററും സഹായിച്ചിരുന്നുവെന്നു് മാത്രമല്ല, അദ്ദേഹത്തിൻെറ ശ്രമഫലമായി പല പുതിയ ക്ഷേത്രങ്ങൾ നിർമ്മിക്കുവാനിടയാവുകയും ചെയ്തിട്ടുണ്ട്"[45].

രംഗനാഥക്ഷേത്രം ശ്രീരംഗപട്ടണം കോട്ടയ്ക്കകത്തു് സ്ഥിതിചെയ്യുന്നു. ടിപ്പുവിൻെറ അരമനയുമായി നൂറുവാര അകലമേ ഇതിന്നുള്ളൂ. നരസിംഹക്ഷേത്രവും, ഗംഗാധേശ്വരക്ഷേത്രവും കോട്ടയ്ക്കകത്തുണ്ടായിരുന്ന മററു രണ്ട് അമ്പലങ്ങളായിരുന്നു. അവയുടെ നടത്തിപ്പിന്നും ആഘോഷങ്ങൾക്കും ടിപ്പു സുൽത്താൻ നിർല്ലോഭം സഹായം ചെയ്തിട്ടുമുണ്ട്. ഒരു പക്ഷെ, പലർക്കും വിശ്വസിക്കുവാൻ സാധിക്കാത്ത മറെറാരു വസ്തുതകൂടി ഇവിടെ ചേർത്തു കൊള്ളട്ടെ. ടിപ്പുവിൻെറ ആധുനിക ചരിത്രകാരനായ മൊഹിബ്ബുൾ ഹസ്സൻ ഖാൻ, ആധികാരികരേഖകളോടുകൂടി ഉദ്ധരിക്കുന്ന ഇതു് മൈസൂർ ഭരണാധികാരികളുടെ മതനയം സ്പഷ്ടമാക്കുവാൻ ഉപകരിക്കുന്നതാണ്. "1780-ൽ കാഞ്ചീപുരത്തു് ഒരു ഗോപുരക്ഷേത്രത്തിന് ഹൈദർ തറക്കല്ലിട്ടു. അദ്ദേഹത്തിന്നതു് പൂർത്തിയാക്കുവാൻ കഴിഞ്ഞിരുന്നില്ല. മൂന്നാം മൈസൂർ യുദ്ധകാലത്തു് ടിപ്പു ഈ സ്ഥലം സന്ദർശിച്ചപ്പോൾ 10,000 ഹൻസ് ഈ ക്ഷേത്രം പണിയുവാൻ നല്കുകയും, പണിപൂർത്തിയായപ്പോൾ അതിൻെറ ഉത്സവത്തിനും എഴുന്നള്ളിപ്പിനും സന്നിഹിതനാകുകയും ചെയ്തു"[46]. ഇതൊക്കെ

---

44. Regional Archives, Ernakulam, No. 160, List No. 7, First Series 3, 8; 974 M.E.
45. Noorani, The Trial of Ali Brothers, Indian Express, dt. 25-3-1973
46. Temple Records quoted by Mohibbul Hassan Khan, op. cit, P.355

കാരണം കേരളമൊഴിച്ചുള്ള എല്ലാ സ്ഥലങ്ങളിലും ടിപ്പുവിനെപ്പററി ബ്രിട്ടീഷുകാർ പ്രചരിപ്പിച്ച മതധ്വംസനത്തിന്റെ കള്ളക്കഥ ആരും വിശ്വസിക്കുന്നില്ലെന്നു് മാത്രമല്ല, ദേശാഭിമാനിയും മതസഹിഷ്ണുതയുടെ പ്രതീകവുമായാണു് ടിപ്പുസുൽത്താനെ അവിടങ്ങളിലൊക്കെ വ്യവഹരിച്ചുപോരുന്നതും. കേരളത്തിൽ മാത്രം നിലനില്ക്കുന്ന ഈ മതഭ്രാന്തിന്റെ കഥകൾ എത്രമാത്രം ശരിയായിരിക്കുമെന്നറിയുവാൻ ഞാൻ നടത്തിയ ശ്രമത്തിൽ എനിക്കു് പരിപൂർണ്ണമായും ബോദ്ധ്യമായ കാര്യങ്ങൾ ഇവയാണു്. മതധ്വംസനമെന്നു് ഇവിടെ പ്രചാരത്തിലാകുവാൻ കാരണം മതഭ്രാന്തോ പീഡനമോ അല്ല, പ്രത്യുത കാർഷിക പരിഷ്കാരങ്ങൾ, രാഷ്ട്രീയമായ ഏകീകരണം, സാമൂഹ്യവൈകല്യങ്ങൾക്കെതിരായെടുത്ത നടപടികൾ തുടങ്ങിയവയാണു്. ടിപ്പു തന്റെ മററുള്ള സംസ്ഥാനങ്ങളിൽ പിന്തുടർന്ന മതനയം തന്നെയാണു് കേരളത്തിലും അനുവർത്തിച്ചിരുന്നതു്. മൈസൂർ സംസ്ഥാനത്തുണ്ടായിരുന്ന ധർമ്മസ്ഥാപനങ്ങൾ, അനാഥാലയങ്ങൾ, പള്ളികൾ, ക്ഷേത്രങ്ങൾ ഇവയ്ക്കൊക്കെ നിർല്ലോഭം സഹായം നല്കിയിരുന്ന ടിപ്പുസുൽത്താൻ, മലബാറിലും കൊച്ചിയിലും അതേനടപടികൾതന്നെ സ്വീകരിച്ചിരുന്നതായി രേഖകളിൽനിന്നും മനസ്സിലാക്കുവാൻ സാധിക്കുന്നുണ്ടു്. ഗവേഷണങ്ങൾക്കിടയിൽ അത്തരം അനർഘമായ ഒരു രേഖാശേഖരം തിരഞ്ഞുപിടിക്കുവാനുള്ള ഭാഗ്യം എനിക്കുണ്ടായി. ഇപ്പോൾ കോഴിക്കോട്ടു് റീജനൽ ആർക്കൈവ്സിൽ സൂക്ഷിച്ചിട്ടുള്ള ഈ വലിയ വാല്യങ്ങൾ ടിപ്പുവിന്റെ കേരളത്തിലെ മതനയമെന്തായിരുന്നുവെന്നു് സുവ്യക്തമാക്കുന്ന അലംഘനീയങ്ങളായ പ്രമാണങ്ങളാണു്.

റവന്യൂ സെററിൽമെൻറ് നടത്തിയ കാലത്തു് അന്നത്തെ ഇനാം കമ്മീഷണറായ റോബിൻസൺ തയ്യാറാക്കിയ ഇനാം രജിസ്റ്ററുകളാണിവ. മലബാറിലെ ഓരോ താലൂക്കിന്റെയും വേർതിരിച്ചുള്ള ഈ റജിസ്റ്ററുകളിൽ ടിപ്പുസുൽത്താൻ കരമൊഴിവാക്കി ഇനാമായി കൊച്ചിയിലേയും മലബാറിലേയും ക്ഷേത്രങ്ങൾക്കും, സത്രങ്ങൾക്കും, നമ്പൂതിരിശ്രേഷ്ഠൻമാർക്കും, പള്ളികൾക്കും, മുസ്ളീം വൈദിക പ്രമാണിമാർക്കും നൽകിയ സ്ഥലങ്ങളുടെ വിശദമായ വിവരണം കാണാവുന്നതാണു്. ഓരോ പറമ്പിന്റെയും, നിലത്തിന്റെയും, തരിശ്ഭൂമിയുടെയും പേരും വിസ്തീർണവും അവ സ്ഥിതിചെയ്യുന്ന അംശം, താലൂക്ക് തുടങ്ങിയവയുടെ വിവരണവും ഇതിലുണ്ടു്. എന്താവശ്യത്തിനുവേണ്ടി ആരു് ആർക്കു് എപ്പോൾ കൊടുത്തു എന്നതും ഇതിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. അങ്ങനെ നമ്മുടെ ഇന്നുവരെയുള്ള ധാരണകളെ സംശയലേശമെന്യേ തിരുത്തുവാൻ പര്യാപ്തമായ ഈ ആധികാരിക രേഖ അമൂല്യമായ അടിസ്ഥാന പ്രമാണമാണു്. വടക്കേ മലബാറിലൊഴിച്ചുള്ള സ്ഥലങ്ങളിൽ അന്നുണ്ടായിരുന്ന സ്ഥാപനങ്ങൾക്കു് ടിപ്പുസുൽത്താൻ നൽകിയ ഇനാമുകളുടെ വിവരണമാണു് താഴെ കൊടുക്കുന്നതു്. വടക്കേ മലബാറിലുണ്ടായിരുന്ന താലൂക്കുകളിലെ ഇനാം രജിസ്റ്റർ പരിശോധനക്കു് ലഭിച്ചിട്ടില്ല.

1. കോഴിക്കോട് താലൂക്കിൽ തിരുവമ്പാടി അംശം കാടരഞ്ഞീക്കൊരുമകൻ ക്ഷേത്രത്തിന്റെ മതച്ചടങ്ങുകളും ഉത്സവങ്ങളും നടത്തിപ്പോരുന്നതിനുവേണ്ടി 2.69 ഏക്കർ നിലം.

2. ഈ അംശത്തിൽ തന്നെ തവന്നൂർ അമ്പലത്തിന്ന് ഇതേ ആവശ്യത്തിന്നായി നല്കിയതു് 1.48 ഏക്കർ നിലം.

3. അതേ അംശം ആനയംകുന്നത്ത് ക്ഷേത്രം — 1.57 നിലവും 0.89 പറമ്പും.

4. തിരുവമ്പാടി അംശത്തിൽ തന്നെ കുമാരനല്ലൂർ ക്ഷേത്രത്തിന്നു 1.36 ഏക്കർ നിലം.

5. ഏറനാട് താലൂക്ക് നിലമ്പൂർ അംശം പുതിയങ്ങാടി പള്ളിക്ക് മതവിദ്യാഭ്യാസത്തിന്നും പള്ളിയുടെ നടത്തിപ്പിന്നുമായി 13.91 ഏക്കർ സ്ഥലം.

6. കയ്യിൽ കരികാളി ക്ഷേത്രത്തിലെ മതച്ചടങ്ങുകളും നടത്തുവാനും ഉത്സവം കൊണ്ടാടുവാനുമായി നല്കിയതു് 1.37 ഏക്കർ നിലം.

7. ഇതേ അംശത്തിലെ ചെമ്മന്തല ഭഗവതി ക്ഷേത്രത്തിന്ന് 15.07 ഏക്കർ നിലം.

8. വണ്ടൂർ അംശത്തിൽ വണ്ടൂർ ക്ഷേത്രത്തിന്ന് 6.16 ഏക്കർ നിലം.

9. അതേ അംശം പുനപ്പലയിക്ഷേത്രം—3.02 ഏക്കർ നിലം.

10. വണ്ടൂർ അംശം ചന്തക്കുളങ്കര ശിവക്ഷേത്രം—1.89 ഏക്കർ നിലം.

11. കീഴ്മുറി അംശം പൊട്ടിയാട്ട് ശിവക്ഷേത്രം—1.89 ഏക്കർ നിലം.

12. പാണ്ടിക്കാട് അംശം നടുവത്തമ്പലം—6.77 ഏക്കർ നിലം.

13. പാണ്ടിക്കാട് അംശം കരുമൻകോട്ട അയ്യപ്പൻ ക്ഷേത്രം—9.8 ഏക്കർ നിലം.

14. കീഴ്മുറി അംശം നെച്ചിപ്പറമ്പത്ത് തൃപ്പുരാന്തകൻ ക്ഷേത്രം—2.60 തെങ്ങിൻതോപ്പ്.

15. അതേ അംശം ചിറമംഗലത്ത് വേട്ടക്കൊരുമകൻ ക്ഷേത്രം, 2.75 നിലം

16. നടുവ അംശം ഉളാവംക്ഷേത്രം, 12.73 നിലം

17. പാലക്കാട് താലൂക്ക് കടുത്തറപ്പള്ളി അംശം നെറും കൈതക്കോട്ട ക്ഷേത്രം, 2.75 നിലം

18. കോഴിക്കോട് താലൂക്ക്, കസ്ബാ അംശം തൃക്കോലംക്ഷേത്രം, 10.55 നിലം

19. ഏറനാട് താലൂക്ക് നിലമ്പൂർ അംശം തിരുമാൻന്ധാൻകുന്ന് ഭഗവതിക്ഷേത്രം, 2.12 നിലം

20. കോഴിക്കോട് താലൂക്ക്, കസ്ബാ അംശം. മേലേടത്ത് ക്ഷേത്രം, 6.62 നിലം

21. ഏറനാട് താലൂക്ക്, കൊടുവായൂർ അംശം, പാലപ്പറമ്പത്ത് ക്ഷേത്രം, 23 ഏക്കർ നിലം

22. കളത്തൂർ അംശം, കൊണ്ടോട്ടിതങ്ങന്മാർക്ക് 135.9 ഏക്കർ നിലം, 267.09 പറമ്പ്, 146.03 തരിശ് സ്ഥലം

23. മഞ്ചേരി അംശം, വൃത്തക്കുന്നത്ത് ദുർഗാഭഗവതി ക്ഷേത്രം, 42 25 നിലം

24. അതേ അംശം വാകത്തൊടി കരിങ്കാളിക്ഷേത്രം, 2.10 നിലം

25. കോഴിക്കോട് താലൂക്ക്, കസ്ബാ അംശം പന്തലൂർ ഭഗവതി ക്ഷേത്രം, 7.20 നിലം

26. മഞ്ചേരി അംശം വാകത്തൊടി കരിങ്കാളിക്ഷേത്രം, 2.10 നിലം

27. അതേ അംശം, തിരുവാടി ക്ഷേത്രം, 1.10 നിലം

28. അതേ അംശം, ഒരിനേടത്ത് ശിവക്ഷേത്രം, 2.10 നിലം

29. കുറുമ്പ്രനാട് താലൂക്ക്, വിയ്യൂർ അംശം, കൊയിലാണ്ടിപ്പള്ളി, 197 ഏക്കർ പറമ്പ്, 23.5 തരിശ് സ്ഥലം.

30. ഏറനാട് താലൂക്ക്, പള്ളിക്കന്നു് അംശം, മണ്ണൂർ ശിവക്ഷേത്രം, 70.20 ഏക്കർ നിലം, 3.29 പറമ്പ്, 73.71 തരിശ്സ്ഥലം.

31. അതേ അംശം നേരാൽ (നരയൻ) കൈതക്കോട്ടയിൽ ക്ഷേത്രം, 53.13 ഏക്കർ നിലം, 13.00 പറമ്പ്, 124.00 തരിശ്സ്ഥലം.

32. അതേ അംശം, തിരുനാവായ വിഷ്ണുക്ഷേത്രം, 188 ഏക്കർ നിലം, 16.31 പറമ്പ്

33. പൊന്നാനി താലൂക്ക്, തൃക്കണ്ടിയൂർ അംശം തൃക്കണ്ടിയൂർ ശിവ ക്ഷേത്രം, 366.34 ഏക്കർ നിലം, 308.80 പറമ്പ്.

34. തൃക്കണ്ടിയൂർ സമൂഹസത്രം, 48.03 ഏക്കർ നിലം, 14.40 പറമ്പ്.

35. തൃപ്രങ്ങോട് അംശം, തൃപ്രങ്ങോട് ശിവക്ഷേത്രം, 274.85 ഏക്കർ നിലം, 65.07 പറമ്പ്, 50.00 തരിശ്സ്ഥലം.

36. തൃശൂർ, കൊച്ചി, നടുവിൽ മഠത്തിൽ തിരുമുപ്പ്, 40.26 ഏക്കർ നിലം, 22.13 പറമ്പ്, 4.17 തരിശ് സ്ഥലം.

37. പൊന്നാനി താലൂക്ക്, പരിയപുരം—തൃക്കൈകൊട് മടപ്പുറം ശ്രീരാമസ്വാമിക്ഷേത്രം, 1.98 ഏക്കർ പറമ്പ്.

38. പള്ളിപ്പുറം അംശം, തൃപ്രങ്ങോട്ട് സമൂഹം, 6.31 നിലം.

39. പൊന്നാനിനഗരം, പൊന്നാനി ജാറംപള്ളി, 2.90 ഏക്കർ നിലം

40. പള്ളിപ്പുറം അംശം, തൃപ്രങ്ങോട്ട് സമൂഹം, ചമ്രവട്ടം ഉത്സവ നടത്തിപ്പിന്നു് 24.26 ഏക്കർ നിലം.

41. കോഴിക്കോട് താലൂക്ക്, കസ്ബാഅംശം, വെട്ടത്ത് കോയിൽ ഭഗവതിക്ഷേത്രം, 52.31 ഏക്കർ നിലം, 6.12 പറമ്പ്.

42. കസ്ബാഅംശം, തെറക്കാവിൽക്ഷേത്രം, 4.71 ഏക്കർ നിലം.

43. കസ്ബാഅംശം, കേരളേശ്വരപുരം ക്ഷേത്രം, 335.72 ഏക്കർ നിലം, 576.09 പറമ്പ്, 200.62 തരിശ്.

44. കസ്ബാഅംശം, തൃക്കണ്ടിയൂർ വേട്ടക്കൊരുമകൻകാവ് ക്ഷേത്രം, 278.19 ഏക്കർ നിലം, 147.67 പറമ്പ്, 36.92 തരിശ്സ്ഥലം.

45. പൊന്നാനി താലൂക്ക്, വെട്ടം അംശം പേമനവിഷ്ണുക്ഷേത്രം, 10.94 ഏക്കർ നിലം

46. കസ്ബാഅംശം, പെരിന്തക്കോവിൽ ശിവക്ഷേത്രം, 66.49 ഏക്കർ നിലം, 14.09 പറമ്പ്

47. പൊന്നാനി താലൂക്ക്, രയിരിമംഗലംഅംശം ദാരകപ്പള്ളി, 11.45 ഏക്കർ നിലം, 16.87 പറമ്പ്

48. കസ്ബാഅംശം, കമ്പിക്കളങ്ങര ശിവക്ഷേത്രം, 11.29 ഏക്കർ നിലം, 7.43 പറമ്പ്

49. പൊന്നാനി താലൂക്ക്, പരശൂർ അംശം, ചെമ്പലങ്ങോട് സമൂഹ സത്രം, 16.49 ഏക്കർ നിലം.

50. മംഗലം അംശം, കൊച്ചി, പുള്ളിനി ശിവക്ഷേത്രം, 2.71 ഏക്കർ നിലം.

51. കസ്ബാഅംശം, പരന്തക്കോവിൽ ശിവക്ഷേത്രം, 10.38 ഏക്കർ നിലം, 7.37 പറമ്പ്.

52. കസ്ബാഅംശം, കണ്ടലത്തേ ഭഗവതിക്ഷേത്രം, 32.00ഏക്കർനിലം.

53. പൊന്നാനിതാലൂക്ക്, വേലത്തൂർഅംശം പരമുടിശ്ശേരി നെടിൻ [illegible]ക്ഷേത്രം, 21.50 ഏക്കർ നിലം, 6.30 പറമ്പ്.

54. [illegible]പ്പുറത്ത് വേട്ടക്കൊരുമകൻ ക്ഷേത്രം, 11.20 ഏക്കർ നിലം.

55. തൃശൂർ—കൊച്ചിൻ, തിരുവഞ്ചിക്കുളം ശിവക്ഷേത്രം, 226.60 ഏക്കർ നിലം, 90.10 പറമ്പ്.

56. തൃപ്രയാർ, കൊച്ചിൻ, തൃപ്രയാർക്ഷേത്രം, 123 ഏക്കർ നിലം.

57. ഗുരുവായൂർ അംശം, പൊന്നാനി താലൂക്ക്, ഗുരുവായൂർക്ഷേത്രം 75.10 ഏക്കർ നിലം, 593.90 പറമ്പ്.

58. ചാവക്കാട് താലൂക്ക്, എടക്കഴൂർ അംശം, അഴീക്കൽ ബ്രഹ്മരക്ഷസക്ഷേത്രം, 57.06 ഏക്കർ നിലം, 71.01 പറമ്പ്.

59. പൊന്നാനിതാലൂക്ക്, കടിയാട്ട്അംശം കുട്ടമഠത്തിൽ ശ്രീകുമാരൻ നമ്പൂതിരിപ്പാട്, 27.97 ഏക്കർ നിലം, 6.91 പറമ്പ്.

60. ഗുരുവായൂർ അംശം, പുന്നത്തൂർ രാജാ, 12.01 ഏക്കർ പറമ്പ്

ഇതിൽ നിന്ന് ഒരു കാര്യം വ്യക്തമാണ്[47]. ദക്ഷിണ മലബാറിൽ ഒട്ടാകെ മൂന്ന് മുസ്ലിം പള്ളികൾക്കും മുസ്ലിം വൈദികനായ കൊണ്ടോട്ടി തങ്ങൾക്കും മാത്രമാണ് ദാനങ്ങൾ നല്കിയിരുന്നത്. മറ്റുള്ളവ ക്ഷേത്രങ്ങളോ, ഹൈന്ദവ സ്ഥാപനങ്ങളോ, വ്യക്തികളോ ആണ്. തന്റെ ഹൈന്ദവ പ്രജകളെ പ്രീണിപ്പിക്കുവാൻ മറ്റേതൊരു തന്ത്രശാലിയായ ഭരണാധിപനും ചെയ്യുമായിരുന്ന പ്രവൃത്തികൾ ടിപ്പുവും അനുവർത്തിച്ചിരുന്നുവെന്നർത്ഥം. മതധ്വംസനം നടത്തിയിരുന്നില്ലെന്ന് മാത്രമല്ല തന്റെ ഹൈന്ദവപ്രജകളെ കൂറുള്ളവരാക്കി മാറ്റുവാനും ഭരണത്തിൽ വിശ്വാസമുണ്ടാക്കുവാനുമായി ഇത്തരം ദാനധർമ്മാദികൾ കൂടി ചെയ്തിരുന്നുവെന്ന് സിദ്ധം.

പക്ഷേ, നിർഭാഗ്യമെന്നു പറയട്ടെ മറ്റു പല കാരണങ്ങളാൽ ടിപ്പു സുൽത്താൻ ഇന്നും കേരളചരിത്രത്തിൽ കൊടുംപാതകിയായി വിവരിക്കപ്പെടുന്നു. സാമൂഹ്യ–സാമ്പത്തിക പരിഷ്കാരങ്ങളുടെ പ്രത്യാഘാതങ്ങളായിരുന്ന ഈ ദുരാരോപണങ്ങളുടെ ഉറവിടമെന്ന പരമാർത്ഥം പറഞ്ഞാൽ അത്ര മോശമാക്കാനൊക്കാത്തതിനാൽ എളുപ്പത്തിൽ ഫലിപ്പിക്കാവുന്ന മതപീഡന കഥകൾ പ്രചരിപ്പിക്കുകയും വിശ്വസിപ്പിച്ച് പോരുകയും ചെയ്യുവാനിടയായതാണ് ഇന്നും ഈ ദുരാരോപണങ്ങൾ പച്ചപിടിച്ചു നില്ക്കുവാൻ കാരണം. ഇത്രയും സുശക്തമായും സുസംഘടിതമായും എതിർ പ്രചാരണത്തിന് വിധേയനായ മറ്റൊരു ഇന്ത്യൻ ഭരണാധിപനും ടിപ്പുസുൽത്താനെപ്പോലെ ഉണ്ടായിട്ടില്ല.

ബ്രിട്ടീഷ്കാർ വിവരിക്കുന്നതും കേരളത്തിൽ വിശ്വസിച്ചുപോരുന്നതുമായ തരത്തിൽ ക്രൂരനും മതധ്വംസകനുമായിരുന്നു ടിപ്പുസുൽത്താനെങ്കിൽ അദ്ദേഹത്തിന്റെ മരണത്തിന് ശേഷം ബ്രിട്ടീഷ് പട്ടാളത്തിന്റെ അകമ്പടിയോടു കൂടി നടത്തിയ ശവസംസ്കാരഘോഷയാത്രയിൽ ജനങ്ങൾ സന്തോഷിക്കുകയേ ചെയ്യുമായിരുന്നുള്ളു. ദൃക്സാക്ഷികളായ ബീറ്റ്സനും, കിർക്ക് പാട്രിക്കുമെഴുതുന്നത് റോഡിന്റെ ഇരുവശങ്ങളിലും ധാരാളം ജനങ്ങൾ മണിക്കൂറുകളോളം കാത്തുനിന്നിരുന്നുവെന്നും, മാറത്തടിയും പൊട്ടിക്കരച്ചിലും, ശവമഞ്ചത്തിന്റെ മുമ്പിൽ കുട്ടത്തോടെയുള്ള പ്രണാമങ്ങളുമൊക്കെ മാർഗതടസം സൃഷ്ടിച്ചിരുന്നുവെന്നുമാണ്. ഘോഷയാത്ര ലാൽബാഗിലെത്താൻ എത്രയോ മണിക്കൂറുകൾ തന്മൂലം ആവശ്യമായിവന്നു. സിംഹാസനം തകർന്ന്, ചെങ്കോലൊടിഞ്ഞ്, പോർക്കളത്തിൽ പരാജിതനായി വീണ് മൃതിയടഞ്ഞ ഒരു ഭരണാധിപൻ, പാതകിയും ദ്രോഹിയുമായിരുന്നുവെങ്കിൽ ജനങ്ങൾ സന്തോഷിച്ച് ആർത്തുവിളിക്കുമായിരുന്നു. പ്രത്യേകിച്ചു അയാളെ ഭയപ്പെടേണ്ടതില്ലാത്തപ്പോഴ്, അയാളോടനുകമ്പ

47. കോഴിക്കോട് റീജനൽ ആർക്കൈവ്സ്, റോബിൻസൺ ഇനാം രജിസ്റ്റർ വാല്യങ്ങൾ, 1 മുതൽ 4 വരെ.

കാണിക്കയായ് ആഹ്ലാദകരമായിരുന്ന സന്ദർഭത്തിലും. എന്നിട്ടും ജനങ്ങൾ ഒന്നടങ്കം പ്രകടിപ്പിച്ച സങ്കടവും ആദരവും, ജനപ്രീതി നേടിയ ഒരു മഹാന്റെ വേർപാടിലുള്ള അകമഴിഞ്ഞ ദുഃഖത്തെയാണ് പ്രകടമാക്കുന്നത്. ലാൽബാഗിലെ കബറടക്കത്തോടൊപ്പമുണ്ടായ പ്രകൃതിക്ഷോഭത്തേയും തുടർന്നുണ്ടായ അത്യാഹിതത്തേയും ബീററ്സ്റ്റൻ, കിർക്ക് പാട്രിക്കും അവരുടെ ഗ്രന്ഥങ്ങളിൽ വിശദീകരിക്കുന്നതിപ്രകാരമാണ്: ജഡം മറവു ചെയ്തു കഴിഞ്ഞതോടെ തന്നെ അന്തരീക്ഷം മ്ലാനമാകുകയും, കാർമേഘങ്ങൾ കുമിഞ്ഞുകൂടുകയും ശക്തമായ കൊടുങ്കാററും ഉഗ്രമായ ഇടിവെട്ടും പരിസരത്തെയാകെ ഭയാനകമാക്കി മാററുകയും ചെയ്തു. ബോംബെ റജിമെന്റിൽപെട്ട മൂന്ന് ഉയർന്ന പട്ടാള ഉദ്യോഗസ്ഥൻമാർ മിന്നൽ ഏററു മരണമടയുക കൂടിചെയ്തപ്പോൾ തങ്ങൾ ചെയ്ത കൊടും ക്രൂരതയ്ക്ക് പ്രകൃതി നല്കിയ ശിക്ഷയാണിതൊക്കെ എന്നുവരെ അവർ കരുതുവാനിടവന്നു. ഇന്നും ഈ സംഭവം മൈസൂർ നിവാസികൾക്കിടയിൽ ടിപ്പുസുൽത്താനെ ഒരിതിഹാസപുരുഷനായി കാണുവാനും, ടിപ്പുസുൽത്താൻ മസ്താൻ എന്ന പേരിൽ ദൈവീകാവരണം നല്കി ഭയഭക്തി ബഹുമാനങ്ങൾ അർപ്പിക്കുവാനും പ്രേരകമായി നിന്ന സംഭവമാണ്. ഇന്നും ലാൽബാഗിൽ ആയിരക്കണക്കിന് ജനങ്ങൾ അദ്ദേഹത്തിന്റെ ശവകുടീരം സന്ദർശിക്കുകയും തങ്ങളുടെ ദുർഭരമായ ദുഃഖഭാരം ഇറക്കിവെച്ചാശ്വസിക്കുവാനായി ആ കറുത്ത മാർബിൾ ശവകുടീരത്തിൽ പ്രാർത്ഥനകളും അർച്ചനകളും അർപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ വക കാര്യങ്ങൾ നമുക്ക് നല്കുന്ന സാധനപാഠം വിലപ്പെട്ടതാണ്. സത്യത്തെ എങ്ങനെ വികലവികൃതമാക്കി മനുഷ്യരെ വഴിപിഴപ്പിക്കുവാനും തമ്മിലടിപ്പിക്കുവാനും സാധിക്കുമെന്നതിന് ഇതിൽ കവിഞ്ഞു മറെറാരു ഉദാഹരണവും ആവശ്യമില്ല.

# 18

# സാമ്പത്തികസ്ഥിതി

തന്റെ രാജ്യത്തിന്റെയും ജനങ്ങളുടെയും ഐശ്വര്യത്തെ ലാക്കാക്കി ടിപ്പുസുൽത്താൻ പ്രാവർത്തികമാക്കിയിരുന്ന സാമ്പത്തിക പദ്ധതികൾ അദ്ദേഹത്തിനെ അങ്ങേ അററം കരിവാരി തേക്കുവാൻ ശ്രമിച്ചിട്ടുള്ള ചരിത്രകാരൻമാരുടെപോലും പ്രശംസക്ക് വിധേയമായിട്ടുള്ളവയാണ്. തന്റെ സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിൽ തോമസ് മൂർ എഴുതിയിട്ടുള്ളത് ഇപ്രകാരമാണ്: ''അപരിചിതമായ ഒരു രാജ്യത്തുകൂടി സഞ്ചരിക്കേണ്ടതായി വരുമ്പോൾ, ആ സ്ഥലം ശരിക്കും കൃഷിയിടങ്ങൾകൊണ്ട് നിറയപ്പെട്ടും, അദ്ധ്വാനശീലരായ ജനങ്ങളാൽ നിബിഡമായും, പുതിയ നഗരങ്ങൾ സ്ഥാപിക്കപ്പെട്ടും, വ്യവസായം അഭിവൃദ്ധിപ്പെട്ടും, പട്ടണങ്ങൾ പുഷ്ടിപ്പെട്ടും അങ്ങനെ സമൃദ്ധിയുടെ ലക്ഷണങ്ങൾ തികഞ്ഞും കാണപ്പെടുന്നവെങ്കിൽ, അവിടെ ജനങ്ങളുടെ ഹിതത്തിനൊത്ത് സംവിധാനം ചെയ്തിട്ടുള്ള ഭരണത്തിൻ കീഴിലുള്ള രാജ്യമാണെന്ന് ആരും തീരുമാനത്തിലെത്തുക സ്വാഭാവികമാണ്. ടിപ്പുവിന്റെ രാജ്യത്തെപ്പററിയുള്ള ചിത്രം അതായിരുന്നു. അദ്ദേഹത്തിന്റെ ഗവൺമെൻറിനെക്കുറിച്ചുള്ള ഞങ്ങളുടെ നിഗമനവും ഇതുതന്നെയാണ്''[1]. ലോഡ് കോൺവാലീസിന് ശേഷം ഇന്ത്യയുടെ ഗവർണർ ജനറലായിത്തീർന്ന സർ ജോൺ ഷോറിന്റെ അഭിപ്രായവും ഇക്കാര്യത്തിൽ പ്രസക്തമാണ്. അദ്ദേഹമെഴുതി: ''ടിപ്പുവിന്റെ സാമ്രാജ്യത്തിലുള്ള കൃഷിക്കാർക്ക് അദ്ദേഹം കൂടുതൽ സംരക്ഷണം നല്കുന്നുവെന്നു മാത്രമല്ല, അവരുടെ പ്രയത്നത്തെ പ്രോത്സാഹിപ്പിക്കുകയും പാരിതോഷികങ്ങൾ നല്കി സന്തോഷിപ്പിക്കുകയും ചെയ്യുന്നു''[2]. യാതൊരു കാരണവശാലും ടിപ്പുസുൽത്താനെ വെള്ളയടിച്ചു കാണിക്കാൻ ബാദ്ധ്യസ്ഥനല്ലാത്ത

---

1. Sir Thomas Moore's Narrative, P. 201
2. Sir John Shore, quoted by R. C. Majumdar, The Advanced History of India, P. 715

ജെയിംസ് മിൽ എഴുതിയിരിക്കുന്നത് "ടിപ്പുവിൻെറ രാജ്യത്താണ് ഏററവും സമൃദ്ധമായി കൃഷിയിറക്കുന്നതും ഇന്ത്യയിലെ ജനങ്ങളിൽവെച്ചേററവും അഭിവൃദ്ധി പ്രാപിച്ച പ്രജകളും ഉള്ളത് എന്നാണ്"[3]. കേംബ്രിഡ്ജ് ഹിസ്റ്ററിയിൽ ഡോഡ്വെല്ലിൻെറ അഭിപ്രായം "ടിപ്പുവിൻെറ നാട്ടിൽ സമൃദ്ധിയുടെ ലക്ഷണങ്ങൾ ഇംഗ്ലീഷ്കാർക്ക് കാണാൻ കഴിഞ്ഞിരുന്നുവെങ്കിലും, അതൊന്നും അദ്ദേഹത്തിൻെറ മിടുക്കോ, വൈഭവമോ കൊണ്ടായിരുന്നില്ല"[4] എന്നാണ് ആരുടെ ഗുണം കൊണ്ടാണെങ്കിലും ടിപ്പുവിൻെറ അധീനതയിലുണ്ടായിരുന്ന സ്ഥലങ്ങളിൽ സാർവ്വത്രികമായ പുരോഗതിയും സമ്പൽസമൃദ്ധിയും ഉണ്ടായിരുന്നുവെന്ന് അദ്ദേഹവും സമ്മതിക്കുന്നുണ്ട്.

എന്നാൽ, കേരള ചരിത്രരചന നടത്തുവാൻ ശ്രമിച്ചവരുടെയൊക്കെ അഭിപ്രായം ഏറെ വിഭിന്നമാണ്. അവരെഴുതുന്നത് രാജ്യം മുഴക്കെ പരിപൂർണമായും മുടിച്ചെന്നും, അനാദികാലമായി സ്വരുക്കൂട്ടിയിരുന്ന സ്വർണ്ണവും ധനവുമെല്ലാം കൊള്ളയടിക്കപ്പെട്ടുവെന്നും[5] വാണിജ്യവും വ്യവസായവും പിറകോട്ടടിക്ക് വിധേയമായെന്നും, അങ്ങനെ ചുരുക്കത്തിൽ രാജ്യത്തിൻെറ സാമ്പത്തികനില അങ്ങേ അററം മോശമാകുകയും, പൂർവ്വസ്ഥിതിയിലേക്ക് വരുവാൻ വളരെക്കാലം കഴിയേണ്ടതായി വരികയും ചെയ്തുവെന്നുമാണ്[6]. 1908–ൽ മലബാർ ഗസററിയറെഴുതിയ സി. എ. ഇന്നിസ് അഭിപ്രായപ്പെട്ടിട്ടുള്ളത്, "തെക്കേമലബാറിലെ കച്ചവടം നശിപ്പിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി കഴിയുന്നതെല്ലാം അദ്ദേഹം ചെയ്യുകയും കുരുമുളക് വള്ളികളം മുഴുവനെ വെട്ടിക്കളയുകയും ചെയ്തു"[7] എന്നാണ്. ഡബ്ലിയു. ലോഗനും[8] ബുക്കാനനും,[9] ഇക്കാര്യത്തിൽ ഏകാഭിപ്രായക്കാരുമാണ്. എന്നാൽ, നമ്മുടെ എഴുത്തുകാരെപ്പോലെ അത്രയും അവിശ്വസനീയങ്ങളായ കാര്യങ്ങളോ പരിഹാസ്യപൂർണ്ണമായ അപവാദങ്ങളോ ഇവർ നടത്തുന്നില്ല. മൈസൂർ ഭരണത്തെ വസ്തുതാപരമായും അംഗീകരിക്കുവാൻ മടിക്കുന്നവരാണ് കേരളീയരായ 'ചരിത്രപണ്ഡിതന്മാർ'. എപ്പോഴെങ്കിലും മൈസൂർ കാലഘട്ടത്തെപ്പററി പരാമർശിക്കേണ്ടതായി വരുമ്പോൾ, ഒന്നുകിൽ "മൈസൂർകാർ രാജ്യം കൊള്ളയടിച്ച് നശിപ്പിച്ചുകൊണ്ടിരുന്നപ്പോൾ"[10], എന്നോ

3. J. Mill and Wilson, History of British India, Vol. I, P. 10
4. H. H. Dodwell, Camebridge History of British India, Vol., VI, P. 105
5. K. M. Panikkar, op. cit, P. 530
6. C. A. Innes, Malabar Gazetteer, Vol. I, P. 268
7. K. M. Panikkar, op. cit, P. 530
8. C. A. Innes, Malabar Gazetteer, Vol. I, P. 268
9. Logan, Malabar Manual, Vol. I, P. 486
10. Buchanan, Vol. II, P. 360

അതല്ലെങ്കിൽ "ടിപ്പുവിൻെറ ക്രൂരമർദനം നടന്നിരുന്നപ്പോൾ"[11] എന്നോ മറ്റൊക്കെയാണ് എഴുതിയിരിക്കുന്നത്. അങ്ങനെ, മൈസൂർ ഭരണകാലത്തെ കേരളം സാമ്പത്തികത്തകർച്ചയുടെ നെല്ലിപ്പലക കണ്ടിരുന്നുവെന്ന നിഗമനം അലംഘനീയമായി അംഗീകരിച്ചുപോരുകയാണിവിടെ ചെയ്യുന്നത്.

നിലവിലുള്ള ഈ അഭിപ്രായങ്ങൾ സത്യത്തിന്ന് കടകവിരുദ്ധമാണെന്നും മനഃപൂർവ്വമായി ചരിത്ര വസ്തുതകളെ വികലമാക്കി അവതരിപ്പിച്ചിട്ടുള്ളതാണെന്നും തെളിയിക്കുവാനുള്ള ശ്രമമാണ് ഈ അദ്ധ്യായത്തിൽ നടത്തുന്നത്. യഥാർത്ഥത്തിൽ, ഈ കാലഘട്ടം സാമ്പത്തിക സ്ഥിരതയുടെയും, വ്യാവസായിക വളർച്ചയുടെയും, കച്ചവട വർദ്ധനവിൻെറയും, അങ്ങനെ പൊതുവായ അഭിവൃദ്ധിയുടെയും കാലമായിരുന്നു. കാർഷിക ബന്ധത്തിൽ വരുത്തിയ മാററവും കർഷകരുമായി നേരിട്ട് സർക്കാർ ഇടപെടുകയെന്ന സ്ഥിതിയും സാമൂഹ്യനിലവാരത്തിൽ അവരെ ഏറെ ഉൽക്കർഷം പ്രാപിപ്പിക്കാൻ സഹായിച്ചവയാണ്. കൃഷിവികസനത്തിന്ന് സഹായകമാം വിധമുള്ള പ്രോത്സാഹനങ്ങളും സാമ്പത്തിക സഹായവും കൃഷിക്കാർക്ക് നേരിട്ടു ലഭിച്ചു എന്നതിനു പുറമെ, ഭൂസ്വാമികളുടെയും നായർ മാടമ്പികളുടെയും ക്രൂരമായ മർദനത്തിൽനിന്നും അവരെ സംരക്ഷിക്കുകയും ചെയ്തിരുന്നു. ചുരുക്കത്തിൽ, കേരളചരിത്രത്തിൽ അതിനു മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത വിധം കൃഷിക്കാരിൽ സംതൃപ്തിയും സമൃദ്ധിയും കളിയാടിനിന്ന കാലവും ഇതുതന്നെയായിരുന്നു. ഒരു കാര്യം തീർച്ച. സമൂഹത്തിലെ സാമ്പത്തിക ഘടനയിൽ പാടെ മാററം സംഭവിച്ചു എന്നതിന്ന് സംശയമില്ല. സാമ്പത്തിക സംവിധാനത്തിൽ വരുന്ന മാററം സമൂഹത്തിലെ ഒരു വിഭാഗത്തിന് കുറേ കഷ്ടതയും മററുള്ളവർക്ക് അനല്പമായ ആശ്വാസവും ഉണ്ടാക്കുക സ്വാഭാവികമാണല്ലൊ. ഇവിടെ ചെറിയ ന്യൂനപക്ഷമായ ഭൂവുടമകൾക്കും, അവരുടെ കാര്യവിചാരക്കാർക്കും, സാമ്പത്തിക ക്ലേശവും സ്ഥാനനഷ്ടവും സംഭവിച്ചുവെങ്കിൽ, അതുവരെ ആരാലും ശ്രദ്ധിക്കപ്പെടാതെ ദുഃഖത്തിൻെറയും യാതനയുടെയും കരളലിയിക്കുന്ന കഥകൾ മാത്രം പറയാനുണ്ടായിരുന്ന സാധു കർഷകർക്കും സാധാരണക്കാർക്കും ഏറെ ആശ്വാസവും സമാധാനവും ലഭിച്ചിരുന്നു എന്നതാണ് സത്യം.

കേരളത്തിലെ ഭൂസ്വത്തിൻമേലുള്ള ജൻമികളുടെ അലംഘനീയമായ അവകാശത്തേയും, ജന്മിയും കാണക്കാരും തമ്മിലുണ്ടായിരുന്ന ബന്ധത്തേയും കുറിച്ച് മുന്നൊരദ്ധ്യായത്തിൽ നാം സവിസ്തരം ചർച്ച ചെയ്തതാണല്ലൊ. മൈസൂർ അധിനിവേശത്തിന് മുമ്പുള്ള കേരളത്തിൽ സ്ഥലം ഏത് വിഭാഗത്തിൽ പെട്ടതായിരുന്നെങ്കിലും, അതിൽനിന്നും നികുതി പിരിച്ചിരുന്നില്ലെന്നും നാം കണ്ടതാണ്. സാമൂഹികവും സാമ്പത്തികവുമായ അപ്രമാദി

11. K. M. Panikkar, op. cit., 431

ത്വത്തോടുകൂടിയുള്ള സമ്പൂർണജന്മാവകാശം ഇവിടെ ചെറിയ ഒരു വിഭാഗം വ്യക്തികളിൽ അധിഷ്ഠിതമായിരുന്നുവെന്നും നാം മനസ്സിലാക്കിയതാണല്ലൊ. സമൂഹത്തിലെ മൃഗീയ ഭൂരിപക്ഷത്തേയും പാടെ വിഗണിച്ചുകൊണ്ടുള്ളതായിരുന്നു നിലവിലുണ്ടായിരുന്ന സാമ്പത്തിക സംവിധാനം. അതിന്റെ ഫലമായി പ്രത്യേക അവകാശ അധികാരങ്ങൾ അനുഭവിച്ചുപോന്ന നായന്മാർക്കും നമ്പൂതിരിമാർക്കും മാത്രമേ, സമൂഹത്തിൽ സ്ഥാനമാനങ്ങളുണ്ടായിരുന്നുള്ളു. അവർ മാത്രമായിരുന്നു രാജ്യത്തിന്റെ ഭാഗധേയം നിർണയിച്ചിരുന്ന ശക്തി. സമൂഹത്തിലെ ബഹുഭൂരിപക്ഷം വിഭാഗങ്ങളും ഒന്നുകിൽ അടിമകളോ, അതുമല്ലെങ്കിൽ തൊട്ടുകൂടാനും തീണ്ടിക്കൂടാനും പാടില്ലാതിരുന്ന മ്ലേച്ഛസമൂഹങ്ങളോ ആയിരുന്നു[12]. താഴ്ന്ന ജാതിക്കാരായ ഇവർക്ക് സവർണരെ സമീപിക്കുവാനോ അവരുമായി സമ്പർക്കത്തിൽ ഏർപ്പെടുവാനോ സാധ്യമാകുമായിരുന്നില്ല. ഓരോ ജാതിയിലും പെട്ട ആളുകൾ മേൽ ജാതിക്കാരിൽനിന്ന് നിശ്ചിതമായ ദൂരത്തിൽ ഓചരാനിച്ച് നില്ക്കണമെന്നതായിരുന്നു ജാത്യാചാരം. നായരുടെയോ നമ്പൂതിരിയുടെയോ ആസ്ഥാനത്തുനിന്നും 24 അടി ദൂരത്തിലേ തിയ്യൻമാർക്ക് നില്ക്കുവാൻ അവകാശമുണ്ടായിരുന്നുള്ളു. ചെറുമരാകട്ടെ, 64 അടി ദൂരെ നില്ക്കണമായിരുന്നു. ഇതിന് തീയ്യപ്പാട്, ചെറുമപ്പാട് എന്നൊക്കെയാണ് പറഞ്ഞു പോന്നിരുന്നതു്[13]. താണ ജാതിക്കാരുടെ കൂട്ടത്തിൽ, മത്സ്യബന്ധനം നടത്തിയിരുന്ന മുക്കവർ, ഈഴവരുടെ താഴെയുള്ള ജാതി ആയിരുന്നു. അവർക്ക് തൊട്ടു താഴെയായിരുന്നു കരകൗശലവിദഗ്ധൻമാരായ കമ്മാളൻമാർ. ഇവരിൽ അഞ്ച് ഉപജാതികളുണ്ടായിരുന്നു. സ്വർണ്ണപ്പണിക്കാരനായ തട്ടാൻ, ഇരുമ്പു പണിചെയ്തിരുന്ന കൊല്ലൻ, ചെമ്പു പണിക്കാരനായ ചെമ്പോട്ടി, മരപ്പണിക്കാരനായ ആശാരി, ഓടുപണിക്കാരനായ മൂശാരി എന്നിവരായിരുന്നു അവർ. ഇവർക്ക് താഴെയുള്ള ജാതികൾ കണിയാൻ, വണ്ണാൻ, കുറവർ എന്നിവരും ഏററവും താഴ്ന്ന ജാതിയിൽപ്പെട്ടവർ ചെറുമർ, പുലയർ, പണിയർ തുടങ്ങിയ ജാതികളും ആയിരുന്നു. കണിയാൻ ജോൽസ്യക്കാരനും വണ്ണാൻ അലക്കുകാരനും കുറവർ കുട്ടനെയ്ത്ത് പോലെയുള്ള ജോലിയിൽ എർപ്പെട്ടിരുന്നവരും. ഏററവും താണ ജാതിയിൽ പെട്ടിരുന്ന അവർ അടിമകളോ, വന്യജാതികളോ ആയിരുന്നു. 1792–ൽ മലബാർ കമ്മിഷണർമാർ അവരുടെ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളതു്, "ചെറുമരും പറയരും അതുപോലുള്ള മററു താഴ്ന്ന ജാതിക്കാരും സ്ഥലങ്ങളിൽ സ്ഥിരം ജോലി ചെയ്യുവാൻ ബാദ്ധ്യസ്ഥരും ഏതവസരത്തിലും അടിമകളെപ്പോലെ വില്ക്കപ്പെടുന്നവരും ആയിരുന്നു" എന്നാണ്. തൻമൂലം സമൂഹത്തിലെ ബഹുഭൂരിപക്ഷം ഉന

---

12. ഫോറിൻ, മിസലേനിയസ്, എസ്. നമ്പർ, 55, പുറം 24, ഖണ്ഡിക 14
13. സി. അച്ചുതമേനോൻ, കൊച്ചിൻ സ്റ്റേററ് മാനുവൽ, പുറം 495.

ങ്ങളെ സംബന്ധിച്ചുള്ള കഴിഞ്ഞ കാലത്തെ വിവരണങ്ങൾ ദുർലഭമായിരിക്കുന്നു. നായർ, നമ്പൂതിരി ജാതികൾക്കൊഴിച്ച് മററാർക്കും സമൂഹത്തിൽ സ്ഥാനമാനങ്ങൾ ലഭിക്കുക പ്രയാസമായിരുന്നതിനാലും, ഓരോ ജാതിയും താഴ്ന്ന ജാതിയുടെ മേൽ ദുഷ്ടമായ ആധിപത്യം പുലർത്തിയിരുന്നതിനാലും ഏററവും താഴെക്കിടയിലുണ്ടായിരുന്ന ജാതിവിഭാഗങ്ങളെ മൃഗങ്ങളെക്കാൾ മോശമായ സ്ഥിതിയിലാണ് മററുള്ളവർ വീക്ഷിച്ചിരുന്നത്. ഈ പരമശോചനീയമായ സ്ഥിതിയിൽ നിന്നും ഇവരെ ഉദ്ധരിക്കുവാൻ ഉള്ള പല നിർദേശങ്ങളും ബുക്കാനൻ കമ്പനി അധികൃതരുടെ മുമ്പിൽ സമർപ്പിക്കുന്നുണ്ട്[14]. സാമൂഹിക് ഉച്ചനീചത്വങ്ങൾ അതിന്റെ ഉച്ചകോടിയിൽ കൊടികുത്തിവാണിരുന്ന ഈ കേരളസമൂഹത്തിലാണ് നികുതി നിജപ്പെടുത്തലും കാർഷിക പരിഷ്കാരങ്ങളും സർക്കാർ നേരിട്ട് കൃഷിക്കാരുമായി ഇടപെട്ട് നടത്തുന്നത്. മററുള്ളവരാൽ പുച്ഛിച്ച് തള്ളപ്പെട്ടു കിടന്നിരുന്ന യഥാർത്ഥ കൃഷിക്കാരനും, അഹോരാത്രം പണിയെടുത്തു കൊണ്ടിരുന്ന കർഷകത്തൊഴിലാളിയും, സർക്കാർ അവരുമായി ബന്ധം പുലർത്തുന്നുവെന്ന് വന്നപ്പോൾ സാമൂഹ്യമേന്മയും ആത്മവിശ്വാസവും അനുഭവിക്കുവാൻ തുടങ്ങി. മൈസൂർ ഭരണാധികാരികളുടെ കാർഷിക പരിഷ്കാരത്തിന്റെ ഫലമായി കുടിയാന്മാരും കർഷകത്തൊഴിലാളികളും ഏറെ ഉൽക്കർഷം പ്രാപിച്ചു എന്നതന്നെയാണ് മൈസൂർ ഭരണത്തെ നിശിതമായി വിമർശിക്കുന്നവർ പോലും എഴുതിയിട്ടുള്ളത്. ഇതാണ് സത്യസ്ഥിതിയെങ്കിൽ നിശ്ചയമായും മൈസൂർ ഭരണപരിഷ്കാരങ്ങൾ സമൂഹത്തിലെ ബഹുഭൂരിപക്ഷം ജനങ്ങൾക്കും പ്രയോജനകരവും സ്വീകാര്യവും ആയിരുന്നുവെന്ന് വേണം കരുതുവാൻ. ഫ്യൂഡൽ മനസ്ഥിതിയിൽ നിന്നും പുറത്ത് ചാടാൻ കഴിയാത്ത എഴുത്തുകാരാണ് ഇന്നും പൊലിഞ്ഞ ഫ്യൂഡൽ പ്രതാപത്തെച്ചൊല്ലി വിലപിക്കുന്നവർ. മാറിയ പരിതസ്ഥിതിയിൽ പോലും ഇവരുടെ മനസ്ഥിതി മാറാത്തതുകൊണ്ടും ഇന്നും തുടർച്ചയായി അവർ മാത്രമാണ് കേരളചരിത്രരചയിതാക്കൾ എന്നതുകൊണ്ടും ആരോപണങ്ങളുടെ പഴയ പല്ലവി ഇപ്പോഴും നിലനില്ക്കുന്നുവെന്ന മാത്രം.

കേരളത്തിലാദ്യമായി ഭൂസർവ്വേ നടത്തിയപ്പോഴും സ്ഥലങ്ങളിൻ മേൽ കരം ചുമത്തിയപ്പോഴും അവയ്ക്കെതിരായി സ്ഥാപിത താല്പര്യം മുറവിളി കൂട്ടുകയുണ്ടായി. കേരളത്തിൽ അജ്ഞാതമായിരുന്ന കാര്യങ്ങളായിരുന്നു ഇവ രണ്ടും. എന്നാൽ, വ്യവസ്ഥാപിതമായ ഏതു ഭരണകൂടത്തിനും നികുതി തിട്ടപ്പെടുത്തുവാൻ ഭൂസർവ്വേ ആവശ്യമാണല്ലൊ. കൈവശമുള്ള ഭൂമിയിൽ നിന്നും കരം പിരിക്കുക ഏതൊരു പരിഷ്കൃത ഭരണകൂടവും ചെയ്യുന്ന നടപടി മാത്രവുമായിരുന്നു. ജന്മികൾക്ക് കൊടുത്തിരുന്ന പാട്ടം അല്ലെങ്കിൽ വാരക ഇനത്തിൽ നിന്നായിരുന്നു സർക്കാർ നികുതി ഈടാക്കിയിരുന്ന

14. ബുക്കാനൻ, വാല്യം 11, പുറങ്ങൾ 370–72.

തെന്നും, പുതുതായി ഭൂമിയിൽ ചുമത്തിയ കരം കൃഷിക്കാരന് യാതൊരു തരത്തിലുള്ള ഭാരവും ഉണ്ടാക്കിയിരുന്നില്ലെന്നും നാം നേരത്തെ പ്രസ്താവിച്ചതാണല്ലോ. ജന്മികൾക്ക് കിട്ടിയിരുന്ന വിഹിതത്തിൽ നിന്നും നല്ലൊരു ഓഹരി സർക്കാർ നികുതിയായി നിജപ്പെടുത്തി. തന്മൂലം മെയ്യനങ്ങാതെ മൃഷ്ടാന്നഭോജനം നടത്തി സസുഖം വാണരുളിയിരുന്ന ഭൂസ്വാമികൾക്ക് അവരുടെ വരവിൽ നിന്നും വലിയൊരംശം സർക്കാരിന് അടിയറവെക്കേണ്ടതായി വന്നു. അങ്ങനെ, വളരെ ന്യൂനപക്ഷമായിരുന്ന ജന്മികൾക്ക് സാമ്പത്തികമായി കുറേ പരാധീനതകൾ ഉണ്ടായി എന്നത് വാസ്തവമാണ്. മലബാർ ജോയിൻറ് കമ്മിഷണർമാരുടെ ചോദ്യത്തിനുത്തരമായി സാമൂതിരിപോലും പറഞ്ഞതു് ഇപ്രകാരമായിരുന്നു: "എനിക്കോ, എന്റെ നാടിനോ ഒരിക്കലും ഒരു ഭാരമായിരുന്നില്ല ടിപ്പു ചുമത്തിയിരുന്ന നികുതി. രാജ്യത്തുടനീളം വളരെ നീതിപൂർവ്വമായാണ് അതു് നടപ്പിലാക്കിയിരുന്നതു്"[15]. അതേ സമയം, മലബാർ ഇംഗ്ലീഷുകമ്പനിയുടെ കീഴിൽ വന്നപ്പോൾ അവർ ഈടാക്കിയിരുന്നതാകട്ടെ, 10% കൂടുതലുമായിരുന്നു. നികുതി പിരിക്കുന്നതിനുള്ള ചിലവ് ഇനത്തിലായിരുന്നു ഈ 10% വർദ്ധനവ് വരുത്തിയിരുന്നതു്. "കമ്മിഷണർമാർ ചെയ്തതുപോലെ സ്ഥിരം നികുതിയിൽ 10% വർദ്ധനവ് മൈസൂർകാർ ചെയ്തിരുന്നില്ല"[16] എന്നാണ് ലോഗൻ ഇതു് സംബന്ധിച്ചു പറയുന്നതു്. മാത്രമല്ല, കമ്മിഷണർമാർ ഭൂനികുതി ഓരോ ഇഞ്ച് സ്ഥലത്തിന്മേലും സാർവ്വത്രികമാക്കുകയും ചെയ്തു. നികുതി സമ്പ്രദായം ഇവിടെ നടപ്പിലാക്കിയതു് ടിപ്പു ആയിരുന്നുവെങ്കിലും അതു് ഒരു സ്ഥിരം ഏർപ്പാടാക്കി മാററിയതു് കമ്പനി അധികാരികളാണ്"[17]. ഫലഭൂയിഷ്ഠമല്ലാത്ത സ്ഥലങ്ങളും തരിശുഭൂമികളും നികുതിയിൽ നിന്നും ഒഴിവാക്കിയിരുന്നു. നികുതിഭാരം മൂലം ജനങ്ങൾ രാജ്യത്തു നിന്നും ഓടിപ്പോയി എന്ന ആരോപണം എത്രമാത്രം അപഹാസ്യവും അസത്യവും ആണെന്നതിന് ബുക്കാനന്റെ അന്വേഷണത്തിൽ നിന്നും മനസ്സിലാവുന്ന കാര്യങ്ങൾ ഉദാഹരണമായി ഉദ്ധരിക്കാം. "ഉയർന്ന സ്ഥലങ്ങളിൽ കൃഷിക്കു് ഉപയുക്തങ്ങളായവ പോലും വിള ഇറക്കാതെ അവഗണിച്ചിരിക്കയാണ്. നികുതി ചുമത്തിയതിനാൽ കൃഷി ചെയ്യുന്നതിൽ നിന്നും ജനങ്ങൾ പിന്തിരിഞ്ഞു എന്നത് വെറും ദുരാരോപണം മാത്രമാണെന്നാണ് ഇതു് വ്യക്തമാക്കുന്നതു്. കാരണം, നികുതി ചുമത്താത്ത ഈ സ്ഥലങ്ങളിൽപോലും ഇവർ കൃഷി ഇറക്കുന്നില്ല"[18]. യഥാർത്ഥത്തിൽ കാർഷികബന്ധങ്ങളിൽ ഉണ്ടായ മാററം തങ്ങളുടെ ഇഷ്ടാനിഷ്ടമനുസരിച്ച് കുടിയാന്മാരെ ഒഴിപ്പിച്ചു

---

15. ഫോറിൻ, മിസലേനിയസ്, എസ്. നമ്പർ 56, പാർട്ട് II, പുറം 897
16. ലോഗൻ, വാല്യം 1, പുറങ്ങൾ 644–45
17. ഇ. എം. എസ്. നമ്പൂതിരിപ്പാട്, മുൻ ഉദ്ധരിച്ചത്, പുറം 100.
18. ബുക്കാനൻ, വാള്യം II, പുറം 380

വിട്ടുവാനോ കർഷകരെ ഹനിക്കുവാനോ ഉള്ള സ്വാതന്ത്ര്യം നായർ പ്രഭുത്വത്തിന് നഷ്ടപ്പെട്ടു എന്നത് മാത്രമാണ്. ബുക്കാനൻ ഇക്കാര്യം സ്ഥിരീകരിച്ചുകൊണ്ട് പറയുന്നത് ഇപ്രകാരമാണ്: "മലബാറിൻെറ പലഭാഗത്തും തോട്ടങ്ങൾ കുറഞ്ഞുകൊണ്ടിരിക്കുന്നത് നിശ്ചയമായും നികുതി ചുമത്തിയത് മൂലമല്ല. എന്നാൽ തുടർച്ചയായി നടക്കുന്ന കലഹങ്ങൾ കൊണ്ട് മാത്രമാണ്"[19]. "ജൻമികളും പ്രഭുക്കൻമാരും കർഷകരുടെയും കുടിയാന്മാരുടെയും മേൽ നടത്തിക്കൊണ്ടിരുന്ന അക്രമങ്ങളേയും കൊള്ളയേയും തടയുവാൻ ഉള്ള എല്ലാ രക്ഷാനടപടികളും മൈസൂർ ഭരണാധികാരികൾ ചെയ്തിരുന്നതായി നാം മനസ്സിലാക്കുന്നു. കർഷകരുടെയും സാധുക്കളായ ജനങ്ങളുടെയും മേൽ ഇവർ നടത്തുന്ന ദ്രോഹം തടയുന്നതിനായി എല്ലാവിധ കഴിവും പ്രയോഗിക്കണമെന്നുള്ള നിർദേശം ഉദ്യോഗസ്ഥന്മാർക്ക് നല്കുകയും, ഭാവിയിൽ ഇത്തരം അക്രമങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് എല്ലാ ഏർപ്പാടുകളും ചെയ്യുന്നതിന് അവരെ ചുമതലപ്പെടുത്തുകയും ഉണ്ടായി"[20], എന്നാണ് കിർമാനി ഇത് സംബന്ധമായി രേഖപ്പെടുത്തിയിട്ടുള്ളത്. മൈസൂർ ഭരണത്തിന് മുമ്പും പിമ്പും ഉണ്ടായിരുന്ന, സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെ സാമ്പത്തിക സ്ഥിതിയെപ്പററിയുള്ള താരതമ്യപഠനം ഇതു വരെ ആരും നടത്താൻ തുനിഞ്ഞിട്ടില്ലെന്നതിനാലാണ് ഇവിടെയുണ്ടായ പ്രകടമായ നേട്ടങ്ങളെപ്പററിപ്പോലും മനസ്സിലാക്കാൻ സാധിക്കാതെ വന്നത്. തൽസംബന്ധമായി വസ്തുനിഷ്ഠവും സത്യസന്ധവുമായ പഠനം നടത്തുകയാണെങ്കിൽ അപലപനീയങ്ങളായ ഈ അപവാദങ്ങൾ നിലനില്ക്കുകയുമില്ല.

മലബാർ ഇംഗ്ലീഷുകാരുടെ കൈവശം വന്നതോടുകൂടി പഴയ ജൻമികളേയും ഇടപ്രഭുക്കന്മാരേയും നാടുവാഴികളേയും അവരവരുടെ സ്ഥാനങ്ങളിൽ പുന:പ്രതിഷ്ഠിക്കുകയുണ്ടായി. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് ഇതിനെ പററിപ്പറയുന്നത്, "നമ്പൂതിരിമാർക്കും നാടുവാഴികൾക്കും ഒരു കാലത്ത് അവരുടെ കൈവശമുണ്ടായിരുന്ന സ്ഥലങ്ങളത്രയും തിരിച്ചു കിട്ടിയെന്നു മാത്രമല്ല, അവയിൻമേൽ സമ്പൂർണമായ ഉടമാവകാശവും കല്പിച്ചു കൊടുത്തു. മാത്രമോ, കുടിയാൻമാരുമായുള്ള ബന്ധത്തിൽ അവരെ നിയന്ത്രിക്കുന്ന യാതൊരു വ്യവസ്ഥയും ഉൾപ്പെടുത്തിയിരുന്നുമില്ല"[21]. കാർഷിക ബന്ധത്തിൽ വരുത്തിയ ഈ മാററം സമൂഹത്തിലുണ്ടാക്കിയ തിക്തമായ അനുഭവമെന്തായിരുന്നുവെന്ന് മലബാർ കലക്ടറായിരുന്ന ലോഗൻ ആലങ്കാരികമായി വിവരിക്കുന്നതിപ്രകാരമാണ്: "അങ്ങനെ, പുന:പ്രതിഷ്ഠ നടത്തപ്പെട്ട ഉപരിവർഗത്തിന് ലഭിച്ച സ്വാതന്ത്ര്യം സമൂഹത്തിലെ ദുർബല വിഭാഗങ്ങളെ അടിച്ചമർത്തുവാൻ മേൽവർഗത്തിന് കിട്ടിയ സുവർണാവസരമായി മാറി. സർക്കാ

19. ടി., പുറം 359

20. കിർമാനി, മുൻ ഉദ്ധരിച്ചത്, പുറം 459

21. മുൻ ഉദ്ധരിച്ചത്, പുറം 208

രിനു് നികുതി കൊടുത്തു കഴിഞ്ഞാൽ കർഷകരിൽ നിന്നും മൊത്തം ഉൽപാദനത്തിന്റെ ഏതംശവും വർദ്ധമാനമായി തങ്ങളുടെ ഓഹരിയായി പിടിച്ചെടുക്കുവാനുള്ള ജന്മികളുടെ ദുസ്വാതന്ത്ര്യമായിത്തീർന്നു ഇതു്. മെയ്യനങ്ങാതെ കൂട്ടിലിരിക്കുന്ന റാണിവർഗം അങ്ങനെ കൊഴുത്തു തടിച്ചപ്പോഴാം തേൻ ശേഖരിക്കുവാൻ കഠിനയത്നം നടത്തുന്ന തേനീച്ചകളും ക്ഷീണിതരും പട്ടിണിക്കാരും ആയെങ്കിൽ അതിൽ അതിശയിക്കാനെന്തിരിക്കുന്നു''22. സമൂഹത്തിൽ വന്ന ഈ മാററത്തിൽ ആശ്വാസം കൊള്ളുന്ന കെ. എം. പണിക്കർ പറയുന്നതാകട്ടെ, ''മലബാറിൽ കമ്മിഷണർമാർ വ്യവസ്ഥാപിത ഭരണസംവിധാനം നടപ്പിലാക്കുകയും കാർഷിക ബന്ധത്തിൽ മാററം വരുത്തുകയും ചെയ്തതോടുകൂടിയാണു് മലബാറിൽ സമൃദ്ധിയുടെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയതു്'' എന്നാണു്23. ചരിത്രകാരന്റെ പാർശ്വവീക്ഷണത്തിനു് നിദാനമായി ഇതു് ഉദാഹരിക്കാമെന്നു് മാത്രമല്ല, എന്തുകൊണ്ടാണു് അദ്ദേഹം മൈസൂർഭരണത്തെ കണ്ണും പൂട്ടി എതിർക്കുന്നതു് എന്നതിന്റെയും തെളിവായി ഇതു് കണക്കാക്കാം. അദ്ദേഹം തുടർന്നെഴുതുന്നതാകട്ടെ, ''ഇതിനെ തുടർന്നു് (അതായതു് ഇംഗ്ലീഷുകാർ ജന്മിനാടുവാഴികളെ പുനരവരോധിച്ചതിനുശേഷമുള്ള കാലത്തു്) അവർ (നായന്മാർ) സാമൂഹികതലത്തിൽ കുറേയെങ്കിലും പ്രാധാന്യം വീണ്ടും നേടിയെടുത്തു''24. പണിക്കർ വ്യവഹരിക്കുന്ന ഈ പ്രമാണിത്വം സാധുകർഷകർക്കു് കൂടുതൽ യാതനയും കഷ്ടപ്പാടും ഉണ്ടാക്കിത്തീർത്തു. നാഗമയ്യ ഈ പ്രതിഭാസത്തെ വിലയിരുത്തുന്നതു് ഇപ്രകാരമാണു്: ''ജന്മിമാരുടെ ഏതെങ്കിലും ആവശ്യം നിരാകരിക്കുന്ന കുടിയാനെ അവൻ അതുവരെ കൃഷിചെയ്തിരുന്ന സ്ഥലത്തുനിന്നും നിഷ്കരുണം ഇറക്കിവിട്ടിരുന്നു. കുടിയാന്മാരുടെയിടയിൽ തീവ്രമായ അസംതൃപ്തി തന്മൂലം ഉളവാകുകയും ചെയ്തു''25. മൈസൂർ ഭരണത്തിൻ കീഴിൽ സമൂഹത്തിൽ സ്ഥാനമാനങ്ങളും സാമ്പത്തിക തലത്തിൽ ഉൽക്കർഷവും നേടിയിരുന്ന ദുർബല വിഭാഗത്തിനുണ്ടായിരുന്ന പെരുമയെ കാണാതിരിക്കുന്നു് നടിക്കുകയും, ബ്രിട്ടീഷ് ആധിപത്യത്തിനു് ശേഷം ഫ്യൂഡൽ ദുഷ്പ്രഭുത്വത്തിന്റെ ക്രൂരമായ അടിച്ചമർത്തലുകൾക്കു് വിധേയരാകേണ്ടിവരികയും ചെയ്ത ഇവരുടെ ദുരവസ്ഥയെപ്പററി തീരെ ഗൗനിക്കാതെയുള്ള ചരിത്ര പ്രതിപാദനമാണു് ഇവിടെ നടന്നിട്ടുള്ളതു്. ജന്മികൾക്കും ഇടപ്രഭുക്കന്മാർക്കും കുടിയാന്മാരുടെയും കർഷകരുടെയും മേൽ ഏതു നീചപ്രവർത്തിയും ചെയ്യുവാനുള്ള ജന്മാവകാശം മൈസൂർ ഭരണകർത്താക്കൾ ഇല്ലാതാക്കി എന്നതു് വാസ്തവമാണു്. സമൂഹത്തിലെ ഈ ചെറിയ വിഭാഗമൊഴിച്ചുള്ളവർ സമാധാനവും ഐശ്വര്യവും അനുഭവിച്ച ഏകകാലഘട്ടം മൈസൂർ ഭരണത്തിൻ കീഴിലായിരുന്നു

22. ലോഗൻ, വാല്യം 1, പുറം 683
23. കെ. എം. പണിക്കർ, മുൻ ഉദ്ധരിച്ചതു്, പുറം 531
24 ടി., പുറം 529
25. നാഗമയ്യ, തിരുവിതാംകൂർ സ്റ്റേററ് മാന്വൽ, വാല്യം III, പുറം 161

എന്നതാണ് വാസ്തവം. എന്നാൽ, ഇംഗ്ലീഷുകാർ കാർഷിക ബന്ധത്തിൽ വരുത്തിയ മാററം സമൂഹത്തിലെ മേലേക്കിടയിലുള്ള ഫ്യൂഡൽ ദുഷ്പ്രഭുത്വത്തിന് മാത്രമാണ് പ്രയോജനപ്പെട്ടത്. മററുള്ളവർ ഇവരുടെ ചൂഷണത്തിനും ക്രൂരവിനോദങ്ങൾക്കും ഇരയായി പൂർവ്വസ്ഥിതിയിലേക്ക് തന്നെ വഴുതിവീണു. മൈസൂർ ഭരണത്തിൻകീഴിൽ ക്ലേശങ്ങളനുഭവിച്ച ഈ ജന്മികളും മാടമ്പിമാരുമാണ് പിന്നീട് ഇംഗ്ലീഷ് ഭരണത്തോടുകൂടി കൂടുതൽ ശക്തി ആർജിക്കാൻ സാധിച്ചപ്പോൾ മൈസൂർ ഭരണത്തെക്കുറിച്ച് മർദനത്തിന്റെ ദുരാരോപണങ്ങൾ പ്രചരിപ്പിച്ചത്. ഇവർ എഴുതുകയും പറയുകയും ചെയ്തത് മൈസൂർ ഭരണാധികാരികളോടുള്ള പകയുടെ ബഹിർസ്ഫുരണം മാത്രമായിരുന്നു. അവരുടെ ഭരണപരിഷ്കാരങ്ങൾ മൂലം ക്ലേശമനുഭവിച്ചവരായിരുന്നു ഇവർ. എന്നാൽ ആധുനിക ചരിത്രകാരൻമാർക്ക് മൈസൂർ ഭരണപരിഷ്കാരങ്ങളെ യഥാർത്ഥമായി വിലയിരുത്തുവാൻ സാധിക്കുന്നതേയുള്ളു. അവമൂലമുണ്ടായ നേട്ടങ്ങളും ഗുണങ്ങളും എത്രമാത്രമായിരുന്നുവെന്നും മനസ്സിലാക്കുവാൻ പ്രയാസമില്ല എന്നിട്ടുപോലും ഇന്നും പഴയ പല്ലവിതന്നെ പാടുന്ന ഇവർ സത്യത്തിനുനേരെ കണ്ണടക്കുകയാണ് ചെയ്യുന്നത്.

ടിപ്പുവിൻെറ രാജ്യത്തിൻെറ ഒരു പ്രവിശ്യ മാത്രമായിരുന്നു മലബാർ. കേരളത്തിലെ എഴുത്തുകാരെ മാററി നിർത്തിയാൽ മററുള്ള ചരിത്രകാരൻമാരൊക്കെ അഭിപ്രായപ്പെടുന്നത് കർഷകരുടെ അഭിവൃദ്ധിയും സംതൃപ്തിയുമായിരുന്നു ടിപ്പുവിൻെറ കാർഷികനയത്തിൻെറ അടിസ്ഥാനശില എന്നാണ്. മലബാർ ഉൾപ്പെടെയുള്ള തൻെറ രാജ്യത്തുടനീളം ഒരേ നയമാണ് ടിപ്പു അനുവർത്തിച്ചു പോന്നത്. പൈതൃകമായി ലഭിച്ച പരിശീലനമായിരുന്നു ഈ രംഗത്ത് ടിപ്പുവിൻെറ പ്രചോദനധാര. ഹൈദരാലിയെക്കുറിച്ചെഴുതുന്ന മിഴ്സാ ഇക്ബാൽ രേഖപ്പെടുത്തിയിട്ടുള്ളത്, "ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ നിശ്ചിത നികുതിയിൽ കൂടുതൽ കർഷകരിൽ നിന്നും ഈടാക്കിയതായി അറിഞ്ഞാൽ അത് ഉടനെ തിരികെ കൊടുപ്പിക്കുമായിരുന്നു. അദ്ദേഹം തൻെറ ഉദ്യോഗസ്ഥന്മാരോട് പറയാറുണ്ടായിരുന്നത്, നിജപ്പെടുത്തിയ നികുതിയിൽ കുറവാണ് അവർ തരുന്നതെങ്കിൽ നാം എല്ലാ മാർഗവും ഉപയോഗിച്ച് കുറവ് പരിഹരിക്കാറുണ്ട്. വിളവ് നന്നാകുമ്പോൾ അവരുടെ ഭാഗ്യത്തിൽ നാം അപഹരണം നടത്തുന്നത് അതിനാൽ ശരിയല്ല" എന്നാണ്[26]. ടിപ്പുവിൻെറ കാലത്ത് ഇതിനൊക്കെപ്പുറമെ കൃഷിക്കാർക്ക് വളരെ ആകർഷകമായ രീതിയിൽ സ്ഥലങ്ങൾ പതിച്ചു നല്കുകയും കൃഷി ആവശ്യത്തിനുള്ള ഉപകരണങ്ങളും വിത്തും സംഭരിക്കുന്നതിന് കടമായും സൗജന്യമായും പണം കൊടുക്കുകയും പതിവായിരുന്നു[27]. കൃഷി

26. മിഴ്സാ ഇക്ബാൽ, അഹ്വാലി ഹൈദർ നായിക്ക് (മൈൽസ്), പുറം 502.

27. മൊഹിബ്ബുൾ ഹസ്സൻഖാൻ, ടിപ്പുസുൽത്താൻെറ ചരിത്രം, പുറം 340.

ക്കാരെ ചൂഷണം നടത്തിയിരുന്ന ഇടത്തട്ടുകാരെ നിർമാർജനം ചെയ്യുക വഴി സമ്പദ്ഘടനയിൽ വിപ്ലവാത്മകമായ മാററമാണ് അദ്ദേഹം വരുത്തിയത്. ഈ വക പ്രോൽസാഹനങ്ങൾ കാരണം പുതുതായി ധാരാളം സ്ഥലത്ത് കൃഷിയും ഉല്പാദനവും നടന്നിരുന്നു. ബരാമഹൽ ജില്ലയിലെ കലക്ടരായിരുന്ന എ. റീഡ്, കോൺവാലീസ് പ്രഭുവിനെഴുതിയ കത്തിൽ ആ ജില്ലയിൽ കാർഷികവികസനത്തിന് ടിപ്പു നടപ്പിലാക്കിയിരുന്ന പരിഷ്കാരങ്ങൾ പുനരാവിഷ്കരിക്കാൻ അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നുണ്ട്. അദ്ദേഹം എഴുതി: ''പരിചയസമ്പന്നരും, കഴിവുററവരുമായ ടിപ്പുവിന്റെ റവന്യൂ ഉദ്യോഗസ്ഥന്മാർ നടപ്പിലാക്കിയിരുന്ന പരിഷ്കാരങ്ങൾ ഉൽപാദന വർദ്ധനവും, കർഷകരുടെ സംതൃപ്തിയും ലക്ഷ്യമാക്കിക്കൊണ്ടുള്ളതായിരുന്നു''[28]. ഇതേ കാര്യം ജെ. മിൽ വിവരിക്കുന്നത് ഇത്തരുണത്തിൽ വളരെ പ്രസക്തമാണ്. ''മൈസൂറിലേക്ക് കടന്ന ഇംഗ്ലീഷുകാരെ അതിശയിപ്പിക്കത്തക്ക ഭരണസംവിധാനമാണ് അവർ അവിടെ കണ്ടത്. ജനങ്ങൾ തിങ്ങിപ്പാർക്കുകയും ഭൂമി മുഴുവൻ കൃഷിയിറക്കുകയും ചെയ്തിരുന്ന അവിടെ ഇന്ത്യയുടെ മററതൊരു ഭാഗത്തേയുംകാൾ സമ്പൽസമൃദ്ധി കളിയാടി നിന്നിരുന്നു. ബ്രിട്ടീഷ് അധീനതയിലായിരുന്ന സ്ഥലങ്ങളേയും ഇതിനോട് താരതമ്യപ്പെടുത്തുവാൻ ഒട്ടും തന്നെ സാദ്ധ്യമാകുമായിരുന്നില്ല''[29]. കാർഷിക വികസനത്തിനായി നിരവധി ജലസേചന പദ്ധതികൾ രാജ്യത്തുടനീളം ടിപ്പു നടപ്പിലാക്കിയിരുന്നതായി കാണുന്നു. ''ഉദ്ധാരണം അനിവാര്യമാക്കും വിധം നമ്മുടെ ശ്രദ്ധയെ പിടിച്ചു നിർത്തുന്ന പഴയ അനേകം ജലസേചന പദ്ധതികൾ ഇന്നും ഒരു വെല്ലുവിളിയായി അവശേഷിക്കുന്നു''[30]. രാജ്യത്തുടനീളം അദ്ദേഹം കുഴിപ്പിച്ച കിണറുകളും കുളങ്ങളും കാർഷിക വികസനത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന ആത്മാർത്ഥമായ താല്പര്യത്തിന്റെ പ്രകടമായ നിദർശനങ്ങളായി ഇന്നും അവശേഷിക്കുന്നുണ്ട്. ബെല്ലാരിയിൽ അദ്ദേഹം നിർമ്മിച്ച ജലസേചന സംഭരണി ഇന്നും ആയിരത്തി ഒരുനൂററി എഴുപത് ഏക്കർ നിലത്തിൽ കൃഷിയിറക്കുവാൻ വെള്ളം നല്കുന്നതിന് പുറമെ വർഷാന്ത്യം ആറായിരം ഉറുപ്പികയുടെ മത്സ്യവും ഉല്പാദിപ്പിക്കുന്നുണ്ട്[31]. അനന്തപൂരിൽ നിന്നും കണ്ടുകിട്ടിയ ഒരു ശിലാലിഖിതത്തിൽ (1897) അവിടെ ജലസേചനത്തിനായി നിർമ്മിച്ച സംഭരണി ടിപ്പുവിന്റേതായിരുന്നുവെന്ന് കാണുന്നു[32]. മൈസൂർ നഗര

---

28. ബരാമഹൽ റെക്കോഡ്സ്, വാള്യം 1, പുറങ്ങൾ 8, 22,
29. ജെ. മിൽ, ബ്രിട്ടീഷ് ഇന്ത്യയുടെ ചരിത്രം, വാള്യം V, പുറം 389
30. എച്ച്. എച്ച്. ഡോഡ്വെൽ, കേംബ്രിഡ്ജ് ഹിസ്റ്ററി ഓഫ് ഇന്ത്യ, വാല്യം V, പുറം 482
31. ബെല്ലാരി ഡിസ്ട്രിക് ഗസററിയർ, പുറങ്ങൾ 268–99
32. റോബർട്ട് സീവെൽ, തെന്നിന്ത്യയിലെ ചരിത്രരേഖകൾ, പുറം 310.

ത്തിൽ നിന്നും പതിനൊന്ന് മൈൽ അകലെയായി നിർമ്മിക്കപ്പെട്ടിട്ടുള്ള കണ്ണമ്പാടി അണക്കെട്ടിന്റെ പ്രവേശനകവാടത്തിൽ കാണുന്ന ഒരു ശിലാഫലകത്തിൽ നിന്നും മനസ്സിലാകുന്നത്, അവിടെ വലിയ ഒരു അണക്കെട്ട് നിർമിക്കുന്നതിന്റെ പ്രാരംഭമായി ടിപ്പുസുൽത്താൻ ശിലാസ്ഥാപനം നടത്തിയിരുന്നു എന്നാണ്. മലബാറിലും ഈ വിധം എല്ലാ സജ്ജീകരണങ്ങളും ടിപ്പുവിന്റെ റവന്യൂ ഉദ്യോഗസ്ഥന്മാർ നടത്തിയിരുന്നു. മലബാറിലുടനീളം കുളങ്ങളും കിണറുകളും ജലസേചന സംഭരണികളും നിർമ്മിച്ചിരുന്നതായിക്കാണാം. പാലക്കാട്ടും ഫറൂക്കിലും ഇന്നും കാണുന്ന വലിയ കിണറുകൾ അവയിൽ പെട്ടവയാണ്. മൈസൂറിന്റെ അവിഭാജ്യഘടകമായിരുന്ന മലബാർ എന്നതുകൊണ്ടുതന്നെ മൈസൂറിൽ നടപ്പിലാക്കിയിരുന്ന എല്ലാ ഭരണപരിഷ്കാരങ്ങളും സാമ്പത്തിക നടപടികളും മലബാറിലും പ്രാവർത്തികമാക്കിയിരുന്നു. 1786—ൽ ഭൂസർവ്വേയും നികുതി പരിഷ്കാരവും നടത്തുവാൻ കല്പനയായപ്പോൾ മലബാറും അതിന്റെ രണ്ടാമത്തെ ഭൂസർവ്വേക്ക് വിധേയമായി. ഗ്രാമങ്ങൾ തോറും നടത്തിയ നിഷ്കൃഷ്ടമായ ഭൂസർവ്വേ മൈസൂറിന്റെ എല്ലാ മുക്കിലും മൂലയിലും നടത്തിയതിന്റെ ഫലമായി അനധികൃതമായി കൈവശം വച്ചിരുന്ന ധാരാളം സ്ഥലം നികുതിയുടെ പരിധിയിൽ കൊണ്ടുവരാൻ സാധിച്ചിരുന്നു[33]. മലബാറിലും ഈ പ്രക്രിയയുടെ ഫലമായി ധാരാളം സ്ഥലങ്ങളിൽ പുതുതായി കരം ചുമത്തുകയും അന്യായമായി കൈയടക്കി വെച്ചിരുന്ന പല പ്രദേശങ്ങളും സർക്കാരിലേക്ക് കണ്ടുകെട്ടുകയും ചെയ്തിരുന്നു. ഇതിൽ ദുഃഖിതരായ ജൻമിമാർ മൈസൂർ ഭരണത്തിനെതിരായി കലാപത്തിന്റെ കൊടിക്കൂറ ഉയർത്തുകയും ചെയ്തിരുന്നു. ഇവിടെ പ്രസക്തമായിട്ടുള്ളത് ഏതെല്ലാം പുതിയ ഭരണനടപടികൾ ടിപ്പു ആവിഷ്കരിച്ചിരുന്നുവോ അവയെല്ലാം തന്നെ മൈസൂറിന്റെ ഭാഗമായ മലബാറിലും നടപ്പിലാക്കിയിരുന്നുവെന്നതാണ്. മൈസൂറിൽ പൊതുവെ സമൃദ്ധിയും ക്ഷേമവും കളിയാടിയിരുന്നുവെന്ന് എല്ലാ എഴുത്തുകാരും സമ്മതിക്കുമ്പോൾ മൈസൂറിന്റെ ജില്ലകളിലൊന്നായ മലബാറിൽ മാത്രം അതുണ്ടായില്ലെന്ന് വിചാരിക്കുകയുക്തിസഹമല്ല. സമൂഹത്തിലെ മൃഗീയ ഭൂരിപക്ഷത്തിന്നും ദ്രോഹം മാത്രം ചെയ്തുകൊണ്ടിരുന്ന ചെറിയ വിഭാഗം ജൻമിനാടുവാഴികളുടെ അധികാരങ്ങളും അവകാശങ്ങളും ഇല്ലാതാക്കി എന്നത് മാത്രമാണ് മൈസൂർ അധിനിവേശത്തോടെ മലബാറിൽ സംജാതമായ സവിശേഷത.

വ്യാവസായിക—വാണിജ്യരംഗങ്ങളിൽ ഈ ഭരണാധികാരി മാത്രമായിരുന്നു ഇന്ത്യയിലെ മററാരെക്കാളും യൂറോപ്യൻ വ്യവസായരാഷ്ട്രങ്ങളുടെ അഭിവൃദ്ധിക്കുള്ള കാരണങ്ങൾ മനസ്സിലാക്കുകയും അവരോടൊപ്പം

---

33 ബരാമഹൽ റെക്കോഡ്സ്, സെക്ഷൻ 1, പുറം 153

നിർവ്വഹിക്കുവാൻ ബോധപൂർവ്വം തന്റെ വ്യാപാരവ്യവസായിക നയങ്ങൾ രൂപീകരിച്ചതെന്നും നാം പറഞ്ഞു കഴിഞ്ഞതാണ്. ഇവ സംബന്ധമായി അദ്ദേഹം ആസൂത്രണം ചെയ്ത് പ്രാവർത്തികമാക്കിയിരുന്ന പല പദ്ധതികളെക്കുറിച്ചും നാം മനസ്സിലാക്കുകയും ചെയ്തു. കയററുമതി ആവശ്യത്തിനുള്ള എല്ലാ ഉല്പന്നങ്ങളും സ്റ്റേററിന്റെ കുത്തകയായി പ്രഖ്യാപിച്ചതും മററുള്ളവർ ഈവക സാധനങ്ങളിൻമേൽ കച്ചവടം നടത്തുന്നത് നിയമം മൂലം നിരോധിച്ചതും നാം കണ്ടതാണ്. വ്യവസായ പുരോഗതിക്ക് സഹായകമാംവിധം നികുതി പിരിച്ചിരുന്നതും ഉല്പന്നത്തിന്ന് പകരം ഉല്പന്നങ്ങൾ മതിയെന്നാക്കിയതും നാം പ്രതിപാദിച്ചു കഴിഞ്ഞു. എന്നാൽ, കേരളത്തിലെ ചരിത്രമെഴുത്തുകാരുടെ അഭിപ്രായത്തിൽ ടിപ്പുസുൽത്താൻ മലബാറിലെ കച്ചവടവും വ്യവസായവും തകർത്ത്തരിപ്പണമാക്കുകയാണ്ചെയ്തത്. ഇവിടെയുണ്ടായിരുന്ന കുരുമുളക് വള്ളികൾ വെട്ടിക്കളയുകയും കൃഷിയിടങ്ങളും തോട്ടങ്ങളും അഗ്നിക്കിരയാക്കി ചുട്ടു നശിപ്പിക്കുകയും ചെയ്തുവെന്നും അവർ എഴുതുന്നുണ്ട്[34]. ബുക്കാനൻ എഴുതുന്നത്, ''അമ്പത് വർഷങ്ങൾക്ക് മുമ്പ് മലബാറിലെ മാപ്പിളമാർ സമ്പന്നരും, സൂറത്ത്, ബംഗാൾ, മെക്ക, മദ്രാസ് തുടങ്ങിയ സ്ഥലങ്ങളിലേക്ക് ചരക്കുകൾ കയററി അയച്ചിരുന്നവരും അതിന്നായി ധാരാളം കപ്പലുകൾ സ്വന്തമായി നിലനിർത്തിപ്പോന്നവരുമായിരുന്നെന്നും, എന്നാൽ ടിപ്പുവിന്റെ അടിച്ചമർത്തലിന്റെ ഫലമായി അവരത്രയും ദരിദ്രരായി മാറിയിരിക്കുകയാണെന്നും'' ആകുന്നു[35]. ബുക്കാനൻ മലബാറിൽ എത്തുന്നത് 1800-ലാണല്ലൊ. ടിപ്പുവിന്റെ കീഴിൽ 1782 മുതൽ 1790 വരെ മാത്രമേ മലബാർ ഉണ്ടായിരുന്നുള്ളു. ബുക്കാനൻ പറയുന്ന 50 വർഷങ്ങൾക്ക് മുമ്പുണ്ടായിരുന്ന മാപ്പിളമാർ 1750–ന് മുമ്പുണ്ടായിരുന്നവരായിരിക്കണമല്ലൊ. ടിപ്പു ജനിക്കുന്നത് തന്നെ 1748–ലാണ്. ഹൈദരാലി മലബാർ ആക്രമണം നടത്തുന്നതാകട്ടെ 1766–ലും. മലബാർ ടിപ്പുവിന്റെ കീഴിലാകുന്നത് ഹൈദരാലിയുടെ മരണാനന്തരം 1782–ലുമാണ്. മലബാറിലെ മാപ്പിളമാരുടെ കച്ചവടത്തിന് മാന്ദ്യവും ധനത്തിന് ക്ഷയവും പററിയിരുന്നവെങ്കിൽ നിശ്ചയമായും മൈസൂർ ആക്രമണത്തിന് മുമ്പ് തന്നെയായിരിക്കണമെന്ന് തീർച്ച.

മലബാർ തീരത്തെ കച്ചവടം മുഴക്കെ തന്നെയെന്ന് പറയാം മാപ്പിളമാരുടെ അധീനതയിലായിരുന്നു എന്നതിൽ പക്ഷാന്തരമില്ല. എന്നാൽ യൂറോപ്യൻ കോയ്മകളുടെ രംഗപ്രവേശത്തോടുകൂടി കച്ചവടത്തിൽ മാപ്പിളമാർക്കുണ്ടായിരുന്ന കുത്തക അവസാനിച്ചു. നാട്ടുരാജാക്കന്മാരും ഫ്യൂഡൽ മാടമ്പികളും യൂറോപ്യൻ കച്ചവടക്കാരുമായി സഖ്യത്തിലേർപ്പെടുവാനും കയററുമതി വിഭവങ്ങൾ അവർക്കെത്തിച്ചുകൊടുക്കുവാനും ശ്രമിച്ചു. തമ്മി

34 സി. എ. ഇന്നിസ്, മലബാർ ഗസററിയർ, വാല്യം 1, പുറം 530
35. ബുക്കാനൻ, വാല്യം II, പുറം 420

ലടിച്ചുകൊണ്ടിരുന്ന നാടുവാഴികളും ദേശവാഴികളും രാജാക്കൻമാരും വിദേശികളായ വ്യാപാരികൾക്ക് ഉല്പന്നങ്ങൾ നൽകാമെന്ന കരാറിൽ പകരം ആവശ്യപ്പെട്ടിരുന്നത് അധികവും തോക്കും വെടിമരുന്ന് സാമഗ്രികളുമായിരുന്നു. ഇത്തരം ഉടമ്പടികളുടെ അടിസ്ഥാനത്തിൽ ചുരുങ്ങിയ വിലയ്ക്ക് അവർക്കാവശ്യമായിരുന്ന കയററുമതിച്ചരക്കുകൾ കൃഷിക്കാരിൽ നിന്നും ശേഖരിച്ച് എത്തിച്ചുകൊടുക്കുക സാധാരണയായിത്തീർന്നു. ഇക്കാര്യത്തിൽ ഓരോ നാട്ടുരാജാവും, ഓരോ ഇടപ്രഭുവും അഹമഹമികയാ മാത്സര്യം പ്രകടിപ്പിക്കുകയും ചെയ്തു. കൃഷിക്കാരന് ഇത്തരം മത്സരങ്ങൾകൊണ്ട് തന്നെ ഉല്പന്നങ്ങൾക്ക് കൂടുതൽ വിലകിട്ടിയിരുന്നുമില്ല. ഏതെല്ലാം ഉടമ്പടികളും കരാറുകളും യൂറോപ്യൻ ശക്തികളുമായുണ്ടാക്കിയിരുന്നുവോ, അവയിലൊക്കെ കുരുമുളകിനും മററു സുഗന്ധദ്രവ്യങ്ങൾക്കും മുൻഗണന നൽകിയിരുന്നതായി കാണാം[36]. കരാർ വ്യവസ്ഥകളനുസരിച്ച് വിദേശ കമ്പനികൾക്ക് കയററുമതി ഉല്പന്നങ്ങൾ നൽകുന്നതിന്നായി ഓരോ രാജാവും നാടുവാഴിയും അവരവരുടെ സ്ഥലങ്ങളിൽ കുരുമുളക് തുടങ്ങിയ വിഭവങ്ങളിൻമേൽ കുത്തകാവകാശം നിലനിർത്തുകയും ചെയ്തിരുന്നു. അങ്ങനെ കൃഷിക്കാരിൽ നിന്നും സംഭരിക്കുന്ന കുരുമുളകിനും മററും നിശ്ചിത കുത്തക വില മാത്രമായിരുന്നു നൽകിയിരുന്നത്. 1742 മുതൽ 1793 വരെയുള്ള കാലത്ത് കേരളത്തിന്റെ പല ഭാഗങ്ങളിലായി നിലനിന്നിരുന്ന കുരുമുളകിന്റെ കുത്തകവിലയുമായി, ടിപ്പു നൽകിയിരുന്ന വില തട്ടിച്ചുനോക്കുമ്പോൾ, നിശ്ചയമായും ടിപ്പുവായിരുന്നു കൃഷിക്കാർക്ക് അവരവരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില മറേറതൊരു കേരളീയ ഭരണാധികാരിയേക്കാളും നൽകിയിരുന്നതെന്ന് കാണാം. മോയൻസിന്റെയും ഗല്ലനേയുടേയും മെമ്മോറാണ്ടം പ്രസിദ്ധീകരിച്ച ഗാലററി തന്റെ പഠനാർഹമായ അവതാരികയിൽ അക്കാലത്ത് കുത്തകവിലയുടെ ലിസ്ററ് നൽകുന്നുണ്ട്[37]. ബുക്കാനൻ തൽസംബന്ധമായി രേഖപ്പെടുത്തിയിട്ടുള്ളത് കൂടി നോക്കുക. "സ്പെൻസറുടെ കണക്കനുസരിച്ച് 1757—ൽ തിരുവിതാംകൂർ പ്രദേശത്തുണ്ടായ കുരുമുളക് 11.752 കണ്ടിയാണ്. ഇതത്രയും സർക്കാർ കുത്തകയായി ശേഖരിച്ചതുമായിരുന്നു. കൃഷിക്കാർക്ക് കണ്ടിക്ക് 30 ക. മാത്രമാണ് ഗവൺമെൻറ് നൽകിയിരുന്നത്"[38]. 1753—ൽ ഡച്ചുകാരും തിരുവിതാംകൂറിലെ മാർത്താണ്ഡവർമ്മയും തമ്മിൽ മാവേലിക്കരവെച്ചുണ്ടാക്കിയ ഉടമ്പടിയിൽ, "തന്റെ പരമ്പരാഗതമായി ലഭിച്ച സ്ഥലങ്ങളിൽ നിന്നും കിട്ടുന്ന ഒരു കോടി അമ്പത് ലക്ഷം റാത്തൽ കുരുമുളക് കണ്ടിക്ക് 65ക. വില പ്രകാരവും[39]

---

36. Tamilnadu Archives, Tellicherry Consultations, PP.60-61
37. ഡച്ച് റെക്കോഡ്സ്, നമ്പർ 13, പുറം 24
38. ബുക്കാനൻ, വാല്യം II, പുറം 457
39. ലോഗൻ, മലബാർ മാനുവൽ, വാല്യം 1, പുറം 367

തന്റെ ആക്രമിച്ച് കീഴടക്കിയ സ്ഥലങ്ങളിൽ നിന്നും കണ്ടിക്ക് 55 ക. പ്രകാരവും 2000 കണ്ടി കുരുമുളക്[40] എല്ലാവർഷവും കമ്പനിക്ക് കൊടുക്കാമെന്ന'' വ്യവസ്ഥയിൽ അദ്ദേഹം ഒപ്പുവെച്ചിരുന്നു[41]. ഈ ഉടമ്പടി നടത്തിപ്പിനെപ്പററി 1781-ൽ ബത്താവിയായിലെ സുപ്രീം കൗൺസിലിനു് മലബാറിലെ ഡച്ചുഗവർണറായ മോയൻസ് എഴുതുന്നതു് കൂടി ശ്രദ്ധിക്കുക. ''കണ്ടിക്ക് 55 ക. വിലപ്രകാരം 2000 കണ്ടി കുരുമുളക് വല്ലപ്പോഴുമൊക്കെയായി അദ്ദേഹം (തിരുവിതാംകൂർ രാജാവു്) കൊടുങ്ങല്ലൂരിൽ കൊണ്ടുവന്നു് തരുന്നുണ്ടെന്നതു് വാസ്തവം തന്നെ...എന്നാൽ ഇതിൽ വീഴ്ച വരുത്താതിരിക്കുന്നതിന്നായി കണ്ടിക്ക് 65 ക. വെച്ച് മൊത്തത്തിൽ നല്കുന്നതാണുത്തമം. തിരുവിതാംകൂർ ഭാഗത്തുനിന്നും 3000 കണ്ടിയും വടക്കുനിന്നും 2000 കണ്ടിയും തരുന്നുവെങ്കിൽ ഈ ഏർപ്പാട് നമുക്ക് ലാഭകരമായിരിക്കും''[42]. 1749-ൽ ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും തമ്മിലുണ്ടാക്കിയ സമാധാന സന്ധിയിലെ പ്രധാന വ്യവസ്ഥ ഇരുകൂട്ടരുടെയും താല്പര്യത്തിന്നായി കുരുമുളകിന്റെയും മററുള്ള കയററുമതി ഉല്പന്നങ്ങളുടെയും വില കഴിയുന്നതും കുറയ്ക്കുവാൻ കൂട്ടായി ശ്രമിക്കണമെന്നായിരുന്നു. ''ഇതിന്റെ അടിസ്ഥാനത്തിൽ ഇരുകൂട്ടരുടെയും ശ്രമഫലമായി കുരുമുളകിനു് കണ്ടിക്ക് 50 ക. എന്നാക്കി വില കുറയ്ക്കുന്നതിൽ അവർ വിജയിക്കുകയും ചെയ്തു''[43]. ടിപ്പു നല്കിയിരുന്ന കുത്തക വിലയെക്കാൾ എത്രയോ താഴെയായിരുന്നു വിദേശകമ്പനികളും നാടുവാഴികളും കർഷകർക്കു് നല്കിയിരുന്ന വില എന്നു് കാണിക്കുവാൻ ഉദ്ധരണികളായി എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും കാണിക്കാൻ കഴിയും[44]. ടിപ്പു കണ്ടിക്കു് 100 ക. എന്ന കുത്തകവില നിശ്ചയിച്ചിരുന്നത് ഒന്നിൽ കൂടുതൽ കാരണങ്ങളാൽ കൃഷിക്കാരുടെ താല്പര്യത്തിന്നു് ഗുണകരമായിരുന്നുവെന്നതിൽ പക്ഷാന്തരമുണ്ടാകുവാനിടയില്ല. പ്രഥമവും പ്രധാനവുമായ കാര്യം അന്നത്തെ ഉല്പന്നങ്ങൾക്കു് കേരളത്തിലെവിടെയുമുള്ള വിലയെക്കാൾ ഏകദേശം ഇരട്ടിവില കർഷകർക്കു് കിട്ടിയിരുന്നുവെന്നതു് തന്നെ. കമ്പനി അധികാരികൾക്കു് രാജാക്കന്മാർ 55 ക. ക്കും 65 ക. ക്കും ഒരു കണ്ടി കുരുമുളകു് കൊടുത്തിരുന്നപ്പോൾ, കർഷകനു് യഥാർത്ഥത്തിൽ കിട്ടിയിരിക്കാവുന്ന വില ഇതിനേക്കാൾ എത്രയോ തുച്ഛമായിരുന്നിരിക്കണം. അതേ സമയം 100 ക. യായിരുന്നു ടിപ്പു കൊടുത്തുകൊണ്ടിരുന്നതു്. അതാകട്ടെ

---

40. ഉടമ്പടിയിലെ iv-ാം ഖണ്ഡിക, ഡച്ച് റെക്കോഡ്സ്, നമ്പർ 13, പുറം 24
41. ടി ഖണ്ഡിക, vi, പുറങ്ങൾ 112-ഉം 124-ഉം
42. ഡച്ച് റെക്കോഡ്സ്, നമ്പർ 13, പുറം 114
43. ഫ്രാൻസിസ് ഡേ, പെരുമാക്കന്മാരുടെ രാജ്യം I, പുറം 133
44. [illegible] ആർക്കൈവ്സ്, ഗ്രന്ഥം 64, 65; ലോഗൻ, ഉടമ്പടി തുടർച്ചയായി കാണുക.

ഇടത്തട്ടുകാരുടെ സഹായം കൂടാതെ നേരിട്ട കർഷകന് ലഭിക്കുകയും ചെയ്തിരുന്നു. കമ്പനിയുടമകൾക്ക് വേണ്ടി നാട്ടരചൻമാർ കർഷകരെ ഭീഷണിപ്പെടുത്തി ശേഖരിച്ചിരുന്ന ഈ ഉല്പന്നങ്ങൾക്ക് തുഛമായ വിലയേ കൊടുത്തിരുന്നുള്ളു. കാരണം ഈ വിഭവസംഭരണവും വിതരണവും വഴി അമിതലാഭമാണ് നാട്ടുരാജാക്കൻമാർ ഉണ്ടാക്കിയിരുന്നത്. അതാകട്ടെ യഥാർത്ഥ കൃഷിക്കാരൻെറ ചോരയും നീരും ഊററിക്കുടിച്ചുകൊണ്ടായിരുന്നുതാനും. ഇടത്തട്ടുസമ്പ്രദായം നിർത്തലാക്കിയ മൈസൂർ നയത്തിൻെറ ഫലമായി കർഷകരെ കൊള്ളയടിച്ചിരുന്ന സ്ഥിതി അവസാനിച്ചു. ഇടപ്രഭുക്കൻമാരുടെയും നാട്ടരചൻമാരുടെയും ഈ വഴിക്കുള്ള വരവ് അസ്തമിക്കുകയും ചെയ്തുവെന്നത് പരമാർത്ഥമാണ്. ഉള്ളവരെ കൂടുതൽ ധനവാൻമാരാക്കുന്നതും ഇല്ലാത്തവരെ കൂടുതൽ ദരിദ്രൻമാരാക്കുന്നതുമാണ് സാമ്പത്തിക വികസനത്തിൻെറ മാനദണ്ഡമായി കരുതുന്നതെങ്കിൽ നിശ്ചയമായും മൈസൂർ ഭരണത്തിനുമുമ്പ് കേരളത്തിൽ സാമ്പത്തിക ഉത്ക്കർഷം ഉണ്ടായിരുന്നതായി വ്യവഹരിച്ചേ പററൂ. നേരെമറിച്ച് മദ്ധ്യവർത്തികളുടെ ചൂഷണത്തെ ഒഴിവാക്കി കൃഷിക്കാരന് അവൻെറ വിളയ്ക്ക് ന്യായമായ വില നേരിട്ട് നല്കി, കാർഷികസമൂഹസമുദ്ധാരണം നടത്തിയത് സാമ്പത്തികാധഃപതനത്തിന് വഴിയൊരുക്കുമെങ്കിൽ, മൈസൂർ ഭരണകാലത്ത് ഇവിടെ ഐശ്വര്യത്തിന്ന് പകരം സാമ്പത്തികമായ തകർച്ചയാണുണ്ടായിരുന്നതെന്ന് പറയണം. ഒരിക്കലും മൈസൂർ ഭരണത്തെപ്പററിയോ, ടിപ്പുസുൽത്താനെപ്പററിയോ നല്ലത് പറയുവാൻ തയ്യാറല്ലാതിരുന്ന ബുക്കാനൻ പോലും പാലക്കാട്ടുകാരനായ കച്ചവടക്കാരൻമാർ "ടിപ്പുവിൻെറ കാലത്ത് ഇന്നത്തേക്കാൾ (കമ്പനിഭരണത്തിൻ കീഴിൽ) വളരെ കൂടുതൽ കച്ചവടം നടന്നിരുന്നു"[45] എന്ന് തെളിവു സഹിതം ബോധിപ്പിച്ചപ്പോൾ അത് രേഖപ്പെടുത്താതെ നിവൃത്തിയില്ലെന്നു വന്നു. തുടർന്നു അദ്ദേഹമെഴുതുന്നത്, "ടിപ്പുവിൻെറ പരാജയത്തിന്നു ശേഷം നിലവിലുണ്ടായിരുന്ന കുത്തകവില എടുത്തുകളയാൻ സാധിച്ചതുകൊണ്ടു് കുരുമുളകിൻെറ വില ഗണ്യമായി കുറയ്ക്കുവാൻ കഴിഞ്ഞു[46] എന്നാണ്. നമ്മുടെ ചരിത്രകാരൻമാർക്ക് ഇന്നും 'ജനങ്ങൾ' എന്നു പറയുന്നത് സമൂഹത്തിലെ മേലേത്തലപ്പത്തുണ്ടായിരുന്നവർ മാത്രമാണ്. അവരുടെ കൊള്ളലാഭവും ധൂർത്തും അവസാനിപ്പിച്ച മൈസൂർ ഭരണാധിപൻമാരെ തൻമൂലം ഇവരൊക്കെ 'ജനങ്ങളെ' സാമ്പത്തികമായി തളർത്തിയ ക്രൂരൻമാരായി ചിത്രീകരിക്കാതെ നിർവ്വാഹമില്ലെന്നും വന്നുകൂടി. മദ്ധ്യവർത്തികളുടെ മടിശ്ശീലയെ വീർപ്പിക്കാതെ അവരെ ഒഴിവാക്കിക്കൊണ്ടു് കൃഷിക്കാർക്ക് നേരിട്ട് മററെവിടെയുള്ളതിനേക്കാൾ കൂടുതൽ വില നല്കിക്കൊണ്ടു് ടിപ്പുവിൻെറ

---

45. ബുക്കാനൻ, വാള്യം II, പുറം 360
46. ടി , പുറം 538

ഉദ്യോഗസ്ഥൻമാർ നടപ്പാക്കിയ വ്യാവസായികനയം അങ്ങേ അററം പ്രശംസാർഹമായിരുന്നുവെന്നതാണ് സത്യം. കേരളത്തിലെ കർഷകർക്ക് സാമ്പത്തികമായ സന്തുഷ്ടി ആദ്യമായനുഭവപ്പെട്ട കാലവും കൃഷി കൂടുതൽ അഭിവൃദ്ധിപ്പെടുത്താനുള്ള പ്രചോദനം ലഭിച്ച കാലവും മൈസൂർ ഭരണകർത്താക്കളുടെ കാലമായിരുന്നു.

മലബാറിൽ ഉടനീളം നിർമ്മിച്ചിരുന്ന റോഡുകളുടെ ശൃംഖലയെ കുറിച്ച് മറെറാരദ്ധ്യായത്തിൽ നാം സവിസ്തരം പ്രതിപാദിച്ചതാണല്ലൊ. രാജ്യത്തിൻെറ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് വിലയിരുത്തുന്ന ഈ അവസരത്തിൽ ടിപ്പുവിൻെറ റോഡ് നിർമ്മാണപ്രക്രിയയുടെ ചില സവിശേഷതകൾ കൂടി ചൂണ്ടിക്കാണിക്കുന്നത് ഇവിടെ പ്രസക്തമാണ്. മലബാറിൽ നൂറ് കണക്കിന് മൈൽ നീളത്തിൽ നാടിൻെറ എല്ലാ മുക്കിലും മൂലയിലും എത്തിനിന്നിരുന്ന നിരവധി റോഡുകളുടെ നിർമ്മാണം 1784 മുതൽ 1790 വരെയുള്ള ചുരുങ്ങിയ ആറ് വർഷംകൊണ്ടാണ് ചെയ്തതെന്നത് പ്രത്യേകം ഓർക്കേണ്ടതുണ്ട്. ഇത്രയും ബൃഹത്തായ ജോലി നിർവ്വഹിക്കുവാൻ എത്രമാത്രം ആളും, അർത്ഥവും സാധനസാമഗ്രികളും ആവശ്യമായി വരുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. തൻെറ ഇതര സംസ്ഥാനങ്ങളിൽ നടത്തിയിരുന്ന നിർമ്മാണപ്രവർത്തനത്തിൻെറ ഭാഗമായിട്ടായിരുന്നു ഇവിടേയും ഇതു ചെയ്തിരുന്നത്. ഇത്രയും ഭാരിച്ച മുതൽമുടക്കും പ്രയത്നവും നടത്തണമെങ്കിൽ, അതിനാവശ്യമായ ധനം ആ സ്ഥലത്തുനിന്നു തന്നെ ഉണ്ടാകാതെ തരമില്ലല്ലൊ. വ്യാവസായിക വളർച്ചയും കാർഷിക സമൃദ്ധിയും ഉണ്ടായിരുന്നില്ലെങ്കിൽ നിശ്ചയമായും ഇത് സാദ്ധ്യമാകുമായിരുന്നില്ല. ഇതിന് അനുബന്ധമായി അന്വേഷിക്കേണ്ട മറെറാരു പ്രധാന ഘടകം ഇത്തരം ഭീമമായ പദ്ധതിയുടെ പ്രവർത്തനത്തിന് ആവശ്യമായി വന്നേക്കാവുന്ന മനുഷ്യപ്രയത്നമാണ്. പൊതുമരാമത്തു പണിക്കായി കേരളത്തിൽ ആദ്യമായിട്ടായിരുന്നു സംഘടിത തൊഴിൽശക്തിയെ ഉപയോഗപ്പെടുത്തിയതായി കാണുന്നത്. ആരും ടിപ്പുസുൽത്താൻ നിർബന്ധമായി അടിമപ്പണി ചെയ്യിച്ചാണിവ നടത്തിയതെന്ന് ഇതുവരെ പറഞ്ഞിട്ടില്ലാത്തപ്പോൾ, കൂലിക്കാരെ കേരളത്തിൽ ആദ്യമായി വേതനാടിസ്ഥാനത്തിൽ തൊഴിലിൽ ഏർപ്പെടുത്തിയത് അദ്ദേഹമായിരുന്നുവെന്ന് പറയാതെ തരമില്ല. അതുവരെ നമ്മുടെ സാമൂഹ്യ സംവിധാനത്തിൻെറ പ്രത്യേകതയെന്നോണം, അടിമകളേയും കുടിയാന്മാരെയും നിർബന്ധിച്ച് പണിയെടുപ്പിക്കുകയെന്നതായിരുന്നു നിലനിന്നിരുന്ന സമ്പ്രദായം. അടിമകളെ കൂട്ടത്തോടെ ആട്ടിക്കൊണ്ടുവന്ന് അവരെക്കൊണ്ട് ചങ്ക് പൊട്ടും വിധം പണിയെടുപ്പിച്ചിരുന്നതിൻെറ വിവരണം ബുക്കാനൻ നൽകുന്നുണ്ട്[47]. ബുക്കാനന് രണ്ട് നൂററാണ്ട് മുമ്പ്

47. ടി, പുറം 370

ദ്വാർത്തേ ബാർബോസ, കേരളത്തിൽ നിലനിന്നിരുന്ന അടിമക്കച്ചവടമുൾപ്പെടെയുള്ള ഇവിടത്തെ വ്യാപാരവ്യവസായങ്ങളെക്കുറിച്ച് വിവരിക്കുന്നുണ്ട്[48]. ഓരോ ജാതിയും അവരവരുടെ തൊഴിലും പണിയും മാത്രമേ ചെയ്യാവൂ എന്ന നിഷ്കർഷ നിലനിന്നിരുന്നതായും അദ്ദേഹം എഴുതുന്നു. ചെറുമവിഭാഗത്തിൽപ്പെട്ട ആറ് ഉപജാതികൾ അടിമകളായിരുന്നുവെന്നും അവരെ ഉപഭോഗവസ്തുക്കൾക്ക സമം വാങ്ങുകയും വില്ക്കുകയും ചെയ്തിരുന്നുവെന്നും വില്യം താക്കറെ 1814–ൽ തന്റെ റവന്യൂ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഓരോ ഇനം ചെറുമർക്കും പ്രായവ്യത്യാസമനുസരിച്ചുള്ള കമ്പോളവിലയും അദ്ദേഹം എഴുതിയിട്ടുണ്ട്[49]. അത്തരം ഒരു സമൂഹത്തിൽ ആയിരക്കണക്കിന് തൊഴിലാളികൾ ആവശ്യമുള്ള ഭീമമായ തന്റെ റോഡു നിർമ്മാണപദ്ധതിക്ക് ആദ്യമായിട്ടാണ് സംഘടിത തൊഴിൽശക്തിയെ കേരളത്തിൽ ടിപ്പു പ്രയോജനപ്പെടുത്തിയതു്. സാമൂഹിക ചട്ടക്കൂട്ടിൽ ഇത്തരം വിപ്ലവകരമായ പദ്ധതികൾ സൃഷ്ടിച്ചിരിക്കാവുന്ന ചലനവും പ്രതികരണവും വളരെ വലുതായിരിക്കും. റോഡുനിർമ്മാണത്തിന്റെ ഫലമായി സഞ്ചാരവും കച്ചവടവും സുഗമമായെന്നു മാത്രമല്ല, തൽഫലമായി രാജ്യത്തു് സാമ്പത്തികാഭിവൃദ്ധി കളിയാടുകയും ചെയ്തു. കച്ചവടവും വ്യവസായവും മലബാറിൽ തകരുകയാണ് മൈസൂർ കാലത്തുണ്ടായതെന്നു് വാദിക്കുന്നവർ, വൃത്തം കോണാണെന്നു് വിളിച്ചുകൂവുന്ന യുക്തിരഹിതമായ വക്രഗതിക്കാരാണെന്നു് മാത്രമേ പറയാനൊക്കൂ.

പാശ്ചാത്യനാടുകളുമായി വളരെ മുമ്പേ നടന്നുപോന്ന വാണിജ്യത്തിന്റെ ഫലമായി ഇവിടെ സംഭരിക്കുവാൻ കഴിഞ്ഞിരുന്ന സ്വർണ്ണവും വെള്ളിയും മററുമൂല്യ വസ്തുക്കളും നാട്ടിൽനിന്നും അപ്രത്യക്ഷമാകുകയും രാജ്യം ദരിദ്രമായിത്തീരുകയും ചെയ്തെന്നാണ് മൈസൂർ ഭരണത്തെ വിലയിരുത്തുന്ന കേരളചരിത്രകാരൻമാരുടെ പക്ഷം[50]. സത്യത്തിന്റെ നേരിയ അംശം പോലുമില്ലാത്തതും വിശ്വസിക്കുവാൻ അസാദ്ധ്യമായതുമായ കള്ളക്കഥകൾ യാതൊരു മടിയും കൂടാതെ ഇങ്ങനെ അടിച്ചു വിടുവാൻ നമ്മുടെ എഴുത്തുകാർ മടിക്കുന്നില്ലെന്നതു് അതിശയകരമായിരിക്കുന്നു. പാലക്കാട്ട് കേരളത്തിൽവെച്ചേററവും അപ്രതിരോധ്യമായ കോട്ടകെട്ടി അതിൽ തന്റെ കാവൽസൈന്യത്തെ നിർത്തിയതു് ഹൈദരാലിയാണെന്നു് നമുക്കറിയാം. വാർത്താവിനിമയത്തിന്റെ കേന്ദ്രസ്ഥാനമായി പാലക്കാട്ട് കോട്ട വർത്തിക്കുകയും ചെയ്തിരുന്നു. ഇതിനു് പുറമേ കച്ചവടകേന്ദ്രങ്ങളും കമ്പോളങ്ങളും ആവിർഭാവിച്ചതിന്റെ ഫലമായി

48. ബർബോസ, വിവരണം etc , പുറങ്ങൾ 124–28
49. മലബാറിലേയും ക്യാനറയിലേയും റവന്യൂ സംബന്ധമായ റിപ്പോർട്ട്, പുറം 2
50. കെ. എം. പണിക്കർ, മുൻ ഉദ്ധരിച്ചതു്, പുറം 532

ജനശൂന്യമായിരുന്ന ഈ പ്രദേശം ഒരു പട്ടണമായി വികസിച്ചുവെന്നും നമുക്കറിയാം. പാലക്കാട് പട്ടണത്തിന്റെ പ്രാധാന്യത്തെയും അതിന്റെ അന്നത്തെ സ്ഥിതിയേയും സംബന്ധിച്ച് ബുക്കാനൻ പറയുന്നത്, ''ഇത്ര വൃത്തിയുള്ളതും നല്ലതുമായ'' പട്ടണം കേരളത്തിൽ വേറെയില്ലെന്നാണ്[51]. ഉത്കർഷത്തിലേക്കുയർന്ന പാലക്കാട്ട് നിശ്ചയമായും മൈസൂർ കോട്ടയോടും അവിടെ സ്ഥാപിതമായിരുന്ന പണ്ടികശാല, കമ്പോളങ്ങൾ എന്നിവയോടും ഏറെ കടപ്പെട്ടിരിക്കുന്നുവെന്ന കാര്യത്തിൽ സംശയമില്ല. ടിപ്പുവിനെ നിശിതമായി വിമർശിച്ചിട്ടുള്ള സി. ഏ. ഇന്നിസ് മലബാർ ഗസററിയറിൽ പ്രസ്താവിച്ചിട്ടുള്ളതുകൂടി നോക്കുക: ''18–ാം നൂററാണ്ടിന്റെ ആദ്യപകുതി കഴിയുന്നതുവരെ പാലക്കാട്ട് രാജാക്കൻമാർ ഒട്ടും പ്രധാനികളായിരുന്നില്ല. ... സാമൂതിരിയുടെ നിരന്തരമായ ആക്രമണം കൊണ്ട് 1756–ൽ ഡിൻഡിഗലിലെ ഫൗജ്ദാററായ ഹൈദരാലിയുടെ സഹായം തേടുന്നതുവരെയുള്ള സ്ഥിതി ഇതായിരുന്നു''[52]. എന്നാൽ, 1801 ആകുന്നതോടുകൂടി ബുക്കാനൻ തുടങ്ങിയവരുടെ അകമഴിഞ്ഞ പ്രശംസയ്ക്ക് പാത്രമാകും വിധം പാലക്കാട് ഒരു വലിയ പട്ടണമായി വികാസം കൊണ്ടിരുന്നു. ഇതിന് കാരണക്കാരരായിരുന്നുവെന്ന് പറഞ്ഞറിയിക്കേണ്ട കാര്യമില്ല.

ടിപ്പുവിന്റെ മലബാറിലെ ഒരു പ്രധാന ആസ്ഥാനമാക്കി നിർമ്മിച്ചതായിരുന്നു ഫറൂക്ക് പട്ടണം. കോഴിക്കോട്ട് നിന്ന് കഷ്ടിച്ച് 12 കിലോമീററർ അകലെയായി സ്ഥിതി ചെയ്യുന്ന ഈ സ്ഥലം ടിപ്പു തന്റെ തലസ്ഥാനമായി തെരഞ്ഞെടുക്കുന്നതു വരെ ചരിത്രത്തിൽ യാതൊരു കാരണവശാലും പരാമർശിക്കപ്പെട്ടിരുന്നില്ല. കുന്നും കാടും വന്യജീവികളും കൊണ്ടു നിറഞ്ഞ ഈ സ്ഥലം തന്ത്രപ്രാധാന്യമുള്ളതാക്കുകയും കോട്ടയും താമസസംവിധാനങ്ങളും, പണ്ടികശാലയും, മാർക്കററും കൊണ്ട് സജ്ജമാക്കുകയും ചെയ്തതു ടിപ്പുസുൽത്താന്റെ നിർമ്മാണാസൂത്രണമായിരുന്നു. ഇതിന് ചുററും വ്യവസായശാലകളും കച്ചവടകേന്ദ്രങ്ങളും വളർന്നുവന്നതിന്റെ ഫലമായി ഇന്നും തിരക്കേറിയ ഒരു വ്യവസായ പട്ടണമായി ഫറൂക്ക് പ്രശോഭിക്കുന്നുണ്ട്. പുതുതായി നിർമ്മിതമാകുന്ന ഒരു തലസ്ഥാനപട്ടണത്തിന്റെ സംവിധാനം അവിടത്തെ സാമ്പത്തിക സ്ഥിതിയിൽ ഉണ്ടാക്കിയേക്കാവുന്ന മാററം ഊഹിക്കാവുന്നതേയുള്ളു. അവശ്യസാധനങ്ങളിന്മേൽ കുത്തക ഏർപ്പെടുത്തുകയും മധ്യവർത്തികളെ ഒഴിവാക്കുകയും ചെയ്തപ്പോൾ, കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ അനായാസേന എത്തിക്കുന്നതിന് നാടിന്റെ നാനാഭാഗങ്ങളിലും ടിപ്പു പണ്ടികശാലകൾ തുറക്കുകയുണ്ടായി. ഈ സംഭരണകേന്ദ്രങ്ങളിൽ പ്രധാനമായവ പാലക്കാട്, മങ്കട, മഞ്ചേരി, മലപ്പുറം, പൊന്നാനി, ഫറൂക്ക്, കോഴിക്കോട്,

---

51. ബുക്കാനൻ, വാള്യം II, പുറങ്ങൾ 368–69
52. സി. ഏ. ഇന്നിസ്, മലബാർ ഗസററിയർ, വാള്യം 1, പുറം 469

കൊയിലാണ്ടി, വടകര, മാഹി, കണ്ണൂർ, സുൽത്താൻ ബത്തേരി എന്നിവടങ്ങളിലായിരുന്നു[53]. ഉല്പന്നങ്ങൾ നേരിട്ട് കർഷകരിൽ നിന്നും വാങ്ങി സൂക്ഷിച്ചിരുന്ന ഈ കേന്ദ്രങ്ങളൊക്കെ തന്നെ കച്ചവട വികസനത്തിന്ന് നിദാനമായി വർത്തിച്ചു. കമ്പോളങ്ങളും, പട്ടണങ്ങളും, ജനനിബിഡമായ ഗ്രാമങ്ങളും, വ്യവസായകേന്ദ്രങ്ങളുമൊക്കെയായി ഇവ വളരുകയും ചെയ്തു. ഈ കേന്ദ്രങ്ങളോടനുബന്ധിച്ച് ഹുസൂർ കച്ചേരികളും നികുതിയടക്കേണ്ട സ്ഥലങ്ങളും അവശ്യാവശ്യമായ ഉദ്യോഗസ്ഥൻമാരുടെ അധിവാസസ്ഥലങ്ങളും നില നിന്നിരുന്നു. ഇവിടെയൊക്കെ ഭയം കൂടാതെ സുഗമമായി സഞ്ചരിക്കാവുന്ന റോഡുകൾ കൂടി ഉണ്ടായപ്പോൾ കച്ചവടത്തിന്ന് സുരക്ഷിതത്വം കൈവന്നു. 'സുൽത്താൻ ബത്തേരി' എന്ന് അറിയപ്പെടുന്ന സ്ഥലം 'സുത്താൻസ് ബാററി' എന്നതിൽ നിന്നും സംജാതമായ പേരാണെന്നും, ആ നാമധേയം തന്നെ വിശദീകരണത്തിൻെറ ആവശ്യമില്ലാതെ സ്പഷ്ടമാക്കുന്നത്, ടിപ്പു സുൽത്താനാൽ നിർമ്മിതമായ സ്ഥലമാകുന്നു എന്നുമാണല്ലൊ. നിഷ്പക്ഷ മതികളായവർക്ക് ഇതൊക്കെക്കൊണ്ട് എത്തിച്ചേരാവുന്ന നിഗമനം മൈസൂർ ഭരണാധിപൻമാരിൽ നിന്നും മലബാറിലുണ്ടായിരുന്ന പട്ടണങ്ങൾക്കും വ്യാപാരകേന്ദ്രങ്ങൾക്കും അങ്ങേ അററം അഭിവൃദ്ധി ലഭിച്ചുവെന്നാണ്. മാത്രമല്ല, മേൽ കാണിച്ച വിധം മലബാറിൻെറ പല ഭാഗങ്ങളിലും നഗര സംവിധാനങ്ങളും, കച്ചവടകേന്ദ്രങ്ങളും പുതുതായി അവർ സംഭാവന ചെയ്തു. മറിച്ച് പറയുന്നത് സത്യത്തിനോ, നീതിക്കോ നിരക്കാത്ത പാർശ്വവീക്ഷണമായേ നിലനില്ക്കുകയുള്ളു.

കെ. എം. പണിക്കരും അദ്ദേഹത്തെപ്പോലെയുള്ള ചരിത്രകാരൻമാരും പറയുന്നത് മൈസൂർ ഭരണത്തോടുകൂടി കേരളത്തിലെ തുറമുഖങ്ങളുടെ പ്രാധാന്യം കുറഞ്ഞുവെന്നും കപ്പൽ നിർമ്മാണവ്യവസായം എന്നേക്കുമായി തകർന്നുവെന്നുമാണ്. ഇതും വെറുമൊരു ദുരാരോപണമാണെന്ന് കാണാം. കോഴിക്കോട്, കണ്ണൂർ, മംഗലാപുരം എന്നീ തുറമുഖപട്ടണങ്ങളാണല്ലൊ മലബാറിലെ പ്രധാനമായവ. അവിടെ കയററിറക്കുമതിയും വ്യാപാര വാണിജ്യ പ്രവർത്തനവും ഏതു് കാലത്തേയുംകാൾ പുഷ്ക്കലമായിരുന്നത് മൈസൂർ ഭരണകാലത്തായിരുന്നുവെന്നതാണ് പരമാർത്ഥം. ഈ കേന്ദ്രങ്ങളിലൊക്കെ തന്നെ ചരക്കുകൾ എത്രവേണമെങ്കിലും ശേഖരിക്കുവാൻ പററുന്ന പാണ്ടികശാലകൾ സ്ഥാപിച്ചിരുന്നു. മൈസൂർ സംസ്ഥാനത്തിലെ എല്ലാ കയററുമതിയും ഇറക്കുമതിയും ഈ തുറമുഖകേന്ദ്രങ്ങളിൽ കൂടിയായിരുന്നു നടന്നിരുന്നത് എന്ന് വരുമ്പോൾ സമുദ്രാന്തരീയ വ്യാപാരം വർദ്ധമാനമായിരുന്നുവെന്നതായിരിക്കുകയില്ലേ ശരി. ടിപ്പു വിദേശരാജ്യങ്ങളുമായി വ്യാപാരം തകൃതിയായി നടത്തിയിരുന്നുവെന്നും, ജിദ്ദയിലും മസ്ക്ക

53. ബുക്കാനൻ, വാല്യം II, പുറം 515

ററിലും ബാഗ്ദാദിലുമൊക്കെ ടിപ്പുവിന് പാണ്ടികശാലകളും ഡറോഗമാരും മററുദ്യോഗസ്ഥന്മാരുമുണ്ടായിരുന്നുവെന്നും മററുമുള്ള വസ്തുതകൾ മുൻ അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്. ഈ വ്യാപകമായ വ്യാപാരം മുഴുക്കെ നടത്തിയിരുന്നത് മംഗലാപുരം, കോഴിക്കോട് തുടങ്ങിയ മലബാർ തുറമുഖങ്ങളിലൂടെയായിരുന്നു. ടിപ്പുവിന്റെ വ്യാപാര—വാണിജ്യവികസനനയം മൂലം തലശ്ശേരിയിലെ ഇംഗ്ലീഷ് കമ്പനിയുടെ കച്ചവടം ക്ഷയിക്കുകയും തലശ്ശേരി ഫാക്ടറി ഉപേക്ഷിക്കുന്ന കാര്യം അവർ ഗൗരവമായി പരിഗണിക്കുകയും ചെയ്തിരുന്നു. 1789 ആഗസ്റ്റ് 29—ാം തീയതി തലശ്ശേരി ഫാക്ടറിയിലെ പ്രധാനി ഗവർണർ ജനറലിനെഴുതുന്ന കത്തിൽ നിന്നും ഇത് വ്യക്തമാകുന്നുണ്ട്[54]. കോഴിക്കോടും മംഗലാപുരവും എത്രമാത്രം ടിപ്പുവിന്റെ കയററിറക്കുമതികൾക്ക് അത്യാവശ്യമായി ഗണിച്ചിരുന്നുവെന്നതിനും, അവയെ എത്രമാത്രം പ്രാധാന്യത്തോടുകൂടിയാണ് ടിപ്പു കരുതിപ്പോന്നിരുന്നത് എന്നതിനും ഉദാഹരണമായി നിരവധി രേഖകൾ മുമ്പൊരദ്ധ്യായത്തിൽ കൊടുത്തിട്ടുള്ളതുകൂടി ഒന്നിച്ചു നോക്കുകയാണെങ്കിൽ വസ്തുതയുടെ നിജസ്ഥിതി ബോദ്ധ്യമാകാതിരിക്കുകയില്ല. അതുമാത്രമല്ല, ടിപ്പുസുൽത്താൻ തന്റെ വിദേശ ഫാക്ടറികളിലെ ദറോഗമാർക്ക് എഴുതിയിരുന്ന കത്തുകളിൽ നിന്നും അദ്ദേഹം വിളംബരപ്പെടുത്തിയ വ്യാവസായിക ചട്ടങ്ങളിൽ നിന്നും നിഷ്പ്രയാസം നമുക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നത് മംഗലാപുരം തുറമുഖത്ത് ഒന്നാം തരം കപ്പൽ നിർമ്മാണശാല ആസൂത്രണം ചെയ്തിരുന്നു എന്നാണ്. ഈ ആവശ്യത്തിന്നായി മസ്ക്കററിൽ നിന്നും ജിദ്ദയിൽ നിന്നും കപ്പൽ നിർമ്മാണ വിദഗ്ദ്ധന്മാരെ മംഗലാപുരത്ത് കൊണ്ടുവരികയും ചെയ്തിരുന്നു[55]. തേക്കിൻതടി സ്റ്റോററിന്റെ കുത്തകയാക്കുവാൻ കാരണം തന്റെ കപ്പൽ നിർമ്മാണാവശ്യത്തിന് അത് പ്രയോജനപ്പെടുത്തുവാൻ വേണ്ടി ആയിരുന്നുതാനും. തന്റെ ഉദ്യോഗസ്ഥന്മാർക്ക് ടിപ്പു നല്കിയിരുന്ന നിർദേശവും കൂടി നോക്കുക: "മരം, കമ്പി കയർ തുടങ്ങി കപ്പൽപ്പണിക്കാവശ്യമായ ഉപകരണങ്ങൾ കഴിവതും കപ്പൽ നിർമ്മാണശാലയുടെ പ്രാന്തപ്രദേശങ്ങളിൽ നിന്നു തന്നെ ശേഖരിക്കുവാൻ ശ്രമിക്കുകയും, എല്ലാ വിഭാഗം തൊഴിലാളികൾക്കും തൃപ്തികരമായും കൃത്യമായും അവരുടെ വേതനം നല്കി കഴിവതും നേരത്തെ കപ്പലുകളുടെ നിർമ്മാണം പൂർത്തിയാക്കുവാൻ ശ്രദ്ധിക്കുകയും വേണം[56]. ഇന്ത്യയിലെ മറെറാരു ഭരണാധിപനും ഇത്തരം കാര്യങ്ങളിൽ ശ്രദ്ധിച്ചിരുന്നില്ലെന്നുകൂടി നാം ഓർക്കേണ്ടതുണ്ട്. കോഴിക്കോട്ടു നിന്നും കഷ്ടിച്ച് നാറു കിലോമീററർ തെക്കായിക്കിടക്കുന്ന കല്ലായി, മരക്കച്ചവടത്തിൽ ലോകത്തിൽ തന്നെ

54. ഫോറിൻ ഡിപ്പാർട്ടുമെന്റ്, സീക്രട്ട് ആൻഡ് പൊളിററിക്കൽ പ്രൊസീഡിങ്സ്, എസ്. നമ്പർ 96, പുറങ്ങൾ 1849-56
55. വ്യാപാര—വ്യവസായം എന്ന അദ്ധ്യായം നോക്കുക.
56. കിർക്ക് പാട്രിക്ക്, അനുബന്ധം ഇ. xxxvii

സ്ഥാനം നേടിയ സ്ഥലമാണല്ലൊ. യഥാർത്ഥത്തിൽ കല്ലായിയുടെ ആസൂത്രണം ടിപ്പുവിൻെറ മസ്തിഷ്ക്കത്തിൽ നിന്നും ഉത്ഭൂതമായതായിരുന്നു. അങ്ങനെ നമ്മുടെ തുറമുഖങ്ങൾ എല്ലാ നിലക്കും കൂടുതൽ തിരക്കേറിയതും വർദ്ധമാനമായി കയററിറക്കുമതികൾ ചെയ്തിരുന്നതുമായ ലോകത്തിലെ പ്രധാന തുറമുഖങ്ങളോടൊപ്പം വളരുകയും ചെയ്തത് ഇക്കാലത്താണ്.

ഇതുപോലെതന്നെ അയുക്തികവും വിചിത്രവുമായ ആരോപണമാണ് മലബാറിൽ വളരെക്കാലത്തെ വിദേശവ്യാപാരത്തിൻെറ ഫലമായി സ്വരുക്കൂട്ടിയിരുന്ന സ്വർണ്ണവും ധനവും മൈസൂർ അധിനിവേശത്തോടെ ഇല്ലാതായി എന്ന പ്രസ്താവനയും. എവിടെ, ആരുടെ പക്കൽ, ഏകദേശം എത്രത്തോളം, ഈ പറയുന്ന ധനം ശേഖരിച്ചിരുന്നു എന്ന ഒരഭ്യൂഹം പോലും നൽകാനൊക്കാതെ വെറും ഉപരിപ്ലവങ്ങളായ പ്രസ്താവനകൾ തട്ടിവിടുന്ന സമ്പ്രദായം ചരിത്രപ്രതിപാദനത്തിൽ കാലുഷ്യം കലർത്തുകയേ ഉള്ളു. സത്യാന്വേഷണത്തിനൊരുമ്പെടുന്ന ജിജ്ഞാസുവിൻെറ മാർഗ്ഗത്തിൽ തടസ്സം സൃഷ്ടിക്കുകകൂടിയുമാകാം ഇത്തരം നിരുത്തരവാദപരമായ പ്രചരണങ്ങൾ. പറങ്കികളുടെ ആഗമനത്തോടുകൂടി അറബികളുടെയും മാപ്പിളമാരുടെയും കുത്തകയായിരുന്ന മലബാറിലെ വ്യാപാരവാണിജ്യാദികൾ അവർക്ക് നഷ്ടപ്പെട്ടു. പറങ്കികളുടെ അവസാനഘട്ടത്തിലെ കേരളത്തിൻെറ സ്ഥിതിഗതിയെപ്പററി കെ. എം. പണിക്കർ തന്നെ മറെറാരിടത്തു് പറയുന്നതിങ്ങനെയാണ്: "ഇന്ത്യയും യൂറോപ്യൻ രാജ്യങ്ങളുമായി നേരിട്ടുണ്ടായിരുന്ന വ്യാപാരസമ്പർക്കം അവരുടെ വരവോടെ നിലച്ചു. പകരം ഇന്ത്യയുടെ വ്യാപാരം മുഴക്കെ യൂറോപ്യൻ കമ്പനികളുടെ കുത്തകയായി മാറുകയും ചെയ്തു. ഈ മാററത്തിൻെറ ഫലമായി ഇന്ത്യയുടെ സമ്പത്തു് അവരുടെ നാട്ടുകാരെ സമ്പന്നമാക്കുവാൻ വേണ്ടി പിഴിഞ്ഞെടുക്കുകയെന്ന സ്ഥിതിയുളവാകുകയും ചെയ്തു"57. ഇതേ തുടർന്നു് കേരളത്തിൽ തമ്മിലടിച്ചുകൊണ്ടിരുന്ന രാജാക്കന്മാരും നാടുവാഴി മാടമ്പികളും വിദേശശക്തികളുമായി ഉടമ്പടികളിലേർപ്പെടുവാനുള്ള മൽസരമാണിവിടെ നടന്നത്. വ്യാപാര ഉല്പന്നങ്ങൾ എത്രയും വിലകുറച്ച് നിശ്ചിതസ്ഥലത്ത് എത്തിച്ചുകൊടുക്കാമെന്ന വ്യവസ്ഥയിലാണ് ഈ കച്ചവടക്കരാറുകൾ മുഴക്കെ ഉണ്ടാക്കിയിരുന്നത്. രാജാക്കന്മാരും ഇടപ്രഭുക്കന്മാരും ഒററയായും കൂട്ടായും ഇത്തരം ഉടമ്പടികൾ വിദേശ കമ്പനിയുടമകളുമായി ഉണ്ടാക്കിയിട്ടുള്ളപ്പോഴൊക്കെ, തങ്ങളുടെ ഉല്പന്നങ്ങൾക്ക് പകരം സ്വർണ്ണം നല്കണമെന്നു് ആരും ആവശ്യപ്പെട്ടതായി രേഖയില്ല. എന്നാൽ, സഹോദര രാജാക്കന്മാരോട് പകരം വീട്ടുവാനോ, അവരുടെ രാജ്യം വെട്ടിപ്പിടിക്കുവാനോ സഹായകമാം വിധം തോക്കും വെടിക്കോപ്പും പകരമായി നല്കണമെന്നു് വ്യവസ്ഥചെയ്തതായി പ്രമാണ

57. കെ. എം. പണിക്കർ, പുറം 244

ങ്ങളുണ്ട്. കെ. എം. പണിക്കർ പറയുന്നത് പോലെ സ്വർണ്ണത്തിന്നായി രുന്നില്ല നാം നമ്മുടെ വിഭവങ്ങൾ കൈമാറിയിരുന്നത്. അനേകം നാട്ടരചന്മാരും നൂറുകണക്കിന് മാടമ്പികളും വേറെ വേറെയായി കച്ചവട ഉടമ്പടികൾ ഉണ്ടാക്കുകയും ചെയ്തിരുന്നു. 1744—ൽ അഞ്ചുതെങ്ങിലെ ഇംഗ്ലീഷ് കമ്പനി ഉടമയോട് മാർത്താണ്ഡവർമ്മ പറഞ്ഞത് "ഒരു തോക്കിന് പകരം ഒരു കണ്ടി കുരുമുളക് നല്കാം" എന്നായിരുന്നു[58]. നിരന്തരം യുദ്ധവും വക്കാണവുമായി കഴിഞ്ഞിരുന്ന നമ്മുടെ ഭരണാധികാരികളെല്ലാവരും തന്നെ 18—ാം നൂററാണ്ടിന്റെ ആദ്യപകുതി കഴിയുന്നതോടെ സാമ്പത്തിക ക്ലേശമനുഭവിച്ചിരുന്നവരായിരുന്നു എന്ന് കാണാം. കേരളത്തിലെ പ്രമുഖരാജാവായിരുന്ന സാമൂതിരിപോലും ദരിദ്രമായ സ്ഥിതിയിലായിരുന്നു. ആദ്യ അദ്ധ്യായങ്ങളിലൊന്നിൽ, സാമൂതിരി സാമ്പത്തികമായി 'പാപ്പരായിരുന്നതിനാലാണ് ഹൈദർ ആലിക്ക് വാഗ്ദത്തം ചെയ്ത പണം നല്കാനൊക്കാതിരുന്നതെന്നും, അക്കാരണത്താൽ വീണ്ടും ആക്രമിക്കപ്പെടുകയും യുദ്ധച്ചിലവിലേക്കുള്ള തുക ഉടനടി നല്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ നിവൃത്തിയില്ലാതെ ആത്മഹത്യ ചെയ്തതാണെന്നും നാം വിവരിച്ചതാണ്. ഉഭയസമ്മതപ്രകാരം നിശ്ചയിച്ച പണം റൊക്കമായി കിട്ടണമെന്ന് ശഠിച്ചപ്പോൾ മരിക്കുകയെന്നതിൽകവിഞ്ഞ് മറെറാരു മാർഗ്ഗവും അവലംബിക്കുവാൻ അന്നത്തെ പരിതസ്ഥിതിയിൽ സാമൂതിരിക്ക് കഴിയുമായിരുന്നില്ല. അനാദികാലത്തെ വിദേശ വ്യാപാരം കൊണ്ട് പണിക്കരും മററും പറയുന്നവിധം പണം സ്വരൂപിക്കാനൊത്തിരുന്നുവെങ്കിൽ കേരളചരിത്രത്തിലെ ദുഃഖപര്യവസായിയായ ഈ രംഗം അഭിനയിക്കപ്പെടുമായിരുന്നില്ലെന്നു് തീർച്ചയാണ്. സാമൂതിരിയുടെ സാമ്പത്തിക പരാധീനതയെക്കുറിച്ച് പറയുന്ന സമയത്ത് പണം കൊടുക്കാൻ സാധിക്കാതെ വന്നിട്ടുള്ളതിനെപ്പററി ഡച്ച് ഗവർണറായ മോയൻസും, അവരുടെ 'മെമ്മോറാണ്ടങ്ങൾ' പ്രസിദ്ധീകരിച്ച ഗാലററിയും ധാരാളം ഉദാഹരണങ്ങൾ നിരത്തുന്നുണ്ട്[59]. മലബാറിൽ നിന്നും കൊള്ളയടിച്ച സ്വർണ്ണവും വെള്ളിയുമായി ഹൈദരാലിയോ, ടിപ്പു സുൽത്താനോ, മൈസൂറിലേക്ക് കടന്നുകളഞ്ഞുവെന്ന് ഒററ ചരിത്രകാരനും, മൈസൂർ വിരോധികളായ ഇംഗ്ലീഷ് ചരിത്രകാരൻമാരിലാരെങ്കിലും പോലും ഇതുവരെ പറഞ്ഞിട്ടുമില്ല. സ്വന്തം ആവശ്യത്തിനും നിലനില്പിനുപോലുമുള്ള ധനം ഉണ്ടാക്കിവെക്കുവാനൊക്കാതിരുന്ന പാപ്പരായ ഭരണാധിപൻമാരുടെ കീഴിൽ സംഭരിച്ചുവെച്ചിരിക്കാവുന്ന ധനം ഈ ചരിത്രകാരൻമാരുടെ ഭാവനകളിൽ മാത്രമായിരുന്നിരിക്കണം. കുന്നുകൂട്ടിയ സമ്പത്ത് ഏത് ആക്രമണകാരിയുടെയും കൊള്ളയടിക്ക് വിധേയമാകുക സ്വാഭാവികമാണ്. ഇവിടെ അത്തരം ഖജനാവുകളുണ്ടായിരുന്നുവെങ്കിൽ

58. Anjengo Manuscript Diary, p. 133, Also see Gallette, p, 21
59 മോയൻസ്, മെമ്മോറാണ്ഡം, പുറം 133, ഗാലററി, അവതാരിക, പുറം 21

നിശ്ചയമായും മൈസൂർ സുൽത്താൻമാരും അവ പിടിച്ചെടുക്കുമായിരുന്നു വെന്ന് തീർച്ചയാണ്. പക്ഷേ, സ്വന്തം തല രക്ഷിക്കുവാനുള്ള തലപ്പണം പോലുമില്ലാത്ത അവസ്ഥയിൽ ആത്മഹത്യചെയ്യു ജീവിതമൊടുക്കത്തക്ക പാപ്പരത്തമുണ്ടായിരുന്ന സ്ഥലത്തുനിന്ന് കൊള്ളയടിക്കുവാൻ ഒന്നുമുണ്ടായി രുന്നില്ലെന്നതാണ് സത്യം.

അതേസമയം, മൈസൂർ കാലഘട്ടത്തിൽ വിജയകരമായി നടപ്പാക്കിയിരുന്ന വ്യാവസായിക-വണിജ്യ പ്രവർത്തനങ്ങളാലും, കാർഷിക പരിഷ്കാരങ്ങളാലും, ജനങ്ങളും രാജ്യവും സാമ്പത്തികമായി ഏറെ അഭിവൃദ്ധിപ്പെട്ടുവെന്നതാണ് വാസ്തവം. കേരളത്തിലെ വ്യാപാരവ്യവസായങ്ങൾ തകർന്ന് തരിപ്പണമായ കാലമാണ് മൈസൂർ ഭരണകാലമെന്ന് പറയുന്ന കെ. എം. പണിക്കർതന്നെ 18-ാം നൂററാണ്ടിന്റെ അവസാനത്തെ പകുതിയിൽ കേരളത്തിന്റെ സാമ്പത്തികസ്ഥിതിയെപ്പററി വിവരിക്കുമ്പോൾ ആദ്യം പറഞ്ഞതിന് കടകവിരുദ്ധമായാണെഴുതുന്നതെന്ന് അദ്ദേഹം ഓർക്കുന്നില്ല. നോക്കുക: "കേരളീയ ജീവിതത്തിന്റെ വിവിധ തുറകളിൽ സ്പഷ്ടമായ മാററവും പ്രകടമായ ഉത്ഗതിയും ഉണ്ടായ ഒരു നൂററാണ്ടായിരുന്നു 18-ാം നൂററാണ്ട്. കച്ചവടവും വ്യവസായവും സീമാതീതമായി വികാസം പ്രാപിച്ചിരുന്നു. തൽഫലമായി ഈ നൂററാണ്ടിൽ ഉറച്ച സാമ്പത്തിക അഭിവൃദ്ധിയുണ്ടാകുകയും ചെയ്തു"[60]. യഥാർത്ഥത്തിൽ ഈ പ്രസ്താവന രാജ്യത്തിന്റെ സാമ്പത്തികസ്ഥിതിയുടെ ശരിയായ വിവരണമാണ്. മൈസൂർ ഭരണത്തിൻ കീഴിൽ രാജ്യത്ത് സാമ്പത്തികമായ ഉൽക്കർഷം അനുഭവപ്പെട്ടിരുന്നു. സമൃദ്ധിയും സമാധാനവും കളിയാടിനിന്ന കാലവുമായിരുന്നു അത്. കർഷകത്തൊഴിലാളികൾ അതിന്നു മുമ്പൊരിക്കലും അനുഭവിച്ചിട്ടില്ലാതിരുന്ന സാമ്പത്തിക ഭദ്രതയും, സ്വത്തിന്നും ആളിന്നും ഉള്ള സുരക്ഷയും മൈസൂർ ഭരണകാലത്ത് ആസ്വദിച്ചു. സംഘടിത തൊഴിൽശക്തി ഉപയോഗപ്പെടുത്തുകയും തൊഴിലിന് കൂലി നല്കുന്ന സമ്പ്രദായമുണ്ടാക്കുകയും ചെയ്തപ്പോൾ ദരിദ്രവിഭാഗങ്ങൾക്ക് ആത്മധൈര്യവും സമൂഹത്തിൽ അല്പം ഉയർന്ന പദവിയും ലഭിച്ചു. കാർഷിക വിളകൾ നേരിട്ടു വാങ്ങുന്ന സമ്പ്രദായംമൂലം ഇടത്തട്ടുകാരുടെ കീശയിൽ പോകാതെ തങ്ങളുടെ ഉല്പന്നങ്ങൾക്ക് ശരിയായ വില നേരിൽ ലഭിക്കുമെന്ന് വന്നതോടെ കാർഷികരംഗം കൂടുതൽ ഉഷാറായി. കൃഷിക്കാർക്ക് സാമ്പത്തിക പരാധീനതയിൽ നിന്നും അനല്പമായ മോചനമാണിതുമൂലമുണ്ടായത്. വിളകൾ മുൻകൂട്ടി വില നിശ്ചയിച്ച് പണയപ്പെടുത്തി അമിത പലിശക്ക് ഇടത്തട്ടുകാരിൽനിന്നും പണം വാങ്ങി കൃഷിയിറക്കിയിരുന്ന മലബാറിലെ കർഷകന് സ്റ്റേററ് നേരിട്ട് കാർഷികോപകരണങ്ങളും വിത്തും വായ്പയും നല്കുമെന്ന് വന്നപ്പോഴും ഉല്പന്നങ്ങൾ സർക്കാർ പാണ്ടികശാലകളിൽ വാങ്ങുമെന്നു വന്ന

60. കെ. എം. പണിക്കർ, പുറം 414

പ്പോഴും മാത്രമാണ് നടനിവർന്ന് നേരെ നില്ക്കാൻ സാധിച്ചത്. എല്ലാ കച്ചവട വിനിമയങ്ങളിലും ഒരു തീർച്ചയും മൂർച്ചയുമുണ്ടായ കാലമായിരുന്നു അതു്. വഞ്ചിക്കപ്പെടുമെന്ന ഭീതി കുറേക്കാലത്തേക്കെങ്കിലും മനുഷ്യമനസ്സിൽ നിന്നും നീക്കുവാനും നീതി ലഭിക്കുമെന്ന് വിശ്വാസമുണ്ടാകുവാനും ഇത്തരം നടപടികൾ പ്രയോജനപ്പെട്ടു. പുതിയ പുതിയ കച്ചവടകേന്ദ്രങ്ങളും മാർക്കററുകളും പാണ്ടികശാലകളും കച്ചേരികളുമൊക്കെ ഓരോ പ്രദേശത്തും പുതിയ ചലനങ്ങൾ സൃഷ്ടിച്ചു. ജനങ്ങൾ കൃഷിയിലും കച്ചവടത്തിലും കൂടുതൽ കൂടുതൽ ശ്രദ്ധാലുക്കളായി. അവരുടെ അദ്ധ്വാനത്തിന്നും വിയർപ്പിന്നും തക്കതായ പ്രതിഫലം കിട്ടുമെന്ന് അവർ മനസ്സിലാക്കിയതോടെ പുതിയ പുതിയ സ്ഥലങ്ങൾ കൃഷിയിടങ്ങളായി മാറാൻ തുടങ്ങിയിരുന്നു. ഇടത്തട്ടുകാരും ഹുണ്ടികകച്ചവടക്കാരുമായ ഇത്തിക്കണ്ണികൾ, അപ്രത്യക്ഷമാകുകയും ചെയ്തു. നൂതനങ്ങളായ പരീക്ഷണങ്ങൾ നടത്തുവാൻ ജനങ്ങൾ സന്നദ്ധത പ്രകടിപ്പിച്ചു. പാലങ്ങളും വഴികളും തങ്ങളുടെ ഉല്പന്നങ്ങൾ നിശ്ചിതസ്ഥലത്തെത്തിക്കുവാൻ എത്രയും ആവശ്യമായിരുന്നുവെന്നവർ മനസ്സിലാക്കി. അത്തരം നിർമ്മാണ പ്രവർത്തനങ്ങൾ ചെയ്യുവാൻ ഇടപ്രഭുക്കന്മാരേയും നാട്ടുപ്രമാണിമാരെയും നിർബന്ധിച്ചു. അതിന്നുള്ള ആവേശം മൈസൂർ ഉദ്യോഗസ്ഥൻമാരിൽ നിന്നും അവർക്ക് വേണ്ടുവോളം ലഭിക്കുകയും ചെയ്തിരുന്നു. ഇത്തരം ഉത്സാഹത്തിന്റെ ഫലമായി ഗ്രാമങ്ങൾ ജനനിബിഢമാകുവാനും പുതിയ പുതിയ ആവാസ കേന്ദ്രങ്ങൾ ഉത്ഭവിക്കുവാനും തുടങ്ങി. പട്ടണങ്ങളുടെ ആവിർഭാവം ജനങ്ങളിൽ നവോന്മേഷം പ്രദാനം ചെയ്തു. ചുരുക്കത്തിൽ മലബാറിലെ സാമ്പത്തിക വികസനത്തിന്റെയും വ്യാവസായിക വളർച്ചയുടെയും സുവർണദശ തന്നെയായിരുന്നു മൈസൂർ ഭരണകാലം.

# 19

# ടിപ്പുവിന്റെ ഭരണപരിഷ്കാരങ്ങൾ: ഫലങ്ങളും പ്രത്യാഘാതങ്ങളും

മദ്ധ്യകാല കേരളസമൂഹത്തിന്റെ സവിശേഷമായ പ്രത്യേകതകളെന്തൊക്കെയായിരുന്നുവെന്ന് മനസ്സിലാക്കിയാലേ, ടിപ്പു സുൽത്താൻ നടപ്പാക്കിയ വിപ്ലവകരമായ പരിഷ്കാരങ്ങളുടെ പ്രാധാന്യവും അവ സമൂഹത്തിലുണ്ടാക്കിയ ആഘാത പ്രത്യാഘാതങ്ങൾ എത്ര ആഴത്തിലായിരുന്നുവെന്നും മനസ്സിലാക്കുവാനൊക്കൂ. ഇരുപത്തഞ്ച് വർഷക്കാലത്തോളം നീണ്ടുനിന്ന മൈസൂർ അധിനിവേശത്തിന്റെ പ്രമുഖമായ പ്രാധാന്യം അത്, മധ്യകാലഘട്ടത്തിന്റെ പഴഞ്ചൻ ക്രമങ്ങളിൽ ആലസ്യം പൂണ്ടുകിടന്നിരുന്ന കേരളത്തെ, നവീനദശയുടെ പൊൻപുലരിയിലേക്കു സാവധാനമായിട്ടാണെങ്കിലും ആനയിച്ചുവെന്നതാണ്. മദ്ധ്യകാലഘട്ടത്തിൽ നിന്നും ആധുനികകാലഘട്ടത്തിലേക്കുള്ള മാററം കുറിച്ചു സംഭവമായിരുന്നു കാൽനൂററാണ്ടുകാലത്തെ മൈസൂർ ഭരണം മൂലം കേരളത്തിൽ സംജാതമായതെന്ന് സാരം. മദ്ധ്യകാലഘട്ടത്തിലെ സുസ്ഥാപിത വ്യവസ്ഥിതികളൊക്കെ ഇളക്കം തട്ടുകയും അവയിൽ പലതും തകർന്നു തരിപ്പണമാകുകയും ചെയ്തു കാലയളവായിരുന്നു ഇത്. അങ്ങനെ കേരളത്തിൽ നിലനിന്നു പോന്ന ഫ്യൂഡൽ അരാജകത്വത്തിന്ന് അറുതിവന്നു. രാജ്യത്തെ തുണ്ടു തുണ്ടായി വിഭജിച്ച് അന്യോന്യം പകയും അസൂയയും വച്ച് പുലർത്തി നിത്യേന തമ്മിലടിച്ചിരുന്ന മാടമ്പിമാരുടെ ദുർഭരണം ഏകീകൃതവും സുശക്തവുമായ ഒരു രാഷ്ട്രീയ സംവിധാനത്തിന്ന് വഴിമാറിക്കൊടുക്കേണ്ടതായിവന്നു. ഈ മാററത്തെ വിലയിരുത്തിക്കൊണ്ട് പ്രൊഫ. പി. കെ. കെ. മേനോൻ ഇങ്ങിനെ എഴുതുന്നു: ''മലബാററകമാനം കേന്ദ്രീകൃതമായ രാഷ്ട്രീയ സംവിധാനത്തിൻ കീഴിൽ സുഘടിതമാക്കി. കാർഷികനികുതി നടത്തിപ്പിൽ നിലവിലുണ്ടായതിനെ പാടെ അഴിച്ചു പണിത് നൂതനമായ പരിഷ്കാരങ്ങൾ ആവിഷ്കരിച്ചു. വിനിമയ സൗകര്യത്തിന്നുള്ള പുതിയ നാണയങ്ങൾ പ്രചാരത്തിൽ വന്നു. വാർത്താവിതരണത്തിന്നും യാത്രാസൗകര്യത്തിന്നും അതുവരെ ഇല്ലാതിരുന്ന

ആധുനിക സംവിധാനങ്ങൾ നിലവിൽ വന്നു''[1]. ഇവ മാത്രമല്ല, സമൂഹത്തിലുണ്ടായ മാററത്തിന്റെ പ്രതികരണങ്ങൾ, കെ. എം. പണിക്കരുടെ ഭാഷയിൽ പറഞ്ഞാൽ, ''ഓർമ്മവെച്ച കാലം മുതൽ സുസ്ഥാപിതമായിരുന്ന സാമൂഹ്യചട്ടക്കൂട്[2] മൈസൂർ ഭരണത്തോടെ തകർന്നടിഞ്ഞു. അതിന്റെ അവശിഷ്ടങ്ങളിൽ നിന്നും മദ്ധ്യവർത്തികളുടെ ഒരു പുതിയ വർഗ്ഗം വളർന്നു വരികയും ചെയ്തു''[3]. പരമ്പരാഗതമായി നിലനിന്നുപോന്ന കേരളീയ സാമൂഹികാചാരങ്ങൾക്ക് സമഗ്രമായ മാററമാണ് ഇക്കാലത്ത് സംഭവിച്ചതെന്ന കാര്യത്തിൽ സംശയമില്ല.

എന്നാൽ, വിദൂരവ്യാപകമായ പ്രത്യാഘാതങ്ങളാണ് അവ ഉളവാക്കിയതെന്ന പ്രാധാന്യം വിസ്മരിക്കവാനൊക്കുകയില്ല. അനർഘമായി അനുഭവിച്ചു പോന്നിരുന്ന അവകാശാധികാരങ്ങൾ, മൈസൂർ ഭരണപരിഷ്കാരത്തിന്റെ ഫലമായി തങ്ങൾക്ക് നഷ്ടപ്പെട്ടപ്പോൾ, നമ്പൂതിരിമാരും നായന്മാരും മൈസൂർ ഭരണത്തിന്റെ കൊടിയ ശത്രുക്കളായി മാറി. കാർഷിക പരിഷ്കാരങ്ങളുടെ ഭാഗമായി നികുതി നിജപ്പെടുത്താൻ കച്ചേരികളിൽ ഹാജരാകുവാനാവശ്യപ്പെട്ടപ്പോൾ നമ്പൂതിരിമാർ അതിന്ന് കൂട്ടാക്കിയില്ല. മററുള്ളവരുടെ മുമ്പിൽ ജാതീയമായ അപകർഷം തൻമൂലമുണ്ടാകുമെന്ന് അവർ ന്യായമായും ഊഹിച്ചു. തങ്ങളെ മന:പൂർവ്വമായി ഇടിച്ചുതാഴ്ത്താനുള്ള സംരംഭമായും അവരതു് കണക്കാക്കി. തങ്ങളുടെ ഭൂമി മുഴക്കെ മാപ്പിളമാർക്ക് കൈമാറിക്കിട്ടിയ പണവുമായി അവരത്രയും തിരുവിതാംകൂറിലേയ്ക്ക് പലായനം ചെയ്തു. നാടുവാഴികളുടെയും ദേശവാഴികളുടെയും സേവനത്തിൽ കഴിഞ്ഞിരുന്ന നായൻമാരെ രാഷ്ട്രീയ ഏകീകരണത്തോടുകൂടി തങ്ങളുടെ യജമാനൻമാർക്ക് ആവശ്യമില്ലാതെവന്നു. തൻമൂലം അവർ തൊഴിൽരഹിതരായിത്തീരുകയും ചെയ്തു ജൻമികളുടെ നടത്തിപ്പുകാരെന്ന നിലയിലുണ്ടായിരുന്ന വരുമാനം കൃഷിക്കാരുമായി നേരിട്ട് നികുതിനിർണ്ണയം ഉണ്ടായപ്പോൾ നായൻമാർക്ക് നഷ്ടപ്പെട്ടു. ഇവയൊക്കെ മകുടം ചാർത്തുന്നവയായിരുന്നു സാമൂഹ്യപരിഷ്കാരങ്ങൾ ഏല്പിച്ച ആഘാതങ്ങൾ. മാറുമറയ്ക്കലും ബഹുഭർതൃത്വമുപേക്ഷിക്കലും പുതിയ സാഹചര്യത്തിൽ ആവശ്യമായി വന്നുകൂടി. നായൻമാരെ ബാധിച്ച മറെറാരു പരിഷ്കരണമായിരുന്നു മദ്യനിരോധന ഉത്തരവ്. ഇക്കാലത്ത് നായൻമാർ മദ്യപാനികളായിരുന്നുവെന്ന് ബുക്കാനൻ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഈവക സാമൂഹിക പരിഷ്കാരങ്ങൾ കാരണം, ''ഏററവും പ്രയാസമനുഭവിച്ചവർ നായൻമാരാ

---

1. പ്രൊഫ. പി. കെ. കെ. മേനോൻ, ഈസ്റ്റ് ഇന്ത്യാ കമ്പനിയും കേരളവും, Korala on the March, 1971, പുറം 222
2. അനുബന്ധം xi നോക്കുക
3. കെ. എം. പണിക്കർ, മുൻ ഉദ്ധരിച്ചത്, പുറം 415

യിരുന്നു'' എന്നാണു് കെ. എം. പണിക്കരെഴുതുന്നതു്. സാമൂഹ്യഘടനയിൽ മൈസൂർ ഭരണംകൊണ്ടുണ്ടായ മാററത്തെക്കുറിച്ചു് അദ്ദേഹം തുടർന്നെഴുതുന്നതിപ്രകാരമാണു്: ''കേരളത്തിൽ ഹൈദരാലിയുടെ ആധിപത്യത്തോടുകൂടി തന്നെ സമൂഹത്തിലെ കാവൽഭടൻമാരെന്ന നിലയ്ക്കും അതിൻെറ കേന്ദ്രസ്ഥാനമെന്ന നിലയിലും നായൻമാർക്കുണ്ടായിരുന്ന അസൂയാർഹമായ സ്ഥാനം നഷ്ടപ്പെട്ടു മൈസൂർ ഭരണത്തിനു ശേഷം സമൂഹത്തിലുണ്ടായിരുന്ന അവരുടെ പദവി കുറച്ചൊക്കെ വീണ്ടെടുക്കുവാൻ കഴിഞ്ഞുവെന്നല്ലാതെ രാജ്യത്തേയും ജനങ്ങളേയും സംരക്ഷിക്കുകയെന്ന മഹത്തായ ചുമതല മൈസൂർ ആക്രമണത്തോടുകൂടി ഇല്ലാതായതു് വീണ്ടെടുക്കുവാൻ കഴിഞ്ഞില്ല''.[4] നായൻമാരുടെ രാഷ്ട്രീയ സാമൂഹ്യതലങ്ങളിലുണ്ടായിരുന്ന പദവിയും അന്തസ്സും അസ്തമിച്ചുവെന്നതു് പരമാർത്ഥം തന്നെ. എന്നാൽ ഇതു് ചരിത്രപരമായ ഒരനിവാര്യത കൂടിയായിരുന്നു. മൈസൂർ ആധിപത്യത്തിന്നു് മുമ്പു് നായൻമാർ കയ്യാളിയിരുന്ന അനിയന്ത്രിതമായ അധികാരാവകാശങ്ങളെ ബുക്കാനൻ ഹൃദയസ്പൃക്കായി വിവരിക്കുന്നതു് ഇപ്രകാരമാണു്: ''ജൻമനാ യോദ്ധാക്കളെന്ന നിലയ്ക്കു്[5] മറെറാതൊരു ജോലിയും പുച്ഛത്തോടുകൂടിയാണു് അവർ വീക്ഷിച്ചിരുന്നതു്. ഓരോരുത്തരും വാളും തോക്കും കൂടെ കൊണ്ടു നടന്നിരുന്നു. ഇവരിൽ കൂടുതൽ പ്രബലരായവർ രണ്ടു് വാളുകൾ ഒരേ സമയം സൂക്ഷിക്കുകയും പതിവായിരുന്നു[6]. ഊരിയ ഖഡ്ഗങ്ങളുമായി അങ്ങനെ എല്ലാവരും സഞ്ചരിക്കുന്നതിനാൽ കൊല്ലും കൊലയും നിത്യസംഭവമായിരിക്കുന്നു''.[7] ''അവർ എപ്പോഴെങ്കിലും പുറത്തിറങ്ങി സഞ്ചരിക്കുമ്പോൾ താഴ്ന്ന ജാതിക്കാർ വഴിമാറിപ്പോകുന്നതിന്നായി പ്രത്യേകതരം ശബ്ദമുണ്ടാക്കുന്നു. അതു് കേട്ടപാടെ മററുള്ളവർ വഴി ഒഴിഞ്ഞു കൊടുക്കും. അതിനു് പററാതെ വന്ന ഏതെങ്കിലും കീഴ്ജാതിക്കാരൻ തന്നെ തീണ്ടിയാൽ നായക്കു് അയാളെ ഉടൻ വെട്ടിവീഴ്ത്തുവാനുള്ള അവകാശം ഉണ്ടായിരുന്നു. അതിൻെറ പേരിൽ യാതൊരു ശിക്ഷയും അദ്ദേഹത്തിന്നു് ലഭിച്ചിരുന്നുമില്ല''[8]. നായന്മാരും നമ്പൂതിരിമാരും ഒഴിച്ചുള്ള മറെറല്ലാ ജാതിവിഭാഗങ്ങളും കണ്ണിൽ പെട്ടാൽപോലും അയിത്തമുള്ള ജാതികളായിരുന്നു. ഈഴവരെന്നോ തിയ്യരെന്നോ അറിയപ്പെടുന്ന ജാതിയാണു് കേരളത്തിലെ ഹൈന്ദവ ജനവിഭാഗത്തിൽ ഏററവും കൂടുതലുള്ളവർ. 1961—ലെ കാനേഷുമാരിപ്രകാരം ഇവരുടെ എണ്ണം 35,83,000 ആയിരുന്നു. കേരളത്തിലെ ജനസംഖ്യയുടെ 21.2

4. കെ. എം. പണിക്കർ, പുറം 415.
5. ബുക്കാനൻ, വാള്യം II, പുറം 366.
6. ടി, പുറം 389
7. ടി, പുറം 411
8. ബർബോസ, പുറം 124

ജനതയുടെയും ഹൈന്ദവവിഭാഗത്തിന്റെ 38 ശതമാനവുമാണിത്[9]. മുപ്പത്, നാലഞ്ചു നൂറ്റാണ്ടുകൾക്ക് മുമ്പുവരെ സാമൂഹ്യാഘോഷങ്ങളിൽ സംബന്ധിക്കുവാനോ ക്ഷേത്രങ്ങളിൽ പ്രവേശിക്കുവാനോ, പൊതുനിരത്തിൽക്കൂടി സ്വതന്ത്രമായി സഞ്ചരിക്കുവാനോ, അവകാശം നിഷേധിക്കപ്പെട്ടവരായിരുന്നു ഇവർ[10]. പ്രധാനമായും കൃഷിക്കാരായ തൊഴിലാളികളായും കള്ളുചെത്തു തൊഴിലായി സ്വീകരിച്ചവരുമായിരുന്നു ഇവർ[11]. ഉത്തരകേരളത്തിൽ മരുമക്കത്തായവും ദക്ഷിണകേരളത്തിൽ മക്കത്തായവുമാണ് ഇവർ പിന്തുടർന്നുപോന്നിരുന്നത്. മററുള്ള താഴ്ന്ന ജാതിക്കാരെക്കാൾ വളരെ മെച്ചപ്പെട്ടതായിരുന്നു ഇവരുടെ അവസ്ഥ. കടലോരപ്രദേശങ്ങളിൽ കടിൽവെച്ച് മത്സ്യബന്ധനവുമായി അരിഷ്ടിച്ച് കഴിഞ്ഞുകൂടിയിരുന്ന ജാതിയായിരുന്നു മുക്കവർ. ഈഴവർക്ക് നേരെ താഴെ ആയിരുന്നു അവരുടെ ജാതീയമായ പദവി. മൂന്നടിയിൽ കൂടുതൽ ഉയരമില്ലാത്ത കടിലുകളിൽ താമസിക്കുവാനേ ഇവർക്കർഹതയുണ്ടായിരുന്നുള്ളു.

“ഈഴവനോ, മുക്കവനോ, തന്നെ തൊട്ട് അശുദ്ധമാക്കിയെന്ന് സംശയം തോന്നുന്ന നായർക്ക് അവകാശപൂർവ്വം അയാളെ വെട്ടിക്കൊലപ്പെടുത്തുവാൻ അധികാരമുണ്ടായിരുന്നു” എന്നാണ് 1800—ലെ സ്ഥിതി വിവരിച്ചുകൊണ്ട് ബുക്കാനൻ എഴുതിയിട്ടുള്ളത്[12]. ഇത്തരം അന്യായമായ അതിക്രമങ്ങൾ ചെയ്യുവാനുള്ള അവകാശം എന്നേക്കുമായവസാനിപ്പിക്കുകയാണ് മൈസൂർ ഭരണാധിപൻമാർ ചെയ്തത്. ഇതിന്റെ ഫലമായി നായൻമാർ അനുഭവിച്ചിരുന്ന സാമൂഹികവും രാഷ്ട്രീയവുമായ അമിതപ്രാധാന്യം ഇല്ലാതാകുകയും, കീഴ്ജാതിക്കാർക്ക് തജ്ജന്യമായി സാമൂഹികാംഗീകാരവും പുത്തൻ ആത്മാഭിമാനവും ലഭിക്കുകയും ചെയ്തു.

പാരമ്പര്യമായി ആരാലും ചോദ്യം ചെയ്യപ്പെടാതെ അനുഭവിച്ചുപോന്ന ഉന്നതമായ അധികാരാവകാശങ്ങളിൽ നിന്നും എടുത്തുകളഞ്ഞപ്പോൾ പുതിയ പരിതസ്ഥിതികളുമായി പൊരുത്തപ്പെട്ടു കഴിയുവാനൊക്കാതിരുന്ന നായർ കലാപകാരികളായി മാറുക സ്വാഭാവികമാണല്ലോ. “അവസരം കിട്ടുമ്പോൾ രാജ്യം കൊള്ളയടിക്കുക”[13] അവരുടെ പതിവായി മാറി. കാടുകളിലും മറ്റൊളിസ്ഥലങ്ങളിലുമായി അഭയസങ്കേതം കണ്ടെത്തിയി

---

9. കുമാരപിള്ള കമ്മിഷൻ റിപ്പോർട്ട്, 1965, പുറം 47
10. കൊച്ചിയിലെ ജാതികളും വർഗങ്ങളും, പുറം 399—40; നാഗമയ്യ, വാല്യം II, പുറം 414
11. ബുക്കാനൻ, വാല്യം II, പുറങ്ങൾ 415,18
12. ടി., പുറം 410
13. പൂന റെസിഡൻസി കറസ്പോണ്ടൻസ്, വാല്യം III, നമ്പർ 37 എ, പുറം 37.

രുന്ന ഇവർ കൊയ്ത്തുകാലമാവുമ്പോഴും, കുരുമുളകു പഴുത്തു തുടങ്ങുന്ന സന്ദർഭത്തിലും കൂട്ടം കൂട്ടമായി ഒളിസ്ഥലങ്ങളിൽ നിന്നും പുറത്തുവന്ന് കാർഷിക വിഭവങ്ങൾ കൊള്ളയടിച്ച് മടങ്ങും. രാജ്യത്തിലെ കാർഷിക വിളകൾ തൻമൂലം ക്ഷയിക്കുവാൻ ഇടയായി. മൈസൂർ ഉദ്യോഗസ്ഥന്മാർ ഇത്തരം കൊള്ളയ്ക്കെതിരായി ജാഗ്രത പുലർത്തിയിരുന്നെങ്കിലും, രാജ്യത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പ് ഒളിസങ്കേതങ്ങൾക്ക് സുരക്ഷിതത്വം നല്കിയിരുന്നു. 1766–ൽ ഹൈദരാലിയുടെ മലബാർ ആക്രമണത്തെ തുടർന്ന് ഉണ്ടായ നായർകലാപം അടിച്ചൊതുക്കുവാൻ അദ്ദേഹത്തിന്ന് കഴിഞ്ഞിരുന്നുവെങ്കിലും കാടുകളിലും കുന്നിൻ പ്രദേശങ്ങളിലും അഭയം തേടിയവർ സൗകര്യം കിട്ടുമ്പോഴൊക്കെ കൊള്ളയടിക്കുവാൻ തയ്യാറാകുമായിരുന്നു. 1766–നു ശേഷം മൈസൂർ ഭരണത്തിനെതിരായി സംഘടിത കലാപം ഉണ്ടായത് 1788–89 കാലത്ത് രണ്ടാമത്തെ ഭൂസർവ്വേ നടത്തി അന്യായമായി കൈവശം വെച്ചിരുന്ന സ്ഥലങ്ങൾ കണ്ടുകെട്ടിയപ്പോഴും പുതുതായി നികുതി നിർണയം നടത്തിയപ്പോഴുമാണ്. ജൻമികളുടെ നേതൃത്വത്തിൽ നടന്ന ഈ കലാപത്തിന്റെ മുൻപന്തിയിൽ മഞ്ചേരിയിലെ മുസ്ലിം ജൻമിയായ അത്തൻ കുരിക്കളുമുണ്ടായിരുന്നു. ഈ രണ്ടു പ്രധാന കലാപങ്ങളാണ് മൈസൂർ ഭരണ പരിഷ്കാരത്തിന്റെ പ്രത്യാഘാതമെന്നോണം മലബാറിലുണ്ടായത്.

തങ്ങളുടെ അധികാരാവകാശങ്ങൾ എടുത്തുകളയുകയും തങ്ങളെ കലാപകാരികളെന്ന നിലയ്ക്ക് സംശയദൃഷ്ട്യാ വീക്ഷിക്കുകയും ചെയ്തിരുന്ന മൈസൂർ ഭരണാധിപൻമാർക്കെതിരായി ഏത് സഹായസഹകരണവും വാഗ്ദാനം ചെയ്തുകൊണ്ട്, ഇംഗ്ലീഷ് കമ്പനിയുടമകളുടെ ആശ്രിതത്വം സ്വീകരിക്കുവാനവർ തൻമൂലം പ്രേരിതരായി എന്നത് ദൂരവ്യാപകമായ ഭവിഷ്യത്തിന്ന് ഇടം നല്കിയ വസ്തുതയാണ്. അസംതൃപ്തരായ ഈ നായർ ജനതയെ ഇളക്കിവിട്ട് നാട്ടിൽ അസമാധാനവും അരാജകത്വവും സൃഷ്ടിക്കുവാനുള്ള എല്ലാത്തരം പ്രോത്സാഹനവും സഹായവും ഇംഗ്ലീഷുകാർ ചെയ്തുകൊണ്ടിരുന്നു. വ്യവസ്ഥാപിതമായ ഭരണത്തിന്നെതിരായി കലാപത്തിന്റെ കൊടിയുയർത്തുന്ന ശക്തി ഏത് തന്നെയായാലും ശരി, അവരെ അമർച്ച ചെയ്യേണ്ടത് പരിഷ്കൃതമായ ഏത് ഗവൺമെൻറിന്റെയും അവകാശാധികാരങ്ങളിൽപെട്ടതാണല്ലൊ. ഇവിടെ ഒരു സമുദായമെന്ന നിലയിൽ തന്നെ യോദ്ധാക്കളായ നായൻമാർ അങ്ങനെ മൈസൂർ ഉദ്യോഗസ്ഥൻമാരുടെ പീഡനങ്ങൾക്ക് വിധേയരായിത്തീർന്നു. അവരിലധികമാളുകളും തലശ്ശേരിയിലെ ഇംഗ്ലീഷ് ഫാക്ടറി ഉടമകളുടെ സംരക്ഷണത്തിൽ കഴിഞ്ഞു കൂടുകയും ചെയ്തു. എപ്പോഴൊക്കെ ആംഗ്ലോ–മൈസൂർ യുദ്ധങ്ങളുണ്ടായിട്ടുണ്ടോ, എപ്പോഴൊക്കെ ഹൈദരാലിക്കും ടിപ്പുസുൽത്താനും മററിന്ത്യൻ രാജാക്കന്മാരുമായി യുദ്ധം ചെയ്യേണ്ടതായി വന്നിട്ടുണ്ടോ, ആ സന്ദർഭങ്ങളിലൊക്കെ ഇംഗ്ലീഷുകാരെ സഹായിക്കുകയും നാട്ടിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കുകയും ചെയ്യുക ഇവരുടെ പതിവായി മാറി. മൈസൂർ ഭരണ

പരിഷ്കാരത്തിന്റെ ഏററവും വലിയ പ്രത്യാഘാതം കേരളത്തിലെ യോദ്ധാക്കളുടെ സമുദായമായ നായന്മാരെ ഇംഗ്ലീഷ് പാളയത്തിലെ അനുഭാവികളാകാൻ പ്രേരിപ്പിച്ചുവെന്നതാണ്.

ദൂരവ്യാപകമായ മറെറാരനിഷ്ടഫലം മലബാറിലെ പ്രമുഖ സമുദായങ്ങളായ നായന്മാരും മാപ്പിളമാരും തമ്മിൽ വളരെക്കാലമായി നിലനിന്നുപോന്നിരുന്ന ശത്രുത കൂടുതൽ രൂക്ഷമായിത്തീർന്ന മൈസൂർ കാലഘട്ടത്തിൽ ആണെന്നതാണ്. കൂറുള്ള പ്രജകളെന്ന നിലയിൽ മാപ്പിളമാർ മൈസൂർ ഭരണത്തിൻ കീഴിൽ തങ്ങൾക്ക് നഷ്ടപ്പെട്ടിരുന്ന അധികാരാവകാശങ്ങൾ പുനഃസ്ഥാപിച്ചപ്പോൾ കലാപകാരികളായി മാറിയിരുന്ന നായന്മാരുടെ പൂർവ്വികാവകാശങ്ങൾ കൂടി ഇല്ലാതായി. മാപ്പിളമാർക്ക് സമൂഹത്തിലുണ്ടായ അമിത പ്രാധാന്യം മൈസൂർ സുൽത്താന്മാർ അറിഞ്ഞുകൊണ്ട് അവരുടെ മതസ്ഥർക്ക് നല്കിയതാണെന്നും തങ്ങൾ പൂർവ്വികമായനുഭവിച്ചുപോന്നിരുന്ന അവകാശങ്ങളെടുത്തു കളഞ്ഞത് തങ്ങൾ വിമതസ്ഥരായതുകൊണ്ടാണെന്നും അവർ ധരിക്കുകയും ചെയ്തു. ഇതിന്റെ ഫലമായി മൈസൂറിന്റെ പതനത്തിന് ശേഷം ഇംഗ്ലീഷുകാരുടെ കീഴിൽ തങ്ങളുടെ നഷ്ടപ്പെട്ട സ്ഥലവും പ്രതാപവും വീണ്ടുകിട്ടിയപ്പോൾ, പ്രതികാരാവേശത്തോടുകൂടി തന്നെ അവർ മാപ്പിളമാരെ കഴിവതും ദ്രോഹിക്കുവാനും തുടങ്ങി. "നായന്മാരും മാപ്പിളമാരും തമ്മിൽ പൂർവ്വികമായിത്തന്നെ നിലനിന്നിരുന്ന കടുത്ത വിദ്വേഷവും ശത്രുതയും[14], നായന്മാരിലേക്ക് നാം അധികാരം കൈമാറിയതോടുകൂടി കൂടുതൽ രൂക്ഷരൂപം പൂണ്ടു" എന്നാണ് കമ്മിഷണർമാരിലൊരാൾ ഇതിനെ പററി വ്യവഹരിച്ചിട്ടുള്ളത്[15]. "ജന്മികളെ ഇംഗ്ലീഷ് കമ്പനി അധികാരികൾ അവരുടെ പഴയ സ്ഥലങ്ങളിൽ പുനർവാഴ്ച നടത്തിയപ്പോൾ, അനേകവർഷങ്ങൾ ആരുടെയും മേൽക്കോയ്മയില്ലാതെ സ്വതന്ത്രമായനുഭവിച്ചുപോന്ന സ്ഥലങ്ങൾ നഷ്ടപ്പെട്ട മാപ്പിളമാരുടെ ശത്രുത കൂടുതൽ കഠിനമാകുകയും ചെയ്തു"[16]. മാപ്പിളക്കാണക്കാരോടും കർഷകരോടും പുനഃപ്രതിഷ്ഠിതരായ നായർ—നമ്പൂതിരി ജന്മിമാർ പ്രതികാരത്തോടുകൂടി നടത്തിയ ക്രൂരതകൾ മാപ്പിളമാരിൽ കനത്ത അസംതൃപ്തിയും വിദ്വേഷവും ഉണ്ടാക്കി. അവർ ഈ അനീതിക്കെതിരായി സായുധസമരങ്ങൾ സംഘടിപ്പിക്കുവാനും തയ്യാറായി. തങ്ങളുടെ സ്വത്തും ജീവനും പുതുതായി വന്ന ജന്മികളുടെയും രാജാക്കന്മാരുടെയും ആക്രമണത്തിൽ നിന്നും സംരക്ഷിക്കുവാൻ എന്ത് ത്യാഗവും സഹിക്കുവാനവർ തയ്യാറാകുകയും ചെയ്തു. മലബാർ, കമ്പനിയുടെ അധികാരത്തിൽ വന്നതിനുശേഷം അവർ

14. ഫോറിൻ, മിസലേനിയസ്, എസ്, നമ്പർ 56, പാർട്ട് II, പുറം 863
15. ടി., പുറം 845
16. ടി., പുറം 868

പഴയ ജൻമികളെ പുനർവാഴ്ച നടത്തിയതിൻെറ ഫലമായി ഈ ജൻമികൾ സാധുക്കളായ മാപ്പിള കർഷകരിൽനിന്നു് അമിതമായും അന്യായമായും പിരിച്ചെടുത്തിരുന്ന ഭീമമായ നികുതി എത്രമാത്രം യാതനയാണവരിലുണ്ടാക്കിയിരുന്നതെന്നു് 1792–ൽ മലബാർ കമ്മിഷണർമാർ തന്നെ വേണ്ടുവോളം രേഖപ്പെടുത്തിയിട്ടുണ്ടു്. ഇംഗ്ലീഷ് സൈന്യത്തിൻെറ സഹായത്തോടുകൂടി സാമൂതിരി അന്യായമായും അനർഹമായും പിരിച്ചെടുത്ത പലതരം നികുതിയെക്കുറിച്ചു് കമ്മിഷനിലെ ഒരംഗം തന്നെ പരാതിപ്പെടുന്നതായി കാണാം[17]. അദ്ദേഹം തുടർന്നെഴുതുന്നതു്, "മലപ്പുറത്തു്വെച്ചു് അഭിമുഖ സംഭാഷണം നടത്തിയ മാപ്പിളമാരോടു്, ടിപ്പുവിനു് കൊടുത്തിരുന്ന ഭൂനികുതി എന്തുകൊണ്ടു് കമ്പനിക്കു് തന്നുകൂടാ എന്നു് താൻ ചോദിച്ചപ്പോൾ അവർ നൽകിയ ഉത്തരം തങ്ങൾ സന്തോഷത്തോടുകൂടി അത്രയും തരാൻ സന്നദ്ധരാണെന്നും അതിനേക്കാൾ കൂടുതലാവശ്യപ്പെടാതിരുന്നാൽ മതിയെന്നുമാണു്" അവർ അറിയിച്ചതെന്നാണു്[18]. പുരുഷാന്തരം എന്ന പേരിലറിയപ്പെട്ടിരുന്ന മരണനികുതി പിരിക്കുന്നതു് സംബന്ധിച്ചു് കമ്മിഷണർമാരും സാമൂതിരിയും തമ്മിൽ അനവധി കത്തിടപാടുകൾ നടന്നിട്ടുണ്ടു്. കമ്മിഷണർമാരിലൊരാൾ രേഖപ്പെടുത്തിയിരിക്കുന്നതിപ്രകാരമാണു്: "മരണപ്പെടുന്ന ആളുടെ സ്വത്തിൻെറ ഓഹരിയെന്ന നിലയിൽ പുരുഷാന്തരമെന്ന നികുതി പിരിക്കുവാനുള്ള സാമൂതിരിയുടെ അവകാശം മാപ്പിളമാരെ പ്രത്യേകമായി അടിച്ചമർത്താനുള്ള ഉപകരണമായാണുപയോഗിക്കുന്നതു്. ഇതു് ഈടാക്കുന്നതാകട്ടെ, ഇപ്പോൾ മരണപ്പെടുന്നവരിൽനിന്നു മാത്രമല്ല, ടിപ്പുവിൻെറ കാലത്തു് മരിച്ചവരുടെ സ്വത്തിൻെറ ഭാഗം കൂടി അദ്ദേഹം കൈക്കലാക്കുന്നുണ്ടു്"[19]. ഇതേ തുടർന്നു് പുരുഷാന്തരം പിരിക്കുന്നതവസാനിപ്പിക്കുവാൻ സാമൂതിരിയോടു് കമ്പനിയധികാരികൾ ആവശ്യപ്പെടുന്നുണ്ടു്[20]. എന്നാൽ, സാമൂതിരി തൻെറ മറുപടിയിൽ, "പുരുഷാന്തരം പിരിക്കുകയെന്നതു് പൂർവ്വികമായ ആചാരമാണെന്നും"[21] "പൗരാണികധർമ്മമനുസരിച്ചു് യാതൊരുവക ബുദ്ധിമുട്ടും കണക്കാക്കാതെ പുരുഷാന്തരവും പിഴയും ഒടുക്കേണ്ടതു് അവരുടെ ധർമ്മമാണെന്നും"[22] അദ്ദേഹം ആവർത്തിച്ചാവർത്തിച്ചെഴുതുന്നുണ്ടു്. കമ്മിഷണമാർ സാമൂതിരിയെ ഓർമ്മപ്പെടുത്തിക്കൊണ്ടു് വീണ്ടുമെഴുതുന്നതു്, "രാജാക്കന്മാർക്കു് അനുവദനീയമായ പൂർവ്വികാധികാരങ്ങളുടെ കൂട്ടത്തിൽ

---

17. ടി., പുറം 845
18. ടി., പുറം 868
19. ടി., പുറം 824
20. ടി., വൗച്ചർ, നമ്പർ 34, പുറം 831
21. ടി., പുറം 836
22. .വൗച്ചർ നമ്പർ 35, പുറം 837

ഇതു് ഉൾപ്പെടുത്തിയിട്ടില്ലെന്നാണു്"[23]. എന്നാൽ രണ്ടാം മലബാർ കമ്മിഷനിലെ അംഗങ്ങൾക്കു മനസ്സിലായതു്, "ഈ നികുതി മാപ്പിളമാരിൽ നിന്നു് മാത്രമേ പിരിച്ചിരുന്നുള്ളുവെന്നും അങ്ങനെ ഇതൊരു മതനികുതിയായി മാറിയിരിക്കുന്നു"വെന്നുമുള്ള പരമാർത്ഥമാണു്[24].

എന്നാൽ, ആത്യന്തികമായി മാപ്പിളക്കർഷകരുടെ പരാതി കണ്ടില്ലെന്നു് നടിക്കുവാനേ കമ്പനിക്കു് സാധിച്ചുള്ളു. "പഴയ രാജാക്കന്മാരുടെ ഇഷ്ടാനുസരണം അവരുടെ ഭരണസംവിധാനത്തിൽ നീക്കപോക്കിന്നു് കമ്പനി നിർബന്ധരാകുകയും ചെയ്തു"[25]. വ്യവസ്ഥാപിത ഭരണാധികാരികൾ പ്രജകളിൽ ഒരു വിഭാഗത്തിൻെറ ന്യായമായ സങ്കടത്തിന്നു് നിവൃത്തിവരുത്തുന്നതിൽ പരാജിതരായപ്പോൾ 1792 മുതൽ തന്നെ മലബാറിൽ മാപ്പിളമാരുടെ സംഘടിത സൈനികസന്നാഹങ്ങൾ കലാപങ്ങൾക്കു് തുടക്കമിട്ടു. "സാമൂതിരിയുടെ നായർ സൈന്യങ്ങളും മാപ്പിളയോദ്ധാക്കളും തമ്മിൽ ഏറനാട്ടിൽ മൂന്നു പ്രാവശ്യം 1792-ൽ തന്നെ ഏററുമുട്ടുകയുണ്ടായി. മാപ്പിളമാർക്കു് നികുതി നിശ്ചയിച്ചിരുന്നതു് ഹൈന്ദവ കർഷകർ നല്കുന്നതിനെക്കാൾ എത്രയോ കൂടുതലായിരുന്നു തെക്കേമലബാറിൽ ഉരുണ്ടു കൂടിയ അമർഷം കലാപമായി പൊട്ടിത്തെറിച്ചതോടുകൂടി അവരെ പരാജയപ്പെടുത്തുന്നതിന്നായി സൈന്യത്തെ തന്നെ ഉപയോഗിക്കേണ്ടതായി വന്നുകൂടി"[26]. നാട്ടരചൻമാരുടെയും മാടമ്പികളുടെയും പ്രതികാരത്തിന്നു് പാത്രമായതിന്നു് പുറമേ മൈസൂർ നവാബുമാരുടെ കൂറുള്ള പ്രജകളെന്ന നിലയ്ക്കു് ഇംഗ്ലീഷുകാരോടു് മൈസൂർ പക്ഷത്തുനിന്നു് പൊരുതുകകൂടി ചെയ്തിരുന്ന മാപ്പിളമാരെ, സംശയദൃഷ്ട്യാ ആണു് കമ്പനി അധികാരികളും വീക്ഷിച്ചിരുന്നതു്. ഇവയെല്ലാം കൂടിയായപ്പോൾ മലബാറിലെ മാപ്പിളക്കർഷകനു് പടവെട്ടുകയെന്നതു് നിലനില്പിൻെറ ആവശ്യമാണെന്നു് വന്നു. മലബാറിൻെറ ചക്രവാളത്തിൽ ഉരുണ്ടുകൂടിയ മാപ്പിളമാരുടെ അതൃപ്തിയുടെ കാർമേഘം ബ്രിട്ടീഷുകാരെ ഒഴുക്കിക്കൊണ്ടു പോകത്തക്കവണ്ണമുള്ള കലാപങ്ങളാകുന്ന ഘോരമഴയായി മാറി. ആയിരക്കണക്കിന്നു് ആൾനാശം സംഭവിച്ച നിരവധി കലാപങ്ങൾ ഇടവിട്ടിടവിട്ടു് 19-ാം നൂററാണ്ടിലാകമാനം ഇംഗ്ലീഷ് ആധിപത്യത്തിന്നെതിരായി നടന്നു. ഈ കലാപങ്ങളുടെ പാരമ്യം കണ്ടതാണു് 1921-22 ലെ 'മലബാർ കലാപം'. അവസാനമായി തങ്ങളുടെ ശക്തി പരീക്ഷണം നടത്തിയ മാപ്പിളമാർ ഇതോടെ തുത്തെറിയപ്പെട്ടു. നൂററാണ്ടുകൾ നീണ്ടുനിന്ന സന്ധിയില്ലാത്ത ഈ സമരമനോഭാവം ജീവിതത്തിലെ

---

23. ടി, വൗച്ചർ നമ്പർ 36, പുറം 843
24. രണ്ടാം മലബാർ കമ്മിഷണർമാരുടെ റിപ്പോർട്ടു്, ഖണ്ഡിക 76
25. ഇ. എം. എസ് നമ്പൂതിരിപ്പാടു്, പുറം 78
26. മൺറോ, മിസലേനിയസ്, എസ്, നമ്പർ 55, പുറങ്ങൾ 251–62, ഖണ്ഡിക 290

എല്ലാ തുറകളിലും അവർക്ക് പിന്നോട്ടടിയുണ്ടാക്കി. കലാപകാരികളുടെ ഒരു സമുദായത്തോട് വ്യവസ്ഥാപിത ഭരണകൂടങ്ങൾ അനുവർത്തിക്കാറുള്ള മർദനനയം ഇവിടെയും തുടർന്നു. ഇംഗ്ലീഷ് വിരോധം പരമ്പരാഗതമായി പുലർത്തിപ്പോന്ന മാപ്പിളമാർ, കമ്പനിയുടെ സൈന്യത്തിലോ, സിവിൽ സർവ്വീസിലോ സേവനം ചെയ്യുന്നത് സമുദായത്തോടും മതത്തോടും കാട്ടുന്ന പാതകമാണെന്നവരെ വിശ്വസിച്ച് ഇവയിൽ നിന്നും വിട്ടുമാറി നിന്നു. അവർ പിന്നീട് സ്ഥാപിച്ച സ്കൂളുകളിൽ കുട്ടികളെ അയയ്ക്കുകയോ, ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്ന് അവരെ തയ്യാറെടുപ്പിക്കുകയോ ചെയ്യാതിരുന്നതോടു കൂടി തിരിച്ചടി പരിപൂർണവുമായി. ഒന്നര നൂററാണ്ടു കാലത്തെ ഈ കലാപ മനസ്ഥിതിയും പെരുമാററവും, സന്ധിയില്ലാത്ത നിരന്തര സമരങ്ങളും, മാപ്പിളസമുദായത്തെ അന്ധകാരത്തിലും അധോഗതിയിലുമാണ് കൊണ്ടെത്തിച്ചത്. ഇന്നും ഈ അജ്ഞതയുടെ പടുകുഴിയിൽ നിന്നും തീർത്തും മോചിതമാകുവാനവർക്കൊത്തിട്ടുമില്ല. കേരളത്തിലെ മൈസൂർ ആധിപത്യത്തിൻെറ ദൂരവ്യാപകമായ ദൂഷ്യഫലങ്ങളിൽ പ്രധാനപ്പെട്ട ഒന്നായി ഇതിന്നും അവശേഷിക്കുന്നു.

# 20

# പരാജയത്തിലേക്ക് നയിച്ച ദൗർബല്യങ്ങൾ

ഔറംഗസീബിന്റെ മരണത്തോടുകൂടി മുഗൾ സാമ്രാജ്യത്തിന്റെ മരണമണി മുഴങ്ങിക്കൊണ്ടിരുന്നു. അധികാരവടംവലിയും തജ്ജന്യമായ അവകാശത്തർക്കവും രക്തരൂഷിതമായ യുദ്ധങ്ങൾക്കിടനല്കി. മുഗൾ സാമ്രാജ്യത്തിന്റെ പിൻഗാമികൾ ശിഥിലമായ പഴയ മഹിമയുടെ നിഴലുകൾ മാത്രമായി മാറി. പ്രാദേശിക ഭരണാധിപത്യത്തിൽ ഒതുങ്ങി നിന്ന സാമ്രാജ്യത്വവും, 'ഇന്ത്യൻ ചക്രവർത്തി' എന്ന നാമമാത്രമായ സ്ഥാനവും മാത്രമായിത്തീർന്ന കഴിഞ്ഞകാല പ്രതാപത്തെ അനുസ്മരിപ്പിച്ചത്. കേന്ദ്ര ഭരണകൂടം ബലഹീനമായതോടുകൂടി പ്രവിശ്യാഗവർണർമാരും സൈനിക മേധാവികളും തങ്ങളുടെ ഭാവി സുരക്ഷിതമാക്കുവാനുള്ള ഭാഗ്യാന്വേഷികളായി മാറി. ഓരോ സംസ്ഥാനാധിപന്മാരും സ്വതന്ത്ര രാജവംശങ്ങൾക്ക് അടിത്തറ പാകുകയും ചെയ്തു. ഡക്കാനിലെ ഗവർണറായിരുന്ന നിസാമുൽമുൽക്ക് മുഗൾ ചക്രവർത്തിയിൽ നിന്നും സ്വതന്ത്രനായി നിസാം എന്ന സ്ഥാനപ്പേരോടുകൂടി പുതിയ ഒരു രാജവംശത്തിന്റെ സ്ഥാപകനായി തീർന്നു. മുഗളൻമാർ സൃഷ്ടിച്ച രാഷ്ട്രീയശൂന്യത നീക്കാനും ഒരഖിലേന്ത്യാസാമ്രാജ്യം സൃഷ്ടിക്കുവാനുമായി ശിവാജിയുടെ പിൻതലമുറ അശ്രാന്ത പരിശ്രമം നടത്തിയെങ്കിലും 1761-ൽ പാനിപ്പത്ത് യുദ്ധത്തിൽ ഇന്ത്യയെ ഏകീകരിക്കുകയെന്ന ഉദാത്തമായ സ്വപ്നവും മണ്ണടിയുകയാണുണ്ടായത്. നാഥനില്ലാക്കളരിപോലെ സുശക്തമായ ഒരു കേന്ദ്ര ഭരണകൂടത്തിന്റെ അഭാവത്തിൽ പ്രാദേശികങ്ങളായ ചെറുകിട ശക്തികൾ ഉദയം ചെയ്തു. അസംഘടിതമായ ഈ രാഷ്ട്രീയ നിശ്ചലതയിൽ ഒഴിവാക്കുവാനാവാത്ത ശക്തികളായി വളരുകയായിരുന്നു വിദേശികളായ ഫ്രഞ്ചുകാരും ഇംഗ്ലീഷുകാരും.

പുതുതായി വിഭജിച്ച ചെറിയ ചെറിയ രാജസ്ഥാനങ്ങൾ അന്യോന്യം മത്സരവും രക്തച്ചൊരിച്ചിലും നടത്തി രാജ്യത്ത് അരാജകത്വവും അരക്ഷിതാവസ്ഥയും സൃഷ്ടിച്ചുകൊണ്ടിരുന്നു. എക്കാലവും വിദേശികളായ ആക്രമണകാരികൾക്ക് സഹായകമായിതീർന്നിരുന്ന ഈ കുടിപ്പകയും പോരും വെറുക്കപ്പെടേണ്ട ഇന്ത്യൻ പാരമ്പര്യമാണ്, തമ്മിലടിച്ചുകൊണ്ടിരുന്ന നാട്ടുരാജാക്കൻമാരുടെ ആരുടെയെങ്കിലും പക്ഷത്ത് നിന്ന് പടപൊരുതുവാൻ തയ്യാറായിരുന്ന ഈ വിദേശശക്തികൾക്കാകട്ടെ, അത്യന്താധുനികങ്ങളായ ആയുധങ്ങളും, സുശിക്ഷിതരും അച്ചടക്കമുള്ളവരുമായ സൈനികരുമുണ്ടായിരുന്നു. തൻെറ വിജയത്തിന്ന് ഇംഗ്ളീഷ് കമ്പനിയുടെ സൈനികസഹായം ഏതെങ്കിലും നാട്ടരചൻ ആശ്രയിക്കുമ്പോൾ, എതിരാളി ഇതിനെ വിജയകരമായി നേരിടുവാൻ ഫ്രഞ്ചുകാരുടെ പിന്തുണക്കായി അവർ പറയുന്ന വ്യവസ്ഥകളൊക്കെ അംഗീകരിച്ച് സഖ്യത്തിലേർപ്പെടുന്ന സ്ഥിതിയാണുണ്ടായിരുന്നത്. യുദ്ധത്തിൽ ആരു തോററാലും ജയിച്ചാലും ശരി, ഈ വിദേശ കമ്പനികൾക്ക് കരാറനുസരിച്ചുള്ള പണവും സ്ഥലവും കൊടുക്കുവാൻ നമ്മുടെ ഭരണാധികാരികൾ ബാദ്ധ്യസ്ഥരായിരുന്നു. സൈന്യങ്ങളിൽ സേവനത്തിന്ന് അക്കാലത്തും ജനങ്ങൾ തയ്യാറായിരുന്നത് രാജ്യത്തെ ശത്രുക്കളിൽ നിന്നും രക്ഷിക്കുകയെന്ന മഹത്തായ ലക്ഷ്യം വെച്ചുകൊണ്ടായിരുന്നില്ല. അത്തരം ദേശബോധമോ, സ്വാതന്ത്ര്യേച്ഛയോ ജനങ്ങളിലങ്കുരിപ്പിക്കുവാൻ ഈ ചെറുകിട രാജസ്ഥാനങ്ങൾക്കോ അവയുടെ രാജാക്കൻമാർക്കോ സാധിക്കുമായിരുന്നില്ല. ഏത് രാജാവിൻെറ സൈന്യത്തിൽ ചേർന്നാലാണ് കൂടുതൽ കൊള്ളയടിക്കുവാനും, യുദ്ധാനന്തര സൗഖ്യം നേടുവാനുമൊക്കുകയെന്നതായിരുന്നു ഓരോ യോദ്ധാവും ചിന്തിച്ചിരുന്നത്. അക്കാലത്തു് ആക്രമിക്കപ്പെടുന്ന രാജ്യത്തു നിന്നും കൊള്ളയടിച്ചു കിട്ടുന്ന മുതലിൻെറ വിഹിതം ഓരോ സൈനികനും ലഭിക്കുക പതിവായിരുന്നു. തൻമൂലം നവീനയുദ്ധോപകരണങ്ങളും പുതിയ യുദ്ധമുറകളും ഒക്കെ കാഴ്ചവെച്ചിരുന്ന വിദേശശക്തികളുടെ കീഴിൽ അണിനിരക്കുവാൻ ഇന്ത്യയിലെ ജനങ്ങൾ മുമ്പോട്ടു വന്നത് അവിടെ വിജയം സുനിശ്ചിതമാണെന്നറിയാമായിരുന്നതുകൊണ്ടും കൊള്ളമുതൽ കൂടുതൽ ലഭിക്കുവാൻ സാദ്ധ്യതയുണ്ടെന്ന ധാരണയിലുമായിരുന്നു. ഏതെങ്കിലും രാജ്യം ആക്രമിക്കപ്പെട്ടുവെന്ന് വിചാരിക്കുക. ആക്രമണത്തെ വിജയപൂർവ്വം തുരത്തുവാൻ സാധിച്ചു എന്നും കരുതുക. പരാജിതരായി പിൻതിരിഞ്ഞോടുന്ന സൈന്യവും വിജയികളായ ആ രാജ്യത്തിലെ പ്രതിരോധശക്തിയും ജനങ്ങളെ ഒപ്പം കൊള്ളയടിച്ചിരുന്നു. വിലപ്പെട്ടതെന്തും പിടിച്ചെടുത്തിരുന്നുവെന്നതാണ് വിചിത്രമായ സ്ഥിതി. അംഗീകൃതമായ രാജ്യനീതി എന്നോണമാണ് ഇരു സൈന്യങ്ങളും ഇത്തരം പിടിച്ചുപറി നടത്തിക്കൊണ്ടിരുന്നത്. തൻമൂലം ഏത് സൈന്യത്തിൽ ചേർന്നാലാണോ കൂടുതൽ കൊള്ളമുതൽ ലഭിക്കുവാൻ സാദ്ധ്യതയുണ്ടായിരുന്നത് ആ ഭാഗത്ത് സേവനമർപ്പിക്കുവാൻ എത്ര ആളുകൾ വേണമെങ്കിലും തയ്യാറായിരുന്നു.

അക്കാലത്തു് സാഹസികനായ ഏതു് വ്യക്തിക്കും തന്റെ പക്കൽ കുറെ പണമുണ്ടെങ്കിൽ ചെറിയ തോതിലെങ്കിലും ഒരു സൈന്യത്തെ സംഘടിപ്പിക്കുവാൻ പ്രയാസമുണ്ടായിരുന്നില്ല. ആ സേനയുമായി ആദ്യം നടത്തുന്ന സംരംഭത്തിൽ വിജയിക്കുവാനൊത്തു് കൊള്ളമുതൽ യോദ്ധാക്കൾക്കു് തൃപ്തികരമാംവണ്ണം നല്കുവാൻ സാധിച്ചാൽ പിന്നെ, ആ നേതാവിന്റെ കീഴിൽ അണിനിരക്കുവാൻ എത്ര ആളുകളെ വേണമെങ്കിലും കിട്ടുമായിരുന്നു. പേമാരി മൂലം വെള്ളപ്പൊക്കമുണ്ടാകുന്ന പുഴയ്ക്കു് സമം ഇത്തരം സൈന്യങ്ങളിൽ ജനപ്പെരുപ്പവും സംഭവിച്ചിരുന്നു. നേരെ മറിച്ചു് വെയിലേൽക്കുമ്പോൾ ഉരുകിപ്പോകുന്ന മഞ്ഞുതുള്ളികൾ പോലെ ഏതു് സൈന്യവും നാമാവശേഷമാകുകയും ചെയ്യും. ആദ്യത്തെ സംരംഭത്തിൽ കനത്ത പരാജയമാണു് നേരിടുന്നതെങ്കിൽ ഇത്തരം പശ്ചാത്തലത്തിൽ നിന്നുകൊണ്ടു് വേണം സാഹസികനായ ഹൈദരാലി സൃഷ്ടിച്ചു നിലനിർത്തിപ്പോന്ന സൈന്യത്തെക്കുറിച്ചു് വിലയിരുത്തുവാൻ. യൂറോപ്യൻ യുദ്ധമുറയും ആയുധങ്ങളുംകൊണ്ടു ശിക്ഷണബോധത്തോടെ പരിശീലനം കൊടുത്തു് നിലനിർത്തിയിരുന്ന തന്റെ സൈനികരിൽ ആത്മവിശ്വാസവും ധൈര്യവും അങ്കുരിപ്പിക്കുവാനദ്ദേഹത്തിന്നു് കഴിഞ്ഞിരുന്നുവെന്നതാണു് ഹൈദരാലിയുടെ വിജയത്തിന്നു് കാരണം. നിസാമും, മറാത്തക്കാരും, കേരളത്തിലെ ചെറുകിട രാജാക്കന്മാരും അവരുടെ യുദ്ധാവശ്യങ്ങൾക്കായി വിദേശശക്തികളിലാരെയെങ്കിലുമൊക്കെ ആശ്രയിച്ചിരുന്നപ്പോൾ സ്വന്തം ആയുധ നിർമാണശാലകളും വെടിക്കോപ്പ് കേന്ദ്രങ്ങളും സ്ഥാപിച്ചു് ആരേയും പടക്കോപ്പുകൾക്കു് വേണ്ടി അധികം ആശ്രയിക്കാത്ത സ്ഥിതി ഹൈദരാലിയുടെ കാലത്തു തന്നെയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മകൻ ടിപ്പുസുൽത്താൻ അച്ഛനിൽനിന്നും പൈതൃകമായി ലഭിച്ച ഇത്തരം പരിശീലനങ്ങൾ അക്കാലത്തു് എത്രമാത്രം വിജയകരമായി ഇവിടെ നടപ്പാക്കുവാൻ പററുമായിരുന്നോ, അത്രയും ശ്ലാഘാർഹമാം വിധം പ്രാവർത്തികമാക്കുകയും ചെയ്തിരുന്നു. ഇന്ത്യയിലെ ഇതര രാജാക്കന്മാരും മൈസൂർ നവാബുമാരും തമ്മിലുണ്ടായിരുന്ന ഏററവും പ്രധാനമായ വ്യത്യാസവും ഇതുതന്നെയായിരുന്നു. യൂറോപ്യൻ രാജ്യങ്ങളുടെ നേട്ടങ്ങൾക്കു് നിദാനമായി വർത്തിച്ച ശാസ്ത്രീയവും വ്യാവസായികവുമായ വളർച്ചയും കണ്ടുപിടിത്തങ്ങളും അതിന്റെ ശരിയായ അർത്ഥത്തിൽ മനസ്സിലാക്കി അവയെ ഇന്ത്യൻ പരിതസ്ഥിതികൾക്കനു യോജ്യമാം വിധം നമ്മുടെ പ്രതിഭയും പ്രയത്നവും കൂടി കൂട്ടിച്ചേർത്തു് പുഷ്കലമാക്കുവാൻ ശ്രമിച്ചവർ ഇന്ത്യയിൽ ഹൈദരാലിയും ടിപ്പുസുൽത്താനും മാത്രമായിരുന്നു. ഇന്ത്യൻ ഭരണാധികാരികളിൽ മൈസൂർ സുൽത്താൻമാരോടു് മാത്രമായി കടുത്ത പകയും ശത്രുതയും ഇംഗ്ലീഷുകാർക്കു് തോന്നുവാനുള്ള കാരണവും മററൊന്നായിരുന്നില്ല. ഏതൊരു വിദേശശക്തിയോടൊപ്പവും കച്ചവട സൗകര്യത്തിലായാലും, ഭരണനൈപുണ്യത്തിലായാലും, പ്രതിരോധപ്രവർത്തനത്തിലായാലും കിടപിടിക്കത്തക്കതോ അവരെക്കാൾ മേന്മ പ്രദർശിപ്പിക്കത്തക്കതോ ആയിരുന്നു സമർത്ഥമായി സംഘടിപ്പിക്ക

പ്പെട്ട മൈസൂർ സൈന്യവും ഭരണസംവിധാനങ്ങളും. മൈസൂറിൻെറ അനിയന്ത്രിതമായ വളർച്ചയെ ഇംഗ്ളീഷുകാർ ഏറെ ഭയപ്പെടുവാനും കാരണം ഇവയൊക്കെ ആയിരുന്നു. യൂറോപ്യൻ മേധാവിത്വം ഇവിടെ സ്ഥാപിതമാകുവാൻ പ്രേരകമായി നിന്ന അവരുടെ സൈനിക മേന്മയും അത്യന്താധുനികങ്ങളായ യുദ്ധോപകരണങ്ങളും, പ്രതിരോധ പ്രവർത്തനങ്ങളിൽ സൈനികരുടെ അച്ചടക്കത്തോടുകൂടിയ പരിശീലനവുമായിരുന്നു. അതോടൊപ്പം യുദ്ധാവശ്യത്തിനു വരുന്ന ഭീമമായ ചിലവിനെ നേരിടാനും കമ്പനിയുടമകൾക്ക് കാര്യമായ ലാഭം നേടിക്കൊടുക്കുവാനും ഉതകുന്ന ആസൂത്രിതമായ വ്യാവസായികനയകോവിദത്വും അവരുടെ വിജയത്തിന്നിടയാക്കിയ വസ്തുതകളാണ്. ഈ വക രംഗങ്ങളിലെല്ലാം തന്നെ അവരെക്കാൾ സമർത്ഥമായും കാര്യക്ഷമമായും പ്രവർത്തിക്കുവാൻ തൻേറടവും തയ്യാറെടുപ്പും കാണിച്ചിരുന്ന മൈസൂറിനോട് അനുരഞ്ജനം സാദ്ധ്യമാകുമായിരുന്നില്ലെന്നതാണ് സത്യം. ഇന്ത്യയിൽ അക്കാലത്താവിർഭവിച്ചിരുന്ന രാഷ്ട്രീയ ശൂന്യത നികത്തുവാൻ ബലവത്തായ ഇന്ത്യൻശക്തി മൈസൂറായിത്തീർന്നിരുന്നു. തൻമൂലം ഒന്നുകിൽ അവരുമായുള്ള ബലാബല പരീക്ഷണത്തിൽ വിജയിക്കുകയോ, അഥവാ അവരുടെ കൈകൊണ്ട് നശിക്കുകയോ ചെയ്യുക എന്നത് മാത്രമായിരുന്നു കാര്യത്തിൽ വിദേശശക്തികളിൽ പ്രബലത്തായിത്തീർന്ന ഇംഗ്ളീഷ് കമ്പനിയുടെ മനോഗതി. തുല്യശക്തികൾ ഒരേ രംഗത്ത് സഹവർത്തിത്വത്തോടുകൂടി കഴിയുക അക്കാലത്ത് സ്വാഭാവികമായിരുന്നില്ലെന്നു മാത്രമല്ല, ഇരുകൂട്ടർക്കും അരഞ്ജനത്തോടുകൂടി കഴിയാനും സാധിക്കുമായിരുന്നില്ല. ഇതിൽ ഏതെങ്കിലും ഒന്ന് നശിക്കുകയെന്നത് മാത്രമായിരുന്നു സ്വാഭാവിക നിയമവും. അതാണിവിടെയും സംഭവിച്ചത്.

തൻെറ പരിമിതികൾ ശരിക്കും മനസ്സിലാക്കിയിരുന്നിട്ടും ഇംഗ്ലീഷ്കാരോട് പടവെട്ടി ജീവനും രാജ്യവും തുലയ്ക്കുകയാണ് ടിപ്പുസുൽത്താൻ ചെയ്തതെന്നാണ് ചില വിമർശകന്മാർ കുററപ്പെടുത്തുന്നത്. മററു ചിലരുടെ അഭിപ്രായത്തിൽ സാമ്രാജ്യ ദുർമോഹിയായ വെല്ലസ്ലി പ്രഭുവിൻെറ ആക്രമണനയത്തിന്ന് ഇരയായിത്തീർന്ന ടിപ്പുവെന്നാണ്. പിന്നേയും ഒരുകൂട്ടം ചരിത്രകാരൻമാർ ടിപ്പുവിനെ വിലയിരുത്തുന്നത് കടുത്ത ഇംഗ്ലീഷ് വിരോധത്താൽ വരുംവല്ലായ്ക നോക്കാതെ അവസാനംവരെ പടവെട്ടി പോർക്കളത്തിൽ വീണ് രക്തസാക്ഷിയായ ആദർശ ധീരനായിട്ടാണ്. അങ്ങനെ ടിപ്പുസുൽത്താൻെറ പതനത്തിന്നുള്ള കാരണങ്ങൾ പലതായിട്ടാണ് ഓരോ ചരിത്രകാരനും വ്യവഹരിച്ചു കാണുന്നത്.

മൈസൂർ രാജവംശത്തിൻെറ ഉത്ഭവവും വളർച്ചയും ബോധപൂർവ്വം മനസ്സിലാക്കുവാൻ ശ്രമിക്കുന്ന ചരിത്രവിദ്യാർത്ഥികൾക്ക് അതിൻെറ പതനത്തിന്ന് കാരണം ടിപ്പുസുൽത്താൻെറ നയരാഹിത്യമോ, ദുർബ്ബലതയോ

ആണെന്നു പറയുവാൻ പ്രയാസമാണ്. ഇംഗ്ളീഷുകാരോടുള്ള ഒടുങ്ങാത്ത അമർഷവും അവരോടു കാണിച്ച നീക്കുപോക്കില്ലാത്ത കർക്കശമായ നയവുമാണ് മൈസൂർ രാജ്യത്തിന്റെ അധ:പതനത്തിന്നിടയാക്കിയതെന്നാണ് വാദമെങ്കിൽ, ഇംഗ്ളീഷ് വിരോധം ടിപ്പുവായിട്ടുണ്ടാക്കിയതായിരുന്നില്ല എന്ന വസ്തുത വിസ്മരിച്ചുകൊണ്ടുവേണം ആ വാദം മുന്നോട്ടു കൊണ്ടു പോകുവാൻ. ഇംഗ്ലീഷുകാരോടുള്ള പകയും കാലുഷ്യവും ടിപ്പുവിന്നു് ഹൈദരാലിയിൽ നിന്നും പൈതൃകമായി ലഭിച്ചതായിരുന്നു. ഇംഗ്ളീഷുകാരാണു് നമ്മുടെ മുഖ്യശത്രുവെന്നു് മരണശയ്യയിൽ കിടന്നപോലും ഹൈദർ ഉത്തരവിട്ടുമായിരുന്നത്രെ. അതല്ല, അധികാരങ്ങൾ മുഴുക്കെ കേന്ദ്രീകൃതമായിരുന്ന ഭരണ സംവിധാനത്തിൽ, സുൽത്താൻ എല്ലാ കാര്യങ്ങളിലും നിർദേശങ്ങൾ നല്കുക പതിവായിരുന്നു. അങ്ങനെ എന്തിനും ഏതിനും സേച്ഛാധിപതിയായ ഭരണാധിപന്റെ ആജ്ഞയും കാത്തിരിക്കുകയെന്ന ഗതികേടാണ് ഭരണപരമായ തകർച്ചയും, തജ്ജന്യമായ അധഃപതനവും ഉണ്ടാക്കിയതെന്നു് പറയുന്നവരും ദുർല്ലഭമല്ല. അതാണ് വസ്തുതയെങ്കിൽ ടിപ്പു അക്കാര്യത്തിലും നിരപരാധിയായിരുന്നുവെന്നുവേണം പറയുവാൻ. ഹൈദർ വിജയകരമായി പരീക്ഷിച്ച് നടപ്പാക്കിയിരുന്ന ഭരണസംവിധാനം അതേപടി പിൻപറ്റുക മാത്രമായിരുന്നു ടിപ്പുസുൽത്താൻ ചെയ്തിരുന്നത്. തൻമൂലം അക്കാരണം പറയുന്നതും നിലനിൽക്കത്തക്കതല്ല. നെടുങ്കോട്ട ആക്രമണമാണു് ടിപ്പുവിന്റെ നാശത്തിന്റെ ആരംഭം കുറിച്ചതെന്നാണു് വാദമെങ്കിൽ, തിരുവിതാംകൂറും മൈസൂറുമായുണ്ടായിരുന്ന ശത്രുതയും ഹൈദരാലി തുടങ്ങിവെച്ചതിന്റെ പരിസമാപ്തിയായിരുന്നു എന്നേ പറയാനുള്ളു. ടിപ്പു അനുവർത്തിച്ചിരുന്ന നയം ഹൈദരാലി ആവിഷ്കരിച്ചതിൽ നിന്നും ഒട്ടും വിഭിന്നമായിരുന്നില്ല എന്നതു് കൊണ്ടുതന്നെ ടിപ്പുവിനെ ഈ വക കാര്യങ്ങൾ പറഞ്ഞു് കുറ്റപ്പെടുത്തി വിമർശിക്കുന്നതു് ഉചിതമായിരിക്കുകയില്ല. ഈക്കാര്യം ഉറപ്പിച്ചു പറയുവാൻ കാരണം പിൽക്കാലത്തു് ഹൈദരാലിയുടെ നയങ്ങളെയും ഭരണക്രമത്തെയും ഒക്കെ ബോധപൂർവ്വം അമിതമായി പ്രശംസിക്കുകയും ടിപ്പു അവ വികൃതമാക്കി എല്ലാം നശിപ്പിക്കുകയാണുണ്ടായതെന്നു് ഇംഗ്ളീഷ് ചരിത്രകാരന്മാർ തുടർന്നുപോന്ന രീതി ദുരുദ്ദേശ്യപൂർണമായിട്ടായിരുന്നുവെന്നു് വെളിപ്പെടുത്തുവാനാണ്. വിൽക്ക്സും കിർക്ക് പാട്രിക്കും, ബീറ്റ്സനും, ബൗറിങ്ങും ഒക്കെ ഈ രീതി പിൻതുടർന്നതു് അത്രയും രൂക്ഷമായി ടിപ്പുവിനെ കരിതേക്കുവാൻ വേണ്ടി മാത്രമായിരുന്നതാനും. അവരൊക്കെ ഉരുവിട്ടുകൊണ്ടിരുന്ന വേദവാക്യം "ഹൈദറിനു് തെറ്റുപറ്റുക ദുർല്ലഭമായിട്ടായിരുന്നുവെന്നും ടിപ്പു ആകട്ടെ ശരിയായ കാര്യം ചെയ്തിരുന്നതു് അപൂർവ്വമായിട്ടായിരുന്നു"[1] എന്നതാണ്. അതുകൊണ്ടുതന്നെയാണു് ഇംഗ്ളീഷ് കമ്പനിയുടെ ആക്രമണത്തിനു് ടിപ്പു

1. വിൽക്ക്സ്, മുൻ ഉദ്ധരിച്ചത്, വാല്യം II, പുറം 464

വിധേയനായതത്രെ. തൻെറ ഗവൺമെൻറിൻെറ നയാവിഷ്കരണത്തിലും, ഭരണനിർവ്വഹണം കുററമററതാക്കുന്നതിലും, യൂറോപ്യൻ മാതൃകയിൽ തൻെറ സൈന്യത്തെ സുസജ്ജീകരിക്കുന്നതിലും ടിപ്പുസുൽത്താൻ പിൻതുടർന്ന നയം ഹൈദരാലി തുടങ്ങിവെച്ചവതന്നെയായിരുന്നുവെന്നു നാം കണ്ടതാണല്ലൊ. അവ ഒരണുവ്യത്യാസം കൂടാതെ പരിപാലിച്ച് പോരുകയും ചെയ്തിരുന്നു. ഹൈദരാലി ആവിഷ്കരിച്ചിരുന്ന ഗവൺമെൻറ് നയങ്ങളിലൊന്നിലും അടിസ്ഥാനപരമായ മാററങ്ങളൊന്നും ടിപ്പു ചെയ്തിരുന്നുമില്ല. തൻെറ രാജ്യത്തിന്നു് ഭീഷണിയായിത്തീരുമായിരുന്ന പുതിയ പ്രശ്നങ്ങളൊന്നും അദ്ദേഹം സൃഷ്ടിക്കുകയുമുണ്ടായിട്ടില്ല. എല്ലാ ആസ്തിബാദ്ധ്യതകളോടും കൂടി അതേപടി ഹൈദരാലിയുടെ മരണാനന്തരം രാജ്യഭാരം ഏറെറടുക്കുക മാത്രമാണ് ടിപ്പുസുൽത്താൻ ചെയ്തതു്. മൈസൂർ സർക്കാരിൻെറ നയവൈകല്യമോ കഴിവില്ലായ്മയോ ആണ് അതിൻെറ പതനത്തിന്നിടയാക്കിയതെങ്കിൽ അതിന്നു് കുററം ചാരേണ്ടത് ടിപ്പുവിനെയല്ല ഹൈദരാലിയെതന്നെ ആകണം. എന്നാൽ, ഹൈദരാലിക്കു് അപൂർവ്വമായേ അബദ്ധം പിണയാറുള്ളുവെന്നാണല്ലൊ ചരിത്രപക്ഷം. അങ്ങനെയെങ്കിൽ അതേ നയ പൈതൃകമായി സ്വീകരിച്ച് തുടർന്നുപോന്ന ടിപ്പുവിന്നും തെററുകളധികം പററിയിരിക്കുകയില്ലെന്നു വേണം ഉപസംഹരിക്കാൻ. രാജ്യവിചാരത്തിലോ ഇന്ത്യയിലെയും വിദേശരാജ്യങ്ങളിലേയും ഭരണാധിപൻമാരുമായിട്ടുള്ള ഇടപെടലുകളിലോ, ടിപ്പു വഞ്ചനയോ കാപട്യമോ കാണിച്ചിരുന്നുവെന്നു ആരുംതന്നെ ഇതുവരെയും കുററപ്പെടുത്തിയിട്ടുമില്ല.

എന്നാൽ വൈയക്തിക ജീവിതത്തിൽ ഹൈദരാലിയുടെയും ടിപ്പുവിൻെറയും സ്വഭാവവും വാസനയും വ്യതിരിക്തമായിരുന്നു. പൌരസ്ത്യരാജാക്കൻമാർക്കുണ്ടായിരുന്ന സർവ്വവിധ ദൗർബല്യങ്ങളും കാണിച്ചിരുന്ന ആളായിരുന്നു ഹൈദരാലി. മദ്യവും മദിരാക്ഷിയും അദ്ദേഹത്തിൻെറ ബലഹീനതകളായിരുന്നു[2]. എന്നാൽ 'ടിപ്പുവാകട്ടെ പിതാവിൻെറ പ്രകൃതത്തിന്നു് നേരെ വിരുദ്ധമായ സദാചാരസൻമാർഗ്ഗനിഷ്ഠനായിരുന്നു എന്നു മാത്രമല്ല അക്കാലത്ത് സാർവ്വത്രികാംഗീകാരമുണ്ടായിരുന്ന മദാലസമായ സുഖാർഭാടങ്ങളെ തീരെ പരിത്യജിച്ച വ്യക്തിയുമായിരുന്നു. അക്കാലത്തു് രാജാക്കൻമാരുടെയും പ്രഭുക്കൻമാരുടെയും ജീവിതരീതിക്കു് വിപരീതമായി ഒതുക്കവും ഭദ്രതയുമുള്ള കുടുംബജീവിതം നയിച്ചിരുന്ന ടിപ്പു പ്രകൃത്യാതന്നെ നാണക്കാരനായിരുന്നു. തൻെറ അറിവും പാണ്ഡിത്യവും പരിശുദ്ധമായ ഒരു ജീവിതരീതി പിൻതുടരുവാനദ്ദേഹത്തെ സഹായിക്കുകയും ചെയ്തു. മനുഷ്യമഹിമയെ മാനിക്കുവാനുള്ള പ്രചോദനം തനിക്കു് ആഭിമുഖ്യമുണ്ടായിരുന്ന

2. എം. എം. ഡി. എൽ. ടി, മുൻ ഉദ്ധരിച്ചതു്, പുറം 267; കിർമാനി, നിഷാനി ഹൈദരി, പുറം 489

സൂഫിതത്വശാസ്ത്രം അദ്ദേഹത്തിന് പ്രദാനം ചെയ്യുകയും ഉണ്ടായി. അലാവുദ്ദീൻ ഖിൽജിയെപ്പോലെ നിരക്ഷരകുക്ഷിയായിരുന്ന ഹൈദരാലിയെക്കാൾ, മുഹമ്മദ് ബിൻ തുഗ്ലക്കിനെപ്പോലെ പണ്ഡിതൻമാരിൽ പണ്ഡിതനായി വിരാജിച്ചിരുന്ന മഹാനായിരുന്ന ടിപ്പുസുൽത്താൻ. ഈ വക അഭൗമമായ ഗുണങ്ങൾ തെററു ചെയ്യുവാൻ സഹായകമായ ഉപാധികളാണെന്ന് ആർക്കും പറയുവാനൊക്കുകയില്ലല്ലൊ.

എന്നാൽ, ടിപ്പുവിന്റെ പരാജയത്തിന് പ്രധാന ഹേതുവായി വർത്തിച്ചത് അദ്ദേഹത്തിന്റെ സുദൃഢമായ സ്വഭാവത്തിന്റെ പ്രത്യേകമായ സവിശേഷതകളാണ്. "നൂതനങ്ങളായ പരിഷ്കാരങ്ങളാവിഷ്കരിക്കുവാനുള്ള അടങ്ങാത്ത ദാഹവും എല്ലാ കാര്യവും സ്വന്തമായി ചെയ്യണമെന്ന അമിതമായ ആഗ്രഹവും, അദ്ദേഹത്തിന്റെ സ്വഭാവത്തിന്റെ പ്രമുഖങ്ങളായ ഘടകങ്ങളായിരുന്നു" എന്നാണ് സർ തോമസ് മൺറോ 1799-ൽ ടിപ്പുവിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തി രേഖപ്പെടുത്തിയിട്ടുള്ളത്[3]. അദ്ദേഹത്തിന്റെ ഭരണപരിഷ്കാരങ്ങളും പുതിയ പുതിയ ആവിഷ്കരണരീതികളും അദ്ദേഹത്തോളം അറിവോ, പക്വതയോ ഇല്ലാതിരുന്ന ഉദ്യോഗസ്ഥൻമാരിൽ ആശയക്കുഴപ്പവും അസൗകര്യവും കുറച്ചൊക്കെ ഉണ്ടാക്കിയിരിക്കാമെന്നത് വാസ്തവമാണ്. ടിപ്പുവിന്റെ കല്പനകൾ ഉൾക്കൊള്ളുന്ന ആശയം ശരിക്കും ധരിക്കുവാൻ അവരിൽ പലർക്കും സാധിച്ചില്ലെന്നതും ശരിയാണ്. ഭരണതലത്തിൽ ഘടനാപരമായി ഇടയ്ക്കിടയ്ക്ക് വരുത്തിയിരുന്ന മാററവും[4], പുതുതായി നടപ്പിലാക്കിയ കൊല്ലവർഷത്തിന്റെ ഗണനയും[5], അളവിലും തൂക്കത്തിലും ആവിഷ്കരിച്ച നവീന സമ്പ്രദായവും[6], ഔദ്യോഗികതലത്തിൽ ഇവയുടെ ആരംഭകാലത്തെങ്കിലും കുറെയൊക്കെ പ്രയാസങ്ങളുണ്ടാക്കിയിരിക്കണമെന്നത് തീർച്ചയാണ്. എന്നാൽ, ഭരണത്തിന്റെ സുഗമമായ നടത്തിപ്പ് ഇതുകൊണ്ടൊന്നും താറുമാറായിരുന്നില്ലെന്ന് നാം മനസ്സിലാക്കുന്നു. പൗരസ്ത്യരാജ്യങ്ങളിലെ മറെറല്ലാ ഭരണാധിപൻമാരെയുംപോലെ ടിപ്പുസുൽത്താനും തികഞ്ഞ ഒരു സ്വേച്ഛാധിപതിയായിരുന്നുവെന്നതിൽ പക്ഷാന്തരമില്ല. വികേന്ദ്രീകരണമായിരുന്നില്ല, കേന്ദ്രീകരണമായിരുന്നു അക്കാലത്തെ അനിവാര്യത. ഭരണസംബന്ധമായ നിസ്സാരകാര്യങ്ങളിൽ പോലും നിർദേശങ്ങളും മാതൃകകളും കൊണ്ട് തന്റെ ഔദ്യോഗികവൃന്ദത്തെ കാര്യക്ഷമമാക്കിയിരുന്നതിന്റെ പ്രകടമായ ഉദാഹരണമാണ് ടിപ്പുവിന്റെ കേന്ദ്രീ

3. Glieg, Life of Munroe, vol. I, P·232, quoted by H.H. Dodwell, The Cambridge History of india, vol· V, P 302.
4. കിർമാനി, ടിപ്പുവിന്റെ ചരിത്രം (തർജ്ജമ, മൈൽസ്), പുറം 66
5. ടി. പുറം 133
6. ടി. പുറം 136

ഏന്തവും ശക്തവുമായ ഗവൺമെൻറ് പ്രദാനം ചെയ്യുന്നതു്. ഉദ്യോഗസ്ഥന്മാർ സ്വന്തം നിലയ്ക്കു ചെയ്യുമായിരുന്ന ചെറിയ ചെറിയ സംഗതികളിൽ പോലും ഉയർച്ചത്താഴ്ച നോക്കാതെ ഓരോരുത്തർക്കും നിർദേശങ്ങൾ കൊടുത്തുകൊണ്ടുള്ള നിരവധി എഴുത്തുകൾ ടിപ്പു അയയ്ക്കുന്നുണ്ടു്. ചിലപ്പോൾ ഭിഷഗ്വരനെപ്പോലെ രോഗത്തിൻെറ കാരണങ്ങളെ പുരസ്കരിച്ചും അവസ്ഥ നല്കേണ്ട മരുന്നുകളെ സംബന്ധിച്ചും അദ്ദേഹം എഴുതുന്നതായി കാണാം.[7] ടിപ്പു സുൽത്താൻെറ പ്രതിഭയും പരിജ്ഞാനവും പ്രസ്പഷ്ടമാക്കുന്ന എത്രയോ എഴുത്തുകൾ ഇന്നു് നമുക്കു് ലഭ്യമാണു്. ഏതെല്ലാം വിഷയങ്ങളുണ്ടോ അവയിലൊക്കെ തൻെറ പ്രാഗത്ഭ്യം വ്യക്തമാക്കുംവിധം വൈവിധ്യമാർന്ന വിഷയങ്ങളെക്കുറിച്ച് ആധികാരികമായും വിജ്ഞാനപ്രദമായും അദ്ദേഹം എത്രയോ എഴുത്തുകൾ തൻെറ സുഹൃത്തുക്കൾക്കും ഉദ്യോഗസ്ഥന്മാർക്കുമായി യച്ചിട്ടുണ്ടു്. എന്നാൽ, എല്ലാം തന്നിൽ നിന്നും തന്നെ വരണമെന്ന വിചാരം ഭരണതലത്തിൽ പല പരിമിതികളും പോരായ്മകളും സൃഷ്ടിച്ചിട്ടുണ്ടായിരിക്കുമെന്നുറപ്പാണു്. തങ്ങളുടെ വിവേചനബുദ്ധി ഉപയോഗിച്ച് ഉദ്യോഗസ്ഥൻമാർക്കു് ചെയ്യുവാൻ സാധിക്കുമായിരുന്ന കാര്യങ്ങളിൽ പോലും സുൽത്താൻെറ നിർദേശം കിട്ടുവാൻ വേണ്ടി അവർ കാത്തിരിക്കുമായിരുന്നു. ടിപ്പുവിൻെറ രീതി അതായിരുന്നുവെന്നതിനാൽ, ഏകവ്യക്തിയിൽ മാത്രം കേന്ദ്രീകൃതമായിരുന്ന സർക്കാർ നടപടികൾ അതുകൊണ്ടു് തന്നെ അടിയന്തിര പ്രശ്നങ്ങളെ അഭിമുഖീകരിക്കുവാൻ അറച്ചറച്ചുനിന്നു. ടിപ്പുവിൻെറ ഭരണനടത്തിപ്പിൽ ഏതെങ്കിലും തരത്തിലുള്ള വൈകല്യം ചൂണ്ടിക്കാണിക്കുവാനൊക്കുന്നത് ഈ തലത്തിൽ മാത്രമാണു്.

ടിപ്പുവിൻെറ ആത്മാർത്ഥതയും ആദർശദാർഢ്യതയുമായിരുന്നു അദ്ദേഹത്തിൻെറ സ്വഭാവഘടനയിലെ പ്രമുഖ ഘടകങ്ങൾ. ദൗർബല്യമെന്നു്വേണമെങ്കിൽ ഇവയെ വിശേഷിപ്പിക്കണം. വൈയക്തിക ബന്ധങ്ങളിൽ വൈകാരികവും സ്നേഹമസൃണവുമായ മമതാബന്ധം അദ്ദേഹം നിലനിർത്തിയിരുന്നു. മാതാപിതാക്കൻമാരോടും, പുത്രകളത്രാദികളോടും, ഉദ്യോഗസ്ഥഭൃത്യജനങ്ങളോടും സുഹൃത്തുക്കൾ ബന്ധുക്കൾ തുടങ്ങിയവരോടുമൊക്കെ വഞ്ചനയുടെയോ കാപട്യത്തിൻെറയോ പോറൽ പോലും ഉണ്ടാക്കാത്തവിധം നിസ്സീമമായ ആത്മാർത്ഥത അദ്ദേഹം ആദ്യാവസാനം വരെ നിഷ്കർഷമായി അനുവർത്തിച്ചു പോന്നതായി കാണാം. ഈ വക സ്വഭാവഗുണങ്ങൾ വ്യക്തിഗതമായ ജീവിതത്തിൽ അതീവ അഭികാമ്യമാണെങ്കിലും 18–ാം നൂററാണ്ടിലെ ഭരണാധിപനെന്ന നിലക്കു് നിശ്ചയമായും അപായകരം കൂടിയായിരുന്നു ഇവ. ചതിയും കള്ളത്തരവും നയതന്ത്രജ്ഞതയോടു

---

7. കിർക്ക് പാട്രിക്ക്, ടിപ്പുവിൻെറ തിരഞ്ഞെടുത്ത കത്തുകൾ, നമ്പർ XXX VIII, പുറം 53; CXV, പുറം 146; CCLXXXV, പുറം 310–11

ക്കി പരിശീലിപ്പിച്ചിരുന്ന അക്കാലത്തെ ഭരണാധിപൻമാർക്കിടയിൽ ഒരപവാദമായിരുന്നു ടിപ്പുസുൽത്താൻ. അവരുടെ വരുംവരായ്കകൾ വകവെക്കാതെതന്നെ ജീവിതത്തിലാദ്യന്തം മാതൃകാപരമായ ഈ സത്ഗുണങ്ങൾ പരിപാലിച്ചുപോന്ന ടിപ്പുസുൽത്താനെപ്പററി എഴുതുന്ന ആരും,

> ''കപടലോകത്തിലാത്മാർത്ഥമായൊരു
> ഹൃദയമുണ്ടായതാണെൻ പരാജയം''

എന്ന് വിലപിച്ച കേരളത്തിലെ കവികോകിലത്തിൻെറ വരികൾ കടമെടുത്തുപോകും. പൊതുകാര്യങ്ങളിലാകട്ടെ, സ്വകാര്യജീവിതത്തിലാകട്ടെ ചതിയും വഞ്ചനയും സാധാരണമായിരുന്ന ഒരു ലോകത്ത്, ഗൂഢാലോചനകൾ, കൗശലങ്ങൾ, കൊലപാതകങ്ങൾ തുടങ്ങിയവ ഉന്നതങ്ങളായ ഭൗതികനേട്ടങ്ങൾക്ക് നിദാനമായി വർത്തിച്ചിരുന്ന ഒരുകാലത്ത്, രാഷ്ട്രീയമായ ഉത്ഗതിക്കായി ഏത് മാർഗവും സ്വീകരിക്കാമെന്ന മാക്കിയവെല്ലിയുടെ രാഷ്ട്രമീമാംസ യാതൊരുവക മനസ്സാക്ഷിക്കുത്തും കൂടാതെ പ്രാവർത്തികമാക്കിക്കൊണ്ടിരുന്ന സ്വാർത്ഥമോഹികളുടെ സമൂഹത്തിൽ, നയതന്ത്രബന്ധങ്ങളിൽ പുലർത്തിപ്പോന്ന ആത്മാർത്ഥതയും ഉപജാപങ്ങളൊന്നുമില്ലാതെ തുറന്ന മനസ്ഥിതിയോടുകൂടിയുള്ള രാഷ്ട്രീയ കൂട്ടുകെട്ടും, നിഷ്കൻമഷമായ സാമൂഹിക്സമ്പർക്കങ്ങളുമൊക്കെ ഭരണാധിപനെന്ന നിലയ്ക്ക് സ്വന്തം താല്പര്യത്തെ തന്നെ കുരുതികൊടുത്ത കാര്യങ്ങളായിരുന്നു. ടിപ്പുസുൽത്താൻെറ പരാജയത്തിൻെറ പരമപ്രധാനമായ കാരണം കണ്ടെത്തേണ്ടത് അദ്ദേഹത്തിൻെറ നീക്കുപോക്കില്ലാതിരുന്ന ഈ സ്വഭാവവൈശിഷ്ട്യങ്ങളിലാണ്. തൻെറ രാജ്യത്ത് കലാപം ഉണ്ടാക്കുവാൻ അസംതൃപ്തരായ മലബാറിലെ നായർ അഭയാർത്ഥികളെ തലശ്ശേരി കമ്പനിയിലെ പ്രധാനി പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നുവെന്ന് മനസ്സിലാക്കിയിരുന്ന ടിപ്പുവിന്, താനൊന്നുമറിഞ്ഞില്ലെന്ന ഭാവത്തിൽ അദ്ദേഹമെഴുതിയ കത്ത് കിട്ടിയപ്പോൾ സത്യവിരുദ്ധമായ ആ പ്രസ്താവനക്കെതിരെ ധർമ്മരോഷത്തോടുകൂടി ടിപ്പു മറുപടി അയക്കുന്നതിപ്രകാരമാണ്: ''നിങ്ങളൊരു നല്ല മനുഷ്യനല്ലെന്ന് നമുക്ക് ബോധ്യമായിരിക്കുന്നുവെന്നതിനാൽ മേലിൽ യാതൊരു കാരണവശാലും എനിക്ക് നേരിട്ടെഴുതുവാൻ പാടില്ല. അങ്ങനെ ഇനിയും നിങ്ങളെഴുതുന്നുവെങ്കിൽ എന്നിൽ നിന്നും ഒരു മറുപടിയും നിങ്ങൾ പ്രതീക്ഷിക്കേണ്ടതില്ല'' എന്നായിരുന്നു[8]. താൻ അനുവർത്തിച്ചുപോന്ന സത്യസന്ധതയും നീതിബോധവും മററുള്ളവരും തന്നോട് കാണിക്കണമെന്ന് അദ്ദേഹം ആശിച്ചു. തൻെറ സ്വഭാവത്തിനും പ്രവർത്തിക്കും വിരുദ്ധമായി അന്യർ തന്നോട് പെരുമാറുമ്പോൾ അദ്ദേഹത്തിനുണ്ടാകുന്ന ധാർമ്മികരോഷം മേലുദ്ധരിച്ച എഴുത്തിൽ നിന്നും വ്യക്തമാണല്ലോ. അത്ര

8. പൂനാ റസിഡൻസി കറസ്പോണ്ടൻസ്, വാല്യം III, നമ്പർ 37, ഏ. പുറം 37.

ദയാലുവെതന്നെ താനും തിരുവിതാംകൂർ രാജാവുമായുണ്ടായിരുന്ന അഭിപ്രായ വ്യത്യാസങ്ങളിൽ നീതിപൂർവ്വമായ മാദ്ധ്യസ്ഥതീരുമാനം ചെയ്യുവാൻ മദ്രാസ് ഗവർണറും ഗവർണർ ജനറലും ഒരുങ്ങി താനുമായി എഴുത്തുകുത്തുകൾ നടത്തിയത് ടിപ്പു സ്വീകരിക്കാൻ തയ്യാറായി. പക്ഷേ അവയിൽ അടങ്ങിയിരുന്ന വഞ്ചനാപരമായ ഒളിച്ചുകളി അദ്ദേഹം മനസ്സിലാക്കിയില്ല. തന്നെപ്പോലെ ഇവരും വാക്കു പാലിക്കുമെന്നും സത്യസന്ധമായി പെരുമാറുമെന്നും അദ്ദേഹം ആശിച്ചു. നെടുങ്കോട്ട ആക്രമിക്കുവാൻ ടിപ്പു നീങ്ങിയതു് തന്നെ കമ്പനിയുടെ ഉന്നതാധികാരികളുടെ ഇടപെടൽ ഒരിക്കലുമിക്കാര്യത്തിലുണ്ടാകുകയില്ലെന്ന് അവരുടെ കൗൺസിൽ തീരുമാനത്തിന്റെ വിവരം അദ്ദേഹത്തെ അറിയിച്ചതുകൊണ്ടുകൂടിയായിരുന്നു. എന്നാൽ ഇതിന്റെ പേരിൽ മാത്രം തന്നോട് യുദ്ധപ്രഖ്യാപനം നടത്തിയ ഗവർണർ ജനറലിന്റെ നേതൃത്വത്തിൽ തന്നെ സഖ്യസൈന്യം ശ്രീരംഗപട്ടണത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നുവെന്നറിഞ്ഞപ്പോൾ ടിപ്പുവിനുണ്ടായ അതിശയം അപരിമേയമായിരുന്നു. തിരുവിതാംകൂർ രാജാവും താനുമായുള്ള തർക്കത്തിൽ തന്റെ വാദഗതികൾ ശരിയും, അവയെ ഏതു് നിലയ്ക്കും കമ്പനിയധികാരികൾ രാജാവിനെക്കൊണ്ടംഗീകരിപ്പിക്കുകയും ചെയ്യുമെന്ന് എത്രയോ പ്രാവശ്യം ടിപ്പുവിനു് മദ്രാസ് ഗവർണറും ഗവർണർ ജനറലും എഴുതിയിരുന്നു. ആ വാക്കും ഉറപ്പും സത്യസന്ധവും ആത്മാർത്ഥവുമാണെന്ന് അദ്ദേഹം വിശ്വസിച്ചുപോയതാണ് കുഴപ്പങ്ങൾക്ക് നാന്ദി കുറിച്ചത്. ഏതെങ്കിലും കാരണം പറഞ്ഞു് ടിപ്പുവുമായി ഒരു സംഘട്ടനത്തിനു് തയ്യാറെടുത്തുകൊണ്ടിരുന്ന ഇംഗ്ലീഷുകാരുടെ ദുഷ്ടമായ കുതന്ത്രത്തിന്റെ കെണിയിൽ കുടുങ്ങിയ പരിതാപകരമായ സ്ഥിതിയാണിവിടെ സംജാതമായതു്. മൈസൂർ സർവ്വീസിലും സംസ്ഥാനങ്ങളിലുമുള്ള വിദേശികളെ മുഴുവൻ ഇംഗ്ലീഷുകാരെ ഏല്പിക്കുക എന്ന അന്ത്യശാസനയോടുകൂടി ജനറൽ ഹാരീസ് നാലാം ആംഗ്ലോ-മൈസൂർ യുദ്ധത്തിന്റെ ആരംഭത്തിൽ ടിപ്പുവിനു് കരട് ഉടമ്പടിയുടെ കോപ്പി കൊടുത്തയച്ചു[9]. അതു് പരിപൂർണമായും അനുസരിച്ചില്ലെങ്കിൽ യുദ്ധത്തിന്റെ കെടുതിക്ക് തയ്യാറായിക്കൊള്ളാനുള്ള മുന്നറിയിപ്പും അതിലടങ്ങിയിരുന്നു. ഇംഗ്ലീഷുകാരുമായി ഏററുമുട്ടുവാൻ യാതൊരു ഒരുക്കവും ചെയ്തിട്ടില്ലാതിരുന്നിട്ടും ആ സന്ദർഭത്തിൽ അവരുമായി യുദ്ധമുണ്ടായാൽ വിനാശകരമായ ഫലമായിരിക്കും എന്നറിയാമായിരുന്നിട്ടുംകൂടി, തന്റെ ആത്മാഭിമാനവും സ്വാതന്ത്ര്യേച്ഛയും അന്തസ്സും ബലികഴിച്ച് ആംഗ്ലേയ ഔദ്ധത്യത്തിനു് പാദസേവ ചെയ്യാൻ അദ്ദേഹം വിസമ്മതിക്കുകയാണുണ്ടായതു്. കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കിയ എം. ചാപ്പിയറും മററുള്ള ഫ്രഞ്ചുകാരും തങ്ങളെ ഇംഗ്ലീഷുകാർക്ക് ഏല്പിച്ചു

---

9. കിർക്ക് പാട്രിക്ക്, അനുബന്ധം No. xxI, കരട് ഉടമ്പടിയുടെ രണ്ടും മൂന്നും ഖണ്ഡിക, കിർമാനി, മുൻ ഉദ്ധരിച്ചതു്, പുറങ്ങൾ 120–21

കൊടുത്ത് യുദ്ധമൊഴിവാക്കണമെന്ന് ടിപ്പുവിനോടഭ്യർത്ഥിക്കുക കൂടി ചെയ്തു.[10] തന്റെ പരമാധികാരത്തേയും, സ്വാതന്ത്ര്യ നിലനില്പിനേയും ചോദ്യംചെയ്യുന്ന ഈ ധിക്കാരത്തിനെ എന്ത് വിലകൊടുത്തും ചെറുക്കണമെന്നാണ് ദേശാഭിമാനിയായ ആ സ്വാതന്ത്ര്യമോഹി നിശ്ചയിച്ചത്. ആപത്തിന്റെ ആഴം അറിഞ്ഞുകൊണ്ടുതന്നെ നാടിന്റെ മാനം കാക്കുവാൻ ഏത് ത്യാഗത്തിനും അദ്ദേഹം സന്നദ്ധനാകുകയാണുണ്ടായത്. ലജ്ജാകരമായനിലയിൽ സ്വാതന്ത്ര്യം അടിയറവെക്കുന്നതിനേക്കാൾ ഭേദം മാനമായി പടപൊരുതി വീരമൃത്യുവരിക്കുന്നതാണഭികാമ്യമായി ആ ആദർശശാലിക്ക് തോന്നിയത്.[11] രണ്ടും കല്പിച്ച് ധിക്കാരപരമായ ആംഗ്ലേയ വെല്ലുവിളിയെ ഒറ്റയ്ക്ക്തന്നെ അദ്ദേഹം നേരിട്ടു. സത്യവും, ആത്മാർത്ഥതയും ആദർശവും, നീതിയുമാണല്ലൊ എക്കാലവും ക്രൂശിക്കപ്പെടുക. അതാണിവിടേയും സംഭവിച്ചത്.

മൈസൂർ സുൽത്താന്മാർക്ക് പററിയ മററൊരു പാകപ്പിഴ മലബാററിലെ മാപ്പിളനാവികരെ ശക്തമായ ഒരു പ്രതിരോധ സേനയായി സംഘടിപ്പിക്കുവാൻ കഴിയുമായിരുന്നത് ചെയ്തില്ല എന്നതാണ്. മലബാറിലെ കടൽതീരങ്ങളെ സംരക്ഷിക്കുവാൻ നാവിക പ്രവർത്തനങ്ങളിൽ സുദീർഘമായ പാരമ്പര്യമുണ്ടായിരുന്ന ഇവർക്ക് നിഷ്പ്രയാസം സാധിക്കുമായിരുന്നു. യൂറോപ്യൻ നാവികപ്പടയെ വിജയകരമായി നേരിടുവാൻ അവർക്ക് ശാസ്ത്രീയമായ പരിശീലനവും, അധുനാധുനമായ ആയുധ സാമഗ്രികളും നൽകി സംഘടിതമാക്കിയിരുന്നുവെങ്കിൽ ഒരു പക്ഷേ മലബാറിന്റെ ചരിത്രം വിഭിന്നമാകുമായിരുന്നേനെ. ഒരു നൂററാണ്ടിലേറെ കാലം പോർച്ചുഗീസുകാരെയും നാവികരേയും ചെറുത്തുനിന്ന് മലബാർ തീരങ്ങളെ സംരക്ഷിച്ച മരയ്ക്കാർമാരുടെ പിൻതലമുറക്കാരെ അവഗണിച്ചത് അക്ഷന്തവ്യമായ തെററായി. സാമൂതിരിയുടെ കൊടിക്കീഴിൽ വിശ്വസ്തമായി പോരാടിക്കൊണ്ടിരുന്ന അവർ നടത്തിയ വീരോചിതമായ നാവികയുദ്ധങ്ങൾ ആരുടെയും അഭിമാനംകൊള്ളിക്കുന്നതാണ്. മലാബറിലെ ഈ നാവിക യോദ്ധാക്കൾ നിരവധി യുദ്ധങ്ങളിലൂടെ ഒഴുക്കിയ ചോരയും, ആഹുതി ചെയ്ത ആളും അർത്ഥവും പറങ്കിപ്പടയാളികളെ ഏറെക്കാലത്തേക്ക് മലബാറിന്റെ ഉൾപ്രദേശങ്ങളിലേക്ക് കയറി ആധിപത്യം സ്ഥാപിക്കുന്നതിൽ നിന്നും പിൻതിരിപ്പിച്ചിരുന്നുവെന്നത് വെറും ചരിത്ര വസ്തുതയാണ്. അവർ എല്ലാം ത്യജിച്ച് അങ്ങനെ ചെറുത്തു നിന്നിരുന്നില്ലെങ്കിൽ ഇംഗ്ലീഷ് കമ്പനി എത്തുംമുമ്പേ തന്നെ കേരളവും തദ്വാര ഭാരതവും പോർച്ചുഗീസ് കോളനിയാകുമായിരുന്നേനെ. 16–ാം നൂററാണ്ടിൽ പറങ്കികൾ അറബിക്കടലിന്റെ

10. കിർമാനി, പുറങ്ങൾ 124–25

11. See The Marikkars, The Admirals of calicut by prof. O. K. Nambiar

ആധിപത്യത്തിനുവേണ്ടി സാഹസിക യുദ്ധങ്ങൾ ചെയ്യുന്നതുവരെ ഗുജറാത്ത് മുതൽ സിലോൺവരെ മരയ്ക്കാർമാരുടെ നിവികാധിപത്യം ആരാലും ചോദ്യം ചെയ്യപ്പെടാതെ അഭംഗുരം നിലനിന്ന് പോന്നിരുന്നു.[12] ഈ അതുല്യശക്തി പ്രവാഹത്തെ തങ്ങൾക്കുപയോഗപ്രദമായി സജ്ജീകരിച്ച് നിലനിർത്തുവാൻ ഹൈദരാലിയോ, ടിപ്പുസുൽത്താനോ കാര്യമായി ശ്രദ്ധിച്ചില്ലെന്നത് തന്നെ മലബാറിന്റെ പ്രതിരോധം വിജയകരമാക്കുവാൻ അവർക്ക് ഒക്കാതിരുന്ന തിന് കാരണം. കണ്ണൂരിലെ ആലിരാജയുടെ കീഴിൽ ഒരു കപ്പൽസമൂഹം ടിപ്പുവിന്റെ കാലത്ത് ഉണ്ടായിരുന്നുവെന്നത് പരമാർത്ഥമാണെങ്കിലും, അവ ചാക്കുകയററി അയക്കുന്നതിനാണ് പ്രധാനമായും ഉപയോഗിച്ചിരുന്ന തെന്ന് കാണാം. തങ്ങളുടെ ചരക്ക്കപ്പലുകൾക്ക് രക്ഷാകവചമായി ഉപ യോഗപ്പെടുത്തുവാൻ മാത്രമായിട്ടുള്ളതായിരുന്നു അവരുടെ നാവിക സേനയും. മലബാർ തനിക്ക് നഷ്ടപ്പെട്ടതിന് ശേഷമാണ് ഒരു സംഘടിത നാവിക വ്യൂഹം സൃഷ്ടിക്കുവാനുള്ള യത്നം ടിപ്പുസുൽത്താൻ നടത്തിയതും. രണ്ടും മൂന്നും ആംഗ്ലോ — മൈസൂർ യുദ്ധങ്ങളുടെ തുടക്കത്തിൽ തന്നെ ഇംഗ്ലീഷ് കാർക്ക് മലബാർ പിടിച്ചടക്കുവാൻ അത്ര അധികം പ്രയാസം നേരിടാതിരു ന്നതിന് കാരണവും നാവികസേനയുടെ അഭാവം മൂലമായിരുന്നു. നാവിക പ്രവർത്തനങ്ങളിൽ പാരമ്പര്യവും പഴക്കവുമുണ്ടായിരുന്ന മലബാറിലെ മാപ്പിളമാരുടെ സുസംഘടിതമായ നാവികപ്പട ഉണ്ടായിരുന്നുവെങ്കിൽ ഒരു പക്ഷേ ഇംഗ്ലീഷുകാർക്ക് മലബാറിലെ മൈസൂർ ആധിപത്യത്തെ ഇല്ലാതാ താക്കുവാൻ സാധിക്കുമായിരുന്നില്ല.

മറെറാരു തന്ത്രപരമായ പരാജയം മൈസൂർ ഭരണകർത്താക്കളെ ബാധിച്ചിരുന്നത്, അവർക്ക് കീഴടക്കപ്പെട്ട ജനങ്ങളുടെ വിശ്വാസം ആർജി ക്കുവാനോ, ഗവൺമെൻറുമായി സഹകരിക്കുകയാണെങ്കിൽ അവർക്ക് ലഭിക്കുമായിരുന്ന ഗുണങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുവാനോ കഴിഞ്ഞി രുന്നില്ലെന്നതാണ്. "മനുഷ്യൻ ചെയ്യുന്ന നൻമകളൊക്കെ അവരോടൊപ്പം കുഴിച്ചുമൂടപ്പെടുമ്പോൾ, അവന്റെ വീഴ്ചകളും തിൻമകളും അവനു ശേഷവും പച്ചപിടിച്ചു നില്ക്കും" എന്ന മഹദ്വാക്യം മൈസൂർ സുൽത്താന്മാരെ സംബന്ധിച്ച് അന്വർത്ഥമായിരിക്കുന്നു. മരണമടഞ്ഞവ രുടെ പരാജയങ്ങളെപ്പററി പലതും പറയുവാനും അവരുടെ ചെയ്തികളുടെ ന്യായാന്യായങ്ങളെ സംബന്ധിച്ച് വിധികർത്താക്കളാകുവാനും ആർക്കും സാധിക്കുന്നതേയുള്ളു. അത്തരം ആളുകൾ അവരുടെ പ്രത്യേക പരിത സ്ഥിതികളുടേയും സാഹചര്യങ്ങളുടേയും സമ്മർദ്ദത്തിനാധാരമായി ചെയ്ത പ്രവൃത്തികളെ നൂററാണ്ടുകൾക്ക്ശേഷം നാം വിലയിരുത്തുന്നത് എപ്പോഴും വസ്തുനിഷ്ഠമാകുവാനോ, നീതിപൂർവ്വമാകുവാനോ ഒക്കുകയില്ല. അവർ ജീവിച്ച കാലഘട്ടത്തിലേക്ക് എത്രതന്നെ നാം നുഴഞ്ഞിറങ്ങുവാൻ ശ്രമിച്ചാലും ആ

12. കെ. എം. പണിക്കർ, പുറം 59

പ്രത്യേക സാഹചര്യങ്ങളെ അതേപടി പുനർജീവിപ്പിക്കുവാൻ ആർക്കും അത്ര എളുപ്പം സാധിക്കുന്നതായിരിക്കുകയില്ലല്ലൊ. "ആട്ടിൻകുട്ടിയെപ്പോലെ നൂറ്" സംവത്സരങ്ങൾ ജീവിക്കുന്നതിനേക്കാൾ അഭികാമ്യമായിട്ടുള്ളത് പുലിയെപ്പോലെ രണ്ട് ദിവസം കഴിച്ച് കൂട്ടുക", എന്നതാണെന്ന് ടിപ്പു സാധാരണ പറയുമായിരുന്നത്രെ. ആരെങ്കിലും കനിഞ്ഞെറിഞ്ഞുകൊടുക്കുന്ന പച്ചിലകളോ, എച്ചിലോ, ഭക്ഷിച്ച് നിസ്സംഗമായി കഴിഞ്ഞുകൂടുന്ന ആടിന്റെ നിസ്സാരജീവിതം, ഇടയന്മാരുടെ ശബ്ദത്തിനൊപ്പിച്ച് കൂട്ടം കൂട്ടമായി അവർ മേച്ചിലിന് വിടുന്നേടത്ത് അടങ്ങി ഒതുങ്ങി കഴിയേണ്ട അസ്വതന്ത്രമായ ജീവിതം, വന്യ മൃഗങ്ങളുടേയും മനുഷ്യരുടേയും മൃഷ്ടാന്ന ഭോജനത്തിന് എപ്പോഴും കഴുത്ത് നീട്ടികൊടുക്കേണ്ട ദയനീയമായ ജീവിതം, ടിപ്പുവെ സംബന്ധിച്ചിടത്തോളം ഓർക്കാൻപോലുമൊക്കാത്തതായിരുന്നു. അതുകൊണ്ടുതന്നെയാണ് ആരേയും ഭയപ്പെടുത്തുന്നതും ആരോടും വിധേയത്വം കാണിക്കാത്തതുമായ പുലിയുടെ ശൗര്യത്തേയും, രാജകീയ പ്രൗഢിയേയും അദ്ദേഹം അരുമയായി താലോലിച്ചത്. തന്റെ വാക്കിന്റെ അർത്ഥവും ഗാംഭീര്യവും ജീവിതത്തിൽ പരിപൂർണ്ണമായും അദ്ദേഹം പുലർത്തിക്കാണിക്കുകയും ചെയ്തു. ധീരോദാത്തമായ ഇവയൊക്കെ പരാജയങ്ങളാണെങ്കിൽ നിശ്ചയമായും ടിപ്പുജീവിതത്തിൽ പരാജയപ്പെട്ടുവെന്ന് വിധിയെഴുതണം. ചരിത്രത്തിൽ എക്കാലവും മിഴിവോടുകൂടി നിലനില്ക്കുന്നതും പുരുഷാന്തരങ്ങളെ അനശ്വരമായ നാടകങ്ങൾ കൊണ്ട് പുളകം കൊള്ളിക്കുന്നതും പ്രശസ്തങ്ങളായ വിജയങ്ങളല്ല, മറിച്ച് മഹത്തരങ്ങളായ പരാജയങ്ങളാണെന്ന വാസ്തവം വിസ്മരിക്കുന്നത് അബദ്ധമാണ്.

# 21

# നാല് ആംഗ്ലോ - മൈസൂർ യുദ്ധങ്ങളുടെ പ്രാധാന്യം

18–ാം നൂററാണ്ടിലെ ഇന്ത്യാചരിത്രത്തെ പഠനസൗകര്യങ്ങൾക്കായി രണ്ടായി വിഭജിക്കാമെന്ന് തോന്നുന്നു. ആദ്യത്തേത് ഔറംഗസീബിന്റെ മരണം സംഭവിച്ച 1707 മുതൽ മൈസൂർ ആധിപത്യത്തിലേക്കുയർന്ന ഹൈദരാലി ഖാന്റെ സ്ഥാനാരോഹണവർഷമായ 1761 വരെ; രണ്ടാമത്തേതാകട്ടെ 1761 മുതൽ നാലാം ആംഗ്ലോ–മൈസൂർ യുദ്ധത്തിന്റെ പരിസമാപ്തി കുറിച്ചുകൊണ്ട് പടക്കളത്തിൽ വീണ് ടിപ്പുസുൽത്താൻ മൃതിയടയുന്ന 1799 വരെ. ഔറംഗസീബിന്റെ മരണം മുഗൾ സാമ്രാജ്യത്തിന്റെ തകർച്ചയുടെ മുന്നറിയിപ്പായിരുന്നു. മുഗൾ രാജവംശത്തിലെ പ്രതാപികളിൽ പ്രധാനി ആയിരുന്ന ഔറംഗസീബിന്റെ മരണത്തോടുകൂടി രാജ്യം അരക്ഷിതമായ അവസ്ഥയിലേക്കാണ് നിപതിച്ചത്. ഇതേ തുടർന്ന് മുളച്ചുയർന്നതും സ്ഥലത്തുണ്ടായിരുന്നതുമായ നിരവധി ഇന്ത്യക്കാരും വിദേശികളുമായ ശക്തികൾ തങ്ങളുടെ പരമാധികാരമുറപ്പിക്കുവാൻ തമ്മിൽ തമ്മിൽ യുദ്ധങ്ങളുടെ പരമ്പരകൾ തന്നെ സൃഷ്ടിച്ചു. സിക്കുകാർ, മറാത്തക്കാർ, ഹൈദരാബാദിലെ നിസാം, ഫ്രഞ്ചുകാർ, ലന്തക്കാർ, ഇംഗ്ലീഷ്കാർ ഇവരോരോരുത്തരും അവരവരുടെതായ കേന്ദ്രസ്ഥാനങ്ങളിൽ പരമാധികാരികളായി നിലവിൽ വരികയും ചെയ്തു. ഇന്ത്യയുടെ വലിയ രാജസ്ഥാനമായിരുന്ന മുഗൾ സാമ്രാജ്യത്തിന്റെ വിഛിന്നാംശങ്ങളിൽ നിന്നും ഉയർകൊണ്ടവയായിരുന്നു മേലുദ്ധരിച്ച ശക്തികളുടെ കൈവശം വന്നുചേർന്ന സ്ഥലങ്ങൾ. എന്നാൽ വിദേശശക്തികളിലേതെങ്കിലും ഒന്നിനോ, ഇന്ത്യൻ രാജസ്ഥാനങ്ങളിൽ ആർക്കെങ്കിലുമോ മുഗളൻമാരുടെ പതനത്തോടുകൂടിയുണ്ടായ രാഷ്ട്രീയ ശൂന്യത നികത്തുവാൻ വേണ്ട ആർജ്ജവവും കരുത്തും ഉണ്ടായിരുന്നില്ല. മൂന്നാം പാനിപ്പത്ത് യുദ്ധത്തിലുണ്ടായ അപായകരമായ പരാജയം മറാത്തക്കാരുടെ ഇന്ത്യയെ ഏകീകരിക്കുകയെന്ന അഭിലാഷം പാടെ തകർക്കുകയാണുണ്ടായത്. അങ്ങനെ ഏതെങ്കിലും ഇന്ത്യൻ ശക്തി

ഇന്ത്യയെ ഒന്നിപ്പിച്ച് ഒരു കൊടിക്കൂറയ്ക്കു് കീഴിൽ കൊണ്ടു് വരികയെന്ന സുന്ദരമായ സ്വപ്നം തകർന്നു് മണ്ണടിയുകയും ചെയ്തു. വിദേശികളായ ഫ്രഞ്ചുകാരും, ലന്തക്കാരും, ഇംഗ്ലീഷുകാരും സൈനികവും വാണിജ്യപരവുമായ രംഗങ്ങളിൽ സമൻമാരായിരുന്നു. ഓരോരുത്തർക്കും അവരുടേതായ സ്വാധീനവലയങ്ങളും രാഷ്ട്രീയ ബന്ധങ്ങളും ഉണ്ടായിരുന്നതിനാൽ ആരും ആരുടെയും താഴെയാണെന്നു് പറയുക ഇക്കാലത്തു് സാദ്ധ്യമാകുമായിരുന്നില്ല. മുഗളൻമാരുടെ മഹത്തായ ദേശരാഷ്ട്രം ഇൻഡ്യാചരിത്രത്തിൽ ഒരപവാദമെന്നോണം സുദീർഘമായ രണ്ടു് നൂററാണ്ടുകളോളം നിലനിന്നതാണല്ലോ. അതു് തകർന്നപ്പോൾ ആ തകർച്ചയിൽ നിന്നും മോചിപ്പിക്കാനൊക്കാത്ത വിധം തരിപ്പണമാകുകയാണുണ്ടായതു്. തൽഫലമായി രാജ്യമാകമാനം അരാജകത്വത്തിലേക്കും ഗൂഢാലോചനകളുടെ കെടുതിയിലേക്കും വേഗം വഴുതിവീഴുകയും ചെയ്തു. നിലവിലുണ്ടായിരുന്നതും പുതുതായി ഉത്ഭവിച്ചതുമായ ഒരു ശക്തിക്കും ഇൻഡ്യൻ രാഷ്ട്രീയ മണ്ഡലത്തിൽ അഭൗമമായ സ്ഥാനം നേടിയെടുക്കുവാനൊത്തതുമില്ല. അങ്ങനെ സൈനിക ബലത്തിൻെറയും രാജസ്ഥാനങ്ങളുടേയും കാര്യത്തിൽ ഒട്ടുമുക്കാലും സമൻമാരായ നിരവധി ശക്തികളുടെ വിഹാരരംഗമായി മാറിയിരുന്നു 18-ാം നൂററാണ്ടിലെ ആദ്യപകുതിയിലെ ഇൻഡ്യ.

എന്നാൽ 18-ാം നൂററാണ്ടിൻെറ അവസാന പകുതിയിലേക്ക് പ്രവേശിക്കുന്നതോടുകൂടി ഇൻഡ്യയുടെ രാഷ്ട്രീയ ചക്രവാളം വ്യക്തവും പ്രശോഭിതവുമായി മാറുന്നു. 1761 ലാണല്ലോ ഹൈദരാലിഖാൻ മൈസൂറിൻെറ അധിപതിയായിത്തീരുന്നതു്. അദ്ദേഹവും അദ്ദേഹത്തിൻെറ മകൻ ടിപ്പു സുൽത്താനും സമകാലികരായ മററു ഇൻഡ്യൻ ശക്തികളേക്കാൾ എന്തുകൊണ്ടും പ്രബലരാണെന്നു് തെളിയിച്ചിരുന്നു. ഇൻഡ്യയിലെ ഇതര രാജസ്ഥാനങ്ങളുമായോ, വിദേശികശക്തികളുമായോ, ഒററയ്ക്കൊററയ്ക്ക് ഒരു ബലപരീക്ഷണത്തിനവസരം കിട്ടുമായിരുന്നെങ്കിൽ നിശ്ചയമായും, ഹൈദരാലിയും ടിപ്പുസുൽത്താനും തദ്ദേശീയവും വിദേശീയവുമായ ഈ ശക്തികളെ ഒക്കെ നിഷ്പ്രയാസം തുത്തെറിഞ്ഞ് ഇൻഡ്യയുടെ രാഷ്ട്രീയമായ അഖണ്ഡത പുലർത്തുമായിരുന്നു. ഇൻഡ്യാചരിത്രം ഇവിടം മുതൽ കൂടുതൽ പ്രസക്തവും പ്രാധാന്യവുമുള്ളതായി പരിണമിക്കുന്നതിന്നു് കാരണം ഇൻഡ്യയെ ഒരു ദേശരാഷ്ട്രമായി ഏകോപിപ്പിക്കുവാൻ സാധിക്കുമായിരുന്ന ഏക ശക്തി മൈസൂറായി വളർന്നു എന്നതാണു്. അങ്ങനെ 1761 മുതലുള്ള കാലഘട്ടം ഇൻഡ്യയുടെ നഷ്ടപ്പെട്ട പ്രതാപവും മഹിമയും വീണ്ടെടുക്കുവാനുള്ള ബോധപൂർവ്വമായ സംരംഭങ്ങൾ കാഴ്ചവെച്ച കാലയളവായിരുന്നു. മൈസൂർ സുൽത്താൻമാരുടെ ആധുനിക വീക്ഷണങ്ങളും, രാജ്യത്തെ വ്യവസായീകരിക്കുവാനുള്ള തീവ്രമായ അവരുടെ പരിശ്രമങ്ങളും, പാരമ്പര്യത്തിലും ഫ്യൂഡൽ സമ്പ്രദായത്തിലും മുഴുകി മുരടിച്ചിരുന്ന സമൂഹത്തെ വിപ്ലവകരമായി പരിഷ്കരിക്കുവാനുള്ള ഒടുങ്ങാത്ത ദാഹവുമൊക്കെ ആരിലും ഉണ്ടാക്കുന്ന പ്രതികരണം

ഇംഗ്ലീഷ്കാർക്ക് പകരം മൈസൂറിൻെറ ആധിപത്യമാണിൻഡ്യയിൽ ഉണ്ടായിരുന്നതെങ്കിൽ, ഇംഗ്ലീഷ്കാർ ഇൻഡ്യയെ നവീകരിക്കുവാനും വ്യവസായീകരിക്കുവാനും നടത്തിയ ശ്രമങ്ങളേക്കാൾ ശീഘ്രമായും ഗുണകരമായും ഒരാധുനിക ഇൻഡ്യയുടെ പിറവിക്ക് ചരിത്രം എത്രയോമുമ്പ്തന്നെ സാക്ഷിയാകുമായിരുന്നുവെന്നായിരിക്കും. ഇൻഡ്യയുടെ ഏകീകരണത്തിനും ആധിപത്യത്തിനും മൈസൂർ ശക്തിക്ക് യോഗമുണ്ടായിരുന്നുവെങ്കിൽ, നിശ്ചയമായും ഇൻഡ്യൻ സമൂഹം മാതൃകാപരമായ മാററങ്ങൾക്ക് വിധേയമായി ഒരത്യന്താധുനിക സമൂഹമായി മാറുമായിരുന്നെന്നാണ്, മൈസൂർസുൽത്താൻമാരുടെ രാഷ്ട്രീയവും, സൈനികവും, സാമ്പത്തികവും, വ്യാവസായികവുമായ പ്രവർത്തനങ്ങളെ നിഷ്കർഷയോടുകൂടി പഠിക്കുന്ന ഏതൊരാളും എത്തിച്ചേരുന്ന നിഗമനം.

എന്നാൽ യൂറോപ്യൻ ശക്തികളിൽ ഏററവും പ്രബലത്തായവർ തങ്ങളാണെന്ന് സ്ഥാപിക്കുവാൻ ഇംഗ്ലീഷ്കമ്പനിക്ക് കഴിഞ്ഞതോടുകൂടി, ഇൻഡ്യാചരിത്രത്തിൻെറ ഗതി നിർഭാഗ്യമെന്ന് പറയട്ടെ മറെറാരു തരത്തിലായിത്തീർന്നു. ഇംഗ്ലീഷ്കമ്പനിക്ക് അവിസ്മരണീയമായ ഈ ഭാഗ്യോദയമുണ്ടായത് 1761–ൽ ഹൈദരാലി മൈസൂറിൻെറ അധിപതിയായ വർഷത്തിൽ തന്നെയാണെന്നത് ഒരു പക്ഷേ ആകസ്മികമായ സംഭവമായിരിക്കാം. 1761 ജനവരിയിലായിരുന്ന ഫ്രഞ്ച്യുകാരുമായുണ്ടായ യുദ്ധത്തിൽ പുതുശ്ശേരി പിടിച്ചടക്കി തങ്ങളുടെ സൈനിക മേധാവിത്വം അചഞ്ചലമാക്കി തീർക്കുവാൻ ഇംഗ്ലീഷ്കമ്പനിക്ക് കഴിഞ്ഞത്. ഹൈദരാലി മൈസൂർ സിംഹാസനത്തിൽ ഉപവിഷ്ടനാകുന്നതാകട്ടെ 1761 മേയ് മാസത്തിലുമായിരുന്നു. ഇൻഡ്യയിലെ പ്രാദേശിക രാജാക്കൻമാരിൽ പ്രബലൻ താനാണെന്ന് ഹൈദരാലി തെളിയിച്ചപ്പോൾ, വിദേശികളിൽ ശക്തർ തങ്ങളാണെന്ന് ഇംഗ്ളീഷ് കമ്പനിക്കും അവകാശപ്പെടാൻ സാധിച്ചു. അങ്ങനെ നിരവധി ചെറുകിട ശക്തികളുടെ ബലാബല പരീക്ഷണത്തിൽ നിന്നും കെൽപുററ രണ്ടു് ശക്തികൾ നിസ്സംശയമാം വണ്ണം പ്രബലത്തായിത്തീരുകയും ചെയ്തു.[1] അങ്ങനെ ദീർഘകാലമായി നിലനിന്നിരുന്ന ആംഗ്ളോ-ഫ്രഞ്ച് മത്സരത്തിൽ ഇംഗ്ളീഷ്കാർ അവിതർക്കിതമാംവണ്ണം വിജയികളായി ഇൻഡ്യയുടെ ഭാവിഭാഗധേയം വിരചിച്ചതും രാഷ്ട്രീയമായി ഏറെ പ്രാധാന്യമർഹിക്കുന്നതുമായിരുന്നു ഇംഗ്ളീഷ്കാരുടെ ഈ വിജയം. ഇതേവർഷം തന്നെയാണു്(1761) അവസാനത്തെ പാനിപ്പത്ത് യുദ്ധത്തിൽ പരാജിതരായി മറാത്തക്കാർ മടങ്ങിയത്. 1761–ൻെറ പ്രാധാന്യം ഇവിടം കൊണ്ടും അവസാനിക്കുന്നില്ല. ആ വർഷം തന്നെയാണ് കേരളത്തിലെ രാജാക്കന്മാരിൽ പ്രമുഖൻ തിരുവിതാംകൂറിലെ ധർമ്മരാജ എന്ന അപരനാമത്താലറിയപ്പെട്ടിരുന്ന രാമവർമ്മയാണ്

---

1. ബി. ഷേക്ക് അലി, ഹൈദരാലിയുമായുള്ള ബ്രിട്ടീഷ്സമ്പർക്കം, 1760–1782, പുറം 31.

എന്ന് എല്ലാവരാലും അംഗീകരിക്കപ്പെട്ടതു്. പൂർവ്വവൈരികളായ കൊച്ചി യിലെ രാജാവും സാമൂതിരിയും തമ്മിൽ ഭാവിയിലുണ്ടാകാവുന്ന ഏതു്തർക്ക ത്തിനും തീർപ്പു കല്പിക്കുവാനുള്ള അധികാരം ഉഭയകക്ഷികൾ ഉടമ്പടി മുഖേന തിരുവിതാംകൂർ രാജാവിലർപ്പിച്ചതും 1761—ൽ തന്നെയായിരുന്നു. ഇംഗ്ളീഷ് ഈസ്റ്റ് ഇൻഡ്യാകമ്പനിയുടെ സൗഹൃദത്തിൻ കീഴിൽ വർത്തിച്ചിരുന്ന തിരുവിതാംകൂർ കേരളത്തിലെ പ്രധാന ശക്തിയായിത്തീർന്നതോടുകൂടി ഇംഗ്ളീഷ്-തിരുവിതാംകൂർ അച്ചുതണ്ടു് കേരള രാഷ്ട്രീയത്തിൽ അപ്രതി രോധ്യമായിത്തീരുകയും ചെയ്തു. അങ്ങനെ 1761— ഓടുകൂടി ഇൻഡ്യയുടെ രാഷ്ട്രീയ അനിശ്ചിതത്വം ഇല്ലാതാകുന്നതു് ദേശീയവും വിദേശീയവുമായ രണ്ടു് തുല്യശക്തികളുടെ ആവിർഭാവത്തോടുകൂടിയാണു്. ഇൻഡ്യൻഭാഗത്തു് ഹൈദാലിയുടെ മൈസൂറും വിദേശികളിൽ ഇംഗ്ളീഷ് ഈസ്റ്റ് ഇൻഡ്യാ കമ്പനിയും അഹമഹമികയാ മുന്നേറിക്കൊണ്ടിരുന്നു.

1761 മുതൽ ആ നൂററാണ്ടവസാനം വരെയുള്ള ഇൻഡ്യയുടെ ചരിത്രം കാഴ്ചവെക്കുന്ന സംഭവങ്ങൾ ഈ തുല്യശക്തികൾ തമ്മിൽ ഇൻഡ്യയുടെ ഭാവിഭാഗധേയം ആരാലാണു് നിർണയിക്കപ്പെടേണ്ടതെന്നതിനു് വേണ്ടിയുള്ള നിർണായക യുദ്ധങ്ങളാണു്. ഈ പശ്ചാത്തലത്തിൽ നിന്നു് വേണം നാല് ആംഗ്ളോ—മൈസൂർ യുദ്ധങ്ങളുടെ പ്രാധാന്യത്തെ വിലയിരുത്തുവാൻ. എന്നാൽ ഇൻഡ്യാചരിത്രപ്രതിപാദനത്തിൽ മുഖ്യമായ ഈ അംശത്തിനു് പ്രാധാന്യം കല്പിച്ചുകാണാറില്ല. യഥാർത്ഥത്തിൽ ഇവിടെ നടന്ന നാല് ആംഗ്ളോ മൈസൂർ യുദ്ധങ്ങൾ, നഷ്ടപ്പെട്ട ഇൻഡ്യയുടെ ഏകീകരണവും മഹത്വവും പുന:സ്ഥാപിക്കുവാനുള്ള ദേശീയാവേശവും, മാതൃരാജ്യത്തിന്റെ സമ്പദ്ഘടന ചൂഷണത്തിനായി ബ്രിട്ടീഷ് കോളണിയാക്കി ഇൻഡ്യയെ മാററുക എന്ന ഇംഗ്ളീഷ് അത്യാഗ്രഹവും തമ്മിൽ നടന്ന അനിവാര്യങ്ങളായ സംഘട്ടനങ്ങളായിരുന്നു. 1761 മുതൽ 1799 വരെയുള്ള ഇൻഡ്യാചരിത്രപഠനം ഈ വീക്ഷണത്തോടുകൂടി നടത്തുകയാണെങ്കിൽ, ഇന്നു് നിലവിലുള്ള പല ധാരണകളും തിരുത്തപ്പെടുകയും നിരവധി പ്രശ്നങ്ങൾക്കു് ക്രിയാത്മകമായ പരിഹാരം കണ്ടെത്തുകയും ചെയ്യാം. അത്തരം ഒരു സംരംഭമാണിവിടെ നടത്തുന്നതു്.

കേരളത്തിൽ ഇന്നും നിലനിൽക്കുന്ന വികൃതമായ ചരിത്രസമീപന ത്തിൽ മാററം വരുത്തുവാൻ ഏറെ സഹായകമാകും നേരത്തെ വിവരിക്കുവാൻ ശ്രമിച്ച രാഷ്ട്രീയ പശ്ചാത്തലം. ഇൻഡ്യയെന്ന വിശാലമായ കാഴ്ചപ്പാടി ലൂടെ ചരിത്രവീക്ഷണം നടത്തിയാൽ പ്രാദേശിക സ്പർദ്ധയിൽ നിന്നും രൂപംതിരിഞ്ഞ കള്ളക്കഥകൾ നിഷ്പ്രഭമായിത്തീരാതിരിക്കുകയില്ല എന്നതു തീർച്ചയാണു്, ഈ അദ്ധ്യായത്തിൽ പ്രതിപാദ്യവിഷയത്തിൽ നിന്നും അല്പ മായിട്ടെങ്കിലും മാറി നാല് ആംഗ്ളോ—മൈസൂർ യുദ്ധങ്ങളെക്കുറിച്ചു് പരാ മർശിക്കുവാൻ മിനക്കെടുന്നതു്. ഹൈദരാലി മലബാർ കീഴടക്കി അധികം

കഴിയുന്നതിനു് മുമ്പ്തന്നെ ഒന്നാം ആംഗ്ളോ—മൈസൂർ യുദ്ധം പൊട്ടിപ്പുറപ്പെട്ടു. തുടക്കത്തിൽ ഇംഗ്ലീഷ്കാരെ മറാത്തക്കാരും ഹൈദരാബാദ് നിസാമും സഹായിച്ചിരുന്നു.[2] "ഹൈദരാലി പിടിച്ചടക്കിയ അധികാരം അവസാനിപ്പിക്കുക"[3] എന്ന ഗവർണർ ജനറൽ ക്ലൈവിൻെറ പ്രസിദ്ധമായ നയത്തിന്നു് ആധാരമായിട്ടായിരുന്നു ഈ യുദ്ധപ്രഖ്യാപനം. "കർണ്ണാട്ടിക്ക് നവാബിൻെറ രാജ്യത്ത് സ്വസ്ഥതയും നമ്മുടെ സ്ഥലങ്ങൾക്ക് സുരക്ഷിതത്വവുമുണ്ടാകണമെങ്കിൽ ഹൈദരാലിയുടെ ശക്തി നശിപ്പിക്കുകയെന്നതു് മാത്രമാണ് പോംവഴി." ഗവർണർ ജനറൽ ക്ലൈവിൻെറ വിശ്വാസം അതായിരുന്നു. അദ്ദേഹം തുടർന്നെഴുതുന്നതു്, "എത്രയും വേഗം നാമയാളെ വകവരുത്തി പൂർവ്വികരായ മൈസൂർ രാജാക്കന്മാരെ പുനർവാഴിക്കുമോ അത്രയും നന്നു്"[4]. എന്നാൽ അധികം വൈകുന്നതിന്നുമുമ്പുന്നെ മറാത്തക്കാരുമായി സമാധാന ഉടമ്പടിയുണ്ടാക്കി അവരെ യുദ്ധത്തിൽ നിന്നും പിൻതിരിപ്പിക്കുവാൻ ഹൈദരാലിക്ക്കഴിഞ്ഞു. തുടർന്ന് അദ്ദേഹത്തിൻെറ മകൻ ടിപ്പുസുൽത്താനെ മഹഫസ്സ് ഖാൻ, മിർ ആലിരാജ എന്നിവരുടെ അകമ്പടിയോടെ ഹൈദരബാദിലേക്ക് പറഞ്ഞയക്കുകയും ചെയ്തു.[5] നിസാം ഈ ദൗത്യസംഘത്തെ സന്തോഷത്തോടു കൂടിയാണ് സ്വീകരിച്ചതു്. ടിപ്പുവിൻെറയും മററും നയകോവിദയ്ക്ക് പ്രകടമായ ഉദാഹരണമാണ് നിസാമിനെ ആംഗ്ളേയസഖ്യത്തിൽ നിന്നും പിൻതിരിപ്പിക്കുവാനും മൈസൂറുമായി സഹകരിപ്പിക്കുവാനും സാധിച്ച എന്നതു്.

യുദ്ധത്തിൻെറ പ്രാരംഭഘട്ടത്തിൽ ഇംഗ്ളീഷ്കാർക്ക് എടുത്തുപറയത്തക്ക ചില വിജയങ്ങൾ ഉണ്ടായി. മംഗലാപുരം പിടിച്ചടക്കുവാനും, കണ്ണൂർ കോട്ടയെ പ്രതിരോധിച്ച് നിർത്തുവാനും അവർക്ക് സാധിച്ചിരുന്നു. "കോലത്തുനാട്, കോട്ടയം രാജാക്കന്മാർ 1700 നായർ യോദ്ധാക്കളോടുകൂടി 1768 മാർച്ച് 3–ാം തീയതി കമ്പനി സൈന്യത്തോടൊപ്പം യുദ്ധത്തിനു് തയ്യാറായി"[6] വന്നു. എന്നാൽ, നായർ സൈന്യവും കമ്പനിപ്പടയും ആലിരാജായുടെ നേതൃത്വത്തിലുണ്ടായിരുന്ന മൈസൂർ യോദ്ധാക്കളോടേററുമുട്ടി വലിയ നാശത്തോടുകൂടി പിൻതിരിയേണ്ടതായിവന്നു. കണ്ണൂർ കോട്ട പിടിച്ചടക്കുക അത്ര എളുപ്പമല്ലെന്ന് മനസ്സിലാക്കിയതിനാൽ "ആ പദ്ധതി അവസാനം ഉപേക്ഷിക്കുകയാണുണ്ടായതു്"[7]. യുദ്ധത്തിൻെറ ഗതി വളരെ വേഗം ഹൈദരാലിക്കനുകൂലമായി മാറിക്കൊണ്ടിരുന്നു. മംഗലാപുരം തിരിച്ചുപിടി

---

2. മൊയൻസ്, ഡച്ച് റെക്കോഡ്സ്, നമ്പർ 16, പുറം 154
3. മോയൻസ്, മെമ്മോറാണ്ടം, 1781, പുറം 154
4. ബോർഡ് മിനിററ്സ്, കൺസൾട്ടേഷൻസ്, ആഗസ്ററ് 25, 1767.
5. കിർമാനി, നിഷാനി ഹൈദരി, പുറങ്ങൾ 128, 129
6. ലോഗൻ, മലബാർ മാന്വൽ, വാല്യം 1, പുറം 415
7. ടി.

ച്ചതും അതിനുവേണ്ടിനടന്ന യുദ്ധത്തിൽ ഏററ ലജ്ജാകരമായ പരാജയവും ഇംഗ്ളീഷ് സൈന്യത്തിന്റെ ആത്മബലം നശിപ്പിച്ച സംഭവങ്ങളാണ്. കേണൽ വിൽക്സ് ഈ അത്യാഹിതത്തെ പരാമർശിച്ച്, വിലപിക്കുന്നതിങ്ങനെയാണ്: ‘‘1200 ശിപായിമാരും, 200 യൂറോപ്യന്മാരും41 പീരങ്കികളുമാണ് കോട്ടയ്ക്കകത്തുണ്ടായിരുന്നത്. പരുക്കേററിയവരും സുഖക്കേടുകാരുമായിരുന്ന 80 യൂറോപ്യന്മാരേയും, 120 ശിപായികളേയും, പുറമേ, എല്ലാ പടക്കോപ്പും പീരങ്കികളും ഉപേക്ഷിച്ചുകൊണ്ടാണ് അവർ കോട്ടവിട്ടോടിയത്. ഇത്രയും ലജ്ജാകരമായ ഒരു പിൻമാററം ഇതിന് മുമ്പൊരിക്കലും ഉണ്ടായിട്ടില്ല’’.[8] ഇംഗ്ളീഷ്കാർക്ക് നേരിട്ട ഈ കനത്ത പരാജയം ഇൻഡ്യയിലവർക്കുണ്ടായിരുന്ന സ്ഥാനമാനങ്ങൾക്ക് കോട്ടമുണ്ടാക്കിയതിലും കമ്പനിയ്ക്ക് നാണക്കേട് വരുത്തിവെച്ചതിലുമുള്ള ധർമ്മരോഷമാണ് വിൽക്സ് പ്രകടിപ്പിക്കുന്നതെങ്കിലും ഇംഗ്ളീഷ് പക്ഷത്തുണ്ടായ വമ്പിച്ച നഷ്ടത്തെ ലഘൂകരിക്കുവാനുള്ള ശ്രമവും അദ്ദേഹം നടത്തിയതായി കാണാം: ടിപ്പുവും മൈസൂർ സൈന്യവും മംഗലാപുരംകോട്ട തിരിച്ചുപിടിച്ചപ്പോൾ തടവുകാരാക്കിയവരുടെ എണ്ണം വിൽക്സ് പറയുന്നതിനേക്കാൾ എത്രയോ കൂടുതലായിരുന്നുവെന്ന് കാണാം. അക്കാലത്തെ ഡച്ചുഗവർണറായിരുന്ന മോയൻസ് ഈ സംഭവത്തിന്റെ ദൃക്സാക്ഷിവിവരണം നടത്തുന്നതിപ്രകാരമാണ്: ‘‘കോട്ടയ്ക്കകത്തുണ്ടായിരുന്ന ഇംഗ്ലീഷ്സേനയുടെ ഭൂരിഭാഗവും വാളിനിരയാകുകയോ, തടവുകാരാക്കപ്പെടുകയോ ആണുണ്ടായത്. കോട്ട ഉപേക്ഷിച്ച് ജീവനുംകൊണ്ട് അവശേഷിച്ചവർ അവരുടെ എല്ലാം ഉപേക്ഷിച്ച് ബോംബേയിലേയ്ക്ക് കടൽ മാർഗ്ഗം രക്ഷപ്പെടുകയാണ് ചെയ്തത്’’[9]. മറെറാരു സമകാലിക വക്താവ് മോയൻസിന്റെ പ്രസ്താവത്തെ ശരിവെക്കുന്നുമുണ്ട്. അദ്ദേഹം പറയുന്നു: ‘‘ഇംഗ്ലീഷ് സൈന്യത്തെ കോട്ടയിൽ നിന്നും തുരത്തിയപ്പോൾ അവർക്കുണ്ടായ ഭയവും പരക്കം പാച്ചിലും കാരണം കപ്പലിലേക്ക് ഓടിരക്ഷപ്പെടാനോ, കപ്പലിലുണ്ടായവരെ തോൽവിയെക്കുറിച്ചറിയിക്കാനോ പററാത്തവിധം സംഭ്രമജനകമായിരുന്നു. അവരുടെ തിരിച്ചോട്ടം ഹൈദരാലിയുടെ സൈന്യത്തിന് കൂടുതൽ ആവേശം നൽകി. ഉടൻതന്നെ അവർ നടത്തിയ ശ്രമത്തിൽ മൂന്ന് കപ്പലുകൾ പിടിച്ചെടുക്കാനൊത്തു. ഇപ്രകാരം ഇംഗ്ളീഷ് സൈന്യത്തെ ആകമാനം അവരുടെ ആയുധങ്ങളോടുംകൂടി തടവുകാരാക്കുവാനോ, വകവരുത്തുവാനോ സാധിച്ചിരുന്നു. സൈനികമേധാവിയോടൊപ്പം 46 ഓഫീസർമാരും, 680 ഇംഗ്ലീഷ്യോദ്ധാക്കൾ, 6000-ത്തിൽപരം ശിപായികൾ തുടങ്ങിയവരും തടവുകാരാക്കപ്പെട്ടവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു.’’[10] അങ്ങനെ വിൽക്സ് പറയുന്ന തരത്തിൽ ‘‘വൃത്തികെട്ട ധൃതിയോടുകൂടിയുള്ള ഇംഗ്ളീഷ് പിൻമാററത്തിൽ’’ അവർക്ക് നേരിട്ട വമ്പിച്ച നഷ്ടം

8. വിൽക്സ്, വാല്യം 1, പുറം 608

9 മോയൻസ്, പുറം 155

10. പ്രൊ. എം. ഡി. എൽ. ടി., ഹൈദരാലിയുടേയും ടിപ്പുസുൽത്താന്റെയും ചരിത്രം, പുറം 235

വിൽക്സ് കുറിക്കുന്നതിനേക്കാൾ എത്രയോ അധികമാണെന്ന് കാണാം. മംഗലാപുരത്തുനിന്നും ലജ്ജാകരമാംവിധം അപമാനിതരായ ഇംഗ്ളീഷ് കമ്പനിയെ മലബാറിൽനിന്നും തുരത്തുവാൻ ഹൈദരാലിക്ക് പിന്നെ വളരെ സമയം വേണ്ടിവന്നതുമില്ല.

യുദ്ധത്തിൻെറ അടുത്ത ഘട്ടത്തിൽ നിസാം കമ്പനിയുമായി സമാധാനക്കരാറിൽ ഒപ്പുവെച്ചു എന്നാൽ ഹൈദരാലി പൂർവ്വാധികം ശക്തിയോടുകൂടിതന്നെ യുദ്ധം തുടർന്നുനടത്തി. അതേത്തുടർന്ന് ഏതു് വിധേനയെങ്കിലും ഹൈദരുമായി യുദ്ധവിരാമമുണ്ടാക്കുവാനുള്ള മാദ്ധ്യസ്ഥപ്രവർത്തനങ്ങളാണ് കമ്പനി നടത്തിയതു്. എന്നാൽ കമ്പനിയുടെദൌത്യസംഘത്തോട് ഹൈദർ കൊടുത്തിരുന്ന മറുപടി 'മദ്രാസിൻെറ പ്രവേശനകവാടത്തിൽ' വെച്ച് മാത്രമേ സന്ധിസംഭാഷണത്തിന് താൻ തയ്യാറാകുകയുള്ളുവെന്നായിരുന്നു. ഹൈദരാലിയിൽ നിന്നും കമ്പനിയുടെ സമാധാനദൂതന്മാർക്ക് തത്സംബന്ധമായി ലഭിച്ച എഴുത്ത് ഇപ്രകാരമായിരുന്നു: "ഞാൻ മദ്രാസിൻെറ ഗെയിററിലേക്ക് വരികയാണ്. ഗവർണ്ണർക്കും കൗൺസിലിനും പറയാനുള്ളതെന്താണെന്ന് ഞാനവിടെ വന്നതിനുശേഷം കേൾക്കാം."[11] "ഹൈദരാലി വെറും പൊങ്ങച്ചമല്ല പറഞ്ഞതെന്ന് തൻെറ 6000 കുതിരപ്പടയാളികളോടുകൂടി, സമകാലികലോകത്തിലാകമാനം വിസ്മയം ജനിപ്പിച്ചുകൊണ്ട് മദ്രാസ്സിലെ കമ്പനിആസ്ഥാനത്തിൻെറ വാതായനത്തിൽ ഒരു സുപ്രഭാതത്തിൽ പ്രത്യക്ഷപ്പെട്ടപ്പോൾ എല്ലാവർക്കും ബോദ്ധ്യമായി. സമാധാന സന്ധിവ്യവസ്ഥകൾ അവിടെവച്ച് ഹൈദർ വിളംബരംചെയ്യുകയുമുണ്ടായി".[12] 'ഹൈദരാലിയുടേയും ടിപ്പുസുൽത്താൻെറയും ചരിത്രത്തിൻെറ ഗ്രന്ഥകാരനെഴുതുന്നതു്, "ലോകം മുഴക്കെ ഹൈദർ എവിടെയെന്നറിയുവാൻ ഉൽക്കണ്ഠരായിരുന്ന സന്ദർഭത്തിൽ പെട്ടെന്നൊരു ദിവസം മദ്രാസ്സിൻെറ പ്രവേശനക്കവാടത്തിൽ അദ്ദേഹം പ്രത്യക്ഷപ്പെട്ട് സമാധാന വ്യവസ്ഥകൾ എന്തൊക്കെയാണ് അവർക്ക് ഉൾപ്പെടുത്താനുള്ളതു് എന്ന സന്ദേശവുമായി വെടിനിർത്തലിൻെറ പ്രതീകമായ വെള്ളക്കൊടിയോടുകൂടി ഒരു ദൌത്യ സംഘത്തെ കമ്പനി മേലധികാരികളുടെ പക്കലേക്കയച്ചു"[13] എന്നാണ്. മദ്രാസ് കൗൺസിലിൽ രണ്ടാം സ്ഥാനപദവിയുണ്ടായിരുന്ന ജോസിയാ എം. ഡ്യൂപ്രേയ്ക്ക് മദ്രാസ്സിലെത്തിയ പാടേ ഹൈദരാലി കൊടുത്തയച്ച എഴുത്തിൽ പ്രസ്താവിച്ചിരുന്നതിപ്രകാരമാണ്: "താങ്കളുമായി കാണുവാനെനിക്കതിയായ താല്പര്യം മുമ്പ്മുതൽക്കേ ഉള്ളതാണ്. മദ്രാസ്സിൻെറ പ്രാന്തപ്രദേശത്ത് ഇപ്പോൾ ഞാനെത്തിയിരിക്കുന്ന നിലയ്ക്കു് സന്ധിയുടമ്പടിയെ സംബന്ധിച്ച് സംസാരിക്കുവാൻ താങ്കളെ

---

11. ലോഗൻ, മലബാർ മാനുവൽ, വാല്യം 1, പുറം 416
12. Indian Records series, Vol.II, Vestiges of old Madras, 1640-1800 P. 397
13. എം. എം. ഡി. എൽ. ടി., P. 243

എന്റെ അടുത്തേയ്ക്കയക്കണമെന്ന് ഞാൻ ഗവർണറോടാവശ്യപ്പെട്ടിട്ടുണ്ട്. ദൈവാനുഗ്രഹത്താൽ താങ്കൾ പരിചയ സമ്പന്നനും, ബുദ്ധിമാനുമായ നല്ല സേനാനായകനാണല്ലോ. അടുത്തകാലത്തായി സമാധാനത്തിന്റെ ആവശ്യകതയെ ഊന്നിക്കൊണ്ട് താങ്കളെനിക്കയച്ചിരുന്ന കത്തുകൾ കിട്ടിയപ്പോഴും താങ്കളെ നേരിൽ കാണണമെന്ന് എനിക്കാഗ്രഹമുണ്ടായിരുന്നതാണ്... കമ്പനിയുമായി ശാശ്വതമായ സമാധാനമുണ്ടാകുന്നത് സംബന്ധിച്ച കാര്യങ്ങൾ നമുക്ക് മുഖദാവിൽ സംസാരിക്കാം...അതിനാൽ താങ്കളുടെ സാന്നിദ്ധ്യം കൊണ്ട് സന്തോഷിക്കാനുള്ള അവസരം എനിക്ക് വേഗമുണ്ടാക്കിത്തരിക ...താങ്കൾ മദ്രാസ്സിലേക്ക് പുറപ്പെടുന്നതിനുമുമ്പ് താങ്കളുടെ എഴുത്തോടുകൂടി ഒട്ടകസഞ്ചാരിയായ ഒരു സന്ദേശകാരനെ അയച്ചാൽ, താങ്കളെ സ്വീകരിക്കുവാൻ ഉയർന്ന ഒരു സൈനികഉദ്യോഗസ്ഥനെ അയക്കുവാൻ ഒക്കും. താങ്കൾക്ക് സുഖവും സന്തോഷവും വർദ്ധമാനമായാത്തീരട്ടെ........'' 14 ഇതേത്തുടർന്ന് മാർച്ച് 30–ാം തീയതി തന്നെ ഡ്യൂപ്രേ ഹൈദരാലിയുടെ താവളത്തിലേയ്ക്ക് പുറപ്പെട്ടു. ഹൈദരാലിയുടെ സമക്ഷം അദ്ദേഹത്തെ ആനയിച്ചതു് ഉയർന്ന ഒരു സൈനികനായിരുന്നു. സമാധാന ഉടമ്പടിയെക്കുറിച്ച് ദീർഘനേരം സംസാരിച്ച ശേഷം ഡ്യൂപ്രേ വൈകുന്നേരത്തോടെ മദ്രാസ്സിലേക്ക് മടങ്ങി. കൗൺസിൽ രണ്ടുദിവസത്തെ ചർച്ചകൾക്ക് ശേഷം ഏപ്രിൽ രണ്ടാം തീയതിയോടെ കരാർഉടമ്പടിയുടെ കോപ്പി ഹൈദരാലിക്ക് സമർപ്പിക്കുകയും ചെയ്തു. ഏപ്രിൽ മൂന്നിന് തന്നെ ഹൈദരാലി സന്ധിയിൽ ഒപ്പും തന്റെ മുദ്രയും വെയ്ക്കുകയും ചെയ്തു[15]. അങ്ങനെ ഒന്നാം മൈസൂർ യുദ്ധം ഇംഗ്ലീഷുകാരുടെ പരാജയത്തിൽ കലാശിക്കുകയാണുണ്ടായതു്.

ഹൈദരാലിയുടെ മൈസൂർ, തദ്ദേശീയവും വിദേശീയവുമായ ഏതു് ആക്രമണശക്തിയേയും ചെറുത്തുനില്ക്കുവാൻ വേണ്ട ശക്തമായ ഒരു രാജ്യമാണെന്ന് ഇതോടെ തെളിയിച്ചു. ഹൈദരാലിയുമായി സമാധാന ഉടമ്പടിയെക്കുറിച്ച് സംഭാഷണംചെയ്ത ഡ്യൂപ്രേ ഒരു സ്വകാര്യ എഴുത്തിൽ റോബർട്ട് ഓമിനെ അറിയിക്കുന്നതിപ്രകാരമാണ്: ''ഹൈദരാലിയുമായി ഒരു വിധത്തിൽ നാം സമാധാന സന്ധിയിലെത്തിയെന്ന് പറയാം. നമുക്കൊട്ടും അഭിമാനിക്കാവുന്ന തരത്തിലുള്ളതല്ല ഇതു്. പക്ഷെ ഇങ്ങനെ മാത്രമേ അതു് സാദ്ധ്യമാകുമായിരുന്നുള്ളു. ഒന്നുകിൽ ഇത്തരത്തിലുള്ള ഒരു സന്ധി, അല്ലെങ്കിൽ ഇതിനേക്കാൾ മോശമായ സ്ഥിതി, ഇതായിരുന്നു അവസ്ഥ. ആക്രമണോദ്ദേശ്യത്തോടുകൂടി നാം ആരംഭിച്ച യുദ്ധം ഇങ്ങനെ കലാശിപ്പിക്കേണ്ടതായിവന്നതു് നാണക്കേട് തന്നെയാണ്. മാത്രമല്ല ഇൻഡ്യയിലെ ഒരു നാടൻ ശക്തിയിൽ നിന്നും നമുക്കേൽക്കുന്ന ആദ്യത്തെ പരാജയമെന്ന നിലയ്ക്കും ഇതു് ഏറെ അപമാനകരം തന്നെ ... മറാത്തക്കാരുടെ കുതിരപ്പട്ടാളത്തെ എപ്പോഴും ഭയപ്പെടാറുണ്ട്.

14 Indian Record Series, Vol.II, P. 598, letter dated March 28
15. Treaties etc, i, I XLIV and LXXXVIII

കാരണം നമുക്കേവർക്കുമറിയാവുന്നതുപോലെ യുദ്ധം ചെയ്യലല്ലല്ലൊ അവരുടെ താല്പര്യം. രാജ്യം കൊള്ളയടിച്ച് തുലക്കുക എന്നതാണല്ലൊ. ഇവിടെ മറാത്തക്കാർക്ക് പകരം ഹൈദരാലിയാണ്.

നമ്മുടെ പ്രതിരോധ സൈന്യം കാലാൾപ്പടയാണെന്ന നിലയ്ക്ക് സംഘടിതമായി കുതിരപ്പടയോടുകൂടിയുള്ള ഏത് സൈന്യത്തിനും രാജ്യം കൊള്ളയടിക്കുകയും നശിപ്പിക്കുകയുംചെയ്യുക പ്രയാസമുള്ളകാര്യമായിരുന്നില്ല. സൈന്യങ്ങളുടെ ആവശ്യത്തിനുള്ള ഭക്ഷണസാമഗ്രികളൊക്കെ അങ്ങനെ തടയപ്പെടുകയാണെങ്കിൽ നാശം നിശ്ചയമായിരുന്നു. പുറമേ, നശിപ്പിക്കപ്പെട്ട ഒരു സ്ഥലത്ത് നിന്ന് വരുംകൊല്ലങ്ങളിലെ ആദായവും പ്രതീക്ഷിക്കാൻ പററുകയില്ലല്ലൊ. യുദ്ധം തുടരുകയാണെങ്കിൽ നമ്മുടെ സ്ഥിതി എന്താകുമായിരുന്നില്ല! പതിനഞ്ചുദിവസത്തിനുള്ള ഭക്ഷണ പദാർത്ഥങ്ങളേ മദ്രാസ്സിൽ സന്ധി ഒപ്പുവയ്ക്കുമ്പോൾ ഉണ്ടായിരുന്നുള്ളു. നമുക്ക് ലഭിക്കാവുന്ന ധാന്യങ്ങൾ വിളയുന്ന സ്ഥലങ്ങൾ മുഴുക്കെ നശിപ്പിക്കുകയായിരുന്നുവെങ്കിൽ ഹൈദരാലിക്ക് ആരുടേയും എതിർപ്പുപോലുമുണ്ടാകുമായിരുന്നില്ല. നിശ്ചയമായും ഭയങ്കരമായ ക്ഷാമവും പട്ടിണിയുമായിരുന്നേനെ ഫലം. അടുത്ത കൊയ്ത്താകുന്നതിന്ന് മുമ്പ് ഭയാനകമായ സ്ഥിതി സംജാതമാകുകയും ചെയ്യുമായിരുന്നു.

ഇത്തരം പരിതസ്ഥിതിയിൽ ഹൈദരാലിയുമായുണ്ടാക്കിയ സന്ധി വ്യവസ്ഥകൾ യുദ്ധം തുടരുന്നതിനേക്കാൾ കമ്പനിക്ക് ഗുണകരമായിരുന്നു എന്നതിന് സംശയമില്ല. എങ്കിലും എന്റെ വ്യഥയെ അത് ലഘൂകരിക്കുന്നില്ല. ഈ അപമാനത്തിൽ പങ്കുചേരാൻ എന്നോണം ഇക്കാലത്ത് ഇൻഡ്യയിലേക്ക് വരേണ്ടതായി വന്നത് വളരെ നിർഭാഗ്യമായി ഞാൻ കരുതുകയും ചെയ്യുന്നു. ഇതിന് ശേഷമുള്ള കാര്യങ്ങളുടെ നടത്തിപ്പിലൊക്കെത്തന്നെ പ്രയാസങ്ങളും കഴപ്പങ്ങളും നിറഞ്ഞതായിരിക്കുമെന്നതിന് പുറമേ, ഭീഷണമായ പുതിയ പ്രശ്നങ്ങളുണ്ടാകുകയും ചെയ്യും."[16]

ഇതേവികാരം തന്നെയാണ് ഒന്നാം ആംഗ്ലോ—മൈസൂർ യുദ്ധത്തിൽ പങ്കെടുത്തിട്ടുള്ള എല്ലാ ഇംഗ്ലീഷ് സൈനിക ഉദ്യോഗസ്ഥൻമാർക്കുമുണ്ടായിരുന്നത്. ഹൈദരാലിക്കെതിരായി ഇംഗ്ലീഷ് സൈന്യത്തെ നയിച്ചിരുന്ന ജനറൽ ജോസഫ് സ്മിത്ത് 1769 മാർച്ച് 29—ാം തീയതി റോബർട്ട് ഓമിനെഴുതുന്നത് ഇപ്രകാരമാണ്: "യൂറോപ്യൻമാരുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് കറുത്ത വർഗ്ഗക്കാരുടെ സമ്മർദ്ദത്തിന് വഴങ്ങി ഒരു നഗരം അവർക്കടിയറ വെക്കുന്നത് എന്നാണെന്റെ വിശ്വാസം."[17].

---

16. Orme Manuscript, Vol, 25, 6th June, 1769, Indian Record Series, P. 599
17. Smith to Orme, March 28, 1769·, Orme Mss, Vol. 22, P. 30.

യൂറോപ്യൻ കൊളോണിയലിസത്തിന്റെ ചരിത്രത്തിൽ ഒരിന്ത്യൻ ശക്തി വിദേശികളുടെ മേൽ നേടിയ അസൂയാർഹമായ വിജയമായി ഇതിനെ കണക്കാക്കാം. 1741–ൽ കൊളച്ചിൽ യുദ്ധത്തിൽ മാർത്താണ്ഡവർമ്മ ലന്തക്കാരെ പരാജയപ്പെടുത്തിയിരുന്നതു് വിസ്മരിച്ചുകൊണ്ടല്ല ഇതു് പറയുന്നതു്. ആംഗ്ലേയ ശക്തിപോലെ ആളും ആയുധബലവും അർത്ഥവും ലന്തക്കാർക്ക് അക്കാലത്തുണ്ടായിരുന്നില്ലെന്ന് മാത്രമല്ല അവരുടെ ശക്തി ക്ഷയിച്ചുകൊണ്ടിരുന്ന സന്ദർഭവുമായിരുന്നുവല്ലൊ അതു്. ഏതൊരു ഇൻഡ്യാക്കാരനേയും അഭിമാന പുളകിതനാക്കുന്ന ഈ ആവേശകരമായ അദ്ധ്യായം, ഇൻഡ്യയിൽവെച്ചുനടന്ന യുദ്ധങ്ങളുടെ കൂട്ടത്തിൽ അങ്ങേയററം ദേശാഭിമാന പ്രചോദിതമായിരുന്നിട്ടുകൂടി അതർഹിക്കുന്ന പ്രാധാന്യം നാമതിന്ന് നല്കിയിട്ടില്ലെന്നതു് നമ്മുടെ ചരിത്രപ്രതിപാദനരീതിയുടെ വിചിത്രമായ സ്വഭാവത്തിന്നുദാഹരണമാണ്. എന്തുകൊണ്ടായിരുന്ന മൈസൂർശക്തിയെ ഇംഗ്ളീഷുകാർ ഭയത്തോടുകൂടി വീക്ഷിച്ചിരുന്നതെന്നതിനു് ഇതു് മാത്രം മതി തെളിവ്.

1788 മാർച്ച് 13–ാം തീയതി ഫ്രഞ്ചുകാർ അമേരിക്കൻ സ്വാതന്ത്ര്യറിപ്പബ്ലിക്കിനെ അംഗീകരിച്ചതോടുകൂടി ഇംഗ്ളീഷുകാരും ഫ്രഞ്ചുകാരും തമ്മിൽ യുദ്ധപ്രഖ്യാപനം നടന്നു[18]. "ഇംഗ്ളീഷുകാരും ഫ്രഞ്ചുകാരും തമ്മിൽ യുദ്ധം ആരംഭിച്ചിരിക്കുന്നുവെന്ന് 1778 ആഗസ്റ്റിൽതന്നെ ഹൈദർ അറിഞ്ഞിരുന്നു. ഉടൻതന്നെ അദ്ദേഹം മറാത്തക്കാരുമായി ആറുകൊല്ലത്തെ വെടിനിർത്തൽകരാർ ഉണ്ടാക്കി" എന്നാണ് 'ഹൈദരാലിയുടേയും, ടിപ്പുവിന്റേയും ചരിത്രം' എഴുതിയ ഗ്രന്ഥകാരൻ അവകാശപ്പെടുന്നതു്[19].

ഇവർ യൂറോപ്പിൽ യുദ്ധം തുടങ്ങുന്നതോടുകൂടി അതിന്റെ പ്രത്യാഘാതം എന്നതുപോലെ ഇൻഡ്യയിലും ഇരുകൂട്ടരും തമ്മിൽ വൈരാഗ്യം ഉണ്ടാവുക സ്വാഭാവികമാണെന്ന് അദ്ദേഹം മുൻകൂട്ടി അറിഞ്ഞിരുന്നു. അതുകൊണ്ടു് തന്നെ ഇംഗ്ളീഷ്കാരുമായി തുറന്ന സംഘട്ടനത്തിന് താനും തയ്യാറാകേണ്ടിവരുമെന്നും അദ്ദേഹം ഉറച്ചു. യുദ്ധം ആരംഭിച്ച ഉടനെതന്നെ ഫ്രഞ്ചുകാരുടെ പോണ്ടിച്ചേരി ഇംഗ്ളീഷുകാർ പിടിച്ചെടുത്തു. മലബാറിലെ അവരുടെ ആസ്ഥാനമായ മയ്യഴി ആക്രമിക്കുവാനുള്ള സംരംഭമാണ് പിന്നീട് നടന്നതു്.

മയ്യഴി ഇംഗ്ളീഷുകാരുടെ കൈവശം വന്നാലുണ്ടാകാവുന്ന ഭവിഷ്യത്തിനെക്കുറിച്ച് ഹൈദർ ബോധവാനായി. തന്റെ വിഭവസംഭരണ കേന്ദ്രമായിരുന്നുവല്ലൊ മയ്യഴി. മാത്രമല്ല, "മലബാറിന്റെ പരിപൂർണ്ണമായ പരമാധികാരം അവകാശപ്പെട്ടിരുന്ന ഹൈദർ അവിടെയുണ്ടായിരുന്ന

---

18. ലോഗൻ, മലബാർ മാനുവൽ, വാല്യം I, പുറം 424

19 M. M. D L. T, Page 255

യൂറോപ്യൻ ആസ്ഥാനങ്ങളും തന്റെ കീഴിലാണെന്ന് ഭാവിച്ചിരുന്നു. യൂറോപ്യന്മാർ പൊതുവേയും, ഇംഗ്ലീഷുകാർ പ്രത്യേകിച്ചും ഈ അവകാശവാദത്തെ അംഗീകരിച്ചിരുന്നുമില്ല" എന്നാണ് ഡോവെൽ അഭിപ്രായപ്പെടുന്നത്.[20] ഡോവെൽ, ഹൈദരാലിയുടെ അവകാശവാദമെന്ന് വിശേഷിപ്പിക്കുന്ന ഈ കാര്യത്തെക്കുറിച്ച് 1779 മാർച്ച് മാസത്തിൽ മദ്രാസ് ഗവർണർക്ക് ഹൈദരാലി തന്നെ എഴുതുന്നുണ്ട്: "നിങ്ങൾ ഇപ്പോൾ മയ്യഴിക്ക് എതിരായി നീങ്ങിയിരിക്കുന്നതായി നാം അറിയുന്നു. എന്റെ രാജ്യത്ത് കച്ചവട ആവശ്യത്തിനായി സ്ഥാപിക്കപ്പെട്ടിട്ടുള്ള നിരവധി ഫാക്ടറികൾ ഉണ്ട്. അവയിൽ പലതും ലന്തക്കാരുടേയോ, ഇംഗ്ലീഷുകാരുടേയോ, ഫ്രഞ്ചുകാരുടേയോ, പറങ്കികളുടേയോ, ഡെന്മാർക്കുകാരുടേയോ, ഒക്കെയാണ്. അവരത്രയും നമ്മുടെ മററുള്ള പ്രജകളെപ്പോലെ തന്നെയുള്ളവരാണ്. ഇവർക്കാർക്കും തന്നെ അവിടെ കോട്ടകളോ, സ്ഥലങ്ങളോ, ഇല്ല. തൻമൂലം മററുള്ളവർക്ക് ഭയം ഉണ്ടാകേണ്ട കാര്യവുമില്ല. എന്നാൽ ഇവരിലാരെങ്കിലും ഒരു കൂട്ടർ മററുള്ളവരെ ആക്രമിക്കുന്നുവെങ്കിൽ എന്റെ പ്രജകളെന്ന നിലയ്ക്ക് അവരുടെ സഹായത്തിനെത്തേണ്ടത് എന്റെ ബാദ്ധ്യതയായി ഞാൻ കണക്കാക്കുന്നു. താങ്കളും, കൗൺസിലിലെ മററ് അംഗങ്ങളും ഇത് മനസ്സിലാക്കുകയും ശരിയായി തോന്നുന്നതെന്തോ അതുവിധം പ്രവർത്തിക്കുകയും ചെയ്യുമല്ലൊ[21]. "തന്റെ ആശ്രിതനായ കടത്തനാട് രാജാവിന്റെ സ്ഥലത്താണ് മാഹി സ്ഥിതിചെയ്യുന്നത് എന്നതിനാൽ അതിനെതിരായ ഏതു് നീക്കത്തേയും തന്നോടുള്ള ശത്രുതയായി താൻ കരുതുമെന്നു" റംബോൾഡിനെഴുതുന്ന കത്തിൽ ഹൈദർ വ്യക്തമാക്കുകയും ചെയ്തിരുന്നു [22] മയ്യഴിയിലെ ഫ്രഞ്ചുകാർക്ക് സഹായമെത്തിക്കുവാൻ ചിറയ്ക്കൽ, കടത്തനാട് രാജാക്കന്മാരോട് ഹൈദരാലി നിർദ്ദേശിക്കുകയും ചെയ്തു.[23] എന്നാൽ ബ്രെയ്ത്‌വെയിററ് മയ്യഴി ആക്രമിക്കുവാനെത്തി അഞ്ചുദിവസം തികയുന്നതിനു മുമ്പുതന്നെ 1779 നവംബർ 19-ാം തീയതി അതു് ഇംഗ്ലീഷ് കാർക്ക് കീഴടങ്ങി. തന്റെ സൈന്യങ്ങൾ ഫ്രഞ്ചുസഹായത്തിനെത്തുന്നതിനു മുമ്പുതന്നെ മയ്യഴി കീഴടങ്ങിയതിൽ ഹൈദരാലി അതിയായി ദുഃഖിച്ചു. മയ്യഴി ഇംഗ്ലീഷ്കാർ പിടിച്ചടക്കിയതായിരുന്നു രണ്ടാം ആംഗ്ലോ — മൈസൂർ യുദ്ധത്തിനു മുഖ്യഹേതുവായിത്തീർന്നതു്.

---

20. എച്ച്. എച്ച്. ഡോവെൽ, മുന്നുദ്ധരിച്ചതു്, പുറം 228
21. Foreign Secret Deptt, Fort William, Proceedings of the Secret Select Committee from Jan. 4 to June 28, 1779; from Haidar Ali to Governer, dated March 19, 1779.
22. Haidar to Rumbold, March 19, 1779, Consultations, April 7, 1779 June (Miscellaneous), vol.248 p, 96.
23. Braithwaite to Madras, March 19, 1779; Consultations, April 5, 1779, Vol.60, p 46,49

എന്നാൽ കോലത്തുനാട്, കടത്തനാട് രാജാക്കന്മാരുടെ കീഴിൽ ഹൈദരാലിയുടെ നിർദ്ദേശാനുസരണം പുറപ്പെട്ടിരുന്ന നായർസൈന്യം തലശ്ശേരിക്കോട്ടയെ പ്രതിരോധിച്ചതോടുകൂടി, 1779 നവംബർ മാസത്തിൽ തന്നെ മാഹിയിലുണ്ടായിരുന്ന ഇംഗ്ലീഷ്സൈന്യം മുഴക്കെ തലശ്ശേരിയെ രക്ഷപ്പെടുത്തുവാൻ വേണ്ടി ഒഴിഞ്ഞു് പോരുകയുമുണ്ടായി. 1780 ഫെബ്രുവരിയിലാണ് ഹൈദരുടെ സേനാധിപന്മാരിൽ ഒരാളായ സർദാർ ഖാന്റെ നേതൃത്വത്തിൽ മൈസൂറിൽ നിന്നും ഒരു സൈന്യം മലബാറിലെത്തുന്നത്. കടത്തനാട്, കോട്ടയം രാജാക്കന്മാരുമായി ആഭ്യന്തരമായ ചില പ്രശ്നങ്ങൾ പരിഹരിച്ചശേഷം തലശ്ശേരിയിലേക്ക് സർദാർഖാൻ നീങ്ങുന്നതു് ജൂലായ് 8—ാം തീയതിയാണ്. തലശ്ശേരിയിൽ മൈസൂർ സൈന്യം കോട്ട പിടിച്ചടക്കുവാനുള്ള പ്രാരംഭസംരംഭം നടത്തുന്ന അവസരത്തിലാണ് തന്റെ 90,000 സൈന്യത്തോടുകൂടി ഹൈദരാലി കർണാട്ടിക്കിലേക്ക് പ്രവേശിക്കുന്നതു്.[24] അങ്ങനെ രണ്ടാം ആംഗ്ലോ — മൈസൂർ യുദ്ധവും തുടങ്ങി.

"ഇംഗ്ലീഷ്കാർക്ക് ഇൻഡ്യയിൽ നേരിടേണ്ടതായിവന്ന ഏററവും വലിയ തിരിച്ചടി"[25] എന്ന് കേണൽ മൺറോ വിശേഷിപ്പിച്ച ബെയിലിയുടെ പരാജയവും[26] അതുപോലെയുള്ള പല തോൽവികളും, തലശ്ശേരിയിൽ പ്രതിരോധിക്കപ്പെട്ടുകിടന്നിരുന്ന ഇംഗ്ലീഷ് സൈന്യത്തിന്റെ സ്ഥിതി "വല്ലാതെ പരുങ്ങലിലാക്കി"[27]. മൈസൂർ സൈന്യത്തിന്റെ മററൊരു നേട്ടം തഞ്ചാവൂർ വെച്ചുണ്ടായ യുദ്ധത്തിൽ കേണൽ ബ്രെയ്ത്ത്വെയിററിനെ അമ്പേ പരാജയപ്പെടുത്തുവാൻ പററിയതാണ്[28]. "യുദ്ധം തുടങ്ങി അധികം കഴിയുന്നതിനു" മുമ്പുതന്നെ കേണൽ ബ്രെയ്ത്ത് വെയിററ് കീഴടങ്ങുവാൻ തയ്യാറാണെന്ന് കാണിച്ചുകൊണ്ട് വെള്ളക്കൊടി ഉയർത്തി. അതിനുശേഷം ആരേയും കൊല്ലപ്പെടുത്തിയില്ലെങ്കിലും അവശേഷിച്ചവരെ മുഴക്കെ തടവുകാരാക്കുകയാണുണ്ടായതു്[29].

എന്നാൽ, ഹൈദരാലിയുടെ രണ്ടു് സേനാനായകന്മാരുടെ കീഴിൽ മൈസൂർ സൈന്യം നടത്തിയ ആക്രമണത്തെ വിജയകരമായി തുരത്തുവാൻ ഇംഗ്ലീഷ്കാർക്ക് മലബാറിൽ കഴിഞ്ഞു. പരാജിതരായ മൈസൂർ

---

24. വിൽക്സ്, മുൻ ഉദ്ധരിച്ചതു്, വാള്യം 1, പുറം 812
25. ഗ്ളീഗ്, മൺറോ, പുറം 25
26. കിർമാണി, നിഷാനി ഹൈദരി, തർജ്ജമ, മൈൽസ്, പുറം 198
27. ലോഗൻ, പുറം 42
28. സീക്രട്ട് പ്രൊസീഡിങ്സ്, മാർച്ച് 11, 1782, പുറം 983
29. വിൽക്സ്, മുൻ ഉദ്ധരിച്ചതു്, വാള്യം 11, പുറം 30

സൈന്യാധിപന്മാർ മക്ദൂം അലിയും സർദാർഖാനുമായിരുന്നു. ഈ തോൽവിയുടെ വാർത്ത അറിഞ്ഞയുടനെ മലബാറിലേക്ക് പോകാൻ ഹൈദർ ടിപ്പുവിനോടാവശ്യപ്പെട്ടു. ടിപ്പു പാലക്കാട്ടെത്തിയപ്പോഴേക്കും ശത്രുസൈന്യം സ്ഥലംവിട്ടിരുന്നു. സമയം ഒട്ടും പാഴാക്കാതെ അവരെ പിൻതുടർന്ന ടിപ്പുവിൻെറ സൈന്യം, ''നിരന്തരം വെടിയുണ്ടകളുതിർത്തും മററ് പ്രയാസങ്ങൾ സൃഷ്ടിച്ചും'' കൊണ്ടിരുന്നു[30]. ടിപ്പുവിൻെറ കുതിരപ്പടയാളികൾ ശത്രുവിനെ പിൻതള്ളിക്കൊണ്ട് അവരുടെ ഒട്ടുവളരെ ഭക്ഷണസാധനങ്ങളും മററും പിടിച്ചെടുക്കുകയും ചെയ്തു. പൊന്നാനി പുഴയുടെ അരികിൽ സന്ധ്യയോടുകൂടി ഹംബഴ്സ്ററനും ഇംഗ്ലീഷ് സൈന്യവുമെത്തുന്നതുവരെ മൈസൂർ സൈന്യം അവരെ പിൻതുടർന്നു. പുഴ കരകവിഞ്ഞൊഴുകിക്കൊണ്ടിരുന്നതിനാൽ ഇംഗ്ലീഷ് സൈന്യത്തിന് അക്കരെയെത്താനൊക്കുകയില്ലെന്ന് ടിപ്പു ന്യായമായും ഊഹിച്ചു. തന്മൂലം അടുത്ത പ്രഭാതത്തിലാകട്ടെ ശത്രുവിനെ വകവരുത്തുന്ന പണിയെന്ന് നിശ്ചയിച്ച് യോദ്ധാക്കൾക്ക് വിശ്രമം നൽകുകയും ചെയ്തു. എന്നാൽ ശത്രുസൈന്യം രാത്രിയിൽ പുഴ കടന്ന് തൻെറ കയ്യിൽ നിന്നും രക്ഷപ്പെട്ടതാണ് പ്രഭാതത്തിൽ ടിപ്പു മനസ്സിലാക്കിയത്. ടിപ്പുവിൻെറ കയ്യിൽ നിന്നും ഉന്മൂല നാശത്തിനിടവരുമായിരുന്ന ഇംഗ്ലീഷ് സൈന്യം ഏത് വിധമാണ് തടിയൂരിക്കൊണ്ടോടിയതെന്ന് വിൽക്സ് വർണിക്കുന്നുണ്ട്. അതിപ്രകാരമാണ്: ''രാത്രിയുടെ ആദ്യയാമങ്ങളിൽ പുഴ നീന്തിക്കടക്കാൻ പററിയ ആഴം കുറഞ്ഞ സ്ഥലമേതെന്നുള്ള പരിശോധനയുമായി കഴിഞ്ഞു. അവസാനം ഒരു സ്ഥലം കണ്ടെത്തിയതാകട്ടെ സാധാരണ ഒരാളുടെ കഴുത്തിനുമേലെ വെള്ളമുള്ള ഒന്നായിരുന്നു. അതിൽക്കൂടി അനക്കമുണ്ടാക്കാതെ ഓരോരുത്തരായി മറുകരയെത്തി. പൊക്കം കുറഞ്ഞവരെ ഉയരം കൂടിയവർ സഹായിച്ചു. അങ്ങനെ ഒററയാൾക്കും അപായം വരാതെ എല്ലാവരും മറുകരപ്പററുകയും ചെയ്തു''[31]. അവിടെ നിന്നും രക്ഷപ്പെട്ട ഇംഗ്ലീഷ് സേനയെ മറികടന്നാക്രമിക്കുവാൻ ടിപ്പു ശ്രമിച്ചെങ്കിലും അപ്പോഴേക്കും അവർ പൊന്നാനി പട്ടണത്തിൽ സുരക്ഷിതമായ സ്ഥാനത്ത് താവളമടിച്ചുകഴിഞ്ഞിരുന്നു[32] അവിടെ ബോംബേയിൽ നിന്നും കേണൽ മക്ലിയോഡിൻെറ നേതൃത്വത്തിലെത്തിച്ചേർന്നിരുന്ന പോഷക സൈന്യത്തോടുകൂടി ഇവർക്ക് സന്ധിക്കുവാൻ ഒത്തു. മക്ലിയോഡ് ഇംഗ്ലീഷ് സൈന്യത്തിൻെറ നായകത്വം ഏറെറടുക്കുകയും ചെയ്തു. എന്നാൽ ഒരു തുറന്ന സംഘട്ടനം നടക്കുന്നതിന് മുമ്പ്തന്നെ ഹൈദരാലിയുടെ മരണവാർത്ത അറിഞ്ഞ് ടിപ്പുസുൽത്താൻ തൻെറ പാളയം പൊളിച്ചുനീക്കി ''ധൃതിയിൽ ശ്രീരംഗപട്ടണത്തിലേക്ക് തിരിച്ചു''[33]

30 Memoirs of Tippoo Sultan, op. cit., p. 269
31. Wilks, op. cit, pp. 36-37
32. Military Consultations, Jan. 1783, Vol. 85A, p. 144
33. Charles Stuart, Catalogue and Memoirs of Tippoo Sultan, p.265

ഹൈദരാലിയുടെ മരണവാർത്ത സന്തോഷത്തോടുകൂടിയാണു് കമ്പനിയധികാരികൾ ശ്രവിച്ചതു്. ആ അവസരത്തെ ഏതു് വിധേനയും [illegible] ചൂഷണം ചെയ്യുവാനവർ ആഗ്രഹിച്ചു. എന്നാൽ [illegible] തകർത്തു് തരിപ്പണമാക്കിക്കൊണ്ടു് സമാധാനപരമായി [illegible] തന്റെ പിതാവിന്റെ അവകാശിയായി പ്രഖ്യാപിക്കുകയും, [illegible] ഉത്സാഹത്തോടുകൂടി യുദ്ധം പുനരാരംഭിക്കുകയും ചെയ്തു. [illegible] തിരിച്ചുപിടിച്ചതും, മംഗലാപുരം കോട്ടയ്ക്കു് ടിപ്പു പ്രതിരോധമേർപ്പെടുത്തിയതും ശത്രുത ഒഴിവാക്കി സമാധാനത്തിനുള്ള മാദ്ധ്യസ്ഥമാർഗ്ഗങ്ങളാരായാൻ കമ്പനിയെ നിർബ്ബന്ധിതരാക്കി. തൽഫലമായി 1783 ആഗസ്റ്റ് 2-ാം തീയതി ഒരു യുദ്ധവിരാമക്കരാറിൽ ഇരുകൂട്ടരും ഒപ്പുവെയ്ക്കുകയും ചെയ്തു.

മംഗലാപുരത്തു് ടിപ്പു നടത്തിയ സൈനിക പ്രതിരോധത്തിന്റെ ഫലമായി 1700-ൽ പരം ഇംഗ്ലീഷ് യോദ്ധാക്കൾ കൊല്ലപ്പെടുകയോ, മുറിവേൽക്കുകയോ കാണാതാവുകയോ ചെയ്തിരുന്നു. ഓഫീസർമാരിൽ 30–നും 40–നും ഇടയ്ക്കു് വധിക്കപ്പെടുകയോ, മുറിവേൽപിക്കപ്പെടുകയോ ഉണ്ടായി[34]. “[illegible] 50 ഓഫീസർമാരുൾപ്പെടെ 200 യൂറോപ്യന്മാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ബെയിലിയുടെ കീഴിലുണ്ടായിരുന്ന 3853 [illegible] അവശേഷിച്ചവരായിരുന്നു ഇവർ”.[35] ഇംഗ്ലീഷുകാർ [illegible] ഏറ്റുമുട്ടലുകളിൽ പോലും മൈസൂർ പക്ഷത്തുണ്ടായ ആളപായം [illegible] കാണാം. സർ ഐർക്കൂട്ടു് ഇത്തരം ഒരു ഏറ്റുമുട്ട[illegible]: “അതു് അത്ര അധികമായിരിക്കുമെന്നു് [illegible] 30–40–ഓളം പല ഇനത്തിൽപെട്ട കുതിര[illegible] പിടിച്ചെടുക്കാൻ പററിയതു്. എന്നാൽ ഇംഗ്ലീഷ് [illegible] 70 ആളുകളും 7 കുതിരകളുമാണു്”[36].

[illegible] കരാറിൽ ഒപ്പു വെച്ചതിനു് ശേഷവും മലബാറിൽ [illegible] ആക്രമണം തുടർന്നു നടത്തുകയാണു് ഇംഗ്ലീഷുകാർ ചെയ്തതു്. സമാധാന സന്ധി [illegible] മലബാറിലെ മെച്ചപ്പെട്ട സ്ഥിതി വെച്ചു് വിലപേശാമല്ലോ എന്നതായിരുന്നു ഇതിന്റെ പിറകിലുണ്ടായിരുന്ന ഉദ്ദേശം. കേണൽ ഫുള്ളർട്ടൺ പാലക്കാട്ടു് കോട്ടയും ക്യാപ്റ്റൻ മക്‌ലിയോഡ് കണ്ണൂർ കോട്ടയും ആക്രമിച്ചു. ഇവ യുദ്ധവിരാമക്കരാറിനു് കടകവിരുദ്ധമായ സംഗതിയായിരുന്നു. എന്നാൽ,

34. സീക്രട്ട് പ്രൊസീഡിങ്സ്, ആഗസ്റ്റ് 18, 1783.
35. കിർമാനി, പുറം 198.
36. സീക്രട്ട് പ്രൊസീഡിങ്സ്, ജൂലയ് 4, പുറം 2149.

പുതുതായി ആക്രമിച്ചുപിടിച്ച ഈ സ്ഥലങ്ങരം വെച്ച് മുതലെടുക്കുവാനവർക്ക് സാധിച്ചില്ല. സന്ധി ഉടമ്പടിയിൽ ഇതുകൊണ്ട് പ്രത്യേകമായ ആനുകൂല്യങ്ങളും അവർക്കുണ്ടായില്ല. കണ്ണൂർ ബീവിയേയും മലബാറിലെ രാജാക്കന്മാരേയും ജൻമികളേയും ടിപ്പുവിൻെറ ആശ്രിതരും സുഹൃത്തുക്കളുമായിട്ടാണ് 1784 മാർച്ച് 11–ാം തീയതി ഒപ്പുവെച്ച മംഗലാപുരം സന്ധിയിലെ ആദ്യത്തെ പരിഛേദത്തിൽ തന്നെ പറഞ്ഞിരുന്നത്[37].

ഹൈദരാലിയുമായും ടിപ്പുവുമായും കഴിഞ്ഞ രണ്ട് യുദ്ധങ്ങളുടെ അവസാനത്തിലുണ്ടായിരുന്ന സന്ധി ഉടമ്പടികരം ഇംഗ്ളീഷ് താല്പര്യത്തിന് സഹായകമായിരുന്നില്ലെന്നും മൈസൂറിനെ കൂടുതൽ ശക്തമാക്കുവാൻ മാത്രമേ ഉപകരിച്ചിരുന്നുള്ളുവെന്നും ഇംഗ്ളീഷ്കാർക്കറിയാമായിരുന്നു. തന്മൂലം ഏതവസരവും പാഴാക്കാതെ സന്ധിവ്യവസ്ഥകരം ലംഘിക്കുവാനവർ തയ്യാറാകുകയും ചെയ്തു. ലോഡ് ഹേസ്റ്റിങ്ങ്സ് മംഗലാപുരം സന്ധിയെ അപമാനകരമായ ഒന്നായിട്ടാണ് വ്യവഹരിച്ചത്. ഡോവൽ എഴുതുന്നതാകട്ടെ, "ഹേസ്റ്റിങ്ങ്സ് അപഹാസ്യമെന്ന് വിശേഷിപ്പിച്ച മംഗലാപുരം സന്ധി കാരണമായി ടിപ്പു ജേതാവായിട്ടാണ് പ്രത്യക്ഷപ്പെടുന്നത്" എന്നാണ്[38]. ഇംഗ്ളീഷ്കാർ ഇതിനെ "ഒരു സന്ധിയായിട്ടല്ല വെറും യുദ്ധവിരാമക്കരാർ എന്ന നിലക്ക് മാത്രമാണ് കരുതിപ്പോന്നത്."[39] ഷെൽബേണിന്, ഗ്രാൻഡ് ഡഫ് ഇത് സംബന്ധിച്ച് എഴുതിയതിപ്രകാരമായിരുന്നു: "ഇരുപത്തഞ്ച് വർഷങ്ങരംക്ക് മുമ്പ് ഒരു ക്ലൈവിൻെറയോ, ലോറൻസിൻെറയോ നേതൃത്വത്തിലുണ്ടായിരുന്ന ഇംഗ്ളീഷ് സേനയ്ക്ക് അതിൻെറ വിജയങ്ങളെക്കുറിച്ചുള്ള പ്രസ്താവന കൊണ്ടുമാത്രം ഹിന്ദുസ്ഥാനെ ആകമാനം കിടിലം കൊള്ളിക്കുവാൻ സാധിക്കുമായിരുന്നു. എന്നാൽ അന്നത്തേക്കാരം വളരെ മെച്ചപ്പെട്ട ഇംഗ്ളീഷ് സൈന്യം ഇന്ന് ഇൻഡ്യൻ പ്രതിരോധത്തെ ഭയന്ന് പിൻതിരിയേണ്ടതായി വന്നിരിക്കുന്നു"[40]. ഡോവിൻെറ ഇന്ത്യാചരിത്രത്തിൽ വിവരിച്ചിരിക്കുന്നത്, "നമ്മുടെ കോട്ടമതിലുകരം പറന്ന് കടക്കുവാൻ ശക്തമായ ചിറകുകളുള്ള കുതിരകളാണ് ടിപ്പുവിനുണ്ടായിരുന്നത് എന്ന് തോന്നത്തക്ക ഭയമാണ് അവ ജനങ്ങളിലങ്കുരിപ്പിച്ചതു"[41] എന്നത്രെ. മക്കാർട്ട്നി എഴുതുന്നതാകട്ടെ, "കൽക്കത്തയിലേയും മദ്രാസ്സിലെയും സംഭരണ

37. ടി. മേയ് 13, 1784.
38. Cambridge History of India, vol. v, p. 332
39. Military Sundry Book, vol. 61, pp. 462–64
40. Grand Duff to Shelburne, Nov. 30, 1780.
41. Dow, History of Hindoostan, Vol. II, P. 362

വിശ്വാസവും ഇല്ലാതെ തീർന്നു. യുദ്ധം കുറേക്കൂടി നീണ്ടുപോയിരുന്നെങ്കിൽ ഇംഗ്ലീഷുകാർ താങ്ങാനാവാത്ത ചിലവിൻെറ നീർച്ചുഴിയിൽ മുങ്ങി നശിക്കുമായിരുന്നു. സമാധാനം അങ്ങനെ അനിവാര്യമായിതീർന്നു'' എന്നാണ്.42 തങ്ങൾക്ക് ഒരിഞ്ച് സ്ഥലത്തിൻെറ ഗുണമോ, ടിപ്പുവിൽ നിന്നും അനുഭവിക്കേണ്ടതായിവന്ന നാശത്തിനും അപമാനത്തിനും പ്രതികാരം നടത്തുവാനുള്ള സാദ്ധ്യതയോ ഇല്ലാതാക്കിയ മംഗലാപുരം സന്ധിയെ, അതുകൊണ്ടുതന്നെ ''ഒരു ശാശ്വത സമാധാന ഉടമ്പടിയായി കണക്കാക്കിയില്ലെന്ന് മാത്രമല്ല താല്ക്കാലികമായ ഒരു യുദ്ധവിരാമക്കരാർ എന്ന നിലയിൽ മാത്രം''43. ഇംഗ്ലീഷ് അധികാരികൾ കണക്കാക്കിയതിൽ അത്ഭുതത്തിനവകാശമില്ല. കമ്പനി ഉദ്യോഗസ്ഥന്മാരുടേയും സേനാനായകന്മാരുടേയും പൊതുവായ ചിന്താഗതിയുടെ പ്രതിഫലനമായിരുന്നു ''കമ്പനി ടിപ്പുവുമായി ഈ അടുത്ത കാലത്തുണ്ടാക്കിയ സന്ധി ഉടമ്പടി താല്ക്കാലികം മാത്രമായിരിക്കുമെന്ന് നമുക്കാശിക്കാം,''44 എന്ന് മൺറോ എഴുതിയത്.

കഴിഞ്ഞ രണ്ട് യുദ്ധങ്ങളിലും ഇംഗ്ലീഷ്കാർക്ക് പററിയ പരാജയവും അപമാനവും തുടച്ച്മാററുവാൻ വേണ്ടി മുൻകരുതലോടെ ആസൂത്രിതമായ ഗൂഢാലോചനയുടെ ദുഷ്ടസന്താനമായിരുന്നു മൂന്നാം ആംഗ്ലോ-മൈസൂർ യുദ്ധം. മംഗലാപുരം സന്ധിയെ ഇംഗ്ലീഷ്കാർ വെറും ഒരു താൽക്കാലിക യുദ്ധവിരാമക്കരാർ എന്നതിൽ കവിഞ്ഞ് ശാശ്വത സമാധാന സന്ധിയായി വ്യവഹരിച്ചിരുന്നില്ലെന്ന് നാം കണ്ടതാണല്ലോ. തന്മൂലം കിട്ടിയ അവസരങ്ങളിലൊക്കെ മംഗലാപുരം സന്ധിയിലെ വ്യവസ്ഥകൾ കാററത്ത് പറത്തുവാൻ അവർ ബദ്ധശ്രദ്ധരായിരുന്നു. ഉടമ്പടിയുടെ നാലാം ഖണ്ഡികയിൽ45 പറയുന്ന പ്രകാരം കണ്ണൂർക്കോട്ടയിൽ നിന്നും ഉടനടി സൈന്യങ്ങളെ പിൻവലിക്കുവാൻ ഇംഗ്ലീഷ്കാർ തയ്യാറായില്ല. ടിപ്പു പല പ്രാവശ്യം ശക്തിയായി പ്രതിഷേധിച്ചതിന് ശേഷമാണവർ ഒഴിഞ്ഞുപോയത്. കമ്പനിയുടെ തലശ്ശേരിയിലെ മുഖ്യന് ടിപ്പു തൽസംബന്ധമായെഴുതുന്ന കത്തിൽ, ''കണ്ണൂർ കോട്ടയിലുണ്ടായിരുന്ന സർവ്വ സാധനങ്ങളും എടുത്ത് അത് വെറും തരിശാക്കിയ ശേഷമാണ് നിങ്ങളുടെ സൈന്യം പിന്മാറി

42. Secret Proceedings, Nov. 23, 1784, Madras-Bengal' Oct. 29, 1784
43. Military Sundry Book, vol. 61, pp. 1462-64.
44. Gleig, Munro, p. 370.
45. ലോഗൻ, ഉടമ്പടികൾ മുതലായവ, ix, 0

യിരിക്കുന്നതെന്നും, നിങ്ങളുടെ ഹൃദയം ശുദ്ധമല്ലെന്ന് ഇതിൽ നിന്നും തീർച്ചയായും അനുമാനിക്കാമെന്നും"[46] തന്റെ ധാർമ്മികരോഷം പ്രകടിപ്പിക്കുന്നതായി കാണാം. ശക്തമായ ഭാഷയിൽ സന്ധിവ്യവസ്ഥകൾ ഏതേതെല്ലാം തരത്തിൽ കമ്പനി ലംഘിച്ചിരിക്കുന്നുവെന്ന് വ്യക്തമാക്കിക്കൊണ്ട് 1789 ഏപ്രിൽ 23-ന് ടിപ്പു വീണ്ടും തലശ്ശേരിയിലെ പ്രധാനിക്കെഴുതുന്നുണ്ട്. അതിൽ വിവരിച്ചിരിക്കുന്നതിപ്രകാരമാണ്:

"ഒന്നാമത്, നമ്മുടെ സർക്കാരിന്റേതായ ധർമ്മപട്ടണം (ധർമ്മടം) നിങ്ങൾ കൈവശമാക്കിയിരിക്കുന്നു. രണ്ടാമത്, കോട്ടയം രാജാവിനേയും ചിറക്കൽ രാജാവിനേയും അവരുടെ സേവകരേയും 20 ലക്ഷം ഉറുപ്പികയോടുകൂടി നിങ്ങളുടെ ആസ്ഥാനത്ത് അഭയം മതടാനനുവദിക്കുകയും പിന്നീട് രാമരാജയുടെ രാജ്യത്തേക്ക് (തിരുവിതാംകൂർ) കപ്പൽ കയററി അയക്കുകയും ചെയ്തിരിക്കുന്നു. മൂന്നാമത്, നമ്മുടെ രാജ്യത്തുള്ള ഇരുപതിനായിരത്തോളം നായന്മാർക്ക് അവരുടെ പുത്രകളത്രാദികളോടുകൂടി തലശ്ശേരിയിൽ നിങ്ങൾ അഭയം കൊടുക്കുകയും, രാത്രികാലങ്ങളിൽ നമ്മുടെ രാജ്യത്ത് കൊള്ളയും കൊള്ളിവെയ്പ്പും നടത്തുവാൻ അവർക്ക് പ്രേരണയും സഹായവും നിങ്ങൾ ചെയ്തുകൊണ്ടിരിക്കുകയും ആകുന്നു. സന്ധിവ്യവസ്ഥകൾക്ക് വിപരീതമാണ് ഈ പ്രവൃത്തികളെന്ന് താങ്കളെ ഉപദേശിക്കുവാൻ ഞാനയച്ചവരോട്, അത്തരം ഒരു സന്ധിയെക്കുറിച്ച് തനിക്കറിയില്ലെന്ന ഭാവമാണ് നിങ്ങൾ കാണിച്ചത്"[47]. മററൊരെഴുത്തിൽ, "നമ്മുടെ സർക്കാരിന്റെ അതിർത്തിയിൽപ്പെട്ട കച്ചവടക്കാർക്കോ പ്രജകൾക്കോ, മററാർക്കെങ്കിലുമോ, നിങ്ങൾ സംരക്ഷ നൽകുവാൻ പാടില്ല. അങ്ങനെ ആരെങ്കിലും സഹായാഭ്യർത്ഥനയുമായി വന്നാൽ അയാളെ പിടിച്ച് നമ്മുടെ ഉദ്യോഗസ്ഥൻമാരെ ഏല്പിക്കണം. ചിറക്കൽ രാജാവായ രവിവർമ്മയുടെ കീഴിലുള്ള ധർമ്മപട്ടണം തുടങ്ങിയ സ്ഥലങ്ങൾ നിങ്ങൾ ഇപ്പോഴും കൈവശം വെച്ചുകൊണ്ടിരിക്കുന്നുവെന്ന് ചിറക്കൽ രാജാവിൽ നിന്നും എനിക്കെഴുതിവന്നിട്ടുണ്ട്. ആ സ്ഥലങ്ങൾ ഉടൻ രാജാവിനെ തിരിച്ചേല്പിക്കണം".[48] തന്റെ സ്ഥലങ്ങൾ വീണ്ടെടുക്കുന്നതിന് ബലം പ്രയോഗിക്കേണ്ടതായി വന്നാൽ അത് ചെയ്യുവാനുള്ള കല്പന ടിപ്പുവിൽ നിന്നും തനിക്ക് ലഭിച്ചിട്ടുണ്ടെന്ന് ചിറക്കൽ രാജാവും കമ്പനി അധികാരികളെ എഴുതി അറിയിച്ചിരുന്നു[49]. ഇത്തരം സൈനിക

46. മിലിട്ടറി കൺസൾട്ടേഷൻസ്, മേയ് 29, 1784, വാള്യം 99, ബി. പുറം 2050.
47. Poona Residency correspondance, vol iii, No 37 A, pp.36-37
48. Foreign Secret Deptt Proceedings, 1-22 sept, 1788, S, No. 92, pp 3803-4
49. Ibid, Prince of chirakkal to the chief of Tellicherry, May 28, 1788

ഒരുക്കങ്ങളും മലബാറിൽ നടക്കുന്നതായും ആവശ്യമായ പോഷക സേനയെ വേഗമിവിടെയെത്തിക്കണമെന്നപേക്ഷിച്ചുകൊണ്ടും തലശ്ശേരിഫാക്ടറി മുഖ്യൻ കമ്പനിയധികാരികൾക്കെഴുതുകയും ചെയ്യുന്നുണ്ടു്.

തന്റെ ന്യായമായ ആവശ്യങ്ങൾ തീരെ പരിഗണിക്കുന്നില്ലെന്നു് മനസ്സിലാക്കിയപ്പോൾ, അവയ്ക്കെതിരായ നടപടിയെന്ന നിലയിൽ മലബാറിലാകമാനം കയററിറക്കപ്രവർത്തനങ്ങളിൽ പരിപൂർണ്ണമായ നിരോധനമേർപ്പെടുത്തുകയും, മലബാറിലെ കയററുമതി ഉല്പന്നങ്ങൾ മുഴുക്കെ ടിപ്പു കുത്തകയായി പ്രഖ്യാപിക്കുകയും ചെയ്തു. ഇംഗ്ലീഷ് കമ്പനിയെ ഇതു് സാരമായി ബാധിച്ചു. 1789 ആഗസ്റ്റ് 26—ലെ കൗൺസിൽ പ്രൊസീഡിങ്സിൽ ഇതു് രേഖപ്പെടുത്തിയിരിക്കുന്നതി പ്രകാരമാണു്: "മലബാർ തീരത്തെ ഉൽപന്നങ്ങൾ കയററി അയക്കുന്നതു് നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് പൂർണ്ണമായും നടപ്പാക്കുവാനാണു് ടിപ്പുവിന്റെ നിർദ്ദേശമെന്നു് കാണുന്നു. തൻമൂലം തലശ്ശേരിയിലെ വ്യാപാരംകൊണ്ടു് കമ്പനിക്കു് നിസ്സാരമായിപ്പോലും യാതൊരു ഗുണവുമുണ്ടാക്കുവാൻ കഴിയുന്നില്ല. ഈ അവസ്ഥയിൽ അവിടെ വ്യാപാരാർത്ഥം വലിയ തുക മുതൽമുടക്കുന്നതുകൊണ്ടോ, ഒരു സൈന്യത്തെ നിലനിർത്തുന്നതുകൊണ്ടോ ഒട്ടും പ്രയോജനവുമില്ല"[50]. പക്ഷേ അവരുടെ ആശ, "ഏതെങ്കിലും ഭാഗ്യാതിരേകത്താൽ മലബാർ രാജാക്കൻമാർ ടിപ്പുവിന്റെ അധീശത്വം വലിച്ചെറിയാൻ തയ്യാറാകുകയും സാഹചര്യം അനുകൂലമാണെങ്കിൽ അവരുമായി സഖ്യം ചെയ്യുവാൻ നമുക്കു് സാധിക്കുകയും ചെയ്യുന്നു എങ്കിൽ, തലശ്ശേരി വ്യാപാരസംബന്ധമായി ഏററവും വിലപ്പെട്ടതും രാഷ്ട്രീയമായി ഏറെ പ്രയോജനകരവുമായിത്തീരുമെന്ന കാര്യം ആർക്കും വിവേകപൂർവ്വം മനസ്സിലാക്കാവുന്നതേയുള്ളു,"[51] എന്നതായിരുന്നു. തൻമൂലം അവരുടെ ശക്തനായ എതിരാളിയെ ഏതെങ്കിലും വിധത്തിൽ വകവരുത്തുകയെന്നതു്, അവരുടെ നിലനിൽപിന്റെ തന്നെ പ്രശ്നമായി മാറിയിരുന്നുവെന്നു് കാണാം.

ടിപ്പുവുമായി സമാധാന ഉടമ്പടി നിലനിൽക്കുമ്പോൾതന്നെ, രഹസ്യമായിട്ടാണെങ്കിലും നിസാം, മറാത്തക്കാർ, കൊച്ചി—തിരുവിതാംകൂർ—മലബാർ രാജാക്കന്മാർ തുടങ്ങിയവരുമായി ടിപ്പുവിനെതിരായ സംഘടിത സന്നാഹം തയ്യാറാക്കുന്നതിനുള്ള വലിയ ഒരു സഖ്യം ഉണ്ടാക്കു

50. Secret Proceedings, Sept. 25, 1789, S. No.96, August 26,1789

51. Ibid, pp, 1855-56

ന്നതിനുള്ള നയതന്ത്ര പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരുന്നുവെന്ന ഓർക്കേണ്ടതുണ്ട്. കോൺവാലീസ് പ്രഭു ഇന്ത്യയുടെ ഗവർണർ ജനറലായി സ്ഥാനമേററ് ഒരു വർഷം തികയുന്നതിന് മുമ്പുതന്നെ യൂറോപ്പിൽ യുദ്ധത്തിനുള്ള സംരംഭങ്ങൾ നടന്നുതുടങ്ങിയിരുന്നു. അതിൻെറ മാറെറാലി ഇന്ത്യയുടെ രാഷ്ട്രീയാന്തരീക്ഷത്തേയും കലുഷമാക്കി. കർണാട്ടിക്കിനെ ടിപ്പു ആക്രമിച്ചേക്കുമെന്നാണ് ഇംഗ്ലീഷ്കാർ ആദ്യം കരുതിയത്.[52] ഫ്രാൻസിലും[53] കോൺസ്റ്റാൻറിനോപ്പിളിലും[54] ടിപ്പു അയച്ച അംബാസിഡർമാരും അദ്ദേഹത്തിൻെറ സേവനത്തിനെത്തിയ ഫ്രെഞ്ച് സൈനികരും,[55] തൻെറ സൈന്യത്തെ സജ്ജീകരിക്കുന്നതിൽ അദ്ദേഹം കാണിച്ച തീവ്രയത്നങ്ങളുമൊക്കെ മംഗലാപുരം സന്ധി ലംഘിക്കുവാൻ ടിപ്പു ഒരുങ്ങിയിരിക്കുന്നുവെന്ന ധാരണയാണവരിലുണ്ടാക്കിയത്[56]. എന്നാൽ വേഗത്തിൽ തന്നെ അവർക്ക് സ്ഥിരീകരിക്കുവാൻ കഴിഞ്ഞ കാര്യം, "ശത്രുതാപരമായ യാതൊരു നീക്കത്തിനും ടിപ്പു അപ്പോൾ ഒരുങ്ങിയിട്ടില്ലെന്നാണ്......നാമുമായി ഒരു സംഘട്ടനത്തിന് അയാൾ ഒരിക്കലും ഒരുക്കമല്ലെന്ന് ഞാൻ ശരിക്കും മനസ്സിലാക്കുന്നു"[57] എന്നത്രെ 1788 ആഗസ്റ്റ് 28-ാം തീയതി ക്യാമ്പൽ, ക്യാപ്റ്റൻ കോൺവാലീസിനെഴുതുന്ന കത്തിലും, "ഇപ്പോൾ നമ്മോട് പൊരുതുവാൻ ടിപ്പു ഒരുങ്ങിയിട്ടില്ല"[58] എന്ന് തന്നെ തറപ്പിച്ചുപറയുന്നുണ്ട്.

എന്നാൽ, യൂറോപ്പിൽ യുദ്ധത്തിൻെറ സീൽകാരം കേട്ടുകൊണ്ടിരുന്ന ഇംഗ്ലീഷ്കാർ നിസാമിനേയും മറാത്തക്കാരേയും തങ്ങളുടെ നേതൃത്വത്തിൻ കീഴിലുള്ള ഒരു സഖ്യത്തിൽ കൊണ്ടുവരുവാനുള്ള ശ്രമം അഭംഗുരം നടത്തിക്കൊണ്ടുതന്നെയിരുന്നു. നാനാ ഫർണാവിസുമായി ഒരു യുദ്ധക്കരാർ ഉണ്ടാക്കുന്നതിനെ സംബന്ധിച്ച് കോൺവാലീസ് തൻെറ പ്രതിപുരുഷനായ മാലററിന് എത്രയോ മുമ്പ് മുതൽ എഴുതിയിരിക്കുന്നതായി കാണാം. 1787 ആഗസ്റ്റ് 29-ാം തീയതി അദ്ദേഹമെഴുതുന്ന കത്തിൽ നൽകിയ നിർദ്ദേശം, "താങ്കൾ നാനാ ഫർണാവിസിനെ ബോദ്ധ്യപ്പെടുത്തേണ്ടതായ കാര്യം, നാമുമായി ഒരു സഖ്യത്തിൽപെട്ടാലുണ്ടാകുന്ന

52. Poona Residency Corrrespondence, Vol. iii, No. II, Cornwallis to Malet, August 29, 1784, p. 9
53. Ibid. No. 5, p. 4, Archibald Campell to Malet, June 8, 1784
54. Ibid. No. 12, p. 10
55. Ibid. No. 10, pp 89
56. Ibid. No. 21, p. 19, Oct. 20, 1787, R.H. Boddam to Malet
57. Secret and Political Proceedings, 1-22 Sept. 5, No 92, p. 3461
58. Ibid. p. 3829

വലിയ നേട്ടങ്ങളെക്കുറിച്ചും, അവർക്ക് മൈസൂറിനോട് നഷ്ടപ്പെട്ട സ്ഥലങ്ങൾ വീണ്ടെടുക്കുവാൻ എളുപ്പം സാധിക്കുമെന്നതിനെക്കുറിച്ചുമാണ്''.[59] മാലററ് ഏതെല്ലാം പ്രലോഭനങ്ങൾ കാണിച്ചാണോ മറാത്തക്കാരെ പാട്ടിലാക്കുവാൻ പററുക, ആ വിദ്യകളെല്ലാം വളരെ വിദഗ്ധമായി ഉപയോഗിക്കുകയും ചെയ്തതായി കാണാം. ഇംഗ്ലീഷ്കാരുമായി സഖ്യത്തിലേർപ്പെട്ടുണ്ടാകുന്ന യുദ്ധത്തിൽ അവർക്ക് ലഭിക്കാവുന്ന സ്ഥലങ്ങളും ധനവും ഏററവും ആകർഷകമായിരിക്കുമെന്ന് കണക്കുകൾ ഉദ്ധരിച്ചു മാലററ് മറാത്തക്കാരെ സദാ ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു. നിരന്തരമായ പരിശ്രമത്തിന്റെ വിജയകരമായ പരിസമാപ്തിയെന്നോണം, 1790 ഫെബ്രുവരി 7–ന് മറാത്തക്കാരിൽ നിന്നും, "ടിപ്പു സാഹിബിന്നെതിരായുണ്ടാകാവുന്ന യുദ്ധത്തിൽ കമ്പനി ഗവൺമെൻറുമായി ഒന്നിച്ചു നിൽക്കാം"[60] എന്ന പ്രഖ്യാപനം മാലററിന് നേടിയെടുക്കുവാൻ സാധിച്ചു. എന്നാൽ 1790 ജൂൺ 6–ാം തീയതി മാത്രമാണ് മറാത്തക്കാരുമായി സന്ധിഉടമ്പടിയിൽ ഒപ്പുവയ്ക്കുവാൻ സാധിച്ചത്[61].

ഇതേ തന്ത്രം തന്നെ തന്റെ പ്രതിപുരുഷനായ ജോൺ കെന്നവേ മുഖാന്തിരം നിസാമിനെ സഖ്യത്തിൽ കൊണ്ടുവരുവാനും കോൺവാലീസ് പ്രയോഗിച്ചത്. നിരന്തരമായ കുതന്ത്രങ്ങൾ മൂലം ടിപ്പുസുൽത്താനെതിരായി നിസാമിനെ തിരിച്ചുവിടുവാൻ കെന്നവേക്കും കഴിഞ്ഞു.[62] എന്നാൽ, നിസാമുമായി പുതിയ ഒരു ഉടമ്പടി ഉണ്ടാക്കുവാൻ സാങ്കേതിക തടസ്സങ്ങൾ നേരിട്ടിരുന്നതിനാൽ താനെഴുതുന്ന കത്ത് പുതിയ ഒരുടമ്പടിക്ക് സമമായി കരുതണമെന്ന് കോൺവാലീസ് നിസാമിനെ അറിയിച്ചിരുന്നു. അദ്ദേഹമെഴുതി: "ഈ കത്തിന്റെ ഉള്ളടക്കം കൗൺസിൽ അംഗങ്ങളെല്ലാവരും ഏകകണ്ഠമായി അംഗീകരിച്ചിരിക്കുന്നു എന്നതിനാൽ ഇതിനെ പുതിയ ഒരു ഉടമ്പടിയായി താങ്കൾ സ്വീകരിക്കണം".[63] മറാത്തക്കാരുടെയും ഹൈദരാബാദ് നിസാമിന്റെയും മനസ്സുകളിൽ തങ്ങളുടെ ഗുണത്തിന് കമ്പനിയുമായുണ്ടാകുന്ന സഖ്യമാണ് അഭികാമ്യം എന്ന ധാരണ വരുത്തുവാൻ കോൺവാലീസിനും അദ്ദേഹത്തിന്റെ പ്രതിപുരുഷന്മാർക്കും കഴിഞ്ഞുവെന്നതാണ് നയതന്ത്രരംഗത്ത് അവർക്ക് കിട്ടിയ വലിയ വിജയം.

---

59. Ibid, No ii, p. 9
60. Ibid, No. 25. p. 24
61. Ibid, pp. 150-151
62. Diplomatic Correspondence between Nizam Ali Khan and the East India Company (1780-1798), A. R. No. 7942, pp. 13,14
63. Ibid, A. R. No. 6647, p. 116

ഈ വൻശക്തികളുമായി മാത്രമല്ല, മലബാറിലെ ചെറുകിട രാജാക്കന്മാരുമായും കൊച്ചി, തിരുവിതാംകൂർ ഭരണാധിപന്മാരുമായും സൌഹൃദസഖ്യം ഉണ്ടാക്കുവാനുള്ള സകലശ്രമങ്ങളും കോൺവാലീസ് നടത്തിയിരുന്നു. ടിപ്പുവിനെ മലബാറിൽ നിന്നും തുരത്തുന്നതിൽ തങ്ങളോടൊപ്പം നിൽക്കുന്നവർക്ക് പൂർണ്ണസംരക്ഷ ഉറപ്പുകൊടുക്കുന്ന ഒരു പ്രഖ്യാപനം തലശ്ശേരി ഫാക്ടറിപ്രമുഖൻ വഴി കോൺവാലീസ് നടത്തി.[64] ഇതു് പ്രഖ്യാപനം ചെയ്തു് അധിക ദിവസം കഴിയുന്നതിനു് മുമ്പുതന്നെ ബോംബേ ഗവർണർക്കെഴുതുന്ന കത്തിൽ തലശ്ശേരി മുഖ്യൻ ടെയിലർ അറിയിക്കുന്നതു് കൂർഗ്ഗ്, കടത്തനാട്, ചിറയ്ക്കൽ, കോട്ടയം രാജാക്കൻമാർ തങ്ങളുടെ സംരക്ഷയിൻകീഴിൽ വരാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടെന്നാണു്[65]. തിരുവിതാംകൂറിലെ റസിഡൻണ്ടായിരുന്ന പൌണിയുടെ ശ്രമഫലമായി കൊച്ചിരാജാവുമായി ഒരു സഖ്യഉടമ്പടി പൂർത്തിയാക്കുവാനും അവർക്കു് കഴിഞ്ഞു[66]. 1790 ആഗസ്റ്റ് 8—ാം തീയതി കണ്ണൂർ ബീബിയെക്കൊണ്ടും ഇംഗ്ലീഷ്കാരുമായി സംഖ്യത്തിലേർപ്പെടുത്തുവാൻ കഴിഞ്ഞു[67]. അങ്ങനെ ഏതെല്ലാം വിധേന ടിപ്പുസുൽത്താനെ ഒററപ്പെടുത്തുവാൻ കഴിയുമായിരുന്നുവോ, ആവക പണികളെല്ലാം സമർത്ഥമായി ചെയ്യുവാൻ ഇംഗ്ലീഷ്കാർക്കു് സാധിച്ചുവെന്നതാണു് അവരുടെ വിജയം. ഇത്തരം സൈനിക ഉടമ്പടികളും ഒരുക്കങ്ങളും സ്പഷ്ടമാക്കുന്ന യാഥാർത്ഥ്യം, ഇംഗ്ലീഷ്കാർ ടിപ്പുവിനെ എത്രമാത്രം ഭയന്നിരുന്നു എന്നതിന്റെ തെളിവുകൂടിയാണു്. തന്റെ പ്രതിപുരുഷന്മാർ മുഖേന നിസാമിന്റെയും മറാത്തക്കാരുടേയും അടുക്കൽ ടിപ്പു നടത്തിയിരുന്ന നയതന്ത്രനീക്കങ്ങളെ പരാജയപ്പെടുത്തുവാനും കമ്പനിയധികൃതക്ക് സാധിച്ചിരുന്നു. ഫ്രാൻസിൽ നിന്നും തനിക്കു് ലഭിക്കുമെന്നു് വിശ്വസിച്ചിരുന്ന യാതൊരു സൈനിക സഹായവും ടിപ്പുവിനു് കിട്ടിയില്ലെന്നു് മാത്രമല്ല, അതുവരെ തന്റെ ആശ്രിതരായിരുന്ന കണ്ണൂരിലെ ബീബിയേയും, കൊച്ചിയിലെ രാമവർമ്മയേയും കൂടി തനിക്കു് നഷ്ടപ്പെടുകയും ചെയ്തു. ഒന്നും രണ്ടും മൈസൂർ യുദ്ധങ്ങളുടെ സ്ഥിതിയല്ല ഇപ്രാവശ്യം ടിപ്പുവിനു് അഭിമുഖീകരിക്കേണ്ടതായി വന്നതു്. ഇപ്രാവശ്യം മററാരുടേയും യാതൊരുവക സഹായവും കൂട്ടമില്ലാതെ ഏകനായി അദ്ദേഹത്തിനു്

64. Foreign Miscellaneous, S. No. 56, Part I, voucher No. 10, pp. 445-56

65. Poona Residency Correspondence, vol. III, No. 109, P. 137, May 17, 1790

66. Ernakulam Archives, No. 167, List LxxI, series I.

67. Logan, Treaties etc, V. I, XCVI

ഇംഗ്ലീഷ്കാരോട് ഏററുമുട്ടേണ്ടതായി വന്നുകൂടി. അവരാകട്ടെ തെന്നിന്ത്യയിലെ എല്ലാ രാജാക്കൻമാരുമായും ചെറുകിട മാടമ്പിമാരുമായി പ്പോലും സൈനികസഖ്യം നടത്തി സുസംഘടിതമായ സജ്ജീകരണങ്ങൾ തയ്യാറാക്കുകയും ചെയ്തിരുന്നു.

മൂന്നാം ആംഗ്ലോ—മൈസൂർ യുദ്ധം 1790 ഏപ്രിൽ മാസത്തിൽ തുടങ്ങി. 1792 മാർച്ച് 18—ാം തീയതി ശ്രീരംഗപട്ടണം സന്ധിയോടുകൂടി അവ സാനിക്കുകയും ചെയ്തു. യുദ്ധത്തിൽ പരാജിതനായ ടിപ്പുസുൽത്താൻ തന്റെ രാജ്യത്തിന്റെ പകുതിഭാഗവും മൂന്ന് കോടി മുപ്പത് ലക്ഷം രൂപയും സഖ്യകക്ഷികൾക്ക് കൊടുക്കേണ്ടതായി വന്നു.[68] അങ്ങനെ തങ്ങളുടെ പ്രമുഖനായ എതിരാളിയെ ഒതുക്കിനിർത്തുവാൻ അവരുടെ ഉപജാപങ്ങൾ കൊണ്ടും കുതന്ത്രങ്ങൾ മൂലവും സാധിച്ചു. ഡൻഡാമിന് കോൺവാലീസ് ഇത് സംബന്ധമായി എഴുതുന്നത് അർത്ഥഗർഭമാണ്: "ഇന്ത്യയിൽ നടന്ന യുദ്ധം അങ്ങനെ വിജയകരമായി അവസാനിച്ചു. ബുദ്ധിമാനായ ആരും പ്രതീക്ഷിക്കുംവിധം നമുക്കങ്ങേയററം നേട്ടം ഇതു മൂലം ലഭിക്കുകയും ചെയ്തു. നമ്മുടെ ശക്തികളെ കൂടുതൽ പ്രബലൻമാരാക്കി യില്ലെന്ന് മാത്രമല്ലാ ശത്രുവിനെ ഒതുക്കി പാകപ്പെടുത്തുവാനും കഴിഞ്ഞു"[69]. മൺട്രോ, ശ്രീരംഗപട്ടണം ഉടമ്പടിയെ കണ്ടത്, "അനുരഞ്ജനത്തിന്റെയും സമഭാവത്തിന്റെയും" നിദർശനമായിട്ടാണ്[70].

ടിപ്പുവിന്റെ മലബാർ ഏത് വിധേനയെങ്കിലും കൈവശമാക്കി യാലേ വാണിജ്യപരമായും സൈനികപരമായുമുള്ള അതിന്റെ സൗകര്യ ങ്ങളെ തങ്ങൾക്ക് പരമാവധി പ്രയോജനം ചെയ്യുവാൻ കഴിയുകയുള്ളു എന്ന വർക്കറിയാമായിരുന്നു. 1790 ഫെബ്രുവരി 5—ാം തീയതി മാലററ് കോൺ വാലീസ്സിനെ അറിയിക്കുന്നത് ഇപ്രകാരമാണ്: "ടിപ്പുവുമായി ഒരു യുദ്ധ മുണ്ടാകുകയും അത് നമ്മുടെ വിജയത്തിൽ കലാശിക്കുകയും ചെയ്യുന്നുവെങ്കിൽ, നമുക്ക് കിട്ടാവുന്ന ഏററവും വലിയ നേട്ടവും അയാൾക്കേല്ക്കാവുന്ന ഏററവും വലിയ നഷ്ടവും അയാളെ മലബാറിൽ നിന്നും തുരത്തുക എന്നത് മാത്രമാണ്. അവിടെയുണ്ടായിരുന്ന നായർ രാജാക്കൻമാരേയും മാടമ്പിമാരേയും അവ രുടേതായിരുന്ന സ്ഥലങ്ങളിൽ പുന:പ്രതിഷ്ഠ നടത്തുകയും അവരിൽനിന്നും വ്യാവസായികവും നിയന്ത്രണപരവുമായ മേൽക്കോയ്മ നാം പിടിച്ചുപററ

68. Foreign Miscellaneous, Vol. 54, 1799, John Kennaway, Also see Kirk Patrick, Select letters of Tippoo Sultan, Appendix A (I), P. 77
69. Rose-Cornwallis, ii, P. 155
70. Gleig - Munro, i, P. 131

കയും ചെയ്താൽ ഇന്ന് ബോംബെ ഗവൺമെൻറനുഭവിക്കുന്ന സാമ്പത്തിക ക്ലേശം തീർത്തും പരിഹരിക്കുവാൻ സാധിക്കുമെന്നുറപ്പാണ്. അതുപോലെ തന്നെ കർണാട്ടിക്കിലുള്ള ബൽഗോട്ടിനും പയ്യൻഗോട്ടിന്നുമിടയ്ക്കുള്ള കോട്ടകൾ, നമുക്ക് കൈവശപ്പെടുത്തുവാൻ സാധിക്കുകയും ചെയ്താൽ നമ്മുടെ രാജ്യത്തിൻെറ അതിർത്തിസംരക്ഷ ഉറപ്പുവരുത്തുവാനും സാധിക്കും. അവശേഷിക്കുന്ന സ്ഥലത്തിൻെറ അധിപനായി ടിപ്പു തുടരുകയും നാമുമായി ശാശ്വതമായ സമാധാനസഖ്യത്തിൽ ചേരുകയും ചെയ്താൽ മറാത്തക്കാർക്ക് ഒരു പ്രതിവിധിയാകുകയും ചെയ്യും.........''[71]. ഈ എഴുത്തയയ്ക്കുമ്പോൾ ടിപ്പുവുമായി യുദ്ധം തുടങ്ങിയിരുന്നില്ലെന്നത് പ്രത്യേകം ഓർക്കേണ്ടതുണ്ട്. ടിപ്പുവിനെ മലബാറിൽ നിന്നും തുരത്തുന്നതുവഴി തലശ്ശേരിയെ, ''വളരെ രാഷ്ട്രീയപ്രധാനവും ഏറെ വ്യാവസായികസാദ്ധ്യതയുമുള്ള സ്ഥലമായി''[72] മാററാമെന്നവർ ആശിച്ചിരുന്നു. സന്ധി സംഭാഷണവേളകളിൽ മലബാറിൻെറ അമിത പ്രാധാന്യത്തെക്കുറിച്ച് കൂടെ കൂടെ ബോംബെ ഗവൺമെൻറ് ആബർ ക്രോംബിയെ അനുസ്മരിപ്പിച്ചുകൊണ്ടിരുന്നു. അവർ എഴുതി:- ''കടൽത്തീരം മുതൽ പശ്ചിമഘട്ടം വരെ, കൊച്ചി മുതൽ ഗോവവരെ കിടക്കുന്ന സ്ഥലം, അതിൻെറ ഭൂമിശാസ്ത്രപരമായ കിടപ്പ്, ഉല്പന്നങ്ങൾ, വ്യാവസായം എന്നീ നിലകളിൽ അത്യന്തം പ്രാധാന്യമർഹിക്കുന്ന സ്ഥലമാണ്. പശ്ചിമഘട്ടത്തിലുള്ള ചാരങ്ങൾക്കഭിമുഖമായി സൈന്യത്തെ നിറുത്തുവാനുള്ള കോട്ട നിർമ്മിച്ചാൽ ചുരുങ്ങിയ ചിലവിൽ ഈ സ്ഥലത്തിൻെറ പ്രതിരോധ സംരക്ഷണം നടക്കുകയും ചെയ്യും. മാത്രമല്ല ഇവിടെയുള്ള തുറമുഖങ്ങൾ നമ്മുടെ കൈവശമായാൽ അവ വഴി ടിപ്പുവിന്ന് ലഭിച്ചുകൊണ്ടിരുന്ന ആയുധങ്ങളും മററു തരത്തിലുള്ള വിഭവങ്ങളും ഇല്ലാതാകുകയും, ഭാവിയിൽ നമ്മോട് യുദ്ധം ചെയ്യുവാൻ അയാൾക്ക് അസാദ്ധ്യമായിത്തീരുകയും ചെയ്യും. ഈ തുറമുഖങ്ങൾ വഴിയായിരുന്നുവല്ലൊ, ടിപ്പു തൻെറ അവശ്യവിഭവങ്ങൾ സംഭരിച്ചിരുന്നതും ഫ്രഞ്ചുകാരും മററു യൂറോപ്യൻമാരുമായി സമ്പർക്കത്തിലേർപ്പെട്ടിരുന്നതും. അതില്ലാതാക്കുകയെന്നതാണവശ്യം''[73] മലബാറിൽ നിന്നും ടിപ്പുവിനെ നിഷ്കാസനം ചെയ്യുകയെന്നതും അദ്ദേഹത്തിൻെറ ശക്തി ദുർബ്ബലമാക്കുകയെന്നതുമായിരുന്നു ഇംഗ്ലീഷ്കാരുടെ ലക്ഷ്യം.

ഇന്ത്യയിൽ എക്കാലത്തിറക്കിയിട്ടുള്ളതിനേക്കാൾ സുസജ്ജവും സംഘടിതവുമായിരുന്ന സഖ്യസൈന്യം[74] എന്നതിനുപരി കോൺവാലീസ്

71. Poona Residency Correspondence, Vol. III, No, 63, p. 67
72. Foreign Secret Political Proceedings, August 20, 1790, S. No. 96, Sept 25, p. 1849.
73. Ibid, No. 448, P, 585
74. Wilks, op. cit, Vol II, P. 174; Mill-wilson, Vol. v, P. 345

പ്രഭൃതന്നെ സൈനികനേതൃത്വം ഏറ്റെടുത്തു എന്നതും കണക്കിലെടുക്കേണ്ടതുണ്ടു്. എന്നിട്ടും ടിപ്പു നേതൃത്വം നല്കിയ സേനയുടെ വേഗതയും കാര്യക്ഷമതയും ശത്രുക്കളുടെ പോലും പ്രശംസയ്ക്കു് പാത്രമായിരുന്നു[75]. തനിക്കെതിരായി നീങ്ങിയ ഭീഷണമായ മഹാസേനയ്ക്കുപോലും ഭീതി പരത്തുന്നവയായിരുന്ന ടിപ്പുവിന്റെ പ്രതിഭാസമ്പന്നമായ സൈനിക പ്രവർത്തനം എന്നും ഇംഗ്ലീഷ് പക്ഷത്തുനിന്നുപോലും സമ്മതിച്ചിട്ടുള്ള പരമാർത്ഥമാണു്. "ഇംഗ്ലീഷ് സേനയുടെ ആളും അർത്ഥവും ഏറെ നശിപ്പിക്കുവാൻ ടിപ്പുവിനു് കഴിഞ്ഞു. മൈസൂർ ആക്രമിക്കുവാനുള്ള മെഡോസിന്റെ പദ്ധതി തകർക്കുക മാത്രമല്ല, കർണാട്ടിക്കിലേക്കു് കടന്നു് ആക്രമണം നടത്തി പ്രതിരോധയുദ്ധത്തെ അങ്ങനെ ആക്രമണയുദ്ധമായിമാററുവാനദ്ദേഹത്തിനു് നിഷ്പ്രയാസം കഴിഞ്ഞു"[76] എന്നാണു് ടിപ്പുവിന്റെ ആധികാരിക ചരിത്രകാരനായ മൊഹിബ്ബുൽ ഹസ്സൻഖാൻ എഴുതുന്നതു്. "പ്രതീക്ഷിക്കാത്തവണ്ണം സൈനിക മേധാവിത്വം മഹത്തരമായി അദ്ദേഹം പ്രദർശിപ്പിച്ചിരുന്നു"[77]. രാജ്യത്തു് നിലനിന്ന രാഷ്ട്രീയ പരിതസ്ഥിതികളെ ചൂഷണം ചെയ്തു് തങ്ങൾക്കനുകൂലമായ കാലാവസ്ഥയാണെന്നു് ബോദ്ധ്യം വന്നതിനുശേഷം ടിപ്പു ഒരിക്കലും ഒരു യുദ്ധത്തിനു് തയ്യാറായിരുന്നില്ലാത്ത സന്ദർഭത്തിൽ, ഇംഗ്ലീഷുകാർ അദ്ദേഹത്തിന്റെമേൽ യുദ്ധം അടിച്ചേൽപിക്കുകയാണുണ്ടായതു്. 1790 ഫെബ്രുവരി 5–നു് മാലററ്, കോൺവാലീസ്സിന്നെഴുതുന്ന കത്തിൽ ഈ രാഷ്ട്രീയ പശ്ചാത്തലം വിവരിച്ചിട്ടുണ്ടു്: "നമ്മുടെ വിരോധംപോക്കുവാനും ടിപ്പുവിനെ വകവരുത്തുവാനും ഏററവും പററിയ സന്ദർഭമാണിതു്. ഇന്ത്യയിൽ നമ്മുടെ ശക്തി പൂർവ്വാധികം ബലവത്താക്കിയപ്പോഴാ"[78] ഇന്ത്യയിലക്കാലത്തുണ്ടായിരുന്ന ഇംഗ്ലീഷ് സൈനികരത്രയും സമയം ഏററവും ഉചിതമായിരുന്ന എന്നു് ഏകോപിതമായി അഭിപ്രായപ്പെട്ടിട്ടുണ്ടു്. ജോൺ കെന്നവേ, ക്യാംബലിന്നെഴുതുന്നതിൽ നിന്നും ഇക്കാര്യം ഏറെ വ്യക്തമായി കാണാം. "ഇതിനേക്കാൾ അനുകൂലമായ ഒരു സന്ദർഭം ഉണ്ടാകുമെന്നു് വിചാരിക്കുവാൻ ഞാൻ അശക്തനാണു്. മൈസൂറിലെ ആഭ്യന്തരവും ബാഹ്യവുമായ സ്ഥിതിഗതികളും നിസാമും മറാത്തക്കാരുമായുള്ള ബന്ധങ്ങളും മനസ്സിലാക്കുവാൻ സാധിച്ചതിന്റെ അടിസ്ഥാനത്തിൽ, സുദൃഢമായും എനിക്കു് പറയാനുള്ളതു്, നമ്മുടെ ലക്ഷ്യം നേടുവാൻ ഇതിൽക്കവിഞ്ഞൊരവസരമുണ്ടാകുകയില്ല"[79]. എന്നാണു് കേംബ്രിഡ്ജ് ഹിസ്റ്ററിയിൽ ഡോവെൽ ഇക്കാര്യം അവതരിപ്പിക്കുന്നതു്

---

75. Ibid, P. 411
76. M. M. D. L. T, p. 195
77. കേംബ്രിഡ്ജ് ഹിസ്റ്ററി ഓഫ് ഇൻഡ്യ, Vol. V, P. 345
78. PRC, Vol. III, No. 63 p. 65
79. Foreign. Sec. Pol. Pro., S. No. 92, pp. 3868-69

മറെറാരുതരത്തിലാണ്. "ഫ്രഞ്ചുകാർ ആഭ്യന്തരപ്രശ്നങ്ങളിൽ മുങ്ങികുഴഞ്ഞിരുന്നതിനാൽ ഇന്ത്യയെപ്പററി ചിന്തിക്കുവാൻ പോലും അവസരമില്ലാതിരുന്ന സന്ദർഭത്തിലാണ് തിരുവിതാംകൂറിനെ പ്രകോപനപരമായി ആക്രമിച്ച് യുദ്ധത്തിന്നിടവരുത്തിയത്. തൻമൂലം തനിച്ച് ഇംഗ്ളീഷ് ശക്തിയോട് ടിപ്പുവിന്നേററുമുട്ടേണ്ടതായിവന്നു."[80]. അങ്ങനെ മൂന്നാം ആംഗ്ളോ–മൈസൂർ യുദ്ധം ഇംഗ്ളീഷ്കാർക്ക് രാഷ്ട്രീയമായ അനിവാര്യതയായിരുന്നു. എന്ത് ഉപജാപങ്ങളും കുതന്ത്രങ്ങളും പ്രയോഗിച്ച് തങ്ങളുടെ പ്രധാന പ്രതിയോഗിയായ ടിപ്പുവിനെ ദുർബ്ബലമാക്കുകയെന്നത് അവരുടെ നിലനില്പിൻെറ തന്നെ പ്രശ്നമായിരുന്നു[81].

ടിപ്പുവിൻെറ പകുതി രാജ്യവും വലിയ തുകയും ഈടാക്കി കഴിഞ്ഞപ്പോഴും, കമ്പനിയുമായി സൗഹൃദബന്ധത്തിന്ന് ടിപ്പു ഒരുങ്ങുമെന്നായിരുന്നു ഇംഗ്ളീഷ് കണക്കുകൂട്ടൽ. 1804 ജൂലായ് 13-ന് കോർട്ട് ഓഫ് ഡയറക്ടർമാർക്ക് മാർക്വിസ് ഓഫ് വെല്ലസ്ലി ഈ ഇംഗ്ളീഷ് വികാരം പ്രകടമാക്കുന്ന വിധത്തിൽ എഴുതിയിരിക്കുന്നതിപ്രകാരമാണ്: "1792–ലെ യുദ്ധത്തിൻെറ പരിസമാപ്തിയോടുകൂടി നാമുമായി ഒരു സഹായസഖ്യത്തിൽ ഏർപ്പെടുവാൻ ടിപ്പുവിനെ നിർബന്ധിച്ചിരുന്നുവെങ്കിൽ, 1792 മുതൽ 1798 വരെ നമ്മോട് ശത്രുതയിൽ മൈസൂർ കഴിയുന്നതിനു പകരം ആ ശത്രുതയെ പരിമിതമാക്കുവാനോ, ഒരു പക്ഷേ നമ്മുടെ സുരക്ഷയ്ക്കാധാരമാക്കി മാററുവാനോ സാധിക്കുമായിരുന്നു"[82]. എന്നാൽ, ഇംഗ്ളീഷ് വിരോധം തൻെറ സിരകളെ നിരന്തരം ചൂടുകയററിയിരുന്നതിനാൽ അവർക്കെതിരായി ഇന്ത്യയിലേയും വിദേശങ്ങളിലേയും ശക്തികളുടെ സഹായം ലഭിക്കുവാൻ അനവരതം അദ്ദേഹം യത്നിച്ചുകൊണ്ടിരിക്കുകയാണുണ്ടായത്. യാതൊരു പ്രകോപനവുമില്ലാതെ അകാരണമായി നാലാം ആംഗ്ളോ–മൈസൂർ യുദ്ധം ഏകപക്ഷീയമായി ഇംഗ്ളീഷ്കാർ പ്രഖ്യാപിക്കുവാനുണ്ടായ കാരണവും, ടിപ്പുവിനോടുള്ള നിലയ്ക്കാത്ത ഇംഗ്ളീഷ് വിരോധമായിരുന്നു. ഇംഗ്ളീഷുകാരുടെ ആശ്രിതനായി കഴിയുന്നതിനേക്കാൾ മരണമാണഭികാമ്യമെന്ന് അദ്ദേഹം തീരുമാനിച്ചതായിരുന്നു ഈ സന്ധിയില്ലാത്ത മനോഭാവത്തിന്നടിസ്ഥാനം[83]. ഇംഗ്ളീഷുകാർ അതേ സമയത്ത് "ടിപ്പുവിനെ മാത്രമാണ് തങ്ങളോട് എല്ലാ രംഗങ്ങളിലും

---

80. Cambridge History of India, Vol. v, P. 326
81. Beatson, A view of the Orgin and Conduct of war with Tippoo Sultan, P. 44
82. Depatches, Minutes and Correspondence of Marquise of Wellesley, Vol. IV, No. 33, P. 160
83. കേംബ്രിഡ്ജ് ഹിസ്റ്ററി ഓഫ് ഇൻഡ്യ, V, p. 326

തുല്യതയുള്ള സൈനിക മേധാവിയായി കണ്ടത്'. മദ്രാസ്സിന്റെ വാതിക്കൽ വന്ന്' നമ്മോട്' സമാധാന വ്യവസ്ഥകൾ നിർദ്ദേശിച്ചത്' ഹൈദരാലിയായിരുന്നു..........ശ്രീരംഗപട്ടണം അവരുടെ പഴയ ഹൈന്ദവ രാജാക്കന്മാരുടെ കീഴിൽ ഒരിക്കലും ആക്രമണകാരികളായിരുന്നില്ല. എന്നാൽ മുസൽമാൻ ഭരണാധികാരികളുടെ കീഴിൽ വന്ന ശ്രീരംഗപട്ടണത്തെപ്പറ്റി മദ്രാസിലെ ഇംഗ്ലീഷ്കാർ ബഹുമാനപുരസ്സരം പരാമർശിക്കുവാൻ പഠിച്ചു. അതേ സമയം തൃശ്ശിനാപള്ളിയിലും മധുരയിലും കൊച്ചിയിലും, തിരുവിതാംകൂറിലും, അതിന്റെ പേര്' ഉച്ചരിച്ചിരുന്നത്' ഭയത്തോടുകൂടിയുമായിരുന്നു''[84]. പരമാധികാരമെന്താണെന്നറിയാമായിരുന്ന ശക്തികളെ ഒരിക്കലും വെച്ചുപൊറിപ്പിക്കുവാൻ അധികാര ദുർമ്മോഹവും അത്യാർത്തിയും ഉണ്ടായിരുന്ന ആംഗ്ലേയർക്ക്' കഴിയുമായിരുന്നില്ല. ബീറ്റ്സൻ എഴുതുന്നത്', ''ടിപ്പുസുൽത്താൻ പ്രബലനായി വാഴുകയെന്നത്' കമ്പനിക്ക്' എന്നും ഒരു ബദ്ധപ്പാടും ചിലവും പ്രയാസവും സൃഷ്ടിക്കുമെന്ന്' തെളിഞ്ഞിരുന്നു''[85] എന്നാണ്'. ജി. ബി. മാലിസൻ എഴുതുന്നതാകട്ടെ, ''സാഹസിക പ്രവർത്തനങ്ങൾക്ക്' എന്നും നേടാനൊക്കുമായിരുന്ന ലോകചരിത്രത്തിലെ ഒരു പ്രതിസന്ധിയിൽ ഇന്ത്യയിലെ ഏക പരമാധികാര രാഷ്ട്രമായ മൈസൂറിനെ കഴിവതും നിരുപദ്രവമാക്കി തീർക്കുകയെന്നത്' ബ്രിട്ടീഷ്' താല്പര്യത്തിന്റെ ഒഴിക്കാനൊക്കാത്ത ആവശ്യമായിത്തീർന്നു. തന്റെ അച്ഛൻ മൈസൂർ സൈന്യത്തെക്കൊണ്ട്' നേടിയ നേട്ടങ്ങൾക്ക്' ദൃക്സാക്ഷിയുമായിരുന്നുവല്ലോ ടിപ്പുസുൽത്താൻ''[86].

പടക്കളത്തിൽ അവസാനം വരെ അടരാടി ടിപ്പു മരിച്ചു വീണു. അങ്ങനെ ഇന്ത്യക്കാരും വിദേശികളുമായുള്ള സംഘട്ടനത്തിൽ ഇന്ത്യയുടെ ഭാഗധേയം ആർ നിശ്ചയിക്കണമെന്ന്' അന്തിമമായി തീരുമാനിക്കപ്പെട്ട അന്തിമസമരത്തിൽ ഇന്ത്യക്കാർ പരാജിതരായി പിൻതിരിയേണ്ടതായി വന്നു. അങ്ങനെ ഇന്ത്യ, ഇന്ത്യക്കാർ ഭരിക്കുക എന്നതിന്റെ അവസാനാധ്യായമായി കലാശിച്ചു ടിപ്പുസുൽത്താന്റെ ഭരണം. ടിപ്പുവിന്റെ പതനം ഇംഗ്ലീഷ്കാർക്ക്' രാജ്യത്തിന്റെ ഗണ്യമായ ഭാഗം കൈവശപ്പെടുത്തുവാനവസരം നല്കിയെന്ന്' മാത്രമല്ല, അവരെ ഇന്ത്യയിലെ അജയ്യരായ ''പരമാധികാരികളാക്കുകയും ചെയ്തു''[87]. സമകാലിക ചരിത്രകാരൻ ടിപ്പുവിന്റെ അന്ത്യത്തെ വിലയിരുത്തുന്നതിപ്രകാരമാണ്': ''പൗരസ്ത്യ സാമ്രാജ്യം നമ്മുടെ കാല്പാടിന്' കീഴിലായിരിക്കുന്നു''[88]. ബ്രിട്ടീഷ്' കോളനിയുടെ

84. Beatson, op. cit. p. 44
85. G. B. Maleson, op. cit., pp. 153-54
86. G. B. Malleson, op. cit., pp. 153-54
87. Wellesley's Despatches, etc, p. xcii
88. Auber, Rise and Progress of British India, Vol. III. p. 192

പ്രതിഫരായ ഇന്ത്യയുടെ രാഷ്ട്രീയ മണ്ഡലത്തെ ആകമാനം ഗ്രസിച്ചുകൊണ്ടിരിക്കുന്നതായി മറാത്ത ഭരണതന്ത്രജ്ഞനായ നാനാഫർണാവിസിന്നു മുൻകൂട്ടികാണാൻ കഴിഞ്ഞു. അദ്ദേഹം വിലപിച്ചു. "ടിപ്പു മരിച്ചുകഴിഞ്ഞു. ബ്രിട്ടീഷ് ശക്തി അജയ്യമായി വളരുകയും ചെയ്തു. ഇന്ത്യയുടെ കിഴക്കു ഭാഗം മുഴുവൻ അവരുടെ പിടിയിലമർന്നു കഴിഞ്ഞു. അവർക്കു് ഇനി ഇരയാകുക പൂനയായിരിക്കും. ഭാവി ഭയാനകമാണു്. ഈ വിധിയിൽ നിന്നു മുക്തി അസാദ്ധ്യവുമാണു്"[89].

1799-ൽ ടിപ്പു മരിച്ചതോടുകൂടി ഇന്ത്യയിൽ പുതിയ ഒരു സംവിധാനം തുടങ്ങി. ബ്രിട്ടീഷ് കൊളോണിയലിസത്തിൻെറ വ്യാവസായിക–വാണിജ്യനയങ്ങൾ ഇന്ത്യൻ സമൂഹത്തെ ആകമാനം പിഴിഞ്ഞു കളഞ്ഞു. അന്നു് തുടങ്ങിയ ബ്രിട്ടീഷ് കൊളോണിയൽ ഭരണം തുടർന്നു് ഒന്നര നൂററാണ്ടുകാലം ഇന്ത്യയേയും ഇന്ത്യക്കാരേയും ചൂഷണം ചെയ്തുകൊണ്ടും വൈദേശിക മേൽക്കോയ്മയായി വർത്തിച്ചു. ഇന്നും അവർ ചെയ്ത കെടുതികളിൽ വിമുക്തരാകാൻ ഇന്ത്യയ്ക്കോ ഇന്ത്യക്കാർക്കോ കഴിഞ്ഞിട്ടില്ലെന്നതാണു് സത്യം.

ഇംഗ്ലീഷ് സൈനികമേധാവികൾ തമ്മിൽ തമ്മിൽ നടത്തിയിരുന്ന ഔദ്യോഗികവും സ്വകാര്യവുമായ എഴുത്തുകൾ കഴിവതും ഉദ്ധരിക്കുവാൻ ശ്രമിച്ചതിൻെറ പ്രധാന കാര്യം, മുസൽമാൻ ഭരണാധികാരികളുടെ കീഴിലുണ്ടായിരുന്ന മൈസൂറിനെ എത്രമാത്രം ഇംഗ്ലീഷുകാർ ഭയപ്പെട്ടിരുന്നുവെന്നു് വ്യക്തമാക്കുവാനാണു്. ഏതെങ്കിലും നാട്ടുരാജാക്കന്മാർക്കു് വിദേശികളായ ആംഗ്ലേയരുടെ ഹൃദയത്തിൽ മറയ്ക്കാനൊക്കാത്ത ഭീതിയുളവാക്കുവാൻ സാധിച്ചിരുന്നുവെങ്കിൽ അതു് ഹൈദരാലിക്കും ടിപ്പുസുൽത്താനും മാത്രമായിരുന്നു എന്നതാണു് പരമാർത്ഥം. മാത്രമല്ല, ഇംഗ്ലീഷുകാരോടു് സമമോ, അവരേക്കാൾ കൂടുതലായോ എല്ലാ വ്യവഹാരമണ്ഡലങ്ങളിലും പ്രശോഭിക്കുവാൻ സാധിച്ചതും മററാർക്കുമായിരുന്നില്ല. ഒരേ രാജ്യത്തു് പരമാധികാരികളായ രണ്ടു ഭരണാധികാരികൾ ഒരേസമയത്തു് നിലനില്ക്കുക പ്രയാസമാണു്. അതു തന്നെ ഇവിടേയും സംഭവിച്ചു. എല്ലാ രംഗങ്ങളിലും തുല്യസാമർത്ഥ്യമുണ്ടായിരുന്ന ഇംഗ്ലീഷ് കമ്പനി അധികാരികൾക്കും മൈസൂർ ഭരണാധികാരികൾക്കും സഹവർത്തിത്വത്തോടുകൂടി സമാധാനപരമായി കഴിയുവാൻ സാദ്ധ്യമാകുമായിരുന്നില്ല. ഇരുകൂട്ടരും അന്യോന്യം നശിപ്പിക്കുവാനും സ്വന്തമധികാരം ഉറപ്പിക്കുവാനും അക്ഷീണം അവിരാമം പരിശ്രമിച്ചു. അന്താരാഷ്ട്രീയസ്ഥിതിഗതികളും, ഇന്ത്യയിലെ ഇതര നാട്ടുരാജാക്കന്മാരുടെ ഭാവനാരാഹിത്യവും, ഇംഗ്ലീഷ് കുതന്ത്രങ്ങൾ വിജയകരമായ പരിസമാപ്തിയിലെത്തിക്കുവാൻ സഹായിച്ചു

89. Quoted by Sardesai, New History of the Marattas, Vol. III p. 354.

ഘടകങ്ങളാണ്. ഫ്രഞ്ച് വിപ്ലവഗവൺമെൻറിനും നെപ്പോളിയനും ആക സ്മികമായേററ തിരിച്ചടികൾ ഉണ്ടായിരുന്നില്ലെങ്കിൽ, മഹത്തായ ഫ്രഞ്ച് വിപ്ളവം ആഭ്യന്തരമായി കുരുതിക്കളമായിമാറി കക്ഷിരാഷ്ട്രീയത്തിൻെറ കാലുഷ്യം കലർത്തി വിപ്ളവവീര്യം തകർത്തിരുന്നില്ലെങ്കിൽ, ഇന്ത്യയിൽ ഇംഗ്ളീഷ് ആധിപത്യമെന്നൊന്ന് ഉണ്ടാകുമായിരുന്നില്ല. ഇംഗ്ളീഷ് ഉപജാപത്തെ വെന്ന് ക്രാന്തദർശിത്വത്തോടുകൂടി മറാത്തക്കാരും നിസാമും മററു ചെറുകിട നാട്ടുരാജാക്കന്മാരും മൈസൂറുമായി ഒന്നിച്ചുനിന്ന് ഇംഗ്ലീഷ് കാർക്കെതിരായി ശക്തമായ ഒരു സമരനിര സൃഷ്ടിച്ചിരുന്നുവെങ്കിലും ഇന്ത്യയുടെ രാഷ്ട്രീയ ഭാഗധേയം മാറെറാന്നാകുമായിരുന്നേനെ. ഊഹ ങ്ങൾക്കതീതമാണല്ലൊ ചരിത്രസത്യം.

ഇംഗ്ലീഷ്കാരും ഇന്ത്യക്കാരുമായുണ്ടായ സംഘട്ടനത്തിലെ ഏകീ കൃതമായ ഒററ അദ്ധ്യായമാണ് നാല് ആംഗ്ലോ–മൈസൂർ യുദ്ധങ്ങൾ. അവയെ ഒററയ്ക്കൊററയ്ക്ക് കാണുന്നതും പഠിക്കുന്നതും ചിത്രത്തിൻെറ പൂർണരൂപം ലഭിക്കുവാൻ ഉതകുന്നതല്ല. എന്നാൽ ഇംഗ്ളീഷ് കാരോട് ബോധപൂർവ്വം പൊരുതുകയും, സന്ധിയില്ലാമനസ്ഥിതിയോടു കൂടി അവരെ ഇവിടെ നിന്നും തുരത്തണമെന്ന ലക്ഷ്യത്തോടുകൂടി അവി രാമം നടത്തിയ ഐതിഹാസികമായ ഈ സമരങ്ങൾക്ക് അതർഹിക്കുന്ന പ്രാധാന്യം ഇന്ത്യാചരിത്രപ്രതിപാദനത്തിൽ നല്കിയിട്ടില്ലെന്നതാണ് ദൗർഭാഗ്യകരമായ സ്ഥിതി. മൈസൂർ നവാബുമാർ നടത്തിയ സാഹ സികമായ ഈ വീരസമരങ്ങൾ ഏതൊരു ഇന്ത്യക്കാരനിലും ദേശീയാ വേശം പകരുവാൻ പര്യാപ്തമാണ്. ലോകത്തിലെ മഹാൻമാരായ വീര സേനാധിപൻമാരുടെ പദവിയിലേക്ക് ഉയരുവാൻ എന്തുകൊണ്ടും അർ ഹതയുള്ള ഹൈദരാലിയും ടിപ്പുസുൽത്താനും ഇന്നും ദേശീയാതിർത്തിക്കുള്ളിൽ ഒതുങ്ങി ഞെരിഞ്ഞു നില്ക്കുകയും ചെയ്യുന്നു. ലോകം കണ്ടിട്ടുള്ള ഏററവും സമർത്ഥരായ ഭരണാധിപൻമാരായും കെല്പുററ സേനാനായകന്മാരായും വാഴ്ത്തപ്പെടേണ്ട ഈ ഇന്ത്യൻ ഭരണാധികാരികളോട് ചരിത്രം നീതി ചെയ്തിട്ടില്ലാത്തതിനാൽ തന്നെ അവർ നടത്തിയ സാഹസിക യുദ്ധ ങ്ങൾക്കോ വിദേശികളോട് അവർക്കുണ്ടായിരുന്ന വിദ്വേഷങ്ങൾക്കോ ഭാര തീയർക്ക് ആവേശം പകരാനൊക്കാത്ത നിർജീവാദ്ധ്യായങ്ങളായി അവ അവശേഷിക്കുകയാണ് ഇന്ത്യാചരിത്രപ്രതിപാദനത്തിൽ. ഇന്ത്യാചരിത്ര വീക്ഷണത്തിലെ അശാസ്ത്രീയതയാണ് ഇത് കാണിക്കുന്നത്. ക്രിയാത്മക മായ ചരിത്രരചനാരീതി അവലംബിച്ചിരുന്നുവെങ്കിൽ പുരുഷാന്തരങ്ങൾക്ക് പ്രചോദനധാരയായി എക്കാലവും ഈ മൈസൂർ ഇതിഹാസം നിലനില്ക്കു മായിരുന്നു. പ്രാദേശികവും വർഗീയവുമായ മാനസിക വൈകല്യം തുത്തെറിഞ്ഞ് നിഷ്പക്ഷമായും രചനാത്മകമായും ഇന്ത്യാചരിത്രത്തിലെ മഹത്തായ ഈ അദ്ധ്യായം പുനരാവിഷ്കരിക്കേണ്ടത് ദേശീയമായ കാഴ്ച പ്പാടും ചരിത്രബോധവും ഊട്ടിയുറപ്പിക്കുവാൻ അനിവാര്യമാണ്.

അനുബന്ധം 1

# കോഴിക്കോട് സാമൂതിരിമാർ

കോലത്തുനാട്, കൊച്ചി എന്നീ രാജ്യങ്ങൾക്കിടക്ക് സ്ഥിതിചെയ്യുന്ന പ്രധാന രാജസ്ഥാനമായിരുന്നു സാമൂതിരിമാരുടെ രാജ്യം. കോഴിക്കോട് ആസ്ഥാനമാക്കി ഭരണം നടത്തിയിരുന്ന ഇവർ 18–ാം നൂറ്റാണ്ടിൽ കേരളത്തിലെ പ്രമുഖശക്തിയായിരുന്നു. തന്റെ സാമ്രാജ്യം വിഭജനം നടത്തി ഇസ്ലാം മതം സ്വീകരിക്കുവാൻ തയ്യാറായി മക്കയിലേക്ക് പോയ ചേരമാൻ പെരുമാളിന്റെ കാലത്തിനു ശേഷം ഉദയം ചെയ്ത രാജസ്ഥാനമാണ് സാമൂതിരിയുടേതെന്നാണ് കേരളോല്പത്തിയിലുള്ളത്. വിഭജനം കഴിഞ്ഞപ്പോൾ അവശേഷിച്ച ചെറിയ ഒരു സ്ഥലമാണിവർക്ക് ലഭിച്ചതെന്നും എന്നാൽ ആ കുറവ് പരിഹരിക്കുവാനെന്നോണം 'ചത്തും കൊന്നും വാഴുക' എന്ന ഉപദേശത്തോടുകൂടി പെരുമാൾ തന്റെ വാൾ ഇവർക്കു നൽകിയതായും ഇതിൽപറയുന്നുണ്ട്. 1792–ൽ മലബാറിൽ ജോയിന്റ് കമ്മീഷണർമാരും അതിനുശേഷം 1885–ൽ വില്യം ലോഗനും, ഈ വാളിന്റെ കാര്യം എടുത്തു പറയുന്നുണ്ട്. സാമൂതിരിരാജാക്കന്മാരൊക്കെ ഇതിനെ അങ്ങേ അററം ബഹുമാനത്തോടുകൂടി തുരുമ്പ് പിടിക്കാതെ പട്ടിൽ പൊതിഞ്ഞു സൂക്ഷിച്ചിട്ടുള്ളതായും അവർ എഴുതിയിട്ടുണ്ട്. ലോഗൻ തന്റെ 'മലബാർ മാന്വ'ലിന്റെ ആരംഭത്തിൽ തന്നെ ഈ വാളിന്റെ പടം നല്കുകയും ചെയ്യുന്നു. 1907–ൽ മദ്രാസ്സിലെ അന്നത്തെ ഗവർണറായിരുന്ന ആർതർ ലോലി അദ്ദേഹത്തിന്റെ ഡയറിക്കുറിപ്പിൽ മലബാർ പര്യടനത്തെക്കുറിച്ചെഴുതുന്ന കൂട്ടത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്, "സാമൂതിരിക്ക് പെരുമാൾ നല്കിയത് ഒരു ചെറിയ ഗ്രാമവും തന്റെ വാളുമാണ്. 'ചത്തും കൊന്നും അടക്കി കൊൾക' എന്ന ഉപദേശത്തോടുകൂടിയാണിത് നൽകിയത്. ഈ വാൾ സാമൂതിരി കൊട്ടാരത്തിൽ ഇപ്പോഴും സൂക്ഷിച്ചിരിക്കുന്നു"[1] എന്നാണ്.

---

1. Sir Arthur Lawley, The Fifth Tour of H. H. Governor of Madras, p. 18

ക്ഷത്രിയജാതിക്ക് താഴെയായുള്ള സാമന്തജാതിക്കാരാണ് സാമൂതിരിമാർ. തനിക്ക് കിട്ടിയ രാജ്യം വിപുലീകരിക്കുവാനാരും ശ്രമിക്കാറുള്ളതുപോലെ സാമൂതിരി രാജാക്കൻമാരും അയൽരാജ്യങ്ങളെ വെട്ടിപ്പിടിക്കുവാൻ തുടങ്ങി. കോഴിക്കോടിന്റെ അയൽപ്രദേശമായ പോയനാട്, പോർളാതിരിമാരിൽ നിന്നും കൈവശമാക്കിക്കൊണ്ടാണ് അവർ തങ്ങളുടെ വിജയകരമായ മുന്നേററം നടത്തിയത്. ചിറയ്ക്കൽ, കൊച്ചി എന്നീ സ്ഥലങ്ങളിലെ രാജാക്കൻമാരുമായി നിരന്തരം യുദ്ധം ചെയ്യുക അവർ പതിവാക്കിയിരുന്നു. സമ്പൂർണ അധികാരാവകാശങ്ങളുള്ള ഒരു സ്വതന്ത്രരാജവംശമായി സാമൂതിരി രാജവംശം വളർന്നു കഴിഞ്ഞിരുന്നു. എ. ഡി. 852-ൽ കേരളം സന്ദർശിച്ച സുലൈമാൻ എന്ന അറബി വ്യാപാരി സാമൂതിരിയുടെ പ്രതാപത്തെക്കുറിച്ചൊക്കെ വിസ്തരിച്ചെഴുതുന്നതിൽ നിന്നും മലബാറിലെ രാജാക്കന്മാരിൽ പ്രമുഖൻ സാമൂതിരിയായിരുന്നുവെന്ന് ന്യായമായും ഊഹിക്കാം. സുലൈമാന് ശേഷം കോഴിക്കോട് സന്ദർശിച്ചിട്ടുള്ള മഹ്വാൻ, അബ്ദുർ റസാക്ക്, ഇബ്ൻ ബത്തൂത്ത തുടങ്ങിയവരൊക്കെ കോഴിക്കോട്ടെ കച്ചവടമര്യാദയേയും സത്യസന്ധതയേയും സമ്പൽസമൃദ്ധിയേയും കുറിച്ച് വിവരിച്ചിട്ടുള്ളവരാണ്.

ചുരുക്കത്തിൽ, ഒരു നൂററാണ്ടുകൊണ്ട് സാമൂതിരി രാജവംശം മലബാറിലെ മറെറാരു രാജസ്ഥാനത്തേക്കാൾ പ്രബലത്തായിത്തീർന്നിരുന്നു. കോഴിക്കോട്ടും മലബാറിന്റെ മററുള്ള തുറമുഖകേന്ദ്രങ്ങളിലുമൊക്കെ കച്ചവടാർത്ഥം എത്തി മലബാറിൽ സ്ഥിരതാമസമാക്കിയിരുന്ന അറബി വ്യാപാരികളും, അവരുടെ അനുയായികളായ മാപ്പിളമാരും സാമൂതിരിയുടെ ഉയർച്ചയ്ക്കും, നാട്ടിന്റെ സാമ്പത്തിക വളർച്ചയ്ക്കും ഒട്ടൊന്നുമല്ല സഹായികളായി വർത്തിച്ചത്. മാപ്പിളസൈനികരുടേയും നാവികരുടേയും ആളും അർത്ഥവും സാമൂതിരിക്കുവേണ്ടി ബലികഴിപ്പിക്കുവാനവർ തയ്യാറായതിന്റെ ഫലമായി കൊച്ചുകൊച്ചു രാജ്യങ്ങളെ നിഷ്പ്രയാസം സാമൂതിരിക്ക് കീഴടക്കുവാൻ സാധിച്ചെന്ന് മാത്രമല്ല, വള്ളുവക്കോനാതിരിയിൽ നിന്നും 'മാമാങ്ക'[2]ത്തിന്റെ 'രക്ഷാപുരുഷാ'വകാശം കൈക്കലാക്കുവാനും കഴിഞ്ഞു. മലകളുടേയും കടലുകളുടേയും അധിപനെന്നർത്ഥം വരും വിധം 'കുന്നലക്കോനാതിരി' എന്ന നാമധേയം അദ്ദേഹം സ്വീകരിക്കുകയും ചെയ്തു.

---

2. തിരുനാവായയിൽ പന്ത്രണ്ടു വർഷത്തിലൊരിക്കൽ കൊണ്ടാടാറുണ്ടായിരുന്ന ആഘോഷം. മാമാങ്കത്തിന്റെ രക്ഷാപുരുഷൻ കേരളത്തിന്റെ സുപ്രധാന ഭരണാധിപനെന്ന ബഹുമതിക്കർഹനായിരുന്നു. ഈ രക്ഷാപുരുഷാവകാശം 14–ാം നൂററാണ്ടു മുതൽ 18–ാം നൂററാണ്ടിന്റെ അവസാനപകുതിയിൽ ഹൈദരാലിയുടെ ആക്രമണം വരെ സാമൂതിരി നിലനിർത്തിപ്പോന്നു.

'സാമൂതിരി' എന്ന സംസ്കൃതപദത്തിൽ നിന്നും മലയാളത്തിൽ 'സാമൂതിരി' 'താമൂതിരി' എന്നീ പദങ്ങൾ പ്രയോഗത്തിൽ വരികയുണ്ടായി.

കോഴിക്കോട്ട് നിന്ന് ഉദ്ദേശം 13 കിലോമീററർ വടക്കോട്ട മാറി കാപ്പാട് എന്ന സ്ഥലത്ത് പോർട്ടുഗീസ് നായകനായ വാസ്കോ ഡി ഗാമ തന്റെ സാഹസിക സമുദ്രയാത്രക്ക് ശേഷം കപ്പലിറങ്ങിയപ്പോൾ, കേരളത്തിലെ നിരവധി രാജാക്കൻമാരിൽ ഏററവും ശക്തനായി കണ്ടത് സാമൂതിരിയെയായിരുന്നു. എന്നാൽ സാമൂതിരി മലബാർ മാപ്പിളമാരുടെ സ്വാധീനതയിലാണെന്ന് മനസ്സിലാക്കിയ ഗാമ, ചിറയ്ക്കൽ രാജാവിനേയും കൊച്ചിരാജാവിനേയും കച്ചവടാവശ്യങ്ങൾക്കായി ആശ്രയിക്കുകയാണുണ്ടായത്. പിന്നീടുള്ള കേരളചരിത്രം സാമൂതിരിയും പറങ്കികളും തമ്മിലുണ്ടായ സുദീർഘങ്ങളായ നാവിക പോരാട്ടങ്ങളുടെ കഥയാണ്. പറങ്കികൾക്ക് കൊച്ചിരാജാവിന്റെയും ചിറയ്ക്കൽ രാജാവിന്റെയും പിൻതുണ ലഭിച്ചിരുന്നപ്പോൾ, സാമൂതിരി തന്റെ മാപ്പിള നാവികരായ കുഞ്ഞാലി മരയ്ക്കാർമാരെയാണ് ആശ്രയിച്ചിരുന്നത്. കുഞ്ഞാലിമരയ്ക്കാർമാരുടെ നേതൃത്വത്തിൽ സാമൂതിരിയുടെ പതാകക്ക് കീഴിൽ അവർ നടത്തിയ വീരോചിതമായ നാവികയുദ്ധങ്ങളുടെ ഫലമായിട്ടാണ് പറങ്കികൾക്ക് മലബാറിന്റെ ഉൾപ്രദേശത്തേക്ക് കടക്കാൻ സാധിക്കാതെ വന്നതും അവരുടെ പ്രവർത്തനങ്ങൾ കടലിലും കടലോരപ്രദേശങ്ങളിലുമായൊതുങ്ങിയതും.

സാമൂതിരിയും കൊച്ചിയും തമ്മിൽ പണ്ടു പണ്ടേ നിലനിന്നുപോന്ന ശത്രുതയാണ് വിദേശശക്തികൾക്ക് കേരളത്തിൽ കാലൂന്നാൻ ഇടം നൽകിയതെങ്കിൽ, അതേ സ്ഥിതി തന്നെ, സാമൂതിരിയും കോലത്തിരിയും തമ്മിലുണ്ടായിരുന്ന വഴക്കും കലഹവും ചൂഷണം ചെയ്ത് വളരുകയാണ് പറങ്കികളും അവരെ തുടർന്നിവിടെയെത്തിയ യൂറോപ്യൻമാരും ചെയ്തത്. കേരളത്തിന്റെ മുഴുവൻ അധിപതി താനാണെന്ന് സാമൂതിരി അവകാശപ്പെട്ടിരുന്നുവെങ്കിലും, തിരുവിതാംകൂർ രാജാവോ, കോലത്തിരിയോ ഇതംഗീകരിച്ചു കൊടുത്തിരുന്നില്ല. ഏതായാലും കണ്ണൂർ മുതൽ കൊല്ലംവരെയുള്ള സ്ഥലങ്ങളിലുണ്ടായിരുന്ന ചെറുതും വലുതുമായ നാട്ടുരാജാക്കൻമാരൊക്കെ പതിനഞ്ചും പതിനാറും നൂററാണ്ടുകളിലെങ്കിലും സാമൂതിരിയെ പരമാധികാരശക്തിയായി അംഗീകരിക്കുകയും അദ്ദേഹത്തിന്ന് നാമമാത്രമായ കപ്പമെങ്കിലും നല്കുകയും ചെയ്തിരുന്നു. "തന്റെ ചുററുമായി നില്ക്കുന്ന മന്ത്രിമാർക്ക് കല്പനകളും നിർദേശങ്ങളും നല്കുമ്പോൾ അവ താളിയോലകളിൽ പകർത്തി നാടുവാഴികൾക്കും ദേശവാഴികൾക്കും ഉദ്യോഗസ്ഥന്മാർ എത്തിച്ചുകൊടുത്തിരുന്നു" താൻ കണ്ടതായി ബർബോസ രേഖപ്പെടുത്തിയിട്ടുണ്ട്[3]. 1743-ൽ ഗലനേ തന്റെ 'മെമ്മോറാണ്ട'മെഴുതുന്ന കാലത്ത്

3. ബർബോസ, മുൻ ഉദ്ധരിച്ചത്, പുറം 110

കേരളം [illegible]ത്തിലെ രാജാക്കാൻമാരിൽ പ്രമുഖൻ സാമൂതിരിയായിരുന്നു എന്നോർമ്മിക്കേണ്ടതുണ്ട്[4]. കൊച്ചിരാജാവിനെ കീഴടക്കുക എന്ന ലക്ഷ്യം വെച്ചു നീങ്ങിയ സാമൂതിരി അവസാനം ബുദ്ധിമുട്ടിലകപ്പെടുകയാണുണ്ടായത്. കൊച്ചിരാജാവ് തിരുവിതാംകൂറിന്റെ സഹായം തേടിയതായിരുന്നു ഈ തിരിച്ചടിക്കു കാരണം. അതുപോലെ പാലക്കാട് ആക്രമിച്ച സാമൂതിരിക്കെതിരായി ഡിൻഡിഗലിലെ ഫൗജുദാറായിരുന്ന ഹൈദരാലിയുടെ സഹായം തേടിയ പാലക്കാട് അച്ചൻ നമ്പൂതിരിക്കു മറ്റൊരു തിരിച്ചടിയാണുണ്ടാക്കിയത്.

കൊച്ചിയും സാമൂതിരിയും തമ്മിലുള്ള ബന്ധം എക്കാലവും ശത്രുതയുടേതായിരുന്നു. "ഈ രണ്ടു രാജ്യങ്ങളും തമ്മിൽ ഒരിക്കലും മാററാൻ കഴിയാത്ത വിദ്വേഷമാണുണ്ടായിരുന്നത്" എന്നാണ് ഡച്ചുഗവർണറായിരുന്ന മോയൻസ് രേഖപ്പെടുത്തിയിട്ടുള്ളത്. കൊച്ചിരാജാവ് ക്ഷത്രിയനും സാമൂതിരി ജാതിയിൽ അല്പം താഴ്ന്ന സാമന്തനുമായിരുന്നുവല്ലൊ. താഴ്ന്ന ജാതിക്കാരനായ സാമൂതിരിയുടെ ആശ്രിതനാകുക വളരെ വേദനകരമായിക്കരുതിപ്പോന്നിരുന്നു കൊച്ചിരാജാക്കൻമാർ. സാമൂതിരിക്കെതിരായി ശക്തരായ ഏതു കൂട്ടരോടും സഖ്യം ചെയ്യുവാനും തൻമൂലം കൊച്ചി ഒരുക്കമായിരുന്നു. ഒന്നര നൂററാണ്ടുകാലം പറങ്കിപ്പടയുമായി നിരന്തരം സാമൂതിരി യുദ്ധം ചെയ്തുകൊണ്ടിരുന്നപ്പോൾ, അക്കാലമത്രയും പറങ്കികളെ സഹായിച്ചിരുന്നത് കൊച്ചി രാജാക്കൻമാരായിരുന്നു. ലന്തക്കാരുടെ ആശ്രിതനായി കൊച്ചി മാറിയപ്പോൾ, സാമൂതിരി അവരുമായി പിണങ്ങുകയും ചെയ്തതായി കാണാം. ഇത് വളരെ വ്യക്തമായി മോയൻസ് തന്റെ മെമ്മോറാണ്ടത്തിൽ വിവരിക്കുന്നുണ്ട്. അതിപ്രകാരമാണ്: "സാമൂതിരിയുമായി കമ്പനിക്ക് പലപ്പോഴും വിലവേറിയ യുദ്ധങ്ങൾ നടത്തേണ്ടതായി വന്നിട്ടുണ്ട്. നമുക്ക് കുഴപ്പം സൃഷ്ടിക്കുന്നതിൽ ബദ്ധശ്രദ്ധനാണ് സാമൂതിരി. മലബാർ രാജാക്കൻമാരിൽവെച്ച് ഒട്ടും വിശ്വസിക്കുവാൻ പററാത്തവരാണവർ"[5]. കൊച്ചിയുമായുള്ള തങ്ങളുടെ സൗഹൃദബന്ധമാണ് സാമൂതിരിയുടെ എതിർപ്പിന്ന് നിദാനമെന്നും അദ്ദേഹം തുടർന്നെഴുതുന്നുണ്ട്[6]. അവസാനം രക്ഷയില്ലെന്ന് കണ്ട കൊച്ചിരാജാവ് തിരുവിതാംകൂറിലെ രാമവർമ്മ രാജയുടെ സഹായത്തോടുകൂടി സാമൂതിരി ആക്രമിച്ചുപിടിച്ച സ്ഥലങ്ങൾ വീണ്ടും കൈവശപ്പെടുത്തി. 1761—ൽ സാമൂതിരിയുമായുണ്ടാക്കിയ ഉടമ്പടിയിൽ എല്ലാ തർക്കങ്ങളും മേലാൽ തിരുവിതാംകൂർ രാജാവിന്റെ മാദ്ധ്യസ്ഥതീരുമാനത്തിന്ന് വിടാമെന്ന് വ്യവസ്ഥ ചെയ്യുകയുമുണ്ടായി.

4. ഡച്ച് റെക്കോഡ്സ്, നമ്പർ 13, പുറം 134—135
5. ടി, പുറം 132
6. ടി, പുറങ്ങൾ 132—33

ചിറയ്ക്കൽ രാജാക്കന്മാരായ കോലത്തിരിമാരുമായും സാമൂതിരി കലഹത്തിലായിരുന്നുവെന്നു് നേരത്തെ പ്രസ്താവിച്ചിരുന്നതാണല്ലൊ. ഇരുകൂട്ടരും മലബാർ പ്രദേശത്തെത്തിയിരുന്ന യൂറോപ്യൻ ശക്തികളിൽ ഏതെങ്കിലും ഒന്നിന്റെ പിന്തുണ തേടാൻ കിണഞ്ഞു് പരിശ്രമിക്കുകയും ചെയ്തിരുന്നു. സാമൂതിരിയുമായി കച്ചവടഉടമ്പടി നടത്തുന്നതിൽ പരാജിതനായ വാസ്കോ ഡി ഗാമയെ, തന്റെ പ്രതിപുരുഷന്മാർ മുഖാന്തിരം കോലത്തുനാട്ടിലേക്ക് വിളിപ്പിച്ച് രാജകീയമായ സ്വീകരണവും എല്ലാ കച്ചവടാവകാശങ്ങളും നൽകുകയാണു് ചിറയ്ക്കൽ രാജാവ് ചെയ്തതു്.[7] പൊതുശത്രുവിന്നെതിരായി ഒന്നിച്ച് അവരെ നേരിടുവാനുള്ള സന്നദ്ധത പോലും ഈ കുടിപ്പകമൂലം അവർക്കില്ലാതെ പോയിരുന്നു. അക്കാലത്തെ ഡച്ച് ഗവർണറായ മോയൻസ് മൈസൂർ ആക്രമണകാലത്തെക്കുറിച്ച് അതിശയത്തോടുകൂടി പറയുന്നതിങ്ങനെയാണു്: "ഹൈദരാലിയുടെ ആക്രമണവേളയിൽപ്പോലും സാമൂതിരി കാണിച്ച വിരസമനോഭാവം എന്നെ അത്ഭുതപ്പെടുത്തി. കോട്ടയം, ചിറയ്ക്കൽ തുടങ്ങിയ രാജ്യങ്ങൾ നവാബ് പിടിച്ചടക്കിക്കഴിഞ്ഞുവെന്നും, തന്റെ ഊഴമാണടുത്തതെന്നും അറിയാമായിരുന്നിട്ടും തന്റെ രാജ്യരക്ഷക്കാവശ്യമായ കാര്യങ്ങൾ ചെയ്യുന്നതിൽ അദ്ദേഹം വിമുഖത കാണിക്കുക മാത്രമല്ല, നിസ്സാരമായ വഴക്കുകൾക്ക്വേണ്ടി സമയം വിനിയോഗിക്കുകയുമാണു് ചെയ്തുകൊണ്ടിരുന്നതു്. തന്നോടാലോചിക്കാതെ തൃപ്പാട്ടി(തൃപ്രയാർ) ക്ഷേത്രത്തിൽ പുരോഹിതനായി ഒരു നമ്പൂതിരിയെ കൊച്ചിരാജാവ് നിയമിച്ചതിൽ അരിശംപൂണ്ട് അതിനുവേണ്ടി തന്റെ സമയംമുഴുക്കെ ചിലവഴിച്ച് എനിക്കദ്ദേഹം തുരുതുരാ എഴുതിക്കൊണ്ടിരുന്നു. ഈ കത്തുകളെഴുതി ഒരു മാസം തികയുന്നതിനുമുമ്പ് തന്റെ രാജ്യംവിട്ട് പലായനം ചെയ്യേണ്ടതായി വന്നുവെന്നുകൂടി ഓർക്കണം".[8] പൊതുശത്രുവെ സംഘടിതമായി നേരിടുവാനൊത്തില്ലെന്നുപോകട്ടെ ആക്രമണകാരിക്ക് രാജ്യത്തെ നിഷ്പ്രയാസം കീഴടക്കുവാൻ സാധിക്കത്തക്ക സാഹചര്യങ്ങളാണു് നമ്മുടെ നാട്ടരചൻമാർ സൃഷ്ടിച്ചിരുന്നതു്. തമ്മിൽ തമ്മിലുള്ള മത്സരവും കുടിപ്പകയും ഏതൊരാക്രമണകാരിക്കും വലിയ ബുദ്ധിമുട്ടുകൂടാതെ വിജയകരമായി രാജ്യം പിടിച്ചടക്കാവുന്ന രാഷ്ട്രീയമായ അരാജകത്വമാണു് സൃഷ്ടിച്ചിരുന്നതു്. ഇത്തരം രാഷ്ട്രീയ സാഹചര്യത്തെ തന്ത്രപൂർവ്വം മുതലെടുത്ത് തന്റെ ആധിപത്യം സ്ഥാപിക്കുകയാണു് ഹൈദരാലി ചെയ്തതും.

7. Malabar and Portuguese, p. 38

## അനബന്ധം II

# കോലത്തിരിമാരുടെ ചിറയ്ക്കൽ രാജസ്ഥാനം

യൂറോപ്യൻ രേഖകളിൽ കോലത്തിരിമാരെ പല തരത്തിലാണ് പരാമർശിച്ചുകാണുന്നത്. 'കൊലാസ്ത്തിരി', 'കൊലാസ്ട്രി', 'ക്കുലാത്രി', 'കാലിസ്ട്രി', 'കൊല്ലാസ്ട്രി' തുടങ്ങിയ സംജ്ഞകൾ, കോലത്തിരിമാരെ പരാമർശിക്കുവാൻ യൂറോപ്യൻ രേഖകളിൽ ഉപയോഗിച്ചിരിക്കുന്നതായി കാണുന്നു. യൂറോപ്യൻമാർ 'ചെരിക്ക', അഥവാ ചെരിക്കൽ എന്നു പറയുന്ന ചിറയ്ക്കൽ രാജാക്കൻമാരെയാണ് കോലത്തിരികൾ എന്ന പേരുകൊണ്ടുദ്ദേശിച്ചിരുന്നത്. അവർ രാജ്യഭാരം നടത്തിയിരുന്ന സ്ഥലത്തിന്ന് കോലത്തുനാട് എന്നായിരുന്നു നാമധേയം.

വടക്ക കാസർകോട് മുതൽ തെക്ക കോരപ്പുഴ വരെയുള്ള സ്ഥലമാണ് കോലത്തിരിമാരുടെ കീഴിൽ ഉണ്ടായിരുന്നത്. പശ്ചിമാതിർത്തി അറബിക്കടലും പൂർവ്വാതിർത്തി കുടക്മലയുമായിരുന്നു. കോലസ്വരൂപത്തിൽ തുടക്കത്തിൽ രണ്ടു പ്രധാന കുടുംബത്താവഴികളായിരുന്നു ഉണ്ടായിരുന്നത്*. പള്ളിക്കോവിലകം, ഉദയമംഗലം കോവിലകം എന്നിവ.

---

* 13–ഓ 14–ഓ നൂററാണ്ടിലെ സ്ഥിതിയായിരിക്കാം ഇതു്. 12–13 നൂററാണ്ടുവരെയെങ്കിലും കോലത്ത്നാട് മൂവർ കോലത്തിരിമാരുടെ കീഴിലായിരുന്നുവെന്നതിന്ന് തെളിവുകളുണ്ട്. രാമകുടമൂവർ എന്നായിരുന്നു അവരുടെ സ്ഥാനപ്പേര്. മൂവർ (മൂകയർ) കോലത്തിരിമാരുടെ രാജവംശം സാമുദായികവും മററുമായ കാരണങ്ങളാൽ അധപ്പതിച്ചതോടെ കോലത്ത് നാട് നായർ പ്രഭുകുടുംബങ്ങളുടെ സ്വാധീനത്തിലായി. കോട്ടയം, കുറുമ്പ്രനാട് രാജവംശങ്ങൾ മൂവർ കോലത്തിരിമാരുടെ ശാഖകളാകാം. പള്ളി, ഉദയമംഗലം കോവിലകങ്ങൾ 14–ാം നൂററാണ്ടിനിപ്പുറത്തുള്ള കാലഘട്ടത്തിൽ മാത്രമാണ് പ്രാമാണ്യത്തിലേക്ക് ഉയർന്നത്. ചിറക്കൽ കോലത്തിരികളും മൂവർ കോലത്തിരികളും ഒരേ സമുദായത്തിൽ നിന്നു്

കാലാന്തരത്തിൽ ഈ രണ്ടു കടുംബവും തമ്മിൽ മത്സരവും പകയും വളർന്നു കൊണ്ടിരുന്നു. പള്ളിക്കോവിലകം എട്ട് ഉപശാഖകളായും ഉദയമംഗലം കോവിലകം മൂന്നു ഉപശാഖകളായും വീണ്ടും വിഭജിക്കപ്പെട്ടിരുന്നു.

പള്ളിക്കോവിലകത്തിൻെറ എട്ട് ഉപശാഖകൾ താഴെ പറയുന്നവയാണ്. 1. പള്ളിക്കോവിലകം 2. ചിറക്കൽ കോവിലകം 3. പുലവക്കാട് കോവിലകം 4. കൗണച്ചേരി കോവിലകം. 5. പുതുവേലി കോവിലകം 6. പയവയലി കോവിലകം 7. ചിങ്ങോട്ട് കോവിലകം 8. തേവനക്കോട്ട് കോവിലകം. ഉദയമംഗലം ശാഖയിൽ 1. ഉദയമംഗലം കോവിലകം 2. മേലത്ത് കോവിലകം 3. ജയകോവിലകം എന്നിങ്ങനെ മൂന്ന് ഉപശാഖകളുമുണ്ടായിരുന്നു.

രണ്ടു ശാഖയിലുംപെട്ട ഏററവും പ്രായം കൂടിയ ആളെയാണ് കോലത്തിരി രാജ എന്ന പദവിയോടുകൂടി വാഴിച്ചിരുന്നത്. പ്രായത്തിൽ രണ്ടാമനെ തെക്കിളംകൂർ എന്നും, മൂന്നാമനെ വടക്കിളംകൂർ എന്നും, നാലാമനെ നാലാംകൂർ എന്നും, അഞ്ചാമനെ അഞ്ചാംകൂർ എന്നും സ്ഥാനമാനങ്ങൾ നൽകിപ്പോന്നു. പ്രായക്കൂടുതൽ അനുസരിച്ച് അങ്ങനെ അഞ്ചു പേർക്കു് സ്ഥാനപ്പേർ നൽകുകയും മരിക്കുന്ന രാജാവ് മരണമടഞ്ഞാൽ സ്ഥാനക്രമമനുസരിച്ച് ഓരോരുത്തർക്കും മൂപ്പ് നൽകുകയും ചെയ്തിരുന്നു[1]. കോലത്തിരി രാജാവ് വലിയപട്ടണം (വളപട്ടണം) കോട്ടയും കോവിലകവുമാണ് തൻെറ ഔദ്യോഗിക വസതിയായി ഉപയോഗിക്കുക. തെക്കിളംകൂർ കടത്തനാട് പ്രദേശത്തുള്ള കററിപ്പുറവും വടക്കിളംകൂർ മാടായി കോട്ടയുമാണ് അവരുടെ ആസ്ഥാനങ്ങളായി ഉപയോഗിക്കുക. വളപട്ടണം പുഴയരികിൽ നിന്നും കഷ്ടി 12 കിലോമീററർ ദൂരെ സ്ഥിതിചെയ്യുന്ന ചരിത്രപ്രസിദ്ധമായ മാടായി എന്ന സ്ഥലത്ത്വെച്ചാണ് സിംഹാസനാരോഹണച്ചടങ്ങ് നടത്തുക പതിവ്. വടക്കിളംകൂറിനെ, തെക്കിളംകൂറായി സ്ഥാനക്കയററം നടത്തുന്ന ചടങ്ങ് കററിപ്പുറം കോട്ടയിൽ വെച്ചും, നാലാംകൂറിനെ വടക്കിളംകൂറായി വാഴിക്കുന്നത് മാടായി കോട്ടയിൽ വെച്ചുമായിരുന്നു. ഉദയമംഗലം കോവിലകം ആസ്ഥാനമാക്കി വാഴുന്ന അഞ്ചാംകൂർ രാജകുമാരൻെറ പൂമ

---

ഉയർന്നു വന്നവരല്ല. എങ്കിലും, ഇവർ തമ്മിൽ വിവാഹബന്ധങ്ങൾ ഉണ്ടായിരുന്നു. അരയൻ കുളങ്ങര നായർ എന്ന കോലത്തിരി സൈന്യാധിപൻ മൂവർ കോലത്തിരി രാജവംശത്തിലെ ക്ഷത്രിയസ്ത്രീയെ കല്യാണം കഴിച്ച കഥ ഇവിടെ അനുസ്മരിക്കാവുന്നതാണ്. അരയൻ കുളങ്ങര നായരുടെ പിന്തുറക്കാരാണ് കടത്തനാട്ട് രാജാക്കൻമാർ എന്നു് സൂചനയുണ്ടു്. ഉദയമംഗലം കോവിലകം ഇവരുടെതാകാം —കെ. പി. ദേവദാസ്

1. Board of Revenue, B. N. 64-69, V, 288, June 29, 1801, P. 7482

തലയിൽപെട്ടതായിരുന്നു തന്റെ മൂതിർന്ന നാലു തമ്പുരാക്കൻമാരുടെയും പേരിലുണ്ടായിരുന്ന സ്വകാര്യസ്ഥലങ്ങളും മററും. അവയുടെ മേൽനോട്ടം നടത്തുകയും കോലത്തിരിവംശത്തിലെ രണ്ടു ശാഖകളിലേയും കുടുംബാംഗങ്ങളുടെ കാര്യങ്ങൾ നടത്തിക്കൊണ്ടുപോകുകയും ചെയ്യേണ്ടത് അഞ്ചാംകൂർ തമ്പുരാന്റെ ചുമതലയായിരുന്നു.

കോലസ്വരൂപത്തിലെ ഏററവും പ്രായം ചെന്ന സ്ത്രീയെ 'അച്ചിമാർ' എന്നാണ് വിളിച്ചിരുന്നത്. കോലസ്വരൂപത്തിലെ മന്ത്രിമാർ പരമ്പരാഗതമായി മുരുകഞ്ചേരി കുടുംബാംഗങ്ങളായിരുന്നു. സേനാനായകന്റെ പദവിയും ഖജനാവു സൂക്ഷിപ്പുകാരന്റെ ജോലിയും ഇതേപോലെ തന്നെ പരമ്പരാഗതമായിട്ടായിരുന്നു. ചിറോട്ട് ഗുരുക്കൻമാർ സേനാധിപതികളും മാവില നമ്പ്യാർമാർ ഖജനാവ് സൂക്ഷിപ്പുകാരുമായിരുന്നു. രാജകീയ പുരോഹിതന്റെ പദവി അരപ്പൻ നമ്പൂതിരി ഇല്ലത്തിന്നും ക്ഷേത്രത്തിലെ പ്രധാന പുരോഹിതന്റെ ജോലി കത്തിമട നമ്പൂതിരി മഠത്തിന്നുമാണ് കൊടുത്തിരുന്നത്[2].

കേരളത്തിലെ മററു രാജസ്ഥാനങ്ങളെപ്പോലെ തന്നെ കോലസ്വരൂപത്തിന്റെ പ്രാചീന കുടുംബചരിത്രവും അജ്ഞാതമായിട്ടാണിരിക്കുന്നത്. ഏഴിമല അഥവാ എലിമല എന്നറിയപ്പെടുന്ന സ്ഥലത്തിന്നു ചുററുമായിട്ടായിരുന്നു പൂർവ്വികമായി ഇവരുടെ ആസ്ഥാനമുണ്ടായിരുന്നതെന്നാണ് ചരിത്രപക്ഷം. ഇക്കാലത്ത് ഈ രാജകുടുംബം മൂഷികവംശം * എന്ന പേരിലാണറിയപ്പെട്ടിരുന്നത്. ഈ രാജവംശത്തെക്കുറിച്ചുള്ള ആദ്യപരാമർശം കാണുന്നതു് അൽ ബിറൂനിയുടേതാണ്. അദ്ദേഹം ഇതിനെ 'ഹിലി' സ്ഥാനമെന്നാണ് വിളിക്കുന്നത്. 'മൗണ്ട്ദെലി' എന്നു പിന്നീട് യൂറോപ്യൻ രേഖകളിൽ കാണുന്ന പേരു' അൽബിറൂനിയുടെ 'ഹിലി'യിൽ നിന്നുൽഭവിച്ചതാകാനാണ് സാദ്ധ്യത. ഇതിനുശേഷം മാർക്കോപോളോയുടെയും ഇബ്നു ബത്തൂത്തയുടെയും വിവരണം നമുക്കു ലഭിക്കുന്നുണ്ടു്.

2. Malabar Quarterly Review, Vol. I, p. 266

* മൂഷികവംശം എന്ന സംസ്കൃതമഹാകാവ്യത്തിൽനിന്നു മൂവർ കോലത്തിരിമാരെക്കുറിച്ച് മനസ്സിലാക്കാം. സംഘംകൃതികളിലെ മൂകൻ അഥവാ മൂവൻ എന്ന നാടുവാഴിയുടെ പിന്മുറക്കാരാണ് മൂവർ കോലത്തിരിമാർ. സംഘംകൃതികളിലെ നന്നനും മൂകനും ബന്ധുക്കളാണ്. മൂകന്റെ മകനാകാം നന്നൻ. മൂവന്റെ കുലചിഹ്നം മൂഷികം അഥവാ വാകറ്റു ആയിരുന്നു. മൂവർ കോലത്തിരിമാരുടെ ചിഹ്നവും വാകറ്റു ആയിരുന്നു. അങ്ങനെയാണ് മൂഷികവംശം എന്ന പേരുണ്ടായത്. കോലരാജവംശം എന്ന പേരും മൂഷികവംശത്തിനുണ്ടു്. കോലാര്യവർഗത്തിലെ നാടുവാഴിയായിരുന്ന മൂകൻ എന്നതായിരിക്കാം സൂചന.

— കെ. പി. ദേവദാസ്

എന്നാൽ ഇബ്ന് ബത്തൂത്തയ്ക്കുശേഷം പറങ്കികളുടെ ആഗമനം വരെ ഈ രാജ്യസ്ഥാനത്തെക്കുറിച്ചു ദുർല്ലഭമായേ പരാമർശങ്ങളുള്ളു.

മൗണ്ട് എലി അഥവാ ഏഴിമല ദേശത്തെ മൂഷികവംശത്തെക്കുറിച്ച് ചരിത്രകാരൻമാർ വല്ലപ്പോഴൊക്കെയായി നല്കുന്ന വിവരണം കോലത്തിരിവംശത്തിന്റെ പൂർവ്വചരിത്രമായി പരിഗണിക്കാമെന്നാണ് ചരിത്രകാരന്മാരുടെ അഭിപ്രായം. മൂഷികവംശം കാലാന്തരത്തിൽ കോലസ്വരൂപം എന്ന്, പേര് സ്വീകരിച്ചതായിരിക്കാമെന്ന അഭ്യൂഹമാണ് ഇങ്ങനെ കരുതുവാൻ കാരണമായി പറയുന്നത്. മൂഷികവംശം അഥവാ കോലസ്വരൂപം ഉത്ഭവിക്കുന്നത് മററുള്ള രാജസ്ഥാനങ്ങളെപ്പോലെ ചേരമാൻ പെരുമാൾ തന്റെ സാമ്രാജ്യം പങ്കുവെച്ച് കൊടുത്തശേഷം ഇസ്ലാംമതം സ്വീകരിക്കുവാൻ മെക്കയിലേക്ക് പോയനാൾ മുതലാണെന്നാണ് പരക്കെ വിശ്വസിച്ചു പോരുന്നത്.

ചിറയ്ക്കൽ രാജാക്കന്മാർ പരമ്പരാഗതമായി തന്നെ സാമൂതിരിമാരുമായി പിണക്കത്തിലും മാത്സര്യത്തിലുമാണ് കഴിഞ്ഞിരുന്നത്. കോഴിക്കോട്ട് നിന്നും 12 കിലോമീററർ വടക്ക്മാറി കാപ്പാട് എന്ന സ്ഥലത്ത് വാസ് കോ ഡി ഗാമ കപ്പലിറങ്ങിയപ്പോൾ അദ്ദേഹത്തെ സാമൂതിരിയുടെ പടനായകന്മാർ സന്തോഷാർഭാടത്തോടുകൂടി സ്വീകരിച്ചു. എന്നാൽ കച്ചവടസൗജന്യങ്ങൾ സാമൂതിരിയുടെ രാജ്യത്ത് ലഭിക്കുകയില്ലെന്ന് മനസ്സിലാക്കിയ ഗാമ നിരാശനായി കോഴിക്കോട്ടുനിന്നും കപ്പൽകയറി. ഈ വൈദേശിക കച്ചവടക്കാരുടെ സാന്നിദ്ധ്യം മണത്തറിഞ്ഞിരുന്ന കോലത്തിരിയാകട്ടെ ഗാമയേയും കൂട്ടരേയും തന്റെ രാജ്യത്തേക്ക് ക്ഷണിച്ചു വരുത്തി കച്ചവടത്തിനുള്ള ഉദാരമായ സൗകര്യങ്ങൾ നല്കി ബഹുമാനിച്ചു. 1502—ൽ ഗാമ രണ്ടാമതും മലബാറിലെത്തിയപ്പോൾ തങ്ങളുടെ കണ്ണൂരുണ്ടായിരുന്ന ഫാക്ടറിക്ക് ചുററും ഒരു കോട്ടകെട്ടി സുരക്ഷിതമാക്കുവാനുള്ള അനുമതി കോലത്തിരിയിൽ നിന്നും സമ്പാദിച്ചിരുന്നു 1505—ലാണ് കോട്ടനിർമ്മാണം പൂർത്തിയാക്കുവാൻ സാധിച്ചത്. സെയിന്റ് അഞ്ചേലോ ഫോർട്ട് എന്നാണതിന്ന് പേര് നൽകിയത്. ഫ്രാൻസിസ്കോ ആൽമേഡയുടെ നേതൃത്വത്തിലാണ് ഇതിന്റെ പണി പൂർത്തിയാക്കിയത്. ഡച്ചുകാർ പറങ്കികളുടെ സ്ഥലങ്ങളും കോട്ടകളും 1663—ലെ ഉടമ്പടിപ്രകാരം കൈവശമാക്കുന്നതു വരെ ഈ കോട്ട പറങ്കികളുടെ കീഴിലായിരുന്നു[3].

ഈ കോട്ട ലന്തക്കാരുടെ കൈവശം ഒരു നൂററാണ്ടിലേറെക്കാലമിരുന്നിരുന്നു. 1771—ൽ അവർ കണ്ണൂർ ആലി രാജാവിന്ന് വിൽക്കുകയാണ് ചെയ്തതു്[4]. ആലി രാജയായിരുന്നുവല്ലൊ ലന്തക്കാരെ മലബാർ തീരത്ത്

3. Dutch Records, No. 13. P. 14.
4. I bid, p. 19

സ്വീകരിച്ച ആദ്യത്തെ ഭരണാധിപനും അവരുമായി ആദ്യമായി ഒരു കച്ചവട ഉടമ്പടി ഉണ്ടാക്കിയിരുന്ന ദേഹവും[5]. 1663 മാർച്ച് 20—ാം തീയതി കോലത്തിരിയുമായും ലന്തക്കാർ ഒരു ഉടമ്പടി കൈമാറിയിരുന്നു[6]. 1680-ലും 1681-ലും ഈ ഉടമ്പടി പുതുക്കിയതായി കാണുന്നുണ്ട്[7]. കോലത്തിരിയും ലന്തക്കാരുമായി സൗഹൃദബന്ധമാണുണ്ടായിരുന്നത്. എന്നാൽ 1721—23 കാലത്ത് ഇംഗ്ലീഷ്കാരുടെ സഹായത്തോടുകൂടി കണ്ണൂർ ആലിരാജയെ കോലത്തിരി ആക്രമിച്ചപ്പോൾ[8], ലന്തക്കാർ ആലിരാജാവിൻെറ പക്ഷത്ത് നിന്ന് ഇവരുമായി യുദ്ധം ചെയ്യുകയുണ്ടായി[9].

കോലത്തിരി സ്വരൂപം കാലാന്തരത്തിൽ കുടിപ്പകയും ശാഖകളും ഉപശാഖകളും തമ്മിലുണ്ടായിരുന്ന വൈരാഗ്യവും മത്സരവും മൂലം ശക്തിഹീനമായി. ഒന്നിൽ കൂടുതൽ പ്രാവശ്യം ഇവിടം സന്ദർശിച്ചിട്ടുള്ള അലക്സാണ്ടർ ഹാമിൽട്ടൺ രേഖപ്പെടുത്തുന്നത് കല്ലുകെട്ടി ഉയർത്തിയ ആൽത്തറയിൽ വെച്ച് ഈ കുടുംബത്തിലെ നിരവധി അംഗങ്ങളെ വധിക്കുന്നത് താൻ കണ്ടു എന്നാണ്[10]. ഇക്കാര്യം ബോർഡ് ഓഫ് റവന്യൂവിൻെറ നടപടിക്രമത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതിപ്രകാരമാണ്: "പള്ളി, ഉദയമംഗലം ശാഖകളിലെ 11 ഉപശാഖകളിൽപ്പെട്ട അംഗങ്ങൾ തമ്മിൽ നടന്നുകൊണ്ടിരുന്ന കിടമത്സരത്തിൻെറ ഫലമായി ഉദയമംഗലം കോവിലകത്തിലെ ഒട്ടേറെപ്പേരുടെ വധത്തിന്നും രാജ്യത്തവർക്കുണ്ടായിരുന്ന അധികാരത്തെ ഇല്ലായ്മ ചെയ്യുന്നതിന്നും ഇടവരുത്തി. തങ്ങളുടെ സ്ഥലങ്ങൾ കൈകാര്യം ചെയ്യുന്നതിലുള്ള അഭിപ്രായഭിന്നതയായിരുന്നു മുഖ്യഹേതു. അസൂയയും, അധികാരദുർമ്മോഹവും, ഗൂഢാലോചനയും കിടമത്സരവുമായിരുന്നു ചിറക്കൽ കുടുംബമൊഴിച്ചുള്ള ശാഖകളിലെ ദുഃസ്ഥിതി. ഇതു ചിറയ്ക്കൽ ശാഖക്ക് കൂടുതൽ ഗുണകരമായിത്തീർന്നു. നായന്മാരുടെ മുഖ്യസ്ഥാനികളെന്ന നിലയ്ക്കും, യൂറോപ്യന്മാരുമായുണ്ടാക്കിയിരുന്ന സഖ്യങ്ങൾ മൂലവും, സ്വതവേ മററുള്ളവരേക്കാൾ വിസ്തൃതമായ രാജ്യം അവരുടെ കൈവശമുണ്ടായിരുന്നതിനാലുമാണ് ചിറയ്ക്കൽ കുടുംബക്കാർക്ക് മററുള്ളവരെക്കാൾ പ്രാധാന്യം വന്നുചേർന്നത്"[11]. തമ്മിൽ തമ്മിൽ നടന്നിരുന്ന

5. Ibid, p 143.
6. Logan, Treaties, etc, Vol. I, III
7. Dutch Records, No 13. p 143.
8. Ibid, p. 143.
9. Ibid, p. 144.
10. Hamilton, New Account of the East Indies, 1739, dit,. Vol. I, p 410
11. Board of Revenue, B. F-68-69, V.288, June 29, 1801. pp. 2482-83

ഈ അവകാശത്തർക്കങ്ങളും ഏററുമുട്ടലുകളും രാജ്യത്തെ ഛിന്നഭിന്നമാക്കി ചെറിയ ചെറിയ രാജസ്ഥാനങ്ങൾക്ക് വളരുവാനവസരം നല്കുകയും ചെയ്തു.

1695–ൽ തലശ്ശേരിയിലെ ഇംഗ്ലീഷ് ഫാക്ടറി സ്ഥാപിക്കുന്ന സന്ദർഭത്തിൽ കോലത്തിരി രാജസ്ഥാനം താഴെ വിവരിക്കുന്ന ചെറിയ ചെറിയ നാടുകളായി വിഭജിക്കപ്പെട്ടുകിടന്നിരുന്നു. മാഹിക്കും കോട്ടപ്പുഴയ്ക്കും ഇടയ്ക്കുള്ള സ്ഥലത്ത് മിക്കവാറും സ്വാതന്ത്ര്യഭരണാധിപനെപ്പോലെ വടകര[12] യിലെ 'വാഴുന്നവർ'[13] ആണ് ഭരിച്ചിരുന്നത്. ഈ ഭരണാധിപന്മാരെ കടത്തനാട് രാജാക്കന്മാർ എന്നും പറഞ്ഞുപോന്നിരുന്നു. കടത്തനാട് എന്നായിരുന്നു അവർ വാണിരുന്ന സ്ഥലത്തിൻെറ പേര് അതിനാലാണ് അവർക്കും ആ പേര് കിട്ടിയത്. കവ്വായി പുഴക്കപ്പുറത്തുള്ള സ്ഥലത്ത് ഈ താവഴിയിലെ മററൊരു അർധസ്വാതന്ത്ര്യനാടുവാഴിയും ഭരണം നടത്തിയിരുന്നു. കവ്വായിപ്പുഴയ്ക്കും മയ്യഴിക്കുമിടക്കുള്ള സ്ഥലത്ത് പലരും മാടമ്പിത്വമുള്ള പ്രമുഖരായിരുന്നെങ്കിലും മിക്കവാറും എല്ലാവരും തന്നെ ചിറക്കൽ രാജാവിൻെറ ആശ്രിതൻമാരായി കഴിഞ്ഞിരുന്നവരാണ് രണ്ടുതറ അഥവാ പോയനാട്[14] എന്ന സ്ഥലം നാല് നമ്പ്യാർകുടുംബങ്ങളുടെ കൈവശമായിരുന്നു. അവരെ അച്ഛൻമാർ എന്നാണ് വിളിച്ചിരുന്നത്. ധർമ്മടത്തിന് തൊട്ട് കിഴക്ക്ഭാഗത്തായ"

---

12. വാഴുന്നവർ എന്നതിൻെറ അർത്ഥം ഭരണം നടത്തുന്നവർ എന്നാണല്ലോ. ഇംഗ്ലീഷ്രേഖകളിൽ ഇവരെ 'ബെയനോർ', അഥവാ 'ബയനോർ', എന്നാണ് വിളിക്കുന്നത്. വാഴുന്നവർ എന്നതിൻെറ അപഭ്രംശമാണിവ.

13. ഏകദേശം 50 കി. മീ. സ്ഥലത്തോളം കടത്തനാട് രാജാവിൻെറ കീഴിലായിരുന്നു. അദ്ദേഹത്തിൻെറ കീഴിൽ 3000 നായർ ഭടന്മാരുമുണ്ടായിരുന്നു. കോലത്തിരികുടുംബത്തിലെ ഒരുപശാഖയായിരുന്നുവല്ലോ ഇവർ. 16–ാം നൂററാണ്ടോടുകൂടി സ്വാതന്ത്ര്യമായ ഒരു രാജസ്ഥാനമെന്ന പദവി അവർക്കുണ്ടായിരുന്നതായി കാണാം. ലന്തക്കാർ, ഫ്രഞ്ചുകാർ, ഇംഗ്ലീഷ്കാർ എന്നിവരുമായി ഇവർ സ്വാതന്ത്ര്യമായി ഉടമ്പടികളും കരാറുകളും ചെയ്തിരുന്നു. 1703-ൽ ഇവിടം സന്ദർശിച്ച ഹാമിൽട്ടൻ പറയുന്നതും ഇക്കാലത്ത് സ്വാതന്ത്ര്യരാജവംശമായിരുന്നു കടത്തനാട് എന്നാണു്.

14. ഈ സ്ഥലത്തുനിന്നുമാണു് ചേരമാൻപെരുമാൾ മെക്കയിലേക്ക് പോയതെന്നാണു് ഐതിഹ്യം. പോയനാട് എന്ന പേരു് അങ്ങിനെ വന്നതാണത്രെ.

ട്ടായിരുന്ന രണ്ടുതറ സ്ഥിതിചെയ്തിരുന്നത്. ഈ നമ്പ്യാർമാരിൽ നിന്നാണ് രണ്ടുതറ ഇംഗ്ലീഷ് കമ്പനി വിലക്കുവാങ്ങിയത്. പുറനാട് (കോട്ടയം) രാജാക്കൻമാർ എന്നാണ് കോട്ടയം ഭരിച്ചിരുന്നവർ അറിയപ്പെട്ടിരുന്നത്. വയനാടിനും തലശ്ശേരിക്കും ഇടയ്ക്കുള്ള പ്രദേശം കോട്ടയം രാജവംശത്തിന്റെ കീഴിലായിരുന്നു. കേരളത്തിന് പുറത്തുനിന്നും വന്നവർ എന്നർത്ഥത്തിലാണിതുപയോഗിക്കുന്നത്. എന്നാൽ ഇവർ ഈ സ്ഥലത്തിന്റെ ഭരണാധികാരികളായി തീരുന്നത് കോലത്തിരിത്താവഴിയായിട്ടാണത്രേ. ഇംഗ്ലീഷ് രേഖകളിൽ ഈ സ്ഥലത്തെ 'കൊട്ടിയോട്ടി' (കോട്ടയത്ത്) എന്നാണ് വിശേഷിപ്പിക്കുക പതിവ്. 18–ാം നൂററാണ്ടിന്റെ അവസാനപ്പകുതിയിൽ ഈ രാജസ്ഥാനം കേരളചരിത്രത്തിൽ മായാത്ത മുദ്രപതിപ്പിച്ച പ്രവർത്തനങ്ങളുടെ ആസ്ഥാനമായി മാറിയിരുന്നു. കോട്ടയം രാജകുടുംബം മൂന്ന് ശാഖകളായി വിഭജിക്കപ്പെട്ടിരുന്നു. തലശ്ശേരിയിൽ ഫാക്ടറി പണിയാൻ തുടങ്ങിയ ഇംഗ്ലീഷ് കമ്പനിയുമായി ഒരു കരാർ ഉണ്ടാക്കുന്ന ആദ്യത്തെ ഭരണാധിപനും കോട്ടയം രാജാവായിരുന്നു. ഹൈദരാലി മലബാർ ആക്രമിച്ച സന്ദർഭത്തിലൊക്കെ ഇംഗ്ലീഷ് കമ്പനിയുമായി സഖ്യത്തിലായിരുന്ന നാട്ടുരാജാവായിരുന്നു കോട്ടയം രാജാവ്.

ഇരുവഴിനാട് ഭരിച്ചിരുന്നതാകട്ടെ ആറ് നമ്പ്യാർ കുടുംബങ്ങളായിരുന്നു. കോലത്തിരി (നായർ) വംശത്തിൽപെട്ടവർ തന്നെയായിരുന്നു ഇവരും. തലശ്ശേരി ഫാക്ടറി സ്ഥാപിക്കുന്ന കാലത്ത് ഈ സ്ഥലം ഭരിച്ചിരുന്ന ആറ് നമ്പ്യാർ കുടുംബങ്ങൾ 1. കന്നമ്മൽ 2. ചന്ത്രോത്ത് 3. കീഴക്കേടത്ത് 4. കാമ്പ്രത്ത് 5. കുറുങ്ങോത്ത് 6. നരങ്ങോട് എന്നിവയായിരുന്നു. ഈ സ്ഥലം ഫ്രഞ്ചുകാരുടെ മയ്യഴിയും, ഇംഗ്ലീഷ് കാരുടെ തലശ്ശേരിയുമായി ഉരുമ്മിക്കിടന്നിരുന്നതിനാൽ ഈ രണ്ട് വിദേശശക്തികളുമായി ആദ്യം മുതൽ ഇവർ സമ്പർക്കത്തിൽ വന്നിട്ടുണ്ടായിരുന്നു. കച്ചവട ഉടമ്പടികൾ ഈ കമ്പനികളുമായി ഇവർ നടത്തുകയും ചെയ്തിരുന്നു. 18–ാം നൂററാണ്ടിന്റെ അവസാനപ്പകുതിയിൽ ഇവർ മിക്കവാറും സ്വതന്ത്രഭരണാധിപൻമാരെപ്പോലെയാണ് വാണിരുന്നത്. ഇംഗ്ലീഷ് രേഖകളിൽ കുറുങ്ങോത്ത് നായർ എന്ന് വിളിക്കുന്നവർ കുറുങ്ങോത്ത് എന്ന സ്ഥലം കൈവശം വെച്ചിരുന്ന നായർ മാടമ്പികളായിരുന്നു. ഇരുവഴിനാടിന്റെ ഒരംശമായിരുന്ന കുറുങ്ങോത്ത്. നാം വ്യവഹരിക്കുന്ന ചരിത്രകാലത്ത് ഇവരും സ്വതന്ത്ര ഭരണാധിപൻമാരായി കഴിഞ്ഞിരുന്നു. മയ്യഴിക്കും തലശ്ശേരിക്കും ഇടയിൽ കിടന്നിരുന്ന ഭൂപ്രദേശമാണിത്. ഈ വിദേശ ആസ്ഥാനങ്ങളുമായി തൊട്ടുരുമ്മിക്കഴിയേണ്ടി വന്നതിനാൽ കുറുങ്ങോത്ത്നായൻമാരും ഫ്രഞ്ച്–ഇംഗ്ലീഷ് കമ്പനികളുമായി കച്ചവടക്കരാറുകളുണ്ടാക്കുകയും ആദ്യംമുതലേ അടുത്ത സമ്പർക്കത്തിൽ കഴിയുകയും ചെയ്തിരുന്നു. എന്നാൽ ഇംഗ്ലീഷ്കാരുമായി മലബാർ

തീരത്ത് ആദ്യം പിണങ്ങിയതും അവർക്കെതിരെ യുദ്ധം ചെയ്തതും കുറുങ്ങോത്ത് നായൻമാർ തന്നെയായിരുന്നു. ഇതു് 1719–ലാണ്. ഇംഗ്ലീഷ് കാരുമായുണ്ടായ സംഘട്ടനത്തിൽ പരാജിതനായ് അവർ ഫ്രഞ്ചുകാരുമായി കച്ചവട സൗഹൃദഉടമ്പടിയുണ്ടാക്കുകയും അവരോട് വിശ്വസ്തതയിൽ കഴിഞ്ഞു കൂടുകയും ചെയ്തു. ഫ്രഞ്ചുകാരുമായുണ്ടായിരുന്ന ഈ സൗഹാർദ്ദസഖ്യ മാണ് മലബാറിലെ മററെല്ലാ രാജസ്ഥാനങ്ങളും ഹൈദരാലി ഒത്തെറിഞ്ഞ പ്പോഠം പോലും കുറുങ്ങോത്തിനെ ആക്രമിക്കാതെ വിടുവാൻ ഇടയാക്കിയതു്.

നമ്പ്യാർജാതിയിൽപ്പെട്ട മററു പല മാടമ്പിമാരും മിക്കവാറും സ്വാതന്ത്ര്യ നാടുവാഴികളെപ്പോലെ അവരവരുടെ സ്വാധീനവലയത്തിൽ വന്ന സ്ഥലങ്ങളിൽ ഭരണം നടത്തിപ്പോന്നിരുന്നതായും കാണുന്നുണ്ട്. അത്തരം ഒരു സ്ഥലമായിരുന്നു രണ്ടുതറ അഥവാ പോയനാട്. ധർമ്മട ത്തിനു (പഴയ ധർമ്മപട്ടണം) തൊട്ട് കിഴക്ക് സ്ഥിതിചെയ്യുന്ന ഈ സ്ഥലത്തിനു് പോയനാട് എന്ന അപരനാമമുണ്ടാകുവാൻ പറയുന്ന കാരണം ഇവിടെ നിന്നുമാണ് അവസാനത്തെ പെരുമാറം മെക്കയി ലേക്ക് പോയതു് എന്നാണ്. കോലത്തിരിവംശത്തിൻെറ സ്ഥല ങ്ങളിൽപെട്ടതായിരുന്നു ഇതും. എന്നാൽ ഈ സ്ഥലം കൈവശം വെച്ചി രുന്ന നാല് നമ്പ്യാർ കുടുംബങ്ങളുമായി 1741–ൽ ഇംഗ്ലീഷ്കമ്പനി ഒരു കരാർ ചെയ്യുകയും ഈ സ്ഥലവും അതു് കയ്യാളിയിരുന്ന നമ്പ്യാർ കുടുംബങ്ങളും തങ്ങളുടെ സംരക്ഷയിൻകീഴിൽ എടുക്കുകയും ചെയ്തതോടു കൂടിയാണ് ഇതു് ഒരു സ്വാതന്ത്ര്യനാടായി പരിണമിച്ചതു്. ഇംഗ്ലീഷ് കമ്പനിയുടെ പ്രത്യേക പരിരക്ഷ അനുഭവിച്ചവരെന്ന നിലയ്ക്കു് ഹൈദരാലി ഇവരേയും അധികാരഭ്രഷ്ടരാക്കിയിരുന്നു. ഈ പ്രദേശത്തെ മറെറാരു പ്രമുഖ ഭരണാധികാരി കണ്ണൂരിലെ അറയ്ക്കൽ രാജാവായിരുന്നു. കോലത്തിരി കുടുംബവുമായി മത്സരത്തിലും വൈരാഗ്യത്തിലുമാണിവർ കഴിഞ്ഞിരുന്നതു്. കണ്ണൂരിൻെറ പ്രാന്തപ്രദേശങ്ങഠം, തളിപ്പറമ്പ്, ചിറയ്ക്കൽ എന്നീ സ്ഥലങ്ങഠം മാത്രമായിരുന്നു ഹൈദരാലിയുടെ മലബാർ ആക്രമണകാലത്ത് കോലത്തിരി രാജാക്കന്മാരുടെ നേരിട്ടുള്ള ഭരണത്തി ലുണ്ടായിരുന്ന പ്രദേശം.

# തിരുവിതാംകൂർ രാജവംശം

'ആധുനിക തിരുവിതാംകൂറിന്റെ ശില്പി' എന്ന് വിശേഷിപ്പിക്കപ്പെടുന്ന മാർത്താണ്ഡവർമ്മയുടെ കാലത്തിനുമുമ്പ്, കന്യാകുമാരിക്ക് വടക്കും കൊല്ലത്തിന് തെക്കുമായി കിടന്നിരുന്ന സ്ഥലമായിരുന്നു തിരുവിതാംകൂർ. 1728—ൽ മാർത്താണ്ഡവർമ്മ രാജാവാകുന്നതോടുകൂടി രാഷ്ട്രീയമായ പല മാററങ്ങൾക്കും ഈ രാജ്യം വിധേയമായി. വലിയ [illegible]പ്പൊരിച്ചിൽ നടത്തിയിട്ടുണ്ടെങ്കിലും നാട്ടിൽ അരക്ഷിതാവസ്ഥയും അരാജകത്വവും നടത്തിയിരുന്ന ഫ്യൂഡൽ മാടമ്പിമാരെ അടിച്ചമർത്തുന്നതിൽ അദ്ദേഹം പരിപൂർണമായും വിജയിച്ചു. മാർത്താണ്ഡവർമ്മ ആധുനിക[illegible] ലഭിച്ച ക്രാന്തദർശിയായ ഭരണാധിപനായിരുന്നു. യൂറോപ്യന്മാർ സംസാരിക്കുന്ന അതേ ശൈലിയിലും ഭംഗിയിലും ഇംഗ്ലീഷ്, ഡച്ച് ഭാഷകൾ അദ്ദേഹം അനായാസേന കൈകാര്യം ചെയ്തിരുന്നതായി അക്കാലത്തെ കൊച്ചിയിലെ ഡച്ച് ഗവർണറായ ആഡ്രിയൻ മോയൻസ് രേഖപ്പെടുത്തിയിട്ടുണ്ട്[1]. അദ്ദേഹം സിംഹാസനാരോഹണം നടത്തുന്ന സന്ദർഭത്തിൽ തന്റെ രാജ്യത്തിന് ചുററും, രാജ്യത്തിനകത്ത് തന്നെയും നിരവധി കൊച്ചുകൊച്ചു സ്വാതന്ത്ര്യനാടുകളും ദേശങ്ങളുമുണ്ടായിരുന്നു. കേരളത്തിൽ അനുഷ്ഠിച്ചുപോന്നിരുന്ന ധർമ്മാചാരങ്ങൾക്ക് കടകവിരുദ്ധമായിരുന്നെങ്കിലും, ഈ ചെറുകിട രാജസ്ഥാനങ്ങളെ ആക്രമിച്ച് കീഴടക്കി തന്റെ രാജ്യത്തോട് കൂട്ടിച്ചേർക്കുകയും, രാജ്യദ്രോഹികളായ പ്രഭുക്കന്മാരെ വധിക്കുകയും ചെയ്ത് തന്റെ രാജ്യത്തെ ബലവത്താക്കുവാൻ അദ്ദേഹം ശ്രമിച്ചു. ഇംഗ്ലീഷ് കമ്പനിയുമായി സൗഹൃദസഖ്യത്തിലേർപ്പെട്ടിരുന്ന കർണ്ണാട്ടിക്ക് നവാബിന്റെ ആശ്രിതനായിരുന്നു അദ്ദേഹമെങ്കിലും, മാർത്താണ്ഡവർമ്മയുടെ ഭരണകാലം കേരളചരിത്രത്തിലെ അവിസ്മരണീയമായ കാലഘട്ടമാണ്.

---

1. ഡച്ച് റെക്കോഡ്സ്, നമ്പർ 13, പുറം 183.

കേരളത്തെയാകമാനം തന്റെ കീഴിൽ കൊണ്ടുവരണമെന്ന് അദ്ദേഹമാഗ്രഹിച്ചു. തന്റെ സ്ഥലത്ത് കേന്ദ്രീകൃതമായ ഒരു ഭരണസമ്പ്രദായവും അദ്ദേഹം ഉത്ഘാടനം ചെയ്തു. അനവധി ചെറിയ രാജസ്ഥാനങ്ങൾ കീഴടക്കി തന്റെ രാജ്യത്തോടു കൂട്ടിച്ചേർത്ത അദ്ദേഹം കൊച്ചിയ്ക്കെതിരായി സൈന്യങ്ങളുമായി പുറപ്പെട്ടു. 18-ാം നൂററാണ്ടിൽ കൊച്ചിയിൽ നിന്നും വളരെ സ്ഥലങ്ങൾ തിരുവിതാംകൂറിലേക്ക് പിടിച്ചെടുക്കുവാൻ മാർത്താണ്ഡവർമ്മയ്ക്ക് കഴിഞ്ഞിരുന്നു. എന്നാൽ സാമൂതിരി കൊച്ചിയെ ആക്രമിക്കുവാൻ വലിയ സന്നാഹവുമായെത്തിയപ്പോൾ കൊച്ചിയുടെ സഹായത്തിനെത്തുവാൻ മാർത്താണ്ഡവർമ്മയ്ക്ക് ശേഷം രാജാവായ രാമവർമ്മ തയ്യാറായി. അതിന്റെ ഫലമായി 1761 ഡിസംബർ 26-ാം തീയതി സാമൂതിരിയും കൊച്ചിയും, തിരുവിതാംകൂറുമായുണ്ടാക്കിയ 'സമാധാന'ഉടമ്പടി പ്രകാരം ഭാവിയിൽ കൊച്ചിയും സാമൂതിരിയും തമ്മിലുണ്ടാകാവുന്ന സകലവിധ തർക്കങ്ങളും തിരുവിതാംകൂറിന്റെ മദ്ധ്യസ്ഥതയിൽ വിട്ടുവാനും തിരുവിതാംകൂർ എടുക്കുന്ന തീരുമാനം ഉഭയകക്ഷികൾ അനുസരിക്കുവാനും ബാദ്ധ്യസ്ഥരായിത്തീർന്നു. നാം പ്രതിപാദിക്കുന്ന 18-ാം നൂററാണ്ടിന്റെ അവസാനപ്പകുതിയാകുമ്പോഴേക്കും കേരളത്തിലെ ഏററവും പ്രമുഖ ശക്തിയായി വളർന്നു കഴിഞ്ഞിരുന്നു തിരുവിതാംകൂർ. ഇംഗ്ലീഷ്കമ്പനിക്ക് തിരുവിതാംകൂറിനെ വിശ്വസ്ത സഖ്യകക്ഷിയായി ലഭിച്ചതായിരുന്നു കേരളത്തിലെ രാഷ്ട്രീയ ഭാഗധേയം നിർണ്ണായകഘട്ടത്തിലെത്തിച്ച സംഭവം.

# പാലക്കാട് രാജവംശം

നമ്മുടെ പഠനവുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട മറ്റൊരു രാജവംശം പാലക്കാട് അച്ഛന്മാരുടേതാണ്. നെടുംപുറയൂർ സ്വരൂപം എന്നാണ് ഈ രാജവംശം അറിയപ്പെട്ടിരുന്നതെങ്കിലും പിന്നീട് തരൂർ അഥവാ തരുവായൂർ സ്വരൂപം എന്ന പേർ സ്വീകരിച്ചതായി കാണുന്നു. ഈ രാജവംശത്തിന്റെ കുടുംബപ്പേർ 'ഷെക്കൂരി' എന്നാണ്. ചേരമാൻ പെരുമാൾ തന്റെ സാമ്രാജ്യവിഭജനം നടത്തിയതോടുകൂടിയാണത്രെ ഈ രാജസ്ഥാനവും നിലവിൽ വന്നത്. ഇവരുടെ ഉത്ഭവത്തെക്കുറിച്ചന്വേഷിച്ചറിഞ്ഞ ബുക്കാനൻ പറയുന്നത്; "ക്ഷത്രിയ ജാതിയിൽപെട്ട ഷെക്കൂരി രാജാക്കൻമാർക്കാണു് സാമ്രാജ്യവിഭജനം നടന്നപ്പോൾ പാലക്കാട്ടുച്ചേരി" ലഭിച്ചതെന്നാണ്[1]. ഈ രാജകുടുംബത്തിൽ എട്ട് ശാഖകൾ അഥവാ ഇടങ്ങളാണുണ്ടായിരുന്നത്. ഓരോ ഇടവും തെക്കേഇടം, വടക്കേഇടം എന്നിങ്ങനെ രണ്ട് ഉപശാഖകൾ വീതമുള്ളതുമായിരുന്നു. ആരംഭത്തിൽ ഇതായിരുന്ന സ്ഥിതിയെങ്കിലും കാലക്രമത്തിൽ കൂടുതൽ ഉപശാഖകളും ഇടങ്ങളും ഉത്ഭവിച്ചു.

തെക്കേതാവഴിയിൽ ഇളയച്ഛനിടം, പെരുവാക്കൽ ഇടം, നടുവിൽ ഇടം, പൊന്നിയിൽഇടം എന്നീ ഉപശാഖകളും, വടക്കേതാവഴിയിൽ ചെറുക്കോട്ടഇടം, പുളിക്കൽഇടം, മേലേഇടം, പൂച്ചാക്കൽഇടം എന്നീ ഉപശാഖകളുമാണുണ്ടായിരുന്നത്. ഇടങ്ങളിലെ അംഗങ്ങളെ അച്ഛന്മാരെന്നാണു് വിളിച്ചിരുന്നത്. താവഴികളിൽ ഏറ്റവും പ്രായംചെന്ന അഞ്ചുപേരിൽ, കൂടുതൽ പ്രായമെത്തിയ അച്ഛനാണ് രാജാവാകുക. പ്രായക്കൂടുതലനുസരിച്ച് ഒന്നാംകൂർ, രണ്ടാംകൂർ, മൂന്നാംകൂർ, നാലാംകൂർ, അഞ്ചാംകൂർ എന്നിങ്ങനെയാണ് രാജപദവി കല്പിച്ചിരുന്നത്. മൂത്ത രാജാ

---

1. ബുക്കാനൻ, വാല്യം 11, പുറം 53

വായ ഒന്നാംകൂർ മരണപ്പെടുമ്പോൾ, രണ്ടാംകൂർരാജാവ് ഒന്നാംസ്ഥാനത്തെത്തി കിരീടധാരണം നടത്തുന്നു. മററുള്ളവർക്കൊക്കെയും സ്ഥാനത്തിൽ ഉയർച്ചയും കിട്ടും. അഞ്ചാംകൂർ അങ്ങനെ നാലാംകൂറാകുമ്പോൾ വരുന്ന ഒഴിവിൽ മററുള്ള പുരുഷാംഗങ്ങളിൽ ഏററവും പ്രായംകൂടിയ ആൾ അഞ്ചാംകൂറായി അവരോധിക്കപ്പെടുകയാണ് പതിവ്. കുടുംബത്തിൽ ഏററവും കൂടുതൽ പ്രായമായ ആൾ രാജാവാകുക എന്ന സ്ഥിതിവന്നതു് കൊണ്ടു് രാജ്യകാര്യങ്ങൾ കാര്യശേഷിയോടുകൂടി നടത്തിക്കൊണ്ടുപോകുവാൻ വൃദ്ധരാജാവിനു ദുഷ്കരമായിത്തീർന്നെന്നുവരാം. ആ കുറവു് പരിഹരിക്കുന്നത് മററുള്ള രാജാക്കന്മാരിൽ നിന്നും ഒരാളെ മന്ത്രിയായി നിശ്ചയിക്കുക പതിവാണ്. മിക്കവാറും രാജ്യഭരണം മന്ത്രിയുടെ കൈയ്യിലായിരിക്കുകയും ചെയ്യും[2]. പാലക്കാട് തുടങ്ങിയ സ്ഥലങ്ങളിലെ കളക്ടറായിരുന്ന തോമസ് വാർഡൻ 1801-ൽ ഈ രാജകുടുംബത്തെപ്പററി രേഖപ്പെടുത്തിയിട്ടുള്ളതിപ്രകാരമാണ്: "തുടക്കത്തിൽ എട്ടു ഇടങ്ങൾ മാത്രമാണുണ്ടായിരുന്നത്. എന്നാൽ ഓരോ ഇടത്തിലും അംഗങ്ങൾ പെരുകിയതിന്റെ ഫലമായി ഓരോരുത്തരും അവരവരുടെ പേരോടുകൂടി പുതിയ പുതിയ ഇടങ്ങൾ പണിത് മാറി താമസിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ അങ്ങനെ 27 ഇടങ്ങളായിട്ടുണ്ടു്. വടക്കേതാവഴിയിൽപ്പെട്ടവരുടെത് 20-ഉം തെക്കേതാവഴിക്കാരുടെത് 7-ഉമാണ്. കുട്ടികൾ ഉൾപ്പെടെ ഇവയിലെല്ലാം കൂടിയുള്ള രാജകുടുംബാംഗങ്ങൾ 130 ആകുന്നു[3]".

ഈ രാജവംശത്തെ തരൂർ അഥവാ തരുവായൂർ സ്വരൂപം എന്നാണ് വിളിച്ചിരുന്നത്. രാജകുടുംബം ഷെക്കൂരി കുടുംബമെന്നും, രാജാക്കന്മാർ ഷെക്കൂരി രാജാക്കന്മാരെന്നുമാണ് അറിയപ്പെട്ടിരുന്നതു്. ഷെക്കൂരി രാജാക്കന്മാരുടെ കുടുംബചരിത്രം എഴുതാൻ തുനിഞ്ഞ ബുക്കാനൻ പറയുന്നത്, "പുരുഷന്മാരെ അച്ചന്മാരെന്നും സ്ത്രീകളെ നേത്യാർമാരെന്നുമാണ് പറഞ്ഞുപോരുന്നത്. പ്രായക്കൂടുതലനുസരിച്ചാണ് മൂപ്പുതാവഴി നിശ്ചയിക്കുക. ആദ്യത്തെ ഷെക്കൂരി രാജാവിന്റെ രണ്ടു സഹോദരികളുടെ പരമ്പരയായി വന്ന ഇവർ രണ്ടു താവഴിയായിട്ടാണ് ഇരിക്കുന്നത്. ഏററവും കൂടുതൽ പ്രായമുള്ള അച്ചനാണ് ഷെക്കൂരിരാജ അഥവാ ഒന്നാം കൂറാകുന്നത്. രണ്ടാംകൂറിനെ ഇളയരാജയെന്നും, മൂന്നാംകൂറിനെ കാവശ്ശേരി രാജയെന്നും, നാലാംകൂറിനെ തലന്തംപുറം രാജയെന്നും, അഞ്ചാംകൂറിനെ തരിപ്പുതമുറൻ തമ്പുരാൻ എന്നുമാണ് വിളിക്കുക. ഷെക്കൂരിരാജ മരണപ്പെടുമ്പോൾ താഴെയുള്ള ഓരോരുത്തർക്കും ഒരു പടി കയററം ലഭി

---

2. Report on the Condition of Palghat, Congad, Mannoor, Edathara, Kowlpara, and Naruottam districts of Malabar, 1801, page 19, para 8
3. Ibid, Para 9

ക്കുന്നു. തരിപ്പുറ മുതൽ തമ്പുരാനായി അച്ഛന്മാരിൽ കൂടുതൽ പ്രായമുള്ള ആളെ അവരോധിക്കുകയും ചെയ്യുന്നു"4.

18–ാം നൂറ്റാണ്ടുവരെ പാലക്കാട് രാജാക്കന്മാർ വളരെക്കുറച്ചു സംഭവങ്ങളിൽ മാത്രമേ പ്രത്യക്ഷപ്പെടുന്നുള്ളൂ. അത്ര അധികം പ്രാധാന്യം ഇവർക്ക് അതുവരെ ഉണ്ടായിരുന്നതായി കാണുന്നില്ല. നെടുംപുറംതളിരേഖകളിൽ കാണുന്ന പരാമർശത്തിൽനിന്നും മനസ്സിലാകുന്നത് വെൺപൊലിനാട്ടിലെ ചേരചക്രവർത്തിയായ ഗോദരവിവർമ്മ, എ. ഡി. 934–ൽ ശങ്കരതേരവിയെ നെടുംപുറയൂർ നാട് (പാലക്കാട്) ഭരിക്കുവാൻ നിയമിച്ചിരുന്നു എന്നാണ്. 1464–ൽ പാലക്കാട് രാജാവ് ഒരമ്പലത്തിന്റെ നടത്തിപ്പിന്നായി കുറച്ച് നിലം നല്കിയിരുന്നതിന്റെ പട്ടയം ലോഗൻ ഉദ്ധരിക്കുന്നുണ്ട്5. 13–ാം നൂറ്റാണ്ടിൽ പെരുമ്പടപ്പു സ്വരൂപത്തി(കൊച്ചി)ലേക്ക് രണ്ടു തമ്പുരാട്ടിമാരെ സംബന്ധം ചെയ്തുകൊടുത്ത് തങ്ങളുടെ രാജവംശത്തെ അന്ത്യം വരുത്തുന്നതിൽ നിന്നും സംരക്ഷിച്ചതായി എറണാകുളം പുരാരേഖ സൂക്ഷിപ്പു കേന്ദ്രത്തിലുള്ള ഒരു രേഖയിൽ കാണുന്നു6. സാമൂതിരിയുമായി കൊച്ചി യുദ്ധത്തിൽ ഏർപ്പെട്ടിട്ടുള്ളപ്പോഴൊക്കെ പാലക്കാട്ട് രാജ കൊച്ചിയെ സഹായിക്കുവാനെത്തിയിരുന്നു7. കൊച്ചിരാജാവുമായുണ്ടായ ഈ സൗഹൃദസഖ്യത്തിന്ന് അതിന്റേതായ പ്രത്യാഘാതങ്ങളുണ്ടായിരുന്നതായി കാണാം.

സാമൂതിരിയുമായുണ്ടായ ഒരു യുദ്ധത്തിൽ തങ്ങളുടെ സഖ്യശക്തിയായിരുന്ന വിജയനഗരം രാജാക്കന്മാരുടെ സഹായം പറങ്കികൾക്കുണ്ടായി അന്ന വിജയനഗരസാമ്രാജ്യത്തിലെ പ്രസിദ്ധനായ കൃഷ്ണദേവരായർ ആ യുദ്ധത്തിൽ നാഗപ്പയ്യരുടെയും ദേവപ്പയ്യരുടെയും നേതൃത്വത്തിൽ സാമൂതിരിക്കെതിരെ ഒരു വലിയ സൈന്യത്തെ അയച്ചിരുന്നു8. തരൂർസ്വരൂപത്തിലെ അച്ഛന്മാർ ഇവരോടൊപ്പം സാമൂതിരിയെ എതിർത്തു. എന്നാൽ വിജയനഗരം സൈന്യത്തെ സാമൂതിരി പരാജയപ്പെടുത്തുകയും അവരുടെ സഹായികളായിരുന്ന പാലക്കാട് രാജാവിന്റെ കൊട്ടാരം നശിപ്പിക്കുകയുമാണുണ്ടായത്.

---

4. ബുക്കാനൻ, മുൻ ഉദ്ധരിച്ചത്
5. ലോഗൻ, ഉടമ്പടികൾ മുതലായവ, പട്ടയം നമ്പർ 8
6. എറണാകുളം ആർക്കൈവ്സ് സീരിസ്, Vol. xiii, No. 209
7. തമിഴ്നാട് ആർക്കൈവ്സ്, D. 266, തരൂർസ്വരൂപം രാജാക്കന്മാരുടെ ചരിത്രം
8. Ibid

ഈ സംഭവത്തിന്ന് ശേഷം എടുത്ത് പറയേണ്ട കാര്യം സാമൂതിരിയുടെ ആക്രമണത്തെ ചെറുത്ത് തങ്ങളുടെ രാജസ്ഥാനം നിലനിർത്തുന്നതിന്നായി പാലക്കാട് രാജാവിൻെറ അഭ്യർത്ഥനയനുസരിച്ച് 1732–ൽ മൈസൂർ സൈന്യം പാലക്കാട്ട് പ്രവേശിക്കുന്ന സംഭവമാണ്. അതുവരെ പാലക്കാടിനെ സംബന്ധിക്കുന്ന രേഖകൾ അപൂർവമാണ്. 1794–ൽ ജോനാഥൻ ഡങ്കൻ കൊച്ചിരാജാവ് നല്കുന്ന നിവേദനത്തിൽ അവകാശപ്പെടുന്നത്, പാലക്കാടിനെ എക്കാലവും താൻ സഹായിച്ചുപോന്നിരുന്നുവെന്നും, പാലക്കാട് രാജാക്കന്മാർ തൻെറ ആശ്രിതന്മാരായിരുന്നുവെന്നുമാണ്[9].

കേരളത്തിൻെറ അധിപനാകുക എന്ന തൻെറ ആഗ്രഹസാഫല്യത്തിൻെറ ഭാഗമായി വള്ളുവക്കോനാതിരി (വള്ളുവനാട്) യുടെ രാജ്യം കീഴടക്കുകയും അവിടെനിന്ന് പാലക്കാട്ടേക്ക് അതേ ഉദ്ദേശ്യത്തോടുകൂടി സാമൂതിരി തൻെറ സേനയുമായി നീങ്ങുകയും ചെയ്തു. അവിടെയും തൻെറ സൈനികമേധാവിത്വം താല്ക്കാലികമായിട്ടെങ്കിലും സ്ഥാപിക്കുവാൻ അദ്ദേഹത്തിന്ന് കഴിഞ്ഞു. 18–ാം നൂററാണ്ടിൻെറ ആദ്യപകുതിയിൽ ഇത്തരം പല ആക്രമണങ്ങളും സാമൂതിരി നടത്തിയിട്ടുള്ളതായി കാണാം. ഓരോ സന്ദർഭത്തിലും സാമൂതിരി വിജയിക്കുകയും കീഴടക്കപ്പെട്ടവരിൽ നിന്ന് കപ്പവും യുദ്ധച്ചിലവിനുള്ള പണവും ഈടാക്കുകയും പതിവായിരുന്നു. 1732–ൽ ഇത്തരം ഒരു ആക്രമണത്തെ നേരിടുവാൻ പാലക്കാട് രാജാവ് കണ്ട മാർഗം മൈസൂറിൻെറ സഹായമഭ്യർത്ഥിക്കുകയെന്നതായിരുന്നു[10]. 1735–ലും ഇതുതന്നെ ആവർത്തിക്കപ്പെട്ടു[11]. എന്നാൽ 1737–ൽ മൈസൂർ ആക്രമണകാരികളായിട്ടാണ് പാലക്കാട്ട് പ്രവേശിക്കുന്നതായി കാണുന്നത്[12]. അവർ രാജ്യത്ത് കൊള്ളയും കൊള്ളിവെപ്പും നടത്തി വളരെ നാശനഷ്ടങ്ങൾക്കിടവരുത്തുകയും ചെയ്തു. 1745–ലും മൈസൂർ സൈന്യം പാലക്കാടിന്നെതിരെ സൈനിക പ്രവർത്തനം നടത്തിയതായും ഇരു സൈന്യങ്ങളും കനത്ത യുദ്ധം ചെയ്തതായും രേഖകളുണ്ട്[13]. കൊള്ളയടിക്കുകയെന്നതല്ലാതെ രാജ്യം കീഴടക്കുക അവരുടെ ലക്ഷ്യമായിരുന്നില്ല. ലന്തക്കാർക്ക് പാലക്കാട്ടുമായി കച്ചവടബന്ധങ്ങളുണ്ടായിരുന്നില്ലെങ്കിലും, ഡച്ച്ഗവർണറായ മോയൻസ് 1741–ൽ രേഖപ്പെടുത്തിയിട്ടുള്ളത്, "ഞങ്ങൾ പാലക്കാട്ടും മൈസൂറുമായും ഒരേവിധം സൗഹൃദബന്ധത്തിൽ കഴിയുന്നു' എന്നാണ്[14].

9. Ernakulam Archives, series I, No 166/VIII, dt. 12.2. 669 (1794)
10. Tellichery Consultations, vol. V, P. 42
11. Ibid, No. VII, P. 81
12. Ibid, Vol. X, P. 52
13. Ibid, Vol. xv, P. 42
14. Moens, opp cit, P. 16

കേരളചരിത്രത്തിലെ പ്രധാന സംഭവങ്ങൾക്ക് പാലക്കാട് സാക്ഷ്യം വഹിച്ചത് 1757–ൽ മൈസൂർകാരുടെ ആഗമനത്തോടുകൂടിയാണ്. പതിവുപോലെ ആ വർഷവും തന്റെ സേനാനായകനായ ചെങ്ങണാരി നമ്പൂതിരിയുടെ നേതൃത്വത്തിൽ സാമൂതിരി തന്റെ സേനയെ പാലക്കാട് ആക്രമിക്കുവാനയച്ചു. അക്കാലത്ത് ഡിൻഡിഗലിലെ ഫൗജ്ദാരായിരുന്ന ഹൈദരാലിയോട് പാലക്കാട് രാജാവ് സൈനിക സഹായമഭ്യർത്ഥിച്ചു. ഒട്ടും മടിക്കാതെ മക്ദൂം സാഹിബിന്റെ കീഴിൽ 2000 കുതിരപ്പടയേയും 5000 കാലാൾപടയേയും അയച്ച് സാമൂതിരിയെ പിൻതിരിച്ചോടിച്ചു.[15] അങ്ങനെ മൈസൂർകാർക്ക് കേരളത്തിലേക്ക് കടക്കുവാൻ വാതിൽ തുറന്നുകൊടുത്തവർ പാലക്കാട് രാജാക്കൻമാരായിരുന്നു എന്ന് കാണാം.

15. J. Spencer, J. Smee and A.P. Walker (Second commissioners of Malabar), Report on the Administration of Malabar 1801, P. 6

അനുബന്ധം V

# ആലിരാജാക്കൻമാരുടെ അറയ്ക്കൽ സ്വരൂപം

കേരളത്തിലുണ്ടായിരുന്ന അനവധി രാജസ്ഥാനങ്ങളിൽ ഒന്നായ അറയ്ക്കൽ കുടുംബം കണ്ണൂർ ആസ്ഥാനമാക്കി ഭരണം നടത്തിയിരുന്ന ഒരു ചെറുകിട രാജ്യമായിരുന്നു. കേരളത്തിലെ ഏക മുസ്ലീം ഭരണാധിപൻ എന്ന ബഹുമതിയും അറയ്ക്കൽ ആലിരാജാക്കന്മാരായിരുന്നു. ചിറക്കൽ രാജ വംശവുമായി അടുത്ത ബന്ധം ഇവർക്കുണ്ടായിരുന്നതായാണ് വിശ്വാസം. അതിന്നാധാരമായി നില്ക്കുന്ന ഐതിഹ്യങ്ങളിലൊന്ന് ചിറക്കൽ കുടുംബ ത്തിലെ ഒരു രാജകുമാരി പുഴയിൽ കുളിച്ചുകൊണ്ടിരിക്കുമ്പോൾ കയത്തിൽ പ്പെട്ടുവെന്നും, മുങ്ങിമരിക്കുമായിരുന്ന ആ സ്ത്രീയെ രക്ഷിച്ചത് ചിറക്കൽ രാജാവിന്റെ മുസ്ലീം നാവിക മേധാവികളിലൊരാളായിരുന്നുവെന്നും, തന്റെ ജീവൻ രക്ഷിച്ച ആ മുസ്ളിമിനു തന്നെ വിവാഹം കഴിച്ചുകൊടു ക്കണമെന്ന് രാജകുമാരി ശാഠ്യംപിടിച്ചുവെന്നും, അങ്ങനെ വിവാഹിത രായ അവർക്ക് ചിറക്കൽ രാജാവ് ദാനമായി കുറേ സ്ഥലങ്ങൾ നൽകി യെന്നും അങ്ങനെയാണ് അറയ്ക്കൽ രാജവംശത്തിന്റെ ഉത്ഭവമെന്നും ആണ്. മറെറാരു കഥ ചിറയ്ക്കൽ കുടുംബത്തിലെ ഒരു രാജകുമാരിയും ധനാഢ്യനായ ഒരു മുസ്ളിം വർത്തകനും തമ്മിൽ പ്രണയ ബന്ധിതരാ യെന്നും, അവസാനം വിവാഹിതരായിത്തീർന്ന ഇവരാണ് അറയ്ക്കൽ വംശ ത്തിലെ പൂർവ്വികർ എന്നും ആകുന്നു. പിന്നേയും വേറൊരു കൂട്ടരുടെ ഊഹം ചേരമാൻ പെരുമാൾ രാജ്യം പകുത്തപ്പോൾ കിട്ടിയ സ്ഥലത്ത് ഒരു രാജസ്ഥാനം സ്വതന്ത്രമായി ഉത്ഭവിച്ചതായിരിക്കാമെന്നാണ്.

ഈ രാജവംശത്തിന്റെ സ്ഥാപകൻ ഒരു മുഹമ്മദലി ആയിരുന്നു വെന്നും അദ്ദേഹത്തിന്റെ പേരിൽ നിന്നാണ് 'ആലി രാജാ' എന്ന സ്ഥാനപ്പേർ അവർ സ്വീകരിക്കുവാനിടയായതെന്നും വിശ്വസിച്ചുപോ രുന്നു. ഈ മുഹമ്മദലിയാകട്ടെ ഇസ്ളാംമതത്തിലേക്ക് പരിവർത്തനം

ചെയ്യപ്പെട്ട മഹാബലി എന്ന പേരോടുകൂടിയ ആളായിരുന്നുവെന്നും പറയപ്പെടുന്നുണ്ട്. ആലിരാജാ എന്ന സ്ഥാനപ്പേര് സ്വീകരിക്കുവാൻ ചില ചരിത്രകാരന്മാർ കാണുന്ന ന്യായം മുസ്ലിങ്ങളുടെ ആദ്യത്തെ നാല് ഖലീഫമാരിൽ ഒരാളായ കലീഫഅലിയുടെ സ്മരണയെ പിൻപറ്റിക്കൊണ്ടാണെന്നത്രെ. ഇനിയും ചിലരുടെ അഭ്യൂഹം ഇവർ അറബിക്കടലിന്റെയും, മാലദ്വീപ്, ലക്ഷദ്വീപ് തുടങ്ങിയ ദ്വീപുകളുടെയും അധിപതികളായിരുന്നതിനാൽ ഇവരെ 'ആഴി' (സമുദ്രം) രാജാക്കന്മാർ എന്ന് പറഞ്ഞുപോന്നിരുന്നുവെന്നും അതിൽ നിന്നായിരിക്കാം ആലിരാജാ എന്ന സ്ഥാനപ്പേര് ഉത്ഭവിച്ചതെന്നുമാണ്.

ഏതായാലും മലബാറിലെ മുസ്ലിങ്ങളുടെ പൂർണമായ നേതൃത്വം ഇവർക്കുണ്ടായിരുന്നു. മലബാർ മാപ്പിളമാർ അവരുടെ ശക്തികേന്ദ്രമായി കണ്ടിരുന്നതും കണ്ണൂർ ആലിരാജാവിനെ ആയിരുന്നു താനും. പോർച്ചുഗീസ്കാരെ മലബാർ തീരത്തുനിന്നും അടിച്ചോടിക്കുവാൻ ഇവർ അനവരതം പൊരുതുകയും അളവററ ആളും അർത്ഥവും ക്രൂശിക്കുകയും ചെയ്തിട്ടുണ്ട്. പറങ്കികൾക്കെതിരായി മലബാർ തീരത്ത് നടന്നിട്ടുള്ള എല്ലാ ഏററുമുട്ടലുകളിലും നാവികയുദ്ധങ്ങളിലും ഇവരും ഭാഗഭാക്കുകളായിരുന്നിട്ടുണ്ട്. മലബാറിലെ ചെറുകിട രാജാക്കന്മാരിൽ പലരും പറങ്കികളുടെ പക്ഷത്ത്കൂടി, കണ്ണൂരിനെ പ്രതിരോധിക്കുകയോ, ചിലപ്പോൾ ആലിരാജയുടെ സൈന്യത്തോടൊപ്പം പറങ്കികളുമായി സംഘട്ടനത്തിലേർപ്പെടുകയോ ചെയ്തുകൊണ്ടിരുന്നു. ചിറയ്ക്കൽ രാജാവുമായുള്ള ബന്ധം ഉൾപ്പെടെയുള്ള മലബാറിലെ രാജാക്കന്മാരുമായുണ്ടായിരുന്ന കണ്ണൂരിന്റെ ബന്ധം ഇതിന്റെ അടിസ്ഥാനത്തിലായിരുന്നുതാനും.

പറങ്കികളുമായുണ്ടായിരുന്ന യുദ്ധങ്ങളിൽ കണ്ണൂരിനെ പണവും സൈന്യവും കൊണ്ട് കോലത്തിരി രാജാക്കന്മാർ സഹായിച്ച സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ നാവികവീരനായ വലിയ ഹസ്സനെ വാസ്കോ ഡി ഗാമയ്ക്ക് കോലത്തിരി പിടിച്ചേല്പിക്കുകയും, പറങ്കികൾ അയാളെ നിർദ്ദയം വധിക്കുകയും ചെയ്തതോടെ കണ്ണൂരും ചിറയ്ക്കലും തമ്മിലുണ്ടായിരുന്ന സൗഹൃദം തകർന്നു. വലിയ ഹസ്സനാകട്ടെ പുകഴ്പെററ വ്യാപാരപ്രമുഖനും അറയ്ക്കൽ കുടുംബവുമായി അടുത്ത ബന്ധവുമുള്ള ആളായിരുന്നു. ഇതേ തുടർന്ന് നിരവധി ഏററുമുട്ടലുകളും തുറന്ന യുദ്ധങ്ങൾ തന്നേയും കണ്ണൂരും ചിറക്കലുമായിട്ടുണ്ടായി. ഈ സംഘട്ടനങ്ങളിലൊക്കെ ഇവിടെയുണ്ടായിരുന്ന ഫ്രഞ്ചുകാരും ലന്തക്കാരും ഇംഗ്ലീഷ്കാരും മാറിമാറി ഏതെങ്കിലും പക്ഷം പിടിച്ച് യുദ്ധങ്ങളിൽ പങ്കുചേരുകയും തങ്ങളുടെ നിക്ഷിപ്ത താല്പര്യസംരക്ഷണം നടത്തുകയും ചെയ്തിരുന്നതായി കാണാം. 1718-ൽ കോലത്തിരിയുടെ നായർയോദ്ധാക്കളും ആലിരാജയുടെ സൈന്യങ്ങളും തമ്മിൽ നടന്ന ഘോരമായ സംഘട്ടനത്തിന്റെ ഫല

മായി കണ്ണൂരിലെ ലന്തക്കമ്പനിക്ക് യാതൊരുവക വ്യാപാരവും ചെയ്യാൻ സാധിക്കാതെ നിശ്ചലമാകേണ്ടതായി വന്നുകൂടിയെന്ന് ഗവർണ്ണർ മോയൻസ് രേഖപ്പെടുത്തിയിട്ടുണ്ട്. അന്നുണ്ടായ സന്ധിയില്ലാത്ത സംഘട്ടനങ്ങളുടെ ഉത്ഭവമാകട്ടെ ഒരു മുസ്ലിം മതപണ്ഡിതനെ അകാരണമായി ഹനിച്ചതായിരുന്നുവെന്നും കാണുന്നു.[1] 1721-ൽ നടന്ന യുദ്ധത്തിൽ ലന്തക്കാർ ആലിരാജയേയും, ഇംഗ്ലീഷ്കാർ കോലത്തിരിയേയും സഹായിച്ചു. സാമൂതിരിയും, ലന്തക്കാരും ഇംഗ്ലീഷ്കാർ തന്നെയും ഇവരുടെ ഈ സംഘട്ടനങ്ങൾ അവസാനിപ്പിക്കുവാൻ അനുരഞ്ജനശ്രമം നടത്തിയിരുന്നുവെങ്കിലും യുദ്ധം 1732 വരെ നീണ്ടുപോയി. താല്ക്കാലിക വിരാമം ഇങ്ങനെ ഉണ്ടാകുന്നതാകട്ടെ, ചിറയ്ക്കൽ രാജ്യത്തിന്റെ ഉത്തരാതിർത്തിയിൽ കിടക്കുന്ന ക്യാനറ വലിയ സൈനിക സന്നാഹവുമായി കോലത്തിരിയെ ആക്രമിക്കുവാനെത്തിയതു് മൂലവുമാണ്. ഉദയവർമ്മ കോലത്തിരി ക്യാനറാ സൈന്യാധിപനായ റഗോനട്ടുമായി ഒരു സമാധാന ഉടമ്പടിയുണ്ടാക്കി. എന്നാൽ അതേ തുടർന്ന് ഇരു സൈന്യങ്ങളുംകൂടി കണ്ണൂർ നഗരത്തിനെതിരായി തിരിയുകയാണ് ചെയ്തതു്. തലശ്ശേരി ഫാക്ടറിയിലെ കൺസൾട്ടേഷൻ രേഖകളിൽ ഇതു് സംബന്ധമായി എഴുതിയിരിക്കുന്നതിപ്രകാരമാണ്: ''സമാധാന ഉടമ്പടി ഒപ്പുവെച്ചധികം കഴിയുന്നതിനു് മുമ്പുതന്നെ ക്യാനറാ സൈന്യം വളപട്ടണം കടന്ന് തന്റെ സൈന്യങ്ങളുമായി യോജിച്ച് കണ്ണൂർപട്ടണം നിലം പരിശാക്കണമെന്നാണ് ഉദയവർമ്മ ആജ്ഞാപിച്ചതു്. റഗനോട്ടാകട്ടെ ഒരെതിർപ്പും പ്രകടിപ്പിക്കാതെ അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്തു.''[2] സമാധാനപരമായി കാര്യങ്ങൾ തീർക്കാനുള്ള അനുരഞ്ജനശ്രമങ്ങൾ നടത്തി. സ്വന്തം താല്പര്യത്തിനു് സമാധാനമാണ് ആ പ്രദേശത്താവശ്യമെന്ന് അറിയാമായിരുന്ന ഇംഗ്ലീഷ്കാരും അതിനു് വേണ്ടി ശ്രമിച്ചു. കണ്ണൂർപട്ടണം നശിപ്പിക്കുവാൻ തയ്യാറായെങ്കിലും കോലത്തിരിയെ സ്വതന്ത്രമായി വിടുവാനും ക്യാനറക്കാർ തയ്യാറായിരുന്നില്ല. അവസാനം ലന്തക്കാരുടെ പരിശ്രമഫലമായി യുദ്ധച്ചെലവിലേക്ക് ഒരു വലിയ തുക ഈടാക്കി ക്യാനറാസൈന്യം പിൻവലിഞ്ഞു. ഉണ്ടാകാമായിരുന്ന വലിയ വിപത്തിൽ നിന്നും തന്ത്രപൂർവ്വം തങ്ങളെ രക്ഷപ്പെടുത്തിയ ലന്തക്കാർക്ക് വർഷാന്തം 1000 കണ്ടി കുരുമുളക് ന്യായ വിലക്ക് കൊടുക്കാമെന്ന് കോലത്തിരി സമ്മതിക്കുകയും ചെയ്തു.

1738—ൽ ക്യാനറാസൈന്യം വീണ്ടും കോലത്തിരിനാടിനെ ആക്രമിച്ചു. ലന്തക്കാർക്ക് അവരെ ഇതിൽ നിന്നും പിന്തിരിപ്പിക്കുവാൻ സാധിച്ചില്ല. ഇപ്രാവശ്യം ക്യാനറക്കാരുമായി ഒത്തുതീർപ്പുണ്ടാക്കുന്നതിൽ വിജയിച്ചതു് ഇംഗ്ലീഷ്കാരായിരുന്നു. തീരുമാനവ്യവസ്ഥ കോലത്തിരി

---

1. ഡച്ച് റെക്കോഡ്സ്, നമ്പർ 13, പുറം 143
2. Tellicherry Consultations, Vol., vi

നാട്ടിൽനിന്നും ആക്രമിച്ച് കീഴടക്കിയ സ്ഥലങ്ങൾ ക്യാനറക്കാർ മടക്കി കൊടുക്കേണ്ടതില്ല എന്നതായിരുന്നു. കോലത്തിരിയുടെ സമ്മതപ്രകാരമായിരുന്നു അത്തരം ഒരു സന്ധി ഉണ്ടാക്കിയത്. ഈ അനുരഞ്ജനശ്രമത്തിന്റെ വിജയം കോലത്തിരിയെ സന്തുഷ്ടനാക്കി. തന്റെ കൃതജ്ഞതാപ്രകടനമെന്നോണം ഇംഗ്ലീഷ്കാർക്ക് മട്ടുമ്മൽ എന്ന സ്ഥലം അദ്ദേഹം ദാനമായി നൽകുകയും ചെയ്തു. എന്നാൽ ഈവക ശ്രമങ്ങളൊന്നും ശാശ്വതമായ സമാധാനമുണ്ടാക്കുവാൻ സഹായകമായില്ല. 1739-ൽ അവർ വീണ്ടും വലിയ സൈനികസന്നാഹങ്ങളുമായെത്തി ചിറയ്ക്കൽ ആക്രമിച്ചു. ക്യാനറക്കാർക്കെതിരായി കോലത്തിരിയെ ഇംഗ്ലീഷ്കാരും ഫ്രഞ്ചുകാരും സഹായിക്കുവാനെത്തി. എന്നാൽ യുദ്ധം നീണ്ട്നീണ്ട് പോകുകയാണുണ്ടായത്. അവസാനം 1745-ലാണ് ഉഭയകക്ഷികൾ തമ്മിൽ ഒരു സമാധാന ഉടമ്പടിയിൽ ഒപ്പുവെച്ചത്.

1750-51 കാലത്ത് വീണ്ടും യുദ്ധം പൊട്ടിപ്പുറപ്പെട്ടു. ഫ്രഞ്ചുകാർ കോലത്തിരിയുടെ സഹായത്തിനെത്തി. സഹായത്തിന് നന്ദിസൂചകമായി കേലത്തിരി ഫ്രഞ്ചുകാർക്ക് രാമന്തളി എന്ന സ്ഥലം ദാനം ചെയ്തു. കോലത്തുനാട്ടിൽ നിലവിലിരുന്ന യുദ്ധകാല പരിതസ്ഥിതി സ്വന്തം താല്പര്യത്തിന്‌വേണ്ടി ചൂഷണംചെയ്യുവാനാണ് ഇംഗ്ലീഷ്കാർ പിന്നീട് ശ്രമിച്ചത്. കോലത്തിരി താവഴിയിലെ രണ്ട് രാജകുമാരന്മാരെ സ്ഥാനഭ്രഷ്ടരാക്കി പകരം തങ്ങൾക്ക് പററിയ ആളെ വാഴിക്കുവാൻ ശ്രമിക്കുകയാണവർ ഈ അവസരത്തിൽ ചെയ്തത്. വടകരയിലെ രാജകുമാരനെ ഫ്രഞ്ചുകാർ പുനർവാഴ്ച നടത്തിയത് ഇംഗ്ലീഷ്കാരുടെ വിരോധത്തിനിടയാക്കി. ഇംഗ്ലീഷ്കാർ ഫ്രഞ്ചുകാരോട് യുദ്ധപ്രഖ്യാപനം നടത്തുകയും ചെയ്തു. ഇതിനുമുമ്പ് ഇംഗ്ലീഷ്കാരോടും ഫ്രഞ്ചുകാരോടുമുണ്ടായിരുന്ന സൗഹൃദബന്ധം കോലത്തിരി അവസാനിപ്പിക്കുകയും ലന്തക്കാരുമായി സഖ്യത്തിലേർപ്പെടുകയും ചെയ്തു.[3] ഈ ഉടമ്പടിയിൽ ആലിരാജായും ഭാഗഭാക്കായിരുന്നു. എന്നാൽ മൂന്ന് വർഷത്തിന്‌ശേഷം ആലിരാജ ഈ ഉത്തരവാദിത്വമേറിയ ഉടമ്പടി ലംഘിക്കുകയും ഇംഗ്ലീഷ്കാരുമായി ചേർന്ന് കോലത്തിരി കുടുംബത്തിൽ കലഹമുണ്ടാക്കുകയും ചെയ്തു. ആലിരാജയുടെ ധാർഷ്ട്യം അസഹനീയമായപ്പോൾ കോലത്തിരി ഇംഗ്ലീഷ്കാരുമായി സഖ്യമുണ്ടാക്കി. അങ്ങനെ ഇംഗ്ലീഷ്സഹായത്തോടുകൂടി കോലത്തിരി ആലിരാജയെ ആക്രമിച്ച് കണ്ണൂർ കോട്ടയെ ഉപരോധിച്ചു. ഫ്രഞ്ചുകാരിൽ നിന്നോ, ലന്തക്കാരിൽ നിന്നോ സഹായം ലഭിക്കുവാൻ മാർഗമില്ലന്ന് മനസ്സിലാക്കുകയും, കോട്ടയ്ക്കകത്തുള്ള ഭക്ഷണസാധനങ്ങൾ തീർന്നുകൊണ്ടിരിക്കുകയും ചെയ്ത പശ്ചാത്തലത്തിൽ തിരുവിതാംകൂർ രാജാ

3. മോയൻസ്, മെമ്മോറാണ്ടം etc, പുറം 145

വിന്റെ മാദ്ധ്യസ്ഥം സ്വീകരിച്ച് ഇംഗ്ലീഷ്കാരുമായി സമാധാനമുണ്ടാക്കുകയാണ് ആലിരാജാ ചെയ്തത്. കോലത്തിരിയുടെ തന്റെനേർക്കുള്ള ഒടുങ്ങാത്ത പകയും വൈരാഗ്യവുമാണ് ആലിരാജയെ പുറമേ എവിടേനിന്നെങ്കിലും സഹായം തേടുവാൻ പ്രേരിപ്പിച്ചതും. അങ്ങനെയാണ് ഹൈദരാലിയുടെ അടുക്കൽ കേരളത്തെ ആക്രമിക്കുവാനുള്ള നിവേദനവുമായിപ്പോകുവാൻ ആലിരാജയെ നിർബ്ബന്ധനാക്കിയത്. 1757 ഏപ്രിൽ 21–നുണ്ടാക്കിയ സന്ധിഉടമ്പടിപ്രകാരം കോലത്തിരിയെ ആരെങ്കിലും ആക്രമിക്കുകയാണെങ്കിൽ സഹായത്തിനെത്തേണ്ട ബാദ്ധ്യത ഇംഗ്ലീഷ്കാർക്കുണ്ടായിരുന്നു[4]. കോലത്തിരികുടുംബത്തിലെ മററുരാജാക്കന്മാരായ കടത്തനാട്, കോട്ടയം, നീലേശ്വരം തുടങ്ങിയവരുമായും ഇത്തരം സന്ധികൾ ഇംഗ്ലീഷ്കാരുണ്ടാക്കിയിരുന്നെങ്കിലും ഹൈദരാലി ഇവർക്കെതിരായി സൈനികാക്രമണം നടത്തിയപ്പോൾ ഇംഗ്ളീഷ്കാർക്ക് ഉടമ്പടിവ്യവസ്ഥ മാനിച്ച് അവരുടെ സഹായത്തിനെത്താൻ കെല്പുണ്ടായിരുന്നില്ല.

4. തലശ്ശേരി ഫാക്ടറി റിക്കോഡ്സ്, ആഗസ്റ്റ് 24,1763.

# കൊച്ചിരാജവംശം

ഈ രാജസ്ഥാനത്തെ പെരുമ്പടപ്പ് സ്വരൂപമെന്നാണ് വിളിച്ചു പോരുന്നതു്. ഈ കുടുംബത്തിന്റെ ഉത്ഭവസ്ഥാനം പാലക്കാട് ജില്ലയിൽ പെട്ട പൊന്നാനി താലൂക്കിലെ പെരുമ്പടപ്പ് ഗ്രാമമാണെന്നതിനാലാണ് കൊച്ചിരാജവംശത്തെ പെരുമ്പടപ്പ് സ്വരൂപമെന്ന് വിശേഷിപ്പിച്ചിരുന്നതു്. 17–ാം നൂററാണ്ടിന്റെ പകുതി വരെ കൊച്ചിരാജാക്കന്മാരുടെ കിരീടധാരണം നടത്തിയിരുന്നതു് ഇവിടെവെച്ചായിരുന്നു. ചേരമാൻ പെരുമാളിന്റെ അനന്തരവൻമാരാണ് തങ്ങളെന്നാണ് കൊച്ചിരാജാക്കന്മാർ എക്കാലവും അവകാശപ്പെട്ടിട്ടുള്ളതു്[1]. ഇവർ ക്ഷത്രിയരാജാക്കന്മാരായിരുന്നു[2].

ബർബോസ ഇവിടം സന്ദർശിക്കുന്ന കാലത്തു് സാമൂതിരിയെപ്പോലെ ശക്തനായിരുന്നില്ല കൊച്ചിരാജാവു്[3]. എന്നാൽ 17–ാം നൂററാണ്ടിന്റെ ആദ്യപകുതിയിൽ തന്നെ വിസ്തൃതമായ സ്ഥലങ്ങളോടു കൂടിയ പ്രബലത്തായ രാജ്യമായിത്തീർന്നിരുന്നു കൊച്ചി. കൊച്ചിയുടെ കീഴിൽ ആശ്രിത രാജ്യങ്ങളായി പുറക്കാട്, പറൂർ, വടക്കുംകൂർ, ആലങ്ങാട് എന്നീ നാടുകളുണ്ടായിരുന്നു. ഇവയെ കൊച്ചിരാജ്യത്തിന്റെ ശക്തമായ നാല് തൂണുകളായാണ് കരുതിപ്പോന്നിരുന്നത്. 1743–ൽ തന്റെ 'മെമ്മോറാണ്ട'ത്തിൽ ഡച്ച ഗവർണറായ വാൻ ഗലനേ എഴുതുന്നതു് ഈ നാലു നാടുകളും കൊച്ചിയിൽപ്പെട്ട നാലു രാജ്യങ്ങളായിട്ടാണു്[4]. എന്നാൽ മാർത്താണ്ഡ

1. കേരളചരിത്രം, ഗ്രന്ഥം നമ്പർ 18, പുറം 5, എറണാകുളം ആർക്കൈവ്സ്.
2. ഗ്രന്ഥവരി രേഖ, പുറം 5.
3. ബർബോസ, മുൻ ഉദ്ധരിച്ചത്, പുറം 150.
4. പടപ്പാട്ടു, ശ്രീമൂലം മലയാളഭാഷാഗ്രന്ഥം നമ്പർ 5, പുറം 51.

വർമ്മയുടെ പ്രബലമായ വളർച്ച കൊച്ചിക്ക് ഭീഷണിയായി മാറി. മൈസൂർകാർ മലബാർ ആക്രമിക്കന്ന കാലത്ത് കൊച്ചി ചെറിയ ഒരു നാട്ടുരാജ്യം മാത്രമായിത്തീർന്നിരുന്നു.

മററുള്ള രാജാക്കന്മാരുമായി കൊച്ചിരാജാവിനുണ്ടായിരുന്ന ബന്ധം തൻെറ രാജ്യം ആക്രമിക്കപ്പെട്ടേക്കുമോ എന്ന ഭീതിയുടെ അടിസ്ഥാനത്തിൽ രൂപം കൊണ്ടതായിരുന്നുവെന്ന് വേണം പറയുവാൻ. 15–ാം നൂററാണ്ടിൽ സാമൂതിരിയെ തൻെറ മേൽക്കോയ്മയായദ്ദേഹമംഗീകരിച്ചിരുന്നു. എന്നാൽ കിട്ടിയ അവസരം വിനിയോഗിച്ച് തൻെറ ആശ്രിതത്വനുകം വലിച്ചെറിയുവാനദ്ദേഹം ശ്രമിച്ചതായി കാണാം. ഇതു് നിരവധി യുദ്ധങ്ങൾക്ക് കാരണമാകുകയും ചെയ്തു. വടക്ക നിന്ന് സാമൂതിരിയും തെക്ക നിന്ന് മാർത്താണ്ഡവർമ്മയും തൻെറ രാജ്യത്തിൻമേൽ കണ്ണും നട്ട് ആക്രമണ ഭീഷണിയുയർത്തിയതുകൊണ്ട് ഏതെങ്കിലും വിദേശശക്തിയുടെ പിൻബലമില്ലാതെ തനിക്ക് നിലനില്പ്പില്ലെന്ന് കൊച്ചിരാജാവിനറിയാമായിരുന്നു. പറങ്കികൾ വന്ന കാലം മുതൽ അവരുമായും അതിനുശേഷം ലന്തക്കാരുമായും അദ്ദേഹം സഹായ–സൈനിക ഉടമ്പടികൾ ഉണ്ടാക്കിയിരുന്നു. ഇവരുടെ സഹായവും രക്ഷയുമായിരുന്നു കൊച്ചിയെ നിലനിർത്തിയിരുന്നതു്. സഹോദരരാജാക്കൻമാരുമായുണ്ടായിരുന്ന ശത്രുതയും മത്സരവും വിദേശശക്തികളുടെ അഭയാർത്ഥിയാക്കി കൊച്ചിയെ മാററിയിരുന്നു.

ഇതു് വിശദീകരിക്കുന്ന നിരവധി രേഖകൾ നമുക്കിപ്പോൾ ലഭ്യമാണ്. കൊച്ചിരാജാവിൻെറ ഒരെഴുത്തിന്ന് മറുപടി നല്കുന്ന കൂട്ടത്തിൽ ബത്താവിയായിലെ ഗവർണർ ജനറൽ 1705 സെപ്ററംബർ 15–ന് എഴുതുന്നതിങ്ങനെയാണ്: “കൊച്ചിയുടെ ഏററവും വലിയ ശത്രു സാമൂതിരിയാകുന്നു. കൊച്ചിയിലുള്ള ഡച്ച് ഓഫീസർ രാജാവിനോട് മുഖദാവിൽ എല്ലാ കാര്യങ്ങളും വിശദീകരിച്ചുതരും. എല്ലാ ന്യായമായ കാര്യത്തിന്നും കമ്പനിയുടെ സഹായം ഉണ്ടായിരിക്കുകയും ചെയ്യും”[5]. എന്നാൽ 1752–ൽ സാമൂതിരി കൊച്ചിയെ ആക്രമിച്ചപ്പോൾ ലന്തക്കാർ നിസ്സഹായരായി നോക്കി നിന്നതേയുള്ളു. ലന്തക്കാരിൽ നിന്നും ഇനി സഹായം പ്രതീക്ഷിക്കുന്നതിലർത്ഥമില്ലെന്ന് മനസ്സിലാക്കിയ കൊച്ചിരാജാവ് സൈനിക സഹായത്തിന്നായി തിരുവിതാംകൂറിനെ ശരണം പ്രാപിക്കുകയാണ് ചെയ്തതു്. 1761 ഡിസംബർ 26–ന് ദീർഘമായ സംഭാഷണങ്ങൾക്ക് ശേഷം കൊച്ചിയും തിരുവിതാംകൂറും സൈനിക സഹായസഖ്യത്തിൽ ഒപ്പുവെച്ചു[6]. ഇതേ തുടർന്ന് സാമൂതിരിക്കെതിരായി തിരുവിതാംകൂർ യുദ്ധം

5. എറണാകുളം ആർക്കൈവ്സ്, LXI, iii, സീരീസ് 1, പുറം 2721.
6. ലോഗൻ, ഉടമ്പടികൾ മുതലായവ, CXXIV–ഉം XXV–ഉം.

പ്രഖ്യാപിക്കുകയും, സഖ്യസൈന്യങ്ങൾ സാമൂതിരിയിൽ നിന്നും കൊടുങ്ങല്ലൂർ, പറൂർ, വരാപ്പുഴ എന്നീ സ്ഥലങ്ങൾ തിരിച്ചു പിടിക്കുകയും ചെയ്തു. യുദ്ധം സാമൂതിരിക്ക് ഭീഷണമാം വിധം അപായകരമായി മാറിയിരുന്നു. തൻമൂലം സഖ്യകക്ഷികളുമായി സമാധാന ഉടമ്പടി ഉണ്ടാകുവാൻ സാമൂതിരി നിർബന്ധനായി. ഈ സന്ധിയുടെ വ്യവസ്ഥകളിലൊന്ന് ഭാവിയിൽ കൊച്ചിയും സാമൂതിരിയുമായി ഏതെങ്കിലും വിധത്തിലുള്ള തർക്കമോ സംഘട്ടനമോ ഉണ്ടാകുകയാണെങ്കിൽ, അതിൻമേൽ അന്തിമ തീരുമാനം തിരുവിതാംകൂറിൻെറതായിരിക്കുമെന്നും ഉഭയകക്ഷികളും അത്തരം തീരുമാനമനുസരിച്ച് പ്രവർത്തിക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കുമെന്നുമാണ്. നെടിയിരിപ്പ് സ്വരൂപവും (സാമൂതിരി) പെരുമ്പടപ്പ് സ്വരൂപവും (കൊച്ചി) തമ്മിൽ അനാദികാലമായി നിലനിന്നുപോന്ന ശത്രുതകൾ യുദ്ധങ്ങൾക്കും വിരാമമിട്ട ഈ സന്ധി കേരളചരിത്രത്തിൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്.

സാമൂതിരിയിൽ നിന്നും രക്ഷപ്പെടുവാൻവേണ്ടി തിരുവിതാംകൂറിനെ ആശ്രയിക്കേണ്ടതായിവന്ന കൊച്ചിയോട് ഏററവും ഭീഷണമായ രീതിയിലാണ് തിരുവിതാംകൂർ പെരുമാറിയിരുന്നത് എന്നുകൂടി ഓർക്കേണ്ടതുണ്ട്. ലന്തക്കാരും തിരുവിതാംകൂറിലെ മാർത്താണ്ഡവർമ്മയുമായി 1753 ആഗസ്റ്റ് പതിനഞ്ചിനു ഉണ്ടാക്കിയ മാവേലിക്കര ഉടമ്പടിയനുസരിച്ച് കന്യാകുമാരിക്കും കൊല്ലത്തിനുമിടക്കായി കിടന്നിരുന്ന വേണാടിനു് വടക്കോട്ട് തൻെറ രാജ്യവിസ്തൃതി വർധിപ്പിക്കുന്നത് ലന്തക്കാർ തടയുകയില്ലെന്നു് വ്യവസ്ഥ ചെയ്തിരുന്നു. ഈ സന്ധിയുടെ പ്രത്യാഘാതമെന്തായിരിക്കുമെന്നു ശരിക്കും മനസ്സിലാക്കിയിരുന്ന കൊച്ചിരാജാവിന്നു് വരാൻ പോകുന്ന വിപത്തിനെ നേരിടുവാൻ മററു മാർഗ്ഗങ്ങളൊന്നുമുണ്ടായിരുന്നില്ല. ലന്തക്കാരുടെ സുപ്രീം കമാണ്ടിന്നു് ബത്താവിയായിലേക്ക് നിരന്തരം എഴുതിക്കൊണ്ടിരുന്നെങ്കിലും അവർ നിസ്സഹായതയാണ് കാണിച്ചത്. പെരുമ്പടപ്പു സ്വരൂപത്തിൽ ആയിടെയുണ്ടായ കുടുംബകലഹം ചൂഷണം ചെയ്തുകൊണ്ട് മാർത്താണ്ഡവർമ്മ തൻെറ സൈന്യങ്ങളുമായി കൊച്ചിയുടെ അതിർത്തി ലംഘിച്ചു. തുടർന്നു നടന്ന യുദ്ധത്തിൽ കൊച്ചിയെ പരാജയപ്പെടുത്തുവാൻ കഴിഞ്ഞ തിരുവിതാംകൂറിൻെറ ഇഷ്ടാനുസരണമുള്ള സന്ധി സംഭവിക്കിയതു്. ഇത്തരം അപമാനകരമായ ഉടമ്പടിയിൽ ഒപ്പുവെക്കേണ്ടതായി വന്ന കൊച്ചിരാജാവ് തിരുവിതാംകൂറിനെതിരായി മാർത്താണ്ഡവർമ്മയാൽ തോല്പിക്കപ്പെട്ട നാട്ടുരാജാക്കന്മാരെ ഇളക്കി വിടുവാനുള്ള ശ്രമമാണ് ചെയ്തതു്. കായംകുളം, അമ്പലപ്പുഴ, ചങ്ങനാശ്ശേരി തുടങ്ങിയ നാടുകളിലെ സൈന്യങ്ങളെ കൊച്ചിയുടെ നേതൃത്വത്തിൽ ഏകോപിപ്പിച്ച് തിരുവിതാംകൂറിനെതിരായി യുദ്ധത്തിനു് തയ്യാറാക്കി. എന്നാൽ ഈ സഖ്യസൈന്യത്തെയും തിരുവിതാംകൂർ പരാജയപ്പെടുത്തുകയാണ് ചെയ്തതു്. അമ്പലപ്പുഴ വരെയുള്ള കൊച്ചിയുടെ സ്ഥലങ്ങൾ മുഴക്കെ കീഴടക്കിയ തിരു

വിതാംകൂറിനോട് സമാധാനത്തിനുവേണ്ടി കൊച്ചിക്ക് അഭ്യർത്ഥിക്കേണ്ടതായി വന്നുകൂടുകയും ചെയ്തു. എന്നാൽ പിടിച്ചടക്കിയ സ്ഥലങ്ങളൊന്നും തിരുവിതാംകൂർ, കൊച്ചിക്ക് നല്കുകയുണ്ടായില്ല. തൻെറ രാജ്യത്തുനിന്നും നല്ല ഒരു ഭാഗം തിരുവിതാംകൂർ പിടിച്ചടക്കുകയും പരാജിതനായ തനിക്കു സമാധാനമുണ്ടാക്കുവാൻ വലിയവില നല്കുകയും വേണ്ടിവന്ന് പ്രയാസപ്പെട്ടുകൊണ്ടിരിക്കുമ്പോഴാണ് വടക്ക് നിന്നും സാമൂതിരിയുടെ ആക്രമണ ഭീഷണി മുഴങ്ങുന്നത്.

ആ അവസരത്തിലാണ് പൂർവ്വ വൈരാഗ്യവും സ്ഥലനഷ്ടവുമെല്ലാം മറന്ന് തിരുവിതാംകൂറിൻെറ സഹായത്തിന് കൊച്ചി അഭ്യർത്ഥിക്കുന്നത്. 1781–ലെ കൊച്ചിയുടെ പരിതാപകരമായ സ്ഥിതിയെ ചൂണ്ടി മോയൻസ് എഴുതുന്നത് "കൊച്ചിരാജ്യത്തിലെ രാജാവ് നാമമാത്രമായിട്ടുള്ള ഭരണാധികാരിയാണ്. യഥാർത്ഥത്തിൽ തിരുവിതാംകൂർ രാജാവാണ് കൊച്ചിയുടെ അധിപതി"[7] എന്നാണ്. തിരുവിതാംകൂറിനും കോഴിക്കോടിനും ഇടക്ക് രണ്ടുവശത്തുനിന്നുമുള്ള സമ്മർദങ്ങൾക്ക് വിധേയമായി ചുരുങ്ങിപ്പോയ ബലഹീനമായ ഒരു രാജ്യമായിരുന്നു ഹൈദരാലിയുടെ ആക്രമണ കാലത്തെ കൊച്ചിരാജ്യം.

---

7. മോയൻസ്, മെമ്മോറാണ്ടം മുതലായവ, പുറം 125

## അനുബന്ധം VII

# വിദേശശക്തികളും കേരളരാജാക്കൻമാരും

തങ്ങളുടെ വാണിജ്യമേധാവിത്വവും അധികാര പ്രതിഷ്ഠയും ആയിരുന്നു വിദേശശക്തികളുടെ പ്രധാന ഉന്നമെങ്കിലും, അത്ര അധികമാരും ശ്രദ്ധിക്കുകയോ പഠനവിഷയമാക്കുകയോ ചെയ്തിട്ടില്ലാത്ത ശുദ്ധമെങ്കിലും ദൃഢമായ മറെറാരുദ്ദേശ്യം മതപ്രചാരണം എന്നതായിരുന്നു. പറങ്കികളുടെ ആഗമനത്തോടുകൂടിത്തന്നെ അവരുടെ മിഷണറി പ്രവർത്തനങ്ങളും ആരംഭിച്ചിരുന്നു. ഇന്ത്യയിൽ പറങ്കികൾക്കുണ്ടായിരുന്ന താവളങ്ങളെ ചൂണ്ടി എ. ഗാലററി എഴുതി: "അവരുടെ ആസ്ഥാനങ്ങൾ വെറും വ്യവസായ കേന്ദ്രങ്ങൾ മാത്രമായിരുന്നില്ല, അവരുടെ അധിനിവേശ സ്ഥലങ്ങളും അവരുടെ സംസ്കാരത്തിൻെറ സിരാകേന്ദ്രങ്ങളും കൂടിയായിരുന്നു അവ"[1]. 1663–ൽ പറങ്കികളെ പരാജയപ്പെടുത്തിയ ലന്തക്കാർ, കൊച്ചിരാജാവുമായുണ്ടാക്കിയ ഉടമ്പടിയിൽ കൊച്ചിരാജ്യത്തുണ്ടായിരുന്ന ക്രിസ്ത്യൻ പ്രജകളുടെ സംരക്ഷണ ഉത്തരവാദിത്വം പൂർണ്ണമായും തങ്ങൾക്കായിരിക്കണമെന്ന് വ്യവസ്ഥചെയ്തിരുന്നു[2]. ഡച്ചുകാരിൽ നിന്നും അധികാരം പിടിച്ചുപററിയ ഇംഗ്ലീഷുകാരും ഇതേ വ്യവസ്ഥയിൽ ക്രിസ്ത്യൻ പ്രജകളെ തങ്ങളുടെ നേരിട്ടുള്ള ഭരണത്തിൻകീഴിൽ കൊണ്ടുവരികയും ചെയ്തു[3]. മതപരിവർത്തനം ചെയ്തവരെന്ന അർത്ഥത്തിൽ 'മാർക്കക്കാർ' എന്നാണ് ക്രിസ്ത്യൻ പ്രജകളെ വ്യവഹരിച്ചു കാണുന്നതു്. പറങ്കികളെപ്പോലെ മതപീഡനങ്ങളും നിർബന്ധ മതപരിവർത്തനങ്ങളും ഇംഗ്ലീഷുകാർ അവലംബിച്ചിരുന്നില്ലെങ്കിലും, മതപരിവർത്തനം വളരെ തന്ത്രപൂർവ്വം വിദഗ്ധമായി അവരും ചെയ്തിട്ടുള്ളതായി കാണാം. ഇത് നിർവഹിച്ചതാകട്ടെ കമ്പനിയുടെ ഉദാര

1. ഏ. ഗാലററി, ഡച്ച് ഇൻ മലബാർ, മുഖവുര, പുറം 79
2. ഉടമ്പടികൾ, എറണാകുളം ആർക്കൈവ്സ് ഗ്രന്ഥം, നമ്പർ 65
3. എറണാകുളം ആർക്കൈവ്സിലെ 1 മുതൽ IXV വരെയുള്ള സീരീസ്സിൽ തദ്ദേശീയ ക്രിസ്ത്യാനികളെക്കുറിച്ചുള്ള രേഖകൾ അടങ്ങിയിരിക്കുന്നു.

മായ സംഭാവനകളും സഹായങ്ങളും മതപ്രചാരക സംഘത്തിന്ന് നിർല്ലോഭം നല്കിക്കൊണ്ടാണ്. അങ്ങിനെ മതപരിവർത്തനം ചെയ്തു വരുന്നവരെ തങ്ങളോട് കൂറുള്ള പ്രജകളാക്കി മാററുവാൻ അതുമൂലം അവർക്കു സാധിച്ചിരുന്നു. വിദേശശക്തികളുടെ ഈവക പ്രവർത്തനങ്ങളെക്കുറിച്ചു വിശദമായ പഠനം ആവശ്യമാണെന്ന് മാത്രം സൂചിപ്പിക്കുകയാണിവിടെ.

## ലന്തക്കാർ

പറങ്കികളുടെ അധീനതയിലുണ്ടായിരുന്ന സ്ഥലങ്ങളത്രയും 1663–ൽ ലന്തക്കാർ അവരെ പരാജയപ്പെടുത്തി കൈവശമാക്കിയിരുന്നുവല്ലൊ. അങ്ങിനെ പറങ്കികളുടെ കണ്ണൂർകോട്ട, കൊച്ചികോട്ട, പള്ളിപ്പുറംകോട്ട, കൊടുങ്ങല്ലൂർകോട്ട ഇവയെല്ലാം ലന്തക്കാരുടെ കീഴിലായി. 17–ാം നൂററാണ്ടാരംഭത്തിൽ തന്നെ ലന്തക്കാർ സാമൂതിരിയുമായി ഒരു കരാറുണ്ടാക്കിയിരുന്നു. ഇതിലെ പല വ്യവസ്ഥകളിലൊന്ന്, "ഇന്ത്യയിൽ നിന്ന് പൊതുവേയും സാമൂതിരിയുടെ രാജ്യത്ത് നിന്ന് പ്രത്യേകമായും പറങ്കികളെയും അവരുടെ സഹായികളെയും ഉൻമൂലനാശം ചെയ്യുന്നതിൽ തകരാത്തതും ശാശ്വതമായതുമായ സഹായസഖ്യം"[4] നൽകാമെന്നതായിരുന്നു. ലന്തക്കാർ കൊച്ചിത്തമ്പുരാക്കൻമാരുമായും നിരവധി ഉടമ്പടികൾ ഉണ്ടാക്കിയിരുന്നു.[5] പോർട്ടുഗീസ്കാരുമായുള്ള ലന്തക്കാരുടെ യുദ്ധത്തിലും കൊച്ചി പിടിച്ചടക്കുന്നതിലും സാമൂതിരി അവരെ സഹായിക്കുകയും ചെയ്തു.[6] കൊച്ചിയുടെ അധീശത്വം തനിക്ക് ലന്തക്കാർ നൽകുമെന്നായിരുന്നു സാമൂതിരിയുടെ പ്രതീക്ഷ.[7] എന്നാൽ കൊച്ചിയുടെ കീഴിലുണ്ടായിരുന്ന വൈപ്പിൻ ദ്വീപ്പോലും സാമൂതിരിക്ക് കൊടുക്കുവാൻ അവർ സന്നദ്ധരാകാഞ്ഞതിനാൽ കോപാകുലനായ സാമൂതിരി, ലന്തക്കാർക്കെതിരായി തിരിയുകയാണുണ്ടായതു്. ഇതിനുശേഷം ലന്തക്കാരും സാമൂതിരിയും തമ്മിലുള്ള ബന്ധം ഒരിക്കലും സൗഹൃദപരമായിരുന്നില്ല.[8] മലബാർ ജോയിൻറ് കമ്മീഷണർമാർക്ക് 1793–ൽ ലന്തക്കാർ നൽകിയ ഒരു വിവരണത്തിൽ 1715 ജനുവരി 22-ന് സാമൂതിരി തങ്ങളുടെ ചേററുവായിലുണ്ടായിരുന്ന കോട്ടയും താവളങ്ങളും ആക്രമിച്ചശേഷം തങ്ങളോടുകാണിച്ച മനുഷ്യത്വരഹിതമായ പ്രവൃത്തികളെക്കുറിച്ചു പരാമർശിക്കുന്നുണ്ട്.[9] 1717–ൽ മാത്ര

---

4. De Jong, Vol. III, P. 150
5. Ernakulam Archives, Treaties, No. 64
6. പടപ്പാട്ട്, പുറം 16; Also Dutch Records, No. 13, P. 19
7. Batavia Diary, 1663, P. 128
8. Dutch Records, No. 13, P. 19
9. Malabar Joint Commissioners' Report, 1792, para. 24

മാണ് സാമൂതിരിയിൽ നിന്നും ചേററുവ കോട്ടതിരിച്ചുപിടിക്കുവാൻ ലന്തക്കാർക്ക് സാധിച്ചത്. അലക്സാണ്ഡർ ഹാമിൽട്ടൻ എഴുതുന്നത് സാമൂതിരിയെ ഈ യുദ്ധത്തിൽ ഇംഗ്ലീഷ്കാർ സഹായിച്ചിരുന്നു വെന്നാണ്[10].

തിരുവിതാംകൂറുമായി ലന്തക്കാർക്കുണ്ടായിരുന്ന ബന്ധവും നല്ലതായിരുന്നില്ല. മാർത്താണ്ഡവർമ്മയുമായുണ്ടായ ഏററുമുട്ടലുകളിലെല്ലാം അവർക്ക് പരാജയമാണുണ്ടായിട്ടുള്ളത്. ഡച്ച് ഗവർണറായ സ്റ്റീൻവാൻ ഗലനേ പറയുന്നത് മാർത്താണ്ഡവർമ്മ ഇംഗ്ലീഷ്കാരുടെ സഹായത്തോടുകൂടി തന്നെ എതിർത്തിരുന്ന മാടമ്പിമാരെ ആദ്യം അടിച്ചമർത്തുകയുണ്ടായെന്നാണ്.[11] 1757–ൽ അഞ്ചുതെങ്ങിലെ ഇംഗ്ലീഷ് ഫാക്ടറിയിൽ നിന്നും മദ്രാസ് സെലക്ട്കമ്മിററിക്കയക്കുന്ന കത്തിൽ ഇക്കാര്യം സമ്മതിച്ചിട്ടുമുണ്ട്[12]. തൻെറ രാജ്യം വിസ്തൃതമാക്കാനുള്ള മോഹത്തോടുകൂടി ചെറുകിട നാട്ടുരാജ്യങ്ങളെല്ലാം അദ്ദേഹം ഒന്നൊന്നായി കീഴടക്കി തിരുവിതാംകൂറിനോട് കൂട്ടിച്ചേർത്തു. ലന്തക്കാരുടെ സഹായമഭ്യർത്ഥിച്ചുവെങ്കിലും അവർക്ക് പിന്തുണ നൽകുവാനൊത്തില്ല. 1721 മുതൽ ലന്തക്കാർ കേരള രാഷ്ട്രീയത്തിൽ നിഷ്പക്ഷമായ നയമായിരുന്നു അനുവർത്തിച്ചുപോന്നത്. കൊച്ചിരാജാവ് അവരുടെ സഹായമഭ്യർത്ഥിച്ചെഴുതുന്ന കത്തിന് ലന്തക്കാരിൽ നിന്നും ലഭിച്ച മറുപടി ഇതിന് മതിയായ തെളിവാകുന്നു.[13] എന്നാൽ, ഇതേ രേഖയിൽതന്നെ വിശദീകരിച്ചിരിക്കുന്നത്, ''മലബാറിലെ തർക്കങ്ങളിൽ മാദ്ധ്യസ്ഥരെന്നനിലക്കുള്ള സ്ഥാനം നിലനിർത്തുകയും, ഏതെങ്കിലും രാജാവ് കൂടുതൽ ശക്തനായി മാറുന്നതിനെ തടയുകയും, തങ്ങളുടെ ഫാക്ടറികൾ ഉള്ള കായംകുളത്തേയും കൊല്ലത്തേയും ആക്രമണങ്ങളിൽ നിന്ന് രക്ഷിക്കുകയും'' ചെയ്യുക എന്നതുകൂടി തങ്ങളുടെ നയമാണെന്നാണ്.[14] മാർത്താണ്ഡവർമ്മ ലന്തക്കാരുടെ ഈ പ്രഖ്യാപിത നയത്തിന്നെതിരായി കേരളത്തിലെ ശക്തനായ രാജവായിത്തീരാനുള്ള ശ്രമങ്ങൾ നടത്തുകയും കൊല്ലം, കായംകുളം ഉൾപ്പെടെയുള്ള രാജസ്ഥാനങ്ങൾ കീഴടക്കുവാൻ സന്നദ്ധനാവുകയും ചെയ്തപ്പോൾ, അദ്ദേഹവുമായി ഏററുമുട്ടാതെ നിർവ്വാഹമില്ലെന്നായി ലന്തക്കാർക്ക്.

---

10. Hamliton, opt cit., Vol. I, p. 315
11. Memorandem etc p. 33
12. Fort St. George Military Consultations, No. 8
13. Ernakulam Archives, A descriptive list of papers relating to the Dutch period, No. 9, List LXI/p. 13, series I
14. ഡച്ച് റിക്കോഡ്സ്, നമ്പർ 13, പുറം 23

യുദ്ധത്തിന്റെ കലാശം ലന്തക്കാരുടെ വിനാശത്തിനിടയാക്കി. 1753–ലെ മാവേലിക്കര സന്ധിയിൽ കേരളത്തിലെ ഏതു് രാജാവിനേയും ആക്രമിച്ച് കീഴടക്കുവാനുള്ള സ്വാതന്ത്ര്യം തിരുവിതാംകൂറിനു് കൊടുക്കുവാൻ ലന്തക്കാർ സമ്മതിക്കേണ്ടതായിവന്നു. യഥാർത്ഥത്തിൽ ഈ സന്ധിയോടുകൂടി ലന്തക്കാർ കേരളത്തിലെ നിർണായക ശക്തിയല്ലാതായിത്തീർന്നു.[15] കൊച്ചിരാജാവിന്റെ രാഷ്ട്രീയ ഉപദേഷ്ടാക്കൾ എന്ന പദവി അവർക്കുണ്ടായിരുന്നുവെങ്കിലും, എപ്പോഴൊക്കെ കൊച്ചിരാജാവ് ഇവരോട് സൈനിക സഹായത്തിനഭ്യർത്ഥിച്ചിരുന്നുവോ, അപ്പോഴൊക്കെ അത്തരം അപേക്ഷ വിനയപൂർവ്വം നിരസിക്കുകയാണു് അവർ ചെയ്തിരുന്നതെന്നു് കാണാം. തിരുവിതാംകൂർ രാജാവ് തന്റെ രാജ്യം ആക്രമിക്കുവാൻ വട്ടംകൂട്ടുന്നുവെന്നു് മനസ്സിലാക്കിയ കൊച്ചിരാജാവ് ലന്തക്കാരോട് സഹായമഭ്യർത്ഥിച്ചുകൊണ്ടെഴുതിയ കത്തിനു് സിലോണിലെ അവരുടെ ഗവർണർ നൽകുന്ന മറുപടി ഇപ്രകാരമാണു്: "1740–ൽ ലന്തക്കാർ തിരുവിതാംകൂറുമായി യുദ്ധത്തിൽ ആയിരുന്നപ്പോൾ മലബാർ രാജാക്കൻമാരോട് സഹായമാവശ്യപ്പെട്ടിരുന്നു. അവർ സഹായിക്കാമെന്നേററിരുന്നുവെങ്കിലും സഹായിച്ചില്ലെന്നു് മാത്രമല്ല രഹസ്യമായി ആയുധങ്ങൾ നൽകി തിരുവിതാംകൂറിനെ സഹായിക്കുകയുമാണു് ചെയ്തതു്."[16]

ലന്തക്കാർ ഇക്കാരണത്താൽ കൊച്ചിയേയോ, മററു ചെറുകിട രാജസ്ഥാനങ്ങളെയോ സഹായിക്കേണ്ടെന്നു് തീരുമാനിച്ചിരുന്നു. എന്നാൽ 1825–ൽ കൊച്ചിയിലെ അവരുടെ കോട്ട ഇംഗ്ലീഷുകാർ കൈവശപ്പെടുത്തുന്നതുവരെ കൊച്ചിരാജാക്കൻമാരുമായി അവർ സൗഹൃദത്തിലാണു് കഴിഞ്ഞുകൂടിയിരുന്നതു്. ഹൈദരാലിയുടെ മലബാർ ആക്രമണകാലത്തു് മലബാർ രാഷ്ട്രീയത്തിൽ അവർക്ക് പറയത്തക്ക സ്വാധീനമൊന്നും ഉണ്ടായിരുന്നില്ല.

## ഫ്രഞ്ചുകാർ

ഫ്രഞ്ചുകാരുമായി തിരുവിതാംകൂറിനോ കൊച്ചിക്കോ യാതൊരുവക ബന്ധവുമുണ്ടായിരുന്നില്ല. അത്തരം സമ്പർക്കത്തെ സൂചിപ്പിക്കുന്ന ഒററ രേഖയും കേരളത്തിലെ പുരാരേഖാകേന്ദ്രങ്ങളിലൊന്നും തന്നെ ഇല്ല. എന്നാൽ ജി. ബി. മാലിസൻ 'ഫ്രഞ്ചുകാരുടെ ഇന്ത്യയിലെ ചരിത്രം' എഴുതിയ കൂട്ടത്തിൽ ചെറിയ ഒരു പരാമർശം നടത്തുന്നതു് ഇപ്രകാരമാണു്:

15. സന്ധിയിലെ 9–ാം ഖണ്ഡിക
16. എറണാകുളം പുരാരേഖാകേന്ദ്രം മുൻ ഉദ്ധരിച്ചതു്, No. 9, LXI, p. 13, series I, പു. 2727

''പൗരസ്ത്യരാജ്യങ്ങളിലേക്ക് പുറപ്പെട്ട ഫ്രഞ്ചുനാവികനായ റോൻ, 1645 ഡിസംബർ 24-ാം തീയതി കൊച്ചിയിൽ തന്റെ കപ്പലടുപ്പിച്ച് കരകയറി. അദ്ദേഹത്തേയും കൂട്ടരേയും സ്നേഹത്തോടുകൂടിയാണിവിടെ സ്വീകരിച്ചത്. എന്നാൽ അദ്ദേഹം തന്റെ സമുദ്രസഞ്ചാരം തുടരുകയും 1688 ആദ്യത്തിൽ സൂറത്തിൽ എത്തുകയും ഇന്ത്യയിലെ ആദ്യത്തെ ഫ്രഞ്ചുഫാക്ടറി അവിടെ സ്ഥാപിക്കുകയും ചെയ്തു.''[17] കേരളത്തിൽ അവരുടെ പ്രവർത്തനമധികവും കേന്ദ്രീകരിച്ചിരുന്നത് വടക്കേമലബാറിലായിരുന്നു.

മാലിസൻ അവരുടെ ചരിത്രമെഴുതുന്ന കൂട്ടത്തിൽ പറയുന്നത്, എം. ഡി. വാർഡിയപ്ലെന്റെ നേതൃത്വത്തിൽ തലശ്ശേരിക്ക് നാല് മൈൽ തെക്ക് സ്ഥിതിചെയ്യുന്ന മയ്യഴി എന്ന പ്രദേശത്തെത്തുകയും സ്ഥലം കീഴടക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു എന്നാണ്. ഫ്രാൻസിസ്കോ മാഹി ലബർദനോയുടെ കീഴിലുണ്ടായിരുന്ന ഫ്രഞ്ച്സൈന്യം മയ്യഴി ഉപരോധിക്കുകയും പിടിച്ചെടുക്കുകയും ചെയ്തു. കൈവശം വന്ന ഈ സ്ഥലത്തിന് അദ്ദേഹത്തിന്റെ പേര് നൽകുകയും ചെയ്തു. വടകരയിലെ വാഴുന്നവരുടെ സ്ഥലത്തിൽപെട്ടതായിരുന്നു മയ്യഴി.

പിന്നീട്, കടത്തനാട് രാജാക്കൻമാരുമായി അവർക്കുണ്ടായിരുന്ന സൗഹൃദബന്ധങ്ങൾ രാഷ്ട്രീയത്തിൽ ഇടപെട്ട് സ്വന്തം താല്പര്യം സംരക്ഷിക്കുന്നതിനുള്ള അവസരം നല്കി. മാഹിയിൽ അവർ സ്ഥാപിച്ച താവളം എന്നും ഇംഗ്ലീഷ് ഫ്രഞ്ച് മത്സരത്തിന്റെ സിരാകേന്ദ്രമായിരുന്നു. 1728 ൽ ഇംഗ്ലീഷുകാരുമായി അവർ ഉണ്ടാക്കിയ കരാർ വ്യവസ്ഥകളിലൊന്ന് ഇരുകൂട്ടരും കുരുമുളകിന്റെ വിലകുറയ്ക്കുന്നതിനായി യോജിച്ചു പ്രവർത്തിക്കണമെന്നായിരുന്നു. 1740 ൽ ഇരുകൂട്ടരും തമ്മിൽ ആരംഭിച്ച സംഘട്ടനം 1749 വരെ നീണ്ടുനിന്നു[18]. യൂറോപ്പിൽ ഫ്രാൻസും ഇംഗ്ലണ്ടും തമ്മിൽ 1756 ൽ യുദ്ധം തുടങ്ങിയിരുന്നെങ്കിലും 1761 വരെ അവർ തമ്മിൽ ഇവിടെ ഏറ്റുമുട്ടലുണ്ടായില്ല. എന്നാൽ 1761-ൽ ഇംഗ്ലീഷുകാർ [illegible] ആക്രമിച്ച് കീഴടക്കിയതോടെ, ഭാഗങ്ങളുടെ ചെറുത്ത് നില്പ് അവസാനിച്ചതിനാൽ മയ്യഴിയിലെ ഫ്രഞ്ചുകാർ ആയുധം വെച്ച് കീഴടങ്ങുകയാണ് ചെയ്തത്. മയ്യഴി ഫ്രഞ്ചുകാർക്ക് തിരിച്ചു കിട്ടിയത് 1765 ൽ മാത്രമാണ്. 1766 ൽ ഹൈദരാലി മലബാർ ആക്രമിച്ചപ്പോൾ ഫ്രഞ്ചുകാർ അദ്ദേഹത്തിന്റെ സഹായികളായി വർത്തിച്ചിരുന്നു. 1779 മാർച്ചിൽ മയ്യഴി ഇംഗ്ലീഷുകാർ വീണ്ടും പിടിച്ചടക്കി.

17. G. B. Melleson, History of French in India, P. 50
18. Kozhikode Archives, Fifth Tour of Arther Lowley, p. 21

ഹൈദരാലിയുടെ സൈന്യം സഹായത്തിന്നെത്തുന്നതിനു മുമ്പുതന്നെ അതു് കീഴടങ്ങിയിരുന്നു. ഹൈദരാലിക്കു് മയ്യഴിയുടെ പതനം സഹിക്കാനൊക്കാഞ്ഞതിനാൽ അദ്ദേഹം വലിയ ഒരു സൈന്യത്തെ അയച്ചു് മയ്യഴിയിൽ നിന്നും ഇംഗ്ളീഷ്കാരെ തുരത്തുകയുണ്ടായി. എന്നാൽ 1782—ൽ മൈസൂർ സൈന്യത്തെ പരാജയപ്പെടുത്തുവാൻ കഴിഞ്ഞ ഇംഗ്ളീഷ്കാർ മയ്യഴി വീണ്ടും പിടിച്ചടക്കുകയുണ്ടായി. 1819—ലാണു് മയ്യഴി ഫ്രഞ്ചുകാർക്കു് തിരിച്ചുകിട്ടിയതു്.[19] ചുരുക്കത്തിൽ 18—ാം നൂററാണ്ടിൻെറ അവസാന പ്പകുതിയിൽ ഇംഗ്ളീഷ്കാർക്കു് മയ്യഴി മൂന്നു് പ്രാവശ്യം പിടിച്ചടക്കുവാൻ സാധിച്ചിരുന്നു. എന്നാൽ ഈ മൂന്നുപ്രാവശ്യവും സന്ധിവ്യവസ്ഥ അടിസ്ഥാനത്തിൽ ഫ്രഞ്ചുകാർക്കു് തന്നെ തിരിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ടു്. 1793—ൽ നാലാമത്തെ പ്രാവശ്യവും മയ്യഴി ഇംഗ്ളീഷ്കാരുടെ കയ്യിലായി. ഇക്കുറി ഫ്രഞ്ചുകാർക്കു് അതു് തിരിച്ചു നൽകിയതു് ഇംഗ്ളണ്ടും ഫ്രാൻസുമായി 1870—ലുണ്ടാക്കിയ സന്ധിയ്ക്കു് ശേഷമായിരുന്നു.

• ഫ്രഞ്ചുകാരെ കേരള രാഷ്ട്രീയ ഉപജാപങ്ങളിൽ നിന്നും തുരത്തെറിയണമെന്നു് കാംക്ഷിച്ചിരുന്ന ഇംഗ്ലീഷ്കാർ സമാധാന സന്ദർഭങ്ങളിൽപ്പോലും അവർക്കെതിരായി നാട്ടുരാജാക്കന്മാരെയും മാടമ്പികളെയും ഇളക്കിവിടുകയായിരുന്നു പതിവു്. നീലേശ്വരം, കോട്ടയം, ചിറയ്ക്കൽ, കണ്ണൂർ എന്നീ സ്ഥലങ്ങളിലെ ഭരണാധികാരികളെ പ്രലോഭിപ്പിച്ചു് ഫ്രഞ്ചുകാരെ അവരുടെ ഇടങ്ങളിൽ നിന്നും പുറത്താക്കുവാൻ ഇംഗ്ളീഷ്കാർക്കു് സാധിച്ചു. കോലത്തിരി അവരുടെ ഫാക്ടറി പിടിച്ചെടുത്തു് അവരെ ചിറക്കൽ നിന്നും പുറത്താക്കിയപ്പോൾ, കണ്ണൂർ ആലിരാജ അവരുടെ ഫാക്ടറി വിലയ്ക്കെടുത്തു് കണ്ണൂരിൽ അവരുടെ സാന്നിദ്ധ്യം ഇല്ലാതാക്കി[20]. നീലേശ്വരം രാജാവാകട്ടെ ഇംഗ്ളീഷ്കാരുടെ സഹായത്തോടുകൂടിയാണു് അവരെ പുറത്താക്കിയതു്. ചുരുക്കത്തിൽ, ഹൈദരാലിയുടെ മലബാർ ആക്രമണകാലത്തു് മലബാറിൽ ഫ്രഞ്ചുകാർക്കുണ്ടായിരുന്ന ഏക താവളം മയ്യഴി മാത്രമായി ചുരുങ്ങിയിരുന്നു. അവർക്കു് മലബാറിലുണ്ടായിരുന്ന ഏക മിത്രം കുറുങ്ങോട്ടു് നായർ മാത്രവുമായിരുന്നു.

## ഇംഗ്ളീഷുകാർ

ഇംഗ്ളീഷുകാർക്കു് കേരളവുമായി ബന്ധമുണ്ടാകുന്നതു് 1615—ൽ സാമൂതിരിയുമായുണ്ടാക്കിയ ഒരു കരാർ പ്രകാരമാണു്. ആ വർഷം കൊടുങ്ങല്ലൂരിൽ മൂന്നു് കപ്പലുകളുമായെത്തിയ ക്യാപ്ററൻ കീലിങ്ങ് കോഴി

---

19. Ibid.
20. ഡച്ച് റിക്കോഡ്സ്, നമ്പർ 13, പുറം 19

കോട്ട് ഒരു ഫാക്ടറി പണിയുവാനുള്ള അനുവാദം സാമൂതിരിയിൽ നിന്നും വാങ്ങിയിരുന്നു[21]. പറങ്കികളുമായി യുദ്ധത്തിലായിരുന്ന സാമൂതിരി, ക്യാപ്റ്റൻ കീലിങ്ങിന് സന്തോഷപൂർവ്വം ഫാക്ടറി പണിയുവാൻ സൗകര്യം നൽകിയത്, പറങ്കികളെ തുരത്തുവാൻ ഇംഗ്ളീഷ്കാരുടെ സഹായം തനിക്ക് ലഭിക്കുമെന്ന വിശ്വാസത്തിലായിരുന്നു. എന്നാൽ കീലിങ് തന്റെ കൂടെയുണ്ടായിരുന്നവരിൽ 10 പേരെ ഫാക്ടറി നിർമ്മാണച്ചുമതല ഏൽപിച്ചു കൊണ്ടു് സ്ഥലം വിട്ടതോടുകൂടി സാമൂതിരിക്ക ഇംഗ്ലീഷ്കാരോട് ആദ്യം തോന്നിയ മതിപ്പ് ഇല്ലാതായി. തന്മൂലം കോഴിക്കോട്ട് താവളമടിച്ചി രുന്ന ഇംഗ്ളീഷ്കാരോട് വലിയ പ്രീതിയൊന്നും അദ്ദേഹം കാണിച്ചി രുന്നില്ല. 1635—ൽ കുറച്ചു് ഇംഗ്ളീഷ്കാർ കൊച്ചിയിൽ താമസമാക്കി യിരുന്നതായി കാണുന്നുണ്ടെങ്കിലും, 1663—ൽ ലന്തക്കാർ കൊച്ചിയിലെ പറങ്കിത്താവളങ്ങൾ മുഴക്കെ കൈവശപ്പെടുത്തിയതോടുകൂടി, ഇംഗ്ലീഷ്കാർ പൊന്നാനിയിലേക്കൊഴിഞ്ഞുപോയി. അവിടെ അവർക്ക് ഒരു ഫാക്ടറി സ്ഥാപിക്കുവാനും കഴിഞ്ഞു. അതുപോലെ 1664—ൽ കോഴിക്കോട്ടും ഒരു ഫാക്ടറി അവർ നിർമ്മിച്ചു പ്രവർത്തനം തുടങ്ങി[22]. എന്നാൽ ഇംഗ്ളീഷു കാരോട് ഒട്ടും അനുകൂലമനസ്ഥിതി സാമൂതിരി കാണിക്കാതിരുന്നതിനാൽ, 1708—ൽ അവർ കോഴിക്കോട് ഫാക്ടറി തലശ്ശേരിയിലേക്ക് മാററി. കോലത്തിരി കുടുംബത്തിലെ വടക്കുംകൂർ രാജകുമാരനിൽ നിന്നാണ് തല ശ്ശേരി അവർ വിലയ്ക്കു വാങ്ങിയതു്[23]. 1690—ൽ ആററിങ്ങൽ റാണിയിൽ നിന്നും കുറച്ചുസ്ഥലം വിലക്ക് എടുത്ത അവർ കോട്ട കെട്ടി ഒരു ഫാക്ടറി അവിടെയും സ്ഥാപിച്ചിരുന്നു. മററുള്ള യൂറോപ്യൻമാരെ കേരളത്തിൽ നിന്നും ഓടിക്കുവാൻ വേണ്ടി നാട്ടരചൻമാരുമായി അവർ ഗൂഢാലോചനയിലേർ പ്പെടുകയും പലരുമായും സൈനികസഖ്യം ചെയ്യുകയും പതിവാക്കിയിരുന്നു. കോലത്തിരിത്താവഴിയിലെ തെക്കുംകൂർ രാജകുമാരനിൽ നിന്നാണ് ധർമ്മ പട്ടണം എന്ന സ്ഥലം 1734—ൽ അവർ കൈവശമാക്കിയതു്[24].

കോട്ടയം രാജാവു് 1756 ഡിസംബറിൽ ഇംഗ്ളീഷ്കാരുമായി സഖ്യത്തിലേർപ്പെട്ടു[25]. കിരീടാവകാശിയായ കോലത്തിരിത്തമ്പുരാനും അടുത്തവർഷം ഏപ്രിൽ 17—ാം തീയതി ഇംഗ്ലീഷ് സഖ്യത്തിൽ വന്നു. നീലേശ്വരം രാജാവും സാമൂതിരി പോലും അവരുമായി സൗഹൃദ കരാറു

21. Printed in Forters' Letters received by the English East India Company
22. Foreign (Miscellaneous), S. No. 55, Page 8, Para 9
23. Ibid
24. Tellichery Consultations, 1734-35, Vol. VII
25. Logan, Treaties etc, I, exxi

കളുണ്ടാക്കി. 1717—ൽ സാമൂതിരി ലന്തക്കാരുമായി യുദ്ധത്തിലേർപ്പെട്ട പ്പോൾ ഇംഗ്ളീഷ്കാർ സൗഹൃദഉടമ്പടിയുടെ അടിസ്ഥാനത്തിൽ സാമൂതിരിയുടെ സഹായത്തിനെത്തിയിരുന്നു. തലശ്ശേരി ഡയറിയിൽ ഇതു് സംബന്ധമായിച്ചേർത്തിരുന്ന രേഖകളിൽ നിന്നു് ഇതു് മനസ്സിലാക്കാം. അവരുടെ ദ്വിഭാഷി ഇപ്രകാരം പ്രസ്താവിച്ചതായി കാണുന്നു: "തലശ്ശേരിയിലെ കോട്ടയം ഫാക്ടറി നിർമിക്കുന്ന പ്രവർത്തനങ്ങളിലേർപ്പെട്ടിരുന്ന പ്പോൾ സാമൂതിരിയുടെ സ്ഥലത്ത് നിന്നും തങ്ങൾക്കു് തീരുവയില്ലാതെ ലഭിക്കാനഗ്രഹിക്കുന്ന സാധനസാമഗ്രികളെക്കുറിച്ചു് സാമൂതിരിയെ അറിയിക്കുവാൻ ആഡംസ് പോയിരുന്നു. ലന്തക്കാരുമായുണ്ടായ യുദ്ധത്തിൽ ആഡംസ് സാമൂതിരിക്കു് വലിയ സഹായിയായിരുന്നതിനാൽ സന്തോഷത്തോടുകൂടി തന്നെ ആഡംസിന്റെ അഭ്യർത്ഥന സാമൂതിരി സ്വീകരിക്കുകയാണ് ചെയ്തതു്"[26].

ഇംഗ്ളീഷ്കാരും തിരുവിതാംകൂറുമായുണ്ടായിരുന്ന ബന്ധം അങ്ങേഅററം സൗഹൃദപരമായിരുന്നു. 1728—ൽ മാർത്താണ്ഡവർമ്മ സ്ഥാനാരോഹണം ചെയ്യുന്നതു വരെ അരാജകത്വത്തിന്റെ വിളനിലമായിരുന്നു തിരുവിതാംകൂർ. ബ്രാഹ്മണ പൗരോഹിത്യവും നായർ മാടമ്പിമാരും രാജാധികാരത്തെ നാമമാത്രമാക്കി മാററിയിരുന്നു. ഈ പ്രഭുക്കന്മാർ 1721—ൽ അഞ്ചുതെങ്ങിലെ ഇംഗ്ളീഷ് ഫാക്ടറി ആക്രമിച്ചു് അവിടത്തെ പ്രധാനിയെ കൊലപ്പെടുത്തുകയുണ്ടായി. ഇത്തരം അരാജകാവസ്ഥയിൽ തങ്ങളുടെ കച്ചവടം അഭംഗുരം നടത്തിക്കൊണ്ടുപോകുവാനൊക്കുകയില്ലെന്നു് മനസ്സിലാക്കിയ ഇംഗ്ളീഷ്കാർ ശക്തനായ ഒരു ഭരണാധികാരി ഈ പ്രദേശത്തുണ്ടാകണമെന്നു് ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്നു. തൻമൂലം അവർ മാർത്താണ്ഡവർമ്മയുമായി സൗഹൃദസഹായ ഉടമ്പടി ഉണ്ടാക്കുവാൻ മുൻകയ്യെടുത്തു. ഇംഗ്ളീഷ്കാരുടെ സഹായത്തോടുകൂടി നായർ മാടമ്പിമാരെ അടിച്ചമർത്തുവാനും ചെറുകിട രാജ്യങ്ങളെല്ലാം വെട്ടിപ്പിടിച്ചു് തന്റെ രാജ്യം വിസ്തൃതമാക്കാനും അദ്ദേഹത്തിന്നു് കഴിഞ്ഞു. സാമൂതിരിയുടെയും കൊച്ചിയുടെയും രാജ്യാതിർത്തികൾ വരെ തിരുവിതാംകൂറിനെ വിസ്തൃതമാക്കുവാൻ അദ്ദേഹത്തിന്നു് കഴിഞ്ഞു. ഇംഗ്ളീഷ്കാരുടെ പിന്തുണയുടെ ഫലമായി കേരളത്തിലെ ഏററവും ബലവാനായ ഭരണാധികാരിയായി മാറുവാനും അദ്ദേഹത്തിന്നു് സാധിച്ചു. ധർമ്മരാജ എന്ന അപരനാമധേയത്തിൽ അറിയപ്പെട്ടിരുന്ന മാർത്താണ്ഡവർമ്മയുടെ പിൻഗാമി രാമവർമ്മയും ഇംഗ്ളീഷ്കാരോടു് അങ്ങേയററം വിശ്വസ്തതയും ആശ്രിതത്വവും കാണിച്ചിരുന്നു.

26. തലശ്ശേരി ഡയറി, 1743-54, പുറം 67

കേരളത്തിലെ ഇക്കാലത്തെ ചരിത്രം മുകളിൽ വിശദീകരിച്ച ശാക്തേയ ഘേരികളുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ വേണം വിലയിരുത്തുക. നേരത്തേ പ്രസ്താവിച്ചതുപോലെ കേരളത്തിലെ രാജസ്ഥാനങ്ങളിൽ ഏററവും ശക്തവും പ്രബലവുമായിക്കഴിഞ്ഞിരുന്ന തിരുവിതാംകൂർ. വിദേശശക്തികളുടെ കൂട്ടത്തിൽ ഇംഗ്ളീഷുകാരും സുപ്രധാനശക്തിയായി വളർന്നു കഴിഞ്ഞിരുന്നു. ഈ രണ്ടു ശക്തികളും തമ്മിലുണ്ടാക്കിയ സൗഹൃദബന്ധവും സഹായക്കരാറും, കൂട്ടായുള്ള പ്രവർത്തനത്തിന്ന് അവരെ ഹൈദരാലിക്കും, പിന്നീട് ടിപ്പുസുൽത്താന്നും സഹായിച്ചു. തിരുവിതാംകൂർ കൂടി കീഴടക്കി കേരളം മുഴക്കെ തങ്ങളുടെ കീഴിൽ കൊണ്ടുവരുവാൻ സാധിക്കാതിരുന്നതിന്ന് കാരണവും ഇംഗ്ളീഷ് തിരുവിതാംകൂർ സൈനിക സഹായ സഖ്യമായിരുന്നു എന്ന് കാണാം.

## അനുബന്ധം VIII

# നായൻമാർ

ഭാഷാപരമായ അർത്ഥത്തിൽ 'നായർ' എന്ന പദം സൈനിക മേധാവിയെന്ന പദവിയെ സൂചിപ്പിക്കുന്നതിൽനിന്നും ഉത്ഭവിച്ചതായിരിക്കാനിടയുണ്ട്. 1800–ൽ ഇവിടെയുണ്ടായിരുന്ന ബുക്കാനൻ നായന്മാരിൽ 12 ഉപജാതികളുടെ പേരും, ഓരോ വിഭാഗത്തിന്നും പ്രത്യേകം പ്രത്യേകമായുണ്ടായിരുന്ന തൊഴിലും രേഖപ്പെടുത്തിയിട്ടുണ്ട്[1].

മദ്ധ്യകാലഘട്ടത്തിൽ കേരളത്തിലെ സേനാനികൾ മുഴുക്കെ ഇവരായിരുന്നു. ബോംബെ ഗവർണറായിരുന്ന ജോനാഥൻ ഡങ്കൻ മദ്ധ്യകാല കേരളത്തിലെ നായർ യോദ്ധാവിനെ വിവരിക്കുന്നതു്, "മററു രാജ്യങ്ങളിൽ യാത്രക്കാർ ഏതുവിധം അനായാസമായാണോ സഞ്ചരിക്കുമ്പോൾ ഒരു വടിയോ മറേറാ കൊണ്ടു്നടക്കുന്നതു്, അതേ ലാഘവത്തോടുകൂടിയാണു് ഊരിയ വാളുയർത്തിപ്പിടിച്ചുകൊണ്ടു് നായന്മാർ സഞ്ചരിക്കുന്നതു്. മററുള്ളപ്പോൾ തിളങ്ങുന്ന വാൾതല തോളിന്റെ മുൻഭാഗത്തു് കാണുംവിധം അതു് അരയിൽ ഘടിപ്പിച്ചിരിക്കും"[2] എന്നാണു്. യുദ്ധം ജാത്യാചാരപ്രകാരം തൊഴിലാക്കിയിരിക്കുന്നവരാണിവർ. ബർബോസ അവരെക്കുറിച്ചെഴുതുന്നതും ഇത്തരത്തിലാണു്: "നായന്മാർ രാജ്യത്തുള്ള പ്രഭുക്കന്മാരാണു്. അവർക്കു് യുദ്ധം ചെയ്യുക എന്നതൊഴിച്ചാൽ മററു യാതൊരു ചുമതലയുമില്ല"[3].

ഏകദേശം സ്വയംനിർണയാവകാശം എന്നു് വ്യവഹരിക്കാവുന്നവിധം സ്വതന്ത്രങ്ങളായ 'തറ'കളിലാണിവർ അധിവസിച്ചിരുന്നതു്. കോഴിക്കോട്ടുണ്ടായിരുന്ന ഇംഗ്ലീഷ് ഫാക്ടറിയിലെ ദ്വിഭാഷി 1746–ൽ എഴുതി അയക്കുന്നതു്, "ജനങ്ങളുടെ നേതാക്കന്മാരായ നായന്മാർ നിയമ

---

1. Buchanan, Vol. II, pp. 408-409
2. Asiatic Research, Vol. V, pp. 10 and 18
3. Duarte Burbosa, op. cit. p. 124

സഭകളുടെ അധികാരത്തിന്നു സമം രാജാക്കന്മാരുടെ കല്പനകൾ എല്ലാ കാര്യത്തിലും അതേപടി അനുസരിക്കുന്നവരല്ല. അന്യായമായ കാര്യം ചെയ്യാൻ രാജാവിൻെറ മന്ത്രിമാർ വന്നാൽപ്പോലും അവരെ ഭീഷണിക്ക വിധേയരാക്കി തിരിച്ചയക്കുകയും ചെയ്യുന്നവരാണ്'' എന്നാണ്. രാജ്യത്തു് ശക്തമായ കേന്ദ്രീകൃതഭരണം[4] അനിവാര്യമായിരുന്ന സന്ദർഭമായിരുന്നു അതെങ്കിലും നായർതറകൾ രാജകീയ അധികാരത്തെ പലനിലയ്ക്കും പരിമിതമാക്കിയിരുന്നു എന്നതിന്നു് സംശയമില്ല. 'ചത്തും കൊന്നും' വാഴുവാനുള്ള ജാത്യാവകാശമുണ്ടായിരുന്ന മദ്ധ്യകാല നായർയോദ്ധാക്കളാണു് രാജകീയ അധികാരം സ്വേച്ഛാധിപത്യമാകുന്നതിൽനിന്നും തടഞ്ഞുനിർത്തിയിരുന്നതെന്ന കാര്യം പരമാർത്ഥമാണ്. എന്നാൽ രാജകീയ അധികാര വർദ്ധനവിനെ മൂക്കുകയറിട്ടു് നിയന്ത്രിച്ചിരുന്ന ഈ തറക്കൂട്ടങ്ങളാണ് നിരവധി സ്വതന്ത്രങ്ങളായ രാജസ്ഥാനങ്ങൾക്കിടം നൽകിയതു്. അങ്ങിനെ രാജ്യം തുണ്ടുതുണ്ടാക്കി ചെറുകിട ഭരണാധികാരികൾക്കും മാടമ്പികൾക്കും സ്വതന്ത്രമായി വിഹരിക്കുവാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കുകയും ചെയ്തതു് ഇതുമൂലമാണ്.

മരുമക്കത്തായ സമ്പ്രദായമായിരുന്നു നായന്മാർ അനുഷ്ഠിച്ചുപോന്നിരുന്നതു്. ഈ രീതിയനുസരിച്ചു് സ്വന്തം മക്കൾക്കു് അച്ഛനമ്മമാരുടെ സ്വത്തിന്നവകാശമുണ്ടായിരുന്നില്ല. സഹോദരികളുടെ സന്താനങ്ങൾ അവരുടെ അമ്മാവന്മാരുടെ സ്വത്തിന്നവകാശികളായിത്തീരുകയും ചെയ്തിരുന്നു[5]. നായർ സമുദായത്തിൽ പുലർത്തിപ്പോന്നിരുന്ന മറ്റൊരു സവിശേഷത 'തറവാട്' എന്ന കൂട്ടുകുടുംബ ജീവിതമായിരുന്നു. തറവാടും സ്വത്തിൻെറ മേൽനോട്ടവും കൈകാര്യകർത്തൃത്വവും നടത്തിയിരുന്നതു് ഏററവും പ്രായംകൂടിയ അമ്മാവനായിരുന്നു. അദ്ദേഹത്തെ തറവാട്ടിലെ കാരണവൻ എന്ന ബഹുമതിയോടുകൂടിയാണറിയപ്പെട്ടിരുന്നതു്. തറവാട് നടത്തിപ്പു് സംബന്ധിച്ചു് ഏതു കാര്യത്തിലും കാരണവൻെറ കല്പനയായിരുന്നു അവസാനവാക്കു്. തറവാട്ടിലെ മററംഗങ്ങളുടെ ചിലവു് നടത്തിയിരുന്നതും കാരണവരായിരുന്നു. തറവാട്ടിലെ കാരണവർ മരണമടയുമ്പോൾ അമ്മാവന്മാരിൽ പ്രായം കൊണ്ടു് മുതിർന്ന ആൾ ആ സ്ഥാനത്തു് അവരോധിക്കപ്പെടുകയായിരുന്നു പതിവു്.

അവരുടെ വിവാഹ സമ്പ്രദായമായിരുന്നു ഏററവും വിചിത്രമായിട്ടുള്ളതു്. നിയമാനുസൃതമായ വിവാഹബന്ധം അവരുടെയിടയിലുണ്ടായിരുന്നില്ല. തങ്ങളുടെ ഇഷ്ടാനിഷ്ടങ്ങൾക്കു് നിദാനമായി എത്ര ആളുകളെ

4. Tellicherry Factory Records, May 20, 1746
5. Foreign Miscellaneous, S. No. 55, pp. 11-12, Para 10

വേണമെങ്കിലും സ്വീകരിക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുവാനുള്ള സ്വാതന്ത്ര്യം നായർസ്ത്രീകൾക്കുണ്ടായിരുന്നു[6]. "നായന്മാർ വിവാഹം കഴിക്കുകയോ, പുത്രകളത്രാദികളെ പുലർത്തുകയോ ചെയ്യുന്നവരല്ല; അവരുടെ സഹോദരികളുടെ സന്താനങ്ങളാണ് അവരുടെ സ്വത്തിനവകാശികൾ. നായന്മാരോ ബ്രാഹ്മണരോ ആയ ഏതു പുരുഷനുമായി എന്തും ചെയ്യുവാനവർക്ക് വിരോധമില്ല. എന്നാൽ താഴ്ന്ന ജാതിയുമായുള്ള വേഴ്ച മരണശിക്ഷ കിട്ടുന്ന പാപമായി കരുതിപ്പോരുന്നു"[7] എന്നാണ് ദാർത്തെ ബർബോസ എഴുതിയിരിക്കുന്നത്. 1792–ൽ മലബാർ കമ്മീഷണർമാർ രേഖപ്പെടുത്തിയിട്ടുള്ളത്, "അവരുടെ സ്ത്രീകൾ പുരുഷൻമാരുമായി യഥേഷ്ടം സംസർഗ്ഗമുള്ളവരാണ്. അവരുടെ ജാതിയിൽപ്പെട്ടവരോ, നമ്പൂതിരിമാരോ ആയി ലൈംഗിക വേഴ്ചയും നടത്തുന്നുണ്ട്. സഹോദരിമാരുടെ പുത്രൻമാർ സ്വത്തിനവകാശികളായിത്തീരുന്നതിൻെറ കാരണം തൻമൂലം വ്യക്തമാണല്ലോ........."[8]. ധാരാളം എഴുത്തുകാർ ഈവിധംതന്നെ സുലഭമായി എഴുതിവെച്ചിട്ടുമുണ്ട്[9].

സ്വാതന്ത്രമായ ലൈംഗികവേഴ്ച ഫലത്തിൽ ബഹുഭർത്തൃത്വത്തിന്നു രൂപം കൊടുത്തു. തനിക്ക് വളരെപ്പേരുമായി ലൈംഗികബന്ധമുണ്ടെന്ന് പറയുന്ന നായർയുവതി ആരും അക്കാരണത്താൽ മോശക്കാരിയായി കണക്കാക്കാറില്ലെന്നും, മറിച്ച് തൻെറ നിരവധി കമിതാക്കളിൽ ചിലരെങ്കിലും നമ്പൂതിരിമാരും മാടമ്പിമാരുമാണെന്ന് അവൾക്കവകാശപ്പെടാനൊക്കുമായിരുന്നെങ്കിൽ, അത് സമൂഹത്തിൽ ബഹുമാന്യമായ പദവി അവൾക്ക് നേടിക്കൊടുത്തിരുന്നുവെന്നും 1800–ൽ ബുക്കാനൻ എഴുതിയിട്ടുണ്ട്[10]. സമൂഹത്തിൽ നിലനിന്നുപോന്ന ഇത്തരം ജാത്യാചാരങ്ങൾക്കും രാഷ്ട്രീയ സ്ഥിതിഗതികൾക്കുമെതിരായിട്ടായിരുന്നു ഹൈദരാലിക്കും ടിപ്പുസുൽത്താനും പൊരുതേണ്ടതായി വന്നുകൂടിയത്.

---

6. Ibid, p. 13
7. Barbosa, op. cit., p. 124
8. Foreign Miscellaneous, S. No. 55, p. 14
9. See the following:- Hamilton, New Account of the East Indies, Vol, I
   Buchanan, Vol. II, pp. 410-412
   Sheik Zainuddeen, op, cit. p. 73
   Abdul Razack, Travels, Vol. II, p. 354
   Nicolo Conti, Travels, p. 145
10. Buchanan, Vol. II, p. 472

# മാപ്പിളമാർ

പൌരാണിക കാലം മുതൽ മലബാറുമായി വ്യാപാര ബന്ധമുണ്ടായിരുന്ന അറേബിയയിൽ നിന്നും വന്ന വ്യാപാരികളിലൂടെയാണ് കേരളത്തിൽ ഇസ്ലാമിക പ്രചാരണം നടന്നത്. ചേരമാൻ പെരുമാൾ എന്ന് പുകഴ്പെററ അവസാനത്തെ ചേരമാൻ ചക്രവർത്തി ഇസ്ലാമിലേക്ക് ആകൃഷ്ടനാകുകയും[1], മെക്കയിൽ പോകുകമാത്രമല്ല അവിടെനിന്നും തന്റെ കേരളത്തിലെ സഹോദര രാജാക്കന്മാർക്ക് ഇസ്ലാമിക പ്രചരണത്തിന്നാവശ്യമായ പ്രോത്സാഹനം നല്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എഴുത്തുകൾ കൊടുത്തയച്ചതായും കേരളത്തിൽ ശക്തിയായ വിശ്വാസമുണ്ട്[2]. സിലോണിലേക്ക് പോകുകയായിരുന്ന ഒരു കൂട്ടം അറബി വ്യാപാരികൾ ചേരമാൻ പെരുമാളുടെ തലസ്ഥാനമായ കൊടുങ്ങല്ലൂർ കപ്പലിറങ്ങുകയും ചക്രവർത്തിയുമായുണ്ടായ സംഭാഷണത്തിൽ പ്രവാചകനെയും ഇസ്ലാംമതത്തെയുമൊക്കെക്കുറിച്ച് സംസാരിക്കുകയും ചെയ്തു. നവീനമായ ഈ മതത്തിന്റെ ആദർശാശയങ്ങളിൽ ആകൃഷ്ടനായ പെരുമാൾ സിലോണിൽനിന്നും മടങ്ങും വഴി കൊടുങ്ങല്ലൂർ വരണമെന്ന് ഇവരോടാവശ്യപ്പെട്ടെന്നും തന്നേയും കൂടെ മെക്കയിലേക്ക് കൊണ്ടുപോകണമെന്നഭ്യർത്ഥിച്ചുവെന്നുമാണ് ഐതിഹ്യം. വ്യാപാരികൾ സസന്തോഷം ഇതു് സ്വീകരിച്ചു. പെരുമാളാകട്ടെ മെക്കയിലേക്ക് പോകുവാനുള്ള ഒരുക്കങ്ങളും നടത്തി. തന്റെ സാമ്രാജ്യം അനന്തിരവന്മാർക്കും മററുള്ള നാടുവാഴികൾക്കുമായി അദ്ദേഹം വിഭജിക്കുകയും ചെയ്തു. ഏ. ഡി. 825 ആഗസ്റ്റ് മാസത്തിൽ ഈ വ്യാപാരികളോടുകൂടി പെരുമാൾ മെക്കയിലേക്ക് പോയെന്നാണ് കരുതിവരുന്നതു്. ചേരമാൻ പെരുമാൾ തന്റെ സാമ്രാജ്യവിഭജനം നടത്തിയതിൽനിന്നും ഉത്ഭവിച്ചതാണ് കേരളത്തിലെ എല്ലാ രാജസ്ഥാനങ്ങളുമെന്നാണ്

---

1. Foreign Miscellaneons, S. No. 55, p. 4, para 4.
2. Moens, Memorandum etc, p. 199

അവയുടെ ഉത്ഭവകഥകൾ വിവരിക്കുമ്പോൾ പറഞ്ഞുപോരുന്നതും. ഷെയിക്ക് സെയിനുദ്ദീനും, മോയൻസും, ബുക്കാനനും എല്ലാം ഇക്കഥ ആവർത്തിക്കുന്നുണ്ട്[3]. അറേബിയൻ കടൽതീരത്ത് സഫർ എന്ന സ്ഥലത്തുണ്ടായിരുന്ന ഒരു ശവകുടീരത്തിൽ നാട്ടിയിരുന്ന ഫലകത്തിൽ, "അബ്ദുറഹിമാൻ സാമോരി ഹിജറ 212–ൽ വരികയും 216–ൽ മരണമടയുകയും ചെയ്തു" എന്ന് ആലേഖ്യം ചെയ്തിരിക്കുന്നത് കേരളത്തിലെ ഒരു ഹൈന്ദവരാജാവ് മതപരിവർത്തനം ചെയ്യുകയും മടക്കയാത്രയിൽ മരണപ്പെടുകയും ചെയ്തതിനെയാണ് സൂചിപ്പിക്കുന്നതെന്ന് ലോഗൻ ഖണ്ഡിതമായി പറയുന്നുണ്ട്. കേരളചക്രവർത്തിയായിരുന്ന സ്ഥാണരവിതന്നെയാണ് മതപരിവർത്തനം നടത്തിയ ചേരമാൻ പെരുമാളെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. ചേരമാൻ പെരുമാൾ തന്റെ രാജ്യം വിഭജിച്ച് ബന്ധുക്കൾക്കും ഉററവർക്കുമായി നല്കി മക്കയിലേക്ക് പോയത് 825 ആഗസ്റ്റ് മാസത്തിലാണെന്നും, ഇന്നും ഉപയോഗത്തിലിരിക്കുന്ന കൊല്ലവർഷാരംഭം ഈ മഹാസംഭവത്തിന്റെ ഓർമ്മയ്ക്കായി തുടങ്ങിയതാണെന്നും ലോഗൻ തറപ്പിച്ച് പറയുന്നു[4]. 1801–ലെ മലബാറിലെ രണ്ടാം മലബാർ കമ്മീഷനംഗങ്ങളാണ് യഥാർത്ഥത്തിൽ കൊല്ലവർഷാരംഭം ചേരമാൻ പെരുമാളുടെ മെക്കയാത്രയുടെ സ്മരണയ്ക്കായി തുടങ്ങിയതായിരിക്കാമെന്ന് ഊഹിച്ചിട്ടുള്ളത്[5]. "അമ്മാവൻ മെക്കയിൽനിന്നും തിരിച്ചുവരുന്നതുവരെ" മാത്രമേ തങ്ങൾ ഭരണാധികാരികളായിരിക്കുകയുള്ളുവെന്ന സത്യപ്രതിജ്ഞയോടുകൂടിയാണത്രെ തിരുവിതാംകൂർ, കോഴിക്കോട് രാജാക്കൻമാർ കിരീടധാരണം ചെയ്തിരുന്നതെന്നും പറഞ്ഞുവരുന്നു[6]. എന്നാൽ ബാലിശമായ വാദഗതികൾ മാത്രം ആധാരമാക്കി പല ആധുനിക എഴുത്തുകാരും ബലവത്തായ ഈ ഐതിഹ്യത്തെ നിരാകരിക്കുവാൻ ഒരുങ്ങുന്നവരാണ്. ഇത് സംബന്ധമായി കൂടുതൽ വിവരണം ഇവിടെ പ്രസക്തമല്ലല്ലൊ.

---

3. Zainuddeen, Tuhafatul Mujahideen, pp. 44-56
   Moens, Memorandum etc. p. 196
   Buchanan, A Journey from Madras etc, Vol. II p. 361
   Francis Day, The land of the Perumals, p. 410
4. Malabar Manual, Vol, I, p. 288
5. Second Malabar Commissioners, letter, Para. 5
6. Madras Government Museam Bullettin, II, p. 295
   Logan, Malabar Manual, Vol. I, p. 231
   Nagam Ayya, Travancore State Manual, Vol. I, p. 225

എന്തായാലും കേരളം ഇസ്ലാമിന്റെ വളർച്ചയ്ക്ക് വളരെ വളക്കൂറുള്ള മണ്ണായിമാറി. ജാതീയമായ അസമത്വങ്ങളിൽ നിന്നുമുള്ള വിമോചനമായി താഴ്ന്ന ജാതിക്കാർ ഇസ്ലാമിലേക്കുള്ള മതപരിവർത്തനത്തെ വീക്ഷിച്ചതാണിതിന്ന് കാരണം. 16–ാം നൂററാണ്ടിൽ ഇവിടെ എത്തിയ ബർബോസ രേഖപ്പെടുത്തിയിരിക്കുന്നത്, ''പോർച്ചുഗീസ് രാജാവ് ഇന്ത്യയെ കണ്ടെത്തിയിരുന്നില്ലായിരുന്നുവെങ്കിൽ മുസ്ലിം രാജാവിനാൽ ഭരിക്കപ്പെടുന്ന ഒരു മുസ്ലിം രാജ്യമാകുമായിരുന്നു മലബാർ'' എന്നാണ്[7].

കേരളത്തിലെ മുസ്ലിങ്ങൾ മാപ്പിളമാരെന്നാണ് അറിയപ്പെടുന്നത്. രാജാക്കൻമാരാൽ പൂർവ്വികമായി ലഭിച്ച ബഹുമാന്യമായ പദവിയായിരുന്നു ഇത്. പിന്നീടുള്ളവരും ഈ സ്ഥാനപ്പേര് ഉപയോഗപ്പെടുത്തിപോന്നിരുന്നു. മാപ്പിള എന്ന വാക്ക് 'മഹാ' + 'പിള്ള' എന്നതിന്റെ സംയുക്തരൂപമാണ്[8]. തിരുവിതാംകൂറിലെ നായൻമാരും ചുരുക്കം മുസൽമാൻമാരും, ഇന്നും 'പിള്ള' എന്ന പദം പേരോടൊപ്പം ചേർക്കാറുണ്ടല്ലൊ.

. പറങ്കികളുടെ ആഗമനം വരെ ജനങ്ങളും രാജാക്കൻമാരും ഒരുപോലെ ബഹുമാനിച്ചിരുന്നവരായിരുന്ന മാപ്പിളമാർ എന്ന വസ്തുത എല്ലാ എഴുത്തുകാരും വിശദീകരിക്കുന്നുണ്ട്. മോയൻസ് എഴുതുന്നത്, ''സാമൂതിരിയുടെ രാജ്യത്താണ് ഇവരധികവും. ജനസംഖ്യയിൽ നല്ല ഒരംശം മുസ്ലിങ്ങളാണെന്ന് മാത്രമല്ല, ഭരണത്തിലും അവർക്ക് സാരമായ സ്വാധീനമുണ്ട്[9]'' എന്നാണ്. കണ്ണൂരാസ്ഥാനമായുണ്ടായിരുന്ന ഒരു മുസ്ലിം രാജകുടുംബവും, 18–ാം നൂററാണ്ടിന്റെ അവസാന പകുതിയിൽ അവർക്ക് കേരള രാഷ്ട്രീയത്തിൽ ഉണ്ടായ പ്രാധാന്യവും ഇവിടെ അനുസ്മരിക്കേണ്ടതുണ്ട്. കണ്ണൂരിലെ ആലി രാജയായിരുന്ന ഹൈദരാലിയെ മലബാർ ആക്രമണത്തിന്ന് ക്ഷണിച്ചതും, അദ്ദേഹത്തിന്ന് സർവ്വവിധ സഹായ സഹകരണങ്ങൾ നല്കിയതും[10]. മലബാറിലെ മുസ്ലിങ്ങൾ ഒന്നടങ്കം എന്ന് തന്നെ പറയാം മൈസൂർ ഭരണത്തെ പിന്തുണച്ചവരായിരുന്നു. മഞ്ചേരിയിലെ അത്തൻ കുരുക്കളെ തുടങ്ങിയ ചില ജൻമിമാർ മൈസൂറിന്റെ ഭൂനയത്തിനെതിരായി കലാപത്തിന്റെ കൊടിക്കൂറ ഉയർത്തിയിരുന്നെങ്കിലും, മാപ്പിളമാർ പൊതുവെ മൈസൂർ ഭരണത്തെ സ്വാഗതം ചെയ്യുകയാണുണ്ടായിട്ടുള്ളത്. ഇംഗ്ലീഷുകാരുമായുണ്ടായ മൈസൂർ യുദ്ധങ്ങളിലൊക്കെ, ഒരു സമുദായമെന്ന

---

7. Burbosa, op. cit. p. 321
8. Hameed Ali, Mappillas, chapter XXIII
9. Moens, op. cit. p. 199
10. Foreign Miscellaneous, S, No. 55, p. 21. Para. 20

നിലയിൽ തന്നെ മൈസൂർകാരോടൊപ്പം ഇംഗ്ലീഷ്കാർക്കെതിരായി ഇവർ ആയുധമെടുക്കുകയും ചെയ്തിരുന്നു. ഹൈദരാലിയുടെയും ടിപ്പുവിൻെറയും അനുകൂലികളും അവരുടെ പക്ഷത്തു് ചേർന്നുനിന്നു് ഇംഗ്ലീഷുകാർക്കെതിരായി യുദ്ധങ്ങൾ ചെയ്തു എന്നതുകൊണ്ടുതന്നെ, മലബാർ ഇംഗ്ലീഷുകാരുടെ കൈവശം വന്നതോടെ മാപ്പിളമാരെ സംശയദൃഷ്ട്യാ വീക്ഷിക്കുകയും അവരെ മർദ്ദിച്ചൊതുക്കുകയുമാണുണ്ടായതു്. ഒരു സമുദായമെന്നനിലയിൽ അവർ ഏകോപിതമായിത്തന്നെ കമ്പനി ഗവൺമെൻറിന്നെതിരായി ഐതിഹാസിക സമരങ്ങൾ നടത്തുകയും ചെയ്തു. ഇതിൻെറയൊക്കെ ഫലമായിട്ടാണു് മലബാർ മുസ്ലിങ്ങൾ സാമൂഹികവും സാമ്പത്തികവും, വിദ്യാഭ്യാസപരവുമായി പിന്നോട്ടടിച്ചതു്. ഇന്നും ആ കെടുതിയിൽനിന്നും തീർത്തും മുക്തമാകാനവർക്കൊത്തിട്ടുമില്ല.

# നമ്പൂതിരിമാർ

കേരളത്തിലെ ജാതികളിൽ അത്യുന്നതമായ സ്ഥാനമലങ്കരിച്ചിരുന്നവരാണ് നമ്പൂതിരിമാർ. സമൂഹത്തിലെ മറ്റെല്ലാ വിഭാഗങ്ങളും അവരെ അത്യന്തം ആദരവോടും ബഹുമാനത്തോടും കൂടിയാണ് കരുതിപ്പോന്നിരുന്നത്. ആണാകട്ടെ, പെണ്ണാകട്ടെ, നമ്പൂതിരിയെ അഭിമുഖീകരിക്കണമെങ്കിൽ ബഹുമാനസൂചകമായി ശരീരത്തിന്റെ മുകൾഭാഗത്ത് വസ്ത്രങ്ങളുണ്ടെങ്കിൽ അവ നീക്കം ചെയ്തിട്ടു വേണമായിരുന്നു[1]. "അദ്ദേഹത്തിന്റെ ശരീരം പരിശുദ്ധമാണ്; നിർദ്ദേശങ്ങൾ കല്പനകളും. അദ്ദേഹത്തിന്റെ ചലനങ്ങൾ എഴുന്നള്ളിപ്പായിരുന്നു; ഭക്ഷണമാകട്ടെ അമൃതേത്തും. മനുഷ്യരിൽവെച്ച് ഏറ്റവും പൂജ്യരാണവരെന്നു മാത്രമല്ല, ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധികളുമായിരുന്നു അവർ"[2] എന്നാണ് തിരുവിതാംകൂർ സെൻസസ്സ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

നായന്മാരൊഴിച്ച് മറേറത് ജാതിയും കാഴ്ചയിൽപ്പോലും അയിത്തമുള്ളവരായിരുന്നു.* നായന്മാർ നമ്പൂതിരിയെ തൊട്ടാൽ മാത്രമേ അയിത്തമാകുമായിരുന്നുള്ളു. അവർ മക്കത്തായ സമ്പ്രദായമാണ് അനുവർത്തിച്ചു പോന്നിരുന്നത്. കുടുംബത്തിലെ മൂത്ത മകൻ മാത്രമേ സ്വസമുദായത്തിൽ നിന്നും വിവാഹം കഴിക്കുമായിരുന്നുള്ളു. മററുള്ള പുരുഷാംഗങ്ങളൊക്കെയും ഏതെങ്കിലും നായർ യുവതികളുമായി സംബന്ധത്തിലേർപ്പെടുകയെന്നതാ

---

1. ലോഗൻ, വാല്യം I, പുറങ്ങൾ 127–28
2. തിരുവിതാംകൂർ സെൻസസ്സ് റിപ്പോർട്ട്, 1873–75 പുറം, 191

* ഇതിനു് അപവാദങ്ങളുണ്ടായിരുന്നു. മൂവർ കോലത്തിരിമാരുടെ സമുദായമായ മുകയസമുദായത്തിനു് ഈ നൂററാണ്ടിന്റെ തുടക്കത്തിൽ പോലും ഇത്തരം അയിത്തം ഉണ്ടായിരുന്നില്ല. അയിത്ത ജാതികളുടെ പട്ടികയിലും ഈ സമുദായത്തെ ഉൾപ്പെടുത്തിയതായി കാണുന്നില്ല.
—എഡിററർ

യിരുന്ന പതിവ്[3]. ഈ വിഷയം കൈകാര്യം ചെയ്തിട്ടുള്ള എല്ലാ എഴുത്തുകാരും ഇക്കാര്യത്തിൽ ഏകാഭിപ്രായക്കാരാണ്. എന്നാൽ നമ്പൂതിരി സ്ത്രീകളെ പുറത്തിറങ്ങാനനുവദിച്ചിരുന്നില്ലെന്നു് മാത്രമല്ല ഒരുതരം പർദ്ദാ സമ്പ്രദായമനുഷ്ഠിക്കുവാൻ നിർബന്ധിതരുമാക്കിയിരുന്നു.

കേരളത്തിൽ പ്രബലത്തായി നിലനിന്നുപോന്ന വിശ്വാസം പരശുരാമൻ കേരളത്തെ സമുദ്രത്തിൽനിന്നും ഉയർത്തിയെടുത്തതാണെന്നും, അതു് നമ്പൂതിരിമാർക്കു് ദാനമായി നല്കിയതാണെന്നുമായിരുന്നു. തൻമൂലം കേരളത്തിലെ സ്ഥലങ്ങളത്രയും തങ്ങളുടെതാണെന്നു് അവർ അവകാശപ്പെടുകയും ചെയ്തിരുന്നു. അതുപോലെ എഴുത്തും വായനയുമെല്ലാം അവർക്കു് മാത്രമേ ശീലിക്കുവാൻ പാടുണ്ടായിരുന്നുള്ളു.* എല്ലാ വിജ്ഞാനങ്ങളുടെയും കുത്തകാവകാശം അവർ കൈയ്യടക്കിവെക്കുകയും ചെയ്തിരുന്നു. മററു ജാതിക്കാർ അറിവിനുവേണ്ടി നടത്തുന്ന ശ്രമങ്ങളത്രയും ജാത്യാചാരങ്ങൾക്കെതിരും അതുകൊണ്ടുതന്നെ ശിക്ഷാർഹവുമായിരുന്നു. ജന്മനാ പൂജ്യരും ദൈവപ്രതിനിധികളുമായ ഇവർ തന്നെയാണു് പൗരോഹിത്യ പ്രധാനികളും. മററാർക്കും പൂജയോ യാഗമോ മതപരമായ മററാചാരങ്ങളോ അനുഷ്ഠിക്കുവാൻ സാദ്ധ്യമാകുമായിരുന്നില്ല. മനുഷ്യൻെറയും ദൈവത്തിൻെറയും ഇടയ്ക്കു് നിന്നിരുന്ന ഇവർ സമൂഹത്തിൽ പരമപ്രധാനമായ സ്ഥാനമലങ്കരിച്ചിരുന്നതിൽ അത്ഭുതപ്പെടാനില്ല. ജന്മികളുടെയും പുരോഹിതന്മാരുടെയും സ്ഥാനങ്ങൾ ഒരുമിച്ചലങ്കരിച്ചിരുന്ന ഈ പൂജ്യവിഭാഗം കേരളത്തിലെ സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക, സാംസ്കാരിക രംഗങ്ങളിൽ അലംഘനീയമായ അധികാരാവകാശങ്ങൾ അഭംഗുരം അനുഭവിച്ചിരുന്നവരാണു്. മനുഷ്യസമൂഹത്തിൻെറ ചരിത്രത്തിൽ മറെറാരു ജനവിഭാഗവും കേരളത്തിലെ നമ്പൂതിരിമാരെപ്പോലെ ആരാധ്യരും ആഢ്യരുമായി പരിലസിച്ചിട്ടില്ല എന്നതു് ഇവരുടെ മഹത്വത്തെ വെളിപ്പെടുത്തുന്നു.

---

3. നായർസ്ത്രീകളുമായുള്ള ഈ അസാധാരണ വിവാഹവേഴ്ച വഴി കുട്ടികളെ സംരക്ഷിക്കേണ്ട ചുമതലയോ അല്ലെങ്കിൽ ആ സ്ത്രീയെ പരിരക്ഷിക്കേണ്ട ചുമതലയോ പുരുഷന്മാർക്കുണ്ടായിരുന്നില്ല.

* ഈ അഭിപ്രായം ശരിയല്ലെന്നതിനു് തെളിവുകളുണ്ടു് —എഡിററർ

# സാമ്പത്തികസ്ഥിതി

കേരളത്തിലെ കൃഷിസ്ഥലത്തെ ഉയർന്ന തരിശുസ്ഥലം, സമനിലം അഥവാ ചതപ്പുസ്ഥലം; കടലോരപ്രദേശം അഥവാ തെങ്ങിൻതോപ്പ് ഇങ്ങിനെ കൃഷിയാവശ്യത്തിന്നായി വേർതിരിക്കാറുണ്ടു്. ചതപ്പുസ്ഥലങ്ങളിലും മലയോരങ്ങളിലും സമൃദ്ധിയായുണ്ടാകുന്ന വിളവാണു് നെല്ലു്. നാം പ്രതിപാദിക്കുന്ന കാലത്തു് നെല്ലു് വളരെ വ്യാപകമായി കൃഷി ചെയ്തിരുന്നതിനാൽ ആവശ്യത്തിൽ കൂടുതലുണ്ടാകുന്ന ഉല്പാദനം പുറം രാജ്യങ്ങളിലേക്കു് കയററി അയക്കുക കൂടി ചെയ്തിരുന്നു. പച്ചക്കറികൾ, സുഗന്ധദ്രവ്യങ്ങൾ എന്നിവയ്ക്കു് പുറമെ, കൊക്കോ, കവുങ്ങു്, കശുമാവു്, കുരുമുളകു്, വെററില, മാവു്, വാഴ, മഞ്ഞൾ, പലതരം പഴവർഗ്ഗങ്ങൾ എന്നിവ കൃഷിചെയ്തിരുന്നു. എന്നാൽ തെങ്ങുകൃഷിയായിരുന്നു ഏററവും കൂടുതലായി ഈ സ്ഥലങ്ങളിലുണ്ടായിരുന്നതു്. തെങ്ങിൽനിന്നും പലതരം ആവശ്യങ്ങൾക്കുള്ള സാധനങ്ങൾ ലഭിക്കുമായിരുന്നതിനാൽ വിറകു്, മരംകൊണ്ടുള്ള സാധനങ്ങൾ എന്നിവ കയററി അയക്കാനും ഉപയോഗിച്ചിരുന്നു.

എന്നാൽ ഭൂസ്വത്തു് ഒരു ചെറിയ വിഭാഗം ആളുകളുടെ കൈവശമായിരുന്നു. സാധാരണക്കാരനായ കൃഷിക്കാരന്റെ സ്ഥിതി വളരെ ദയനീയമായിരുന്നു. കൃഷിപ്പണി ചെയ്തിരുന്നവരാകട്ടെ സ്ഥലത്തോടു് അടിമപ്പെട്ടു കിടന്നിരുന്നവരുമാണു്. ഫ്യൂഡൽ സമ്പ്രദായത്തിന്റെ ഗുണദോഷങ്ങൾ സമൂഹത്തിൽ പ്രകടമായി കാണാമായിരുന്നു. 18–ാം നൂററാണ്ടിലെ കേരളത്തിൽ വ്യാവസായികരംഗത്തു ജോലി നോക്കുകയെന്നതു് ഇല്ലാതിരുന്നതിനാൽ എല്ലാ ആളുകളും കൃഷിഭൂമികളെ ആശ്രയിച്ചാണു് ഉപജീവനം നടത്തിയിരുന്നതു്. കുടിയായ്മയിൽ വരുത്തിയ മാററങ്ങൾ 19–ാം നൂററാണ്ടിൽ മലബാറിൽ നിരവധി രക്തരൂഷിതസമരങ്ങൾക്കു് കാരണമാകുകയും ചെയ്തു [illegible] [illegible]ാറിൽ നടന്നിട്ടുള്ള മാപ്പിളക്കലാപങ്ങളെന്നു് വിളിക്കുന്ന [illegible]ക്കെതന്നെ ജന്മി–കുടിയാൻ ബന്ധത്തിന്റെ തകർച്ചയിൽ [illegible] [illegible]യിരുന്നുവെന്നു് കാണാം.

കേരളത്തിൽ നിലനിന്നിരുന്ന കുടിയായ്മ ഇന്ത്യയിൽ മറ്റെവിടെ ഉണ്ടായിരുന്നതിനേക്കാളും വ്യത്യസ്തമായിരുന്നു. ജന്മികളെന്നു വിളിച്ചിരുന്ന ഭൂവുടമകളായിരുന്നു ഇവിടെ സ്ഥലങ്ങളുടെ അധിശാധികാരികൾ. ഭരണാധിപൻമാർക്ക് സ്ഥലങ്ങളിന്മേൽ യാതൊരുവക അവകാശവുമുണ്ടായിരുന്നില്ല. "മലബാറിലെ കുടിയായ്മ"യെക്കുറിച്ച് മേജർ വാക്കർ 1801–ൽ എഴുതിയ റിപ്പോർട്ടിൽ വ്യക്തമായി ഇക്കാര്യം പരാമർശിക്കുന്നുണ്ട്. "മലബാറിലേതുപോലെ മറ്റൊരിടത്തും ഭൂമിയിൻമേലുള്ള ഉടമാവകാശത്തെപ്പറ്റി മനസ്സിലാക്കിയവരോ, ആ അവകാശങ്ങളെ അഭംഗുരം നിലനിർത്തുന്നവരോ ഉണ്ടാകുകയില്ല...... ഭൂമിയിൻമേൽ ജൻമികൾക്കുള്ള ഉടമാവകാശം ആരാലും ചോദ്യം ചെയ്യപ്പെടാനൊക്കാത്തവിധം പരിപൂർണ്ണമായിരുന്നുവെന്നു മാത്രമല്ല ന്യായമായ രീതിയിൽ ഭൂമിയിൽ ആർക്കും ഇവരുടെ അവകാശത്തെ ഇല്ലാതാക്കുവാനും സാധിക്കുമായിരുന്നില്ല"[1]. 1807–ൽ താക്കറേയും 1815–ൽ മേജർ വാക്കറും റവന്യൂബോർഡിന്നു സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകളിൽ കാണുന്നതു്, "മലബാറിലുള്ള സ്ഥലങ്ങൾ കൃഷി ചെയ്യുന്നതോ അല്ലാത്തതോ ആയാലും എല്ലാം തന്നെ ജൻമാവകാശമുള്ള സ്വകാര്യ സ്ഥലങ്ങളാണ്,"[2] എന്നാകുന്നു. "ജൻമാവകാശമെന്നതാകട്ടെ സ്ഥലങ്ങളിന്മേലുള്ള സമ്പൂർണ്ണ ഉടമാവകാശം എന്നാണർത്ഥം"[3]. ഡോ. ബുക്കാനൻ 1801–ൽ ഇവിടെ നിലവിലിരുന്ന ജൻമി സമ്പ്രദായത്തെക്കുറിച്ച് അവഗാഢമായി പഠിച്ച് സുചിന്തിതമായ നിഗമനങ്ങൾ അദ്ദേഹത്തിന്റെ വിലപ്പെട്ട പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്[4].

ഭൂമിയുടെ ഉടമാവകാശം രണ്ടുവിധത്തിലാണ് മലബാറിലുള്ളതെന്നാണ് 1792–ൽ മലബാർ കമ്മീഷണർമാരുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതു്. ആദ്യക്കൂട്ടരെ ജൻമക്കാർ എന്നു വിളിക്കുന്നു. പരമ്പരാവകാശമായി ലഭിച്ചതോ, പുതുതായി വാങ്ങിയതോ ആയ സ്ഥലങ്ങളിൻമേൽ ജൻമാവകാശമുള്ളവരാണിവർ. രണ്ടാമത്തെ കൂട്ടർ കാണക്കാരാണ്. സ്ഥലങ്ങളിൽ ഒററിയായി കൈവശം വെച്ചിരിക്കുന്നവരാണിവർ. ഒററിപ്പണം സ്ഥലത്തിന്റെ വിലയുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ തുച്ഛമായിരിക്കും[5]. ജൻമികളുടെ പക്കൽ കുറച്ചു പണം സ്ഥലം കൈവശാവകാശത്തിന്നു വേണ്ടി നല്കുന്നു. ഇതിന്നു് കാണപ്പണം എന്നായിരുന്നു പേരു്[6]. സ്ഥലത്തിന്നു

1. Major walker, Report on the Land Tenure of Malabar, Para. 21, Page 12
2. Thackeray's Report to the Board of Revenue, August 4, 1807
3. Warden's Report, Sept 12, 1815
4. Buchanan, Vol. II, pp. 358-380
5. Foreign (Miscellaneous), S. No. 56, P. 861
6. Ibid, pp. 862-63

[illegible] 'പാട്ടം' നിശ്ചയിക്കുമ്പോൾ, ജൻമികളുടെ പക്കൽ [illegible] പലിശ കഴിച്ച് പാട്ടം നല്കിയാൽ മതിയെ [illegible] പാട്ടത്തിൽനിന്നും പലിശ കഴിച്ച് ജൻമികൾക്ക് [illegible] നല്കുന്ന തുകക്ക് 'പുറപ്പാട്' എന്ന് പറഞ്ഞുപോന്നി [illegible] നല്കിയ പണം തിരിച്ചുകൊടുക്കുകയാണെങ്കിൽ [illegible] ഒഴിപ്പിക്കാനുള്ള അവകാശം ജൻമികൾക്കുണ്ടായിരുന്നു. ഭൂമി [illegible] ഇതരത്തിലുള്ള വികസന പ്രവർത്തനം ചെയ്തിട്ടുണ്ടെങ്കിലും [illegible] പ്രത്യേകമായി പ്രതിഫലം നല്കുന്ന പതിവില്ലായിരുന്നു[8]. [illegible] 'കാണം' എന്ന പറഞ്ഞുപോന്ന രീതിയിൽ സ്ഥലം മെച്ച [illegible] ചിലവാക്കുന്ന തുക ജൻമിക്ക് മുൻകൂറായി നല്കുന്ന [illegible] കണക്കാക്കിപ്പോന്നിരുന്നു. കാണം വസ്തുക്കൾക്ക് വർഷാന്തം [illegible] നല്കുന്നതുപ്പോലെ 'ഒററി'യെന്നറിയപ്പെടുന്ന കുടിയായ്മക്ക് [illegible] പുറപ്പാട് നല്കുക പതിവുണ്ടായിരുന്നില്ലെന്ന് മാത്രമല്ല, [illegible] ജൻമി വില്ക്കാനുദ്ദേശിക്കുന്നുവെങ്കിൽ അത് ഒററിക്കാരൻ [illegible] അയാൾക്ക് മുൻഗണന നല്കണമെന്നുമായിരുന്നുവ്യവസ്ഥ. [illegible] എന്നത് സ്ഥലത്തിൻെറ ഈടിന്മേൽ ജൻമി വാങ്ങുന്ന പണ [illegible] ഇതിൽ സ്ഥലം കൈവശം കൊടുക്കുകയോ കൊടുക്കാതിരിക്കുക [illegible] ആകുന്നതുമാണ്. 'ആണ്ടറുതിപ്പണയം' എന്ന പേരിലറിയപ്പെട്ടി [illegible] ക്ലിപ്തസമയത്തിന് പണം മടക്കിക്കൊടുക്കാൻ സാധി [illegible] ഭൂമി പണയക്കാരൻെറതായിത്തീരുന്നു. വർഷാന്തം പാട്ട [illegible] നല്കിയിരുന്ന സമ്പ്രദായത്തിനാണ് 'വെറുംപാട്ടം [illegible] പറഞ്ഞിരുന്നത്.

[illegible] നിലനിന്നുപോന്ന കുടിയായ്മ സമ്പ്രദായത്തിൻെറ [illegible] ഭൂമിയിന്മേൽ നികുതി ചുമത്തുവാനോ, വിവിധങ്ങളായ കുടി [illegible] നിയന്ത്രിക്കുവാനോ, ഭരണാധികാരികൾക്ക യാതൊരു [illegible] ഉണ്ടായിരുന്നില്ല എന്നതാണ്. ഭരണാധിപൻമാരോട് [illegible] ബാദ്ധ്യതയുമില്ലാതിരുന്ന ഫ്യൂഡൽ പ്രഭുത്വമായിരുന്നു കേരള [illegible]. ഈ നിലക്കുള്ള ജൻമി—കുടിയാൻ ബന്ധങ്ങളിലും [illegible] മൈസൂർ അധിനിവേശം സാരമായ മാററം വരുത്തി.

[illegible] — വാണിജ്യമേഖല കൂടുതൽ ഉഷാറാകുന്നത് യൂറോ [illegible] ആഗമനത്തോടു കൂടിയാണല്ലൊ. കുരുമുളകായിരുന്നു വിദേശി [illegible] ഏററവും കൂടുതൽ ആകർഷിച്ച ഉല്പന്നം. 1741—ൽ ഡച്ച് ഗവർണറാ [illegible] വാൻ ഗലക്നേ എഴുതുന്നത്, "നമ്മുടെ ബഹുമാനപ്പെട്ട കമ്പനി

7. Ibid, P. 860
8. Buchanan, Vol. II, P. 367

മലബാർ തീരത്ത് ഇത്രയും വലിയ മുതൽ മുടക്കി ഫാക്ടറികളും കച്ചവടങ്ങളും നടത്തുന്നത് പ്രഥമവും പ്രധാനവുമായി കുരുമുളകിന്നുവേണ്ടിയാണ്"[9]. 1781 വരെയുള്ള കുരുമുളക് വ്യാപാരത്തിൻെറ വിശദമായ കണക്ക് അദ്ദേഹമെഴുതിയ 'മെമ്മോറാണ്ട'ത്തിൽ നല്കിയിരിക്കുന്നു[10]. തമിഴ്നാട് പുരാരേഖാവകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള 'ഫോർട്ട് സെയിൻറ് ജോർജിലേക്ക് 1765–ലയച്ച കത്തുകൾ' എന്ന രേഖയിൽ ഇംഗ്ലീഷ് കമ്പനി അതുവരെ നടത്തിയ കുരുമുളക് കച്ചവടത്തിൻെറ വിവരം നല്കുന്നുണ്ട്[11].

കുരുമുളകും മററുള്ള സുഗന്ധദ്രവ്യങ്ങളുമായിരുന്നു വിദേശികളുടെ പ്രധാന കച്ചവട ഉല്പന്നങ്ങളെങ്കിലും, അവർ പലതരം സാധനങ്ങളും ക്രയവിക്രയം ചെയ്തു പോന്നിരുന്നു. ഇവിടെ ഇറക്കുമതി ചെയ്തിരുന്ന സാധനങ്ങളിൽ യുദ്ധാവശ്യത്തിന്നുള്ള വെടിമരുന്നിനും തോക്കിനും മാറായുധങ്ങൾക്കുമായിരുന്നു കൂടുതൽ പ്രിയം. 1744–ൽ അഞ്ചുതെങ്ങിലെ ഇംഗ്ലീഷ് ഫാക്ടറി ഉടമകളോട് മാർത്താണ്ഡവർമ്മ പറഞ്ഞതായി രേഖപ്പെടുത്തിയിട്ടുള്ളത്, "എനിക്ക് നല്കുന്ന ഓരോ തോക്കിന്നും ഒരു കണ്ടി കുരുമുളക് വീതം തരാം" എന്നായിരുന്നു[12].

ഇക്കാലമായപ്പോഴേക്കും കേരളത്തിലെ പഴയ തുറമുഖങ്ങളായിരുന്ന കൊടുങ്ങല്ലൂർ, പുറക്കാട്, കായംകുളം, കുളച്ചിൽ എന്നിവയുടെ പ്രാധാന്യം കുറഞ്ഞു കുറഞ്ഞു വന്നു. പകരം കൊച്ചി, ആലപ്പുഴ, കണ്ണൂർ, കോഴിക്കോട്, കൊല്ലം എന്നിവ പ്രമുഖങ്ങളായിത്തീരുകയും ചെയ്തു. യൂറോപ്യൻ കച്ചവടം ഈ തുറമുഖങ്ങളെ കേന്ദ്രീകരിച്ചാണ് ഏറെക്കാലമായി നടന്നിരുന്നത് എന്നതിനാലാണ് കേരളത്തിലെ പുരാതന തുറമുഖങ്ങൾ ക്ഷയിക്കുവാനിടയായത്.

തകൃതിയായി നടന്ന ഈ വിദേശവ്യാപാരംകൊണ്ട് ജനങ്ങൾക്ക് പൊതുവെ സാമ്പത്തികമായ നേട്ടമോ അഭിവൃദ്ധിയോ ഉണ്ടായതായി പറയുവാൻ പ്രയാസമാണ്. ഈ കച്ചവടങ്ങളുടെയൊക്കെ ഇടത്തട്ടുകാരായി വർത്തിച്ചിരുന്ന രാജാക്കൻമാരോ, നാട്ടരചൻമാർ തന്നെയുമോ ഇതുകൊണ്ട് കാര്യമായ നേട്ടങ്ങളുണ്ടാക്കിയതായും കാണുന്നില്ല. വിദേശ ശക്തികളുമായുണ്ടാക്കിയിട്ടുള്ള കച്ചവടക്കരാറുകളിലൊക്കെ തന്നെ വ്യവസ്ഥചെയ്തിരുന്നത്, കുരുമുളകും മററുള്ള ഉല്പന്നങ്ങളും ഏററവും ചുരുങ്ങിയ വിലക്ക് കമ്പനി

9. Gallenes, Memorandum etc, P. 71
10. Moen's Memorandum
11. Letters to the Fort St. George, Vol. XIV, pp 63-65
12. Anjengo Diary, 1744

കനകം നല്കാമെന്നതായിരുന്നു. ഇതിന്ന് പകരമായി രാജാക്കന്മാർ ആവശ്യപ്പെട്ടിരുന്നത് വെടിക്കോപ്പും യുദ്ധോപകരണങ്ങളുമായിരുന്നുവെന്നതാണ് വസ്തുത. ഇത്തരം കച്ചവടക്കരാറുമൂലം പൊതുവിപണിയിൽ കിട്ടുമായിരുന്ന വില കൃഷിക്കാരന്ന് നല്കിയിരുന്നില്ലന്ന് മാത്രമല്ല, അവരുല്പന്നങ്ങൾ കുത്തക സംഭരണരീതിയിൽ കൈവശപ്പെടുത്തുകയുമാണ് ചെയ്തിരുന്നത്. തൻമൂലം യഥാർത്ഥ കർഷകന്ന് ഉല്പാദന വർദ്ധനവിനുള്ള പ്രോത്സാഹനമോ, സാമ്പത്തികനേട്ടമോ ഉണ്ടായിരുന്നില്ല. രണ്ടാമത്തെ കാര്യം ഈ ഉല്പന്നങ്ങൾക്ക് പകരമായി വാങ്ങിയിരുന്ന സാധനങ്ങളാകട്ടെ ജനങ്ങളുടെ ആവശ്യങ്ങൾക്കോ ഉപയോഗങ്ങൾക്കോ പററുന്നവയുമായിരുന്നില്ല. യുദ്ധോപകരണങ്ങൾ ഒരു നിലയ്ക്കും ജനങ്ങളുടെ സാമ്പത്തികമായ ഉയർച്ച ഉണ്ടാക്കുവാനുപകരിക്കുമായിരുന്നില്ലല്ലൊ.

അനുബന്ധം XII

# സാമൂഹ്യസ്ഥിതി

കേരളത്തിലെ ജാതിവിഭജനത്തിൽ, ഇന്ത്യയിൽ മററെല്ലായിടങ്ങളിലും കാണുന്നപോലെ, ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നിങ്ങനെ വ്യക്തമായ വിഭാഗങ്ങൾ കാണുകയില്ല. വൈശ്യർ എന്ന ഒരു വിഭാഗം കേരളത്തിലെ ജാതിവ്യവസ്ഥയിൽ ഇല്ലാതിരുന്നതിനാൽ, ആ സ്ഥാനമല ങ്കരിച്ചിരുന്നതു് വ്യവസായികളും കച്ചടക്കാരുമായ ജൂതന്മാരും ക്രൈസ്തവരും മുസൽമാൻമാരുമായിരുന്നു. ഇവിടത്തെ ജാതിവിഭാഗങ്ങളിൽ നമ്പൂതിരി മാരായിരുന്നു തലപ്പത്തുണ്ടായിരുന്നതു്. അവരുടെ നേരെ താഴെ നായൻ മാരും. ഈ ജാതിവിഭാഗങ്ങളായിരുന്നു മതപരവും രാഷ്ട്രീയവുമായ സ്ഥാപന ങ്ങളെ നിലനിർത്തിപ്പോന്നിരുന്നവർ.

മററുള്ള എല്ലാ ജാതിക്കാരും അയിത്തക്കാരായിരുന്നു*. രണ്ടുതരം അയി ത്താചാരമാണു് മലയാളികൾ പുലർത്തിപ്പോന്നിരുന്നതു്. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയുമായിരുന്നു അവ. രണ്ടാമത്തെ കൂട്ടർ കണ്ണിൽപെട്ടാൽ പ്പോലും ദോഷമുണ്ടാക്കുന്നവരായിരുന്നു. മേൽജാതിക്കാരിൽനിന്നും ഓരോ കീഴ്ജാതിയിലുംപെട്ട വിഭാഗങ്ങൾ എത്ര ദൂരം അകലെ 'നില്ക്കണമെന്നു് കൃത്യമായും ക്ലിപ്തപ്പെടുത്തുകയും ചെയ്തിരുന്നു. നായാടിവർഗ്ഗത്തിൽപെട്ട ആൾ മേൽജാതിക്കാരിൽനിന്നും 72 അടി ദൂരത്തിലും, പുലയൻ 62 അടി അകലത്തിലും, മുക്കവൻ 24 അടി ദൂരത്തിലും, ഈഴവർ 18 അടി അകല ത്തിലും മാറി ഓഛാനിച്ചു് നില്ക്കണമെന്നായിരുന്നു വ്യവസ്ഥ[1]. "തനിക്കു് നിശ്ചയിച്ച അകലത്തിന്നിപ്പുറം കടന്നു് ഒരു നായരെ തീണ്ടുന്ന ചോവ

---

* മുകയസമുദായത്തിനു് തൊട്ടുകളി മാത്രമേ ഉണ്ടായിരുന്നുള്ളൂ. ലോഗൻ നല്കുന്ന അയിത്തജാതികളുടെ പട്ടികയിൽ ഈ സമുദായത്തെപ്പററി പറയുന്നില്ല. —എഡിററർ

1. ലോഗൻ, വാള്യം 1, പുറം 118

ദനയോ ഈഴവനെയോ ഉടൻ വെട്ടിക്കൊലപ്പെടുത്തേണ്ടത് നായരുടെ ചുമതലയായിരുന്നു''[2] എന്നാണ് ബുക്കാനൻ 1801–ലെ സ്ഥിതി വിവരിക്കുന്ന ഘട്ടത്തിൽ പറയുന്നത്. ഈ ജാത്യാചാരം ലംഘിക്കുന്ന ആരേയും യഥേഷ്ടം കൊല്ലുവാനുള്ള അധികാരം നായന്മാർക്കുണ്ടായിരുന്നതായി അദ്ദേഹം തുടർന്നെഴുതുന്നുണ്ട്[3].

ഇക്കാരണങ്ങളാൽ സമൂഹത്തിലെ മൃഗീയ ഭൂരിപക്ഷത്തിനും മനുഷ്യാവകാശങ്ങളൊക്കെ നിഷിദ്ധമാക്കപ്പെട്ടിരുന്നു. ജൂതന്മാർ, ക്രിസ്ത്യാനികൾ, മുസൽമാൻമാർ എന്നീ സമുദായങ്ങൾ ആരുംതന്നെ കാഴ്ചപ്പാടിന്നകത്ത് വന്നുപ്പെട്ടാൽ അയിത്തം ഉണ്ടാക്കുന്നവരായിരുന്നില്ലെങ്കിലും, ഇവരിൽ ആരെങ്കിലും തൊട്ടാൽ അയിത്തമാചരിക്കണമായിരുന്നു[4]. ഇബ്ൻ ബത്തൂത്ത തുടങ്ങി പല എഴുത്തുകാരും ഇക്കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്[5]. ഇങ്ങിനെ സമൂഹം പല തട്ടുകളിലായി ഒററപ്പെട്ടു കിടന്നിരുന്നതിനാൽ കേരളത്തിലെ ഹൈന്ദവർ സംഘടിത ശക്തിയായിരുന്നില്ല.

---

2. ബുക്കാനൻ, വാല്യം II, പുറം 339; എൻ. കെ. അനന്തകൃഷ്ണയ്യർ, കൊച്ചിയിലെ ജാതിവർഗ്ഗങ്ങൾ, പുറം 339
3. ബുക്കാനൻ, വാല്യം I, പുറം 388
4. ഷെയ്ഖ് സൈനുദ്ദീൻ, തുഹ്ഫത്തുൽ മുജാഹിദീൻ, പുറം 82
5. ഇബ്ൻ ബത്തൂത്ത, രിഹ്ല, പുറം 20

# BIBLIOGRAPHY

## Original Sources (Unpublished Records)

### I. National Archives of India, New Delhi


1. Foreign and Home Department Records — 1756-80 Secret Consultations.

2. (a) Foreign and Political 1756 — 1780, Secret Consultations.

   (b) Ibid, Proceedings

   (c) Ibid, 5th May to 2nd July, 1790

   (d) Ibid, Secret Proceedings, October — November' 1789, S. No. 96 A.

   (e) Ibid, 5th May to 11th November, 1789

   (f) Ibid, Secret Proceedings, 1799, Nos 6, 17, 18, 25, 26, 27, 31, 34, 40, 46

3. Foreign and Political, Select Committee Proceedings, 5th January to 20th July 1768

4. (a) Foreign Miscellaneous, Vols. 54 (1792), 55 part I and part II (1793), 56, 57, 58 and 58 A. Report of the Joint Commissioners of Malabar and connected papers.

(b) Ibid, S. No. 92, Memoirs of Northern Parghanas of Mysore served in 1800-1801, by C. Mechenzie Captain of Engineers, March 1803

(c) Ibid, S. No. 93 A, Memoirs and registers of the Parghanas of oosscotta, Jungumcottah, and Colar in Mysore, John Warren, 1802

(d) Ibid, S. No. 94, Report relating to Mysore Survey, Mechenzie, Oct. 1800

5. Foreign Department, Secret Correspondence, 1788-89

6. Foreign and Secret, Proceedings, 1794

7. (a) Foreign department, Secret Consultations, 1775

(b) Idid, 1776

(c) Ibid, 1777

(d) Ibid, 1779

8. (a) Foreign department secret and political proceedings 1-22, Sept. 1788, S. No. 92

(b) Ibid, S. No. 96, 26th August to 25th Sept. 1789

9. Foreign Department, Select committee Proceedings, 16th January, 1771 to Oct 1774. 20-C Range A, vol. XI

10. (a) Military Department Records—Military Board letter Book, November 1790 to April 1791, No. 13

(b) Ibid, Proceedings, April 1791

(c) Ibid, Proceedings December, 1799, No. 186

(d) Ibid, Letter Book, May to October 1792, No. 16

11. Original Receipts - Persian and Maratta letters, Oriental Collections.

## II. Tamilnadu Archives, Egmore, Madras

1. Cochin Commissioners' Diary, vols 2032, 2033, 2034
2. Factory Records, (a) Diaries (b) general
3. Forest Records, Vol. 2408
4. Madras Secret Consultations, Vols. V (1797), VI (1798), VIII B (1799)
5. Military Consultations, 1782-1799
6. Military bountry Correspondence, Vols. 32, 33, 37, 38, 40, 41 and 42
7. Military Despatches, 1783-90
8. Military Sundry Books, Vols. 60 A, 60 B (1783), 61 (1784), 66 (1785), 109 A and 109 B
9. Military Sundries, Vol. 106
10. Tellicherry Factory Records, Vol 38, No. 1503
11. Tellicherry Consultations, Vols. I to XVIII, 1725-1752
12. Anjengo Consultations, Vols. I to X

## III. Regional Archives, Ernakulam

1. List II, Series II, No. 182. Disputes over some territory of Vaduthala etc, which the Raja of Cochin claims that he enjoyed the possession under Tipu Sultan.
2. (a) List II, Nos 59 and 60 - relating to the special privileges of Markkakar (Converts to Christianity).

(b) Ibid, No. 47, about the prohibition of cow slaughter

(c) Ibid, Nos 401 and 402 - First about the exemption granted from tolls and second agreeing with the punishment given to the Diwan of Travancore.

(d) Ibid No. 441 — Mode of punishment for adultery.

(e) Ibid, No. 435 — request to remove an officer from the state service.

3. (a) List IV, Dis. No. 79 — Administration of Justice.

(b) Ibid, Dis. No. 76 — The Raja reiterates his claim of exemption from the custom duties at Edathuruthy, quoting precedents from the time of Tipu Sultan.

4. (a) List V, first series, Dis. No. 90, special privileges given to Markkakars.

(b) Ibid, No. 673, The atrocities of certain Travancore subjects in the territory of Cochin Raja.

5. List VI, 1st series, No. 131, Dispute over chetwai quotes precedents of enjoyment of the possession by the Cochin Raja under Tipu Sultan.

6. (a) List VII, 1st series No. 160—Sheds light on the relation of Tipu Sultan with the Sringeri Mutt.

(b) Ibid, No. 152/2—privileges of Christian Converts

(c) Ibid, No. 161—requiring the Raja to join with the English in the fourth Anglo-Mysore war.

(d) Ibid, No. 160—Report on the final stage of fourth Anglo-Mysore war and the death of Tipu Sultan.

(e) Ibid, II series No. 1011—A proclamation reducing the duty from 10 percent to 5 percent on Travancore goods and 6 percent on those imported from other countries.

7. (a) List VIII, Nos 180 and 188, About letters without dates and signatures.

(b) Ibid, No. 191, Tribute account to the Company realised.

(c) Ibid, Dis. No. 166 is very important to show the friendly relation of Mysore with Cochin.

(d) Ibid, Dis. No. 165. Raja confesses that he maintains no relation at all with Tipu Sultan

8. List XI (I), Regulation O. L. Vol. VII, Proclamation to ameliorate the condition of Cherumas etc.

9. (a) List XIII, 1st series, No. 213—Raja joins with the English in their happiness on the fall of Tipu Sultan.

(b) Ibid, No. 214—Raja declines to supply timber to the English from Cochin on the plea that he had to rebuild the temples and palaces destroyed by Tipu Sultan.

10. List XV—1st series, Expulsion of some criminals from Cochin who escaped from Tipu's territory

11. List XXXII/ A, 1st series No. 340/1 to 10- Report about the success of the army in dislodging the sepoys of Tipu from their firm ground in the third Anglo-Mysore war.

12. List XXXVII/7 No. 349/7 suspects the Raja for secret intrigues with Tipu Sultan.

13. List LXI/A—1st series Nos. 4, 8, 11. correspondence between the Dutch Governor and the Raja.

14. List LXI/B—Series I, Dutch Governor of Ceylon writes to the Raja that the Dutch are not prepared to help any native rulers. Nos, 1, 2, 3, 4, 5, 8 and 11 are very important in these series.

15. (a) List LXII, Series I, No. 36 about Markkakars.

(b) Ibid, Nos. 167 and 168 relating to the conditions of alliance.

(c) Ibid, No. 2. 166—Raja's correspondence to ally with the English.

(d) Ibid, No. 205, Treaty stipulations.

(e) Ibid, No. 219, about slave trade.

(f) Ibid, No. 228, dispute over the possession of Cranganore and Chetwai

16. List LXV, series I, deals with a large number of complaints and counter-charges about the Markkakars and the konginies.

17. List LXII, series I, No. 16, Advice to maintain peace with the English. This series contains a number of letters of which Nos. 19, 27, 29, 31 and 32 are important. They relate to the Third Anglo-Mysore war. The Dutch Governor gives instructions how the Cochin Raja had to proceed with the English, Travancore and Mysore. These are highly useful.

18. LXII, No. 20—deals with the slave trade

19. LXXI—This series also contains correspondence between the Raja of Cochin and the Dutch that bear political importance. Nos. 26, 174, 175 and 176 are letters

and replies between the Raja and the Dutch, the former requesting arms and ammunition to fight against Tippu and the latter assuring the same through sweet promises.

20. A descriptive list relating to the Dutch period (1663-1795) in Malayalam. The following numbers in the series are very useful for the present study. 18, 62, 70, 75, 101, 116, 117, 122, 123, 125, 126, 127, 130, 132, 136, 145, 146, 164, 165, 167, 168, 169, 170, 175, 179, 186, 189, 190, 191, 192, 214, 226, 245, 272 and 283

## IV Regional Archives, Kozhikode

Inam Registers in Five volumes contain the rent free lands given by Tipu Sultan to various temples, satrams, mosques, and Hindu Pandits in Kerala. It also gives the list of lands and gifts given by Tipu Sultan to both Hindu and Muslim institutions.

## V Manuscript Library, Trippunithura Sanskrit College (Palm leaves)

1. Grandhavari No. 1169, Buddha charitham—Ezhuthachan Patttu
2. Ibid, Nos. 541 and 625 deal with the different customs and beliefs in omens, astrology etc. The grandhams bear the title 'Achara Samgraham'.
3. Grandhavari No. 751 declares the variatons of different castes.
4. Grandhavari No, 515, 'Aasoucham'—gives various customs and practices for different castes
5. Grandhavari No. 654, 'Dharma Sastram'—About the 'Acharams' and 'Anacharams' of different castes written in 158 Palmyra leaves on both sides.

## VI Mathilakom Records (Trivandrum)

Churna 1308 deals with the attack of Travancore Lines and other subsequent events.

## Original Records (Published)

### Regional Archives, Ernakulam

1. Grandhari No. 5. Sreemoolam Malayala Bhasha Grandhavali Trivandrum, Padappattu. It in the most important and perhaps the first secular work in Kerala describing the wars between the Portuguese and the Dutch that led to the establishment of the Dutch Supremacy. It contains a scholarly introduction by the late Mahakavi Ulloor S. Parameswara Iyyer.

2. Translation of a Record grandhavari. This briefly gives the history of ancient and medieval Kerala and this supplements Kerala ulpathi and Kerala Mahatmyam

3. Grandham No. 61. Invasion of Haidar Ail and Tipu Sultan and subsequent developments and Treaties.

4. Grandham No. 62 Grandhavali on Perumpadappu swaroopam gives a brief history of Cochin.

5. Grandham No. 63. Formation of Kerala

6. Grandham Nos. 64 and 65. Treaties.

7. Grandham No. 18. Kerala charitam—This is a seperation version of Kerala ulpathi

8. A guide to the Records of the Malabar District, Vols. I to IX

## National Archives of India, New Delhi


9. Indian House Correspondence, Vol. II, 1757 - 59, edited by H. N. Sinha

10. Ibid, Vol. IV, 1767-1769, edited by H. N. Sinha

11. Ibid, Public Department — Select and Secret Series, Vol. VI, 1770-1772, edited by Bisheshwar Prasad.

12. Ibid, (Public series), Vol. IX, edited by B. A. Salatore

13. Ibid, (Foreign and Secret Series), 1782-1786, Vol. XV, edited by C. H. Philips and Dr. B. B. Misra.

14. Ibid, Foreign Political Secret Series, Vol. XVII, 1792—1795, edited by Prof. Taraporewala

15. Selections from Ormes Manuscripts, edited by Prof. C.S. Sreenivasachariar

16. Calendar of Persian Correspondence, 1790—91, edited by Prof. Dr. S. N. Sen

17. Ibid, 1792—93, edited by K. D. Bharghava

18. Foreign Political Index, Vols. I and II

19. Malabar Joint Commissioners' Report, 1792

20. Report of the Malabar Marriage Commission


## Tamilnadu Archives


21. (a) Records of the Fort St. George—bountry Correspondence, Political Department, 1800

    (b) Ibid, 1801

    (c) Ibid, 1802

    (d) Ibid, 1803

    (e) Ibid, 1804

22. Ibid, Sundry book (Public Department), 1758—59.

23. Ibid, letters to Fort St. George, Vol. XLV, 1765

24. Ibid, Vol. XXXX, 1765

25. (a) Ibid, French Correspondence (Public sundries), No. 8 (2) 1750

(b) Ibid, No. 9, 1752

26. Manila consultations, Vol. No. 10, 1764

27. Dutch Records No. 5, Historical account of Navab Haidar Alikhan (From the year 1763)

28. Dutch Records No. 13, Malabar and the Dutch. Among the published Dutch Records this is very important for the present study. It contains the memorandum on the Administration of the Malabar Coast by the Dutch Governors Gollenesse and Moens. A brief biography of Haidar Ali Khan written by Moens is also included. Above all, Gallitte the editor gives an extensive and educative introduction.

29. The Bharamahal Records, Vol. I, II, III, IV, V, XV, XVI, XVII, XVIII, XIX, XXI, XXII

30. Tellicherry Consultations, Vols. I to XVIII, 1725—1752

31. (a) Anjengo Consultations, Vol. I, 1744—47

(b) Ibid, Vol. IIa, 1747—49

(c) Ibid, Vol. IIb, 1749—50

## Kozhikode Archives

32. Report on the Southern Division of Malabar, February 4 1801, John Wye.

33. Report on the Revenue affairs of Malabar and Canara, September 1807, William Thackeray, Calicut 1911

34. Report on the survey and settlement of South Malabar, 1801, J. Smee, Calicut 1871

35. Report on the Kerakumpuram, Wadakumpuram by T. H. Baber

36. Report of the Revenue system in Malabar, June 16, 1813 by Thomas Warden

37. Report on the land assessment in Malabar, April 20, 1815, Thomas Warden, Calicut, 1916

38. Report of Thomas Warden, March 19, 1801, on the Condition of Palghat, Kongaad, Mannar, Eddaterrah, Kowilparah and Narnottum divisions of the district of Malabar

39. The Jamabundy report by Major Macleod, June 18, 1802

40. Report on the provinces of Malabar and Canara by Sullivan, January 29, 1841

41. A Report on the Administration of Malabar, July 28, 1801 by Messers J. Spencer, J. Smee and A. Walker (Second Commissioners of Malabar)

42. Correspondence regarding the relations of landlord and tenant in Malabar, 1852—56, T. Strange

43. Gream's glossary of words and phrases relating to the land tenures and land assessment of Malabar, 1818—1822, Madars 1882

44. Minutes of Governor—General Sir John Shore on the general and supplementary reports of the joint commissioners, 1792—93, Calicut, March 13, 1879

45. Special commissioners Report, Land Temure in Malabar, William Logan, 1881

46. Mappilla outrages, Vol. I, 1848—1853

47. Ibid, Vol. II, 1853—59

48. Mappilla outrages Acts, 1854, 1856, 1859

49. Agreements and Treaties, 1653 to 1717

50. Fourth Tour of Arther Lawley, 1907

51. Ibid, Fifth tour, 1907

52. 16th tour of Lord Pettland, 1916

53. Mappilla outrages, 1873

54. Ibid, 1879

55. Ibid, 1880, Nos. 108—109

56. Ibid, 1884, No. 2776

57. Ibid, 1885, Nos. 628, 1169, 2725

58. Ibid, 1886 Nos. 1814, 2115, 2236

59. Mappilla Rebellion, 1896, Vol. I

60. Ibid, Vol. II 1894—98

61. Ibid, September 1915

62. Ibid, 1919

63. Ibid, 1921—22, Tottenham

64. Manual of the Administration of Madras Presidency, 1885, Vol. I

65. Report on the Malabar Tenancy committee, Vols. I, II and III, 1930

66. Ibid, 1939

67. Report in the letters of instructions from the Bombay government, 1794

68 Hodgson, Report on Cannanore and Chirakal districts, 1799

69 Colonel Munroe, Minutes of 1822 and 1825

70. Clemeston T. A, Report on revenue and other matters connected with Malabar, 1838

71. W. Robinson, Report on the History, Conditions and Prospects of the taluk of Wynad, 1857

72 J Cameron, Report of the village cherayur, 1866

73 C. D Macleon, Standing information regarding the official administration of the Madras Presidency, 1879

74. Report of the commission of the Malabar land tenures, 1884

75 Sir Charles Turner, Minute on the draft bill relating to Malabar tenures, 1885

76. Ibid, Report with appendice, 1885

77. Moberly, Report of the settlement of Malabar district, 1800

## State Archives, Trivandrum

78. Report of the Travancore Marumakkathayam Committee, 1908

79. S. Padmanabha Iyyer, Final Report of the Settlement in Travancore, 1913

80. The book relating to the land revenue settlement of the Cochin state, 1903 to 1909, Vol. I, Vol. II, Vol. III, and Vol. IV.

81. Land Revenue settlement, Vol. II

## Hyderabad Record Office

82. Poona Akbars, Vol. I, edited by R. M. Joshi

83. Ibid, Vol. II, edited by R. M. Joshi

84. Ibid, Vol. III, edited by R. M. Joshi. We have in these Akbars abundant materials which when pieced together will yield a connected account of Haidar Ali and Tippu Sultan. Incidentally these later Akbars present to us in bold relief the tangled and shifting pattern of diplomatic relations and cross relations which existed between the Marattas, the English, the Nizam and the Mysore.

85. The chronology of modern Hyderabad, 1722—1890. From the establishment of Nizam dynasty, this official document gives the names of the successive rulers and important events.

86. Farmans and Sanads of Deccan Sultans, edited by Yousuf Hussain khan.

87. News letters, 1767—1799, edited by Dr. Yousuf Hussain. This contains very useful information of the period under review.

88. Diplomatic correspondence between Mir Nizar Ali Khan and the East India Company (1780—1798). Many letters regarding the preparation, proposed alliance, and campaigns of Third Anglo—Mysore War are included. This serves to know the twists and turns of the English in their diplomatic relations with the Nizam and others.

## Bombay Record Office

Poona Residency correspondence, Vols. II, III, IV, V, VI and VIII. These volumes are prepared on the basis of letters written and received by the Poona Durbar and from other sources with an aim of presenting the history of Malabar under

Mysore rule. These are arranged in Chronological order to show the sequence of events for the present study. Vol III is unavoidable as it describes the origin, conduct, and conclusion of the third Anglo—Mysore war.

## Original Sources (Contemporary Writings)


1. Lt. Col. Alexander Beatson, A view of the origin and Conduct of the war with Tippoo Sultan, 1800

2. Major Dirom, A Narrative of the Campaign in India which terminated the war with Tippoo Sultan, 1792, London, 1794

3. W. Fullerton, A view of the English interest in India, Madras

4. Francis Buchanan, A Journey from Madras through the countries of Mysore, Canara and Malabar, Vols. I to III, Bulmer, 1807

5. Hussain Alikhan Kirmani, Nishan — i —Hyderi, translated by Colonel Miles (a) The History of Haider Naik (b) History of Tipu Sultan

6. Mirza Iqbal, Ahwaly Haidar Naik, Translated by col. W. Miles

7 E Moor, Narrative of the operations of Captain Little's Detachment and of the Maratta army Commanded by Parasuram Bhahu, London 1794, Mohamed Hussain Nainar

8. Melleson, G B. Seringapatam, the Captial of Tipu

9. M. M. D. L. T., The History of Hyder shah alias Hyder Aly Khan Bahadur., and of His son Tippoo Sultan

10. Catalogue and Memoirs of Tippoo Sultan, Anonymous

11. Authentic Memoirs of Tippoo Sultan, by an officer of the East India Company, 1819

12. William Kirk patrick, Select letters of Tippoo Sultan, 1811

13. lt. Col. Wilks, Mark. Historical sketches of South India in an attempt to trace the history of Mysore, edited by M. Hammilik, 1810—14

14. The Despatches, Minutes and correspondence of Marquis of Wellesly K. G., edited by Montegomery Martin, London, Vol. IV

15. Indian Record Servics, Vestiges of old Madras, 1640—1800, traced from the East India Company's Records preserved at Fort st. George and the Indian Office and from other sources, Vol. II

## Secondary Sources

1. Achutha Menon C., Cochin State Manual, 1910

2. Anandakrishna Iyyer, Cochin Tribes and Castes, 1912

3. Bouring L. B, Haidar Ali and Tipu Sultan (Rulers of India), 1893

4. Dodwell, H. H., Cambridge History of India, Vol. V

5. Duarte Barbosa, A description of the coasts of East Africa and Malabar

6. Duff, Grand. History of the Marattas (S. M. Edwardes), Two volumes, 1921

7. Dubois, Abbe J. A., Hindu Manners, Customs and ceremonies. 1800

8. Elliot and Dowson, History of India told by her own Historians, Vol. II

9. Edgar Thurston, Castes and Tribes of Southern India, Vols. I to VII

10 Fernandis Praxy, Storm over Seringaptam, 1970

11. Francis Day, The land of the Perumals of Cochin — its past and present, Madras 1863

12. Fergusson, History of India and Eastern Architecture, 1876

13 Gopala Panikkar T. K., Malabar and its folk, 1905

14 Hamilton, New Account of East Indies (Haklyutt Society, London)

15 Hamid Ali, Moplahs of Malabar

16 Havananda Rao, Mysore Gazatteer, Vols. II, III, IV and V, Bangalore, 1930

17 Ibn Battuta, Kitab Rihla (English Translation by prof Gibb and Malayalam translation)

18 Innes C. A., Malayalam Gazetteer, Two volumes, Madras, 1906

19 James Mill, History of British India, edited by H. H. Wilson, 1848. Vols. III to VI

20 Krishna Iyyer K. V, a) The Zamorins of Calicut
b) A Short History of Kerala

21. Kumara Pillai Commission Report, Trivandrum 1965

22. Logan W., Malabar Manual, two volumes, 1887, Madras

23. Madhava Ayyer, The Travancore land Revenue Manual

24. Macrindle — a) Periplus of the Erythraean Sea
b) Megasthenes and Arrian

25. Mohibul Hasan Khan, History of Tipu sultan, 1951

26. Mookerji R., Indian shipping

27. Nagam Ayya, ravancore State Manual, vols. I, II

28. Padmanabha Menon, K. P., History of Kerala, Vol. I — IV

29. Panikkar K. M., Malabar and the Dutch, 1931

30. „ History of Kerala.

31. Poonnen T. I., Dutch beginning in India proper

32. Pillai K. K., The Sucheendram Temple, Madras, 1953

33. Raja P. K. S., Medieval Kerala, 1953

34. Ram gopal, A Political History of Muslims in India

35. Regozine, Vedic India

36. Roberts P. E., History of British India, 1929

37. Sankaran Nampoodiripad E. M., Kerala, Yesterday, Today and Tomorrow, 1967

38. Sankunny Menon, A History of Travancore, 1878

39. Sen S. N., Studies in Indian History, 1930

40. Sesha Ayyar, T. K., Dravidian India

41. Sheik Ali, British Relation with Haidar Ali, 1963

42. Sinha N. K., Haidar Ali, Two volumes, 1944

43. Stuart Piggot, Pre—historic India

44. Sewell Robert, Historical inscriptions of Southern India

45. Thomas P., Hindu Customs and Manners

46. Thurston, Madras Government Museum Bulletin, Vol. IV

47. Velu Pillai, T. K., Travancore State Manual, IV volumes, 1930

48. Subbaraya Gupta, New light on Tipu Sultan, 1967

49. Zainuddeen sheik, Tuh—fat—ul.—Mujahideen, English and Malayalam Translations, translated by S. M. H. Hussain Nainar and Velayudhan Panikkassery respectively

50. History on the March, Papers published by the Kerala History Association, Ernakulam, 1966

51. Manual of Standing Information of Madras presidency, Madras, 1893

52. Kerala ulpathi, Basel Mission Edition

53. Travancore Census Reports of 1901 and 1874—75

54. Gazetteer of Nilgiri district Vol. I

55. Gidwani, Sword of Tipu Sultan

## Malayalam Books

1. ബാലകൃഷ്ണൻ, പി. കെ., ടിപ്പുസുൽത്താൻ

2. ബാലകൃഷ്ണപിള്ള, എ., പ്രാചീന കേരളചരിത്ര ഗവേഷണം, 1957

3. ദാമോദരൻ, കെ., കേരളചരിത്രം, 1967

4. കരീം സി. കെ., 1) ഇന്ത്യാചരിത്രത്തിന് ഒരു മുഖവുര, 1965
2) ഇബ്നു ബത്തൂത്തയുടെ കള്ളക്കഥകൾ, 1963

3) ചരിത്രസംവേദനം, 1980

4) കേരളചരിത്രവിചാരം, 1976

5. കേശവൻ, സി, ജീവിതസമരം (ആത്മകഥ), രണ്ടു ഭാഗങ്ങൾ, 1953

6. കോയട്ടി മൌലവി, മലബാർ കലാപം, 1953

7. കൃഷ്ണമേനോൻ, ടി. കെ., കേരളസംസ്കാരം., 1939

8. കുഞ്ഞൻപിള്ള, ഇളംകുളം, ജന്മിസമ്പ്രദായം കേരളത്തിൽ, 1959

9. പത്മനാഭമേനോൻ, കെ. പി., കൊച്ചീരാജ്യചരിത്രം, ഒന്നും രണ്ടും ഭാഗങ്ങൾ

10. പണിക്കർ, കെ. എം., കേരളത്തിലെ സ്വാതന്ത്ര്യസമരം

11. പരമേശ്വരൻപിള്ള, വി. ആർ., പ്രാചീന ലിഖിതങ്ങൾ, 1963

12. പ്രേംനാഥ്, കേരളത്തിലെ അടിമകൾ, 1966

13. രാമൻമേനോൻ, പി 1) ശക്തൻതമ്പുരാൻ, 1942

2) കേരളത്തിൽ, 1959

14. ശങ്കരൻ നമ്പൂതിരിപ്പാട് ഇ. എം., കേരളം മലയാളികളുടെ ജന്മഭൂമി 1951

15. ശങ്കു അയ്യർ, കേരളവും ബുദ്ധമതവും, 1962

16. ഷംസുദ്ദീൻ ഖാദിരി, പ്രാചീന കേരളം, (തർജ്ജമ) അബ്ദുൾഖയ്യൂം, 1954

17. സെയ്തുമുഹമ്മദ്, പി. എ. (1) കേരള മുസ്ലിം ഡയറക്ടറി, 1960

(2) കേരള മുസ്ലിംചരിത്രം, 1963

(3) സഞ്ചാരികൾ കണ്ട കേരളം, 1952

(4) കേരളം നൂറ്റാണ്ടുകൾക്ക് മുമ്പ്, 1957

(5) ചരിത്രകേരളം, 1951

(6) ചരിത്രത്തിലെ ശിലാകുസുമങ്ങൾ, 1967

(7) പ്രാചീന നിവാസികൾ, 1967

(8) കേരള മുസ്ലിം ജമാ അത്ത് സ്റ്റാററിസ്റ്റിക്സ്, 1965

18. വേലായുധൻ, പണിക്കശ്ശേരി

(1) കേരളം പെരുമാക്കളുടെ കാലത്ത്, 1963 (തർജ്ജമ)

(2) കേരളം 600 കൊല്ലങ്ങൾക്ക് മുമ്പ് (ഇബ്നു ബത്തൂത്ത – തർജ്ജമ), 1962

(3) കേരളം പതിനഞ്ചും പതിനാറും നൂററാണ്ടുകളിൽ (തുഹ്ഫത്തുൽ മുജാഹിദീന്റെ തർജ്ജമ), 1963

# സൂചിക


അനന്തകൃഷ്ണ അയ്യർ, എൽ. കെ. 186, 189
അനന്തപൂർ 238
അപ്പാജി റാവു 220
അമ്പലപ്പുഴ 331
അബ്ദുറസ്സാക്ക് 305
അർപ്പൻ നമ്പൂതിരി 311
അരൂർപ്പുഴ 331
അലക്സാണ്ടർ ഡോ 101, 102, 134, 166, 167, 170
അലാവുദ്ദീൻ ഖിൽജി 269
അലി റിസ 201
അഞ്ചുതെങ്ങ് 251, 335, 340
അർഷാദ് ബെഗ്ഖാൻ 78, 155, 156, 158, 159–161, 205, 216
അൽ ബിറൂനി 311
അറക്കൽ രാജവംശം 324
ആഡംസ് 304
ആനന്ദറാവു 25
ആബർ ക്രോംബി 105, 109, 117, 123, 133, 134, 135
ആബിങ്ടൺ, മേജർ 59, 65
ആലങ്ങാട് 329
ആലി രാജ 22, 26, 28, 43, 45, 54, 156, 174, 274, 280, 313, 325–328, 338
ആർച്ചിബാൾഡ്, ക്യാംബൽ 99, 111, 204
ആൻഡ്രിയൻ വാൻറീഡ് 140
ആററിങ്ങൽ റാണി 191
ഇന്നിസ് 16, 152, 165, 231
ഇബ്ൻ ബത്തൂത്ത 190, 305
ഇരുവഴിനാട് 315
ഇളയചരനിടം 319
ഈസ്റ്റ്ഇന്ത്യാ കമ്പനി 3, 157, 198
ഉദയമംഗലം 309, 313
ഉദയവർമ്മ കോലത്തിരി 326
എടവണ്ണ 168
എട്ടുവീട്ടിൽ പിള്ളമാർ 146
എഞ്ചൽ ബക്ക് 73, 88, 215
ഏഴിമല 312
ഐർക്കൂട്ട്, സർ 289
ഒന്നാം മൈസൂർ യുദ്ധം 49, 50, 54, 284
ഔറംഗസീബ് 263, 276
കടത്തനാട് 29, 62, 63, 102, 154, 156, 159, 286, 287, 296, 314, 328
കണ്ണൂർ 22, 49, 50, 82, 112, 116, 117, 122, 123, 156, 172, 280, 289, 291, 306, 324–327, 334, 338, 347
കത്തിമഠം നമ്പൂതിരി 311
കമറുദ്ദീൻ ഖാൻ 105, 106
കാഞ്ചീപുരം 222
കാണം—ജന്മ മര്യാദ 185

കാപ്പാട് 306, 312
കാപ്പുതമ്പാൻ 23–24
കായംകുളം 331
കാവശ്ശേരി 320
കാസർകോട് 309
കാമ്പ്രത്ത് 315
കിഴക്കേടത്ത് 315
കിർക്ക് പാട്രിക്ക് 10, 11, 199
228, 229, 267
കിർമാണി 34, 43, 173, 193, 236
കീലിങ്, ക്യാപ്റ്റൻ 339
കുന്നമ്മൽ 315
കുളച്ചിൽ യുദ്ധം 285
കുറുങ്ങോത്ത് നായർ 35, 315
കൂർഗ് 16, 116, 126, 127, 134,
210, 296
കെന്നവേ, ക്യാപ്റ്റൻ 115, 130,
207, 294, 299
കൊച്ചികോട്ട 334
കൊച്ചി രാജാവ് 34, 55, 69, 70,
84–86, 304–307, 334, 336
കൊച്ചി രാജ്യചരിത്രം 17
കൊച്ചിൻ സ്റ്റേററ് മാന്വൽ 16,
164, 165
കൊടുങ്ങല്ലൂർ 60, 71, 72, 76,
95, 98–101, 120, 169, 243,
331, 345
കൊണ്ടോട്ടി 168
കൊണ്ടോട്ടി തങ്ങൾ 228
കോട്ടയം 29, 49, 62, 63, 113,
154, 159, 168, 280, 292,
296, 315, 328, 338–340
കോൺവാലിസ് 97, 110, 111,
115, 116, 118, 119, 122,
124–127, 132, 207, 230,
239, 294–299
കോൺസ്റ്റാൻറിനോപ്പിൾ 294
കോമി അച്ചൻ 18, 145, 149
കോയമ്പത്തൂർ 36, 37, 43, 44
കോരപ്പുഴ 309
കോലത്തിരി 20, 21, 22, 56,
306, 308, 309, 325–328, 339
കോലത്തുനാട് 49, 63, 280, 287,
304, 308, 327
കോഴിക്കോട് 20, 30, 32, 36,
40, 58, 74, 102, 165, 172,
179–180, 305–306, 346
കൗണച്ചേരി കോവിലകം 310
ക്യാമറ 21, 326, 327
ക്വാജാ ഹൈറാത്തൂൺ 179
ക്ലൈവ്, റോബർട്ട് 280
കൃഷ്ണദേവരായർ 321
കൃഷ്ണയ്യർ, കെ. വി. 32, 55, 138
കൃഷ്ണറാവു 220
ഖുറാൻ 199
ഗംഗാധരേശ്വര ക്ഷേത്രം 222
ഗാലററി 243, 333
ഗുലാം മുഹമ്മദ് 125
ഗോദരവിവർമ 321
ഗോപാലകൃഷ്ണ പണിക്കർ 193
ഗോവിന്ദ്റാം കൃഷ്ണൻ 125
ഗ്രാൻഡ് ഡഫ് 290
ചങ്ങനാശ്ശേരി 331
ചന്ത്രോത്ത് 315
ചാപ്പ്യിയർ, എം. 272
ചാമ്പസ് ടേണർ 153
ചിങ്ങോട്ട് കോവിലകം 310
ചിറയ്ക്കൽ 18, 28, 29, 35, 54,
57, 102, 113, 154, 156,
159, 168, 286, 292, 296,
305, 306, 308–310, 312,
313, 316, 324, 325, 338
ചിററാട്ട് ഗുരുക്കന്മാർ 311
ചെഞ്ചേരി നമ്പൂതിരി 323

ചേരമാൻ പെരുമാൾ 324, 329, 345
ചേററുവ കോട്ട 71, 105, 120, 335
ജയകോവിലകം 310
ജാഗീർ 162
ജിട്ട 176, 179, 180
ജെയിംസ് മിൽ 10, 172, 211
ജോനാഥൻ ഡങ്കൻ 30, 89, 322, 342
ജോസഫ് സ്മിത്ത്, ജനറൽ 284
ജോൺ ഷോർ, സർ 7, 231
ടെയിലർ 116, 117, 133
ഡിണ്ടിഗൽ 169, 307, 323
ഡിറോം 11, 120, 130
ഡോഡ്‌വെൽ 231, 286, 299
ഡ്യൂപ്രെ 58
തച്ചഗൗണ്ട 85
തന്നോലക്കോട്ട 154
തരിപ്പുറം 166, 316
തരുവായൂർ സ്വരൂപം 319
തലശ്ശേരി 64, 65, 67, 72, 73, 175, 326, 337, 339, 340
തളിപ്പറമ്പ് 166, 316
താമരശ്ശേരി ചുരം 58, 168
തിരുവിതാംകൂർ സ്റ്റേററ് മാനുൽ 16, 48, 146
തേവനംകോട് കോവിലകം 310
തോമസ് മൺറോ 65, 287, 291, 297
തോമസ്മൂർ 235
തോമസ് വാർഡൻ 320
തൃക്കാളൂർ 66
തൃപ്പൂണിത്തുറ 8
തൃപ്രയാർ 308
തൃശ്ശിനാപ്പള്ളി 147, 301
ദേവപ്പയ്യ 321
[illegible] 18
ധർമ്മപട്ടണം 112, 292, 314, 339
ധർമ്മരാജ 340
[illegible] 319
[illegible] 20
നമ്പൂതിരിപ്പാട്, ഇ. എം. എസ്. 16, 236
നരങ്ങോട്ട് 315
നരസിംഹക്ഷേത്രം 222
നരസിംഹറാവു 220
നാഗപ്പയ്യ 220
നാഗമയ്യ 147, 151
നാനാ ഫർണാവിസ് 294, 302
നായിക്ക് സംഗാന 220
നായിക്ക് റാവു 220
നാരായണ അയ്യ 220
നാലാം മൈസൂർ യുദ്ധം 184, 221, 272, 300, 303
നിലമ്പൂർ 168
നിഷാനി ഹൈദരി 20
നിസാം 207, 276, 282, 293, 295, 299
നീലേശ്വരം 328, 338, 339
നെട്ടങ്കോട്ട 72, 74, 101, 102, 105, 106 109, 110
നെട്ടങ്കോട്ട ആക്രമണം 208
നെടുംപുറയൂർ സ്വരൂപം 319
നെപ്പോളിയൻ 303
പണിക്കർ, കെ. എം. 14, 16, 20, 30, 31, 42, 43, 52, 147, 161, 214, 237, 248, 250, 251, 252, 255, 556
പത്മനാഭമേനോൻ, കെ. പി. 16, 191, 216
പത്മനാഭസ്വാമിക്ഷേത്രം 191
പയവയലി കോവിലകം 310
പരശുരാമൻ 350
പരശുറാം ബാഹു 11, 128–130
പള്ളികോവിലകം 309, 310
പള്ളിപ്പുറം 72, 96
പള്ളിപ്പുറം കോട്ട 334
പഴശ്ശിരാജ 136
പറവൂർ 329, 331

പാനിപ്പത്ത് യുദ്ധം 263, 278
പാലക്കാട് 18, 307, 319, 320, 322, 329
പാലക്കാട് കോട്ട 289
പാലക്കാട്ട് രാജ 34, 37
പാലിയത്ത് അച്ചൻ 145, 148
പുതുവയലി കോവിലകം 310
പുതുശ്ശേരി 175, 176, 337
പുരുഷാന്തരം 260
പുലവക്കാട്ട കോവിലകം 310
പുളിക്കൽ ഇടം 319
പുറക്കാട് 329
പുറനാട് 315
പൂച്ചാക്കലിടം 319
പൂനാ അക്ബാരി 7
പൂർണ്ണയ്യ 220
പെരുമ്പടപ്പ സ്വരൂപം 321,329,331
പെരുവാക്കൽ ഇടം 319
പൊന്നാനി 40, 41, 68, 165, 288, 329, 339
പൊന്നിയിൽ ഇടം 319
പൊർളാതിരി 305
പോർട്ടുഗീസ് 96, 97, 100
പോയനാട് 305, 314, 316
പൗണി 88, 96, 97, 100–102, 104, 108–111
ഫറോക്ക് 168, 247
ഫ്രാൻസിസ്കോ അൽമേഡ 312
ബംഗാൾ 182
ബത്തേവിയ 72, 88, 243, 330, 331
ബദനൂർ 21, 78, 289
ബരാമഹൽ ജില്ല 239
ബരാമഹൽ റെക്കോഡ് 7, 133
ബഹുഭർതൃസമ്പ്രദായം 202
ബർക്ക്, എഡ്മണ്ട് 3
ബർബോസ 190, 246, 306, 329, 342, 344, 347
ബംബർ, ടി. എച്ച്. 141
ബീററ്സൺ 10
ബുക്കാനൻ, ഫ്രാൻസിസ് 49, 52, 57, 151, 164, 170, 189, 194, 203, 208, 217, 218, 231, 236, 241, 244, 247, 255, 256, 319, 320, 342, 344, 346, 352
ബെല്ലാരി 239
ബെംഗാം 169
ബൗറിങ് 10, 267
ബ്രെയ്ത്ത്വെയ്റ്റ്, കേണൽ 287
മംഗലാപുരം 28, 50, 78, 80, 82, 92, 112, 114, 173, 280
മംഗലാപുരം കോട്ട 289
മംഗലാപുരം സന്ധി 155, 290, 291, 294
മക്ദൂം അലി 66, 67, 73, 288, 323
മക്കാർട്ടിനി 81, 290
മഞ്ചേരി 161, 168
മഞ്ചേരി ഗുരുക്കൾ 162
മദണ്ണ 36, 52, 57, 144, 153
മധുര 180, 301
മരയ്ക്കാർമാർ 273, 274, 306
മരുമക്കത്തായം 189, 202, 343
മലപ്പുറം 168
മലബാർ 7, 24, 30, 39, 43, 45, 51, 55, 57, 68, 102, 145, 148, 153, 154, 166, 167, 169, 174, 175, 178, 289, 293, 296, 297, 304, 305, 325, 330, 335, 337, 338, 345, 347, 351, 352
മലബാർ കലാപം 261
മലബാർ ഗസററിയർ 191, 231
മലബാർ ജോയിൻറ് കമ്മീഷൻ 156, 235, 304, 334, 344, 352
മലബാർ മാനുവൽ 10, 152, 217, 218

മഹാബലി 325
മഹാൻ 305
മറാത്തക്കാർ 95, 128, 129
മസ്കററ് 176–180
മർത്താബ് അലിഖാൻ 120, 121
മാട്ടുമ്മൽ 327
മാലദ്വീപ് 325
മാലററ് 105, 111, 119, 169, 207, 294, 295, 297, 299
മാലിസൻ, ജി. ബി. 301, 336, 337
മാവില നമ്പ്യാർ 311
മാവേലിക്കര 242, 331, 336
മാഹി (മയ്യഴി) 25, 30, 51, 59, 61, 75, 285, 286, 314, 315, 337, 338
മാർക്വീസ് ഓഫ് വെല്ലസ്ളി 8, 11, 131
മാർത്താണ്ഡവർമ്മ 22, 74, 76, 92, 145, 147, 148, 242 285, 317, 329, 330, 331, 335, 340
മിഴ്സാ ഇക്ബാൽ 238
മീർ ആലം 125
മീർ ഇബ്രാഹിം 161
[illegible] കുടുംബം 311
മുഹമ്മദ് അലി 34, 75, 324
മുഹിയുദ്ദീൻ അലിഖാൻ 181
മുൾബാഗൽ 220
മൂന്നാം മൈസൂർ യുദ്ധം 111, 117, 210, 222, 291, 297, 300
മൂഷികവംശം 311
മൂർ, [illegible] 11
[illegible] 251
[illegible]ത്ത് കോവിലകം 310
[illegible] 319
മേലുക്കോട്ട് നാരായണസ്വാമി ക്ഷേത്രം 220
മൊഹിബ്ബുൽ ഹസ്സൻ ഖാൻ 51, 119, 128, 174, 184, 195, 299
മോണിങ്ടൺ പ്രഭു 137
മോയൻസ് 36, 42, 47, 51, 52, 58, 216, 242, 281, 307–309, 311, 312, 315, 317, 322, 326, 332, 347
മൈസൂർ ചരിത്രം 2, 10, 14
മൈൽസ് 192, 213
രണ്ടാം മലബാർ കമ്മിഷൻ 156, 162
രണ്ടാം മൈസൂർ യുദ്ധം 72, 82, 169, 174, 286, 287
രണ്ടുതറ 156, 315
രവിവർമ്മ 162, 205, 292
രംഗ അയ്യങ്കാർ 220
രംഗനാഥക്ഷേത്രം 222
രാജാറാം ചന്ദർ 176
രാമഭട്ടർ 222
രാമരാജ 292
രാമവർമ 84, 92, 93, 99, 278, 318, 340
രാമറാവു 220
രാമൻ മേനോൻ, പുത്തേഴത്ത് 205
രാമന്തളി 327
ലക്ഷദ്വീപ് 325
ലക്ഷ്മീകാന്തം ക്ഷേത്രം 220
ലന്തക്കാർ 174, 326, 331, 334
ലൂയി പതിനാലാമൻ 183
ലോഗൻ, വില്യം 10, 43, 48, 62, 144, 152, 217, 231, 236, 304, 321, 346
വടകര 189, 327, 337
വടക്കംകൂർ 329, 339
വയനാട് 136, 138, 154, 159
വയ്പിൻദ്വീപ് 334
വരാപ്പുഴ 209, 331

വലിയ ഹസ്സൻ 325
വളപട്ടണം 166,. 310
വള്ളുവക്കോനാതിരി 305, 322
വാക്കർ, മേജർ 150, 151, 352
വാസ്കോഡ ഗാമ 306, 308, 325
വിജയനഗരം 321
വില്യം താക്കറെ 151, 246, 352
ശക്തൻ തമ്പുരാൻ 205, 209
ശങ്കുണ്ണി മേനോൻ 135
ശ്യാമയ്യർ 220
ശ്രീനിവാസ റാവു 57, 58, 59, 220
ശ്രീപത്മറാവു 220
ശ്രീരംഗപട്ടണം 20, 78, 88, 118, 124, 126, 127, 131, 136, 166, 167, 199 205, 215, 222, 272, 301
ശ്രീരംഗപട്ടണംസന്ധി 197, 297
ശൃംഗേരിമഠം 221
ഷെക്കുരി രാജാക്കന്മാർ 320
ഷെയിക്ക് ആലി 25, 43
ഷെയിക്ക് സൈനുദ്ദീൻ 153, 188, 190, 191, 346
ഷെൽബേൺ 290
സർദാർഖാൻ 65, 71, 72, 73, 287, 288
സാമൂതിരി 12, 19, 30–34, 55, 57, 59, 62, 141, 190, 216, 247, 260, 273, 304 – 308, 318, 321 – 323, 326, 329, 332, 334, 335, 339, 340, 347
സിലോൺ 274, 336
സിൻഹ, എൻ. കെ. 20, 30, 51
സുചൻ റായ് 220
സുരേന്ദ്രനാഥ്സെൻ 16, 200
സുലൈമാൻ 305
സുൽത്താൻ തോട് 166
സൂറത്ത് 337
സെയിൻറ് ആഞ്ചലോ ഫോർട്ട് 312
സെൻറ് ജോർജ് ഫോർട്ട് 60, 64, 76
സെയ്ത്സാഹിബ് 58
സേലം ജില്ലാ ഗസററിയർ 166
സ്റ്റീവാൻ ഗലനേ 139, 242, 329, 335
സ്റ്റേററ്ട്രെയിഡിങ് കോർപ്പറേഷൻ 177, 178, 195
സ്റ്റ്യുവർട്ട് 119
ഹരിസിംഗ് 20
ഹാമിൽട്ടൺ 151, 335
ഹാരിസ് പ്രഭു 199, 272
ഹാർട്ടിലി 109–111, 120–122
ഹുജൂർ നികുതി 155, 156
ഹുസൈൻ അലിഖാൻ 20
ഹെയിസ്റ്റിങ്സ് പ്രഭു 290
ഹൈദരാലി 4, 5, 13, 21–23, 25, 29, 30, 33, 35, 39, 42–46, 286, 287, 288, 290, 301, 323, 328, 332, 336, 338, 341, 344, 347, 348
ഹൈദർനാമ 65
ഹൊർമോസ് 179
ഹോളണ്ട് 98, 39, 104, 105,
ഹംബേഴ്സ്റ്റൺ 59, 65–67, 76 78, 288
റംബോറംഡിൻ 286
റയത്തുവാരി സമ്പ്രദായം 155
റാസാ സാഹിബ്ബ് 40, 41
റീഡ്, ഏ. 239
റോബർട്ട് ഓം 283
റോബിൻസൺ 152